ഹദ്റത്ത് അഹ്മദ് (അ)

എൻ. അബ്ദുർറഹീം

Hadrath Ahmad (A)
Malayalam
Life of the Holy Founder
of the Ahmadiyya Movement
Part-1
Author : N Abdur Rahim, Kannur
Layout & Cover Design: Ponnu Graphics,Kozhikode
1st Edition 1991 May
IInd Edition October 2012
By Islam International Publications Kerala
Kannur.Ph: 0497 2704606
Printed at: Chinnus Offset Prints, Kozhikode.
All rights reserved. No part of this publication may be reproduced,stored in or introduced into a retrieval system or transmitted,in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the Publisher.
Copies: 1000
Rs: 200

BASHEER. AHMED.

MANJESHWAR.

രണ്ടാം പതിപ്പ്

വാഗ്ദത്ത മഹ്ദീ മസീഹ്

ഹദ്റത്ത് അഹ്മദ് (അ)

അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ
ദിവ്യസ്ഥാപകരുടെ വിശുദ്ധചരിത്രം
(ഒന്നാംഭാഗം)

ഗ്രന്ഥകർത്താവ്
എൻ. അബ്ദുർറഹീം

ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള
കണ്ണൂർ

സമർഷണം!

എന്നെ എഴുതാൻ പഠിപ്പിച്ച
അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ
സേവനത്തിനായി എന്നെ
വളർത്തിയെടുത്ത,
എന്റെ വന്ദ്യമാതുലൻ
മർഹൂം എൻ. ഹാമിദ് സാഹിബ്
അവർകളുടെ പാവനസ്മരണയ്ക്ക്.

-എൻ. അബ്ദുർറഹീം

വിഷയവിവരം

പ്രസാധകക്കുറിപ്പ്
അവതാരിക
ആമുഖം

1	പുണ്യഭൂമി-ഭാരതം	19
2	പുതുയുഗത്തിന്റെ പേറ്റുനോവ്	28
3	വാഗ്ദത്തമസീഹിന്റെ പൂർവ്വ പിതാക്കൾ	45
4	ജനനവും കുട്ടിക്കാലവും	56
5	പുതിയ ചുമതലകളും ഉദ്യോഗവും	61
6	വെളിപാടുകൾ .	70
7	പിതാവിന്റെ ചരമവും ജീവിതക്ലേശവും	75
8	തൂലികാസമരം	79
9	ബറാഹീനെ അഹ്മദിയ്യ	88
10	ആദ്യകാല യാത്രകൾ	102
11	മുജദ്ദിദ്	106
12	സ്വർഗ്ഗീയമായ വിവാഹം	116
13	മഹാനായ ശിഷ്യൻ	126
14	ചുകന്ന തുള്ളികൾ-ഒരത്ഭുത വിഭൂതി	131
15	ഹോശിയാർപൂരിലെ തപോയജ്ഞം	137
16	ഹോശിയാർപൂർ വിവാദം	146
17	ആദ്യത്തെ അമേരിക്കൻ മുസ്ലിം	153
18	ക്രിസ്ത്യ നേതാക്കൾ അമ്പരക്കുന്നു	159
19	പിതൃസഹോദരകുടുംബത്തിൽ ശാപശിക്ഷ	165
20	വാഗ്ദത്തപുത്രൻ ജനിക്കുന്നു	172
21	ബൈഅത്തും ശിഷ്യസംഘവും	182

ഖണ്ഡം 2

22	മസീഹുവാദം	195
23	ലുധിയാന വിവാദം	200
24	ദില്ലി ഇളകിമറിയുന്നു	209
25	കുഫ്റ് ഫത്വ!	217
26	സ്വർഗീയ വിധി	224
27	ഒരു മരണവും കുറേ ശുനകരും	231
28	കൈസറെ വെല്ലുന്നു!	240
29	ലേഖ്റാമിന്റെ മരണമണി!	246
30	സർ സയ്യിദ് തലകുനിക്കുന്നു	252
31	അമൃത്സറിൽ മുബാഹല	260
32	"ജംഗെ-മുഖദ്ദസ്"	267
33	അറബി സാഹിത്യ കലാത്ഭുതം	276
34	റവ. ആഥിമിന്റെ അന്ത്യം	282
35	സൂര്യ ചന്ദ്ര ഗ്രഹണങ്ങൾ	291
36	ശത്രു അനപത്യൻ	297
37	"മസ്മൂൻ ബാലാറഹാ!"	302
38	ഗുരുനാനക്ക് ഒരു മുസ്ലിം	314
39	ലേഖ്റാം വധിക്കപ്പെടുന്നു	231
40	തുർക്കിയിൽ വിപ്ലവം	337
41	വധോദ്യമക്കേസ്	346
42	ആദായ നികുതിക്കേസ്	363
43	നല്ല നടപ്പ് ജാമ്യക്കേസ്	370
44	ഭിത്തിക്കേസ്	394
45	പ്ലേഗ്-കരിമരണം	405
46	മസീഹ് കുരിശുടയ്ക്കുന്നു	415
47	"ഖുത്ബ ഇൽഹാമിയ്യ"	425
48	ഒരു ബിഷപ്പ് പിന്മാറുന്നു	430
49	അറബി ഭാഷ-ഭാഷാജനനി	440
50	ഒരു പീറിന്റെ പതനം	452
51	ഇജ്ജാസുൽ മസീഹ്	458
52	ശേഖ് റശീദ്റിസായെ കാണാനില്ല!	464
53	അമേരിക്കയിൽ ഒരു അത്ഭുതാടയാളം	459
54	വളരുന്ന ഖാദിയാൻ	479

അവതാരിക

"എന്റെ ദാസർക്കഹോ കഷ്ടം! അവർ പരിഹസിക്കാത്ത നിലയിൽ ഒരു ദിവ്യ സന്ദേശവാഹകനും അവരുടെയടുക്കൽ ചെല്ലുന്നില്ല"-ഇത് വിശുദ്ധ ഖുർആനിലെ 36-ാം അധ്യായം 31-ാം വചനമാണ്. മാനവചരിത്രം ഈ സത്യത്തിന് സാക്ഷ്യം വഹിക്കുന്നു. പ്രവാചകന്റെ മാർഗ്ഗം നമ്മുടെ വഴിയല്ല. അതുകൊണ്ട് നാമദ്ദേഹത്തെ നിന്ദിക്കുകയും നിരാകരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. മഹാത്മാക്കൾ വരുന്നത് ലക്ഷ്യബോധത്തോടെയും മനുഷ്യന്നും ജീവിതത്തിന്നും നേരെ പുതിയൊരു കാഴ്ച്ചപ്പാടോടെയുമാണ്. വലിയൊരു മാറ്റത്തിനുള്ള കാഹളമാണവർ മുഴക്കുന്നത്. ഇത് നമുക്കസഹ്യമത്രെ. അതുകൊണ്ട് അവരെ നാം കുരിശിലേറ്റുകയും അവർ നമ്മിൽ നിന്നും തിരോഭവിച്ചു കഴിഞ്ഞാൽ അവർക്കുവേണ്ടി നാം സ്മാരകങ്ങൾ പണിയുകയും ചെയ്യുന്നു.

സോക്രട്ടീസ് മാനവസംസ്കാരത്തിന്, ചിന്താലോകത്തിന് അമൂല്യങ്ങളായ സംഭാവനകൾ നൽകിയ മഹാത്മാവായിരുന്നുവെന്ന് നാമെപ്പോൾ മുതൽക്കാണ് പറയാനെങ്കിലും തുടങ്ങിയത്? അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തെ വിഷംകൊടുത്ത് കൊന്നത് നമ്മളല്ലേ? ദൈവത്തിന്റെ ഏകത്വത്തെയും മനുഷ്യരുടെ ഐക്യത്തെയും പ്രബോധിപ്പിച്ച സോക്രട്ടീസ്! ക്രിസ്തു ക്രിസ്ത്യാനികൾക്കിന്ന് ദൈവപുത്രനും ദൈവവുമാകുന്നു. എന്നാൽ അദ്ദേഹം ജീവിച്ചിരിക്കെ ജനം അദ്ദേഹത്തോട് പ്രതികരിച്ചതെങ്ങിനെയായിരുന്നു? മുൾക്കിരീടവും മരക്കുരിശും അദ്ദേഹം പേറേണ്ടി വന്നു! മുഹമ്മദ് നബി(സ)യും അനുചരന്മാരും അന്നത്തെ സമൂഹത്തിൽ ബഹിഷ്കൃതരായിരുന്നില്ലേ?

ആ പുണ്യാത്മാവ് കൊണ്ടുവന്ന ഇസ്ലാം മതത്തിന്റെ കാര്യമെടുക്കുക. മുസ്ലിംകളിൽ നിന്ന് സാമാന്യം മാന്യമായ പെരുമാറ്റം സിദ്ധിച്ച ഒരൊറ്റമുസ്ലിം സിദ്ധനോ പരിഷ്കർത്താവോ ഗുരുവര്യനോ ഇസ്ലാമികചരിത്രത്തിലുണ്ടായിട്ടുണ്ടോ? സന്മാർഗ്ഗചരിതരായ ആദ്യത്തെ നാല് ഖലീഫമാരുടെ കാര്യത്തിൽതന്നെ സ്ഥിതിയെന്താണ്? അവരുടെമേൽ ശാപവചനങ്ങൾ ചൊരിയുന്ന ഒരു മുസ്ലിം കക്ഷിതന്നെയുണ്ടല്ലോ. ഇമാം അബൂഹനീഫയെ അദ്ദേഹത്തിന്റെ കാലത്തെ മറ്റ് പണ്ഡിതശിരോമണികൾ 'കുഫ്റ്' ഫത്വകൊണ്ട് വിധിക്കുകയും (അവിശ്വാസിയായി പ്രഖ്യാപിച്ച് ബഹിഷ്ക്കരണവും ശിക്ഷാ നടപടികളുമെടുക്കുക) തടവറയിലടച്ച് വിഷം കൊടുക്കുകയും ചെയ്തു. ഇമാം ശാഫിയെ അവർ പിശാചിനേക്കാൾ ശപിക്കപ്പെട്ടവനായി പ്രഖ്യാപിച്ചു! അദ്ദേഹത്തെ ജയിൽപുള്ളിയാക്കി യമൻതൊട്ട് ബഗ്ദാദ് വരെ കാൽനടയായി കൊണ്ടുപോയി. വഴിനീളെ തെണ്ടികളും തെമ്മാടികളും ചേർന്ന് അദ്ദേഹത്തിന്മേൽ

ശകാരവർഷവും കയ്യേറ്റവും നടത്തി. ഇമാം മാലിക്കിനെ ഒട്ടകപ്പുറത്ത് കയറ്റി നിർത്തി ഒരു കാഴ്ചവസ്തുവാക്കി അങ്ങാടിയിലൂടെ വലിച്ചിഴച്ചു! എഴുപത് ചമ്മട്ടിയടി അദ്ദേഹത്തിന് പരസ്യമായി നൽകുകയും ചെയ്തു! മനുഷ്യോചിതമല്ലാത്ത ഈ അക്രമങ്ങളെല്ലാം ആളുകൾ ഈ മഹാത്മാക്കളുടെ നേരെ അഴിച്ചുവിടാൻ കാരണമെന്ത്? മതപരമായ അഭിപ്രായഭിന്നതയൊന്ന് മാത്രമായിരുന്നു കാരണം. ശൈഖ് അബ്ദുൽഖാദിർ ജീലാനി, ശൈഖ് മുഹ്യുദ്ദീൻ ഇബ്നു അറബി, മൗലാനാ ജലാലുദ്ദീൻ, ഇമാംഗസ്സാലി തുടങ്ങിയ അതിപ്രശസ്തരായ ആത്മീയ ഗുരുക്കളെല്ലാംതന്നെ യാഥാസ്ഥിതികപണ്ഡിതവർഗ്ഗത്താൽ കുഫ്റ് ഫത്വ നൽകപ്പെട്ടവരാണ്.

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ വന്ദ്യസ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാംഅഹ്മദ്(അ)ന് കുഫ്റ് ഫത്വ ലഭിച്ചില്ലായിരുന്നുവെങ്കിലാണത്ഭുതം. എണ്ണമറ്റ കുഫ്റ് ഫത്വകളാണ് അദ്ദേഹത്തിന് നേരിടേണ്ടിവന്നത്. ഇതിനെല്ലാം മറുപടിയെന്നോണം ആ മഹാത്മാവ് പറഞ്ഞു. "ദൈവത്തെ കഴിച്ചാൽ മുഹമ്മദിനോടുള്ള പ്രേമത്തിൽ ഞാൻ ആമഗ്നനാണ്. ഇത് കുഫ്റാണെങ്കിൽ ദൈവത്താണെ ഞാൻ കാഫിറുകളിൽ കടുത്ത കാഫിറത്രെ."

ലോകത്ത് അധർമ്മവും അനീതിയും അഴിഞ്ഞാട്ടം നടത്തുമ്പോഴെല്ലാം ദൈവനിയുക്തരായ ആചാര്യവര്യന്മാർ അവതരിച്ച് ഇതിനൊരുതിവരുത്താനുള്ള ഏർപ്പാടുകൾ ചെയ്യുന്നു. ശ്രീമദ്ഭഗവദ്ഗീത ഇത് സംബന്ധമായി പ്രഖ്യാപിച്ചു.

"യദായദാഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത:
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം
പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം
ധർമ്മ സംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ"

(എപ്പോഴെല്ലാം ധർമ്മത്തിന് ഹാനി സംഭവിക്കുകയും അധർമ്മം അഭിവൃദ്ധി പ്രാപിച്ച് വരികയും ചെയ്യുന്നുവോ, അപ്പോഴെല്ലാം ഞാൻ ആവിർഭവിക്കുന്നു-സജ്ജനങ്ങളെ സംരക്ഷിക്കുന്നിതിനും ദുഷ്ടാത്മാക്കളെ നിഗ്രഹിക്കുന്നതിനും ധർമ്മത്തെ പുനഃസ്ഥാപിക്കുന്നതിനുമായി ഞാൻ യുഗംതോറും അവതരിക്കുന്നു.)

വിശുദ്ധ ഖുർആനിലാകട്ടെ നാമിങ്ങനെ വായിക്കുന്നു: "അല്ലയോ ആദം സന്തതികളെ, എന്റെ സന്ദേശങ്ങൾ വിവരിച്ചുതന്നുകൊണ്ട് നിങ്ങളിൽനിന്നുള്ള പ്രവാചകന്മാർ നിങ്ങളുടെയടുക്കൽ വരുമ്പോൾ, ആർ തിന്മക്കെതിരെ സൂക്ഷ്മതകൈക്കൊള്ളുകയും സ്വയം നന്നായിത്തീരുകയും ചെയ്യുന്നുവോ അവർക്ക് ഭയപ്പെടാനില്ല. അവർ ദുഃഖിക്കുന്നതുമല്ല."

ഭൂമിയിൽ അധർമ്മവും അനീതിയും വർദ്ധിക്കുകയും ദൈവവിശ്വാസവും നീതിബോധവും ക്ഷയിക്കുകയും ഇസ്ലാമിന്റെ നാമവും ഖുർആന്റെ ലിപിയും മാത്രം ശേഷിക്കുകയും പള്ളികൾ ഭക്തിശൂന്യങ്ങളായി ഭവിക്കുകയും മതപണ്ഡിതന്മാർ ആകാശത്തിൻ കീഴിൽ നികൃഷ്ടരായിത്തീരുകയും ചെയ്യുന്ന ഒരു കാലം വരുമെന്നും ആ കാലത്ത് ഇസ്ലാമിനെ സംരക്ഷിക്കുന്നതിനും ധർമ്മ സംസ്ഥാപനം നിർവഹിക്കുന്നതിനുമായി ഒരു ദിവ്യനിയോഗം, മഹ്ദീമസീഹിന്റെ ആഗമനം ഉണ്ടാകുമെന്നും മുഹമ്മദ് മുസ്തഫാ(സ) തിരുമേനി തന്നെ പ്രവചിച്ച കാര്യമാകുന്നു.

ഈ മഹത്തായ പ്രവചനത്തിന്റെ പൂർത്തീകരണമാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ). വൃക്ഷത്തെ ഫലത്തിൽ നിന്നറിയുകയെന്ന തത്വമനുസരിച്ച്, തന്റെ പ്രവൃത്തിയിലൂടെ താനാരാണെന്ന് തെളിയിച്ച മഹാത്മാവാണ് ഹദ്റത്ത് അഹ്മദ്(അ).

ആ മഹത്തായ ജീവിതമാണ് ഗ്രന്ഥരൂപേണ കൈരളിക്ക് ലഭ്യമായിരിക്കുന്നത്. ഇതിന് മുൻകൈയെടുത്ത കേരള ഖുദ്ദാമുൽ അഹ്മദിയ്യ അനുമോദനങ്ങളർഹിക്കുന്നു. ഈ ഗ്രന്ഥം രചിച്ചിരിക്കുന്നതാകട്ടെ തന്റെ ജീവിതം താൻ വിശ്വസിക്കുന്ന മതാദർശസംഹിതയ്ക്കായി സമർപ്പിച്ച ജനാബ് എൻ. അബ്ദുർറഹീം സാഹിബാണ്. പ്രശസ്തനായ ഒരു പത്രപ്രവർത്തകൻ മാത്രമല്ല അദ്ദേഹം. പണ്ഡിതനും പ്രഗത്ഭനുമായ ഒരു എഴുത്തുകാരനുമാണ് ജനാബ് അബ്ദുർറഹീം. വർഷങ്ങൾ നീണ്ടുനിന്ന പഠന സപര്യയുടെ മികവ് ഈ കൃതിയിലെ ഓരോ പുറവും കാട്ടിത്തരുന്നു. ആമുഖത്തിൽ ഗ്രന്ഥകാരൻ പറയുന്നുണ്ട്:

"രണ്ടാം ഖലീഫ എഴുതിയ Ahmad, the Messenger of the Latter Days എന്ന പുസ്തകത്തിന്റെ തർജ്ജമയിൽ ആരംഭിച്ചതാണ് ഈ ചരിത്രനിർമ്മിതി യെങ്കിലും പിന്നീട് അത് സ്വതന്ത്രമായി വിപുലപ്പെടുത്തേണ്ടി വന്നു. അതു 'സത്യദൂതനിൽ' വിവിധ അധ്യായങ്ങളായി ഖണ്ഡശ: പ്രസിദ്ധീകരിച്ചുപോന്നു. കഴിഞ്ഞ മുപ്പത് കൊല്ലക്കാലത്തെ എന്റെ പഠന പരിശ്രമമാണിത്. ഈ ചരിത്രം രചിക്കുന്നതിന് ഒട്ടേറെ അടിസ്ഥാനഗ്രന്ഥങ്ങൾ എനിക്ക് സഹായകമായിത്തീർന്നിട്ടുണ്ടെങ്കിലും ഹദ്റത്ത് മൗലാനാ അബ്ദുർ റഹീം സാഹിബ് ദർദ് എം എ അവർകളുടെ Life of Ahmad ആണ് ഞാൻ പ്രധാനമായും ആധാരമാക്കിയിട്ടുള്ളത്." ഈ ജീവചരിത്ര രചന അത്യഗാധപഠനത്തിന്റെയും അർപ്പണബോധത്തിന്റെയും പരിണതഫലമാണെന്ന കാര്യത്തിൽ സംശയമില്ല.

എന്നാൽ ഹദ്റത്ത് അഹ്മദ്(അ)നോട് ഗ്രന്ഥകാരനുള്ള നിസ്സീമമായ ഭക്ത്യാദരങ്ങൾ പലപ്പോഴും അത്യുക്തിയുടെ മേഖലയിലേക്ക് നീളുന്നില്ലേയെന്നൊരു തോന്നൽ ബാക്കിയാവുന്നു. ഭക്തിവികാരത്തിനും അതിന്റേതായ ഒരു കോട്ടമുണ്ടല്ലോ. അതി വിസ്തരതയാണ് ഈ ഗ്രന്ഥത്തിൽ എനിക്ക് അനുഭവപ്പെട്ട സാരമായൊരു ദോഷം. ഇതൊഴിവാക്കാമായിരുന്നെങ്കിൽ ഗ്രന്ഥം പകുതി കണ്ടു ചുരുങ്ങുകയും പ്രൗഢവും അതിശക്തവും അതുകൊണ്ടുതന്നെ കൂടുതൽ ഫലപ്രദവുമായേനെ. "ഒരു നല്ല ജീവചരിത്രമെഴുതുകയെന്നത് ഒരു നല്ല ജീവിതം ജീവിക്കുന്നതിനേക്കാൾ പ്രയാസകരമാണ്" എന്ന് ഫ്രഞ്ച് നോവലെഴുത്തുകാരനായ മാർസെൽ പ്രൂസ്റ്റ് ഒരിക്കൽ പറയുകയുണ്ടായി. ആ സത്യം മുന്നിൽ വെച്ച് നോക്കുമ്പോൾ ഇത് മഹത്തായൊരു കൃതിയാണ്.

നാമെല്ലാം ഇന്ന് അറിഞ്ഞോ അറിയാതെയോ ആണ്ടിറങ്ങിപ്പോകുന്ന അതി ഭൗതികതയുടെ ചെളിക്കുണ്ടുകളിൽ നിന്ന് കരകയറാനുള്ള ആത്മവീര്യം ഇത്തരത്തിലുള്ള ഗ്രന്ഥങ്ങൾ നമുക്ക് പകർന്നു നൽകുന്നു. പലരും പുസ്തകങ്ങൾ വായിക്കുമ്പോൾ ഉറങ്ങുന്നു. എന്നാൽ ഉറക്കത്തിൽ നിന്നും നമ്മെ ഉണർത്തുന്ന ഒരു പുസ്തകമാണിത്.

കണ്ണൂർ
25-04-1991

പ്രൊഫ. എം മുഹമ്മദ്
എസ് എൻ കോളേജ്, കണ്ണൂർ

പ്രസാധകക്കുറിപ്പ്

അൽഹംദുലില്ലാഹ്-സുമമഅൽഹംദുലില്ലാഹ്. വാഗ്ദത്ത മസീഹ് (ഹ) അഹ്മദ്(അ)ന്റെ ജീവചരിത്രഗ്രന്ഥത്തിന്റെ ഒന്നാം ഭാഗം പുനഃപ്രസിദ്ധീകരിക്കുവാൻ ഞങ്ങളെ അനുഗ്രഹിച്ച അല്ലാഹുവിന് സർവ്വസ്തുതികളും അർപ്പിക്കുന്നു. ഒന്നാം പതിപ്പ് പ്രസിദ്ധീകരിച്ച് നീണ്ട 21 വർഷത്തിന് ശേഷമാണ് രണ്ടാംപതിപ്പ് പ്രസിദ്ധീകരിക്കുന്നത്. ഇതിൽ വന്ന കാലതാമസത്തിന് മാന്യവായനക്കാരോട് ക്ഷമാപണം ചെയ്യുന്നു.

കേരളാ സ്റ്റേറ്റ് ഖുദാമുൽ അഹ്മദിയ്യാ 1991-ൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം, പുനഃപ്രസിദ്ധീകരിക്കുന്നതിനായി സസന്തോഷം ഞങ്ങളെ അനുവദിച്ച അഹ്മദിയ്യാ യുവജനസംഘടനയുടെ ഭാരവാഹികളോടുള്ള നന്ദി ഇത്തരുണത്തിൽ അറിയിക്കുകയാണ്.

ഈ ഗ്രന്ഥം പുനഃപ്രസിദ്ധീകരിക്കുന്നതിന് ഒട്ടേറെ പേരുടെ തീവ്രവും, നിരുപാദികവുമായ പരിശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അവർക്കായി പ്രാർത്ഥിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഇതിന്റെ പ്രസിദ്ധീകരണത്തിനായി സാമ്പത്തികസഹായം നൽകിയും പ്രാർത്ഥിച്ചും ഞങ്ങളെ പ്രോത്സാഹിപ്പിച്ച, അഹ്മദിയ്യാ ജമാഅത്തിന്റെ മഹിളാ സംഘടനയായ 'ലജ്നാഇമായില്ലാ'യുടെ കേരളഘടകത്തോടുള്ള നന്ദിയും കടപ്പാടും ഇവിടെ അറിയിക്കുകയാണ്.

ഇസ്ലാമിന്റെ പുനഃരുദ്ധാരണത്തിനായി അല്ലാഹു നിയോഗിച്ച പ്രവാചകന്റെ വിശുദ്ധജീവിതം മലയാളിക്ക് മുമ്പിൽ തുറന്ന് വെച്ച ഗ്രന്ഥ രചയിതാവ് പ്രിയങ്കരനായ എൻ അബ്ദുർറഹീം സാഹിബ്, തന്റെ രചനകളൊക്കെയും തന്നെ നമുക്ക് വെളിച്ചം പകരുന്നതിനായി നൽകിക്കൊണ്ട് കാലയവനികയ്ക്കുള്ളിൽ മറഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ മഗ്ഫിറത്തിനും ജന്നത്തിനുമായി പ്രാർത്ഥിക്കുകയും വായനക്കാരോട് അതിനായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ഈ ഗ്രന്ഥത്തിലൂടെ മഹ്ദി മസീഹിന്റെ ജീവിതത്തെ കണ്ടറിയുവാൻ അനുവാചകർക്ക് സാധിക്കുമാറാകട്ടെ(ആമീൻ) എന്ന പ്രാർത്ഥനയോടെ ഹദ്റത്ത് അഹ്മദ് (അ)' ഒന്നാം ഭാഗത്തിന്റെ രണ്ടാം പതിപ്പ് വായനക്കാർക്കായി സമർപ്പിക്കുന്നു.

സദ്ർ
ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്
കേരള

ആമുഖം

മുഹമ്മദ് നബി(സ) തിരുമേനിയ്ക്ക് ശേഷം ലോകം കണ്ട ഏറ്റവും വലിയ മഹാപുരുഷന്റെ ജീവിതകഥയാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. ഞാനിപ്പറയുന്നതിൽ വിയോജിക്കുന്നവരുണ്ടാകാം. ലോകത്ത് ആവിർഭവിച്ച ഏറ്റവും പ്രഭാവശാലികളായ പ്രവാചകന്മാരിൽ അഗ്രിമസ്ഥാനീയനും മനുഷ്യകുലോത്തമനുമാണ് മുഹമ്മദ് നബി(സ)തിരുമേനിയെന്നു അഹ്മദികളടക്കം മുസ്‌ലിംകൾ ഒന്നടങ്കം വിശ്വസിക്കുന്നു. 'അശ്റഫുൽ മഖ്‌ലൂക്കാത്ത്' അഥവാ, സൃഷ്ടിജാലങ്ങളിൽ അതിശ്രേഷ്ഠൻ എന്നാണ് മുസ്‌ലിംകൾ നബിയെ വിശേഷിപ്പിക്കുന്നത്. സ്രഷ്ടാവിനെ ഒഴിച്ചുനിർത്തിയാൽ സൃഷ്ടികളിൽ മറ്റാർക്കും നൽകാത്ത ഏറ്റവും വലിയ സ്നേഹാദരങ്ങൾ അവർ തിരുനബിയ്ക്ക് നൽകുന്നു. എന്നാലും അവർ ആ മഹത്മാവിനെ ഒരു മനുഷ്യനായിട്ടു മാത്രമേ കാണുന്നുള്ളൂ, കരുതുന്നുള്ളൂ. നബിയെ അവർ ദൈവമോ ദൈവാംശമോ ആക്കുകയില്ല. അതു 'ശിർക്കാ' ണ്, സൃഷ്ടിപൂജയാണ്. കൊടിയപാപമായി അവരതിനെ കണക്കാക്കുന്നു. 'അനബശറുൻ മിസ്‌ലുക്കും' (ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻമാത്രമാണ്) എന്ന് മുഹമ്മദ് നബി(സ) പ്രഖ്യാപിച്ചു. ഖുർആൻ അപ്രകാരം സിദ്ധാന്തിക്കുകയും ചെയ്യുന്നു. മനുഷ്യർക്ക് ഭാവനയിൽ കാണാവുന്ന മനുഷ്യത്വത്തിന്റെ പരമപൂർണ്ണിമ മുസ്‌ലിംകൾ അദ്ദേഹത്തിൽ ആരോപിക്കുന്നു. മനുഷ്യനു പ്രാപിക്കാവുന്ന ശ്രേഷ്ഠതയുടെ പരമോന്നതപദം ആണ് 'ഖാത്തമുന്നബിയ്യീൻ' അതായത് പ്രവാചകശ്രേഷ്ഠൻ എന്നതു കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതാണ് മുഹമ്മദ് നബി(സ)! ആ പ്രവാചകന്റെ പുനരാവിർഭാവമാണ് മഹ്ദീഇമാമിന്റെ, വാഗ്ദത്തമസീഹിന്റെ നിയോഗത്തിൽ നിവൃത്തിയായിട്ടുള്ളതെന്നു വിശ്വസിക്കുന്നവർക്കു ഇതിനോട് വിയോജിക്കാൻ കഴിയുകയില്ല. മുഹമ്മദ് നബി(സ)തിരുമേനിയ്ക്ക് രണ്ടു നിയോഗങ്ങളുണ്ടെന്നും രണ്ടാമത്തെ നിയോഗം നബിയുടെ പ്രതിപുരുഷൻ എന്ന നിലയിലുള്ള മഹ്ദീമസീഹിന്റെ അവതാരം ആണെന്നും ഖുർആൻ വ്യാഖ്യാതാക്കൾ വിവരിച്ചുതന്നിട്ടുണ്ട്.

വിശുദ്ധഖുർആനിൽ 'സൂറ:ജുമുഅ'യിലെ 'വആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം'(അവരോട് ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരുകൂട്ടരിലും-62:4) എന്ന വാക്യത്തെ വ്യാഖ്യാനിച്ചു

കൊണ്ട്, തന്റെ ഒരു സഹാബിയായ സൽമാനുൽഫാരിസിയുടെ ചുമലിൽ കൈവെച്ചു, സത്യവിശ്വാസം സുറയ്യ നക്ഷത്രത്തിലേക്ക് ഉയർന്നുപോകുമ്പോൾ ഇദ്ദേഹത്തിന്റെ വംശത്തിൽ പെട്ട ഒരു മഹാവ്യക്തി പ്രത്യക്ഷപ്പെട്ടു അതിനെ വീണ്ടും കൊണ്ടുവരുമെന്ന് തിരുനബി(സ) നമുക്ക് പറഞ്ഞുതന്നു; കൂടാതെ വിശുദ്ധഖുർആനിൽ 'സൂറത്തുസ്സഫ്ഫി'ലെ 'മുബശ്ശിറൻ ബിറസൂലിൻ യഅ്തീ മിൻ ബഅ്ദിസ്മുഹു അഹ്മദ്' (എനിക്കുശേഷം വരുന്ന അഹ്മദ് എന്നുപേരുള്ള ഒരു റസൂലിനെക്കുറിച്ചുള്ള സുവിശേഷമറിയിച്ച-61:7) എന്ന വചനപ്രകാരം തന്റെ രണ്ടാംവരവിനെപ്പറ്റി യേശുക്രിസ്തുവും പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. ഈ പ്രവചനങ്ങളാണ് മഹ്ദി ഇമാമിന്റെ, വാഗ്ദത്തമസീഹിന്റെ ആഗമനത്തോടെ പൂർത്തിയായിരിക്കുന്നതെന്ന് അഹ്മദികൾ വിശ്വസിക്കുന്നു. അതുകൊണ്ട്, മുഹമ്മദ് നബി(സ) തിരുമേനിയുടേയും ഈസാ നബിയുടെ അഥവാ യേശുക്രിസ്തുവിന്റേയും പ്രതിരൂപമായി ഈ കാലഘട്ടത്തിൽ അവതരിച്ച മഹാപുരുഷന്റെ ചരിത്രം എന്തുകൊണ്ടും അതീവപ്രാധാന്യം അർഹിക്കുന്നതാണ്. ഇതോടൊപ്പം മഹാത്മാ ശ്രീകൃഷ്ണന്റെയും ശ്രീബുദ്ധന്റേയും അവതാരമാണെന്നും അദ്ദേഹം വാദിച്ചിരിക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായി ജീവിച്ച ലോകത്തിന്റെ മുക്തിദാതാവെന്നു വാദിച്ച, മത മഹാവിപ്ലവത്തിന്റെ വെന്നിക്കൊടി പൊന്തിച്ച, ഹദ്റത്ത് മിർസാഗുലാം അഹ്മദുൽ ഖാദിയാനി(അ) യുഗപ്രഭാവൻ എന്ന നിലയിൽ ഇതിനകം ലോകത്തിന്റെ കോണായ കോണുകളിലെല്ലാം കീർത്തിപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം മുഖേന ആരംഭിച്ച വിശ്വാസ വിസ്ഫോടനത്തിന്റെ അലമാലകൾ മതമണ്ഡലങ്ങളെയാകെത്തന്നെയും ഇളക്കിമറിച്ചുകൊണ്ടിരിക്കുകയാണ്. അറിഞ്ഞോ അറിയാതെയോ അതിന്റെ സ്വാധീനങ്ങൾ സകല മതസമൂഹങ്ങളും സ്വാംശീകരിച്ചുകൊണ്ടിരിക്കുന്നു. ഇനിയുള്ള കാലം വാഗ്ദത്ത മഹ്ദി മസീഹിന്റെ വിജയങ്ങളുടെ കൊയ്ത്തുകാലം ആയിരിക്കും. ആരെന്തു പറഞ്ഞാലും 'ഞാനും എന്റെ പ്രവാചകന്മാരും വിജയിക്കുമെന്നു അല്ലാഹു വിധിച്ചിരിക്കുന്നു.' എന്ന വിശുദ്ധ ഖുർആന്റെ പ്രവചനപ്രകാരം എത്ര ശക്തിമത്തായ എതിർപ്പുകളേയും അതിജീവിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ദിവ്യപ്രസ്ഥാനം മുന്നേറുക തന്നെ ചെയ്യും.

ഇതു ഒരു രാഷ്ട്രനിർമ്മാതാവിന്റെ, ജനനായകന്റെ ചരിത്രമല്ല. ഒരു ദാർശനികന്റേയോ, മഹാജ്ഞാനിയുടേയോ സമുദായപരിഷ്കർത്താവിന്റേയോ ചരിത്രവുമല്ല. അത്തരക്കാരുടെ ഭൗതികപ്രഭാവമയമാർന്ന ശബളാഭമായ ചരിത്രസംഭവങ്ങൾ നിങ്ങൾക്കിതിൽ കാണാൻ കഴിയുകയില്ല. ഇതു ഒരു ലോകോദ്ധാരകന്റെ, യുഗാചാര്യന്റെ ചരിത്രമാണ്. ഒരു നബിയുടെ, പ്രവാചകന്റെ ജീവിതകഥ! മനുഷ്യാത്മാക്കളെ മെരുക്കിയെടുക്കുന്ന മനുഷ്യസമുദായത്തിന്റെ സംസ്കാരം വാർത്തെടുക്കുന്ന ഒരു ധർമ്മാത്മാവിന്റെ മഹാചരിത്രമാകുന്നു. ഈ ചരിത്രത്തിലുടനീളം ത്രസിക്കുന്നത്

വെട്ടിത്തിളങ്ങുന്ന ഒരു ദിവ്യചൈതന്യമാണ്. ദിവ്യമായ ആധികാരികത സ്ഫുരിക്കുന്ന ഒരു പ്രവാചകന്റെ ജീവിതത്തിൽ പ്രതിഭാസിക്കുന്ന ദൈവീകശക്തിപ്രഭാവം അഥവാ ദൈവീക സഹായങ്ങളുടെ ഒളിചിതറുന്ന ശ്ലോഷയാത്ര നിങ്ങൾക്കിതിൽകാണാം. അണുപോലും പിഴക്കാത്ത അചഞ്ചലമായ ദൈവഭക്തി, ഹിമാലയത്തിന്റെ അടിയുറപ്പിനെപ്പോലും വെല്ലുന്ന വിശ്വാസസ്ഥൈര്യം, അടിക്കടി ആഞ്ഞുവീശിയ എതിർപ്പുകളുടെ വൻചുഴലിക്കാറ്റുകളെ തൃണവൽഗണിച്ച നിസ്സംഗത, ദൈവസ്നേഹത്തിനെതിരിൽ ജീവിതത്തിന്റെ സകല സൗഭാഗ്യങ്ങളെയും തുച്ഛീകരിച്ച പരിത്യാഗശീലം, ശാന്തസാഗരത്തിന്റെ അഗാധഗഹ്വരത്തിലെ ഊർമ്മികളെന്നോണം വിലസുന്ന സഹനശക്തി, നിത്യനീലിമയാർന്ന ആകാശത്തിന്റെ അനന്തതയിലമരുന്ന വിശ്വസ്നേഹം ഇവയൊക്കെ സമഞ്ജസമായി സമ്മേളിച്ച ഒരു ജീവിതം ഇവിടെ നിറന്നു പ്രകാശിക്കുന്നതു കാണാം. ജനനം മുതൽ ചരമം വരെ ദൈവത്തിന്റെ തണലിൽ, സംരക്ഷണത്തിൽ, സാഹചര്യത്തിൽ കഴിഞ്ഞുകൂടിയ ഒരു ദിവ്യാത്മാവ്, ദൈവം സംസാരിച്ചുപോന്ന ഒരു ദിവ്യപുരുഷൻ ഇരുപതാം നൂറ്റാണ്ടിൽ ഈ ഭൂമിയിൽ ജീവിച്ചു. അത്ഭുതകരമായ ആ ജീവിതത്തിന്റെ സവിശേഷഭാവം അതായിരുന്നു. 'യൂഹാ ഇലയ്യ,(എനിക്കുവെളിപാടുണ്ടായിരിക്കുന്നു) എന്നദ്ദേഹം പറഞ്ഞു. "എന്റേയും നിങ്ങളുടേയും ആരാധ്യൻ ഏകനാണെന്ന് എനിക്ക് വെളിപാട് ലഭിക്കുന്നു." അഥവാ "ദൈവം എന്നോട് സംസാരിക്കുന്നു"എന്നതാണ് അദ്ദേഹത്തിന്റെ സന്ദേശം. ഇതു തെളിയിച്ചുകാട്ടാനുള്ള സമരമാണ് ആ മഹാത്മാവിന്റെ ജീവിതം. ദൈവം സംസാരിച്ചുകൊണ്ടിരുന്ന ദിവ്യപുരുഷൻ ഇരുപതാം നൂറ്റാണ്ടിൽ ഈ ഭൂമിയിൽ ജീവിച്ചു!- അതാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ). മറ്റാരിൽ നിന്നും അദ്ദേഹത്തെ മാറ്റിനിറുത്തിയ സുഭഗസത്യം അതാണ്. അതേ, ലോകം ഒന്നടങ്കം അദ്ദേഹത്തെ എതിരിടാനുള്ള കാരണവും അതുതന്നെയാണ്!

കേരളത്തിൽ അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ ശബ്ദം ഉയർന്നിട്ട് 1991ൽകൊല്ലമായി. മെല്ലെമെല്ലെ അതുവളരുന്നു. ഇന്നതു ഒരൊച്ചിന്റെ വേഗതയിലാവാം. ഒരു പ്രത്യേകകാലഘട്ടത്തിൽ അതിന്റെ ഗതി പ്രവേഗപ്പെടും. പെട്ടെന്നു അതു കുതിക്കും. ഈ നീണ്ട കാലത്തിനിടയിൽ വിശ്വാസപരമായ വിവാദച്ചുഴികളിൽപെട്ട അഹ്മദികൾക്ക് അടിസ്ഥാനപരമായ വിശ്വാസങ്ങൾക്ക് നേരെയുള്ള വെല്ലുവിളികളെ നേരിടേണ്ടിയിരുന്നതു കാരണം പ്രസ്ഥാനസ്ഥാപകരുടെ ജീവിതത്തെ വേണ്ടവിധം അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഏതൊരു പ്രസ്ഥാനത്തിന്റെയും സ്ഥാപകന്റെ ജീവിതവും അസ്സൽഉപദേശങ്ങളുമാണല്ലോ ജനകോടികളുടെ പ്രധാന പഠനലക്ഷ്യം. അതുകൊണ്ടുതന്നെ ആ ചരിത്രത്തിന്റെ അഭാവം ഒരു വലിയ പോരായ്മ സൃഷ്ടിച്ചിരുന്നു. ആ പോരായ്മ നികത്താനുള്ള ഏറ്റവും എളിയ ഒരു ശ്രമം മാത്രമാണ് ഈ ഗ്രന്ഥം. ജീവചരിത്രത്തിന്റെ ഒന്നാംഭാഗമാണിത്. രണ്ടാംഭാഗം വളരെവേഗം പുറത്തിറക്കാൻ ശ്രമിക്കുന്നു.

ഏതാണ്ട് ഇത്രതന്നെ പേജുകൾ രണ്ടാംഭാഗത്തും ഉണ്ടാകുമെന്നാണ് കരുതുന്നത്. എന്നാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പൂർണ്ണജീവിതത്തിന്റെ ഒരു ചിത്രീകരണമാവില്ല. എന്തെന്നാൽ അദ്ദേഹത്തിന്റെ ജീവിതസംഭവങ്ങളും ആ മഹാത്മാവിന്റെ ജീവിതവുമായി ബന്ധപ്പെട്ട സഹാബിവര്യന്മാരുടെ അനുഭവകഥകളും (Anecdots)വേറെയും ഏറെയിരിക്കുന്നു. കൂടാതെ എൺപതോളം വരുന്ന അദ്ദേഹത്തിന്റെ സ്വന്തം കൃതികളും, പ്രഭാഷണങ്ങളും, ലഘുലേഖാസമാഹാരങ്ങളും, കത്തിടപാടുകളും, ഡയറികളും അടങ്ങിയിരിക്കുന്ന ഒരു വലിയ ആത്മീയഭണ്ഡാരം പിന്നെയുമുണ്ട്. ഈ വിജ്ഞാനപാരാവാരത്തിൽ നീന്തിത്തുടിക്കുവാനും മുത്തുകൾ വാരാനും പണിപ്പെടുന്നവർ ഇനിയുള്ളകാലം ഏറെപേരുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ആ ഭാഗ്യാന്വേഷികൾ അതിനു പ്രാപ്തരാകട്ടെ എന്ന് ഇവിടെ ആശംസിക്കാനും പ്രാർത്ഥിക്കാനുമേ എനിക്കു കഴിയൂ!

നീണ്ടകാലം 'സത്യദൂത'ന്റെ പത്രാധിപരായിരുന്ന എന്റെ വന്ദ്യമാതുലൻ എൻ. ഹാമിദ് സാഹിബ് എഴുതിയ ഹസ്രത്ത് അഹ്മദ്(അ) എന്ന കൊച്ചു തർജ്ജമപുസ്തകമാണ് മഹ്ദിഇമാമിനെപറ്റി മലയാളത്തിലുള്ള ആദ്യത്തെ ജീവചരിത്രകൃതി. അഹ്മദിയ്യാ ജമാഅത്തിന്റെ മുൻ ഇമാം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)അവർകളുടെ 'വെയിൽസ് രാജകുമാരനൊരു ഉപഹാരം' എന്ന കൃതിയുടെ അവസാനത്തിൽ ചേർത്ത പ്രസ്ഥാനസ്ഥാപകരുടെ ജീവചരിത്രക്കുറിപ്പിന്റെ പരിഭാഷയാണത്. വിപുലമായ പഠനത്തിന് ആഗ്രഹിക്കുന്നവരുടെ മുമ്പിൽ കുറേക്കൂടി വിസ്തരിച്ച ചരിത്രം ആവശ്യമായിരിക്കുന്നുവല്ലോ!

രണ്ടാം ഖലീഫ എഴുതിയ Ahmad the messenger of the latter days എന്ന പുസ്തകത്തിന്റെ തർജ്ജമയിൽ ആരംഭിച്ചതാണ് ഈ ചരിത്രനിർമ്മിതിയെങ്കിലും പിന്നീട് അതു സ്വതന്ത്രമായി വിപുലപ്പെടുത്തേണ്ടിവന്നു. അതു 'സത്യദൂത'നിൽ വിവിധ അധ്യായങ്ങളായി ഖണ്ഡശ്ശ: പ്രസിദ്ധീകരിച്ചുപോന്നു. കഴിഞ്ഞ മുപ്പതു കൊല്ലക്കാലത്തെ എന്റെ പഠനപരിശ്രമമാണിത്. ഈ ചരിത്രം രചിക്കുന്നതിന് ഒട്ടേറെ അടിസ്ഥാനഗ്രന്ഥങ്ങൾ എനിയ്ക്ക് സഹായകമായിത്തീർന്നിട്ടുണ്ടെങ്കിലും ഹദ്റത്ത് മൗലാനാ അബ്ദുർറഹീം സാഹിബ് 'ദർദ്' എം എ അവർകളുടെ Life of Ahmad ആണ് ഞാൻ പ്രധാനമായും ആധാരമാക്കിയിട്ടുള്ളത്. അദ്ദേഹമാണ് ഇക്കാര്യത്തിൽ അടിസ്ഥാനപരമായ ഒട്ടേറെ ഗവേഷണങ്ങൾ നടത്തിയ ആൾ. പുരാതനരേഖകളും കോടതി റിക്കാർഡുകളും കയ്യെഴുത്തുകളുമെല്ലാം അദ്ദേഹം നേരിട്ടു സസൂക്ഷ്മം പരിശോധിക്കുകയുണ്ടായിട്ടുണ്ട്. പലരും അദ്ദേഹത്തിന്റെ ഗവേഷണങ്ങളെയാണ് ആധാരമാക്കിയതും. എങ്കിലും അദ്ദേഹത്തിന്റെ ചരിത്രഗ്രന്ഥം പൂർണ്ണരൂപത്തിൽ ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല. മൗലാനാ ശേഖ് അബ്ദുൽ ഖാദിർ സാഹിബിന്റെ 'ഹയാത്തെ ത്വയ്യിബ', മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് 'ശാഹിദി'ന്റെ 'താരിഖെഅഹ്മദിയ്യത്ത്' എന്നീ ചരിത്ര ഗ്രന്ഥങ്ങളേയും ഞാൻ ആസ്പദമാ

ക്കിയിട്ടുണ്ട്. ബറാഹീനെ അഹ്മദിയ്യയിൽ ചേർത്ത ഹദ്റത്ത് മിഅ്റാജുദ്ദീൻ സാഹിബ്(റ)എഴുതിയ ജീവചരിത്രക്കുറിപ്പ്, ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ) എഴുതിയ 'സീറത്ത് മസീഹ് മൗഊദ്', ഹദ്റത്ത് അബ്ദുൽമജീദ് സാഹിബ് കപൂർത്തലവി(റ)രചിച്ച സീറത്ത് എന്നീകൃതികളും ഹദ്റത്ത് മുഫ്ത്തിമുഹമ്മദ് സാദിഖ് സാഹിബ്(റ)ന്റെ 'ദിക്റെ ഹബീബ്', ഹദ്റത്ത് മിർസാ ബശീർഅഹ്മദ്(റ)ന്റെ 'സീറത്തുൽമഹ്ദി', സിൽസില അഹ്മദിയ്യ, പീർ സിറാജുൽഹക്ക് സാഹിബ് നുഅ്മാനിന്റെ(റ) 'തദ്കിറത്തുൽ മഹ്ദി' തുടങ്ങിയ ഗ്രന്ഥങ്ങളും ഞാൻ അടിസ്ഥാനമാക്കിയിട്ടുണ്ട്. ലാഹോർ പാർട്ടിക്കാരുടെ വക പ്രസിദ്ധപ്പെടുത്തിയ ഡോ. ബിശാറത്ത് അഹ്മദ് സാഹിബ് രചിച്ച 'മുജദ്ദിദെ അഅ്സം' എന്ന കൃതിയുടെ രണ്ട് ബ്രഹത് വാല്യങ്ങളും സൂക്ഷ്മ പഠനത്തിന് ഉപയോഗപ്പെടുത്തുകയുണ്ടായി. ഇവയ്ക്ക് പുറമെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പല പ്രധാനഗ്രന്ഥങ്ങളും 'റിവ്യൂ ഓഫ് റിലിജ്യൻ'സിന്റെ പഴയവാല്യങ്ങളും ഞാൻ റഫർ ചെയ്തിട്ടുണ്ട്.ഇക്കാര്യത്തിൽ ജ:ഹാമിദ് സാഹിബ് അവർകളുടെ ലൈബ്രറി എനിയ്ക്ക് അങ്ങേയറ്റം സഹായകമായി. എച്ച് എ വാൾട്ടർ എം എയുടെ The Ahmadiyya Movement, സ്പെൻസർ ലാവാന്റെ The Ahmadiyya Movement, യോഹന്നാൻ ഫ്രീഡ്മാന്റെ Prophecy Continuous, ഐയാൻ ആഡംസന്റെ Mirza Gulam Ahmad, അബ്ദുൽ ഹസൻ അലി നദ്വിയുടെ Qadianisam a Critical Study, ഫീനിക്സിന്റെ His Holiness എന്നീ ഇംഗ്ലീഷ് ഗ്രന്ഥങ്ങളും മൗലവി സനാഉല്ലാസാഹിബിന്റെ പല വിമർശനകൃതികളും ഞാൻ നോക്കിയിട്ടുണ്ട്. ഞാൻ ഉപയോഗപ്പെടുത്തിയതും റഫർ ചെയ്തതുമായ പുസ്തകങ്ങളുടെ പട്ടിക (Bibiliography) രണ്ടാംഭാഗത്തിന്റെ ഒടുവിലായി ചേർക്കുന്നതാണ്.

ഈ കൃതിയിൽ ചേർത്തിട്ടുള്ള മിക്കവാറും എല്ലാ അദ്ധ്യായങ്ങളും മർഹൂം എൻ ഹാമിദ് സാഹിബ് വായിച്ചുനോക്കി ശരിവെച്ചതിനുശേഷം മാത്രമേ ഞാൻ അച്ചടിക്കാൻ കൊടുത്തിട്ടുള്ളൂ. അദ്ദേഹം സംസാരശേഷി നഷ്ടപ്പെടുന്നതുവരെ ഇക്കാര്യത്തിൽ എന്നെ സഹായിക്കുകയും ഈ ചരിത്രനിർമ്മിതിയിൽ സജീവതാല്പര്യം കാണിക്കുകയും ചെയ്തു പോന്നിരുന്നു. ഈ ചരിത്രരചനയിൽ വന്ദ്യവന്ദ്യനായ എന്റെ ഗുരുനാഥൻ ഹദ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച് ഏ (റഹ്) അവർകൾ വലിയ താല്പര്യം കാണിച്ചിരുന്നു എന്ന സത്യം ഞാനിവിടെ എടുത്തുപറയുന്നു. അദ്ദേഹം എനിയ്ക്ക് ഇക്കാര്യത്തിൽ പലപ്പോഴായി തന്ന നിർദ്ദേശങ്ങളും ഉപദേശങ്ങളും എഴുത്തുജോലിയിൽ ഞാനദ്ദേഹത്തെ സഹായിച്ചുകൊണ്ടിരിക്കെ നടത്തിപ്പോന്ന ചർച്ചകൾക്കിടയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെപ്പറ്റി പറഞ്ഞുതന്നതും വിവരിച്ചതുമായ പല കാര്യങ്ങളും അതീവഗൗരവത്തോടെ ഈ ചരിത്രരചനയ്ക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മൗലവി അബ്ദുൽഹക്ക്

ഗസ്നവിയുമായുള്ള മുബാഹലസംഭവം വിട്ടുപോകരുതെന്ന് അദ്ദേഹം പ്രത്യേകം നിർഷകർഷിച്ചിരുന്നതുകൊണ്ടാണ് അത് ഒരു അധ്യായമായിത്തന്നെ ഞാനിതിൽ ചേർത്തത്. ഹദ്റത്ത് മസീഹ് മൗഊദിന്റെ ഈ ചരിത്രത്തിലെ പല ഭാഗങ്ങളും അദ്ദേഹത്തിന്റെ പരിശോധനയ്ക്ക് വിധേയമായി എന്നതു ഞാൻ സ്വാഭിമാനം സ്മരിക്കുന്നു. അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചുതന്നെ, ഒരു നബിയുടെ ചരിത്രം എന്ന നിലയിൽ പരമാവധി സൂക്ഷ്മതയും സമാദര സമീപനവും ഞാൻ പുലർത്തിയിട്ടുണ്ടെന്ന് ഉറപ്പ് നൽകാൻ എനിയ്ക്കു കഴിയും. എന്നാൽ, എന്റെ ശ്രദ്ധയിൽ പെടാത്തവണ്ണം മനുഷ്യസഹജമായ വൈകല്യങ്ങളും അപാകതകളും കടന്നുകൂടിയിരിക്കാമെന്നുള്ളതുകൊണ്ട് അറിവുള്ളവർ അതു ചൂണ്ടിക്കാണിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. പുസ്തകത്തിന്റെ ഈ ആദ്യഭാഗം തയ്യാറാക്കിയിട്ടു ഏറെക്കാലമായി. അതു പ്രസിദ്ധം ചെയ്യാനുള്ള സാമ്പത്തിക സാഹചര്യം ഇല്ലാത്തതു കാരണം പ്രസിദ്ധീകരണം നീണ്ടുനീണ്ടുപോയി. പല പദ്ധതികളും തകരാറിലാവുകയും ചെയ്തു. ഇപ്പോൾ ഇതു പ്രസിദ്ധീകരിക്കുന്നതിന്റെ ഉത്തരവാദിത്വം 'കേരള സ്റ്റേറ്റ് ഖുദ്ദാമുൽ അഹ്മദിയ്യ' ആണ് ഏറ്റെടുത്തിട്ടുള്ളത്. ഖുദ്ദാമുൽ അഹ്മദിയ്യയുടെ മുൻ ഖായിദ് ജനാബ് ടി കെ മഹ്മൂദ് സാഹിബാണ് ഇതിപ്പോൾ വെളിച്ചം കാണുന്നതിന് കാരണക്കാരൻ എന്ന വസ്തുത ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു. അദ്ദേഹം ഇതു സംബന്ധിച്ച സാമ്പത്തിക ഉത്തരവാദിത്തം ഏറ്റെടുക്കുകയും ഞാനുമായി കരാർ ഉണ്ടാക്കുന്നതിന് മുന്നോട്ടുവരികയും ചെയ്തില്ലെങ്കിൽ ഇത് ഇനിയുമെത്രനാൾ 'കോൾഡ് സ്റ്റോറേജി'ൽ കിടക്കേണ്ടിവരുമായിരുന്നു എന്നു പറയാനാകില്ല. കരാറുണ്ടാക്കുന്നതിൽ ഇപ്പോഴത്തെ സ്റ്റേറ്റ് ഖായിദ് സി കെ അബ്ദുൽ ഗഫൂർ സാഹിബും ഭാഗഭാക്കായിരുന്നു. അച്ചടിഘട്ടത്തിൽ ഇതിന്റെ ആദ്യഭാഗങ്ങൾ വീണ്ടും വിപുലീകരിക്കേണ്ടിവന്നു. ഇതു അഹ്മദിയ്യാ ശതവാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. ശതവാർഷികവുമായി ബന്ധപ്പെട്ട എന്റെ ഒട്ടേറെ പണിത്തിരക്കുകൾക്കിടയിൽ ഇതിന്റെ പ്രസിദ്ധീകരണം മാറ്റിവെയ്ക്കാൻ ഞാൻ തന്നെ ആവശ്യപ്പെടേണ്ടിവന്നു.

മഹ്ദിഇമാമിന്റെ മലയാളത്തിലുള്ള ആദ്യത്തെ ബൃഹദ്ചരിത്രം എഴുതിത്തുടങ്ങാൻ എന്നെ പ്രാപ്തനാക്കിയ സർവ്വാധിനാഥനായ അല്ലാഹുവിനെ ഞാൻ ആദ്യമായി സ്തുതിക്കുന്നു! ഈ എളിയ സേവനം, അവന്റെ പക്കൽ സ്വീകാര്യമായിത്തീരട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഈ ചരിത്രപുസ്തകം എഴുതുന്നതിന് എനിയ്ക്കു നിരന്തരമായ പ്രചോദനവും പ്രോത്സാഹനവും നൽകിക്കൊണ്ടിരുന്നവരിൽ മുൻ അമീർ മർഹൂം അമീർ അലിസാഹിബിന്റെ പേർ ഒരിക്കലും വിസ്മരിക്കാൻ പറ്റുകയില്ല. പല നിലയിലും സഹായിച്ച എന്റെ അനുജൻ എൻ. ഇബ്രാഹിം സാഹിബിനെയും ഞാൻ ഓർക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഇതു വായിക്കുന്ന നല്ലവരായ എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നതോടൊപ്പം എന്റെ എളിയ ശ്രമങ്ങളിൽ എന്നെ എല്ലാ പ്രകാരത്തിലും

സഹായിച്ചനുഗ്രഹിച്ച എന്റെ വന്ദ്യമാതുലൻ എൻ. ഹാമിദ് സാഹിബിനും എന്റെ വന്ദ്യവന്ദ്യനായ ഗുരുനാഥൻ ഹദ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച് എ അവർകൾക്കും വേണ്ടികൂടിയും പ്രാർത്ഥിക്കണമെന്നും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു!

وَ آخِرُ دَعْوٰنَا اَنِ الْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ

കണ്ണൂർ
15-01-1991

എൻ. അബ്ദുർറഹീം

ഗ്രന്ഥകാരനെക്കുറിച്ച്

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ശബ്ദം കേരളത്തിൽ ആദ്യമായി മുഴക്കിയ കണ്ണൂർ സിറ്റിയിലെ ഇ. അബ്ദുൽഖാദർ കുട്ടി സാഹിബിന്റെ മകൾ നടുവിലകത്ത് നഫീസ ബീവിയുടെയും ഇടപ്പകത്ത് ഹംസ സാഹിബിന്റെയും മകനായി 1927 ആഗസ്റ്റ് 15നാണ് എൻ അബ്ദുർറഹീം സാഹിബ് ജനിച്ചത്.

1947ൽ സത്യദൂതന്റെ സബ്എഡിറ്ററായ അദ്ദേഹം 1997വരെ ചെറിയ ഇടവേള ഒഴിച്ച് നീണ്ട 40വർഷക്കാലം മുഖ്യപത്രാധിപത്യം വഹിച്ചു.

അഹ്മദിയ്യാ ജമാഅത്തിന്റെ മലയാള സാഹിത്യങ്ങളിൽ മുക്കാൽ പങ്കിനും അവകാശിയായ അദ്ദേഹം സ്വന്തം രചനയും വിവർത്തനങ്ങളും ഉൾപ്പെടെ ഏതാണ്ട് അറുപതോളം ഗ്രന്ഥങ്ങളാണ് നമുക്ക് നൽകിയത്. നല്ലൊരു പ്രഭാഷകനും വിവർത്തകനുമായിരുന്നു റഹീം സാഹിബ്. ആഴത്തിലുള്ള വായന ശീലമാക്കിയ അദ്ദേഹം തന്റെ തൂലിക ചലിപ്പിക്കാത്ത മേഖലകൾ വിരളമാണ്. തന്റെ വിശ്വാസത്തിൽ അഭിമാനം കൊണ്ട അദ്ദേഹം, അത് മറ്റുള്ളവരിലേക്കെത്തിക്കുവാൻ അഹോരാത്രം പ്രയത്നിച്ചിട്ടുണ്ട്.

ഖാദിയാനിലെ കുറച്ചുകാലത്തെ മതപഠനത്തിനുശേഷം തിരിച്ചെത്തിയ അദ്ദേഹം മതരംഗത്തും പൊതുരംഗത്തും പത്രപ്രവർത്തനരംഗത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. 1948ൽ പൗരശക്തിയുടെയും 49ൽ ചന്ദ്രികയുടെയും ലേഖകനായി പ്രവർത്തിച്ചു.

1969ൽ മാതൃഭൂമിയിൽ ലേഖകനായ അദ്ദേഹം 1982ൽ കണ്ണൂർ ബ്യൂറോ ചീഫ് ആയി. നാല് പ്രധാനമന്ത്രിമാരുടെ പരിപാടികൾ കവർ ചെയ്ത അദ്ദേഹം 1979ൽ നോബൽ ലോറെയിറ്റ് ഡോ.അബ്ദുസലാമിനെ മാതൃഭൂമിക്ക് വേണ്ടി ബാംഗ്ലൂരിൽ ഇന്റർവ്യൂ ചെയ്തു. പത്രപ്രവർത്തക യൂനിയനിലും പ്രസ്ക്ലബിലും ഉന്നതസ്ഥാനങ്ങളും വഹിച്ച അദ്ദേഹം കേരള അഹ്മദിയ്യാ കേന്ദ്രസമിതിയുടെ സ്ഥാപകാംഗമായിരുന്നു. കൂടാതെ ദീർഘകാലം കണ്ണൂർ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രസിഡന്റുമായിരുന്നു.

'എമിനന്റ് ജേർണലിസ്റ്റ് പെൻഷൻ സ്കീം' അനുസരിച്ച് ജില്ലയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഏക പത്രപ്രവർത്തകനായിരുന്ന അദ്ദേഹം ആകാശവാണിയുടെ ആദ്യത്തെ കണ്ണൂർ ജില്ലാ ലേഖകനുമായിരുന്നു.

വടകരയിലെ എൻ അബ്ദുല്ലാഹാജിയുടെ പുത്രി നബീസയാണ് ഭാര്യ. എട്ട് മക്കളുണ്ട്.

വാഗ്ദത്ത മഹ്ദീമസീഹിന്റെ വിശുദ്ധ ജീവചരിത്രം ആയിരത്തിലേറെ പേജുകളിൽ നമുക്ക് സമ്മാനിച്ച ബഹുമാന്യനായ എൻ അബ്ദുർറഹീം സാഹിബ് ഇന്ന് നമ്മോടൊപ്പമില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ മലയാള സാഹിത്യത്തെ ഏറക്കുറെ അനാഥമാക്കിഅദ്ദേഹം 2006 ജൂൺ 24ന് തന്റെ നാഥനിലേക്ക് മടങ്ങി. അദ്ദേഹത്തിന് സർവ്വശക്തൻ ജന്നത്തും മഗ്ഫിറത്തും നൽകുമാറാകട്ടെ. ആമീൻ.

പ്രസാധകർ

1- പുണ്യഭൂമി-ഭാരതം!

ഭാരതം പുണ്യഭൂമിയാണ്! അനേകം ഋഷിമാരും മതാചാര്യന്മാരും പ്രവാചകന്മാരും ആത്മീയഗുരുക്കന്മാരും ജന്മമെടുക്കുകയും നീതിതത്വങ്ങൾ പ്രബോധനം ചെയ്കയും പ്രചരിപ്പിക്കുകയും ചെയ്ത പുണ്യഭാരതം അതുകൊണ്ടുതന്നെ ആർഷഭൂമിയാണ്. ഋഷിമാരുടെ കർമ്മഭൂമി! ആ പ്രവാചകന്മാരുടെ അദ്ധ്യാപനങ്ങൾ ഇവിടെ ആയിരക്കണക്കായ കൊല്ലങ്ങളായി കോടിക്കണക്കായ ജനഹൃദയങ്ങളിൽ ആത്മീയചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടു നിലനിന്നുവന്നിരിക്കുന്നു. അവർ പ്രഖ്യാപിച്ച ആത്മീയമൂല്യങ്ങളും ധർമ്മതത്വങ്ങളും ഇന്നും തലമുറകൾക്ക് നന്മയുടെ പ്രചോദനങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. ജനകോടികളെ ആവേശം കൊള്ളിക്കുകയും കർമ്മോത്സുകരാക്കുകയും പവിത്രീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ പ്രദേശം ദിവ്യമായ ഒരു അനുഗ്രഹകേദാരമാണ്. ലോകാനുഗ്രഹിയായ പ്രവാചകകുലോത്തമന്റെ പിറവി കൊണ്ടു പരിപൂതമായിത്തീർന്ന അറേബ്യാരാജ്യത്തിനു മാത്രമേ, 'ഖത്തമുന്നബിയ്യീൻ' മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ പാദപത്മങ്ങളുടെ പരിസ്പർശമേറ്റു അനുഗൃഹീതമായ അറേബ്യൻ മണൽതരികൾക്കുമാത്രമേ ഈ ഭാരതമണ്ണിനെ വെല്ലാനാകൂ!

വിവിധങ്ങളായ അനേകം മതങ്ങളുടെ ആചാര്യപുരുഷന്മാർ വ്യത്യസ്തകാലഘട്ടങ്ങളിലായി ഈ ഭൂഭാഗത്താണ് ആവിർഭവിക്കുകയും തങ്ങളുടെ മതധർമ്മങ്ങൾക്ക് ബീജാവാപം നടത്തുകയും ചെയ്തതെന്നുള്ള ചരിത്രസത്യത്തിൽ ഭാരതത്തിന്റെ മഹത്വം പ്രകാശിച്ചുകാണാം. അതുകൊണ്ടുതന്നെ, വ്യത്യസ്ത മതധർമ്മങ്ങളും സമുദായങ്ങളും ഇവിടെ ഇന്നും നിലനിൽക്കുന്നു. മറ്റിടങ്ങളിലെ പോലെ അവർ കുറ്റിയറ്റുപോയില്ല. ഏതോ ദിവ്യലക്ഷ്യം സഫലീകരിക്കാനെന്നോണം സഹസ്രാബ്ദങ്ങളായി ഈ എല്ലാ മതപ്രസ്ഥാനങ്ങളുടേയും പിൻതലമുറക്കാർ തങ്ങളുടെ പാരമ്പര്യങ്ങൾ നിലനിർത്തിക്കൊണ്ടു ഇവിടെ വിരാജിച്ചു. സനാതനധർമ്മം ഈ രാജ്യത്ത് ഉദ്ഘോഷിക്കപ്പെട്ടു. ദൈവീക ധർമ്മം ആവിർഭവിച്ചതിവിടെയാണ്. വേദങ്ങൾ നാലും ആവിർഭവിച്ചത് ഇവിടെയാണ്. വേദങ്ങൾ നാലും ഈ രാജ്യത്ത് പ്രബോധനം ചെയ്യപ്പെട്ടു. ആധ്യാത്മികസത്യങ്ങളെ പ്രകാശിപ്പിച്ച മഹത്തായ ഉപനിഷത്തുകൾ ഈ മണ്ണിൽ

വെച്ചാണ് രചിക്കപ്പെട്ടത്. ശ്രീരാമചന്ദ്രനും ശ്രീകൃഷ്ണനും ഭാരതത്തിലാണ് പിറന്നത്. ശ്രീബുദ്ധന്റെ ജന്മഭൂമിയും ഇവിടം തന്നെ. ക്രിസ്തു ജനിച്ചത് 'ശാം' അഥവാ സിറിയാ ദേശത്താണെങ്കിലും ഭാരതത്തിലെ 'ശാമി'ലേയ്ക്ക്, അതെ, "ഞാൻ അതിനെ ശാമിനെ പോലെ കാണുന്നു." എന്നർത്ഥമുള്ള 'ക-ശാം-അരീ' ആണ് കാശ്മീരായത്.- ശേയീറിനോടു, സിറിയയോടു അഥവാ ശാമിനോടു തുല്യമായ ഈ ഭൂപ്രദേശത്ത് അദ്ദേഹം വന്നെത്തി. പാർത്ത്യയിലൂടെ, ഗാന്ധാരത്തിലൂടെ, പഞ്ചനദത്തിലൂടെ, ഹിമാലയസാനുക്കളിലൂടെ പ്രസംഗിച്ചു നീങ്ങിയ യേശുക്രിസ്തു 'ഇസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആട്ടിൻകൂട്ട'ങ്ങളെ, തെരഞ്ഞു ഇവിടെ കാശ്മീരിൽ അന്ത്യവിശ്രമസ്ഥാനം കണ്ടെത്തി. ഇന്ത്യ ഇസ്ലാമിന്റെ ഒരു വലിയ പ്രതാപകേന്ദ്രമായി വിലസിയിട്ടുണ്ട്. സ്നേഹത്തിന്റെ സന്ദേശവുമായി അതു ആദ്യം ഇവിടെ കടന്നെത്തി. പിന്നെ അതിന്റെ ഭൗതീക ബലവും ഇവിടെ പരിലസിച്ചു. നൂറ്റാണ്ടുകളോളം മുസ്ലിംകൾ ഇവിടെ ഭരണം നടത്തി. അങ്ങനെ ഇസ്ലാമിന്റെ സ്വാധീനമുദ്ര ഈ രാജ്യത്ത് മായ്ക്കാനാവാത്തവിധം പതിഞ്ഞുകിടന്നു.എണ്ണമറ്റ മുസ്ലിം പുണ്യാത്മാക്കളുടെ വിരാപദാനങ്ങൾ കൊണ്ട് ഈ ഭൂമി അനുഗൃഹീതയായി. "ഹിന്ദു മതത്തിനും ഇസ്ലാം മതത്തിനുമിടയ്ക്ക് ഒരു പൊതുമണ്ഡപം കണ്ടെത്താൻ ശ്രമിച്ചവരിൽ ഒരാളായിരുന്ന ബാബാ നാനക്ക് തന്റെ ആത്മീയ പ്രസ്ഥാനം പടുത്തുയർത്തിയതു ഈ ഭാരതമണ്ണിലാണ്. അദ്ദേഹം ഹിന്ദുക്കളിൽ 'തൗഹീദ്' പ്രബോധനം ചെയ്ത ഭക്തനായ ഒരു മുസ്ലിം 'വലി' അഥവാ സിദ്ധൻ ആയിരുന്നു. കോടിക്കണക്കിന് സിക്കുകാർക്ക് ആത്മീയഗുരുനാഥനായ ഹദ്റത്ത് ബാബാനാനക്ക് തന്റെ അപദാനങ്ങളാൽ ഈ പ്രദേശത്തെ പാവനമാക്കി.

കോടിക്കണക്കിൽ ഹിന്ദുക്കൾ നൂറ്റാണ്ടുനൂറ്റാണ്ടുകാലം, തലമുറ തല മുറയായി ജീവിച്ചുപോന്ന ഈ രാജ്യത്ത് ബൗദ്ധരും ജൈനരും വളർന്നു വികസിച്ചു. ഇവിടെ സൊറോസ്റ്റർ മതക്കാർ തങ്ങളുടെ ആശയപ്രചാരണത്തിനുള്ള അഭയസ്ഥാനം കണ്ടെത്തി. ഇവിടെ ചരിത്രാതീതകാലം മുതൽ യഹൂദർ വന്നു പാർത്തു. കറുത്ത യഹൂദന്മാരും വെളുത്ത യഹൂദന്മാരും തോളോടുതോളുരുമ്മി ജീവിച്ചു. അവരെയും തേടിയാണ് മാർ തോമാശ്ലീഹ കേരളത്തിൽ വന്നിറങ്ങിയത്. ദിവ്യന്മാരുടേയും പുണ്യാത്മാക്കളുടേയും പാദങ്ങൾ പതിഞ്ഞ ഈ ഭാരതം എല്ലാ ആത്മീയമാർഗ്ഗങ്ങൾക്കും സ്വാഗതമോദി. ഇവിടെ അനേകം ദർശനങ്ങൾ ജനിക്കുകയും തഴച്ചുവളരുകയും ചെയ്തു. പരസ്പരവിരുദ്ധങ്ങളായ ദർശനങ്ങൾ സംഘർഷവും സംഘട്ടനവുമില്ലാതെ സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ഏറ്റുകൊണ്ട് വികസിച്ചു. അവയുടെ ഉപജ്ഞാതാക്കളും ഉപഗാതാക്കളും ഇവിടെ സാമ്രാജ്യങ്ങളുടെ ഉയർച്ചതകർച്ചകൾക്കും പതനോൽപതനങ്ങൾക്കും സാക്ഷിനിന്നു. ഹിന്ദുക്കൾ,ബുദ്ധമതക്കാർ,ജൈനർ, പാർസികൾ, യഹൂദർ, ക്രിസ്ത്യാനികൾ, മുസ്ലിംകൾ, സിക്കുകാർ, തുടങ്ങി വ്യത്യസ്ഥമതവിഭാഗങ്ങൾ ഇവിടെ പരസ്പരാദരത്തോടെ സഹിഷ്ണുതയോടെ

ജീവിച്ചു പോന്നു. ഈ തരത്തിൽ വ്യത്യസ്തമതസമുദായങ്ങൾ ഒന്നിച്ചു ജീവിച്ച ഒരു പ്രദേശം ഭൂമണ്ഡലത്തിൽ വേറൊന്നില്ല. ഈ തരത്തിൽ സകല ചിന്താപ്രസ്ഥാനങ്ങൾക്കും വളരാനും വികസിക്കാനും വിതാനം നൽകിയ മറ്റൊരു നാടില്ല. മതൈക്യത്തിന്റേയും സർവ്വധർമ്മ സമവായത്തിന്റേയും സത്യവിജയത്തിന്റേയും പതാക ഉയർത്തേണ്ട നാടും ഇതല്ലാതെ മറ്റൊന്നാകുമോ? 'സത്യമേവ ജയതേ' എന്നും 'ലോകാസമസ്താ സുഖിനോ ഭവന്തു' എന്നുമുള്ള മുദ്രാവാക്യങ്ങൾ അന്തരീക്ഷത്തിൽ മുഴങ്ങിനിൽക്കുന്ന ഈ പുണ്യ രാജ്യത്തിനു ചരിത്രപരമായ, ദിവ്യമായ ഒരു ദൗത്യം, ഒരു കർത്തവ്യം നിർവ്വഹിക്കാനുണ്ടായിരുന്നു.

സർവ്വസമുദായങ്ങളിലും പ്രതീക്ഷിക്കപ്പെടുന്ന അന്ത്യകാലത്തെ ആത്മീയ ഗുരു പ്രത്യക്ഷനാകേണ്ടത് ഈ ഭാരതത്തിലല്ലാതെ മറ്റെവിടെ? കൽക്കി അവതരിക്കേണ്ടത്, മൈത്രേയാ പ്രത്യക്ഷനാകേണ്ടത്, മിശിഹാ ഇറങ്ങേണ്ടത്, മഹ്ദി വെളിപ്പെടേണ്ടത് ഈ ഭാരതോർവിയിലല്ലാതെ പിന്നെന്ത്? അറേബ്യാരാജ്യത്ത് തൗഹീദിന്റെ വെന്നിക്കൊടി പറത്തി. ഭൂതലത്തിലാകെയും നന്മയുടെ, ദൈവവിശ്വാസത്തിന്റെ പുളകപ്രളയം സൃഷ്ടിച്ച മുഹമ്മദ്(സ) ഏവർക്കിടയിൽ പുനരാവിർഭവിക്കുമെന്ന് വിശുദ്ധഖുർആനിൽ പ്രവചനം ചെയ്യപ്പെട്ടുവോ, ആ "അവരോട് ഇതുവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരുകൂട്ടർ" (62-4) ഈ ഭാരതമക്കളല്ലാതെ മറ്റാര്?

ഇവിടെയാണ് ആദം നബി(അ) ജനിച്ചതും മതപ്രബോധനം ചെയ്തതുമെന്ന് പറയപ്പെടുന്നു. ശിവപാർവ്വതിമാർ ആദമും ഹവ്വയും ആയിരുന്നെന്നൊരു വാദമുണ്ട്. ആയിക്കൂടെന്നില്ല. അതിപുരാതനമായ ആദ്ധ്യാത്മിക പാരമ്പര്യം ഈ പ്രദേശത്തിനുണ്ട്. ഒരു അറബി കവിതയിൽ പറയുന്നു.

كَانَتْ لِاٰدَمَ اَرْضُ الهِنْدِ مُنْهَبِطًا

وَ فِيهِ نُورُ رَسُولِ اللهِ مَشْعُوْلُ

مِنْ هٰهُنَا مُسْتَبِينٌ اَنَّ مَهْدِينَا

مُهَنَّدٌ مِنْ سُيُوفِ اللهِ مَسْلُولُ

"ഹദ്റത്ത് ആദം നബി(അ) പാർത്ത സ്ഥലം ഇന്ത്യാരാജ്യമാണ്. അവിടെ പ്രവാചകശ്രേഷ്ഠന്റെ പൊലിമ പ്രകാശിച്ചു. ഇതിൽ നിന്നും നമ്മുടെ മഹ്ദിയും ഇന്ത്യക്കാരനായിരിക്കുമെന്നു വ്യക്തമാകുന്നു. അദ്ദേഹം അല്ലാഹുവിന്റെ ഊരിയവാളുകളിൽ ഒരു വാളാകുന്നു."

ആദ്യനബിയായ ആദം നബി(അ) ഇന്ത്യയിൽ വന്നു ശ്രീലങ്കയിൽ പോയി. അവിടത്തെ ആദംമല ആ ചരിത്രവസ്തുത വിളിച്ചോതുന്നു. ആദം നബിയുടെ പരമ്പരയിൽപ്പെട്ട ഹൂശങ്ജബിനു കൈമുറസ് ഇവിടെ

നബിയായിരുന്നു എന്ന് പണ്ഡിതന്മാരെ ഉദ്ധരിച്ചുകൊണ്ട് കേരളത്തിലെ ഒരു മഹാപണ്ഡിതനായിരുന്ന ശുജാഇ മൊയ്തുമുസ്ല്യാർ അവർകൾ 'ഫൈസുൽ ഫയ്യാ'സിൽ പറഞ്ഞിട്ടുള്ളതു ശ്രദ്ധേയമാണ്.

ഇറാഖിലെ നൂഹ്(അ) ഭാരതത്തിലെ മനു ആയി അറിയപ്പെട്ടു. മനുസ്മൃതി ഭാരതത്തിലെ 'ശരീഅത്ത്' ഗ്രന്ഥമായിരുന്നു. ആദ്യത്തെ ശരീഅത്തീ നബിയായിരുന്നു നൂഹ് നബി(അ). മനുസ്മൃതിയിലും ബൈബിളിൽ (തൗറാത്തിലും ഇഞ്ചീലിലും) എന്നപോലെ പ്രക്ഷ്പിതങ്ങളുണ്ട്. മനുഷ്യക്കയ്യേറ്റങ്ങൾക്ക് അവ വിധേയമായിരുന്നു. എന്നാലും മനുസ്മൃതി വായിച്ചു നോക്കുന്നവർക്ക് ഖുർആനിലെ ഒട്ടേറെ ധാർമ്മികതത്വങ്ങൾ അപ്പടി കണ്ടെത്താൻ കഴിയും. 'ഫീഹാ കുതുബുൻ ഖയ്യിമ' (അതിൽ സുസ്ഥിരമായ ഏടുകളുണ്ട്) എന്നു ഖുർആനിൽ പറയപ്പെട്ടിട്ടുള്ളതിലേയ്ക്കു ഇതു വിരൽ ചൂണ്ടുന്നു. ഹിന്ദുപുരാണങ്ങളിലെ മനുവും യഹൂദരുടെ താൽമൂദിലെ മാനഹിമും ബൈബിളിലെ നോഹയും ഖുർആനിലെ നൂഹ് നബിയും ഒരാൾ തന്നെ. 'മാർനൂഹ്' 'മനൂഹ്' ആവാനും 'നൂഹ്' 'മനാഹിം' ആവാനും പ്രയാസമില്ല. 'മാർ'എന്നതും 'ഈം' എന്നതും ആദരസൂചകമായിട്ടുള്ള ശബ്ദങ്ങളത്രെ. അതുകൊണ്ടു നൂഹ് മനാഹിം ആയി മാറിയതിൽ അത്ഭുതമില്ല. അതിനാൽ നൂഹും മനാഹിമും മനുവും ഒരാൾ തന്നെയെന്നു കരുതാം. "സൂര്യദേവതയായ വിവസ്വാന്റെ പുത്രനും ആദ്യ മനുഷ്യനും(പൂർണ്ണ മനുഷ്യൻ)ആയ വൈവസ്വതമനു കുളിക്കാൻ പോയപ്പോൾ കിട്ടിയ ഒരു മത്സ്യം ജലപ്രളയത്തെപ്പറ്റി പ്രവചിച്ചതും തോണി നിർമ്മിക്കാൻ നിർദ്ദേശിച്ചതും ജലപ്രളയമുണ്ടായപ്പോൾ മത്സ്യം ചെന്നു തോണി വലിച്ചു പർവ്വതത്തിന് മേൽ കൊണ്ടാക്കുകയും വെള്ളപ്പൊക്കം നിലച്ചപ്പോൾ മനു കരക്കിറക്കിയതുമായ ഐതിഹ്യം 'ശതപഥബ്രാഹ്മണ'ത്തിൽ കാണുന്നതും മത്സ്യം താൻ ബ്രഹ്മാവ് അഥവാ, ദൈവം തന്നെയെന്നു മനുഷ്യനെ അറിയിച്ചുവെന്നും മനുവിനോടൊപ്പം ഏഴു ഋഷിമാരും രക്ഷപ്പെട്ടുവെന്നുമുള്ള ഐതിഹ്യം മഹാഭാരതത്തിൽ കാണുന്നതും ജീവിവർഗ്ഗങ്ങളുടെ ഇണകളെ മനു തന്റെ പടവിൽ കയറ്റിയതായി മറ്റൊരൈതിഹ്യം 'ഭാഗവത'ത്തിൽ കാണുന്നതുമെല്ലാം നൂഹ്നബിയുടെ കാലത്തുണ്ടായ മഹാജലപ്രളയത്തെ കുറിച്ചുതന്നെയാണെന്ന് ഖുർആൻ വ്യാഖ്യാനത്തിൽ ഖലീഫത്തുൽമസീഹ് രണ്ടാമൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) പ്രസ്താവിച്ചിട്ടുള്ളത് ഈ എല്ലാ മതങ്ങളുടെയും അത്ഭുതാവഹമായ മൗലീക സ്രോതസ്സിലേക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കുന്നു എന്നു ചൂണ്ടിക്കാണിക്കട്ടെ! (തഫ്സീർ കബീർ, 3, ഭാ.198-202 നോക്കുക.)

പിന്നെ, ഇന്ത്യയിലെ പ്രവാചകന്മാരെപ്പറ്റി തിരുനബി(സ) വളരെ വ്യക്തമായിത്തന്നെ നമുക്കറിച്ചുതന്നു. ഇന്ത്യയിൽ തലമുറതലമുറയായി ആദരിക്കപ്പെടുകയും ഭക്തിപൂർവ്വം സ്മരിക്കപ്പെടുകയും ചെയ്തു പോന്നിട്ടുള്ള മഹാത്മാ ശ്രീകൃഷ്ണൻ ഒരു പ്രവാചകൻ(നബി)ആണെന്ന് തിരുനബി(സ) അരുൾ ചെയ്തിട്ടുണ്ടായിരുന്നു. 'കാനഫിൽ ഹിന്ദി നബി

യ്മൻ അസ്വദുല്ലൗനി ഇസ്മുഹൂ കാഹിനാ' എന്ന ഹദീസ് അഥവാ നബി വാക്യം ദൈലമി ഉദ്ധരിച്ചിട്ടുണ്ട്. ഇന്ത്യയിൽ വന്ന കാർവർണ്ണനായ കണ്ണനെക്കുറിച്ചുതന്നെയാണ് തിരുനബി(സ) ഇവിടെ പ്രസ്താവിച്ചിട്ടുള്ളത്. ഇതു ഇന്ത്യയുടെ മഹത്വം വിളിച്ചറിയിക്കുന്നു. ശ്രീരാമചന്ദ്രനും ശ്രീകൃഷ്ണനും നബിമാരായിരുന്നു എന്നു ഇന്ത്യയിലെ പ്രസിദ്ധ മുസ്‌ലിം പണ്ഡിതനായിരുന്ന ഹദ്റത്ത് മുഹമ്മദ് കാസിം നാനൂത്തവി പ്രസ്താവിച്ചിട്ടുണ്ട്. ('സദ്ധർമ്മപ്രചാർ' ഭാ-8)

എന്നാൽ, ഹദ്റത്ത് അഹ്മദുൽഖാദിയാനി(അ) കൂടുതൽ ആധികാരികമായും ദൈവികമായ ബോധനമനുസരിച്ചും ഇപ്രകാരം എഴുതി:

"എനിയ്ക്ക് വെളിപ്പെടുത്തപ്പെട്ടതു പ്രകാരം രാജാശ്രീകൃഷ്ണൻ യഥാർത്ഥത്തിൽ ഒരു പരിപൂർണ്ണ മനുഷ്യനായിരുന്നു. ഹിന്ദുക്കളിലോ, ഋഷിമാരിലോ അവതാരപുരുഷന്മാരിലോ അദ്ദേഹത്തിനു സമനായി മറ്റാരും ഇല്ല. അദ്ദേഹം തന്റെ കാലത്തെ അവതാരം അഥവാ, നബി ആയിരുന്നു. അദ്ദേഹത്തിനു ദൈവത്തിൽ നിന്നും 'റൂഹുൽഖുദ്സ്' ഇറങ്ങാറുണ്ടായിരുന്നു. അദ്ദേഹം ദൈവത്തിൽ നിന്നുള്ള വിജയശാലിയും ഐശ്വര്യവാനും ആയിരുന്നു. ആര്യാവർത്തത്തെ അദ്ദേഹം പാപത്തിൽ നിന്നും ശുദ്ധീകരിച്ചു. അദ്ദേഹം യഥാർത്ഥത്തിൽ തന്റെ കാലഘട്ടത്തിലെ നബി ആയിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ പാഠം പിൽക്കാലത്ത് പല നിലയിലും വികൃതമാക്കപ്പെടുകയുണ്ടായി. അദ്ദേഹം ദൈവപ്രേമം നിറഞ്ഞുനിന്ന ഒരാളായിരുന്നു. നന്മയെ പരിണയിച്ച ആളും തിന്മയെ വെറുത്തിരുന്ന ആളും ആയിരുന്നു."(ലക്ച്ചർ സിയാൽക്കോട്ട്, ഭാ. 34-35)

ഇന്ത്യയും ഇസ്‌ലാമുമായുള്ള ബന്ധം ചരിത്രപ്രസിദ്ധമാണെങ്കിലും ഇന്ത്യയും അറേബ്യായും തമ്മിലുള്ള ബന്ധം ചരിത്രാതീത കാലംമുതൽക്കുള്ളതാണ്. ഇസ്‌ലാമിന്റെ അടിസ്ഥാനഭാഷയായ അറബിഭാഷയുമായുള്ള ബന്ധവും അപ്രകാരം തന്നെ പുരാതനമാണ്. പ്രാചീനാര്യാവർത്തത്തിൽ ഉയർന്ന തലത്തിൽ കൈകാര്യം ചെയ്തുപോന്നിരുന്ന ഭാഷയാണ് അറബി എന്നത് പൊതുവെ അറിയപ്പെടാത്ത ഒരു വസ്തുതയത്രെ. പൗരാണികകാലത്ത് ഇന്ത്യയിൽ പ്രചാരത്തിലുണ്ടായിരുന്ന ഭാഷയാണ് അറബിയെന്നു 'കേരളപ്പഴമ'യിൽ പ്രസ്താവിച്ചിട്ടുണ്ട്. രാജ്യതന്ത്രജ്ഞന്മാർക്കിടയിൽ ഇവിടെ അതു സംസാരഭാഷയായിരുന്നു. ഈ സംഗതി സ്വാമി ദയാനന്ദ സരസ്വതി തന്നെ സമ്മതിച്ചിട്ടുള്ളതാണ്. 'സത്യാർത്ഥപ്രകാശ'ത്തിന്റെ ബനാറസ് സ്റ്റാർപ്രസ്സിൽ അച്ചടിച്ച ഒന്നാമത്തെ പതിപ്പിൽ ഈ വസ്തുത അദ്ദേഹം രേഖപ്പെടുത്തുകയുണ്ടായെങ്കിലും പിന്നീടത്തെ പതിപ്പിൽ നിന്നും ഇതു നീക്കിക്കളഞ്ഞു. പഞ്ചപാണ്ഡവന്മാർ, അരക്കില്ലത്തിൽ താമസിച്ചിരുന്നപ്പോൾ അറബിയിലാണ് സംസാരിച്ചിരുന്നതത്രെ. ഏതായാലും അറബിഭാഷയുമായി, മൂലവെളിപാടുഭാഷയുമായി, ആര്യാവർത്തത്തിനു ബന്ധമുണ്ടായിരുന്നു. ഇസ്‌ലാമിന്റെ ഭാവി ഭാരതവുമായി അഭേദ്യം ബന്ധപ്പെട്ടതായിരിക്കയാലും ഭാരതത്തിന്റെ ഭാവി ഇസ്‌ലാമുമായി ബന്ധപ്പെട്ടിരിക്കണമെന്നത് ദൈവനിശ്ചയമാണെന്നത്രെ ഇത് മനസ്സിലാക്കിത്തരുന്നത്.

മഹാപണ്ഡിതനായ ശിശിർകുമാർ മിത്ര 'വിഷ്യൻ ഓഫ് ഇന്ത്യ' എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു:

"മുസ്ലിംകളുടെ ഇന്ത്യയിലേക്കുള്ള ആഗമനം എട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉണ്ടായ അറബികളുടെ സിന്ധ് ആക്രമണവുമായിട്ടാണ് പൊതുവെ ബന്ധപ്പെടുത്തുന്നത്. എന്നാൽ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വ്യാപാരബന്ധത്തിൽ ഇസ്ലാം അവിടെ ഉത്ഭവിക്കുന്നതിനുമുമ്പുതന്നെ പുരാതന അറബികൾ വഹിച്ച പങ്ക് അവരെ ഇന്ത്യയിലെത്തിച്ചു. ഈ അറബികൾ ചൗൾ, കല്യാൺ, സുപാറാ എന്നിവിടങ്ങളിൽ വാസമുറപ്പിച്ചതായി പറയപ്പെടുന്നു. ഏറിയ കാലം അവർ മലബാർതീരത്ത് സ്വാധീനം ചെലുത്തി. സാംസ്കാരികം എന്നതിനേക്കാൾ വാണിജ്യപരമായിരുന്ന ഈ പഴയ ബന്ധത്തെ ഇസ്ലാമിന്റെ ഉദയം നവീകരിക്കുകയുണ്ടായി. മുസ്ലിംകൾക്ക് മുമ്പ് അറേബ്യയിൽ പ്രചാരപ്പെട്ടിരുന്ന സാബിയൻ മതം മലബാർതീരത്തെ ജനങ്ങളിൽ ഒരളവോളം സ്വാധീനം ചെലുത്തിയിരുന്നുവെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. ഇസ്ലാം മതം പുതിയ സാധ്യതകൾ വെട്ടിത്തുറക്കുകയും, ഖലീഫമാരുടെ ചിന്താഗതികളിലേക്ക് ഇന്ത്യ പ്രവേശിച്ചുതുടങ്ങുകയും ചെയ്തു. ഇന്ത്യയിൽ എന്താണു കണ്ടതെന്നു ഖലീഫ ഉമർ ചോദിച്ചപ്പോൾ ഒരറബി നാവികൻ പറഞ്ഞുവത്രെ, ഇന്ത്യയിൽ നദികൾ വൈരക്കല്ലുകളാണ്. മലകൾ വൈഡൂര്യങ്ങളാണ്, മരങ്ങൾ സുഗന്ധങ്ങളാണ് എന്നു. എന്നാൽ, ഇസ്ലാമിന്റെ അനുയായികൾ മറ്റുള്ളവരെപ്പോലെ ആ രാജ്യത്ത് മതപ്രചാരണത്തിന് പൂർണ്ണസ്വാതന്ത്ര്യം അനുഭവിക്കുന്നു എന്നു മനസ്സിലാക്കിയിരുന്നതിനാൽ ഉമർ ഇന്ത്യയുടെ നേരെ ആക്രമണം നടത്തുന്നതിനോട് യോജിച്ചില്ല. ഇന്ത്യയുടെ നേരെ കടൽമാർഗ്ഗം ആക്രമണം നടത്താനുള്ള എല്ലാ നിർദ്ദേശങ്ങളും ഉമർ തള്ളിക്കളയുകയുണ്ടായി എന്നതാണ് നേര്.

"എന്നിരുന്നാലും മുസ്ലിം അറബികൾ ഇന്ത്യയുടെ പടിഞ്ഞാറൻതീരങ്ങളിൽ അടിക്കടി സന്ദർശനം നടത്തിത്തുടങ്ങി. ഒമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അവസാനത്തെ ചേരമാൻ പെരുമാൾ ഇസ്ലാമിലേക്ക് മതം മാറി. അദ്ദേഹത്തിന്റെ മതപരിവർത്തനം നടന്നു കുറച്ചുകൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹം അറേബ്യയിലേക്ക് പോവുകയും അവിടെ ചരമമടയുകയും ചെയ്തു. തന്റെ രാജ്യത്തിലെ ഭരണ സംവിധാനം സംബന്ധിച്ച നിർദ്ദേശങ്ങളുമായി അദ്ദേഹം അയച്ചിട്ടുണ്ടായിരുന്ന അറബികൾ മലബാറിൽ ഹൃദ്യമായി സ്വീകരിക്കപ്പെടുകയും ഇവിടെ പള്ളികൾ നിർമ്മിച്ചുകൊള്ളാൻ അനുവദിക്കപ്പെടുകയും ചെയ്തു. സാമൂതിരിയുടെ അരിയിട്ടുവാഴ്ച്ചക്കാലത്ത് രാജാവ് ഒരു മുസ്ലിമിനെപ്പോലെ മൊട്ടയടിക്കുകയും മുസ്ലിം വേഷമണിയുകയും ഒരു മാപ്പിളയാൽ കിരീടമണിയിക്കപ്പെടുകയും ചെയ്യുന്ന ആചാരത്തിലൂടെ രാജാവിന്റെ ഈ മതപരിവർത്തന സംഭവം ഇപ്പോഴും അനുസ്മരിക്കപ്പെടുന്നു. തിരുവിതാംകൂർ മഹാരാജാക്കന്മാർ പട്ടാഭിഷേകവേളയിൽ വാൾ കയ്യേൽക്കുമ്പോൾ 'മക്കയിലേക്ക് പോയിട്ടുള്ള മാതുലൻ തിരിച്ചുവരുന്നതുവരെ ഈ വാൾ ഞാൻ സൂക്ഷി

ക്കും.' എന്നു പ്രഖ്യാപിക്കേണ്ടതുണ്ട്. സാമൂതിരി രാജാവ് അറബി കച്ചവ ടക്കാരുടെ രക്ഷാധികാരിയായി നിലകൊണ്ടു. അറബികളാകട്ടെ, രാജാ വിന്റെ എല്ലാ സംരംഭങ്ങളിലും അദ്ദേഹത്തെ തുണച്ചുപോരുകയും ചെയ്തു. സാമൂതിരി രാജാവ് ഇസ്ലാമിനുനേരെ വളരെയധികം അടു ത്തിരുന്നു. തന്റെ പ്രജകൾ ഇസ്ലാം മതം സ്വീകരിക്കുന്നതിനെ അദ്ദേഹം തുറന്ന നിലയിൽ പ്രോത്സാഹിപ്പിക്കുകകൂടി ചെയ്തിരുന്നു. കടൽയാത്ര ഹിന്ദുക്കൾക്ക് നിഷിദ്ധമായിരുന്നതിനാൽ അറബി വണിക്കുകളുടെ കപ്പ ലോട്ടുവാൻ നാട്ടുകാരായ ആളുകളെ വേണ്ടത്ര കിട്ടാതായിരുന്നു. തന്റെ രാജ്യത്തിലെ ഓരോ അരയ കുടുംബത്തിലേയും ഒരാളോ ഒന്നിലധികം പുരുഷന്മാരോ മുസ്ലിംകളായി വളർത്തപ്പെടേണ്ടതാണെന്ന കല്പന പോലും സാമൂതിരി രാജാവ് പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട്. (Vision Of India, P, 221, 222)

അപ്പോൾ ഇതാണ് ഭാരതവും ഇസ്ലാമും തമ്മിലുണ്ടായിരുന്ന ബന്ധം! ഭാരതത്തിൽ വീണ്ടും ഇസ്ലാമിന്റെ വെന്നിക്കൊടി ഉയർത്താ നായി മസീഹ് പ്രത്യക്ഷപ്പെടുമെന്നതാണ് പ്രവചനം.

ദിമിഷ്കിനു (Damascus)കിഴക്കാണ് മസീഹ് ഇറങ്ങുകയെന്നു തിരു നബി(സ)പ്രവചിച്ചു. ദിമിഷ്കിനു കിഴക്ക് ഒരു അക്ഷരരേഖയിലാണ് ഇന്ത്യ യിൽ പഞ്ചാബിൽ ഗുർദാസ് പൂർ ജില്ലയിൽ ബട്ടാല താലൂക്കിൽ ഖാദി യാൻ എന്ന പുണ്യഗ്രാമം സ്ഥിതിചെയ്യുന്നത്. ഇന്ത്യയിലാണ് ആ വാഗ്ദത്ത പുരുഷൻ ആവിർഭവിക്കുകയെന്ന പ്രവചനവും പുണ്യഗ്രന്ഥ ങ്ങളിൽ രേഖപ്പെട്ടുകിടക്കുന്നു. വാഗ്ദത്ത മസീഹ് 'അജമി'(അനറബി) ആയിരിക്കുമെന്നു ഷിയാക്കളുടെ 'ഗായത്തുൽ മഖ്സൂദ്' എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്.(ജിൽദ്2,ഭാ81.). ലോകം അക്രമവും അഴിമ തിയുംകൊണ്ട് നിറയുമ്പോൾ പ്രത്യക്ഷപ്പെടുകയും, അതിൽ നീതിയും നന്മയും നിറക്കുകയും ചെയ്യുന്ന പ്രഭാവശാലിയായ ഖലീഫ പ്രത്യക്ഷ നാകുമ്പോൾ അദ്ദേഹത്തെ സഹായിക്കുന്നവർ 'അജമികൾ'(അനറബി കൾ) ആയിരിക്കുമെന്നു ഹദ്റത്ത് മുഹ്യുദ്ദീനിബ്നു അറബി(റഹ്) 'ഫുതു ഹാത്തുൽമക്കിയ്യ'യിൽ പറഞ്ഞിരിക്കുന്നു.(ജി.3, ഭാ.365). തങ്ങളുടെ ആത്മീയ രാജാവായ മഹ്ദിക്ക് വേണ്ടി സ്ഥലമൊരുക്കുന്നവർ 'മശ്രിഖ്' (കിഴക്ക്) പ്രദേശക്കാരായിരിക്കുമെന്നു തിരുനബി(സ) അരുളിയിട്ടുള്ളതായി ഹാരിസിബ്നു ജൂസ്യി ദുബൈദി(റ) നിവേദനം ചെയ്തിരിക്കുന്നു. (ഇ ബ്നുമാജാ, മിസ്രി, ഭാ519)"ഒരാൾ പുറപ്പെടും, അദ്ദേഹം ഇമാമത്ത് വാദി ക്കും. നദിയുടെ ഉത്തരഭാഗത്തോ ദക്ഷിണഭാഗത്തോ അദ്ദേഹം വസി ക്കും. അദ്ദേഹം ജഠ സമിന്ദാർ ആയിരിക്കും.' എന്നു തിരുമേനി(സ) പറ ഞ്ഞതായി ഹദ്റത്ത് ശേഖ് അലിയുടെ ഒരു നിവേദനത്തിൽ പറയുന്നു (മിശ്കാത്ത്). രണ്ടു നദികളുടെ ഇടയിലായിരിക്കുമെന്നാണ് ഇവിടെ സൂച ന. മഹ്ദി(അ) 'കദ്അ' എന്നു പറയപ്പെടുന്ന സ്ഥലത്താണ് പുറപ്പെടുക എന്നു ഹദ്റത്ത് ശൈഖ് അലി ഹംസബിൻ അലി അത്തൂസി തന്റെ 'ജവാഹിറുൽ അസ്റാർ' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. (ജി.13,

ഭാ.19) 'കർആ' എന്നു പേരുള്ള സ്ഥലത്താണ് പുറപ്പെടുക എന്നും പറയപ്പെട്ടിട്ടുണ്ട്. എന്നാൽ 'കർആ'എന്ന പേരിൽ ഒരു സ്ഥലം യമനിൽ ഇല്ലെന്നും ഇതു യഥാർത്ഥത്തിൽ 'കദ്ആ' തന്നെയാണെന്നും നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻ പറഞ്ഞിട്ടുണ്ട്(ഹുജജുൽ കിറാമ:ഭാ 358). 'ഖദ്ആ' എന്നതു ഖാദിയാൻ എന്നതിന്റെ 'മുഅർറബ്' (അറബീകൃതശബ്ദം) തന്നെയാണെന്നു ഹദ്റത്ത് ഖാജാ ഗുലാം ഫരീദ്(റഹ്) പറഞ്ഞിരിക്കുന്നു (ഇശാറാത്തെ ഫരീദി, ജി.3, ഭാ.70) ഖാദിയാൻ ബിയാസ് നദിയുടെയും റാവി നദിയുടെയും ഇടയിലാണ് സ്ഥിതിചെയ്യുന്നതും. പിന്നെയും, റാവി നദിയുടെ രണ്ടു കൈവഴികൾക്ക് നടുവിലും!

വേദത്തിലും യുഗപുരുഷന്റെ നാമവും നാട്ടിന്റെ പേരും പറയപ്പെട്ടിട്ടുണ്ട്. അഹ്മദ് ഋഷിയുടെയും ഖാദിയാന്റെയും പേർ 'അഥർവ്വവേദ'ത്തിൽ പറയുന്നു:

"ലോകത്തെ പ്രകാശവത്താക്കുന്ന ഋഷി എന്നാണ് വരിക?" (അഥർവ്വവേദം, കാണ്ഡം 20, സൂക്തം 50, മന്ത്രം.1.2) ആ ഋഷി മറ്റൊരു മഹർഷിയുടെ പ്രതിനിധിയും പിന്തുടർച്ചക്കാരനുമായിരിക്കും. ലോകർ അദ്ദേഹത്തിന്റെ ശ്രമങ്ങളെ തടയാൻ ശ്രമിക്കും. അവരുടെ ശ്രമങ്ങൾ വിജയിക്കില്ല. സാത്വികർ അദ്ദേഹത്തിൽ വിശ്വാസം കൊള്ളും. അദ്ദേഹം തന്റെ ആത്മീയജ്ഞാനം ഉപയോഗപ്പെടുത്തും. എന്നുവെച്ചാൽ, വാൾ കൊണ്ടല്ല, ആത്മീയജ്ഞാനം കൊണ്ട് കീഴടക്കും. (സൂക്തം മന്ത്രം 7) ഈ ഋഷിയുടെ വീരാപദാനകേന്ദ്രം 'ഖദുൻ' അഥവാ ഖാദിയാൻ ആയിരിക്കും. അഹ്മദ് എന്നായിരിക്കും ഋഷിയുടെ പേർ. വിവേകശാലിത്വത്തോടെ തന്റെ ആത്മീയപിതാവിന്റെ സത്യത്തെ അദ്ദേഹം ഉയർത്തിക്കാട്ടും. സത്യം കാരണം താൻ സൂര്യനു തുല്യനായി ജന്മമെടുത്തിരിക്കയാണെന്ന് അദ്ദേഹം പറയും. (സൂക്തം, 115, മന്ത്രം1). അദ്ദേഹം ആത്മീയജ്ഞാനം കൊണ്ടു ലോകത്തെ പ്രകാശവത്താക്കും. ലോകത്തിന്റെ സുഖത്തിനു വേണ്ടി സ്വയം ദുഃഖം സഹിക്കുന്ന അനേകരോടൊന്നിച്ചു നദിക്കരികെ വസിക്കും(സൂക്തം, 137, മന്ത്രം7).

യുഗപുരുഷന്റെ ആവിർഭാവത്തെപറ്റി ബാബാ നാനക്ക് (റഹ്)വ്യക്തമായി പ്രവചിച്ചിട്ടുണ്ട്.

"മർദാന ചോദിച്ചു: ഗുരോ, ഭക്തകബീറിനേക്കാൾ വലിയൊരു ഗുരു ഉണ്ടാകുമോ? എങ്കിൽ, എവിടെ എപ്പോൾ പ്രത്യക്ഷനാകും? ഗുരു പറഞ്ഞു: വരാനുള്ള ഗുരു നൂറുവർഷത്തിനുശേഷം വരും. അദ്ദേഹം ജട് (ജന്മി)ആയിരിക്കും. വടാലപർഗന(ബട്ടാല താലൂക്കിൽ)വരും. ഭക്തകബീറിനേക്കാൾ വലിയ ആൾ-ധൻഗുരു, ധൻഗുരു(ജനംസാഖി, ഭായിബാല, വഡ്ഡീസാഖി, ഭാ.251, മുഫീദ് ആം പ്രസ്സ്, ലാഹൗർ).

ദിമിഷ്കിനു കിഴക്ക്, ഇന്ത്യാരാജ്യത്ത് പഞ്ചാബിൽ, ഗുർദാസ് പൂർ ജില്ലയിൽ, ബട്ടാല താലൂക്കിൽ, രണ്ടു നദിക്കിടയിലുള്ള ഖാദിയാൻ എന്ന ഗ്രാമത്തിൽ, ഒരു രാജകീയഗൃഹത്തിൽ, ജന്മികളിൽ ഒരാളായി, അഹ്മദ് എന്നുപേരുള്ള ഒരു ഋഷി അഥവാ നബി ജനിക്കുമെന്ന പ്രവചനങ്ങൾ

ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ ആവിർഭാവത്തോടുകൂടി പൂർത്തിയായിരിക്കുന്നു!

ഭാരതം അനുഗൃഹീതയായ പുണ്യരാജ്യമാണ്. ഭാരതം ദൈവത്തിന്റെ വരിഷ്ഠദേശമാണ്. ലോകത്തിന്റെ ഭാവി ഭാരതവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, ഈ വിശുദ്ധഭൂമിയിലാണ് യുഗപുരുഷൻ പ്രത്യക്ഷനായിരിക്കുന്നത്. സകല മതങ്ങളിലും വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകൻ, ദൈവദൂതൻ പിറവിയെടുത്ത പുണ്യഭൂമി-ഭാരതം!

2- പുതുയുഗത്തിന്റെ പേറ്റുനോവ്

'അവസാനകാലം' എന്ന പേരിൽ അറിയപ്പെടുന്ന ഒരു പ്രത്യേക കാലഘട്ടത്തെപ്പറ്റി എല്ലാ മതഗ്രന്ഥങ്ങളിലും പ്രവചനമുണ്ട്. ആ കാലഘട്ടത്തിന്റെ അടയാളങ്ങളും ലക്ഷണങ്ങളും പൂർവമതഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. അധർമ്മം പെരുകുന്ന ആ കാലത്തിനു 'കലികാലം' എന്നു ഹിന്ദു ഗ്രന്ഥങ്ങളിൽ പറയപ്പെട്ടിട്ടുണ്ട്. ഹിന്ദു മതഗ്രന്ഥങ്ങളിലെന്ന പോലെ പാർസി പുണ്യഗ്രന്ഥമായ 'ജമ്മ്സ്പി'യിലും ബൈബിളിലും ഈ സവിശേഷകാലത്തെപറ്റി വ്യക്തമായ പ്രവചനങ്ങൾ കാണാം. ഇസ്ലാം മതത്തിന്റെ അടിസ്ഥാനഗ്രന്ഥമായ വിശുദ്ധഖുർആനിലും നബിവചനസമാഹാരങ്ങളിലും അവസാന കാലത്തിന്റെ അടയാളങ്ങൾ വളരെ വിശദമായും വ്യക്തമായും വിവരിക്കപ്പെട്ടിട്ടുണ്ട്. ഈ സവിശേഷകാലഘട്ടത്തിൽ ഒരു ധർമ്മാത്മാവ് അഥവാ പ്രവാചകൻ പ്രത്യക്ഷപ്പെടുമെന്നും ആ മഹാപുരുഷൻ മുഖേന ലോകത്ത് ധർമ്മം വീണ്ടും ഉദ്ധരിക്കപ്പെടുകയും ഒരു പുതുയുഗം പിറവിയെടുക്കുകയും ചെയ്യുമെന്നും ദീർഘദർശനം ചെയ്യപ്പെട്ടിരിക്കുന്നു. ഇതിന് 'സത്യയുഗം' അഥവാ 'കൃതയുഗം' എന്നാണു ഹിന്ദു പുരാണങ്ങളിൽ പേരുവെക്കപ്പെട്ടിട്ടുള്ളത്.

ഈ എല്ലാ കാലലക്ഷണങ്ങളും അത്ഭുതകരമായി ആധുനിക കാലഘട്ടത്തിൽ ഒത്തു വന്നിരിക്കയാണ്. ഈ കാലത്ത് അവതരിക്കുന്ന ആത്മീയ ഗുരുവിന്റെ അഥവാ പ്രവാചകന്റെ പ്രത്യേക ലക്ഷണങ്ങളും മതഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ടിട്ടുണ്ട്. അതും അത്ഭുതകരമായ ഐക്യരൂപത്തോടെ പുലർന്നിരിക്കുന്നതായി കാണാം. ഹിന്ദുക്കൾ 'കൽക്കി'യെയും* പാർസികൾ 'മസിയോ ദർഭമി'യെയും ബുദ്ധമതക്കാർ 'മൈത്രേയാ'യെയും ക്രിസ്ത്യാനികൾ 'മിശിഹാ'യുടെ രണ്ടാം വരവിനെയും മുസ്ലിംകൾ വാഗ്ദത്ത 'മഹ്ദീ മസീഹി'നെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നു. അന്ത്യകാലത്ത് ആ മഹാത്മാവ് പ്രത്യക്ഷനാകുമെന്ന് കോടിക്കണക്കിലുള്ള ഈ ജനവിഭാഗങ്ങൾ തലമുറതലമുറകളായി വിശ്വസിച്ചു പോ

*ഡോക്ടർ രാധാകൃഷ്ണൻ ഇപ്രകാരം പറയുന്നു: "ആഭിജാത്യത്തിന്റെ അടിസ്ഥാനം അർത്ഥം മാത്രമാകുമ്പോൾ, ഭാര്യാഭർത്താക്കന്മാരെ ബന്ധിക്കുന്ന ഏകപാശം വിഷയൗത്സുക്യം മാത്രമാകുമ്പോൾ, കാപട്യം ജീവിതവിജയനിദാനമാകുമ്പോൾ ബാഹ്യവേഷം അന്തരീകമതമായി ധരിക്കപ്പെടുമ്പോൾ അടുത്ത അവതാരമായ കൽക്കിയുടെ ആഗമനം സങ്കൽപ്പിക്കുവാനും പ്രതീക്ഷിക്കുവാനും ആവശ്യപ്പെടുന്നു, വിഷ്ണുപുരാണത്തിന്റെ കർത്താവ്" (കൽക്കി, ഡോ. രാധാകൃഷ്ണൻ-നാഷണൽ ബുക് ട്രസ്റ്റ് ഭാ-42)

ന്നിട്ടുണ്ട് എന്നുള്ളതുതന്നെ ഈ യുഗത്തിന്റെ പ്രാധാന്യവും യുഗപുരുഷന്റെ പ്രഭാവവും വിളിച്ചറിയിക്കുന്നു.

ഈ എല്ലാ മതഗ്രന്ഥങ്ങളിലും അവസാനകാലത്തെപറ്റി അഥവാ, യുഗാന്ത്യത്തെപറ്റി പ്രവചിക്കപ്പെട്ടിട്ടുള്ള കാലലക്ഷണങ്ങളിൽ അത്ഭുതകരമായ സാമ്യം കാണപ്പെടുന്നു. തിന്മയുടെ അഭൂതപൂർവവും അതിവിപുലവുമായ വർദ്ധന, മഹാവ്യാധികളുടെയും യുദ്ധങ്ങളുടെയും അക്രമങ്ങളുടെയും പെരുപ്പം, കൊള്ളിമീൻ പതനം, വാൽനക്ഷത്രങ്ങൾ, സൂര്യചന്ദ്രഗ്രഹണങ്ങൾ തുടങ്ങി ആകാശത്തിലെ അസാധാരണ പ്രതിഭാസങ്ങൾ, ജനജീവിതത്തിലെ വമ്പിച്ച മാറ്റങ്ങൾ എന്നിവ ഏതാണ്ടെല്ലാ മതഗ്രന്ഥങ്ങളിലും വിവരിക്കപ്പെട്ടിട്ടുണ്ട്. ഈ കാലത്ത് പ്രത്യക്ഷപ്പെടുന്ന ധാർമ്മികപരിഷ്കർത്താവിന്റെ, പ്രവാചകന്റെ ലക്ഷണങ്ങളെയും അടയാളങ്ങളെയും പറ്റി വിവിധ മതഗ്രന്ഥങ്ങളിൽ പറയപ്പെട്ടിട്ടുള്ളതിലും ആശ്ചര്യകരമായ ഐക്യരൂപവും സാമ്യവും കാണപ്പെടുന്നു എന്നുള്ളത് ശ്രദ്ധേയമത്രെ. പേരുകൾ വ്യത്യസ്ഥങ്ങളാണെങ്കിലും ദൗത്യകർത്തവ്യങ്ങളും രൂപഭാവങ്ങളും ഒരേ തരത്തിലുള്ളതാണെന്നു കാണാം.

വാഗ്ദത്ത ദൂതൻ വെളിപ്പെടുന്ന കാലത്തെപറ്റി വിവിധ മതഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട അടയാളങ്ങളുടെ പൂർത്തീകരണം ഈ പ്രവചനങ്ങൾ ഒരിക്കലും കളവായിരുന്നില്ലെന്നു തെളിയിച്ചുതരുമ്പോൾ, ഈ എല്ലാ വാഗ്ദത്ത പ്രവാചകന്മാരും, ഒരേ അവസരത്തിൽ തങ്ങളുടെ പ്രത്യേക മതങ്ങളെ മറ്റെല്ലാ മതങ്ങളുടെയും മേൽ വിജയിപ്പിച്ചു കാണിക്കുകയെന്നതു ഒരിക്കലും സംഭവിക്കാവതല്ലല്ലൊ. തന്നിമിത്തം, ഈ എല്ലാ പ്രവചനങ്ങളും ഒരേ മഹാത്മാവിനെ കുറിച്ചുള്ളതാണെന്നും, അദ്ദേഹം തന്റെ ആത്മീയശക്തി മുഖേന എല്ലാ മതവിശ്വാസികളേയും ഒരുമിച്ച് കൂട്ടുകയും മൗലികമായിട്ടുള്ള ധാർമ്മികസത്യങ്ങളെ ഉയർത്തിക്കാട്ടിക്കൊണ്ട് സകല ജനതകളെയും ഒരേ സത്യപാതയിൽ വഴിനടത്തുകയും ചെയ്യുമെന്നുമുള്ള തീരുമാനത്തിൽ നാമെത്തിച്ചേരാതെ നിവൃത്തിയില്ല. വാഗ്ദത്ത പുരുഷൻ എല്ലാ മതങ്ങൾക്കും ഒരേ വ്യക്തിതന്നെയായിരിക്കുമെന്നും അദ്ദേഹത്തെ തങ്ങളുടെ സ്വന്തമായി സ്വീകരിക്കത്തക്കവിധം അദ്ദേഹത്തിൽ ഈ എല്ലാ പ്രവചനങ്ങളും പൂർത്തിയായി കാണുകയാൽ ഈ എല്ലാ സമുദായങ്ങളെയും ബന്ധിപ്പിക്കുന്ന സവിശേഷഭാവങ്ങൾ ഉൾക്കൊണ്ടിരിക്കുന്നതായി വെളിപ്പെടുമെന്നും മനസ്സിലാക്കാൻ കഴിയും.

ധർമ്മം ക്ഷയിക്കുകയും അധർമ്മം സർവ്വത്രവ്യാപിക്കുകയും ചെയ്യുമ്പോൾ ധർമ്മസംസ്ഥാപനത്തിന്നായി ശ്രീകൃഷ്ണൻ പുനരവതരിക്കുന്നതാണെന്ന പ്രസിദ്ധ ഗീതാപ്രവചനം ഭാരതത്തിന്റെ സർവ്വാദനരണീയ സന്ദേശമായി കരുതപ്പെടുന്നു.

യദായദാഹി ധർമ്മസ്യ
ഗ്ലാനിർഭവതി ഭാരതഃ
അഭ്യുത്ഥാന മധർമ്മസ്യ

തദാത്മാനം സൃജാമ്യഹം
പരിത്രാണായ സാധൂനാം
വിനാശായ ച-ദുഷ്കൃതാം
ധർമ്മ സംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ യുഗേ

എന്നിങ്ങനെ ഭഗവത്ഗീത ഉദ്ഘോഷിക്കുന്നു. അധർമ്മം വ്യാപിക്കുമ്പോൾ പ്രവാചകന്മാരെ നിയോഗിക്കുകയെന്നതാണ് ദൈവീക നയമെന്നു മറ്റെല്ലാ ദിവ്യഗ്രന്ഥങ്ങളും മനസ്സിലാക്കിത്തരുന്നു. ഖുർആൻ പറയുന്നു: "അല്ലയോ ആദം സന്തതികളെ, എന്റെ വചനങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്ന നിങ്ങളിൽ നിന്നുള്ള റസൂൽമാർ(പ്രവാചകന്മാർ) നിങ്ങളുടെയടുക്കൽ വരുമ്പോൾ, ഭയഭക്തി പുലർത്തുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുന്നവരാരോ അവരിൽ ഭയപ്പാടുണ്ടാകയില്ല; അവർ ഖേദിക്കേണ്ടിവരുകയുമില്ല'(വി.ഖുർ ആൻ7:36,

ഹിന്ദുമതത്തിലെ ഒരു പുണ്യഗ്രന്ഥമായ 'ശ്രീമദ്ഭാഗവത'ത്തിൽ കലിയുഗത്തെപ്പറ്റിയും കൽക്കിയുടെ അവതാരത്തെപ്പറ്റിയും ഇപ്രകാരം പറയപ്പെട്ടിട്ടുണ്ട്:

ഈശ്വരനായിസ്സമസ്തചരാചര
ദേശികനായഖിലാത്മകനാംഹരി
കൽക്കിയായി ധർമ്മ സംത്രാണത്തിനും സാധു-
വർഗ്ഗങ്ങൾ തൻ ജന്മകർമ്മക്ഷതിയ്ക്കുമായ്
ശംഭലഗ്രാമേശനായ് മഹാത്മാക്കളിൽ
മുൻപനായ് വിഷ്ണുയശസ്സെന്നുപേരെഴും
ധന്യനായീടും മഹീസുര ശ്രേഷ്ഠന്റെ
മന്ദിരം തന്നിലവതാരമാർന്നിടും
നിസ്തുല തേജസ്സിയന്നുമഷ്ടൈശ്വര്യ
യുക്തഗുണങ്ങളിണങ്ങിയും മിന്നിടും
ലോകനാഥൻ ശീഘ്രഗാമിയായ് ദുഷ്ടരെ-
യാകെയടക്കുന്ന ദേവദത്താഖ്യമാം
വാജിമേലേറിദ്ധരണീയെങ്ങുംചുറ്റി
രാജവേഷക്കള്ളരെത്തീർത്തരിഞ്ഞീടും
ഏവമരാതി നിരയെയരിഞ്ഞുകൊ-
ണ്ടാ വാസുദേവൻ ചരിച്ചിടും വേളയിൽ
തദ്ദേഹലേപന പുണ്യാഗന്ധാനില-
നേറ്റു പുരഗ്രാമവാസികൾ ശുദ്ധരാം
സത്യസ്വരൂപൻ ഭഗവാനെയെപ്പോഴും
ഹൃത്തിൽ പ്രതിഷ്ഠിച്ചിരിക്കുമവർക്കഥ

സന്തതി വർഗ്ഗമടിക്കടിയേതുമൊ
രന്തരമെന്നിയേ വർദ്ധിച്ചുവന്നിടും
ധർമ്മ സംരക്ഷകനാം ഭഗവാൻ ഹരീ
യിമ്മന്നിലെപ്പോളവതരിച്ചീടുമോ
അപ്പോൾ കൃതയുഗാരംഭമാമന്നുതൊ-
ട്ടുദ്ഭവിക്കും സത്ത്വപൂർണ്ണ പ്രജ്ഞോച്ചയം
ചന്ദ്രനും സൂര്യനും പൂയവും വ്യാഴവു
മൊന്നിച്ചൊരു രാശിയിൽ പ്രവേശിക്കവേ
ശോഭനമായ കൃതയുഗം ഭൂമിയിൽ
ഭൂപതേ! എത്തിടും ഭൂതകാലത്തിലും
വർത്തമാനത്തിലും ഭാവിയിലും സോമ
മാർത്താണ്ഡ വംശജരായ ഭൂപാലരെ
എല്ലാവരെയും മുറയ്ക്കു ഭവാനോടു
ചൊല്ലിനേൻ സംക്ഷേപമായ്ക്കുരു പുങ്ഗവാ!*

(ശ്രീമദ് ഭാഗവതം കേരള ഭാഷാഗാനം, വിവർത്തനം-മഴങ്ങാട്ടുവിള കൃഷ്ണപ്പിള്ള, എൻ ബി എസ്, 12-ാം സ്കന്ധം, 20-ാം അദ്ധ്യായം, ശ്ലോകം 17-25)

കലിയുഗത്തിൽ സത്യധർമ്മാദികൾ ഉപേക്ഷിക്കപ്പെടുമെന്നും ധർമ്മത്തിനു ബലക്ഷയം സംഭവിക്കുമെന്നും പറയപ്പെട്ടിരിക്കുന്നു. രാജാക്കന്മാർ ജനങ്ങളെ ദ്രോഹിക്കും. മഴ കുറയും. ധാന്യവിളകൾക്ക് ക്ഷതം പറ്റും. പാപം വർധിക്കും. മനുഷ്യന്റെ ആയുസ്സു കുറയും. കുഴപ്പവും കലഹങ്ങളും പെരുകും. പണത്തിനുവേണ്ടി കള്ളസത്യം ചെയ്യും. പാപപുണ്യങ്ങളെ

* ഈ ഭാഗവത ശ്ലോകങ്ങളിൽ കൽക്കി ഒരു ഗ്രാമത്തിന്റെ അധിപനും മഹാത്മാക്കളിൽ മുമ്പനും വിഷ്ണുയശസ്സെന്ന പേരുള്ളവനുമായ (മുർതസാ)രാജാവിന്റെ ഗൃഹത്തിലാണ് ജനിക്കുകയെന്നും നിസ്തുലതേജസ്സിയെന്നും അഷ്ടൈശ്വര്യയുക്ത ഗുണങ്ങളിണങ്ങിയും ദേവദത്ത എന്നുപേരുള്ള കുതിരപ്പുറത്ത് കയറി ദേശാടനം ചെയ്കയും രാജവേഷക്കള്ളരെ മുഴുവൻ നശിപ്പിക്കയും ശത്രുനിരയെ ആത്മീയശ്വസനത്താൽ നിഗ്രഹിക്കുകയും തദ്ദേഹലേപന(മസീഹ്)പുണ്യഗന്ധമുള്ള കാറ്റേറ്റ് അദ്ദേഹത്തിന്റെ ഗ്രാമവാസികൾ(ഖാദിയാൻ നിവാസികൾ) ദൈവത്തെ എല്ലായ്പ്പോഴും ഹൃത്തിൽ പ്രതിഷ്ഠിച്ചു അടിക്കടി വർദ്ധിച്ചുവരുന്ന സന്താനലാഭത്താൽ അനുഗൃഹീതരായി വാഴുകയും ചെയ്യുമെന്നും അപ്പോൾ 'കൃതയുഗം' ആരംഭിച്ചതായി കരുതാമെന്നും ആണ് സൂചിപ്പിച്ചിട്ടുള്ളത്. തുടർന്നു സൂര്യചന്ദ്രഗ്രഹണലക്ഷണത്തെ പറ്റി പറയുന്നു. സംസ്കൃത മൂലശ്ലോകം ഇപ്രകാരമാണ്.

യദാവതീർണ്ണോ ഭഗവാൻ കല്ക്കിർദ്ധർമ്മപതിഹരീം
കൃതം ഭവിഷ്യതി തദാപ്രജാസൂതിശ്ചസാത്ത്വികീ
യദാ ചന്ദ്രശ്ചസൂര്യശ്ചതഥാ തിഷ്യബൃഹസ്പതി
ഏകരാശൗസമേഷ്യന്തി തദാ ഭവദി തത്കൃതം

(ശ്രീമദ്ഭാഗവതം, ദ്വാദശസ്കന്ദം, ദ്വിതീയോദ്ധ്യായ ശ്ലോകം, 23-24) സൂര്യചന്ദ്രന്മാരും പുയം നക്ഷത്രവും വ്യാഴവും ഒന്നിച്ചു ഒരേ രാശിയിൽ പ്രവേശിക്കുന്ന കാലയളവിലാണ് കൽക്കി അഥവാ മഹ്ദീ ഇമാം പ്രത്യക്ഷനാവുക എന്ന്: (മൗഊദെ അഖ്വാമെ ആലം, മൗലാനാ അബ്ദുർറഹ്മാൻ മുബശ്ശീർ.)

കുറിച്ചുള്ള വിചാരം നശിക്കും. നന്മതിന്മകളുടെ വിവേചനം ഉണ്ടാകയില്ല. ധനവാന്മാർക്ക് വേണ്ടി ജീവൻ വെടിയാൻ തയ്യാറാകും. ബ്രാഹ്മണരെ തിരിച്ചറിയാനുള്ള അടയാളം അവശേഷിക്കയില്ല. ഉച്ച ജാതിക്കാർ താണ ജാതിക്കാരെ ഓർക്കുകയില്ല. വ്യാപാരത്തിൽ ചതി ഉണ്ടാകും. സ്ത്രീകൾ അവഗണിക്കപ്പെടും. ബലാത്സംഗം വർദ്ധിക്കും. ബ്രാഹ്മണർ അവരുടെ ധർമ്മം മറക്കും. ജട വളർത്തി ബ്രഹ്മചര്യം അഭിനയിക്കും. കങ്കാളർ പണക്കാരെ ഉയർന്ന ജാതിക്കാരായി കരുതും. കള്ളം പറയുന്നവരെ ബുദ്ധിശാലികളായി കരുതും. തപജപങ്ങളും കർമ്മധർമ്മങ്ങളും ഉപേക്ഷിക്കും. സ്വന്തം യശസ്സും ഉയർച്ചയും വളർത്തിപ്പറയും. മുടി വളർത്തും. പരലോകശിക്ഷയെപ്പറ്റിയുള്ള ചിന്ത ഉണ്ടാകയില്ല. കള്ളന്മാരും കൊള്ളക്കാരും വർദ്ധിക്കും. ഭരണകർത്താക്കൾ കവർച്ചക്കാരെ കൂട്ടുപിടിക്കും. അവർ പ്രജകളുടെ സ്വർണ്ണവും മുതലും പിടിച്ചുപറിക്കും. ബാലവിവാഹം പെരുകും. പത്തുവയസ്സിൽ ഗർഭം ധരിക്കും. കല്യാണം കഴിച്ച സ്ത്രീകൾ പരപുരുഷന്മാരെ പ്രാപിക്കും. എല്ലാവർക്കും വയറ്റിന്റെ ചിന്തമാത്രമായിരിക്കും. ബഹുഭൂരിപക്ഷവും വസ്ത്രവും ധാന്യവും കൂടാതെ വലയും. നാലു വർണ്ണക്കാരും ഒരൊറ്റ ജാതിയാകും. സ്ത്രീകൾ പുരുഷന്മാരുടെ മേൽ ഭരണം നടത്തും. ആൺകുട്ടികൾ മാതാപിതാക്കളുടെ സേവനം ഉപേക്ഷിച്ച് ശ്വശുരാലയത്തിലെ സേവനത്തിൽ സന്തോഷം കൊള്ളും. സമീപത്തുള്ള തീർത്ഥം ഉപേക്ഷിച്ചു ദൂരസ്ഥലങ്ങളിലെ തീർത്ഥങ്ങൾ ഉത്തമമായി കരുതി അവിടേയ്ക്ക് ഗമിക്കും.

"കലിയുഗത്തിൽ മൂന്നുഭാഗം പാപവും ഒരുഭാഗം പുണ്യവുമായിരിക്കും. അതുകാരണം ധർമ്മത്തിന്റെ മൂന്നുകാലും പൊട്ടിപ്പോകും. പണത്തിനുവേണ്ടി മനുഷ്യരെ കൊല്ലും. നല്ല കുലത്തിൽ പെട്ടവർ ഭർത്താവിനോടുള്ള സ്നേഹം ഉപേക്ഷിച്ചു ഇതരന്മാരെ പ്രാപിക്കും. സ്ത്രീകൾ പണത്തിന് മാത്രമുള്ളവരായിത്തീരും. ദരിദ്രരായിരിക്കെ പതിയെ വിട്ട് മറ്റുള്ളവരുടെ വീട്ടിൽ പോകും. ഓരോരുത്തരും സുന്ദരിയുടെ പിന്നാലെ നടക്കും. മികച്ച ആഹാരങ്ങളിൽ പ്രീതി വർദ്ധിക്കും. സന്യാസികൾ വഴിതെറ്റിപ്പോകും. ജോലിക്കാരൻ ദുഃഖിതനായിരിക്കുന്ന ഉടമസ്ഥനെ സ്നേഹിക്കയില്ല. അനവധി പേർ മക്കളെ ആഗ്രഹിച്ചു ഭൂതപ്രേതാദികളെ പൂജിച്ചുതുടങ്ങും. മാതാവും പുത്രന്മാരും പരസ്പരവും സഹോദരന്മാർ അന്യോന്യവും ദുഃഖിപ്പിക്കും. ധാന്യക്കുറവ് നിമിത്തം തങ്ങളുടെ മക്കളെ വിൽക്കും. അനേകതരം പാപങ്ങൾ പെരുകും. പരമാത്മാവിനോടുള്ള ഭക്തി കുറഞ്ഞുപോകും.*(ശ്രീമദ് ഭാഗവതം, 120-ാം സ്കന്ധം).

യഹൂദമതക്കാരുടെ ബൈബിൾ- 'പഴയ നിയമ'ത്തിൽ പറയുന്നു: "ഞാൻ അവർക്ക് ഒരു ഇടയനെ നിയമിക്കും. എന്റെ ദാസനായദാവീദ്. അയാൾ അവയെ മേയിക്കും. അവയുടെ ഇടയനായിരിക്കും. കർത്താവായ ഞാനായിരിക്കും അവരുടെ ദൈവം. എന്റെ ദാസനായ ദാവീദ് ആയിരിക്കും അവരുടെ ഇടയിലെ പ്രഭു. കർത്താവായ ഞാൻ ഇതു അരു

*ഇതു ഉർദുവിൽ നിന്നു വിവർത്തനം ചെയ്തതാണ്. മൂലവുമായി ഒത്തുനോക്കുക.

ൾ ചെയ്തിരിക്കുന്നു. ഞാൻ അവയുമായി ഒരു സമാധാന ഉടമ്പടി ഉണ്ടാക്കും. ഞാൻ ദേശത്ത് നിന്ന് വന്യമൃഗങ്ങളെ പുറന്തള്ളും. അപ്പോൾ അവയ്ക്ക് സുരക്ഷിതമായി വിജനതയിൽ പാർക്കാം. വനത്തിൽ ഉറങ്ങാം."(ഹെസക്കിയേൽ 34:20-26).

"ഇതാ വഴിയൊരുക്കാൻ എനിയ്ക്ക് മുമ്പെ എന്റെ ദൂതനെ ഞാൻ അയക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവ് ഉടനെ തന്റെ ദേവാലയത്തിലേക്ക് വരും; നിങ്ങൾക്ക് ഇഷ്ടമുള്ള ആ ഉടമ്പടിയുടെ ദൂതൻ ഇതാ വരുന്നു. ഇതു സൈന്യങ്ങളുടെ കർത്താവ് അരുൾ ചെയ്യുന്നു."(മലാഖി. 3:1)

(ഇവിടെ 'ദാവീദ്' എന്നും ഉടമ്പടിയുടെ ദൂതൻ എന്നും പറയപ്പെട്ടിട്ടുള്ള പ്രവാചകന്റെ ആഗമനത്തെപ്പറ്റി സൂചന നൽകിയിരിക്കുന്നു. വരാനുള്ള ആ വാഗ്ദത്തപുരുഷൻ യേശുവായിരുന്നില്ല. കാരണം യേശു ദാവീദ് എന്നല്ല "ദാവീദ് പുത്രൻ' എന്നാണ് പറയപ്പെട്ടിരിക്കുന്നത്).

പാർസി മതം-പാർസി മതഗ്രന്ഥമായ സഫ്റങ്ക് ദസാത്തീറിൽ തിരുനബിയെക്കുറിച്ചുള്ള പ്രവചനത്തെ തുടർന്നു ഇപ്രകാരം പറയുന്നു:

"പിന്നെ കുറെകാലം കഴിഞ്ഞാൽ അവർക്കിടയിൽ യുദ്ധം ഉണ്ടാകും. മണ്ണ് ആരാധന ആരംഭിക്കും (ഷിയാക്കൾ മൺകട്ടവെച്ചു നമസ്കാരമനുഷ്ഠിക്കുന്നതും അതിന്മേൽ സുജൂദ് ചെയ്യുന്നതും ശ്രദ്ധിക്കുക). ദിനംപ്രതി അവരിൽ ശത്രുതയും ഭിന്നിപ്പും വളരുകയും ചെയ്യും. നിങ്ങൾക്ക് ഇതിൽ നിന്ന് പ്രയോജനം ഉണ്ടാകും. കാലത്തിൽ ഒരു ദിവസംമാത്രം ബാക്കിയായാലും നിന്റെ മക്കളിൽ (ഫാർസി പരമ്പരയിൽ) ഒരാൾ എഴുന്നേല്പിക്കപ്പെടും. നിന്റെ അന്തസ്സും മഹത്വവും നിലനിർത്തും. ദിവ്യദൗത്യവും നേതൃത്വവും നിന്റെ മക്കളിൽ നിന്നു എടുക്കപ്പെടുകയില്ല"(സഫ്റങ്ക് ദസാത്തീർ, 1220ൽ അച്ചടിച്ചത്, ഭാ.189, 190)

ബുദ്ധമതം-മഹാത്മാ ബുദ്ധന്റെ ചരമത്തിനു കുറച്ചു മുമ്പ് ശിഷ്യനായ ആനന്ദ് ബുദ്ധഭഗവാനോടു ചോദിച്ചു: അങ്ങ് പോയി കഴിഞ്ഞാൽ ഞങ്ങൾക്ക് ആരാണ് ഉപദേശം നൽകുക? തഥാഗതൻ പറഞ്ഞു: ഞാൻ മാത്രമല്ല ബുദ്ധൻ. ഞാൻ അവസാനത്തെ ബുദ്ധനുമല്ല.... തക്കസമയത്ത് മറ്റൊരു ബുദ്ധൻ ജനിക്കും. അദ്ദേഹം ഞാൻ ഉപദേശിച്ചതുപോലെ സത്യം വെളിപ്പെടുത്തിത്തരും. ആനന്ദ് അപ്പോൾ ചോദിച്ചു: ഞങ്ങൾ അദ്ദേഹത്തെ എങ്ങനെ തിരിച്ചറിയും? തഥാഗതൻ പറഞ്ഞു: എനിയ്ക്കുശേഷം വരുന്ന ബുദ്ധൻ മൈത്രേയാ എന്ന പേരിൽ അറിയപ്പെടും."(കല്യാണ ധർമ്മം,373, അദ്ധ്യായം 96,വാക്യം12-15 പരി. ശുദ്രതലാൽ വർമ്മൻ എം.എ) (മൈത്രേയാ-മത്തിയ-മശീഹാ-മസീഹ്)

ക്രിസ്തുമതം-മിശീഹാ വെളിപ്പെടുന്ന കാലത്തെപറ്റി സുവിശേഷം ഇപ്രകാരം പറയുന്നു:

"ആ നാളും നാഴികയും സംബന്ധിച്ചു പിതാവല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതരും പുത്രനും കൂടി അറിയുന്നില്ല"(മർക്കോസ്, 13:32)

"ആ സമയം എപ്പോൾ എന്ന് അറിയായ്കകൊണ്ടു സൂക്ഷിച്ചു കൊൾവിൻ. ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിക്കുവിൻ. പരദേശത്ത് പോകുന്ന മനുഷ്യൻ എന്റെ വീടുവിട്ടു ദാസർക്ക് അധികാരവും അവനവന്റെതന്നെ വേലയും കൊടുത്തിട്ടു കാവൽക്കാരനോടു ഉണർന്നിരിക്കാൻ കല്പിച്ചപോലെതന്നെ നിങ്ങളുടെ വീട്ടുടയവൻ സന്ധ്യയ്ക്കോ പാതിരാത്രിക്കോ പൂവങ്കോഴി കൂകുന്ന നേരത്തോ രാവിലെയോ എപ്പോൾ വരുമെന്നു അറിയായ്കകൊണ്ടു അവൻ പെട്ടെന്നു വന്നു നിങ്ങളെ ഉറങ്ങുന്നവരായി കാണാതിരിക്കുന്നതിനും ഉണർന്നിരിപ്പിൻ. ഞാൻ നിങ്ങളോടു പറയുന്നതു എല്ലാവരോടും പറയുന്നു. ഉണർന്നിരിപ്പിൻ" (മർക്കോസ്, 13:33-37).

"കള്ളൻ വരുന്ന യാമം ഇന്നതു എന്നു വിട്ടുടമസ്ഥൻ അറിഞ്ഞിരുന്നുവെങ്കിൽ തന്റെ വീടു തുരക്കുന്നതിനു ഇടകൊടുക്കാതെ ഉണർന്നിരിക്കുമായിരുന്നു എന്നുള്ളത് അറിവിൻ. ആകയാൽ, നിങ്ങൾ നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഉണർന്നിരിപ്പിൻ" (മത്തായി, 24:43-47).

"എന്തെന്നാൽ മിന്നൽ കിഴക്ക് നിന്നു പടിഞ്ഞാറോളം വിളങ്ങുന്നതുപോലെതന്നെ മനുഷ്യപുത്രന്റെ വരവുണ്ടാകും"

"ജനത ജനതയോടും രാജ്യം രാജ്യത്തോടും യുദ്ധം ചെയ്യും. വലിയ ഭൂകമ്പങ്ങളും പലസ്ഥലങ്ങളിലും ക്ഷാമങ്ങളും മഹാബാധകളും ഉണ്ടാകും. ഭയങ്കര സംഭവങ്ങളും ആകാശത്ത് നിന്ന് പല അടയാളങ്ങളും ഉണ്ടാകും. എന്നാൽ ഇവയ്ക്കെല്ലാം മുമ്പെ എന്റെ നാമം നിമിത്തം അവർ നിങ്ങളെ പിടികൂടി പീഡീപ്പിക്കും. സിനഗോഗുകളിലും കാരാഗൃഹങ്ങളിലും ഏൽപിക്കും. രാജാക്കന്മാരുടെയും ദേശാധികാരികളുടെയും മുമ്പാകെ നിങ്ങളെ കൊണ്ടുവരും. സാക്ഷ്യം വഹിക്കുവാൻ നിങ്ങൾക്കുള്ള സമയമായിരിക്കും. അതുകൊണ്ട് എങ്ങനെ ഉത്തരം പറയണമെന്നു മുൻകൂട്ടി ആലോചിക്കേണ്ടതില്ല എന്നു മനസ്സിൽ ഉറപ്പിക്കുക. കാരണം നിങ്ങളുടെ പ്രതിയോഗികളിൽ ആർക്കും ചെറുത്തു നിൽക്കാനോ ഖണ്ഡിക്കാനോ കഴിയാത്ത വാഗ്വൈഭവവും ജ്ഞാനവും നിങ്ങൾക്ക് ഞാൻ നൽകും. മാതാപിതാക്കൾ സഹോദരൻ ചാർച്ചക്കാർ സ്നേഹിതർ എന്നിവർ പോലും നിങ്ങളെ ഒറ്റിക്കൊടുക്കും. അവർ നിങ്ങളിൽ ചിലരെ കൊല്ലും. എന്റെ നാമം നിമിത്തം സർവ്വരും നിങ്ങളെ ദുഷിക്കും. എന്നാൽ നിങ്ങളുടെ സഹനംവഴി നിങ്ങളുടെ ഒരു തലമുടിപോലും നശിക്കുകയില്ല. നിങ്ങളുടെ സഹനംവഴി നിങ്ങളുടെ ജീവൻ നിങ്ങൾ നേടും.

"എന്നാൽ, ജറുസലേമിനെ സൈന്യങ്ങൾ വലയം ചെയ്തിരിക്കുന്നത് കാണുമ്പോൾ അതിന്റെ നാശം അടുത്തിരിക്കുന്നു എന്നു നിങ്ങൾ അറിയുക. അപ്പോൾ യൂദായിലുള്ളവർ പർവ്വതങ്ങളിലേക്ക് ഓടിപ്പോകട്ടെ. നഗരത്തിനകത്തുള്ളവർ നഗരത്തിൽ പ്രവേശിക്കാതിരിക്കട്ടെ. കാരണം, വിശുദ്ധ ലിഖിതങ്ങളിലുള്ളതെല്ലാം നിറവേറുന്ന പ്രതികാരദിനങ്ങളാണ് അവ. ആ ദിവസങ്ങളിൽ ഗർഭിണികൾക്കും മുലയൂട്ടുന്നവർക്കും

ഹാ, കഷ്ടം! കാരണം, ഭൂമിയിൽ കൊടിയ ദുരിതവും ഈ ജനത്തിന്റെ മേൽ ക്രോധവും ഉണ്ടാകും. അവർ വാളിനിരയാകും. സർവ്വ ജനതകളുടെയും ഇടയിൽ ബന്ദികളായി ചെന്നെത്തും. വിജാതീയർ തങ്ങളുടെ കാലം പൂർത്തിയാവോളം ജറുസലേമിനെ ചവിട്ടി മെതിക്കും.

"സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും അടയാളങ്ങൾ കാണും. ഭൂമിയിൽ സമുദ്രത്തിന്റെയും തിരമാലകളുടെയും ഗർജ്ജനം മൂലം ജനതകൾക്ക് ദുരിതവും അമ്പരപ്പും ഉണ്ടാകും. ഭയം കൊണ്ടും ലോകത്തിനു വരാനിരിക്കുന്നതിനെ പറ്റിയുള്ള അനിഷ്ട സൂചനകൾ കൊണ്ടും മനുഷ്യർ ബോധംകെട്ടുവീഴും. കാരണം ആകാശത്തിലെ ശക്തികൾക്കും ഇളക്കം തട്ടും. അപ്പോൾ മനുഷ്യപുത്രൻ പ്രതാപത്തോടും മഹാതേജസ്സോടുംകൂടി ഒരു മേഘത്തിൽ വരുന്നത് അവർ കാണും. ഇവ സംഭവിക്കുവാൻ തുടങ്ങുമ്പോൾ തല ഉയർത്തി നോക്കുക. കാരണം, നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തിരിക്കുന്നു."

"അവൻ അവരോടു ഒരു ഉപമ പറഞ്ഞു:അത്തിമരത്തെയും മറ്റെല്ലാ മരങ്ങളെയും നോക്കുക. അവ തളിർക്കുമ്പോൾ വേനൽക്കാലം അടുത്തു കഴിഞ്ഞു എന്നു നിങ്ങൾ സ്വയം കണ്ടു മനസ്സിലാക്കുന്നു. അപ്രകാരം തന്നെ ഇവ സംഭവിക്കുന്നതു കാണുമ്പോൾ ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നു നിങ്ങൾ അറിഞ്ഞുകൊള്ളുക. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എല്ലാം സംഭവിക്കുംവരെ ഈ തലമുറ കടന്നുപോകയില്ല. ആകാശവും ഭൂമിയും നശ്വരമാണ്, എന്റെ വചനങ്ങളോ അനശ്വരമത്രെ.

"നിങ്ങൾ സ്വയം സൂക്ഷിച്ചുകൊള്ളുക. അല്ലെങ്കിൽ സുഖലോലുപത്വം മദ്യാസക്തി ഈ ജീവിതത്തിന്റെ വ്യഗ്രതകൾ എന്നിവയിൽ നിങ്ങളുടെ ഹൃദയങ്ങൾ ഭാരപ്പെടുകയും ആ ദിവസം ഒരു കെണി നിങ്ങളുടെ മേൽ പെട്ടെന്നു വന്നുവീഴുകയും ചെയ്യും. കാരണം, ഭൂതലമാകെയുള്ള സർവ്വനിവാസികളുടെയുംമേൽ അതുവന്നുവീഴും. സംഭവിക്കാനിരിക്കുന്ന ഇവയിൽനിന്നെല്ലാം രക്ഷപ്രാപിച്ചു മനുഷ്യപുത്രന്റെ മുമ്പിൽ നിൽക്കാൻ വേണ്ട ശക്തിക്കായി ജാഗ്രതയോടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുക" (ലൂക്കോസ്, 21:10–36)

"സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും. നക്ഷത്രങ്ങൾ ആകാശത്തിൽനിന്നു വീഴും. ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു തിളങ്ങും. അന്നു ഭൂമിയിലെ സകല ശക്തികളും പ്രലപിച്ചുകൊണ്ട് മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിൽ മഹാശക്തിയോടും തേജസ്സോടും കൂടി വരുന്നതാണ്" (മത്തായി, 24:26).

"ഇതാ! നിങ്ങളുടെ ഭവനം പരിത്യക്തവും ശൂന്യവും ആയിരിക്കുന്നു. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ എന്നു പറയുംവരെ നിങ്ങൾ എന്നെ ഇനി കാണുകയില്ല എന്നു ഞാൻ നിങ്ങളോട് പറയുന്നു" (മത്തായി, 23:38–39).

"നിങ്ങൾ ഇക്കാര്യം മനസ്സിലാക്കണം. സ്വന്തം ദുരാശകളെ പിന്തുടരുന്ന പരിഹാസകർ തങ്ങളുടെ പരിഹാസവുമായി അവസാന നാളുകളിൽ വരും. അവർ ചോദിക്കും. അവന്റെ പ്രത്യാഗമനത്തെ കുറിച്ചുള്ള വാഗ്ദാനം എവിടെ?...പ്രിയപ്പെട്ടവരെ, നിങ്ങൾ ഈയൊരു വസ്തുത അവഗണിച്ചു കൂടാ. കർത്താവിനു ഒരു ദിവസം ആകാശങ്ങൾ ജ്വലിക്കുകയും അഴിയുകയും മൂലഭൂതങ്ങൾ അഗ്നിയിൽ ഉരുകുകയും ചെയ്യും. എന്നാൽ, അവന്റെ വാഗ്ദാനമനുസരിച്ചു നീതി നിവസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുംവേണ്ടി നാം കാത്തിരിക്കുന്നു" (പത്രോസ് (2,3:3 –13).

"ജനങ്ങൾ ഉത്തമ പ്രബോധനത്തിൽ അസഹിഷ്ണുക്കളാകുന്ന കാലം വരുന്നു...കേൾവിയ്ക്ക് ഇമ്പമുള്ളവയിൽ തൽപരരായി അവർ തങ്ങളുടെ ഇച്ഛയ്ക്കിണങ്ങുന്ന പ്രബോധകരെ വിളിച്ചുകൂട്ടും. സത്യം ശ്രവിക്കുന്നതിൽനിന്ന് വ്യതിചലിച്ചു പഴംകഥകളിലേക്ക് തിരിയും" (തിമോത്തെയോസ് (2,4:3–4).

"വരും കാലത്ത് ചില ആളുകൾ കപടാത്മാക്കളെയും പിശാചുകളെയും പിശാചുക്കളുടെ സിദ്ധാന്തങ്ങളെയും ചെവികൊണ്ടു വിശ്വാസത്തിൽനിന്നും വ്യതിചലിച്ചു പോകും എന്നു ആത്മാവ് സ്പഷ്ടമായി പറയുന്നു. മനസ്സാക്ഷി കത്തിക്കരിഞ്ഞുപോയ അസത്യവാദികളുടെ കപടനാട്യങ്ങളിലൂടെയാണ് ഇതു സംഭവിക്കുക. അവർ വിവാഹം വിലക്കും" (തിമോത്തെയോസ്(1,4:1–3)

"അന്ത്യദിവസങ്ങളിൽ കഷ്ടപ്പാടുകളുടെ സമയങ്ങൾ വന്നു ചേരും. അപ്പോൾ മനുഷ്യർ സ്വാർത്ഥതൽപരരും ദ്രവ്യാഗ്രഹികളും അഹങ്കാരികളും ഗർവ്വിഷ്ടന്മാരും ദൂഷകരും മാതാപിതാക്കളെ അനുസരിക്കാത്തവരും അവിശുദ്ധരും മനുഷ്യത്വമില്ലാത്തവരും... ക്രൂരരും നന്മയെ വെറുക്കുന്നവരുമായിത്തീരും. അവർ വഞ്ചകരും വീണ്ടുവിചാരമില്ലാത്തവരും അഹങ്കാരവിജൃംഭിതരും ദൈവത്തെ സ്നേഹിക്കുന്നതിലുപരി സുഖഭോഗങ്ങളെ സ്നേഹിക്കുന്നവരുമായിത്തീരും. അവർ മതത്തിന്റെ ബാഹ്യരൂപം മുറുകെ പിടിക്കയും അതിന്റെ ശക്തി തള്ളിക്കളകയും ചെയ്യും." (തിമൊത്തെയോസ്(2,3:1–5)

ഇസ്ലാം-ഖുർആനിലും ഹദീസുകളിലും അവസാനകാലത്തെ അടയാളത്തെപ്പറ്റി വിശദമായി വിവരിച്ചിട്ടുണ്ട്.

ഖുർആൻ പറയുന്നു:

"സൂര്യൻ മറയ്ക്കപ്പെടും(സവിശേഷ ഗ്രഹണമുണ്ടാകും.) നക്ഷത്രങ്ങൾ ഉതിർക്കപ്പെടും (കൊള്ളിമീൻ പതനം.) പർവ്വതങ്ങൾ ചലിപ്പിക്ക(തൂറ്റ)പ്പെടും. ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടും (ട്രാൻസ്പോർട്ട് വിപ്ലവം ഉണ്ടാകും.) വഹ്ശികൾ (വന്യജന്തുക്കൾ, ആദിവാസികൾ, ഗിരിജനങ്ങൾ) സംഘടിപ്പിക്കപ്പെടും. സമുദ്രങ്ങൾ(കനാലുകൾ വഴി) സംയോജിപ്പിക്കപ്പെടും. ജനം ഉൽഗ്രഥിക്കപ്പെടും(ദേശീയഐക്യം, ഐക്യരാഷ്ട്രസഭ, വാർത്താ

വിനിമയവിപ്ലവം). പെൺമക്കൾ കൊല്ലപ്പെടുന്നതു ചോദിക്കപ്പെടും(ഭ്രൂണഹത്യ, ശിശുവധം, വധൂവധം, ബലാൽസംഗം തുടങ്ങിയവ പെരുകി അതിന്നെതിരിൽ വ്യാപകമായ ചർച്ചകളും നിയമനിർമ്മാണങ്ങളും ഉണ്ടാകും). 'സുഹ്ഫുകൾ' (ഗ്രന്ഥങ്ങൾ, പത്രമാസികകൾ, ആനുകാലികങ്ങൾ തുടങ്ങിയവ) വിപുലമായി പ്രസിദ്ധീകരിക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യും. ആകാശമണ്ഡലം മറനീക്കപ്പെടും (ശൂന്യമണ്ഡലയാത്ര, ഗോളാന്തരസഞ്ചാരം എന്നിവ സാധ്യമാകും.) തീ (നരകം) ഉജ്ജ്വലിക്കപ്പെടും (നാരകീയഭരണങ്ങൾ ഭൂമിയിൽ നടമാടും-തീക്കളി വർദ്ധിക്കും, പുകയും തീയും വമിക്കുന്ന യുദ്ധങ്ങളും ആയുധ പ്രയോഗങ്ങളും ഉണ്ടാകും-നരകത്തിലേക്കുള്ള വഴികൾ ആകർഷകവും എളുപ്പവുമാക്കപ്പെടും). സ്വർഗ്ഗം അടുപ്പിക്കപ്പെടും (സ്വർഗ്ഗ തുല്യമായ ഭൗതീക സുഖഭോഗങ്ങൾ വർദ്ധിക്കും-ഭൂമിയിൽ സ്വർഗ്ഗം പണിയാനുള്ള ശ്രമങ്ങൾ ഉണ്ടാകും-യഥാർത്ഥമായ ആത്മീയസ്വർഗ്ഗം നേടുന്നതിനുള്ള വഴികൾ ഭക്തൻമാർക്ക് എളുപ്പമാക്കപ്പെടും)-വിശുദ്ധ ഖുർആൻ, സൂറ തക്വീർ, 81:2-13)

'ഖിയാമത്ത്' നാളിൽ ഇസ്ലാമിന്റെ പുനരുത്ഥാനകാല സൂചകമായി സവിശേഷമായ സൂര്യചന്ദ്രഗ്രഹണങ്ങൾ സംഭവിക്കുമെന്നു ഖുർആൻ പറയുന്നു:

"ചന്ദ്രന് ഗ്രഹണം പറ്റും. സൂര്യനും ചന്ദ്രനും ഗ്രഹണത്തിൽ സംയോജിപ്പിക്കപ്പെടും (ഒരേ രാശിയിൽ വരും)-വി. ഖുർആൻ, സൂറ അൽ ഖിയാമ, 7-10)

"യഅ്ജൂജ് മഅ്ജൂജ്'(Gog-Magog)തുറന്നു വിടപ്പെടും. അവർ എല്ലാ ഉയരങ്ങളിൽ നിന്നും കുതിച്ചെത്തും. സത്യത്തിന്റെ വാഗ്ദത്തം അടുക്കുമ്പോൾ അവിശ്വസിച്ചവരുടെ കണ്ണുകൾ തുറിച്ചു പോകും. അഹോ, ഞങ്ങളുടെ ദുരിതമേ, നിശ്ചയമായും ഞങ്ങളിതിന്റെ നേരെ അശ്രദ്ധരായിരുന്നു. അല്ല, ഞങ്ങൾ ദ്രോഹികളായിരുന്നു (എന്നു അവർ പറയും)-വിശുദ്ധഖുർആൻ, സൂറ അമ്പിയാ (21:97)

അവസാനകാലത്തെപ്പറ്റി ഹദീസുകളിൽ തിരുനബി(സ) പ്രസ്താവിച്ച അടയാളങ്ങൾ ക്രോഡീകരിച്ചുകൊണ്ട് അല്ലാമ സിദ്ദീഖ് ഹസൻ ഖാൻ "ഇഖ്തിറാബുസ്സാത്ത്' എന്ന കൃതിയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

"അവസാനകാലത്ത് ഭക്തൻ (ആബിദ്) അജ്ഞനായിരിക്കും. 'ഖാരിമാർ' (ഖുർആൻ ഓത്തുകാർ) 'ഫാസിഖു'കൾ(ആജ്ഞാ ലംഘകർ)ആയിരിക്കും... ഭർത്താവ് ഭാര്യയ്ക്ക് വഴിപ്പെട്ടു മാതാവിനെ ധിക്കരിക്കും. ചങ്ങാതിയെ അടുത്തിരുത്തി പിതാവിനെ അടിച്ചോടിക്കും. പള്ളികളിൽ ബഹളമുണ്ടാകും. പാട്ടു പാടുന്ന സ്ത്രീകൾ പ്രത്യക്ഷപ്പെടും. വാദ്യഘോഷങ്ങൾ അധികമായിമുഴക്കപ്പെടും. പിൻതലമുറക്കാർ, മുൻതലമുറക്കാരെ പഴിക്കും. (ഷിയാക്കൾ സഹാബാക്കളെ പഴിക്കുന്നതു പോലെ) വലിയവരെ ബഹുമാനിക്കയില്ല; ചെറിയവരോടു കൃപകാണിക്കയില്ല. ഹറാംപി

റന്നവർ (ജാരസന്തതികൾ) പെരുകും...പുരുഷന്മാർ സ്ത്രീകളെ തെരുവിൽവെച്ചും പൊതുസ്ഥലങ്ങളിൽവെച്ചും വ്യഭിചരിക്കും. പണം ഉണ്ടാക്കാൻ വേണ്ടി മാത്രം വിദ്യ (ഇൽമ്) കരസ്ഥമാക്കും. ഖുർആൻ-വില്പന ച്ചരക്കാക്കും...പള്ളികളിലിരുന്നു ദുനിയാവിന്റെ കാര്യം സംസാരിക്കും. ദുഷ്ടതയായിരിക്കും അവരുടെ മുതൽക്കൂട്ട്. സ്ത്രീകളായിരിക്കും അവരുടെ 'ഖിബ്ല'. പണം മാത്രമായിരിക്കും അവർക്ക് ദീൻ. പ്രസംഗം വളരെയുണ്ടാകും. നന്മയുടെ കാര്യങ്ങൾ വളരെ കുറഞ്ഞിരിക്കും. ഖുർആനെ പിൻപുറം തള്ളും. പുരുഷന്മാർ സ്ത്രീ വേഷം ധരിക്കും. ദൈവങ്ങളെ പിടിച്ചു സത്യം ചെയ്യും. വഴിയോരങ്ങളിൽ വച്ചു മദ്യപിക്കും... ആവശ്യക്കാരുണ്ടെങ്കിലും സകാത്ത് നൽകില്ല. അപരിചിതരെ കൊല്ലും" (ഇബ്തി റാബുസ്സാഅ' ഭാ. 38-54, അവലംബം തിർമിദി, തബ്രാനി, ബൈഹഖി).

"ജനങ്ങൾ നമസ്കാരം ഉപേക്ഷിക്കും. 'അമാനത്തി'ൽ (സൂക്ഷിപ്പുമുതൽ)ചതി കാണിക്കും. കള്ളം പറയുന്നതു 'ജായിസ്' (അനുവദനീയം) ആയിക്കരുതും. *പലിശ തിന്നും. കൈക്കൂലി വാങ്ങും. കൂറ്റൻ കെട്ടിടങ്ങൾ ഉയരും. ദുനിയാവിനുവേണ്ടി ദീനിനെ വില്ക്കും. നീചന്മാരേയും വിഡ്ഢികളെയും സ്ഥാപനങ്ങളുടെ കൈകാര്യകർത്താക്കളാക്കും (മാനേജർമാർ)...നിർഭയത്വം കാണിക്കും. ദേഹേച്ഛകൾ പുലർത്തും. കൊല സാധാരണ കാര്യമാകും. വിനയവും സാധുത്വവും ദൗർബ്ബല്യമായി കരുതും. ദ്രോഹപ്രവൃത്തിയിൽ അഭിമാനം കൊള്ളും...ഭരണകർത്താക്കൾ നിയമലംഘകരും പാതകികളും ആയിരിക്കും. മന്ത്രിമാർ ദ്രോഹികളായിരിക്കും. മുഖ്യന്മാർ ചതിയന്മാരായിരിക്കും. ഖാരിമാർ (ഖുർആൻ ഓത്തുകാർ) കുറ്റവാളികളായിരിക്കും. കള്ളസത്യം വളരെയുണ്ടാകും. പരസ്യമായി നീചപ്രവൃത്തികൾ ചെയ്യും. കറ്റുകെട്ടുകളും പാപകൃത്യങ്ങളും അതിക്രമവും പുറത്തുവരും. ഖുർആനെ ഭംഗിപ്പെടുത്തും. പള്ളികൾ അലങ്കരിക്കപ്പെടും. മിനാരങ്ങൾ ഉയരത്തിലാക്കും. ദ്രോഹികൾക്ക് ആദരം നൽകപ്പെടും. ജനം അധികമായി ഒരുമിച്ചു കൂടും. അവരുടെ ഇച്ഛകൾ വ്യത്യസ്തങ്ങളായിരിക്കും. പ്രതിജ്ഞകളും വാഗ്ദത്തങ്ങളും ലംഘിക്കപ്പെടും. സ്ത്രീകൾ ഭർത്താക്കന്മാരുമായി കൂട്ടുചേർന്നു മുതൽ മോഹിച്ചു കച്ചവടം നടത്തും. ആജ്ഞാലംഘകരുടെയും ധിക്കാരികളുടെയും ശബ്ദം ഉയരും. അവരുടെ

*പ്രസിദ്ധ മുസ്ലിം പണ്ഡിതനായിരുന്ന മൗലവി റശീദ് അഹ്മദ് ഗംഗോഹി ഇപ്രകാരം ഫത്വ നൽകി: "സത്യത്തിന്റെ സുസ്ഥാപനത്തിനുവേണ്ടി കള്ളംപറച്ചിൽ ആവാമെന്ന് മാത്രമല്ല ആവശ്യമായി വന്നെങ്കിൽ സ്പഷ്ടമായ തരത്തിലുള്ള കള്ളം പറയാവുന്നതുമാണ്." (ഫതാവാ റശീദിയ്യ, പേജ് 640).

ആധുനിക കാലഘട്ടത്തിലെ ഒരു വലിയ മുസ്ലിം ചിന്തകനായി കൊട്ടിഘോഷിക്കപ്പെടുന്ന മൗലാനാ മൗദൂദി ഇപ്രകാരം 'ഫത്വാ'നൽകി: "പ്രായോഗിക ജീവിതത്തിലെ ചില ആവശ്യഘട്ടങ്ങളിൽ കളവു പറയുന്നതിന് അനുമതിയുണ്ടെന്നു മാത്രമല്ല, ചില സാഹചര്യങ്ങളിൽ അതു നിർബന്ധം കൂടിയാണെന്നുപോലും ഫത്വ ചെയ്യപ്പെട്ടിരിക്കുന്നു." (തർജ്ജുമാനുൽ ഖുർആൻ, 1958 മെയ് ലക്കം).

ഈ ഫത്വയുടെ അടിസ്ഥാനത്തിൽ 'ജമാഅത്തെ ഇസ്ലാമി'ക്കാർ ഘോഷിക്കുന്നതു ഇപ്രകാരമാണ്: "ചില പ്രത്യേക സാഹചര്യങ്ങളിൽ മുസ്ലിമിന് കളവ് അനുവദനീയമാണെന്നതു ശരീഅത്തിന്റെ അനുശാസനമാണ്!"(പ്രബോധനം 1990, ജൂലായ്-14)

വാക്കുകൾ ശ്രദ്ധാപൂർവ്വം കേൾക്കപ്പെടും. സമുദായനേതാക്കൾ നീചസ്വ ഭാവികളായിരിക്കും. ചീത്ത ജനങ്ങളെ അവരുടെ ദ്രോഹങ്ങൾ കാരണം ജനം അധികമായി പേടിക്കും. കള്ളന്മാരുടെ വാക്കുകൾ സത്യമായി കരു തപ്പെടും. ഗാനങ്ങൾക്കും വാദ്യങ്ങൾക്കുമുള്ള ഉപകരണം വർദ്ധിക്കും" (ബിഹാറുൽ അൻവാർ, ജി.13, ഭാ.153)*.

ഹദ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു: ലോകരിൽ ഒരു കാലം വരും. ഇസ്ലാം പേരിൽ മാത്രമെ ഉണ്ടാകുകയുള്ളൂ...ഖുർആൻ ലിപിമാ ത്രമായി അവശേഷിക്കും. പള്ളികൾ ജനനിബിഡമായിരിക്കുമെങ്കിലും സന്മാർഗ്ഗത്തിൽനിന്ന് ഒഴിഞ്ഞിരിക്കും. അവരുടെ പണ്ഡിതന്മാർ (ആ ലിംകൾ)ആകാശത്തിൻകീഴിൽ ഏറ്റവും നികൃഷ്ടൻമാരും ദ്രോഹികളുമാ യിരിക്കും. 'ഫിത്ന'(കുഴപ്പം)അവരിൽനിന്ന് തുടങ്ങി അവരിലേക്ക് തന്നെ മടങ്ങും. (മിശ്കാത്ത്, കിത്താബുൽ ഇൽമ്).

വാഗ്ദത്തമസീഹിന്റെ ആവിർഭാവത്തെ കുറിച്ചു ഹദീസുകളിൽ വന്ന മറ്റുപ്രവചനങ്ങൾ ഇപ്രകാരമാണ്.**

"ഒട്ടകങ്ങൾ ഉപയോഗരഹിതമായിത്തീരും. ഒരു പുതിയ തരം വാഹനം കണ്ടുപിടിക്കപ്പെടും. (ആവിയന്ത്രം, റയിൽവേ, കപ്പൽസർവ്വീ സ്, മോട്ടോർകാർ തുടങ്ങിയവയുടെ പ്രചാരത്തോടെ ഇതു പൂർത്തിയാ യി). വാർത്താവിനിമയ ബന്ധം വികസിതമാകും. (ടെലിഗ്രാഫ്, ടെലി ഫോൺ, വയർലസ്സ് തുടങ്ങിയവയുടെ കണ്ടുപിടിത്തത്തോടെ ഇതു സാധ്യ മായി,)സ്ത്രീകളുടെ ജനസംഖ്യ വർധിക്കും. ചരക്കുകൾ വില്പന നട ത്തുന്നതിന് സ്ത്രീകൾ ധാരാളമായി ഉപയോഗപ്പെടുത്തപ്പെടും. മറയ്ക്ക പ്പെടേണ്ട ശരീരഭാഗങ്ങൾ തുറന്നു കിടക്കുന്ന തരത്തിലുള്ള വസ്ത്രധാ രണം സ്ത്രീകൾ സ്വീകരിക്കും. മൂന്നു വൻ ശക്തികൾ ചേർന്നു യുദ്ധം നടത്തും... കോൺസ്റ്റാന്റിനോപ്പിളിൽ നിന്നു ഒരാൾ ഏഷ്യാമൈനറി ലേയ്ക്ക് ഓടിപ്പോയി യുദ്ധം ചെയ്യും. ക്രിസ്തീയരാഷ്ട്രങ്ങൾ എവിടെയും ഉന്നതസ്ഥാനങ്ങളിലായിത്തീരും. അറേബ്യ തുർക്കി സാമ്രാജ്യത്തിൽ നിന്ന് വേർപെട്ടുപോകും. മെസോപ്പൊട്ടേമ്യ, സിറിയ, ഈജിപ്ത്, എന്നിവിടങ്ങ ളിൽ പ്രത്യേക ഭരണകൂടങ്ങൾ സ്ഥാപിക്കപ്പെടും. ചില വിഭാഗം ആളു കൾ മാസങ്ങളുടെ കാലാവധി ചുരുക്കും.*** ഇസ്ലാമികനിയമങ്ങൾ ധിക്ക രിക്കപ്പെടും. ചൂതുകളി വർദ്ധിക്കും. പോലീസ് സേനകൾ ധാരാളമായി വിനിയോഗിക്കപ്പെടും. സ്ത്രീകൾ പുരുഷന്മാരെപ്പോലെ വേഷമിടും. തൊഴി ലാളികൾ അധികാരത്തിൽ വരും. ധനവാന്മാർ ദാനധർമ്മങ്ങൾ നൽകു ന്നതിൽ പാവങ്ങളോട് അസൂയ കാണിക്കും. ഇസ്ലാമികഗവൺമെന്റു കൾ നശിപ്പിക്കപ്പെടും. നിർജ്ജീവവസ്തുക്കൾ സംസാരിക്കും, ഗ്രാമ ഫോൺ, റേഡിയോ, ടേപ് റിക്കോർഡർ, ഇലക്ട്രോണിക് ഉപകരണങ്ങൾ) ഒരുഭാഗത്തു പവിഴങ്ങളും മറ്റൊരു ഭാഗത്തു മുത്തുകളും വിളയുന്ന രണ്ടു സമുദ്രങ്ങൾക്കിടയിലുള്ള ഭൂതലം മുറിക്കപ്പെടും. രണ്ടു കടലുകൾ കനാ

*മൗഊദെ അഖ്വാമെ ആലം-മൗലാനാ അബ്ദുർ റഹ്മാൻ മുബശ്ശിർ.

** ദഅ്വത്തുൽ അമീർ-Invitation to Ahmadiyath, London Mosque.

***ബഹായികളുടെ മാസം 19ദിവസം കൂടിയതാണ്.

ലിനാൽ കൂട്ടിചേർക്കപ്പെടും. അതിലൂടെ ധാരാളം കപ്പലുകൾ കടന്നു നീങ്ങും. (സൂയസ്, പനാമ കനാലുകളുടെ നിർമ്മാണത്തോടെ ഇത് പൂർത്തിയായി). വാസ്തുശാസ്ത്രപരമായ അനേകം കണ്ടുപിടിത്തങ്ങൾ പുറത്തുവരും. നദികളെ കേന്ദ്രീകരിച്ചു ധാരാളം ജലസേചനപദ്ധതികൾ നിർമ്മിക്കപ്പെടും. എന്നാൽ, അവ സ്ഥിരമായി വരണ്ടു കിടക്കും. സഞ്ചാരം വർദ്ധിക്കും. ചില രാജ്യങ്ങളിലെ ആദിവാസികൾ തുടച്ചുനീക്കപ്പെടും. വിധവാ ദഹനം(സതി)തുടങ്ങിയ ആചാരങ്ങൾ നിർത്തലാക്കപ്പെടും."

മഹ്ദി ഇമാം വെളിപ്പെടുന്ന കാലത്ത് ക്രൈസ്തവജനതയുടെ ഉയർച്ചയും മിക്കഭാഗങ്ങളിലും അവരുടെ വാഴ്ചയും ഉണ്ടാകുമെന്നു "റിസാല ഹശ്രിയ്യ"എന്ന ഗ്രന്ഥത്തെ ഉദ്ധരിച്ചുകൊണ്ട് നവ്വാബ് സിദ്ദിഖ് ഹസൻഖാൻ 'ഹുജജുൽ കിറാമ'എന്ന പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുണ്ട് (ഭാ.344).

ദജ്ജാൽ പുറപ്പെടുമെന്നും മുസ്ലിംകളിൽ നിരവധിപേർ ദജ്ജാലിനെ പിന്തുടരുമെന്നും പറയപ്പെട്ടിരിക്കുന്നു. മുസ്ലിംകൾ ലോകത്ത് ഒരുവലിയ ശക്തിയായിരുന്നെങ്കിലും അതു ചിന്നഭിന്നമായി പോകയാൽ ക്രിസ്തീയരാഷ്ട്രങ്ങളെ ആശ്രയിക്കുന്ന കാലം വന്നു. ലക്ഷക്കണക്കിൽ മുസ്ലിംകൾ ക്രിസ്തുമതം ആശ്ലേഷിക്കുകയുണ്ടായി.

മുസ്ലിംകൾ ഇസ്ലാമികാരാധനാകർമ്മങ്ങളിൽ വിരക്തരായിത്തീരുകയും പൊതുവെയുള്ള ധാർമ്മികാധപതനം അവരെ ബാധിക്കുകയും ചെയ്തു.

അവസാനകാലത്തിന്റെ അടയാളങ്ങളിൽ മറ്റൊന്നു ലൈംഗീകരാജകത്വം (Sexual Anarchy)ആയിരിക്കുമെന്നു അബീശൈബ(റ)യുടെ നിവേദനത്തിൽ പറയുന്നു. വ്യഭിചാരം വർധിക്കും എന്നു തിരുനബി (സ)അരുളിയതായി ഇബ്നുമാലിക്ക്(റ)പറയുന്നു. ഹറാംപിറന്നവർ വർദ്ധിക്കുമെന്നതാണ് അവസാനനാളിന്റെ ഒരു ലക്ഷണമെന്നും അവസാനകാലത്ത് മദ്യാസക്തി വർദ്ധിക്കുമെന്നും അബൂഹുറൈറയെ ഉദ്ധരിച്ചുകൊണ്ടു ഇബ്നുമർദ്വൈ നിവേദനം ചെയ്തു. മദ്യപാനം വളരെ വർദ്ധിക്കുമെന്ന് അനസിബ്നുമാലിക്ക് (റ)നിവേദനം ചെയ്യുന്നു (മുസ്ലിം.) പൊതുസ്ഥലത്ത് ഒരുമിച്ചുകൂടി മദ്യം കഴിക്കുന്നതു സാധാരണമായിരിക്കുമെന്നു ഹുദൈഫാ ബിൻ യമനെ ആധാരമാക്കി അബുനയീം നിവേദനം ചെയ്തു. ചൂതുകളിയും പണംവെച്ചുകളിയും വർദ്ധിക്കുമെന്നു ഹദ്റത്ത് അലി(റ)നിവേദനം ചെയ്തു (ദൈലമി). മനസ്സാക്ഷിക്കനുസരിച്ചു പ്രവർത്തിക്കുന്നവർ അപ്രത്യക്ഷരാകുമെന്ന് ഇമാറിബ്നു യാസീറിനെ ആധാരമാക്കി നയീമിബിൻ ഹിമദ്(റ)നിവേദനം ചെയ്ത ഹദീസിൽ പറയുന്നു (ദൈലമി). മാതാപിതാക്കളോടുള്ള ബഹുമാനം കുറയുകയും ചങ്ങാതിമാർക്ക് കൂടുതൽ സ്ഥാനം കിട്ടുകയും ചെയ്യും എന്നു ഹുദൈഫ ബിൻ അൽയമാനെ ആധാരമാക്കി ഹിൽയിയയിലെ അബൂനയീം നിവേദനം ചെയ്യുന്നു. അറിവ് അപ്രത്യക്ഷമാകയും അജ്ഞത പ്രത്യക്ഷപ്പെടുകയും ചെയ്യുമെന്ന് അനസിബ്നുമാലിക് നിവേദനം ചെയ്യുന്നു (തിർമിദി, ബുഖാരി) ഇവിടെ അറിവ്

എന്നു പറഞ്ഞതു ദീനിയായ അറിവും ഖുർആനിക് ജ്ഞാനവും ആണ്. എന്നാൽ, സാധാരണ ശാസ്ത്രജ്ഞാനം വർദ്ധിക്കുമെന്നു മറ്റൊരു ഹദീസ് അബൂഹുറൈറ(റ) നിവേദനം ചെയ്തിട്ടുണ്ട് (തിർമിദി). സ്ത്രീകൾ വസ്ത്രം ധരിച്ചിട്ടില്ലെന്നു തോന്നുമാറ് വസ്ത്രധാരണം ചെയ്യുമെന്നും തലയിൽ പൂഞ്ഞുപോലെ മൂടികെട്ടിവെയ്ക്കുമെന്നും സ്ത്രീകൾ വ്യാപാരത്തിൽ ഏർപ്പെടുമെന്നും ഇബ്നു അബ്ബാസ്(റ)നിവേദനം ചെയ്തിരിക്കുന്നു. സുന്ദരികളായ സ്ത്രീകളെ കടകളിൽ (വ്യാപാരസ്ഥാപനങ്ങളിൽ) നിയോഗിക്കും. സ്ത്രീ സ്വാതന്ത്ര്യം അധികരിക്കും. പുരുഷന്മാരപ്പോലെ സ്ത്രീകൾ വേഷമണിയും. പുരുഷന്മാർ സ്ത്രീകളെപ്പോലെ മുഖം മിനുക്കും.

ദജ്ജാൽ പുറപ്പെട്ടാൽ പ്ലേഗ് ലോകത്ത് പരക്കും എന്ന് അനസ്(റ) നിവേദനം ചെയ്യുന്നു(തിർമിദി), മദീന ദജ്ജാലിൽനിന്നും പ്ലേഗിൽ നിന്നും രക്ഷിക്കപ്പെടും. പ്ലേഗ് മാത്രമല്ല പ്ലേഗ് പോലുള്ള പുതിയമറ്റുവ്യാധികളും പ്രത്യക്ഷപ്പെടും. ഹൃദയസ്തംഭനവും മറ്റും വർദ്ധിക്കും.

"ദജ്ജാലിന്റെ കഴുത വെള്ളത്തിലും കരയിലും സഞ്ചരിക്കും. കരയിൽ സഞ്ചരിക്കുമ്പോൾ മുമ്പിലും പിന്നിലും മേഘങ്ങൾ ഉണ്ടാകും."(കൻസുൽ ഉമ്മാൽ) ഇതു ആവിക്കപ്പലിന്റെയും തീവണ്ടിയുടെയും പ്രചാരത്തോടെ പുലർന്നു. പുകയും ആവിയും പരത്തുന്ന എണ്ണയും കൽക്കരിയും ആയിരിക്കും ദജ്ജാലിന്റെ കഴുതയുടെ ആഹാരം എന്നു ഹദീസിൽ പറഞ്ഞിരിക്കുന്നു.

സ്വർണ്ണവും വെള്ളിയും ധാരാളം ഉണ്ടാകും എന്നു ഹുദൈഫ ബിൻയമാൻ നിവേദനം ചെയ്യുന്നു. പലിശ ഇടപാടു വളരെ വർദ്ധിക്കും എന്നതാണ് അന്ത്യകാലത്തിന്റെ ഒരു ലക്ഷണമെന്നു തിരുനബി(സ)അരുളിയിട്ടുണ്ട്(ദൈലമി).

അവസാനകാലത്തെ മുസ്ലിംകൾ യഹൂദിനസാറാക്കളെ ചാണായും മുഴത്തിനു മുഴയായും അനുകരിക്കും എന്നു തിരുനബി(സ) അരുളിയിരുന്നു. രാഷ്ട്രീയമായ അധികാരവും രാഷ്ട്രീയ മേധാവിത്വവും മുസ്ലിംകൾക്ക് നഷ്ടപ്പെടും. അവർ മറ്റുള്ളവരുടെ കാരുണ്യത്തിനു വിധേയരായിത്തീരും.

അറബികളെക്കുറിച്ചു തിരുനബി(സ)ഇപ്രകാരം പ്രവചനം ചെയ്തു.

"ഇറാക്ക് അതിന്റെ ഉൽപന്നങ്ങളും പുരോഗതിയും മറ്റുള്ളവർക്കിടയിൽ പങ്കിടാൻ കൂട്ടാക്കുകയില്ല: അപ്രകാരം തന്നെ ഈജിപ്തും സിറിയയും ആയിരിക്കും. അറബികൾ പണ്ടത്തെപ്പോലെ പരസ്പരം ഭിന്നിപ്പിലും അനൈക്യത്തിലും ആയിത്തീരും" (മുസ്ലിം).

സിഖ് പ്രസ്ഥാനത്തിന്റെ പുണ്യഗ്രന്ഥമായ 'ജനംസാഖി'യിൽ ഇപ്രകാരം പറയുന്നു:

"ദ്രോഹപ്രവർത്തനങ്ങളുടെയും നിന്ദനത്തിന്റെയും നാളുകൾ വരാനിരിക്കുന്നു. ഹിന്ദുക്കളും മുസ്ലിംകളും താന്താങ്ങളുടെ മതധർമ്മങ്ങൾ ഉപേക്ഷിക്കും. ഗുരുക്കന്മാരെ ആദരിക്കയില്ല. ഒരേപോലുള്ള സ്വഭാവത്തോ

ടുകൂടിയവരായിരിക്കും. തങ്ങളുടെ വിശുദ്ധ ഗ്രന്ഥങ്ങളായ വേദങ്ങളും ഖുർആനും ആരാധനാലയങ്ങളായ മന്ദിരങ്ങളും പള്ളികളും വിസ്മരിക്കപ്പെടും. നോമ്പും ബാങ്കും നന്മയുടെ എല്ലാ പാഠങ്ങളും ഉപേക്ഷിക്കപ്പെടും. സ്വഭാവശീലങ്ങളും വികൃതങ്ങളാകും. ആരും ആരെയും ഗൗനിക്കയില്ല. ആരോടും സലാം ചൊല്ലുകയില്ല. എന്നു വെച്ചാൽ, ഓരോ ആളും തമ്മിൽ തമ്മിൽ രക്തദാഹികളായിരിക്കും (ജനംസാഖി, ഭായിബാല-ഗുർമുഖീ, 659–785).

യുഗഷിറവിയുടെ മണിനാദം

മതഗ്രന്ഥങ്ങളിൽ പ്രതിപാദിച്ച ഈ യുഗലക്ഷണങ്ങളെല്ലാം അത്ഭുതകരമായ വിധത്തിൽ പൂർത്തിയായപ്പോൾ യുഗപ്പിറവിയുടെ മണിനാദം മുഴങ്ങുകയായിരുന്നു. നൂറ്റാണ്ടുകൾ മുമ്പുതന്നെ യുഗാചാര്യന്റെ ആവിർഭാവത്തിനുള്ള വഴിയൊഴുക്കങ്ങൾ ഭൂമണ്ഡലത്തിലെങ്ങും നടക്കുകയായിരുന്നു.

പതിനഞ്ചാം നൂറ്റാണ്ട് യൂറോപ്യൻ ക്രൈസ്തവ കോയ്മകളുടെ പ്രത്യുത്ഥാന കാലഘട്ടമായിരുന്നു. യൂറോപ്പിൽ ഇസ്ലാമിന്റെ ഭൗതീകപ്രതാപം ആ കാലഘട്ടത്തിലാണ് അസ്തമിച്ചു തുടങ്ങിയത്. 1469ൽ ഇസബല്ലയുടെയും ഫർഡിനാണ്ടിന്റെയും വൈവാഹിക ബന്ധത്തിലൂടെ ഐക്യപ്പെട്ട ക്രൈസ്തവ സ്പെയിൻ യൂറോപ്പിൽ ക്രിസ്തീയ പ്രതാപത്തിന്റെ കൊടി ഉയർത്തി. ഐബീരിയൻ അർദ്ധദ്വീപിൽ നിന്നു പോർച്ചുഗീസുകാർ കിഴക്കോട്ടും സ്പെയിൻകാർ പടിഞ്ഞാറോട്ടും "യേശുവിനുവേണ്ടി ലോകം നേടിയെടുക്കാൻ" പുറപ്പെട്ടു 1486ൽ ബർത്തലോമ്യ ഡയസ് എന്ന പോർച്ചുഗീസുകാരൻ ആഫ്രിക്കയുടെ തെക്കെ അറ്റമായ സുപ്രതീക്ഷാ മുനമ്പിലെത്തി. ഈ മുനമ്പ് ചുറ്റി പിന്നീട് പോർച്ചുഗീസുകാരനായ വാസ്കോഡ ഗാമ ഇന്ത്യയിൽ കോഴിക്കോട്ടു കപ്പലിറങ്ങി. 1510ൽ പോർച്ചുഗീസുകാർ ഗോവയിലും അടുത്ത കൊല്ലം ജാവയിലും കാലുകുത്തി. 1511ൽ പോർച്ചുഗീസുകാരനായ അൽബുക്കർക്ക് മലാക്ക പിടിച്ചടക്കി "മുസ്ലിം വ്യാപാരത്തെ അങ്ങനെതന്നെ ഒടുക്കിക്കളഞ്ഞു!" (നെഹ്റു-വിശ്വ ചരിത്രാവലോകം, ഭാ.365). 1516ൽ അവർ ചീനയിൽ കാൻടനിൽ എത്തി. പോർച്ചുഗീസ് പാതിരിമാർ അക്ബറുടെ കൊട്ടാരത്തിലെ വിശ്വസ്തരായ സേവകന്മാരായിരുന്നു. മുഗളർക്ക് കടലിനോടു വലിയ ഇണക്കമുണ്ടായിരുന്നില്ല. ഒരു നാവികശക്തിയുടെ മുമ്പിൽ അവർ നിസ്സഹായരായിരുന്നു. മുഗൾ സാമ്രാജ്യത്തിന്റെ നാശത്തിനുള്ള കാരണങ്ങളിലൊന്നു കടലിലുള്ള നിസ്സഹായതായിരുന്നു. ഒരു നാവികശക്തിയുടെ കാലം എത്തിക്കഴിഞ്ഞു (നെഹ്റു വിശ്വചരിത്രാവലോകം ഭാ.434) യഥാർത്ഥത്തിൽ ഖുർആനിൽ പ്രവചിക്കപ്പെട്ട ക്രൈസ്തവ ശക്തിപ്രതാപത്തിനു മുസ്ലിം ലോകം വഴിമാറുകയായിരുന്നു!

പതിനാറാം നൂറ്റാണ്ടിന്റെ ആരംഭം യൂറോപ്പിൽ നവോത്ഥാനത്തിന്റെ(Renaissance) കാലഘട്ടമായിരുന്നു. ക്രിസ്തീയ പ്രതാപത്തിന്റെ പ്രതീകമായിരുന്ന മതദ്രോഹ വിചാരണസഭയുടെ പ്രഭാവത്തിനു ശേഷം

യുറോപ്പിൽ മതം പിന്നോട്ടടിക്കുകയും ചെയ്തു. യുക്തിവാദ പ്രസ്ഥാനം മതനിഷേധത്തിന്റെ അലകളാണ് ഉയർത്തിവിട്ടത്. സർവ്വതോൻമുഖമായ ധാർമ്മികമൂല്യത്തകർച്ചയുടെ വേലിയേറ്റം അതോടെ ലോകമെങ്ങും അനുഭവപ്പെട്ടു.

ഏറ്റവും ശ്രദ്ധേയമായ മാറ്റങ്ങൾക്കും ലോകസംഭവവികാസങ്ങൾക്കും നാന്ദി കുറിച്ചത് പതിനേഴാം നൂറ്റാണ്ടിലാണെന്നു കാണാം. ക്രിസ്താബ്ദം 610ൽ ആണ് തിരുനബി(സ)ചരമം പ്രാപിച്ചത്. പ്രവചിക്കപ്പെട്ടപ്രകാരം തികച്ചും ഒരായിരം കൊല്ലം കഴിഞ്ഞപ്പോഴാണ് (ഖുർആൻ) കിഴക്ക് ക്രൈസ്തവ പ്രത്യുത്ഥാനത്തിന്റെ കാലൊച്ച കേൾക്കുമാറായത്. ലോകത്തെ കീഴടക്കുന്ന 'യഅ്ജൂജ് മഅ്ജൂജ്', (Gog Magog) തുറന്നു വിടപ്പെട്ടു. 'ദജ്ജാലി'ന്റെ (Anti Christ) കൊടിവീശിയതും ആ കാലത്തു തന്നെ. സ്പെയിനിൽനിന്നും 1610ൽ അവസാനത്തെ മുസ്ലിമും പുറത്താക്കപ്പെട്ടു. 800 കൊല്ലം നിലനിന്ന മുസ്ലിം വാഴ്ച അവിടെ അതോടെ കണ്ണുചിമ്മി. ഈസ്റ്റ്ഇന്ത്യാ കമ്പനിയ്ക്ക് എലിസബത്ത് രാജ്ഞി അംഗീകാരം നൽകിയത് 1610ൽ ആയിരുന്നു*. 1613ൽ അവർ സൂറത്തിൽ ആദ്യത്തെ പാണ്ടികശാല ആരംഭിച്ചു. ഡൽഹിയിലെ മുഗൾ പാദുഷ അതിനു അംഗീകാരം നൽകി. അതു 'ഡി ഫൻഡർ ഓഫ് ദ ഫെയിത്ത്' എന്ന ബഹുമതിപ്പട്ടം നേടിയ ബ്രിട്ടീഷു ചക്രവർത്തിയുടെ സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ശിലാസ്ഥാപനമായിരുന്നു. 1897ൽ ഇന്ത്യയിൽ മുഗൾ സാമ്രാജ്യത്തിന്റെ അന്ത്യം കുറിച്ചു. അവസാനത്തെ മുഗൾ ചക്രവർത്തിയായിരുന്ന ബഹദൂർഷാ തടവുകാരനാക്കപ്പെട്ടു. 1869ൽ സൂയസ് കനാൽ തുറന്നു കിട്ടിയതോടെ ഇന്ത്യയിലേക്കുള്ള കപ്പൽമാർഗ്ഗം യൂറോപ്പിന് സുഗമമായി. 1875ൽ ഡിസ്റേലി സൂയസ് കനാൽ ബ്രിട്ടീഷ്കാരുടെ പൂർണ്ണ നിയന്ത്രണത്തിലാക്കിയതോടെ സമുദ്രമാർഗ്ഗങ്ങളെല്ലാം യുറോപ്യൻ ആധിപത്യത്തിൻ കീഴിലായി.

പതിനെട്ടാം നൂറ്റാണ്ട് മനുഷ്യസമുദായത്തിന്റെ സാർവ്വത്രീകമായ ബൗദ്ധികമുന്നേറ്റത്തിന്റെ കാലഘട്ടമായിരുന്നു. (Age of Enlightenment). യുറോപ്പിൽ ഫ്രഞ്ച് തത്വജ്ഞരായ വോൾട്ടയർ (Voltair 1694–1778)റൂസ്സോ (Rousseau-1712–1778) ഇംഗ്ലണ്ടിലും അമേരിക്കയിലും തോമസ്സ് പെയ്ൻ (Thomas Paine-1737–1809) സ്കോട്ട്ലണ്ടിൽ ഹ്യൂം (Hume 1711–1776) ജർമ്മനിയിൽ കാൻട് (Immanuel Kant 1724–1804)എന്നിവരുടെ എഴുത്തുകൾ സ്വതന്ത്രചിന്തയുടെ വെന്നിക്കൊടി ഉയർത്തി. അതിഗൗരവമായ ആത്മീയ സന്ദേശങ്ങളെ സ്വീകരിക്കാൻ ലോകബുദ്ധിക്ക് പാകം വരുത്തപ്പെടുകയായിരുന്നു അവർ മുഖേന!

പത്തൊമ്പതാം നൂറ്റാണ്ടിനെപറ്റി ചരിത്ര പണ്ഡിതനായ നെഹ്റു 'വിശ്വചരിത്രാവലോക'ത്തിൽ പറയുന്നു:

"നൂറ്റാണ്ടിന്റെ ഏറ്റവും എണ്ണപ്പെട്ട സവിശേഷത ഒരു പക്ഷെ, ഗതാഗതരീതികളിലും വാർത്താവിനിമയ സൗകര്യത്തിലും ഉണ്ടായ വമ്പിച്ച

*Communism & Democracy-Hazrah Mirza Mahmood Ahmad.

പുരോഗതിയാണ്. തീവണ്ടിയും ആവിക്കപ്പലും കമ്പിയേർപ്പാടും മോട്ടോർകാറും ലോകത്തെയാകെ മാറ്റിമറിച്ചുകളഞ്ഞു. മനുഷ്യജീവിതത്തെ സംബന്ധിച്ചിടത്തോളം അതു അന്നോളം അപരിചിതമായ പുതിയ ഒരു ലോകം തന്നെയായി മാറി. ലോകം ആകെ ചുരുങ്ങി ചെറുതായി. അതിലെ നിവാസികൾ കൂടുതൽ കൂടുതൽ അടുത്തുവന്നു. അവർക്ക് കൂടുതൽ എളുപ്പത്തിൽ അന്നോന്യം കാണാനും സംസാരിക്കാനും കഴിഞ്ഞതോടു കൂടി പരസ്പരധാരണ വർദ്ധിച്ചു. അറിവില്ലായ്മയിൽ നിന്ന് ജന്മമെടുത്ത പല പ്രതിബന്ധങ്ങളും ഇതോടെ തകർന്നു വീണു. സാമാന്യമായ ആശയങ്ങൾ സർവ്വത്ര വ്യാപിച്ചു. ഇതിന്റെ ഫലമായി ലോകത്തിന്നൊരു ഐകരൂപ്യം കൈവന്നു".

സോക്രട്ടീസ്, അശോകൻ, ജൂലിയസ് സീസർ എന്നിവർ ഈ ലോകത്ത് വീണ്ടുംവന്നാൽ:

"ഏറ്റവും വേഗം കൂടിയ കുതിരയേക്കാൾ എത്രയോ വേഗതയിൽ, വില്ലിൽ തൊടുത്തുവിടുന്ന ശരത്തിനെപോലും അതിശയിക്കുന്ന വേഗത്തിൽ ആളുകൾ അങ്ങോട്ടുമിങ്ങോട്ടും കുതിയ്ക്കുന്നതാണ് അവർ കാണുക. തീവണ്ടിയിലും ആവിക്കപ്പലിലും മോട്ടോർ വാഹനങ്ങളിലും ആകാശവിമാനത്തിലുമൊക്കെ ലോകത്തിന്റെ നാനാഭാഗത്തേയ്ക്കും അവർ ഭയങ്കരമായ വേഗത്തിൽ കുതികൊള്ളുകയാണ്. കമ്പി, ടെലിഫോൺ, കമ്പിയില്ലാക്കമ്പി, നവീനമായ അച്ചടിയന്ത്രങ്ങൾ, ലക്ഷക്കണക്കായി അച്ചടിച്ചു പുറത്തിറക്കുന്ന പുസ്തകങ്ങൾ വർത്തമാന പത്രങ്ങൾ ഇങ്ങനെ വേറെയും പല വിസ്മയങ്ങളും അവരെ കാത്തിരിക്കുന്നുണ്ട്. പതിനേഴാം നൂറ്റാണ്ടിലെ വ്യാവസായിക വിപ്ലവത്തിന്റെ സന്താനങ്ങളാണിവയെല്ലാം." (ഭാ.473)

ചുരുക്കത്തിൽ, പത്തൊമ്പതാം നൂറ്റാണ്ടു പിറന്നതോടെ ലോകം 'ഒരു പുതിയ ആകാശവും പുതിയ ഭൂമിയും" സൃഷ്ടിക്കപ്പെടുന്നതിന്റെ നാന്ദികുറിച്ചുകൊണ്ട് എല്ലാ രൂപത്തിലും ഭാവത്തിലും പുതുമയാർജ്ജിച്ച നിലയിൽ അതുവരെ അറിയപ്പെട്ടിട്ടില്ലാത്തവിധം അതിവിസ്മയകരമായ ഒരു പുതിയ കാലഘട്ടത്തിലേക്ക് പ്രവേശിക്കുകയായിരുന്നു. ഖുർആനിലെ 'സൂറത്തുൽ ഖിയാമ' യിൽ പറഞ്ഞ അതേ കാലലക്ഷണങ്ങളാണ് ഇവിടെ വിവരിച്ചിട്ടുള്ളതെന്നു കാണാം.

3- വാഗ്ദത്ത മസീഹിന്റെ പൂർവ്വപിതാക്കൾ

ബാബർ ചക്രവർത്തിയുടെ കാലത്ത്, ഏതാണ്ട് ക്രിസ്ത്വബ്ദം 1530ൽ, അമീർ തൈമൂറിന്റെ പിതൃവ്യനായ ഹാജി ബർലാസിന്റെ വംശപരമ്പരയിൽപെട്ട മിർസാ ഹാദി ബേഗ് തന്റെ കുടുംബങ്ങളോടും പരിവാരങ്ങളോടും കൂടി സമർഖന്തിൽ നിന്ന്-സമർഖന്തിലാണ് തൈമൂർ ചക്രവർത്തിയുടെ പ്രഖ്യാതമായ മൃതകുടീരം സ്ഥിതിചെയ്യുന്നത്-പുറപ്പെട്ടു. പഞ്ചാബിൽ ലാഹോറിന്നു 70 നാഴിക വടക്ക് കിഴക്ക് ബിയാസ് നദീതീരത്തിലെ ഒരു വനപ്രദേശത്ത് താവളമുറപ്പിച്ചു. മിർസാ ഹാദിബേഗിന്റെ കുടുംബപരമ്പരയിലാണ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)പിറന്നത്.

ബർലാസ് വംശത്തിന്റെ ആദിപിതാവായ എറോംജി ബർലാസിന്റെ പൗത്രനായ ഖറാച്ചാർ(Carashar Nevian)ആണ് ബർലാസ് വംശത്തിൽ നിന്നു ആദ്യമായി ഇസ്ലാംമതം ആശ്ലേഷിച്ചത്. തന്നിമിത്തം, ഖറാച്ചാർ ബർലാസ് വംശത്തിലെ ഒരു പ്രധാന കണ്ണിയായി എണ്ണപ്പെടുന്നു. മംഗോളിയൻ ജേതാവായ ചെങ്കിസ്ഖാന്റെ പടയോട്ടക്കാലത്ത് ഇറാനിൽനിന്ന്, അതായത് പേർഷ്യയിൽ നിന്ന് ഖറാച്ചാർ ഹിജ്റത്ത് ചെയ്ത് തുറാനിൽ വാസമുറപ്പിച്ചു. തുറാൻ പ്രദേശത്തിനാണ് സമർഖന്ത് എന്നു പറയപ്പെടുന്നത്. വലിയൊരു കുടുംബത്തിന്റെ അധിനാഥനെന്ന നിലയിൽ ഖറാച്ചാർ തന്റെ വ്യക്തിപ്രഭാവം ഉറപ്പിച്ചു. പിന്നീട്, അദ്ദേഹം സമർഖന്തിനു തെക്ക് കിശ് പ്രദേശത്തിന് സമീപത്തായി കുടുംബസമേതം വസിച്ചുതുടങ്ങി, ഖറാച്ചാർ ചഗ്തായിഖാന്റെ പുത്രിയെ വിവാഹം ചെയ്തതോടെ പ്രതാപശാലിയായി മാറി. ബർലാസ് വംശം കിശ് പ്രദേശത്ത് 200 കൊല്ലക്കാലം ഭരണം നടത്തി. ഈ പ്രദേശത്തിന് സഗ്ദോണിയ (Sagdonia)*എന്നാണ് പുരാതനമായ പേർ. സഗ്ദോണിയക്കാർ ഇറാൻകാരാണെന്ന കാര്യത്തിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമില്ല(എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക'നോക്കുക), സമർഖന്ത് ആയിരുന്നു അവരുടെ തലസ്ഥാനം.

* സഗ്ദോണിയ- പുരാതന പേർസ്യൻ സാമ്രാജ്യത്തിന്റെ ഭാഗമായ മദ്ധ്യേഷ്യയിൽ ഓക്സസ്(Oxus)യക്സാർട്ടെ(Jexartes) നദികൾക്കിടയിലായി സ്ഥിതി ചെയ്തിരുന്ന ഭരണപ്രദേശം. (The Columbia Viking Desk Encyclopedia)

ഖറാച്ചാറിന്റെ ആറാമത്തെ തലമുറയിലാണ് അമീർ തൈമൂർ ഗോർഗാൻ ജനിച്ചത്. മുഗളിസ്ഥാൻ ചക്രവർത്തിയായിരുന്ന ഖിസർ ഖാജാ ഖാന്റെ ജാമാതാവ് ആയിരുന്നു തൈമൂർ ഗോർഗാൻ. മുഗിള ഭാഷയിൽ ഗോർഗാൻ എന്നാൽ ജാമാതാവ് എന്നാണർത്ഥം. മുഗൾ ചക്രവർത്തിയുടെ ജാമാതാവ് എന്ന നിലയിൽ തൈമൂർ അളവറ്റ് ആദരിക്കപ്പെട്ടിരുന്നു. അങ്ങനെ ഗോർഗാൻ തൈമൂരികളുടെ കുടുംബപ്പേരായി. മുഗൾ കുടുംബവുമായുള്ള ബന്ധം അക്കാലത്തു വലുതായ ബഹുമതിയായി കരുതപ്പെട്ടിരുന്നു. മുഗിളസ്ത്രീയെ തൈമൂർ വേട്ടു എന്നല്ലാതെ മുഗിളരുമായി ബർലാസ് കുടുംബത്തിന് വംശപാരമ്പര്യമില്ല. ചുരുക്കത്തിൽ, തൈമൂർ ബർലാസ് പരമ്പരയിൽപ്പെട്ട ആളും ബർലാസ് ഫാർസി വംശജനും ആയിരുന്നു.

ബർലാസ് വംശം രണ്ടു നൂറ്റാണ്ടു കാലം തുർക്കികളോടൊപ്പമാണ് കിശ്പ്രദേശത്ത് താമസിച്ചു പോന്നത്. അതുകാരണം തുർക്കികളുടെ ഭാഷയും സംസ്കാരവും വേഷവിധാനങ്ങളും രീതിവിശേഷങ്ങളും അവർ സ്വീകരിക്കുകയുണ്ടായി. പ്രത്യക്ഷത്തിൽ അവർ തുർക്കികളായിക്കഴിഞ്ഞിരുന്നുവെന്നും യഥാർത്ഥത്തിൽ അവർ തുർക്കികളായിരുന്നില്ലെന്നും എർസ്കിൻ (Erskine)പറയുന്നു. ഈ യാഥാർത്ഥ്യം അറിയാതെ തൈമൂറിനെ തുർക്കിയും താർതാരിയും ആയി ചിത്രീകരിക്കുന്നവരുണ്ട്. തൈമൂറിനെ മംഗോളിയനായ ചെങ്കിസ്ഖാന്റെ വംശജനും അതേ അവസരം തുർക്കിയും ആയി നെഹ്റു വിവരിച്ചതു ഈ തെറ്റിധാരണയ്ക്ക് ഒരുദാഹരണമാണ്. ബർലാസിന്റെ പൂർവ്വപിതാവായ ഖറാച്ചാർ ചഗ്തായിഖാന്റെ പുത്രിയെ വിവാഹം ചെയ്തിരുന്നുവെന്നു മുകളിൽ പറഞ്ഞുവല്ലോ. ഇപ്രകാരം സ്ത്രീ മുഖേന മുഗൾ കുടുംബവുമായി അവർ ബന്ധപ്പെട്ടിരുന്നുവെങ്കിലും പുരുഷസന്തതികളിലൂടെയാണ് വംശാവലി കണക്കാക്കിവരുന്നതെന്നതു പ്രസ്താവ്യമാണ്.

ബർലാസ്വംശം ഇറാനി ആണെന്നതിലേക്ക് വേറെയും തെളിവുകൾ നിരത്താനുണ്ട്. ബർലാസ് വംശത്തെ പൂർവ്വികകാലത്ത് സിത്തിയന്മാർ(Scythians)എന്നാണ് വിളിച്ചുപോന്നത്. സിത്തിയന്മാർ ഇറാനികളാണെന്നാണ് 'എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക'യിൽ പറയുന്നത്. സിത്തിയന്മാർ ഇന്തോ-ഇറാനിയൻ ഭാഷയാണ് സംസാരിച്ചിരുന്നത്.

ഇറാനിലെ സാസാനി(Sasanide)രാജാവായ യസ്ദജർദ് ഹസ്രത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്ത് മെർവിലെ(Merve)ഒരു ഗ്രാമത്തിൽവെച്ചു കൊല്ലപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ശേഷക്കാരും മക്കളും തുർക്കിസ്ഥാനിലായിരുന്നു. അവർ അവിടെ കുടുംബബന്ധം പുലർത്തുകയും തുർക്കികളായി അറിയപ്പെടുകയും ചെയ്തു എന്നു 'താരീഖ് മജ്ദു'ലിൽ പ്രസ്താവിച്ചിട്ടുള്ളതായി 'തബ്ക്കാത്തെ നാസിരി'യിൽ പറയുന്നു. ഫാർസിരാജാവായ യസ്ദജർദ് ബിൻ ഷഹ്രിയാർ അറബികളെ പേടിച്ചു തുർക്കികളുടെ ഖാക്കാൻ രാജാവിന്റെ അടുക്കൽ അഭയം തേടി എന്നു 'മജ്മഉൽ ബുൽദാ'നിലും രേഖപ്പെടുത്തിയിട്ടുണ്ട്. (ജി.4ഭാ.409) 'താരീഖ് ഫിരിഷ്ത'

യിലും ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു. ഇറാനി വംശജനായ അഫ്റാസിയാബ് ആണ് സമർഖന്ത് നഗരത്തിന്നു അടിസ്ഥാനമിട്ടത് (തുർക്കിസ്താൻ-ഷോളർ.)സമർഖന്ത് എന്ന പദം തന്നെ ഫാർസി ആണ്. സമർഖന്തിലെ വലിയ വലിയ കെട്ടിടങ്ങൾ ഇറാനി വാസ്തുശില്പക്കാർ പണിതിട്ടുള്ളതത്രെ. അറബികളെ പേടിച്ചു ഇറാൻ രാജാക്കന്മാരും അമീറന്മാരും സമർഖന്തിന്റെയും ബുഖാറയുടെയും സമീപപ്രദേശത്ത് അഭയം പ്രാപിച്ചു എന്നതു ചരിത്രസത്യമാണ്. അവരിൽ ഖറാച്ചാർ ഇസ്ലാംമതം സ്വീകരിച്ചു. അവർ ക്രമേണ തുർക്കികളുമായി കുടുംബബന്ധം പുലർത്തുകയും അങ്ങനെ തുർക്കികളായി അറിയപ്പെടുകയും ചെയ്തു.

ബർലാസ് വംശത്തിൽപ്പെട്ടവർ പേരിന്റെ മുന്നിൽ മീർസാ* എന്ന വംശസൂചി ചേർക്കുന്നു. താത്താരികൾ മീർസാ എന്ന വംശനാമം ചേർക്കാറില്ല. മറിച്ച്, അവർ ഖാൻ എന്ന നാമാന്ത്യസൂചിക ചേർത്തു പറയുന്നു. ചെങ്കിസ്ഖാൻ, ഹലാഖുഖാൻ, മങ്കൂഖാൻ എന്നിങ്ങനെ! ഇറാനികൾ പേരിന്റെ ഒടുവിൽ 'ജി'എന്നു ചേർത്തു പറയുന്നു. ബർലാസ്വംശത്തിലെ പൂർവ്വപിതാവിന്റെ എറോംജി എന്ന പേർ ശ്രദ്ധിക്കുക. സോറാബ്ജി, റുസ്തംജി, ബഗ്റാജി എന്നിങ്ങനെ ഈറാനികളുടെ പേരിന്റെ അന്ത്യത്തിൽ 'ജി'എന്നു ചേർത്തുപോന്നു. ബർലാസ് വംശത്തിന്റെ പേർസ്യൻ ഉൽപത്തി ഇപ്രകാരം ചരിത്രഗവേഷകന്മാർ തെളിയിച്ചിട്ടുണ്ട്.

അമീർ തൈമൂറിന്റെ പിതൃവ്യനായ ഹാജി ബർലാസിന്റെ വംശപരമ്പരയുടെ ഉൽപത്തി, പേർഷ്യയിൽ നിന്നാണെന്നും ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)ഫാർസി വംശജനാണെന്നും ഇത്രയും കൊണ്ടു വ്യക്തമായല്ലോ.

താൻ ഫാർസി വംശജനാണെന്ന് വാഗ്ദത്തമസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)അറിയുമായിരുന്നില്ല. "ഈമാൻ സുറയ്യായിലേയ്ക്ക് ഉയർന്നുപോയാലും, ഫാർസി വംശപരമ്പരയിൽപെട്ട ആൾ അതിനെ വീണ്ടുകൊണ്ടുവരും" എന്ന വെളിപാട് ഹദ്റത്ത് അഹ്മദിന്ന് ലഭിക്കുകയുണ്ടായി. ഇതു അടിക്കടി ഉണ്ടായികൊണ്ടിരുന്നപ്പോഴാണ് ഇതു സംബന്ധിച്ച തിരുനബിയുടെ പ്രവചനത്തിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞതെന്നു മനസ്സിലാകുന്നു. ആ പുണ്യാത്മാവ് ഇപ്രകാരം പറയുന്നു:

"പതിനേഴോ പതിനെട്ടോ കൊല്ലമായിക്കാണും, ദൈവത്തിൽ നിന്നു അടിക്കടിയായുള്ള വെളിപാടുകൾ മുഖേന എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു, എന്റെ പൂർവ്വപിതാക്കൾ ഫാർസി വംശക്കാരാണെന്ന്. ആ വെളിപാടുകളെല്ലാം ഞാൻ 'ബറാഹീൻ അഹ്മദിയ്യ' രണ്ടാം ഭാഗത്ത് ചേർത്തിട്ടുണ്ടായിരുന്നു. അവയിൽ എന്നെക്കുറിച്ചുള്ള ഒരു ഇൽഹാം ഇതായിരുന്നു: "ഖുദിത്തൗഹീദു അത്തൗഹീദയാ അബ്നാഅൽ ഫാരിസ്"(ഫാർസി മക്കളേ, തൗഹീദ് മുറുകെ പിടിക്കുവിൻ, തൗഹീദ് മുറുകെ പിടിക്കുവിൻ). മറ്റൊരു ഇൽഹാം ഇതത്രെ: 'ലൗ കാനൽ ഈമാനു മുഅല്ലിഖൻ ബിസ്സു

*മീർസാ എന്ന പേർ ഫാർസി അഥവാ ഇറാനി ആണ്. 'അമീർസാ' അഥവാ 'അമീർസാദ' (അമീറിന്റെ പുത്രൻ) ആണ് മീർസാ ആയി മാറിയത്.

റയ്യാ ലനാലഹു റജുലുൻ മിൻ ഫാരിസ്'. "സത്യവിശ്വാസം സുറയ്യാ നക്ഷത്രത്തിലേക്ക് ഉയർന്നുപോയാലും ഫാർസിവംശജനായ ആൾ അതിനെ വീണ്ടുകൊണ്ടുവരും"(കിതാബുൽ ബരിയ്യ, ഭാ.134).

"അറബിയിൽ ഒരു വെളിപാടുണ്ടായി: അല്ലയോ അനുഗ്രഹിക്കപ്പെട്ടവനേ, നീ സൽമാൻ ആണ്, നമ്മിൽ നിന്നുള്ളവനും. തന്റെ അനുയായികളിൽപെട്ട സൽമാൻ എന്നുപേരുള്ള പേർഷ്യൻ വംശജനായ ഒരാളുടെ ചുമലിൽ കൈവച്ചുകൊണ്ടു നബി (സ)തിരുമേനി അരുളിയിട്ടുള്ളതാണിത്." (അൽഹക്കം, 1906മാർച്ച് 17, തദ്കിറ-ഇംഗ്ലീഷ്,ഭാ 344)

അദ്ദേഹം പറയുന്നു: "ഈ കുടുംബം ഒരു മുഗൾ കുടുംബമായിട്ടാണ് അറിയപ്പെട്ടുവന്നത്. എന്നാൽ, എല്ലാ യാഥാർത്ഥ്യങ്ങളും അറിയുന്നവനും അദൃശ്യജ്ഞാനമുള്ളവനുമായ അല്ലാഹു ആവർത്തിച്ചാവർത്തിച്ചു ഉറപ്പിച്ചു പറഞ്ഞു, എന്റെ കുടുംബം പേർഷ്യൻകുടുംബമാണെന്ന്. പേർഷ്യൻ വംശജൻ എന്ന നിലയിൽ ഞാൻ സംബോധന ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു.

"ഈ എല്ലാ വെളിപാടുകളും എന്റെ കുടുംബം മുഗൾകുടുംബമല്ലെന്നും പേർഷ്യൻ പരമ്പരയാണെന്നും വ്യക്തമാക്കുന്നു. എന്തു തെറ്റിദ്ധാരണ മൂലമാണ് എന്റെ കുടുംബം മുഗൾകുടുംബമായി അറിയപ്പെട്ടതെന്ന് എനിയ്ക്കറിയില്ല"(ഹഖീക്കത്തുൽ വഹ്യ്, ഭാ.76-77. അടിക്കുറിപ്പ്).

പേർഷ്യൻ വംശജനായ മിർസാ ഹാദീബേഗ് ബാബറോടൊപ്പമോ ബാബറെ പിന്തുടർന്നോ ഇന്ത്യയിൽ വന്നു. ഇതിനു കാരണമെന്താണെന്നറിയില്ല. കുടുംബകലഹമോ മറ്റെന്തെങ്കിലും പകർച്ചവ്യാധികളോ ആയിരിക്കാം! അദ്ദേഹത്തോടൊപ്പം 200ഓളം പേരുണ്ടായിരുന്നു. ബാബർ ചക്രവർത്തി അദ്ദേഹത്തോടു വളരെ ആദരം കാണിച്ചിരുന്നു. ബിയാസ് നദിക്ക് ഏഴുനാഴിക മാത്രം അകലെയുള്ള ഗ്രാമത്തിലാണ് അവർ തങ്ങിയത്. അവർ അതിനു ഇസ്ലാംപൂർ എന്നു പേരിട്ടു.

രാജകുടുംബാംഗമെന്ന നിലയിൽ നൂറുകണക്കിൽ ഗ്രാമങ്ങളടങ്ങിയ ഒരുപ്രദേശം ചക്രവർത്തി മിർസാ ഹാദിബേഗിനു ജാഗീറായി അനുവദിച്ചു. അദ്ദേഹത്തെ ആ പ്രദേശത്തെ ഖാസി ആയി നിശ്ചയിക്കുകയും ചെയ്തു.

ദില്ലിതലസ്ഥാനനഗരത്തിൽനിന്നു വളരെ അകലെയാണെങ്കിലും കുടുംബാംഗങ്ങൾ മുഗൾ ഭരണത്തിലെ അതിപ്രധാനമായ ഉദ്യോഗങ്ങൾ വഹിച്ചുപോന്നു. മുഗൾ ഭരണത്തിന്റെ തളർച്ചഘട്ടത്തിൽ വാഗ്ദത്ത മസീഹിന്റെ പ്രപിതാമഹനായിരുന്ന മിർസാ ഫൈസ് മുഹമ്മദ് പഞ്ചാബിൽ അന്നു ഉടലെടുത്ത വിപ്ലവത്തെ അടിച്ചമർത്തുകയും തുടർന്നു 1716ൽ ഫർറുഖ് സിയാർ ചക്രവർത്തി അദ്ദേഹത്തിനു 'ഹഫ്ത് ഹസാരി' സ്ഥാനം നൽകുകയും ചെയ്തു. 7000 പട്ടാളക്കാർ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സൈന്യത്തെ വെക്കാമെന്നതാണ് ഈ സ്ഥാനത്തിന്റെ പ്രത്യേകാധികാരം. ഫർറുഖ്സിയാരുടെ മരണംവരെ ഈ സ്ഥാനം ഈ രാജകുടുംബാഗങ്ങൾക്ക് മാത്രമെ നൽകപ്പെട്ടിരുന്നുള്ളു. ഇതിനു പുറമേ ചക്രവർത്തി

അദ്ദേഹത്തിനു 'അസദുദ്ദൗല' എന്ന ബഹുമതി സ്ഥാനംകൂടി നൽകുക യുണ്ടായി.

മിർസാ ഫൈസ് മുഹമ്മദിന്റെ ചരമത്തിനുശേഷം അദ്ദേഹത്തിന്റെ പുത്രനായ മിർസാ ഗുൽമുഹമ്മദും പഞ്ചാബിലെ വിഘടനശക്തികളു മായി പൊരുതുകയുണ്ടായി. ഷാ ആലം ആലംഗീർ മൂന്നാമന്റെ കാല ത്താണിത്. അന്നത്തെ കത്തെടപാടുകളിൽനിന്ന്, വരാൻ പോകുന്ന ആപ ത്തുകളെ കുറിച്ച് അദ്ദേഹം ദില്ലി പാദുഷമാർക്ക് തുടർച്ചയായി മുന്നറി യിപ്പ് നൽകികൊണ്ടിരുന്നതായി വെളിപ്പെടുന്നു. എന്നാൽ, അദ്ദേഹത്തിന്നു ദില്ലിയിൽനിന്നു വെറും വാക്കാലുള്ള ഉറപ്പുകൾ നൽകിയതല്ലാതെ ക്രിയാ ത്മകമായ പിന്തുണയൊന്നും ലഭിക്കുകയുണ്ടായില്ല. എങ്കിലും, സാമ്രാ ജ്യത്തിന്റെ അധികാരശക്തികൾ നിലനിർത്തുന്നതിനു അദ്ദേഹം നിസ്സ ഹായപരിതസ്ഥിതിയിലും ആവുന്നേടത്തോളം ഒറ്റയ്ക്ക് പൊരുതുകയാണ് ചെയ്തത്. മുഗൾഭരണം തകരുകയും ചെറുനാട്ടുരാജാക്കന്മാരുടെ കീഴി ൽ ചരിന്നഭിന്നമായിത്തീരുകയും ചെയ്തപ്പോൾ അറുപത് നാഴിക ചുറ്റള വിലുള്ള ഖാദിയാൻ പ്രദേശത്തിന്റെ സ്വാതന്ത്ര്യാധികാരം മിർസാ ഗുൽമു ഹമ്മദ് നിലനിർത്തുകയും ചെയ്തു.

മിർസാ ഗുൽമുഹമ്മദ് കരുത്തുറ്റ ഒരു ഭരണാധിപനായിരുന്നു. അദ്ദേഹം ഖാദിയാന്റെ ഭരണത്തലവനായി, ആയിരത്തോളം പട്ടാളക്കാര ടങ്ങിയ ഒരു സൈന്യം അദ്ദേഹത്തിനുണ്ടായിരുന്നു. എൺപത്തഞ്ച് ഗ്രാമ ങ്ങളുടെ അധിപനായ അദ്ദേഹം മൂന്ന് തോക്കുകൾ കൈവശം വച്ചു പോന്നു. മിർസാ ഗുൽമുഹമ്മദ് വളരെ സാത്വികനും ഉദാരനും ധർമ്മി ഷ്ഠനുമായിരുന്നു. നൂറുകണക്കിനു ആളുകൾ അദ്ദേഹത്തിന്റെ ആഹാര ത്തളികയെ ആശ്രയിച്ചു പോന്നു. ഏതാണ്ട് അഞ്ഞൂറോളം പേർക്ക് അദ്ദേഹം പെൻഷൻ നൽകികൊണ്ടിരുന്നു. ഒരു 'വലിയ്യ്'ആയി അറിയ പ്പെട്ട അദ്ദേഹത്തിന്റെ ചുറ്റു വിദ്യയും നന്മയും തേടി പണ്ഡിതന്മാരും ഭക്തന്മാരും ഒരുമിച്ചുകൂടി. അദ്ദേഹത്തിന്റെ വിശുദ്ധിയും ഭക്തിയും ധൈര്യവും ശൗര്യവും ഔദാര്യവും പരക്കെ അറിയപ്പെട്ടു. പ്രതിഭാശാ ലിയും ജ്ഞാനിയും ആയിരുന്ന മിർസാ ഗുൽമുഹമ്മദ് അസാമാന്യമായ മനക്കരുത്തിന്റെ ഉടമയായിരുന്നു. പകൽ അദ്ദേഹം ധീരനായ പടയാളിയും രാത്രി ഭക്തനായ ഒരാരാധകനുമായിട്ടാണ് കഴിഞ്ഞത്. ഖാദിയാനിലെ അക്കാലത്തെ ഭക്താന്തരീക്ഷം കാരണം ഖാദിയാൻ പ്രദേശത്തെ 'മക്ക'എന്നു വിളിച്ചു പോന്നിരുന്നു.

മുഗൾ ചക്രവർത്തിയുടെ ഒരു മന്ത്രിയായിരുന്ന ഗിയാസുദ്ദൗല ഒരി ക്കൽ ഖാദിയാൻ സന്ദർശിച്ചപ്പോൾ മീർസാ ഗുൽമുഹമ്മദിന്റെ ദർബാർ കണ്ടു അത്യധികം ആകൃഷ്ടനാവുകയും മുഗൾകുടുംബവുമായി ബന്ധ പ്പെട്ട അത്തരമൊരു ശ്രേഷ്ഠവ്യക്തി ഒരു വനപ്രദേശത്ത് ജീവിച്ചിരിക്കു ന്നുണ്ടെന്നു താൻ അറിഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തെ ദില്ലി സിംഹാസ നത്തിൽ ഇരുത്തി സാമ്രാജ്യത്തെ രക്ഷപ്പെടുത്താൻ താൻ നിശ്ചയമായും ശ്രമിക്കുമായിരുന്നുവെന്ന് കണ്ണീർ വാർത്തു കൊണ്ട് പ്രസ്താവിക്കയും

ചെയ്തതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അക്കാലങ്ങളിൽ ഇതൊന്നും അത്രയേറെ അസാദ്ധ്യമായ കാര്യമായിരുന്നില്ല. മഹാരാജ രൺജീത് സിംഗിന്റെ അധീനത്തിൽ ആദ്യത്തിൽ ഒമ്പത്ഗ്രാമങ്ങൾ മാത്രമേ ഉണ്ടാ യിരുന്നുള്ളു. കുറെ കാലംകൊണ്ട് അദ്ദേഹം പഞ്ചാബിന്റെ മുഴുവൻ ഭര ണാധിപനായിത്തീർന്നു. മുഗൾഭരണത്തെ സംബന്ധിച്ചിടത്തോളം അതിന്റെ നാശം വിധിയ്ക്കപ്പെട്ടു പോയതാണെന്നു കരുതുകയേ നിർവ്വാഹമുള്ളൂ!

മിർസാ ഗുൽമുഹമ്മദ് ചരമകാരണമായ രോഗത്തിൽ ശയ്യാവലം ബിതനായപ്പോൾ അദ്ദേഹത്തെ ചികിത്സിച്ച വൈദ്യശ്രേഷ്ഠൻ അല്പം മദ്യം കഴിക്കണമെന്നു വിധിച്ചെങ്കിലും അദ്ദേഹം അതു നിരാകരിക്കുകയും മരണത്തെ ആശ്ലേഷിക്കാൻ ധൈര്യപ്പെടുകയുമാണുണ്ടായത്. അത്തരം സന്ധിഗ്ധഘട്ടത്തിൽ ജീവരക്ഷയ്ക്ക് മദ്യം മരുന്ന് എന്നനിലയിൽ കഴി ക്കുന്നതു 'ശരീഅത്ത്' വിരോധിച്ചതല്ലെങ്കിലും വർജ്യമെന്നു ഖുർആൻ വിധിച്ച ഒരു വസ്തു തന്റെ ജീവൻ നിലനിർത്തുന്നതിനു തനിക്കാവശ്യ മില്ലെന്നു പറഞ്ഞുകൊണ്ടു തള്ളിക്കളയുകയാണദ്ദേഹം ചെയ്തത്. 1800ലാണ് മിർസാ ഗുൽമുഹമ്മദ് ചരമം പ്രാപിച്ചത്.

ഗുൽമുഹമ്മദിനെ തുടർന്നു അധികാരമേറ്റതു അദ്ദേഹത്തിന്റെ മക നായ മിർസാ അത്താമുഹമ്മദ് ആയിരുന്നു. അത്താമുഹമ്മദിന്റെ കാലത്ത് സിക്കുകാർ പഞ്ചാബിൽ ജയശാലികളായി. രാജ്യരക്ഷയ്ക്കായി സാധ്യ മായ എല്ലാ നടപടികളും സ്വീകരിച്ചെങ്കിലും ഓരോ ദിവസവും സിക്കു കാർ കൂടുതൽ കൂടുതൽ ഗ്രാമങ്ങളിലേക്ക് ആക്രമണം നടത്തിക്കൊണ്ടി രുന്നു. ചുറ്റുവട്ടത്തിലുള്ള മുസ്ലിംകൾക്കെല്ലാം ഏക ആശ്രയകേന്ദ്രം അന്നു ഖാദിയാനായിരുന്നു. ചുറ്റും 22 അടി പൊക്കത്തിലും 18 അടി വീതിയിലും മതിൽകെട്ടി പൊക്കിയിരുന്നതിനാൽ അന്ന് ഖാദിയാൻ ഒരു കോട്ടയുടെ രൂപത്തിൽ സുരക്ഷിതമായി നിലകൊണ്ടിരുന്നു. കോട്ടമതി ലിന് 4 ഗോപുരവാതിലുകളുണ്ടായിരുന്നു. ബട്ടാലി, പഹാഡി, മുറി, നംഗി എന്നിങ്ങനെ അവയ്ക്ക് പേരുകളും ഉണ്ടായിരുന്നു (ഖാദിയാൻ- ഹദ്റത്ത് മഹ്മൂദഹ്മദ് ഇർഫാനി). ഗോപുരവാതിലുകളിൽ തോക്കുധാരികളായ പട്ടാളക്കാർ കാവൽ നിന്നു പോന്നു, ഈ മതിലുകളും ഗോപുരങ്ങളുടെ അടയാളങ്ങളുമെല്ലാം പിന്നീട് ഇടിച്ചു നിരത്തപ്പെടുകയാണുണ്ടായത്.

1802ൽ സിക്കുകാരിൽപെട്ട റാംഗഡിയ എന്നൊരു വിഭാഗം ജസ്സാ സിംഗ് എന്ന സിക്കുനേതാവിന്റെ നേതൃത്വത്തിൽ ചതിപ്രയോഗം നടത്തി ഖാദിയാനിൽ പ്രവേശിക്കുകയും അതിനകത്ത് കൊള്ള നടത്തുകയും ചെയ്തു. അപ്രതീക്ഷിതമായ ഈ ആക്രമണത്തിൽ അവിടെയുള്ളവരെ യെല്ലാം അവർ ബന്ധസ്ഥരാക്കി. അക്രമികൾ മതിലുകൾ ഇടിച്ചു നിരപ്പാ ക്കി. അവർ പള്ളികൾ നശിപ്പിക്കുകയും ഒരു പള്ളി ഗുരുദ്വാര ആക്കി മാറ്റുകയും ചെയ്തു. തോട്ടങ്ങൾ വെട്ടി നശിപ്പിച്ചു. വിലപിടിച്ച ഗ്രന്ഥങ്ങ ളടങ്ങിയ ലൈബ്രറികൾ കത്തിച്ചു വെണ്ണീറാക്കി. ഖുർആന്റെ വിലപി ടിച്ച അഞ്ഞൂറോളം കൈയ്യെഴുത്തു പ്രതികൾ അതോടൊപ്പം ചാമ്പലാ

യി. നിരവധി പേർ നിഗ്രഹിക്കപ്പെട്ടു. മീർസാ അത്താമുഹമ്മദിനെയും കുടുംബക്കാരെയും അവർ തടവുകാരാക്കി. എങ്കിലും, അവരെ ദേഹോപദ്രവം ചെയ്യാൻ ധൈര്യപ്പെട്ടില്ല. എല്ലാവരോടും പുറത്തുപോകാൻ കൽപിച്ചു. മുഴുവൻ സ്ത്രീ പുരുഷൻമാരേയും കാളവണ്ടികളിലിരുത്തി ഗ്രാമത്തിൽ നിന്നു പുറത്തേക്കയച്ചു. അവർ പഞ്ചാബിലെ ഒരു നാട്ടുരാജ്യത്തിൽ (കപൂർത്തല)അഭയാർത്ഥികളായി താമസിക്കേണ്ടിവന്നു. ഒരു കൊടുംശീതമുള്ള രാത്രിയിലാണ് അവർ പുറത്താക്കപ്പെട്ടത്. തണുത്തുവിറച്ച നിലയിൽ അതീവ ഖിന്നതയോടെ അവർക്ക് സ്വന്തം ഗൃഹങ്ങൾ ഉപേക്ഷിച്ചു പോകേണ്ടിവന്നു. കപൂർത്തല മഹാരാജാവിന്റെ പൂർവ്വികനായ സർദാർ ഫതഹ് സിംഗ് അഹ്ലുവാലിയ അവർക്ക് ചില സഹായങ്ങൾ ചെയ്തുകൊടുത്തു. അവരുടെ വിഷമങ്ങൾ കണ്ടറിഞ്ഞു അദ്ദേഹം ഒരു തുക സഹായധനമായി അനുവദിക്കയുമുണ്ടായി. ആ തുക അവർക്കു കഷ്ടിച്ചു ജീവിക്കാൻപോലും തികയാത്തതായിരുന്നു. 16 കൊല്ലക്കാലം ആ കുടുംബത്തിന് ഇപ്രകാരം വിവാസനം അനുഭവപ്പെടുകയും അഭയാർത്ഥിജീവിതം നയിക്കേണ്ടിവരികയും ചെയ്തു. 1803 ൽ ജസ്സാസിംഗ് മരിച്ചപ്പോൾ അയാളുടെ അനന്തിരവനായ ദീവാൻസിംഗ് 15 കൊല്ലം ഖാദിയാന്റെ അധിപനായി വാണു. 1814ൽ മിർസാ അത്താമുഹമ്മദിനെ അവർ വിഷം കൊടുത്തു കൊന്നു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പിതാവായ ഹദ്റത്ത് മിർസാ ഗുലാം മുർതസാ സാഹിബ് പിതാവിന്റെ മൃതദേഹം കുടുംബശ്മശാനത്തിൽ മറവു ചെയ്യുന്നതിന് ഖാദിയാനിൽ കൊണ്ടുവന്നു. അങ്ങനെ ഖാദിയാനുമായുള്ള ബന്ധവും സ്വന്തുക്കളിന്മേലുള്ള അവകാശവും ഉറപ്പിക്കാൻ ശ്രമിച്ചു. സിക്കുകാർ ഇതിനെ എതിർക്കുകയുണ്ടായെങ്കിലും തദ്ദേശീയർ അവർക്കെതിരിൽ രോഷാകുലരാകുമെന്ന് കണ്ടപ്പോൾ അവർ വഴങ്ങുകയുണ്ടായി. (കിതാബുൽ ബരിയ്യാ, ലൈഫ് ഓഫ് അഹ്മദ്.)

പിന്നീട്, രൺജിത്സിംഗ് ചെറുനാട്ടുരാജാക്കന്മാരെയെല്ലാം തന്റെ ചൊൽപടിയിലാക്കി പഞ്ചാബിൽ ആധിപത്യം പുലർത്തി. 1818ൽ അദ്ദേഹം മിർസാ അത്താമുഹമ്മദിന്റെ മകനായ മിർസാഗുലാം മുർതസായെ ഖാദിയാനിൽ തിരിച്ചുപോരുന്നതിനു അനുവദിച്ചു. മിർസാഗുലാം മുർതസായും പരിവാരങ്ങളും സിക്ക് സൈന്യത്തിൽ ചേർന്നു. പല സ്ഥലങ്ങളിലും അവർ മികച്ച സേവനം അനുഷ്ഠിച്ചു. അവർ കശ്മീരിന്റെ അതിർത്തികളിൽ രക്ഷാപ്രവർത്തനത്തിന്റെ ചുമതല നിർവ്വഹിക്കുകയുണ്ടായി. 1819ലാണ് രൺജിത് സിംഗ് ഈ പ്രദേശം കൈവശപ്പെടുത്തിയത്. 1823ൽ പിശാവറും അദ്ദേഹം കീഴടക്കി.

രൺജിത്സിംഗിന്റെ കീഴിൽ മിലിറ്ററി സേവനം അനുഷ്ഠിക്കുമ്പോഴാണ് മിർസാ ഗുലാം മുർതസാ സാഹിബിന്റെ കഷ്ടാവസ്ഥക്ക് അല്പമൊരു പരിഹാരം കണ്ടെത്താൻ കഴിഞ്ഞത്. പിന്നീട്, കശ്മീരിൽ, അദ്ദേഹം ഗവർണ്ണർക്ക് തുല്യമായ ഒരു ഉയർന്ന പദവിയിൽ ഉപവിഷ്ടനായിരുന്നു.

ഹദ്റത്ത് ഗുലാം മുർതസാ സാഹിബിന്റെ കുലീനത്വവും ശ്രേഷ്ഠഗുണങ്ങളും ശൗര്യവീര്യങ്ങളും കണ്ടറിഞ്ഞ മഹാരാജാ രൺജിത്സിംഗ്

1834-35 കാലത്ത്, നഷ്ടപ്പെട്ട പൂർവ്വീകസ്വത്തുക്കളിൽ പെട്ട 5 ഗ്രാമങ്ങൾ അദ്ദേഹത്തിനു തിരിച്ചുകൊടുത്തു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)ന്റെ ജനനകാലമായിരുന്നു ഇത്. അങ്ങനെ, ആ പുണ്യ പുരുഷന്റെ ജന്മം ആ ശ്രേഷ്ഠകുടുംബത്തിന്റെ മോചനകാലമായി മാറി. ആദ്യത്തിൽ കുറെ കഷ്ടപ്പാടുകൾ അനുഭവപ്പെട്ടപ്പോൾ അദ്ദേഹം കൾമീ രിൽപോയി പാർക്കാൻ ആഗ്രഹിച്ചുവെങ്കിലും പിന്നീട്, അനുഗ്രഹങ്ങൾ വർഷിച്ചുതുടങ്ങി. വാഗ്ദത്ത മഹ്ദി ഇമാമിന്റെ പിറവിയോടെ പ്രകാശം പരക്കുകയും ഇരുട്ട് മറയുകയും ചെയ്തു. കുടുംബത്തിൽ കഷ്ടപ്പാടു കൾ അകന്നു മാറി. സംതൃപ്തിയുടെയും ആമോദത്തിന്റെയും നാളുകൾ വന്നെത്തി. മത സ്വാതന്ത്ര്യത്തിന്റെ കാറ്റടിച്ചു തുടങ്ങുകയുമായിരുന്നു!

സർ ലാപൽ ഗ്രിഫിൻ(Sir Lapel Griffin)കേണൽ മാസ്സി (Colonel Massy)എന്നിവർ തയ്യാറാക്കിയതും സർ ഹെന്റി ക്രെയിക്ക് (Sir Henry Craik)പുനഃപരിശോധന ചെയ്തതുമായ(1910)'പഞ്ചാബിലെ മുഖ്യന്മാർ' (Panjab Cheifs) എന്ന പുസ്തകത്തിൽ ഹദ്റത്ത് മീർസാ സാഹിബിന്റെ പൂർവ്വീകകുടുംബത്തെപറ്റി പറയുന്നത് ഇപ്രകാരമാണ്:

"1530ൽ ബാബറുടെ ഭരണത്തിന്റെ അവസാനവർഷം സമർഖന്തിലെ ഒരു മുഗൾ വംശക്കാരനായ മിർസാ ഹാദിബേഗ് പഞ്ചാബിൽ കുടിയേറി പാർക്കുകയും ഗുർദാസ്പൂരിൽ വാസമുറപ്പിക്കുകയും ചെയ്തു. അദ്ദേഹം ഒരു വലിയ വിജ്ഞാനകുതുകിയായിരുന്നു. അദ്ദേഹത്തെ ദൽഹി ചക്ര വർത്തി ഖാദിയാനു ചുറ്റുമുള്ള ഗ്രാമങ്ങളുടെമേൽ ഖാസി (മജിസ്ത്രേ ട്ട്)ആക്കി നിശ്ചയിക്കുകയുണ്ടായി. അദ്ദേഹം പണിതുയർത്തിയ നഗര ത്തിനു ഇസ്ലാംപൂർ എന്നു പേരിടുകയും പിന്നീടു അതു ഇസ്ലാംപൂർ ഖാസി എന്ന പേരിൽ പ്രസിദ്ധമാകയും ചെയ്തു. ക്രമേണ ഇസ്ലാംപൂർ ലോപിക്കുകയും ഖാസിയാൻ ഖാദിയാൻ ആയി മാറുകയുമാണുണ്ടായ ത്. പല തലമുറകളായി ഈ കുടുംബം മുഗൾഭരണാധികാരിയുടെ കീഴിൽ വിശ്വസ്തതമായ ഒട്ടനേകം ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കുകയും ഒട്ടേറെ ബഹുമാനാദരങ്ങൾക്ക് പാത്രീഭവിക്കുകയും ചെയ്തുപോന്നു".

ഗ്രന്ഥകർത്താക്കൾ പറയുന്നു: "അദ്ദേഹത്തിന്റെ മകൻ അത്താമുഹ മ്മദും ഖാദിയാന്റെ സമീപത്തുള്ള പ്രദേശങ്ങളിൽ വാഴ്ച നടത്തിപ്പോ ന്നിരുന്ന റാംഗഡിയ, കനഹായ എന്നീ 'മസലു'കളുമായി നിരന്തരമായ പോരാട്ടത്തിലായിരുന്നു. തന്റെ എല്ലാ എസ്റ്റേറ്റുകളും നഷ്ടപ്പെട്ട അത്താ മുഹമ്മദ് ഒടുവിൽ ബെഗൊവാളിൽ സർദാർ ഫത്ഹ്സിംഗ് അഹ്ലുവാ ലിയയുടെ (കപൂർത്തല മഹാരാജാവിന്റെ പൂർവ്വികൻ)സംരക്ഷണത്തിൽ പന്ത്രണ്ടുകൊല്ലക്കാലം കഴിഞ്ഞു പോന്നു. അദ്ദേഹം മരിച്ചപ്പോൾ, റാംഗ ഡിയ മസലിന്റെ എല്ലാ പ്രദേശങ്ങളും കൈയ്യടക്കിയ രൺജിത്സിംഗ് മിർസാം ഗുലാം മുർത്തസായെ ഖാദിയാനിലേക്ക് തിരിച്ചുവരാൻ ക്ഷണി ക്കുകയും അദ്ദേഹത്തിന് തന്റെ പൂർവ്വീകസ്വത്തിന്റെ വലിയ ഭാഗം മടക്കി കൊടുക്കുകയും ചെയ്തു.

"ഇതിനുശേഷം അദ്ദേഹവും (ഗുലാം മുർതസാ സാഹിബും) സഹോദരന്മാരും മഹാരാജാവിന്റെ സൈന്യത്തിൽ ചേരുകയും കശ്മീർ അതിർത്തിയിലും മറ്റു സ്ഥലങ്ങളിലും മികച്ച സേവനങ്ങൾ കാഴ്ചവെക്കുകയും ഉണ്ടായി."

മഹാരാജാ രൺജിത്സിംഗ് 1839ൽ മരിച്ചതോടെ സിക്ക് പ്രതാപം അസ്തമിക്കുകയും സിക്ക് ഭരണകൂടം ഛിന്നഭിന്നമാകയും ചെയ്തു. ഇംഗ്ലീഷുകാരും സിക്കുകാരും തമ്മിൽ രണ്ടു യുദ്ധങ്ങളുണ്ടായി. 1845–46ലും 1848–49ലും അതോടെ സിക്കുകാർ ഇംഗ്ലീഷുകാർക്ക് അടിയറവു പറഞ്ഞു.

ഇതിനിടയിൽ സിക്കുകാർ മിർസാ ഗുലാം മുർതസാ സാഹിബിനെയും അദ്ദേഹത്തിന്റെ ജ്യേഷ്ഠനായ ഗുലാം മുഹ്യുദ്ദീനെയും കൊല്ലുവാൻ പ്ലാനിട്ടു. ഖാദിയാന്നു അടുത്തുള്ള ബസ്റാവാൻ എന്ന ഗ്രാമത്തിൽ അവരെ തടവിലാക്കിയിരുന്നു. എന്നാൽ ഇളയ അനുജനായ മിർസാ ഗുലാം ഹൈദർ അവരെ അത്ഭുതകരമായി രക്ഷപ്പെടുത്തി.

പഞ്ചാബിൽ സമാധാനം പാലിക്കുന്ന കാര്യത്തിൽ ഖാദിയാനിലെ മിർസാ കുടുംബം ഇംഗ്ലീഷുകാരെ സഹായിച്ചു. 1857ലെ മഹാലഹളകാലത്ത് അതു അമർച്ച ചെയ്യാൻ മിർസാ ഗുലാം മുർതസാ സാഹിബ് പട്ടാളത്തെ സംഘടിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മകനായ മിർസാഗുലാം ഖാദിർ ജനറൽ നിക്കൾസന്റെ കീഴിൽ സൈനികസേവനം അനുഷ്ഠിച്ചു. ഗുലാം ഖാദിറിന്നു ജനറൽ നിക്കൾസൻ ഇതു സംബന്ധിച്ചു ഒരു പ്രമാണപത്രം നൽകുകയുണ്ടായി. 1849ൽ ലാഹൗർ ഫിനാൻഷ്യൽ കമ്മീഷണർ ആയിരുന്ന ജെ.എം.വിൽസനും 1859ൽ ലാഹൗർ കമ്മീഷണർ ആയിരുന്ന റോബർട്ട് കസ്റ്റും(Robert Cust)അവരുടെ സേവനങ്ങളെ ആദരിച്ചിട്ടുണ്ട്. 1876ൽ പഞ്ചാബ് ഫിനാൻഷ്യൽ കമ്മീഷണർ സർ റോബർട്ട് എഗർടൺ (Sir Robert Egerton)മിർസാഗുലാം ഖാദിറിന് എഴുതിയ കത്തിൽ പിതാവ് മിർസാഗുലാം മുർതസാസാഹിബിന്റെ ചരമത്തിൽ അനുശോചനം അറിയിച്ചിരുന്നു.

മുഗൾപ്രതാപത്തിന്റെ നിലനില്പിനുവേണ്ടി എരിപൊരികൊണ്ടിരുന്ന ഖാദിയാനിലെ ഭരണകർത്താക്കൾ ബ്രിട്ടീഷ് ഗവൺമെന്റിനു അവിടെ വൈദേശികഭരണം ഉറപ്പിക്കാൻ സഹായം നൽകുമെന്ന് പ്രതീക്ഷിച്ചു കൂടാത്തതായിരുന്നു. എന്തെന്നാൽ, അവർ ദില്ലിയിലെ ഭരണകൂടവുമായി ബന്ധപ്പെട്ടവരായിരുന്നു. എന്നാൽ, മുഗൾസാമ്രാജ്യത്തിനുനേരെയുള്ള ഭീഷണികളെകുറിച്ചു തങ്ങൾ നിരന്തരം ഉണർത്തികൊണ്ടിരുന്നിട്ടും അതു ശ്രദ്ധിക്കാൻ കൂട്ടാക്കാതിരുന്നപ്പോൾ ദില്ലി രാജാക്കന്മാരിൽ യാതൊരാശയും അർപ്പിക്കിനാവില്ലെന്ന് അവർ കണ്ടു. 1857ലെ മഹാലഹള കാലത്തു സിക്കുകാരും ഗൂർഖകളും ബ്രിട്ടീഷുകാരെ സഹായിക്കുകയായിരുന്നു. തെക്കു നൈസാമും വടക്ക് സിന്ധ്യയും വേറെ പല നാട്ടുരാജാക്കന്മാരും ബ്രിട്ടീഷുകാരുടെ ഭാഗത്ത് അണിനിരന്നിരുന്നു. ഒടുവിലത്തെ മുഗൾ ചക്രവർത്തിയായിരുന്ന ബഹദൂർഷാ "ദുർബ്ബലനായ ഒരു വൃദ്ധൻ" ആയി

അറിയപ്പെട്ടു. പഞ്ചാബിലാകട്ടെ, സിക്കുകാരുടെ കിരാതഭരണത്തിൽ മുസ്ലിംകൾ വീർപ്പുമുട്ടുകയായിരുന്നു. സിക്കുഭരണകർത്താക്കൾ മുസ്ലിംകൾക്ക് മതാനുഷ്ഠാന സ്വാതന്ത്ര്യം നിഷേധിക്കുകയും ബാങ്കു മുഴക്കുന്നതു പോലും നിരോധിക്കുകയും ചെയ്തിരുന്നു. മുസ്ലിംസ്ത്രീകളെ സിക്കുകാർ പരസ്യമായി ബലാൽക്കാരം ചെയ്യുന്നതു മുസ്ലിംകൾക്ക് നോക്കി നിൽക്കേണ്ടിവന്നിരുന്നു എന്നു പറഞ്ഞാൽ അന്നത്തെ നിയമസമാധാനത്തകർച്ച ഊഹിക്കാവുന്നതേയുള്ളൂ. ഈ സാഹചര്യത്തിൽ രക്ഷയും ശാന്തിയും നീതിയും ഉറപ്പു നൽകിയ ബ്രിട്ടീഷുകാരെ ജനങ്ങൾ സ്വാഗതം ചെയ്യാൻ സന്നദ്ധരായെങ്കിൽ അത്ഭുതമായിരുന്നില്ല. നീതിയും ഉദാരമായ പെരുമാറ്റവും പരിപൂർണ്ണമായ മതസ്വാതന്ത്ര്യവും കാഴ്ചവെച്ച വിദേശികളായ മുസ്ലിംഭരണകർത്താക്കളെ സിറിയയിലെ ക്രിസ്ത്യാനികൾ പണ്ട് ബൈസാന്തിയരായ ക്രിസ്തീയഭരണാധികാരികൾക്കെതിരിൽ സ്വാഗതം ചെയ്ത കഥ ഇവിടെ സ്മരണീയമാണ്. നീതിയും സഹിഷ്ണുതയും സ്വാതന്ത്ര്യവും ഉറപ്പു വരുത്തിയ മുസ്ലിംകൾ സിറിയ വിട്ടുപോകേണ്ടിവന്നപ്പോൾ ക്രിസ്ത്യാനികൾ വാവിട്ടു വിലപിക്കുകയും സ്വന്തം മതക്കാരായ കിഴക്കൻ റോമക്കാർക്കെതിരിൽ വിജയശ്രീലാളിതരായി തിരിച്ചുവരാൻ പ്രാർത്ഥിക്കുകയുമുണ്ടായി.* ഇവിടെയിതാ, നീതിയും മതസ്വാതന്ത്ര്യവും ഉറപ്പുവരുത്തിയ ക്രിസ്ത്യാനികളുടെ ഇംഗ്ലീഷുഭരണത്തിന് പിന്തുണ നൽകികൊണ്ട് പഞ്ചാബിലെ മുസ്ലിംകൾ, മീർസാകുടുംബം, മുസ്ലിം ലോകചരിത്രത്തിലെ' ഏറ്റവും വലിയ പ്രത്യുപകാര നന്ദി പ്രകടനം നിർവ്വഹിച്ചിരിക്കുന്നു. ഇംഗ്ലീഷുകാരെ സഹായിച്ച ഹദ്റത്ത് മിർസാ സാഹിബിന്റെ പൂർവ്വീക കുടുംബം സങ്കുചിതദേശീയത്ക്കെതിരിൽ മാനുഷീകമൂല്യങ്ങളെ വിലമതിക്കുകയായിരുന്നു!

രണശൂരതയും വിശ്വസ്ഥതയും വിശാലമനസ്കതയും മറ്റുത്തമോത്തമഗുണങ്ങളും ഒത്തിണങ്ങിയ മിർസാകുടുംബക്കാരിൽ ബ്രിട്ടീഷുകാർ തങ്ങളുടെ മിത്രങ്ങളെ കണ്ടെത്തി. പഞ്ചാബ് സംസ്ഥാനത്തെ ബ്രിട്ടീഷ്കാർ തങ്ങളുടെ സാമ്രാജ്യത്തോടു കൂട്ടിചേർത്തപ്പോൾ ഖാദിയാനിലെ മിർസാ ഗുലാം മുർത്തസാ സാഹിബിന്റെ കുടുംബജാഗീറുകൾ അവർക്കു തന്നെ തിരിച്ചു നൽകി. ഇംഗ്ലീഷുകാർ ഇതിനകം ഇന്ത്യയിൽ തങ്ങളുടെ ആധിപത്യവും മേധാബലവും ഉറപ്പിച്ചു കഴിഞ്ഞിരുന്നു. ലോകത്തെങ്ങും സാമ്രാജ്യത്വ മുന്നേറ്റം ദൃശ്യമായ ആ കാലഘട്ടത്തിൽ പാശ്ചാത്യശക്തികൾക്കെതിരെ പൊരുതുന്നതു ആത്മഹത്യാപരമാണെന്നു തെളിഞ്ഞുകഴിഞ്ഞുമത്രെ! ഇംഗ്ലീഷുകാർക്കെതിരെ പൊരുതിയ ടിപ്പുസുൽത്താൻ വഞ്ചിക്കപ്പെടുകയാണുണ്ടായത്. ഇംഗ്ലീഷുകാരല്ലെങ്കിൽ ഇംഗ്ലീഷുകാരേക്കാൾ നിർദ്ദാക്ഷിണ്യം പെരുമാറുന്ന മറ്റൊരു പാശ്ചാത്യകോയ്മ ഇന്ത്യയെ കീഴടക്കുമായിരുന്നു.* ഇംഗ്ലീഷുകാരാകട്ടെ, അവരിൽ നിന്നെല്ലാം വ്യത്യസ്തരായ ഒരു ഉൽകൃഷ്ടജനതയായിരുന്നു താനും. കാലഘട്ടത്തിലെ ഏറ്റവും വലിയൊരു ദേശീയവാദിയെ ഉദ്ധരിക്കുകയാണെങ്കിൽ, "ഇംഗ്ലീഷുകാർ

*Preaching Of Islam-T.W.Arnold, P-61

മികച്ചൊരു ജനതയാണ്.... അവരുടെ സൽഗുണങ്ങളെ ഒരിക്കലും മറക്കാൻ പാടില്ല, അവുടെ ചാപല്യങ്ങൾ ഇന്ത്യയിൽ എത്രയും പ്രകടമായ ഈ കാലഘട്ടത്തിൽ പോലും"(നെഹ്റു-വിശ്വചരിത്രാവലോകം, 1932.ഭാ-134).

മിർസാ ഗുലാം മുർതസാ സാഹിബ് ഒരു വലിയ പ്രതാപിയും പ്രഭാവശാലിയും ആയിരുന്നു. അദ്ദേഹം പേരെടുത്ത ഭിഷഗ്വരനും ഒരു കവിയും ആയിരുന്നു. ബ്രിട്ടീഷുകാരുമായി സ്നേഹം പുലർത്തിയെങ്കിലും ഒരിക്കലും അവർക്ക് തലകുനിക്കുവാൻ തയ്യാറായിരുന്നില്ല. അദ്ദേഹം ലാഹൗർ കമ്മീഷണർ സർ റോബർട്ട് കസ്റ്റിനെ ഒരിക്കൽ കാണാൻ പോയി. സംഭാഷണമദ്ധ്യേ ശ്രീഗോവിന്ദപുരവും ഖാദിയാനും തമ്മിലുള്ള അകലം എത്രയുണ്ടാകുമെന്ന് കമ്മീഷണർ അല്പം അധികാരഗരിമയോടെ ചോദിച്ചപ്പോൾ 'അതു അളന്നു പറയാൻ ഞാൻ തന്റെ പണിക്കാരനല്ല' എന്നു തട്ടുത്തരം പറഞ്ഞുകൊണ്ടു എണീറ്റു സ്ഥലം വിടാൻ ഭാവിച്ചു. കമ്മീഷണർ കസ്റ്റ് ഉടൻ തന്റെ തെറ്റു മനസ്സിലാക്കി, ക്ഷമായാചനം ചെയ്തു. അദ്ദേഹത്തിന്റെ സ്വാതന്ത്ര്യബോധവും അന്തസ്സുറ്റ പെരുമാറ്റവും അധ്യഷ്യതയും ആ ബ്രിട്ടീഷ് അധികാരിയെ അത്യധികം ആകർഷിച്ചിരുന്നു.

*നെഹ്റു പറയുന്നു:" മഹാരാഷ്ട്രരും മൈസൂരിൽ ടിപ്പുസുൽത്താനും പഞ്ചാബിൽ സിക്കുകാരും കുറച്ചുകാലത്തേക്ക് ബ്രിട്ടീഷുകാരെ തടഞ്ഞുനിർത്തി. എങ്കിലും അവർക്ക് ഏറെക്കാലം ചെറുത്തുനിൽക്കാൻ സാധിച്ചില്ല. കൂടുതൽ നല്ല ആയുധങ്ങളും കൂടുതൽ നല്ല ഘടനയുമാണ് ബ്രിട്ടീഷുകാരുടേത്. പോരെങ്കിൽ വമ്പിച്ച സമുദ്രശക്തിയും. തോൽപ്പിച്ചാലും-തോൽവി അവർക്ക് സാധാരണമായിരുന്നു അവരെ നീക്കം ചെയ്ക സാധ്യമായിരുന്നില്ല" (വിശ്വചരിത്രാവലോകം, ഭാ-559).

"വീണ്ടും, ഇന്ത്യയ്ക്ക് കഷ്ടപ്പെടേണ്ടിവന്നതിൽ അതിനാൽ ആശ്ചര്യമില്ല....ബ്രിട്ടീഷുകാർ.....ആ സമയത്ത് ഇവിടെ എത്തിയില്ലായിരുന്നുവെങ്കിൽ ഒരു പക്ഷെ അത് വേറെ ചിലരാവുമായിരുന്നു എന്നു മാത്രം. അതിനാൽ ബ്രിട്ടീഷുകാരെ നാം ആക്ഷേപിക്കേണ്ടതില്ല", ഭാ-586).

4- ജനനവും കുട്ടിക്കാലവും

ഹദ്റത്ത് അഹ്മദ്(അ) 1835 ഫെബ്രുവരി 13-ാം തിയ്യതി വെള്ളിയാഴ്ച പ്രഭാതത്തിലാണ് ജനിച്ചത്.പിതാവിന്റെ പേർ മിർസാ ഗുലാം മുർതസാ എന്നും മാതാവിന്റെ പേർ ചിറാഗ് ബീബി എന്നുമാണ്. വാഗ്ദത്ത മഹ്ദി(അ) യുഗ്മജനായിരിക്കുമെന്ന ഒരു പ്രവചനമനുസരിച്ച് (ഫുസൂസുൽഹിക്കം-ഇബ്നു അറബി) അദ്ദേഹത്തോടൊപ്പം ജാതയായ ജന്നത്ത് ബീബി ശൈശവത്തിൽ തന്നെ മരിച്ചുപോയി. മാതാപിതാക്കൾ തങ്ങളുടെ ഈ പ്രിയ സുതന്ഗുലാം അഹ്മദ് എന്ന് നാമകരണം ചെയ്തപ്പോൾ രണ്ടായിരം കൊല്ലം മുമ്പ് ഈസാനബി (അ)ദീർഘദർശനം ചെയ്ത അഹ്മദ് എന്ന പ്രവാചകനായിത്തീരും ഈ കുട്ടിയെന്നു അവർ അറഞ്ഞിരുന്നതേയില്ല!

കുട്ടിക്കാലം മുതൽക്കേ ഹദ്റത്ത് അഹ്മദ് വളരെ പരിശുദ്ധമായ ജീവിതമാണ് നയിച്ചുപോന്നത്. മറ്റു കുട്ടികളെപോലെ വികൃതിത്തരങ്ങൾ കാട്ടുവാനോ കോലാഹലങ്ങൾ കൂട്ടുവാനോ ഈ കുട്ടി മുതിരുമായിരുന്നില്ല. ജീവിതത്തെ താൻ ഗൗരവമായാണ് വീക്ഷിക്കുന്നതെന്ന മട്ടിൽ ചെറുപ്പം മുതൽക്കേ നേരംപോക്കുകളിൽ നിന്നെല്ലാമകന്നും കളിതമാശകളിൽ നിന്നെല്ലാം ഒഴിഞ്ഞും കാര്യഗൗരവത്തോടെയാണ് പെരുമാറിപോന്നത്.

ഹദ്റത്ത് അഹ്മദിന്റെ മാതാവ് ഹോശിയാർപൂർ ജില്ലയിൽ സ്വപിതൃഗൃഹം സ്ഥിതിചെയ്തിരുന്ന അയിമ എന്ന സ്ഥലത്ത് അദ്ദേഹത്തെ ചെറുപ്പത്തിൽ കൂട്ടിക്കൊണ്ടുപോവുക പതിവായിരുന്നു. അവിടെയുള്ള ഒരു അരുവിയിൽ മറ്റു കുട്ടികളോടൊപ്പം ചിലപ്പോൾ അദ്ദേഹവും കളിക്കും. കൊച്ചുബാലനായിരിക്കുമ്പോൾ തന്നെ അനിതരസാധാരണമായ ദൈവഭക്തി പ്രകടിപ്പിച്ചുപോന്നിരുന്നു. തന്റെ കളിക്കൂട്ടായ ഒരു പെൺകുട്ടിയോട്-ഇവരെയാണ് പിന്നീട് അദ്ദേഹം വിവാഹം ചെയ്തത്.-തനിക്ക് നമസ്ക്കാരശീലമുണ്ടാകുന്നതിന് പ്രാർത്ഥിക്കണേ എന്ന് ഹദ്റത്ത് അഹ്മദ് അപേക്ഷിക്കാറുണ്ടായിരുന്നതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

സിഖുകാരുടെ ഭരണകാലമായിരുന്നു; പഠനപാഠനങ്ങൾക്കുള്ള യാതൊരു സൗകര്യവും അക്കാലങ്ങളിൽ ഉണ്ടായിരുന്നില്ല. അജ്ഞതയുടെ വിളയാട്ടമായിരുന്നു എങ്ങും. വിദ്യാഭ്യാസവിഷയത്തിൽ ജനങ്ങൾ

ഔൽസുക്യം കാണിക്കുകയോ സിക്കു ഭരണാധികാരികൾ വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കാൻ എന്തെങ്കിലും ചെയ്യുകയോ ചെയ്തിരുന്നില്ല. കോളേജുകളോ സ്കൂളുകളോ പള്ളിക്കൂടങ്ങൾ പോലുമോ എവിടെയും കാൺമാൻ തരപ്പെടുകയില്ലായിരുന്നു.

ഹദ്റത്ത് അഹ്മദ് (അ)ഒരു ഉയർന്ന പ്രഭുകുടുംബത്തിലെ ഒരംഗമായിരുന്നതിനാൽ ആറോ ഏഴോ വയസ്സ് പ്രായമായിരുന്നപ്പോൾ തന്നെ പിതാവ് അദ്ദേഹത്തെ അക്ഷരമഭ്യസിപ്പിക്കാനായി ഫസൽ ഇലാഹി എന്നു പേരായ ഒരു ഉസ്താദിനെ നിയോഗിച്ചു. ഇദ്ദേഹം ഹദ്റത്ത് അഹ്മദിന്നു വിശുദ്ധഖുർആനും പാർസി പ്രാഥമികപുസ്തകങ്ങളും പഠിപ്പിച്ചു. പത്തു വയസ്സായപ്പോൾ ഫസൽ അഹ്മദ് എന്നു പേരായ വേറൊരു അദ്ധ്യാപകൻ അദ്ദേഹത്തെ അറബി വ്യാകരണം പഠിപ്പിച്ചു. ഗുൽ അലീഷാ എന്നൊരു ഉസ്താദാണ് അദ്ദേഹത്തെ കൂടുതൽ അറബി വ്യാകരണങ്ങളും തർക്കശാസ്ത്രം, വൈദ്യം മുതലായവയും പഠിപ്പിച്ചത്. ഇദ്ദേഹത്തിന്റെ കീഴിൽ പഠിക്കുന്നതിന്നു ബട്ടാലയിൽ ചെന്നു താമസിക്കാറുമുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദിന്റെ പിതാവ് ഒരു പ്രമുഖ വൈദ്യപണ്ഡിതനായിരുന്നതിനാൽ പിതാവിന്റെ കീഴിൽ നിന്നും അദ്ദേഹം കൂടുതൽ വൈദ്യവിദ്യകൾ വശത്താക്കി. പിതാവിന്റെ വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ മിക്കതും പിന്നീടദ്ദേഹം പാരായണം ചെയ്യുകയും വൈദ്യശാസ്ത്രത്തിൽ നല്ല പരിജ്ഞാനം നേടുകയും ചെയ്തു.

ആദ്യകാലത്ത് അദ്ദേഹത്തെ പഠിപ്പിച്ച ഉസ്താദൻമാരായ ഫസൽ ഇലാഹി, ഫസൽ അഹ്മദ്, ഗുൽഅലിഷാ എന്നിവർ ഇസ്ലാമിലെ മൂന്നു പ്രധാന കക്ഷികളിൽപെട്ട പണ്ഡിതൻമാരായിരുന്നു. മൗലവി ഫസൽ ഇലാഹി ഒരു ഹനഫിയും, മൗലവി ഫസൽ അഹ്മദ് അഹ്ലെ ഹദീസ് കക്ഷിയിൽപെട്ട ആളും, മൗലവി ഗുൽഅലീഷാ ഷിയാകക്ഷിക്കാരനും ആയിരുന്നു. ഇങ്ങനെ, ഇസ്ലാമിലെ മൂന്നു പ്രധാന കക്ഷികളിൽപെട്ട ഉസ്താദൻമാരുമായി അടുത്തു ബന്ധപ്പെടുവാൻ ഇടയായതു നിമിത്തം വിവിധ ഇസ്ലാമിക വിഭാഗക്കാരുടെ വിശ്വാസാചാരങ്ങളെക്കുറിച്ചുള്ള ഒരേകദേശജ്ഞാനം നേടുന്നതിന്നു അദ്ദേഹത്തിന്നു അവസരം ലഭിച്ചു. ഇസ്ലാമിലെ ഭിന്ന കക്ഷികളെയെല്ലാം ഏകീകരിക്കുകയും വിഭിന്നകക്ഷിക്കാർക്കിടയിൽ "നീതിമാനായ വിധികർത്താവ്" ആയി വിരാജിക്കുകയും ചെയ്യേണ്ട ഭാവി 'മഹ്ദി ഇമാ'മിന്നു ഇങ്ങനെ മൂന്നു കക്ഷികളിൽപെട്ട ഉസ്താദൻമാരെ ലഭിച്ചതിൽ ദൈവീകമായ ഒരു കൈ പ്രവർത്തിച്ചതായി തന്നെ കരുതേണ്ടിയിരിക്കുന്നു.

കളിവിനോദങ്ങളിലൊന്നും ഹദ്റത്ത് അഹ്മദിന്നു വലിയ പ്രതിപത്തി ഉണ്ടായിരുന്നില്ല. എങ്കിലും, വ്യായാമത്തിൽ അദ്ദേഹം വിമുഖനായിരുന്നുമില്ല. നീന്തൽ അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു. ഒരിക്കൽ, ഒരാറ്റിൽ മുങ്ങിപ്പോകാറായപ്പോൾ ആകസ്മികമായി എത്തിപ്പെട്ട ഒരു അജ്ഞാതവൃദ്ധൻ അദ്ദേഹത്തെ രക്ഷപ്പെടുത്തി. ചെറുപ്പത്തിൽ ഖാദിയാനിലെ കുളങ്ങളിൽ നീന്തിക്കളിക്കാറുണ്ടായിരുന്നു. കുതിരസവാരിയും



ഹദ്റത്തുൽ അഹ്മദുൽ ഖാദിയാനിയുടെ ഭവനം

അദ്ദേഹത്തിന്ന് ഇഷ്ടമായിരുന്നു. ചെറുപ്പത്തിൽ തന്നെ അതിൽ പ്രത്യേകപാടവം നേടുകയും ചെയ്തിരുന്നു. സവാരിചെയ്തുകൊണ്ടിരിക്കെ ഒരിക്കൽ കുതിര വിരണ്ടോടുകയും ഒരു മരത്തിൽ ചെന്നിടിച്ചു ചത്തുപോകയുമുണ്ടായി. എന്നാൽ, ഹദ്റത്ത് അഹ്മദ് അപായമൊന്നും ഏൽക്കാതെ രക്ഷപ്പെടുകയാണ് ചെയ്തത്. സിയാൽക്കോട്ടു ആയിരുന്നപ്പോൾ സ്നേഹിതൻമാരോടൊപ്പം ഒരു ഓട്ടപ്പന്തയത്തിൽ അദ്ദേഹം പങ്കെടുക്കുകയും ബല്ലാസിംഗ് എന്നൊരു സിക്കുകാരനെ തോല്പിച്ചു ഒന്നാം സ്ഥാനം നേടുകയും ചെയ്തതായി മൗലാനാ സയ്യിദ് മീർഹസൻ സിയാൽകോട്ടി നിവേദനം ചെയ്തിട്ടുണ്ട്. ഹദ്റത്ത് അഹ്മദിന്നു ഏറ്റവും പ്രിയംകരമായ വ്യായാമം പക്ഷെ, നടത്തമായിരുന്നു. നാഴികകളോളം അതി വേഗത്തിൽ നടക്കുക അദ്ദേഹത്തിന്റെ ശീലമായിരുന്നു. ഈ വ്യായാമമാകട്ടെ ജീവിതാന്ത്യംവരെ തുടർന്നുപോന്നിട്ടുമുണ്ട്.

ഏതാണ്ടു പതിനാറുവയസ്സായപ്പോൾ തന്റെ മാതുലപുത്രിയായ ഹുർമത്ത് ബീബിയുമായുള്ള വിവാഹം നടന്നു. ഈ വിവാഹത്തിൽ മീർസാ സുൽത്താൻ അഹ്മദ്, മീർസാ ഫസ്ൽ അഹ്മദ് എന്നീ രണ്ടു പുത്രൻമാരുണ്ടായി.

ഹദ്റത്ത് അഹ്മദ് വലിയ ലജ്ജാശീലനും ശാന്തനുമായിരുന്നു. വിവാഹത്തിന്നുശേഷവും ഈ പ്രകൃതത്തിന്നു മാറ്റമൊന്നും വന്നില്ല. ഖാദിയാന്നു അടുത്തു താമസിച്ചിരുന്ന ഒരു ഹിന്ദുമാന്യൻ ഇപ്രകാരം പറയുന്നു: ഞാൻ മീർസാസാഹിബിനെക്കാൾ 20 വയസ്സ് മൂത്തവനാണ്. വലിയ മീർസാ സാഹിബിന്റെ (മീർസാ ഗുലാം മുർത്തസാ സാഹിബിന്റെ) അടുക്കൽ ഞാൻ പലപ്പോഴും പോകാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ പ്രമുഖരായ ആളുകളോ ഉയർന്ന ഉദ്യോഗസ്ഥൻമാരോ വന്നാൽ കുശലങ്ങൾ അന്വേഷിക്കുന്ന കൂട്ടത്തിൽ ഈ രണ്ടാമത്തെ പുത്രനെപറ്റിയും അവർ ചോദിക്കും, 'മിർസാ സാഹിബ്! നിങ്ങളുടെ മൂത്ത മകനെ ഞങ്ങൾ പരിചയിച്ചിട്ടുണ്ട്. ഇളയ മകനെ ഇതുവരെയും കണ്ടില്ലല്ലോ!' അപ്പോൾ അദ്ദേഹം പറയും: 'അതെ, ഗുലാം ഖാദിറിന്റെ ഇളതാണവൻ. എപ്പോഴും ഏകാന്ത ശാന്തനായിട്ടാണ് കഴിഞ്ഞുകൂടുന്നത്!' എന്നിട്ട്, അദ്ദേഹം മിർസാ സാഹിബിനെ ആളയച്ചു വരുത്തും. പതുക്കെ പതുക്കെ നടന്നുവന്നു പിതാവിന്റെ പിന്നിൽ അല്പം അകലെ നമ്രമുഖനായി ചെന്നിരിക്കും. ചിലപ്പോൾ ഇടതുകൈകൊണ്ടു വാ പൊത്തിയിരിക്കും. ഒന്നും ഉരിയാടുകയോ ആരുടെയെങ്കിലും മുഖത്തുനോക്കുകയോ ചെയ്യില്ല. അപ്പോൾ വലിയ മീർസാ സാഹിബ് പറയും, 'ശരി! ഇപ്പോൾ നിങ്ങളെല്ലാം ഈ നവോഢയെ കണ്ടല്ലൊ!'

"എന്റെ ഈ മകൻ ഒരു മൊല്ലയാണ്! ജോലിയും ചെയ്യില്ല, സമ്പാദിക്കയുമില്ല", പിതാവ് പരാതിപ്പെടും. പിന്നെ ചിരിച്ചുകൊണ്ടു മകനെ നോക്കിപറയും! 'ചെല്ല്! ഏതെങ്കിലും പള്ളിയിലെ മുക്രിയായി നിശ്ചയിക്കാം. പത്തു മന്നു ധാന്യം പുരയ്ക്കെത്തിക്കൊള്ളും!'

കുടുംബത്തിലെ മറ്റംഗങ്ങളിൽനിന്നും സമവയസ്കരിൽ നിന്നുമെല്ലാം തികച്ചും വ്യത്യസ്തനായി ഹദ്റത്ത് അഹ്മദ് അദമ്യമായ ജ്ഞാനദാഹം പ്രകടിപ്പിച്ചുപോന്നു. പഠന പാരായണങ്ങളിൽ അദ്ദേഹം നിലീനനായിരുന്നു. അധിക സമയവും പള്ളിയിൽ ധ്യാനനിഷ്ഠനായും സ്വപിതാവിന്റെ ഗ്രന്ഥശാലയിൽ പാരായണനിരതനായും കാണപ്പെട്ടിരുന്നതിനാൽ അദ്ദേഹത്തിന്റെ ആരോഗ്യത്തെക്കുറിച്ചു പിതാവ് ഉത്ക്കണ്ഠപ്പെടാതിരുന്നില്ല. പലപ്പോഴും ശാസിക്കേണ്ടിവരികയും ചെയ്തിട്ടുണ്ട്. ഈ വായനക്കമ്പത്തിൽനിന്ന് പുത്രനെ വ്യതിചലിപ്പിച്ച് മറ്റെന്തെങ്കിലും തൊഴിലിൽ ഏർപ്പെടുത്താൻ പിതാവ് വ്യഗ്രതപ്പെട്ടു. ഹദ്റത്ത് അഹ്മദിന്റെ പഠനമുറിയിൽ പുസ്തകങ്ങൾ കുമിഞ്ഞുകൂടിക്കിടക്കുമായിരുന്നു.

ഹദ്റത്ത് അഹ്മദ്(അ) തന്നെ ഒരിടത്ത് ഇപ്രകാരം പറയുന്നു: "അക്കാലത്ത് ബാഹ്യലോകം മുഴുവനും മറന്നുപോകുമാറ് ഞാൻ ഗ്രന്ഥപാരായണത്തിൽ മുഴുകിപ്പോകാറുണ്ടായിരുന്നു. വായന കുറക്കണമെന്നു പിതാവ് പലപ്പോഴും ഉപദേശിച്ചു. എന്റെ ആരോഗ്യത്തെ കുറിച്ചുള്ള ഉൽക്കണ്ഠയായിരുന്നു അതിന്നു കാരണം."

ജഗ്ഡാസിംഗ് എന്നുപേരായ ഒരു സിക്കുകാരൻ ഇപ്രകാരം പറയുന്നു: "മീർസാ സാഹിബിന്റെ അടുക്കൽ ചെല്ലുമ്പോഴെല്ലാം നാലുഭാഗവും കുമിഞ്ഞുകൂടിയ പുസ്തകങ്ങളുടെ മദ്ധ്യത്തിൽ വായനയിൽ ലയിച്ച നിലയിലാണ് ഞാനദ്ദേഹത്തെ കണ്ടിരുന്നത്."

എന്നാൽ നമ്മുടെ ചരിത്രപുരുഷൻ അധികസമയത്തും പാരായണം ചെയ്തിരുന്നത് വിശുദ്ധ ഖുർആനല്ലാതെ മറ്റൊന്നുമല്ല. എപ്പോഴും ഖുർആൻ ഓതുന്ന നിലയിലാണ് തങ്ങൾ അദ്ദേഹത്തെ കണ്ടതെന്നു പലരും നിവേദനം ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ കയ്യിൽ ഏതവസരവും ഖുർആന്റെ ഒരു പ്രതി ഉണ്ടായിരിക്കുമെന്നും, അതിൽ അടയാളപ്പെടുത്തുകയും ചിന്താഭദ്രമായി അതു ഉരുവിട്ടുകൊണ്ടിരിക്കുകയും ചെയ്ക അദ്ദേഹത്തിന്റെ പതിവായിരുന്നുവെന്നും, ഒരു പതിനായിരം കുറി ഖുർആൻ ഓതിയിട്ടുണ്ടാവുമെന്നു തനിയ്ക്കുറപ്പിച്ചു പറയാനാവുമെന്നും മൂത്ത പുത്രനായ ഹദ്റത്ത് മിർസാ സുൽത്താൻ അഹ്മദ് (റ)പ്രസ്താവിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആന്നു പുറമെ ബുഖാരി ശരീഫ്, ചില സൂഫിവര്യൻമാരുടെ ഗ്രന്ഥങ്ങൾ ഇവയായിരുന്നു അദ്ദേഹം മിക്കപ്പോഴും വായിച്ചുകൊണ്ടിരുന്നത്.

5- പുതിയ ചുമതലകളും ഉദ്യോഗവും.

1849ൽ പഞ്ചാബ് ബ്രിട്ടീഷുകാരുടെ അധീനത്തിലായി. ബ്രിട്ടീഷുകാരുടെ ഭരണം ഉറപ്പിക്കപ്പെട്ടതോടെ ഹദ്റത്ത് അഹ്മദിന്റെ പിതാവിനു തന്റെ സ്വത്തുക്കളിൽ അധികഭാഗവും നഷ്ടപ്പെട്ടു. അവയെല്ലാം ഗവൺമെന്റു പിടിച്ചടക്കുകയാണ് ചെയ്തത്. ഒടുവിൽ, ഖാദിയാനും പരിസരഗ്രാമങ്ങളും മാത്രം അദ്ദേഹത്തിന്റെ അധീനത്തിൽ അവശേഷിച്ചു. ഈ നഷ്ടപ്പെട്ട സ്വത്തുക്കൾ വീണ്ടെടുക്കാനാണ് പിന്നെ ജീവിതകാലമത്രയും അദ്ദേഹം യത്നിച്ചുപോന്നത്. അദ്ദേഹം വ്യവഹാരങ്ങളിൽ ഏർപ്പെടുകയും ധാരാളം പണം അതിനായി ചെലവഴിക്കുകയും ചെയ്തു. സ്വത്തുക്കൾ വീണ്ടെടുക്കാൻ മാത്രം 70,000ക.യോളം തന്റെ പിതാവ് ചെലവഴിക്കുകയുണ്ടായെന്നു ഹദ്റത്ത് അഹ്മദ് (അ) തന്നെ ഒരിടത്ത് പ്രസ്താവിച്ചിട്ടുണ്ട്.

താൻ തുടങ്ങിവെച്ച പ്രവർത്തി തുടർന്നു നടത്തുകയും കുടുംബത്തിന്റെ യശസ്സു വീണ്ടെടുക്കുകയും ചെയ്യുന്നതിന്നു തന്റെ ഈ രണ്ടാമത്തെ മകനെ ചുമതലപ്പെടുത്തണമെന്നതായിരുന്നു മിർസാ ഗുലാം മുർതസാ സാഹിബിന്റെ ആഗ്രഹം. ഹദ്റത്ത് അഹ്മദിന്റെ അഭിലാഷങ്ങളും അഭിനിവേശങ്ങളുമാകട്ടെ, തികച്ചും വ്യത്യസ്തവുമായിരുന്നു. സമ്പത്തോ സ്ഥാനമാനങ്ങളോ കീർത്തിയോ പ്രതാപമോ ഒന്നും അദ്ദേഹം ആശിച്ചില്ല. ആരാലും അറിയപ്പെടാതെ, ആരെയും അലട്ടാതെ ഏകാന്തശാന്തവും ധ്യാനനിരതവുമായ ഒരു ഗുപ്ത ജീവിതം നയിക്കാൻ തന്നെ വിട്ടേയ്ക്കണമെന്നതായിരുന്നു ആ യുവഭക്തന്റെ ഒരേ ഒരപേക്ഷ!

എങ്കിലും, നിയതിയുടെ നിർബന്ധം മറ്റൊന്നായിരുന്നു. പിതാവിന്റെ ഇംഗിതവും ഹിതവും അനുവർത്തിക്കാൻ അദ്ദേഹം ബാദ്ധ്യസ്ഥനാണല്ലൊ. തന്റെ പൂർണ്ണമായ ഇഷ്ടത്തിനൊത്തിട്ടല്ലെങ്കിലും പിതാവ് ഏല്പിച്ച ചുമതലകൾ അദ്ദേഹം ഏറ്റെടുക്കാതിരുന്നില്ല. വ്യവഹാരങ്ങൾ നടത്തുവാനും കൃഷികാര്യങ്ങൾ മേൽനോട്ടം ചെയ്യാനും അങ്ങനെ അദ്ദേഹം നിർബന്ധിതനായിത്തീർന്നു. ഈ ആവശ്യാർത്ഥം അദ്ദേഹത്തിന്ന് പലപ്പോഴും ലാഹൗർ, ഡെൽഹൗസി തുടങ്ങിയ സ്ഥലങ്ങളിൽ യാത്രചെയ്യേണ്ടിയും വന്നിട്ടുണ്ട്.

ധാരാളം കേസ്സുകൾ നടത്താനുണ്ടായിരുന്നു. വ്യവഹാരങ്ങളുമായി ബന്ധപ്പെടുന്നവർ സാധാരണ സത്യസന്ധതയ്ക്ക് വലിയ വില കല്പി

ക്കാറില്ല. കുതന്ത്രവും കുയുക്തിയും ചതിയും കള്ളത്തരവും കൊണ്ടാണ് വിജയം നേടാൻ അധികമാളുകളും ശ്രമിക്കാറുള്ളത്. കോടതികളുമായി ബന്ധപ്പെട്ടു ലോകത്തിന്റെ ശരിയായൊരു ചിത്രം അദ്ദേഹം നോക്കിക്കാണണമെന്നതു ദൈവിക നിശ്ചയമായിരുന്നു. ലൗകികമായ നേട്ടങ്ങൾക്കു വേണ്ടി മനുഷ്യർ മുഖം കുത്തി വീഴുന്നതും വഞ്ചനയും കള്ളത്തരവും പ്രവർത്തിക്കുന്നതും അദ്ദേഹത്തിനു നേരിട്ടു കണ്ടറിയാൻ കഴിഞ്ഞു. എത്ര കണ്ട് ഇവയുമായി അടുക്കേണ്ടിവന്നുവോ അത്രഅധികം ഈ കെട്ടുപാടുകളോടു അദ്ദേഹത്തിനു വിരക്തി തോന്നുകയാണുണ്ടായത്.

ഒരു പ്രധാന കേസ്സ് ആവശ്യാർത്ഥം ഹദ്റത്ത് അഹ്മദ് ലാഹൗറിൽ താമസിക്കുകയായിരുന്നപ്പോൾ നടന്ന ഒരു സംഭവം തന്റെ പുതിയ ചുമതലകളോട് അദ്ദേഹത്തിന് എത്രമാത്രം അനിഷ്ടമുണ്ടായിരുന്നുവെന്ന് തെളിയിക്കുന്നുണ്ട്. അവിടെ അദ്ദേഹം സയ്യിദ് മുഹമ്മദ് അലിഷാ എന്ന ഒരു മാന്യന്റെ വീട്ടിലാണ് താമസിച്ചിരുന്നത്. മുഹമ്മദ് അലിഷാ തന്റെ ഭൃത്യൻ മുഖേന ഹദ്റത്ത് അഹ്മദിന് കോടതിയിലേക്ക് ആഹാരം കൊടുത്തയക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ടായിരുന്നു. ഒരിക്കൽ താൻ വീട്ടിൽവെച്ച് ആഹാരം കഴിച്ചുകൊള്ളാമെന്ന് പറഞ്ഞു അദ്ദേഹം ഭൃത്യനെ വിലക്കി. കുറച്ചു കഴിഞ്ഞപ്പോൾ പ്രസന്നവദനനായി വീട്ടിലേക്ക് തിരിക്കുകയും ചെയ്തു. "കേസ്സ് ജയിച്ചുവോ?" എന്നന്വേഷിച്ചപ്പോൾ "കേസ്സ് തോറ്റിരിക്കുന്നു" എന്നത്രേ ചിരിച്ചുകൊണ്ട് മറുപടി നൽകിയത്! വലിയ കേസ്സുകളിൽ പരാജയം നേരിടുമ്പോൾ സാധാരണ ആളുകൾക്ക് വലുതായ ദു:ഖവും നിരാശയുമാണ് ഉണ്ടാകാറുള്ളത്. പിതാവിന്നു വലിയ സാമ്പത്തിക നഷ്ടവും കുടുംബത്തിന് ദുർഭാഗ്യവും വരുത്തിവയ്ക്കുന്നതായിട്ടും ഈ തോൽവിയിൽ നമ്മുടെ ചരിത്രപുരുഷൻ ദു:ഖിക്കുകയല്ല ചെയ്തത്. പിതാവ് ഏല്പിച്ച കടമ താൻ നിറവേറ്റിയെന്ന ആശ്വാസവും തനിയ്ക്കിനി സ്വൈര്യമായി ദൈവസ്മരണയിലും പഠനങ്ങളിലും വ്യാപൃതനാകാമെന്ന ആഹ്ളാദവും ആണ് അദ്ദേഹം പ്രകടിപ്പിച്ചത്.

ഹദ്റത്ത് അഹ്മദിന് ഇരുപത്തഞ്ചോ മുപ്പതോ വയസ്സായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പിതാവും കുടിയാൻമാരും തമ്മിൽ മരംമുറി സംബന്ധിച്ച ഒരു കേസ്സുണ്ടായി. മരം ജന്മിയുടെ സ്വത്താണെന്നും കുടിയാൻമാർക്ക് അതിൽ അവകാശമില്ലെന്നുമായിരുന്നു പിതാവിന്റെ നിലപാട്. കുടിയാൻമാർക്കെതിരായുള്ള ഈ കേസ്സ് നടത്തുന്നതിന് പിതാവ് ഹദ്റത്ത് അഹ്മദിനെ രണ്ട് സാക്ഷികളോടൊപ്പം ഗുർദാസ്പൂരിലേക്കയച്ചു. വഴിയിൽ ഒരിടത്തു വെച്ച് ഹദ്റത്ത് അഹ്മദ് സാക്ഷികളോടായി ഇപ്രകാരം പറഞ്ഞു. "ബാപ്പ വെറുതെയാണ് ഇതിലൊക്കെ തലയിട്ടു വിഷമിക്കുന്നത്. എന്റെ പക്കൽ ഈ മരങ്ങളും കൃഷിയെപ്പോലെ തന്നെയാണ്. ഇവരൊക്കെ പാവങ്ങളല്ലേ? മരം വെട്ടിയെടുക്കുന്നതിൽ എന്താണ് തെറ്റ്? ഏതായാലും മരം നമ്മുടേത് മാത്രമാണെന്ന് കോടതിയിൽ പറയാൻ ഞാൻ തയ്യാറില്ല, നമുക്കും അതിലവകാശമുണ്ടെന്ന് മാത്രമേയുള്ളൂ." കുടിയാൻമാർക്ക് ഹദ്റത്ത് അഹ്മദിന്റെ നിലപാട് നല്ലപോലെ അറിയാമായി

രുന്നു. മജിസ്ത്രേട്ട് ചോദ്യം ചെയ്തപ്പോൾ, മിർസാ സാഹിബ് തന്നെ യാഥാർത്ഥ വസ്തുത പറയുമെന്ന് അവർ ബോധിപ്പിച്ചു. "എന്റെ പക്കൽ വൃക്ഷങ്ങളും കൃഷിയെപ്പോലെ തന്നെയാണ്. കൃഷിയിൽ ഞങ്ങൾക്കു ള്ളതുപ്പോലുള്ള അവകാശം മരങ്ങളുടെ കാര്യത്തിലും ഉണ്ട്" എന്നദ്ദേഹം കോടതിയിൽ മൊഴികൊടുക്കുകയും ചെയ്തു. ഇതനുസരിച്ച് കുടി യാൻമാർക്കനുകൂലമായി വിധിയുണ്ടായി. ഖാദിയാനിൽ തിരിച്ചെത്തിയ പ്പോൾ സംഭവമറിഞ്ഞ് പിതാവ് വളരെയധികം കോപിച്ചു.

മറ്റൊരിക്കൽ കുടുംബസ്വത്തിൽപെട്ട ഭൂമിയിൽ വീടുണ്ടാക്കിയതിന് ഒരു ഹിന്ദുവിനെതിരായി തന്റെ മകൻ സുൽത്താൻ അഹ്മദ് കൊടുത്ത ഒരു കേസ്സിൽ ഹദ്റത്ത് അഹ്മദ് ഒരു സാക്ഷിയായിരുന്നു. തന്റെ സാക്ഷി മൊഴി മകനും തനിക്കുതന്നെയും വമ്പിച്ച നഷ്ടമുണ്ടാക്കുന്നതായിരിക്കു മെന്നറിഞ്ഞിട്ടും ഒരു പ്രത്യേക കാര്യത്തിൽ അദ്ദേഹം സത്യവസ്തുത കോടതിയിൽ തുറന്നു പറഞ്ഞു. അങ്ങനെ പറഞ്ഞാൽ കേസ്സ് തോൽക്കു മെന്ന് വക്കീൽ നേരത്തെ മുന്നറിയിപ്പ് നൽകിയിട്ടുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദിന്റെ മൊഴി ഉപയോഗപ്പെടുത്തി പ്രതിഭാഗം വിജയം നേടുകയും ചെയ്തു.

വ്യവഹാരപരമായ കർത്തവ്യങ്ങളിൽ ഏർപ്പെട്ടുകൊണ്ട് ഇപ്രകാരം സമയം തള്ളിനീക്കേണ്ടി വന്നുവെങ്കിലും ദൈവത്തോടുള്ള കടമ നിർവ ഹിക്കുന്ന കാര്യത്തിൽ ആ പുണ്യാത്മാവ് കടുകളവ് വീഴ്ച വരുത്തിയി ല്ല. കേസ്സ് നടന്നുകൊണ്ടിരിക്കെതന്നെ നമസ്കാര സമയമടുത്താൽ അതു നിർവഹിക്കുന്നതിന് അദ്ദേഹം ബദ്ധപ്പെടുമായിരുന്നു. കോടതിയിൽ അദ്ദേ ഹത്തിന്റെ പേര് വിളിക്കുമ്പോൾ പലപ്പോഴും അദ്ദേഹം പ്രാർത്ഥന അനു ഷ്ഠിക്കുകയായിരിക്കും. നമസ്കാരം നടന്നുകൊണ്ടിരിക്കേ കോടതി അദ്ദേ ഹത്തിന് അനുകൂലമായി വിധി പറഞ്ഞ സംഭവങ്ങളുമുണ്ടായിട്ടുണ്ട്.

സിയാൽകോട്ട് കച്ചേരിയിൽ

പുത്രനെ ഒരു സർക്കാർ ജോലിയിൽ ഇരുത്തണമെന്ന് പിതാവിന് ഉൽക്കടമായ ആഗ്രഹമുണ്ടായിരുന്നു. ഭൗതികമായ യാതൊരു അഭിവൃദ്ധി മോഹവുമില്ലാതെ തന്റെ പുത്രൻ ഖുർആനും ഹദീസുമായി കഴിഞ്ഞുകൂ ടുന്നതിൽ പിതാവ് വളരെ മനസ്താപപ്പെട്ടു. ഒരു ജോലി കരസ്ഥമാക്കേ ണ്ടതിനെപ്പറ്റി പല തവണ ഉണർത്തുകയുണ്ടയായെങ്കിലും പുത്രന്റെ അനിഷ്ടം കാരണം പിതാവ് നിർബന്ധബുദ്ധി കാണിക്കുകയുണ്ടായില്ല. ഒരിക്കൽ മിർസാ ഗുലാംമുർതസാ സാഹിബിന് സുപരിചിതനായ ഒരു ഉയർന്ന ബ്രിട്ടീഷ് ഓഫീസർ ഗുർദാസ് പൂർ സന്ദർശിച്ചപ്പോൾ അതൊരു സുവർണ്ണാവസരമാണെന്ന് കരുതി നല്ലൊരു ഉദ്യോഗം വാങ്ങിക്കൊടു ക്കാമെന്ന ആഗ്രഹത്തോടെ പുത്രനെ വിവരമറിയിച്ചു. ആത്മീയ വിജ്ഞാ നത്തിന്റെ പാരവാരത്തിൽ നീന്തിത്തുടിച്ചു മനുഷ്യവർഗ്ഗത്തിന് സംഭാ വന ചെയ്യാനായി അമൂല്യങ്ങളായ തത്ത്വമുത്തുകൾ മുങ്ങിത്തപ്പുകയായി രുന്ന ആ യുവഭക്തൻ ആയവസരത്തിൽ മറുപടി നല്കിയത് "ഞാൻ ഏർപ്പെടേണ്ട ജോലിയിൽ ഏർപ്പെട്ടു കഴിഞ്ഞിരിക്കുന്നു" എന്നായിരുന്നു!



സിയാൽകോട്ടു കച്ചേരിയിൽ ജോലിചെയ്യുമ്പോൾ താമസിച്ചിരുന്ന വീട്

പിതാവിന്റെ ഹൃദയം പിന്നെയും നൊന്തുപിടച്ചു. പുത്രന്റെ ഭാവി യെക്കുറിച്ച് അദ്ദേഹത്തിന് ഉൽക്കണ്ഠ വർദ്ധിക്കുകയായി. മകനെ ഒരു ഉദ്യോഗത്തിലിരുത്താനുള്ള ശ്രമങ്ങൾ അദ്ദേഹം ഉപേക്ഷിച്ചില്ല. ഇഷ്ടപ്പെ ട്ടില്ലെങ്കിലും ഒരു സർക്കാർ ജോലിയുമായി ഹദ്റത്ത് അഹ്മദ് ബന്ധപ്പെ ടണമെന്നത് ദൈവിഹിതമായിരുന്നിരിക്കാം. പിതാവിന്റെ വാൽസല്യനിർഭര മായ നിർബന്ധത്തിന് വഴങ്ങി ഒടുവിൽ 1863ൽ സിയാൽകോട്ട് കച്ചേരിയിൽ അദ്ദേഹം ഒരു ഗുമസ്ത ജോലിയിൽ ഏർപ്പെടുകയും ഏതാനും കൊല്ലം പ്രസ്തുത ഉദ്യോഗത്തിലിരിക്കുകയും ചെയ്തു.

ഉദ്യോഗകാലത്ത് മേലധികാരികളുടെ പൂർണ്ണമായ തൃപ്തിയും സ്നേ ഹവും അദ്ദേഹം ആർജ്ജിക്കുകയുണ്ടായി. മേലുദ്യോഗസ്ഥൻമാരുമായി മതപരമായ സംവാദങ്ങളിലേർപ്പെടാൻ അദ്ദേഹം മടിച്ചിരുന്നില്ല. ഇസ്ലാം മതസിദ്ധാന്തങ്ങളെ കടുത്ത നിലയിൽ വിമർശിച്ചു പോന്ന പണ്ഡിറ്റ് സഹജ്റാം എന്നുപേരായ ഒരു മേലുദ്യോഗസ്ഥൻ അക്കൂട്ടത്തിലൊരാളാ യിരുന്നു. ഔദ്യോഗികഭാവിയെ അപകടത്തിലാക്കുമെന്നതിനാൽ മേലുദ്യോ ഗസ്ഥൻമാരുമായി തർക്കിക്കാൻ നില്ക്കരുതെന്ന് സുഹൃത്തുക്കളും കൂട്ടു കാരും ഉപദേശിച്ചുപോന്നുവെങ്കിലും ഹദ്റത്ത് അഹ്മദ് അത്തരം ഉപദേ ശങ്ങൾ ഒട്ടും ഗൗനിച്ചിരുന്നില്ല.

സിയാൽകോട്ട് ഉദ്യോഗവുമായി കഴിയുകയായിരുന്നപ്പോൾ അദ്ദേഹം സാധുക്കളെയും അഗതികളെയും പല വിധേനയും സഹായിച്ചുപോന്നു. ഇക്കാരണത്താൽ ശമ്പളമായി കിട്ടിവന്ന വരുമാനം ചെലവിന് തികയാതെ വന്നു. തൻമൂലം, പിതാവ് മാസംതോറും കൂടുതൽ പണം അയച്ചുകൊടു ക്കേണ്ടി വന്നിരുന്നു.

ഒരിക്കൽ തന്റെ സ്ഥിതിയെ കുറിച്ച് അന്വേഷിച്ച ഒരാളോട് അദ്ദേഹം പറഞ്ഞത് "എനിക്കിവിടം ജയിലായി തോന്നുന്നു" എന്നായിരുന്നു. "സമൂ ഹത്തിൽ ഒറ്റപ്പെട്ടും ആൾക്കൂട്ടത്തിൽ ഏകാന്തനായും" ആണ് താനവിടെ കഴിച്ചുകൂട്ടിയതെന്ന് ഹസ്രത്ത് അഹ്മദ് (അ) പിന്നീടൊരിക്കൽ പ്രസ്താ വിക്കുകയുണ്ടായി.

ഓഫീസ് ജോലി കഴിഞ്ഞാൽ അദ്ദേഹം തന്റെ വാടക മുറിയിൽ ഏകാന്തനായി കഴിഞ്ഞുകൂടുക പതിവായിരുന്നു. ഒരിക്കൽ അദ്ദേഹം അങ്ങനെ വാതിലടച്ചു ചെയ്യുന്നതെന്തെന്നറിയാൻ ചിലർക്കു കൗതുകം തോന്നി. ആ മഹാത്മാവ്, ഒരു പരവതാനിയിലിരുന്നു ഖുർആൻ നിവർത്തി പ്പിടിച്ചുകൊണ്ട് ഖുർആനിക ജ്ഞാനത്തിന് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടി രിക്കുന്ന കാഴ്ചകണ്ടു അവരെല്ലാം ആശ്ചര്യപ്പെടുകയും അദ്ദേഹത്തിൽ അത്യധികം ആകൃഷ്ടരായിത്തീരുകയും ചെയ്തു. അദ്ദേഹം ഇരിക്കു മ്പോഴും നിൽക്കുമ്പോഴും നടക്കുമ്പോഴും ഖുർആൻ ഓതികൊണ്ടിരി ക്കാറുണ്ടായിരുന്നുവെന്നും ഭക്തിപാരവശ്യം നിമിത്തം ഓതുമ്പോൾ കരയാ റുണ്ടായിരുന്നുവെന്നും സിയാൽകോട്ട് താമസക്കാലത്ത് ഹദ്റത്ത് അഹ്മ ദുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരുന്ന ആളും ഡോ. ഇഖ്ബാലിന്റെ

ഗുരുഭൂതരുമായിരുന്ന മൗലാനാ മീർഹസൻ സാഹിബ് സിയാൽകോട്ടി നിവേദനം ചെയ്തിട്ടുണ്ട്.

അക്കാലത്ത് ഹദ്റത്ത് അഹ്മദുമായി അടുത്ത ബന്ധം പുലർത്തി പോന്നിരുന്ന മൗലവി സിറാജുദ്ദീൻ അഹ്മദ്* ഇപ്രകാരം പറയുകയുണ്ടായി: "മിർസാ ഗുലാം അഹ്മദ് സാഹിബ്, യൗവനകാലത്ത് തന്നെ തികഞ്ഞ 'സാലിഹും' 'മുത്തഖി'യും ആയ ഒരു ബഹുമാന്യ വ്യക്തി ആയിരുന്നു. ഉദ്യോഗ സംബന്ധമായ ജോലി കഴിഞ്ഞാൽ മുഴുവൻ സമയവും മതകാര്യങ്ങളിലാണ് അദ്ദേഹം വിനിയോഗിച്ചിരുന്നത്." (സമിന്ദാർ 11-2-1908)

ഹദ്റത്ത് അഹ്മദ് സിയാൽകോട്ട് കച്ചേരിയിൽ ഉദ്യോഗം വഹിച്ചു കൊണ്ടിരിക്കെ മുഹമ്മദ് സാലിഹ് എന്നുപേരായ ഒരു അറബി നഗരത്തിൽ വരികയുണ്ടായി. അയാൾ ഒരു ചാരനാണെന്ന സംശയത്തിൻമേൽ അഭിമുഖ സംഭാഷണത്തിനായി ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കപ്പെട്ടു. ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട് മി. പ്രിൻക്കൻസന്നു അറബി ഭാഷ അറിഞ്ഞുകൂടാതിരുന്നതിനാൽ ഹദ്റത്ത് അഹ്മദിനെയാണ് ദ്വിഭാഷിയായി നിശ്ചയിച്ചിരുന്നത്. അദ്ദേഹമാകട്ടെ, ആ കർത്തവ്യം സസന്തോഷം നിർവ്വഹിക്കുകയും ചെയ്തു.

ക്ലാർക്കുമാർക്കുവേണ്ടി ഏർപ്പെടുത്തിയിരുന്ന സായാഹ്ന ഇംഗ്ലീഷ് ക്ലാസ്സുകളിൽ ഹദ്റത്ത് അഹ്മദ് പങ്കെടുക്കുകയും ഇംഗ്ലീഷ് പ്രാഥമിക പാഠങ്ങൾ പഠിക്കുകയും ചെയ്തിരുന്നു. ഇംഗ്ലീഷ് വാക്കുകൾ കഷ്ടിച്ച് വായിക്കാൻ കഴിഞ്ഞിരുന്നുവെങ്കിലും പിന്നീട് ഈ പഠനം തുടരാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല.

പഞ്ചാബ് യൂണിവേർസിറ്റി സ്ഥാപിച്ചു തുടങ്ങിയ കാലമായിരുന്നു അത്. യൂണിവേർസിറ്റിയിൽ ഒരു അറബിക് പ്രഫസറെ ആവശ്യമുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദിന്റെ അറബി പാണ്ഡിത്യത്തെ അംഗീകരിച്ച് ആ ഉദ്യോഗം അദ്ദേഹത്തിന് നല്കാൻ ഇടയുണ്ടെന്നും ഒരപേക്ഷ അയ്ക്കുന്നത് നന്നായിരിക്കുമെന്നും സയ്യിദ് മീർഹസൻ സാഹിബ് സിയാൽകോട്ടി അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ, ഹദ്റത്ത് അഹ്മദ് അതിൽ ഒട്ടും താല്പര്യം കാണിച്ചില്ല.

വിദ്യാവിഹീനരായ ധാരാളം ആളുകൾ വ്യവഹാരങ്ങളിൽ കുടുങ്ങി വഞ്ചിതരാകുകയും കഷ്ടനഷ്ടങ്ങളനുഭവിക്കേണ്ടി വരികയും ചെയ്യുന്നത് അദ്ദേഹം തന്റെ ഉദ്യോഗകാലത്ത് നേരിട്ടു കണ്ടറിഞ്ഞു. യാതൊരു സഹായവും ചെയ്യാൻ തനിക്ക് സാധിക്കാത്തതിൽ അദ്ദേഹം കുണ്ഠിതപ്പെടുകയും ചെയ്തു. അത്തരക്കാരെ സഹായിക്കാൻ കഴിയുന്നതിന് നിയമം പഠിച്ച് വക്കീലാകണമെന്ന് ചിലപ്പോൾ അദ്ദേഹത്തിന് തോന്നാതിരുന്നില്ല. അങ്ങനെ 'മുഖ്ത്താർ' പരീക്ഷയ്ക്ക് തയ്യാറെടുക്കുകയുമുണ്ടായി. എന്നാൽ, പിന്നീട് ഈ ആലോചനയും ഉപേക്ഷിക്കുകയാണ് ചെയ്ത്.

* 'സമീന്ദാർ' പത്രത്തിന്റെ സ്ഥാപകനായ ഇദ്ദേഹം മൗലവി സഫറലീഖാന്റെ പിതാവാണ്.

ക്രിസ്ത്യൻ മിഷനറിമാർ

സിയാൽകോട്ടെ ഔദ്യോഗിക ജീവിതക്കാലത്താണ് ഹദ്റത്ത് അഹ്മദ് (അ) ആദ്യമായി ചില ക്രിസ്തീയ മിഷനറിമാരുമായി പരിചയപ്പെടാനിടയായത്. മതകാര്യങ്ങളിൽ അതീവ തല്പരനായിരുന്ന അദ്ദേഹം പലപ്പോഴും അവരുമായി ആശയവിനിമയം നടത്താറുണ്ടായിരുന്നു. കൃസ്തുമതത്തിൽ കൂടി മാത്രമേ മനുഷ്യന് രക്ഷകിട്ടുകയുള്ളൂ എന്നു ഒരു പാതിരി ഒരിക്കൽ പറഞ്ഞപ്പോൾ 'രക്ഷ' എന്ന വാക്കിന്റെ നിർവ്വചനം എന്താണെന്ന് ഹദ്റത്ത് അഹ്മദ് തിരിച്ച് ചോദിച്ചു. തനിക്ക് തർക്കശാസ്ത്രം അറിയില്ലെന്ന് പറഞ്ഞ് ആ പാതിരി ഒഴിഞ്ഞു മാറുകയാണ് ചെയ്തത്.

അക്കാലത്ത് ഹദ്റത്ത് അഹ്മദ്(അ)സുഹൃൽബന്ധം പുലർത്തിയ ഒരു സ്കോച്ച് മിഷണറിയായിരുന്നു റവ:ബട്ലർ എം.എ.പലതവണ അദ്ദേഹവുമായി വിവാദം നടത്തിയിട്ടുണ്ട്. യേശു പിതൃബന്ധം കൂടാതെ ജനിച്ചതിനാൽ ആദമിന്റെ പാപം യേശുവിൽ സംക്രമിച്ചിട്ടില്ലെന്നും പാപരഹിതനായ ജനിച്ച ആൾ യേശു മാത്രമാണെന്നും റവ:ബട്ലർ ഒരിക്കൽ പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ മർയമിൽ മുമ്പുതന്നെ പാപം സംക്രമിച്ച് കഴിഞ്ഞിട്ടുണ്ടെന്നും കൂടാതെ ആദം സ്വർഗ്ഗത്തിൽനിന്ന് പുറത്താക്കപ്പെടുന്നതിനിടയായ പാപം ചെയ്യാൻ പ്രേരിപ്പിച്ചത് ഹവ്വയായിരുന്നതിനാൽ അവരുടെ വിശ്വാസ പ്രകാരം യേശു മാതാവില്ലാതെയും ജനിച്ചെങ്കിൽ മാത്രമേ ക്രിസ്തീയ വിശ്വാസപ്രകാരം പാപരഹിതനായിരിക്കാൻ വഴിയുള്ളൂവെന്നും ഹദ്റത്ത് അഹ്മദ് (അ)തിരിച്ചടിച്ചപ്പോൾ മിഷണറി നിശ്ശബ്ദനായി.

ഹദ്റത്ത് അഹ്മദിന്റെ കുലീനമായ പെരുമാറ്റവും ജ്ഞാനം തുളുമ്പുന്ന സംസാരവും റവ:ബട്ലറെ അത്യധികം ആകർഷിച്ചു. കച്ചേരി വിടുന്നതിനു അല്പം മുമ്പായി അദ്ദേഹം ഹദ്റത്ത് അഹ്മദിന്റെ അടുക്കൽവരികയും സംസാരിച്ചുകൊണ്ട് വീട്ടിലോളം അനുഗമിക്കുകയും ചെയ്യുക പതിവായി. മതപരമായി ഗുരുതരമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടായിട്ടും വ്യക്തിപരമായ നിലയിൽ ഹദ്റത്ത് അഹ്മദിനെ പാതിരി ബട്ലർ ആദരിക്കുകയും എപ്പോഴും അദ്ദേഹത്തെപ്പറ്റി ബഹുമാനപൂർവ്വം മാത്രം സ്മരിക്കുകയും ചെയ്തിരുന്നു. പാതിരിയുടെ ഈ നിലപാട് ക്രിസ്തീയമിഷ്യന് അപമാനകരവും അന്തസ്സുകേടും ആണെന്നു കരുതിയ സങ്കുചിതബുദ്ധികളായ ചില ക്രിസ്തീയ പ്രമാണിമാർ അദ്ദേഹത്തെ ഗുണദോഷിക്കാതിരുന്നില്ല. എന്നാൽ, റവ:ബട്ലർ അവർക്ക് നല്കിയ മറുപടി ഇതായിരുന്നു: "അദ്ദേഹം ഒരു അതുല്യ വ്യക്തിയാണ്. നിങ്ങൾക്കതറിഞ്ഞുകൂടാ. എനിക്ക് അദ്ദേഹത്തെ നന്നായി അറിയാം!" റവ:ബട്ലർ ഗോഹദ്പൂർ എന്ന ഗ്രാമത്തിലാണ് താമസിച്ചു വന്നിരുന്നത്. ഇംഗ്ലണ്ടിലേക്ക് തിരിച്ചുപോകുമ്പോൾ ഹദ്റത്ത് അഹ്മദിനെ കണ്ട് വിടവാങ്ങുന്നതിനുവേണ്ടിമാത്രം സിയാൽകോട്ട് കച്ചേരിയിൽ വരികയും അദ്ദേഹത്തിന്റെ അടുക്കൽ വളരെനേരം ഇരുന്നു സംസാരിച്ചശേഷം പിരിയുകയും ചെയ്തു. താൻ മിർസാ സാഹി

ബിനെ കാണാൻവേണ്ടി മാത്രമാണ് വന്നതെന്ന് അദ്ദേഹം ഡെപ്യൂട്ടി കമ്മീഷണരോട് നേരിട്ട് പറയാൻ മടിച്ചില്ല.

1857ലെ കലാപം അമർത്തപ്പെട്ടതിനെ തുടർന്ന് ഇംഗ്ലീഷ് ഉദ്യോഗസ്ഥൻമാർ വലിയ ധിക്കാരവും ഗർവ്വും കാട്ടിത്തുടങ്ങിയ കാലമായിരുന്നു അത്. പാതിരിമാരാകട്ടെ ഇസ്ലാമിനും മറ്റു മതങ്ങൾക്കുമെതിരായി ശക്തിമത്തായ ആക്ഷേപങ്ങളും ദൂഷ്യാരോപണങ്ങളും പുറപ്പെടുവിച്ച് കൊണ്ടിരിക്കുകയും ഇതരമതങ്ങളെ പുച്ഛിക്കുകയും ചെയ്തിരുന്നു. ഗവർമ്മെണ്ടാണെങ്കിൽ ക്രിസ്ത്യാനികൾക്ക് വളരെ സഹായകമായിട്ടാണ് അധികവും വർത്തിച്ചിരുന്നത്. വിക്ടോറിയ മഹാറാണിയുടെ വിളംബരമെന്തായാലും ക്രിസ്ത്യാനികളാണിവിടം ഭരിക്കുന്നതെന്നു ഓർത്തിരിക്കണമെന്ന മട്ടിലാണ് അവർ പെരുമാറിയിരുന്നത്. ഇതേ നില തന്നെയാണ് തുടരുന്നതെങ്കിൽ കലാപം ആവർത്തിച്ചേയ്ക്കാനിടയുണ്ടെന്നു ചില യൂറോപ്യൻ മേധാവികൾ താക്കീത് ചെയ്കപോലും ചെയ്തിട്ടുണ്ടായിരുന്നു. ക്രിസ്ത്യാനികളും മുസ്ലിംകളും ഇങ്ങനെ ഒരുവിധം ശത്രുതയിൽ കഴിഞ്ഞുകൊണ്ടിരിക്കെ ഒരു പാതി സായ്വ്, ഇന്ത്യക്കാരനായ ഒരു മുസ്ലിമിനെ അതും ക്രിസ്തുമതത്തിനെതിരിൽ ഇസ്ലാമിനെ ഉയർത്തിക്കാട്ടാൻ ശ്രമിക്കുന്ന ഒരാളെ ആദരിക്കുന്ന കാര്യം ഊഹിക്കുവാൻ കൂടി വയ്യാത്തതായിരുന്നു. ഹദ്റത്ത് അഹ്മദിന്റെ പ്രതിഭാവിലാസവും അനിതരസാധാരണമായ വ്യക്തിത്വവും സർവ്വോപരി സ്വഭാവവൈശിഷ്ട്യവും ആയിരുന്നു ആ മഹാത്മാവിന്റെ നേരെ ഗവ:ബട്ലറെ ആകൃഷ്ടനാക്കിയതെന്ന വസ്തുത വിസ്മരിക്കാവതല്ല.

ഒരു അത്ഭുത സംഭവം

സിയാൽകോട്ട് താമസിക്കുന്ന കാലത്ത് ഒരിക്കൽ ഒർത്ഭുതസംഭവമുണ്ടായി. ഹിന്ദുക്കളും മുസ്ലിംകളുമായ പത്തുപതിനാറു സ്നേഹിതൻമാരോടൊപ്പം ഒരു വീട്ടിന്റെ രണ്ടാം നിലയിൽ ഹദ്റത്ത് അഹ്മദ് ഉറങ്ങുകയായിരുന്നു. അദ്ദേഹം പെട്ടെന്ന് ഞെട്ടി ഉണരുകയും വീട് പൊട്ടിത്തകാരൻ പോകുന്നതിനാൽ എല്ലാവരും പുറത്തിറങ്ങണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. കൂട്ടുകാർ മേൽപുര പരിശോധിച്ചശേഷം അത് അദ്ദേഹത്തിന്റെ വെറും ഒരു ഊഹമായിരിക്കുമെന്ന ധാരണയിൽ വീണ്ടും കിടന്നുറങ്ങി. അല്പനേരം കഴിഞ്ഞപ്പോൾ ഹദ്റത്ത് അഹ്മദ് വീണ്ടും അവരെ വിളിച്ചുണർത്തുകയും താൻ ശബ്ദം പിന്നേയും കേട്ടുവെന്നും ഉടനെ പുറത്തിറങ്ങിയില്ലെങ്കിൽ ആപത്ത് സംഭവിക്കുമെന്നും താക്കീത് ചെയ്യുകയുണ്ടായി. അവർ പിന്നേയും എഴുന്നേറ്റു പരിശോധന നടത്തുകയും എല്ലാം ഭദ്രമെന്ന് കണ്ട് ആശ്വാസം കൊള്ളുകയും ചെയ്തു. വണ്ട് മരം കുത്തി തുളയ്ക്കുന്ന ഒരുതരം ശബ്ദം മാത്രമേ അവർക്ക് കേൾക്കാൻ സാധിച്ചിരുന്നുള്ളൂ. അതിനാൽ അത് വെറും ഭ്രമം തന്നെ എന്ന ദൃഢവിശ്വാസത്തിൽ അവർ വീണ്ടും ഉറങ്ങാൻ കിടന്നു. എന്നാൽ, മൂന്നാം തവണയും ഹദ്റത്ത് അഹ്മദ് (അ) എഴുന്നേറ്റു എല്ലാവരോടും പുറത്തിറ

ങ്ങാൻ പറഞ്ഞു. ഇത്തവണ അദ്ദേഹം കൂട്ടുകാരെ നിർബന്ധിച്ച് പുറത്തിറക്കുകതന്നെയാണ് ചെയ്തത്. അടുത്ത ക്ഷണത്തിൽ വീട് തകർന്ന് വീഴുമെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. എല്ലാവരേയും വെളിയിലാക്കിയശേഷം എല്ലാവർക്കും പിന്നിലായി അദ്ദേഹവും പുറത്തിറങ്ങി. ഹദ്റത്ത് അഹ്മദ് വീടിനു പുറത്ത് കാലെടുത്തു വെച്ചതും ആ ഇരുനിലകെട്ടിടം ആകപ്പാടെ നിലംപൊത്തിയതും ഒപ്പം കഴിഞ്ഞു! അപ്പോഴാണ് അദ്ദേഹത്തിന്റെ താക്കീത് ഗൗനിക്കാതെ അവിടെ തങ്ങിയിരുന്നുവെങ്കിൽ നിശ്ചയമായും തങ്ങൾ മരിച്ചതു തന്നെയെന്ന് അവർക്കെല്ലാം ബോധ്യം വന്നത്. അന്നു മുതൽ അവരെല്ലാം ഹദ്റത്ത് അഹ്മദിനെ പൂർവ്വാധികം ഭക്തിബഹുമാനങ്ങളോടെ വീക്ഷിച്ചുപോന്നു.

6- വെളിപാടുകൾ

ഹദ്റത്ത് അഹ്മദ് സിയാൽകോട്ട് കച്ചേരിയിൽ നാലുകൊല്ലക്കാലം ഉദ്യോഗത്തിൽ തുടർന്നു. അതിനു ശേഷം, നാട്ടിലേക്ക് തിരിക്കുവാനുള്ള പിതാവിന്റെ ആജ്ഞ ലഭിച്ചപ്പോൾ 1868ൽ ഉദ്യോഗം രാജിവെച്ച് ഖാദിയാനിലേക്ക് മടങ്ങി. മുമ്പുതന്നെ മടുത്തു കഴിഞ്ഞിരുന്ന ആ ജോലിയിൽ നിന്ന് അദ്ദേഹത്തിന് വിടുതൽ കിട്ടി. മാതാവ് തദവസരത്തിൽ രോഗം ബാധിച്ച് കിടക്കുകയായിരുന്നു. മകനെ ഖാദിയാനിലേക്ക് തിരിച്ചുവിളിക്കുവാനുണ്ടായ ഒരു കാരണവും അതു തന്നെ. എന്നാൽ, ഹദ്റത്ത് അഹ്മദ് ഖാദിയാനിൽ എത്തുന്നതിനുമുമ്പു തന്നെ മാതാവ് പരലോകപ്രാപ്തയായി.

ഖാദിയാനിൽ വീണ്ടും താമസിച്ചു തുടങ്ങിയതോടെ മുമ്പത്തെപ്പോലെ പിതാവിന്റെ ജാഗീറുകൾ നോക്കി നടത്തുകയും, കൃഷികാര്യങ്ങൾ മേൽനോട്ടം ചെയ്യുകയും ചെയ്യുന്നതിൽ അദ്ദേഹം വ്യാപൃതനായി.

കുറച്ചു നാൾ കഴിഞ്ഞപ്പോൾ കപ്പൂർത്തല സ്റ്റേറ്റിലെ വിദ്യാഭ്യാസ വകുപ്പിന്റെ മേലദ്ധ്യക്ഷനായിരിക്കാനുള്ള ഒരു ക്ഷണം അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. അതു തിരസ്കരിക്കുകയാണ് ചെയ്തത്. മേലിൽ താൻ ലൗകികമായ ജോലികളിലൊന്നും ഏർപ്പെടാൻ ആഗ്രഹിക്കുന്നില്ലെന്നാണ് അദ്ദേഹം പറഞ്ഞൊഴിഞ്ഞത്. ആ മഹാത്മാവു പ്രശസ്തിയോ പ്രതാപമോ ഒരിക്കലും ആശിച്ചിട്ടില്ലെന്നും അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലവും വിചാരസാമ്രാജ്യവും തികച്ചും വ്യത്യസ്തമായിരുന്നുവെന്നും ആണ് ഇത് തെളിയിച്ചത്.

പുത്രന്റെ ഈ ലൗകിക വിരക്തി പിതാവിനെ അത്യന്തം വ്യസനാക്രാന്തനാക്കി. തന്റെ ഈ മകൻ ജ്യേഷ്ഠസഹോദരന്റെ ദയാദാക്ഷിണ്യത്തിൽ ജീവിക്കേണ്ടിവരുമല്ലോ എന്ന വ്യഥയാണ് അദ്ദേഹത്തെ ഏറെ അലട്ടിക്കൊണ്ടിരുന്നത്. എങ്കിലും, ഈ പുത്രൻ നയിക്കുന്ന ജീവിതം തന്നെയാണ് യഥാർത്ഥവും വിജയപ്രദവുമായിട്ടുള്ളതെന്ന് മീർസാ ഗുലാം മുർതസാ സാഹിബ് ഇതിനകം മനസ്സിലാക്കാതിരുന്നില്ല. ഗുലാം നബി എന്നുപേരായ തന്റെ ഒരു സ്നേഹിതനോട് അതദ്ദേഹം തുറന്നു പറകയും ചെയ്തിരുന്നു. ഭൗതികമായ നേട്ടങ്ങൾക്ക് വേണ്ടിയുള്ള പരിശ്രമങ്ങളിൽ പരാജിതനായി കഴിഞ്ഞ അദ്ദേഹം സ്വപുത്രന്റെ പരിപവിത്രമായ ജീവിതത്തിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുകയും ഇപ്പോൾ ആത്മീയകാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചു തുടങ്ങുകയും ചെയ്തുവെന്നു പറഞ്ഞാൽ മതിയല്ലൊ!

അങ്ങനെ ഹദ്റത്ത് അഹ്മദ് ഖുർആൻ വ്യാഖ്യാനങ്ങളും നബി വചനങ്ങളും സൂഫിവര്യൻമാരുടെ ചരിത്രഗ്രന്ഥങ്ങളും പിതാവിനെ വായിച്ചു കേൾപ്പിക്കുക പതിവായി. പിതാവിന്റെ ഈ മാനസാന്തരത്തെ പുത്രൻ ഉപയോഗപ്പെടുത്താതിരുന്നില്ല. തന്റെ ശിഷ്ടജീവിതം ഏകാന്ത ധ്യാനങ്ങളിലും ദൈവീക കാര്യങ്ങളിലും കഴിച്ചു കൂട്ടാനാണ് ആഗ്രഹിക്കുന്നതെന്ന് വ്യക്തമാക്കികൊണ്ടും ഭൗതിക ജീവിതത്തിന്റെ ഭംഗുരതയെ ചൂണ്ടിക്കാണിച്ചു കൊണ്ടും ഹദ്റത്ത് അഹ്മദ് ആയവസരത്തിൽ പിതാവിന് പാർസിയിൽ ഒരു കത്തെഴുതി. അതിൽ ശേഖ് സഅദി തുടങ്ങിവരുടെ ഭക്തിഗീതങ്ങളിൽ നിന്നും താൻ തന്നെ എഴുതിയ കവിതകളിൽ നിന്നും ചില വരികൾ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

സത്യത്തിന്റെ കാര്യത്തിൽ ഹദ്റത്ത് അഹ്മദ് യാതൊരു വിട്ടുവീഴ്ചയ്ക്കും ഒരുക്കമുണ്ടായിരുന്നില്ലെന്നു മാത്രമല്ല, സത്യത്തിനുവേണ്ടി എന്തപമാനം സഹിക്കുവാനും തയ്യാറായിരുന്നു. മിഥ്യാഭിമാനമോ പൊങ്ങച്ചമോ ആ പുണ്യ പുരുഷനെ തീണ്ടുകപോലും ചെയ്തിരുന്നില്ല.

പിൽക്കാലത്ത് ഹദ്റത്ത് അഹ്മദിന്റെ ബദ്ധവിരോധിയായിത്തീർന്ന മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി അക്കാലത്ത്(1868)അറബി പരീക്ഷ പാസ്സായി ബട്ടാലയിൽ തിരിച്ചു വന്നിട്ടേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം ഹദ്റത്ത് അഹ്മദിന്റെ ഒരു പഴയ സതീർത്ഥ്യനുമായിരുന്നു. മൗലവി നദീർ ഹുസൈൻ സാഹിബ് ദഹ്ലവിയുടെ ശിഷ്യനായിരുന്ന അദ്ദേഹം 'അഹ്ലേ ഹദീസ്' കക്ഷിയുമായിട്ടാണ് ബന്ധപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ നവീനാശയങ്ങൾ ബട്ടാലയിൽ സംസാര വിഷയമായപ്പോൾ യാഥാസ്ഥിതികരായ മൗലവിമാർ അതിനെ എതിർത്തു തുടങ്ങി. അവരിൽ ചിലർ ഹദ്റത്ത് അഹ്മദിനെ സമീപിച്ച് ഒരു 'വഹ്ഹാബി മൗലവി' യുടെ അനിസ്ലാമികമായ പുത്തൻ തത്വങ്ങളെക്കുറിച്ച് ആവലാതിപ്പെടുകയും ആ മൗലവിയുമായി വാദപ്രതിവാദം നടത്താൻ അദ്ദേഹത്തോട് അപേക്ഷിക്കുകയുമുണ്ടായി. ഒരിക്കൽ അദ്ദേഹം ബട്ടാലയിൽ ചെന്നപ്പോൾ ചില സ്നേഹിതന്മാരുടെ നിർബന്ധ പ്രകാരം മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുമായി സംസാരിക്കാൻ സന്നദ്ധനായി. ഒരു 'വിവാദം' നടത്തുന്നതിന്നു മൗലവി സാഹിബിന്റെ ഭവനത്തിലേക്ക് പുറപ്പെടുകയും ചെയ്തു. ഒട്ടധികം പേർ അവിടെ സമ്മേളിച്ചിട്ടുമുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദ്, മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിനോട് അദ്ദേഹത്തിന്റെ പുതിയ വാദങ്ങൾ എന്തൊക്കെയാണെന്ന് ചോദിച്ചു. ഖുർആൻ ആണ് സകലോന്നതമായ പ്രമാണമെന്നും ഹദീസുകളാണ് പിന്നെ സ്വീകാര്യമായിട്ടുള്ളതെന്നും ഇവയ്ക്കെതിരിൽ യാതൊരാളുടെ 'ഖൗലും' സ്വീകാര്യമല്ലെന്നുമാണ് തന്റെ വാദമെന്നു* മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് വ്യക്തമാക്കി. ഇതാണ് മൗലവി സാഹിബിന്റെ വാദമെങ്കിൽ താനതിനോട് പൂർണ്ണമായി യോജിക്കുന്നവനാണെന്നും എത്രയും സത്യസംപൂർണ്ണവും സ്വീകാര്യ

*മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് പിൽക്കാലത്ത് ഈ നിലപാടിൽ നിന്ന് മാറുകയും ഖുർആനിനേക്കാൾ ഹദീസുകൾക്ക് പ്രാമുഖ്യം കല്പിക്കുകയുമാണ് ചെയ്തത്.

വുമായ വിശ്വാസങ്ങളാണതെന്നും അതിനാൽ, അദ്ദേഹവുമായി ഇതു സംബന്ധിച്ച് വിവാദംനടത്തേണ്ട ആവശ്യം തന്നെയില്ലെന്നും ഹദ്റത്ത് അഹ്മദ് ഉടൻ പ്രഖ്യാപിക്കുകയാണ് ചെയ്തത്! ഇപ്രകാരം അദ്ദേഹം തന്റെ അഭിപ്രായം തുറന്നു പറഞ്ഞപ്പോൾ അവിടെ കൂടിയവർക്കിടയിൽ വലിയൊരു ഇളക്കമുണ്ടായി. അദ്ദേഹത്തെ അവിടെ കൂട്ടികൊണ്ട് ചെന്നവർക്ക് അപ്പോൾ അനുഭവപ്പെട്ടിരിക്കാവുന്ന ജാള്യത ഊഹ്യമാണല്ലോ. സ്വാഭാവികമായും അവർ വലിയ കുഴപ്പത്തിലായി. എന്നാൽ തൗഹീദിനും ദൈവത്തിന്റെ പരിശുദ്ധിക്കും ഭംഗകരമായ വിശ്വാസാദർശങ്ങളെ പിൻതാങ്ങുവാൻ ആ മഹാത്മാവിനെ കിട്ടുകയില്ലെന്ന് അദ്ദേഹത്തെ കൂട്ടിക്കൊണ്ടു ചെന്നവർ മനസ്സിലാക്കിയില്ലെങ്കിൽ അവർ തന്നെയാണല്ലോ അപമാനം സഹിക്കേണ്ടത്! അവർ ഹദ്റത്ത് അഹ്മദിന്റെ നേരെ അമർഷം പ്രകടിപ്പിച്ചു തുടങ്ങി. മറു ഭാഗത്ത് മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിന്റെ ആൾക്കാർ 'തോറ്റു, തോറ്റു' എന്നു ആർത്തു വിളിച്ച് ആഹ്ളാദം കൊള്ളുകയായിരുന്നു. ഇരുഭാഗക്കാരുടെയും നിന്ദനത്തിന് പാത്രീഭൂതനായിട്ടും ഹദ്റത്ത് അഹ്മദ് (അ) തന്റെ നിലപാടിൽ ഉറച്ചു നില്ക്കുകയാണ് ചെയ്തത്.

സത്യത്തോടു ആ മഹാത്മാവിനുണ്ടായിരുന്ന കൂറ് അതായിരുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സത്യത്തിൽ ഉറച്ചു നില്ക്കുവാൻ അസാമാന്യമായ ധൈര്യവും മനക്കരുത്തും വേണമെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. പ്രതിയോഗിയെ എങ്ങനെയെങ്കിലും അടിപ്പെടുത്തണമെന്ന ആഗ്രഹം മാത്രമാണ് ഇത്തരം വാദപ്രതിവാദങ്ങളിൽ മതപണ്ഡിതൻമാർ സാധാരണ പ്രകടിപ്പിച്ചു കാണാറുള്ളത്. ഒരു പിടുത്തവും കിട്ടിയില്ലെങ്കിൽ എന്തെങ്കിലും ഉച്ചാരണത്തെറ്റോ വ്യാകരണപ്പിഴവോ ചൂണ്ടിക്കാട്ടി ഒന്നു ഞെളിയാൻ നോക്കും. സത്യവും ന്യായവും വെളിപ്പെട്ടാൽ അതിനു മുമ്പിൽ ശിരസ്സ് കുനിക്കാനുള്ള ഈ ധർമ്മ ധീരത നമ്മുടെ പണ്ഡിതൻമാർ അനുകരിക്കാൻ ഒരുങ്ങിയെങ്കിൽ മതപരമായ എത്രയെത്ര വിവാദങ്ങളും ചേരിപിരിവുകളും തമ്മിൽതല്ലുകളും കൂടാതെ കഴിക്കാമായിരുന്നു!

ഹദ്റത്ത് അഹ്മദിന്റെ ഈ പ്രവൃത്തിയിൽ ദൈവം തൃപ്തിപ്പെട്ടു. അന്നു രാത്രിതന്നെ ഒരു 'ദർശന' ത്തോടൊപ്പം ഇപ്രകാരം ദിവ്യ വെളിപാടുണ്ടായി: "ദൈവം നിന്റെ ഈ പ്രവൃത്തിയിൽ സംതൃപ്തനായിരിക്കുന്നു. അവൻ നിനക്ക് വളരെയധികം അനുഗ്രഹങ്ങൾ നൽകും: രാഷ്ട്രത്തലവൻമാർ നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടുവരെ നിനക്ക് അനുഗ്രഹങ്ങൾ നല്കപ്പെടും."

ഇതു ഹദ്റത്ത് അഹ്മദിനുണ്ടായ ആദ്യത്തെ വാചിക വെളിപാടായിരുന്നു. ആ പുണ്യാത്മാവ് ഖാദിയാന്റെ ഒരു മൂലയിൽ അജ്ഞാതനായി കഴിഞ്ഞിരുന്ന കാലത്ത്!

തുടർന്ന് ഹദ്റത്ത് അഹ്മദിനു അടിക്കടി ദിവ്യവെളിപാടുകളും ആത്മദർശനങ്ങളും ലഭിച്ചുകൊണ്ടിരുന്നു. ഈ വെളിപാടുകളുടേയും ദർശനങ്ങളുടേയും അടിസ്ഥാനത്തിൽ വരാൻപോകുന്ന പല കാര്യങ്ങളെ കുറിച്ചും

അദ്ദേഹം തന്റെ ബന്ധുക്കളെയും സ്നേഹിതൻമാരെയും പരിചയക്കാരെയും മുൻകൂട്ടി അറിയിക്കുക പതിവായി. അവ അപ്പടി പുലർന്നു കണ്ടപ്പോൾ അവരെല്ലാം ആശ്ചര്യപരതന്ത്രരാകുകയും ചെയ്തിരുന്നു. അവയിൽ ചിലതു ഖാദിയാനിലെ ഹിന്ദുക്കളും സിക്കുകാരുമായ അമുസ്ലിംകളെ സംബന്ധിക്കുന്നവയായിരുന്നു. ലാലാ മലാവമൽ, ശരമ്പത്ത്റായി തുടങ്ങിയ ഹിന്ദുമാന്യൻമാർ ഇത്തരം അനേകം അത്ഭുതാടയാളങ്ങൾക്ക് വളരെ മുമ്പുതൊട്ടേ സാക്ഷ്യം വഹിച്ചു പോന്നവരത്രെ.

ഹദ്റത്ത് അഹ്മദിന്റെ ധർമ്മതൽപരതയും സത്യസന്ധതയും നീതിനിഷ്ഠയും ചുറ്റുവട്ടത്തിൽ അറിയപ്പെട്ടു തുടങ്ങിയതോടെ പലരും തങ്ങളുടെ തർക്കങ്ങളും വഴക്കുകളും അദ്ദേഹത്തിന്റെ മുമ്പാകെ സമർപ്പിക്കുകയും അദ്ദേഹത്തിന്റെ തീർപ്പുകൾ സ്വീകരിക്കുകയും ചെയ്തു പോന്നു.

ഇക്കാലത്ത് ഹദ്റത്ത് അഹ്മദ് തുടർച്ചയായി ഉപവാസം അനുഷ്ഠിക്കുകയുണ്ടായി. എന്നാൽ, വളരെ രഹസ്യമായിട്ടാണ് അദ്ദേഹം വ്രതമനുഷ്ഠിച്ചുപോന്നത്. തനിയ്ക്ക് വീട്ടിൽ നിന്ന് കൊടുത്തയക്കുന്ന ആഹാരം അഗതികൾക്കും അനാഥകുട്ടികൾക്കും നൽകുകയും താൻ നോമ്പുനോറ്റു കൂടുകയുമായിരുന്നു പതിവ്. കുട്ടികൾ നിശ്ചിതനേരത്ത് റൊട്ടിയാക്കി അദ്ദേഹത്തിന്റെ വാസസ്ഥലത്ത് ഒരുമിച്ചു കൂടുകയും അവരതു ഭക്ഷിക്കുകയും ചെയ്തുപോന്നു. ഈ വ്രതാനുഷ്ഠാനം മറ്റാരും അറിഞ്ഞിരുന്നുമില്ല. എന്നാൽ കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം അതിലും കഠിനമായ ഒരു പരീക്ഷക്കൊരുങ്ങി. രാത്രി ഒരു നേരം ഒരൊറ്റ ചപ്പാത്തി മാത്രം കഴിച്ച് ദിവസങ്ങളോളം ഉപവാസമനുഷ്ഠിച്ചു. അതും പിന്നീടു ക്രമത്തിൽ ക്രമത്തിൽ കുറച്ചു കൊണ്ടുവരികയും ഒരു പിഞ്ചുകുഞ്ഞിനുപോലും മതിയാകാത്തത്ര ആഹാരം കൊണ്ടു തൃപ്തിപ്പെടുകയും ചെയ്തിരുന്നു. ഇങ്ങനെ, എട്ടൊമ്പതു മാസങ്ങളോളം അദ്ദേഹം വ്രതാനുഷ്ഠാനത്തിലും ധ്യാനത്തിലും കഴിച്ചുകൂട്ടി. ഈ ആത്മീയ പരീക്ഷാകാലത്ത് അദ്ദേഹത്തിന് *'കശ്ഫ്' തുടങ്ങിയ ആത്മീയാനുഭൂതികൾ ധാരാളം ഉണ്ടായിക്കൊണ്ടിരുന്നു. ഇത്തരം അനുഭവങ്ങളിൽ മുൻകഴിഞ്ഞ പല പ്രവാചകൻമാരുമായും താൻ ആത്മദർശനപരമായ കൂടിക്കാഴ്ചകൾ നടത്തിയിട്ടുള്ളതായും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഇത്തരം ആത്മപീഡനപരമായ തീവ്രോപാസനകൾക്ക് സാധാരണക്കാർ ആരും തന്നെ ഒരുങ്ങരുതെന്നും അതു അപകടകരമായ അനുഭവങ്ങൾക്കിടയാക്കുമെന്നും അദ്ദേഹം തന്നെ ഉപദേശിക്കുകയും ചെയ്തിട്ടുണ്ടെന്നതു ഇവിടെ പ്രസ്താവ്യമാണ്.

ഹദ്റത്ത് അഹ്മദിന്റെ ഒരു പ്രമുഖ ശിഷ്യനായ ഹദ്റത്ത് അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി(റ)എഴുതിയ 'സീറ'ത്തിൽ ഒരിടത്ത് ഹദ്റത്ത് അഹ്മദ്(അ)ഇപ്രകാരം പ്രസ്താവിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. "മനുഷ്യന്നു വിശപ്പ് എത്രത്തോളം സഹിക്കാനാകുമെന്നറിയാൻ ഞാനൊരിക്കൽ ആഗ്രഹിച്ചു. ഇതു പരീക്ഷിച്ചു നോക്കുന്നതിനു 6മാസക്കാലം ഞാൻ പട്ടിണികിടന്നു. എപ്പോഴെങ്കിലും ഒരു കഷ്ണം റൊട്ടിയോ

*ജാഗ്രതാവസ്ഥയിൽതന്നെ അനുഭവപ്പെടുന്ന ദിവ്യദർശനങ്ങൾ

മറ്റോ കഴിക്കും. ആറുമാസത്തിനുശേഷം ഞാൻ കണക്കാക്കി, ഇതേ പ്രകാരം ആറ് കൊല്ലം കഴിച്ചുകൂട്ടാമെന്ന്."

മനുഷ്യൻ അപ്പത്താൽ മാത്രമല്ല ജീവിക്കുന്നത് എന്നു യേശു ക്രിസ്തു പറയുകയുണ്ടായി. ഈ കാലഘട്ടത്തിൽ പ്രത്യക്ഷനായ മശീഹാ, മനുഷ്യൻ അപ്പത്താൽ മാത്രമല്ല ജീവിക്കുന്നതെന്നു വിശപ്പിന്റെ തത്ത്വശാസ്ത്രം പ്രസംഗിക്കുന്ന ചെകുത്താന്നു തെളിയിച്ചു കൊടുത്തിരിക്കുകയാണ്. വിശക്കുന്നവന്റെ മുമ്പിൽ യാതൊരു ധർമ്മവും വിലപ്പോകുകയില്ലെന്ന 'ദജ്ജാലി' സിദ്ധാന്തത്തെ തകർക്കാൻ വന്ന മിശിഹാ മാസങ്ങളോളം വിശപ്പ് സഹിച്ചുകൊണ്ട് ലോകത്തിനു പ്രായോഗികപാഠം നൽകി, മനുഷ്യൻ അപ്പത്താൽ മാത്രമല്ല ജീവിക്കുന്നതെന്ന്!

7- പിതാവിന്റെ ചരമവും ജീവിതക്ലേശവും

1876ൽ ഹദ്റത്ത് അഹ്മദ് ലാഹൗറിലായിരുന്നപ്പോൾ, സ്വപിതാവിന്റെ ചരമം ആസന്നമായിരിക്കുന്നതായി ഒരു ദിവ്യ സ്വപ്നം മുഖേന മനസ്സിലാക്കുകയാൽ ധൃതിപ്പെട്ടു ഖാദിയാനിലേക്ക് മടങ്ങി. പിറ്റെന്നാൾ പിതാവ് സ്വർഗ്ഗപ്രാപ്തനാകുമെന്നു കരുതത്തക്ക യാതൊരു സുഖക്കുറവും പ്രത്യക്ഷത്തിൽ അപ്പോൾ കാണപ്പെട്ടിരുന്നില്ല. അതിസാരമായിരുന്നു രോഗം. സന്ധ്യയോടുകൂടി പിതാവ് ചരമമടയുമെന്ന സൂചന നല്കുന്ന ഒരു ദിവ്യ വെളിപാട് പിന്നെയും അദ്ദേഹത്തിന്നുണ്ടായി. ഇതിനെ തുടർന്ന് ഹദ്റത്ത് അഹ്മദ് അതീവദു:ഖിതനും ഉൽക്കണ്ഠാകുലനും ആയിത്തീർന്നു. പിതാവിന് ലഭിച്ചു പോന്ന പെൻഷൻ തുകയിൽ നിന്നാണ് കുടുംബച്ചെലവുകളെല്ലാം നിർവ്വഹിച്ചുപോന്നിരുന്നത്. പിതാവിന്റെ ചരമത്തോടെ കുടുംബത്തിന്റെ ഭാവിയെന്താകുമെന്ന ആശങ്ക ആ മഹാത്മാവിന്റെ ചിന്താപഥത്തിലൂടെ ഒരു മിന്നൽ പിണരെന്നോണം കടന്നുപോയി. അപ്പോഴാണ്,

اَلَيْسَ اللّٰهُ بِكَافٍ عَبْدَهٗ

"അല്ലാഹു അവന്റെ ദാസന് മതിയായവനല്ലേ?" എന്ന ഒരശരീരി അദ്ദേഹത്തിന് ശ്രവിക്കാൻ കഴിഞ്ഞത്. ഈ അമൃതവാണി ആ മഹാത്മാവിന്റെ എല്ലാ ആശങ്കകളെയും അകറ്റുകയും ഒരു പരിതസ്ഥിതിയിലും ദൈവം തന്നെ കൈവിടുകയില്ലെന്ന ദൃഢവിശ്വാസം അദ്ദേഹത്തിലങ്കുരിപ്പിക്കുകയും ചെയ്തു.

ഈ മഹത്തായ ദൃഷ്ടാന്തത്തെ സാക്ഷീകരിക്കുന്നതിന്ന് പ്രസ്തുത വെളിപാടുവാക്യം കൊത്തി ഒരു മുദ്രയുണ്ടാക്കാൻ അദ്ദേഹം തീർച്ചയാക്കുകയും ഒരു മോതിരം തീർപ്പിച്ചു സ്മാരകമായി സൂക്ഷിക്കുകയും ചെയ്തു.

ഹദ്റത്ത് അഹ്മദിനുണ്ടായ വെളിപാടനുസരിച്ചു അന്നുരാത്രി തന്നെ മിർസാ ഗുലാം മുർതസാ സാഹിബ് നിര്യാതനായി. അതിനുശേഷം ജ്യേഷ്ഠസഹോദരനായ ഗുലാംഖാദിർ സാഹിബ് കുടുംബത്തലവനാകുകയും പിതാവിന്റെ സ്വത്തുക്കളും മറ്റു കാര്യാദികളും നോക്കിനടത്തുകയും ചെയ്തു.

മിർസാ ഗുലാം മുർതസാ സാഹിബ് 85-ാം വയസ്സിലാണ് ചരമം പ്രാപിച്ചത്. താൻ യാതൊരു പുണ്യവും ചെയ്തില്ലല്ലോ എന്ന വ്യഥ അന്ത്യകാലത്ത് അദ്ദേഹത്തെ പിടികൂടിയിരുന്നു. ഒരു പള്ളി പണിയിക്കുന്നതിന് ചരമത്തിന് 6 മാസം മുമ്പുതന്നെ ആരംഭിച്ച പ്രവർത്തനങ്ങൾ മിക്കവാറും പൂർത്തിയായപ്പോഴാണ് അദ്ദേഹം പരലോക പ്രാപ്തനായത്.

ഗുലാം മുർതസാ സാഹിബ് ഖാദിയാന്റെയും അയൽ ഗ്രാമങ്ങളുടെയും മേലുള്ള തന്റെ അധികാരാവകാശങ്ങൾ വീണ്ടെടുക്കുകയും നിലനിർത്തിപ്പോരുകയും ചെയ്തിരുന്നുവല്ലൊ. ഇതിനുവേണ്ടി അദ്ദേഹം കണക്കില്ലാത്ത ധനം ചെലവാക്കിയിരുന്നു. നിയമോപദേശകന്റെ ശ്രദ്ധക്കുറവ് കാരണം തന്റെ പിതൃസഹോദരപരമ്പരയിൽപെട്ട ചിലരുടെ പേരുകൾകൂടി അവകാശികളുടെ പട്ടികയിൽ തെറ്റായി ചേർത്തു പോയിട്ടുണ്ടായിരുന്നു. അവരാകട്ടെ, വ്യവഹാരത്തിൽ അദ്ദേഹത്തെ ഒരു പ്രകാരത്തിലും സഹായിച്ചിരുന്നുമില്ല. കേസ്സുകൾ അവസാനിച്ചപ്പോൾ അദ്ദേഹം സ്വത്തുക്കളുടെ പൂർണ്ണാധികാരിയായിത്തീരുകയാണ് ചെയ്തത്. അവരാകട്ടെ, അവകാശങ്ങളുന്നയിക്കാൻ ധൈര്യപ്പെട്ടതുമില്ല.

ഗുലാം മുർതസാ സാഹിബ് ചരമം പ്രാപിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്വത്തുക്കളായ ഖാദിയാനിലെയും പരിസരങ്ങളിലെയും ഭൂമിയുടെയും ബട്ടാല, അമൃത്സർ, ഗുർദാസ്പൂർ തുടങ്ങിയ സ്ഥലങ്ങളിലെ മറ്റു സ്വത്തുക്കളുടെയും നിയമപരമായ ഉടമാവകാശവും കൈവശാധികാരവും മക്കളായ മിർസാ ഗുലാംഖാദിർ സാഹിബിന്നും ഹദ്റത്ത് അഹ്മദിന്നും ലഭിച്ചു. നിയമപ്രകാരം ഈ സ്വത്തുക്കളുടെ നേർപകുതി ഹദ്റത്ത് അഹ്മദിന്നു അവകാശപ്പെട്ടതാണ്. അദ്ദേഹത്തിന്റെ ഭൗതികമായ എല്ലാ ആവശ്യങ്ങളും സുഖകരമായി നിർവ്വഹിക്കുവാൻ അതു മതിയായിരുന്നു. എന്നാൽ അദ്ദേഹം സ്വത്തുക്കൾ വിഭജിക്കുവാൻ ആവശ്യപ്പെടാതെ അവയുടെ മേൽനോട്ടവും നടത്തിപ്പുമെല്ലാം ജ്യേഷ്ഠനെ തന്നെ ഭാരമേൽപ്പിക്കുകയാണ് ഉണ്ടായത്. ജ്യേഷ്ഠൻ കൊടുത്തതെന്തോ അതുമാത്രം സ്വീകരിച്ച് ആ മഹാത്മാവ് തൃപ്തിപ്പെടുകയും ചെയ്തുപോന്നു.

ഗുലാം മുർതസാ സാഹിബ് ചരമം പ്രാപിച്ചതോടെ സ്വത്തുക്കളുടെമേൽ അവകാശവാദം പുറപ്പെടുവിച്ചുകൊണ്ട്, ഹദ്റത്ത് അഹ്മദിന്റെയും ജ്യേഷ്ഠന്റെയും പേരിൽ പിതൃപരമ്പരയിലെ ചില അംഗങ്ങൾ ലാഹൗറിലെ ഒരു റിട്ടയേർഡ് ഉദ്യോഗസ്ഥനായ മിർസാ അഅ്സംബേഗ് എന്നയാളുടെ സഹായത്തോടുകൂടി, കേസ്സ് ഫയൽ ചെയ്തു. ഹദ്റത്ത് അഹ്മദിന്റെ പിതൃസഹോദരപുത്രനായ മിർസാ ഇമാമുദ്ദീൻ ആയിരുന്നു ഈ നീക്കങ്ങളുടെയെല്ലാം സൂത്രധാരൻ എന്നതു ഇവിടെ സ്മരണീയമാണ്.

കേസ്സിൽ കുടുംബത്തിന്റെ ജയത്തിനുവേണ്ടി ഹദ്റത്ത് അഹ്മദ് (അ) ദൈവത്തോടു പ്രാർത്ഥിച്ചു. കുടുംബത്തിലെ മറ്റംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതല്ലെന്നു അദ്ദേഹത്തിന് ഒരു വെളിപാടുണ്ടായി. അപ്പോൾ ഹദ്റത്ത് അഹ്മദ്(അ) കുടുംബാംഗങ്ങളെയെല്ലാം വിളിച്ചുകൂട്ടി തനിയ്ക്കുണ്ടായ ദൈവിക വെളിപാടു വിവ

രിച്ചുകൊടുക്കുകയും കേസ്സിൽ ജയം ലഭിക്കുകയില്ലെന്നതിനാൽ കേസ്സ് നടത്തുന്നതിൽ നിന്ന് ജ്യേഷ്ഠനെ പിന്തിരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ, ഗുർദാസ്പൂർ കമ്മീഷണർ ഓഫീസിൽ ഒരുയർന്ന ഉദ്യോഗം വഹിച്ചിരുന്ന ഗുലാംഖാദിർ സാഹിബ് കേസ്സിന്റെ വിജയത്തിൽ ദൃഢവിശ്വാസം പുലർത്തിയിരുന്നതിനാൽ അനുജന്റെ ഈ ഉപദേശങ്ങളൊന്നും ചെവികൊള്ളാൻ തയ്യാറുണ്ടായിരുന്നില്ല 'കുറെ പണം വ്യവഹാരത്തിനു വേണ്ടി ചെലവാക്കിക്കഴിഞ്ഞിട്ടുണ്ടല്ലോ. ഇനി കുറച്ചു ഇങ്ങനെയും പോകട്ടെ' എന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. കേസ്സുമായി അദ്ദേഹം മുമ്പോട്ടുപോകയും ജയം നേടുകയും ചെയ്തു. എന്നാൽ, മേൽക്കോടതി എതിരായി വിധിക്കുകയാൽ മുഴുവനും നഷ്ടപ്പെടുകയും കോടതി ചെലവുകൾ വകവെച്ചുകൊടുക്കേണ്ടിവരികയുമാണുണ്ടായത്! കേസ്സു തോറ്റുവെങ്കിലും മിർസാ ഗുലാം ഖാദിർ സാഹിബ് സ്വത്തുക്കളിൻമേലുള്ള തന്റെ കൈവശാവകാശം മരിക്കുന്നതുവരെ വിട്ടുകൊടുക്കുകയുണ്ടായില്ല. ജ്യേഷ്ഠന്റെ ചരമത്തിനുശേഷം ഹദ്റത്ത് അഹ്മദ് (അ) ആണ് പ്രസ്തുത സ്വത്തുക്കൾ കോടതിവിധിപ്രകാരം അവകാശികൾക്ക് വിട്ടുകൊടുത്തത്.

ജ്യേഷ്ഠൻ സ്നേഹപൂർവ്വം തന്നെയാണ് പെരുമാറിയിരുന്നതെങ്കിലും പിതാവ് ആദ്യകാലത്ത് പ്രകടിപ്പിച്ചുപോന്ന അഭിപ്രായങ്ങൾ അദ്ദേഹത്തിൽ സ്വാധീനം ചെലുത്തിയിരുന്നതിനാൽ, ചിലപ്പോൾ കാർക്കശ്യം കാണിക്കാൻ മടിക്കുകയുണ്ടായില്ല. അനുജന്റെ ആവശ്യങ്ങളുടെ നേരെ അശ്രദ്ധ കാണിക്കുകയും ചെയ്തിരുന്നു. എന്നാൽ നമ്മുടെ സ്മര്യപുരുഷനാകട്ടെ, ആ അവസരങ്ങളിലെല്ലാം അങ്ങേയറ്റത്തെ ക്ഷമയും സഹനവും കൈകൊള്ളുകയാണ് ചെയ്തത്. കിട്ടിയതു കൊണ്ട് തൃപ്തിപ്പെടാനല്ലാതെ ശണ്ഠകൂടാൻ ആ മഹാത്മാവ് ഒരുക്കമല്ലായിരുന്നു. ജ്യേഷ്ഠൻ ഉദ്യോഗമായി അധികവും ഗുർദാസ് പൂരിൽ കഴിച്ചുകൂട്ടിയിരുന്നതിനാൽ ഗൃഹകാര്യങ്ങൾ അദ്ദേഹത്തിന്റെ ഭാര്യയും അവരുടെ ആൾക്കാരുമാണ് മേൽനോട്ടം ചെയ്തിരുന്നത്. ഇവരിൽ നിന്ന് ഹദ്റത്ത് അഹ്മദിന്നു അനുഭാവശൂന്യവും അവജ്ഞാപൂർണ്ണവുമായ പെരുമാറ്റമാണ് ലഭിച്ചത്. ഹദ്റത്ത് അഹ്മദിനെ സംബന്ധിച്ചിടത്തോളം ഇതു കടുത്ത പരീക്ഷകളുടെയും കഠിനമായ കഷ്ടപ്പാടുകളുടെയും കാലഘട്ടമായിരുന്നു. ജ്യേഷ്ഠന്റെ ചരമംവരെയും ഈ ജീവിത ക്ലേശങ്ങൾ ആ മഹാത്മാവിന്ന് സഹിക്കേണ്ടി വന്നിട്ടുണ്ട്. അല്ലാഹു അനുഗ്രഹം ചൊരിയാൻ നിശ്ചയിച്ച അവന്റെ വരിഷ്ഠദാസർ യാതനകളുടെ തീക്കനലുകൾ ചവുട്ടിക്കടക്കണം; ജീവിതത്തിന്റെ കയ്പുകൾ രുചിച്ചറിയാതെ അല്ലാഹു ആരെയും ദിവ്യാനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാക്കീട്ടില്ല!

ജ്യേഷ്ഠന്റെ ഈ ഭൗതികമായ കെട്ടിമറയൽ ഹദ്റത്ത് അഹ്മദിൽ അറപ്പുളവാക്കി. ലൗകികതയിൽ വിരക്തനായ ആ മഹാത്മാവ് തന്റെ സ്വത്തുക്കളെല്ലാം ജ്യേഷ്ഠന്റെ ഇഷ്ടത്തിനു വിട്ടുകൊടുത്തു സ്വയം ദരിദ്രനായി ജീവിക്കുകയാണ് ചെയ്തത്. "കുപ്പായത്തിന് ചോദിച്ചാൽ അടിക്കുപ്പായവും അഴിച്ചുകൊടുക്കണമെന്നായിരുന്നല്ലോ മിശിഹാവിന്റെ പാഠം!

വിഭിന്നപ്രകൃതരായ രണ്ടു സഹോദരങ്ങൾ. ഒരാൾ ഭൗതിക സുഖാനുഗ്ര ഹങ്ങൾക്കുവേണ്ടി എല്ലാം നേടുവാൻ പാടുപെടുന്നു. മറ്റൊരാൾ അലൗ കികാനുഭൂതികൾക്കു വേണ്ടി സകലതും സന്ത്യജിക്കുന്നു. പഴഞ്ചൻ മട്ടു കാരനും കുഴിമടിയനുമായി അനുജനെ ചിത്രീകരിക്കാൻ ജ്യേഷ്ഠൻ മടി ച്ചില്ല. 'ജോലി'യെടുക്കാതെ ധ്യാനവും പാരായണവുമായിക്കഴിയുന്ന ഈ പരിവ്രാജകനെ ആർക്കുവേണം? എന്നാൽ ദൈവത്തിനു ആ ഭക്തദാ സനെ വേണമായിരുന്നു! പുതുയുഗത്തിന്റെ സുപ്രഭാതത്തിൽ ഈ സ്വർല്ലോകവരനെ സ്വീകരിക്കാൻ ആകാശത്തിന്റെ അനന്തതകളിൽ ആഹ്ലാ ദത്തിന്റെ വേലിയേറ്റങ്ങളായിരുന്നു!

ഹദ്റത്ത് അഹ്മദിന്റെ സഹനശക്തിയ്ക്കും ക്ഷമാശീലത്തിനും ഉദാ ഹരണമായി ഒരു സംഗതി ഇവിടെ ചൂണ്ടിക്കാണിക്കാം. ഇന്ത്യയിൽ പത്ര ങ്ങൾക്ക് വലിയ പ്രചാരം സിദ്ധിച്ചിരുന്നിട്ടില്ലാത്ത അക്കാലത്ത് അദ്ദേഹം ഏതാനും പത്രങ്ങളുടെ വരിക്കാരനായിരുന്നു. അന്നത്തെ പത്രങ്ങൾ മത പരമായ വിഷയങ്ങൾക്ക് ഗണ്യമായ സ്ഥാനം നൽകിയിരുന്നതിനാലാണ് അവയിൽ അദ്ദേഹം താൽപര്യം കാണിച്ചു പോന്നത്. അമൃത്സറിലെ 'വക്കീൽ', ഒരു ബ്രഹ്മസമാജക്കാരനായ പണ്ഡിറ്റ് ശിവനാരായണൻ നട ത്തിവന്നിരുന്ന 'ഹിന്ദുബന്ധു, ബംഗ്ളൂരിൽ നിന്നു പുറപ്പെട്ടുകൊണ്ടിരുന്ന 'മൻശൂറെ മുഹമ്മദി' എന്നീ പത്രങ്ങളുടെ സ്ഥിരം വരിക്കാരനായിരുന്നു ആ മഹാത്മാവ്. 'മൻശൂറെ മുഹമ്മദി'യിൽ ചിലപ്പോൾ ലേഖനങ്ങളും എഴുതാറുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദ് (അ) പതിവായി വായിക്കാറുള്ള ഒരു സുപ്രസിദ്ധ വൃത്താന്തപത്രമായിരുന്നു ലൗഹൗറിലെ 'അഖ്ബാറെ ആം.' ഒരിക്കൽ പത്രത്തിന് വരിസംഖ്യ അടക്കാൻ പണമില്ലാത്തതിനാൽ ജ്യേഷ്ഠനോടു ഒരു തുകയക്ക് ആവശ്യപ്പെട്ടു. അനാവശ്യമായ ഒരധിക ചെലവാണതെന്ന് പറഞ്ഞു ജ്യേഷ്ഠൻ അപേക്ഷ നിഷ്കരുണം നിരസിച്ചു കളകയാണ് ചെയ്തത്. 'പണിയെടുത്തു കാശുണ്ടാക്കാൻ കഴിയില്ലെങ്കിൽ കടലാസ്സു വായിച്ചു സമയം കളയേണ്ട' എന്ന മട്ടിൽ ആണദ്ദേഹം മറു പടി നൽകിയത്. തന്നെപ്പോലെ തന്നെ സ്വത്തുക്കൾക്ക് തുല്യാവകാശി യായ സ്വന്തം അനുജന്റെ മുഴുവൻ മുതലും കയ്യടക്കിവെച്ചുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്! എന്നാൽ, നമ്മുടെ ചരിത്രപുരുഷൻ ഒര ക്ഷരംപോലും എതിരുപറയാതെയും യാതൊരു ഭാവഭേദവും കാണിക്കാ തെയും അടങ്ങിയിരുന്നതേയുള്ളു. സ്വർഗ്ഗീയനായ ആ പുണ്യാത്മാവിന്ന് വെള്ളിത്തുട്ടുകളോടെന്തു കാര്യം! രാജകീയ പ്രൗഢിയോടെ വിരാജി ക്കാനുള്ള സ്വത്തും സൗകര്യങ്ങളും സജ്ജമായിരുന്നിട്ടും ഒരു ദരിദ്രനായി ജീവിക്കുവാനത്രെ ആ മഹാത്മാവ് ആഗ്രഹിച്ചത്!

8- തൂലികാസമരം

പണ്ഡിറ്റ് ദയാനന്ദ സരസ്വതി ആര്യസമാജം സ്ഥാപിക്കുകയും ഇന്ത്യയിൽ പൊതുവെയും പഞ്ചാബിൽ പ്രത്യേകിച്ചും സമാജത്തിന്റെ പ്രചാരവേലകൾ സംഘടിപ്പിക്കുകയും ചെയ്തു കൊണ്ടിരുന്ന കാലം. ഹിന്ദുക്കളിൽ ഒരു വിഭാഗം ഈ നവീനമായ പ്രസ്ഥാനത്തിൽ ആകൃഷ്ടരായിത്തീർന്നു. 1875-ൽ ബോംബെയിലാണ് സമാജത്തിന്റെ ആദ്യത്തെ ശാഖ സ്ഥാപിതമായത്. സ്വാമിജിപഞ്ചാബിൽ പര്യടനം നടത്തുകയും മുൾത്താൻ, റാവൽപിണ്ഡി, ലാഹൗർ, അമൃതസർ, ജലന്തർ, ലുധിയാന തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുകയുമുണ്ടായി. സ്വാമിജിയും അനുയായികളും ഇസ്ലാമിനെ വിമർശിക്കുകയും ഇസ്ലാം മതസ്ഥാപകരെ അധിക്ഷേപിക്കുകയും ചെയ്തു തുടങ്ങിയപ്പോൾ ഈ പ്രസ്ഥാനത്തിന്റെ നേരെ ഹദ്റത്ത് അഹ്മദ്(അ) ശ്രദ്ധ തിരിച്ചു. ഇസ്ലാമിക തത്വങ്ങളുടെ യഥാർത്ഥ നില വിശദമാക്കിക്കൊണ്ടു അദ്ദേഹം പത്രങ്ങളിൽ ലേഖനങ്ങളെഴുതി. ഹദ്റത്ത് അഹ്മദിന്റെ ലേഖനങ്ങളുടെ ഒരു പ്രത്യേകത അവ അധികവും ആഹ്വാനങ്ങളടങ്ങിയവയായിരുന്നുവെന്നുള്ളതാണ്. തന്നിമിത്തം, ബഹുജനശ്രദ്ധയെ പിടിച്ചുപറ്റുകയും പണ്ഡിതൻമാരുടെയും ചിന്തകൻമാരുടെയും ഹൃദയങ്ങളെ ചലിപ്പിക്കുകയും ചെയ്തിരുന്നു.

1872-ൽ, ബാംഗ്ലൂരിൽ നിന്നു പുറപ്പെട്ടുകൊണ്ടിരുന്ന 'മൻശൂറെ മുഹമ്മദി' എന്ന പത്രത്തിൽ ഹദ്റത്ത് അഹ്മദ് എഴുതിയ ലേഖനത്തിൽ അതിപ്രധാനമായ ഒരു ആഹ്വാനമുണ്ടായിരുന്നു: സത്യസന്ധതയാണ് എല്ലാ നന്മകളുടെയും അടിസ്ഥാനം. സത്യസന്ധതയ്ക്ക് ഒരു മതം നൽകുന്ന പ്രാധാന്യവും ഊക്കും നോക്കിയാണ് അതിന്റെ യഥാർത്ഥമായ മൂല്യം നിർണ്ണയിക്കേണ്ടത്. ഇസ്ലാം സത്യത്തിനു നൽകുന്ന സ്ഥാനവും ബലവും മറ്റൊരു മതവും നൽകുന്നില്ലെന്ന് കാൽനൂറ്റാണ്ടു കാലത്തെ ഗവേഷണങ്ങളിൽ നിന്നു തനിയ്ക്കു ബോധ്യം വന്നിരിക്കുന്നു. സത്യത്തെക്കുറിച്ചു ഇസ്ലാം മത ഗ്രന്ഥങ്ങളിൽ നിന്നു താൻ എടുത്തുകാണിക്കുന്നതിലധികമോ അത്രയെങ്കിലുമോ അതിൽ പകുതിയോ മൂന്നിലൊന്നോ ഉൽബോധനങ്ങൾ സ്വമത ഗ്രന്ഥങ്ങളിൽ നിന്നു ഉദ്ധരിച്ചു കാണിക്കുന്ന ഏതൊരു വിമതസ്ഥനും 500 രൂപാ ഇനാം നൽകുന്നതാണെന്നതായിരുന്നു ആഹ്വാനം. ഈ ആഹ്വാനം സ്വീകരിക്കാൻ ഇതരമതങ്ങളിൽപെട്ട ആരും തന്നെ മുമ്പോട്ടു വരികയുണ്ടായില്ല.

ആത്മാക്കൾ അനന്തമാണെന്നും പരമേശ്വരന്നുപോലും അവയുടെ എണ്ണം അറിഞ്ഞുകൂടെന്നും സൂചിപ്പിച്ചു ആര്യസമാജ സ്ഥാപകൻ 'വക്കീൽ' പത്രത്തിൽ ഒരു പ്രസ്താവന ചെയ്തപ്പോൾ അതൊരു ദൈവദൂഷണ മായി കരുതിയ ഹദ്റത്ത് അഹ്മദ് (അ)അമൃത്സറിലെ 'സഫീറെഹിന്ദ്' പത്രത്തിൽ ഒരു ലേഖനപരമ്പര മുഖേന അതിന്നു മറുപടി നൽകി. മേൽതത്ത്വം ശരിയാണെന്നു പ്രമാണ സഹിതം സ്ഥാപിക്കുവാൻ അദ്ദേ ഹം ആര്യസമാജ പണ്ഡിതൻമാരെ ആഹ്വാനം ചെയ്യുകയും അങ്ങനെ സ്ഥാപിക്കുന്നവർക്കു 500 രൂപാ ഇനാം നൽകുന്നതാണെന്നു പ്രഖ്യാപി ക്കുകയുമുണ്ടായി. ഹദ്റത്ത് അഹ്മദ് ഉന്നയിച്ച ന്യായയുക്തികളുടെ അഖ ണ്ഡത നിമിത്തം ആര്യസമാജത്തിന്റെ പഞ്ചാബ് കേന്ദ്രക്കമ്മിറ്റി സിക്രെ ട്ടറി ലാലാ ജീവൻ ദാസ് (ലാഹൗർ) ഒരു പ്രസ്താവന പുറപ്പെടുവിക്കാൻ നിർബന്ധിതനായി. അതിൽ അദ്ദേഹം പറഞ്ഞത്, ആത്മാക്കൾ അനന്ത മാണെന്ന സിദ്ധാന്തം ആര്യസമാജത്തിന്റെ പാഠങ്ങളിൽ പെട്ടതല്ലെന്നാ യിരുന്നു! ആര്യസമാജികൾ സ്വാമി ദയാനന്ദനെ അന്ധമായി അനുകൂലി ക്കുന്നവരല്ലെന്നും സ്വാമിജി പറഞ്ഞതെല്ലാം യുക്തിവിചാരം കൂടാതെ വിശ്വസിക്കുവാൻ തങ്ങൾ തയ്യാറില്ലെന്നും കൂടി പണ്ഡിറ്റ് ജീവൻദാസ് വ്യക്തമാക്കി.

അമൃത്സറിലെ ആര്യസമാജം സിക്രട്ടറി ബാബാ നാരായൺ സിംഗ് ഒരു പ്രസ്താവനയിൽ, 500ക. സമ്മാനം നൽകുന്ന കാര്യത്തിൽ ശരിയായ ഉറപ്പ് ലഭിക്കേണ്ടതാണെന്നു 'സഫീറെഹിന്ദ്' മുഖേന ആവശ്യപ്പെട്ടപ്പോൾ ഹദ്റത്ത് അഹ്മദ് തന്റെ സ്വത്തുക്കൾ ചൂണ്ടിക്കാട്ടിക്കൊണ്ടു ആവശ്യ മായ ഉറപ്പുകൾ നൽകുകയും ബാബാ സാഹിബിന്റെ ഉപന്യാസത്തിൽ നിബന്ധനകൾക്കനുസരിച്ച് തന്റെ വാദം സ്ഥാപിച്ചിട്ടുണ്ടോ എന്നു നിർണ്ണ യിക്കേണ്ട ജഡ്ജിമാരിൽ സ്വാമി ദയാനന്ദനെ തന്നെ ഉൾപ്പെടുത്തുന്നത് തനിയ്ക്ക് സമ്മതമാണെന്നും എന്നാൽ, സ്വാമിജി തന്റെ തീരുമാനത്തിന്റെ ന്യായവശങ്ങൾ ഒരു പ്രസ്താവന മുഖേന വിശദീകരിക്കേണ്ടതായി വരുമെ ന്നും, വ്യക്തമാക്കുകയും ചെയ്തപ്പോൾ ബാബാ നാരായണൻസിംഗ് നി ശ്ശബ്ദനായി. അയാൾ പിന്നീടു ആര്യസമാജം വിട്ടുമാറുകയാണ് ചെ യ്തതെന്ന് ഇവിടെ പ്രസ്താവ്യമാണ്.

സ്വാമി ദയാനന്ദൻ ഈ അവസരത്തിൽ, പഞ്ചാബിൽ പര്യടനം നട ത്തിക്കൊണ്ടിരിക്കുകയായിരുന്നു. ആര്യസമാജ സ്ഥാപകരുടെ അന്തസ്സി ന്നും പദവിയ്ക്കും കനത്ത ഒരു പ്രഹരമാണിതെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ, ശ്രീ. ദയാനന്ദ സരസ്വതി തന്റെ നില ന്യായീകരിക്കാൻ ശ്രമിക്കു കയോ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ വാദങ്ങൾക്കു മറുപടി പറ യാൻ തുനിയുകയോ ചെയ്തില്ല.

'ഹിന്ദു' എന്നപേർ മുസ്ലിംകൾ വിദ്വേഷത്താൽ പ്രേരിതരായി ദുഷ്ടാർഥം അടക്കിക്കൊണ്ടു ഈ രാജ്യക്കാർക്കു നൽകിയതാണെന്നും അതിന്റെ അർത്ഥം 'കള്ളൻ', 'കവർച്ചക്കാരൻ', വഞ്ചകൻ' എന്നെല്ലാമാ ണെന്നും ഹിന്ദുക്കൾ മേലിൽ തങ്ങളെ 'ഹിന്ദു' എന്നതിനു പകരം 'ആര്യ'

എന്നാണ് പറയേണ്ടതെന്നും സ്വാമി ദയാനന്ദൻ 'സത്യാർത്ഥ പ്രകാശ'ത്തിൽ എഴുതുകയുണ്ടായി.* അടിസ്ഥാനരഹിതവും വിദ്രോഹപരവുമായ ഈ പ്രസ്താവന ശ്രദ്ധയിൽപെട്ട ഉടനെ ഹദ്റത്ത് അഹ്മദ് (അ) അതിനെ ഖണ്ഡിച്ചുകൊണ്ടു അമൃത്സറിലെ 'വക്കീലെഹിന്ദ്' പത്രത്തിൽ ഒരു ലേഖനമെഴുതി. 'ഹിന്ദു' എന്ന പേർ ഇസ്ലാമിന്റെ ആവിർഭാവത്തിനും എത്രയോ മുമ്പുതന്നെ പ്രചാരത്തിലുണ്ടായിരുന്നതാണെന്നും ഇസ്ലാമിന്നു മുമ്പുള്ള അറബി സാഹിത്യത്തിൽ നിന്നു ഉദ്ധാരണങ്ങൾ നൽകിക്കൊണ്ടു തെളിയിച്ചു. സ്വാമിജി ഇതിന്നു മറുപടി നൽകാതെ നിശ്ശബ്ദനായിരുന്നതേയുള്ളു.

ഹദ്റത്ത് അഹ്മദ്(അ) പല തവണ ആര്യ സമാജ സ്ഥാപകനായ സ്വാമി ദയാനന്ദനെ ഒരു വിവാദത്തിനു ക്ഷണിക്കുകയുണ്ടായെങ്കിലും സ്വാമിജി ഒരിക്കലും അതിന്ന് തയ്യാറായില്ല. ഹദ്റത്ത് അഹ്മദ്(അ) സ്വാമിജിയുടെ തത്വങ്ങളെ സയുക്തികം ഖണ്ഡിച്ചു കൊണ്ടിരിക്കുകയും ആര്യ സമാജപണ്ഡിതന്മാർ ഉത്തരം പറയാനാകാതെ കുഴങ്ങുകയും ചെയ്തതിനെ തുടർന്നു പത്രങ്ങളിൽ അതു സംബന്ധിച്ച വലിയ ചർച്ചകൾ നടന്നു. ഇതിന്റെ ഫലമായി സ്വാമികൾക്കു തന്റെമാനം രക്ഷിക്കാൻ രംഗത്തിറങ്ങാതെ വയ്യെന്നായി. ആര്യസമാജത്തിന്റെ അണികളിൽനിന്നു തന്നെ അദ്ദേഹത്തിന്റെമേൽ സമ്മർദ്ദങ്ങളുമുണ്ടായിരുന്നു. തന്നിമിത്തം ആത്മാക്കളുടെ എണ്ണം പരമേശ്വരന്നുപോലും അറിഞ്ഞുകൂടാത്തവിധം അപരിമിതമാണെന്നുള്ള തന്റെ ആദ്യവാദത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ടും പക്ഷെ, പുനർജന്മത്തെ ന്യായീകരിച്ചുകൊണ്ടും ഒരു പ്രഖ്യാപനം ചെയ്യാൻ സ്വാമിജി നിർബന്ധിതനായി. യഥാർത്ഥത്തിൽ, ഇത് ഹദ്റത്ത് അഹ്മദിന്റെ വ്യക്തമായ വിജയത്തെയാണ് വിളംബരം ചെയ്തത്.

ഈ അപമാനത്തിൽ നിന്നു രക്ഷപ്പെടുന്നതിനുവേണ്ടി, പുനർജന്മത്തെകുറിച്ചു ഒരു വാദപ്രതിവാദം നടത്താൻ സ്വാമിജി ഹദ്റത്ത് അഹ്മദിനെ ആഹ്വാനം ചെയ്തുകൊണ്ട് ഒരു കത്തയച്ചു. ആ മഹാത്മാവാകട്ടെ, ഉടൻതന്നെ വെല്ലുവിളി സ്വീകരിക്കുകയും സ്വാമിജിയെ സംബോധന ചെയ്തുകൊണ്ടു ലാഹൗറിലെ 'ബ്രാദറെ ഹിന്ദ്'ൽ ഒരു തുറന്ന കത്ത് മുഖേന തന്റെ സന്നദ്ധത പരസ്യപ്പെടുത്തുകയുമുണ്ടായി. സ്വാമിജിയെ പലതവണ ക്ഷണിച്ചിട്ടും മുമ്പോട്ടു വരാതിരുന്നെങ്കിലും അദ്ദേഹം ഇപ്പോൾ അതിനൊരുങ്ങി കാണുന്നതിൽ താൻ അതീവ സന്തുഷ്ടനാണെന്ന് പറഞ്ഞുകൊണ്ടു വാദപ്രതിവാദത്തിനുള്ള നിബന്ധകൾ ഹദ്റത്ത് അഹ്മദ് ഉന്നയിച്ചു. ഇതിന്നു സ്വാമിജിയുടെ ഭാഗത്തുനിന്നു പ്രതികരണമുണ്ടായില്ലെങ്കിൽ അദ്ദേഹം വമ്പ് പറഞ്ഞു ആര്യസമാജികളെ സമാശ്വ

*1875ൽ ബനാറസ് സ്റ്റാർ പ്രസ്സിൽ അച്ചടിച്ച 'സത്യാർത്ഥപ്രകാശം'(ഹിന്ദി) ഒന്നാം പതിപ്പ് തൃതീയോല്ലാസം, 69-ാം ഭാഗത്ത് കാണപ്പെട്ടിരുന്ന ഈ പ്രസ്താവന പിന്നീടത്തെ പതിപ്പുകളിൽ നീക്കം ചെയ്യപ്പെടുകയാണുണ്ടായത്. 'സത്യാർത്ഥപ്രകാശം' മലയാള വിവർത്തനത്തിലു ഈ ഭാഗം കാണാനില്ല. സ്വാമിജിയുടെ വാചകം ഇതായിരുന്നു. *मुसल्मानो ने अदावत से आर्यों का नाम हिन्दु रखा है. इस के माने है दुष्ट, नीच, कपटी, चहली, और गुलाम इस से यह नाम भ्रष्ट है)*

സ്വാമി ദയാനന്ദ സരസ്വതി

സിപ്പിക്കുക മാത്രമാണ് ചെയ്യുന്നതെന്നു ധരിക്കേണ്ടിവരുമെന്നും പ്രസ്തുത കത്തിൽ പ്രസ്താവിച്ചിരുന്നു.

'ബ്രാദറെ ഹിന്ദ്'ന്റെ പത്രാധിപരായിരുന്ന പണ്ഡിറ്റ് ശിവനാരായണൻ പ്രസ്തുത പരസ്യത്തെപ്പറ്റി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ സ്വാമി ദയാനന്ദൻ തന്റെ ആദ്യത്തെ സിദ്ധാന്തത്തിൽ നിന്നു വ്യതിചലിച്ചതിനെപ്പറ്റി ഇപ്രകാരം പറഞ്ഞു: "വേദങ്ങളെ അടിസ്ഥാനമാക്കി സ്വാമിജി നൽകിയ പാഠമനുസരിച്ചു ജീവാത്മാക്കളുടെ എണ്ണം അനന്തമാണെന്നാണ് ആര്യസമാജികൾ ഇതുവരെയും വിശ്വസിച്ചു വന്നത്. എന്നാൽ ജീവാത്മാക്കൾ അനന്തമല്ലെന്നും പക്ഷെ പുനർജ്ജൻമം യാഥാർത്ഥ്യമാണെന്നും അദ്ദേഹം പറയാൻ നിർബന്ധിതനായിരിക്കയാണെന്ന് മീർസാസാഹിബിന്റെ പ്രസ്താവനകൊണ്ട് വെളിപ്പെട്ടിരിക്കുന്നത്. അതിനാൽ സ്വാമികൾ വേദവിരുദ്ധമായ സംഗതിയാണ് പ്രസ്താവിച്ചിട്ടുള്ളതെന്നു സമ്മതിക്കേണ്ടി വരുന്നതാണ്. ഇപ്പോൾ പറയുന്നതാണ് ശരിയായ വേദതത്വമെന്നാണെങ്കിൽ, വേദങ്ങളിൽ നിന്നു പരസ്പര വിരുദ്ധങ്ങളായ രണ്ടു തത്വങ്ങൾ എടുത്തുകാണിച്ച അദ്ദേഹത്തിന്റെ നേതൃത്വം അപകടത്തിലാകുന്നുണ്ടെന്നതു തീർച്ചയാണ്" (ബ്രാദറെ ഹിന്ദ്)

പത്രങ്ങളിൽ ഇത്രയൊക്കെ ഒച്ചപ്പാടുകളുണ്ടായിട്ടും പണ്ഡിറ്റ്ജിയാതൊന്നും ഉരിയാടിയില്ല. വാദപ്രതിവാദത്തിൽ നിന്നു അദ്ദേഹം തലയൂരുകയാണ് ചെയ്തത്! അതിനുണ്ടായ കാരണങ്ങളെപ്പറ്റി ഒരു ആര്യപണ്ഡിതൻ ഇപ്രകാരമാണ് പറഞ്ഞത്:-

"ആര്യ സമാജത്തിലെ ആഭ്യന്തരഭിന്നിപ്പുകൾ കാരണം മിർസാഗുലാം അഹ്മദ് ഖാദിയാനിയ്ക്ക് നല്ല തഞ്ചം കിട്ടി. അദ്ദേഹം അമൃത്സറിലെ 'സഫീറെ ഹിന്ദ്' മുഖേന ആര്യസമാജികൾക്കെതിരായി ഒരു ലേഖനപരമ്പര ആരംഭിച്ചു. അദ്ദേഹം സ്വാമി ദയാനന്ദജി മഹാരാജിനെയും ആഹ്വാനം ചെയ്യുകയുണ്ടായി. എന്നാൽ, സ്വാമി ദയാനന്ദജി മഹാരാജ് അക്കാലത്ത് രാജസ്ഥാനിൽ പര്യടനം നടത്തിക്കൊണ്ടിരിക്കയായിരുന്നു. തന്നിമിത്തം, അദ്ദേഹം ബുക്താവർസിംഗ്, മുൻഷി ഇന്ദ്രമൻ മുറാദാബാദി എന്നിവരോടു പ്രസ്തുത ആഹ്വാനം സ്വീകരിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ, വ്യസനമെന്നു പറയട്ടെ അന്നാളുകളിൽ മറ്റു ചില കാരണങ്ങളാൽ സ്വാമിജി ശ്രീ.ഇന്ദ്രമനെ ആര്യസമാജത്തിൽ നിന്നു പുറത്താക്കുക കാരണം വാദപ്രതിവാദം നടന്നില്ല. മിർസാ ഗുലാം അഹ്മദ് ഈ സംഭവത്തിൽ നിന്നു വേണ്ടുവോളം മുതലെടുക്കുകയും ചെയ്തു." (ആര്യസമാജ് ഔർ പ്രചാർ കെ സാധനാ, ഭാ.12: ഗ്രന്ഥകർത്താ: പണ്ഡിറ്റ് ദേവദത്ത്, ഹിന്ദി).

സ്വാമി ദയാനന്ദനു അത്രവേഗം തലയൂരിക്കളയാൻ സാധിക്കുമായിരുന്നില്ല. രജപുത്താന സ്റ്റേറ്റുകളിൽ സ്വാമിജി പ്രസംഗങ്ങൾ ചെയ്തുകൊണ്ടിരിക്കെ, 1883ൽ, ഹദ്റത്ത് അഹ്മദ് അദ്ദേഹത്തിനു ഒരു റജിസ്ത്ർ കത്തയക്കുകയും സ്വാമി ദയാനന്ദൻ ആഗ്രഹിക്കുന്ന രീതിയിൽ ഇസ്ലാമിന്റെ സത്യവും മഹത്ത്വവും തെളിയിക്കാൻ താൻ തയ്യാറാണെന്നും ദൈവികമായ ദൃഷ്ടാന്തങ്ങൾ കാണിക്കാനും ഒരുക്കമാണെന്നും അതിൽ

വ്യക്തമാക്കുകയുമുണ്ടായി. എന്നാൽ, സ്വാമിജി അതിനൊന്നും തയ്യാറില്ലായിരുന്നു. സ്വാമി ദയാനന്ദൻ ജോധ്പൂർ മഹാരാജാവിന്റെ അതിഥിയായി താമസിക്കവെ സ്വാമജിയുടെ വിയോഗം അടുത്തിരിക്കുന്നുവെന്ന റിയിച്ചുകൊണ്ട് 1883ൽ ഹദ്റത്ത് അഹ്മദിന്നു ഒരു വെളിപാട് ഉണ്ടായി. ദയാനന്ദ സരസ്വതി മരിച്ചു കഴിഞ്ഞതായി താൻ ഒരു ദിവ്യദർശനത്തിൽ കണ്ടുവെന്നു അദ്ദേഹം പിന്നീടു ഖാദിയാനിലെ ശരമ്പത്ത് റായ് തുടങ്ങിയ ആര്യനേതാക്കളോട് പറയുകയുമുണ്ടായി. പിറ്റത്തെ മാസം തന്നെ സ്വാമിജി അജ്മീറിൽ മരിക്കുകയും ചെയ്തു.

അമൃത്സറിലെ ഒരു പ്രസിദ്ധ ആര്യസമാജപ്രവർത്തകനായിരുന്ന പണ്ഡിറ്റ് കടക് സിംഗ് 1878- ൽ ഖാദിയാൻ സന്ദർശിക്കുകയും ഹദ്റത്ത് അഹ്മദുമായി വിവാദം നടത്താൻ ആഗ്രഹം പ്രകടിപ്പിക്കുകയുമുണ്ടായി. 'വേദങ്ങളും ഖുർആനും', 'പുനർജ്ജന്മം' എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി വിവാദം നടത്താൻ നിശ്ചയിച്ചതനുസരിച്ചു ഒരു പൊതുയോഗത്തിൽ വച്ചു ഹദ്റത്ത് അഹ്മദ് താൻ തയ്യാറാക്കിയ ഉപന്യാസം വായിച്ചു. വിശുദ്ധ ഖുർആന്റെ മഹത്വം തെളിയിച്ചു കാട്ടുന്നതിനു ഖുർആനിൽ നിന്നു തന്നെ 17 പോയിന്റുകൾ അതിൽ ഉന്നയിക്കുകയുണ്ടായി. വേദങ്ങൾക്കുള്ള ശ്രേഷ്ഠതകൾ വേദവാക്യങ്ങൾ മാത്രം ഉദ്ധരിച്ചു പണ്ഡിറ്റ് കടക്സിംഗ് തെളിയിച്ചു കാട്ടണമെന്നായിരുന്നു നിശ്ചയം. എന്നാൽ, അദ്ദേഹത്തിനു അതു സാധിക്കാതെ വരികയും തിരുനബിയെ ആക്ഷേപിച്ചു തുടങ്ങുകയുമാണുണ്ടായത്. പത്രപംക്തികളിലൂടെ വിവാദം തുടരാമെന്നു അയാൾ പിന്നീടു അഭിപ്രായപ്പെട്ടു. ഹദ്റത്ത് അഹ്മദ് ഉടൻ അതിന്നു സമ്മതിക്കുകയും 'സഫീറെ ഹിന്ദ്', 'ബ്രാദറെ ഹിന്ദ്', 'ആര്യദർപ്പൺ' എന്നീ പത്രങ്ങൾ വഴി വിവാദം നടത്താമെന്നു നിർദ്ദേശിക്കുകയുമുണ്ടായി. ഒരു ക്രിസ്തീയ മിഷണറിയായ റജബ് അലി, ബ്രഹ്മസമാജ നേതാവായ ശിവനാരായണൻ എന്നിവരെ ജഡ്ജിമാരായി സ്വീകരിക്കാമെന്നും, ബഹുജനശ്രദ്ധയാകർഷിക്കാനും വിവാദം പൊതുവേ പ്രയോജനപ്രദമാക്കാനും ഇതു സഹായകരമായിരിക്കുമെന്നും അഭിപ്രായപ്പെടുകയും ചെയ്തു.

എന്നാൽ, ഹദ്റത്ത് അഹ്മദിന്റെ ശക്തിമത്തായ യുക്തിവാദങ്ങൾക്ക് മുമ്പിൽ നിശ്ചേഷ്ടനായിക്കഴിഞ്ഞ പണ്ഡിറ്റ് കടക്സിംഗ് ആര്യസമാജത്തിൽ വിശ്വാസം നശിച്ചു ക്രിസ്തുമതം സ്വീകരിക്കുകയും ഹദ്റത്ത് അഹ്മദ് ഉന്നയിച്ച അതേ ന്യായവാദങ്ങളുടെ അടിസ്ഥാനത്തിൽ ആര്യമതതത്ത്വങ്ങളെ ഖണ്ഡിച്ചു ലഘുലേഖകൾ എഴുതിത്തുടങ്ങുകയും ചെയ്തുവെന്നു പറഞ്ഞാൽ പ്രസ്തുത വിവാദത്തിന്റെ ഫലപരിണതി വ്യക്തമാണല്ലോ! എത്ര തന്നെ ആഹ്വാനം ചെയ്തിട്ടും പിന്നീടൊരിക്കലും കടക് സിംഗ് ഹദ്റത്ത് അഹ്മദിന്നെ തിരിൽ വരാൻ ധൈര്യപ്പെട്ടുമില്ല. ഖാദിയാനിൽനിന്നു മടങ്ങിയതോടെ അദ്ദേഹം വേദങ്ങളോടു സലാം പറഞ്ഞു കഴിഞ്ഞിരുന്നു. പിന്നീടു നടത്തിയ പ്രസംഗങ്ങളിൽ ദൈവിക സത്യങ്ങളോ സൻമാർഗ്ഗതത്വങ്ങളോ വേദങ്ങളിലില്ലെന്നു പരസ്യമായി പ്രസ്താവിക്കുകയുമുണ്ടായി. റിയാസെഹിന്ദ്, 'ചശ്മയെനൂർ' എന്നീ പത്ര

ങ്ങളിൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ പ്രസിദ്ധം ചെയ്തിട്ടുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദിനെ നേരിടാനായി ഖാദിയാനിലെ ആര്യസമാജ പ്രവർത്തകർ ആശ്രയിച്ചുപോന്ന ഊർജ്ജസ്വലനും മഹാപണ്ഡിതനുമായ ഈ ആര്യനേതാവ് ഒടുവിൽ ആര്യധർമ്മത്തിൽ അവജ്ഞയും അവിശ്വാസവും പ്രകടിപ്പിച്ചുകൊണ്ട് ഒരെതിരാളിയായിത്തിരിഞ്ഞത് ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ഐന്ദ്രജാലികമായ തൂലികാവിലാസത്തിന്റെ ഒരു പ്രോജ്ജ്വലദൃഷ്ടാന്തമായിരുന്നു.

1879ൽ, ബ്രഹ്മസമാജനേതാവും പ്രസിദ്ധ പത്ര പ്രവർത്തകനുമായിരുന്ന പണ്ഡിറ്റ് ശിവനാരയാണൻ അഗ്നിഹോത്രിയുമായി 'ദിവ്യവെളിപാടുകൾ' എന്ന വിഷയത്തെപറ്റി ഒരു വിവാദം നടക്കുകയുണ്ടായി. കത്തിടപാടുകൾ വഴി നടന്ന ഈ വാദപ്രതിവാദം പിന്നീടു പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ബ്രഹ്മസമാജികൾ വാചിക വെളിപാടുകളിൽ വിശ്വസിക്കുന്നില്ല. എന്നാൽ പണ്ഡിറ്റ് കടക് സിംഗിന്നുണ്ടായ അതേ അനുഭവമാണ് അഗ്നിഹോത്രിക്കുമുണ്ടായത്. എന്തെന്നാൽ, അയാൾ ബ്രഹ്മസമാജം ഉപേക്ഷിച്ചു. അത്ഭുതമെന്നു പറയട്ടെ, വെളിപാടുകളെ നിഷേധിച്ച ആ മനുഷ്യൻ തനിയ്ക്ക് വെളിപാടുകളുണ്ടാകാറുണ്ടെന്നു വാദിച്ചു തുടങ്ങി. പിന്നീട് ഇദ്ദേഹം തന്നെ ദേവസമാജം എന്ന പുതിയൊരു സംഘം സ്ഥാപിക്കുകയും ചെയ്തു. പണ്ഡിറ്റ് ശിവനാരായണന്റെ ഈ പുറപ്പാടു ശരിയോ തെറ്റോ എന്നതല്ല ഇവിടെ പ്രശ്നം. ഹദ്റത്ത് അഹ്മദ് (അ) തന്റെ എതിരാളികളിലുണ്ടാക്കിയ വിചാരവിപ്ലവമാണ് ശ്രദ്ധേയമായ വസ്തുത. വീറോടെ പൊരുതാൻ പുറപ്പെട്ടവർ ലജ്ജിതരായി പിൻവാങ്ങുകയും, ഏതൊന്നിനെ തകർക്കാൻ തങ്ങൾ കച്ചകെട്ടിയോ അതിന്നനുകൂലമായി വാദിക്കാൻ ബദ്ധപ്പെടുകയും ചെയ്തു എന്നതു എത്ര അത്ഭുതകരമായിരിക്കുന്നു. എന്നാൽ ഇതെല്ലാംതന്നെ വരുവാനിരുന്ന അതിവിസ്മയനീയങ്ങളായ ആത്മീയ സമരങ്ങളുടെ മുന്നോടി മാത്രമായിരുന്നു!

ഹദ്റത്ത് അഹ്മദ് (അ) ആര്യസമാജക്കാരുടെയും കൃസ്ത്യാനികളുടെയും ആക്ഷേപങ്ങൾക്ക് ചുട്ട മറുപടി നൽകുകയും ഇസ്ലാമിന്റെ ശ്രേഷ്ഠതയെ തെളിയിച്ചുകാട്ടുകയും ചെയ്തു കൊണ്ടിരുന്നതിനാൽ കൃസ്ത്യാനികളും ആര്യസമാജികളും അദ്ദേഹത്തിന്റെ കഠിന ശത്രുക്കളായി മാറി. അവരിൽ ചിലർ അദ്ദേഹത്തിനെതിരായി ചില കുടിലതന്ത്രങ്ങൾ പ്രയോഗിച്ചു തുടങ്ങുകയും ചെയ്തു.

1877ൽ, ഹദ്റത്ത് അഹ്മദ് 'വക്കീൽ' പത്രത്തിന്നു ഒരു ലേഖനം അയച്ചു. ലേഖനം സാധാരണ പത്രങ്ങൾക്കുള്ള ബുക്ക് പോസ്റ്റ് റെയ്റ്റിൽ ആണ് അയച്ചത്. എന്നാൽ, ലേഖനത്തോടൊപ്പം അതു സംബന്ധിച്ച ചില നിർദ്ദേശങ്ങളടങ്ങിയ ഒരു കത്തും അദ്ദേഹം അടക്കം ചെയ്യുകയുണ്ടായി. ബുക്ക് പോസ്റ്റിന്നുള്ളിൽ ഇങ്ങനെ ഒരു കത്തിട്ടയക്കുന്നത് പോസ്റ്റോഫീസ് ചട്ടങ്ങൾക്കെതിരാണ്. എന്നാൽ,ഇതു നിയമവിരുദ്ധമാണെന്ന് ആ മഹാത്മാവ് അപ്പോൾ അറിഞ്ഞിരുന്നില്ല. ചെറുതരം നിയമലംഘനങ്ങൾക്കുപോലും ബ്രിട്ടീഷ് ഗവൺമെണ്ടു കടുത്ത ശിക്ഷ

കൾ നടപ്പാക്കിത്തുടങ്ങിയ കാലമായിരുന്നു അത്. ഇത്തരം കുറ്റങ്ങൾക്ക് 500തുക. പിഴയോ 6മാസം തടവോ ആയിരുന്നു അന്നത്തെ ശിക്ഷ. റലിയാറാം എന്നുപേരായ മതഭ്രാന്തനായ ഒരു ക്രിസ്തീയ പത്രപ്രവർത്തകന്റെ ഉടമസ്ഥതയിലായിരുന്നു പ്രസ്സ്. ഹദ്റത്ത് അഹ്മദിനെ ഒരു നിയമ സംഘനക്കേസ്സിൽ കുടുക്കുവാൻ ഇതൊരു സുവർണ്ണാവസരമാണെന്നു കണ്ടു ഒരു വക്കീൽ കൂടിയായ റലിയാറാം ഇക്കാര്യം തപാലധികൃതൻമാരുടെ ശ്രദ്ധയിൽ പെടുത്താൻ ഒട്ടും വൈകിച്ചില്ല. അങ്ങനെ പോസ്റ്റൽ അധികൃതർ ഹദ്റത്ത് അഹ്മദിന്റെ പേരിൽ കേസ്സ് എടുക്കുകയും സമാധാനം ബോധിപ്പിക്കുന്നതിനു അധികൃതരുടെ മുമ്പിൽ ഹാജരാകാൻ ഉത്തരവിടുകയും ചെയ്തു. നിയമോപദേശം തേടിക്കൊണ്ടു അദ്ദേഹം ഗുർദാസ്പൂരിലെ വക്കീലൻമാരെ സമീപിച്ചു. ശിക്ഷയിൽ നിന്നു രക്ഷപ്പെടാൻ യാതൊരു പോംവഴിയുമില്ലെന്നും കത്തു ലേഖനത്തോടൊപ്പം അടക്കം ചെയ്തിട്ടുണ്ടെന്നു തെളിയിക്കാൻ സാദ്ധ്യമല്ലാത്തതിനാൽ അങ്ങനെ അടക്കം ചെയ്തിട്ടില്ലെന്നു നിഷേധിച്ചു പറയുന്ന പക്ഷം എളുപ്പം രക്ഷപ്പെടാമെന്നും വക്കീലൻമാർ ഉപദേശിച്ചു. എന്നാൽ, സത്യത്തിന്റെ പാതയിൽ നിന്ന് അണുപോലും വ്യതിചലിക്കുവാൻ ആ മഹാത്മാവ് തയ്യാറുണ്ടായിരുന്നില്ല. അദ്ദേഹം ഇതു നിഷേധിക്കുകയില്ലെന്ന വിശ്വാസമാണ് എതിരാളിയെ കേസ്സ് കൊടുക്കാൻ ധൈര്യപ്പെടുത്തിയത്. താൻ അടക്കം ചെയ്തത് ഒരു സത്യം മാത്രമായിരിക്കെ അതെങ്ങനെ നിഷേധിക്കും? കേസ്സ് ജയിക്കാൻ കളവു പറയണം! എന്തു വില കൊടുക്കേണ്ടി വന്നാലും സത്യത്തെ ബലികഴിക്കാൻ ആ പുണ്യാത്മാവിന് സാദ്ധ്യമല്ലായിരുന്നു. അലി അഹ്മദ് എന്നുപേരായ അദ്ദേഹത്തിന്റെ വക്കീൽ തനിയ്ക്ക് ഈ കേസ്സ് വാദിക്കാൻ കഴിയുകയില്ലെന്നു പറഞ്ഞൊഴിഞ്ഞു. എന്നാൽ മിർസാ ഗുലാം അഹ്മദ് (അ) ഒരു ഭീരു ആയിരുന്നില്ല! ധർമധീരനായ ആ സത്യാത്മാവ് നേരിട്ടു കേസ്സ് വാദിക്കുവാനുള്ള ഒരുക്കത്തോടെ ഗുർദാസ്പൂർ കോടതിയിൽ ഇംഗ്ലീഷ്കാരനായ ന്യായാധികാരിയുടെ മുമ്പിൽ ഹാജരായി.

തപാൽ ഉരുപ്പടി തന്റേതുതന്നെയെന്നും പൊതിയിൽ കത്ത് താൻ അടക്കം ചെയ്തിരുന്നത് സത്യമാണെന്നും ഹദ്റത്ത് അഹ്മദ് (അ) കോടതിയിൽ തുറന്നു പറഞ്ഞു. എന്നാൽ, ഗവൺമെന്റിനു എന്തെങ്കിലും നഷ്ടം വരുത്തണമെന്ന യാതൊരു ദുരുദ്ദേശവും തനിക്കുണ്ടായിരുന്നില്ലെന്നും കത്തിലെ ഉള്ളടക്കം ലേഖനത്തെ സംബന്ധിച്ച ഒരു നിർദ്ദേശം മാത്രമാകയാൽ അതു ലേഖനത്തിൽനിന്നു ഭിന്നമല്ലെന്നാണ് താൻ കരുതിയതെന്നും ആ മഹാത്മാവ് ബോധിപ്പിച്ചു. ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: "ഈ വാക്കുകൾ കേട്ടമാത്രയിൽ ആ ഇംഗ്ലീഷ്കാരനായ ന്യായാധിപന്റെ ഹൃദയത്തിൽ അല്ലാഹു എന്റെ നേരെ അലിവുണ്ടാക്കി. എനിക്കെതിരായി തപാലുദ്യോഗസ്ഥൻ വളരെയെല്ലാം ഒച്ചപ്പാടുണ്ടാക്കുകയും ഇംഗ്ലീഷിൽ വാചാലമായി പ്രസംഗിക്കുകയും ചെയ്തു. അതൊന്നും എനിയ്ക്ക് മനസ്സിലായിരുന്നതുമില്ല. എന്നാൽ, ആ ഉദ്യോഗസ്ഥന്റെ ഓരോ വാദത്തിനുശേഷവും ന്യായാധിപൻ ഇംഗ്ലീഷിൽ 'നോ, നോ' എന്നു പറ

ഞ്ഞുകൊണ്ടു അവയെയെല്ലാം നിഷേധിക്കുന്നതു മാത്രം എനിയ്ക്ക് മന സ്സിലാക്കാൻ കഴിഞ്ഞിരുന്നു ഒടുവിൽ, ആ ഉദ്യോഗസ്ഥൻ തന്റെ വാദങ്ങ ളെല്ലാം ഉന്നയിക്കുകയും തന്റെ ആവനാഴിയിലെ അവസാനത്തെ അമ്പും പ്രയോഗിക്കുകയും ചെയ്തശേഷം ന്യായാധിപൻ വിധിയെഴുതാൻ തുട ങ്ങി. ഒന്നോ രണ്ടോ വരി എഴുതിക്കഴിഞ്ഞശേഷം അദ്ദേഹം എന്നെ നോക്കിയിട്ട് പറഞ്ഞു, 'ശരി, നിങ്ങളെ വിട്ടയച്ചിരിക്കുന്നു." ഇതു കേട്ടു ഞാൻ കോടതിമുറിയിൽ നിന്നും പുറത്തു വന്നു. കരുണാമൂർത്തിയായ ദൈവത്തിന് കൃതജ്ഞത പ്രകടിപ്പിച്ചു. അവൻ ആ ഇംഗ്ലീഷ് ഉദ്യോഗസ്ഥ ന്നെതിരിൽ എനിക്ക് വിജയം നല്കി. സത്യസന്ധതയുടെ അനുഗ്രഹ ത്തിലാണ് അല്ലാഹു ആപത്തിൽ നിന്നുള്ള ഈ മോചനം നൽകിയ തെന്നു എനിക്കു ഉറച്ച വിശ്വാസമായി." (റൂഹാനീഖെസായിൻ, വാല്യം 5.ഭാ.299)

9- ബറാഹീനെ അഹ്മദിയ്യ

ഇസ്‌ലാമിന്റെ നേരെ ശത്രുക്കൾ ശക്തിമത്തായ ആക്ഷേപങ്ങൾ പുറപ്പെടുവിക്കുകയും അവയെ നേരിടുവാനും ആക്ഷേപകരെ നിശ്ശബ്ദരാക്കുവാനും സാധിക്കാതെ മുസ്‌ലിം മതപണ്ഡിതൻമാർ പരിഭ്രാന്തരാകുകയും ഈ നിരാശാജനകമായ സ്ഥിതിവിശേഷത്തിന് ഒരു പരിഹാരം കാണാൻ ജ്ഞാനിയായ ഒരു മാർഗ്ഗദർശകന്റെ ആവിർഭാവത്തെ മുസ്‌ലിംകൾ സോൽകണ്ഠം ഉറ്റുനോക്കുകയും ചെയ്തിരുന്ന ഒരു കാലമായിരുന്നു അത്. ആര്യസമാജികൾ ഒരു ഭാഗത്ത്, ക്രിസ്ത്യാനികൾ മറുഭാഗത്ത്, ബ്രഹ്മ സമാജികൾ വേറൊരിടത്ത്, പ്രകൃതിവാദികൾ അങ്ങ്, നാസ്തികന്മാർ ഇങ്ങ് എങ്ങനെ ഇസ്‌ലാം എല്ലാഭാഗത്ത് നിന്നും ആക്രമിക്കപ്പെടുകയായിരുന്നു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) തന്റെ ഒരു കവിതയിൽ പറഞ്ഞതുപ്രകാരം ശത്രുക്കൾ യസീദിന്റെ പട്ടാളത്തെപ്പോലെ സംഹാര ബദ്ധരായി ഇരച്ചു കയറുകയും ഇസ്‌ലാം സൈനുൽആബീദിനെപ്പോലെ നിസ്സഹായമായതരത്തിൽ രോഗശയ്യയിൽ കഴിഞ്ഞുകൂടുകയും ചെയ്തിരുന്ന കാലം!

വേദങ്ങളുടെ ആവിർഭാവത്തിനുശേഷം ദൈവികവെളിപാടുകൾ നിലച്ചുപോയിരിക്കയാണെന്നും അതിനാൽ വൈദീക മതത്തിനു ശേഷമുണ്ടായിട്ടുള്ള എല്ലാ മതങ്ങളും അസത്യവും ഖുർആൻ ഒരസത്യഗ്രന്ഥവും ആണെന്നും ആര്യസമാജികൾ ഘോഷിച്ചു. എല്ലാ സത്യപ്രവാചകന്മാരെയും വിശിഷ്യ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയെ അവർ നീചമായ വിധത്തിൽ അധിക്ഷേപിക്കുകയും അവരെല്ലാം കപടൻമാരായിരുന്നുവെന്ന് സിദ്ധാന്ധിക്കുകയും ചെയ്തിരുന്നു. മറ്റൊരു ഭാഗത്ത്, ക്രിസ്ത്യാനികൾ ഇസ്‌ലാമിനെ രൂക്ഷമായി വിമർശിക്കുകയും തിരുനബിയെ ആക്ഷേപിക്കുകയും ചെയ്തു. അനേകം മുസ്‌ലിംകൾ ക്രിസ്തുമതം സ്വീകരിക്കുകയും അവരിൽ ചിലർ പാതിരിമാരായി ചമഞ്ഞു ഇസ്‌ലാമിനെ അവഹേളിക്കുകയും ചെയ്തിരുന്നു. വെളിപാടുകളെത്തന്നെ നിഷേധിച്ചിരുന്ന ബ്രഹ്മസമാജത്തിൽ ഉയർന്ന മുസ്‌ലിം കുടുംബങ്ങളിൽപെട്ടവർ കൂട്ടംകൂട്ടമായി ചേർന്നു കൊണ്ടിരുന്നു. ഒരു വിഭാഗം മുസ്‌ലിംകൾ പ്രകൃതിവാദികളും നാസ്തികൻമാരുമായി മാറി. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെത്തന്നെ ചോദ്യം ചെയ്തുതുടങ്ങി. സാധാരണക്കാരായ മുസ്‌ലിംകൾ

ആരെ പിന്തുടരണമെന്നും എങ്ങോട്ടു ചെല്ലണമെന്നും മനസ്സിലാകാതെ വട്ടം കറങ്ങുകയായിരുന്നു. ഒരു ഭാഗത്ത് മതപണ്ഡിതൻമാർ ഈ ആക്രമണങ്ങളുടെ നേരെ നിസ്സഹായരോ ഉദാസീനരോ ആയിക്കഴിഞ്ഞുവെങ്കിൽ മറുഭാഗത്ത് അവയെ നേരിടാനെന്നും പറഞ്ഞു രംഗത്തിറങ്ങിയവർ പ്രകൃതിവാദികളോ പാശ്ചാത്യചിന്തകന്മാരുടെ സഹയാത്രികരോ അഥവാ തികച്ചും അപ്രാപ്തരോ ആയിരുന്നു. ആകപ്പാടെ മൗലാനാഹാലി പറഞ്ഞതുപോലെ ഇസ്ലാമിന്റെ കപ്പൽ നിയന്ത്രണം വിട്ടുകുതിച്ചു നീങ്ങിപാറക്കടിച്ച് തകരാൻ പോകുമായിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. യുക്തിവാദത്തിന്റെ ചാതുര്യങ്ങൾക്കോ ന്യായശാസ്ത്രങ്ങളുടെ സാമർത്ഥ്യങ്ങൾക്കോ ഭൗതികവിജ്ഞാനീയത്തിന്റെ അത്ഭുത സിദ്ധികൾക്കോ പരിഹാരം കണ്ടെത്താവുന്ന പ്രശ്നങ്ങളായിരുന്നില്ല അവ. സത്യദൃഷ്ടാന്തങ്ങളെക്കൊണ്ടും ദിവ്യജ്ഞാനങ്ങളെക്കൊണ്ടും മാത്രം മറുപടി നൽകാവുന്ന ആക്രമണങ്ങളായിരുന്നു ശത്രുക്കളുടേത്! ശത്രുലോകത്തെ മുഴുവൻ ആഹ്വാനം ചെയ്യാൻ കെല്പുള്ള ഒരു മഹാത്മാവിനെ, ദിവ്യനും ഭവ്യനുമായ ഒരു മഹാജ്ഞാനിയെയാണ് ആ കാലഘട്ടം ആവശ്യപ്പെട്ടിരുന്നതും തെരഞ്ഞുകൊണ്ടിരുന്നതും!

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) മാത്രമായിരുന്നു ആ അജ്ഞാതമായ ആശാകേന്ദ്രം! അതേ, സടകുടഞ്ഞെഴുന്നേറ്റ ആ ഇസ്ലാമിക സിംഹത്തിന്റെ വീരഗർജ്ജനം ലോകമതാന്തരീക്ഷത്തെയാകെ ശബ്ദായമാനമാക്കി.

ആദ്യമാദ്യം പത്രങ്ങളിൽ ലേഖനങ്ങളെഴുതുന്നതുകൊണ്ടു മാത്രം ഹദ്റത്ത് അഹ്മദ്(അ)തൃപ്തിപ്പെട്ടിരുന്നു. എന്നാൽ, പണ്ഡിറ്റ് ദയാനന്ദ സരസ്വതിയുടെയും ചില ആര്യസമാജ പ്രവർത്തകരുടെയും ഗ്രന്ഥങ്ങളും വിഷകൃതികളും കാരണം അവർക്കും ഇസ്ലാമിന്റെ മറ്റെല്ലാ ശത്രുക്കൾക്കും അടിസ്ഥാനപരവും ശാശ്വതവുമായ ഒരു മറുപടിയായിരിക്കത്തക്കവണ്ണം ഒരുഗ്രന്ഥം രചിക്കുവാൻ ആ പുണ്യാത്മാവ് തീർച്ചപ്പെടുത്തി. ഈ പുസ്തകത്തിന്റെ പേരാണ് 'ബറാഹിനെ അഹ്മദിയ്യ' "അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർ ആനിന്റെയും മുഹമ്മദീ നുബുവ്വത്തിന്റെയും സത്യത്തിലേക്കുള്ള അഹ്മദീയ്യ പ്രമാണങ്ങൾ" എന്നാണ് പ്രസ്തുത ഗ്രന്ഥത്തിന്റെ മുഴുവൻ പേർ.

ആദ്യകാലത്തുണ്ടായ ഒരു ദിവ്യദർശനത്തിന്റെ അടിസ്ഥാനത്തിലാണ് ആ മഹാത്മാവ് ഈ ഗ്രന്ഥരചനക്ക് ഉദ്യുക്തനായത്. ഹദ്റത്ത് അഹ്മദ്(അ)ഒരു ദർശനത്തിൽ നബി(സ) തിരുമേനിയെ കാണുകയുണ്ടായി. തദവസരത്തിൽ തന്റെ കയ്യിൽ താൻതന്നെ നിർമ്മിച്ചതെന്ന് തോന്നിയ ഒരു ഗ്രന്ഥവും ഉണ്ടായിരുന്നു. റസൂൽ തിരുമേനി(സ) അതു വാങ്ങി നോക്കി. പുസ്തകം തിരുകരങ്ങളിൽപ്പെട്ട ഉടനെ അതു മനോഹരമായ വർണ്ണാകൃതികളോടുകൂടിയ ഒരു മധുരഫലമായി രൂപാന്തരപ്പെട്ടു. അതു മുറിക്കുന്നതിന് തിരുമേനി (സ) ആഗ്രഹിച്ചപ്പോൾ അതിൽ നിന്നും അത്യധികമായി തേൻ ഊറിയൊഴുകി. തിരുനബിയുടെ ഇരു കരങ്ങളും തേനിൽ കുതി

രുന്നു. അപ്പോൾ, ഒരു മൃതദേഹം പുനർജ്ജീവിച്ചു. ഹദ്റത്ത് അഹ്മദിന്റെ പിന്നിൽ വന്നു നില്ക്കുകയുണ്ടായി.

വിശുദ്ധ ഖുർആന്റെയും നബിതിരുമേനിയുടെയും സത്യത്തിലേക്ക് മുന്നൂറ് പ്രബലങ്ങളായ പ്രമാണങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഒരു ബൃഹത് ഗ്രന്ഥം ഖണ്ഡശഃ പ്രസിദ്ധീകരിക്കാനാണ് ഹദ്റത്ത് അഹ്മദ് (അ) ഉദ്ദേശിച്ചിരുന്നത്. ഈ ഗ്രന്ഥത്തിന്റെ ഒരു ഭാഗം, ഏതാണ്ട് 2500പേജുകൾ 1879ൽ എഴുതിപൂർത്തിയാക്കിയപ്പോൾ ആ ദിവ്യാത്മാവ് പത്രങ്ങളിൽ ഒരാഹ്വാനമടങ്ങിയ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി.

വിശുദ്ധ ഖുർആന്റെ സത്യത്തെയും ഔൽകൃഷ്ടത്തെയും മുഹമ്മദ് നബി (സ)തിരുമേനിയുടെ പ്രവാചകത്വത്തേയും നിഷേധിക്കുന്ന വല്ലാരാളും താൻ പ്രസിദ്ധപ്പെടുത്താൻ പോകുന്ന ഗ്രന്ഥത്തിൽ ഉന്നയിച്ചിട്ടുള്ളതുപോലുള്ള സത്യസാക്ഷ്യങ്ങൾ അഥവാ അതിന്റെ പകുതിയോ മൂന്നിലൊന്നോ നാലിലൊന്നോ അഞ്ചിലൊന്നോ തങ്ങളുടെ മതത്തിന്റെ സത്യത്തിലേക്ക് ദൃഷ്ടാന്തമായി തങ്ങളുടെ ദിവ്യഗ്രന്ഥത്തിൽ നിന്നെടുത്തു കാണിക്കുകയോ അതിന് സാധിക്കാത്തപക്ഷം അതേറ്റുപറഞ്ഞു താൻ ഉന്നയിക്കുന്ന തെളിവുകളെ വഴിക്കുവഴി ഖണ്ഡിക്കുകയെങ്കിലുമോ ചെയ്യുകയാണെങ്കിൽ ആ ആൾക്ക് താൻ 10,000 രൂപാ വിലയ്ക്കുള്ള തന്റെ സ്വത്തുക്കൾ തീരെഴുതി കൊടുക്കുന്നതാണെന്നായിരുന്നു വിജ്ഞാപനത്തിൽ പറഞ്ഞിരുന്നത്. എന്നാൽ, അത് നിബന്ധനകൾ അനുസരിച്ചുള്ള ഒരു പ്രത്യാഖ്യാനമായിരിക്കുന്നുണ്ടെന്ന് മൂന്ന് നിഷ്പക്ഷ ജഡ്ജിമാർ വിധി പറയേണ്ടതാവശ്യമായിരിക്കും.

1880ൽ ഹദ്റത്ത് അഹ്മദ്(അ) ബറാഹിന്റെ ഒന്നും രണ്ടും ഭാഗങ്ങൾ പ്രസിദ്ധപ്പെടുത്തി. ആദ്യ ഖണ്ഡം വലിയ അക്ഷരങ്ങളിലെഴുതിയ വിജ്ഞാപനം തന്നെയായിരുന്നു.

വിശുദ്ധ ഖുർആന്റെ ദിവ്യത്വത്തിലേക്കും നബിതിരുമേനിയുടെ സത്യത്തിലേക്കും ഹദ്റത്ത് അഹ്മദ് ബറാഹീനിൽ രണ്ട് തരത്തിലുള്ള മൗലികമായ ന്യായവാദങ്ങൾ ഉന്നയിച്ചിരുന്നു.

ഒന്ന്, ഒരു ദൈവിക ഗ്രന്ഥം അതിന്റെ സത്യത്തിലേക്ക് സാക്ഷ്യമായി അത് ദൈവത്തിൽ നിന്നുള്ളതാണെന്ന് സ്വയം അവകാശപ്പെടുകയും അതിനുള്ള തെളിവ് സ്വയം നല്കുകയും ചെയ്യേണ്ടതാണ്.

രണ്ട്, ദൈവിക ഗ്രന്ഥത്തിന്റെയും സത്യവാനായ ഒരു സജീവ പ്രവാചകന്റേയും അനുഗ്രഹങ്ങൾ എല്ലാകാലത്തും വെളിപ്പെട്ടുകൊണ്ടിരിക്കേണ്ടതും അത്തരം ആത്മീയ അനുഗ്രഹങ്ങൾക്ക് അവകാശികളായിരിക്കുന്നവർ ലോകത്തിന് നവംനവങ്ങളായ സജീവ ദൃഷ്ടാന്തങ്ങൾ നൽകിക്കൊണ്ടിരിക്കാൻ സാധിക്കുമാറ് എല്ലാകാലത്തും ഉണ്ടായിരിക്കേണ്ടതുമാണ്.

ഈ രണ്ട് മൗലികമായ ന്യായവാദങ്ങളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് അഹ്മദുൽഖാദിയാനി(അ) 'ബറാഹീനെ അഹ്മദിയ്യ' യിൽ പരിശുദ്ധ ഖുർആന്റെയും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനി

യുടെയും സത്യത്തെയും സജീവത്വത്തെയും തെളിയിക്കുന്ന യുക്തിയുക്തമായ രേഖകളും പ്രമാണങ്ങളും ഉന്നയിക്കുകയും അവയെ പരീക്ഷിക്കാൻ മതലോകത്തെ ക്ഷണിക്കുകയുമാണ് ചെയ്തത്. മാത്രമല്ല, തനിക്ക് ലഭിച്ചിട്ടുള്ള ആത്മീയ ദർശനങ്ങളെയും വെളിപാടുകളെയും മറ്റു ദിവ്യാനുഭവാനുഗ്രഹങ്ങളെയും പ്രസ്തുത സത്യങ്ങളുടെ സജീവ ദൃഷ്ടാന്തങ്ങളെന്നോണം എടുത്തു കാണിക്കുകയും അത്തരം ദൃഷ്ടാന്തങ്ങൾവഴി സ്വമതങ്ങളുടെ സത്യതയെ തെളിയിക്കുവാൻ വിമതസ്ഥരെ ആഹ്വാനം ചെയ്കയും ചെയ്തിരുന്നു.

ആഹ്വാനമടങ്ങിയ ആദ്യ വിജ്ഞാപനം പ്രസിദ്ധം ചെയ്യപ്പെട്ടപ്പോൾ ശത്രുകേന്ദ്രങ്ങളിൽ വലിയൊരിളക്കമുണ്ടായി. ഗ്രന്ഥത്തിന് തങ്ങൾ മറുപടിയെഴുതുന്നതാണെന്നും ന്യായവാദങ്ങൾ ഖണ്ഡിക്കുന്നതാണെന്നും അവരിൽ ചിലർ ആവേശപൂർവ്വം വിളംബരപ്പെടുത്തി. 'സഫീറെ ഹിന്ദ്,' 'നൂറഫ്ശാൻ' 'വിദ്യാപ്രകാശക്' തുടങ്ങിയ ക്രൈസ്തവ, ആര്യ പത്രങ്ങളിൽ ഹദ്റത്ത് അഹ്മദിനെതിരായ പ്രത്യാഹ്വാനങ്ങളും പ്രഖ്യാപനങ്ങളുമുണ്ടായി. സത്യസാക്ഷ്യങ്ങൾ ഉന്നയിക്കുന്നതിനു മുമ്പു തന്നെ, തങ്ങൾ അവയെ ഖണ്ഡിക്കുന്നതാണെന്നുള്ള എതിരാളികളുടെ നിഷേധാത്മകമായ വീരവാദങ്ങളും ശകാരസാഹിത്യവും പുറത്തു വന്നപ്പോൾ ഹദ്റത്ത് അഹ്മദ് (അ) ബറാഹീന്റെ രണ്ടാംഭാഗം മുഖവുരയിൽ അവരെ നിശ്ശബ്ദരാക്കുമാറ് ഇപ്രകാരം മറുപടി നൽകി.

"ഞാൻ എല്ലാ മാന്യൻമാരോടും സത്യം ചെയ്തുപറയുന്നു, എനിയ്ക്കെതിരിൽ അല്പവും സങ്കോചം കാണിക്കേണ്ടതില്ല. നിങ്ങൾ പ്ലേറ്റോ ആയിക്കൊൾവിൻ. ബേക്കന്റെ അവതാരമെടുത്തുകൊൾവിൻ. അരിസ്റ്റോട്ടിലിന്റെ ദർശനവും ചിന്തകളും കൊണ്ടുവന്നുകൊൾവിൻ. താന്താങ്ങളുടെ കൃത്രിമ ദൈവങ്ങളുടെ മുമ്പിൽ മുകുളിത പാണികളായി സഹായാർത്ഥന ചെയ്തുകൊൾവിൻ. എന്നിട്ടു നോക്കേണ്ടതാണ്. എന്റെ ദൈവമാണോ ജയശാലിയായി തീരുന്നത് അതോ,നിങ്ങളുടെ കൃത്രിമ ദൈവങ്ങളോ എന്ന്!"

ഇത്രയും ശക്തിമത്തായ ആഹ്വാനം ഉണ്ടായിരിക്കെ ഇതിനു മറുപടി എഴുതാൻ ശ്രമിക്കേണ്ടത് സ്വമതത്തിൽ വിശ്വാസവും അഭിമാനവും ഉള്ള ഏതൊരു വിമതസ്ഥന്റെയും കടമയായിരുന്നു. എന്നാൽ, ബറാഹീൻ പ്രസിദ്ധീകരിക്കപ്പെട്ട ശേഷം മൂന്നുകൊല്ലക്കാലം സ്വാമി ദയാനന്ദ സരസ്വതി ജീവിച്ചിരുന്നിട്ടും അദ്ദേഹം പ്രസ്തുത ഗ്രന്ഥത്തിന് ഖണ്ഡനം എഴുതാൻ തുനിയുകയോ എന്തെങ്കിലും മറുപടി നൽകാൻ മുതിരുകയോ ചെയ്കയുണ്ടായില്ലെന്നത് സ്മരണീയമാണ്. ക്രിസ്തീയ പണ്ഡിതൻമാരും അനങ്ങിയില്ല. ബ്രഹ്മസമാജികളോ പ്രകൃതിവാദികളോ രംഗത്ത് വന്നില്ല. എന്നാൽ, ആര്യസമാജത്തിന്റെ പിശാവർ ഘടകത്തിന്റെ നേതാവായ പണ്ഡിറ്റ് ലേഖ്റാം 'തക്ദീബ് ബറാഹീനെ അഹ്മദിയ്യ' എന്നപേരിൽ ഒരു ശകാരസമാഹാരം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഒരു മറുപടി അർഹിക്കാത്തതായിരുന്നു അതെങ്കിലും, ന്യായപൂർത്തീകരണാർത്ഥം ഹദ്റത്ത്

അഹ്മദിന്റെ ചില ശിഷ്യന്മാർ അതിന് പ്രത്യാഖ്യാനമെഴുതി കൊണ്ട് തങ്ങളുടെ മതത്തിന്റെ പ്രമാണൗൽകൃഷ്ട്യത്തെ തെളിയിക്കുകതന്നെ ചെയ്തു. പണ്ഡിറ്റ് ലേഖ്റാം ഹദ്റത്ത് അഹ്മദുമായി പരസ്യമായ ഒരാത്മീയ പോരാട്ടത്തിന് ധൈര്യപ്പെടുകയും ഒടുവിൽ ഇസ്ലാമിന്റെ സത്യത്തിലേയ്ക്കുള്ള ഒരു ദൃഷ്ടാന്തമെന്നോണം ദൈവത്തിന്റെ ഇടിവാളിന് ഇരയായിത്തീരുകയുമാണുണ്ടായതെന്ന് ഇവിടെ പ്രസ്താവ്യമാണ്.

'ബറാഹിനെ അഹ്മദീയ്യ' പ്രസിദ്ധം ചെയ്യപ്പെട്ടപ്പോൾ മുസ്ലിം മത പണ്ഡിതൻമാർ അതിനെ സഹർഷം സ്വാഗതം ചെയ്യുകയാണുണ്ടായത്. ഹദ്റത്ത് അഹ്മദിന്റെ ആത്മീയാനുഭൂതികളെ കളിയാക്കുന്ന ചിലരെല്ലാം അന്നും ഉണ്ടായിരുന്നുവെങ്കിലും അനേകം മുസ്ലിംകൾ ആ മഹാത്മാവിൽ തങ്ങളുടെ മാർഗ്ഗദർശകനേയും പരിത്രാതാവിനെയും കണ്ടെത്തി. കുതിച്ചു കയറുന്ന ശത്രു സേനാനിരകളെ പിന്തിരിപ്പിച്ചോടിക്കുന്ന വീരനായ ഈ ആത്മീയ സൈനികനെ അഭിവാദ്യം ചെയ്യാൻ അവരെല്ലാം ബദ്ധപ്പെട്ടു. "ബറാഹീനെ അഹ്മദീയ്യ" മുസ്ലിം ജനസാമാന്യത്തിന്റെ മനോവീര്യത്തെ ശക്തിപ്പെടുത്തുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്തിരുന്നു. അവി ശ്വാസികൾ ഞെട്ടിവിറച്ചു. വിഭാവനയിലുള്ള ഗ്രന്ഥത്തിന്റെ ഒരപൂർണ്ണഭാഗം മാത്രമേ പ്രസിദ്ധം ചെയ്യപ്പെട്ടിരുന്നുള്ളുവെങ്കിലും, 300 തെളിവുകളിൽ ഒരൊറ്റ തെളിവിനെ കുറിച്ചു മാത്രമേ അതു വരെയ്ക്കും പ്രതിപാദിക്കപ്പെട്ടിരുന്നുള്ളൂവെങ്കിലും ഇന്ത്യയിലങ്ങോളമിങ്ങോളം അത് മഹത്തായ പ്രതികരണങ്ങളുണ്ടാക്കുകതന്നെ ചെയ്തു. ജയശാലിയായ ഇസ്ലാം മത വീരനെന്നോണം ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പവിത്ര നാമധേയം മതാന്തരീക്ഷത്തിൽ ഉയർന്നുയർന്ന് പറക്കാൻ തുടങ്ങി. ആ പുസ്തകത്തെ കുറിച്ചുണ്ടായ നിരൂപണങ്ങളിൽ നിന്ന് കാലം ആ ദിവ്യാത്മാവിൽ നിന്ന് എന്താണ് പ്രതീക്ഷിച്ചിരുന്നതെന്ന് വ്യക്തമാകുന്നതാണ്. നിരൂപണങ്ങളിൽ ചിലത് ചുവടെ കുറിക്കാം:

അഹ്ലെഹദീസ് കക്ഷിക്കാരുടെ പ്രസിദ്ധനേതാവും പിൽക്കാലത്തെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ കുപ്രസിദ്ധ ശത്രുവുമായിരുന്ന മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവിതന്റെ 'ഇശാഅത്തുസ്സുന്ന' എന്ന പത്രത്തിൽ ഇപ്രകാരം എഴുതി:

"ഞങ്ങളുടെ അഭിപ്രായത്തിൽ ഈ ഗ്രന്ഥം ഇക്കാലത്ത് ഇന്നത്തെ പരിതസ്ഥിതികളുടെ വെളിച്ചത്തിൽ, ഇസ്ലാമിൽ ഇന്നേവരെ പ്രസിദ്ധം ചെയ്യപ്പെട്ടിട്ടില്ലാത്ത വിധം അതുല്യമായ ഒരു ഗ്രന്ഥമാകുന്നു. ഭാവിയെ പറ്റി പറയുക വയ്യ.... ധനംകൊണ്ടും ദേഹം കൊണ്ടും പേനകൊണ്ടും നാവുകൊണ്ടും പ്രവൃത്തികൊണ്ടും വാക്കുകൊണ്ടും ഇസ്ലാമിനുവേണ്ടി ഈ ഗ്രന്ഥകർത്താവിനെപ്പോലെ സേവനം ചെയ്തിട്ടുള്ളവർ പൂർവ്വിക മുസ്ലിംകളിൽപ്പോലും വളരെ വിരളമായേ കാണപ്പെടുകയുള്ളൂ."

"ഞങ്ങളുടെ ഈ വാക്കുകളെ ഏഷ്യക്കാരുടെ അതിശയോക്തിയായി ആരെങ്കിലും കരുതുന്നുവെങ്കിൽ, ഇസ്ലാമിന്റെ ശത്രുക്കളെ പ്രത്യേകിച്ചും ആര്യസമാജത്തേയും ബ്രഹ്മസമാജത്തേയും ഇത്രയും ശക്തിയുക്തം എതി

രിട്ടിട്ടുള്ള ഒരൊറ്റ ഗ്രന്ഥമെങ്കിലും അവർ കാണിച്ചു തരട്ടെ; ധനംകൊണ്ടും ദേഹംകൊണ്ടും തൂലികകൊണ്ടും നാവുകൊണ്ടും സർവ്വോപരി ജീവിത രീതികൊണ്ടും, ഇസ്ലാമിന്റെ ശത്രുക്കളേയും 'ഇൽഹാ'മിന്റെ നിഷേധികളെയും എതിർക്കുകയും സംശയാലുക്കളെ തന്റെ അടുക്കൽ വന്ന് അനുഭവ സാക്ഷ്യം സ്വീകരിച്ചുകൊൾവാൻ ആണത്തത്തോടെ ആഹ്വാനം ചെയ്യുകയും ഇതര സമുദായക്കാർക്ക് ആ അനുഭൂതികളെ അഭിരുചിപ്പിക്കുകയും ചെയ്തിട്ടുള്ള മൂന്നാലാളുകളെ ചൂണ്ടിക്കാണിച്ചു തരികയും ചെയ്യട്ടെ" (ഇശാഅത്തുസ്സുന്ന: പുസ്തകം 6ലക്കം. 6ഛാ.169.170)

ഇന്ത്യയുടെ തെക്ക് ബാംഗ്ളൂരിൽ നിന്ന് പുറപ്പെട്ടിരുന്ന 'മൻശൂറെ മുഹമ്മദി' എന്ന പത്രത്തിൽ തദധിപരായ മൗലാനാ മുഹമ്മദ് ശരീഫ് സാഹിബ് ഇപ്രകാരം എഴുതി:

"ഇസ്ലാമിലെ പണ്ഡിതൻമാരിൽ മതസേവകരായ ഭാഗ്യാത്മാക്കളിലാരെങ്കിലും ഈ കാലഘട്ടത്തിലെ പരിതസ്ഥിതികൾക്ക്യോജിച്ചതും വിശുദ്ധ ഖുർആന്റെ ദിവ്യത്വത്തേയും തിരുനബിയുടെ സത്യത്തെയും തെളിയിക്കുന്നതും, ബുദ്ധിപരമായ രേഖകളും ചരിത്രപരമായ സാക്ഷ്യങ്ങളും ഉൾകൊള്ളുന്നതുമായ ഒരു ഗ്രന്ഥം രചിച്ച് പ്രസിദ്ധപ്പെടുത്തുമാറാകട്ടെ എന്ന് വളരെക്കാലമായി ഞങ്ങൾ ആഗ്രഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. അല്ലാഹുവിന് അപാരമായ നന്ദി. ഈ ആഗ്രഹം ഇതാ സാധിച്ചിരിക്കുന്നു!" (മൻശൂറേ മുഹമ്മദി, 25 റജബ്, 1300)

"ഈ ഗ്രന്ഥത്തെപ്പറ്റി അധികമായി സ്തുതിച്ചെഴുതുക അസാദ്ധ്യമാണ്. ഏതെല്ലാം പ്രമാണങ്ങളും യുക്തിന്യായങ്ങളും മുഖേനയാണോ ഈ ഗ്രന്ഥത്തിൽ ഇസ്ലാമിന്റെ എതിരാളികളുടെമേൽ സാക്ഷ്യപൂർത്തീകരണം സാധിച്ചിരിക്കുന്നത് അവ ഒരു സ്തുതിയേയോ പ്രശംസയേയോ ആശ്രയിച്ചിരിക്കുന്നതല്ല....

"എന്നാൽ, ഞങ്ങൾ ഇത്രമാത്രം പറഞ്ഞുകൊള്ളാം: ഈ ഗ്രന്ഥം നിരുത്തരേയമായ ഒന്നാണെന്നതിൽ സംശയമില്ല. ഇതിൽ എത്ര ശക്തിയോടും യുക്തിയോടും കൂടിയാണോ സത്യസാക്ഷ്യങ്ങൾ വിവരിച്ചിരിക്കുന്നത്, ഗ്രന്ഥകർത്താവ് തന്റെ ദിവ്യദർശനങ്ങളേയും വെളിപാടുകളേയും ഇസ്ലാമിന്റെ എതിരാളികൾക്ക് വെളിപ്പെടുത്തി കൊടുത്തിരിക്കുന്നത്, അതിനെക്കുറിച്ച് ആർക്കെങ്കിലും വല്ല സംശയങ്ങളുമുണ്ടെങ്കിൽ ഏത് ദൃശമായ ദൈവഭാഷണങ്ങളാലും ദിവ്യാനുഭൂതികളാലും അനുഗൃഹീതനായിരിക്കുന്ന ഗ്രന്ഥകർത്താവിന്റെ സാമീപ്യ സമ്പർക്കത്തിൽ വർത്തിച്ച് ദൃഢബോധ്യം വരുത്തിക്കൊള്ളാവുന്നതാണ്.

"ഇസ്ലാമിന്റെ സാക്ഷ്യങ്ങളേയും നുബുവ്വത്തിന്റെയും ഖുർആന്റെയും സത്യത്തേയും സംബന്ധിച്ചിടത്തോളം നിരുത്തരേയമായിരിക്കുന്ന ഈ ഗ്രന്ഥം അന്യാദൃശ്യം തന്നെ.... ഈ ഗ്രന്ഥത്തിൽ ഉന്നയിച്ച സത്യ സാക്ഷ്യങ്ങളേയും ന്യായവാദങ്ങളേയും ഖണ്ഡിക്കുന്നവർക്ക് പതിനായിരം രൂപ സമ്മാനം നല്കുന്നതാണെന്ന വിളംബരമുണ്ടായിട്ട് കുറേ

നാളായെങ്കിലും ആർക്കും ഇതുവരെയും പേനപൊക്കാൻ ശക്തിയുണ്ടായിട്ടില്ല." (മൻശൂറെ മുഹമ്മദി, ബംഗ്ളൂർ, 5 ജമാദിൽ ആഖർ, 1301).

'ബറാഹീനെ അഹ്മദിയ്യ'യെപറ്റി പത്രങ്ങൾ മേൽ പ്രകാരം അഭിപ്രായങ്ങൾ പുറപ്പെടുവിച്ചതിന് പുറമെ പല സമുന്നത വ്യക്തികളും പ്രശംസിച്ചെഴുതുകയും സ്തുതിച്ചു പറയുകയുമുണ്ടായി. അവരിലൊരാളത്രെ ഹദ്റത്ത് സൂഫി അഹ്മദ്ജാൻ സാഹിബ്(റ).ഇദ്ദേഹം ലുധിയാന നിവാസിയും ഒരു വലിയ ഭക്തനും ജ്ഞാനിയും ആയിരുന്നതിനു പുറമെ ആയിരക്കണക്കായ ശിഷ്യന്മാരുള്ള ഒരു വലിയ മതനേതാവുമായിരുന്നു. ഇദ്ദേഹം 'ബറാഹീനെ അഹ്മദിയ്യ'യെപറ്റി ഇപ്രകാരമാണ് പറഞ്ഞത്:

"ഈ ഗ്രന്ഥം ഇസ്ലാംമതത്തിന്റെയും മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വത്തിന്റെയും സത്യത്തെ.... ശക്തിമത്തായ യുക്തി ന്യായങ്ങളാൽ തെളിയിച്ചുകാട്ടുന്ന ഒരു അപൂർവ്വഗ്രന്ഥമാകുന്നു... ഈ പതിനാലാം നൂറ്റാണ്ടിൽ 'ബറാഹീനെ അഹ്മദിയ്യ'യെപോലുള്ള ഒരു ഗ്രന്ഥത്തിന്റെയും തൽകർത്താവും എന്റെ ഗുരുവരേണ്യനുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബിനെപോലുള്ള ഒരു മുജദ്ദിദിന്റെയും ആവശ്യമുണ്ടെന്നതു നിസ്തർക്കം തന്നെ."

ബറാഹീൻ 3-ാം ഭാഗം പ്രസിദ്ധപ്പെടുത്തുന്നതുവരെയും ഹദ്റത്ത് അഹ്മദിന്ന് യാതൊരു ദിവ്യവാദവും ഉണ്ടായിരുന്നില്ലെന്നതു സ്മരണീയമാണ്. അക്കാലത്തു തന്നെ ഹദ്റത്ത് സൂഫി അഹ്മദ്ജാൻ സാഹിബിനെപോലുള്ള ഭക്തജനങ്ങൾ ആ മഹാത്മാവിന്റെ പവിത്ര ജീവിതത്തിലേക്കും ത്യാഗപൂർണ്ണമായ സേവനങ്ങളിലേയ്ക്കും ആകൃഷ്ടരായിത്തീർന്നിരുന്നു. സൂഫി അഹ്മദ്ജാൻ സാഹിബ് 1885ൽ ഹജ്ജിന്നു പോവുകയും തിരിച്ചു വന്ന ഉടനെ ചരമം പ്രാപിക്കുകയും ചെയ്തു.

നവാബ് സിദ്ദീഖ് ഹസൻ ഖാൻ സാഹിബ് അഹ്ലെ ഹദീസ് കക്ഷിയിലെ പ്രഖ്യാതനായ ഒരു പണ്ഡിതനും ഒരു ഗ്രന്ഥകാരനും ആയിരുന്നു. അദ്ദേഹം ഭോപ്പാൽ ഭരണാധിപ ആയിരുന്ന ഷാജഹാൻ ബീഗംമിനെയാണ് വിവാഹം ചെയ്തിരുന്നത്. തന്നിമിത്തം, രാജ്യത്ത് പൊതുവെയും സമുദായത്തിൽ പ്രത്യേകിച്ചും വലിയ പേരും പെരുമയും ആർജ്ജിച്ചിരുന്നു. ബ്രിട്ടീഷ് ഗവർമ്മേണ്ട് അദ്ദേഹത്തിന്ന് 'നവാബ് വാലാജാഹ്' 'അമീറുൽ മുൽക്ക്' തുടങ്ങിയ ബഹുമതിപ്പട്ടങ്ങൾ നൽകി ആദരിക്കുകയുമുണ്ടായി. വലിയൊരു ജ്ഞാനിയും ഭക്തനുമായറിയപ്പെട്ടിരുന്ന ഇദ്ദേഹം പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദാണെന്നത്രെ അഹ്ലെ ഹദീസ് കക്ഷിക്കാരിൽ ചിലർ പറയുന്നത്. നവാബ് സാഹിബ്, താൻ ബറാഹീൻ അഹ്മദിയ്യായുടെ പത്തിരുപത് പ്രതികൾ സ്വീകരിച്ചു കൊള്ളാമെന്ന് സമ്മതിച്ചെഴുതിയിട്ടുണ്ടായിരുന്നുവെങ്കിലും പിന്നീട് ഈ ബാധ്യതയിൽനിന്ന് പിൻമാറിക്കളഞ്ഞു. ആദ്യത്തെ മൂന്നുഭാഗങ്ങൾ ഹദ്റത്ത് അഹ്മദ്(അ) അദ്ദേഹത്തിന് പോസ്റ്റ് വഴി അയച്ചുകൊടുത്തുവെങ്കിലും അദ്ദേഹം അവ തിരിച്ചയക്കുകയാണു ചെയ്തത്. അന്ധമായ ബ്രിട്ടീഷ് ഭക്തിയാണ് അദ്ദേഹത്തെ അതിന്ന് പ്രേരിപ്പിച്ചതെന്നു തെളിഞ്ഞു. ബറാഹീനിൽ ക്രിസ്തുമതത്തെ

കുറിച്ചുള്ള വിമർശനവും ക്രിസ്തീയവാദ ഖണ്ഡനവും അടങ്ങിയിരുന്നതിനാൽ മത വിവാദപരമായ അത്തരം ഗ്രന്ഥങ്ങൾക്ക് താൻ പ്രോത്സാഹനവും പ്രചാരവും നൽകുന്നത് ബ്രിട്ടീഷുകാരായ തന്റെ മേലാളുരുടെ അനിഷ്ടം സമ്പാദിക്കലാവുമെന്ന് നവാബ് സാഹിബ് കരുതിയത്രെ! അദ്ദേഹം പുസ്തകക്കെട്ട് പൊളിക്കുകയും വായിച്ചു നോക്കിയശേഷം വീണ്ടും പൊതിഞ്ഞുകെട്ടി തിരിച്ചയക്കുകയുമാണുണ്ടായത്. പുസ്തകം മുഷിഞ്ഞും കീറിപ്പറിഞ്ഞുമാണ് ഒടുവിൽ ഹദ്റത്ത് അഹ്മദിന്നു തിരിച്ചു കിട്ടിയത്. സിദ്ദീഖ് ഹസൻഖാനെക്കുറിച്ച് നല്ലൊരഭിപ്രായമായിരുന്നു ആദ്യത്തിൽ ഹദ്റത്ത് അഹ്മദിനുണ്ടായിരുന്നത്. എന്നാൽ പ്രതീക്ഷയ്ക്ക് വിപരീതമായി നവാബ് സാഹിബ് പെരുമാറുകയും ഈ മര്യാദകേട് കാണിക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് അഹ്മദിന് അത്യധികമായ മനോദുഃഖവും വെറുപ്പും തോന്നി. ഇത്തരം ഗ്രന്ഥങ്ങളുടെ പ്രചാരണത്തിനു തന്നിൽ ഒരാശയും അർപ്പിക്കേണ്ടതില്ലെന്ന് നവാബ് എഴുതുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇസ്ലാമിന്റെ സത്യത്തെ സ്ഥാപിച്ചുകൊണ്ടും ഇസ്ലാമിന്റെ ശത്രുക്കളുടെ വാദങ്ങളെ ഖണ്ഡിച്ചുകൊണ്ടും താനെഴുതിയ ഗ്രന്ഥത്തിന്റെ നേരെ, ഇസ്ലാമികവിശ്വാസവും മതാഭിമാനവും ഉണ്ടെന്ന് അവകാശപ്പെടുന്ന ഒരാൾ, സർക്കാരിനെ പ്രീതിപ്പെടുത്താൻ വേണ്ടിമാത്രം ഈ അനാദരവ് കാണിച്ചപ്പോൾ ആ മഹാത്മാവിന് അതു സഹിക്കാൻ കഴിഞ്ഞില്ല. അത്രയും വെറുത്ത ഭാവത്തോടെ അദ്ദേഹത്തെ താനൊരിക്കലും കാണുകയുണ്ടായിട്ടില്ലെന്നു ഒരു ശിഷ്യൻ നിവേദനം ചെയ്യുന്നു. അങ്ങോട്ടു മിങ്ങോട്ടും ഉലാത്തിക്കൊണ്ടിരുന്നശേഷം ഹദ്റത്ത് അഹ്മദ് (അ)ഇപ്രകാരം സ്വയം പറഞ്ഞു. "ശരി! നിങ്ങൾ സർക്കാരിനെ പ്രീതിപ്പെടുത്തിക്കൊൾക" എപ്രകാരം അല്ലാമാ സിദ്ദീഖ് ഹസൻഖാൻ ബറാഹീൻ കീറിപ്പറിച്ച നിലയിൽ തിരിച്ചയച്ചുവോ അപ്രകാരംതന്നെ അദ്ദേഹത്തിന്റെ സ്ഥാനമാനങ്ങളും പിച്ചിച്ചീന്തപ്പെടുമെന്ന് ഹദ്റത്ത് അഹ്മദ് പ്രവചിച്ചു. ബറാഹീൻ നാലാംഭാഗം പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിന്റെ മുഖവുരയിൽ നവാബ് സാഹിബിന്റെ ഈ പെരുമാറ്റത്തെ കുറിച്ചു ഇപ്രകാരം എഴുതുകയുമുണ്ടായി. "ഞാൻ നവാബ് സാഹിബിൽ യാതൊരാശയും അർപ്പിച്ചിട്ടില്ല. അല്ലാഹുവിലത്രെ ഞാൻ വിശ്വാസമർപ്പിച്ചിട്ടുള്ളത്. അവൻ എനിയ്ക്കു മതിയായവനുമാണ്. (ഇംഗ്ലീഷ് സർക്കാർ നവാബ് സാഹിബിൽ തൃപ്തരായിത്തന്നെയിരിക്കുന്നതിന് ദൈവം തുണയ്ക്കട്ടെ!)". യഥാർത്ഥത്തിൽ, ഈ വരികളിലൂടെ ഹദ്റത്ത് അഹ്മദ് തനിയ്ക്കുള്ള മനോവേദനയും അതൃപ്തിയുമാണ് പ്രകടിപ്പിക്കുകയുണ്ടായത്.

എന്നാൽ, ദൈവത്തിന്റെ ഒരു ഭക്തദാസന്റെ അപ്രീതി ദൈവത്തിന്റെയും അപ്രീതിയാണല്ലൊ. ഏതൊരു സർക്കാറിന്റെ പ്രീതിയ്ക്ക് വേണ്ടിയാണോ നവാബ് സിദ്ദീഖ് ഹസൻ ഖാൻ വാക്കുമാറുകയും ഈ അനാദരവ് കാണിക്കുകയും ചെയ്തത് അതേ സർക്കാർ ഏതാനും മാസങ്ങൾക്കിടയിൽ അദ്ദേഹത്തിനെതിരായി തീർന്നുവെന്നത് ഒരു വിധിവൈപരീത്യ

മെന്നേ പറയേണ്ടൂ. സർക്കാർ അദ്ദേഹത്തിൽ രാജ്യദ്രോഹക്കുറ്റം ചുമത്തി. അദ്ദേഹം സുഡാനിലെ മഹ്ദിയ്ക്കു സഹായങ്ങളെത്തിച്ചുവെന്നും തന്റെ ഗ്രന്ഥങ്ങൾ വഴി ഗവർമ്മെണ്ടിനെതിരായി വിപ്ലവത്തിന്നു പ്രേരണ ചെലുത്തിയെന്നും മറ്റുമുള്ള ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടു. ഒടുവിൽ സർ ലെപൽ ഗ്രിഫിന്റെ കീഴിൽ ഒരു അന്വേഷണക്കമ്മീഷൻ നിയമിക്കപ്പെടുകയും ആ കമ്മീഷന്റെ വിധിയനുസരിച്ച് അദ്ദേഹത്തിന്ന് നവാബ് പദവി നഷ്ടപ്പെടുകയും ചെയ്തു. ഇങ്ങനെ നവാബ് സിദ്ദീഖ് ഹസൻഖാന്റെ നിലപരുങ്ങലിലാവുകയും അദ്ദേഹം വളരെ അപമാനിതനാകുകയുമാണുണ്ടായത്. രാജ്യദ്രോഹക്കുറ്റം ചുമത്തപ്പെടുകയും സർക്കാറിന്റെ മുമ്പിൽ ശിക്ഷാർഹനായിത്തീരുകയും ചെയ്കയെന്നത് അങ്ങേയറ്റത്തെ അപമാനമായി കരുതപ്പെട്ടിരുന്ന കാലമായിരുന്നു അത്. തനിയ്ക്കുണ്ടായ ഈ പതനം ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ വെറുപ്പിച്ചതുകാരണമായിട്ടാണെന്ന കുറ്റബോധം നവാബ് സാഹിബിനെ അലട്ടിത്തുടങ്ങിയതിനാൽ തന്റെ കാര്യത്തിൽ പ്രാർത്ഥിക്കാനപേക്ഷിച്ചുകൊണ്ട് അദ്ദേഹം ഹദ്റത്ത് അഹ്മദിന്ന് ഒരു കത്തയക്കുവാൻ പ്രചോദിതനായി. പത്രങ്ങളിൽ അദ്ദേഹത്തിന്നനുകൂലമായി ലേഖനങ്ങൾ പ്രത്യക്ഷപ്പെടുകയും സമുന്നത വ്യക്തികൾ അദ്ദേഹത്തിന്നുവേണ്ടി ഗവർമ്മേണ്ടിലേയ്ക്ക് ശുപാർശകൾ സമർപ്പിക്കുകയും ചെയ്തു. ആയിടയിൽ നവാബ് സാഹിബിന്നുവേണ്ടി പ്രാർത്ഥിക്കാനപേക്ഷിച്ചുകൊണ്ട് മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവിയും ഹദ്റത്ത് അഹ്മദിന്റെ അടുക്കലേയ്ക്കു ശുപാർശയുമായി ഒരാളെ അയക്കുകയുണ്ടായി. അപ്പോൾ അയാളോടു ഹദ്റത്ത് അഹ്മദ് പറഞ്ഞതു, 'നവാബ് സാഹിബ് അല്ലാഹുവിന്റെ തൃപ്തിക്കെതിരിൽ സർക്കാരിന്റെ തൃപ്തി നേടാനല്ലേ ആഗ്രഹിച്ചത്? സർക്കാരിന്റെ പ്രീതിതന്നെ നേടിക്കൊള്ളട്ടെ' എന്നായിരുന്നു. എന്നാൽ, ആ ദൂതൻ വളരെ താണുകേണു അപേക്ഷിക്കുകും അനുകൂലമായ ഉത്തരം കിട്ടിയാലേ താൻ തിരിച്ചു പോകുകയുള്ളു എന്നു എത്രയും വിനീതനിലയിൽ അറിയിക്കുകയും ചെയ്തു. 5 കൊല്ലക്കാലം ഈ കേസ്സുമായി കെട്ടിമറിഞ്ഞശേഷം ഒടുവിൽ ഹദ്റത്ത് അഹ്മദിന്റെ പ്രാർത്ഥനാഫലമായിട്ടുതന്നെ നവാബ് സാഹിബിന്നു സ്ഥാനമാനങ്ങൾ വീണ്ടുകിട്ടി. എന്നാൽ, ആ വിധിയുടെ ഫലങ്ങൾ ആസ്വദിക്കുന്നതിനു മുമ്പായി അദ്ദേഹത്തിന് ഇഹലോകവാസം വെടിയേണ്ടിവന്നു.

'ബറാഹിനെ അഹ്മദിയ്യ' ഒന്നും രണ്ടും ഭാഗങ്ങൾ 1880ൽ പ്രസിദ്ധപ്പെടുത്തി. രണ്ടാംഭാഗത്ത് പ്രധാനമായും ആര്യസമാജത്തിന്റെ അബദ്ധസിദ്ധാന്തങ്ങളെ ഖണ്ഡിക്കുകയും ഖുർആന്റെ മഹത്ത്വം സ്ഥാപിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആരുടെയെങ്കിലും ഹൃദയത്തെ വ്രണപ്പെടുത്തുകയോ, ആരുമായെങ്കിലും കലഹമുണ്ടാക്കുകയോ അല്ല തന്റെ ഉദ്ദേശ്യമെന്നും സത്യം വെളിപ്പെടുത്തുക മാത്രമാണ് താൻ ആഗ്രഹിച്ചിട്ടുള്ളതെന്നും എന്നാൽ, കേവലമായ സത്യതത്ത്വത്തിന്നു വിപരീതമായ വിശ്വാസങ്ങളുടെ പൊള്ളത്തരം വെളിപ്പെടുത്തേണ്ടതും സത്യാന്വേഷണത്തിനു

ആവശ്യമായിരിക്കയാൽ തെറ്റുകൾ ചൂണ്ടിക്കാണിക്കാതെ നിർവ്വാഹമി ല്ലെന്നും, മുഖവുരയിൽ വ്യക്തമാക്കിയിരുന്നു. മൂന്നാം ഭാഗം 1882ൽ ആണ് പ്രസിദ്ധം ചെയ്തത്. പുസ്തകം അച്ചടിച്ചുവന്ന അമൃത്സറിലെ സഫീറെ ഹിന്ദ് പ്രസ്സിന്റെ ഉടമസ്ഥനായ റജബ് അലി എന്ന ക്രിസ്ത്യാനിയുടെ അസൗകര്യങ്ങളും മറ്റും കാരണമായാണ് 2 കൊല്ലം കാത്തിരിക്കേണ്ടിവ ന്നത്. ഈ മൂന്നാം ഭാഗത്ത് ഹദ്റത്ത് അഹ്മദ്(അ) ഖുർആന്റെ പ്രത്യേക തകൾ വിവരിക്കുകയും അതു ദൈവപ്രോക്തമാണെന്ന് തെളിയിക്കുകയും ചെയ്തു. ഖുർആന്നെതിരായി ശത്രുക്കൾ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് ഇതിൽ മറുപടി പറയുകയുണ്ടായിട്ടുമുണ്ട്. താൻ ദൈവഭാഷണത്താൽ അനുഗൃഹീതനായിരിക്കുന്നവനാണെന്നും ഇതിൽ പ്രസ്താവിച്ചിരിക്കു ന്നു. 1884ൽ നാലാംഭാഗം പുറത്തുവന്നു. ആദ്യത്തെ മൂന്നു ഭാഗങ്ങളെ സംബന്ധിച്ചുണ്ടായ വിമർശനങ്ങൾക്കുള്ള മറുപടി കൂടി ഉൾപ്പെടുത്തു ന്നതിന്നാണ് ഇത്രയും വൈകിക്കേണ്ടി വന്നത്. തന്റെ ജ്യേഷ്ഠൻ മിർസാ ഗുലാം ഖാദിർ സാഹിബിന്റെ ചരമവും (1883)ഈ കാലദൈർഘ്യത്തിന്നു ഒരു കാരണമായിരുന്നു. നാലാം ഭാഗത്ത്, ദിവ്യത്ഭുതങ്ങളുടെ സ്വഭാവം പ്രവചനങ്ങളുടെ യാഥാർത്ഥ്യം എന്നിവയെക്കുറിച്ചു പ്രതിപാദിച്ചതിനു പുറമെ ദൈവത്തെ സംബന്ധിച്ചുള്ള ബൗദ്ധ-ക്രൈസ്തവ-ഹൈന്ദവ തത്വങ്ങളെകുറിച്ചു ഒരു താരതമ്യപഠനം നടത്തുകയും ചെയ്തിട്ടുണ്ട്. ബ്രഹ്മസമാജത്തിന്റെ അടിത്തറയുടയ്ക്കുമാറുള്ള ഖണ്ഡനം ഇതിലടങ്ങി യിരിക്കുന്നു. ഈ നാലു ഭാഗങ്ങളും കൂടി വലിയ സൈസിൽ ഏതാണ്ട് 580 പുറങ്ങൾ കാണും. ആത്മീയ വിജ്ഞാനത്തിന്റെ ഒരു ഭണ്ഡാഗാര മായ ഈ ഗ്രന്ഥം അടിക്കുറിപ്പുകളും അടിക്കുറിപ്പുകൾക്കുള്ള അടിക്കുറി പ്പുകളും നിറഞ്ഞതാണ്.

ബറാഹീന്റെ അഞ്ചാം ഖണ്ഡം പ്രസിദ്ധം ചെയ്തത് ഒരു നീണ്ട കാലത്തിന്നുശേഷം 1905ൽ ആയിരുന്നു. എന്നാൽ, അത് ആദ്യഭാഗങ്ങ ളുടെ രൂപത്തിൽ തന്നെയുള്ള ഒരു തുടർച്ചയായിരുന്നില്ല. ആദ്യഖണ്ഡ ങ്ങളിൽ പ്രസിദ്ധം ചെയ്ത ചില പ്രവചനങ്ങൾ പൂർത്തിയായതെങ്ങിനെ യെന്നു അഞ്ചാംഭാഗത്ത് വിവരിച്ചിട്ടുണ്ട്.

'ബറാഹീൻ' 50 ഖണ്ഡങ്ങളായി പ്രസിദ്ധം ചെയ്യുമെന്നാണ് ഹദ്റത്ത് അഹ്മദ് (അ) ആദ്യവിജ്ഞാപനത്തിൽ പറഞ്ഞിരുന്നത്. എന്നാൽ, ഗ്രന്ഥ ത്തിന്റെ വലിപ്പം എത്രയുണ്ടാകുമെന്നും എത്ര പേജുകളിൽ അതു പൂർത്തി യാക്കാമെന്നും ആദ്യത്തിൽ നിശ്ചയമുണ്ടായിരുന്നില്ല. തൻമൂലം, അവ പൂർണ്ണമായി അച്ചടിച്ചിറക്കുന്നതിന്നു ഒരു കാലാവധി നിർണ്ണയിച്ചു പറ ഞ്ഞിരുന്നുമില്ല. 1884ൽ നാലാംഭാഗം പ്രസിദ്ധപ്പെടുത്തിയെങ്കിലും അപ്പോ ഴേയ്ക്കും ആ മഹാത്മാവിന്റെ ജീവിതത്തിൽ നിർണ്ണായകമായ പല സംഭ വങ്ങളും ഉണ്ടായിക്കഴിഞ്ഞു. അതിനാൽ, നാലാംഭാഗത്തിന്റെ ഒടുവിൽ തന്നെ, തന്റെ ഈ സംരംഭം എത്രത്തോളം മുമ്പോട്ടു പോകുമെന്നു പറ യാനാവില്ലെന്നും പ്രസ്തുത ഗ്രന്ഥത്തിന്റെ ഭാവി ദൈവത്തിന്റെ കയ്യിലാ ണെന്നും എഴുതിക്കൊണ്ട് മുൻപ്രഖ്യാപനമനുസരിച്ച് ഗ്രന്ഥം എഴുതി മുഴു

മിപ്പിക്കാൻ കഴിയുകയില്ലെന്നു സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. 1886ൽ പ്രസിദ്ധപ്പെടുത്തിയ ഒരു വിജ്ഞാപനത്തിൽ താൻ ആദ്യത്തെ പ്ലാൻ മാറ്റിയിട്ടുണ്ടെന്നും തന്നിമിത്തം 300 അദ്ധ്യായങ്ങളിൽ തന്നെ ഗ്രന്ഥം പ്രസിദ്ധം ചെയ്യേണ്ടതുണ്ടെന്നു തോന്നുന്നില്ലെന്നും പ്രസ്താവിക്കുകയുണ്ടായി. താൻ ദൈവീകമായ ഒരു ദൗത്യം നിർവഹിക്കാൻ നിയുക്തനായിരിക്കയാണെന്നും തന്റെ പ്രവർത്തനരംഗവും ചുമതലകളും കാര്യപരിപാടികളുമെല്ലാം തികച്ചും മാറിയിരിക്കുന്നുവെന്നും അതുകൊണ്ട് തനിയ്ക്ക് ഇനി ബറാഹീൻ ഉദ്ദിഷ്ട രീതിയിൽ പ്രസിദ്ധം ചെയ്യാനാവുകയില്ലെന്നും അസന്ദിഗ്ധമായി അദ്ദേഹം പ്രഖ്യാപിച്ചു.

1879ൽ തന്നെ ഹദ്റത്ത് അഹ്മദ് (അ) ബറാഹീന്റെ വലിയൊരു ഭാഗം, ഏതാണ്ട് 2500 പേജുകളിൽ, എഴുതി പൂർത്തിയാക്കിയിരുന്നുവെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലൊ. എന്നാൽ, പ്രസിദ്ധം ചെയ്തേടത്തോളമുള്ള ഭാഗങ്ങൾ കഴിച്ചുള്ള കയ്യെഴുത്തു പുറങ്ങൾ ഒരു പ്രത്യേക പെട്ടിയിലാക്കി ഭദ്രമായി സൂക്ഷിച്ചിരുന്നുവെങ്കിലും അതു എങ്ങനെയൊ നശിച്ചുപോകുകയാണുണ്ടായത്. പുസ്തകം പൂർത്തിയാക്കുന്നതിനുള്ള ചില തടസ്സങ്ങളും നേരിട്ടിരുന്നു. എല്ലാറ്റിനും പുറമേ ആ ദിവ്യാത്മാവിന് അദ്ദേഹം ദൈവനിയോഗവാദം പുറപ്പെടുവിച്ചതിൽ പിന്നെ വമ്പിച്ച ശത്രുശക്തികളോടു നിരന്തരം പോരാടേണ്ടിയും വന്നു. അവർ അദ്ദേഹത്തിന്നു യാതൊരു സ്വൈര്യവും വിശ്രമവും നൽകിയിരുന്നില്ല.

ബറാഹീൻ നാലാംഭാഗം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞതോടെ ചില പുതിയ സംഭവ വികാസങ്ങളുണ്ടായതായി പറഞ്ഞുവല്ലൊ. ഈ കാലത്തിനിടയിൽ ഹദ്റത്ത് അഹ്മദ് ദൈവനിയോഗവാദം പുറപ്പെടുവിക്കുകയുണ്ടായി. യഥാർത്ഥത്തിൽ, ആ ദിവ്യാത്മാവ് ചെയ്യുവാൻ നിശ്ചയിക്കപ്പെട്ട കാര്യങ്ങൾ ചെയ്യുവാനിരിക്കുന്നതേ ഉണ്ടായിരുന്നുള്ളു. ദൈവം തന്നെക്കൊണ്ട് എന്തുകാര്യങ്ങൾ ചെയ്യുവാൻ നിശ്ചയിച്ചുവോ അതു അദ്ദേഹത്തിന്നജ്ഞാതവുമായിരുന്നു. തൻമൂലം, തന്നെക്കൊണ്ടാവുന്നതുപോലുള്ള ഒരു ഇസ്ലാംമത സേവനത്തിന്നദ്ദേഹം സന്നദ്ധനായി. ദൗത്യ കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ പാകത്തിലായപ്പോൾ ആ ദിവ്യപുരുഷന്റെ എല്ലാ പ്രവർത്തനങ്ങളും ചലനങ്ങളും ദൈവത്തിന്റെ അഭീഷ്ടങ്ങൾക്കു അധീനപ്പെട്ടു. ഇസ്ലാമിന്റെ ദിവ്യത്വവും സത്യതയും തെളിയിച്ചുകാട്ടുന്ന മഹത്തായ ദൃഷ്ടാന്തങ്ങൾ തന്റെ കൈക്ക് മറ്റൊരു വിധത്തിൽ വെളിപ്പെടാനിരിക്കുന്നത് ആ മഹാത്മാവറിഞ്ഞിരുന്നേയില്ല. ഇതാകട്ടെ, ന്യായവാദങ്ങളും പ്രമാണയുക്തികളും മുഖേനയുള്ള സത്യസാക്ഷീകരണങ്ങളേക്കാൾ എത്രയോ ബലവത്തുമായിരുന്നു. ആദ്ധ്യാത്മിക ജ്ഞാനങ്ങളുടെ അഭിനവങ്ങളായ കലവറകളിലേയ്ക്ക് കടന്നുചെന്നുകൊണ്ടിരുന്ന ആ ദിവ്യയോഗി ഉത്തരോത്തരം ഉൽകൃഷ്ടങ്ങളായ ദിവ്യാനുഭൂതികളുമായും ദൃഷ്ടാന്തങ്ങളുമായും പരിചയം നേടിക്കൊണ്ടിരിക്കുകയായിരുന്നു. അവ വെളിപ്പെടാനുള്ള ദൈവേച്ഛയുടെ ഒരുപകരണമായി പ്രവർത്തിച്ചുകൊണ്ടിരുന്നതിനിടയിൽ 'ബറാഹീൻ' തുടർന്നു പ്രസിദ്ധം ചെയ്യാനുള്ള സമയവും

സൗകര്യങ്ങളും അദ്ദേഹത്തിന്നു ലഭിച്ചില്ലെങ്കിൽ ആശ്ചര്യപ്പെടാനോ ആക്ഷേപിക്കാനോ എന്തുള്ളു? ആ മഹാത്മാവ് 'ബറാഹീൻ അഹ്മദിയ്യ' ക്ക് പുറമെ 80ഓളം ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ട് അവയൊക്കെയും ഇസ്ലാമിന്റെയും വിശുദ്ധ ഖുർആന്റെയും മുഹമ്മദ് നബി (സ)തിരുമേനിയുടെയും സത്യത്തെ സ്ഥാപിക്കുന്ന 'ബറാഹീനുകൾ' ആയിരുന്നുതാനും!

'ബറാഹീനെ അഹ്മദിയ്യ' പ്രസിദ്ധം ചെയ്യുന്നതിനാവശ്യമായ ധനം ഹദ്റത്ത് അഹ്മദിന്റെ പക്കൽ ഉണ്ടായിരുന്നില്ല. തന്നിമിത്തം ഇതിന്നുള്ള സഹായോപാധികൾക്കായി ആ മഹാത്മാവ് ദൈവത്തോടു പ്രാർത്ഥിച്ചു. മേൽഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണാർത്ഥം ധനസഹായം ചെയ്യേണ്ടതിനെക്കുറിച്ചു അദ്ദേഹം ഒരു വിജ്ഞാപനം പുറത്തിറക്കി. സത്യവിശ്വാസികളായ സഹോദരങ്ങളും മഹാശയൻമാരായ മുസ്ലിം ധനാഢ്യരും ഇതിന്റെ ചെലവിൽ പങ്കാളികളാകണമെന്നും വില മുൻകൂറായി അടച്ചു സഹായിക്കുകയെങ്കിലും വേണമെന്നും അദ്ദേഹം അതിൽ അഭ്യർത്ഥിച്ചുവെങ്കിലും ഈ അഭ്യർഥനയ്ക്ക് ആശാവഹമായ പ്രതികരണങ്ങളൊന്നുമുണ്ടായില്ല. എന്നാൽ, ചില സഹൃദയൻമാരിൽ നിന്ന് സംഭാവനകളും പുസ്തകത്തിന്നുള്ള ഓർഡറുകളും കിട്ടാതിരുന്നില്ല. പട്ടിയാലാ സ്റ്റേറ്റ് മുഖ്യമന്ത്രിയായിരുന്ന സയ്യിദ് മുഹമ്മദ് ഹസൻഖാൻ സാഹിബായിരുന്നു ഈ ആവശ്യാർത്ഥം 250ക. ആദ്യമായി അയച്ചുകൊടുത്തത്. അതർസിംഗ് എന്നുപേരായ ഒരു ഹിന്ദുവും ധനസഹായം ചെയ്തവരിൽ ഉൾപ്പെടും. ഈ ഗ്രന്ഥം മുസ്ലിംകൾക്കിടയിൽ വിപുലമായതോതിൽ പ്രചരിക്കുമാറാകണമെന്ന് ഹദ്റത്ത് അഹ്മദ് ആഗ്രഹിച്ചിരുന്നു. അതിനാൽ, പുസ്തകം ചിലർക്ക് സൗജന്യമായും മറ്റ് പലർക്കും അവർ വില നൽകുമെന്ന പ്രതീക്ഷയിലും അയച്ചുകൊടുത്തിട്ടുണ്ടായിരുന്നു.

സഹായസംഖ്യ അയച്ചുകൊടുത്തവർക്കും വില മുൻകൂർ നൽകിയവർക്കും ഒരു വിധത്തിലും നഷ്ടംവരാത്ത തരത്തിൽ കൂടുതൽ പേജുകളുള്ള പുസ്തകങ്ങൾ കിട്ടിയെങ്കിലും വാഗ്ദത്തപ്രകാരം 50 ഖണ്ഡങ്ങൾ പ്രസിദ്ധീകരിച്ചില്ല എന്നതിനെ അടിസ്ഥാനമാക്കി പിന്നീടു ഹദ്റത്ത് അഹ്മദിന്റെ നേരെ ശത്രുക്കൾ ആക്ഷേപങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. മാറിയ പരിതസ്ഥിതിയിൽ ആ മഹാത്മാവിന് തന്റെ ആദ്യവാഗ്ദത്തം നിറവേറ്റാൻ സാധിച്ചില്ലെങ്കിലും ആക്ഷേപകൻമാരുടെ വായടക്കത്തക്ക നിലയിൽ ആവശ്യക്കാർക്ക് പണം തിരിച്ചുകൊടുക്കാൻ താൻ സന്നദ്ധനാണെന്നു അദ്ദേഹം പരസ്യപ്പെടുത്തുകതന്നെ ചെയ്തു. അവരുടെ ആക്ഷേപങ്ങൾക്ക് തൃപ്തികരമായ ഉത്തരം നൽകിക്കൊണ്ട് അദ്ദേഹം ഇപ്രകാരം എഴുതി. "ഞാൻ അവരുടെ പണം എടുത്തുപറ്റിക്കളഞ്ഞു എന്നു വിചാരിക്കുന്നവർ ദയവുണ്ടായി എന്നെ അക്കാര്യം അറിയിക്കട്ടെ. ആ സംഖ്യക്ക് അവർക്ക് കിട്ടിയ പുസ്തകങ്ങൾ മടക്കിവാങ്ങിയിട്ടു സംഖ്യ തിരികെ കൊടുക്കുന്നതിന് ഞാൻ ഏർപ്പാടു ചെയ്യുന്നതാണ്. അത്തരക്കാർ എന്നെ ആക്ഷേപിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്യുന്നുവെങ്കിൽ ദൈവത്തിനുവേണ്ടി ഞാൻ അവർക്ക് ക്ഷമിച്ചു കൊടുക്കു

ന്നു. എന്നോടു ചെയ്ത തെറ്റിന് നാളെ ന്യായവിസ്താരനാളിൽ അവർ പിടിക്കപ്പെടുന്നത് ഞാനിഷ്ടപ്പെടുന്നില്ല." (തബ്ലീഗെ റിസാല, ജിൽദ്, 3ഭാ.30)ഇങ്ങനെ പ്രസ്താവിച്ചതനുസരിച്ചു പണത്തിന്നാവശ്യപ്പെട്ട പലർക്കും അദ്ദേഹം തിരിച്ചുകൊടുക്കുകയുണ്ടായി. മാത്രമല്ല, ഈ വിളംബരം പലതവണ ആവർത്തിക്കപ്പെടുകയും അപ്പോഴെല്ലാം പലരും ആ അവസരങ്ങളെ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുമുണ്ട്. പുസ്തക പ്രസിദ്ധീകരണം മുഖേന എന്തെങ്കിലും ധനം സമ്പാദിക്കാൻ അദ്ദേഹം ആഗ്രഹിക്കുകയുണ്ടായിട്ടില്ല. യഥാർത്ഥത്തിൽ അതുവഴി ആ മഹാത്മാവിന്ന് ധനപരമായ ഒരു വമ്പിച്ച ത്യാഗം സഹിക്കേണ്ടി വരികയാണ് ചെയ്തത്. എന്നിട്ടും, ഈ പരിശ്രമത്തിൽപോലും കുടില ഹൃദയരായ ചില ശത്രുക്കൾ സ്വാർത്ഥവും വഞ്ചനയും ആരോപിക്കാൻ മടിച്ചില്ല.

സംഭാവനകൾക്ക് വേണ്ടി അഭ്യർത്ഥന പുറപ്പെടുവിച്ചതനുസരിച്ചു തന്റെ ആദ്യകാല ശിഷ്യനായിരുന്ന മീർ അബ്ബാസ് അലി ആ വഴിക്ക് പരിശ്രമങ്ങൾ ചെയ്തുകൊണ്ടിരുന്നപ്പോൾ ഭക്തിയും വിനയശീലവും ഉള്ളവരെ മാത്രമേ സമീപിക്കാവൂ എന്നും ലൗകികൻമാരുടെ മുമ്പിൽ സഹായർത്ഥനകളുമായി ചെല്ലുന്നതു ദൈവത്തെ അപമാനിക്കലാവുമെന്നും ഹദ്റത്ത് അഹ്മദ് ഉപദേശിക്കുകയുണ്ടായി. മാത്രമല്ല, ഇതൊരു കച്ചവട ഏർപ്പാടല്ലെന്നും ദൈവികമായ ഈ പുണ്യസംരംഭത്തിൽ എല്ലാവർക്കും ഭാഗഭാക്കാകാനുള്ള ഒരവസരമുണ്ടാക്കുക മാത്രമാണ് തന്റെ ഉദ്ദേശ്യമെന്നും കൂടി അദ്ദേഹം എഴുതി അറിയിക്കുകയും ചെയ്തിരുന്നു.

പുസ്തക പ്രസിദ്ധീകരണത്തിന്നുള്ള ധനശേഖരണം ചെയ്യുക, ഖാദിയാനിൽ നിന്നും 36 നാഴിക അകലെ സ്ഥിതിചെയ്യുന്ന അമൃതസരിൽ ചെന്ന് അച്ചടി ഏർപ്പാടുകൾ ചെയ്യുക, അച്ചെഴുത്തുകാരെ നിശ്ചയിക്കുക, പ്രൂഫ് തിരുത്തുക, കത്തിടപാടുകൾ തുടങ്ങിയുള്ള നാനാതരം ജോലികളും മിക്കവാറും നിസ്സഹായനായി നിർവ്വഹിച്ചുകൊണ്ടിരുന്ന ആ ത്യാഗശീലന്റെ മനോവീര്യത്തെക്കുറിച്ചോർത്തു നോക്കുക! ഒരു പ്രസിദ്ധീകരണ സ്ഥാപനത്തെ കുറിച്ച് ഓർക്കാൻ കൂടി അന്നു സാദ്ധ്യമായിരുന്നില്ല. അക്കാലത്ത്, ഗ്രന്ഥത്തിന്റെ വിതരണവും വില്പനയും എല്ലാം അദ്ദേഹം ഒറ്റയ്ക്ക് നടത്തിക്കൊണ്ടിരുന്നു. പുസ്തകം പൊതിഞ്ഞുകെട്ടുന്നതും വിലാസമെഴുതി പോസ്റ്റ് ചെയ്യുന്നതുപോലും പലപ്പോഴും അദ്ദേഹം തന്നെയായിരുന്നു. ഇതിൽനിന്ന് അദ്ദേഹത്തിന്റെ സഹനശക്തിയും വിശ്വാസദാർഢ്യവും മനക്കരുത്തും ഊഹിക്കാവുന്നതേയുള്ളു.

'ബറാഹീനെ അഹ്മദിയ്യ' പ്രസിദ്ധം ചെയ്യപ്പെട്ടതോടെ ഇസ്ലാമിന്റെ ശത്രുക്കളുടെ ആക്രമണപരമായ മുന്നേറ്റങ്ങളുടെ ആ സൂത്രണങ്ങൾ തകർന്നു കഴിഞ്ഞു എന്നുതന്നെ പറയാം. സമരം അതുകൊണ്ടവസാനിച്ചില്ലെന്നതു നേരാണ്. എന്നാൽ, ഇസ്ലാമിന്റെ ഭാഗത്ത് ഒരുക്കപ്പെട്ട ആയുധക്കോപ്പുകളുടെ സംഹാരഭീകരത അതുമുഖേന ശത്രുക്കൾ മനസ്സിലാക്കുക തന്നെ ചെയ്തു. ക്രിസ്തുമതത്തിനും ആര്യസമാജത്തിനും ഹദ്റത്ത്

അഹ്മദുൽ ഖാദിയാനിയുടെ കൈകൊണ്ട് പറ്റിയ പരാജയത്തെപറ്റി പിന്നീടു പ്രതിപാദിക്കാം. എന്നാൽ, ബ്രഹ്മസമാജത്തിന്റെ പതനം പ്രത്യക്ഷവും അതിന്റെ പ്രചാരകൻമാർതന്നെ ഏറ്റുപറഞ്ഞിട്ടുള്ളതുമാണ്. അതു സംബന്ധമായ രണ്ടുസാക്ഷ്യങ്ങൾ ചുവടെ ഉദ്ധരിക്കാം:

ഒരു ബ്രഹ്മസമാജനേതാവായ രാമദാസ് ഗൗഡ് ഇപ്രകാരം എഴുതുന്നു:

"പ്രതിഭാശാലിയായ റാജാറാം മോഹൻറോയി ഇംഗ്ലണ്ടിലും അമേരിക്കയിലും യൂനിറ്റേരിയൻ ചർച്ചിന്റെ അടിസ്ഥാനത്തിൽ ബ്രഹ്മസമാജത്തെ കെട്ടിപ്പടുത്തു. എന്നാൽ, ഭാരതത്തിലെ മുസ്ലിംകൾക്കിടയിൽ ഖാദിയാനി പ്രസ്ഥാനം കാരണമായി ബ്രഹ്മസമാജത്തിന് വലിയ തിരിച്ചടിയാണ് ഉണ്ടായത്. ബ്രഹ്മസമാജത്തിന്റെ തത്വങ്ങളാൽ പ്രഭാവിതരായിരുന്ന ചിന്തകൻമാരായ മുസ്ലിംകൾ ഇക്കാരണത്താൽ സമാജത്തിൽ നിന്ന് മെല്ലെമെല്ലെ പിൻമാറിക്കളഞ്ഞു" (ഹിന്ദു നൈ, ഹിന് ദി ഭാ. 982).

മറ്റൊരു ബ്രഹ്മസമാജനേതാവായ ദേവേന്ദ്രനാഥസഹായ് ഇപ്രകാരം എഴുതുന്നു:

"ബ്രഹ്മസമാജം ശക്തിമത്തായ ഒരു കൊടുങ്കാറ്റെന്നോണം പ്രത്യക്ഷപ്പെടുകയും ഇന്ത്യയിൽ മാത്രമല്ല, ഇന്ത്യക്കുപുറത്തും സമാജത്തിന്റെ ശാഖകൾ സ്ഥാപിതമാകയും ചെയ്തു. ഭാരതത്തിൽ ഹിന്ദുക്കളും സിക്കുകാരും മാത്രമല്ല, ഒരു വലിയ വിഭാഗം മുസ്ലിംകളും സമാജത്തിൽ ചേരുകയുണ്ടായി. ദിനേന പത്തും ഇരുപതും മുസ്ലിംകൾ സമാജത്തിൽ പ്രവേശിച്ചുകൊണ്ടിരുന്നു. ബംഗാളിലെ വലിയ വലിയ മുസ്ലിംകുടുബങ്ങളിലെ വ്യക്തികൾ ബ്രഹ്മ സമാജത്തിന്റെ അനുഭാവികളായിത്തീർന്നുവെന്നുമാത്രമല്ല സജീവമെമ്പർമാരായി പ്രവർത്തിക്കയും ചെയ്തിരുന്നു. എന്നാൽ, ഇതേകാലത്ത് തന്നെ മുസ്ലിംകളുടെ ഒരു മഹാജ്ഞാനുയായിരുന്ന മിർസാ ഗുലാം അഹ്മദ് ഖാദിയാനി ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും എതിരിൽ ഗ്രന്ഥങ്ങൾ രചിക്കുകയും അവരെ വാദപ്രതിവാദങ്ങൾക്ക് ആഹ്വാനം ചെയ്യുകയുമുണ്ടായി. എന്നാൽ ബ്രഹ്മസമാജത്തിന്റെ പ്രതിനിധികളാരും തന്നെ ആ ആഹ്വാനങ്ങളെ ഗൗനിച്ചില്ലെന്നത് വലിയ കഷ്ടമായിപ്പോയി! അതിന്റെ ഫലമായി ബ്രഹ്മസമാജത്തിന്റെ പാഠങ്ങളിൽ ആകൃഷ്ടരായിരുന്ന മുസ്ലിംകൾ അതിൽ നിന്ന് അകന്നു പോയെന്നു മാത്രമല്ല, സജീവമെമ്പർമാർ തന്നെയും സാവകാശം സമാജത്തിൽനിന്ന് വേർപെട്ടുപോകയും ചെയ്തു" (കൗമുദി, ഹിന്ദി, കൽക്കത്ത, 1920ആഗസ്റ്റ്)

10- ആദ്യകാല യാത്രകൾ

1883 നവമ്പർ ആദ്യത്തിൽ ഹദ്റത്ത് അഹ്മദ് (അ)'ബറാഹീനെ അ ഹ്മദിയ്യ'യുടെ അച്ചടി സംബന്ധിച്ചു അമൃത്സർ സന്ദർശിക്കുകയുണ്ടാ യി. ഒരാഴചക്കിടയിൽ തന്നെ ഖാദിയാനിലേയ്ക്ക് മടങ്ങുകയും ചെയ്തു.

'ബറാഹീനെ അഹ്മദിയ്യ'യുടെ അച്ചടികാര്യത്തിൽ വിളംബം നേരിടു മെന്നു 'റിയാസെഹിന്ദ്' പ്രസ്സുകാർ എഴുതുകയും അതിന്റെ മറ്റൊരുഭാഗം അച്ചടിക്കാനേറ്റിരുന്ന അമൃത്സറിലെ 'ചശ്മയെനൂർ' പ്രസ്സുകാർ തങ്ങൾ ക്കേല്പിച്ച കയ്യെഴുത്തുകോപ്പി കൈമോശം വന്നുപോയെന്നു അറിയിക്കു കയും ചെയ്തതിനാൽ ഹദ്റത്ത് അഹ്മദ് (അ) വീണ്ടും അമൃത്സറിൽചെ ന്നു അച്ചടിയുടെ മേൽനോട്ടം ചെയ്യേണ്ടതാവശ്യമായിത്തീർന്നു. ക്രിസ്തു മസ്സ് ഒഴിവുകാലത്ത് ചില സ്നേഹിതൻമാർ ഖാദിയാൻ സന്ദർശിക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നതിനാൽ 1884 ഫെബ്രുവരിയിൽ മാത്രമെ അമൃത്സ റിലേയ്ക്കു പുറപ്പെടാൻ കഴിഞ്ഞുള്ളു.

'ബറാഹീനെ അഹ്മദിയ്യ'യുടെ പ്രസിദ്ധീകരണത്തിന്നു ശേഷം ഹദ്റ ത്ത് അഹ്മദിന്നു പലേടത്തും ശിഷ്യവൃന്ദങ്ങൾ രൂപപ്പെട്ടുവന്നിരുന്നതുപോ ലെ ലുധിയാനയിലും ഒരുശിഷ്യസംഘം ഉടലെടുത്തു. ഹദ്റത്ത് സൂഫി അഹ്മദ്ജാൻ(റ), ഖാസീ ഖാജാഅലി(റ), നവ്വാബ് മുഹമ്മദലി സാഹിബ് ജജ്ജർ(റ), മൗലാനാ അബ്ദുൽഖാദിർ സാഹിബ്(റ), ശഹ്സാദാ അബ്ദുൽമജീദ്(റ)* തുടങ്ങിയ ഭക്തജനങ്ങളും മീർ അബ്ബാസ്അലി ലുധിയാനവി യും അക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. ഇവരിൽ മീർ അബ്ബാസ് അലി സാഹി ബ് ഒഴിച്ചു മറ്റാർക്കും തന്നെ ഹദ്റത്ത് അഹ്മദുൽഖാദിയാനിയെ നേരിട്ടു പരിചയമുണ്ടായിരുന്നില്ല. ലുധിയാനാ സഹോദരൻമാർ മീർ സാഹിബ് മുഖേന പലതവണ ഹദ്റത്ത് അഹ്മദിനെ തങ്ങളുടെ നഗരത്തിലേക്കു ക്ഷണിക്കുകയുണ്ടായെങ്കിലും ദൈവത്തിന്റെ ഇച്ഛയ്ക്കൊത്തു മാത്രം ചലി ച്ചിരുന്ന ആ പുണ്യവാളൻ ഇക്കാര്യത്തിൽ ദൈവീകമായ നിർദ്ദേശവും കാത്തി രിക്കുകയാണ് ചെയ്തത്. ഒടുവിൽ, 1884ൽ, ആദ്യത്തെ മൂന്നു മാസത്തിനുള്ളിൽ തന്നെ, ഹാഫിസ് ഹാമിദ് അലി(റ), ജാൻമുഹമ്മദ്(റ), ലാലാമലാവാമൽ*എന്നി വരോടൊപ്പം അദ്ദേഹം ലുധിയാനയിലേയ്ക്കു പുറപ്പെട്ടു.)

*ഇദ്ദേഹം ഈറാനിലെ അഹ്മദിയ്യ മുബല്ലിഗായി പ്രവർത്തിച്ചു കൊണ്ടിരുന്ന ശേഷം അവിടെ വെച്ചു മരിച്ചു. *ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ സന്തതസഹചാരിയായിരുന്ന ഈ ഹിന്ദു മാന്യൻ 1951ൽ ഈ ഗ്രന്ഥകർത്താവ് ഖാദിയാനിലായിരുന്നപ്പോഴാണ് 104-ാം വയ സ്സിൽ ചരമം പ്രാപിച്ചത്.

ലുധിയാന റയിൽവെസ്റ്റേഷനിൽ നവ്വാബ് മുഹമ്മദലിജ്ജർ, ഹസ്രത്ത് സൂഫി അഹ്മദ്ജാൻ, സയ്യിദ് മീർ ഇനാഅത്തലി സാഹിബ് തുടങ്ങിയവരും മീർ അബ്ബാസ് അലി സാഹിബും മറ്റു ഒട്ടേറെ ആളുകളും ഹദ്റത്ത് അഹ്മദുൽഖാദിയാനിയെ സ്വീകരിക്കുന്നതിന്നായി എത്തിച്ചേർന്നിരുന്നു. മീർ അബ്ബാസ് അലി മാത്രമേ ആ ദിവ്യപുരുഷന്റെ രൂപം നേരിട്ടു കാണുകയും പരിചയിക്കുകയും ചെയ്തിരുന്നുള്ളു എന്നു പറഞ്ഞുവല്ലോ. വണ്ടി സ്റ്റേഷനിലെത്തിയപ്പോൾ മീർ സാഹിബും കൂട്ടരും പ്ലേറ്റ്ഫാറത്തിൽ പ്രവേശിച്ചു. മീർ സാഹിബ് ആരെയാണോ കൈകൊടുത്തു സ്വീകരിക്കുന്നത് അദ്ദേഹമായിരിക്കും ഹദ്റത്ത് അഹ്മദുൽഖാദിയാനി(അ)എന്നു കരുതി മറ്റുള്ളവരെല്ലാം അദ്ദേഹത്തിന്റെ പിന്നിലായി ഓരോ കമ്പാർട്ട്മെന്റും തിരയുകയായി. ആയിടയിൽ ഹദ്റത്ത് അഹ്മദുൽഖാദിയാനി(അ) വണ്ടിയിൽ നിന്നിറങ്ങി മറ്റൊരു ഭാഗത്തൂടെ ഗേറ്റിലേയ്ക്കു പുറപ്പെട്ടുകഴിഞ്ഞിരുന്നു. പുറത്ത് സയ്യിദ് മീർ ഇനാ അത്തലി സാഹിബ്(റ) കാത്തുനില്ക്കുകയായിരുന്നു. അദ്ദേഹം ഹദ്റത്ത് അഹ്മദിനെ മുമ്പ് കണ്ടിട്ടുണ്ടായിരുന്നില്ലെങ്കിലും ആ തേജോമയമായ വദനബിംബം ദർശിച്ചമാത്രയിൽ താൻ തെരയുന്ന മഹാപുരുഷൻ അതുതന്നെയെന്നു കരുതി തിരുകരങ്ങൾ പിടിച്ചു ചുംബിക്കുകയായി: സൂഫി വയ്യനായ ഹദ്റത്ത് അഹ്മദ്ജാൻ സാഹിബാകട്ടെ, മഹ്ദീമസീഹിനെപറ്റി ഹദീസു ഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ട ആ രൂപപ്രകൃതികളോടുകൂടിയ ഒരു തേജസ്വിയെ തെരയുകയായിരുന്നു! താൻ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ നേരിട്ടു കണ്ടിട്ടില്ലെങ്കിലും യുഗപുരുഷനെ പരസഹായം കൂടാതെ തിരിച്ചറിയുമെന്ന് ആ മഹാൻ തന്റെ ശിഷ്യൻമാരോടു പ്രസ്താവിച്ചിട്ടുമുണ്ടായിരിന്നു. ആ ദിവ്യാത്മാവിനെ ദർശിച്ച മാത്രയിൽ അദ്ദേഹത്തിന്റെ ഒരു ശിഷ്യനായിരുന്ന ഖുത്ബുദ്ദീൻ സാഹിബ്, "ഇത് നിശ്ചയമായും ഒരു കപടന്റെ മുഖമല്ല" എന്നു പറഞ്ഞുപോയി. അങ്ങനെ, അവർ സ്റ്റേഷന്നു പുറത്തെത്തിയപ്പോൾ മീർ അബ്ബാസലി സാഹിബും കൂട്ടരും മ്ലാനവദനരായി പ്ലാറ്റ്ഫാറത്തിൽ നിന്ന് ഇറങ്ങിവന്നു. ഹദ്റത്ത് അഹ്മദുൽഖാദിയാനിയെ ദർശിച്ച മാത്രയിൽ അദ്ദേഹം പരിഭ്രമത്തോടെ പാഞ്ഞെത്തി കൈകൾ രണ്ടും പിടിച്ചുമുത്തി. ആ ഭക്തസംഘം അങ്ങനെ ആശ്വസ്തചിത്തരും ആനന്ദഭരിതരുമായിത്തീർന്നു.

ഹദ്റത്ത് അഹ്മദ് (അ) ലുധിയാനയിൽ ആദ്യദിവസം മീർ ആബ്ബാസ് അലി സാഹിബിന്റെ ഭവനത്തിൽ താമസിച്ചു. പിറ്റെന്നാൾ മഹല്ല സൂഫിയാനിലേയ്ക്ക് പാർപ്പു മാറ്റുകയും ചെയ്തു. ലുധിയാനയിലെ ചില മൗലവിമാർക്കു ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ ഇഷ്ടമായിരുന്നില്ല. അദ്ദേഹം ഒരു ദിവസം സൂഫി അഹ്മദ്ജാൻ സാഹിബിന്റെ ഒരു മുരീദിന്റെ ഭവനത്തിൽ അതിഥിയായി താമസിക്കവെ, മൗലവി അബ്ദുൽ അസീസ് ലുധിയാനവി കുഴപ്പക്കാരായ ചിലരെ അവിടത്തേക്കയച്ചു. അവർ ചില ചോദ്യങ്ങളുമായാണ് ചെന്നത്. ബഹളമുണ്ടാക്കാൻ ഉദ്ദേശിച്ചവരാകയാൽ തൽക്കാലം സംസാരിക്കാൻ സൗകര്യപ്പെടുകയില്ലെന്നു പറഞ്ഞു

കൊണ്ട് ചില പ്രധാനികൾ അവരെ ഒതുക്കാൻ ശ്രമിക്കുന്നതിനിടയിൽ, അതു ശ്രദ്ധിച്ചുകൊണ്ടിരുന്ന സ്മര്യപുരുഷൻ തന്നോടു ചോദ്യങ്ങൾ ചോദിച്ചുകൊള്ളുന്നതിനു അനുവാദം നല്കുകയുണ്ടായി. ചോദ്യകർത്താക്കളാകട്ടെ, മന:പൂർവ്വം കുഴപ്പമുണ്ടാക്കാൻ ചെന്നവരാകയാൽ ഹദ്റത്ത് അഹ്മദിന്റെ പ്രത്യുത്തരങ്ങളും വിശദീകരണങ്ങളുംകൊണ്ട് തൃപ്തിപ്പെടുന്നവരായിരുന്നില്ല. അക്കാലത്ത്, ഹദ്റത്ത് അഹ്മദ്(അ)ന്റെ പ്രവചനങ്ങളെ സംബന്ധിച്ചായിരുന്നു അവരുടെ മിക്ക ആക്ഷേപങ്ങളും. ജ്യോതിഷക്കാരും മറ്റും പ്രവചനങ്ങൾ പറയുന്നുണ്ടെന്നിരിക്കെ വെളിപാടു ലഭിക്കുന്നതായവകാശപ്പെടുന്നതിന്റെ യാഥാർത്ഥ്യം എങ്ങനെ മനസ്സിലാകും എന്നതായിരുന്നു അവരുന്നയിച്ച ഒരു ചോദ്യം. ജ്യോത്സ്യന്മാർക്കും മറ്റും വിജയവും ദൈവികസാഹായ്യവും ലഭിക്കുന്നില്ലെന്നും എന്നാൽ നബിമാർക്കും ദൈവനിയുക്തൻമാർക്കും ദൈവികസാഹായ്യവും വിജയങ്ങളും ലഭിക്കുകയും അവരുടെ ശിഷ്യസംഘം നാൾക്കുനാൾ അഭിവൃദ്ധിപ്പെടുകയും ഐശ്വര്യത്തിലേക്ക് നീങ്ങുകയും ചെയ്യുന്നുവെന്നും ആ മഹാത്മാവ് ചൂണ്ടിക്കാട്ടി. ആഗതർ കുഴപ്പത്തിനുവട്ടം കൂട്ടുകയാണെന്നറിഞ്ഞപ്പോൾ ശിഷ്യൻമാർ വലുതായ പരിഭ്രമം പ്രകടിപ്പിച്ചുവെങ്കിലും ഹദ്റത്ത് അഹ്മദ്(അ) അക്ഷോഭ്യനും അചഞ്ചലനുമായി അതിനെ നേരിടാൻ ഒരുങ്ങുകയാണ് ചെയ്തത്. തിരിച്ചു പോകുമ്പോൾ അക്കൂട്ടർ മാർഗ്ഗ മദ്ധ്യേ വീണ്ടും കുഴപ്പങ്ങളുണ്ടാക്കുമെന്ന് ഭയപ്പെടുകയാൽ വഴിമാറി പോകണമെന്ന് ചിലർ അഭിപ്രായപ്പെട്ടപ്പോൾ ആദ്യം ഉദ്ദേശിച്ച വഴിയിൽകൂടിതന്നെ പോകണമെന്ന് ആ ദിവ്യപുരുഷൻ ആജ്ഞ നല്കി. പ്രസ്തുത മാർഗ്ഗത്തിൽ കൂടിതന്നെ ഹദ്റത്ത് അഹ്മദ് (അ) സപരിവാരം പാർപ്പിടത്തിലേക്ക് മടങ്ങുകയുണ്ടായെങ്കിലും ശത്രുക്കൾ യാതൊന്നും ചെയ്യാൻ ധൈര്യപ്പെട്ടില്ല.

രാജ്യദ്രോഹപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരായിരുന്നു ലുധിയാനയിലെ ആ മൗലവിമാർ. ഹദ്റത്ത് അഹ്മദ് തങ്ങളുടെ അത്തരം പ്രവർത്തനങ്ങളെ ആശീർവദിക്കുകയില്ലെന്ന് മനസ്സിലാക്കിയ അവർ ആ പുണ്യാത്മാവിന്റെ എതിരാളികളായെങ്കിൽ അത്ഭുതപ്പെടാനില്ല. പ്രസ്തുത മൗലവിമാർ ഗവൺമെന്റിനോടു കൂറില്ലാത്തവരായിരുന്നുവെന്നും, അവർ ഒരു ഫണ്ട് പിരിവിലേർപ്പെട്ടിരിക്കെയാണ് ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ ലുധിയാന സന്ദർശനമുണ്ടായതെന്നും, ആ പുണ്യപുരുഷന്റെ അസാധാരണ വ്യക്തിത്വവും ആത്മീയപ്രഭാവവും കാരണം ജനശ്രദ്ധ അദ്ദേഹത്തിലേക്ക് തിരിയുകയാൽ തങ്ങളുടെ ഫണ്ട് പിരിവിന് അടിപറ്റുമെന്ന് കാണുകയാലാണ് അവർ അദ്ദേഹത്തിനെതിരായതെന്നുമാണ് മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി 'ബറാഹീൻ' നിരൂപണത്തിൽ പ്രസ്താവിച്ചിരുന്നത് (ഇശാ അത്തുസ്സുന്ന, വാല്യം. 6.ല.10)

ഹദ്റത്ത് അഹ്മദുൽഖാദിയാനി (അ) ലുധിയാനയിൽ മൂന്നോ നാലോ ദിവസം മാത്രമേ ചാർത്തിരുന്നുള്ളുവെങ്കിലും ആ ഇടയ്ക്ക് ജനഹൃദയങ്ങളിൽ ഭക്തിയുടെയും സാത്ത്വികതയുടെയും മായാത്ത സ്മൃതിമുദ്രകൾ പതിപ്പിച്ചുകൊണ്ടാണ് അവിടം വിട്ടത്. അദ്ദേഹത്തെ ഒരുനോക്ക്

കാണുന്നതിനുവേണ്ടി അനേകം ആളുകൾ താമസസ്ഥലത്ത് തടിച്ചുകൂടുമായിരുന്നു. പുറത്തിറങ്ങി നടക്കുമ്പോഴെല്ലാം ജനക്കൂട്ടം ഭക്ത്യാദരപുരസ്സരം എഴുന്നേറ്റു ആ ദിവ്യാത്മാവിനെ അനുഗമിക്കുകയും ചെയ്തിരുന്നു.

ലുധിയാനയിൽ "ടെമ്പറൻസ് സൊസൈറ്റി" യുടെ ഒരു യോഗത്തിൽ ഹദ്റത്ത് അഹ്മദ്(അ) പങ്കുകൊണ്ടു. യോഗത്തിൽ പ്രസംഗിക്കാനുള്ള ക്ഷണം നിരസിക്കുകയാണ് ചെയ്തത്. "മദ്യവർജ്ജന പ്രസ്ഥാന"ത്തിന്റെ നായകന്മാരുടെ നായകനായ മുഹമ്മദ് മുസ്തഫാ (സ)തിരുമേനിയെ കുറിച്ച് എന്തെങ്കിലും പറയാൻ യോഗ ഭാരവാഹികൾ ഇഷ്ടപ്പെടുകയില്ലെന്നറിഞ്ഞതായിരുന്നു കാരണം. "എവിടെ എന്റെ യജമാനനെ കുറിച്ച് ഉരിയാടിക്കൂടെയോ അവിടെ പ്രസംഗിക്കാൻ ഞാനില്ല" എന്നാണ് പിന്നീട് പ്രസ്താവിച്ചത്!

മീർ അബ്ബാസ് അലി രോഗശയ്യയിലായിരുന്നപ്പോൾ അദ്ദേഹത്തിന്റെ നിലയെക്കുറിച്ച് അന്വേഷിക്കാൻ ഹദ്റത്ത് അഹ്മദ് (അ) അതേ കൊല്ലം വീണ്ടും ലുധിയാന സന്ദർശിക്കുകയുണ്ടായി. 1884-ൽ തന്നെ അദ്ദേഹം മാലർകോട്ട്ലയും അമ്പാല കണ്ടോൺമെന്റും സന്ദർശിച്ചു. സുപ്രീത ശിഷ്യനായ ഹദ്റത്ത് അബ്ദുലാഹ് സന്നൗരിയുടെ അപേക്ഷയനുസരിച്ച് പട്ടിയാല സ്റ്റേറ്റിലുള്ള സന്നൗർ എന്ന ഗ്രാമത്തിലേക്കും ഒരു യാത്ര നടത്തി. പ്രസ്തുത യാത്രക്കിടയിൽ പട്ടിയാല നഗരത്തിലും അല്പം തങ്ങുകയുണ്ടായി. പട്ടിയാല റയിൽവെ സ്റ്റേഷനിൽ ഒരു കൂട്ടം ആളുകൾ ദർശനാർത്ഥം എത്തിച്ചേർന്നിരുന്നു. പട്ടിയാലാ മുഖ്യമന്ത്രി ഖാൻ ബഹാദുർ മുഹമ്മദ് ഹസൻ (സി.എസ്.ഐ)അദ്ദേഹത്തെ രാജകീയ വാഹനത്തിൽ കയറ്റി തന്റെ ബംഗ്ലാവിലേക്ക് കൂട്ടിക്കൊണ്ടുപോയി. പട്ടിയാലയിലെ മുസ്ലിംകളെ സംബോധനചെയ്തുകൊണ്ട് ഹദ്റത്ത് അഹ്മദ് (അ) പ്രസംഗിക്കുകയുമുണ്ടായി. (പിന്നീട്, അവിടന്ന് സന്നൗർ സന്ദർശിക്കുകയും ശിഷ്യനായ അബ്ദുല്ലാഹ് സന്നൗരിയുടെ ഭവനം തന്റെ പരിപൂതപാദസ്പർശത്താൽ അനുഗ്രഹിക്കുകയും ചെയ്തു.

11- മുജദ്ദിദ്

ലോകം യുഗ പുരുഷനെ കാത്തിരിക്കുകയായിരുന്നു, നൂറ്റാണ്ടുക ളുടെ സുപ്രഭാതം പുലരുകയാണ്. പതിനാലാം ശതകത്തിലെ 'മുജദ്ദിദ്' - കാലത്തിന്റെ ഇമാം-ഹദ്റത്ത്മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) അല്ലാതെ മറ്റാരുമല്ലെന്ന് ആത്മീയമായ അന്തർദൃഷ്ടികളുള്ളവരെല്ലാം ധരിച്ചു കഴിഞ്ഞിരുന്നു. അതാണ് ഹദ്റത്ത് സൂഫി അഹ്മദ് ജാൻ(റ) ആ പുണ്യാത്മാവിനെ സംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പാടിയത്:

ہم مریضوں کی ہے تمہیں پہ نظر

تم مسیحا بنو خدا کے لئے

(രോഗാതുരരായ ഞങ്ങളുടെയെല്ലാം ദൃഷ്ടി അങ്ങയുടെ നേർക്കാ ണ്, അല്ലാഹുവിനുവേണ്ടി അങ്ങ് മസീഹാ ആയാലും!)

ഭൂമിയിൽ ഒരു ദൈവദൂതൻ നിയോഗിക്കപ്പെടുവാൻ പോകയാണ്. സ്വർഗ്ഗത്തിൽ അതിനുള്ള തീരുമാനം എടുത്തുകഴിഞ്ഞു. ആത്മീയവൃഷ്ടി യുടെ അഭാവത്തിൽ ഭൂതലം ശുഷ്കശൂന്യമായിത്തീരിമ്പോൾ സ്വർഗ്ഗീയ ജലമിറക്കി ദൈവം അതിനെ വീണ്ടും മലർവാടിയാക്കി മാറ്റുന്നു. അതു ദൈവിക നിയമമാണ്!

1882 ആരംഭത്തിൽ ഒരിക്കൽ മസ്ജിദ് അഖ്സായിൽവെച്ച് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ഒരാത്മദർശനത്തിൽ (കശ്ഫ്) "ഒരു തോട്ടം നിർമ്മിക്കപ്പെടുന്നതായും താൻ അതിന്റെ തോട്ടക്കാരനായി നിയമിക്ക പ്പെട്ടിരിക്കുന്നതായും" കണ്ടു. കുറച്ചു നാളുകൾക്കു ശേഷം 'ബറാഹീൻ' എഴുതികൊണ്ടിരിക്കെ ഉണ്ടായ മറ്റൊരു കശ്ഫിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)തിരുമേനി എഴുന്നള്ളിയിരിക്കുന്നതായും തന്നെ ആശ്ലേഷം ചെയ്യുന്നതായും ദർശിച്ചു. ആ അവസരത്തിൽ തിരുനബിയുടെ വദന ബിംബം ശരത്ചന്ദ്ര സമാനം തിളങ്ങിവിളങ്ങുന്നതായും ആ ചന്ദ്രാനന ത്തിൽ നിന്നും പ്രസരിച്ചു കൊണ്ടിരുന്ന പ്രകാശ പൂരം തന്നിലേക്ക് നിവേ ശിച്ചുകൊണ്ടിരിക്കുന്നതായും പ്രത്യക്ഷദൃഷ്ടികൊണ്ടു തന്നെ കാണുക

യുണ്ടായി. ഇതിനു ശേഷം റസൂൽ കരീം(സ)തിരുമേനി തന്നിൽ നിന്ന് അന്യപ്പെട്ടുവെന്നോ തിരിച്ചുപോയെന്നോ പറയാൻ കഴിയാത്ത ഒരവ സ്ഥാവിശേഷം ഉണ്ടാവുകയും ചെയ്തു. അപ്പോൾ ഇപ്രകാരം ഒരു 'ഇൽഹാം' ഉണ്ടായി:

"അല്ലയോ അഹ്മദ്! അല്ലാഹു നിനക്ക് അനുഗ്രഹം നല്കിയിരി ക്കുന്നു. നീ എറിഞ്ഞതെന്തോ അതു നീയല്ലാ എറിഞ്ഞത്, അല്ലാഹുവാ ണെറിഞ്ഞത്. ഖുർആന്റെ ജ്ഞാനം നല്കിയവൻ കരുണാവാരിധിയത്രെ; ആരുടെ പൂർവ്വികൻമാർ ജാഗ്രതപ്പെടുത്തപ്പെട്ടിരുന്നില്ലയോ ആ ജനതയെ ജാഗരിപ്പിക്കാൻ വേണ്ടി; കുറ്റവാളികളുടെ മാർഗ്ഗം വ്യക്തമായിത്തീരുവാ നും. പറയുക, ഞാൻ ദൈവത്താൽ നിയുക്തനായിരിക്കുന്നു, ഞാൻ വിശ്വാ സികളിൽ മുമ്പനുമത്രെ."

ദൈവീക നിയോഗത്തെ സംബന്ധിച്ച ആദ്യത്തെ ദിവ്യവെളിപാടാ യിരുന്നു ഇത്. മുഹമ്മദ് മുസ്തഫാ (സ)തിരുമേനിയോടുള്ള അതിരറ്റ സ്നേഹാദരങ്ങൾ കാരണമായിട്ടാണ് ദിവ്യമായ വരപ്രസാദങ്ങൾക്ക് പാത്രീ ഭൂതനായിത്തീരാൻ തനിക്ക് സാധിക്കുമാറായതെന്ന് സൂചിപ്പിക്കുന്ന പല ദിവ്യ ദർശനങ്ങളും വെളിപാടുകളും ഇതിനു മുമ്പു തന്നെ ലഭിച്ചിട്ടുണ്ടാ യിരുന്നു.

താൻ ദൈവത്താൽ നിയുക്തനായിരിക്കുന്നതായുള്ള ഈ വെളി പാട് ഹദ്റത്ത് അഹ്മദിന് ലഭിച്ചുവെങ്കിലും 'ബൈഅത്ത്' വാങ്ങാനുള്ള വ്യക്തമായ കല്പന ഇല്ലാതിരുന്നതിനാൽ അതു സംബന്ധിച്ച പരസ്യ മായ വാദം പുറപ്പെടുവിക്കുകയോ ശിഷ്യസംഘം രൂപീകരിക്കാൻ തയ്യാ റാവുകയോ ചെയ്തില്ല. പിന്നീട്, അടിക്കടി വെളിപാടുകൾ ഉണ്ടായിത്തു ടങ്ങി. അവയിൽ പലതും ഖുർആൻ വചനങ്ങൾ തന്നെയായിരുന്നു. മാത്ര മല്ല, ഭാവിയിൽ വരാൻ പോകുന്ന പല കാര്യങ്ങളെക്കുറിച്ചും സൂചനകൾ നല്കിക്കൊണ്ടുള്ള സദ്വാർത്തകളും താക്കീതുകളും അവയിൽ അടങ്ങി യിട്ടുമുണ്ടായിരുന്നു. ധാരാളം ആളുകൾ സന്ദർശനാർത്ഥം ഖാദിയാനി ലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുമെന്നും തന്നിമിത്തം വഴികൾ കുണ്ടും കുഴിയുമായിപ്പോകുമെന്നും ജനങ്ങളുടെ ആധിക്യം കാരണം പരിഭ്രമിച്ച് വശാകരുതെന്നും ദൈവത്തിന്റെ സഹായസേവനകൾ കുതിച്ചെത്തു മെന്നും മറ്റുമുള്ള പ്രവചനങ്ങളടങ്ങിയ ആ വെളിപാടുകൾ അക്കാലത്തു തന്നെ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി.

1884ൽ, 'ബറാഹീൻ അഹ്മദീയ്യ'യുടെ നാലുഭാഗങ്ങളും പൂർത്തിയാ യിക്കഴിഞ്ഞപ്പോൾ അതു സംബന്ധിച്ച വിജ്ഞാപനങ്ങളും പരസ്യങ്ങളും ആയിരക്കണക്കിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയും പല സ്ഥലങ്ങളി ലേക്കും അയച്ചുകൊടുക്കുകയുമുണ്ടായി. ചില വിജ്ഞാപനങ്ങൾ ഇംഗ്ലീ ഷിലും അച്ചടിച്ചിരുന്നു. ഒരു കുഗ്രാമമായിരുന്ന ഖാദിയാനിൽ അന്ന് ഇംഗ്ലീഷ് അറിയുന്ന ആരുംതന്നെ ഉണ്ടായിരുന്നില്ല. തന്നിമിത്തം, തന്റെ വിജ്ഞാ പനങ്ങൾ ഇംഗ്ലീഷിൽ തർജ്ജമ ചെയ്തു കിട്ടുമാറാകാൻ ഇംഗ്ലീഷ് പരി ജ്ഞാനമുള്ള ഒരാളുമായി സമ്പർക്കം പാലിക്കേണ്ടതിന് ഒരു പ്രത്യേക

ദൂതനെ അദ്ദേഹം ലാഹോറിലേക്കും അമൃതസറിലേക്കും അയക്കുകയുണ്ടായി. 'ബറാഹീനെ അഹ്മദീയ്യ' എന്ന തന്റെ പുസ്തകത്തെകുറിച്ചുള്ള വിജ്ഞാപനവും അതു സംബന്ധിച്ചുള്ള ഒരു തുറന്ന കത്തും അടക്കം ചെയ്തുകൊണ്ട്, ഇന്ത്യയുടെ നാനാ ഭാഗങ്ങളിലും യൂറോപ്പിലും അമേരിക്കയിലുമുള്ള പ്രസിദ്ധരായ വ്യക്തികൾക്കും കൃസ്തീയ മിഷനറിമാർക്കും ആര്യസമാജം, ബ്രഹ്മസമാജം മുതലായ പ്രസ്ഥാനങ്ങളുടെ നേതാക്കൾക്കും പ്രമുഖരായ പ്രകൃതിവാദികൾക്കും ഇന്ത്യയിലെ പ്രധാന നാട്ടുരാജാക്കൻമാർക്കും മുസ്ലിം പണ്ഡിതവയ്യൻമാർക്കും റജിസ്റ്ററാക്കി അയച്ചുകൊടുക്കുവാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. 2000 കത്തുകൾ റജിസ്റ്ററാക്കി അയക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നുവെങ്കിലും തപാൽ ചെലവ് ദുർവ്വഹമായിരിക്കുമെന്ന് കാണുകയാൽ 500 പേർക്ക് മാത്രമാണ് ഇപ്രകാരം അയച്ചുകൊടുക്കുകയുണ്ടായത്.

ലോകത്തെ ഉദ്ധരിക്കാൻ താൻ നിയ്കുതനായിരിക്കയാണെന്നും യേശുവിന്റെ സാദൃശ്യത്തിലും യേശുവിന്റെതായ ശാന്തവും വിനീതവുമായ മാർഗ്ഗത്തിലും താൻ ആ ചുമതല നിർവ്വഹിക്കാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുകയാണെന്നും ആണ് തുറന്ന കത്തിൽ പ്രസ്താവിച്ചിരുന്നത്. ഇസ്ലാം മാത്രമാണ് പരിപൂർണ്ണവും കുറ്റമറ്റതുമായ മതം. വിശുദ്ധഖുർആൻ ദൈവത്തിന്റെ വചനങ്ങളാണ്. ഈ സത്യങ്ങൾ ദിവ്യ അടയാളങ്ങൾ വഴി തെളിയിച്ചു കാട്ടുവാൻ താൻ സന്നദ്ധനാണെന്നും ഈ ദൃഷ്ടാന്തങ്ങൾ കാണാൻ ആഗ്രഹിക്കുന്നവർ ഖാദിയാനിൽ വന്ന് തന്നോടൊപ്പം ഒരു കൊല്ലം വരെ വിനീതനായ ഒരു സത്യാന്വേഷിയെന്നോണം താമസിക്കണമെന്നും കത്തിൽ പറഞ്ഞിരുന്നു. ഈ റജിസ്റ്റർകത്തിലടങ്ങിയ സംഗതിയെ അഗണ്യമാക്കുകയോ അസത്യമാക്കി തള്ളുകയോ ചെയ്യുന്ന പക്ഷം അത്തരക്കാരുടെ നിരാകരണത്തെപറ്റി താൻ പരസ്യപ്പെടുത്തുന്നതായിരിക്കും. ഈ സത്യ സാക്ഷ്യം കാണാൻ തുറന്ന ഹൃദയത്തോടെ ഖാദിയാനിൽ വന്ന് താമസിക്കുന്ന ഏതൊരാൾക്കും, ഒരു കൊല്ലത്തിനകം ഇസ്ലാമിന്റെ സത്യത്തിലേക്കുള്ള അനിഷേധ്യവും ഖണ്ഡിതവുമായ അടയാളം കാണിക്കുന്നതിൽ താൻ പരാജയപ്പെടുന്ന പക്ഷം, പ്രതിമാസം 200ക. വീതം നഷ്ടപരിഹാരം നല്കാൻ താൻ തയ്യാറായിരിക്കുമെന്നും ആ സത്യാത്മാവ് വിളംബരപ്പെടുത്തിയിരുന്നു. ആർക്കെങ്കിലും അങ്ങനെ ഒരാഗ്രഹമുണ്ടായിരിക്കുകയും ഖാദിയാനിലേക്ക് വരാൻ സാധ്യമല്ലാതിരിക്കുകയുമാണെങ്കിൽ അവർക്ക് വിശ്വസ്തനായ ഒരു പ്രതിനിധിയെ നിയോഗിക്കാവുന്നതാണ്. എന്നാൽ, അയാൾ, തന്റെ പ്രതിനിധിയുടെ ബലത്തിൻമേൽ, ഇസ്ലാമിന്റെ സത്യത്തെ സ്വീകരിക്കാനോ അഥവാ ഈ ദിവ്യ ദൃഷ്ടാന്തത്തിന്റെ സത്യമായ പുലർച്ചയെ സാക്ഷ്യപ്പെടുത്തുവാനോ സന്നദ്ധനാകേണ്ടതാണ്.

പരിശുദ്ധ ഇസ്ലാമിന്റെ സത്യത്തിലേക്കുള്ള അത്ഭുത ലക്ഷ്യങ്ങൾ കാണിക്കാനും സ്വജീവിതത്തിൽ സാക്ഷാൽക്കരിച്ച പരമ സത്യങ്ങളെ ലോകത്തിന് ബോധ്യപ്പെടുത്തികൊടുക്കാനും ആ മഹാത്മാവ് എത്രക

ണ്ടാണ് വേവലാതിപ്പെട്ടിരുന്നതെന്ന് വിവരിക്കുക പ്രയാസം! തന്നോട് ദൈവം സംസാരിക്കുന്നതായുള്ള ആ അത്ഭുത പ്രതിഭാസത്തിന് സാക്ഷി നില്ക്കാൻ ഒരു സത്യാന്വേഷിയെ എങ്കിലും കിട്ടുമെങ്കിൽ അതിനു വേണ്ടി സർവ്വസ്വം ബലിയാക്കാൻ ആ പുണ്യാത്മാവ് തയ്യാറാകുമായിരുന്നു. ആർക്കും ഒഴികഴിവു പറയാനാകാത്ത വിധം ന്യായപൂർത്തി വരുത്തുന്ന ആഹ്വാനങ്ങളും വീരവാദങ്ങളും ആയിരുന്നു അവയെല്ലാം. ആത്മാർത്ഥതയുടെ അത്യഗാധതകളിൽ നിന്ന് പൊട്ടി പ്രവഹിച്ച വിശ്വാസത്തിന്റെ നിലയ്ക്കാത്ത നീർധാര വമ്പിച്ച ജലപ്രളയമായി രൂപാന്തരപ്പെട്ടപ്പോൾ അതിനെ അടക്കി നിർത്തുവാനോ അവഗണിക്കുവാനോ ആർക്ക് സാധിക്കും?

ഹൃദയങ്ങളിൽ ചലനങ്ങളുണ്ടായി. എല്ലാവരും ഉറക്കെ ചിന്തിക്കാൻ തുടങ്ങി. സാത്ത്വികരും സത്യഭക്തരും തങ്ങളുടെ പരിത്രാതാവിനെ തിരിച്ചറിഞ്ഞു. ആത്മീയ വിഹഗങ്ങൾ നാലു ഭാഗത്തുനിന്നും പറന്നെത്തി സന്ദർശകർ ഖാദിയാനിലേക്ക് പ്രവഹിക്കുകയായി. എന്തെന്നാൽ ഖാദിയാനിൽ നിന്ന് പൊങ്ങിയ ശബ്ദം അസാധാരണവും അതിവിസ്മാപകവും ആയിരുന്നു!

ഇന്ത്യയിലങ്ങോളമിങ്ങോളം ഹദ്റത്ത് അഹ്മദിന്റെ ആഹ്വാനം ഒച്ചപ്പാടുകളുണ്ടാക്കിയെങ്കിലും ഈ ദിവ്യ പരീക്ഷണത്തിന് സാക്ഷ്യം വഹിക്കാൻ ക്ഷണിക്കപ്പെട്ട ആരും തന്നെ തുറന്ന നിലയിൽ മുന്നോട്ടു വന്നില്ല. എന്നാൽ മുൻഷി ഇന്ദ്രമൻ മുറാദാബാദി, റവ:ഇ.പി.സോഫ്റ്റ്, പണ്ഡിറ്റ് ലേഖ് റാം എന്നിവർ ചില നീക്കങ്ങൾ നടത്തുകയുണ്ടായി.

മുൻഷി ഇന്ദ്രമൻ മുറാദാബാദി ഒരു വലിയ ഹിന്ദു മതപണ്ഡിതനായിരുന്നു. സംസ്കൃതം പാർസി മുതലായ ഭാഷകളിൽ അഗാധ പാണ്ഡിത്യം നേടിയിരുന്ന അദ്ദേഹം മതവിഷയകമായി ധാരാളം ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ട്. 'തുഹ്ഫയെ ഇസ്ലാം', 'പാതാശെ ഇസ്ലാം'. 'ഉസൂലെ ദീനെ അഹ്മദ്', 'ഹംലയെ ഹിന്ദ്', സംസമേ ഹിന്ദ്', 'സൗലത്തെ ഹിന്ദ്' മുതലായ പുസ്തകങ്ങൾ മുൻഷി എഴുതിയിട്ടുള്ളവയാണ്. പ്രകോപനപരമായ നിലയിൽ ഇസ്ലാമിനെ ആക്ഷേപിക്കുകയും അവഹേളിക്കുകയും ചെയ്തു ശീലിച്ച ഇയാൾ ആര്യസമാജത്തിൽ ഉന്നതസ്ഥാനം നേടിയിരുന്നു. ഹിന്ദു ശാസ്ത്രങ്ങളിലും ദർശനങ്ങളിലും അസാമാന്യമായ അവഗാഹം ഉണ്ടായിരുന്ന ഇന്ദ്രമൻ ദയാനന്ദ സരസ്വതിയുടെ സഹപ്രവർത്തകനും ആയിരുന്നു. മുസ്ലിംകൾക്കെതിരായി ചില ക്ഷുദ്രകൃതികളെഴുതിയതിനെ തുടർന്ന് 1880 ൽ അറസ്റ്റ് ചെയ്യപ്പെട്ടു. ഗവൺമെന്റ് ഇയാളുടെ പുസ്തകങ്ങൾ നശിപ്പിക്കുകയും മുൻഷിക്ക് 500ക. പിഴ വിധിക്കയുമുണ്ടായി. കേസ്സ് നടത്തുന്നതിന് മുൻഷിയെ സഹായിക്കാൻ സ്വാമി ദയാനന്ദൻ പണം പിരിച്ചുവെങ്കിലും അദ്ദേഹം അതിൽ കൃത്രിമം ചെയ്തുവെന്ന് ഇന്ദ്രമൻ തന്നെ ആക്ഷേപിച്ചതിനെ തുടർന്ന് സ്വാമി ദയാനന്ദൻ ഇന്ദ്രമനെ ആര്യസമാജത്തിൽ നിന്ന് പുറത്താക്കി. നാഭാ സ്റ്റേറ്റ് മഹാരാജാവ് സർ ഹിരാസിംഗിന്റെ (സി.എസ്.ഐ) പ്രേരണക്ക് വശംലവദനായിട്ടാണ്

മുൻഷി ഇന്ദ്രമൻ ഹദ്റത്ത് അഹ്മദിനെ എതിർക്കാൻ പുറപ്പെട്ടത്. ഹദ്റത്ത് അഹ്മദിന്റെ റജിസ്റ്റർ കത്തിനദ്ദേഹം നാഭയിൽ നിന്ന് മറുപടി അയച്ചു. അടയാളങ്ങൾ കാണുന്നതിന് ഖാദിയാനിലേക്ക് വരാൻ ആവശ്യപ്പെട്ട തിന് പകരമായി, ഹദ്റത്ത് അഹ്മദ് തന്റെ അടുക്കൽ അങ്ങോട്ട് ചെല്ലണ മെന്ന് അയാൾ പിന്നീട് ലാഹൗറിൽ നിന്ന് എഴുത്തയക്കുകയാണ് ചെയ്ത ത്. ഒരു വാദപ്രതിവാദത്തിനു മാത്രമേ മുൻഷി ഖാദിയാനിൽ വരുമായിരു ന്നുള്ളൂ. അഥവാ, ഖാദിയാനിൽ വരണമെങ്കിൽ 2400ക. ഒരു മാസത്തിനു ള്ളിൽ ഗവൺമെന്റ് ബാങ്കിൽ കെട്ടിവെയ്ക്കണം. മറുപടിയും കാത്ത് ഒരാ ഴ്ചവരെ മുൻഷി ലാഹൗറിലുണ്ടാകും.!

കത്തു കിട്ടിയ ഉടനെതന്നെ ലാഹൗറിലെ ഒരു സ്നേഹിതനിൽ നിന്ന് 2400ക. കടം വാങ്ങി മുൻഷിയുടെ അടുക്കൽ ചെല്ലുന്നതിന് തന്റെ ചില ഭക്തശിഷ്യരടങ്ങിയ ഒരു സംഘത്തെ ഹദ്റത്ത് അഹ്മദ് (അ) ലാഹൗ റിലേക്കയച്ചു. എന്നാൽ കത്തെഴുതിയ അന്നു തന്നെ മുൻഷി ഇൻദ്രമൻ ഹരീദ്കോട്ടിലേക്ക് പോയ്ക്കളഞ്ഞതായി വെളിപ്പെട്ടു. അതിനാൽ, ഇതു സംബന്ധിച്ച കത്തിടപാടുകൾ സമാഹരിച്ചു കൊണ്ടുള്ള ഒരു വിജ്ഞാ പനം ഹദ്റത്ത് അഹ്മദ് തയ്യാറാക്കുകയും മുൻഷിക്ക് അതിന്റെ ഒരു പ്രതി അയച്ചുകൊടുക്കുകയുമുണ്ടായി. തന്റെ ആദ്യത്തെ കത്തിലേക്ക് ഹദ്റത്ത് അഹ്മദ് മുൻഷിയുടെ ശ്രദ്ധയെ ക്ഷണിക്കുകയും, വാദപ്രതിവാദം നട ത്താൻ മറ്റും പലരുമുണ്ടെന്നും മറ്റാർക്കും കാണിക്കാനാവാത്ത അത്ഭു താടയാളങ്ങൾ ഇസ്ലാമിന്റെ സത്യസാക്ഷ്യമെന്നോണം വെളിപ്പെടുത്തു ന്നതിലാണ് തനിക്ക് താല്പര്യമുള്ളതെന്നും. ഒരു വിവാദം നടത്തണമെ ന്നാണ് മുൻഷി ആഗ്രഹിക്കുന്നതെങ്കിൽ 'ബറാഹീനെ അഹ്മദിയ്യ'ക്ക് ഖണ്ഡനമെഴുതി 10,000ക നേടാവുന്നതാണെന്നും അറിയിക്കുകയും ചെയ്തു. പക്ഷേ ഇന്ദ്രമൻ പല മുടന്തൻ ന്യായങ്ങളും പറഞ്ഞു ഒഴിഞ്ഞു മാറുകയാണുണ്ടായത്. ഹദ്റത്ത് അഹ്മദിന്റെ പിന്നീടുള്ള കത്തുകൾക്കോ വിജ്ഞാപനങ്ങൾക്കോ യാതൊരു മറുപടിയും നല്കാതെ മുൻഷി പരി പൂർണ്ണ നിശ്ശബ്ദത പാലിക്കുകയും ചെയ്തു.

നാഭാ മഹാരാജാവിനെ തൃപ്തിപ്പെടുത്താൻ വേണ്ടി മുൻഷി ഇന്ദ്ര മൻ ഒരഭിനയം നടത്തി എന്നല്ലാതെ യഥാർത്ഥത്തിൽ അയാൾക്ക് ഹദ്റത്ത് അഹ്മദിനെ നേരിടുവാൻ ധൈര്യമുണ്ടായിരുന്നില്ല. ചിന്തിക്കുന്ന പലരും മുൻഷി ഇന്ദ്രമന്റെ പിന്മാറ്റത്തിൽനിന്ന് പാഠം സ്വീകരിക്കാതിരുന്നില്ല. പതിനഞ്ചു കൊല്ലത്തിനകം തന്നെ മുൻഷി ഇന്ദ്രമന്റെ ദൗഹിത്രൻ ഭഗവ തിസഹായ് ഇസ്ലാംമതം സ്വീകരിച്ചുകൊണ്ട് റസൂൽകരീം(സ)തിരുമേ നിയുടെ സത്യത്തിന് സാക്ഷ്യമുദ്ര കുത്തുകയും തന്റെ മാതാമഹന്റെ സത്യവിരോധത്തെ എന്നേന്നേക്കുമായി സ്ഥിരീകരിക്കുകയും ചെയ്തു എന്നുള്ളതായിരുന്നു ഈ ദിവ്യ സമരത്തിന്റെ ഒടു പുലർച്ച!

ഹിന്ദുമതത്തിൽ നിന്ന് പരിവർത്തനം ചെയ്ത ഗോളിയോർ സ്വദേ ശിയായ റാംചന്ദ് റവ:ഇ.പി.സോഫ്റ്റ് എന്ന പേരിൽ പ്രഖ്യാതനായ ഒരു ക്രൈസ്തവ മിഷണറിയായിത്തീർന്നു. ഗുജറൻ വാലയിൽ താമസിച്ചി

രുന്ന ഈ പാതിരി ക്രിസ്തുമത തത്വങ്ങളെ സംബന്ധിച്ചിടത്തോളം ഒരാധികാരികവക്താവായി ഗണിക്കപ്പെട്ടിരുന്നു. കർക്കശക്കാരനായ പാതിരി സോഫ്റ്റ് ഉന്നയിച്ച ഉപാധികൾ ഇവയാണ്.

(1)600രൂപാ ഗുജ്റൻ വാലയിലേക്ക് അഡ്വാൻസ് അയക്കണം.

(2)ഖാദിയാനിൽ വരണമെങ്കിൽ, താമസത്തിന് സുഖപ്രദമായ ഒരു ഭവനം ലഭിക്കണം. അസൗകര്യങ്ങളുണ്ടെങ്കിൽ ഉടനെ മടങ്ങിപോകും. 600ക തിരിച്ചു നല്കുന്നതുമല്ല!

(3) അത്ഭുതദൃഷ്ടാന്തങ്ങൾ യൂക്ലിഡിന്റെ ക്ഷേത്രഗണിതത്തിലെന്നപോലെ കണിശമായിരിക്കണം.

പണം മുൻകൂറായി നല്കാമെന്ന് താൻ അറിയിച്ചിട്ടില്ലെങ്കിലും, തുക ബാങ്കിൽ കെട്ടിവെയ്ക്കാൻ തയ്യാറാണെന്ന് ഹദ്റത്ത് അഹ്മദ് മറുപടി നൽകി. നല്ല പാർപ്പിടത്തെ സംബന്ധിച്ചേടത്തോളം, ഒരു പ്രശസ്താതിഥി എന്ന നിലയിൽ അർഹമാംവിധം ഉപചരിക്കുമെന്നും ആവശ്യമാണെങ്കിൽ മുൻകൂട്ടി വീട് കണ്ട് തൃപ്തിപ്പെട്ടുകൊള്ളാവുന്നതാണെന്നും അറിയിച്ചു. സുഖപ്രദമായ ഭവനം വേണമെന്ന നിർബന്ധം ക്രൈസ്തവമായ വിനതിയുമായി പൊരുത്തപ്പെടുന്നില്ലെന്ന് കൂട്ടത്തിൽ അനുസ്മരിപ്പിക്കാതിരുന്നില്ല. യൂക്ലിഡിന്റെ ക്ഷേത്രഗണിതത്തിൽ പിഴവുകളുണ്ടെന്നും എന്നാൽ, താൻ കാണിക്കാൻ പോകുന്ന സ്വർഗ്ഗീയ ദൃഷ്ടാന്തങ്ങളാകട്ടെ ഖണ്ഡിതവും പിഴവറ്റതുമായിരിക്കുമെന്നും ഉറപ്പു നൽകുകയുമുണ്ടായി. പക്ഷെ പാതിരി സോഫ്റ്റ് പിന്നീട് നിശ്ശബ്ദത പാലിക്കുകയാൽ ഈ കത്തിടപാടുകളും നിഷ്ഫലമായിത്തീരുകയാണുണ്ടായത്.

പിശാവറിലെ ഒരു ആര്യസമാജക്കാരനായ പണ്ഡിറ്റ് ലേഖ് റാം താൻ ദൈവീക അടയാളങ്ങൾ കാണാനായി ഖാദിയാനിൽ വരാൻ അഗ്രഹിക്കുന്നുവെന്നും അതിനാൽ 2400ക. മുൻകൂട്ടി ബേങ്കിൽ കെട്ടിവയ്ക്കണമെന്നും കാണിച്ച് ഹദ്റത്ത് അഹ്മദിനു ഒരു കത്തെഴുതി. ലേഖ്റാം അന്ന് ആര്യസമാജത്തിൽ പേരുള്ള ഒരു വ്യക്തയോസുസമ്മതനായ നേതാവോ ആയിരുന്നില്ല. അടയാളങ്ങൾ കാണാൻ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ് (അ) റജിസ്റ്റർ കത്തുകളയച്ച പ്രശസ്ത വ്യക്തികളിൽ ലേഖ്റാം ഉൾപ്പെട്ടിരുന്നതുമില്ല. താൻ മുഖേന വെളിപ്പെടുന്ന ദൈവിക ദൃഷ്ടാന്തങ്ങൾക്ക് പേരും പെരുമയുമുള്ള ഉന്നത വ്യക്തികൾ സാക്ഷി നില്ക്കണമെന്നും അവരുടെ വ്യക്തിത്വം വഴി ലോകരെല്ലാം അനിഷേധ്യമായ തരത്തിൽ അതറിയുമാറാകണമെന്നും ആയിരുന്നു ആ മഹാത്മാവ് ആഗ്രഹിച്ചത്. ലേഖ്റാം അക്കൂട്ടത്തിൽപ്പെട്ട ഒരാളായിരുന്നില്ലതാനും. അതുകൊണ്ട്, ഒരു കൊല്ലത്തിനിടയിൽ ദൈവിക ദൃഷ്ടാന്തം പ്രത്യക്ഷപ്പെടാത്തപക്ഷം 200ക. പ്രതിമാസ വീതപ്രകാരം നഷ്ടപരിഹാരം നല്കികൊള്ളാമെന്ന ബാധ്യത ലേഖ്റാമിനെ സംബന്ധിച്ചിടത്തോളം ഏല്ക്കാനാവില്ലെന്നും പിശാവറിൽനിന്ന് കിട്ടിവന്നിരുന്ന മാസപ്പടിതോതിൽ സംഖ്യ നിശ്ചയിച്ചു ഒരു കൊല്ലം താമസിച്ചുകൊള്ളേണ്ടതാണെന്നും ഹദ്റത്ത് അഹ്മദ് (അ)മറുപടി നൽകി. ലേഖ്റാം തുടക്കം മുതൽക്കേ

മര്യാദയില്ലാത്തതും മാന്യൻമാർക്ക് ചേരാത്തതുമായ ഭാഷയിലും രീതിയിലുമാണ് കത്തുകളെഴുതി വന്നിരുന്നത്. അയാൾ പിടിവാദം തുടർന്നപ്പോൾ ആര്യസമാജത്തിന്റെ ശരിയായ പ്രതിനിധിയാണ് ലേഖ്റാം എന്നതിലേക്ക് തെളിവ് നൽകണമെന്നും ലാഹൗറിലെ ആര്യനേതാവായ ലാലാ ജീവൻദാസിനെപ്പോലുള്ളവർ പ്രാതിനിധ്യം സമ്മതിക്കുമെങ്കിൽ താൻ ലേഖ്റാമുമായി കരാറിലേർപ്പെടാമെന്നും ഹദ്റത്ത് അഹ്മദ് വിളംബരപ്പെടുത്തി. എന്നാൽ, ലേഖ്റാം സംസ്കാരശൂന്യമായ രീതിയിലും രൂക്ഷഹാസ സമ്മിശ്രമായ ഭാഷയിലും അധിക്ഷേപങ്ങൾ തുടരുകയാണ് ചെയ്തത്. 200 രൂപാ പ്രതിമാസത്തോതിൽ നഷ്ടപരിഹാരം നൽകാമെന്ന് താൻ ആരോടൊക്കം ഏറ്റുവോ ആ പ്രമുഖ വ്യക്തികളിൽപെടാത്ത ഒരാളായിരിക്കെ തന്നോട് ബേങ്കിൽ പണം കെട്ടിവെക്കണമെന്ന് ശഠിച്ചുകൊണ്ടിരുന്ന ലേഖ്റാമിനോട്, അയാൾ ദൃഷ്ടാന്തം വെളിപ്പെട്ടാൽ ഇസ്ലാം മതം സ്വീകരിച്ചുകൊണ്ട് അതിനെ സത്യപ്പെടുത്തുമെന്ന ബാദ്ധ്യതയിൽ നിന്നൊഴിഞ്ഞുമാറുന്നപക്ഷം നഷ്ടപ്പെടുമാറുള്ള വിധത്തിൽ 2400ക. ബേങ്കിൽ കെട്ടിവെയ്ക്കണമെന്ന ന്യായമായ ഒരുപ്രതിനിർദ്ദേശം ഹദ്റത്ത് അഹ്മദും ഉന്നയിച്ചു. എന്നാൽ ഇതിനു മറുപടിയായി, സൂര്യൻ പടിഞ്ഞാറു നിന്നുദിച്ച് കിഴക്കസ്തമിക്കുന്നതായ ഒരു ദൃഷ്ടാന്തമാണ് തനിക്ക് കാണേണ്ടതെന്നും മറ്റുമുള്ള അന്തസ്സാരശൂന്യവും യുക്തിഹീനവുമായ മുന്നുപാധികൾ ഉന്നയിക്കുകയാണയാൾ ചെയ്തത്. താനുമായി മുഖപരിചയം നേടിയശേഷം കാര്യങ്ങൾ തീരുമാനിക്കാമെന്ന് ഹദ്റത്ത് അഹ്മദ് പിന്നേയും ലേഖ്റാമിന് എഴുതി. (മക്തൂബാത്ത് ഭാ.3). എന്നാൽ, ഖാദിയാനിലെ കടുത്ത ഇസ്ലാംമത ശത്രുക്കളുടെ സ്വാധീന വലയത്തിലകപ്പെട്ടുകഴിഞ്ഞ ലേഖ്റാമിന് ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ കണ്ട് സംസാരിക്കുന്നതിനുള്ള ഒരവസ്രം ലഭിച്ചില്ല. ഒടുവിലായി 40 ദിവസത്തേക്കെങ്കിലും തന്റെ അടുക്കൽ-അത് ഖാദിയാനിൽ തന്നെ ആയിക്കൊള്ളണമെന്നില്ല-വന്നു താമസിക്കണമെന്ന് ആദിവ്യാത്മാവ് മറ്റൊരു നിർദ്ദേശം കൂടി ഉന്നയിക്കയുണ്ടായെങ്കിലും പണ്ഡിറ്റ് ലേഖ്റാം മഹത്തായ ഈ പരീക്ഷണവുമായി ബന്ധപ്പെടാൻ തയ്യാറായില്ല. പൈശാചികമായ ആവേശത്തോടു കൂടി ദൈവത്തിന്റെ സത്യഭൂതനുമായി പോരിനു പുറപ്പെട്ട ലേഖ്റാം ഏതാനും കൊല്ലത്തിനു ശേഷം ആ ദിവ്യാത്മാവിന്റെ പ്രവചനത്തിന് കുറിയായി മരിച്ചൊടുങ്ങുകയാണ് ചെയ്തത്.

ഇസ്ലാമിന്റെ സത്യത്തിലേക്കുള്ള അടയാളങ്ങൾ കാണിക്കാമെന്ന് പ്രഖ്യാപിച്ചുകൊണ്ടും ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ടുമുള്ള വിജ്ഞാപനങ്ങളും കത്തുകളും ഇന്ത്യയിൽ മാത്രമല്ല യൂറോപ്പിലും അമേരിക്കയിലുമുള്ള പണ്ഡിതർക്കും പ്രശസ്ത വ്യക്തികൾക്കും രാഷ്ട്രതന്ത്രജ്ഞൻമാർക്കും രാജാക്കൻമാർക്കും ഹദ്റത്ത് അഹ്മദ് അയക്കുകയുണ്ടായി. അക്കൂട്ടത്തിൽ ബ്രിട്ടീഷ് രാജകുമാരനായ എഡ്വേർഡ്, ബ്രിട്ടീഷ് പ്രധാനമന്ത്രി ഗ്ലാഡ്സ്റ്റൺ, ബിസ്മാർക്ക് തുടങ്ങിയ ലോകനേതാക്കളും ഉൾപ്പെട്ടിരുന്നു. ഇന്ത്യയിൽ മുഴുവനും പഞ്ചാബിൽ പ്രത്യേകിച്ചും ഉള്ള പാതിരി

മുഖ്യന്മാർക്കും വിവിധ മതനേതാക്കൾക്കും റജിസ്റ്റർ കത്തുകളും വിജ്ഞാപനങ്ങളും അയച്ചു വെങ്കിലും ആരുംതന്നെ ഈ ആത്മീയപരീക്ഷണത്തിന് സാക്ഷ്യം വഹിക്കാൻ മുമ്പോട്ട് വരികയുണ്ടായില്ല. ഇതിനെ കുറിച്ച് ഹദ്റത്ത് അഹ്മദ് (അ)ഇപ്രകാരം പറയുന്നു:

"പഞ്ചാബിലും ഇന്ത്യയിൽ മുഴുവനും ഉള്ള പാതിരിമുഖ്യന്മാരുടെയും ആര്യ നേതാക്കളുടെയും സമക്ഷം ഈ വസ്തുതകൾ വിവരിച്ചു കൊണ്ടുള്ള കത്തുകൾ റജിസ്റ്റർ ചെയ്ത് അയച്ചു കൊടുത്തു. എന്നാൽ ആരുംതന്നെ ഖാദിയാനിൽ വരികയുണ്ടായില്ല. മുൻഷി ഇന്ദ്രമനുവേണ്ടി 2400ക. റൊക്കമായി ലാഹൗറിലേക്ക് കൊടുത്തയച്ചുവെങ്കിലും അദ്ദേഹം വാക്ക്മാറി ഹരീദ്കോട്ടിലേക്ക് പോയ്ക്കളഞ്ഞു. പണ്ഡിറ്റ് ലേഖ്റാം എന്ന് പേരായ ഒരാൾ തീർച്ചയായും ഖാദിയാനിൽ വന്നിട്ടുണ്ടായിരുന്നു. തന്റെ നിലയനുസരിച്ച്, പിശാവറിലെ ഉദ്യോഗക്കാലത്ത് പ്രതിമാസം കൈപറ്റി വന്നിരുന്ന ശമ്പളത്തുക കണക്കാക്കി അതു സ്വീകരിക്കാൻ സമ്മതിച്ചു കൊണ്ട് ഒരു കൊല്ലം താമസിക്കേണമെന്ന് അദ്ദേഹത്തോട് ആവർത്തിച്ചു പറയുകയുണ്ടായി. ഒടുവിലായി, ഒരു കൊല്ലം സാദ്ധ്യമല്ലെങ്കിൽ 40 ദിവസത്തേയക്കെങ്കിലും താമസിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ ഈ രണ്ടു രൂപത്തിലും അദ്ദേഹം സമ്മതിക്കുകയുണ്ടായില്ല."(തബ്ലീഗ രിസാല)

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) ഇസ്ലാമിന്റെ സത്യത്തെ ദിവ്യഅടയാളങ്ങൾ വഴി തെളിയിച്ചു കാണിക്കാമെന്ന് വീരവാദം ചെയ്തു വെങ്കിലും ക്ഷണിക്കപ്പെട്ടവരാരുംതന്നെ ഈ ദിവ്യ പരീക്ഷണത്തിന് ധൈര്യപ്പെട്ടില്ല എന്നത് ദൗർഭാഗ്യകരം തന്നെ. യുക്തിരഹിതങ്ങളായ ഓരോരോ ഉപാധികളുന്നയിച്ചുകൊണ്ട് അവരിൽ പലരും പിൻമാറിക്കളഞ്ഞു. പലരും അതു ശ്രദ്ധിച്ചതേയില്ല! ഹദ്റത്ത് അഹ്മദ് (അ) പ്രതിയോഗികളുടെ ഉപാധികൾ പരമാവധി സ്വീകരിക്കാനൊരുങ്ങിയിട്ടും അവർ രംഗത്തിറങ്ങിയില്ല. പരീക്ഷണത്തിന്റെ വിജയത്തിന് അത്യാവശ്യമായി ആ ദിവ്യപുരുഷൻ നിർദ്ദേശിച്ച നിരുപദ്രവങ്ങളായ നിബന്ധനകൾ സ്വീകരിക്കാതെ അവയെ കുറിച്ച് ആക്ഷേപിക്കുന്നത് നീതിയോ ന്യായമോ അല്ല. ഒരൊറ്റ ശാസ്ത്രജ്ഞനും തന്റെ പരീക്ഷണശാലയിൽ അന്യരുടെ ഹിതം നടത്താനനുവദിക്കയില്ലല്ലൊ. അപ്പോൾ, ആ നിബന്ധനകൾ അനുസരിക്കാൻ പരമാവധി പരിശ്രമിക്കേണ്ടത് സത്യദൃഷ്ടാന്തം കാണാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരുടെ കർത്തവ്യമായിരുന്നു. ആ ഋജുമാർഗ്ഗം സ്വീകരിക്കാൻ ആരും തയ്യാറായില്ലെങ്കിൽ ആ ദിവ്യാത്മാവ് എന്ത് പിഴച്ചു?

അത്ഭുതാടയാളങ്ങളും ദിവ്യദൃഷ്ടാന്തങ്ങളും എക്കാലത്തും മതത്തിന്റെ അവിഭാജ്യഘടകം തന്നെയായിരുന്നു. പ്രവാചകന്മാർ അത്ഭുതാടയാളങ്ങൾ കാണിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ, മനുഷ്യൻ ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതുമായ അത്ഭുതപ്രവൃത്തികൾ അവർ ചെയ്തു കാണിച്ചിട്ടില്ല. ലോകത്തെ വിസ്മയപ്പെടുത്തുന്ന അത്ഭുത ദൃഷ്ടാന്തങ്ങൾ ജനങ്ങളെ സത്യത്തിലേക്കും ദൈവത്തിലേക്കും ആകർഷിക്കുന്ന തര

ത്തിൽ ദൈവം പ്രവാചകൻമാർ മുഖേന വെളിപ്പെടുത്തും. ഭവിഷ്യൽ കാര്യങ്ങൾ മുൻകൂട്ടി പ്രവചിക്കുക എന്നതിനേക്കാൾ വലിയ അദ്ഭുതം മറ്റെന്താണ് ഉള്ളത്? പ്രകൃതിനിയമങ്ങൾക്കെതിരായ അത്ഭുതങ്ങൾ കാണിക്കുവാനാണ് നിഷേധികൾ സാധാരണ ആവശ്യപ്പെടാറുള്ളത്. പ്രകൃതി സാധാരണമല്ലാത്ത വല്ലതും വെളിപ്പെട്ടാൽ തന്നെയും അതും പ്രകൃതി വിരുദ്ധമെന്നുവെച്ച് അവർ തള്ളിക്കളയും. എന്നാൽ, സത്യം അറിയാൻ ആഗ്രഹിക്കുന്ന സാത്വികരാകട്ടെ ദൈവത്തിന്റെ പ്രവാചകനെ എളുപ്പം തിരിച്ചറിയുക തന്നെ ചെയ്യുന്നു. അത്തരക്കാർക്ക് ഒരേ ഒരു ദൃഷ്ടാന്തം മതിയാകും.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പിതൃവ്യപുത്രന്മാരായ മിർസാ ഇമാമുദ്ദീനും മിർസാ നിസാമുദ്ദീനും ആ മഹാത്മാവിന്റെ ബദ്ധശത്രുക്കളായി മാറിക്കഴിഞ്ഞിരുന്നുവെന്ന് മുമ്പ് പറഞ്ഞുവല്ലൊ. ഇമാമുദ്ദീൻ പ്രഭൃതികൾ ഖാദിയാനിൽ സ്വാധീനവും പ്രതാപവുമുള്ളവരായിരുന്നതിനു പുറമേ ഹദ്റത്ത് അഹ്മദിനെതിരായ പ്രവർത്തനങ്ങളുമായി തുടക്കം മുതൽക്കേ ബന്ധപ്പെട്ടിരുന്നുവരുമായിരുന്നു. ഭൗതികതയിൽ ആമഗ്നരായിരുന്ന അവർ മതത്തെ പുച്ഛിക്കുകയും മത കല്പനകളെ പരസ്യമായി ലംഘിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് അഹ്മദിന്റെ വീരവാദങ്ങളും പ്രഖ്യാപനങ്ങളുമെല്ലാം അവരുടെ പക്കൽ നിരർത്ഥകങ്ങളായിരുന്നു. അവർ പരസ്യമായി ആര്യസമാജികളുടെയും ക്രിസ്ത്യാനികളുടെയും ഭാഗം ചേർന്ന് ഹദ്റത്ത് അഹ്മദിനെ അവഹേളിക്കാൻ കച്ചകെട്ടി പുറപ്പെട്ടു. തങ്ങൾക്കും അടയാളങ്ങൾ കാണാൻ ആഗ്രഹമുണ്ടെന്ന് പറഞ്ഞു കൊണ്ട് അവർ വെല്ലുവിളികൾ നടത്തികൊണ്ടിരിക്കുകയും ചെയ്തു.

ഈ അവസരത്തിൽ തന്നെ ഖാദിയാനിലെ ഏതാനും പ്രമുഖരായ ഹിന്ദു കച്ചവടക്കാർ ചേർന്നു ഹദ്റത്ത് അഹ്മദിന് ഒരു കത്തയച്ചു. ദൃഷ്ടാന്തങ്ങൾ കാണാൻ യൂറോപ്പിലും അമേരിക്കയിലുമുള്ളവരെ ക്ഷണിക്കുന്നുണ്ടെങ്കിലും അതു കാണാൻ കൂടുതൽ അവകാശമള്ളത് ഖാദിയാനിൽതന്നെ നിവസിക്കുന്ന തങ്ങൾക്കാണെന്നും, മനുഷ്യന്റെ കഴിവുകൾക്കതീതമായിരിക്കുന്നതും ദൈവം തന്റെ വരിഷ്ഠരുടെ പ്രാർത്ഥനകൾ കേൾക്കുകയും അവർക്ക് ഭവിഷ്യൽ കാര്യങ്ങൾ അറിയിച്ചുകൊടുക്കയും ചെയ്യുന്നുണ്ടെന്നും അസന്ദിഗ്ധമായി തെളിയിച്ചു കാട്ടുന്നതുമായ അത്ഭുതാടയാളങ്ങൾ കാണാനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്നും പ്രകൃതിനിയമങ്ങൾക്കെതിരായ കാര്യങ്ങൾ സംഭവിച്ചു കാണിക്കണമെന്നൊന്നും തങ്ങൾ ആവശ്യപ്പെടുന്നില്ലെന്നും അവരതിൽ പ്രസ്താവിച്ചിരുന്നു. സത്യ ദൃഷ്ടാന്തം വെളിപ്പെട്ടാൽ ഇസ്ലാംമതം സ്വീകരിച്ചു അതിനെ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധന ഉപേക്ഷിക്കണമെന്നും അടയാളം വെളിപ്പെട്ടുകണ്ടാൽ പത്രങ്ങൾവഴി അതിനെ സാക്ഷ്യപ്പെടുത്താൻ തങ്ങൾ തയ്യാറായിരിക്കുമെന്നും മറ്റും അവർ എഴുതിയിട്ടുണ്ടായിരുന്നു. ഈ കത്തിൽ പ്രസ്തുത മാന്യൻമാർ പ്രകടിപ്പിച്ചുകണ്ട ആർജ്ജവവും വിനയ ബുദ്ധിയും സത്യാന്വേഷണതൽപരതയും ഹദ്റത്ത് അഹ്മദിന്റെ പ്രകീർത്തനത്തിൽ

പാത്രീഭവിച്ചു. അങ്ങനെ, ആ മഹാത്മാവ് അവരുമായി ഒരു കരാറിലേർപ്പെട്ടു. ഭവിഷ്യൽ കാര്യങ്ങളെപ്പറ്റി തനിയ്ക്ക് ലഭിക്കുന്ന വെളിപാടുകൾ പ്രസിദ്ധം ചെയ്യുമെന്നും അതിന്നു അവർ സാക്ഷ്യം വഹിക്കുമെന്നുമുള്ള ഈ കരാർ അമൃതസറിലെ 'റിയാസ് ഹിന്ദ്' പ്രസ്സിൽ നിന്ന് അച്ചടിച്ചു പരസ്യം ചെയ്യുകയുണ്ടായി.

ഈ കരാർ പ്രകാരം 1885 ആഗസ്റ്റ് 5-നു ഹദ്റത്ത് അഹ്മദുൽഖാദിയാനി തനിയ്ക്ക് ലഭിച്ച ദിവ്യവെളിപാടനുസരിച്ചുള്ള ഒരു പ്രവചനം പ്രസിദ്ധപ്പെടുത്തി. അതിങ്ങനെയായിരുന്നു.

"മിർസാ ഇമാമുദ്ദീനെയും മിർസാ നിസാമുദ്ദീനെയും സംബന്ധിച്ചേടത്തോളം 31 മാസം പൂർത്തിയാകുന്നതിനിടയിൽ ഭയങ്കരമായ ഒരു ദു:ഖസംഭവം ഉണ്ടാകാൻ പോകുന്നുവെന്നു എനിയ്ക്കു ദിവ്യവെളിപാടു ലഭിച്ചിരിക്കുന്നു. അവരുടെ കുടുംബത്തിലെ ഒരു വ്യക്തി, ഭാര്യമാരിലോ മക്കളിലോപെട്ട ഒരു സ്ത്രീയോ പുരുഷനോ, അവർക്ക് അസഹനീയമായ മനോദു:ഖവും ഞെട്ടലും ഉളവാക്കുമാറ് മരണമടയും. ഈ കാലയളവ് ഇന്നു 1942 സാവൻ 23-ാം തീയതി, 1885 ആഗസ്റ്റ് 5-നു മുതൽ ആരംഭിക്കുന്നതാണ്."

ഇതിൽ താഴെ പറയുന്നവർ സാക്ഷികളായി ഒപ്പിട്ടിരുന്നു. പണ്ഡിറ്റ് ഭാരാമൽ, പണ്ഡിറ്റ് വിജയ്നാഥ്, വിഷ്ണുദാസ് (ബ്രാഹ്മൺ, വിഷ്ണുദാസ് (ക്ഷത്രിയൻ).

സകലരും പ്രവചനത്തിന്റെ അനന്തരഫലം കാത്തിരിക്കയായിരുന്നു. ശത്രുക്കളും മിത്രങ്ങളും സംഭവം ഉൽക്കണ്ഠയോടെ ഉറ്റു നോക്കിക്കൊണ്ടിരിക്കെ 30 മാസങ്ങൾ കടന്നുപോയി. 31-ാം മാസവും പിറന്നു. 1888 ഫിബ്രവരി വരെ യാതൊന്നും സംഭവിച്ചില്ല. അപ്പോൾ കരാറിലൊപ്പിട്ട മാന്യൻമാർ അക്ഷമരായിത്തുടങ്ങി. പ്രവചനം ഫലിച്ചില്ലെന്നു വിളംബരപ്പെടുത്താൻ അവർ ബദ്ധപ്പെട്ടു. അവർ കരാറിലൊപ്പിട്ടതു മുതൽക്കേ ആര്യനേതാക്കളുടെ ഭീഷണികൾക്കും സമ്മർദ്ദങ്ങൾക്കും വിധേയരായിക്കഴിയുകയായിരുന്നു. വേദങ്ങളല്ലാത്ത മറ്റൊരു വെളിപാടിലും തങ്ങൾക്ക് വിശ്വാസമില്ലെന്ന് പ്രഖ്യാപിക്കാൻ അവർ നിർബന്ധിതരായി. എന്നാൽ, 31-ാം മാസത്തിന്റെ മദ്ധ്യത്തിൽ ഖാദിയാനിലുള്ളവരെയെല്ലാം ഞെട്ടിപ്പിച്ചുകൊണ്ട്, മിർസാ ഇമാമുദ്ദീൻ പ്രഭൃതികളുടെ കുടുംബത്തിൽ ഭയങ്കരമായ ഒരു ദു:ഖസംഭവമുണ്ടായി. മിർസാ നിസാമുദ്ദീന്റെ പുത്രിയും മിർസാ ഇമാമുദ്ദീന്റെ സഹോദര പുത്രിയുമായ സ്ത്രീ നിറഞ്ഞ യൗവനത്തിൽ ഏകസന്താനത്തെയും ഉപേക്ഷിച്ചുകൊണ്ട് കാലയവനികക്കുള്ളിൽ പോയിമറഞ്ഞു!

ദൈവവചനം പൂർത്തിയായി. മിർസാ ഇമാമുദ്ദിന്റെ കുടുംബത്തിന്ന് അതൊരു പ്രഹരവും പാഠവുമായിരുന്നു: ഖാദിയാനിലെ നിവാസികൾക്ക് ഒരു നിറന്ന അടയാളവും!

12- സ്വർഗ്ഗീയമായ വിവാഹം

1883ൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ജ്യേഷ്ഠൻ മിർസാ ഗുലാം ഖാദിർസാഹിബ് തന്റെ 55-ാം വയസ്സിൽ നിര്യാതനായി. ജ്യേഷ്ഠന്റെ ചരമത്തെപ്പറ്റി ഹദ്റത്ത് അഹ്മദിന്നു ദൈവത്തിൽ നിന്നു മുന്നറിയിപ്പ് ലഭിച്ചിട്ടുണ്ടായിരുന്നു. ഒരു കനാൽ കോൺട്രാക്ടറായി ജോലി യാരംഭിച്ച അദ്ദേഹം പിന്നീടു പോലീസിൽ ചേർന്നു. അതിൽ പിന്നെ ഗുർദാസ്പൂരിലെ ഡപ്യൂട്ടി കമ്മീഷണറുടെ ആഫീസിൽ സൂപ്രണ്ടായി നിയമിതനായി.

1868-ൽ മിർസാ ഗുലാംഖാദിർ സാഹിബിന്നു കഠിനമായ ഒരു രോഗം ബാധിച്ചു. തദവസരത്തിൽ, അദ്ദേഹത്തിന്റെ മരണം അടുത്തിരിക്കുന്ന തായി അറിയിക്കുന്ന ഒരു ദിവ്യസ്വപ്നം ഹദ്റത്ത് അഹ്മദിന്നുണ്ടായി. ജ്യേഷ്ഠന്റെ രോഗശാന്തിയ്ക്കായി അദ്ദേഹം വളരെയധികം പ്രാർത്ഥന കൾ നടത്തിയതിനെ തുടർന്നു രക്ഷപ്പെടുകയും ചെയ്തു. എന്നാൽ 1883ൽ, താൻ അമൃത്സറിലായിരുന്ന ഒരവസരത്തിൽ ജ്യേഷ്ഠന്റെ ചരമം അത്യാ സന്നമായിരിക്കുന്നുവെന്നും തനിയ്ക്കു ദൈവത്തിങ്കൽ നിന്നു അറിവു ലഭിച്ചതായി അമൃത്സറിലെ ഹക്കീം മുഹമ്മദ് ശരീഫ് സാഹിബിനെയും മറ്റും ഹദ്റത്ത് അഹ്മദ്(അ) അറിയിക്കുകയുണ്ടായി. ജ്യേഷ്ഠന്നും ഇതു സംബന്ധിച്ചു കത്തെഴുതുകയും ശിഷ്ടജീവിതം പരലോകത്തെ ഉന്നം വെച്ചുള്ളതായിരിക്കണമെന്നു ഉപദേശിക്കുകയും ചെയ്തു. മിർസാ ഗുലാം ഖാദിർ സാഹിബ് അനുജന്റെ എഴുത്തു വീട്ടുകാർക്കെല്ലാം വായിച്ചു കേൾപ്പിക്കുകയും പ്രസ്തുത ദിവ്യസ്വപ്നത്തെപ്പറ്റി കുടുംബാംഗങ്ങളെ യെല്ലാം അറിയിക്കുകയും ചെയ്തിരുന്നു. ഏതാനും ആഴ്ചക്കുള്ളിൽ തന്നെ അദ്ദേഹം ഇഹലോകവാസം വെടിയുകയും ചെയ്തു.

മിർസാ ഗുലാംഖാദിർസാഹിബ് തന്റെ പിതൃവ്യപുത്രിയായ ഹുർമത്ത് ബീബിയെയാണ്* വിവാഹം ചെയ്തിരുന്നത്. അതായത് മിർസാ ഇമാമു ദ്ദീന്റെ സഹോദരിയെ അവരെ തായീ എന്നാണ് എല്ലാവരും വിളിച്ചു വന്നിരുന്നത്. ജ്യേഷ്ഠന്റെ ഭാര്യ ആദ്യം മുതൽക്കേഹദ്റത്ത് അഹ്മദിനോടു അനുഭാവശൂന്യമായിട്ടാണ് പെരുമാറിയിരുന്നതെന്നുമുമ്പു പറഞ്ഞുവല്ലൊ. പലതരം മനഃക്ലേശങ്ങളും കഷ്ടപ്പാടുകളും ആ മഹാത്മാവിന്നു അവർ

*ഹദ്റത്ത് അഹ്മദിന്റെ ആദ്യഭാര്യയുടേയും പേർ ഹുർമത്ത് ബീബി എന്നായിരുന്നു.

മുഖേന സഹിക്കേണ്ടിവന്നിട്ടുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദിന്നു ഒരിക്കൽ "തായീ ആയീ" എന്ന ഒരു വെളിപാടുണ്ടായി. ഇതിന്റെ അർത്ഥം "തായീവന്നു" എന്നാണെങ്കിലും യഥാർത്ഥ താല്പര്യമെന്തെന്നു ആർക്കും മനസ്സിലാക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ, ആ ദിവ്യാത്മാവിന്നു ഒരു കാലത്ത് അളവറ്റ മനഃക്ലേശങ്ങൾക്കും കഷ്ടതകൾക്കും കാരണമായിരുന്ന ജ്യേഷ്ഠന്റെ ഈ ഭാര്യ 1921ൽ, ഹദ്റത്ത് അഹ്മദിന്റെ പുത്രനും പ്രതിപുരുഷനുമായ ഹദ്റത്ത് മിർസബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് തിരുമനസ്സിലെ അനുഗൃഹീത ഹസ്തത്തിൽ 'ബൈഅത്ത്' ചെയ്തു അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചതോടെ "തായീ ആയി" എന്ന പ്രവചനം പ്രത്യക്ഷമായിത്തന്നെ പുലർന്നു. പിൽക്കാലമത്രയും ഒരു തികഞ്ഞ വിശ്വാസിനിയായിട്ടു തന്നെയാണ് അവർ ജീവിച്ചതും. ജമാഅത്തിന്റെ 'വസിയ്യത്ത്' പദ്ധതിയിലും മറ്റും പങ്കെടുത്തിരുന്ന അവർ 1927ൽ ചരമം പ്രാപിച്ചു.

മിർസാ ഗുലാംഖാദിർ സാഹിബിന്റെ രണ്ടു മക്കളും ശൈശവത്തിൽ തന്നെ മരിച്ചുപോയിരുന്നു. പിൽക്കാലമത്രയും നിരപത്യരായി കഴിഞ്ഞ ആ ദമ്പതികൾ ഹദ്റത്ത് അഹ്മദിന്റെ മൂത്ത മകനായ സുൽത്താൻ അഹ്മദിനെ തങ്ങളുടെ വളർത്തുപുത്രനായി സ്വീകരിക്കുകയാണ് ചെയ്തത്. ഗുലാം ഖാദിർ സാഹിബ് മരിച്ചപ്പോൾ, അദ്ദേഹത്തിന്റെ സ്വത്തുക്കളിൽ വലിയ ഭാഗവും നിയമേന ഹദ്റത്ത് അഹ്മദിൽ ലയിക്കുകയാണുണ്ടായതെങ്കിലും ആ ദിവ്യാത്മാവ് അവ കൈവശപ്പെടുത്താൻ തുനിയാതെ ജ്യേഷ്ഠന്റെ ഭാര്യയുടെ ഇഷ്ടത്തിന്നു വിട്ടുകൊടുക്കയാണ് ചെയ്തന്നെതു പ്രസ്താവ്യമാണ്.

ഗവർമ്മെന്റ് കനാൽ ഡിപ്പാർട്ടുമെന്റിൽ ഒരു ഉദ്യോഗസ്ഥനായിരുന്ന ഡൽഹി നിവാസിയായ മീർ നാസിർ നവാബ് സാഹിബ് ഒരു കനാൽ നിർമ്മാണം സംബന്ധിച്ചു ഖാദിയാന്നു തൊട്ടടുത്തുള്ള ഒരു പ്രദേശത്തു പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ മീർസാ ഗുലാം ഖാദിർ സാഹിബുമായി പരിചയപ്പെടുവാനിടയായി. മീർസാഹിബിന്റെ ഭാര്യയ്ക്കു ഒരിക്കൽ എന്തോ രോഗം പിടിപെട്ടപ്പോൾ മിർസാ ഗുലാം ഖാദിർ സാഹിബിന്റെ ഉപദേശപ്രകാരം അദ്ദേഹം ഹദ്റത്ത് അഹ്മദിനെ സമീപിക്കുകയും തന്റെ ഭാര്യയെ ഖാദിയാനിൽ കൂട്ടിക്കൊണ്ടുവന്നു ആവശ്യമായ മരുന്നുകൾ കുറിച്ചു വാങ്ങുകയും ചെയ്തിട്ടുണ്ടായിരുന്നു. മീർ സാഹിബ് ചികിൽസാതർത്ഥം ഖാദിയാൻ സന്ദർശിച്ചപ്പോൾ ഹദ്റത്ത് അഹ്മദിനെയും കാണുവാനിടയായി. തദവസരത്തിൽ ആ മഹാത്മാവ് ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കയായിരുന്നു. ഹദ്റത്ത് അഹ്മദിന്റെ ജീവിതപരിശുദ്ധിയെകുറിച്ചും ഭക്തിയെകുറിച്ചും മറ്റും കേട്ടറിഞ്ഞ അവർ അദ്ദേഹത്തിൽ അത്യധികം ആകൃഷ്ടരായിത്തീർന്നു. എന്നാൽ, തങ്ങളുടെ ആ സന്ദർശനത്തിന്റെ ചരിത്രപരമായ പ്രാധാന്യം തദവസരത്തിൽ ആ ദമ്പതികൾ അറിഞ്ഞിരുന്നതേയില്ല. ഗുലാം ഖാദിർ സാഹിബുമായുള്ള സ്നേഹബന്ധം ശക്തിപ്പെട്ടതോടെ. മീർസാഹിബ് ഇടയ്ക്കിടെ ഖാദിയാൻ സന്ദർശിക്കുകയും പാരിതോഷികങ്ങളും സ്നേഹോപഹാരങ്ങളും

അന്യോന്യം കൈമാറുകയും ചെയ്തുകൊണ്ടിരുന്നു. മിർസാ ഗുലാം ഖാദിർ സാഹിബിന്റെ ചരമത്തിന്നു ശേഷവും ഹദ്റത്ത് അഹ്മദുമായുള്ള സ്നേഹ ബന്ധം അദ്ദേഹം തുടരുകയുണ്ടായി.

മീർ നാസിർ നവാബ് സാഹിബ് തന്റെ പുത്രി നുസ്റത്ത് ജഹാൻ ബീഗമിന്റെ വിവാഹം നടത്തേണ്ട കാര്യത്തെപറ്റി ഗൗരവമായ ആലോച നകളിലേർപ്പെട്ടു. തന്റെ പുത്രിയ്ക്ക് അനുരൂപനായ ഒരു ഭർത്താവിനെ കണ്ടുപിടിക്കണം. സാത്വികനും ഭക്തനുമായ ഒരു ജാമാതാവിനെ ലഭി ക്കുന്നതിനുവേണ്ടി ആ മതാഭിമാനി വളരെ പ്രാർത്ഥനകൾ ചെയ്തു. അതോടൊപ്പം ഇക്കാര്യത്തിൽ പ്രത്യേക പ്രാർത്ഥന നടത്തുന്നതിന്നപേ ക്ഷിച്ചുകൊണ്ടു ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്കും അദ്ദേഹം കത്തെ ഴുതി.

മറ്റൊരു വിവാഹത്തെ സംബന്ധിച്ച ദിവ്യ വെളിപാടുകളും സുവി ശേഷങ്ങളും ഹദ്റത്ത് അഹ്മദി(അ)ന്നു ലഭിച്ചുകൊണ്ടിരുന്ന അവസര ത്തിലാണ് മീർ സാഹിബിന്റെ ഈ എഴുത്തു കിട്ടിയത്. ഒരു സയ്യിദ് കുടും ബവുമായുള്ള വിവാഹം നടക്കുമെന്നും ആ വിവാഹത്തിന്റെ എല്ലാ ഏർപ്പാടുകളും ദൈവീകമായ നിലയിൽ പൂർത്തിയാക്കപ്പെടുമെന്നും യാതൊരു തരത്തിലും ക്ലേശിക്കേണ്ടിവരികയില്ലെന്നും, ഈ വിവാഹം അനുഗ്രഹപൂർണ്ണമായിരിക്കുമെന്നും മറ്റും ആ വെളിപാടിൽ പറഞ്ഞിട്ടു ണ്ടായിരുന്നു. തനിയ്ക്കു ലഭിച്ചിട്ടുള്ള ഈ വെളിപാടുകളെയും ദിവ്യ സ്വപ്ന ങ്ങളെയും കുറിച്ചു തന്റെ സ്നേഹിതൻമാരെ അറിയിക്കാൻ ഹദ്റത്ത് അഹ്മദ് (അ) മടിച്ചിരുന്നില്ല. തന്റെ ആദ്യ ഭാര്യയുമായുള്ള ബന്ധം ഇല്ലാ ത്തതിനൊക്കുമെന്നും താൻ മറ്റൊരു വിവാഹം കൂടി ചെയ്യാനാഗ്രഹിക്കു ന്നുവെന്നും അറിയിച്ചുകൊണ്ടു ഹദ്റത്ത് അഹ്മദ്(അ)മീർ നാസിർ നവാബ് സാഹിബിന്നു മറുപടിക്കത്തയച്ചു.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ഈ മറുപടി കിട്ടിയപ്പോൾ മീർ സാഹിബ് ആദ്യത്തിൽ ഒന്നു ചകിതനാകാതിരുന്നില്ല. എന്തെന്നാൽ, 18 വയസ്സുള്ള തന്റെ പുത്രിയെ വിവാഹിതനും രണ്ടു കുട്ടികളുടെ ബാപ്പ യുമായ ഒരു പഞ്ചാബിയ്ക്കു വിവാഹം ചെയ്തു കൊടുക്കുന്നതിനു തന്റെ ഭാര്യ സമ്മതിക്കുകയില്ലെന്നു അദ്ദേഹം സ്വാഭാവികമായും സംശയിച്ചു. പല വിവാഹാലോചനകളും ഭാര്യയുടെ നിഷേധം കാരണമായി ഉപേ ക്ഷിക്കേണ്ടിവരികയാണ് ചെയ്തത്. വധൂവരൻമാർ തമ്മിലുള്ള വയസ്സിന്റെ അന്തരവും കുടുംബപരമായ നിലപാടുകളും എല്ലാം വച്ചുനോക്കുമ്പോൾ പ്രത്യക്ഷത്തിൽ പൊരുത്തപ്പെടാത്തതായി വീക്ഷിക്കപ്പെട്ടേയ്ക്കാമെന്ന ശങ്ക നവാബ് സാഹിബിനെ അലട്ടിക്കൊണ്ടിരുന്നു. എല്ലാറ്റിനും പുറമെ ഡൽഹിക്കാർക്കു പഞ്ചാബികളോടും പഞ്ചാബികൾക്കു ഡൽഹിക്കാ രോടും പരസ്പരമുള്ള അവജ്ഞയും ആലോചനാവിഷയമാകാതിരുന്നി ല്ല. എന്നാൽ, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ മഹനീയ ഗുണങ്ങ ളുടെ മധുരസ്മരണ അജ്ഞാതമായ ഒരാകർഷണ വലയത്തിലേയ്ക്കു അദ്ദേഹം നിരന്തരം തള്ളിക്കൊണ്ടിരുന്നു. ഹദ്റത്ത് അഹ്മദ് ഒരു വിവാഹം

മീർ നാസിർ നവാബ് സാഹിബ്

ചെയ്യാൻ ആഗ്രഹിക്കുന്നതായി മീർ സാഹിബ് തന്റെ പത്നിയെ അറിയിച്ചുവെങ്കിലും വിശദമായൊന്നും പറഞ്ഞില്ല. അങ്ങനെയിരിക്കെ, ലുധിയാനക്കാരനായ ഒരാളെക്കുറിച്ചുള്ള വിവാഹാലോചന വന്നു. നല്ലൊരാളായിരുന്നെങ്കിലും അയാൾ തന്റെ മകളെ വേൾക്കുന്നതു പുത്രീവത്സലയായ ആ മാതാവിനു അത്ര ഹൃദ്യമായിത്തോന്നിയില്ല. "അയാളെയ്ക്കാളും ഗുലാം അഹ്മദ് ആയിരം മടങ്ങു നല്ലയാളാണല്ലൊ" എന്നത്രെ അവർ ഉത്തരക്ഷണത്തിൽ ഉദീരണം ചെയ്തതു. മീർ സാഹിബിന്നു അതൊരു തേൻമൊഴിയായിത്തോന്നി. ഉടനെതന്നെ ഹദ്റത്ത് അഹ്മദിന്റെ കത്ത് അദ്ദേഹം ഭാര്യയ്ക്കു വായിച്ചുകൊടുത്തിട്ടു ശീഘ്രം നിശ്ചയം നടത്തണമെന്നു ആവശ്യപ്പെട്ടു. പത്നിയുടെ അനുമതി നേടിക്കഴിഞ്ഞപ്പോൾ മീർ സാഹിബ് വിവരത്തിന്നു ഉടൻ ഖാദിയാനിലേയ്ക്കു കത്തെഴുതി. മീർ സാഹിബിന്റെ കുടുംബക്കാർക്കു ഈ വിവാഹബന്ധം ഇഷ്ടകരമായിരുന്നില്ല. ഒരു പതിനെട്ടുകാരിയെ ഒരു വയസ്സൻ പഞ്ചാബിയ്ക്കു കല്യാണം കഴിച്ചു കൊടുക്കുന്നു എന്നിങ്ങനെ അവർ പിറുപിറുത്തുകൊണ്ടിരുന്നു.

മീർ നാസിർ നവാബ് സാഹിബിന്റെ കത്ത് കിട്ടി എട്ടുദിവസം കഴിഞ്ഞപ്പോൾ തന്നെ ഹദ്റത്ത് അഹ്മദ്(അ), ഹാഫിസ് ഹാമിദ് അലി, ലാലാ മലാവമൽ എന്നിവരെയും ഒന്നു രണ്ടു സ്നേഹിതൻമാരെയും കൂട്ടി ദൽഹിയ്ക്കു യാത്രയായി. ആ മഹാത്മാവ് നവവധുവിനു നൽകുവാൻ പൊൻപണ്ടങ്ങളോ കസവു പുടവകളോ കൊണ്ടു ചെന്നിരുന്നില്ല. ആഘോഷങ്ങൾ ഉണ്ടായില്ല. ആചാരങ്ങൾ പാലിക്കപ്പെട്ടില്ല. മീർ സാഹിബിന്റെ ചാർച്ചക്കാർക്ക് ഇതൊക്കെയും അസഹ്യമായ അപമാനമായിത്തോന്നി. പക്ഷേ, മീർ നാസിർ നവാബ് സാഹിബും പത്നിയും ഈ വിവാഹത്തിൽ സംതൃപ്തരും സന്തുഷ്ടരുമായിരുന്നതിനാൽ അവരുടെ പ്രതിഷേധങ്ങൾ വിലപ്പോയില്ല.

1884നവമ്പർ 17നു–1302 മുഹർറം 27നു–തിങ്കളാഴ്ച സായാഹ്നത്തിൽ ഡൽഹിയിലെ ഖാജാ മീർദർദി(റ)ന്റെ പള്ളിയിൽവെച്ചു, 1100ക. മഹർ നിശ്ചയത്തിൻമേൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബും സയ്യിദ നുസറത്ത് ജഹാൻ ബീഗമും തമ്മിലുള്ള വിവാഹം വിളംബരം ചെയ്യപ്പെട്ടു. നികാഹ് കർമ്മം നിർവ്വഹിച്ചതു മൗലവി സയ്യിദ് നദീർ ഹുസൈൻ സാഹിബ് ദഹ്ലവിയായിരുന്നു. ഹദ്റത്ത് അഹ്മദ്(അ) അദ്ദേഹത്തിന്നു 5ക.യും ഒരു നമസ്ക്കാരപ്പടവും പാരിതോഷികമായി നല്കി.

അങ്ങനെ ആ അനുഗൃഹീതമായ വിവാഹം മംഗളകരമായി നടന്നു. വിവാഹങ്ങൾ ലോകത്ത് എത്രയോ നടക്കുന്നു! ദമ്പതിമാർ അടുക്കുകയും അകലുകയും ചെയ്യുന്നു. ചില വിവാഹങ്ങൾ ചരിത്രത്തിന്റെ പ്രഗതിയെ തന്നെ മാറ്റിക്കളയുന്നു. മറ്റു ചിലത് ലോകത്ത് വമ്പിച്ച വിപ്ലവങ്ങളുണ്ടാക്കുന്നു. എന്നാൽ, ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയുടെ ഈ വിവാഹം ഒരു സ്വർഗ്ഗീയ വിവാഹമായിരുന്നു. ആ വിവാഹം ഒരു പുതിയ വിശുദ്ധ തലമുറയുടെ മാത്രമല്ല ഒരു പുതിയ യുഗത്തിന്റെയും പിറവി കുറിച്ചു!

പിറ്റെന്നാൾ ഹദ്റത്ത് അഹ്മദ്(അ)നവവധുവിനെയും കൂട്ടി സപരിവാരം ഖാദിയാനിലേയ്ക്കു മടങ്ങി. ആ നവോഢ ഡൽഹിയോടു യാത്ര പറഞ്ഞു. പ്രതാപമിയെന്ന ദിൽഹി നഗരത്തെ ഉപേക്ഷിച്ചു വിജനമൂകമായ ഒരു കുഗ്രാമത്തിന്റെ നിരാഡംബരതയെ നുസ്റത്ത് ജഹാൻ ബീഗം ഹൃദയപൂർവ്വം സ്വീകരിച്ചു. ലോകത്തെ മുഴുവനും വെല്ലുന്ന ഒരു കർമ്മയോഗിയുടെ ജീവിതസഖിയായിരുന്നുകൊണ്ടു അദ്ദേഹത്തിന്റെ എല്ലാ യാതനകളിലും വേദനകളിലും പങ്കെടുക്കുവാൻ അവർ സഹർഷം സന്നദ്ധയായി. ഭൂമിയിലെ ഏതൊരു മഹാചക്രവർത്തിയുടെ പട്ടമഹിഷിയ്ക്കും അലഭ്യമായ ഒരത്യുന്നത പദവിയിൽ, ആത്മീയ സാമ്രാജ്യത്തിലെ റാണിയായി അവർ ആ ഗ്രാമത്തിൽ വാണു. അവർ 'ഉമ്മുൽമുഅ്മിനീൻ' "വിശ്വാസികളുടെ മാതാവ്" എന്നു വിളിക്കപ്പെട്ടു.

തന്റെ വിവാഹത്തെ സംബന്ധിച്ച വെളിപാടുകളെപ്പറ്റി ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം എഴുതിയിരിക്കുന്നു:

"ഈ പ്രവചനം മറ്റു ചില വെളിപാടുകളിൽ കൂടുതൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ദിൽഹി നഗരത്തെകുറിച്ചുകൂടി അതിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഈ പ്രവചനം അനേകം ആളുകൾക്ക് കേൾപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്നു...അങ്ങനെ എഴുതപ്പെട്ട പ്രകാരം തന്നെ സംഭവിക്കുകയും ചെയ്തു. എന്തെന്നാൽ, പൂർവ്വികമായ യാതൊരു ഇടപാടുകളും കുടുംബപരമായ ബന്ധങ്ങളും ഇല്ലാത്ത നിലയിൽ തന്നെ, ദിൽഹിയിലെ ബഹുമാന്യവും പ്രശസ്തവുമായ ഒരു സയ്യിദ് കുടുംബത്തിൽ എന്റെ വിവാഹം നടന്നു.... എന്റെ സന്താന പരമ്പരയിൽ ഇസ്ലാമിന്റെ സഹായത്തിനുള്ള ഒരു വലിയ അടിസ്ഥാനം ഇടുമെന്നും സ്വർഗ്ഗീയമായ ആത്മാവിനെ ഉൾക്കൊള്ളുന്ന ആ വ്യക്തിയേയും അതുമുഖേന ജനിപ്പിക്കുമെന്നും ഉള്ളത് ദൈവത്തിന്റെ വാഗ്ദത്തമായിരുന്നു. അതിനാൽ, ഈ കുടുംബത്തിലെ ഒരു പെൺകുട്ടിയെ എന്റെ വിവാഹബന്ധത്തിൽ കൊണ്ടുവരാനും അതുവഴി ആ സന്താനങ്ങളെ ജനിപ്പിക്കാനും എന്റെ കൈയ്ക്ക് ഏതൊരു ദീപയഷ്ടി പ്രകാശിച്ചു തുടങ്ങിയൊ ആ പ്രകാശത്തെ ലോകത്തെങ്ങും പരത്താനും അല്ലാഹു ഇച്ഛിച്ചു.... എന്റെ ആ ഭാവി സന്താനങ്ങളുടെ മാതാവായിരിക്കേണ്ടുന്ന ഈ ഭാര്യയുടെ പേർ നുസ്റത്ത് ജഹാൻ* ബീഗം എന്നാണെന്നതു അത്ഭുതാവഹമായ ഒരു ഒത്തുവരലായിട്ടാണ് എനിയ്ക്കു തോന്നുന്നത്. എന്തെന്നാൽ മുഴുവൻ ലോകത്തിന്റെയും സഹായാർത്ഥം ആണ് എന്റെ സന്താനപരമ്പരയുടെ അടിസ്ഥാനമിട്ടിരിക്കുന്നതെന്ന വസ്തുതയിലേക്കാണ് ഇതു സൂചന നൽകുന്നത്. ചിലപ്പോൾ നാമധേയങ്ങളിലും പ്രവചനങ്ങൾ ഒതുക്കുന്നുവെന്നതു ദൈവത്തിന്റെ പണ്ടേയുള്ള ചട്ടമത്രെ" (തിരിയാഖുൽഖുലൂബ്' ഭാ.64.65)

സയ്യിദ നുസ്റത്ത് ജഹാൻ ബീഗം(റ)അവരിലർപ്പിക്കപ്പെട്ട പ്രതീക്ഷകൾക്കൊത്തു സ്വഭർത്താവിന്റെ പ്രവർത്തനങ്ങളെ സർവ്വാത്മനാ സഹായിച്ചുകൊണ്ടിരുന്നു. ആ മഹാത്മാവിന്റെ എല്ലാ സുഖദുഃഖങ്ങളിലും

*ലോകത്തിന്റെ സഹായം എന്ന് ശബ്ദാർത്ഥം

മധ്യത്തിൽ ഇരിക്കുന്നത് ഹദ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മ ദ്(റ), മടിയിൽ: മീർസാ മുബാറക്ക് അഹ്മദ്, ഇടത്ത്: മീർസാ ബശീർ അഹ്മദ്(റ), വലത്ത്: മീർസാ ശരീഫ് അഹ്മദ്, പിന്നിൽ നിൽക്കുന്നത്: ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മായീൽ(റ), പരിചാരികയുടെ കയ്യിൽ: മീർസാ മുബാറക്കാ ബീഗം.

അവർ പരിപൂർണ്ണമായും പങ്കാളിയായിരുന്നു. അവർ ഹദ്റത്ത് അഹ്മദിൽ പൂർണ്ണഹൃദയത്തോടെ വിശ്വാസംകൊണ്ടു ആ സത്യാത്മാവിന്റെ ജീവിതത്തിലെ രഹസ്യവും പരസ്യവുമായ എല്ലാ വശങ്ങളെയും സൂക്ഷ്മമായി മനസ്സിലാക്കാൻ സാധിച്ചിരുന്ന ആ സാധ്വീരത്നം സ്വഭർത്താവിനെ ഒരിക്കൽപോലും സംശയിക്കുകയുണ്ടായില്ല. ഹദ്റത്ത് അഹ്മദ്(അ)അവരെ അധികമായ സ്നേഹിച്ചു. സുവിശേഷമറിയിക്കപ്പെട്ട സുപുത്രൻമാരുടെ മാതാവെന്ന നിലയിൽ ആ ദിവ്യാത്മാവ് അവരെ വളരെ ആദരിക്കുകയും ചെയ്തിരുന്നു.

"ഉമ്മുൽമുഅ്മിനീൻ" ഹദ്റത്ത് സയ്യിദ നുസ്റത്ത് ജഹാൻ ബീഗം സാഹിബയിൽ ഹദ്റത്ത് അഹ്മദിന് പത്തു സന്താനങ്ങളുണ്ടായിരുന്നു. അഞ്ചു പുത്രൻമാരും അഞ്ചു പുത്രിമാരും. അവരിൽ നാലുപേർ ശൈശവത്തിലും ഒരു പുത്രൻ ബാലനായിരുന്നപ്പോഴും മരിച്ചുപോയി. സന്താനങ്ങളുടെ പേരുകൾ യഥാക്രമം താഴെ ചേർക്കുന്നു.

1.ഇസ്മത്ത്- 1886 ഏപ്രിൽ 15നു (1891ൽ ചരമം)

2.ബശീർ അവ്വൽ- 1887 ആഗസ്ത് 17-നു (1888നവംബർ 4-ാം നു ചരമം)

3. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ് -1889 ജനുവരി 12-നു (1965ൽ ചരമം)

4. ശൗക്കത്ത്- 1891(1892ൽ ചരമം)

5. ഹദ്റത്ത് മീർസാ ബശീർ അഹ്മദ് സാഹിബ് എം.ഏ1893 ഏപ്രിൽ 20നു (1963-ൽ ചരമം)

6. ഹദ്റത്ത് മീർസാ ശരീഫ് അഹ്മദ് സാഹിബ്- 1895മെയ് 24(1961 ഡിസംബറിൽ ചരമം)

7. നവാബ് മുബാറക്ക ബീഗം സാഹിബ -1897 മാർച്ച് 2നു 1314 മെസാൻ 27(ചരമം 23-5-1977)

8.ഹദ്റത്ത് മിർസാ മുബാറക്ക് അഹ്മദ് -1899ജൂൺ 14നു (1907 സെപ്തമ്പർ 16നു ചരമം)

9. അമത്തുന്നസീർ സാഹിബ- 1903 ജനുവരി 28(1903 ഡിസംബർ 3നു ചരമം)

10. ഹദ്റത്ത് അമത്തുൽ ഹഫീസ് ബീഗം സാഹിബ -1904 ജൂൺ 25-നു (1987 ജൂൺ 6 ചരമം)

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ സന്താനങ്ങൾ ഇസ്ലാമിന്റെ ഈ കാലഘട്ടത്തിലെ യഥാർത്ഥ നേതാക്കൻമാരാണ്. ലോകത്ത് മുഴുവനും ഇസ്ലാമിനെ വിജയിപ്പിക്കുവാനുള്ള സംഘടിതമായ ഒരു മഹാപ്രസ്ഥാനത്തിന്റെ നായകൻമാർ ഇവരും ഇവരുടെ സന്താനങ്ങളും തന്നെയാണ്.

ഹദ്റത്ത് അഹ്മദിന്റെ പിതൃസഹോദരപുത്രൻമാർ ആ മഹാത്മാവിന്നു നിരന്തരമായ ഉപദ്രവങ്ങൾ ഏല്പിച്ചുകൊണ്ടിരുന്നു വെന്നു മുമ്പ് പറഞ്ഞുവല്ലോ. അവർ യഥാർത്ഥത്തിൽ ആ ദിവ്യാത്മാവിന്റെ കഠിന

ശത്രുക്കളായിട്ടാണ് പെരുമാറിയിരുന്നത്. അവർ മതത്തെ നിന്ദിക്കുകയും ദൈവത്തെ നിഷേധിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് അഹ്മദിന്റെ ജ്യേഷ്ഠന്റെ ഭാര്യ മിർസാ ഇമാമുദ്ദീന്റെയും മിർസാ നിസാമുദ്ദീന്റെയും പെങ്ങളായിരുന്നു. സ്വസഹോദരൻമാരുടെ സമ്മർദ്ദങ്ങളാലും സ്വാധീനങ്ങളാലും തന്നെയാണ് അവർ ആദ്യകാല ങ്ങളിൽ ഹദ്റത്ത് അഹ്മദിനെ കഷ്ടപ്പെടുത്തുകയുണ്ടായത്. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ആദ്യ ഭാര്യയായ ഹുർമത്ത് ബീബിയുടെ സഹോദരനായ മീർസാ അലിശേർ ബേഗ്, മിർസാ ഇമാമുദ്ദീന്റെ സഹോദരിയായ ഉമറുന്നിസയുടെ ഭർത്താവായ മിർസാ അഹ്മദ്ബേഗിന്റെ പെങ്ങളെയാണ് വിവാഹം ചെയ്തിരുന്നത്. അലിശേർ ബേഗിന്റെ മകളെ ഹസ്രത്ത് അഹ്മദിന്റെ ആദ്യഭാര്യയിലുള്ള രണ്ടാമത്തെ മകനായ മിർസാ ഫസ്ൽ അഹ്മദും വിവാഹം ചെയ്തിരുന്നു. ചുരുക്കത്തിൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ആദ്യഭാര്യയും മക്കളും മിർസാ ഇമാമുദ്ദീൻ പ്രഭൃതികളുടെ സ്വാധീനവലയത്തിൽ അകപ്പെടുകയും അവരുടെ ബന്ധുത്വപരമായ സമ്മർദ്ദങ്ങൾക്ക് വഴങ്ങുകയും ചെയ്തിട്ടുണ്ടായിരുന്നു. ആഡംബരത്തിലും ലൗകികമായ ആനന്ദലഹരിയിലും മതിമറന്നു ജീവിച്ച ആ കുടുംബവുമായുള്ള അടുപ്പം ഹദ്റത്ത് അഹ്മദിന്റെ ആദ്യഭാര്യയേയും മക്കളേയും ആ ദിവ്യാത്മാവിൽനിന്ന് അകറ്റാൻകാരണമായെന്നു പറഞ്ഞാൽ മതിയല്ലൊ. ഭക്തിപൂർണ്ണമായ നിരാഡംബരജീവിതത്തിന്റെ മധുരിമ നുകരുവാൻ അവർക്ക് കഴിഞ്ഞില്ല. ഭാര്യ തന്റെ എതിരണിയിലാണെന്നു കണ്ടപ്പോൾ, ഇമാമുദ്ദീൻ പ്രഭൃതികളെ സഹായിച്ചുകൊണ്ടിരിക്കുകയും തന്റെ വാദങ്ങളെയും പ്രവചനങ്ങളെയും കള്ളമാക്കുന്ന മതവിരോധങ്ങൾക്ക് കൂട്ടുനില്ക്കുകയും ചെയ്യുന്നുവെന്നു കണ്ടപ്പോൾ, ആ മഹാത്മാവിന്നു അതു പൊറുക്കാൻ കഴിഞ്ഞില്ല. തന്റെ ഭാര്യയുമായുള്ള ദൈഹികബന്ധം അദ്ദേഹം ഉപേക്ഷിച്ചു. ഒടുവിൽ, തന്റെ രണ്ടാം വിവാഹവേളയിൽ, തികച്ചും വേർപെട്ടു ജീവിക്കുന്ന തന്റെ ആദ്യ ഭാര്യയോടു, അവർ വിവാഹമോചനത്തിനാണോ ആഗ്രഹിക്കുന്നതു അതോ ചെലവിനു നൽകിയാൽ മതിയോ എന്നു അദ്ദേഹം അന്വേഷിക്കുകയുണ്ടായി. തനിയ്ക്കു ചെലവിനു നൽകിയാൽ മതിയെന്നു അറിയിച്ചതനുസരിച്ചു ഹദ്റത്ത് അഹ്മദ്(അ) അവർക്ക് ചെലവിനു നൽകികൊണ്ടിരുന്നു. എന്നാൽ, 1892ൽ ആ നാമമാത്രബന്ധവും വിവാഹമോചനത്തിൽ കലാശിക്കുകയാണുണ്ടായത്.

ആദ്യവിവാഹത്തിൽ ഹദ്റത്ത് അഹ്മദിന്നു മിർസാ സുൽത്താൻ അഹ്മദ് മിർസാ ഫസൽ അഹ്മദ് എന്നീ രണ്ടു പുത്രൻമാരാണുണ്ടായിരുന്നത്. ഇവർ ആദ്യത്തിൽ ഉമ്മയോടുകൂടി ചേർന്നു പ്രവർത്തിക്കുകയാണ് ചെയ്തത്. നേരിട്ട് 'ബൈഅത്ത്' ചെയ്യാനുള്ള ഭാഗ്യം അവർക്കു ലഭിച്ചില്ല. എന്നാൽ, പിൽക്കാലത്തു ഹദ്റത്ത് മിർസാ സുൽത്താൻ അഹ്മദ് സാഹിബ്, തന്റെ അനുജനും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ വിശുദ്ധ ഹസ്തത്തിൽ 'ബൈ അത്ത്' ചെയ്തു

കൊണ്ടു അദ്ദേഹത്തിന്റെ ആത്മീയ ശിഷ്യത്വം സ്വീകരിക്കാൻ മടിച്ചില്ലെന്നതു പ്രസ്താവ്യമാണ്. ബ്രിട്ടീഷ് ഗവർമ്മെണ്ടിനു കീഴിൽ കലക്ടർ ഉദ്യോഗം വരെ വഹിച്ചതിൽ പിന്നെ അദ്ദേഹം ഭാവൽപൂർ സ്റ്റേറ്റിലെ റവന്യൂ മന്ത്രിയായി അടുത്തുൺപറ്റി പിരിഞ്ഞശേഷമാണ് ബൈഅത്ത് ചെയ്തത്. അദ്ദേഹം വലിയൊരു എഴുത്തുകാരാനുമായിരുന്നു. അദ്ദേഹത്തിന്റെ പുത്രനും ഹദ്റത്ത് അഹ്മദിന്റെ സീമന്ത പൗത്രനുമായ മിർസാ അസീസ് അഹ്മദ് സാഹിബ് എം.എ.(റ) ഒരു ബാലനായിരുന്നപ്പോൾ തന്നെ പിതാമഹന്റെ കയ്യിൽ നേരിട്ടു 'ബൈഅത്ത്' ചെയ്തിരുന്നു എന്ന വസ്തുത ശ്രദ്ധേയമാണ്. അഡിഷനൽ ഡിസ്ട്രിക്ട് മജിസ്ത്രേട്ട് ഉദ്യോഗവും മറ്റും വഹിച്ചിരുന്ന അദ്ദേഹം റിട്ടയർ ചെയ്തശേഷം ജമാഅത്തിൽ 'നാസിർ അഅ്ലാ' എന്ന അത്യുന്നതസ്ഥാനംവരെ അലങ്കരിക്കുകയുണ്ടായി. ഹദ്റത്ത് മിർസാ സുൽത്താൻ അഹ്മദ് സാഹിബിന്റെ അനുജനായ മിർസാ ഫസ്ൽ അഹ്മദ് സാഹിബ് പിതാവിന്റെ ജീവകാലത്തു തന്നെ ബൈഅത്തു ചെയ്യാത്ത നിലയിൽ സന്താനരഹിതനായി ചരമം പ്രാപിച്ചു. എങ്കിലും അദ്ദേഹം അനുസരണമുള്ള ഒരു പുത്രനായിരുന്നു. പിതാവിന്റെ ശാസനയനുസരിച്ചു സ്വപത്നിയെ ഉപേക്ഷിക്കാൻകൂടി അദ്ദേഹം മടി കാണിച്ചിരുന്നില്ല.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി താൻ നൂഹ് ആണെന്നും യഅ്ക്കൂബ് ആണെന്നും ഇബ്രാഹീം ആണെന്നും പറഞ്ഞിട്ടുണ്ട്. തൻമൂലം, നൂഹ് നബിയുടെയും യഅ്ക്കൂബ് നബിയുടെയും ഇബ്രാഹീം നബിയുടെയും സാദൃശ്യങ്ങൾ ആ ദിവ്യാത്മാവിൽ കണ്ടെത്താൻ കഴിയും. അദ്ദേഹത്തിന്റെ സന്താനങ്ങൾ നിരവധിയാണ്.

13- മഹാനായ ശിഷ്യൻ

ഖാദിയാൻ തികച്ചും വിജനമായ ഒരു കുഗ്രാമമായിരുന്നു. 'ബറാഹീൻ' പ്രസിദ്ധീകരിക്കുന്നതുവരെയും ഹദ്റത്ത് അഹ്മദ് (അ) ആരാലും അറിയപ്പെട്ടിരുന്നില്ല. വളരെ അടുത്ത ഏതാനും സ്നേഹിതൻമാരും പരിസേവകൻമാരും ഇടയ്ക്കിടെ അദ്ദേഹത്തെ സന്ദർശിച്ചുകൊണ്ടിരുന്നതൊഴിച്ചാൽ അദ്ദേഹം ഏകമൂകമായ ഒരു ജീവതമാണ് നയിച്ചിരുന്നത്.

'ബറാഹീൻ അഹ്മദിയ്യ' പ്രസിദ്ധീകരിക്കപ്പെട്ടതോടെ അതു വായിക്കാനിടയായവരിൽ പലരും ആ മഹാത്മാവിനെ ദർശിക്കുവാനായി ഖാദിയാനിൽ വന്നുതുടങ്ങി. 1885ൽ ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ) ഖാദിയാനിൽ എത്തി. ഏതാണ്ടിതേകാലത്തു തന്നെയാണ് പ്രസിദ്ധരായ മറ്റു പല സഹാബിമാരും ആ ഗ്രാമം സന്ദർശിച്ചത്. എന്നാൽ, ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബിന്റെ ആഗമനം ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു സംഭവമായിത്തീർന്നിരിക്കുന്നു.

'ബറാഹീ'നിൽ പ്രസിദ്ധീകരിക്കപ്പെട്ട ദിവ്യവെളിപാടുകളിൽ തനിയ്ക്കു ലഭിക്കുവാൻ പോകുന്ന ഖ്യാതിയെയും ഖാദിയാന്നു കിട്ടുവാനിരിക്കുന്ന പ്രശസ്തിയെയും പറ്റി പ്രവചനങ്ങളുണ്ടായിരുന്നു. കൂടാതെ, ലോകർ നാനാകോണുകളിൽ നിന്നും കൂട്ടംകൂട്ടമായി തന്റെ അടുക്കൽ വന്നുതുടങ്ങുമെന്നും പ്രവചനം ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്നു ലഭിച്ച ഒരു വെളിപാടിതാണ്. "യഅ്ത്തീക്ക മിൻ കുല്ലി ഫജ്ജിൻ അമീഖ്, വയഅ്തൂന മിൻകുല്ലി ഹജ്ജിൻ അമീഖ്." ജനങ്ങൾ നാനാഭാഗങ്ങളിൽ നിന്നും നിന്റെ അടുക്കൽ വന്നെത്തും; സാമഗ്രികൾ നാനാഭാഗങ്ങളിൽ നിന്നും വന്നെത്തും മാസത്തിലോ രണ്ടുമാസം കൂടുമ്പോഴോ ഒന്നോ രണ്ടോ അതിഥികൾ മാത്രം ഖാദിയാനിൽ വന്നെത്തുമായിരുന്ന ആ കാലത്താണ് ഈ പ്രവചനം പ്രസിദ്ധപ്പെടുത്തിയിരുന്നത്. അങ്ങിനെയിരിക്കെയാണ്, ജമ്മുകാശ്മീർ മഹാരാജാവിന്റെ കൊട്ടാര വൈദ്യനെന്ന നിലയിലും ഒരു ത്യുദാര പണ്ഡിതനെന്ന നിലയിലും മുമ്പുതന്നെ പുകൾപെറ്റിരുന്ന ഹ:മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവീ (റ)ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ദർശനം തേടി ഖാദിയാൻ എന്ന കുഗ്രാമത്തിൽ സമാഗതനായത്.

ജമ്മുകശ്മീർ മഹാരാജാവിന്റെ കൊട്ടാരവൈദ്യൻ എന്ന നിലയിൽ ഭൗതികമായി അത്യുന്നതസ്ഥാനത്തു വിരാജിച്ചിരുന്ന ഹദ്റത്ത് മൗലാനാ

ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ(റ)

നൂറുദ്ദീൻ സാഹിബ് ഖുർ ആൻ, ഹദീസ്, ഫിഖ്ഹ്, സാഹിത്യം, തർക്ക ശാസ്ത്രം, തത്വജ്ഞാനം എന്നിവയിലെല്ലാം അസാമാന്യമായ പാണ്ഡിത്യം കരസ്ഥമാക്കിയിരുന്നു. അദ്ദേഹം അനുഗൃഹീതനായ ഒരു എഴുത്തുകാരനും അനുപമനായ ഒരു വാഗ്മിയുമായിരുന്നു. ഹിന്ദുക്കളും, സിക്കുകാരും, ക്രിസ്ത്യാനികളും, ബ്രഹ്മസമാജികളും, നാസ്തികരുമായ സകല ജനവിഭാഗങ്ങളും അദ്ദേഹത്തെ ബഹുമാനാദരങ്ങളോടെയാണ് വീക്ഷിച്ചുപോന്നിരുന്നതു. സർ സയ്യിദ് അഹ്മദ്ഖാൻ ഒരിക്കൽ ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബിനെ പറ്റി ഒരു കത്തിൽ പ്രകടിപ്പിച്ച അഭിപ്രായത്തിൽ നിന്നു അദ്ദേഹത്തിന്നു സിദ്ധിച്ചിരുന്ന സ്ഥാനമെന്തെന്നു മനസ്സിലാക്കാം. സർ സയ്യിദ് എഴുതുകയുണ്ടായി.

"അജ്ഞൻ അഭിവൃദ്ധിപ്പെട്ടാൽ വിദ്വാൻ ആയി മാറുന്നു. വിദ്വാൻ ഉയർന്നാൽ തത്വജ്ഞാനി, തത്വജ്ഞൻ വളർന്നാൽ സൂഫി, സൂഫിയും ഉയർന്നാൽ മൗലാനാ നൂറുദ്ദീൻ ആയിത്തീരുന്നു." (സർ സയ്യിദിന്റെ കത്ത്, 8-3-97)

തന്റെ മതപരമായ കർത്തവ്യഭാരം ചുമക്കുന്നതിന്നു ഒരു കൂട്ടാളിയെ നല്കുന്നതിന്നു ഹദ്റത്ത് അഹ്മദ്(അ) ദൈവത്തോടു പ്രാർത്ഥിച്ചു കൊണ്ടിരുന്നിട്ടുണ്ട്. അങ്ങനെ ഒരു 'ഫാറൂഖി' നെ കുറിച്ചുള്ള സുവിശേഷം അദ്ദേഹത്തിന്നു ലഭിച്ചു.

ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് 1841ൽ പഞ്ചാബിൽ ശാഖ്പൂർ ജില്ലയിലെ ഭേരാ എന്ന സ്ഥലത്ത് ജനിച്ചു. അദ്ദേഹത്തിന്റെ വംശാവലി ഹദ്റത്ത് ഉമർ ഫാറൂഖിൽ നിന്നാരംഭിക്കുന്നു. അദ്ദേഹത്തിന് 6 ജ്യേഷ്ഠൻമാരും 2 സഹോദരിമാരുമുണ്ടായിരുന്നു. ഉമർ(റ)ൽ നിന്നു നേരിട്ടു 34-മത്തെ തലമുറയിൽ ഖുറൈഷി വംശത്തിലും ഹാശിം കുടുംബത്തിലും ആണ് അദ്ദേഹം ജനിച്ചത്. 12-ാം വയസ്സിൽ ലാഹോറിൽ വച്ചു പേർസ്യനും അറബിയും പഠിച്ചു. പിന്നീടു റാവൽപിണ്ടിയിലെ ഒരു സ്കൂളിൽ ചേർന്നു. പിണ്ഡിദാദഖാനിൽ ഒരു ഹെഡ്മാസ്റ്ററായി നാലുകൊല്ലം ജോലിചെയ്തു. മതവിഷയങ്ങളിലും വൈദ്യശാസ്ത്രത്തിലും പ്രത്യേക പഠനം നടത്തി. വലിയ പുസ്തകപ്രേമിയും പാരായണപരായണനുമായിരുന്നു അദ്ദേഹം. വിജ്ഞാന സമ്പാദനാർത്ഥം റാംപൂർ, റോഹിൽ ഖണ്ഡ് തുടങ്ങിയ സ്ഥലങ്ങളിൽ യാത്ര നടത്തുകയുണ്ടായി. പിന്നീട്, ഹറമിൽ ചെന്നു ഹജ്ജ് കർമ്മം നിർവ്വഹിച്ചു. മദീനത്ത് ഒരു കൊല്ലം താമസിച്ചു. പിന്നെ ഇന്ത്യയിലേക്കു മടങ്ങി. ജമ്മു മഹാരാജാവിന്റെ കൊട്ടാരവൈദ്യനായി. 1885 മാർച്ച് 8-നുയാണ് ഹദ്റത്ത് അഹ്മദിൽ നിന്നുള്ള കത്ത് ആദ്യമായി അദ്ദേഹത്തിന്നു ലഭിച്ചതു. ഇസ്ലാമിനോടുള്ള അതിരറ്റ സ്നേഹവും ദൈവഭക്തിയും കാരണം അദ്ദേഹം കാലത്തിന്റെ ഇമാമിനെ നിഷ്പ്രയാസം തിരിച്ചറിഞ്ഞു. പിന്നീടു ഗുരുവര്യനു തന്നെ കൊണ്ടാവശ്യമുണ്ടെന്നു ഒരു 'ദർശന'ത്തിൽ വെളിപ്പെട്ടതിനെ തുടർന്നു 1893മുതൽ അദ്ദേഹം ഖാദിയാനിൽ സ്ഥിരവാസമാക്കി. ജമ്മുകാശ്മീരിൽ രാജകീയ വൈദ്യനായി ജോലിചെയ്യവെ, ദിവ്യഅടയാളങ്ങൾ കാണിക്കാമെന്നു വീര

വാദം ചെയ്തുകൊണ്ടുള്ള ഹദ്റത്ത് അഹ്മദിന്റെ വിജ്ഞാപനം കയ്യിൽ പെട്ടതിനെ തുടർന്നാണ് ആ പുണ്യാത്മാവിനെകുറിച്ചു ആദ്യമായറിഞ്ഞതു. കാശ്മീർ മഹാരാജാവിന്റെ പ്രധാന മന്ത്രിയിൽ നിന്നാണ് ഈ വിജ്ഞാപനം അദ്ദേഹത്തിന്റെ കൈയ്യിൽ വന്നുചേർന്നത്, പിന്നീടു 'ബറാഹീനെ അഹ്മദിയ്യ' എന്ന ഗ്രന്ഥം കാൺമാനിടായായി. അതോടുകൂടി വിജ്ഞാപന കർത്താവിനെ നേരിട്ടു കാണണമെന്ന അത്യുൽക്കടമായ ആഗ്രഹം ജനിച്ചു. അങ്ങനെ അദ്ദേഹം ജമ്മുവിൽ നിന്നു ഖാദിയാനിലേയ്ക്കു പുറപ്പെട്ടു. തന്റെ ആ ആദ്യ സന്ദർശനത്തെപ്പറ്റി ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ)തന്നെ ഇപ്രകാരം പ്രസ്താവിക്കുന്നു.

"ഞാൻ ഖാദിയാനിയിലെത്തിയപ്പോൾ, എന്റെ 'യക്ക'* അക്കാലത്തെ ഒരു തരം കുതിരവണ്ടി. നിന്നേടത്തു ഒരു വലിയ മിഹ്റാബോടുകൂടിയ പ്രവേശദ്വാരം ദൃശ്യമായി. അതിനകത്ത് ഒരു കട്ടിലിൻമേൽ ഉഗ്രരൂപിയായ ഒരാൾ ഉപവിഷ്ടനായിരുന്നു. മീർസാ സാഹിബിന്റെ ഭവനമേതാണെന്നു ഞാൻ 'യക്ക'ക്കാരനോടു ചോദിച്ചു. ആ കട്ടിലിൻമേൽ ഇരിക്കുകയായിരുന്ന ഗംഭീരാകാരനായ ശ്മശ്രുധാരിയെ ചൂണ്ടിക്കാണിച്ചുകൊണ്ടു അതു തന്നെയാണ് മീർസാ സാഹിബ് എന്നു അയാൾ പറഞ്ഞു. ആ രൂപം കണ്ടമാത്രയിൽ ഞാനൊന്നു പതറി. ഞാൻ തിരിച്ചു വരുന്നുണ്ടെന്നും ഒന്നിട്ടു തന്നെ മടങ്ങാമെന്നും 'യക്ക'ക്കാരനോടു പറഞ്ഞുവെച്ചു. എന്തെന്നാൽ, അവിടെ അല്പം പോലും തങ്ങാൻ എനിക്കിഷ്ടമുണ്ടായില്ല. ആ മനുഷ്യന്റെ രൂപം എന്നിലുളവാക്കിയ അറപ്പും അന്ധാളിപ്പും ഞാനേ അറിയൂ. മനമില്ലാമനസ്സോടെ ഞാൻ ആ മീർസാ സാഹിബിന്റെ അടുക്കൽ എത്തി. ആ വ്യക്തിയോടു എനിയ്ക്കു വല്ലാത്ത വിരക്തിയും നീരസവും തോന്നി. ഞാൻ സലാം പറയാൻ പോലും മുതിർന്നില്ല. ആ കോലം തന്നെ അസഹ്യമായിരുന്നു. എന്റെ ഹൃദയത്തിൽ അന്നുയർന്ന വിഷമങ്ങളും വികാരങ്ങളും വിവരിക്കുവാൻ എനിയ്ക്കു മടിയുണ്ട്. എന്തെന്നാൽ, അതിവർണ്ണനയെന്നു ആളുകൾ പറഞ്ഞേയ്ക്കും. ഏതായാലും, ഞാനവിടെ ഇരുന്നു. ഞാൻ എന്തിന്നുവന്നു എന്നുപോലും ചിന്തിച്ചുപോയി. ഇങ്ങനെ, വല്ലാത്ത പരുങ്ങലിലും മനഃപ്രയാസങ്ങളിലും പെട്ടിരിക്കുമ്പോൾ ആ മീർസാ എന്നോടു ചോദിക്കുകയായി. "നിങ്ങൾ എവിടെനിന്നു വരുന്നു?" എന്ന്. 'മലമ്പ്രദേശത്തു നിന്ന് എന്നു ഞാനുത്തരവും നൽകി. പിന്നെ, 'നൂറുദ്ദീൻ എന്നാണോ നിങ്ങളുടെ പേർ?' 'ജമ്മുവിൽ നിന്നാണ് വരുന്നതല്ലേ? മിർസാ സാഹിബിനെ കാണാൻ വന്നതായിരിക്കും?' എന്നിങ്ങനെയും ചോദിച്ചു. ഈ വാക്കുകളാണ് എന്റെ മനസ്സിൽ കുളിർ ചൊരിഞ്ഞത്. എന്നോടു സംസാരിച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ ഏതായാലും ഞാൻ തിരിഞ്ഞുചെന്ന മിർസാ സാഹിബ് അല്ല എന്നു അപ്പോൾ എനിയ്ക്ക് ഉറപ്പായി: അദ്ദേഹം ആരാണെന്നുപോലും ചോദിക്കാൻ പിന്നെ ഞാൻ കാത്തിരുന്നില്ല. (മിർസാ ഇമാമുദ്ദീൻ ആയിരുന്നു. മൗലാനാ നൂറുദ്ദീൻ സാഹിബ് കണ്ടുമുട്ടിയ ഈ മനുഷ്യൻ– (ഗ) ഞാൻ പറഞ്ഞു, 'അതെ,

*അക്കാലത്തെ ഒരുതരം കുതിരവണ്ടി.

മിർസാ സാഹിബിന്റെ പുരയിടം താങ്കൾ പറഞ്ഞു തരുമെങ്കിൽ ഉപകാരം! അയാൾ ഒരാളെ ഹദ്റത്ത് മിർസാ സാഹിബിന്റെ അടുക്കലേക്ക് പറഞ്ഞയച്ചു ആ ഭവനത്തിന്നു പുറത്തുതന്നെയാണ് അദ്ദേഹത്തിന്റെ വീടു എന്നു പറഞ്ഞു. ഇതിനിടയിൽ പ്രേഷിതൻ കുറിപ്പുമായി വന്നു. അസർ നമസ്കാര സമയത്ത് തമ്മിൽ കാണാമെന്നായിരുന്നു കുറിപ്പിലെ ഉള്ളടക്കം. ഇതറിഞ്ഞതോടെ ഞാൻ എഴുന്നേറ്റു. പിന്നെ അവിടെ ഒട്ടും തങ്ങിയില്ല.

"അങ്ങനെ ആ മഹാപുരുഷൻ കോണിപ്പടികൾ ഇറങ്ങി വരികയായിരുന്നതു കണ്ടുകൊണ്ടിരിക്കെ ഞാൻ ആത്മഗതം ചെയ്തു. ഇതാ!ഇതു തന്നെയാണ് (ഹദ്റത്ത്) മീർസാ! ഈ തേജസ്വിയ്ക്ക് ജീവിത സർവ്വസ്വവും ഞാൻ അടിയറവെയ്ക്കട്ടേ!"

അങ്ങനെ, ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് തന്റെ ഗുരുവിനെ പ്രാപിച്ചു. അദ്ദേഹം ജമ്മുവിലേക്ക് തിരിച്ചു പോയശേഷം കത്തെടപാടുകൾ മുഖേന ബന്ധം പുലർത്തിക്കൊണ്ടിരുന്നു. 1889ൽ ലുധിയാനയിൽവച്ചു ഹദ്റത്ത് അഹ്മദ്(അ) ഒന്നാമതായി ബൈഅത്ത് സ്വീകരിച്ചതു ഇദ്ദേഹത്തിൽ നിന്നായിരുന്നു. 1908ൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) ചരമം പ്രാപിച്ചപ്പോൾ ജമാ അത്തിന്റെ ഏകകണ്ഠമായ അഭിപ്രായമനുസരിച്ചു ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബാണ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടത്. 1914ൽ അദ്ദേഹം ചരമം പ്രാപിച്ചു. അദ്ദേഹത്തിന്റെ വിശുദ്ധ കബർ ഖാദിയാനിൽ, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെതിന്നു തൊട്ടടുത്തായി സ്ഥിതിചെയ്യുന്നു.

വാഗ്ദത്ത മസീഹിന്നു സ്വശിഷ്യനായ നൂറുദ്ദീൻ സാഹിബിനോടു എന്തെന്നില്ലാത്ത സ്നേഹാദരമായിരുന്നു. അപ്പോൾ തന്നെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയോടു നൂറുദ്ദീൻ സാഹിബിന്നുണ്ടായിരുന്ന ബഹുമാനാദരങ്ങളും അനുസരണവും അനിതരസാധാരണം തന്നെയായിരുന്നു. ഹദ്റത്ത് അഹ്മദ്(അ)തന്റെ ഈ ശിഷ്യനെ പറ്റി പാർസിയിൽ ഒരിക്കൽ ഇപ്രകാരം പാടുകയുണ്ടായി:

چہ خوش بودے اگر ہر یک زِ امّت نوردین بودے

ہمیں بودے اگر ہر دل پُر از نور یقین بودے

'സമുദായത്തിലെ ഓരോ വ്യക്തിയും നൂറുദ്ദീൻ ആയെങ്കിൽ ഹാ, എത്ര നന്നായിരുന്നു! പക്ഷെ, ഓരോ ഹൃദയവും വിശ്വാസദാർഢ്യത്താൽ പ്രഭാപൂരിതമായിത്തീരുമ്പോൾ മാത്രമേ അതുണ്ടാവുകയുള്ളു."

14- ചുകന്ന തുള്ളികൾ-ഒരത്ഭുത വിഭൂതി

1885 ജൂലായ് 10നു (റംസാൻ മാസം 27നു വെള്ളിയാഴ്ച പ്രഭാത നമസ്കാരാനന്തരം മസ്ജിദ് മുബാറക്കിന്റെ കിഴക്ക് വശത്തുള്ള ഒരു ചെറിയ മുറിയിൽ ഹദ്റത്ത് അഹ്മദ് (അ) വിശ്രമിക്കുകയായിരുന്നു. ഭിത്തികളെല്ലാം പുതുതായി വെള്ളതേച്ചതു കാരണം മുറിക്കകം നല്ല തണുപ്പ് അനുഭവപ്പെട്ടിരുന്നു. ആ മുറിക്കുള്ളിൽ ഒരു കട്ടിലിൻമേൽ ആണ് അദ്ദേഹം കിടന്നിരുന്നത്. പായയോ തലയണയോ അതിൻമേലുണ്ടായിരുന്നില്ല. തല പടിഞ്ഞാറു ഭാഗത്താക്കിയും മുഖം വടക്കോല്പം തിരിച്ചും ആണ് കിടന്നിരുന്നത്. ഒരു കൈ ഉപധാനമായി തലയ്ക്കടിയിലും മറ്റെ കൈ നെറ്റിയും ചെന്നിയും മറയുമാറ് തലയ്ക്ക് മുകളിലും വച്ചിരുന്നു. പ്രീതശിഷ്യനായ അബ്ദുല്ലാഹ് സാഹിബ് സനൗരി(റ)അവിടുത്തെ ചരണയുഗ്മം അമർത്തിക്കൊണ്ടിരുന്നു. ഭക്തിപ്രശ്രയം പ്രകടിപ്പിക്കാൻ ഗുരുവിന്റെയും മറ്റും ശരീരം അമർത്തിക്കൊടുക്കുന്ന പതിവ് പൗരസ്ത്യദേശങ്ങളിൽ സാധാരണമാണ്. റംസാൻ മാസവും ഇരുപത്തേഴും. അതും ഒരു വെള്ളിയാഴ്ച! തനിയ്ക്ക് അല്ലാഹു തന്നരുളിയ നാനാ വിധങ്ങളായ അനുഗ്രഹങ്ങളെപറ്റി ഓർത്തു കൊണ്ടിരിക്കയായിരുന്നു ആ മഹാത്മാവ്. അദ്ദേഹത്തിന്റെ ശരീരമാകെ പെട്ടെന്നു വിറകൊള്ളുന്നതായി ശിഷ്യൻ കണ്ടു. ഹദ്റത്ത് അഹ്മദ്(അ) സന്നൗരി സാഹിബിന്റെ നേരെ നോക്കി. ആ മഹാത്മാവിന്റെ നേത്രദ്വയം തദവസരം ജലാവിലമായിരുന്നു. അല്പം കഴിഞ്ഞപ്പോൾ ഹദ്റത്ത് അഹ്മദിന്റെ കാലിൽ നെരിയാണിക്കമേൽ ഒരു ചുകന്ന ദ്രവപദാർത്ഥം പതിച്ചിരിക്കുന്നതായി സനൗരി സാഹിബ് കണ്ടു. അതു ആ നിമിഷം സംഭവിച്ചതാണെന്ന് വ്യക്തമായിരുന്നു. തന്റെ വലത്തെ ചുണ്ടാണി വിരൽകൊണ്ടു അദ്ദേഹം അതു തൊട്ടുനോക്കി. മണത്തു നോക്കിയെങ്കിലും യാതൊരു മണവും അതിനുണ്ടായിരുന്നില്ല. ഹദ്റത്ത് അഹ്മദിന്റെ കുപ്പായത്തിലും വലിയൊരു ചുവന്ന തുള്ളി അപ്പോൾതന്നെ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു. ചുമലിനോടടുത്തു നെഞ്ചിന്നല്പം മുകളിലായിട്ടാണതു ദൃശ്യമായത്. സന്നൗരി സാഹിബ് തൽക്ഷണം എഴുന്നേറ്റ് ചുറ്റുപാടും നോക്കി. ആ ചുവന്ന തുള്ളികൾ അവിടെ പതിക്കാൻ വല്ല കാരണവുമുണ്ടോ എന്നദ്ദേഹം അന്വേഷിച്ചു തുടങ്ങി. അതു വളരെ ചെറിയൊരു മുറിയായിരുന്നുവെന്നു മാത്രമല്ല മച്ച് പതിഞ്ഞ നിലയിലുമായിരു

ന്നു. അതിനാൽ, തനിയ്ക്ക് പൂർണ്ണബോധ്യം വരത്തക്കനിലയിൽ അതിന്റെ കാരണം കണ്ടുപിടിക്കുന്നതിനുവേണ്ടി അദ്ദേഹം ആ മുറിക്കുള്ളിൽ സൂക്ഷ്മ പരിശോധനകൾ നടത്തി, യാതൊരു സൂചനയും കാണുകയുണ്ടായില്ല. അദ്ദേഹം പിന്നെയും കട്ടിലിൽ ചെന്നിരുന്നു. ഗുരുവര്യന്റെ കൈകാലുകൾ അമർത്തിക്കൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഹദ്റത്ത് അഹ്മദ്(അ) അവിടെനിന്നു എഴുന്നേറ്റ് പുറത്തുപോയി തൊട്ടുള്ള പള്ളിയിൽ ചെന്നിരിപ്പായി. അബ്ദുല്ലാഹ് സാഹിബ് സന്നൗരിയും പിന്നാലെ ചെന്നു പാർശ്വഭാഗത്തിരിപ്പുറപ്പിച്ചു. തദവസരത്തിൽ ആ ചുവപ്പു തുള്ളികളെപ്പറ്റി ഹദ്റത്ത് അഹ്മദിനോടു അദ്ദേഹം ചോദിച്ചു എന്നാലാ ദിവ്യാത്മാവ് അതത്ര ഗൗനിച്ചില്ല. പിന്നെയും ചോദിച്ചപ്പോൾ "എന്തു ചുവപ്പു തുള്ളികൾ?" എന്നു തിരിച്ചന്വേഷിച്ചു. കുപ്പായത്തിൽ ഉറ്റിക്കണ്ട ആ ചുവപ്പു തുള്ളികൾ ശ്രദ്ധയിൽപെടുത്തിയപ്പോൾ ആ മഹാത്മാവ് അതു സകൗതുകം നോക്കി. 'കശ്ഫ്' എന്നറിയപ്പോടുന്ന ജാഗ്രാവസ്ഥയിലുള്ള ആത്മദർശനാനുഭൂതിയെ കുറിച്ച് വിവരിക്കുകയും ആത്മദർശനത്തിൽ ദൃശ്യമായി ഭവിക്കുന്ന വസ്തു സ്ഥൂല രൂപത്തിൽതന്നെ വെളിപ്പെടുന്ന അത്ഭുതപ്രതിഭാസത്തിന്റെ ചില ഉദാഹരണങ്ങൾ പറയുകയും ചെയ്തുകൊണ്ടു തനിയ്ക്ക് അപ്പോഴുണ്ടായ അനുഭവത്തെ അദ്ദേഹം സ്വശിഷ്യനു വിവരിച്ചുകൊടുത്തു. ആ മഹാത്മാവ് ഇപ്രകാരം പ്രസ്താവിച്ചതായി അബ്ദുല്ലാഹ് സാഹിബ് സന്നൗരി(റ)നിവേദനം ചെയ്തിരിക്കുന്നു:

"ജാഗ്രതാവസ്ഥയിലുള്ള ഒരു ദിവ്യദർശനത്തിൽ ഞാൻ ഒരു മനോഹര ഹർമ്മ്യം കണ്ടു. അതിൽ ഒരു ആസനത്തിൻമേൽ ഒരു മഹദ്രൂപം ഉപവിഷ്ടനായിരുന്നു. അതു ദൈവം തന്നെയായിരുന്നു. ആ ദൈവിക കൊട്ടാരത്തിലെ സുവിനീതനായ ഒരുദ്യോഗസ്ഥനാണ് ഈയുള്ളവനെന്നു എനിയ്ക്കു തോന്നി. ഞാൻ ഏതാനും വിധികൾ എഴുതിത്തയ്യാറാക്കിയിരുന്നതു സർവ്വശക്തന്റെ തിരുമുമ്പിൽ അവയിലൊപ്പിടുവിക്കുന്നതിന്നു വേണ്ടി സമർപ്പിച്ചിരിക്കുകയായിരുന്നു. പിതൃബദ്ധമായ പരമവാത്സല്യത്തോടുകൂടി എന്നോടു ആ ആസനത്തിൽ ഉപവിഷ്ടനായിരിക്കാൻ സർവ്വശക്തൻ ആജ്ഞാപിച്ചു. പിന്നീടു ചുവന്നൊരു മഷിപ്പാത്രത്തിൽ ദൈവം അവന്റെ പേന മുക്കി ഒന്നല്പം കുടഞ്ഞശേഷം ആ കടലാസ്സുകളിൽ ഒപ്പുവച്ചു. നിങ്ങളിപ്പോൾ കണ്ട ചുവന്ന തുള്ളികൾ ദൈവം പേന കുടഞ്ഞപ്പോൾ അതിൽനിന്നു തെറിച്ചതത്രെ.*

* ദൈവത്തിനു ഒരു രൂപമുണ്ടെന്നോ അവൻ ഒപ്പിടാറുണ്ടെന്നോ പേനയും മഷിയും ഉപയോഗിക്കാറുണ്ടെന്നോ വാഗ്ദത്തമസീഹിന്റെ ഷർട്ടിൽ ഉറ്റിവീണ ചുവന്ന തുള്ളികൾ ദൈവം ആയവസരത്തിൽ ഉപയോഗിച്ച മഷിയുടെ തുള്ളികൾ തന്നെയാണെന്നോ ഞങ്ങൾ വിശ്വസിക്കുന്നില്ല. നേരെമറിച്ചു, ദൈവത്തിനു രൂപമോ സാദൃശ്യമോ ഇല്ലെന്നും മനുഷ്യരൂപമോ മറ്റെന്തെങ്കിലും രൂപമോ സ്വീകരിക്കുന്നതിൽ നിന്നു അവൻ അതീതനാണെന്നും അത്ര ഞങ്ങൾ വിശ്വസിക്കുന്നത്. വാഗ്ദത്ത മസീഹ്(അ) കണ്ടതെന്തോ അത് 'കശ്ഫ്' അഥവാ ഒരു ദിവ്യദർശനം മാത്രമായിരുന്നു. ദൈവത്തോട് അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധത്തിന്റെ പ്രതീകാത്മകമായ ആവിഷ്കരണം മാത്രമാണ് ആ ദിവ്യസംഭവം. ദൈവം ഒപ്പിട്ടു എന്നതിന്റെ അർത്ഥം ദൈവം അദ്ദേഹത്തിന്റെ ഉദ്ദേശ്യങ്ങളും അഭിലാഷങ്ങളും പൂർത്തിയാക്കും എന്നായിരുന്നു. ആ മഹാത്മാവിന്റെയും അബ്ദുല്ലാഹ് സാഹിബ് സന്നൗ

അബ്ദുല്ലാഹ് സാഹിബ് സന്നൗരിയോടു അദ്ദേഹത്തിന്റെ വസ്ത്രത്തിലോ തലപ്പാവിലോ ആ ചുവന്ന തുള്ളികൾ പതിച്ചിട്ടുണ്ടോ എന്നു നോക്കാൻ ഹദ്റത്ത് അഹ്മദ്(അ) ആവശ്യപ്പെട്ടു. തന്റെ തലപ്പാവിലും ഒരു തുള്ളി തെറിച്ചിരിക്കുന്നതായി അബ്ദുല്ലാഹ് സന്നൗരി(റ) അപ്പോൾ കണ്ടു.

ഈ അത്ഭുത പ്രതിഭാസം ഹദ്റത്ത് അബ്ദുല്ലാഹ് സാഹിബ് സന്നൗരിയെ ആശ്ചര്യപരതന്ത്രനാക്കി. സൃഷ്ടികർതൃത്വം എന്ന ദൈവീക ഗുണത്തിന്റെ ഈ പ്രത്യക്ഷീകരണത്തിന്നു ദൃക്സാക്ഷിയാകാൻ കഴിഞ്ഞ അദ്ദേഹം ആ ചുകന്ന തുള്ളികളുടെ അടയാളമുള്ള കുപ്പായം തനിയ്ക്കു നൽകണമെന്നു ഹദ്റത്ത് അഹ്മദിനോടു അപേക്ഷിച്ചു. ആ കുപ്പായം പിൽക്കാലത്തു തന്റെ അനുയായികൾ ആരാധിച്ചു തുടങ്ങിയേക്കുമെന്ന ഭയം നിമിത്തം ഹദ്റത്ത് അഹ്മദ് (അ) അത് നൽകാൻ വിസമ്മതം കാണിച്ചു. എന്നാൽ, അബ്ദുല്ലാഹ് സാഹിബ് സന്നൗരി (റ) വളരെയധികം താണുകേണ് അപേക്ഷിച്ചതിനെ തുടർന്നു അതദ്ദേഹത്തിന്നു നല്കപ്പെട്ടു. പക്ഷേ അദ്ദേഹം മരിക്കുമ്പോൾ ആ കുപ്പായവും ഖബറടക്കം ചെയ്യപ്പെടേണ്ടതാണെന്ന നിബന്ധനയിലാണ് അതു നല്കപ്പെട്ടത്.

ഈ സംഭവകാലത്തു ഹദ്റത്ത് അഹ്മദുല്ലാഹ് സാഹിബ് സന്നൗരിക്കു 20 വയസ്സ് പ്രായമായിരുന്നു. 2 വർഷം മുമ്പാണ് അദ്ദേഹം ഖാദിയാനിൽ വന്നു പാർപ്പാക്കിയത്. പിന്നീടും ആ ഭക്തശിഷ്യൻ തന്റെ ഗുരുവിനെ വിട്ടുപിരിയാതെ എന്നും ചുറ്റിപ്പറ്റിക്കഴിഞ്ഞു. 1927 ഒക്ടോബർ 27-ന് ഒരു വെള്ളിയാഴ്ച ദിവസമാണ് അദ്ദേഹം ചരമം പ്രാപിച്ചത്. 43 കൊല്ലക്കാലം അദ്ദേഹം ആ സ്മാരകക്കുപ്പായം സൂക്ഷിച്ചു. എവിടെ പോകുമ്പോഴും അദ്ദേഹം അതും കൂടെയെടുക്കുമായിരുന്നു. ഒടുവിൽ, ആ കുപ്പായം ധരിക്കപ്പെട്ട നിലയിൽതന്നെ അദ്ദേഹത്തിന്റെ ഭൗതികാവശേഷം ഖബ്റിൽ ആഴ്ത്തപ്പെട്ടു. ഈ മഹത്തായ ദൈവീക അടയാളത്തെ ആ ഭക്തശിഷ്യൻ എത്രയും അമൂല്യമായ ഒരു നിധിയായി കരുതി. താൻ അത്യാദരപൂർവ്വം സ്നേഹിച്ച തന്റെ യജമാനനെക്കുറിച്ചുള്ള നിരന്തര സ്മരണകളുയർത്തിയ ദിവ്യസ്മരണീകമായി അദ്ദേഹം അതിനെ സൂക്ഷിച്ചു പോന്നു. പ്രത്യേകം തയ്യാർ ചെയ്ത ഒരു കണ്ണാടിപ്പെട്ടിയിൽ ആർക്കും മഷിയടയാളം നോക്കിക്കാണത്തക്ക നിലയിലാണ് ആ കുപ്പായം അദ്ദേഹം സൂക്ഷിച്ചുവച്ചിരുന്നത്. ഈ ദിവ്യ ദൃഷ്ടാന്തത്തിന്റെ ദൃക്സാക്ഷികൾ അനേകായിരമുണ്ടാവട്ടെ എന്നു കരുതി ഖലീഫാ രണ്ടാമൻ നിർദ്ദേശിച്ചതനുസരിച്ചു അതു പല തവണ പരസ്യമായി പ്രദർശിപ്പിക്കുകയുണ്ടായിട്ടുണ്ട്. ചുകന്ന തുള്ളികളുടെ അടയാളത്തിന്നു ഇളം ചുവപ്പ് റോസാപൂ

രിയുടേയും മേൽ പതിക്കുമാറായ മഷി സൃഷ്ടികർത്താവ് എന്ന ഗുണമനുസരിച്ചു ദൈവം സൃഷ്ടിച്ചു കാണിച്ചതത്രെ. വാഗ്ദത്ത മസീഹിന്നും മറ്റുള്ളവർക്കും ഒരടയാളമായിരിക്കാൻ വേണ്ടി അങ്ങനെ ദൈവം ശൂന്യതയിൽ നിന്നു ഒരു വസ്തുവെ സൃഷ്ടിക്കാൻ കഴിവുള്ളവനാണെന്നും അവന്റെ ആ ഗുണം സൃഷ്ടിയുടെ ആരംഭത്തിലെന്നപോലെ ഇന്നും നിലവിലുള്ളതാണെന്നും ജനങ്ങൾക്കു വിശ്വാസം വരാൻ വേണ്ടിയും." (Ahmadiyath or the True Islam-by Mirza Basheeruddin Mahmood Ahmed.)

ചുകന്ന തുള്ളികൾ തെറിച്ച കുപ്പായം ഹദ്റത്ത് അബ്ദുല്ലാ സാഹിബ് സന്നൗരി(റ) പ്രദർശിപ്പിക്കുന്നു

വിന്റെ നിറമായിരുന്നു. 42 കൊല്ലം കഴിഞ്ഞിട്ടും അതിന്റെ നിറത്തിന്നു യാതൊരു മങ്ങലും കാണപ്പെട്ടിരുന്നില്ല.

ഈ സംഭവം പ്രകൃതി വിരുദ്ധമാണെന്നു പറഞ്ഞു യുക്തിവാദികളും ഭൗതിക ചിന്തകൻമാരും തള്ളിക്കളഞ്ഞേക്കാം. അനുഭവത്തെയും പരീക്ഷണ നിരീക്ഷണങ്ങളെയും അതിശയിക്കുന്ന ഒരു ശാസ്ത്രവുമില്ല. പ്രപഞ്ചത്തിലെ അത്ഭുത നിയമങ്ങളുടെ അറ്റം കണ്ടെത്തിയവനല്ല മനുഷ്യൻ. ആത്മീയ ജീവിതത്തിലെ അത്ഭുത സിദ്ധികൾ ആ വ്യത്തത്തിൽ വിവഹരിച്ചവർക്കേ അനുഭവപ്പെടുകയുള്ളു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്കുണ്ടായ ഈ ദിവ്യാനുഭവം മിഥ്യാ സങ്കൽപമെന്നോ അസത്യമെന്നോ പറഞ്ഞു തള്ളാവുന്നതല്ല. ഈ അത്ഭുതാടയാളത്തെ തന്റെ ശിഷ്യർക്കുമാത്രം അറിയപ്പെടാവുന്ന തരത്തിൽ ആ മഹാത്മാവ് ഒളിപ്പിച്ചുവച്ചില്ല. മറിച്ചു, ദൈവത്തിന്റെ സൃഷ്ടികർത്തൃത്വത്തിലേയ്ക്കുള്ള തന്റെ അനുഭവസാക്ഷ്യമെന്ന നിലയിൽ ഈ സംഭവത്തെ കൊട്ടിഘോഷിക്കുകയാണദ്ദേഹം ചെയ്തത്. ആ മഹാത്മാവ് ജീവിച്ചതു നാനാ തരക്കാരായ ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട നിലയിലായിരുന്നു. അവരിൽ യുക്തിവാദികളും പ്രകൃതിവാദികളും നാസ്തികരുമുണ്ടായിരുന്നു. ആ മഹാത്മാവിന്റെ ദുർബ്ബലവശങ്ങളെ കണ്ടുപിടിക്കാനായി അഹോരാത്രം അത്യദ്ധ്വാനം ചെയ്തുകൊണ്ടിരുന്ന കടുത്ത ശത്രുക്കൾക്ക് ഈ സംഭവത്തിന്റെ 'കള്ളി' വെളിച്ചത്താക്കാൻ ശ്രമിക്കാമായിരുന്നു. എന്നാൽ, ആ ദിവ്യപുരുഷൻ ഇതാവർത്തിച്ചാവർത്തിച്ചു പ്രസിദ്ധം ചെയ്തിട്ടും ഇക്കാര്യത്തിൽ ആർക്കും ഒരാക്ഷേപം ഉണ്ടായിരുന്നില്ല. ഒരു പരിശോധനയ്ക്കോ പരീക്ഷണത്തിന്നോ ആരും മുമ്പോട്ടു വന്നതുമില്ല.

ജീവിതത്തിലൊരിക്കലും കളിയായിട്ടുപോലും കളവു പറഞ്ഞിട്ടില്ലാത്ത രണ്ടു വ്യക്തികളുടെ ഈ അനുഭവസാക്ഷ്യത്തെ എങ്ങനെ കള്ളമാക്കിത്തള്ളും? ബുദ്ധിശക്തിയിലാണെങ്കിലും അവരെ ആർക്കും കീഴ്പ്പെടുത്താൻ കഴിയുമായിരുന്നില്ല. ഈ സംഭവ വിവരണമടങ്ങിയ 'സുർമപശ്മെ ആര്യ' എന്ന പുസ്തകത്തെ മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി മുക്തകണ്ഠം പുകഴ്ത്തിയിട്ടുണ്ട്. എന്നാൽ മൗലവി സനാഉല്ലാഹ് സാഹിബ് ഈ സംഭവത്തെപറ്റി ഹദ്റത്ത് അഹ്മദിന്റെ കാലശേഷം 1919ൽ ഒരാക്ഷേപം പുറപ്പെടുവിക്കുകയുണ്ടായി. അപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് സാഹിബ് സനൗരി (റ)തന്റെ സാക്ഷ്യം ഒരിക്കൽകൂടി ആവർത്തിച്ചുകൊണ്ടു പ്രസ്താവന പുറപ്പെടുവിക്കുകയും മൗലവി സനാഉല്ലാ സാഹിബിനെ ഏതദ്വിഷയത്തിൽ ഒരു 'മുബാഹല' നടത്തുന്നതിന്നു ആഹ്വാനം ചെയ്യുകയും ചെയ്തു. 'പ്രാർത്ഥനാസമര'ത്തിന്നു സനാഉല്ലാ സാഹിബ് തയ്യാറായില്ലെങ്കിലും അമൃത്സറിൽ തന്റെ മഹല്ലയിലെ പള്ളിയിൽ വച്ചു പ്രസ്തുത സംഭവം സംബന്ധിച്ചു ജനമദ്ധ്യെ സത്യം ചെയ്യണമെന്നു അദ്ദേഹം സനൗരി സാഹിബിനോട് ആവശ്യപ്പെടുകയുണ്ടായി. ഒട്ടും താമസിയാതെ അബ്ദുല്ലാഹ് സാഹിബ് സനൗരി(റ) അഹ്മദിയ്യാ ജമാഅത്തിലെ ഏതാനും പ്രമുഖ വ്യക്തികളേയും കൂട്ടി അമൃത്സറിൽ എത്തി

ച്ചേരുകയും മൗലവി സനാഉല്ലാ സാഹിബിന്റെ പള്ളിയിൽ വച്ചു, അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ, അദ്ദേഹം നിർദ്ദേശിച്ച രീതിയിൽ, തന്റെ അനുഭവസാക്ഷ്യം വായിച്ചു കേൾപ്പിക്കുകയും ചെയ്തു. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ കഠിന ശത്രുക്കളടങ്ങിയ ആ സഭ നിശ്ശബ്ദം വീർപ്പടക്കിക്കൊണ്ടു അതു കേട്ടു.

'കശ്ഫി'ൽ ദൃശ്യമായ വസ്തുക്കൾ സ്ഥൂല രൂപത്തിൽതന്നെ പ്രത്യക്ഷീഭവിക്കുന്ന ഏതാദൃശ്യമായ അത്ഭുതപ്രതിഭാസങ്ങൾ ഔലിയാക്കൻമാരുടെ ജീവചരിത്രങ്ങളിൽ രേഖപ്പെട്ടു കാണാം. ഹദ്റത്ത് ഹസൻബസരി(റ) ഒരു സ്വപ്നത്തിൽ, താൻ ശംഊന്നു നല്കിയ ഒരു പ്രമാണപത്രം അദ്ദേഹം തിരിച്ചു നല്കിയതായി കാണുകയുണ്ടായി. ഉണർന്നപ്പോൾ ആ സർട്ടിഫിക്കറ്റ് പ്രത്യക്ഷമായിത്തന്നെ തന്റെ കയ്യിലിരിക്കുന്നതായി അദ്ദേഹം കണ്ടു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജലാൽ (റ)ഒരു ദിവ്യസ്വപ്നത്തിൽ, തിരുനബിയുടെ തൃക്കയ്യിൽ നിന്നു താനൊരപ്പം വാങ്ങിയതായും അതു പകുതി കടിച്ചുതിന്നതായും കണ്ടു. ഉണർന്നപ്പോൾ പകുതിയപ്പം അദ്ദേഹത്തിന്റെ കയ്യിൽതന്നെ ഉണ്ടായിരുന്നു. (തദ്കിറത്തുൽ ഔലിയാ-ഹ:ഖാജാ ഫരീദുദ്ദീൻ അത്താർ (റ); പ്രസാ.മലിക് മുഹമ്മദ് ആന്റ് സൺസ് ലാഹൗർ, ഭാഗം. 40,498)

15- ഹോശിയാർപൂരിലെ തപോയജ്ഞം

ഇസ്‌ലാമിന്റെ സത്യത്തിലേയ്ക്ക് ലോകരെയെല്ലാം ആകർഷിക്കുന്ന തരത്തിൽ നിറഞ്ഞ ഒരടയാളം വെളിപ്പെടുമാറാകണമെന്നു ഹദ്‌റത്ത് അഹ്മദുൽ ഖദിയാനി(അ) നിരന്തരം ആഗ്രഹിച്ചു കൊണ്ടിരുന്നു. ഒരു ദിവ്യപരീക്ഷണത്തിന്നു എതിരാളികളാരും മുമ്പോട്ടുവന്നില്ല. ജനസഞ്ചയമാകട്ടെ, ഇസ്‌ലാമിന്റെ, ദിവ്യചൈതന്യത്തെ സംബന്ധിച്ചു ബോധശൂന്യരായി ആത്മീയാജ്ഞതയിലും ആലസ്യത്തിലും പൂണ്ടുകിടന്നിരുന്നു. ആകയാൽ, ഇസ്‌ലാമിന്റെ സത്യത്തെ ലോകത്തെങ്ങും പരത്തുന്നതിന്നു തകുന്ന ജാജ്ജ്വല്യമാനമായ ഒരു ദൃഷ്ടാന്തം വെളിപ്പെടുത്തുന്നതിന്നും ഇസ്‌ലാമിന്റെ ശോച്യാവസ്ഥയ്ക്ക് ഒരു പരിഹാരമുണ്ടാക്കുന്നതിന്നും വേണ്ടി ദൈവസന്നിധിയിൽ കരഞ്ഞു വിളിച്ചു പ്രാർത്ഥിക്കുവാൻതന്നെ ആ പുണ്യാത്മാവു തീർച്ചയാക്കി. ഈ ആവശ്യാർത്ഥം വിജനവും പ്രശാന്തവുമായ ഒരു പ്രാർത്ഥനാസ്ഥലം കണ്ടുപിടിക്കേണ്ടതുണ്ടായിരുന്നു. ഗുർദാസ് പൂർ ജില്ലയിലെ സോജാൻപൂർ എന്ന ഗ്രാമത്തിൽ ചെന്നു നാല്പതു ദിവസത്തോളം പ്രാർത്ഥനാധ്യാനാദികളിൽ നിരതനാകാമെന്നു (ചില്ലകശി) അദ്ദേഹം നിശ്ചയിക്കുകയും തന്റെ ഇഷ്ടശിഷ്യനായ ഹദ്‌റത്ത്അബ്ദുല്ലാഹ് സനൗരി(റ)യോടു ഈ സംഗതി പറയുകയും ചെയ്തു വെങ്കിലും പതിവനുസരിച്ചു ഇക്കാര്യത്തിലും ദൈവികമായ കല്പന കാത്തിരിക്കയാണ് ചെയ്തത്. ഒടുവിൽ അഭീപ്സിതം ഹോശിയാർപൂരിൽവച്ചു സാധിതമാകുമെന്ന ഒരു വെളിപാടു 1886ൽ അദ്ദേഹത്തിന്നുണ്ടായി. ഈ വെളിപാടനുസരിച്ചു ഹോശിയാർപൂരിൽ ചെന്നു പാർക്കാൻ അദ്ദേഹം തീർച്ചയാക്കി.

1886 ജനുവരിയിൽ ഹദ്‌റത്ത് അഹ്മദ്(അ) ഹോശിയാർ പൂരിലേക്ക് പുറപ്പെട്ടു. കാളയെ പൂട്ടിയ ഒരു വണ്ടിയിലാണ് അദ്ദേഹം യാത്രചെയ്തതു. അദ്ദേഹത്തോടൊപ്പം തന്റെ വിശ്വസ്ത ശിഷ്യരായ അബ്ദുല്ലാഹ് സനൗരി (റ)ശേഖ് ഹാമിദ് അലി (റ)എന്നിവരും ഹോശിയാർപൂർ ജില്ലക്കാരനായ ഫതഹ്ഖാൻ എന്നൊരാളും ഉണ്ടായിരുന്നു. മാർഗ്ഗമദ്ധ്യേ അവർക്ക് ഒരു കടവു കടക്കേണ്ടി വന്നു. അവർ ഒരു വള്ളത്തിൽ കയറി. "ഒരു പുണ്യവാളന്റെ കൂടെയുള്ളവർ ഒരു കടവു തോണിയിൽ കയറിയവരെപോലെയാണ്; രക്ഷയോടെ അക്കരെപറ്റാനും മതി, മാർഗ്ഗമദ്ധ്യേ മുങ്ങിപോവാനും മതി"

എന്നിങ്ങനെ ഹദ്റത്ത് അഹ്മദ് (അ) തോണി നീങ്ങികൊണ്ടിരിക്കെ പറയുകയുണ്ടായി. ഈ ഉക്തി ഒടുവിൽ ഒരു യാഥാർത്ഥ്യമായി പുലർന്നു. എന്തെന്നാൽ, സഹയാത്രികനായിരുന്ന ഫതഹ്ഖാൻ പിന്നീടു ആ ദിവ്യാത്മാവിനെ വിട്ടുപിരിയുകയാണുണ്ടായത്. തന്നെ വെള്ളം നനയ്ക്കാതെ തോളിലേറ്റി തോണിയിലിരുത്തിയ വള്ളക്കാരനു ഹദ്റത്ത് അഹ്മദ് ഒരു റുപ്പിക സമ്മാനം നൽകി.

രണ്ടു മാസം ഹോശിയാർപൂരിൽ താമസിക്കേണ്ടതുള്ളതിനാൽ തനിക്കു വേണ്ടി നഗരത്തിന്നു പുറത്തു ഒരു ഇരുനിലക്കെട്ടിടം കണ്ടുപിടിക്കാൻ ശ്രമിക്കണമെന്നു ഹോശിയാർപൂരിലെ ഒരു മുസ്ലിം പ്രമാണിയായ ശേഖ് മെഹർഅലി സാഹിബിന്നു ഹദ്റത്ത് അഹ്മദ് എഴുതിയിട്ടുണ്ടായിരുന്നു. അതനുസരിച്ചു അദ്ദേഹം തന്റെ അധീനത്തിലുള്ള ഒരു കെട്ടിടം ഈ ആവശ്യാർത്ഥം ഹദ്റത്ത് അഹ്മദുൽ ഖാദിയാനിക്കു ഒഴിഞ്ഞുകൊടുത്തു.

ഹദ്റത്ത് അഹ്മദ് (അ) ഈ എടുപ്പിന്റെ മേൽത്തട്ടിൽ വാസമുറപ്പിക്കുകയും സഖാക്കളായ 3 പേർക്കും ഓരോ ചുമതലയേല്പിക്കുകയുമുണ്ടായി. ഹദ്റത്ത് അബ്ദുല്ലാഹ് സനൗരി ആഹാരം തയ്യാറാക്കി തനിക്കു എത്തിച്ചുകൊണ്ടിരിക്കണം. ശേഖ് ഹാമിദലി(റ)വീട്ടുകാര്യാദികൾ നോക്കുകയും സന്ദർശകരുമായിടപെടുകയും ചെയ്യണം. ഫതഹ്ഖാൻ അങ്ങാടിയിൽചെന്നു സാമാനങ്ങൾ, വാങ്ങിക്കൊണ്ടുവരണം. ഇപ്രകാരമാണ് നിർദ്ദേശിക്കപ്പെട്ടിരുന്നത്. നാല്പതുനാൾവരെ താൻ ആരെയും കാണുന്നതല്ലെന്നും നിശ്ചിത സമയം കഴിഞ്ഞാൽ 20 ദിവസം കൂടി ഹോശിയാർ പൂരിൽ താമസിക്കുന്നതാണെന്നും തദവസരത്തിൽ സന്ദർശകൻമാരെ സ്വീകരിച്ചു കൊള്ളുന്നതാണെന്നും അദ്ദേഹം ഒരു ലിഖിത വിജ്ഞാപനം വഴി വിളംബരപ്പെടുത്തി. യാതൊരു തരത്തിലും തന്റെ ഏകാഗ്രതയെ ഭംഗപ്പെടുത്തരുതെന്നും തന്നോടു യാതൊന്നുംതന്നെ ചോദിക്കുകയോ പറയുകയോ ചെയ്യരുതെന്നും നിർദ്ദിഷ്ടമായ കൃത്യങ്ങൾ നിർവിഘ്നം നിർവഹിച്ചുകൊള്ളണമെന്നും പരിചാരകർക്ക് നിഷ്കൃഷ്ടമായ നിർദ്ദേശം നൽകിയിരുന്നു. തന്റെ അടുക്കൽ ആരും ചെല്ലരുതെന്നും ആഹാരം നിശ്ചിതസ്ഥാനത്ത് വച്ചു തിരിച്ചുപോയ്ക്കൊള്ളുകല്ലാതെ കാത്തുനില്ക്കരുതെന്നും മുകളിലേക്കുള്ള പ്രവേശദ്വാരം സദാ ബന്ധിച്ചിരിക്കേണ്ടതാണെന്നും നിർദ്ദേശിക്കപ്പെട്ടിരുന്നു. നമസ്കാരം താൻ ഒറ്റയ്ക്ക് നിർവഹിക്കും. ബാക്കിയുള്ളവർ താഴത്തുനിന്നു കൂട്ടമായി നമസ്ക്കരിച്ചുകൊള്ളണം. വെള്ളിയാഴ്ച ദിവസം അടുത്തുള്ള ചെറിയൊരു സ്രാമ്പിയിൽ വച്ചു ഒരുമിച്ചു ജുമാ നമസ്കാരമനുഷ്ഠിച്ചു എല്ലാവരും തിരിച്ചുവരികയായിരുന്നു പതിവ്. ഈ ഏകാന്തവാസകാലത്തു പത്രങ്ങൾ വായിക്കുകയും കത്തുകളെഴുതുകയും ചെയ്യുന്ന കാര്യത്തിൽ യാതൊരു മുടക്കവും വരുത്തിയിരുന്നില്ല.

ഹദ്റത്ത് അഹ്മദ്(അ) ആദ്ധ്യാത്മികമായി അത്യുന്നതമായ പദവിയിലെത്തിയ ഒരാളായിരുന്നുവല്ലോ. യഥാർത്ഥത്തിൽ ആ ഭക്തശ്രേഷ്ഠൻ

ദൈവഹിതത്തിനൊത്തുമാത്രം ചലിക്കുന്ന ഒരു ദിവ്യപുരുഷനായി മാറിക്കഴിഞ്ഞിരുന്നു. എല്ലാ ചലനങ്ങളും ദൈവത്തിന്റെ ഹിതത്തിനു വിധേയമായിരുന്നതിനാൽ സ്വകീയമായ ആഗ്രഹങ്ങൾക്ക് അദ്ദേഹം യാതൊരു സ്ഥാനവും കല്പിച്ചിരുന്നില്ല. ഹോശിയാർ പൂരിലേക്കു യാത്രയായതും അവിടെ താമസിച്ചുവന്നതും ദൈവകല്പന അനുസരിച്ചായിരുന്നു. താൻ എത്രനാൾ ഹോശിയാർപൂരിൽ താമസിക്കുമെന്നു ഉറപ്പിച്ചു പറയാനോ ഏതു വഴിക്കാണ് ഖാദിയാനിലേക്കു മടങ്ങുകയെന്നതു മുൻകൂട്ടി അറിയിക്കാനോ തനിക്കാവുകയില്ലെന്നു ജലന്തറിലെ തന്റെ വിശ്വസ്ത ശിഷ്യനായ ഹദ്റത്ത് മുൻശീ റുസ്ത്തം അലീസാഹിബിന് അദ്ദേഹം എഴുതുകയുണ്ടായി.

ഭവനത്തിന്റെ മേൽത്തട്ടിൽ ഹദ്റത്ത് അഹ്മദ്(അ) എന്താണ് ചെയ്തുകൊണ്ടിരുന്നതെന്നു ആർക്കും അറിഞ്ഞുകൂടായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് സനൗരി(റ)ആഹാരം എത്തിച്ചുകൊടുക്കേണ്ടിയിരുന്നതിനാൽ അദ്ദേഹത്തിന്നുമാത്രം മുകളിൽ കയറിച്ചെല്ലാൻ അനുവാദമുണ്ടായിരുന്നു. ഒരിക്കൽ ആ ദിവ്യപുരുഷൻ പ്രസ്തുത ശിഷ്യനോടു ഇപ്രകാരം പറഞ്ഞു. "അബ്ദുല്ലാ! ഈ നാളുകളിൽ ദൈവികമായ വലിയ വലിയ അനുഗ്രഹങ്ങളുടെ കവാടങ്ങൾ എനിക്കു തുറന്നു കിട്ടിയിരിക്കുകയാണ്. ചിലപ്പോൾ ദീർഘനേരത്തോളം അല്ലാഹു എന്നോടു സംഭാഷണം നടത്തുന്നു. അവയൊക്കെയും കുറിച്ചുവെക്കാമെന്നുവച്ചാൽ എത്രയോ പേജുകൾ വരും"

മറ്റൊരിക്കൽ, "ഇതിന്നുള്ളിൽ പാർക്കുന്നവനും ചുറ്റുമുള്ളവരും അനുഗ്രഹിക്കപ്പെട്ടവർ" എന്നു ഹദ്റത്ത് അഹ്മദിന്നു ഒരു വെളിപാടുണ്ടായി. ഇതിന്റെ പൂർവ്വഭാഗം തന്നെക്കുറിച്ചും അപരഭാഗം അന്നേരം അവിടെയുണ്ടായിരുന്നവരെക്കുറിച്ചുമാണെന്നും അദ്ദേഹം വ്യക്തമാക്കി. തദവസരത്തിൽ ഫത്ഹ്ഖാൻ പുറത്തുപോയിരിക്കയായിരുന്നു. ഫതഹ്ഖാൻ പിന്നീടു ആ മഹാത്മാവിനെ വിട്ടുപിരിഞ്ഞു.

നാല്പതുദിവസം പൂർത്തിയായപ്പോൾ ഫിബ്രവരി 20-നു ഹദ്റത്ത് അഹ്മദ്(അ) ഒരു വിജ്ഞാപനം പുറത്തിറക്കി. തന്നെ കുറിച്ചും തന്റെ ചില ബന്ധുക്കളെക്കുറിച്ചും ചില സ്നേഹിതൻമാരെക്കുറിച്ചും സർ സയ്യിദ് അഹ്മദ്ഖാൻ, മഹാരാജാ ദിലീപ് സിംഗ് എന്നിവരെക്കുറിച്ചും ചില ഭാവിഷ്യൽജ്ഞാനങ്ങൾ ദൈവത്തിൽ നിന്നു തനിക്ക് ലഭിച്ചിരിക്കുന്നുവെന്നു അതിൽ പ്രസ്താവിക്കുകയുണ്ടായി. പരിവർത്തനകാരിയും മഹാപ്രതിഭാശാലിയുനമായ ഒരു പുത്രനെകുറിച്ചുള്ള അതിമഹത്തായ ഒരു പ്രവചനവും ഈ വിജ്ഞാപനത്തിൽ അടങ്ങീട്ടുണ്ടായിരുന്നു.

നാല്പതു ദിവസത്തെ ചരിത്രപ്രധാനമായ ഈ ഏകാന്തവാസത്തിനുശേഷം വിളംബരപ്രകാരം ഏതാണ്ടു 20 ദിവസം കൂടി ഹദ്റത്ത് അഹ്മദ്(അ) ഹോശിയാർപൂരിൽ താമസിച്ചു. ആയിടയിൽ, അനേകം ആളുകൾ അദ്ദേഹത്തെ സന്ദർശിക്കുകയും മതപരമായ പ്രശ്നങ്ങളെക്കുറിച്ചു ചോദിച്ചറിയുകയുമുണ്ടായി. ഹോശിയാർപൂരിലെ ഒരു ആര്യസമാജനേതാവായ പണ്ഡിറ്റ് മുരളീധരനുമായുണ്ടായ വാദപ്രതിവാദം ഒരു

സുപ്രധാന സംഭവമത്രെ. ഈ വിവാദം സംബന്ധിച്ചു 'സുർമചശ്മയേ ആര്യ' എന്നപേരിൽ ഒരു മഹ്ദ് ഗ്രന്ഥം ഹദ്റത്ത് അഹ്മദ്(അ) രചിക്കുക യുണ്ടായി.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പിൽക്കാല ജീവിതം വച്ചു നോക്കുമ്പോൾ ഈ 40 നാളത്തെ കാഠിനതപം നിർണ്ണായകമായ ഒരു സംഭവമാണെന്നു പറയാം. അദ്ദേഹം വാഗ്ദത്ത മസീഹായി നിയോഗി ക്കപ്പെടാൻ പോകുന്നതിന്റെ മുന്നോടിയാണ് ഇതെന്നു കരുതേണ്ടിയിരി ക്കുന്നു. ദിവ്യമായ അധികാരപത്രങ്ങൾ അദ്ദേഹത്തിന്നു നൽകപ്പെട്ടുകഴി ഞ്ഞു. ഒടുവിൽ, രാജാധിരാജനായ അത്യുന്നതനുമായി ഒരു അഭിമുഖ ദർശനം അനുവദിച്ചിരിക്കയായിരുന്നു!

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ഈ ഏകാന്തവാസം നബി മാരുടെ സുന്നത്തിൽപെട്ടതാണെന്നു കാണാം. മൂസാ നബി(അ) സീനാ പർവ്വതത്തിൽ 40നാൾ ധ്യാനനിരതനായിരുന്നിട്ടുണ്ട്. അപ്രകാരം തന്നെ ഹദ്റത്ത് റസൂൽ കരീം (സ)തിരുമേനിയുടെ ഹിറാ പ്രവാസവും സ്മര ണീയമാണ്.

1886 ഫിബ്രുവരി 20-നു പ്രസിദ്ധം ചെയ്ത വിജ്ഞാപനത്തിൽ ദൈവം തന്റെ പ്രാർത്ഥനകൾ സ്വീകരിച്ചു തനിക്കായി വലുതായ അനു ഗ്രഹങ്ങൾ ചൊരിഞ്ഞിരിക്കുന്നതായി പ്രസ്താവിച്ചു കൊണ്ടു ഹദ്റത്ത് അഹ്മദ്(അ) ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു ഇപ്രകാരം പറ ഞ്ഞു. ഞാനാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നൽകുന്നു. നീ എന്നോടു ചോദിച്ച പ്രകാരം ഞാൻ നിന്റെ പ്രാർത്ഥനകൾക്കു സ്വീകാരം നല്കുകയും നിന്റെ യാത്ര (ലുധിയാന ഹോശിയാർപൂർ യാത്ര) നിനക്കു അനുഗ്രഹകരമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുതശക്തിയുടെയും ഔദാര്യത്തിന്റെയും സായൂജ്യത്തിന്റെയും അടയാളം നിനക്കു നല്കു ന്നു. വരപ്രസാദത്തിന്റെയും അനുഗ്രഹവായ്പിന്റെയും അടയാളം നിനക്കു ലഭിക്കാൻപോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്കു കരസ്ഥമാവുക യാണ്. അല്ലയോ ജയശാലീ, നിനക്കു സമാധാനം! ജീവതത്തെ ആഗ്ര ഹിക്കുന്നവർക്കു മരണത്തിന്റെ പിടിയിൽ നിന്നു രക്ഷ ലഭിക്കാനും, കബ റുകളിൽ മറവുചെയ്യപ്പെട്ടവർ പുറത്ത് വരുമാറാകാനും ഇസ്ലാംമതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരിമയും ജനങ്ങൾക്കു വെളിപ്പെടുന്നതി നും, ഞാൻ സർവ്വശക്തനും ഇച്ഛിക്കുന്നതു ചെയ്യുന്നവനുമാണെന്നു ലോക ത്തിന്നു മനസ്സിലാക്കുന്നതിന്നും, ഞാൻ നിന്നോടൊപ്പമാണെന്നു അവർക്കു ദൃഢബോദ്ധ്യം വരുന്നതിന്നും, ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തെയും ഗ്രന്ഥത്തെയും പരി ശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ (സ)യെയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാ ന്തമായിരിക്കുന്നതിന്നും കുറ്റവാളികളുടെ മാർഗ്ഗം വെളിപ്പെടുമാറാകുന്ന തിന്നും വേണ്ടിയത്രെ ഇപ്രകാരം അരുളിയിട്ടുള്ളത്. ആകയാൽ, നിനക്കു

സുവിശേഷമായിരിക്കട്ടെ: പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്കു നൽകപ്പെടും. ഒരു പാവനപുത്രൻ നിനക്കു ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽ നിന്നും നിന്റെ സന്തതയിൽ നിന്നുമുള്ളവൻ തന്നേയായിരിക്കും.

"സുന്ദരനായ പരിശുദ്ധ സുതൻ നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേർ ഇമ്മാനുവേൽ എന്നും ബശീർ എന്നും ആണ്. അവന്നു പാവനമായ ആത്മാവ് നൽകപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽ നിന്നെല്ലാം അതീതനായിരിക്കും. അവൻ 'ദൈവത്തിന്റെ പ്രഭ' (നൂറുല്ലാഹ്) ആയിരിക്കും. ആകാശത്തിൽ നിന്ന് വരുന്നവൻ അനുഗ്രഹീതൻ.*

"അവന്റെ വരവോടുകൂടി വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവും ഉള്ളവനായിരിക്കും. അവൻ ലോകത്ത് വന്നു തന്റെ മസീഹീ ഗുണവും റൂഹുൽ ഹഖി (സത്യത്തിന്റെ ആത്മാവ്)ന്റെ അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് (അല്ലാഹുവിന്റെ വചനം) ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹവും അവനെ മഹത്വത്തിന്റെ വചനത്താൽ അഭിഷിക്തനായിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും (ഇതിന്റെ അർത്ഥം മനസ്സിലായിട്ടില്ല) തിങ്കളാഴ്ച: അനുഗ്രഹപൂർണ്ണമായ തിങ്കളാഴ്ച: വാൽസല്യപുത്രൻ, മഹാഭാഗ്യവാനായുള്ളവൻ. ആദ്യന്തരഹിതനായ ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റെയും ഔന്നത്യത്തിന്റെയും നിലയനവും ആയുള്ളവൻ. അല്ലാഹു ആകാശത്തിൽ നിന്നു ഇറങ്ങിയപോലെ അവന്റെ ആവിർഭാവം എത്രയും അനുഗ്രഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്നതിന്നു കാരണവും ആയിരിക്കും. ഏതൊരുവനെ ദൈവം തന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ടു പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രഭാശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലക്കുമീതെ ദൈവത്തിന്റെ നിഴൽ ഉണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നുവരികയും ബന്ധസ്ഥരുടെ മോചനത്തിന്നു കാരണമാകയും ചെയ്യും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവങ്കൽ നിന്നു അനുഗ്രഹം കൈകൊള്ളും. അനന്തരം അവൻ സ്വർഗ്ഗത്തിൽ തനിക്കുള്ള ആത്മസ്ഥാനത്തേക്കു കരേറ്റപ്പെടും. ഇതു വിധിച്ചുപോയ കാര്യമാകുന്നു.

"അത്യുന്നതനായ ദൈവം പിന്നേയും എനിക്കു സുവാർത്ത നല്കിക്കൊണ്ടു പറഞ്ഞു: നിന്റെ ഭവനം അനുഗ്രഹംകൊണ്ടു നിറയ്ക്കപ്പെടും. ഞാൻ എന്റെ അനുഗ്രഹങ്ങൾ നിന്നിൽ പൂർത്തിയാക്കും. അനുഗൃഹീത

* പ്രവചനത്തിലെ ഈ ഖണ്ഡിക ബശീർ ഒന്നാമനെ കുറിച്ചാണ്. വിരുന്നുകാരൻ കാണെക്കാണെ അപ്രത്യക്ഷനാകുന്നവനാണല്ലോ. ബശീർ രണ്ടര മാസത്തിനകം മരിച്ചു.

രായ സ്ത്രീകളിൽ നിന്നു നിനക്ക് അനേകം തലമുറകൾ ഉണ്ടായിരിക്കും. ഞാൻ നിന്റെ സന്താനങ്ങളെ പെരുപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യും. എന്നാൽ, അവരിൽ ചിലർ അല്പായുസ്സുകളായിരിക്കും. നിന്റെ സന്താനങ്ങൾ അധികമായ രാജ്യങ്ങളിൽ പരക്കും. നിന്റെ പിതൃവ്യപരമ്പരയിലെ സഹോദരൻമാരുടെ ഓരോ ശാഖയും മുറിക്കപ്പെടും. അവർ അവിളംബം അനപത്യരായി അവസാനിക്കും. അവർ പശ്ചാത്തപിക്കുന്നില്ലെങ്കിൽ അവർ മുടിഞ്ഞുപോകും വരെ ദൈവം അവരിൽ ആപത്തുകൾ ഇറക്കും. അവരുടെ ഭവനം വിധവമാരാൽ നിറക്കപ്പെടും. ഗൃഹഭിത്തികളിൻമേൽ കോപം ഇറങ്ങും. എന്നാൽ അവർ മടങ്ങുമെങ്കിൽ ദൈവവും കാരണ്യപൂർവ്വം മടങ്ങും. ദൈവം നിനക്കുള്ള അനുഗ്രഹങ്ങൾ പരിസരത്തും പരത്തും. നിശ്ശൂന്യമായ ഒരു ഗൃഹം നീ മുഖേന നിബിഡമാക്കപ്പെടും. ഭയദമായ ഒരു ഭവനം അനുഗ്രഹങ്ങളാൽ നിറക്കപ്പെടും. നിന്റെ സന്താനപരമ്പര അവസാനിച്ചുപോകയില്ല. അന്ത്യനാൾഡവരെയും അതു തെഴുപ്പുള്ളതായിരിക്കും. ലോകാന്ത്യംവരെ നിന്റെ നാമത്തെ ദൈവം ബഹുമാനപുരസ്സരം നിലനിർത്തും. ഞാൻ നിന്നെ ഉയർത്തുകയും എന്നിലേയ്ക്കു വിളിക്കുകയും ചെയ്യും. എന്നാൽ, ഭൂമിയുടെ ഏടുകളിൽനിന്നു ഒരിക്കലും നിന്റെ പേർ എടുക്കപ്പെടുകയില്ല. നിന്നെ അപമാനിക്കാനുള്ള ആലോചനയിലേർപ്പെട്ടിരിക്കുന്നവരും നീ പരാജയപ്പെട്ടു കാണാൻ ആഗ്രഹിക്കുന്നവരും നിന്നെ നിർമ്മൂലം നശിപ്പിക്കാൻ പ്രയത്നിക്കുന്നവരും ആശയറ്റവരായിത്തീരും. അവർ നിഷ്ഫലതയിലും നിരാശയിലുംപെട്ടു ഒടുങ്ങിപോകും. എന്നാൽ, ദൈവം നിന്നെ പൂർണ്ണായും വിജയശ്രീലാളിതനാക്കുകയും നിന്റെ എല്ലാ അർത്ഥിതകളും നിനക്കു സാധിപ്പിച്ചു തരികയും ചെയ്യും. നിന്നോടു കൂറു പുലർത്തുന്നവരെയും നിന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്നവരെയും ഞാൻ വളർത്തും. അവരിലും അവരുടെ സമ്പത്തിലും ഞാൻ അനുഗ്രഹം ചൊരിയും അതു ഏറ്റിക്കൊടുക്കുകയും ചെയ്യും. മുസൽമാൻമാരിൽ അസൂയാലുക്കളും ശാഠ്യബുദ്ധികളുമായ ആ മറ്റേ വിഭാഗത്തിനുമേൽ അവർ ഖിയാമത്ത് നാൾവരെ വിജയികളായിരിക്കും. അവരെ ദൈവം മറക്കുകയില്ല. അവഗണിക്കുകയുമില്ല. അവർ ആത്മാർത്ഥതയുടെ തോതനുസരിച്ച് അവർക്കുള്ള പ്രതിഫലം നേടും. നീ എനിക്കു ബനീഇസ്റായീലിലെ നബിമാരെപോലെയത്രെ (അതായതു പ്രതിരൂപാത്മക സാദൃശ്യമുള്ളവൻ). നീ എനിക്കു എന്റെ തൗഹീദ് പോലെയാകുന്നു. നീ എന്നിൽ നിന്നും ഞാൻ നിന്നിൽ നിന്നുമാകുന്നു. രാജാക്കൻമാരുടെയും ഭരണത്തലവൻമാരുടെയും ഹൃദയങ്ങളിൽ നിന്നോടുള്ള സ്നേഹം ഇട്ടുകൊടുക്കുന്ന ആ നാൾ ഇതാവരുന്നു. അല്ല, അതു വളരെ അടുത്താണ്. അവർ നിന്റെ വസ്ത്രങ്ങളിൽ നിന്നു അനുഗ്രഹം തേടുംവരെ ആകും. ഹേ നിഷേധികളെ, സത്യത്തിന്റെ വിരോധികളെ, നിങ്ങൾ എന്റെ ദാസന്റെ കാര്യത്തിൽ സംശയഗ്രസ്തരാണെങ്കിൽ, നാം നമ്മുടെ ദാസന്നു നൽകിയ അനുഗ്രഹത്തേയും ഔദാര്യത്തെയും നിങ്ങൾ നിഷേധിക്കുന്നുവെങ്കിൽ, ഈ അനുഗ്രഹാടയാളത്തിന്നു തുല്യമായ ഒന്നു നിങ്ങളെ

സംബന്ധിച്ചിടത്തോളം നിങ്ങളും കൊണ്ടുവരുവിൻ. നിങ്ങൾ ആർജ്ജവ മുള്ളവരാണെങ്കിൽ! നിങ്ങൾക്കു ഒരിക്കലും കൊണ്ടുവരാനാവില്ലെങ്കിൽ-ഒരിക്കലും കഴിയുകയില്ലെന്നോർത്തുകൊൾവിൻ-ധിക്കാരികൾക്കും അസത്യവാൻമാർക്കും അതിക്രമകാരികൾക്കും വേണ്ടി ഒരുക്കപ്പെട്ട തീനാളത്തെ ഭയപ്പെട്ടുകൊൾവിൻ" (തബ്ലീഗ് രിസാലാ 1-ാം വാല്യം, ഭാഗം 55-61.)

മഹാരാജാ ദിലീപ്സിങ്ങ് (1838-1893)

1886 ഫിബ്രവരി 20-നു ഹോശിയാർപൂരിൽ പ്രസിദ്ധം ചെയ്ത ഉപര്യുദ്ധൃതമായ വിജ്ഞാപനത്തിന്റെ ആരംഭത്തിൽ മഹാരാജാ ദിലീപ്സിങ്ങിനെ സൂചിപ്പിച്ചുകൊണ്ടു തനിക്കു ലഭിച്ച ഭവിഷ്യൽജ്ഞാനത്തെപറ്റിയും പ്രസ്താവിക്കുകയുണ്ടായി. മഹാരാജാ ദിലീപ്സിങ്ങിനെകുറിച്ചും സർ സയ്യിദ് അഹ്മദ്ഖാനെകുറിച്ചും ചില പ്രവചനങ്ങൾ 1885 നവമ്പറിൽ തന്നെ ഹിന്ദുക്കളും മുസ്ലിംകളുമായ അഞ്ഞൂറിൽപരം ആളുകൾക്കു കേൾപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്നു.

ഇംഗ്ലീഷുകാർ സിഖുകാരുമായി യുദ്ധം ചെയ്തതിന്നു ശേഷമാണ് പഞ്ചാബു കീഴടക്കിയത്. മഹാരാജാ രൺജിത്ത് സിങ്ങിന്റെ മരണത്തിന്നുശേഷം അഞ്ചുവയസ്സിൽ കിരീടാവകാശിയായ ദിലീപ് സിംഗിനെ പഞ്ചാബിൽ നിർത്തുന്നത് അഭിലഷണീയമല്ലെന്നു മനസ്സിലാക്കി ബ്രിട്ടീഷുകാർ അമ്മറാണി ജിൻഡാനോടൊപ്പം ഇംഗ്ലണ്ടിൽ കൊണ്ടുപോയി പാർപ്പിച്ചു. ഒരു ഗൂഢാലോചന കേസുമായി ബന്ധപ്പെട്ടാണ് ബ്രിട്ടീഷു ഗവൺമെന്റു ഇപ്രകാരം ചെയ്തതു. ബാലനായ ദിലീപ്സിംഗിന്നു ഇംഗ്ലണ്ടിൽവെച്ചു വേണ്ടപ്പെട്ട വിദ്യാഭ്യാസം നൽകി. ദിലീപ്സിങ്ങ് യുവാവായിക്കഴിഞ്ഞതോടൊപ്പം പഞ്ചാബിൽ ഇംഗ്ലീഷുകാരുടെ കാലുറക്കുകയും ചെയ്തു. വിക്ടോറിയ മഹാറാണിയുടെ ഓമനയായി വളർന്ന ദിലീപ്സിങ്ങ് ക്രിസ്തുമതം സ്വീകരിച്ചതായി പറയപ്പെടുന്നു. മഹാരാജാ ദിലീപ്സിംഗിനെ പഞ്ചാബിലേക്ക് മടക്കികൊണ്ടുവരേണമെന്നു സിക്കുകാർ നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ആപത്തുകളൊഴിഞ്ഞെന്നു മനസ്സിലാക്കിയ ബ്രിട്ടീഷ് സർക്കാർ അതിന്നു സമ്മതിക്കുക തന്നെ ചെയ്തു. ദിലീപ് സിങ്ങ് ഇംഗ്ലണ്ടിൽ നിന്നു ഇന്ത്യയിലേക്കു പുറപ്പെട്ടുവെന്നറിഞ്ഞപ്പോൾ സിക്കുകാരുടെ ആഹ്ലാദത്തിന്നു അതിരും എതിരും ഉണ്ടായില്ലെന്നു പറയേണ്ടതില്ലല്ലോ! എന്നാൽ, ഒരു ആത്മദർശനത്തെ (കശ്ഫ്)അടിസ്ഥാനമാക്കിയും പിന്നീടു സർവ്വജ്ഞനായ ദൈവത്തിൽ നിന്നു ലഭിച്ച വ്യക്തമായ വെളിപാടനുസരിച്ചും ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) മഹാരാജാ ദിലീപ് സിംഗിന്നു പഞ്ചാബിൽ കാലുകുത്താൻ സാദ്ധ്യമല്ലെന്നും യാത്രയിൽ അദ്ദേഹത്തിന്റെ അന്തസ്സിന്നു ഹാനി തട്ടുകയോ ജീവഹാനി സംഭവിക്കുകയോ ചെയ്യുന്നതാണെന്നും ഉള്ള പ്രവചനം പ്രസിദ്ധപ്പെടുത്തി. ദിലീപ്സിംഗ് ഇന്ത്യയിലേക്കു പുറപ്പെടുന്നതിന്നു എത്രയോ മുമ്പാണ് ഈ പ്രവചനം പുറപ്പെടുവിച്ചതെന്നു സ്മരണീയമാണ്. അതു 1886 ഫിബ്രവരി 20-നുയത്തെ വിജ്ഞാപനത്തിൽ ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നു.

മഹാരാജാ ദിലീപ്സിങ്ങ്

പ്രവചനം ഫലിച്ചില്ലെന്നുവരാൻ കൊതിച്ചവരുടെ ആഹ്ലാദ പ്രകടനങ്ങൾക്കിടയിൽ മഹാരാജാ ദിലീപ്സിംഗിനെ കയറ്റിയ കപ്പൽ ഇംഗ്ലണ്ടിൽ നിന്നു പുറപ്പെട്ടു സൂയസ് തോടിലൂടെ കുതിച്ചു നീങ്ങി ഏഡനിലെത്തി. ഏതാനും ദിനങ്ങൾക്കകം മഹാരാജാവു തിരുമനസ്സുകൊണ്ടു പഞ്ചാബിൽ പദമൂന്നുമെന്ന് സകലരും പ്രതീക്ഷിച്ചു കൊണ്ടിരിക്കെ. ആഹ്ലാദപുളകിതമായ സിക്കുസമുദായത്തെയും ആയിരക്കണക്കായ ഇതരപൗരൻമാരെയും അമ്പരപ്പിച്ചു ഹതാശരാക്കിക്കൊണ്ട്, പ്രസ്തുത കപ്പൽ, എഡനിൽ നിന്നു ഇംഗ്ലണ്ടിലേക്കുതന്നെ തിരിച്ചുപോയി: (റിയാസ്ഹിന്ദ്, അമൃത്സർ, 3-5-86). എന്തെന്നാൽ മഹാരാജാ ദിലീപ്സിങ്ങ് പഞ്ചാബിൽ മടങ്ങിവരുന്നതു ഇന്ത്യയിലുള്ള ബ്രിട്ടീഷു താല്പര്യത്തിന്നു ഹാനികരമാണെന്നു ചില പുതിയ സംഭവവികാസങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാറിന്ന് തോന്നി. ഇതു മഹാരാജാ ദിലീപ്സിങ്ങിന്റെ അന്തസ്സിനെ ഇടിച്ചു കളഞ്ഞ ഒരു സംഭവമാണെന്നു പ്രത്യേകിച്ചു പറയേണ്ടതുണ്ടോ? 1893ൽ ദിലീപ്സിങ്ങ് പാരീസിലെ ഒരു ഹോട്ടലിൽ നിസ്സഹായവും നിരാശാജനകവുമായ പരിതസ്ഥിതിയിൽ മരണപ്പെടുകയാണുണ്ടായത്.

16- ഹോശിയാർപൂർ വിവാദം

ഹോശിയാർപൂരിലെ 40 ദിവസത്തെ അഖണ്ഡപ്രാർത്ഥനായജ്ഞത്തിന്നുശേഷം മുൻകൂട്ടി വിജ്ഞാപനം ചെയ്ത പ്രകാരം ഹ:അഹ്മദ് (അ) കുറച്ചുനാൾകൂടി അവിടെതന്നെ താമസിച്ചു. ആയിടയിൽ പല സ്നേഹിതൻമാരും പരിചയക്കാരും നൽകിയ ആദരപൂർവ്വമായ ക്ഷണങ്ങൾ സ്വീകരിക്കുകയുണ്ടായി. ഹോശിയാർപൂരിൽവച്ചു നടന്ന ഒരു പ്രധാന സംഭവം പണ്ഡിറ്റ് മുരളീധരനുമായുണ്ടായ വാദപ്രതിവാദമത്രെ.

പണ്ഡിറ്റ് ലാലാ മുരളീധരൻ ഹോശിയാർപൂരിലെ ഒരു പ്രസിദ്ധ ആര്യസമാജ നേതാവായിരുന്നു. അദ്ദേഹം ഒരു ദിവസം ഹ:അഹ്മദ്(അ) താമസിക്കുന്ന സ്ഥലത്തു വരികയും തനിയ്ക്ക് ഇസ്ലാമിനെക്കുറിച്ചു ചില ചോദ്യങ്ങൾ ചോദിക്കാനുണ്ടെന്നു അറിയിക്കുകയും ചെയ്തു. ഒരു വിവാദം നടത്തണമെന്നായിരുന്നു കാര്യത്തിൽ അയാൾ ആഗ്രഹിച്ചിരുന്നത്. തന്റെ പാണ്ഡിത്യത്തിൽ ഊറ്റം കൊണ്ടിരുന്ന ആ ആര്യപണ്ഡിതന്റെ ആഹ്വാനം ഹ:അഹ്മദ് സ്വീകരിക്കുകതന്നെ ചെയ്തു. വാദപ്രതിവാദത്തിന്നുള്ള നിബന്ധനകൾ ഉണ്ടാക്കി.

വിവാദം എഴുത്തുമുഖേനയായിരിക്കണമെന്നും രണ്ടു മതതത്ത്വങ്ങളെക്കുറിച്ചും പിന്നീടു താരതമ്യപഠനം നടത്തുവാൻ കഴിയുമാറാകണമെന്നും നിശ്ചയിക്കപ്പെട്ടു. ആദ്യദിവസം ലാലാ മുരളീധരൻ ഇസ്ലാമിനെകുറിച്ചും രണ്ടാം ദിവസം ഹ:അഹ്മദ്(അ)ആര്യ സമാജത്തെകുറിച്ചും വാദങ്ങൾ ഉന്നയിക്കേണ്ടതാണെന്നും മറുപടിക്കുള്ള മറുപടിയുടെ മറുപടി പറഞ്ഞുതീരും മുമ്പ് ഇരുപക്ഷവും ഇടയ്ക്കുവച്ചു വിവാദം അവസാനിപ്പിക്കുവാൻ പാടുള്ളതല്ലെന്നും ഓരോരുത്തരും തങ്ങൾക്ക് പറയാനുള്ളതു അപ്പഴപ്പോൾ എഴുതി കടലാസ്സുകൾ പരസ്പരം കൈമാറേണ്ടതാണെന്നും അവ സദസ്സിൽ വായിച്ചു കേൾപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യപ്പെട്ടു.

ഈ വിഷയം സംബന്ധിച്ച വിവാദത്തിൽ മറുപടിക്കുള്ള മറുപടിയുടെ മറുപടി പറയേണ്ട ഘട്ടം വന്നപ്പോൾ വ്യവസ്ഥയ്ക്കെതിരായി പണ്ഡിറ്റ് മുരളീധരൻ വിവാദം അവസാനിപ്പിക്കാൻ തിടുക്കം കൂട്ടിത്തുടങ്ങി. അങ്ങനെ സഭ വിട്ടുപോകുന്നത് നിശ്ചയത്തിനെതിരാണെന്നു അദ്ദേഹത്തെ ധരിപ്പിക്കുവാൻ വളരെ പാടുപ്പെടേണ്ടി വന്നെങ്കിലും ആരെയും

കൂസാതെ തനിയ്ക്ക് വേഗം സ്ഥലം വിടണമെന്ന് പറഞ്ഞു മുരളീധരൻ പോയ്ക്കളഞ്ഞു. സുകീത് ഭരണാധിപനായ രാജാരുദ്രസേനന്റെ പുത്രന്മാരും മറ്റു പല പ്രമാണിമാരും വിവാദം ശ്രവിക്കാൻ വന്നെത്തിയിരുന്നു. അവരും അഭ്യർത്ഥിച്ചു നോക്കിയെങ്കിലും ആര്യസമാജ നേതാവ് വഴങ്ങിയില്ല.

മാർച്ച് 14ന് രണ്ടാമത്തെ യോഗം ശേഖ്മെഹർ അലിയുടെ ഭവനത്തിൽ വച്ചു നടന്നു. ഇത്തവണ വിവാദം ആരംഭിക്കേണ്ടത് ഹദ്റത്ത് അഹ്മദ് ആയിരുന്നു. എന്നാൽ ആര്യസമാജ നേതാവ് പണ്ഡിറ്റ് മുരളീധരൻ മുടക്കം പറഞ്ഞു. അയാൾ ചില ദുരുദ്ദേശങ്ങളോടെയാണ് എത്തിച്ചേർന്നത്. ദുഷ്തർക്കങ്ങൾ ഉന്നയിച്ച് സംഭ്രമം സൃഷ്ടിക്കുകയായിരുന്നു പ്ലാൻ. കഴിഞ്ഞ യോഗത്തിൽ ഹദ്റത്ത് അഹ്മദ് പ്രസ്താവിച്ച ഒരു കാര്യം അവാസ്തവമാണെന്ന പുതിയ വാദവുമായി അയാൾ രംഗപ്രവേശം ചെയ്തു. അതു സംബന്ധിച്ച് എഴുതി തയ്യാറാക്കിയ ഒരു പ്രസ്താവന വായിച്ചു തുടങ്ങുകയും ചെയ്തു.

ജീവാത്മാക്കൾ മഞ്ഞിൻ തുള്ളികളിൽ കൂടി പരക്കുകയും ചെടികളിലും ലതാദികളിലും നിപതിക്കുകയും ചെയ്യുന്നുവെന്നും സ്ത്രീകൾ അവ ഭക്ഷിക്കാനിടയാകുമ്പോൾ ശിശുക്കൾ ജനിക്കുമാറാകുമെന്നും 'സത്യാർത്ഥ പ്രകാശ'ത്തിൽ പണ്ഡിറ്റ് ദയാനന്ദസരസ്വതി എഴുതിയിട്ടുള്ളതായി മീർസാ സാഹിബ് തന്റെ ആദ്യനാളത്തെ പ്രത്യാഖ്യാനത്തിൽ പറഞ്ഞിട്ടുള്ളത് അടിസ്ഥാനരഹിതമാണെന്നും 'സത്യാർത്ഥപ്രകാശ'ത്തിൽ അപ്രകാരം പറഞ്ഞിട്ടില്ലെന്നും ഉള്ളതായിരുന്നു അദ്ദേഹത്തിന്റെ വാദം. 'സത്യാർത്ഥ പ്രകാശ'ത്തിൽ അതു കാണിക്കാൻ വെല്ലുവിളിക്കുകയും ചെയ്തു. പുസ്തകത്തിന്റെ ഒരു പ്രതിയും കൊണ്ടുവന്നിരുന്നു.

തർക്കപ്രശ്നം പരിഹരിക്കുന്നതുവരെ മറ്റൊരു വിവാദം ആരംഭിക്കരുതെന്നായിരുന്നു ലാലാജിയുടെ നിർബന്ധം. ആദ്യ ദിവസത്തെ പ്രത്യാഖ്യാനത്തിലുണ്ടായ പിഴവ് അപ്പോൾ തന്നെ ചൂണ്ടിക്കാണിക്കേണ്ടിയിരുന്നുവെന്നും അത് ചെയ്യാതിരുന്ന നിലക്ക് ആ പ്രശ്നം അവസാനത്തേയ്ക്ക് മാറ്റിവെച്ച് വിവാദം തുടരാമെന്നും പലരും ന്യായ വാദങ്ങൾ ഉന്നയിച്ചു നോക്കിയെങ്കിലും ലാലാമുരളീധരൻ ശാഠ്യം പിടിക്കുകയായിരുന്നു. ഹിന്ദിയിലുള്ള സത്യാർത്ഥപ്രകാശം തനിയ്ക്ക് വായിക്കാൻ അറിയില്ല. പുസ്തകം വായിച്ചുനോക്കി വാചകം തെരഞ്ഞുപിടിക്കാൻ ഒന്നോ രണ്ടോ ദിവസം തന്നെ വേണ്ടി വന്നേയ്ക്കും. അത് കൊണ്ട് വാദപ്രതിവാദം അച്ചടിച്ചു പ്രസിദ്ധം ചെയ്യുമ്പോൾ പ്രസ്തുത ഉദ്ധരണി ചേർത്ത് കൊള്ളുന്നതാണെന്ന് ഹദ്റത്ത് അഹ്മദ്(അ) ഉറപ്പ് നൽകിയെങ്കിലും അത് എഴുതി കൊടുക്കുന്നതുവരെ പണ്ഡിറ്റ് ലാലാജി ശാന്തനായില്ല.

ജീവാത്മാക്കൾ പരമേശ്വരന്റെ സൃഷ്ടികളല്ലെന്നും അവ ദൈവത്തെപ്പോലെ തന്നെ അനാദിയാണെന്നും മനുഷ്യർക്ക് ശാശ്വതമുക്തി ലഭ്യമല്ലെന്നും മോക്ഷം പ്രാപിച്ച ജീവാത്മാക്കൾ മുക്താവസ്ഥയിൽ ബ്രഹ്മാനന്ദമനുഭവിച്ചശേഷവും പ്രപഞ്ചത്തിലേക്ക് തിരിച്ചു വരുന്നുവെന്നും

അങ്ങനെ കർമ്മഗതിയ്ക്കനുസരിച്ചുള്ള പുനർജ്ജന്മപ്രക്രിയ അനന്തമായി തുടരുന്നതാണെന്നുമുള്ള ആര്യ സമാജസിദ്ധാന്തങ്ങൾ അബദ്ധവും യുക്തിരഹിതവും ആണെന്നുള്ളതായിരുന്നു ഹദ്റത്ത് അഹ്മദിന്റെ മറ്റൊരു പ്രമേയം. ദൈവത്തിന്റെ സൃഷ്ടികർമ്മത്തെയും ജീവാത്മാവിന്റെ ശാശ്വത മുക്തിയേയും നിഷേധിക്കുന്ന ഈ ആര്യ തത്വങ്ങൾ ദൈവത്തിന്റെ ഏകത്വത്തിനും ദയാകരനെന്ന ഗുണത്തിനും നിരക്കാത്തതാണെന്നു ആ മഹാത്മാവ് സപ്രമാണം തെളിയിക്കുകയും ആര്യ ധർമ്മത്തിലെ വൈരുദ്ധ്യത്തെ തുറന്നു കാട്ടുകയും ചെയ്തു.

ദൈവത്തിന്റെ സൃഷ്ടികർതൃത്വത്തെ നിഷേധിക്കുന്ന ഒരാൾക്ക് ശാശ്വതമുക്തിയെ കുറിച്ച് വാദിക്കാൻ സാദ്ധ്യമല്ല. സൃഷ്ടികർത്തൃത്വ നിഷേധവും ശാശ്വത മുക്തി നിഷേധവും പരസ്പര സംപൃക്തമാണ്. ദൈവം സർവ്വ ലോകരക്ഷിതാവും സർവ്വസ്രഷ്ട്രാവും ആയിരിക്കണമെന്നില്ലെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നവർക്ക് ഒരാൾ എത്ര തന്നെ പുണ്യം ചെയ്താലും അയാൾക്ക് ശാശ്വതമുക്തി സിദ്ധിക്കുകയില്ലെന്നു അയാൾ ജനനമരണമാകുന്ന നിത്യദുരിതങ്ങൾക്ക് പാത്രീഭവിച്ചുകൊണ്ടിരിക്കുന്നതാണെന്നും വിശ്വസിക്കാൻ പ്രയാസം കാണുകയില്ല. ഏറെ നേരത്തെ തർക്ക വിതർക്കങ്ങൾക്ക് ശേഷം ഹദ്റത്ത് അഹ്മദിന്റെ വാദമർമ്മം ലാലാജിയ്ക്ക് മനസ്സിലാകുകയും മറുപടി എഴുതാൻ തുനിയുകയും ചെയ്തു. എന്നാൽ അതു പൂർത്തിയാക്കാനാകാതെ താൻ വീട്ടിൽ ചെന്ന് മറുപടി തയ്യാറാക്കാമെന്ന് ബോധിപ്പിക്കയാണുണ്ടായത്. എഴുതിയെടത്തോളം ഭാഗം ഏൽപ്പിക്കാൻ കൂട്ടാക്കിയതുമില്ല. മുരളീധരന്റെ കൂട്ടാളിയായി വന്നിരുന്ന ലാലാ ലക്ഷ്മൺജി ഹദ്റത്ത് അഹ്മദിന്റെ വാദഗതികളോട് യോജിച്ചു സംസാരിച്ചെങ്കിലും പണ്ഡിറ്റ് മുരളീധരൻ തനിക്ക് ആര്യ സമാജത്തിന്റെ ഒരടിയന്തിരയോഗത്തിൽ പങ്കെടുക്കാനുണ്ടെന്ന് പറഞ്ഞ് വിവാദം ഏകപക്ഷീയമായി അവസാനിപ്പിച്ചുകൊണ്ട് എഴുന്നേറ്റു പോയി.

രണ്ടാം ദിവസത്തെ വിവാദം കേൾക്കാൻ നൂറുകണക്കിന് ആളുകൾ ഒരുമിച്ചു കൂടിയിരുന്നു. വക്കീലൻമാരും പോലീസുദ്യോഗസ്ഥൻ മാരും വിവിധ മതക്കാരായ പ്രമുഖപണ്ഡിതൻമാരും രാജാരുദ്രസേനന്റെ പുത്രൻമാരും അക്കൂട്ടത്തിലുണ്ടായിരുന്നു.

ഹോശിയാർപൂർ വിവാദത്തിന്റെ റിപ്പോർട്ടു 'സുർമ ചശ്മെ ആര്യ(2) എന്ന പേരിൽ 1886 സപ്തമ്പറിൽ ഹദ്റത്ത് അഹ്മദ് (അ) പ്രസിദ്ധം ചെയ്തു. അമൃത്സരിലെ 'രിയാസ് ഹിന്ദ്' പ്രസ്സിൽ നിന്നാണ് ഇതും അച്ചടിച്ചിരുന്നത്. പുസ്തകത്തിന്റെ അച്ചടി പൂർത്തിയായപ്പോൾ അദ്ദേഹം അമ്പാലയിലായിരുന്നു. പേജുകളും മറ്റും നേരിട്ടു പരിശോധിക്കുന്നതിന്നുവേണ്ടി മുഴുവൻ കോപ്പികളും അമ്പാലയിലേയ്ക്കു അയക്കാൻ അദ്ദേഹം പ്രസ്സ്കാർക്ക് നിർദ്ദേശം നൽകി.

ഹദ്റത്ത് അഹ്മദ് (അ) ഈ പുസ്തകത്തിൽ ആര്യസമാജത്തിന്റെ മൗലികതത്വങ്ങളെ ഖണ്ഡിക്കുകയും ദിവ്യത്ഭുതങ്ങൾ, ആത്മീയ പ്രതിഭാസങ്ങൾ, ആത്മാവിന്റെ ഉൽപത്തി, മരണാനന്തരാവസ്ഥകൾ, ദൈവ

ത്തിന്റെ ഗുണങ്ങൾ തുടങ്ങിയ അതീവഗഹനങ്ങളായ വിഷയങ്ങളെപറ്റി പ്രതിപാദിക്കുകയുണ്ടായി. ഇസ്ലാമിനെ ആക്ഷേപിക്കുകയും അതിന്റെ ദിവ്യ സ്ഥാപകരെ അധിക്ഷേപിക്കുകയും ചെയ്യുന്നതു നിർത്തി സത്യാസത്യ പരിശോധനയ്ക്കു ഒരുങ്ങുന്നതിന്നു ആര്യസമാജക്കാരോടു അദ്ദേഹം അഭ്യർത്ഥിച്ചു. അതിലേയ്ക്കു അദ്ദേഹം പ്രസ്തുത ഗ്രന്ഥത്തിൽ പല വഴികളും നിർദ്ദേശിക്കുകയുമുണ്ടായി. അദ്ദേഹം നിർദ്ദേശിച്ച ചില മാർഗ്ഗങ്ങൾ ഇവയാണ്:

1.മതപരമായ ഒരു പ്രത്യേകവിഷയം–തിരഞ്ഞെടുക്കുകയും താനും മറ്റൊരു ആര്യപണ്ഡിതനും താന്താങ്ങളുടെ മതഗ്രന്ഥങ്ങളുടെ മേൻമ വെളിപ്പെടുത്തുന്ന തരത്തിൽ ആ വിഷയത്തിൽ അതാതു മതഗ്രന്ഥങ്ങൾ നൽകുന്ന പാഠമെന്തെന്നു പ്രമാണയുക്തികളോടെ വിവരിക്കുകയും ചെയ്യുക. ഖുർആന്റെ മേൽ വേദപാഠങ്ങൾക്കാണ് മേൻമയുള്ളതെന്ന് സ്ഥാപിക്കുന്ന ആര്യപണ്ഡിതന്നു ഒരു മൂന്നാം കക്ഷിയുടെ മദ്ധ്യസ്ഥതയിൽ താൻ സമ്മാനം നൽകുന്നതായിരിക്കും.

2.ആര്യനേതാക്കൾ ഇസ്ലാമിന്നെതിരിൽ തങ്ങൾക്കുള്ള ഏറ്റവും പ്രധാനമായ ചില ആക്ഷേപങ്ങൾ രേഖസഹിതം ഉന്നയിക്കുക. അവയ്ക്കു യുക്തിയുക്തമായ മറുപടിവഴി പ്രതിപക്ഷത്തെ തൃപ്തിപ്പെടുത്തുന്നതിൽ താൻ പരാജയപ്പെടുന്നപക്ഷം ഓരോ ആക്ഷേപത്തിന്നും 50 രൂപ വീതം തന്റെ പരാജയസാക്ഷ്യമെന്ന നിലയിൽ പിഴനൽകുന്നതായിരിക്കും. മറിച്ചാണെങ്കിൽ ആര്യനേതാക്കൾ ഇസ്ലാം മതമാശ്ലേഷിക്കുകയും വേണം.

3. ഇസ്ലാമിന്റെ സത്യത്തിലേയ്ക്കുള്ള ദിവ്യദൃഷ്ടാന്തങ്ങൾക്കു സാക്ഷ്യം വഹിക്കാനായി ആര്യനേതാക്കൾ 40 നാൾ തന്റെ കൂടെ താമസിക്കുക. നിശ്ചിത സമയത്തിനുള്ളിൽ ദിവ്യദൃഷ്ടാന്തം കാണിക്കുന്നതിൽ താൻ പരാജയപ്പെടുന്ന പക്ഷം 500ക. നഷ്ടപരിഹാരം പിഴയായി നല്കുന്നതാണ്. മറിച്ചാണെങ്കിൽ ബന്ധപ്പെട്ട ആര്യ നേതാവ് ഇസ്ലാംമതം സ്വീകരിച്ചു സത്യസാക്ഷ്യം വഹിക്കണം.

4. ആര്യമതത്തിന്റെ വേദപ്രസിദ്ധമായ വിശ്വാസങ്ങളുടെയും ഖുർആൻ പ്രബോധിക്കുന്ന ഇസ്ലാം മതവിശ്വാസങ്ങളുടേയും സത്യാസത്യം നിർണ്ണയിക്കുന്നതിന്നു താനുമായി ആര്യനേതാക്കൾ– അവരുടെ പേരെടുത്തു പറഞ്ഞിട്ടുണ്ട്– 'മുബാഹല' നടത്താൻ തയ്യാറാവുക.*

പണ്ഡിറ്റ് മുരളീധരനു വിവാദവേളയിൽ ഉറപ്പ് നൽകിയിരുന്ന പ്രകാരം ഹദ്റത്ത് അഹ്മദ് (അ) 'സുർമ ചശ്മെ ആര്യ'യിൽ സ്വാമി ദയാനന്ദസരസ്വതിയുടെ 'സത്യാർത്ഥപ്രകാശ'ത്തിലെ വിതർക്കിതമായ പ്രസ്താവന ഉദ്ധരിക്കുകയുണ്ടായെന്നതു പ്രത്യേകം പ്രസ്താവ്യമാണ്. ഇതു ആര്യസമാജനേതാവിനെ നിത്യാപകീർത്തിയിലേക്ക് തള്ളിവിട്ടു.

* ഇരുഭാഗവും സത്യസാക്ഷ്യപരമായ ഒരു ദൃഷ്ടാന്തമെന്ന നിലയിൽ ഒരു കൊല്ലത്തിനകം ദൈവികമായ ശാപശിക്ഷയ്ക്കിരയാവാൻ സ്വയം പ്രാർത്ഥിക്കുന്നതിന്നാണ് 'മുബാഹല' എന്നു പറയുന്നത്. നബിതിരുമേനി(സ)തന്നോടു വാദപ്രതിവാദം നടത്താൻ വന്ന നജ്റാനിലെ ക്രൈസ്തവസംഘത്തിന്റെ മുമ്പിൽ ഒടുവിലായി സമർപ്പിച്ച സത്യ പരീക്ഷണമാർഗ്ഗമാണിത്. –ഗ്ര.

'സത്യാർത്ഥപ്രകാശ'ത്തിൽ ഉള്ളതും വിവാദവേളയിൽ താൻ പരാമർശിച്ചതുമായ പ്രസ്തുതവരികളെ സംബന്ധിച്ചു, ഹോശിയാർപൂരിൽനിന്നു ഖാദിയാനിൽ തിരിച്ചെത്തിയ ഉടനെ ഹദ്റത്ത് അഹ്മദ് ലാഹോറിലെ ഒരു ബ്രഹ്മസമാജ നേതാവായ ശ്രീ:നൂബിൻ ചന്ദ്രനു എഴുതുകയും വിശദീകരണം തേടുകയും ചെയ്തു. എന്നാൽ, തർക്കകാരണമായ പ്രസ്താവന ആര്യസമാജക്കാർ 'സത്യാർത്ഥ പ്രകാശ'ത്തിൽ നിന്നു നീക്കിക്കളഞ്ഞിരിക്കയാണെന്നും രണ്ടാം പതിപ്പിൽ പ്രസ്തുത വരികൾ കാണപ്പെടാനില്ലെന്നും അദ്ദേഹം ഹദ്റത്ത് അഹ്മദിനെ അറിയിക്കുകയും പ്രസ്തുത ഉദ്ധാരണം എഴുതി അയക്കുകയും ചെയ്തു. 1875ൽ ബനാറസ് സ്റ്റാർ പ്രസ്സിൽ നിന്നു അച്ചടിച്ച ഒന്നാം പതിപ്പിൽ അഷ്ടമോല്ലാസം 263-ാം ഭാഗത്താണ് ആ വരികളുണ്ടായിരുന്നത്. പണ്ഡിറ്റ് മുരളീധരൻ കൊണ്ടുവന്നിരുന്നതു 'സത്യാർത്ഥപ്രകാശ'ത്തിന്റെ രണ്ടാം പതിപ്പായിരുന്നുവെന്നും ആ ബലത്തിലാണ് അപ്പോൾതന്നെ ഉദ്ധാരണം കാണിക്കണമെന്നു അദ്ദേഹം നിർബന്ധിച്ചതെന്നും പിന്നീടു വെളിപ്പെട്ടു.

'സുർമ ചശ്മെ ആര്യ' പ്രസിദ്ധീകരിച്ചതിനോടൊപ്പം ഹദ്റത്ത് അഹ്മദ് ഒരു വിജ്ഞാപനവും പുറത്തിറക്കുകയുണ്ടായി. തന്റെ ഗ്രന്ഥത്തിനു ഖണ്ഡനം എഴുതുന്ന ആര്യനേതാവിനു 500ക. ഇനാം നൽകുന്നതാണ് എന്നു അദ്ദേഹം അതുമുഖേന വിളംബരം ചെയ്തു. എന്നാൽ, അതു ശരിയായ ഒരു ഖണ്ഡനമായിരിക്കുന്നുണ്ടെന്നു കൃസ്ത്യാനിയോ ബ്രഹ്മസമാജക്കാരനോ ആയ ഒരു നിഷ്പക്ഷകൻ വിധിയ്ക്കണം. ലാഹോറിലെ ആര്യസമാജം സിക്രട്ടറി മുൻഷി ജീവൻ ദാസ് ഒരു പൊതുയോഗത്തിൽ സത്യപ്രതിജ്ഞ ചെയ്തുകൊണ്ടു അപ്രകാരം പ്രഖ്യാപിക്കുകയാണെങ്കിലും താൻ ഇനാം നൽകുന്നതായിരിക്കും. പക്ഷേ, ഒരുകൊല്ലത്തിനകം മുൻഷിജി ദൈവശിക്ഷയിലകപ്പെടുന്നപക്ഷം അദ്ദേഹത്തിന്റെ വിധി ആത്മാർഥമായിരുന്നില്ലെന്നും അദ്ദേഹം വഞ്ചന പ്രവർത്തിച്ചിട്ടുണ്ടെന്നുമുള്ളതിലേയ്ക്കു വ്യക്തമായ തെളിവായിരിക്കുന്നതാണ്. എന്നാൽ, ഈ ആത്മീയ ബലപരീക്ഷകൾ നടത്താൻ ഒരൊറ്റ ആര്യനേതാവും രംഗത്തുവരാൻ ധൈര്യപ്പെടുകയുണ്ടായില്ല.

'നൂറഫ്ശാൻ' എന്ന ക്രൈസ്തവപത്രം 1887 ജനുവരി 6-ാനു ത്തെ ലക്കത്തിൽ പുസ്തകത്തെപറ്റി ഇപ്രകാരം എഴുതി:

"സത്യം പറഞ്ഞാൽ, ഈ ഗ്രന്ഥം (സുർമ ചശ്മെ ആര്യ) ആര്യസമാജത്തെ പൂർണ്ണനിലയിൽ തുറന്നു കാണിച്ചിരിക്കയാണ്. അതു ആര്യസമാജത്തെ തകർത്തുകളഞ്ഞിരിക്കുന്നു. ഈ പുസ്തകത്തിൽ ഉന്നയിച്ചിരിക്കുന്ന യുക്തിന്യായങ്ങളെ ഖണ്ഡിക്കാൻ സാദ്ധ്യമല്ലെന്നതു ഒരു പരമാർത്ഥം മാത്രമാകുന്നു."

'ഇശാഅത്തുസ്സുന്ന' 14പേജുകൾ പ്രസ്തുത പുസ്തകത്തിന്റെ നിരൂപണത്തിന്നായി വിനിയോഗിച്ചു. അതിൽ, തദധിപരായ മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി ഇപ്രകാരം പ്രസ്താവിച്ചു.

"ഓരോ മുസ്‌ലിമും ഈ പുസ്തകത്തിന്റെ പത്തും ഇരുപതും പ്രതികൾ വീതം വാങ്ങി ഹിന്ദുക്കളിലും മുസ്‌ലിംകളിലും വിതരണം ചെയ്കയാണെങ്കിൽ അതു വലിയൊരു ഇസ്‌ലാംമതസേവനമായിരിക്കും. ഇതുകൊണ്ടുള്ള ഒരു പ്രയോജനം ഇസ്‌ലാം മത തത്വങ്ങളുടെ മാഹാത്മ്യവും ആര്യസമാജത്തിന്റെ കൊള്ളരുതായ്മയകളും കൂടുതൽ കൂടുതൽ അറിയപ്പെടുമാറാകയും ഇസ്‌ലാംമതത്തിന്റെ നേരെയുള്ള ആര്യസമാജത്തിന്റെ ആക്രമണങ്ങൾ തടയപ്പെടുകയും ചെയ്യുമെന്നുള്ളതാണ്. രണ്ടാമത്തെ പ്രയോജനം ഈ പുസ്തകം വിറ്റുകിട്ടുന്ന സംഖ്യകൊണ്ടു മിർസാ സാഹിബിനു വേറെയും പുസ്തകങ്ങൾ രചിച്ചുപ്രസിദ്ധപ്പെടുത്താൻ സാധിക്കുമെന്നുള്ളതത്രെ. 'സിറാജുമ്മുനീ'റിന്റെ പ്രസിദ്ധീകരണം പണമില്ലാത്തതുകാരണം നീട്ടിവച്ചിരിക്കയാണെന്നും അതിന്റെ പ്രസിദ്ധീകരണച്ചിലവ് 'സുർമ ചശ്മെ ആര്യ' വിറ്റുകിട്ടുന്ന പണംകൊണ്ടു നിർവ്വഹിക്കേണ്ടതായിട്ടാണിരിക്കുന്നതെന്നും ഞങ്ങൾക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇതു ശരിയാണെങ്കിൽ, മുസൽമാൻമാരുടെ അവസ്ഥ അഹോ കഷ്ടം തന്നെ! ഇസ്‌ലാം മതത്തിന്റെ രക്ഷയ്ക്കായി ലോകത്തുള്ള സകല മതക്കാരെയും നേരിടാൻ ഒരു വ്യക്തിയിതാ തന്റെ ജീവിതം ഉഴിഞ്ഞു വച്ചിരിക്കുന്നു. എന്നിട്ടും, ഈ കർത്തവ്യം നിർവ്വഹിക്കുന്നതിനു അദ്ദേഹത്തെ സഹായിക്കുന്ന കാര്യത്തിൽ ഇസ്ലാമിന്റെ അവകാശികൾ സ്വീകരിച്ച നിലഇതാണ്! മിർസാ സാഹിബ് ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് ഇനാം നൽകാനായി കരുതിവച്ച പതിനായിരം ഉറുപ്പികയുടെ സ്വത്തുക്കൾ വിറ്റു തൽക്കാലം ചിലവാക്കട്ടെ എന്നും പിന്നീടു സഹായം നൽകാമെന്നും ആയിരിക്കാം ഈ അല്പ ബുദ്ധികൾ വിചാരിക്കുന്നത്. അവരുടെ വിചാരം ഇതുതന്നെയാണെങ്കിൽ ഇതോർത്തു വ്യസനിക്കുകയല്ലാതെ മറ്റെന്തു ചെയ്യും?" (ഇശാ അത്തുസ്സുന്ന പു.9.ല 5,6.)

'ബറാഹീനെ അഹ്മദിയ്യ'യുടെയും തുടർന്നു 'സുർമ ചശ്മെ ആര്യ'യുടെയും പ്രസിദ്ധീകരണം നിമിത്തം രോഷാകുലരായിത്തീർന്ന ആര്യസമാജികൾ തങ്ങളുടെ എതിർപ്പുകളെ ശക്തിപ്പെടുത്തുകയും ലഖുലേഖകളും വിജ്ഞാപനങ്ങളും മുഖേന ശത്രുതയ്ക്ക് മൂർച്ച കൂട്ടിക്കൊണ്ടിരിക്കുകയും ചെയ്തു. ഇസ്‌ലാമിന്റെ ബുദ്ധിപരമായ പ്രത്യാക്രമണങ്ങൾമൂലം ആര്യസമാജത്തിന്റെ സിദ്ധാന്തക്കോട്ടകൾ തകർന്നു തുടങ്ങിയപ്പോൾ ശകാരസാഹിത്യങ്ങലുടെ മുറിക്കുന്തങ്ങളുമായി ആര്യഭടൻമാർ ഒരു "ഗറില്ലാസമര"ത്തിനു തയ്യാറെടുക്കുകയാണ് ചെയ്തത്. അഭിമാനികളായ ആര്യനേതാക്കൾ നിശ്ശബ്ദരായി രംഗത്തുനിന്നു പിൻവാങ്ങിയെങ്കിലും ലേഖ്റാമിനെപ്പോലുള്ള തീവ്രവാദികൾ തെറിസാഹിത്യവുമായി സമരക്കളത്തിലിറങ്ങുകതന്നെ ചെയ്തു.

ഗുണ്ടായിസത്തിന്റെ ആരംഭത്തെയാണിതു കുറിച്ചത്. ഹദ്റത്ത് അഹ്മദിന്റെ പേരിൽ അവർ ഗുപ്തനാമങ്ങളിൽ തുരുതുരെ ഭീഷണിക്കത്തുകൾ അയച്ചുകൊണ്ടിരുന്നു. നിന്ദ്യവും നികൃഷ്ടവുമായ ഭാഷയിൽ അധിക്ഷേപിച്ചുകൊണ്ടുള്ള ഊമക്കത്തുകൾ കുമിഞ്ഞുകൂടി. "സുർമ ചശ്മെ

ആര്യയുടെ യാഥാർത്ഥ്യങ്ങളും ഗുലാം അഹ്മദിന്റെ വഞ്ചനാ പടുത്വവും" എന്ന പേരിൽ പണ്ഡിറ്റ് ലേഖ്റാം ഒരു പുസ്തകം എഴുതി. 'ചശ്മയെ നൂർ' പ്രസ്സിൽ നിന്നു അച്ചടിച്ച ഒരു ലഘുലേഖയിൽ (27-7-86) വധഭീഷണി അടങ്ങിയിരുന്നു. കൊല്ലുമെന്നു ഭീഷണിപ്പെടുത്തിക്കൊണ്ടുള്ള ഒരു കൂലിക്കത്ത് 1886 ഡിസംബറിൽ ഹദ്റത്ത് അഹ്മദിനു കിട്ടി. അതിലെ വാചകങ്ങൾ മുൻപറഞ്ഞ പരസ്യത്തിലേതുതന്നെയായിരുന്നു. ലേഖ്റാം ആര്യസമാജികളെ ഇളക്കിവിടുന്ന പ്രസംഗങ്ങൾ അടിക്കടി നടത്തിക്കൊണ്ടിരുന്നു. നബി(സ)തിരുമേനിയെയും ഹദ്റത്ത് അഹ്മദിനെയും അതിരൂക്ഷമായി അധിക്ഷേപിക്കുന്നതു അയാൾ പതിവാക്കി.

ആര്യസമാജികൾ ഇപ്രകാരം ഗൂഢാലോചനകൾ നടത്തിക്കൊണ്ടിരിക്കുകയും നാലുഭാഗത്തും ശത്രുതയുടെ തീജ്വാലകൾ ആളിപ്പടർന്നു കൊണ്ടിരിക്കുകയും ചെയ്തുവെ, 'ശഹ്നയെ ഹക്ക്' (3)എന്നപേരിൽ മറ്റൊരു പുസ്തകം കൂടി ഹദ്റത്ത് അഹ്മദ് പ്രസിദ്ധപ്പെടുത്തി. ആര്യസമാജത്തിന്റെ പൊള്ളയായ സിദ്ധാന്തങ്ങളെ കുറെകൂടി തുറന്നുകാണിക്കുന്നതും പണ്ഡിറ്റ് ലേഖ്റാമിന്റെ അജ്ഞതയെ വെളിപ്പെടുത്തുന്നതുമായ പ്രസ്തുത കൃതി സമാജത്തിനു മറ്റൊരു കനത്ത പ്രഹരമായി അനുഭവപ്പെട്ടു. ലേഖ്റാമിന്റെ ആക്ഷേപങ്ങൾക്കു അതിൽ സയുക്തികമായ മറുപടി നല്കിയിരുന്നു. അടിക്കടിയായുള്ള ആക്ഷേപങ്ങളെ നേരിടുന്നതിനു ഒരു മാസികതന്നെ ആരംഭിക്കുവാനുള്ള ആഗ്രഹം ഈ പുസ്തകത്തിൽ ഹ:അഹ്മദ് പ്രകടിപ്പിച്ചിട്ടുണ്ട്.

തനിയ്ക്കെതിരായുള്ള വധഭീഷണികളെപറ്റി അധികൃതൻമാരെ അറിയിക്കാൻ ആ മഹാത്മാവ് മുതിർന്നില്ല. യഥാർത്ഥ അധികാരസ്ഥനായ സത്യദൈവം ശത്രുക്കളുടെ പ്ലാനുകളെല്ലാം നല്ലപോലെ അറിയുന്നവനാണെന്നു പ്രസ്താവിച്ചുകൊണ്ടു ദൈവത്തിൽ വിശ്വാസമർപ്പിക്കുക മാത്രമാണദ്ദേഹം ചെയ്തത്. തുടർന്നു അദ്ദേഹം ഇപ്രകാരം എഴുതി:

"സത്യം വെളിപ്പെടുത്തുന്ന കാര്യത്തിൽ അത്തരം പ്രഖ്യാപനങ്ങളെ ഞാനൊട്ടും ഭയപ്പെടുന്നില്ലെന്നു അവർ ഓർത്തുകൊള്ളട്ടെ. എനിയ്ക്കു ഒരു ജീവനല്ല, ആയിരം ജീവനുണ്ടെങ്കിൽ ആ ആയിരവും ഈ സത്യമാർഗ്ഗത്തിൽ ആഹുതി ചെയ്യണമെന്നതാണെന്റെ ആഗ്രഹം. അല്ലയോ ആര്യസമാജികളെ, എന്നെ കൊല്ലുമെന്നു നിങ്ങൾ പേടിപ്പിക്കേണ്ട. അത്തരം ഭീഷണികളെ ഭയപ്പെടുന്ന കൂട്ടത്തിലല്ല ഞാൻ!". (ശഹ്നയെ ഹക്ക്).

17- ആദ്യത്തെ അമേരിക്കൻ മുസ്ലീം

ഇസ്ലാമിന്റെ സത്യത്തിലേക്കുള്ള ദിവ്യ ദൃഷ്ടാന്തങ്ങൾ കാണിക്കാമെന്നു പ്രഖ്യാപിച്ചു കൊണ്ടുള്ള ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ വിജ്ഞാപനത്തിന്റെ ഇംഗ്ലീഷുപതിപ്പുകൾ യൂറോപ്പിലും അമേരിക്കയിലും ധാരാളം വിതരണം ചെയ്യപ്പെടുകയുണ്ടായെന്നു മുമ്പു പറഞ്ഞുവല്ലോ. പ്രസ്തുത വിജ്ഞാപനം മുഖേന ലോകത്തിന്റെ നാനാകോണുകളിൽനിന്നും പവിത്രാത്മാക്കൾ ഒരുമിച്ചു കൂട്ടപ്പെടുകയായിരുന്നു. ഖാദിയാനിലുയർന്ന ദിവ്യകാഹളത്തിന്റെ പ്രതിധ്വനികൾ അമേരിക്കൻ അർദ്ധഗോളത്തിലും അലയടിച്ചു തുടങ്ങി.

ഹദ്റത്ത് അഹ്മദിന്റെ പ്രസ്തുത വിജ്ഞാപനം കൈപ്പറ്റിയവരുടെ കൂട്ടത്തിൽ ഒരാളത്രെ മി.അലക്സാണ്ടർ റസ്സൽ വെബ്ബ്. ന്യൂയോർക്ക് പ്രദേശത്ത് ഹഡ്സൻ നഗരത്തിലാണ് മി. വെബ്ബ് ജനിച്ചത് (1846) പിതാവ് ഒരു പ്രസിദ്ധ പത്രപ്രവർത്തകനായിരുന്നു. പിതാവിനെ തുടർന്ന് മി.വെബ്ബും പത്രപ്രവർത്തനത്തിലാണ് ജീവിതായോധനം ആരംഭിച്ചത്. അദ്ദേഹം ഒട്ടനവധി പത്രങ്ങളുടെ അധിപരായിരുന്നിട്ടുണ്ട്. ഒടുവിൽ, അദ്ദേഹം ഫിലിപ്പൈനിൽ അമേരിക്കയുടെ തന്ത്രപ്രതിനിധിയായി നിയമിക്കപ്പെട്ടു. 1872ൽ അദ്ദേഹം ക്രിസ്തുമതം ഉപേക്ഷിച്ചു. സ്വതന്ത്ര ചിന്തകനും നിർമ്മതവാദിയുമായി കുറെക്കാലം കഴിച്ചു കൂട്ടി. ബുദ്ധമതത്തെകുറിച്ചും കൺഫ്യൂഷസ് മതത്തെപറ്റിയും ധാരാളം വായിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ഹൃദയത്തിൽ സംതൃപ്തി നിറയ്ക്കുവാൻ അവയ്ക്കൊന്നിനും സാധിച്ചില്ല. ആ അവസരത്തിലാണ് ഹദ്റത്ത് അഹ്മദിന്റെ വിജ്ഞാപനം കാൺമാൻ ഇടയായത്. വിജ്ഞാപന കർത്താവ് ഒരസാധാരണ വ്യക്തിയാണെന്നു അദ്ദേഹത്തിനു ബോദ്ധ്യമായി. അതിനെ തുടർന്ന് അദ്ദേഹം ഹദ്റത്ത് അഹ്മദുമായി കത്തെടപാടു നടത്തി തുടങ്ങി. 1886 ഡിസംബർ 17-നു ആണ് ഹദ്റത്ത് അഹ്മദ് (അ) അദ്ദേഹത്തിന് ആദ്യമായി ഒരു കത്തയച്ചത്. ഈ കത്തെടപാടിനെ തുടർന്ന് മി.വെബ്ബ് ഇസ്ലാംമതം സ്വീകരിച്ചു. മി.വെബ്ബ് ഹദ്റത്ത് അഹ്മദ് മുഖേന ഇസ്ലാംമതം വിശ്വസിച്ചതോടെ അമേരിക്കയിൽ ഇസ്ലാം മതപ്രചരണത്തിന്റെ ആരംഭം കുറിച്ചുവെന്നു പറയാം.

മി.വെബ്ബ് അയച്ച ഒരു കത്തും അതിനു താൻ നല്കിയ മറുപടിയും ഹദ്റത്ത്അഹ്മദ് (അ) തന്റെ 'ശഹ്നയെ ഹക്ക്' എന്ന കൃതിയിൽ ചേർത്തിട്ടുണ്ട്. അതിൽനിന്നു മി.വെബ്ബിന്റെ നിലപാട് ഏതാണ്ടൊക്കെ മനസ്സിലാക്കാം. 1887 ഫിബ്രവരി 24-നു മിസ്സൂറിയിൽ നിന്നയച്ച ഒരു കത്തിൽ മി.വെബ്ബ് ഇപ്രകാരം എഴുതുന്നു:

"ഡിസംബർ 17-ാം തിയ്യതി അങ്ങു അയച്ച കത്തിനു യഥോചിതം നന്ദി പ്രകടിപ്പിക്കാൻ ഞാൻ അശക്തനത്രെ. മറുപടി കിട്ടുമെന്ന ആശ ഞാൻ ഏതാണ്ടു കയ്യൊഴിച്ച മട്ടായിരുന്നു. എങ്കിലും, കത്തിലെ ഉള്ളടക്കവും വിജ്ഞാപനവും വായിച്ചപ്പോൾ വിളംബം വന്നതിലുള്ള കുണ്ഠിതം തികച്ചും പരിഹൃതമായി... മറുപടിയായി എന്താണെഴുതേണ്ടതെന്നു എനിയ്ക്കു എത്തും പിടിയും ഇല്ല. ഞാനിതിനകം മനസ്സിലാക്കിക്കഴിഞ്ഞാൽ കൂടുതലായുള്ള സത്യങ്ങൾ പഠിച്ചറിയാൻ ഉൽകണ്ഠയുണ്ടെന്നു മാത്രം പറഞ്ഞുകൊള്ളാം. അങ്ങയുടെ വിജ്ഞാപനം വായിച്ചശേഷം എനിയ്ക്കു തോന്നി, ആത്മീയമായി അത്യുന്നതസ്ഥാനീയനും ദൈവവുമായി ഏറെ സമീപസ്ഥനും ആയിരിക്കുന്ന അങ്ങയുടെ മുമ്പിൽ ഞാൻ എന്റെ ആലോചനകൾ സമർപ്പിക്കാമെന്നു. ഇന്ത്യ സന്ദർശിക്കാൻ എനിയ്ക്കു സാദ്ധ്യമാണെങ്കിൽ ഞാനെത്രയും സന്തോഷപൂർവ്വം അതിനു തയ്യാറാകും. എന്നാലിപ്പോൾ, അതു തികച്ചും അസാദ്ധ്യമായിത്തോന്നുന്നു. ഞാൻ വിവാഹം ചെയ്തിട്ടുണ്ട്. മൂന്നു കുട്ടികളുമുണ്ട്. രണ്ടു കൊല്ലമായി ഞാൻ ഒരു നിസ്സംഗന്റെ ജീവിതമാണ് നയിച്ചുവരുന്നത്. ഇനിയങ്ങോട്ടും അങ്ങിനെ തന്നെയായിരിക്കും. ജോലി ഉപേക്ഷിക്കാൻ അനുവദിക്കാത്തതാണ് ഇന്നത്തെ വരുമാന നില. കുടുംബത്തെ പുലർത്താൻ മറ്റു മാർഗ്ഗമില്ല. ഇന്ത്യയിലേക്കു വരാൻ സൗകര്യപ്പെട്ടെന്നു വന്നാലും കുടുംബത്തെ പുലർത്തുക വിഷമമായിത്തീരും. അതുകൊണ്ട് ഇന്ത്യയിലേക്കുള്ള യാത്ര തൽക്കാലം ആലോച്യമായിരിക്കുന്നില്ല. അങ്ങയുടെ സഹായത്തോടെ സത്യത്തെ ഇവിടെ പ്രചരിപ്പിക്കുന്ന കാര്യത്തിൽ എനിയ്ക്കു പ്രവർത്തിക്കാനാകുമല്ലോ എന്നാണ് ഞാൻ ചിന്തിക്കുന്നത്. അങ്ങു പറയുമ്പോലെ ഇസ്ലാംമതം മാത്രമാണ് സത്യമതമെങ്കിൽ എനിയ്ക്കെന്തുകൊണ്ടു അമേരിക്കയിൽ അതിന്റെ അപ്പോസ്തലനോ പ്രചാരകനോ ആയി പ്രവർത്തിച്ചുകൂടാ?.... അങ്ങു മുഖേനയായിരിക്കാം എന്റെ രാജ്യത്തു അതു ആദ്യമായി പ്രചരിക്കാൻ പോകുന്നത്. അങ്ങു എത്രയും ആത്മാർത്ഥതയുള്ള ഒരാളാണെന്നു എനിയ്ക്കു ബോദ്ധ്യം വന്നുകഴിഞ്ഞിരിക്കുന്നു. സത്യത്തിന്റെ പ്രകാശം പരത്തുന്നതിനു ദൈവത്തിൽ നിന്നു നിദർശനം ലഭിച്ച ഒരാളാണ് അങ്ങ് എന്ന കാര്യത്തിൽ സംശയിക്കാൻ യാതൊരു പഴുതും ഞാൻ കാണുന്നില്ല. അതിനാൽ, അങ്ങയുടെ ഉപദേശങ്ങൾ കൂടുതലായി മനസ്സിലാകുന്നതിനവും അങ്ങയിൽനിന്നു ഇനിയും പലതും കേൾക്കുന്നതിനും എനിയ്ക്കു അതിയായ സന്തോഷമേ ഉള്ളൂ. എല്ലാ ഹൃദയങ്ങളെകുറിച്ചും അറിയുന്ന ദൈവം ഞാൻ ഒരു സത്യാന്വേഷിയും സത്യം എവിടെ കണ്ടെത്തിയാലും അതാശ്ലേഷിക്കാൻ സന്നദ്ധനും ഉത്സു

കനുമാണെന്നു നല്ലപോലെ അറിയുന്നവനത്രെ. ആ അനുഗ്രഹപ്രകാശത്തിലേയ്ക്കു അങ്ങു എന്നെ നയിക്കുമെങ്കിൽ അനുസരണമുള്ള ഒരു ശിഷ്യനെ അല്ല ഉൽകണ്ഠപൂണ്ട ഒരു വ്യക്തിയെ, എന്നിൽ കണ്ടെത്താൻ കഴിയും, തീർച്ച...

"അങ്ങയുടെ കത്ത് ഞാൻ എത്രയും ആദരവോടെ സൂക്ഷിയ്ക്കും. വിജ്ഞാപനങ്ങൾ വിപുലമായ പ്രചാരം സിദ്ധിക്കത്തക്കവിധം അമേരിക്കയിലെ ഏറ്റവും പ്രശസ്തമായ പത്രങ്ങളിലൊന്നിൽ പ്രസിദ്ധീകരിക്കുന്നതിനു ഞാൻ വേണ്ടതൊക്കെ ചെയ്യുന്നതാണ്. അതിന്റെ ഒരു കോപ്പി അങ്ങയ്ക്കു അയച്ചുതരികയും ചെയ്യാം. ആവശ്യമായിവരുമ്പോൾ പൊതുവായി പരസ്യപ്പെടുത്താനുള്ള മാറ്റർ ഇങ്ങോട്ടയച്ചു തന്നാൽ ഞാനതു സസന്തോഷം സ്വീകരിക്കും. ഈ രാജ്യത്ത് സത്യസന്ദേശം പരത്തുന്ന കാര്യത്തിൽ എന്റെ സേവനം ആവശ്യമായി വരുന്നപക്ഷം ഞാനതടിയറവുവെയ്ക്കാൻ സന്നദ്ധനത്രെ... മുഹമ്മദ് (സ) പ്രബോധനം ചെയ്തതു സത്യം തന്നെയാണെന്നും മോക്ഷമാർഗ്ഗമാണ് അദ്ദേഹവും കാണിച്ചുതന്നിട്ടുള്ളതെന്നും അദ്ദേഹത്തെ പിന്തുടരുന്നവർ നിത്യരക്ഷ കൈവരിക്കുമെന്നും എനിയ്ക്കു പൂർണ്ണബോദ്ധ്യം വന്നുകഴിഞ്ഞിരിക്കുന്നു. ദൈവനാമം സ്തുതിക്കപ്പെടട്ടെ. അങ്ങു മേലിലും എഴുത്തയക്കുമെന്നും, നമുക്കന്യോന്യം നേരിട്ടു കാണാനൊക്കില്ലെങ്കിലും ഏതാകിലുമൊരുനാളിൽ നാമിരുവരും ആത്മീയനിലയിലെങ്കിലും കണ്ടുമുട്ടാനിടയാകുമെന്നും ഞാൻ ആശിക്കുന്നു. അങ്ങയിലും അങ്ങയുടെ മധുരോക്തികൾ ശ്രവിക്കുന്നവരിലും ദൈവം അനുഗ്രഹം ചൊരിയട്ടെ. അങ്ങയുടെ എല്ലാ ആദീപ്സിതങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും സാക്ഷാത്ക്കരിക്കപ്പെടുമാറാകയും ചെയ്യട്ടെ." (ശഹ്നയെ ഹക്ക്).

മി. വെബ്ബ് ഇസ്‌ലാംമതം സ്വീകരിച്ച വിവരം ഇന്ത്യയിൽ വലിയ ഒച്ചപ്പാടുണ്ടാക്കി. ബോംബെയിലെ ഒരു മേമൻ വർത്തക പ്രമാണിയും ആവേശമുള്ള ഒരു ഇസ്‌ലാംമത സേവകനുമായ അൽഹാജ് അബ്ദുല്ലാഹ് അറബ് സാഹിബ് ഈ വിവരം അറിഞ്ഞതോടെ മി.വെബ്ബുമായി സമ്പർക്കം പുലർത്തിത്തുടങ്ങി. അമേരിക്കയിൽ ഇസ്‌ലാംമത പ്രചാരണം സംബന്ധിച്ച കാര്യങ്ങൾ ചർച്ചചെയ്യുന്നതിനു മനിലയിൽ വന്നു തന്നെ കാണുന്നതു കൊള്ളാമെന്നു മി.വെബ്ബ് അദ്ദേഹത്തിന്നു എഴുതി. അബ്ദുല്ലാഹ് അറബ് സാഹിബ് തന്റെ ഗുരുവും ഒരു മഹാഭക്തനുമായ ഹദ്റത്ത് പീർ സയ്യിദ് അശ്ഹദുദ്ദീൻ സാഹിബ് ജാണ്ടെവാലെയെ സന്ദർശിച്ചു അഭിപ്രായമാരാഞ്ഞു. ഈ യാത്ര അനുഗ്രഹപൂർണ്ണായിരിക്കുമെന്നു ഗുരു ഉപദേശിക്കുകയാൽ, ഒരു യൂറേഷ്യനെ സഹായത്തിനുകൂട്ടി അബ്ദുല്ലാ അറബ് സാഹിബ് മനിലയിലേയ്ക്കു പുറപ്പെട്ടു. മി.വെബ്ബ് ഉദ്യോഗം രാജിവെക്കുവാനും ഇസ്‌ലാംമത പ്രചാരണാർത്ഥം ഒരു പത്രം നടത്തുന്നതിനു ആവശ്യമായ ധനം അബ്ദുല്ലാഹ് അറബ് സാഹിബ് പിരിച്ചുണ്ടാക്കാനും അവരിരുവരും കൂടി തീർച്ചപ്പെടുത്തി. അറബ് സാഹിബ് ഇന്ത്യയിൽ മടങ്ങിയെത്തിയശേഷം, അന്നു ഇന്ത്യയിൽ പേരെടുത്ത മതപ്രാസംഗികനും

വാഗ്മിയും ഇംഗ്ലീഷു ഭാഷാഭിജ്ഞനുമായ മൗലാനാ ഹസൻ അലി സാഹിബിന്റെ സഹായത്തോടുകൂടി നവാബ് മുഹ്സിനുൽ മുൽക്കിന്റെ അദ്ധ്യക്ഷതയിൽ ഹൈദ്രബാദിൽ വമ്പിച്ച ഒരു യോഗം സംഘടിപ്പിക്കുകയും* അവിടെവച്ചു 6000ക പിരിച്ചെടുക്കുകയും ചെയ്തു. ആവശ്യമായ ധനം ഒരുമിച്ചു കൂട്ടുന്നതിനു മുമ്പായി ഉദ്യോഗം രാജിവെക്കാൻ മി.വെബ്ബിനോടാവശ്യപ്പെടരുതെന്നു (മൗലാനാ ഹസൻ അലി സാഹിബ് അഭിപ്രായപ്പെട്ടുവെങ്കിലും അന്നത്തെ ആവേശത്തള്ളിച്ചയിൽ ആ അഭിപ്രായം വിലപ്പോയില്ല. മി.വെബ്ബ് ഉദ്യോഗം രാജിവെച്ചു മനിലയിൽ നിന്നു ഇന്ത്യയിൽ വന്നെത്തി. മൗലാനാ ഹസൻ അലി സാഹിബ് മി.വെബ്ബിനോടൊപ്പം ഹൈദ്രാബാദ്, പൂന, ബോംബെ, മദ്രാസ്, റങ്കൂൺ തുടങ്ങിയ സ്ഥലങ്ങളിൽ പര്യടനം നടത്തി. തനിയ്ക്കു ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയെ കാണണമെന്നും അദ്ദേഹത്തോടു തനിയ്ക്കു-വലിയ കടപ്പാടുണ്ടെന്നും അദ്ദേഹം മുഖേനയാണ് താൻ ഇസ്ലാം മതം സ്വീകരിച്ചിട്ടുള്ളതെന്നും മി.വെബ്ബ് ഹൈദ്രാബാദിൽവച്ചു മൗലാനാ ഹസനലി സാഹിബിനോടു പറയുകയുണ്ടായി. ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) മസീഹ് വാദം പുറപ്പെടുവിച്ചതിനെ തുടർന്നു 'കുഫ്റ് ഫത്വ'യുടെ ഭയങ്കരമായ ബഹളം നടന്നുകൊണ്ടിരുന്ന കാലമായിരുന്നു അത്. ഹദ്റത്ത് അഹ്മദിനെപറ്റി താൻ കേട്ടറിഞ്ഞ സംഗതികൾ മൗലാനാ ഹസനലി സാഹിബ് മി.വെബ്ബിനെ ധരിപ്പിച്ചു. മി.വെബ്ബ് ഉടൻ ഹദ്റത്ത് അഹ്മദിനു ഒരു കത്തയച്ചു. അതിനു എട്ടു പുറങ്ങളിലായി സമാധാനം ദീർഘിച്ച ഒരു മറുപടിയും ലഭിച്ചു. മറുപടിയിൽ, തന്റെ മസീഹ്വാദം പ്രമാണസഹിതം വിവരിക്കുകയും ഉലമാക്കളുടെ ശത്രുതയും ബഹുജനങ്ങളുടെ രോഷപ്രകടനങ്ങളും സംബന്ധിച്ചു പ്രസ്താവിക്കുകയും മി.വെബ്ബിനെ കാണാനുള്ള ആശ പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. കത്തു വായിച്ചശേഷം മി.വെബ്ബും ഹാജി അബ്ദുല്ലാ അറബ് സാഹിബും മൗലാനാ ഹസനലി സാഹിബും ചേർന്നു കൂടിയാലോചനകൾ നടത്തി. പണം പിരിക്കുവാനുള്ള ശ്രമാവഹമായ പ്രവൃത്തികളിലേർപ്പെട്ടിരിക്കുന്ന അവസരത്തിൽ ഉലമാക്കൻമാരുടെ 'കുഫ്റ് ഫത്വ'യ്ക്കും ബഹുജനങ്ങളുടെ കഠിനമായ എതിർപ്പിന്നും ലക്ഷീഭവിച്ച 'കുപ്രസിദ്ധനായ' ഒരു വ്യക്തിയെ സമീപിക്കുന്നതു ഒട്ടും അഭിലഷണീയമായിരിക്കില്ലെന്നും അതു തങ്ങളുടെ 'ഇശാഅത്ത്' പദ്ധതിയ്ക്കു വമ്പിച്ച അടിയേൽപ്പിക്കുമെന്നും ആണ് അവരിരുവരും മി.വെബ്ബിനെ ഉപദേശിച്ചത്. മി.വെബ്ബ് തികച്ചും നിസ്സഹായനായിരുന്നു. ഖാദിയാനിൽ പോകാനും ഹദ്റത്ത് അഹ്മദിനെ കാണാനും ഉള്ള ആഗ്രഹം മി.വെബ്ബ് കയ്യൊഴിച്ചു. അദ്ദേഹം ലാഹോറിലോളം യാത്ര ചെയ്തെങ്കിലും ഹദ്റത്ത് അഹ്മദിനെ കാണുവാനുള്ള ഭാഗ്യം സിദ്ധിച്ചില്ല. വിവിധനഗരങ്ങളിൽ

* ഈ യോഗത്തിൽ നവാബ് മുഹ്സിനുൽ മുൽക്ക് ചെയ്ത അദ്ധ്യക്ഷ പ്രസംഗത്തിൽ അൽഹാജ് അബ്ദുല്ലാഹ് അറബ് സാഹിബിനെയും, മൗലാനാ ഹസനലി സാഹിബിനെയും മുക്തകണ്ഠം സ്തുതിക്കുകയും മി.വെബ്ബിനെ 'ദൈവത്തിന്റെ ആൾ'എന്നു വിശേഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്. (Vide propaation of islam- Nawab Muhsinul Mulkm published by the Mohammadan Tract£ - Book Depot ,punjab-1893)

പര്യടനം ചെയ്തശേഷം അദ്ദേഹം അമേരിക്കയിലേക്ക് യാത്രതിരിക്കുകയും അവിടെ തന്റെ തബ്ലീഗ് വേല ആരംഭിക്കുകയും ചെയ്തു. എന്നാൽ, ദൈവത്തിന്റെ ഒരു സത്യദാസന്റെ സഹായഹസ്തവും ആശീർവ്വാദങ്ങളും തട്ടിമാറ്റിക്കൊണ്ടുള്ള ഒരു പ്രവർത്തനമുണ്ടോ അനുഗൃഹീതമായിത്തീരുന്നു? ധനപരമായ സഹായവാഗ്ദാനങ്ങൾ ചെയ്തവരെല്ലാം പിന്തിരിഞ്ഞുകളകയും മി.വെബ്ബ് തന്റെ ഉദ്ദേശ്യത്തിൽ പരാജയമടയുകയും ചെയ്തുവെന്നു പറഞ്ഞാൽ മതിയല്ലോ. മി.വെബ്ബിനു അത്യധികമായ മനോവേദന ഉണ്ടായി. അപ്പോൾ അദ്ദേഹത്തിനു ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെകുറിച്ചു വീണ്ടും ഓർമ്മവന്നു. ഹദ്റത്ത് അഹ്മദിന്റെ ഒരു ഭക്തശിഷ്യനായ ഡോ.മുഹ്ത്തി മുഹമ്മദ് സാദിഖ് സാഹിബിനു മി.വെബ്ബ് അയച്ച കത്തിൽ ഈ സംഗതിയിൽ അതിയായ പശ്ചാത്താപം പ്രകടിപ്പിക്കുകയുണ്ടായി. അദ്ദേഹം ഇപ്രകാരം എഴുതി. "ഞാൻ ഇന്ത്യയിൽ പോയപ്പോൾ മുസ്ലിം സഹോദരങ്ങൾ എന്നെ എല്ലാ പ്രകാരത്തിലും സഹായിക്കുമെന്നു ഞാൻ ഉറപ്പിച്ചിരുന്നു. എന്നാൽ, ഇവിടെ ക്രിസ്ത്യാനികളുടെ എതിർപ്പുകളെപ്പറ്റിയുള്ള വിവരം ഇന്ത്യയിൽ അറിഞ്ഞു തുടങ്ങിയപ്പോഴേയ്ക്കും അവിടത്തെ 'ഈമാനില്ലാത്ത' മുസ്ലിംകൾ എന്റെ എതിരാളികളായി ചമഞ്ഞു. പല പ്രകാരത്തിലും എനിക്ക് ക്ലേശങ്ങളുണ്ടാക്കാൻ അവർ ശ്രമിച്ചു. എന്നോടു ചെയ്ത വാഗ്ദാനങ്ങളെല്ലാം അവർ മറന്നുകളഞ്ഞു. എന്നാൽ, അവർ എന്തിനാണിങ്ങനെയൊക്കെ ചെയ്തതെന്നു എനിയ്ക്കിപ്പോൾ വ്യക്തമായി മനസ്സിലായിരിക്കുന്നു. അവരുടെ മതപരമായ അറിവ് തികച്ചും ബാഹ്യമാത്രമാണ്. അവർ എന്നോടു വിശ്വസ്തത പാലിച്ചിരുന്നെങ്കിൽ, ഞാനെത്ര പാടുപെട്ടാലും അവരുടെ മനസ്സിൽ കോലപ്പെട്ട ഇസ്ലാമിന്റെ ഒരു വികൃത രൂപം മാത്രമേ ഇവിടെയും വേരുന്നുമായിരുന്നുള്ളൂ" (താരീഖെ അഹ്മദിയ്യത്ത്, ജി.3,പേ.152.)

ഇതിനുശേഷം മി.വെബ്ബ് മരിക്കുന്നതുവരെയും ഹദ്റത്ത് അഹ്മദുമായും ഖാദിയാനുമായും ബന്ധം പുലർത്തിക്കൊണ്ടിരുന്നു. അദ്ദേഹം മുഖേന മറ്റുപലരും ഇസ്ലാംമതം സ്വീകരിക്കുകയുമുണ്ടായി. 1904ൽ ഇസ്ലാം മതമാശ്ലേഷിച്ച മി.അണ്ടേർസന്നു ഹദ്റത്ത് അഹ്മദ്(അ) തന്നെയാണ് അഹ്മദ് എന്ന ഇസ്ലാമിക നാമം നൽകിയത്. ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ചരമം പ്രാപിച്ചപ്പോൾ ആ ദിവ്യാത്മാവിനെ സ്തുതിച്ചും തന്റെ വിശ്വാസ ഭക്തികൾ പ്രകടിപ്പിച്ചുംകൊണ്ടു മി.മുഹമ്മദ് അലക്സാണ്ടർ റസ്സൽ വെബ്ബ് കത്തയക്കുകയുമുണ്ടായിട്ടുണ്ട്.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയും മി.അലക്സാണ്ടർ റസ്സൽ വെബ്ബും തമ്മിൽ കണ്ടുമുട്ടുന്നതിനു തടസ്സമായി വർത്തിക്കുകയും ഹദ്റത്ത് അഹ്മദിനെപ്പറ്റി മി.വെബ്ബിനോടു ദുരഭിപ്രായം പറയുകയും ചെയ്തതു അൽഹാജ് അബ്ദുല്ലാഹ് അറബ് സാഹിബും മൗലാനാ ഹസൻ അലി സാഹിബും ആണെന്നു പറഞ്ഞുവല്ലോ. എന്നാൽ കാലത്തിന്റെ ഇമാമിൽ നിന്നു ആദ്യത്തെ അമേരിക്കൻ മുസ്ലിമിനെ ദൂരപ്പെടുത്താൻ ശ്രമിച്ച ഇവരിരുവരും പിന്നീടു ഹദ്റത്ത് അഹ്മദിന്റെ ഭക്തശിഷ്യൻമാരായി മാറു

കയും ആ ദിവ്യ പുരുഷന്റെ ആഗ്രഹനിവൃത്തിയ്ക്കായി ജീവിതം സർവ്വ സ്വവും ബലികഴിപ്പാൻ തയ്യാറുള്ള അനുഗൃഹീതസഹചാരി വൃന്ദത്തിൽ ഉൾപ്പെടുകയും ചെയ്തു വെന്നതു ദൈവികമായ ഒരു ലീലാവിലാസമ ല്ലാതെ മറ്റെന്തായിരിക്കും?

18- ക്രിസ്ത്യൻ നേതാക്കൾ അമ്പരക്കുന്നു

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ വർദ്ധിച്ചുവന്ന പ്രശസ്തിയും പ്രഭാവവും ഇസ്ലാമിന്റെ പേരിൽ അദ്ദേഹം നടത്തിക്കൊണ്ടിരുന്ന പോരാട്ടവും ക്രൈസ്തവ പാതിരിമാരിൽ അമ്പരപ്പുളവാക്കാതിരുന്നില്ല. പ്രവചനങ്ങൾ കണിശമായും പൂർത്തിയായിക്കണ്ടപ്പോൾ അവർ വിസ്മയസ്തിമിതരായി. ഇസ്ലാമിന്റെ സത്യത്തിലേയ്ക്കു അത്ഭുതാടയാളങ്ങളും ദിവ്യ ദൃഷ്ടാന്തങ്ങളും കാണിക്കാമെന്നുള്ള വീരവാദങ്ങൾ അവഗണിക്കപ്പെടാവുന്നവയല്ലെന്നു അവർക്കു ബോധ്യപ്പെട്ടു തുടങ്ങിയിരുന്നു. 'ബറാഹീൻ അഹ്മദിയ്യ'യും 'സുർമച്ശ്മെ ആര്യ'യും ഹദ്റത്ത് അഹ്മദിന്റെ അത്യഗാധമായ ആദ്ധ്യാത്മിക വിജ്ഞാനത്തിന്റെയും അസാമാന്യമായ തർക്കശാസ്ത്രമർമ്മജ്ഞതയുടെയും അനിഷേധ്യങ്ങളായ സാക്ഷ്യമുദ്രകളാണെന്നു ക്രൈസ്തവനേതാക്കൾ മനസ്സിലാക്കാതിരുന്നില്ല. റവ:ഇമാദുദ്ദീൻ, റവ:ഠാക്കർദാസ്, റവ: അബ്ദുല്ലാ ആഥിം തുടങ്ങിയ പാതിരിമുഖ്യൻമാർ ഹദ്റത്ത് അഹ്മദിനെ കുറിച്ചു പലപ്പോഴായി 'നൂറഫ്ശാൻ' പത്രം മുഖേന ക്രിസ്താനികളെ താക്കീത് ചെയ്തുകൊണ്ടിരുന്നുവെങ്കിലും അദ്ദേഹത്തിന് വലിയ പ്രസിദ്ധി നൽകാതിരിപ്പാൻ അവർ ശ്രദ്ധിച്ചിരുന്നു. എന്നാൽ, 1887 ജനുവരി മുതൽ ഏപ്രിൽവരെയുള്ള ലക്കങ്ങളിൽ തുടർച്ചയായി ഹദ്റത്ത് അഹ്മദിനെതിരായുള്ള ലേഖനങ്ങൾ അവർ പ്രസിദ്ധം ചെയ്യാൻ തയ്യാറായി. ക്രിസ്തീയ ഹൃദയങ്ങളിൽ ആ മഹാത്മാവിനെതിരായി പകയും വിദ്വേഷവും നിറയ്ക്കുന്നതിനാണ് ഇത് കാരണമായത്.

1888മെയ് മാസത്തിൽ ഹദ്റത്ത് അഹ്മദ്(അ) തന്റെ പുത്രൻ ബശീറിന്റെ ചികിൽസാർത്ഥം ബട്ടാലയിൽ താമസിക്കുകയായിരുന്നപ്പോൾ, ഫതഹ് മസീഹ് എന്നു പേരായ ഒരു ക്രിസ്തീയ മിഷണറി അദ്ദേഹത്തിന്റെ അടുക്കൽ വരികയുണ്ടായി. ഹിന്ദുക്കളും മുസ്ലിംകളുമായ പ്രമാണിമാരടക്കം അമ്പതിലധികം പേരുണ്ടായിരുന്ന ഒരു സദസ്സിൽവെച്ച് തന്റെ പ്രാർത്ഥനകളും ദൈവം സ്വീകരിക്കുന്നുവെന്നും ഭവിഷ്യൽകാര്യങ്ങൾ അറിയിച്ചുകൊണ്ടുള്ള വെളിപാടുകൾ തനിക്കും ഉണ്ടാകാറുണ്ടെന്നും ഹദ്റത്ത് അഹ്മദിന്റെപോലുള്ള വാദങ്ങൾ താനും ഉന്നയിക്കുന്നുവെന്നും അയാൾ പ്രസ്താവിച്ചു. ഈ വിഷയത്തിൽ താനുമായി ഒരാത്മീയ പോര് നടത്താൻ ഫതഹ് മസീഹ് ഹദ്റത്ത് അഹ്മദിനെ ആഹ്വാനം ചെയ്തു.

റവ. വീറ്റ് ബ്രച്ച് സ്റ്റാൾടൻ
പി എച്ച് ഡി ഡി ഡി

റവ. പാതിരി ഫതഹ് മസീഹ്

ലുധിയാനയിൽ നിന്നും പുറപ്പെടുന്ന "നൂറഫ്ശാൻ" എന്ന പത്രത്തിൽ ഇരുവരുടെയും പ്രവചനങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നുള്ള ഒരു നിർദ്ദേശവും അയാൾ ഉന്നയിക്കുകയുണ്ടായി.

ഫതഹ്മസീഹിന്റെ നിർദ്ദേശം ഹദ്റത്ത് അഹ്മദുൽ ഖാദിയാനി നിരുപാധികം സ്വീകരിച്ചു. 1888 മെയ് 21-ാം തിയതി തിങ്കളാഴ്ച രാവിലെ പത്തു മണിക്ക് ഒരു സദസ്സിൽവെച്ച് ഇരുവരും തങ്ങളുടെ പ്രവചനങ്ങൾ വെളിപ്പെടുത്തേണ്ടതാണെന്ന് നിശ്ചയിക്കുകയും ചെയ്തു. നിശ്ചയമുണ്ടാക്കിയ അന്നുതന്നെ ഈ വിവരം ഹദ്റത്ത് അഹ്മദ് (അ) ഒരു നോട്ടീസ് മൂലം വിളബരപ്പെടുത്തുകയും, ഇസ്ലാമും ക്രിസ്തുമതവും തമ്മിലുള്ള ഈ മഹത്തായ ആത്മീയ പോരാട്ടത്തിന് സാക്ഷ്യം വഹിക്കാൻ സത്യാന്വേഷികളെ ക്ഷണിക്കുകയും ചെയ്കയുണ്ടായി. അദ്ദേഹം പ്രസ്തുത വിജ്ഞാപനത്തിൽ ഇപ്രകാരം പറഞ്ഞു. "ഫതഹ്മസീഹ് വാഗ്ദത്തുപ്രകാരം ബട്ടാലയിലുള്ള ഞങ്ങളുടെ പാർപ്പിടത്തിൽ വന്നുചേരുകയും കഴിഞ്ഞ പതിനെട്ടു നൂറ്റാണ്ടുകാലം ക്രിസ്ത്യാനികളിൽ നിന്ന് അവർ വഴിപിഴക്കുക കാരണം വിനഷ്ടമായി ഭവിച്ച പരിശുദ്ധാത്മാവിന്റെ അനുഗ്രഹശക്തി പുതുക്കി കാണിക്കുകയും അങ്ങനെ അവരുടെ ആ പ്രവചനങ്ങളുടെ സത്യം സമയത്തിന് വെളിപ്പെടുകയും ചെയ്യുകയാണെങ്കിൽ, തങ്ങളുടെ മതത്തിന്റെ സത്യതയിൽ അവർക്ക് നിശ്ചയമായും ന്യായപൂർത്തി അവകാശപ്പെടാം. എന്തെന്നാൽ, അത്തരം മഹത്തായ ഒരു സമരരംഗത്ത് വച്ച് ദൈവം അവരെ തുണയ്ക്കുകയും മുസ്ലിംകളെ സഹായിക്കാതിരിക്കുകയും ചെയ്തുവല്ലോ. എന്നാൽ, ഈ രംഗത്ത് വെച്ച്, ശത്രുക്കൾക്ക് പരാജയവും ഞങ്ങൾക്ക് വിജയവുമാണ് സംഭവിക്കുന്നതെങ്കിലോ ദൈവം മുസ്ലിംകളുടെ ഭാഗത്താണെന്നുള്ളത് സുസ്ഥാപിതമായിത്തീരുമെന്ന് തീർച്ചയാണ്" (തബ്ലീഗെ രിസാല ജി.1.ഭാ.104,105)

മഹത്തായ ഈ ആത്മീയസമരത്തിന് സാക്ഷ്യം വഹിക്കാനും അഹ്മദുൽ ഖാദിയാനിയുടെയും പാതിരി ഫതഹ് മസീഹിന്റെയും പ്രവചനങ്ങൾ കേൾക്കാനും നിശ്ചിതദിവസം ബട്ടാലയിൽ നബീബക്ഷ് എന്ന ആളുടെ ഭവനത്തിൽ ഹിന്ദുക്കളും മുസ്ലിംകളും ക്രിസ്ത്യാനികളുമായ പ്രമാണിമാരടക്കം ധാരാളം ജനങ്ങൾ തിങ്ങിക്കൂടി. ഫതഹ് മസീഹ് ഏതാനും സഹജരോടൊപ്പം പത്തു മണിക്കുശേഷം സദസ്സിൽ എത്തിച്ചേർന്നു. പ്രവചനം കേൾപ്പിക്കുന്നതിനു പകരം സദസ്സ് വിളിച്ചുകൂട്ടിയ ഉദ്ദേശ്യങ്ങളുമായി ബന്ധമില്ലാത്ത കാര്യങ്ങൾ പറഞ്ഞുതുടങ്ങുകയാണയാൾ ചെയ്തത്. ഇരു കൂട്ടരുടെയും പ്രവചനങ്ങൾ കേൾക്കാനായിട്ടാണ് തങ്ങൾ വന്നു ചേർന്നിട്ടുള്ളതെന്നും അതിനാൽ നിശ്ചയപ്രകാരം പ്രവചനം പറയാനൊരുങ്ങുകയാണ് വേണ്ടതെന്നും ഒരു ഹിന്ദു മാന്യൻ എഴുന്നേറ്റു പറഞ്ഞു. ഫതഹ് മസീഹ് ഒഴിഞ്ഞുമാറാൻ പ്രയാസപ്പെടുകയായിരുന്നു. തനിക്ക് വെളിപാടുകളുണ്ടാകാറുണ്ടെന്നും താനും പ്രവചനം ചെയ്യുന്നതാണെന്നുമുള്ള വാദം അയാൾ ഉന്നയിച്ചിട്ടുണ്ടെന്ന് മുൻഷി മുഹമ്മദ് ബക്ഷ് സാക്ഷ്യം പറഞ്ഞു. താൻ അപ്രകാരം ഒരു ബാദ്ധ്യത ഏറ്റിട്ടുണ്ടെന്ന

കാര്യം ഫതഹ് മസീഹ് ബട്ടാല ഡിസ്ട്രിക്റ്റിലെ യൂറോപ്യൻ മിഷണറിയായ റവ:ഹെർബർട്ട് ഉഡ്നി വീറ്റ് ബ്രെച്ച് സ്റ്റാൻടൻ പി.എച്ച്.ഡി.ഡി.ഡിയെ എഴുത്തു മുഖേന അറിയിക്കുകയുണ്ടായിട്ടുണ്ടെന്ന വിവരവും പ്രസ്തുത യോഗത്തിൽ വെളിക്കു വന്നു. എന്നാൽ എല്ലാവരെയും ആശ്ചര്യപ്പെടുത്തികൊണ്ട് ഇതിന് മറുപടിയായി ഫതഹ്മസീഹ് പറഞ്ഞത് ഇപ്രകാരമായിരുന്നു: "എനിക്ക് വെളിപാടുണ്ടാകാറുണ്ടെന്ന വാദമേയില്ല. ഞാനത് വെറുതെ പറഞ്ഞതാണ്. എതിരാളിയുടെ വാദം കള്ളമാണെന്ന് എനിക്ക് പൂർണ്ണവിശ്വാസമുണ്ട്. തത്തുല്യമായ ഒരു വാദം ചുമ്മാ ഞാനും പറഞ്ഞെന്നേയുള്ളൂ." ഇതു കേട്ടപ്പോൾ സദസ്സ്യർ ആകമാനം പാദ്രി ഫതഹ്മസീഹിനെ കഠിനമായി വിമർശിച്ചു തുടങ്ങി. ബട്ടാലയിലെ ഒരു പ്രമാണിയായ റായ് വിശ്വംഭരദാസും വക്കീലൻമാരായ ബാബു ഗുരുദത്ത് സിംഗ്, മുൻഷി മുഹമ്മദ് ബക്ഷ് എന്നിവരും പാദ്രിഫതഹ് മസീഹിനെ പരസ്യമായി കുറ്റപ്പെടുത്തുകയും അയാൾ വ്യക്തമായ കാപട്യവും വഞ്ചനയും പ്രവർത്തിച്ചിരിക്കയാണെന്ന് തുറന്ന് പറയുകയുമുണ്ടായി. പാതിരി ഫതഹ് മസീഹ് അങ്ങേയറ്റം അപമാനിതനായ നിലയിൽ സദസ്സിൽനിന്ന് അപ്രത്യക്ഷനാകുകയും സഭ പിരിയുകയും ചെയ്തു.

1888 മെയ് 24-ാം തിയതി ഹദ്റത്ത് അഹ്മദ് (അ) ഒരു ലഘുലേഖ (ശംസുൽ ഹിന്ദ് പ്രസ്സ്, ഗുർദാസ്പൂർ) പ്രസിദ്ധപ്പെടുത്തി. റംസാൻ മാസം അവസാനിക്കുന്നതുവരെ താൻ ബട്ടാലയിൽതന്നെ ഉണ്ടായിരിക്കുന്നതാണെന്നും താനുമായി പ്രവചനപരമായ ആത്മീയ സമരത്തിന് ആഗ്രഹിക്കുന്ന ഏതൊരു യൂറോപ്യൻ ക്രിസ്ത്യാനിയും സഹർഷം സ്വാഗതം ചെയ്യപ്പെടുന്നതാണെന്നും പ്രഖ്യാപിച്ചുകൊണ്ടുള്ളതായിരുന്നു അത്. ബട്ടാലയിലെ ക്രിസ്തീയ മിഷന്റെ ചാർജ്ജ് വഹിക്കുന്ന റവ:എച്ച്. യു. വീറ്റ് ബ്രെച്ച് സ്റ്റാൻടന്റെ പേരെടുത്തു പറഞ്ഞുകൊണ്ട് ഈ ദിവ്യസമരത്തിനായി ആഹ്വാനം ചെയ്യുകയുമുണ്ടായി. ക്രിസ്ത്യാനികൾക്ക് അപ്രകാരമുള്ള ആത്മീയശക്തികൾ കാണിക്കാൻ കഴിവില്ലെന്ന് റവ:സ്റ്റാൻടൻ ഏറ്റുപറയുകയാണെങ്കിൽ താൻ ഇസ്ലാമിന്റെ സത്യദൃഷ്ടാന്തമായി ഏകപക്ഷീയമായ പ്രവചനം പ്രസിദ്ധം ചെയ്യാൻ തയ്യാറാണ്. ആ പ്രവചനം എത്രയും അസാധാരണതരത്തിലുള്ളതായിരിക്കുകയും ചെയ്യും. താനിതിൽ പരാജയപ്പെടുന്ന പക്ഷം ക്രിസ്തീയ മിഷണറിയുടെ വിലയേറിയ സമയം പാഴാക്കിയെന്ന കുറ്റത്തിന് 200ക. പിഴയെന്നോണം നല്കുന്നതുമായിരിക്കും. എന്നാൽ ഒരു കാര്യം അനുപേക്ഷണീയമാണ്. പ്രവചനം പ്രകൃത്യതീതമായ തരത്തിലുള്ളതാണെന്ന് റവ: സ്റ്റാൻടന് ബോദ്ധ്യം വരുന്ന പക്ഷം, അതു പൂർത്തിയായാൽ താൻ ഇസ്ലാം മതമാശ്ലേഷിക്കുന്നതാണെന്ന് വ്യക്തമായി പ്രഖ്യാപിച്ചുകൊണ്ട് 'നൂറഫ്ശാൻ' പത്രത്തിൽ പരസ്യം ചെയ്യേണ്ടതാണ്. എന്നാൽ, ക്രിസ്തീയ നേതാക്കൾക്കുണ്ടോ സത്യാഭിമുഖമായ ഇത്തരം പോരാട്ടത്തിന് സന്നദ്ധരാകാൻ മാത്രമുള്ള ആർജ്ജവവും ആത്മവിശ്വാസവും? റവ:ഉഡ്നി വീറ്റ് ബ്രെച്ച് സ്റ്റാൻടൻ പി.എച്ച്. ഡി.ഡി.

ഡി. ബട്ടാലയിൽനിന്ന് തിരക്കിട്ട് സിംലയിലേക്ക് പോയ്ക്കളഞ്ഞു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ!

ഹദ്റത്ത് അഹ്മദിന്റെ ശിഷ്യനായ അബ്ദുല്ലാഹ് സാഹിബ് സനൗരി(റ) ഒരു സത്യാന്വേഷി എന്ന നിലയിൽ റവ:സ്റ്റാൻടനെ സമീപിച്ച് ഒരു ദിവ്യപരീക്ഷണത്തിന് ഒരുങ്ങാൻ പ്രേരിപ്പിക്കുകയുണ്ടായെങ്കിലും ആശ്രമവും വിഫലമാവുകയാണുണ്ടായത്.

1888 ജൂൺ 7ന് 'നൂറഫ്ശാൻ' പത്രം മുഖേന പാതിരി ഫതഹ് മസീഹ് വീണ്ടും മറ്റൊരു നിർദ്ദേശവുമായി രംഗത്തു വന്നു. സത്യ പരീക്ഷണത്തിന് വിളിച്ചുകൂട്ടുന്ന ഒരു പൊതുയോഗത്തിൽവെച്ച് നാലു ചോദ്യങ്ങൾ ഒരു കടലാസ്സിലെഴുതി കവറിലിട്ട് ഒട്ടിച്ച് മുദ്രവെച്ച് അവിടെ സന്നിഹിതനാകുന്ന ഒരു മൂന്നാം കക്ഷിയുടെ കയ്യിൽ നല്കുന്നതായിരിക്കുമെന്നും ആ കടലാസ്സിലെഴുതിയതെന്താണെന്ന് സദസ്സിൽവെച്ച് വെളിപ്പെടുത്താൻ തന്റെ എതിരാളിക്ക് സാധിക്കണമെന്നുമത്രേ അയാൾ ഉന്നയിച്ച പുതിയ നിർദ്ദേശം!

1888 ജൂൺ 9-ാം തീയതി പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ (രിയാസ് ഹിന്ദ് പ്രസ്സ് അമൃത്സർ) താൻ ഈ നിർദ്ദേശം സ്വീകരിച്ചിരിക്കുന്നുവെന്ന് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) പ്രഖ്യാപിച്ചു.* എന്നാൽ തന്നോട് വിശ്വാസവഞ്ചന കാണിച്ച പാതിരി ഫതഹ് മസീഹുമായി യാതൊരിടപാടും ഉണ്ടാകുന്നതല്ല. റവ:സ്റ്റാൻടൻ തന്നെ മുമ്പോട്ടു വരേണ്ടതാണെന്നു ഹദ്റത്ത്അഹ്മദ് ആവശ്യപ്പെട്ടു. അദ്ദേഹം ഈ പരീക്ഷണത്തിന് തയ്യാറാകുമെങ്കിൽ പത്ത് ആഴ്ചകൾക്കുള്ളിൽ താൻ ആ ഗുപ്ത ലിഖിതം വെളിപ്പെടുത്തുന്നതായിരിക്കുമെന്ന് ആ ദിവ്യാത്മാവ് ഉറപ്പ് നൽകി. പക്ഷേ, ഒരുപാധിയുണ്ട്: ഉള്ളടക്കം വെളിപ്പെടുത്തുന്നതിൽ താൻ വിജയിക്കുകയാണെങ്കിൽ, റവ:സ്റ്റാൻടൻ ഇസ്ലാം മതമാശ്ലേഷിച്ചുകൊണ്ട് അതിനെ സാക്ഷീകരിക്കുന്നതാണെന്ന് കരാർ ചെയ്യണം. അതിനു തയ്യാറില്ലെങ്കിൽ, ഒരു പിഴയായി ലാഹൗറിലെ ഹിമായത്തുൽ ഇസ്ലാം സംഘത്തിന് ആയി

* ഹദ്റത്ത് അഹ്മദ് (അ) തികഞ്ഞ ആത്മവിശ്വാസത്തോടുകൂടിയാണ് ഈ നിർദ്ദേശം സ്വീകരിച്ചിരുന്നത്. ഗുപ്തലിഖിതം പ്രാർത്ഥന മുഖേന ദൈവം തനിക്ക് വെളിപ്പെടുത്തിതരുമെന്ന് അദ്ദേഹത്തിന് ദൃഢവിശ്വാസമുണ്ടായിരുന്നു. ആ വിശ്വാസം തന്റെ അനുഭവങ്ങളെ മുൻനിറുത്തിയുള്ളതുമായിരുന്നു. ഒരുദാഹരണം: ലുധിയാനയിലെ ഒരു ശിഷ്യനായിരുന്ന നവാബ് മുഹമ്മദ് അലിഖാൻ സാഹിബ് ജജ്ജർ ഒരിക്കൽ തന്റെ ചില ബുദ്ധിമുട്ടുകൾ വിവരിച്ചുകൊണ്ടും പ്രാർത്ഥിക്കാൻ അപേക്ഷിച്ചുകൊണ്ടും ഹദ്റത്ത് അഹ്മദിന് ഒരു കത്തയക്കുകയുണ്ടായി. എന്നാൽ, ആ കത്ത് തനിക്ക് കിട്ടുന്നതിനു മുമ്പായിതന്നെ, അപ്രകാരം ഒരു കത്ത് നവാബ് തനിക്കയച്ചതായി ദൈവം വെളിപ്പെടുത്തി തന്നിരിക്കയാണെന്നറിയിച്ചുകൊണ്ടും ഉള്ളടക്കം വിവരിച്ചുകൊണ്ടും പ്രാർത്ഥനയ്ക്ക് ഉത്തരമായി തനിക്ക് ലഭിച്ച ശുഭ വാർത്ത അറിയിച്ചുകൊണ്ടും ഒരു കത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബ് ജജ്ജറിന് ഹദ്റത്ത് അഹ്മദ് (അ) അങ്ങോട്ടും അയച്ചു കഴിഞ്ഞിട്ടുണ്ടായിരുന്നു. ഈ കത്ത് കിട്ടിയപ്പോൾ ആ ശിഷ്യന്റെ അത്ഭുതത്തിന് അതിരുണ്ടായിരുന്നില്ല. ആ കത്ത് ഒരു മൂല്യ സ്വത്തായി അദ്ദേഹം സൂക്ഷിച്ച് പോരുകയും അന്നു തൊട്ടേ, തന്റെ ഗുരുവര്യൻ ഒരു ദിവ്യാത്മാവ് തന്നെയാണെന്ന് സുദൃഢം വിശ്വസിച്ച് വരികയും ചെയ്തു. (തിരിയാഖുൽ ഖുലൂബ് ഭാ.78)

രം ഉറുപ്പിക നൽകുമെന്നേല്ക്കണം. എന്നാൽ, റവ:സ്റ്റാൻടൻ ഇത്തരം ഒരു ദിവ്യ പരീക്ഷണത്തിൽ കക്ഷിയാവാൻ കൂട്ടാക്കിയില്ല. ക്രിസ്തുമത ത്തിന്റെ ആത്മീയ ബലം കാണിക്കാൻ വിശ്വാസമുള്ള ഒരൊറ്റ ക്രിസ്ത്യാ നിയും മുമ്പോട്ടു വന്നില്ല! പലസ്തീൻ രാജ്യത്ത് അനേകമനേകം അത്ഭുത കൃത്യങ്ങൾ കാണിച്ച് യഹൂദപുരോഹിതൻമാരെ അമ്പരപ്പിച്ച നസറായ നായ യേശുവിന്റെ ആത്മീയപാരമ്പര്യം അവകാശപ്പെടുന്ന ഈ അത്യു ന്നത ദിവ്യശ്രീമാർക്കുണ്ടോ 'കടുകുമണിയോളം' വിശ്വാസം?

മുസ്ലിം ബഹുജനങ്ങളിലും നേതാക്കളിലും ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയോടുള്ള ഭക്തി ബഹുമാനങ്ങൾ വർദ്ധിച്ചു വർദ്ധിച്ചു വന്നു. ആ പുണ്യ പുരുഷൻ ഇസ്ലാമിന്റെ അഭിമാനസംതംഭമായി അവരോധി ക്കപ്പെട്ടു. 'റിയാസ് ഹിന്ദ്' പത്രത്തിൽ ഇപ്രകാരം റിപ്പോർട്ട് ഉണ്ടായി:

"ബട്ടാലയിൽ താമസിച്ചുവരുന്ന ഖാദിയാനിലെ മുഖ്യനും ഇസ്ലാ മിന്റെ അഭിമാഭാജനവുമായ ജനാബ്: മിർസാ ഗുലാം അഹ്മദ് സാഹിബും ഈദുൽ ഫിതറിന് ഈദ്ഗാഹിൽ സന്നിഹിതനായിരുന്നു. നാലായിര ത്തോളം ആളുകൾ അതിൽ പങ്കെടുത്തു. മിർസാ ഗുലാം അഹ്മദ് സാഹി ബിന്റെ നിർദ്ദേശപ്രകാരം മൗലവി ഖുദ്റത്തുല്ലാഹ് സാഹിബ് പെരുന്നാൾ നമസ്കാരത്തിൽ ഇമാമത്ത് വഹിച്ചു." (റിയാസ് ഹിന്ദ്, 18-6-1888)

19- പിതൃസഹോദര കുടുംബത്തിൽ ശാപശിക്ഷ

ഹദ്റത്ത് അഹ്മദിന്റെ പിതൃസഹോദര പുത്രൻമാരും അവരുമായി ബന്ധപ്പെട്ട മറ്റു കുടുംബാഗങ്ങളും പല കാരണങ്ങളാലും ആ മഹാത്മാവിന്റെ പരമവിരോധികളായി ചമഞ്ഞിരുന്നു. ഹദ്റത്ത് അഹ്മദിന്റെയും ജ്യേഷ്ഠന്റെയും എതിരിൽ അവർ സ്വത്തു സംബന്ധമായ കേസ്സുകളിലും ഏർപ്പെടുകയുണ്ടായി. ദൈവനിഷേധികളും മതവിരോധികളുമായിരുന്ന അവർ ഇസ്ലാംമതത്തിന്റെ നേരെ കടുത്ത നിന്ദയും വെറുപ്പും ആണ് പുലർത്തിയിരുന്നത്. മാത്രമല്ല, ഹദ്റത്ത് അഹ്മദിന്റെ ബദ്ധവൈരികളായ ആര്യസമാജ-ക്രൈസ്തവ ശക്തികളോടു അവർ കൂട്ടുചേരുകയും ചെയ്തിരുന്നു.

ഇസ്ലാമിന്റെ സത്യത്തിലേയ്ക്ക് ദൈവിക അടയാളങ്ങൾ കാണിക്കാമെന്നു വീരവാദം ചെയ്തുകൊണ്ടു ഹദ്റത്ത് അഹ്മദ്(അ)ഇന്ത്യയ്ക്കകത്തും പുറത്തും വിജ്ഞാപനങ്ങൾ പ്രസിദ്ധം ചെയ്തു കൊണ്ടിരുന്നപ്പോൾ സകല മതകേന്ദ്രങ്ങളിലും അത് വലിയ ഒച്ചപ്പാടുകൾ ഉണ്ടാക്കിയെങ്കിലും ആയവസരത്തിൽ ഈ പിതൃസഹോദരപുത്രൻമാർ ഇസ്ലാമിന്റെ ശത്രുക്കളോടൊപ്പം ചേർന്നു ഹദ്റത്ത് അഹ്മദിനെ പരിഹസിക്കുകയായിരുന്നു. 1885 ആഗസ്തിൽ മീർസാ ഇമാമുദ്ദീൻ ദിവ്യദൃഷ്ടാന്തം വെളിപ്പെടുത്താൻ ഹസ്രത്ത് അഹ്മദിനെ വെല്ലുവിളിച്ചുകൊണ്ടു ഒരു ലഘുലേഖ പുറപ്പെടുവിച്ചു. അമൃത്സറിലെ 'ചശ്മയെ നൂർ' പത്രത്തിൽ ആ മഹാത്മാവിനെ രൂക്ഷമായി വിമർശിച്ചുകൊണ്ടുള്ള ഒരു ലേഖനം ഈ സഹോദരൻമാരുടെ പേരിൽ പ്രസിദ്ധീകരിക്കപ്പെടുകയുമുണ്ടായി. ആര്യസമാജികളും ക്രിസ്ത്യാനികളും ഇമാമുദ്ദീൻ പ്രഭൃതികളെ ശരിക്കും ഉപയോഗപ്പെടുത്താതിരുന്നില്ല.

ഒരിക്കൽ ഹദ്റത്ത് അഹ്മദിന്റെ അടുക്കൽ ഒരാൾ ഓടിവന്നു കരഞ്ഞുകൊണ്ടറിയിച്ചു. ഇമാമുദ്ദീന്റെ വീട്ടിൽവച്ചു തിരുനബിയെ കുറിച്ച് കഠിനമായ ശകാരപദങ്ങൾ തനിയ്ക്ക് കേൾക്കേണ്ടി വന്നു വെന്നും ഇമാമുദ്ദീൻ വിശുദ്ധ ഖുർആൻ കാൽക്കലിട്ടു ചവിട്ടിയുരക്കുന്നതു താൻ സ്വന്തം കണ്ണുകൾകൊണ്ടു കണ്ടുവെന്നും. ഇതു കേട്ടമാത്രയിൽ ഹദ്റത്ത് അഹ്മദ് കഠിനമായ ഹൃദയവേദനയനുഭവിച്ചനിലയിൽ ദൈവസവിധത്തിൽ കുമ്പിട്ടുകൊണ്ടു നീണ്ട പ്രാർത്ഥനയിലേർപ്പെട്ടു. തന്റെ പിതൃസഹോദരകുടും

ബത്തെ സത്യദീനുമായി അടുപ്പിക്കുന്നതിനുതകുന്ന ഒരു ദൃഷ്ടാന്തം വെളിപ്പെടുത്തുന്നതിനുവേണ്ടി ആ ഭക്തോത്തമൻ അല്ലാഹുവോടു നിരന്തര പ്രാർത്ഥനകൾ നടത്തിക്കൊണ്ടിരുന്നു.

ദിവ്യ അടയാളങ്ങൾ കാണിക്കുന്ന കാര്യത്തിൽ ഖാദിയാനിലെ ചില ഹിന്ദു നേതാക്കളുമായി ആയിടയിൽ ഹദ്റത്ത് അഹ്മദ് (അ)ഉണ്ടാക്കിയ ഒരു കരാർപ്രകാരം, തനിയ്ക്ക് ലഭിച്ച ഒരു വെളിപാടിന്റെ അടിസ്ഥാനത്തിൽ തന്റെ പിതൃകുടുംബത്തെ സംബന്ധിച്ച ഒരു പ്രവചനം അദ്ദേഹം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു. 1885 ആഗ്സത് 5-നു മുതൽ 31 മാസം പൂർത്തിയാകുന്നതിന്നുള്ളിൽ മിർസാ ഇമാമുദ്ദീന്റെയും നിസാമുദ്ദീന്റെയും കുടുംബത്തിൽ ഭയങ്കരമായ ദു:ഖവും ഞെട്ടലും ഉണ്ടാക്കുന്ന ഒരു മരണം സംഭവിക്കുമെന്നുള്ളതായിരുന്നു ആ പ്രവചനം. നിശ്ചിത അവധിക്കുള്ളിൽ തന്നെ, 31-ാമത്തെ മാസം മിർസാ നിസാമുദ്ദീന്റെ പുത്രി നിറഞ്ഞ യൗവനത്തിൽ ഏകസന്താനത്തെയും ഉപേക്ഷിച്ചു പെട്ടെന്നു മരണപ്പെട്ടതോടെയാണ് ആ പ്രവചനം പൂർത്തിയായത്. ഖാദിയാനിലെ നിവാസികൾക്കെല്ലാം ഒരു നിറഞ്ഞ അടയാളമായിരുന്ന ഈ സംഭവം സകലരെയും ഞെട്ടിച്ചുവെങ്കിലും മീർസാ ഇമാമുദ്ദീൻ പ്രഭൃതികളെയോ അവരുടെ കുടുംബക്കാരെയോ സത്യപന്ഥാവിലേയ്ക്കാകർഷിക്കാൻ മാത്രം പ്രയോജനപ്പെട്ടില്ല.

മേൽ പ്രവചനം പൂർത്തിയാകുന്നതിനു മുമ്പായിട്ടുതന്നെ, 1886 ജനുവരി ആദ്യത്തിൽ, ഹോശിയാർപൂരിൽ വച്ചു ഹദ്റത്ത് അഹ്മദിന് ഒരു ദിവ്യ ദർശനമുണ്ടായി. ഇപ്രകാരം വെളിപാടും ലഭിച്ചു: "ഞാൻ ആ സ്ത്രീയെ കരയുന്ന നിലയിൽ കണ്ടു. ഞാൻ പറഞ്ഞു: അല്ലയോ സ്ത്രീയെ, പശ്ചാത്തപിക്കുക! പശ്ചാത്തപിക്കുക! എന്തെന്നാൽ, നിന്റെ സന്തതികളുടെ മേൽ ഒരു വിപത്ത് വരാനിരിക്കുന്നു. ഒരു വലിയ നാശം നിന്നിൽ ഇറങ്ങും. ഒരാൾ മരിക്കും. അതിനെ തുടർന്നു കുറേ നായ്ക്കൾ ശേഷിയ്ക്കു."

ഈ വെളിപാടിന്റെ അർത്ഥം ഹദ്റത്ത് അഹ്മദിനു പൂർണ്ണമായും മനസ്സിലായിരുന്നില്ല. എങ്കിലും, തന്റെ മൂത്താപ്പയുടെ ഭാര്യയും മിർസാ ഇമാമുദ്ദീന്റെയും നിസാമുദ്ദീന്റെയും അവരുടെ സഹോദരിയായ ഉമ്റുന്നിസായുടെയും മാതാവാണ് ദിവ്യദർശനത്തിൽ സംബോധന ചെയ്യപ്പെട്ട സ്ത്രീ എന്നതിനാൽ ഉമ്റുന്നിസയുടെ ഭർത്താവും തനിയ്ക്ക് മറ്റു പലനിലയിലും ബന്ധപ്പെട്ട ആളുമായ ഹോശിയാർപൂരിലെ മിർസാ അഹ്മദ്ബേഗിനെ ഈ പ്രവചനം സംബന്ധിച്ച വിവരങ്ങളെല്ലാം ആ മഹാത്മാവ് അറിയിക്കുകയുണ്ടായി.

ഈ വെളിപാടുകളെയും പ്രവചനങ്ങളെയും മിർസാ ഇമാമുദ്ദീനും കുടുംബക്കാരും തീരെ അഗണ്യമാക്കുകയാണ് ചെയ്തത്. ദൈവികശിക്ഷകളെക്കുറിച്ചുള്ള താക്കീതുകളെ തങ്ങൾ തെല്ലും ഗൗനിക്കുന്നില്ലെന്നു വരുത്താൻ അവർ ഒരുങ്ങിപ്പുറപ്പെട്ടിരുന്നു. ആയിടയിലാണ് മിർസാ ഇമാമുദ്ദീൻ ആര്യസമാജത്തിൽ ചേർന്നതായി 1886 ഫിബ്രവരി 12-ാനുത്തെ

'റിയാസെ ഹിന്ദ്' പത്രത്തിൽ ഒരു വാർത്ത പ്രത്യക്ഷപ്പെട്ടത്. ഇതു അവരുടെ ധാർഷ്ട്യബുദ്ധിയുടെ മകുടോദാഹരണമാണെന്നു പറയേണ്ടതില്ലല്ലൊ.

ഹോശിയാർപൂരിലെ 40 ദിവസത്തെ അഖണ്ഡ പ്രാർത്ഥനായജ്ഞത്തിനുശേഷം 1886 ഫിബ്രവരി 20-ാം തിയ്യതി പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ തന്റെ മൂത്താപ്പായുടെ കുടുംബത്തെപ്പറ്റി തനിയ്ക്കു ലഭിച്ച വെളിപാടുകൾ പ്രസിദ്ധം ചെയ്തകൂട്ടത്തിൽ ഇപ്രകാരവുമുണ്ടായിരുന്നു.

"നിന്റെ പിതൃസഹോദരപരമ്പരയിലെ ഓരോ ശാഖയും മുറിക്കപ്പെടും. അവർ അവിളംബം സന്താനരഹിതരായി അവസാനിക്കും. അവർ പശ്ചാത്തപിക്കുന്നില്ലെങ്കിൽ അവർ മുടിഞ്ഞു പോകുംവരെ ദൈവം അവരിൽ ആപത്തുകൾ ഇറക്കും. അവരുടെ ഭവനം വിധവമാരാൽ നിറക്കപ്പെടും. ഗൃഹഭിത്തികളിൽ കോപം ഇറങ്ങും. എന്നാൽ, അവർ മടങ്ങുകയാണെങ്കിൽ ദൈവവും കാരുണ്യപൂർവ്വം മടങ്ങും."

ഈ പശ്ചാത്തലത്തിൽ, മിർസാ ഇമാമുദ്ദീന്റെ സഹോദരീഭർത്താവും തന്റെ പിതൃസഹോദരകുടുംബത്തിലെ ഒരു പ്രധാനാംഗവുമായ മുൻപറഞ്ഞ മിർസാ അഹ്മദ് ബേഗ് ഒരു ദിവസം ഒരു കാര്യസിദ്ധിക്കായി ഹദ്റത്ത് അഹ്മദിനെ സമീപിക്കാനിടയായി. അഹ്മദ്ബേഗിന്റെ സഹോദരിയുടെ ഭർത്താവായ മിർസാ ഗുലാംഹുസൈനെപറ്റി 25 കൊല്ലക്കാലമായി യാതൊരു വിവരവുമില്ലായിരുന്നു. ഹദ്റത്ത് അഹ്മദിന്റെ മറ്റൊരു പിതൃസഹോദരനായ മിർസാ ഗുലാം ഹൈദരിന്റെ പുത്രനാണ് ഈ ഗുലാം ഹുസൈൻ. ഗുലാംഹുസൈന്റെ സ്വത്തുക്കൾക്ക് ഹദ്റത്ത് അഹ്മദും ഒരവകാശിയായിരുന്നു. മിർസാ അഹ്മദ്ബേഗ്, സ്വസഹോദരിയ്ക്ക് ആ വകയിൽ സിദ്ധിക്കുന്ന അവകാശങ്ങൾ തന്റെ പുത്രനായ മുഹമ്മദ് ബേഗിനു ദാനം നൽകാൻ സഹോദരിയെക്കൊണ്ടു സമ്മതിപ്പിച്ചു. എന്നാൽ, ആ കൈമാറ്റം സാധുവാകണമെങ്കിൽ ഹദ്റത്ത് അഹ്മദും അതംഗീകരിക്കണമായിരുന്നു. അതിനാൽ ഈ കാര്യലാഭം ഉദ്ദേശിച്ചു മിർസാ അഹ്മദ് ബേഗ്, ഹദ്റത്ത് അഹ്മദിന്റെ ആനുകൂല്യം നേടാനുള്ള പരിശ്രമത്തിലേർപ്പെടുകയാണ് ചെയ്തത്. ഹദ്റത്ത് അഹ്മദ് ഇക്കാര്യത്തിൽ എതിർപ്പൊന്നും പ്രകടിപ്പിച്ചില്ല. എന്നാൽ ദാനപത്രത്തിൽ ഒപ്പിടേണ്ട ഘട്ടം വന്നപ്പോൾ, തന്റെ സാധാരണ പതിവനുസരിച്ച് ഇക്കാര്യത്തിൽ 'ഇസ്തിഖാറ'* നടത്തേണ്ടതുണ്ടെന്നും അതിന്റെ ഫലമറിയുന്നതുവരെ കാത്തിരിക്കണമെന്നും അറിയിച്ചു. മരിച്ചു എന്നു തിട്ടമായിക്കഴിഞ്ഞിട്ടില്ലാത്ത ഒരാളുടെ സ്വത്ത്, അയാളെ കാണാനില്ലെന്ന കാരണത്താൽ കൈകാര്യം ചെയ്യപ്പെടുമ്പോൾ തന്റെ ഭാഗത്ത് നിന്ന് ഒരു വിധത്തിലും തെറ്റായ നീക്കം ഉണ്ടാവരുതെന്ന ഉൽക്കണ്ഠയാണ് ആ ദൈവഭക്തനെ ഇതിനു പ്രേരിപ്പിച്ചതെന്നു പ്രസ്താവ്യമാണ്.

'ഇസ്തിഖാറ'യുടെ ഫലം മിർസാ അഹ്മദ്ബേഗിനെ സംബന്ധിച്ചേടത്തോളം നിരാശാജനകമായിരുന്നു. ഒരു വൈവാഹിക ബന്ധത്തിലൂടെ പിതൃകുടുംബക്കാർ താനുമായി ഐക്യം സ്ഥാപിക്കാൻ തയ്യാറാകുകയും

*ദൈവഹിതം അറിയാനുള്ള പ്രത്യേക പ്രാർത്ഥന- ഗ്ര

അതുവഴി കുടുംബത്തിൽ ഒരു ആത്മീയ പരിവർത്തനത്തിന് വഴിയൊരുക്കുകയും ചെയ്യണമെന്ന ഒരു നിർദ്ദേശം ഉന്നയിക്കണമെന്നും ഇപ്രകാരം ഭൗതികവും ആത്മീയവുമായ സുദൃഢബന്ധത്തിലേയ്ക്ക് കടന്നുവരാൻ പിതൃസഹോദര കുടുംബക്കാർ തയ്യാറായില്ലെങ്കിൽ അവർക്ക് ഒരു ഔദാര്യവും ചെയ്യേണ്ടതില്ലെന്നും ആണ് ഹദ്റത്ത് അഹ്മദിനു ലഭിച്ച ദിവ്യകല്പന. അഹ്മദ്ബേഗിന്റെ മകളായ മുഹമ്മദീബേഗമിനെ തനിയ്ക്ക് വിവാഹം ചെയ്തു തരണമെന്നു ആവശ്യപ്പെടാനാണ് അദ്ദേഹം വെളിപാടുകളിൽ നിർദ്ദേശിക്കപ്പെട്ടത്. ഈ വിവാഹത്തിനു അഹ്മദ്ബേഗ് സമ്മതിക്കുകയാണെങ്കിൽ, അവരുടെ കുടുംബത്തിന്നൊട്ടുക്കും അതു വിവിധങ്ങളായ അനുഗ്രഹങ്ങൾക്ക് കാരണമായിത്തീരും. നിരാകരിക്കുകയാണെങ്കിൽ ആ പെൺകുട്ടിക്കും ബന്ധുക്കൾക്കും ചീത്തയായ ഫലങ്ങളുണ്ടാകും. അവളെ മറ്റൊരാൾക്ക് വിവാഹം ചെയ്തുകൊടുക്കുകയാണെങ്കിൽ പിതാവ് മൂന്ന് കൊല്ലത്തിനുള്ളിൽ മരിക്കും. രണ്ടര കൊല്ലത്തിന്നുള്ളിൽ വരനും മരിക്കും. ഒടുവിൽ, മുഹമ്മദീബേഗം തന്റെ ഭാര്യാപദത്തിലേയ്ക്ക് വരികയും ചെയ്യും. ഇത്രയും കാര്യങ്ങൾ ഹദ്റത്ത് അഹ്മദിനുണ്ടായ വെളിപാടുകളിൽ അടങ്ങിയിരുന്നു.

തന്റെ പിതൃസഹോദര കുടുംബത്തിന്നുണ്ടാകാനിരിക്കുന്ന ശാപശിക്ഷകളെകുറിച്ചു അല്ലാഹുവിൽ നിന്നു അടിക്കടി ആപൽവാർത്തകൾ ലഭിച്ചുകൊണ്ടിരുന്നപ്പോൾ അവരെ എങ്ങിനെയെങ്കിലും മാനസാന്തരപ്പെടുത്തി ദൈവികാനുഗ്രഹങ്ങൾക്കു വിധേയരാക്കിത്തീർക്കണമെന്ന ആഗ്രഹവും അദ്ദേഹത്തിൽ അലതല്ലിക്കൊണ്ടിരുന്നു. അതിനാൽ, പശ്ചാത്താപിച്ചാൽ ശിക്ഷകൾ നീങ്ങിപ്പോകുമെന്ന ദിവ്യനിശ്ചയത്തിന്റെ അടിസ്ഥാനത്തിൽ, അവരിൽ ഒരു പരിവർത്തനമുണ്ടായിക്കാണാൻ ആ ദിവ്യാത്മാവ് സർവ്വാത്മനാ പ്രാർത്ഥനകൾ ചെയ്തുതുടങ്ങി. ഈ ഘട്ടത്തിലാണ് സ്വത്തു സംബന്ധമായ ഒരാനുകൂല്യം ചെയ്തുകിട്ടുന്നതിനുവേണ്ടി മിർസാ അഹ്മദ്ബേഗ് അദ്ദേഹത്തെ സമീപിച്ചത്. ഈ സമീപനം ഒരു മാറ്റത്തിന്റെ സൂചനയാകാമെന്നും താൻ ചെയ്യുന്ന ഉപകാരത്തിന്റെ സ്മരണ അവരെ നൻമയിലേയ്ക്ക് നയിച്ചേക്കാമെന്നും ഹദ്റത്ത് അഹ്മദ് (അ)കരുതി.

എന്നാൽ, ദാനാധാരത്തിൽ ഒപ്പിടുന്നതുമൂലം ആ സ്വത്തുക്കൾ ആരാണോ അനുഭവിക്കാനിടവരുന്നത് അവർ യഥാർത്ഥത്തിൽ തന്റെയും ഇസ്ലാമിന്റെയും ഗുണകാംക്ഷികളല്ല, ഇമാമുദ്ദീൻ പ്രഭൃതികളുടെ കൂട്ടാളികളായിരുന്നുകൊണ്ട് തന്നെയും തന്റെ മഹത്തായ പ്രവർത്തനങ്ങളെയും എതിർക്കുന്നവരുടെ പന്തിയിലണിനിരക്കുന്നവരാണ് എന്ന വസ്തുത അദ്ദേഹത്തിനു വെളിപ്പെടുത്തികൊടുക്കാൻ അല്ലാഹു ഉദ്ദേശിച്ചിരുന്നതിനാൽ അവരുടെ തനിനിറം പുറത്താക്കുന്ന ഒരുപാധി ഉന്നയിക്കാൻ ആവശ്യപ്പെടുകയാണുണ്ടായത്. അങ്ങനെ, മുഹമ്മദീബേഗമിനെ-തന്റെ മൂത്താപ്പയുടെ മകളുടെ പുത്രിയെ തനിയ്ക്ക് വിവാഹം ചെയ്തുതരാനും അതുവഴി താനുമായി ആത്മീയവും ഭൗതീകവുമായ നിതാന്ത ബന്ധത്തിലേർപ്പെട്ടുകൊണ്ട് അല്ലാഹുവിന്റെ ശാപശിക്ഷകളിൽനിന്ന് കുടുംബത്തെ രക്ഷി

ക്കാനും ദൈവം വാഗ്ദാനം ചെയ്ത ആത്മീയാനുഗ്രഹങ്ങൾക്കും സുഖ സൗഭാഗ്യങ്ങൾക്കും അവരെ പാത്രീഭൂതരാക്കാനും മീർസാ അഹ്മദ്ബേഗ് തയ്യാറുണ്ടോ എന്ന പ്രശ്നം ഹദ്റത്ത് അഹ്മദ്(അ) അദ്ദേഹത്തിന്റെ മുമ്പിൽ സമർപ്പിച്ചു.

തനിയ്ക്കുണ്ടായ വെളിപാടുകളും വിവാഹനിർദ്ദേശത്തിന്റെ പശ്ചാത്തലവും വ്യക്തമാക്കിക്കൊണ്ടു ഹദ്റത്ത് അഹ്മദ്, മീർസാ അഹ്മദ് ബേഗിനു സുദീർഘമായ ഒരു കത്തയച്ചു. ഗാഢമായി ആലോചിക്കുകയും നല്ലപോലെ ചിന്തിച്ചുറക്കുകയും ചെയ്യുന്നതിനു മുമ്പ് കത്തിലെ വിവരങ്ങൾ വെളിപ്പെടുത്തരുതെന്നും കുടുംബാംഗങ്ങളെ മാത്രം ബാധിക്കുന്ന ഈ സംഗതികൾ പൊതുചർച്ചാവിഷയമാക്കുവാൻ താൻ ഇഷ്ടപ്പെടുന്നില്ലെന്നും അദ്ദേഹം അഹ്മദ് ബേഗിന്നെഴുതി. എന്നാൽ സ്വത്തുകാര്യത്തിൽ തടസ്സങ്ങളുണ്ടാകുമെന്നു സംശയിച്ചുതുടങ്ങിയ മീർസാ അഹ്മദ് ബേഗ് കത്ത് കിട്ടിയ മാത്രയിൽ ഇമാമുദ്ദീൻ പ്രഭൃതികളുമായി ബന്ധം സ്ഥാപിക്കുകയും കുത്സിതമായ ഒരു പ്രചാരവേലയ്ക്ക് അതിനെ കുരുവാക്കുകയുമാണുചെയ്തത്. ആ കത്തുമായി അവർ ഒരു കളി കളിച്ചു. ഹദ്റത്ത് അഹ്മദുൽഖാദിയാനിയെ തേജോവധം ചെയ്യാൻ കച്ചകെട്ടിപ്പുറപ്പെട്ട ആര്യ-ക്രൈസ്തവ കേന്ദ്രങ്ങളിൽ അവരതു പ്രചരിപ്പിച്ചു. 1888 മെയ് 10-ന്റെ 'നൂറഫ്ശാൻ' എന്ന ക്രൈസ്തവ പത്രത്തിൽ ആ കത്ത് മുഴുവനും പ്രത്യക്ഷപ്പെട്ടു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ! ഇതോടുകൂടി ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്കെതിരായി അപകീർത്തികരവും അവഹേളനപരവുമായ ലേഖനങ്ങളും പരസ്യങ്ങളും പ്രസ്താവനകളും ശത്രുപത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടു തുടങ്ങി. അവർ ആ മഹാത്മാവിനെ അവഹേളിക്കാൻ കച്ചകെട്ടി. എന്നാൽ തന്റെ ഒരു ഭക്തദാസനെ ലോകം മുഴുവനും ഒറ്റക്കെട്ടായി അപകീർത്തിപ്പെടുത്താൻ ശ്രമിച്ചാലും സാദ്ധ്യമാകുകയില്ലെന്നു തെളിയിക്കാൻ അല്ലാഹുവും കച്ചകെട്ടി.

'നുറഫ്ശാനിൽ' കത്ത് പ്രസിദ്ധപ്പെടുത്തിക്കണ്ടപ്പോൾ ശത്രുക്കളുടെ സംഘടിതമായ നീക്കങ്ങളെ നേരിടുന്നതിന് ഹദ്റത്ത് അഹ്മദ്(അ)1888 ജൂലായ് 10-ാം തിയ്യതിയും 15-ാം തിയ്യതിയും ഓരോ വിജ്ഞാപനം പുറത്തിറക്കുകയും പ്രവചനത്തിന്റെ പൊരുളും പശ്ചാത്തലവും വ്യക്തമാക്കുകയും ചെയ്തു. അതിലദ്ദേഹം തുറന്നെഴുതി.

"സർവ്വശക്തനായ അല്ലാഹു എന്നോടു പറഞ്ഞു. അദ്ദേഹത്തിന്റെ പുത്രിയെ വിവാഹം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും, എല്ലാ ഇടപാടുകളും ഔദാര്യങ്ങളും ഇതേ നിബന്ധനയിൻമേൽ മാത്രമാണുണ്ടാവുകയെന്നും ഈ നിക്കാഹ് അവർക്ക് സൗഭാഗ്യകരവും അനുഗ്രഹത്തിന്റെ ഒരടയാളവും ആയിരിക്കുന്നതാണെന്നും 1886 ഫിബ്രവരി 20-നുത്തെ വിജ്ഞാപനത്തിൽ പറഞ്ഞ എല്ലാ സൗഭാഗ്യങ്ങൾക്കും അനുഗ്രഹങ്ങൾക്കും അവർ ഭാഗഭാക്കുകളായിരിക്കുമെന്നും അദ്ദേഹത്തോടു പറയുകയും ചെയ്യുക. എന്നാൽ നിക്കാഹിനു വിസമ്മതിക്കുന്നപക്ഷം ആ പെൺകുട്ടിയുടെ പരിണാമം വളരെ ചീത്തയായിരിക്കുന്നതാണ്. മാത്രമ

ല്ല, മറ്റാർക്കാണോ വിവാഹം ചെയ്തുകൊടുക്കുക ആ ആൾ നിക്കാഹ് ദിവസം മുതൽ രണ്ടര കൊല്ലത്തിനകവും അപ്രകാരം തന്നെ ആ കുട്ടിയുടെ പിതാവ് മൂന്നു കൊല്ലത്തിനകവും* മൃതിയടയുന്നതായിരിക്കും. അവരുടെ ഗൃഹത്തിൽ ദരിദ്രവും ഞെരുക്കവും വിപത്തുക്കളും വന്നുഭവിക്കും. ഈ കാലയളവിന്നിടയിൽതന്നെ ആ പെൺകുട്ടിക്കും പലതരത്തിലുള്ള ഭീഷണികളും ദു:ഖകരമായ സംഭവങ്ങളും വന്നടുക്കുന്നതുമായിരിക്കും." (തബ്ഗൈ രിസാലത്ത്, ഭാ.116.)

തനിക്ക് ലഭിച്ച വെളിപാടുകൾ വിവരിച്ചുകൊണ്ടു മറ്റൊരിടത്ത് അദ്ദേഹം ഇപ്രകാരം എഴുതി.

"അല്ലാഹു പറഞ്ഞു; ഞാൻ ഇക്കൂട്ടരുടെ അനുസരണക്കേടും അതിക്രമങ്ങളും കണ്ടു. അടുത്തുതന്നെ ഞാൻ അവരുടെമേൽ വിവിധങ്ങളായ ആപത്തുകൾ ഇറക്കും. ഞാൻ അവരെ ആകാശത്തിങ്കീഴിൽ നശിപ്പിച്ചുകളയുന്നതാണ്. ഞാൻ എന്താണ് ചെയ്യുന്നതെന്നു നീ കാണുമാറാകും. നാം എല്ലാറ്റിനും കഴിവുള്ളവരത്രെ. ഞാൻ അവരുടെ സ്ത്രീകളെ വിധവകളും അവരുടെ കുട്ടികളെ അനാഥരും അവരുടെ ഭവനങ്ങളെ ശൂന്യസ്ഥാനങ്ങളും ആക്കും. അവർ തങ്ങളുടെ വാക്കുകളുടെയും പ്രവൃത്തികളുടെയും ഫലം രുചിച്ചറിയാൻവേണ്ടി തന്നെ. എന്നാൽ ഞാൻ അവരെ ഒറ്റയടിക്ക് നശിപ്പിക്കില്ല. മറിച്ച്, മെല്ലെ മെല്ലെ, കുറേശ്ശയായി മാത്രം. അവർക്ക് പിൻമടങ്ങാൻ സാധിക്കുന്നതിനും അവർ പശ്ചാത്തപിക്കുമാറാകുന്നതിനുംവേണ്ടി എന്റെ ശാപം അവരിൽ ഇറങ്ങും. അവരെല്ലാം ശപിക്കപ്പെട്ടവരായിത്തീരും. വിശ്വസിക്കുന്നവരും സൽപ്രവൃത്തികൾ ചെയ്യുന്നവരും, അവരുമായുള്ള ബന്ധം വേർപ്പെടുത്തി അവരിൽ നിന്നു അകന്നു നില്ക്കുന്നവരും ഒഴികെ എന്തെന്നാൽ, അത്തരക്കാർ അല്ലാഹുവിന്റെ അനുഗ്രഹത്തിൻ കീഴെയായിരിക്കും." (ആയിനയെ കമാലാത്തെ ഇസ്ലാം'. ഭാ.569).

1890 ജൂലായി 17-നു മിർസാ അഹ്മദ്ബേഗിനു ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) വീണ്ടും കത്തയച്ചു. വിവാഹക്കാര്യം തനിയ്ക്കുണ്ടായ വെളിപാടിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നു പരമോന്നതനായ സത്യദൈവത്തെ സാക്ഷ്യപ്പെടുത്തിക്കൊണ്ടു അദ്ദേഹം ആവർത്തിച്ചെഴുതുകയും നിരാകരണത്തിന്റെ ഒടുപുലർച്ച വളരെ വളരെ ദു:ഖപൂർണ്ണമായിരിക്കുമെന്നും സ്വീകരിക്കുന്നപക്ഷം അതു അനേകം അനുഗ്രഹങ്ങൾക്ക് കാരണമായിരിക്കുന്നതാണെന്നും വീണ്ടും മുന്നറിയിപ്പു നൽകാത്തപക്ഷം താൻ കുറ്റക്കാരനായിത്തീർന്നേക്കുമെന്നും ക്രിസ്ത്യാനികൾ ഈ പ്രവചനം നിഷ്ഫലമായിക്കാണാൻ കൊതിച്ചിരിക്കെ ലാഹൗറിലും മറ്റും ആയിരക്കണക്കായ മുസ്ലിംകൾ അതു പുലർന്നു കാണാൻ പ്രാർത്ഥന നടത്തിവരുന്നതായി തനിയ്ക്കറിവുകിട്ടീട്ടുണ്ടെന്നും അഹ്മദ്ബേഗിനെ ഹദ്റത്ത് അഹ്മദ് അറിയിച്ചു.

*27-ാം അധ്യായം നോക്കുക.

എന്നാൽ, മിർസാ ഇമാമുദ്ദീൻ പ്രഭൃതികളുടെ പ്രഭാവത്തിന്നടിപ്പെട്ടു പോയ അഹ്മദ്ബേഗ് ആ മഹാത്മാവിന്റെ സ്നേഹമസൃണമായ വാക്കുകൾ ശ്രദ്ധിക്കുവാൻ കൂട്ടാക്കിയില്ല. പ്രവചനം പുലരാതെ ഹസ്രത്ത് അഹ്മദ് അപമാനിതനായിക്കാണണമെന്നാണവരെല്ലാം ആഗ്രഹിച്ചത്. പിതൃസഹോദരിയുടെ പുത്രിയെ വേൾക്കുന്നതു അഭിലഷണീയമല്ലെന്നവർ പറഞ്ഞു നടന്നു. ദൃഷ്ടാന്തം കാണാൻ അവർക്കു കൗതുകമായിരുന്നു. മുഹമ്മദീബേഗിനെ മറ്റൊരാൾക്ക് വിവാഹം ചെയ്തുകൊടുക്കാനുള്ള തീവ്രശ്രമങ്ങളിൽ അവർ ഏർപ്പെട്ടു. മീർസാ അഹ്മദ്ബേഗ് ദൈവത്തോടു പോരിനു പുറപ്പെടാൻതന്നെയാണ് തീർച്ചപ്പെടുത്തിയത്. ഇതാ, ഒരു കുടുംബം മുടിയാൻ പോകുന്നു.

ഹദ്റത്ത് അഹ്മദിന്റെ ഹൃദയം വെന്തുനീറി. ഒരു ഭാഗത്ത്, ദൈവനിശ്ചയം പുലരാൻപോകുന്നു. മറുഭാഗത്ത്, തന്റെ മൂത്താപ്പയുടെ കുടുംബമാണ് നശിച്ചൊടുങ്ങാൻ പോകുന്നത്. ദൈവത്തിന്റെ വചനങ്ങളിൽ ആ പുണ്യാത്മാവിന് തന്റെ ഉൺമയിലേറെ വിശ്വാസമുണ്ട്. തന്റെ നിശ്ചയത്തിൽനിന്നു അഹ്മദ്ബേഗിനെ പിന്തിരിപ്പിക്കാൻ അദ്ദേഹം തന്നെക്കൊണ്ടാവുന്നതൊക്കെ ചെയ്തു. മുഹമ്മദീബേഗിനെ മറ്റൊരാൾക്ക് വിവാഹം ചെയ്തുകൊടുക്കുന്നതിനെ ഏതു വിധത്തിലും തടഞ്ഞുകൊണ്ടു കുടുംബത്തെ ദൈവശിക്ഷയിൽനിന്ന് രക്ഷിക്കണമെന്നു അദ്ദേഹം ബന്ധുക്കളിൽ ചിലരോടഭ്യർത്ഥിച്ചു. അഹ്മദ്ബേഗിന്റെ മരുമകളെയാണ് ഹദ്റത്ത് അഹ്മദിന്റെ രണ്ടാമത്തെ മകൻ ഫസൽ അഹ്മദ് വിവാഹം ചെയ്തിരുന്നത്. ഈ ബന്ധുക്കളെല്ലാം മീർസാ ഇമാമുദ്ദീന്റെയും നിസാമുദ്ദീന്റെയും അഹ്മദ്ബേഗിന്റെയും താളത്തിനൊത്തു തുള്ളുകയും ഇസ്ലാമിന്റെ പരാജയം കാണാൻ കൊതിക്കുന്ന ക്രിസ്ത്യാനികളോടൊപ്പം കുതൂഹലം കൊള്ളുകയുമാണെങ്കിൽ അത്തരത്തിലുള്ള മതവിരോധികളുടെ കുടുംബവുമായുള്ള സകലബന്ധങ്ങളും എന്നന്നേക്കുമായി പരിഛേദിക്കത്തക്കവണ്ണം തന്റെ മകൻ ഫസൽ അഹ്മദിന്റെ വിവാഹബന്ധം മുറിച്ചുകളയുന്നതാണെന്നും, ഇസ്സത്ത് ബീവി വിധവയാകുന്നതാണെന്നും അവരെ താക്കീതു ചെയ്കപോലുമുണ്ടായി. എന്നാൽ, ആ ഉപദേശങ്ങളും താക്കീതുകളുമെല്ലാം വ്യർഥാവിലായിത്തീരുകയാണ് ചെയ്തത്. അതെ, അവരെല്ലാം പരിഹസിക്കുകയായിരുന്നു. കളിയാക്കിച്ചിരിക്കുകയായിരുന്നു. "നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ കള്ളമാക്കി. അവർ മുമ്പേ അതേപ്പറ്റി പരിഹസിക്കുന്നവരായിരുന്നു."

20- വാഗ്ദത്ത പുത്രൻ ജനിക്കുന്നു.

ഹൊശിയാർപൂരിലെ ധ്യാനയജ്ഞത്തിനുശേഷം 1886 ഫിബ്രവരി 20-നു ഹദ്റത്ത് അഹ്മദ്(അ) പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ തനിയ്ക്ക് പ്രത്യേക ഗുണങ്ങളോടുകൂടിയ പ്രതിഭാശാലിയായ ഒരു സുപുത്രൻ ജനിക്കുമെന്നു പ്രവചനം പ്രസിദ്ധം ചെയ്തിരുന്നുവല്ലോ*.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) വെളിപ്പെടുത്തിയ അത്ഭുതാടയാളങ്ങളിൽ അദ്വിതീയവും അതിപ്രധാനവുമായ ഒന്നാണ് ദിവ്യസംസ്ക്കാരകനായ ഒരു വാഗ്ദത്തസുതന്റെ ജനനത്തെ കുറിച്ചുള്ള ഈ പ്രവചനം.

ഈ വിജ്ഞാപനം പ്രത്യേകം ലഘുലേഖ രൂപത്തിൽ പ്രസിദ്ധം ചെയ്തതിനുപുറമെ അമൃത്സറിലെ 'റിയാസെ ഹിന്ദ്' പത്രത്തിന്റെ ഉപപത്രികയായും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഈ അനുഗ്രഹാടയാള വാർത്ത വിശ്വാസിവൃത്തങ്ങളിൽ ആഹ്ലാദത്തിന്റെ വേലിയേറ്റങ്ങളുണ്ടാക്കിയെങ്കിലും അവിശ്വാസികളുടെയും അസൂയാലുക്കളുടെയും ഹൃത്തടങ്ങളിൽ വിദ്വേഷത്തിന്റെയും പകയുടെയും തീക്കാറ്റുകൾ അടിച്ചുകയറ്റുകയാണ് ചെയ്തത്. പ്രവചനത്തിന്റെ പുലർച്ചയിൽ സത്യഭക്തർ ദത്തശ്രദ്ധരായിരുന്നു. എന്നാൽ ഖാദിയാൻ നിവാസികളായ ഹാഫീസ് സുൽത്താൻ കശ്മീരി, സാബിർ അലി എന്നിവർ അതു സംബന്ധിച്ചു ചില കുപ്രചാരണങ്ങൾ നടത്തിത്തുടങ്ങി. ഒന്നരമാസം മുമ്പുതന്നെ വിജ്ഞാപകന്റെ ഗൃഹത്തിൽ ഒരു പുരുഷസന്തതി ജനിച്ചുകഴിഞ്ഞിട്ടുണ്ടെന്നും ഈ രഹസ്യം മറച്ചുവെച്ചുകൊണ്ടാണ് പ്രവചനം പ്രസിദ്ധം ചെയ്തിരിക്കുന്നതെന്നും അതുകൊണ്ട് ഇതൊരു വൻചതിയാണെന്നും ആണ് അവർ പ്രചരിപ്പിച്ച മഹാകള്ളം. ഈ വിവരം ഹദ്റത്ത് അഹ്മദ്(അ)അറിയാനിടയായപ്പോൾ 1886 മാർച്ച് 22-നു ഒരു ലഘുലേഖ വഴി അതിനു മറുപടി നൽകി. കുട്ടി ജനിച്ചിട്ടില്ലെന്നും തന്റെ ഭാര്യ തൽസമയം അമ്പാലയിൽ സ്വമാതാപിതാക്കളോടൊപ്പം പാർത്തുവരികയാണെന്നും ഈ പ്രചാരവേലയുടെ യാഥാർത്ഥ്യം നേരിട്ടറിയാനാഗ്രഹിക്കുന്ന ആർക്കും ആവശ്യമാണെങ്കിൽ അവിടെ പോയിവരാനുള്ള യാത്രചിലവ് നൽകാൻ താൻ തയ്യാറാണെന്നും അതിൽ പറഞ്ഞിട്ടുണ്ടായിരുന്നു.

*പതിനഞ്ചാം അധ്യായം നോക്കുക

ഗർഭത്തിലുള്ള ശിശു ആണോ പെണ്ണോ എന്നു നിർണ്ണയിച്ചറിയാൻ ഒരു സൂതികർമ്മിണിയ്ക്ക് സാദ്ധ്യമാണെന്നും, തന്റെ ഗർഭിണിയായ ഭാര്യ ഒരു ആൺകുഞ്ഞിനെ പ്രസവിക്കുമെന്ന് അറിഞ്ഞുകൊണ്ടാണ് ഹ:അഹ്മദ് ഈ പ്രവചനം ചെയ്തിട്ടുള്ളതെന്നും ഒരു ആര്യസമാജനേതാവ് ആക്ഷേപം പുറപ്പെടുവിച്ചു. ഒരു ഭിഷഗ്വരനുപോലും അതു ഖണ്ഡിതമായി ഉറപ്പിച്ചു പറയാനാവില്ലെന്നും താനാണെങ്കിൽ രണ്ടുകൊല്ലം മുമ്പുതന്നെ ഏതാനും ആര്യസമാജി സുഹൃത്തുക്കളുടെയും മൗലവിമാരുടെയും മുമ്പാകെ തനിയ്ക്കൊരു യുഗപ്രഭാവനായ പുത്രൻ ജനിക്കുന്നതു സംബന്ധിച്ച പ്രവചനം കേൾപ്പിക്കുകയുണ്ടായിട്ടുണ്ടെന്നും ഹ:അഹ്മദ് വ്യക്തമാക്കി.

വാഗ്ദത്ത പുത്രൻ ഒമ്പത് കൊല്ലത്തിനുള്ളിൽ ജനിക്കുന്നതാണെന്നും വേഗത്തിലോ വൈകീട്ടോ എങ്ങിനെയായാലും അവധിയ്ക്കുള്ളിൽ ജനിക്കാതിരിക്കുകയില്ലെന്നും ഹ: അഹ്മദ് വീണ്ടും പരസ്യം ചെയ്തു. അദ്ദേഹം പറഞ്ഞു: "അങ്ങനെയുള്ള കുട്ടി ദൈവിക വാഗ്ദത്ത പ്രകാരം 9 കൊല്ലത്തിനുള്ളിൽ നിശ്ചയമായും ജനിക്കും."

ഒമ്പത് കൊല്ലം നീണ്ട ഒരു കാലയളവാണെന്നും ആ കാലത്തിന്നുള്ളിൽ ഒരു പുത്രനെ ജനിപ്പിക്കുക ആർക്കും സാദ്ധ്യമാണെന്നും ആര്യസമാജനേതാവായ പണ്ഡിറ്റ് ഇന്ദ്രമൻ മുറാദാബാദി ആക്ഷേപം പുറപ്പെടുവിച്ചപ്പോൾ 1886 ഏപ്രിൽ 8-ാനു പ്രസിദ്ധപ്പെടുത്തിയ മറ്റൊരു വിജ്ഞാപനം മുഖേന ഹദ്റത്ത് അഹ്മദ് ആ കുപ്രചരണത്തെയും തകർത്തു. ചില പ്രത്യേക ലക്ഷണങ്ങളോടുകൂടിയ ഒരു സ്വപുത്രന്റെ ജനനത്തെ കുറിച്ചാണ് താൻ പ്രവചിച്ചിട്ടുള്ളതെന്നും അതിനാൽ ഒമ്പത് വർഷത്തെ കാല പരിധി പ്രവചനത്തിന്റെ മഹിമയ്ക്ക് ഒരുപ്രകാരത്തിലും മാറ്റു കുറക്കുന്നില്ലെന്നും പ്രഖ്യാതനായ ഒരു പ്രത്യേക വ്യക്തിയുടെ പ്രത്യേക സന്താനത്തെ സംബന്ധിക്കുന്ന മഹത്തായ ഇത്തരം സുവാർത്ത പുലരുമാറാക്കുക മനുഷ്യശക്തിക്കതീതമായിട്ടു ഉളതാണെന്നും വെറുമൊരു പ്രവചനമെന്നതിലേറെ ഇതൊരു സ്വർഗ്ഗീയദൃഷ്ടാന്തം തന്നെയാണെന്നും അദ്ദേഹം വ്യക്തമാക്കി. അദ്ദേഹം ഇങ്ങനെ എഴുതി: "1886 ഏപ്രിൽ 8-ാം നു പരിശുദ്ധനായ ദൈവത്തിൽ നിന്ന് എനിക്ക് വെളിപാടിറങ്ങി. വളരെ അടുത്തു തന്നെ ഒരാൺകുഞ്ഞ് ജനിക്കാൻ പോകുന്നുവെന്ന്. അഥവാ, നിശ്ചയമായും ഈ ഗർഭത്തിനടുത്തതിൽ. എന്നാൽ, ഇപ്പോൾ ജനിക്കാൻ പോകുന്ന കുട്ടി വാഗ്ദത്ത പുത്രനാണോ അതോ, ഒമ്പത് കൊല്ലത്തിനിടയിൽ മറ്റൊരു അവസരത്തിലാണോ ആ കുട്ടി ജനിക്കുക എന്നു വെളിപ്പെടുത്തപ്പെട്ടിട്ടില്ല." (വിജ്ഞാപനം, 8-4-1886; ഈ വിജ്ഞാപനം 19-4-86ലെ 'റിയാസെഹിന്ദ്' പത്രത്തിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.)

ഈ വിജ്ഞാപനം അച്ചടിച്ചു തയ്യാറാക്കാൻ കാലതാമസം വന്നേയ്ക്കുമെന്നതിനാൽ അതിന്റെ മഷിപ്പകർപ്പ് തയ്യാറാക്കി കാലേക്കൂട്ടിതന്നെ തന്റെ ശത്രു നേതാക്കളായ മുൻഷി ഇന്ദ്രമൻ മുറാദാബാദി, പണ്ഡിറ്റ് ലേഖ്റാം പിശാവരി, പണ്ഡിറ്റ് ശിവനാരായണൻ അഗ്നിഹോത്രി, മുൻഷി

വാഗ്ദത്തപുത്രൻ
ഹദ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

ജീവൻദാസ്, ലാലാറാം ലക്ഷ്മൺ, റവ:അബ്ദുല്ലാഹ് ആഥിം എന്നിവർക്ക് റജിസ്ത്രറാക്കി അയച്ചു കൊടുത്തു.

വാഗ്ദത്തപുത്രൻ ഒമ്പത് കൊല്ലത്തിനകംതന്നെ പിറക്കുമെന്നും അടുത്തുതന്നെ ഒരാൺകുട്ടി ജനിക്കുമെന്നുമുള്ള പ്രവചനം ജനങ്ങൾക്കിടയിൽ വിപുലമായി പ്രചരിപ്പിക്കപ്പെട്ടു. സകലരും പ്രവചന പരിണതിയെ ഉറ്റുനോക്കിക്കൊണ്ടിരിക്കെ 1886 ഏപ്രിൽ 15-നു ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയുടെ ഗൃഹത്തിൽ ഒരു ശിശു ജനിച്ചു. എന്നാൽ, അതൊരു പെൺകുട്ടിയായിരുന്നു!

അധിക്ഷേപങ്ങളുടെയും പരിഹാസങ്ങളുടെയും ഒരു കൊടുങ്കാറ്റു തന്നെ ശത്രുപക്ഷത്തുനിന്ന് അടിച്ചുയർന്നു. ഇസ്ലാമിന്റെ ദിവ്യ സൈനികനെ തേജോവധം ചെയ്യാൻ ശത്രുജനം ഒന്നായിറങ്ങി പുറപ്പെട്ടു. ഒരുപുത്രനു പകരം ഒരു പുത്രി ജനിച്ചിരിക്കയാൽ പ്രവചനം പൊളിഞ്ഞുപോയെന്നു അവർ പെരുമ്പറ മുഴക്കി. ക്രിസ്ത്യാനികൾ 'നൂറഫ്ശാൻ' പത്രം മുഖേനയും ആര്യനേതാവായ ലേഖ്റാം ലഘുലേഖകൾ വഴിയായും ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ മേൽ ചെളിവാരിയെറിഞ്ഞു. ആയിടയിൽ നബി ബക്ഷ് എന്നുപേരായ ഒരു ലാഹോർക്കാരൻ പ്രവചനം കളവായി പുലർന്നിരിക്കയാണെന്ന് ആക്ഷേപിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദിന് ഒരു കത്തയച്ചു.*

*ഹൊശിയാർപൂർ വിജ്ഞാപനത്തെ തുടർന്ന് 1886 മാർച്ച് 18-ാം തിയ്യതി പണ്ഡിറ്റ് ലേഖ്റാം പുറപ്പെടുവിച്ച ആദ്യ ലഘുലേഖയിൽ ഹദ്റത്ത് അഹ്മദിന്റെ പ്രസ്തുത പ്രവചനങ്ങളെ സഭ്യേതരമായി വിമർശിക്കുകയുണ്ടായി. ഹദ്റത്ത് അഹ്മദിന്റെ വിജ്ഞാപനത്തിൽ നിന്ന് ഏതാനും വെളിപാടുവാചകങ്ങൾ ഉദ്ധരിച്ചുകൊണ്ട് അതു സംബന്ധിച്ച് ദൈവം തന്നോടു പറഞ്ഞതായറിയിച്ചുകൊണ്ടുള്ള മറുപടികൾ അയാളതിൽ ചേർക്കുകയാണ് ചെയ്തത്. വാദഗ്ദത്ത പുത്രനെ സംബന്ധിച്ച് അയാളെഴുതിയ ചില വരികൾ ചുവടെ ഉദ്ധരിക്കാം:
'മിർസാ-അവൻ അങ്ങേയറ്റം ബുദ്ധിമാനും അത്ഭുതകരമായ കാര്യജ്ഞതയുള്ളവനും ആയിരിക്കും'
'മറുപടി-അവൻ അങ്ങേയറ്റം മന്ദബുദ്ധിയും വിഡ്ഢിയും ആയിരിക്കും."
"മിർസാ-അവന്റെ കീർത്തി ഭൂതലമെങ്ങും വ്യാപിക്കും."
"മറുപടി-ഖാദിയാനിൽ പോലും ആ നിന്ദനീയന്റെ പേർ അധികമാരും അറിയുമാറാകില്ല."
"മിർസാ-നിന്റെ സന്താനപരമ്പര അവസാനിച്ചുപോകയില്ല. അതു അന്ത്യദിനങ്ങളോളം അഭിവൃദ്ധിപ്പെടും."
"മറുപടി-നിന്റെ സന്താന പരമ്പര വളരെ വേഗം അവസാനിച്ചുപോകും. കവിഞ്ഞാൽ മൂന്ന് കൊല്ലത്തിനകം നിന്റെ പേർ വിസ്മരിക്കപ്പെടു."
"മിർസാ-അവൻ മുസ്ലിഹ്മൗഊദ് (വാഗ്ദത്ത പരിഷ്കാരകൻ) ആയിരിക്കും."
"മറുപടി-അവൻ മുഫ്സിദ്മൗഊദ് (വാഗ്ദത്ത കുഴപ്പക്കാരൻ) ആയിരിക്കും."
"മിർസാ-'നിനക്ക് അനുഗ്രഹത്തിന്റെ അടയാളം തന്നിരിക്കുന്നു."
"മറുപടി- ദൈവം പറയുന്നു. 'ഞാൻ ശാപത്തിന്റെ അടയാളം തന്നിരിക്കുന്നു'
"മിർസാ-അവന് പാവനമായ ആത്മാവ് നൽകപ്പെട്ടിരിക്കുന്നു."
"മറുപടി-അവൻ ദുഷ്ടാത്മാവ് ആയിരിക്കും.
ഇതിന്റെ ഒടുവിലായി പണ്ഡിറ്റ് ലേഖ്റാം പറയുന്നു: "ഈ വിജ്ഞാപനത്തിൽ ഞാനെഴുതിയിട്ടുള്ളതെല്ലാം അനുപദം ദൈവകല്പനയനുസരിച്ച് എഴുതിട്ടുള്ളതത്രെ."
(കുല്ലിയാത്തെ ആര്യ മുസാഫീർ Pl.3ഭാ.493- 499, Quoted- Life of Ahmad, A.R.Dard M.A.Pt, I.P.144)

'സുർമ ചശ്മെ ആര്യ' എന്ന ഗ്രന്ഥത്തിൽ ചേർത്ത വിജ്ഞാപനത്തിൽ എതിരാളികളുടെ ആക്ഷേപങ്ങൾക്ക് ധീരമായ മറുപടി നൽകികൊണ്ട് ആ മഹാത്മാവ് ഇപ്രകാരം എഴുതി:-

"അല്ലാഹു ഇപ്പോൾ ഒരു ആൺകുട്ടിയെ തരാതിരുന്നതിൽ വലിയ രഹസ്യം അടങ്ങിയിരിക്കുന്നു. ഇപ്പോൾ ഒരു ആൺകുട്ടിയാണ് ജനിച്ച തെങ്കിൽ ഗർഭസ്ഥശിശു ആണോ പെണ്ണോ എന്ന് നിർണ്ണയിച്ചറിയാൻ കഴിയുമെന്ന് പറയുന്നവരെ സംബന്ധിച്ചിടത്തോളം അതു പ്രയോജന രഹിതമായി തീരുമായിരുന്നു. ലേഖ്റാം പിശാവരിയും മറ്റു ചിലരും പറയുന്നത് എനിക്ക് വൈദ്യശാസ്ത്രത്തിൽ വലിയ അറിവുണ്ടെന്നും അതു മുഖേനയാണ് ആൺകുട്ടി ജനിക്കാൻ പോകുന്നുവെന്ന് പ്രവചിച്ചിട്ടുള്ളതെന്നുമാണ്. മുഹമ്മദ് റമസാൻ എന്നുപേരായ ഒരാൾ 1886 മാർച്ച് 20-നുത്തെ 'പഞ്ചാബി അഖ്ബാർ' എന്ന പത്രത്തിൽ എഴുതുകയുണ്ടായി. പുത്രനുണ്ടാകുമെന്ന പ്രവചനം ദൈവത്തിൽനിന്നുള്ള സുവാർത്തയായിരിക്കണമെന്നില്ലെന്നും അരിസ്റ്റോട്ടലിന്റെയും മറ്റും ഗ്രന്ഥങ്ങൾ വായിച്ചുട്ടുള്ളവർക്ക് ഗർഭസ്ഥശിശു ആണോ പെണ്ണോ എന്നു നിശ്ചയിക്കാൻ കഴിയുമെന്നും.' അതിനാൽ, വാഗ്ദത്തപുത്രന്റെ ജനനം മറ്റൊരവസരത്തിലേക്ക് ദൈവം നീട്ടിവെച്ചത് വളരെ നന്നായി! ഇപ്പോൾ തന്നെ ജനിക്കുന്നതായാൽ ഉപരിചേർത്ത കറ്റുകെട്ടുകൾക്ക് എങ്ങിനെ തീരുമാനം വരുത്തും? ഒമ്പത് കൊല്ലംവരെ ഞാൻ തന്നെ ജീവിച്ചിരിക്കുമെന്ന് ഉറപ്പിച്ചു പറയാൻ നിവൃത്തിയില്ലാതിരിക്കെ ആയിടയിൽ ഒരു കുട്ടി അതും ലക്ഷണമൊത്ത ഒരു സുപുത്രൻ ജനിക്കുമെന്ന് എങ്ങിനെ പറയാൻ സാധിക്കും?" (സുർമ ചശ്മെ ആര്യ- 1886 സപ്തമ്പർ).

ഈ വിജ്ഞാപനത്തിനുശേഷം ശത്രുക്കളുടെ ആർപ്പുവിളികളും പരിഹാസങ്ങളും അല്പമൊന്ന് ശമിച്ചു. ഒരു കൊല്ലം തികഞ്ഞപ്പോൾ 1887 ആഗസ്റ്റ് 7നു ഹദ്റത്ത് അഹ്മദിന്റെ ഭവനത്തിൽ ഒരു കുഞ്ഞു കൂടി പിറന്നു. അതൊരു ആൺ കുഞ്ഞായിരുന്നു.!

തന്റെ പ്രവചനത്തെ സത്യപ്പെടുത്തിക്കൊണ്ട് തനിക്കൊരു ആൺ സന്തതി പിറന്നപ്പോൾ ഹദ്റത്ത് അഹ്മദ് അത്യധികം സന്തോഷിച്ചു. അദ്ദേഹം ദൈവസന്നിധിയിൽ കൃതജ്ഞതയോടെ സാഷ്ടാംഗം ചെയ്തു. ഈ സന്തോഷ വാർത്ത വിളംബരപ്പെടുത്തിക്കൊണ്ട് അന്നുതന്നെ ഒരു വിജ്ഞാപനവും പുറത്തിറക്കി. (വിക്ടോറിയ പ്രസ്സ്, ലാഹോർ. 7-8-87).

ഇസ്മത്ത് എന്ന പെൺകുട്ടിയുടെ ജനനം ശത്രുക്കളുടെ ഒരു കുപ്രചാരണത്തിന്റെ കള്ളി പൊള്ളിച്ചു. ഗർഭശിശു ആണോ പെണ്ണോ എന്നു നിർണ്ണയിച്ചറിഞ്ഞശേഷണാണ് തനിക്കൊരു പുരുഷപ്രജ ജനിയ്ക്കുമെന്ന് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) പ്രവചനം ചെയ്തതെന്ന് പറഞ്ഞവരുടെ വായടയ്ക്കാൻ അതു പര്യാപ്തമായി. പ്രസ്തുത പ്രവചനം ജീവശാസ്ത്രപരമായ ഒരു വെറും ഗണനയായിരുന്നില്ലെന്ന് അതു മുഖേന തെളിയിക്കപ്പെട്ടു.

1888 ആഗസ്ത് 7-നു പിറന്ന ആൺകുഞ്ഞിന് ബശീർ എന്നാണ് പേർ നൽകപ്പെട്ടത്. ആ കുഞ്ഞിനെപ്പറ്റിയുണ്ടായ വെളിപാടുകളിൽ മുബശ്ശിർ, നൂറുല്ലാഹ്, ചിറാഗ്ദീൻ, സയ്യിബ് തുടങ്ങിയ പേരുകളും ഉണ്ടായിരുന്നു. കുട്ടിയെ പറ്റി ദിവ്യവചനങ്ങളിൽ പ്രയുക്തമായ പ്രശംസാപദങ്ങൾ കാരണം വാഗ്ദത്തപുത്രൻ അതായിരിക്കുമോ എന്നു ഹദ്റത്ത് അഹ്മദ് സംശയിച്ചുപോയിട്ടുണ്ടെങ്കിൽ അതു സ്വാഭാവികം മാത്രമാണല്ലോ. എന്നാൽ, "ദീർഘായുഷ്മാനായിരിക്കുമെന്ന സൂചനകളൊന്നും ഇല്ലാതിരുന്നതിനാൽ അദ്ദേഹം ഖണ്ഡിതമായി യാതൊന്നും പറയുകയുണ്ടായില്ല. ബശീർ ജനിച്ചപ്പോൾ വാഗ്ദത്ത പുത്രൻ അതുതന്നെയാണോ എന്നന്വേഷിച്ചുകൊണ്ട് നൂറുകണക്കിൽ കത്തുകൾ ലഭിക്കുകയുണ്ടായെങ്കിലും അതു റപ്പിച്ചു പറയാൻ തക്ക വ്യക്തമായ സൂചനകളൊന്നും കിട്ടിയിട്ടില്ലെന്നാണ് ആ മഹാത്മാവ് മറുപടി നൽകിയിരിക്കുന്നത്*

നിശ്ചിതനാളുകളിൽ തന്നെ ഒരാൺകുഞ്ഞു പിറന്നപ്പോൾ ജനങ്ങൾ ആ പ്രവചനപൂർത്തീകരണത്തിൽ ആശ്ചര്യപരതന്ത്രരായി തീർന്നു. ശത്രുക്കൾ നിശ്ബദരായി. പ്രവചനത്തിനു ശേഷം ആദ്യമായിത്തന്നെ ഒരു പെൺകുഞ്ഞു ജനിച്ചപ്പോൾ ആ മഹാത്മാവിനെ പരിഹസിച്ചിരുന്നവർ ഇപ്പോൾ തലതാഴ്ത്തി. പ്രവചനപ്രകാരം തനിക്കൊരു ആൺകുഞ്ഞു ജനിച്ചപ്പോൾ ഹദ്റത്ത് അഹ്മദ് ആ വസ്തുത ആഹ്ലാദപുരസ്സരം കൊട്ടിഘോഷിക്കാൻ മടിച്ചില്ല.

എന്നാൽ 1888 നവംബർ 4-ാംനു, 16മാസം പ്രായം തികഞ്ഞ ആ ആൺകുഞ്ഞു മരിച്ചുപോയി!

പരിഹാസങ്ങളുടേയും ദുസ്സഹശകാരങ്ങളുടേയും അധിക്ഷേപങ്ങളുടേയും കൊടുങ്കാറ്റ് വീണ്ടും അടിച്ചുയരുകയായി.** "വാഗ്ദത്ത പുത്രൻ" മരിച്ചുപോയെന്നും പ്രവചനം കളവായി പുലർന്നുവെന്നും ശത്രുക്കൾ ആക്രോശിച്ചു. ഹദ്റത്ത് അഹ്മദ് വഞ്ചകനും സൂത്രശാലിയും ആണെന്നു അവർ കുറ്റപ്പെടുത്തി.

ജനരോഷത്തിന്റെ തീജ്ജ്വാലകളാലും അവിശ്വാസത്തിന്റെ ധൂമപടലങ്ങളാലും ഭീകരമായിത്തീർന്ന ആ അന്തരീക്ഷത്തിലും ഹദ്റത്ത് അഹ്മ

*ബശീർ എന്ന കുട്ടി ജീവിച്ചിരിക്കുമ്പോൾതന്നെ 1888 ജൂലായി 18നു പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിൽ തന്റെ മൂത്താപ്പയുടെ ദൗഹിത്രിയായ മുഹമ്മദിബേഗമിനെ സംബന്ധിച്ച പ്രവചനത്തെ പരാമർശിച്ചു ഇങ്ങനെയും പറഞ്ഞിരുന്നു: "എന്റെ എല്ലാ ആവശ്യങ്ങളേയും അല്ലാഹു പൂർത്തിയാക്കിത്തന്നിരിക്കുന്നു. മക്കളെയും തന്നു; അവരിൽ ദീനിന്റെ ദീപമായിരിക്കുന്ന ആ പുത്രനെയും. എന്നു മാത്രമല്ല, മഹ്മൂദ് അഹ്മദ് എന്നു പേരുള്ളവനും തന്റെ പ്രവൃത്തികളിൽ 'ഉലുൽ അസ്മ്' ആയിരിക്കുന്നവനുമായ മറ്റൊരു പുത്രൻ വളരെ അടുത്തുതന്നെ ജനിക്കുന്നതാണെന്നുള്ള വാഗ്ദത്തവും അവൻ നൽകി.' (തബ്ലീഗെ രിസാല വാല്യം.1.ഭാ,120).

** ഈ അവസരത്തിൽ നാട്ടിലുണ്ടായ ഭയങ്കരമായ പ്രതിഷേധ കോലാഹലം അതിനു മുമ്പോ പിമ്പോ ഉണ്ടായിട്ടില്ലെന്നാണ് ഹദ്റത്ത് അബ്ദുല്ലാഹ് സാഹിബ് സന്നൗരി(റ)നിവേദനം ചെയ്തിട്ടുള്ളത്. എന്നാൽ, ഈ അവസരത്തിലും മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി ഈ പ്രവചനത്തെ സംബന്ധിച്ചിടത്തോളം ശുഭാപ്തി വിശ്വാസക്കാരനായിരുന്നു. (സീറത്തുൽ മഹ്ദി, ഒന്നാംഭാഗം, നിവേദനം- 116)

ദുൽ ഖാദിയാനി(അ) ശാന്തഗംഭീരമായ ഒരു പർവ്വതം കണക്കെ ഉറച്ചു നിന്നു. ദൈവത്തിന്റെ വചനങ്ങളിൽ ആ ദിവ്യാത്മാവിന് ഉൺമയായ വിശ്വാസമുണ്ടായിരുന്നു. അതിനെ അല്പമെങ്കിലും ഒന്നിളക്കാൻ ഭൂമിയിൽ ഒരു ശക്തിയ്ക്കും സാദ്ധ്യമല്ലായിരുന്നു. ശത്രുക്കളുടെ ഇളകിയാട്ടം ഒരു വേള അവസാനിക്കുമെന്നു അദ്ദേഹം വിശ്വസിച്ചു. പക്ഷേ അതു വർദ്ധിക്കുകയായിരുന്നു. അദ്ദേഹം ദൈവസവിധത്തിൽ കുമ്പിട്ടു.

1888 ഡിസംബർ 1-ാനു ശത്രുക്കളുടെ ആക്ഷേപങ്ങൾക്കെല്ലാം സവിസ്തരവും സമുചിതവുമായ മറുപടി നൽകിക്കൊണ്ട് ഹ:അഹ്മദ് (അ) ഒരു ലഘുലേഖ പുറത്തിറക്കി. അമൃത്സറിലെ 'രിയാസെഹിന്ദ്' പ്രസ്സിൽ നിന്നു അച്ചടിച്ച ഈ ലഘുലേഖ പച്ചക്കടലാസ്സിലായിരുന്നതിനാൽ 'പച്ച ലഘുലേഖ' (സബ്സ് ഇശ്തിഹാർ) എന്ന പേരിലാണ് പൊതുവെ അറിയപ്പെട്ടുവന്നത്.

മരിച്ചുപോയ ബശീർ എന്ന കുട്ടിയാണ് 'വാഗ്ദത്ത പരിഷ്കർത്താവായിത്തീരുന്ന "ദീർഘായുഷ്മാ"നായ സുപുത്രനെന്നു താൻ തന്റെ ഒരു വിജ്ഞാപനത്തിലും പ്രസ്താവിക്കുകയുണ്ടായിട്ടില്ലെന്ന് ഹദ്റത്ത് അഹ്മദ് പ്രസ്തുത ലഘുലേഖയിൽ ഊന്നിപ്പറഞ്ഞു. തന്റെ വിജ്ഞാപനത്തിൽ നിന്ന് ഒരൊറ്റ അക്ഷരമെങ്കിലും തങ്ങൾക്കനുകൂലമായി എടുത്തുകാണിക്കാൻ ലേഖ്റാം തുടങ്ങിയ ശത്രുനേതാക്കളെ ആ മഹാത്മാവ് ആഹ്വാനം ചെയ്തു. ഒമ്പത് കൊല്ലത്തിനുള്ളിൽ ജനിയ്ക്കുമെന്നല്ലാതെ ആ വാഗ്ദത്ത സുതന്റെ പിറവിയെ പറ്റി മറ്റു യാതൊരു കാലനിശ്ചയവും ചെയ്തിട്ടില്ല. മരിച്ചകുട്ടിയെ കുറിച്ചു അതാണ് 'മുസ്ലിഹ് മൗഊദ്' എന്നു ധരിച്ചുപോയിട്ടുണ്ടെങ്കിൽതന്നെ അതൊരു ധാരണപ്പിശക് മാത്രമേ ആകുമായിരുന്നുള്ളു. അത്തരം പിഴവുകൾ നബിമാർക്ക് സംഭവിക്കാവുന്നതാണ് താനും. അതു പ്രവചനത്തിന്റെ പൊരുളിനെയോ വെളിപാടിന്റെ സത്യത്തെയോ ഒരു പ്രകാരത്തിലും ബാധിക്കുകയുമില്ല.

വാഗ്ദത്ത പുത്രനു 'മഹ്മൂദ്' എന്നു പേരായിരിക്കുമെന്ന് തനിയ്ക്കു വെളിപാടുണ്ടായിരിക്കുന്നതായി അദ്ദേഹം പച്ച ലഘുലേഖയിൽ വ്യക്തമാക്കി. വെളിപാടുകളിൽ മഹ്മൂദ്, ബശീർ രണ്ടാമൻ, ഫസ്ലെ ഉമർ, എന്നിങ്ങനെയും പേരുകൾ പറയപ്പെട്ടിരിക്കുന്നതായും അദ്ദേഹം വെളിപ്പെടുത്തി. ബശീർ (1) മരിച്ചത് പ്രവചനമനുസരിച്ച് തന്നെയാണ്. തന്റെ സന്താനങ്ങളെ പറ്റി 1886 ഫിബ്രവരി 20-നുത്തെ വിജ്ഞാപനത്തിൽ ചേർത്ത വെളിപാടുകളിൽ "അവരിൽ ചിലർ അല്പായുസ്സുകളായിരിക്കും" എന്നും പറയപ്പെട്ടിട്ടുള്ളതിലേയ്ക്കു ഹദ്റത്ത് അഹ്മദ് തന്റെ എതിരാളികളുടെ ശ്രദ്ധയെ ക്ഷണിച്ചു. ബശീറിനെ കുറിച്ചു "വിരുന്നുകാരൻ" എന്നു പ്രത്യേകിച്ചും വിശേഷിപ്പിച്ചിട്ടുണ്ട്. അദ്ദേഹം ഇങ്ങനെയും പറയുകയുണ്ടായി: "അല്പദിവസം താമസിച്ചു തിരിച്ചു പോവുന്നവനും കാണെക്കാണെ അപ്രത്യക്ഷനാകുന്നവനും ആണ് വിരുന്നുകാരൻ. നിലയുറച്ചിരിക്കുന്ന

വനും മറ്റുള്ളവരെ പറഞ്ഞയക്കുന്നവനും ആരോ അവനെ വിരുന്നുകാരൻ എന്നു പറയാവതല്ല" *(സബ്സ് ഇശ്തിഹാർ).

അദ്ദേഹം തുടർന്നു: "എന്റെ എല്ലാ കാര്യങ്ങളിലും പൂർണ്ണമായ ആശ്രയസ്ഥാനം എന്റെ ദൈവമത്രേ. ലോകർ എന്നോടു യോജിക്കുന്നുണ്ടോ അതോ സംശയാലുക്കളാണോ, അവർ എന്റെ വാദങ്ങൾ സ്വീകരിക്കുന്നുവോ അതോ തിരസ്കരിക്കുന്നുവോ എന്നെയവർ പ്രശംസിക്കുന്നുവോ അതോ നിന്ദിക്കുന്നുവോ എന്നും മറ്റുമുള്ള കാര്യങ്ങളിൽ എനിയ്ക്ക് യാതൊരുൽക്കണ്ഠയുമില്ല. ഞാൻ സകലരിൽനിന്നും വിട്ടകലുകയും ദൈവേതരങ്ങളെ ശവതുല്യമായി കരുതുകയും ചെയ്തുകൊണ്ടു എന്റെ ജോലിയിൽ വ്യാപൃതനായിരിക്കുന്നു."

ഇസ്ലാം ഒരു ജീവൽമതമാണെന്നു തെളിയിക്കുകയാണ് തന്റെ പ്രവചനങ്ങളുടെ ഉദ്ദേശ്യമെന്നു ഹദ്റത്ത് അഹ്മദ് (അ) ഊന്നിപ്പറഞ്ഞു. "ദൈവികഭാഷണം ഇസ്ലാമിന്റെ യഥാർത്ഥ വിജയത്തിന്റെ ഉൾപിരിവുകളിൽ ഒന്നാകുന്നു. ഈ വിജയം ഇക്കാലത്ത് മുസൽമാൻമാർക്ക് സിദ്ധിച്ചിട്ടില്ലെങ്കിൽ ബുദ്ധിപരമായ വിജയം അവരെ എവിടെയും എത്തിക്കുകയില്ല. ഈ വിജയത്തിന്റെ ദിനങ്ങൾ വളരെ അടുത്താണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ദൈവം ഈ വെളിച്ചത്തെ സൃഷ്ടിക്കുകയും തന്റെ ബലഹീനരായ ദാസൻമാർക്ക് പൊറുത്തുകൊടുക്കുകയും ചെയ്യും."

അദ്ദേഹം പിന്നെയും തുടർന്നു: "ആ കുട്ടി... അല്ലാഹുവിന്റെ വാഗ്ദത്തപ്രകാരം **കാലാവധിക്കുള്ളിൽ നിശ്ചയമായും ജനിക്കും. ഭൂമിയും ആകാശവും ഒഴിഞ്ഞുപോകാം. എന്നാൽ, അവന്റെ വാഗ്ദത്തങ്ങൾ നീങ്ങിപ്പോകുക സാദ്ധ്യമല്ല."

ഒരു ജാഗ്രദ്ദർശനത്തെ (കശ്ഫ്) അടിസ്ഥാനമാക്കിയാണ് പച്ച ലഘുലേഖ പുറപ്പെടുവിച്ചത്. അദ്ദേഹം പറയുന്നു. "എന്റെ ഇപ്പോൾ ജീവിച്ചിരിക്കുന്ന മൂത്തമകൻ ജനിയ്ക്കുന്നതിനു മുമ്പു തന്നെ അവന്റെ ജനനത്തെപറ്റിയുണ്ടായ ഒരു ദിവ്യദർശനത്തിൽ ഒരുപള്ളിയുടെ ചുമരിൻമേൽ മഹമൂദ് എന്നു എഴുതപ്പെട്ടു കണ്ടു."*** അപ്പോൾ ഞാൻ ആ പ്രവചനം പ്രസി

*ഇതിന്റെ അർഥം വാഗ്ദത്തപുത്രൻ, ദീർഘായുഷ്മാനായിരിക്കുമെന്നതിനു പുറമേ, അദ്ദേഹത്തിന്റെ ജീവകാലത്ത് തന്നെ മറ്റു ചില മക്കൾ മരിക്കാനിടയുണ്ടെന്നുമാണല്ലോ. അതുതമെന്നു പറയട്ടെ, 'ദീർഘായുഷ്മാ'നായ വാഗ്ദത്തപുത്രൻ ജീവിച്ചിരിക്കെ തന്നെയാണ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ മക്കളിൽ 8 പേർ മരിച്ചത്.

**രണ്ടു കൊല്ലം കഴിഞ്ഞിരിക്കയാൽ ഇപ്പോൾ കാലാവധി 7 കൊല്ലമായി ചുരുങ്ങി. ഹദ്റത്ത് അഹ്മദിനു 2 വയസ്സ് കൂടുകയാൽ സാധാരണഗത്യാ സന്താദ്യുൽപാദന ശേഷിയും അതോടൊപ്പം ചുരുങ്ങി. ഇതു ശ്രദ്ധേയമാണ്.

***ഈ ദർശനത്തെ അടിസ്ഥാനമാക്കി, വാഗ്ദത്ത പരിഷ്ക്കർത്താവിന്റെ അനുഗൃഹീത കാലത്തു നടന്നുവരുന്ന യുഗപ്രധാനമായ ആഗോള മതപ്രചാരണസംരംഭത്തോടനുബന്ധിച്ചു യൂറോപ്പിന്റെ ഹൃദയമായ സ്വിറ്റ്സർലണ്ടിന്റെ തലസ്ഥാനനഗരിയിൽ 1963ൽ നിർമ്മിക്കപ്പെട്ടതും ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ കനിഷ്ഠപുത്രി ശിലാസ്ഥാപനം നിർവഹിച്ചതുമായ പള്ളിയുടെ ചുമരിൻമേൽ സ്മാരകമുദ്രയായി 'മഹ്മൂദ്' എന്നു കൊത്തിവച്ചിരിക്കുന്നു.

ദ്ധപ്പെടുത്തുന്നതിന്നായി പച്ചനിറത്തിലുള്ള പുറങ്ങളിൽ ഒരു വിജ്ഞാപനം അച്ചടിച്ചിറക്കി" (തിരിയാഖുൽ ഖുലൂബ്, 2-ാം പതിപ്പ്, ഭാ.88)

ഈ ലഘുലേഖയ്ക്കു ശേഷം 1889 ജനുവരി 12 നു (ഹിജ്റ 1306ജമാദിൽ അവ്വൽ 9-നു ശനിയാഴ്ച ദിവസം ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്ക് ഒരു പുത്രൻ പിറന്നു. ലക്ഷണ സ്വരൂപനായ ഒരു സുപുത്രൻ! ആ കുട്ടിയ്ക്ക് അദ്ദേഹം മഹ്മൂദ് എന്നു പേരിട്ടു. കുട്ടിയുടെ ജനനം അറിയിച്ചുകൊണ്ടു അന്നു തന്നെ 'തക്മീലെ തബ്ലീഗ്' എന്ന തലക്കെട്ടിൽ ഒരു ലഘുലേഖ അച്ചടിച്ചു വിതരണം ചെയ്യുകയുമുണ്ടായി. വാഗ്ദത്ത ദിവ്യ സംസ്കാരകനായ സുപുത്രൻ ഈ കുട്ടി തന്നെയാണോ എന്ന കാര്യത്തിൽ തനിയ്ക്ക് യാതൊരു ദൈവിക അറിയിപ്പും ലഭിച്ചിട്ടില്ലെന്ന് അതിൽ പ്രസ്താവിച്ചിരുന്നു. അദ്ദേഹം തുടർന്നു;-

"എനിയ്ക്കറിയാം; അല്ലാ ഞാൻ ദൃഢമായി വിശ്വസിക്കുന്നു, ദൈവം അവന്റെ വാഗ്ദത്തമനുസരിച്ചു എന്നോടു പെരുമാറുകതന്നെ ചെയ്യും. ഇപ്പോൾ വാഗ്ദത്തപുത്രന്റെ ജനനത്തിന്നുള്ള സമയമല്ലെങ്കിൽ മറ്റൊരവസരത്തിൽ ആ കുട്ടി വെളിപ്പെടും. നിശ്ചിത കാലാവധിയ്ക്ക് ഒരു ദിവസം മാത്രമേ ബാക്കിയുള്ളുവെന്നുവന്നാലും അല്ലാഹു അവന്റെ വാഗ്ദത്തം പൂർത്തിയാക്കിയ ശേഷമേ ആ ദിനം അവസാനിപ്പിക്കുകയുള്ളു" (1889 ജനുവരി 12-ാനുത്തെ വിജ്ഞാപനം)

വാഗ്ദത്ത പുത്രനെ സംബന്ധിച്ചു ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) 1901ൽ രചിച്ച ഒരു കവിതയിൽ ഇപ്രകാരം പറയുകയുണ്ടായി-

"നിനക്ക് ഒരു മകനുണ്ടാകും. അവൻ ഒരുനാളിൽ എന്റെ പ്രേമപാത്രമായിരിക്കും. ചന്ദ്ര തുല്യനായ അവൻ മുഖേന ഞാൻ അന്ധകാരത്തെ ദൂരീകരിക്കുകയും ലോകത്ത് ഒരു പരിവർത്തനം വരുത്തിക്കാണിക്കുകയും ചെയ്യും. എന്നിങ്ങനെ ദൈവം എനിയ്ക്ക് സുവിശേഷം നൽകിയിരിക്കുന്നു. ഈ സുവിശേഷമാകട്ടെ, എന്റെ മനസ്സിന് ഒരു പോഷകദ്രവ്യമത്രെ. അതിനാൽ, ശത്രുക്കളെ എളിമയിലാക്കിയിരിക്കുന്ന ദൈവത്തെ ഞാൻ സ്ത്രോത്രം ചെയ്യുന്നു." (ദുർറെ സമീൻ)

1889 ജനുവരി 12-നു ജനിച്ച ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് ഖലീഫത്തുൽ മസീഹ് രണ്ടാമനിൽ വാഗ്ദത്ത പുത്രനെ സംബന്ധിച്ച ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പ്രവചനം പ്രത്യക്ഷരം പുലർന്നിരിക്കുന്നു. ഹദ്റത്ത് അഹ്മദ് (അ) ഈ വസ്തുത തന്റെ പിൽക്കാല ഗ്രന്ഥങ്ങളിൽ പലതിലും സൂചിപ്പിക്കുകയും വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. അഹ്മദിയ്യാ ജമാ അത്തിന്റെ രണ്ടാമത്തെ ഇമാമായിരുന്ന ആ മഹാത്മാവിന്റെ പവിത്ര ജീവിതത്തിൽ ആ സത്യം തെളിഞ്ഞു പ്രകാശിക്കുകയും ചെയ്തിരിക്കുന്നു.*

*ഈ പ്രവചനങ്ങൾക്കും ദീർഘ ദർശനങ്ങൾക്കും അനുസൃതമായി ഹദ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് രണ്ടാമൻ, തനിയ്ക്കുണ്ടായ ഒരു ദിവ്യദർശനത്തെ അടിസ്ഥാനമാക്കി താൻ തന്നെയാണ് വാഗ്ദത്തപരിഷ്കർത്താവായ പ്രവചിത പുത്രൻ എന്നു 1944 ജനുവരി 28-നു വാദിച്ചു.

ദിവ്യ സംസ്കാരകനായ വാഗ്ദത്ത സുതനെക്കുറിച്ചുള്ള ഈ മഹാ പ്രവചനം ഒരു വെറും പ്രവചനമല്ല. ഒട്ടനേകം പ്രവചനങ്ങൾ ഒരു പുരുഷായുസ്സിലൂടെ അത്യാശ്ചര്യകരമായ വിധത്തിൽ പുലർന്നു കൊണ്ടു ഒരുഘോഷയാത്രയെന്നോണം ഒത്തു നീങ്ങുന്ന തേജോമയമായ ഒരു ദിവ്യ ദൃശ്യത്തെ ലോകത്തവതരിപ്പിക്കുന്ന ഒരനുപമ സ്വർഗ്ഗീയദൃഷ്ടാന്തം തന്നെയാണ് ഇത്.

21- ബൈഅത്തും ശിഷ്യസംഘവും

ബശീർ അവ്വലിന്റെ മരണം ഹദ്റത്ത് അഹ്മദിന്റെ ശിഷ്യരെ സംബന്ധിച്ചിടത്തോളം ഒരു അഗ്നിപരീക്ഷയായിരുന്നു. ആ മരണത്തെ തുടർന്നു നാട്ടിലുടനീളം അലയടിച്ച ഭയങ്കരമായ പ്രതിഷേധത്തിന്റെ പ്രവാഹത്തിൽ ഏതാനും ചപല ഹൃദയങ്ങൾ ഒഴുകിപ്പോയി! ഒരു വലിയ പ്രതിസന്ധിഘട്ടത്തെ തരണം ചെയ്വാനുണ്ടായിരുന്നു. താനുമായി ഒട്ടിനില്ക്കുവാനിച്ഛിക്കുന്നവരേയും സംശയാത്മകതയുടെ ധൂമയവനികയിൽ കണ്ണുകാണാതായവരേയും വ്യക്തമായും വേർതിരിക്കേണ്ട സമയം ആസന്നമായെന്നു ഹദ്റത്ത് അഹ്മദ് (അ) കണ്ടു.

ദൈവത്തിന്റെ സൽഭാവത്തിലും ദൈവം തനിയ്ക്കു വെളിപ്പെടുത്തീട്ടുള്ള വചനങ്ങളിലും താൻ മുഖേന പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ദിവ്യദൃഷ്ടാന്തങ്ങളിലും ഹദ്റത്ത് അഹ്മദിനുണ്ടായിരുന്ന വിവരണാതീതമായ വിശ്വാസം സത്യാന്വേഷികളുടെ പുരോപഥത്തിൽ വെളിച്ചം ചൊരിഞ്ഞുകൊണ്ടിരുന്നു. എന്നാൽ, ആത്മീയാന്ധത ബാധിച്ചവർക്കുണ്ടോ ആ പ്രകാശധാരയും ഫലം ചെയ്യുന്നു? പ്രപഞ്ചാധിനാഥനായ ദൈവം താനുമായി ആത്യന്തികമായ ബന്ധം പുലർത്തിവരുന്നുവെന്നും താൻ ദൈവത്തിന്റെ ഒരു ഉപകരണം മാത്രമായി പ്രവർത്തിക്കുകയാണെന്നും തന്നോടു ദൈവം സംസാരിച്ചുകൊണ്ടിരിക്കുന്നുവെന്നുമുള്ള ദൃഢവിശ്വാസത്താൽ പ്രഭാവിതനായി കർമ്മരംഗത്തേയ്ക്കിറങ്ങിത്തിരിച്ച ആ ദിവ്യയോധാവ് ആത്മീയപരീക്ഷകളുടെ അഗ്നികുണ്ഡങ്ങൾ തന്നോടൊപ്പം താണ്ടിക്കടക്കാൻ തയ്യാറുള്ളവരെ സംഘടിപ്പിക്കുകയെന്ന ചരിത്രപരമായ ഒരു കാൽവെപ്പിലേയ്ക്ക് നീങ്ങുകയായിരുന്നു.

ഹദ്റത്ത് അഹ്മദ് മുഖേന വെളിപ്പെട്ടുകൊണ്ടിരുന്ന ദിവ്യദൃഷ്ടാന്തങ്ങൾ ജനങ്ങൾക്കിടയിൽ സജീവമായ ചർച്ചാ വിഷയമായി. തന്റെ തർക്കശാസ്ത്രപാരംഗതത്വം വെളിപ്പെടുത്തിക്കൊണ്ടല്ല, ദൈവിക ദൃഷ്ടാന്തങ്ങൾ മുഖേന ഇസ്ലാംമതത്തിന്റെ സത്യഘോഷണം ചെയ്യുന്നതിലായിരുന്നു ആ ദിവ്യപുരുഷൻ ശ്രദ്ധ പതിപ്പിച്ചതും ആശ്രയം കൊണ്ടതും. എന്നാൽ, ഈ അദ്ധ്യവസായം ആപൽക്കരമാണെന്നും സാഹിതീസപര്യ മുഖേനതന്നെ ഇസ്ലാംമതപ്രഭാവം വെളിപ്പെടുത്തുന്നതിൽ ശ്രദ്ധയും ശ്രമവും കേന്ദ്രീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള പല

കത്തുകളും അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരുന്നു. മുസ്‌ലിം നേതാക്കളുടേയും മതചിന്തകൻമാരുടേയും ഈ പ്രവണത ആപൽക്കരമാണെന്നും ദിവ്യസത്യങ്ങളെ അവമതിക്കുന്ന ഇത്തരക്കാർ ആത്മീയതയിൽ ദീപാളികുളിച്ചുവരാണെന്നും കണ്ടറിഞ്ഞ ആ യോഗിവര്യൻ തന്റെ നില കൂടുതൽ ഉറപ്പിക്കുക മാത്രമേ ചെയ്തുള്ളു. തന്നെ സംബന്ധിച്ചേടത്തോളം ആ ദൈവികാടയാളങ്ങൾ പരിപൂർണ്ണമായും യാഥാർത്ഥ്യങ്ങളായിരുന്നു. ഉജ്ജ്വലപ്രകാശം ചൊരിയുന്ന ജ്യോതിർരേഖകളായിരുന്നു. അതംഗീകരിക്കാൻ കൂട്ടാക്കാത്തവർക്കു താനുമായുള്ള ബന്ധം വേർപെടുത്താം! ദൈവത്തിന്റെ നിർദ്ദേശമനുസരിച്ചുമാത്രം പ്രവർത്തിക്കുകയും തന്റെ ആത്മീയാനുഭൂതികളെ കൊട്ടിഷോഘിക്കുകയും ചെയ്കയെന്ന പ്രബോധനരീതിയിൽ നിന്നു താൻ പിന്തിരിയുന്ന പ്രശ്നമേയില്ല!

1888 ഡിസംബർ 1നു പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനത്തിൽ- പച്ച ലഘുലേഖയിൽ- ശിഷ്യസംഘരൂപീകരണം സംബന്ധിച്ചു തനിയ്ക്കു കിട്ടിയ ദൈവിക വെളിപാടിനെപ്പറ്റി അദ്ദേഹം ഇപ്രകാരം എഴുതി:

"മനുഷ്യജാതിയ്ക്ക് പൊതുവായും മുസ്ലിംകൾക്ക് പ്രത്യേകമായും ഒരു സന്ദേശം എനിയ്ക്ക് നൽകുവാനുണ്ട്. സത്യത്തെ അറിയുവാൻ ആഗ്രഹിക്കുന്നവരിൽനിന്ന് 'ബൈഅത്ത്' വാങ്ങുവാനായി അല്ലാഹുവിൽനിന്നു എനിയ്ക്കു കല്പന ലഭിച്ചിരിക്കുന്നു. യഥാർത്ഥമായ സത്യവിശ്വാസവും സാത്ത്വികതയും എന്താണെന്നു അതുമുഖേന അവർ അറിയുമാറാകാൻവേണ്ടി. ദൈവികമായ സ്നേഹ നിർത്ധരിയുടെ പ്രഭവസ്ഥാനത്തേയ്ക്കു നയിക്കുന്ന നേരായ പാത കണ്ടെത്തുന്നതിന് അവർ മലീമസജീവിതത്തിൽ നിന്നും ആലസ്യത്തിൽനിന്നും വഞ്ചനകളിൽനിന്നും മുക്തരായിരിക്കേണ്ടതാണ്. ഇതിനു തയ്യാറായുള്ളവർ എന്റെ സമീപത്തേയ്ക്കു വരട്ടെ! ഞാൻ അവരുമായി മിത്രത്വം സ്ഥാപിക്കാം.

അവരുടെ ഭാരങ്ങളെ ലഘൂകരിക്കാൻ ഞാൻ ശ്രമിക്കാം. അവർ ദൈവകല്പനകൾ പൂർണ്ണമായും അനുവർത്തിക്കാൻ തയ്യാറുണ്ടെങ്കിൽ എന്റെ ശ്രദ്ധയും എന്റെ പ്രാർത്ഥനയും മുഖേന അവർ അനുഗൃഹീതരായിത്തീരും. എനിയ്ക്കു ലഭിച്ച ആ ദൈവകല്പന ഞാനിതാ എല്ലാവരേയും അറിയിക്കുന്നു: "നീ മനോനിശ്ചയം ചെയ്തുകഴിഞ്ഞാൽ ദൈവത്തിൽ വിശ്വാസമർപ്പിക്കുക. നമ്മുടെ മേൽനോട്ടത്തിലും നമ്മുടെ കല്പനപ്രകാരവും ഒരു നൗകപണിയുക. നിന്റെ കയ്യിൽ ബൈഅത്ത് ചെയ്യുന്നവർ അല്ലാഹുവിന്റെ കയ്യിലത്രെ ബൈഅത്ത് ചെയ്യുന്നത്. അവരുടെ കൈകൾക്ക് മീതെ അല്ലാഹുവിന്റെ കൈ അത്രേയുള്ളത്."

തന്റെ ശിഷ്യൻമാരിൽനിന്നു ബൈഅത്ത് സ്വീകരിക്കുന്നതിനു അല്ലാഹുവിൽനിന്നു വ്യക്തമായ കല്പന കിട്ടിയതിനുശേഷം മാത്രമാണ് ബൈഅത്ത് സംബന്ധിച്ച വസ്തുതകളും അതിന്റെ നിബന്ധനകളും ജനങ്ങളെ അറിയിക്കാൻ അദ്ദേഹം തയ്യാറായത്. ഉപരിചേർത്ത വെളിപാട് അഞ്ചെട്ടു മാസങ്ങൾക്ക് മുമ്പുതന്നെ അദ്ദേഹത്തിന് ലഭിച്ചതായിരുന്നുവെങ്കിലും വ്യക്തമായ ദൈവികനിർദ്ദേശം ലഭിക്കുന്നതുവരെ അദ്ദേഹം



ലുധിയാനയിൽ ബൈഅത്ത് നടന്ന കെട്ടിടം

കാത്തിരുന്നു. സൂഫിവര്യനായ ഹദ്റത്ത് മുൻശീ അഹ്മദ്ജാൻ സാഹിബ് ലുധിയാനവി 'ബറാഹീൻ' പ്രസിദ്ധപ്പെടുത്തിയ കാലത്തുതന്നെ തന്റെ 'ബൈഅത്ത്' സ്വീകരിക്കാൻ അപേക്ഷിച്ചിരുന്നുവങ്കിലും അപ്പോൾ താൻ അതിനു കല്പിക്കപ്പെട്ടിട്ടില്ലെന്നു മറുപടി നൽകുകയാണദ്ദേഹം ചെയ്തിരുന്നത്. സൂഫി സാഹിബ് 1885 ൽ ബൈഅത്ത് പ്രഖ്യാപനത്തിനു മുമ്പായിത്തന്നെ ചരമം പ്രാപിച്ചു. സൂഫിസാഹിബിന്റെ ലുധിയാനയിലുള്ള ഭവനത്തിൽ വച്ചാണു ചരിത്രപ്രസിദ്ധമായ ആദ്യത്തെ ബൈഅത്ത് ചടങ്ങ് നടന്നത്.

1889 ജനുവരി 12നു വാഗ്ദത്ത പരിഷ്കർത്താവായ സുപുത്രൻ ജനിച്ച സുദിനത്തിൽ തന്നെയാണ് അഹ്മദിയ്യാ ജമാഅത്തിന്റെ പിറവി കുറിച്ചതെന്നു പറയാവുന്ന തരത്തിൽ അന്നാണ് ബൈഅത്തിന്റെ നിബന്ധനകൾ പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചത്. വാഗ്ദത്തപരിഷ്കർത്താവായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് 'ബൈത്തുൽ ഫിക്ർ' എന്ന മുറിയിൽ ജനിക്കുന്നു. തൊട്ടടുത്ത മുറിയിൽ വച്ചു ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) "ഒരു പുതിയ ഭൂമിയും പുതിയ ആകാശവും സൃഷ്ടിക്കുവാനുള്ള മഹത്തായ ഒരു സംഘടനയുടെ അടിസ്ഥാനമിടുന്നു. ഈ സംഭവങ്ങൾ രണ്ടും ഒത്തുചേർന്നതു യാദൃച്ഛികമായിട്ടാണെങ്കിലും സർവ്വജ്ഞനും സർവ്വനിയന്താവുമായ അല്ലാഹുവിന്റെ കൈ അതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടെന്നു തന്നെയാണ് അനന്തര സംഭവഗതികൾ തെളിയിച്ചത്. ബൈഅത്ത് ചെയ്യുന്നവർ താഴെ പറയുന്ന കരാറിലേർപ്പെടണമെന്നു ഹദ്റത്ത് അഹ്മദ് നിശ്ചയിച്ചു:

ഒന്ന്-ജീവാവസാനംവരെ സൃഷ്ടിപൂജ (ശിർക്ക്)യിൽനിന്നു ദൂരപ്പെട്ടിരിക്കും.

രണ്ട്-കളവ്, വ്യഭിചാരം, ദുർനോട്ടം, ചതി, വഞ്ചന, പരദ്രോഹം, വിശ്വാസവഞ്ചന, സമാധാനഭംഗമുണ്ടാക്കൽ, രാജ്യദ്രോഹം തുടങ്ങിയ മാർഗ്ഗങ്ങളെതൊട്ടു സുരക്ഷിതനാകാൻ ശ്രമിക്കുന്നതും ശാരീരികേച്ഛകൾക്ക് അടിപ്പെട്ടുപോകാതിരിക്കുന്നതുമാകുന്നു.

മൂന്ന്-അല്ലാഹുവിന്റെയും റസൂലിന്റെയും കല്പനകളനുരസരിച്ച് അഞ്ചുനേരനമസ്ക്കാരം വീഴ്ചകൂടാതെ നിർവഹിക്കുന്നതും സാദ്ധ്യമാകുന്നേടത്തോളം തഹജ്ജുദ് നമസ്ക്കാരം അനുഷ്ഠിക്കുന്നതും തിരുനബിയുടെമേൽ സലാത്ത് ചൊല്ലലും അല്ലാഹുവിനോട് പൊറുക്കലിനെ തേടലും 'ഇസ്തിഗ്ഫാർ' ചെയ്യലും തുടർന്നുകൊണ്ടിരിക്കുന്നതുമാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കുറിച്ചു എപ്പോഴും ആത്മാർത്ഥമായ സ്നേഹവായ്പോടെ സ്മരിച്ചുകൊണ്ടിരിക്കുകയും ദൈവസ്മരണയും സ്തോത്രവും നിത്യശീലമാക്കുകയും ചെയ്യുന്നതാണ്.

നാല്-ശാരീരിക ദുരാവേശങ്ങൾക്കടിപ്പെട്ടു ആർക്കും തന്നെ ലോകത്തിനു പൊതുവെയും മുസ്ലിം സമുദായത്തിനു പ്രത്യേകിച്ചും നാവുകൊണ്ടോ കൈകൊണ്ടോ മറ്റുപ്രകാരത്തിലോ അന്യായമായ യാതൊരു ക്ലേശവും ഉണ്ടാക്കുന്നതല്ല.

അഞ്ച്-ദു:ഖത്തിലും സന്തോഷത്തിലും, സുഖത്തിലും കഷ്ടപ്പാടിലും, അനുഗ്രഹലബ്ധിയിലും ആപൽഘട്ടത്തിലും എല്ലാ അവസ്ഥകളിലും അല്ലാഹുവിനോടു കൂറുപുലർത്തുകയും ദൈവഹിതത്തിൽ സംതൃപ്തനായിരിക്കുകയും ചെയ്യും. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എല്ലാ തരത്തിലുള്ള മാനഹാനിയും ക്ലേശങ്ങളും വരിക്കുവാൻ സദാ തയ്യാറായിരിക്കും. വിപത്തുകൾ വരുമ്പോൾ മുഖം തിരിച്ചുകളയുന്നതിനുപകരം മുമ്പോട്ടു കാൽവെക്കുന്നതാണ്:

ആറ്-എല്ലാ തരത്തിലുള്ള ദുരാചാരങ്ങളിൽനിന്നും ദുരാഗ്രഹങ്ങളിൽനിന്നും സ്വയം ഒഴിഞ്ഞുമാറുകയും വിശുദ്ധഥഖുർആന്റെ ഭരണത്തിനു പൂർണ്ണമായ നിലയിൽ വിധേയനായിരിക്കുകയും ചെയ്യുന്നതും 'ഖാലല്ലാഹു' (ദൈവപ്രോക്തം)വും 'ഖാലർറസൂ' (നബീ പ്രോക്തം)വും ആയ എല്ലാ ചലനങ്ങളിലും കർമ്മധർമ്മങ്ങളായി സ്വീകരിക്കുന്നതുമാകുന്നു.

ഏഴ്-അഹംഭാവം, മിഥ്യാഭിമാനം ഇവ പൂർണ്ണമായും ഉപേക്ഷിക്കുകയും വിനീതവും ലളിതവും സംസ്കാരസുരഭിലവും സുദരിദ്രവുമായ ജീവിതം നയിക്കുകയും ചെയ്യുന്നതാണ്.

എട്ട്-മതത്തെയും മതത്തിന്റെ മാനത്തെയും ഇസ്ലാമിക സഹാനുഭൂതിയെയും സ്വന്തം ജീവനെക്കാളും മുതലിനെക്കാളും മാനത്തെക്കാളും എല്ലാ പ്രീതജനങ്ങളെക്കാളും കൂടുതൽ പ്രിയപ്പെട്ടതായി കണക്കാക്കുന്നതാണ്.

ഒമ്പത്-പൊതുവെ മനുഷ്യസമുദായത്തോടു സഹാനുഭാവം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതും അല്ലാഹു നൽകിയ ശക്തികളും അനുഗ്രഹങ്ഹളും മുഖേന ജീവാവസാനംവരെ മനുഷ്യകുലത്തിനു സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു.

പത്ത്- കുടുംബബന്ധങ്ങളിലോ ഭൗതികമായ ഇതരബന്ധങ്ങളിലോ സേവ്യസേവകഭാവത്തിലോ കാണപ്പെടാത്ത തരത്തിലുള്ള സമുന്നതമായ ഒരു ദൃഢബന്ധം ഈ വിനീതനുമായി- ഹദ്റത്ത് അഹ്മദുമായി (അ)പുലർത്തുന്നതും അതു മരണംവരെ നിലനിർത്തിപ്പോരുന്നതുമാണ്.

1889 മാർച്ച് മാസത്തിൽ ഹദ്റത്ത് അഹ്മദ് (അ) ലുധിയാനയിൽ പോവുകയും അവിടെ ഹദ്റത്ത് മുൻശീ അഹ്മദ് ജാൻ സാഹിബിന്റെ ഭവനത്തോടനുബന്ധിച്ച് ഒരു കെട്ടിടത്തിൽ താമസമാക്കുകയും ചെയ്തു. തന്റെ ശിഷ്യസംഘത്തിൽ ചേരാൻ ആഗ്രഹിക്കുന്നവർ മാർച്ച് 20-ാം തിയ്യതിക്കുശേഷം ലുധിയാനയിലെത്തിച്ചേരേണ്ടതാണെന്ന് അവിടെവച്ചു മാർച്ച് 4-ന് ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. മാർച്ച് 25വരെ താൻ അവിടെയായിരിക്കും. ബൈഅത്തിന്റെ അർത്ഥവും ആവശ്യവും പ്രാധാന്യവും അദ്ദേഹം അതിൽ വിവരിക്കുകയുണ്ടായി. തന്റെ ശിഷ്യസംഘത്തിൽ അംഗമാകുന്ന ഓരോ ആളുടേയും ശരിയായ പേരും വിലാസവും അടങ്ങിയ റിക്കാർഡ് സൂക്ഷിക്കുവാനുള്ള ഏർപ്പാടുകളും അദ്ദേഹം ചെയ്തു. വിജ്ഞാപനത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു:

"സത്യവിശ്വാസികളുടെ ഒരു സമൂഹത്തെ സൃഷ്ടിക്കുവാനും തന്റെ മഹത്വവും ശക്തിയും വെളിപ്പെടുത്താനും അല്ലാഹു ഇച്ഛിക്കുന്നു. മനുഷ്യരിൽ ദൈവപ്രേമവും സാത്വികതയും ഹൃദയശുദ്ധിയും ഭക്തിയും വളരുകയും സമാധാനവും സൗഹൃദവും സംസ്ഥാപിതമായിത്തീരുകയും ചെയ്യുമാറ് അല്ലാഹു ഈ സമൂഹത്തെ വളർത്തുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യും. ദൈവാർപ്പണം ചെയ്ത മനുഷ്യരുടെ ഒരു സമൂഹമായിരിക്കും ഇത്. ദൈവം അവന്റെ ശക്തിവിലാസങ്ങളാൽ അവരെ പ്രബലപ്പെടുത്തുകയും അനുഗ്രഹിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യും. അല്ലാഹു വാഗ്ദത്തം ചെയ്തപ്രകാരം അവൻ അവരെ അധികമധികം പെരുപ്പിക്കും. ആയിരക്കണക്കായ സത്യഭക്തർ അവരോടുകൂടി ചേരും. അതിന്റെ എണ്ണവും പുരോഗതിയും കണ്ടു ലോകം അമ്പരന്നു പോകുമാറ് ദൈവം ഈ സമൂഹത്തെ വളർത്തുകയും ചെയ്യും. ലോകത്തിന്റെ നാലു ഭാഗങ്ങളെയും പ്രകാശോജ്ജ്വലമാക്കിത്തീർക്കുമാറുള്ള ഒരു ദീപസ്തംഭമെന്നോണം ഈ സമൂഹം വിരാജിയ്ക്കും. ഇസ്ലാമികമായ അനുഗ്രഹങ്ങളുടെ മാതൃകകളായിരിക്കും അതിലെ അംഗങ്ങൾ. എന്റെ യഥാർത്ഥ അനുയായികൾ മറ്റെല്ലാവരെയും അതിശയിക്കും. ലോകാവസാനംവരെ എല്ലാ കാലത്തും അവർക്കിടയിൽനിന്നും ദൈവത്തിന്റെ വരിഷ്ഠൻമാരായ മഹത്വ്യക്തികൾ എഴുന്നേല്പിക്കപ്പെടും. ഇതു അല്ലാഹു നിശ്ചയിച്ചിട്ടുള്ളതത്രെ. അവൻ ഇച്ഛിക്കുന്നതു അവൻ ചെയ്യുന്നു" (തബ്ലീഗ് രിസാല, ഭാ.1,പുറം. 150– 155).

ഹദ്റത്ത് അഹ്മദിന്റെ ഈ വിജ്ഞാപനത്തെ അടിസ്ഥാനമാക്കി ജമ്മു, ഖോസ്ത്, ഭേര, സിയാൽക്കോട്ട്, ഗുർദാസ്പൂർ, ഗുജ്റൻവാല, പട്ടിയാല, ജലന്തർ, മാലർകോട്ട്ല, അമ്പാല, കപ്പൂർത്തല, മീററ് തുടങ്ങിയ സ്ഥലങ്ങളിൽനിന്നു അനേകം സത്യഭക്തർ ലൂധിയാനയിൽ എത്തിച്ചേർന്നു.

1889 മാർച്ച് 23-നു ആണ് ബൈഅത്ത് നടന്നത്. ഹദ്റത്ത് അഹ്മദ് താമസിച്ചുവന്ന ഭവനത്തിൽ ഒരു മുറിക്കകത്ത് വച്ചാണ് ബൈഅത്ത് നടന്നത്. ഈ ഭവനത്തിനു പിന്നീട് 'ദാറുൽ ബൈഅത്ത്' (ബൈഅത്തിന്റെ ഭവനം) എന്നു പേരുണ്ടായി. വാതിലിനു സമീപം ഹദ്റത്ത് ശേഖ് അഹ്മദ് അലി സാഹിബിനെ നിയോഗിക്കുകയും താൻ പേർവിളിക്കുന്ന ക്രമത്തിൽ അകത്തേയ്ക്ക് കടത്തിവിടണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ആദ്യമായിത്തന്നെ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ പേരാണ് വിളിച്ചത്. അങ്ങനെ, ആധുനികകാലഘട്ടത്തിലെ ഒരു പ്രവാചകന്റെ പ്രഥമശിഷ്യനായിരിക്കാനുള്ള മഹാഭാഗ്യം ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന് ലഭിച്ചു. *മീർ അബ്ബാസ് അലി, ഹദ്റത്ത് മിയാൻ മുഹമ്മദ് ഹുസൈൻ സാഹിബ് മുറാദാബാദി എന്നീ ക്രമത്തിലായിരുന്നു ബൈഅത്ത്.

* മീർ അബ്ബാസ് അലി പിന്നീട് ഒരുപരീക്ഷയിൽ അകപ്പെട്ടു ശിഷ്യസംഘത്തിൽ നിന്ന് അകന്നുപോയി.

ബൈഅത്ത് വാചകം ഇതായിരുന്നു: "ഇന്നു ഞാൻ അഹ്മദിന്റെ കയ്യിൽ എന്റെ എല്ലാ പാപങ്ങളെയും ദുർവൃത്തികളേയും തൊട്ടു പശ്ചാത്തപിക്കുകയും, എല്ലാ തരത്തിലുള്ള പാപങ്ങളിൽനിന്നും സുരക്ഷിതനായിരിക്കാൻ ജീവാവസാനംവരെ എന്റെ കഴിവിന്റെയും അറിവിന്റെയും അടിസ്ഥാനത്തിൽ പരമാവധി പരിശ്രമിച്ചു കൊണ്ടിരിക്കുന്നതാണെന്നും മതകാര്യങ്ങളെ ഭൗതികമായ ആനന്ദലബ്ധികളേക്കാളും ശാരീരിക സുഖാനുഭൂതികളെക്കാളും ഉപരിയായി കരുതുന്നതാണെന്നും ജനുവരി 12-നുത്തെ പത്തു നിബന്ധനകളനുസരിച്ച് പരമാവധി പരിശ്രമിക്കുന്നതാണെന്നും സത്യഹൃദയത്തോടും ദൃഢനിശ്ചയത്തോടും കൂടി പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു."

اَسْتَغْفِرُ اللّٰهَ رَبِّی۔ اَسْتَغْفِرُ اللّٰهَ رَبِّی۔ اَسْتَغْفِرُ اللّٰهَ
رَبِّی مِنْ کُلِّ ذَنْبٍ وَ اَتُوبُ اِلَیْهِ ۔ اَشْهَدُ اَنْ لَا اِلٰهَ اِلَّا
اللّٰهُ وَحْدَهٗ لَا شَرِیکَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ
رَسُولُهٗ. رَبِّ اِنِّی ظَلَمْتُ نَفْسِی وَ اعْتَرَفْتُ بِذَنْبِی
فَاغْفِرْلِی ذُنُوبِی فَاِنَّهٗ لَا یَغْفِرُ الذُّنُوبَ اِلَّا اَنْتَ

ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബിന്റെ ബൈഅത്തിനു ശേഷം ഹദ്റത്ത് അഹ്മദ്(അ) നിർദ്ദേശിച്ചതിൻപ്രകാരം ശിഷ്യരിൽ ഓരോരുത്തർ മുറിയിൽ പ്രവേശിച്ചു ബൈഅത്ത് ചെയ്തു. തദനന്തരം ശേഖ് ഹാമിദലി സാഹിബിന്റെ ബൈഅത്ത് സ്വീകരിക്കുകയും ചെയ്തു. ആദ്യ ദിവസത്തെ ഈ ബൈഅത്തിനുശേഷം ഒരു പന്തിഭോജനവും ഉണ്ടായി.

ബൈഅത്ത് സ്വീകരിച്ചുകഴിഞ്ഞാൽ ശിഷ്യർക്കു ദീർഘനേരം ഉപദേശങ്ങൾ നൽകുക ഹദ്റത്ത് അഹ്മദിന്റെ പതിവായിരുന്നു. അദ്ദേഹം ഇങ്ങനെ ഉപദേശിച്ചു. "ഫിത്ന(കുഴപ്പം) ഉണ്ടാക്കുന്ന യാതൊരുവാക്കും പറയരുത്. തിൻമയെ പരത്തരുത്. ശകാരത്തിന്റെ നേരെ സഹനം കൈക്കൊള്ളുക. ആരുമായും എതിർപ്പിനു ചെല്ലരുത്. എതിർക്കേണ്ടിവന്നാൽ സത്യഹൃദയത്തോടും അല്ലാഹു തൃപ്തനായിരിക്കുമാറ് അവന്റെ കല്പനകൾക്ക് വിധേയമായ നിലയിലും എതിർക്കുക. മാതൃകാപരമായും മധുരോദാരമായും സംസാരിച്ചു ശത്രുഹൃദയങ്ങളിൽ മനഃപരിവർത്തനമുണ്ടാക്കുക. കോടതികളിൽ സത്യമൊഴികൾ മാത്രം നൽകുക. പൂർണ്ണഹൃദയത്തോടുകൂടി സത്യമാർഗ്ഗത്തിൽ ഉറച്ചുനിൽക്കേണ്ടതു ഈ പ്രസ്ഥാനത്തിൽ ചേരുന്നവർക്കു നിർബന്ധമാണ്."

ഏപ്രിൽ 18-നുവരെ ഹദ്റത്ത് അഹ്മദ് ലുധിയാനയിൽ തന്നെ താമസമാക്കി. അതുവരെയും ബൈഅത്ത് തുടർന്നുകൊണ്ടിരുന്നു. ആദ്യമാദ്യം ബൈഅത്ത് ഒറ്റയ്ക്കൊറ്റയ്ക്കും വേവ്വേറെയായും ആണ് സ്വീകരിച്ചതെങ്കിലും പിന്നീടു കത്തുകൾ വഴിയായും കൂട്ടം കൂട്ടമായും സ്വീകരിക്കപ്പെട്ടുപോന്നു.

1889ൽ ലുധിയാനയിലെ 'ബൈഅത്ത്' പരിപാടിയ്ക്കുശേഷം ഹദ്റത്ത് അഹ്മദ് അലിഗറിലേയ്ക്ക് ഒരു യാത്ര നടത്തി. ഒരു സർവ്വേന്ത്യാപര്യടനം നടത്താൻ നാലഞ്ചു കൊല്ലം മുമ്പ്തന്നെ ആലോചനയുണ്ടായിരുന്നു. എന്നാൽ, ദൈവികമായ ആജ്ഞ ലഭിക്കായ്കയാൽ അക്കാര്യത്തിൽ ബദ്ധപ്പെട്ടു ഒരു തീരുമാനം ചെയ്തില്ല. അലിഗർയാത്രയിൽ ഹദ്റത്ത് അബ്ദുല്ലാഹ് സന്നൗരി (റ)ഹദ്റത്ത് ശേഖ് ഹാമിദലി (റ) മീർ അബ്ബാസലി എന്നിവർ അദ്ദേഹത്തെ അനുഗമിച്ചിരുന്നു. അലിഗറിൽ തഹസിൽദാർ ഹദ്റത്ത് സയ്യിദ് തഫസ്സുൽ ഹുസൈൻ സാഹിബിന്റെ ഭവനത്തിലാണ് ഹദ്റത്ത് അഹ്മദ് താമസിച്ചിരുന്നത്. അലിഗറിൽവച്ചു ഒരു സ്നേഹിതൻ അദ്ദേഹത്തെ തന്റെ വീട്ടിലേയ്ക്ക് ക്ഷണിച്ചു ഒരു വിരുന്നു നൽകി. ഈ വിരുന്നു ഹദ്റത്ത് അഹ്മദിന്റെ വളരെ അടുത്ത ഒരു ശിഷ്യനു വലിയൊരു പരീക്ഷയ്ക്കുകാരണമായി. സൽക്കാരവേളയിൽ വിഭവങ്ങൾ ഒരു ചെറിയ മേശപ്പുറത്തു വിളമ്പിവെച്ചിരിക്കയായിരുന്നു. പുഷ്പങ്ങൾ നിറച്ച വർണ്ണപ്പാത്രങ്ങൾകൊണ്ട് അലങ്കരിക്കുകയും നിലത്ത് പരവതാനി വിരിച്ചു സജ്ജീകരിക്കുകയും ചെയ്തിരുന്നു. ഇതു തികച്ചും അനിസ്ലാമികമാണെന്നും പാശ്ചാത്യരീതിയുടെ ഒരനുകരണമാണെന്നും മീർ അബ്ബാസലിക്ക് തോന്നി! ഹദ്റത്ത് അഹ്മദ് ആകട്ടെ അതിൽ യാതൊരു അനിസ്ലാമികത്വവും കണ്ടതുമില്ല. എന്നാൽ മീർ സാഹിബ് തന്റെ നിലപാട് മാറ്റാൻ കൂട്ടാക്കാതിരിക്കുകയും ഔദ്ധത്യപൂർവ്വം ആഹാരം കഴിക്കുന്നതിൽനിന്നും ഒഴിഞ്ഞുനിൽക്കുകയും ചെയ്തു. നിസ്സാരമായ ഈ സംഗതി ആ ഭാഗ്യശൂന്യയനെ ഹദ്റത്ത് അഹ്മദിൽ നിന്നു അകറ്റിക്കളയാൻ കാരണമായെന്നു പറഞ്ഞാൽ മതിയല്ലൊ!

അലിഗറിൽവച്ചു മറ്റൊരു പ്രധാന സംഭവമുണ്ടായി. അല്ലാഹുവിന്റെ വ്യക്തമായ ആജ്ഞയക്കെതിരിൽ ജനരോഷത്തെയോ മാനഹാനിയെയോ തെല്ലും ഗൗനിക്കുന്ന വ്യക്തിയല്ല, ഹദ്റത്ത് അഹ്മദ് എന്നു ആ സംഭവം വ്യക്തമാക്കിത്തരുന്നു. ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുവാൻ മുഹമ്മദ് ഇസ്മായിൽ എന്നുപേരായ ഒരു മൗലവി ഹദ്റത്ത് അഹ്മദിനോടു അപേക്ഷിച്ചു. തനിയ്ക്ക് നല്ല ദേഹസുഖമില്ലായിരുന്നുവെങ്കിലും ക്ഷണം അദ്ദേഹം സസന്തോഷം സ്വീകരിച്ചു. യോഗത്തിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയാവുകയും പരിപാടി പരസ്യമാക്കപ്പെടുകയും ചെയ്തുവെങ്കിലും നിശ്ചിത സമയമടുത്തപ്പോൾ, പ്രസംഗം ചെയ്യുന്നതിനെതിരായി തനിയ്ക്ക് ദൈവകല്പന ലഭിച്ചിട്ടുണ്ടെന്നു ഹദ്റത്ത് അഹ്മദ് മൗലവി മുഹമ്മദ് ഇസ്മായീലിനെ അറിയിച്ചു. ജനങ്ങളെല്ലാം പ്രസംഗങ്ങൾ കേൾക്കുന്നതിന് പ്രതീക്ഷയോടുകൂടിയിരിക്കുകയാണെന്നും അവരെ നിരാശരാക്കാൻ പറ്റി

ല്ലെന്നും പലരും ആ മഹാത്മാവിനോടു പറഞ്ഞുനോക്കി. എന്നാൽ, എന്തു പ്രത്യാഘാതങ്ങളുണ്ടായാലും യാതൊരു പരിതസ്ഥിതിയിലും ദൈവകല്പന ലംഘിച്ചു ഒരു വാക്കുച്ചരിക്കാൻപോലും താൻ തയ്യാറാവുകയില്ലെന്ന് അദ്ദേഹം തീർത്തു പറഞ്ഞു. അതോടുകൂടി ആ മൗലവി ആകപ്പാടെ പരിഭ്രാന്തനായിത്തീർന്നു. അയാൾ പിന്നീടു ആ മഹാത്മാവിന്റെ കടുത്ത ഒരു ശത്രു ആയി മാറുകയും ചെയ്തു. ഹദ്റത്ത് അഹ്മദിൽ ഭീരുത്വവും, അജ്ഞതയും കാപട്യവും അയാൾ ആരോപിക്കുകയും പല അപവാദങ്ങളും പ്രചരിപ്പിക്കുകയും ചെയ്തു. ഈ പ്രതികൂലസാഹചര്യങ്ങളെയും പ്രതിഷേധങ്ങളെയും തെല്ലും വകവെക്കാതെ ഹദ്റത്ത് അഹ്മദ് തന്റെ ജോലിയിൽ വ്യാപൃതനായിരുന്നതേയുള്ളു. അലീഗഢിൽതന്നെ ഒരാഴ്ചയോളം അദ്ദേഹം താമസിച്ചുവെങ്കിലും പ്രസംഗം ചെയ്യാൻ കൂട്ടാക്കിയില്ല.

ഹദ്റത്ത് അഹ്മദിന്റെ പക്കൽ ജ്യോതിഷസംബന്ധമായ പല ഉപകരണങ്ങളുമുണ്ടെന്നും അതു മുഖേനയാണ് അദ്ദേഹം പ്രവചനങ്ങൾ പറയുന്നതെന്നും മറ്റുമുള്ള ആരോപണം അയാൾ പുറപ്പെടുവിച്ചപ്പോൾ ആ മഹാത്മാവ് അയാളെ ഒരു മുബാഹലയ്ക്ക് ആഹ്വാനം ചെയ്കയുണ്ടായി. ഈ ആരോപണം ഉന്നയിച്ചു അയാൾ പിന്നീടു ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തി. അതേ പുസ്തകത്തിൽതന്നെ ഹദ്റത്ത് അഹ്മദിനെതിരായി ഒരു ശാപപ്രാർത്ഥനയും അയാൾ ചേർത്തിട്ടുണ്ടായിരുന്നു. എന്നാൽ, ഈ പുസ്തകം അച്ചടിച്ചു പുറത്തിറക്കുന്നതിനു മുമ്പായിട്ടുതന്നെ ദൈവശാപത്തിന് കുറിയായി അയാൾ മരിച്ചൊടുങ്ങി!

ഈ കാലത്തിന്നിടയിൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പേർ വിപുലമായ വൃത്തത്തിൽ അറിയപ്പെടുമാറാകയും ആ മഹാത്മാവിന്റെ അപദാനങ്ങളെ കുറിച്ചുള്ള ചർച്ചകളും സ്തുതി കീർത്തനങ്ങളും നാടൊട്ടാക്കും വ്യാപിക്കുകയും ചെയ്തുകഴിഞ്ഞിരുന്നു. ശാന്തമെങ്കിലും ഊർജ്ജസ്വലവും സംഭവബഹുലവുമായ ആ മഹനീയ ജീവിതത്തിന്റെ കീർത്തിധാവല്യം എങ്ങും പരന്നു. ഏഴുകൊല്ലക്കാലത്തിന്നിടയിൽ, 60,000ൽ പരമാളുകൾ അദ്ദേഹത്തെ നേരിട്ടു വന്നു സന്ദർശിക്കുകയും സംസാരിക്കുകയും ചെയ്തുകഴിഞ്ഞു. ഇക്കാലത്തിന്നിടയിൽ തന്നെ അദ്ദേഹത്തിന് 90,000 കത്തുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ലഭിച്ചതായും കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇവയ്ക്കെല്ലാം അദ്ദേഹം ഒറ്റയ്ക്ക് മറുപടി നൽകേണ്ടിയും വന്നിരുന്നു. ഒരു സിക്രട്ടറിയുടെ സഹായമോ ഒരു സ്ഥാപനത്തിന്റെ പിന്തുണയോ യാതൊന്നുമില്ലാതെ ഒറ്റയ്ക്കാണൊ മഹാപുരുഷൻ ഈ കാര്യങ്ങളെല്ലാം നിർവഹിച്ചുപോന്നത്. ദിനേന ശരാശരി 35 കത്തുകൾ എഴുതിത്തീർക്കുക ക്ഷിപ്രസാദ്ധ്യമായ കാര്യമല്ല. അവയിൽ പലതും ആദർശപരവും വിശ്വാസപരവുമായ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും കൊണ്ടു നിറയ്ക്കപ്പെട്ടവയുമായിരുന്നുതാനും. ഇതിന്നിടയ്ക്ക് തന്നെയാണ് അദ്ദേഹം മതപരമായ എല്ലാ കർമ്മങ്ങളും യാതൊരു കൃത്യവിലോപവും കൂടാതെ അനുഷ്ഠിച്ചു പോരുകയും, സന്ദർശകന്മാരെ സ്വീകരിക്കുകയും ഉപചരിക്കുകയും അവരുമായി സംഭാഷണങ്ങൾ നടത്തുക

യും, വിജ്ഞാപനങ്ങളും പരസ്യങ്ങളും തയ്യാറാക്കുകയും ലഘുലേഖകളെഴുതുകയും ഗ്രന്ഥങ്ങൾ രചിക്കുകയും പ്രസംഗങ്ങൾ ചെയ്യുകയും തന്റെ ശിഷ്യഗണങ്ങൾക്ക് ഉപദേശങ്ങൾ നൽകുകയും രോഗികൾക്ക് ചികിത്സകൾ നൽകുകയും ഗൃഹകാര്യങ്ങൾ നിയന്ത്രിക്കുകയും ചെയ്തു പോന്നിരുന്നത്. പലപ്പോഴും അദ്ദേഹം മണിക്കൂറുകളോളം കഠിനമായ തലവേദനയുമായി കഴിച്ചുകൂട്ടുകയായിരുന്നിരിക്കും. എന്നാൽ ഇതിന്നിടയിൽ ഇസ്‌ലാമിനെ കുറിച്ചുള്ള ആക്ഷേപങ്ങൾക്ക് മറുപടികളെഴുതാൻ അദ്ദേഹം ബദ്ധപ്പെടാതിരുന്നില്ല.

വാഗ്ദത്ത മസീഹ്

22- മസീഹു വാദം

പ്രാപഞ്ചികതയുടെ കൂരിരുട്ടിൽ ആത്മീയാന്ധ്യം ബാധിച്ച ലോകത്തിനു ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽഖാദിയാനി (അ) ഒരു പ്രഹേളികയായിത്തന്നെ നിലകൊണ്ടു. ആത്മീയജ്ഞാനത്തിന്റെ കരകാണാത്ത പാരാവാരത്തിൽ മുങ്ങിത്തുടിച്ചുകൊണ്ടിരുന്ന ആ ദിവ്യപുരുഷനിലൂടെ പുറപ്പെട്ടുവന്ന ഭവിഷ്യദ് വാർത്തകളുടേയും ദിവ്യജ്ഞാനത്തിന്റെയും പ്രവാഹം ഭൗതികചിന്തകൻമാരെ വിസ്മയപരതന്ത്രരാക്കിയെങ്കിൽ അത്ഭുതമില്ലല്ലൊ. അവരുടെ ഭാവനകൾ ചിറകുവിരുത്തിപ്പറക്കാൻ തുടങ്ങി. കറ്റുകെട്ടുകളും ദുരാരോപണങ്ങളും ഏഷണികളും ഭീഷണികളും അവയുടെ പുറകിലുണ്ടായിരുന്നു.

എന്നാൽ യുഗപ്രഭാതം പുലർന്നു കഴിഞ്ഞു. ഹദ്റത്ത് മിർസാഗുലാം അഹ്മദുൽ ഖാദിയാനി(അ) കാലഘട്ടത്തിന്റെ ദൈവദൂതനായി നിയോഗിക്കപ്പെട്ടിരിക്കുകയാണ്; വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ്!

1890ന്റെ ഒടുവിലത്തെ മാസങ്ങളിൽ തനിയ്ക്ക് വെളിപ്പെട്ട ദിവ്യമായ അറിയിപ്പുകളെ ആധാരമാക്കി ഹദ്റത്ത് അഹ്മദ്(അ)യുഗപ്രധാനമായ ഒരു വിളംബരം നടത്താൻ തയ്യാറാവുകയായിരുന്നു. ആ വിളംബരം നൂറ്റാണ്ടുകൾക്കപ്പുറത്തെ ലോകത്തിന്റെ ചരിത്രത്തെ രൂപപ്പെടുത്തുന്ന ശക്തിമത്തായ ഒരു ദിവ്യവാദപ്രഖ്യാപനമായിരുന്നു. 1891ന്റെ ആരംഭത്തിൽ പ്രസിദ്ധീകരിച്ച 'ഫത്ഹെ ഇസ്ലാം' (4)'തൗസിയെ മറാം' (5)എന്നീ രണ്ടു കൃതികളിൽ താൻ വാഗ്ദത്തമസീഹായി നിയോഗിക്കപ്പെട്ടിരിക്കുകയാണെന്ന വസ്തുത ആ മഹാത്മാവ് വെട്ടിത്തുറന്നു പ്രഖ്യാപിച്ചു. അതൊരു യുഗദീർഘമായ മഹാസമരത്തിന്റെ ഉൽഘാടനമായിരുന്നു.

ഈസാനബി(അ) മരിച്ചിട്ടില്ലെന്നും ആകാശത്തിൽ ജീവിച്ചിരിക്കുന്നുണ്ടെന്നും ഒടുക്കംനാളിൽ അദ്ദേഹം ഉടലോടെ ഭൂമിയിൽ ഇറങ്ങി വരുമെന്നും ആണ് മുസ്ലിംകൾ പൊതുവേ വിശ്വസിച്ചു വന്നത്. യേശുവിനെപറ്റി ക്രിസ്ത്യാനികളും ഇപ്രകാരംതന്നെ വിശ്വസിക്കുന്നു. എന്നാൽ, ഈ വിശ്വാസം പരമാബദ്ധമാണെന്നും ഈസാനബി(അ) മറ്റു പ്രാവചകൻമാരെപ്പോലെ മരിച്ചുപോയിരിക്കുന്നുവെന്നും മസീഹുബ്നുമറിയം വീണ്ടും വരുമെന്നുള്ള പ്രവചനം തന്റെ നിയോഗം മുഖേന പൂർത്തീകരിക്കപ്പെട്ടിരിക്കയാണെന്നും തനിക്ക് ദൈവത്തിൽനിന്നും വെളിപാടുകളു

ണ്ടായിരിക്കുന്നതായി ഹദ്റത്ത് അഹ്മദ്(അ)മേൽപറഞ്ഞ ഗ്രന്ഥങ്ങളിൽ പ്രഖ്യാപിച്ചു. ഈ പരമയാഥാർത്ഥ്യത്തെകുറിച്ചു ബോധവാനായിരുന്നില്ലെങ്കിലും മുമ്പുതന്നെ ആ മഹാത്മാവിന്റെ പല എഴുത്തുകളിലും ഈ വാദം ഒളിഞ്ഞു കിടന്നിരുന്നതായി കാണാം.1885ൽ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിനു അയച്ച ഒരു കത്തിൽ, ഇസ്രായില്യരിൽ വന്ന മസീഹിനാസിരിയെപ്പോലെ വിനയാന്വിതവും ലളിതസധാരണവുമായ മട്ടിൽ ജനോദ്ധാരണത്തിനായി താൻ നിയുക്തനായിരിക്കയാണെന്നു പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. കൂടാതെ 'ബറാഹീൻ അഹ്മദിയ്യ' എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധം ചെയ്ത അനേകം വെളിപാടുകളിലും ഈ വസ്തുത കണ്ടെത്താൻ കഴിയും. വ്യക്തമായ ദൈവികവെളിപാടുകൾ വഴി താൻ ഉൽബുദ്ധനാക്കപ്പെടുന്നതുവരെ ഈ പ്രസ്താവനകളുടെയും വെളിപാടുകളുടെയും അഗാധമായ ആന്തരാർത്ഥങ്ങൾ അദ്ദേഹം തന്നെയും മനസ്സിലാക്കീട്ടുണ്ടായിരുന്നില്ല. ദൈവത്തിൽനിന്നുള്ള അറിയിപ്പു ലഭിച്ചതോടെ അവയൊക്കെയും സൂര്യപ്രകാശംപോലെ തന്റെ മുമ്പിൽ വ്യക്തമായി തിളങ്ങിക്കിടന്നതായി അദ്ദേഹം കണ്ടു!

ഫതഹെ ഇസ്ലാം

'ഫതഹെ ഇസ്ലാം' എന്ന പുസ്തകത്തിൽ ഹദ്റത്ത് അഹ്മദ് (അ) ഇസ്ലാമിന്റെ ശോചനീയാവസ്ഥയെയും അതിന്നെതിരിൽ ക്രൈസ്തവപാതിരിമാരുടെയും മറ്റും പ്രവർത്തനങ്ങളെയും വിവരിക്കുകയും, ഇസ്ലാമിന്റെ സംരക്ഷണത്തിനും പ്രചാരണത്തിനും പ്രതിവേലകളുടെ പ്രതിരോധത്തിനുംവേണ്ടി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും അതിനുള്ള മാർഗ്ഗങ്ങളെയും കുറിച്ചു പ്രതിപാദിക്കുകയുമുണ്ടായി. അതോടൊപ്പം ഈ കാലഘട്ടത്തിന്റെ പ്രത്യേകതയെയും പ്രാധാന്യത്തെയും കുറിച്ചു ഊന്നിപ്പറയുകയും തന്റെ ആവിർഭാവം "ഐന്ദ്രജാലികമായ അന്ധകാരത്തെ തട്ടിനീക്കുവാനായി ദൈവത്തിൽ നിന്നും വെളിപ്പെട്ട ഒരുത്തുത ദൃഷ്ടാന്തം" ആണെന്നു പ്രസ്താവിക്കുകയും ചെയ്തു. അദ്ദേഹം തുടർന്നു: "നിങ്ങൾ വിശ്വാസികളാണെന്നങ്കിൽ ദൈവത്തന് കൃതജ്ഞത പ്രകടിപ്പിക്കുവിൻ. നന്ദി സൂചകമായി സാഷ്ടാംഗം ചെയ്യുവിൻ. ഏതൊരുകാലത്തെ കാത്തുകാത്തു നിങ്ങളുടെ വന്ദ്യ വന്ദ്യൻമാരായ പിതാക്കൻമാർ കഴിഞ്ഞുകടക്കുകയും എണ്ണമറ്റ ആത്മാക്കൾ ആ ആനന്ദത്തിൽതന്നെ യാത്രപുറപ്പെടുകയും ചെയ്തുവോ ആ അനുഗൃഹീത കാലഘട്ടത്തിലാണ് നിങ്ങൾ ജീവിക്കുന്നത്. അതിനെ വിലമതിക്കുകയോ വിലമതിക്കാതിരിക്കുകയോ അതിൽനിന്നു ഫലമെടുക്കുകയോ എടുക്കാതിരിക്കുകയോ ചെയ്യുക നിങ്ങളുടെ ഇഷ്ടമാണ്. എന്നാൽ, ഞാനിതു ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടേയിരിക്കും. അതു വെളിപ്പെടുത്താതിരിക്കാൻ എനിയ്ക്കു സാദ്ധ്യമല്ല. തക്കസമയത്ത് ലോകോദ്ധാരണാർത്ഥം അയക്കപ്പെട്ടിരിക്കുന്നവനത്രെ ഞാൻ; ജനഹൃദയങ്ങളിൽ മതത്തെ പുനഃസ്ഥാപിക്കാൻ വേണ്ടി; മൂസാനബിയ്ക്കുശേഷം അയക്കപ്പെട്ടതാരോ, ഹെരോദാവിന്റെ ഭരണകാ

ലത്ത് കഠിന കഷ്ടാനുഭവങ്ങൾക്ക് ശേഷം ആരുടെ ആത്മാവ് സ്വർഗ്ഗത്തേയ്ക്കു എടുത്തുകൊള്ളപ്പെട്ടുവോ ആ വ്യക്തിയുടെ രീതിയിൽതന്നെയാണ് ഞാനും പ്രേഷണം ചെയ്യപ്പെട്ടിട്ടുള്ളത്. അതിനാൽ, എന്നെ നിഷേധിക്കുന്ന കാര്യത്തിൽ ധൃതിപ്പെടായ്‌വിൻ! ഇരുട്ടു കയറിയ ചിന്താഗതിക്കാരും പഴയവിശ്വാസപ്രതീക്ഷകളിൽ അടിഞ്ഞുകൂടിയവരും അതിനെ സ്വീകരിക്കില്ല. എന്നാൽ, അവരുടെയെല്ലാം തെറ്റുകൾ തെളിയുമാറാകുന്ന കാലം ഇതാ വരുന്നു. "ലോകത്ത് ഒരു താക്കീതുകാരൻ വന്നു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ, ദൈവം അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യതയെ വെളിപ്പെടുത്തുകയും ചെയ്യും." ഇതു മനുഷ്യന്റെ വാക്കല്ല. ദൈവത്തിന്റെ വെളിപാടും സ്രഷ്ടാവിന്റെ വചനവുമത്രെ. ആ ആക്രമണങ്ങളുടെ കാലം സമീപസ്തമാണെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. എന്നാൽ, ഈ ആക്രമണം വാളും കുന്തവും കൊണ്ടുള്ളതായിരിക്കില്ല. അതിനു ഖഡ്ഗങ്ങളുടെയും തോക്കുകളുടെയും ആവശ്യമില്ല. ആത്മീയമായ ആയുധങ്ങളോടുകൂടിയ ദൈവിക സാഹചര്യങ്ങൾ ഇറങ്ങുക വഴിയായിരിക്കും അതുണ്ടാവുക...അങ്ങിനെ സത്യം വിജയശ്രീലാളിതമാകുകയും മുൻകാലങ്ങളിലുണ്ടായിരുന്ന ആ പുതുമയുടെയും പ്രകാശത്തിന്റെയും നാളുകൾ ഇസ്‌ലാമിനു വീണ്ടും വന്നുദിക്കുകയും ഇസ്‌ലാമികഭാസ്കരൻ മുമ്പ് പ്രകാശിച്ചുയർന്നതു പോലെ പൂർണ്ണപ്രഭയോടെ ഒരിക്കൽകൂടി പ്രകാശിച്ചുയരുകയും ചെയ്യും" (ഫതഹെ ഇസ്‌ലാം)

"ഫതഹെ ഇസ്‌ലാം"* അമൃത്സറിലെ രിയാസ് ഹിന്ദ് പ്രസ്സിൽവച്ചു അച്ചടിച്ചുകൊണ്ടിരിക്കെ ഒരു ദിവസം മൗലവിമുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി അമൃത് സരിലെത്തുകയും പ്രസ്സിൽവച്ചു ആ പുസ്തകത്തിന്റെ ചില ഭാഗങ്ങൾ വായിക്കുകയും ചെയ്തു. അതു വായിച്ചതോടെ അദ്ദേഹത്തിന്നു എന്തെന്നില്ലാത്ത ഒരസ്വസ്ഥത അനുഭവപ്പെട്ടു. കാരണം മറ്റൊന്നുമല്ല. ഹസ്രത്ത് അഹ്മദ് തന്റെ പുതിയ വാദത്തെ സംബന്ധിച്ചു തന്നോടൊരാലോചന ചെയ്തില്ലെന്നതായിരുന്നു അദ്ദേഹത്തിന്റെ ആക്ഷേപം! ഹദ്റത്ത് മിർസാ സാഹിബ് അപ്രകാരമൊരു പുസ്തകമെഴുതുന്നുണ്ടെന്ന ശ്രുതി പരക്കുകയും ആരോ മുഹമ്മദ് ഹുസൈൻ ബട്ടാലവിയോടു അതു സംബന്ധിച്ചു ചോദിക്കുകയും ചെയ്തപ്പോൾ അദ്ദേഹം തന്നെയാണ് തന്റെയീ ആക്ഷേപം വെളിപ്പെടുത്തിയത്. "ഫതഹെ ഇസ്‌ലാം" പുറത്തുവന്നതോടെ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ആകപ്പാടെ മറ്റൊരാളായി മാറിക്കഴിഞ്ഞിരുന്നു!

*ഫതഹെ ഇസ്‌ലാം' എന്ന പുസ്തകം മദിരാശിയിലെ (ജസ്റ്റിസ്) ബശീർ അഹ്മദ് സയീദ് ആദ്യമായി ഇംഗ്ലീഷിലേയ്ക്കു വിവർത്തനം ചെയ്തു. The Triumph of Islam എന്ന പേരിൽ അതു മദ്രാസിലെ അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാം പ്രസിഡണ്ട് എം.അഹമദ് ബാച്ചാ ബി.എ യുടെ ആഭിമുഖ്യത്തിൽ 1923ൽ പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. പിന്നീട് 1973 ൽ ഇതേ പുസ്തകം Victory of Islam എന്ന പേരിൽ പ്രഫ.ഖാസിമുഹമ്മദ് അസ്‌ലം എം.എ.കൺട്രാബ് തർജ്ജമചെയ്യുകയും റബ്വയിലെ അഹ്മദിയ്യാ ഫോറിൻ മിഷ്യൻസ് പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. മലയാള വിവർത്തനം ഈ ഗ്രന്ഥകർത്താവ് നിർവ്വഹിച്ചിട്ടുമുണ്ട്.

"ഫതഹെ ഇസ്ലാം' എന്ന പുസ്തകത്തിലടങ്ങിയ പുതിയ വാദങ്ങളും ഊസാനബിയെ സംബന്ധിച്ച വിശ്വാസവും മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയെ അത്യധികം അരിശം കൊള്ളിച്ചു. അദ്ദേഹം ഹദ്റത്ത് അഹ്മദിന്റെ വലിയൊരു സ്നേഹിതനും സ്തുതിപാഠകനും ആയിരുന്നുവെങ്കിലും ഇപ്പോൾ അദ്ദേഹത്തിന് ആ മഹാത്മാവിന്റെ നേരെ തീരാപ്പക തോന്നത്തുടങ്ങിയെന്നു പറഞ്ഞാൽ മതിയല്ലൊ. മറ്റു മൗലവിമാരും മതപണ്ഡിതൻമാരും ഈ അവസരം പാഴാക്കിയില്ല. ഹദ്റത്ത് അഹ്മദിനെ ആവശ്യത്തിലധികം സ്തുതിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പേരും പ്രശസ്തിയും വർദ്ധിപ്പിച്ചത് മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയാണെന്നു അവർ അഭിപ്രായപ്പെടുകയും ബട്ടാലവി സാഹിബിനെ ഹദ്റത്ത് അഹ്മദിനെതിരാക്കാൻ കഴിഞ്ഞാൽ അതൊരു വലിയ നേട്ടമായിരിക്കുമെന്ന വിശ്വാസത്താൽ പ്രചോദിതരായി അവർ അദ്ദേഹവുമായി ബന്ധം സ്ഥാപിക്കുകയും അദ്ദേഹത്തെ തങ്ങളുടെ നേതാവായി അഭിഷേകം ചെയ്യുകയും ചെയ്തു. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ഉലമാക്കളുടെ നേതൃത്വം ഏറ്റെടുക്കാൻ തയ്യാറായി.

1891 ജനുവരി 31-ാം തിയ്യതി മുഹമ്മദ് ഹുസൈൻ സാഹിബ് ഹദ്റത്ത് അഹ്മദിന്നയച്ച ഒരു കത്തിൽ ഇപ്രകാരം എഴുതി ചോദിച്ചു. "ഇപ്പോൾ, ഞാൻ താങ്കളോട് ചോദിക്കട്ടെ: ഈ വാദം മുഖേന താങ്കൾ ഉദ്ദേശിച്ചിട്ടുള്ളത് 'ഖിയാമ'ത്തിനു മുമ്പ് വരുമെന്നു ഖുർആനിലും ഹദീസിലും വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള ആ ഇബ്നുമർയം അല്ല വാഗ്ദത്തമസീഹെന്നും അതു താങ്കളാണെന്നും തന്നെയാണോ?" ഒന്നുകിൽ 'അതെ' അല്ലെങ്കിൽ 'അല്ല' രണ്ടിലൊരുത്തരം മാത്രമേ തനിയ്ക്ക് കേൾക്കേണ്ടതുള്ളു എന്നും വിശദീകരണങ്ങൾ ആവശ്യമില്ലെന്നും അദ്ദേഹം എഴുതിയിരുന്നു. ഈ കത്തിന് 1891 ഫിബ്രവരി 5-ാം തീയ്യതി ഹദ്റത്ത് അഹ്മദ് (അ) മറുപടി അയച്ചു. "താങ്കളുടെ അന്വേഷണത്തിനു മറുപടിയായി 'അതെ' എന്നുമാത്രം പറഞ്ഞാൽ മതിയെന്നു ഞാൻ കരുതുന്നു" എന്നായിരുന്നു മറുപടികത്തിലെ ഒരേ ഒരു വാചകം. ഈ മറുപടിക്കത്ത് മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി തന്റെ ഇശാഅത്തുസ്സുന്ന എന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതോടെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്കെതിരായുള്ള രാജ്യവ്യാപകമായ പ്രതിഷേധങ്ങളുടെയും എതിർപ്പുകളുടെയും ആരംഭം കുറിച്ചുവെന്നു പറയാം.

താൻ എതിർക്കുവാൻതന്നെയാണ് തീർച്ചപ്പെടുത്തീട്ടുള്ളതെന്നറിയിച്ചുകൊണ്ട് മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ഹദ്റത്ത് അഹ്മദിനു ഒരു കത്തെഴുതി. ഹദ്റത്ത് അഹ്മദ്(അ)തന്റെ 'ഫത്ഹെ ഇസ്ലാം' എന്ന പുസ്തകത്തിന്റെയും തുടർന്നെഴുതിയ 'തൗസീയെ മറാം' എന്ന കൃതിയുടെയും ഓരോ പ്രതി അദ്ദേഹത്തിന്നു അയച്ചുകൊടുത്തുകൊണ്ടു ഇപ്രകാരം മറുപടി നൽകി: "ജയമോ തോൽവിയോ എനിയ്ക്കു പ്രശ്നമില്ല. ആത്മാർപ്പണം ചെയ്ത അനുസരണമുള്ള ഒരു ദൈവദാസനായിരിക്കണമെന്നേ എനിയ്ക്കു മോഹമുള്ളു. താങ്കളെപ്പോലുള്ള ചങ്ങാതിമാർ

എന്റെ ശത്രുക്കളായിത്തിരിഞ്ഞതിൽ എനിയ്ക്കു യാതൊരു വേവലാതിയും വ്യസനവുമില്ല. എന്തെന്നാൽ ഈ എതിർപ്പ് സത്യത്തിനു വേണ്ടിയുള്ളതായിരിക്കുമെന്നു എനിയ്ക്ക് വിശ്വാസമുണ്ട്. ഞാൻ ഏകനാണെന്നും അല്ലാഹു എന്റെ കൂടെയാണെന്നും എന്റെ കൈവെള്ളയിൽ ഞാൻ സ്വയം എഴുതിക്കൊണ്ടിരിക്കുന്നതായി ഇന്നലെ ഒരു ദർശനത്തിൽ കണ്ടു...ഞാൻ താങ്കൾക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കും. എങ്കിലും താങ്കൾക്ക് വിധിയ്ക്കപ്പെട്ടതെന്തോ അതൊക്കെയും താങ്കളെക്കൊണ്ടു തന്നെ പൂർത്തീകരിക്കപ്പെടേണ്ടതുണ്ടല്ലോ!"

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി തന്റെ 'ഇശാ അത്തുസ്സുന്ന' വഴി ഉലമാക്കളെയും ബഹുജനങ്ങളെയും ഹദ്റത്ത് അഹ്മദിന്നെതിരാക്കിത്തീർക്കാനുള്ള നിരന്തരശ്രമങ്ങളിലേർപ്പെട്ടു. "ഖാദിയാനി ഫിത്ന" മുസൽമാൻമാരുടെ മതത്തിലും സമാധാനപരമായ ജീവിതത്തിലും ശക്തിമത്തായ വിപ്ലവം സൃഷ്ടിയ്ക്കുമെന്നു പേടിക്കേണ്ടിയിരിക്കുന്നതിനാൽ മേലിൽ അതിനെ എതിർക്കുന്നതിന്നായി തന്റെ പത്രപംക്തികൾ ഉഴിഞ്ഞിട്ടിരിക്കുമെന്നു അദ്ദേഹം പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം പുറത്തുവന്നതോടെ രാജ്യത്തുടനീളം ഹസ്രത്ത് അഹ്മദിന്നെതിരിൽ ഭയങ്കരമായ വിദ്വേഷക്കൊടുങ്കാറ്റ് വീശിത്തുടങ്ങി.

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ഇപ്പോൾ ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ ഒരു പ്രഖ്യാപിതശത്രുവാണ്! അദ്ദേഹം പ്രവാചകശത്രുക്കളുടെ നേതൃനിരയിലേയ്ക്കു സ്വയം ചെന്നു ചാടി. മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബിനെ സത്യത്തിലേയ്ക്കു അടുപ്പിക്കുന്നതിനു ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) പല പ്രകാരത്തിലും പരിശ്രമിച്ചുകൊണ്ടിരുന്നുവെങ്കിലും അദ്ദേഹം തന്റെ അഹംഭാവവും ഔദ്ധ്യവും കാരണം അവയ്ക്കൊന്നും ചെവികൊടുക്കാൻ കൂട്ടാക്കാതെ ഒരു ബദ്ധവൈരിയായിത്തന്നെ നിലകൊള്ളുകയാണ് ചെയ്തത്. പ്രവാചകൻമാരുടെ ശത്രുക്കൾ സ്വീകരിച്ചുപോന്ന എല്ലാ അടവുകളും ഒന്നൊഴിയാതെ അദ്ദേഹം പ്രയോഗിച്ചു തുടങ്ങി. അദ്ദേഹം ഭ്രാന്തുപിടിച്ചതുപോലെ പരക്കം പായുകയും ഹദ്റത്ത് അഹ്മദിനെ അനുധാവനം ചെയ്തുകൊണ്ടിരിക്കുകയും ആ മഹാത്മാവിന്റെ വാക്കുകൾ കേൾക്കുന്നതിൽ നിന്നു ജനങ്ങളെ തടഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു. എന്നാൽ, സത്യത്തിന്റെ വിരോധികൾക്കെല്ലാമുണ്ടായ അനുഭവം, ആ കടുത്ത പരാജയം തന്നെ, അദ്ദേഹത്തിനും അനുയായികൾക്കും അനുഭവപ്പെട്ടു!

23 - ലുധിയാന വിവാദം

മസീഹുവാദം പുറപ്പെടുവിച്ചതിനുശേഷം തന്റെ സന്ദേശം ജനങ്ങളെ കേൾപ്പിക്കുന്നതിനും പ്രത്യേകിച്ചും മുസ്‌ലിംകളിൽ തന്റെ വാദങ്ങളെ സംബന്ധിച്ചിടത്തോളം ന്യായപൂർത്തി വരുത്തുന്നതിനുമായി ഹദ്‌റത്ത് അഹ്മദ്(അ) ലുധിയാന, അമൃത്സർ, ദില്ലി, പട്ടിയാല, ലാഹൗർ, സിയാൽക്കോട്ട്, ജലന്ധർ, കപൂർത്തല തുടങ്ങിയ നഗരങ്ങളിൽ പര്യടനം നടത്തുകയുണ്ടായി. ഇങ്ങനെ അദ്ദേഹത്തിന്റെ വാദങ്ങൾ രാജ്യത്തിന്റെ നാനാകോണുകളിലും ചർച്ചാവിഷയമാവുകയും വമ്പിച്ച ഒച്ചപ്പാടുകളുണ്ടാക്കുകയും ചെയ്തു. ഈ പരിപാടിയനുസരിച്ചു അദ്ദേഹം ആദ്യമായി യാത്ര ചെയ്തതു ലുധിയാനയിലേയ്ക്കായിരുന്നു. 1891 ഫിബ്രവരി ഒടുവിലോ മാർച്ച് ആദ്യത്തിലോ ആണ് ഈ യാത്ര നടത്തിയത്.

മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി ഹദ്‌റത്ത് അഹ്മദുൽ ഖാദിയാനിയുടെ ശത്രുവായിത്തിരിഞ്ഞുവെങ്കിലും അദ്ദേഹവുമായുള്ള കത്തെടപാടുകൾ ഹദ്‌റത്ത് അഹ്മദ് തുടർന്ന് കൊണ്ടിരുന്നു. ഹദ്‌റത്ത് അഹ്മദുൽ ഖാദിയാനിയുമായി ഒരു വാദപ്രതിവാദം നടത്താൻ ബട്ടാലവി സാഹിബ് ആശ പ്രകടിപ്പിച്ചു കൊണ്ടിരുന്നുവെങ്കിലും, അദ്ദേഹം ഇഷ്ടപ്പെടുന്ന തരത്തിലുള്ള ഒരു വാദപ്രതികൊണ്ട് യാതൊരു പ്രയോജനവുമില്ലെന്ന അഭിപ്രായമാണ് ഹദ്‌റത്ത് അഹ്മദിനുണ്ടായിരുന്നത്. എന്നാൽ, സത്യാന്വേഷകരിൽ പലർക്കും ഫലമെടുക്കാനാവുമെന്നതിനാൽ ചില ഉപാധികളിൻ മേൽ ഒരു വാദപ്രതിവാദം നടത്തുവാനുള്ള തന്റെ സന്നദ്ധത അദ്ദേഹം പ്രകടിപ്പിക്കാതിരുന്നുമില്ല. വാഗ്‌വിവാദം പല രൂപത്തിലുള്ള കുപ്പങ്ങൾക്കും ഇടയാക്കുമെന്നതിനാൽ ലിഖിതരൂപത്തിലായിരിക്കണം അതു നടത്തേണ്ടതെന്നും, തന്നെ 'കാഫിർ' എന്നും 'നരകാവകാശി' എന്നും വിശേഷിപ്പിക്കുകയും 'മുബാഹല' നടത്താൻ വെല്ല് വിളിച്ചു കൊണ്ടിരിക്കുകയും ചെയ്തിട്ടുള്ള മൗലവി പ്രവരൻമാർ മുബാഹലയ്ക്ക് തയ്യാറെത്തുകൊണ്ടു അതിൽ സംബന്ധിച്ചിരിക്കേണ്ടതാണ് എന്നുള്ളതായിരുന്നു ആ ഉപാധികൾ.

ഇരുവരും തമ്മിൽ ദീർഘമായ കത്തെടപാടുകൾ നടന്നു. ഈസാ നബി(അ) ജീവിച്ചിരിക്കുന്നു എന്ന വിശ്വാസത്തെ കേന്ദ്രമാക്കിയുള്ള ഒരു വിവാദം എങ്ങിനെ ആരംഭിക്കണമെന്നതായിരുന്നു കത്തെടപാടിന്റെ മുഖ്യ

വിഷയമെന്നത് പ്രസ്താവ്യമാണ്. ഈസാനബി (അ) മരിച്ചിട്ടില്ല എന്ന വിഷയത്തിൽ ഒരു വിവാദം ആരംഭിക്കാൻ മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി തയ്യാറുണ്ടായിരുന്നില്ല. മസീഹുവാദം സംബന്ധിച്ച ാവണം വിവാദം എന്നു അദ്ദേഹം ശഠിച്ചു കൊണ്ടിരുന്നു. എന്നാൽ, വാദ പ്രതിവാദം ഫലപ്രദമായ ഒരു പരിണാമത്തിലെത്തുന്നതിന് നിർണായ കമായ പ്രശ്നംതന്നെ കൈകാര്യം ചെയ്യേണമെന്ന ദൃഢമായ അഭിപ്രാ യമാണ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്ക് ഉണ്ടായിരുന്നത്. തന്നെ സംബന്ധിച്ചിടത്തോളംകാര്യങ്ങൾ ഇതിനകം വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. തന്റെ വാദങ്ങൾ 'ഫത്ഹെ ഇസ്ലാ'മിലും'തൌസിയെ മറാ'മിലും വിവരിച്ചു കഴിഞ്ഞു. താൻ മസീഹിന്റെ പ്രതിബിംബമാണെന്നു വാദിക്കയും മസീ ഹുബ്നുമർയം മരിച്ചുപോയിരിക്കുന്നു എന്നു ഘോഷിക്കുകയും ചെയ്യു ന്നു. മസീഹിന്റെ പ്രതിബിംബം ആയിരിക്കാവുന്നതാണെന്ന് മൗലവി മുഹ മ്മദ് ഹുസൈൻ സാഹിബ്തന്നെ 'ഇശാഅത്തുസ്സുന്ന'യിൽ സമ്മതിച്ചു കഴിഞ്ഞിട്ടുള്ളതാണ്. താനീവാദത്തിൽ സത്യവാനാണെങ്കിൽ അല്ലാഹു തന്നെ സഹായിച്ചുകൊണ്ടിരിക്കുകയും ശക്തിമത്തായ ആക്രമണങ്ങൾ തന്റെ സത്യം തെളിയിച്ചുകൊണ്ടിരിക്കയും ചെയ്യും. പിന്നെയുള്ളത് ഈസാനബിയുടെ 'ഹയാ'ത്തിന്റെ പ്രശ്നമാണ്. അതെപ്പറ്റി ആ മഹാ ത്മാവ് ഇപ്രകാരം എഴുതി: "താങ്കളുടെ മറ്റെല്ലാ വാദമുഖങ്ങളും മസീഹു ജീവിച്ചിരിക്കുന്നു എന്നും ഉടലോടെ ആകാശത്തേയ്ക്ക് ഉയർത്തപ്പെട്ടു വെന്നുമുള്ള വിശ്വാസത്തിന്റെ ശാഖകൾ മാത്രമാകുന്നു. മസീഹു ജീവ നോടുകൂടിയും ഉടലോടേയും ആകാശത്തേക്കുയർത്തപ്പെട്ടിട്ടുണ്ടെന്ന് താങ്കൾക്ക് സ്ഥാപിക്കുവാൻ കഴിയുന്നപക്ഷം താങ്കൾ എല്ലാം സ്ഥാപിച്ചു കഴിഞ്ഞെന്നു പറയാം".

മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് പ്രയോജനകരമല്ലാത്ത വ്യർഥാ വാദങ്ങളിലേയ്ക്ക് തന്നെ വലിച്ചിഴയ്ക്കാൻ തുനിയുന്നതായി ബോദ്ധ്യ പ്പെട്ടപ്പോൾ അദ്ദേഹവുമായുള്ള കത്തെടപാടുകൾ ഹദ്റത്ത് അഹ്മദ് (അ) അവസാനിപ്പിച്ചു. കത്തെടപാട് നിർത്തീട്ടുണ്ടെന്നറിഞ്ഞപ്പോൾ മൗലവി ബട്ടാലവി സാഹിബ് മറ്റൊരു മാർഗ്ഗത്തിൽ അതു തുടരാൻ നോക്കി. ലുധിയാനയിലെ പ്രമുഖപണ്ഡിതനായ മൗലവി മുഹമ്മദ് ഹസൻ സാഹിബിനെ അദ്ദേഹം കൂട്ടുപിടിക്കുകയും അദ്ദേഹത്തിന്റെ പേര് വച്ച് കത്തെടപാട് തുടരുകയും ചെയ്തു. കത്തുകൾ അദ്ദേഹം തന്നെ എഴുതുകയും മൗലവി മുഹമ്മദ് ഹസൻ സാഹിബിൽനിന്ന് ഒപ്പ് വാങ്ങു കയുമാണ് ചെയ്തിരുന്നത്. ഈ യാഥാർത്ഥ്യം ഹദ്റത്ത് അഹ്മദുൽഖാ ദിയാനി(അ) മനസ്സിലാക്കിയിരുന്നുവെങ്കിലും മുഹമ്മദ് ഹസൻ സാഹി ബിന് മറുപടി അയക്കാതിരിക്കുന്നത് ഉചിതമാണെന്ന് ആ മഹാത്മാവ് കരുതിയില്ല.

മൗലവിമാർ വാദപ്രതിവാദത്തിനുള്ള ആഹ്വാനം മുഴക്കിക്കൊണ്ടി രിക്കുകയും പക്ഷെ, ഒരു പോരാട്ടത്തിനു രംഗത്ത് വരാൻ കൂട്ടാക്കാതിരി ക്കുകയും തനിയ്ക്കെതിരായ വിദ്വേഷപ്രചാര വേലയ്ക്ക് ഊക്കു കൂട്ടു

കയും ബഹുജനങ്ങളെ ഇളക്കി വിടുകയും ചെയ്യുകയാണെന്നു കണ്ടപ്പോൾ 1891മാർച്ച് 26-ാം തിയ്യതി ഹദ്റത്ത് അഹ്മദ് (അ) ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയും, അതിൽ, താനുമായി എഴുത്തു മുഖേന ഒരു വാദപ്രതിവാദത്തിലേർപ്പെടാൻ ഉലമാ മുഖ്യൻമാരെ ആഹ്വാനം ചെയ്യുകയും ചെയ്തു. അവരിൽ മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി, റശീദ് അഹ്മദ് സാഹിബ് ഗംഗോഹി, അബ്ദുൽ ജബ്ബാർ സാഹിബ് ഗസ്നവി, അബ്ദുർറഹ് മാൻ സാഹിബ് ലഖോക്കെ, ശേഖ് ഉബൈദുല്ലാഹ് സാഹിബ് തിബത്തി, അബ്ദുൽ അസീസ് സാഹിബ് ലൂധിയാനവി, ഗുലാംദസ്തഗീർ സാഹിബ് ഖുസൂരി എന്നീ പ്രമുഖ പണ്ഡിതൻമാരുടെ പേരുകൾ പ്രത്യേകം എടുത്തു പറഞ്ഞിരുന്നു.

അമൃത്സറിലെ ചില മാന്യൻമാരുടെ ക്ഷണമനുസരിച്ച് 1891 ജൂലായ് ആദ്യത്തിൽ ഹദ്റത്ത് അഹ്മദ്(അ) അമൃത്സറിലേയ്ക്കു പുറപ്പെട്ടു. അവിടെ അഹ്ലെ ഹദീസുകാർ രണ്ടു ചേരികളായിത്തിരിഞ്ഞിരുന്നു. മൗലവി അഹ്മദുല്ലാ സാഹിബിന്റെ പക്ഷക്കാരും ഗസ്നവി പക്ഷക്കാരും. തെറ്റിപ്പിരിഞ്ഞതിനു ഒരു കാരണം ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെമേൽ കുഫ്റ്ഫത്വ പുറപ്പെടുവിക്കണമെന്ന ഗസ്നവി പക്ഷക്കാരുടെ അഭിപ്രായത്തോടു മൗലവി അഹ്മദുല്ലാ സാഹിബ് യോജിക്കാതിരുന്നതത്രെ. മൗലവി അഹ്മദുല്ലാ സാഹിബ് പള്ളിയിൽനിന്നു പുറത്താക്കപ്പെടുകയും അനുയായികൾ അദ്ദേഹത്തെ വേറൊരു പള്ളിയിലേയ്ക്കു ആനയിക്കുകയും ചെയ്തു. ഹദ്റത്ത് അഹ്മദ്(അ) ഒരു വാദപ്രതിവാദത്തിനു ക്ഷണിച്ചുകൊണ്ട് മൗലവി അഹ്മദുല്ലാ സാഹബിനു ഒരു കത്തയച്ചു. എന്നാൽ, അദ്ദേഹം അതിന് തയ്യാറുണ്ടായിരുന്നില്ല. അദ്ദേഹം നിശ്ശബ്ദത പാലിച്ചതിനെ തുടർന്നു മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിന്റെ പക്ഷക്കാർ അദ്ദേഹത്തെ 'മീർസായി" എന്നു പറഞ്ഞു പരത്തുകയുണ്ടായി. മൗലവി അഹ്മദുല്ലാ സാഹിബിന്റെ ഏതാനും അനുചരൻമാർ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ കയ്യിൽ ബൈഅത്ത് ചെയ്ത് ആ മഹാത്മാവിന്റെ ശിഷ്യൻമാരായിത്തീരുകയും ചെയ്തിരുന്നു.

ഒരു വാദപ്രതിവാദത്തിന് തയ്യാറുണ്ടെന്ന് പറഞ്ഞുകൊണ്ടിരിക്കുകയും എന്നാൽ, എന്തെങ്കിലും കാരണം പറഞ്ഞു ഒഴിഞ്ഞു മാറിക്കൊണ്ടിരിക്കുകയും ചെയ്ത മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിന് ഒരു ഒഴികഴിവ് പറയാനാവരുതെന്നു കരുതി തന്റെ മസീഹു വാദത്തെ പറ്റിത്തന്നെ വാദപ്രതിവാദം നടത്തുന്നത് തനിയ്ക്ക് സമ്മതമാണെന്ന് 1891 മെയ് 27-ാം തിയ്യതി ഹദ്റത്ത് അഹ്മദ്(അ) മൗലവി മുഹമ്മദ് ഹസൻ സാഹിബ് ലുധിയാനവിയ്ക്ക് എഴുതി. പിന്നെയും നീണ്ട കത്തെടപാടുകൾ നടന്നു. ഒടുവിൽ എഴുത്തുമുഖേനയുള്ള വാദ പ്രതിവാദം നടത്തുന്നതിന് തീരുമാനിക്കപ്പെടുകയും നിബന്ധനകളുണ്ടാക്കുകയും ചെയ്തു.

"ഖുർആനുള്ളേടത്ത് ഞാനും!"

ഇതിനിടയിൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുമായി ഒരു അനുരഞ്ജനമുണ്ടാക്കാനെന്നവണ്ണം ചിലർ പരിശ്രമിക്കാതിരുന്നില്ല. അവരിലൊരാളത്രെ മൗലവി നിസാമുദ്ദീൻ സാഹിബ്. ശുദ്ധ ഗതിക്കാരനായ ഈ മൗലവി, മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവിയുടെ അടുക്കൽ ചെല്ലുകയും ഈസാനബി (അ) ജീവിച്ചിരിക്കുന്നുണ്ടെന്നതിലേയ്ക്ക് യഥാർത്ഥത്തിൽ ഖുർആനിൽ വല്ല ആയത്തുകളുമുണ്ടോ എന്നു ചോദിക്കുകയുമുണ്ടായി. ഇരുപതോളം ആയത്തുകളുണ്ടെന്നു മുഹമ്മദ് ഹുസൈൻ സാഹിബ് മറുപടി നൽകി. മൗലവി ഉടൻ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ അടുക്കൽ പോവുകയും ഈസാനബി (അ) മരിച്ചുപോയെന്നതിലേയ്ക്കു യഥാർത്ഥത്തിൽ വല്ല രേഖയും അദ്ദേഹത്തിന്റെ പക്കൽ ഉണ്ടോ എന്നു അന്വേഷിക്കുകയും ചെയ്തു. തന്റെ പക്കൽ ഉള്ള തെളിവ് വിശുദ്ധ ഖുർആൻ തന്നെയാണെന്നു ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ഉത്തരമരുളി. ഈസാനബി(അ) ജീവിച്ചിരിക്കുന്നുണ്ടെന്നതിലേയ്ക്ക് ഖുർആനിൽനിന്നു രേഖയുന്നയിച്ചാൽ അതു വിശ്വസിക്കാൻ തയ്യാറാകുമെന്നു ഹദ്റത്ത് അഹ്മദ് (അ) ഉറപ്പ് നൽകി. ഒന്നോ രണ്ടോ അല്ല ഇരുപതോളം ആയത്തുകൾ താൻ കൊണ്ടുവരാൻ പോകയാണെന്നു മൗലവി നിസാമുദ്ദീൻ സാഹിബ് ശുഭവാർത്തയറിയിച്ചു. ഒരൊറ്റ ഖുർആൻ ആയത്ത് കാണിച്ചാൽ മതിയാകുമെന്നും ഒരൊറ്റ ആയത്തുപോലും ആർക്കുംതന്നെ ഉന്നയിക്കാൻ കഴിയുന്നതല്ലെന്നും ഹദ്റത്ത് അഹ്മദ് ഉറപ്പിച്ചു പറഞ്ഞു. നമ്മുടെ മൗലവി നിസാമുദ്ദീൻ സാഹിബുണ്ടോ അതങ്ങു വിശ്വസിക്കാൻ പോകുന്നു? "അങ്ങു അവിടത്തെ വാക്കിൽ ഉറച്ചു നിൽക്കൂ. ഞാനിതാ 20 ആയത്തുകൾ കുറിച്ചു കൊണ്ടുവരാം" എന്നു പറഞ്ഞു അദ്ദേഹം നേരെ മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിന്റെ അടുക്കൽ വന്നെത്തി. താൻ മിർസാ സാഹിബിനെ പരാജയപ്പെടുത്തി വന്നിരിക്കയാണെന്ന സന്തോഷവാർത്ത അവിടെ കൂടിയ മൗലവിമാരെയെല്ലാം അറിയിക്കാൻ അദ്ദേഹം വെമ്പൽകൊണ്ടു. ഈ അതിശയം കേട്ട മൗലവിമാരെല്ലാം സംഗതികളുടെ യാഥാർത്ഥ്യം അറിയാൻ തിരക്കിത്തുടങ്ങി. താൻ എങ്ങിനെയാണ് മീർസാസാഹിബിനെ 'കുടുക്കിയിട്ട്' തെന്നു മൗലവി നിസാമുദ്ദീൻ സാഹിബ് വിവരിച്ചശേഷം 20 ആയത്തുകൾ ഉടനെ കുറിച്ചുകൊടുക്കാൻ മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിനോടദ്ദേഹം ആവശ്യപ്പെട്ടു. ഇതു കേട്ടപ്പോൾ മൗലവി ബട്ടാലവി സാഹിബിന്റെ മുഖത്ത് ജാള്യതയുടെ വിളർച്ച പ്രത്യക്ഷപ്പെടുകയായി, 'ഹദീസുകളിൽ നിന്ന് ഈസാനബിയുടെ ഹയാത്ത് തെളിയിക്കാമെന്നു പറഞ്ഞില്ലേ?' എന്നായി അഹ്ലുഹദീസ് കക്ഷി നേതാവായ അദ്ദേഹം. "ഹദീസോ? ഖുർ ആന്റെ രേഖയുള്ളപ്പോൾ എന്തിനാണ് ഹദീസ്"? നിസാമുദ്ദീൻ സാഹിബ് തിരിച്ചു ചോദിച്ചു. ഇതു കേട്ടപ്പോൾ മൗലവി സാഹിബിനു കലി കയറി. അമർഷവും ക്ഷോഭവും സ്ഫുരിക്കുന്ന ഭാഷയിൽ അദ്ദേഹം ഇപ്രകാരം ആക്രോശിച്ചു. "നീ

മിർസായെ തോല്പിച്ചിട്ടല്ല വന്നത്, എന്നെയാണ് തോല്പിച്ചത്. എന്നെ അപമാനത്തിലാക്കി. ഞാൻ എത്രയോ നാളായി മീർസായെ ഹദീസിലേയ്ക്കു കൊണ്ടുവരാൻ പ്രയത്നിക്കുന്നു, അദ്ദേഹം എന്നെ ഖുർആനിലേയ്ക്കാണ് കൊണ്ടു പോകുന്നത്. ഖുർആനിൽ, മസീഹ് ജീവിച്ചിരിക്കുന്നുണ്ടെന്നതിലേയ്ക്കു ഒരൊറ്റ ആയത്തെങ്കിലുമുണ്ടെങ്കിൽ അതു എത്ര മുമ്പേ കാണിച്ചിരിക്കുമായിരുന്നു. ഞാൻ ഹദീസിൽ ഊന്നിക്കൊണ്ടിരിക്കുന്നതു അതുകൊണ്ടല്ലേ?" ഇതുകേട്ടപ്പോൾ മൗലവി നിസാമുദ്ദീൻ സാഹിബിന്റെ കണ്ണു തുറന്നു. "ഖുർ ആൻ നിങ്ങളോടൊപ്പമല്ല, മിർസാ സാഹിബിന്റെ കൂടെയാണെങ്കിൽ ഞാനും മിർസാ സാഹിബിന്റെ കൂടെയാണ്" എന്നു പറഞ്ഞുകൊണ്ടു അദ്ദേഹം യാത്രയായി. നേരെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ സന്നിദ്ധയിലേയ്ക്കാണദ്ദേഹം ചെന്നത്. ലജ്ജാഭാരത്താൽ നതശീർഷനായി അദ്ദേഹം ഒരു മൂലയിൽ ചെന്നിരിപ്പായി. ഹദ്റത്ത് അഹ്മദ് (അ) അദ്ദേഹത്തെ കണ്ടപ്പോൾ ആയത്തിന്റെ കാര്യം ചോദിച്ചു. ഒന്നുരണ്ടാവർത്തി ചോദിച്ചപ്പോൾ മൗലവി സാഹിബ് നടന്ന സംഗതികൾ വിവരിച്ചു. എന്നിട്ടദ്ദേഹം പറഞ്ഞു: "ഇനി എവിടെ വിശുദ്ധഖുർആൻ ഉണ്ടോ അവിടെത്തന്നെ ഞാനും" അങ്ങിനെ ഹദ്റത്ത് മൗലവി നിസാമുദ്ദീൻ സാഹിബ്(റ) ഹദ്റത്ത് അഹ്മദിന്റെ കയ്യിൽ ബൈഅത്ത് ചെയ്യുകയും ശിഷ്യസംഘത്തിൽ അംഗമായിത്തീരുകയും ചെയ്തു.

1891 ജൂലായ് 20-ാം തിയ്യതി വാദപ്രതിവാദം ആരംഭിച്ചു. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി, മൗലവി മുഹമ്മദ് ഹസൻ സാഹിബ്, സഅദുല്ലാ ലുധിയാനവി തുടങ്ങിയവരടക്കം ഏഴെട്ടുപേർ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ വസതിയിൽ വന്നു. മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ഒരു ചോദ്യം എഴുതി ഹദ്റത്ത് അഹ്മദിന്റെ മുമ്പിൽ വച്ചുകൊടുത്തു. ആ മഹാത്മാവ് ഉടൻതന്നെ മറുപടിയെഴുതിത്തുടങ്ങുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം അന്നവിടെ ഹദ്റത്ത് പീർ സീറാജുൽ ഹക്ക് സാഹിബ് നുഅ്മാനി(റ), ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി (റ), മുൻശീ ഗുലാം ഖാദിർ സാഹിബ് ഫസീഹ് തുടങ്ങിയവരും കപൂർത്തല ജമാഅത്തിലെ ഏതാനും പ്രമുഖ വ്യക്തികളും ഉണ്ടായിരുന്നു.

ചോദ്യത്തിനു മറുപടി എഴുതിക്കഴിഞ്ഞതോടെ അന്നത്തെ പരിപാടി അവസാനിച്ചുവെങ്കിലും മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് നിബന്ധക്കെതിരായി എഴുന്നേറ്റ് സംസാരിക്കാൻ തുടങ്ങി. ഖുർആനാണ് പ്രഥമമായ പ്രമാണം എന്നുള്ള മിർസാ സാഹിബിന്റെ പ്രമേയം ശരിയല്ലെന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം പ്രസംഗമാരംഭിച്ചത്. ഖുർ ആന്റെ യാഥാർത്ഥ്യങ്ങൾ ഹദീസുകളാണ് നമുക്ക് തുറന്നു കാട്ടിത്തരുന്നതെന്നും അതുകൊണ്ട് പ്രാഥമ്യം ഹദീസുകൾക്കാണെന്നും ആയിരുന്നു അദ്ദേഹത്തിന്റെ വാദഗതി, വാദപ്രതിവാദം വായ്വാക്കാലല്ല വേണ്ടതെന്ന തീർപ്പിനെ മൗലവി സാഹിബ് ലംഘിച്ചിരിക്കയാൽ തനിയ്ക്കും ഇപ്പോൾ

സംസാരിക്കാൻ അവകാശമുണ്ടെന്നു പറഞ്ഞുകൊണ്ടു ഹദ്റത്ത് അഹ്മദ് (അ)മൗലവി സാഹിബിന്റെ വാദമുഖങ്ങളെ ഉടച്ചു ഒരു പ്രസംഗം ചെയ്തു. ഖുർആൻ ഖണ്ഡിതമായ ദൈവവചനങ്ങളും വെളിപാടു വാക്യങ്ങളുമാണെന്നും റസൂൽ കരീം (സ)തിരുമേനിയുടെ കാലത്ത് തന്നെ അവ ഒരുമിച്ചു കൂട്ടപ്പെട്ടിരുന്നുവെന്നും ഹദീസുകളെപ്പറ്റി ഈ സ്വച്ഛത ഒരിക്കലും അവകാശപ്പെടാൻ നിവൃത്തിയില്ലെന്നും അവ റസൂൽ കരീം (സ)തിരുമേനിയുടെ കാലത്തു രേഖപ്പെടുത്തപ്പെട്ടവയല്ലെന്നും മറിച്ചു പരംപരയായുള്ള നിവേദനങ്ങൾ വഴി നമുക്ക് കരഗതമായിട്ടുള്ളതാണെന്നും അവയ്ക്ക് ഖുർആന്റെ സ്ഥാനമില്ലെന്നും ഹദ്റത്ത് അഹ്മദ് (അ) തന്റെ പ്രസംഗത്തിൽ വ്യക്തമാക്കി. ഉജ്ജ്വലമായ ആ പ്രഭാഷണം ശ്രോതാക്കളെ ഹഠാദാകർഷിച്ചു. മാത്രമല്ല, അവരിൽ പലരും ആവേശഭരിതരായിത്തീരുകയും ആ സത്യത്തെ അംഗീകരിക്കുന്നുവെന്ന തരത്തിൽ നാലുഭാഗത്ത് നിന്നും ഹർഷപ്രകടനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും 'സുബ്ഹാനല്ലാഹ്' എന്നു തുടങ്ങിയ ദൈവകീർത്തനങ്ങൾ ഉയർത്തിക്കൊണ്ടിരിക്കുകയും ചെയ്തു. ഹദ്റത്ത് അഹ്മദിനു പ്രസംഗവൈഭവമില്ലെന്നും അതുകൊണ്ടാണ് വാഗ്വിവാദത്തിന് സമ്മതിക്കാത്തെന്നും പറഞ്ഞുപരത്തിയവർക്ക് അതൊരു തിരിച്ചടിയായിരുന്നു. സത്യാസത്യങ്ങൾ വ്യക്തമായി വിവേചിച്ചറിയുവാൻ സാധിക്കുമാറ് സത്യാന്വേഷികളുടെ മുമ്പിൽ വിവാദരേഖകൾ തുറന്നു കിടക്കണമെന്നും വസ്തുതകൾ നിഷേധിക്കപ്പെടുകയോ വളച്ചൊടിക്കപ്പെടുകയോ ചെയ്യുന്നതിനുള്ള അവസരമുണ്ടാകരുതെന്നും ഉള്ള നിർബന്ധംകൊണ്ടു മാത്രമാണ് വാദപ്രതിവാദം എഴുത്തുമുഖേനയായിരിക്കണമെന്ന് ആ മഹാത്മാവ് ഊന്നിപ്പറഞ്ഞു കൊണ്ടിരുന്നതെന്ന സത്യം എല്ലാവർക്കും ബോദ്ധ്യമായിത്തീരുന്നതിനു മൗലവി സാഹിബിന്റെ ആ നിശ്ചയലംഘനം പ്രയോജനപ്പെട്ടു.

ഏഴു ദിവസംവരെ വിവാദം ഹദ്റത്ത് അഹ്മദിന്റെ വസതിയിൽവച്ചുതന്നെ നടന്നുകൊണ്ടിരുന്നു. ജൂലായ് 31-ാം തിയ്യതി വരെ വാദപ്രതിവാദം നീണ്ടുനിന്നു. മുഹമ്മദ് ഹുസൈൻ സാഹിബ് ആവശ്യപ്പെടതനുസരിച്ചു മൗലവി മുഹമ്മദ് ഹസൻ സാഹിബിന്റെ ഭവനത്തിൽ വച്ചാണ് ബാക്കിദിവസങ്ങളിൽ വിവാദം തുടർന്നത്. പന്ത്രണ്ടു ദിവസം ആയിട്ടും യാതൊരു തീരുമാനത്തിലുമെത്താതെയിരുന്നപ്പോൾ ജനങ്ങൾ ബഹളം കൂട്ടിത്തുടങ്ങി. യഥാർത്ഥമായ പ്രശ്നം മസീഹിബ്നുമറിയം ജീവിച്ചിരിക്കുന്നുണ്ടോ ഇല്ലേ എന്നുള്ളതായിരിക്കെ ആ വിഷയത്തെപറ്റി എന്തുകൊണ്ടു വിവാദം നടത്തുന്നില്ല എന്നു ജനങ്ങൽ ചോദിച്ചു. ഈ പ്രശ്നത്തിൽ ഒരു തീരുമാനമുണ്ടാകുന്നതോടെ മറ്റു വിഷയങ്ങൾ പ്രയാസരഹിതമായിത്തീരുമെന്നതിൽ അസ്സൽ വിഷയത്തിലേയ്ക്കു പ്രവേശിക്കണമെന്നു ഹദ്റത്ത് അഹ്മദ്(അ) തന്നെയും നിർബന്ധിക്കുകയായിരുന്നു. പന്ത്രണ്ടാം ദിവസമായപ്പോൾ വിവാദസ്ഥലം ജനനിബിഡമായി. ഹിന്ദുക്കളും മുസ്ലിംകളും ക്രിസ്ത്യാനികളുമായി 300ൽ പരം ആളുകൾ അവിടെ തടിച്ചു കൂടിയിരുന്നു. 'പഞ്ചാബ് ഗസ്റ്റ്' (സിയാൽകോട്ട്) 'നൂറഫ് ശാൻ'

(ലുധിയാന) എന്നീ പത്രങ്ങളുടെ അധിപൻമാർക്ക് പുറമെ ലുധിയാന യിലെ ഓണറരി മജിസ്ത്രേട്ട് ഖാൻ അഹ്സൻഷാ തുടങ്ങിയ പ്രമുഖ വ്യക്തികളും അക്കൂട്ടത്തിലുണ്ടായിരുന്നു.

ഒടുവിലത്തെ ദിവസം ഹദ്റത്ത് അഹ്മദ് (അ) തന്റെ മറുപടി പത്രിക ഇപ്രകാരമാണ് അവസാനിപ്പിച്ചത്.

"എന്നെ ഒരു കള്ളവാദിയെന്നു കരുതുകയും സ്വയം സാത്ത്വികരും ഭക്തരുമായി ചമയുകയും ചെയ്യുന്ന എന്റെ എതിരാളികൾ ധരിച്ചുകൊള്ള ട്ടെ. 'നിങ്ങൾക്കാകുവോളം നിങ്ങൾ പ്രവർത്തിക്കുവിൻ; ഞാനും പ്രവർ ത്തിച്ചു കൊള്ളാം' എന്നു ഖുർ-ആനിൽ പറഞ്ഞതിൻവണ്ണം (11:93)എന്റെ സത്യാവസ്ഥയെ വ്യക്തമാക്കിക്കാണിക്കാൻ ഞാനിതാ സന്നദ്ധനാകുന്നു. ഇക്കാര്യത്തിൽ ദൈവികമായ ഒരു വിധി വെളിപ്പെടുന്നതുവരെ നമുക്ക് നാല്പതു ദിവസം കാത്തിരിക്കാം. ഇതിനുശേഷം സാത്ത്വികനായി പുറ ത്തുവരികയും ദൈവത്തിന്റെ സഹായത്തോടുകൂടി ദിവ്യമായ രഹസ്യ ങ്ങൾ വെളിപ്പെടുത്താൻ സാധിക്കുകയും ചെയ്യുന്നതു ആരായാലും അയാൾ സത്യവാനായി കരുതപ്പെടുന്നതാണ്. ഇവിടെ സമ്മേളിച്ചിട്ടുള്ള സകലരും കേട്ടുകൊള്ളട്ടെ: മുഹമ്മദ് ഹുസൈൻ സാഹിബിനു അല്ലാഹു വിന്റെ സഹായത്തോടുകൂടി എനിക്ക് ചെയ്യാവുന്നതു പോലെ എന്തെ ങ്കിലും ഒരു സ്വർഗ്ഗീയാടയാളം കാണിക്കാൻ കഴിയുകയോ ദൈവികമായ എന്തെങ്കിലും രഹസ്യം വെളിപ്പെടുത്താൻ സാധിക്കുകയോ ചെയ്യുന്ന പക്ഷം എന്റെ എതിരാളികൾ ഇഷ്ടപ്പെടുന്ന ഏതു ആയുധംകൊണ്ടും എന്നെ കൊത്തി നുറുക്കി കൊല്ലുന്നതു എനിക്ക് സമ്മതമായിരിക്കുന്നതും അവർ ഇഷ്ടപ്പെടുന്ന തരത്തിൽ ഏതു നഷ്ടപരിഹാരവും എന്നിൽ നിന്നു അവകാശപ്പെടാവുന്നതുമാണെന്നു ഞാനിതാ ദൈവനാമത്തിൽ പാവന മായ ഒരു സത്യപ്രതിജ്ഞ ചെയ്തുകൊള്ളുന്നു. 'ലോകത്തു ഒരു താക്കീ തുകാരൻ വന്നു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ ദൈവം അദ്ദേഹത്തെ സ്വീകരിക്കുന്നതും അദ്ദേഹത്തിന്റെ സത്യത്തെ ശക്തിമ ത്തായ അടയാളങ്ങളാൽ വെളിപ്പെടുത്തുന്നതുമാകുന്നു'. ഞാൻ ഈ വിവാദം ഇവിടംകൊണ്ടു അവസാനിപ്പിക്കുകയാണ്. ഇതു സംബന്ധിച്ചു മുഹമ്മദ് ഹുസൈൻ സാഹിബിനു എന്തെങ്കിലും പറയാനുണ്ടെങ്കിൽ അദ്ദേഹം തന്റെ പത്രത്തിൽ വേറെതന്നെ എഴുതി പ്രസിദ്ധം ചെയ്തു കൊള്ളട്ടെ. പ്രാഥമിക വിഷയങ്ങൾ തന്നെ ഇനിയും നീട്ടിക്കൊണ്ടുപോ കുന്നതു ഏതായാലും ഉചിതമല്ല എന്നാൽ, ഞാൻ പുറപ്പെടുവിച്ച എന്റെ വാദങ്ങളെ സംബന്ധിക്കുന്ന അടിസ്ഥാന വിഷയയെപറ്റി വിവാദം തുടർന്നു നടത്തുന്നതിനു ഞാൻ ഇപ്പോഴും തയ്യാറാണ്."

ഈ വിവാദത്തിന്റെ വിവരങ്ങൾ ഹദ്റത്ത് അഹ്മദ് (അ)തന്റെ 'ഇസാ ലയെ ഔഹാം' (6)എന്ന പുസ്തകത്തിന്റെ ഒടുവിൽ ചേർത്തിട്ടുണ്ട്. കൂടാതെ വാദപ്രതിവാദത്തിന്റെ പൂർണ്ണവിവരങ്ങൾ 'അൽഹക്ക് ലുധി യാന' (7)എന്ന പേരിൽ പുസ്തക രൂപത്തിൽ വേറെയും പ്രസിദ്ധീകരി ക്കയുണ്ടായി.

ഈ വിവാദവേളയിൽ, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിക്ക് ലഭിച്ചിട്ടുള്ള ദൈവിക സഹായങ്ങളുടെ ഒരു മാതൃകയെന്ന നിലയിൽ ഉണ്ടായ ആത്മീയമായ ഒരു പ്രത്യേക സംഭവം എടുത്തു പറയത്തക്കതാണ്. വിവാദം നടന്നുകൊണ്ടിരിക്കെ, ഒരു പ്രത്യേക ഘട്ടത്തിൽ മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി, ബുഖാരിയിൽ നിന്നുദ്ധൃതമായ ഒരു ഹദീസിനെപറ്റി സംശയം പ്രകടിപ്പിക്കുകയും അതു കാണിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ, പ്രസ്തുത ഹദീസ് ബുഖാരിയിൽ ഏതു അദ്ധ്യായത്തിലാണെന്നോ ഏതു ഭാഗത്താണെന്നോ ഹദ്റത്ത് അഹ്മദിനു നിശ്ചയമുണ്ടായിരുന്നില്ല. അവിടെ കൂടിയ ഹദീസു പണ്ഡിതൻമാരായ അദ്ദേഹത്തിന്റെ ശിഷ്യൻമാർക്കും നിശ്ചയമുണ്ടായിരുന്നില്ല. അവർക്കെല്ലാമുണ്ടായ താൽക്കാലിക പരിഭ്രാന്തിയ്ക്കിടയിൽ ഹദ്റത്ത് അഹ്മദ് (അ) ബുഖാരി ശരീഫ് തന്റെ കയ്യിലെടുക്കുകയും പേജുകൾ ദ്രുതഗതിയിൽ തുടർച്ചയായി മറിച്ചുകൊണ്ടിരിക്കുകയും ചെയ്തു. പെട്ടെന്നു ഒരു പുറമെത്തിയപ്പോൾ "ഇതാ ഇവിടെ നോക്കൂ" എന്നു പറഞ്ഞുകൊണ്ടു നിയുക്ത ശിഷ്യന്റെ കയ്യിൽ ഗ്രന്ഥം കൊടുത്തു. അദ്ദേഹം എഴുത്തു തുടരുകയും ചെയ്തു. ഇതെന്തൊരു മറിമായം എന്നു സകലരും മിഴിച്ചു നോക്കിക്കൊണ്ടിരിക്കെ തിരയപ്പെട്ട രേഖ അതേ പേജിൽ കണ്ടെത്തുകയുമുണ്ടായി. ഈ അത്ഭുതത്തെപ്പറ്റി പിന്നീട് ചോദിക്കപ്പെട്ടപ്പോൾ ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരമാണ് പറഞ്ഞത്; "ഞാൻ ബുഖാരി ശരീഫ് വാങ്ങി പേജുകൾ മറിച്ചുകൊണ്ടിരുന്നപ്പോൾ അവയെല്ലാം യാതൊരു എഴുത്തും ഇല്ലാത്ത ശൂന്യമായ പേജുകളായിട്ടാണ് ദൃഷ്ടിയിൽ പതിഞ്ഞത്. അതിനാൽ അവ വേഗംവേഗം മറിച്ചുകൊണ്ടിരുന്നു. ഒടുവിൽ എന്തൊ ചില എഴുത്തുകളുള്ള ഒരു പേജു കണ്ടു. അപ്പോൾ ഞാൻ തിരയുന്ന ആ രേഖ ആ പേജിൽ തന്നെയാണുള്ളതെന്ന് എനിയ്ക്കുറപ്പായി" ഇങ്ങനെ ഒരു ദിവ്യാത്ഭുതപരമായ പ്രകാശനത്തിലൂടെ പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുമാറായി. ഇപ്രകാരമുള്ള സഹായാനുഭവങ്ങൾ ആ ദിവ്യാത്മാവിന്റെ ജീവിതത്തിൽ പല തവണ ഉണ്ടായിട്ടുള്ളതായി ശിഷ്യർ നിവേദനം ചെയ്തിട്ടുണ്ട്. അല്ലാഹു അവന്റെ ഇഷ്ടദാസർക്കു ജ്ഞാനമിറക്കിക്കൊടുക്കുകയും സന്ദർഭോചിതമായ സഹായങ്ങൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നതു എങ്ങനെയാണെന്നതിലേയ്ക്കു ഇതൊരു മഹത്തായ ഉദാഹരണം തന്നെയാകുന്നു.

വാദപ്രതിവാദം കഴിഞ്ഞ പിറ്റെദിവസംതന്നെ മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി ഒരു നോട്ടീസ് അച്ചടിച്ചിറക്കി. അതിൽ ഹദ്റത്ത് അഹ്മദ് (അ) നെപറ്റി പല നുണകളും കറ്റുകെട്ടുകളും ചേർത്തിരുന്നു. ജനങ്ങളെ ഇളക്കിവിടാനും ക്ഷോഭിപ്പിക്കാനും ഉദ്ദേശിച്ചുകൊണ്ടു മാത്രമാണ് അതു പ്രസിദ്ധം ചെയ്തതെന്നതു വ്യക്തമായിരുന്നു. മുമ്പുതന്നെ കത്തിജ്ജ്വലിച്ചു തുടങ്ങിയിരുന്ന ബഹുജനരോഷത്തിൽ ബട്ടാലവി സാഹിബ് ഇപ്രകാരം എണ്ണയൊഴിച്ചു. നഗരം മുഴുവൻ ക്ഷോഭിച്ചിളകിത്തുടങ്ങി. സമാധാന ഭഞ്ജനമുണ്ടാകുമെന്നു കണ്ടപ്പോൾ, മുഹമ്മദ്

ഹുസൈൻ ബട്ടാലവി ഉടൻ ലുധിയാന നഗരം വിട്ടുപോയ്ക്കൊള്ളേണ്ട താണെന്നു ലുധിയാന ഡിസ്ത്രിക്ട് മജിസ്ത്രേട്ടു കല്പന പുറപ്പെടുവിച്ചു. പ്രകോപനമുണ്ടാകുമെന്നു കരുതി ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയും സ്ഥലം വിടുകയും ഏതാനും ദിവസത്തേയ്ക്കു അമൃത്സറിൽ താമസിക്കുകയും ചെയ്തു. എന്നാൽ, ആ മഹാത്മാവ് സമാധാനത്തിന്റെ പേരിൽ ചെയ്ത ഈ സൽകൃത്യത്തെയും എതിരാളികൾ അന്യഥാ ചിത്രീകരിക്കുകയാണ് ചെയ്തത്. അദ്ദേഹത്തെയും നഗരത്തിൽ നിന്നു പുറത്താക്കിയിട്ടുണ്ടെന്നു ശത്രുക്കൾ പറഞ്ഞു പരത്തി. ഈ ദുഷ്പ്രചാരവേലയെ നേരിടാനായി ഹദ്റത്ത് അഹ്മദ് (അ) ഡിസ്ത്രിക്ട് മജിസ്ത്രേട്ടിന് വിശദീകരണമാവശ്യപ്പെട്ടുകൊണ്ടു കത്തയച്ചു. 1891 ആഗസ്ത് 16-ാം തിയ്യതി ലുധിയാന ഡിസ്ത്രിക്ട് മജിസ്ത്രേട്ട് ഹദ്റത്ത് അഹ്മദിന്നെഴുതിയ മറുപടിക്കത്തിൽ, നിരോധനാജ്ഞ ഒരു പ്രകാരത്തിലും അദ്ദേഹത്തിന് ബാധകമായിരുന്നില്ലെന്നും അദ്ദേഹത്തിനു ലുധിയാനയിൽ മറ്റേതൊരു പൗരനേയും പോലെ താമസിക്കാവുന്നതാണെന്നും അറിയിച്ചു: അതിനാൽ, ഹദ്റത്ത് അഹ്മദ് (അ) ഉടൻ ലുധിയാനയിലേയ്ക്കു പുറപ്പെടുകയും അവിടെ താമസിച്ചുകൊള്ളാവുന്നതാണെന്നും വ്യക്തമാക്കി. കുറച്ചു നാൾകൂടി താമസിച്ചശേഷം ഖാദിയാനിലേയ്ക്ക് തിരിയ്ക്കുകയും ചെയ്തു.

24 -ദില്ലി ഇളകി മറിയുന്നു

1891 സപ്തെമ്പർ 28-ാം തിയതി ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ഇന്ത്യയുടെ തലസ്ഥാന നഗരിയായ ദില്ലിയിലേക്കു പുറപ്പെട്ടു. ദില്ലി അന്നു ഇസ്ലാമിക വിജ്ഞാനത്തിന്റെ വലിയൊരു കേന്ദ്രമായിരുന്നു. ദില്ലിയിൽ തന്റെ സന്ദേശം ഉൽഘോഷിക്കപ്പെടുന്നതോടെ ഇന്ത്യയിലാകമാനം അതലയടിക്കുമാറാകുമെന്നു കരുതിയാണ് ആ മഹാത്മാവ് ഈ യാത്രാ പരിപാടി ആവിഷ്ക്കരിച്ചത്.

എന്നാൽ, ക്ഷുഭിതമായ ഒരു ജനക്കൂട്ടത്തെയാണ് ഹദ്റത്ത് അഹ്മദിനു ദില്ലിയിൽ നേരിടേണ്ടി വന്നത്. ദില്ലി ഇളകിമറിയുകയായിരുന്നു. തന്റെ വാദങ്ങളെപ്പറ്റി പല തെറ്റിദ്ധാരണകളും, ദില്ലിയിൽ പ്രചരിച്ചിരിക്കയാണെന്നദ്ദേഹം കണ്ടു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്കു ഇസ്ലാമിൽ തീരെ വിശ്വാസമില്ലെന്നും, അദ്ദേഹം ഒരു ദൈവനിഷേധിയായി മാറിക്കഴിഞ്ഞുവെന്നും മറ്റുമായിരുന്നു പ്രസ്താവം. ഇത്തരം ദുഷ്പ്രചാരണങ്ങളാൽ ദുർന്നീതരായ ഒരു വിഭാഗം ആളുകൾ ആ മഹാത്മാവിനെ നിഗ്രഹിക്കുവാൻതന്നെ തീർച്ചയാക്കി കഴിഞ്ഞിരുന്നു.

ദില്ലിയിൽ എത്തിയ ഉടനെ ഹദ്റത്ത് അഹ്മദ് (അ)ഒന്നിൻപിന്നൊന്നായി മൂന്നു ലഘുലേഖകൾ പ്രസിദ്ധപ്പെടുത്തുകയും അവയിൽ തന്റെ വാദങ്ങളുടെ യഥാർത്ഥ നില വ്യക്തമാക്കുകയുമുണ്ടായി. ദില്ലി ഉലമാക്കൾ ഹദ്റത്ത് അഹ്മദിനെ വാദപ്രതിവാദത്തിനു ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. ഈസാനബി(അ) മരിച്ചുപോയിരിക്കുന്നുവെന്നുള്ള തന്റെ വിശ്വാസത്തെപ്പറ്റി ദില്ലിയിലെ അത്യുന്നത മതപണ്ഡിതൻമാരായ മൗലവി സയ്യിദ് നദീർ ഹുസൈൻ സാഹിബ്, ശംസുൽ ഉലമാ മൗലവി അബൂ മുഹമ്മദ് അബ്ദുൽ ഹക്ക് സാഹിബ് എന്നിവരുമായി വാദപ്രതിവാദം നടത്താൻ താൻ തയ്യാറാണെന്നും ഈസാനബി(അ) ജീവിച്ചിരിക്കുന്നുവെന്നു ഖുർ ആൻകൊണ്ടു അവർ തെളിയിക്കുകയാണെങ്കിൽ താൻ മസീഹുവാദം ഉപേക്ഷിക്കുന്നതും തന്റെ ഗ്രന്ഥങ്ങൾ ചുട്ടെരിക്കുന്നതുമാണെന്നും ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിച്ചു. എന്നാൽ, വാദപ്രതിവാദം എഴുത്തുമുഖേനയായിരിക്കണമെന്നും, ഈസാനബി(അ)മരിച്ചുവോ, ഇല്ലയോ എന്ന പ്രശ്നത്തെ അടിസ്ഥാനമാക്കിയായിരിക്കണമെന്നും, ക്രമസമാധാനപാലനത്തിനു യൂറോപ്യൻ ആഫീസറുടെ മേൽനോട്ടത്തിൽ

പോലീസ് ബന്തോവസ്ത് ഉണ്ടായിരിക്കണമെന്നുമുള്ള മൂന്നു പ്രധാന ഉപാധികൾ ആ മഹാത്മാവ് ഉന്നയിച്ചിരുന്നു.

ഈ വിജ്ഞാപനങ്ങൾ പുറത്തുവരുന്ന ഉടനെ 'ശംസുൽ ഉലമാ' മൗലവി അബ്ദുൽഹക്ക് സാഹിബ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ സമീപിച്ചു തന്റെ പേർ ബഹുജനമദ്ധ്യേ വലിച്ചിഴക്കരുതെന്നപേക്ഷിച്ചു. താൻ ഒരെതിരാളിയായി പ്രത്യക്ഷപ്പെടാൻ ആഗ്രഹിക്കുന്നില്ലെന്നു അദ്ദേഹം അറിയക്കുകയുമുണ്ടായി. ഹദ്റത്ത് അഹ്മദ് (അ) നിർദ്ദേശിച്ച തിൻപ്രകാരം അദ്ദേഹംതന്നെ വിജ്ഞാപനത്തിൽ നിന്നു സ്വന്തം കൈകൊണ്ടു തന്റെ പേർ വെട്ടി നീക്കുകയും അങ്ങിനെ രംഗത്ത് നിന്നു പിൻമാറുകയും ചെയ്തു.

എന്നാൽ നദീർ ഹുസൈൻ സാഹിബ് ദഹ്ലവി അത്തരക്കാരനായിരുന്നില്ല. അഹ്ലെ ഹദീസ് കക്ഷിയുടെ പരമാചാര്യനും വയോധികനുമായിരുന്ന അദ്ദേഹം തന്റെ ശിഷ്യനായ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ ഒരു പാവയായി മാറിക്കഴിഞ്ഞിരുന്നു. ലുധിയാനയിൽ വെച്ചു തനിക്കു പറ്റിയ പരാജയവും മാനഹാനിയും കാരണം ക്രുദ്ധനായിത്തീർന്ന ബട്ടാലവി സാഹിബ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ആഗമനത്തിനു മുമ്പായിത്തന്നെ ദില്ലിയിലെത്തുകയും തന്റെ ഗുരുവിനെ ഒരു സമരത്തിന് സന്നദ്ധനാക്കുകയുമാണുണ്ടായത്.

ദില്ലി ഉലമാക്കൾ യഥാർത്ഥത്തിൽ ഒരു വാദപ്രതിവാദത്തിനു തയ്യാറുണ്ടായിരുന്നില്ല. ഓരോരോ ഒഴികഴിവുകൾ പറഞ്ഞു യഥാർത്ഥ പ്രശ്നത്തിൽ നിന്നു തലയൂരുവാൻ അവർ ശ്രമിച്ചുകൊണ്ടേയിരുന്നു. യൂറോപ്യൻ പോലീസ് ആഫീസരുടെ സാന്നിദ്ധ്യം സംബന്ധിച്ച നിബന്ധന അവർക്കത്ര പിടിച്ചില്ല. എന്നാൽ, ക്രമസമാധാനത്തിന്റെ പൂർണ്ണോത്തരവാദിത്വം ഏറ്റെടുക്കുന്നതാണെന്നും മര്യാദകെട്ട പെരുമാറ്റങ്ങളോ മറ്റനിഷ്ട സംഭവങ്ങളോ ഉണ്ടാകുന്നതല്ലെന്നും, ഉണ്ടായാൽ തക്കതായ നടപടികളെടുക്കുമെന്നും ഉറപ്പ് നൽകിക്കൊണ്ടു മൗലവി നദീർഹുസൈൻ സാഹിബ് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുകയാണെങ്കിൽ മേൽനിബന്ധന വേണ്ടെന്നുവെക്കാനും നദീർഹുസൈൻ സാഹിബ് നിർദ്ദേശിക്കുന്ന ഏതു സ്ഥലത്തും വാദപ്രതിവാദത്തിന്നായി ഹാജരാകാനും താൻ സന്നദ്ധനാകുന്നതാണെന്നും ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) പ്രഖ്യാപിച്ചപ്പോൾ ഉലമാക്കൾക്ക് യാതൊരു പ്രത്യുത്തരവും പറയാനുണ്ടായിരുന്നില്ല.

നിഷ്പക്ഷകരായ സത്യാന്വേഷികൾ തങ്ങൾക്കെതിരായിത്തിരിയുന്നുണ്ടെന്നു കണ്ടപ്പോൾ ദില്ലിയിലെ ഉലമാക്കൾ ഗൂഢാലോചനകൾ ചെയ്തു തുടങ്ങി. ഹദ്റത്ത് അഹ്മദ്(അ) വാദപ്രതിവാദത്തിനു തയ്യാറല്ലെന്നു വരുത്തി ബഹുജനങ്ങളെ വഞ്ചിക്കാനാണവർ ശ്രമിച്ചത്: വാദപ്രതിവാദത്തിന്നുള്ള ഒരു തിയ്യതി സ്വന്തത്തിൽ നിശ്ചയിക്കുകയും അപ്രകാരം പരസ്യപ്പെടുത്തുകയും ചെയ്ത അവർ നിശ്ചിത സമയത്തിനു അല്പം മുമ്പു മാത്രം ഹദ്റത്ത് അഹ്മദിനെ വിവരം അറിയിക്കുകയും നിർദ്ദിഷ്ട

സ്ഥലത്തു എത്തിച്ചേരാനാവശ്യപ്പെട്ടു കൊണ്ടു അദ്ദേഹത്തിന്റെ അടുക്കൽ ആളയക്കുകയുമാണ് ചെയ്തത്. എന്നാൽ ഇതേ അവസരത്തിൽ തന്നെ ഗൂഢാലോചനയുടെ ഒരു ഭാഗമെന്ന നിലയിൽ ഹദ്റത്ത് അഹ്മദിന്റെ വസതിയിൽ ഒരു ജനകൂട്ടം ആക്രമണം നടത്തിക്കൊണ്ടിരിക്കുമായിരുന്നു. അവർ വീട്ടിന്നു നേരെ കല്ലേറ് നടത്തുകയും കൂക്കിവിളിക്കുകയും അസഭ്യങ്ങൾ വിളിച്ചുപറയുകയും മാത്രമല്ല, വാതിലുകൾ തല്ലിത്തകർക്കുകയും സ്ത്രീകളുടെ ഭാഗത്തേയ്ക്കു തള്ളിക്കടക്കുകയും ചെയ്തു. വളരെ വിഷമിച്ചാണ് അക്രമികളെ പുറത്താക്കാനും ഗുരുതരങ്ങളായ കുഴപ്പങ്ങൾ ഒഴിവാക്കാനും കഴിഞ്ഞത്. മൗലവിമാർ പ്രകോപനപരമായ പ്രസംഗങ്ങൾ നടത്തിയതിന്റെ ഫലമായി രോഷാകുലരായിത്തീർന്ന പരശ്ശതം 'ജാഹിലീ'ങ്ങൾ ഒരു ഭാഗത്തു തന്റെ ഭവനം ആക്രമിച്ചു കൊണ്ടിരിക്കെ, വാദപ്രതിവാദത്തിൽ പങ്കെടുക്കാൻ തന്നെ നിർബന്ധിക്കുന്നതിന്റെ പിന്നിലുള്ള കുസൃതി ആ മഹാത്മാവ് മനസ്സിലാക്കി. വാദപ്രതിവാദത്തിനു പുറപ്പെടാൻ സാധിക്കാത്ത മട്ടിൽ സങ്കീർണ്ണതകൾ സൃഷ്ടിക്കുകയായിരുന്നു ശത്രുക്കളുടെ പ്ലാൻ. ഈ പരിതസ്ഥിതിയിൽ വീട്ടിൽനിന്നു പുറത്തിറങ്ങുക അപകടപൂർണ്ണവും തികച്ചും അസാദ്ധ്യവുമായിരുന്നു. തന്റെ കുടുംബത്തിന്നാവശ്യമായ രക്ഷാ ഏർപ്പാടുകൾ ചെയ്യുകയും സമാധാനപാലനത്തിനു ഉറപ്പു വരുത്തുകയും ചെയ്യുന്നതുവരെ നിർദ്ദിഷ്ഠവിവാദത്തിൽ പങ്കെടുക്കാൻ സാധ്യമല്ലെന്നു ഹദ്റത്ത് അഹ്മദ് (അ) മൗലിവമാരെ അറിയിച്ചു. ശത്രുക്കൾക്ക് വേണ്ടതും അതുതന്നെയായിരുന്നു. ഈ മറുപടി കിട്ടിയതോടെ, "മിർസാ ഒഴിഞ്ഞു മാറി" "മിർസാ ഓടിക്കളഞ്ഞു" എന്നും മറ്റും അവർ ആക്രോശിച്ചു തുടങ്ങി.

ഉലമാക്കൾ ജനങ്ങളെ വഴിപിഴപ്പിക്കുകയാണെന്നു കണ്ടപ്പോൾ അവരുടെ കുതന്ത്രങ്ങളെ നഗ്നമായി തുറന്നുകാട്ടികൊണ്ടു ഹദ്റത്ത് അഹ്മദ് (അ) വിജ്ഞാപനങ്ങൾ പിന്നെയും പിറപ്പെടുവിച്ചു. അതിൽ മൗലവി നദീർ ഹുസൈൻ സാഹിബിനെ ഒരു വാദപ്രതിവാദത്തിന്നായി വീണ്ടും ക്ഷണിക്കുകയും ഈസാനബി (അ) മരിച്ചിട്ടില്ലെന്നതിലേക്ക് രേഖയായി അദ്ദേഹം ഉന്നയിക്കുന്ന ഓരോ ഖുർആൻ ആയത്തിനും 'സഹീഹാ'യ ഓരോ ഹദീസിനും 25ക. വീതം ഇനാം നൽകുന്നതാണെന്നു പ്രഖ്യാപിക്കുകയുമുണ്ടായി. ഒരു വാദപ്രതിവാദത്തിനു അദ്ദേഹം ഇഷ്ടപ്പെടുന്നില്ലെങ്കിൽ ഈസാനബി (അ) മരിച്ചുപോയിരിക്കുന്നു എന്നതിലേക്ക് ഒരു സദസ്സിൽ താനുന്നയിക്കുന്ന തെളിവുകളും ന്യായവാദങ്ങളും മുഴുവനും കേൾക്കുവാനും അതിനുശേഷം അദ്ദേഹത്തിനു ആ ന്യായവാദങ്ങൾ തൃപ്തികരമായി തോന്നിയിട്ടില്ലെങ്കിൽ, ഈസാനബി(അ)മരിച്ചുപോയെന്നു തനിക്ക് ബോദ്ധ്യപ്പെട്ടിട്ടില്ലെന്നും ഈസാനബി(അ) ജീവിച്ചിരിക്കുന്നുണ്ടെന്നു തനിക്ക് ദൃഢവിശ്വാസമുണ്ടെന്നും അല്ലാഹുവിനെ മുൻനിർത്തി സത്യംചെയ്തു പറയാൻ തയ്യാറാകണമെന്നും അങ്ങനെയദ്ദേഹം സത്യം ചെയ്യുകയാണെങ്കിൽ ഒരു ദിവ്യദൃഷ്ടാന്തമെന്ന നിലയിൽ ഒരു കൊല്ലത്തിനകം അദ്ദേഹം ദൈവീക ശിക്ഷാവിധിയിലകപ്പെടുന്ന

താണെന്നും അല്ലാത്തപക്ഷം താൻ അദ്ദേഹത്തിന്റെ ശിഷ്യത്വം വരിക്കുയും തന്റെ എല്ലാ ഗ്രന്ഥങ്ങളും ചുട്ടെരിക്കുകയും ചെയ്യാൻ സന്നദ്ധനാകുന്നതാണെന്നും വിജ്ഞാപനത്തിൽ പ്രസ്താവിച്ചിരുന്നു.

പുതുമയുള്ള ഈ നിർദ്ദേശം ദിൽഹി നിവാസികളിൽ പിന്നെയും കൗതുകമുളവാക്കിയെങ്കിലും നദീർ ഹുസൈൻ സാഹിബിനെയും ശിഷ്യൻമാരെയും അതമ്പരപ്പിക്കുകതന്നെ ചെയ്തു. 'വന്ദ്യവയോധികനായ' നദീർ ഹുസൈൻ സാഹിബ് അപ്രകാരം സത്യപ്രഖ്യാപനത്തിന് ഒരുങ്ങേണ്ടതില്ലെന്നു ഒരു വിഭാഗവും അദ്ദേഹം ഒരുങ്ങിയേതീരൂ എന്നു മറ്റൊരു വിഭാഗവും അഭിപ്രായപ്പെട്ടു. ഒടുവിൽ, ദില്ലിയിലെ മാന്യൻമാരായ ചിലർ നടത്തിയ തീവ്രശ്രമങ്ങളുടെ ഫലമായി ഒരു വാദപ്രതിവാദം നടത്തുന്നതിന് നദീർ ഹുസൈൻ സാഹിബ് സമ്മതിച്ചു. അങ്ങനെ 1891 ഒക്ടോബർ 20-ാം തിയ്യതി ദില്ലി ജുമാ മസ്ജിദിൽ വച്ചു വാദപ്രതിവാദം നടത്താൻ തീരുമാനിക്കപ്പെടുകയുമുണ്ടായി. സത്യഭക്തരെല്ലാം ആ ദിവസം അക്ഷമയോടെ കാത്തിരുന്നു. സത്യാസത്യങ്ങൾ അന്നു തിരിച്ചറിയുമാറാകുമെന്നു അവർ പ്രത്യാശിച്ചു. സത്യദ്വേഷികളായ ശത്രുക്കളും ആ ദിവസം കാത്തിരുന്നു. അന്നേ ദിവസം ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ കഥ കഴിക്കണമെന്നതായിരുന്നു അവരുടെ നിശ്ചയം.

ദില്ലി ജുമാമസ്ജിദിൽ

ഒടുവിൽ, ആ ദിവസവും വന്നെത്തി. നഗരം ഇളകിമറിയുകയായിരുന്നു. വലിയ കുഴപ്പങ്ങൾ രൂപം കൊള്ളുകയാണെന്നും ദിൽഹി മുഴുവനും ക്ഷോഭിച്ചിരിക്കുകയാണെന്നും ഈ പരിതസ്ഥിതിയിൽ വാദപ്രതിവാദത്തിന്നായി പള്ളിയിലേയ്ക്ക് ചെല്ലുന്നതു ആപൽക്കരമാണെന്നും ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയ്ക്ക് പലരിൽ നിന്നും സന്ദേശങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ, ദൈവമാർഗ്ഗത്തിൽ ജീവാഹുതി ചെയ്യാൻ കച്ചകെട്ടിയിറങ്ങിയ ആ മഹാത്മാവുണ്ടോ ദിൽഹി പണ്ഡിതൻമാർ തനിയ്ക്കായി തയ്യാറാക്കിയ തീക്കുണ്ഡത്തിൽ കാലു കുത്താൻ ഭയപ്പെടുന്നു? 'വല്ലാഹു യഅ്സിമുക്ക മിനന്നാസ്' (നിശ്ചയമായും അല്ലാഹു നിന്നെ ജനങ്ങളിൽ നിന്ന് രക്ഷിയ്ക്കും) എന്ന് ദൈവം തന്നോടു പറഞ്ഞിട്ടുണ്ടെന്നും അതിനാൽ അവൻ തന്നെ രക്ഷിച്ചുകൊള്ളുന്നതാണെന്നുമത്രെ അദ്ദേഹം അവർക്കെല്ലാം മറുപടി നൽകിയത്!

ഹദ്റത്ത് അഹ്മദും പരിവാരങ്ങളും രണ്ടു കുതിരവണ്ടികളിലായി ജൂമാമസ്ജിദിലേയ്ക്ക് പുറപ്പെട്ടു. ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽകോട്ടി(റ), ഹദ്റത്ത് പീർ സിറാജുൽഹക്ക് സാഹിബ് നുഅ്മാനി(റ)തുടങ്ങിയ പ്രമുഖരായ ശിഷ്യൻമാരാണ് തദവസരം ആ മഹാത്മാവിനോടൊപ്പമുണ്ടായിരുന്നത്. യേശുവിന്റെ ശിഷ്യൻമാർക്കൊത്ത് അവർ പന്ത്രണ്ടു പേരായിരുന്നു. ഹദ്റത്ത് അഹ്മദിനെ വെടിവെച്ചുകൊല്ലാനുള്ള ഉദ്ദേശ്യത്തോടെ ജുമാമസ്ജിദിലേയ്ക്കുള്ള മാർഗ്ഗമദ്ധ്യേ

കുറ്റിക്കാടുകളിൽ ചിലർ പതുങ്ങിയിരുന്നതായി പിന്നീടു വെളിപ്പെട്ടു. ദൈവികമായ നിദർശനത്തിൽ നീങ്ങുകയായിരുന്ന ആ ഭക്തസമൂഹം അജ്ഞാതമായൊരു നിർബന്ധത്താലെന്നോണം തങ്ങളുടെ ഗതിമാർഗ്ഗം യാദൃച്ഛികമായി മാറ്റുകയാൽ ശത്രുക്കളുടെ ഗൂഢാലോചന പൊളിഞ്ഞു പോയി!

ദില്ലി ജുമാമസ്ജിദിലെത്തിയപ്പോൾ അയ്യായിരത്തിൽപരം ആളുകൾ അവിടെ തിങ്ങിക്കൂടിയിരുന്നതായിട്ടാണ് കണ്ടത്. കത്തി, കഠാരി, കല്ല്, വടി തുടങ്ങിയ മാരകായുധങ്ങൾ അവർ ഒരുക്കിയിട്ടുണ്ടായിരുന്നു. ഏതു നിമിഷവും എന്തും സംഭവിക്കാവുന്നമട്ടിൽ എങ്ങും ജനരോഷം വീർപ്പു മുട്ടി നിന്നു. മീർസാസാഹിബ് ജീവനോടുകൂടി തിരിച്ചുപോകുന്നതല്ല എന്നു ജനങ്ങൾ തീർച്ചപ്പെടുത്തിക്കഴിഞ്ഞിരുന്നു. എന്നാൽ, ആ ദിവ്യപുരുഷനാകട്ടെ യാതൊരു ഭാവമാറ്റവും കൂടാതെ സ്വത:സിദ്ധമായ ശാന്തഗാംഭീര്യങ്ങളോടുകൂടി ഇരുപാർശ്വങ്ങളിലും തിങ്ങിക്കൂടിയ ആയിരക്കണക്കായ ആളുകളുടെ നടുവിലൂടെ പന്ത്രണ്ടു ഇഷ്ടസഖാക്കളോടൊത്തു പള്ളിയിലേയ്ക്കു പ്രവേശിക്കുകയും 'മിഹ്റാബി'ന്റെ അടുക്കൽ പോയി ഇരിപ്പുറപ്പിക്കുകയും ചെയ്തു. അല്പസമയത്തിനകം മൗലവി സയ്യിദ് നദീർ ഹുസൈൻ സാഹിബ്, മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബ് തുടങ്ങിയവരും പള്ളിയിലെത്തിച്ചേർന്നു. യൂറോപ്യൻ പോലീസ് സുപ്രഡണ്ടിന്റെ നേതൃത്വത്തിൽ നൂറ് പേരടങ്ങിയ ഒരു പോലീസ് സേനാവിഭാഗവും ക്രമസമാധാനപാലനാർത്ഥം അവിടെ എത്തിച്ചേർന്നിരുന്നു.

നിശ്ചയമനുസരിച്ച് ഈസാനിബിയുടെ 'വഫാത്ത്' സംബന്ധിച്ചു വാദപ്രതിവാദം ആരംഭിക്കുന്നതിനു നിർദ്ദേശിച്ചുകൊണ്ടു ഹദ്റത്ത് അഹമദ്(അ) ഒരു കുറിപ്പ് നൽകി. എന്നാൽ, അഹ്ലെഹദീസ് കക്ഷിയുടെ അതുന്ന്യത നേതാവ് അതിനു തയ്യാറല്ല! മസീഹുവാദത്തെ കുറിച്ചാവണം വാദപ്രതിവാദമെന്നു അദ്ദേഹം ഇപ്പോൾ ശഠിച്ചു തുടങ്ങി. ഈ വ്യതിയാനം മുൻനിശ്ചയങ്ങൾക്കെതിരാണെന്നും ഈസാനബിയുടെ മരണവും മസീഹുവാദവും ഒന്നിൻപിന്നൊന്നായി വരുന്ന പ്രശ്നങ്ങളാണെന്നും ഈസാനബി(അ)ജീവിച്ചിരിക്കുന്നുവെങ്കിൽ തന്റെ മസീഹു വാദത്തിനു പ്രസക്തിയില്ലാതായിത്തീരുന്നുവെന്നും ഹദ്റത്ത് അഹ്മദ്(അ) ചൂണ്ടിക്കാട്ടി. അപ്പോൾ, നദീർ ഹുസൈൻ സാഹിബ് മറ്റൊരു പുതിയ പ്രശ്നമാണ് ഉന്നയിച്ചത്. മിർസാ സാഹിബ് മുജ്ജിസാത്തിലും മലക്കുകളിലും വിശ്വാസമില്ലാത്ത ഒരു ദൈവനിഷേധിയായിരിക്കുകയാൽ ഈ വിശ്വാസങ്ങളുടെ കാര്യത്തിൽ ഉറപ്പ് വരുത്താത്തോടത്തോളം അദ്ദേഹവുമായി വാദപ്രതിവാദം നടത്താൻ പാടില്ല എന്നതായിരുന്നു പുതിയ വാദം. ഈസാനബിയുടെ മരണത്തെയും തിരിച്ചുവരവിനെയും സംബന്ധിച്ച വിശ്വാസത്തിൽ മാത്രമേ താനുമായി തർക്കമുള്ളുവെന്നും അതിനാൽ ഈ പ്രശ്നത്തിലല്ലാതെ വാദപ്രതിവാദം ആവശ്യമില്ലെന്നും ഹദ്റത്ത് അഹ്മദ്(അ) വീണ്ടും വ്യക്തമാക്കി. സദസ്യർ അക്ഷമരായിത്തീരുകയായിരുന്നു. ഈ ഘട്ടത്തിൽ, സഭയിലുണ്ടായിരുന്ന ഒരു പ്രമുഖ മുസ്ലിം നേതാവും അലീ

ഗറിലെ ഓണറരി മജിസ്ത്രേട്ടുമായിരുന്ന ഖാജാ മുഹമ്മദ് യൂസഫ് സാഹിബ് ഇടപെടുകയും, 'മുഅ്ജിസ'ത്തിലും 'മിഅ്റാജി'ലും മലക്കുകളിലും വിശ്വസിക്കുന്നില്ലെന്ന ആരോപണം നിഷേധിച്ചുകൊണ്ട് ഒരു പ്രസ്താവന എഴുതിക്കൊടുക്കുന്ന പക്ഷം ആ പ്രസ്താവന താൻ വായിച്ചു കേൾപ്പിക്കാമെന്നും മൗലവിമാർ അതുകൊണ്ടു തൃപ്തിപ്പെടേണ്ടതാണെന്നും അഭിപ്രായപ്പെടുകയുണ്ടായി. ഉടൻതന്നെ ഹദ്റത്ത് അഹ്മദ്(അ) ഇപ്രകാരം എഴുതികൊടുത്തു:

"കരുണാനിധിയും കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമത്തിൽ ഈസാനബി(അ) സ്ഥൂല ശരീരത്തോടെ ആകാശത്തിൽ ജീവിച്ചിരിക്കുന്നുണ്ടെന്ന ഒരേ ഒരു കാര്യത്തിൽ മാത്രമേ ഞാനുമായിതർക്കമുള്ളു. ഞാൻ അതിൽ വിശ്വസിക്കുന്നില്ല. ഖുർആനിലോ സഹീഹായ ഹദീസുകളിലോ ആ വിശ്വാസത്തിന്നാസ്പദമായ യാതൊരു രേഖയുമില്ല. മറിച്ച്, ഈസാനബി (അ) മറ്റു മനുഷ്യരെപ്പോലെ മരിച്ചുപോയിരിക്കുന്നു എന്നത്രേ ഖുർആനും ഹദീസും മനസ്സിലാക്കിത്തരുന്നത്. പ്രമാണഭൂതങ്ങളായ വിശുദ്ധഗ്രന്ഥങ്ങളിൽനിന്ന് ഇതിനെതിരായുള്ള രേഖകൾ ഉന്നയിക്കാൻ നദീർ ഹുസൈൻ സാഹിബിന്ന് സാധിക്കുന്നപക്ഷം ഞാൻ മസീഹുവാദം പിൻവലിക്കുന്നതാണെന്നു ഇവിടെവച്ചു ഏറ്റുപറഞ്ഞുകൊള്ളുന്നു. ഞാൻ എന്റെ വാദങ്ങൾ ഉപേക്ഷിക്കാമെന്നു മാത്രമല്ല, പ്രസ്തുത വിഷയകമായി ഞാനെഴുതീട്ടുള്ള ഗ്രന്ഥങ്ങൾ മുഴുവനും ചുട്ടെരിക്കാനും തയ്യാറാണ്. ലൈലത്തുൽ ഖദർ, മുഅ്ജിസത്ത്. മിഅ്റാജ്, ഖത്തമുന്നുബുവ്വത്ത് എന്നിവയിൽ എനിയ്ക്ക് വിശ്വാസമില്ലെന്ന ആരോപണം തികച്ചും കള്ളവും അടിസ്ഥാനരഹിതവുമാകുന്നു. സുന്നി മുസ്ലിംകളുടെ അതേ വിശ്വാസങ്ങൾതന്നെയാണ് എനിക്കും ഉള്ളത്. എന്റെ 'തൗസീയെ മറാം' 'ഇസാലയെ ഔഹോം' എന്നീ കൃതികളെപ്പറ്റി പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങളും കേവലം അബദ്ധവും തെറ്റിദ്ധാരണകളെ മുൻനിർത്തിയുള്ളതുമത്രെ. അതിനാൽ ഇപ്പോൾ, ഞാൻ ഈ ദൈവഭവനത്തിൽ സമ്മേളിച്ചിട്ടുള്ള എല്ലാവരുടെയും മുമ്പിൽവച്ചു ഇപ്രകാരം പ്രഖ്യാപിച്ചു കൊള്ളട്ടെ: ഹദ്റത്ത് മുഹമ്മദ് നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാണെന്നു ഞാൻ വിശ്വസിക്കുന്നു. ഇതിനെതിരായുള്ള വിശ്വാസം ഇസ്ലാമികവൃത്തത്തിൽനിന്നു വ്യതിചലിക്കുന്നതിന്നു കാരണമാകുന്നതാണ്. മലക്കുകളിലും മുഅ്ജിസത്തിലും ലൈലത്തുൽഖദ്റിലും ഞാൻ വിശ്വസിക്കുന്നു. ഈ തെറ്റുധാരണകളെയെല്ലാം നീക്കുമാറ് ഞാൻ അടുത്തുതന്നെ ഒരു പുസ്തകം എഴുതുന്നതാണെന്നും പ്രസ്താവിച്ചുകൊള്ളട്ടെ. ചുരുക്കത്തിൽ, ഈസാനബി(അ) മരിച്ചുവെന്നും ഞാൻ വാഗ്ദത്തമസീഹാണെന്നും ഉള്ള എന്റെ വാദങ്ങളൊഴിച്ചു എനിക്കെതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള സകല ആരോപണങ്ങളും തികച്ചും അബദ്ധപൂർണ്ണങ്ങളും നിരർത്ഥകങ്ങളും തെറ്റിദ്ധാരണകളെ അടിസ്ഥാനമാക്കിട്ടുള്ളതുമാകുന്നു."

ഈ വിശ്വാസപ്രഖ്യാപനം ഉച്ചത്തിൽ വായിക്കപ്പെട്ടു. ഉലമാക്കൾ ഇടക്കിടെ അതു തടസ്സപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിന്നു. സംഗതിക

ളുടെ കിടപ്പ് പോലീസ് ആഫീസറും ജനങ്ങൾക്ക് വിവിരിച്ചുകൊടുക്കയുണ്ടായി. എന്നാൽ, അവിടെയുണ്ടായത് ആർപ്പുവിളികളും ബഹളവുമായിരുന്നു. യാതൊരു പരിതസ്ഥിതിയിലും ഒരു വാദപ്രതിവാദം നടത്താൻ നദീർ ഹുസൈൻസാഹിബ് തയ്യാറല്ലെന്ന് വ്യക്തമായി. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ഈ വിശ്വാസപ്രഖ്യാപനം തങ്ങളുടെ വഞ്ചനകളെ തുറന്നു കാണിക്കാൻ പര്യാപ്തമാണെന്നു ഭയന്ന മൗലവിമാർ ബഹളത്തിനു പ്രേരണയും പ്രചോദനവും നൽകിക്കൊണ്ടിരുന്നു. ജനങ്ങളെ പിരിച്ചുവിടേണ്ടതാണെന്നും അല്ലാത്തപക്ഷം സ്ഥിതിഗതികൾ നിയന്ത്രണാതീതമായിത്തീരുമെന്നും പോലിസ് മേധാവികൾക്ക് തോന്നിയതോടെ, വാദപ്രതിവാദം ഉണ്ടാകുകയില്ലെന്നും ജനങ്ങൾ പിരിഞ്ഞു പോയ്ക്കൊള്ളേണ്ടതാണെന്നും അവർ ആജ്ഞനൽകി. നദീർഹുസൈൻ സാഹിബും ശിഷ്യരും ഒരു നിമിഷംപോലും പിന്നെ അവിടെ നിൽക്കാൻ കൂട്ടാക്കിയില്ല. ജനങ്ങൾ പള്ളിയിൽനിന്ന് ഒഴിഞ്ഞുതുടങ്ങിയതോടെ ഹദ്റത്ത് അഹ്മദുൽഖാദിയാനിയും സ്ഥലം വിടാൻ തയ്യാറായി. എന്നാൽ, അദ്ദേഹം കയറിവന്ന കുതിരവണ്ടി അവിടെ ഉണ്ടായിരുന്നില്ല! പോക്കുവരവിനുള്ള തുക മുൻകൂട്ടി വണ്ടിക്കാരന്ന് നൽകിയിരുന്നുവെങ്കിലും ശത്രുക്കൾ വണ്ടിക്കാരനെ ഭീഷണിപ്പെടുത്തി തിരികെ അയച്ചുകളയുകയാണ് ചെയ്തത്. തന്നിമിത്തം, അവിടെ ഒരരമണിക്കൂർ നേരം കാത്തുനിൽകേണ്ടിവന്നു. അപ്പോൾ ജനക്കൂട്ടം ഹദ്റത്ത് അഹ്മദിന്റെനേരെ തള്ളിക്കയറുകയും കയ്യേറ്റത്തിനു മുതിരുകയും ചെയ്തു. ഗുരുഭക്തരായ ആ പന്ത്രണ്ടു ശിഷ്യന്മാർ തങ്ങളുടെ ജീവൻ പണയത്തിലാണെന്നു കണ്ടു. എങ്കിലും തങ്ങളുടെ ജീവൻവെടിഞ്ഞിട്ടല്ലാതെ ആ പുണ്യാത്മാവിന്റെ രോമംപോലും തൊടാൻ അനുവദിക്കില്ലെന്നു അവർ പന്ത്രണ്ടുപേരും ദൃഢനിശ്ചയം ചെയ്തുകഴിഞ്ഞിരുന്നു. പോലീസ് സുപ്രഡണ്ട് ഉടൻ ഹദ്റത്ത് അഹ്മദിന്റെ രക്ഷയ്ക്കായെത്തുകയും ജനക്കൂട്ടത്തിനിടയിലൂടെ അദ്ദേഹത്തിന് വഴിയുണ്ടാക്കികൊടുക്കുകയും ചെയ്തു. തന്റെ വണ്ടിയിൽകയറി പോലീസ് അകമ്പടിയോടെ സുരക്ഷിതമായി വീട്ടിലേയ്ക്ക് യാത്രചെയ്യാമെന്ന് പോലീസ്മേധാവി നിർദ്ദേശിച്ചതനുസരിച്ച് ഹദ്റത്ത് അഹ്മദും മൗലാനാ അബ്ദുൽകരിം സാഹിബ്(റ) തുടങ്ങിയവരും സുപ്രഡണ്ടിന്റെ വണ്ടിയിൽ കയറി. അതിനകത്ത് പോലീസ് ഇൻസ്പക്ടർമാരും ഉണ്ടായിരുന്നുവെങ്കിലും വണ്ടി നീങ്ങിത്തുടങ്ങിയതോടെ ശത്രുക്കൾ അതിനുനേരെ തുരുതുരെ കല്ലേറ് നടത്തികൊണ്ടിരുന്നു. ഹദ്റത്ത് അഹ്മദ്(അ) തന്റെ പുരയിടത്തിൽ എത്തിക്കഴിഞ്ഞശേഷവും അവിടെ സൈര്യത്തോടെ താമസിക്കാൻ അവർ അനുവദിച്ചില്ല. ശത്രുക്കൾ പല വേഷത്തിലും ഭാവത്തിലും വീട്ടിൽ കടന്നുചെന്നു, കുഴപ്പങ്ങളുണ്ടാക്കികൊണ്ടിരുന്നു. എന്നാൽ, എതിരാളികളുടെ ഈ കുചെയ്തികളൊന്നുംതന്നെ ആ ദിവ്യാത്മാവിനെ തന്റെ കർത്തവ്യങ്ങളിൽനിന്നോ ദൗത്യത്തിൽനിന്നോ അണുമാത്രവും പിന്തിരിപ്പിച്ചില്ല. മറിച്ച്, ദൈവം തന്നോടു കല്പിച്ചതിൻപടി തന്റെ

സന്ദേശം ലോകം മുഴുവനും പ്രചരിപ്പിക്കാൻ ആ ദൈവദൂതൻ ഉത്തരോത്തരം ബദ്ധപ്പെടുകയാണ് ചെയ്തത്!

ദില്ലി ജൂമാമസ്ജിദിൽ വച്ചുണ്ടായ ഈ സംഭവങ്ങളുടെ പൂർണ്ണവിവരം 1891 നവബർ 14-നു ത്തെ 'പഞ്ചാബ് ഗസ്റ്റ്' എന്ന പത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്:

25- കുഫ്ഫ് ഫത്വ!

സത്യാഭിമുഖമായ ഒരു വാദപ്രതിവാദം നടത്തുവാൻ ധൈര്യപ്പെടാതെ മൗലവി നദീർ ഹുസൈൻ സാഹിബ് ദഹ്‌ലവി ഒഴിഞ്ഞുമാറിയതു ദിൽഹിയിലെ സത്യാന്വേഷികളും ഉൽബുദ്ധരുമായ ഒരു വിഭാഗം മുസ്‌ലിംകളിൽ നിരാശ സൃഷ്ടിച്ചുവെങ്കിലും ഏതുവിധേനയും ഒരു വിവാദം ഏർപ്പെടുത്തി സത്യാസത്യങ്ങൾ ഗ്രഹിക്കുമാറാകണമെന്നുതന്നെ അവർ നിശ്ചയിച്ചുറയ്ക്കുകയും പ്രസിദ്ധ അഹ്‌ലെ ഹദീസു പണ്ഡിതനായ മൗലവി മുഹമ്മദ് ബശീർ സാഹിബിനെ ഭോപ്പാലിൽനിന്നു ക്ഷണിച്ചുവരുത്തുവാൻ തീർച്ചപ്പെടുത്തുകയും ചെയ്തു. ഹദ്‌റത്ത് അഹ്മദുമായി എല്ലാവിധത്തിലും തങ്ങൾ പടപൊരുതി തോറ്റിരിക്കെ, മറ്റൊരാൾ ആ രംഗത്ത് കടന്നുവന്നു വലിമത്തരം പ്രദർശിപ്പിക്കുന്നതു ദില്ലിയിലെ 'ദിവ്യ'ന് മാർക്ക് ഇഷ്ടകരമായില്ല. മുഹമ്മദ് ബശീർ സാഹിബിനെ വാദപ്രതിവാദത്തിൽനിന്നകറ്റുവാൻ ബട്ടാലവി പ്രഭൃതികൾ കിണഞ്ഞു പരിശ്രമിച്ചു. അദ്ദേഹമാകട്ടെ എല്ലാ നിബന്ധനകളും സമ്മതിച്ചു വാദപ്രതിവാദത്തിന്നൊരുങ്ങിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. അതിനാൽ മൗലവി മുഹമ്മദ് ബശീർ സാഹിബ് ഭോപാലവിയുമായി തങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്നും അദ്ദേഹത്തിന്റെ ചെയ്തികൾ തങ്ങൾക്ക് ബാധകമാകുന്നതല്ലെന്നും ദില്ലിയിലെ ഉലമാമുഖ്യന്മാർ പരസ്യപ്പെടുത്തി. 'ഈസാ നബിയുടെ മരണം', 'മസീഹിന്റെ അവതാരം', 'മിർസാ സാഹിബിന്റെ മസീഹുവാദം' എന്നീ മൂന്നു വിഷയങ്ങളെ പറ്റി വഴിക്കുവഴി വിവാദം നടത്തുവാനും വാദപ്രതിവാദം 1891 ഒക്ടോബർ 23-ാം തീയ്യതി ആരംഭിക്കുവാനും അയ്യഞ്ചു പേപ്പറുകൾകൊണ്ടു ഓരോ വിഷയത്തെക്കുറിച്ചുള്ള വിവാദം അവസാനിപ്പിക്കുവാനുമാണ് നിശ്ചയിച്ചിരുന്നത്.

നിശ്ചിത ദിവസം മൗലവി മുഹമ്മദ് ബശീർ സാഹിബ് ഭോപാലവി തന്റെ സഹായികളും അനുചരന്മാരുമൊത്ത് ഹദ്‌റത്ത് അഹ്മദിന്റെ വസതിയിൽ വന്നെത്തി. അദ്ദേഹം ഹദ്‌റത്ത് അഹ്മദുമായി പരിചയപ്പെടുകയും കൈകൊടുത്തു സലാം ചൊല്ലുകയും ചെയ്തു. വിവാദം ആരംഭിക്കുന്നതിനുമുമ്പായി ഹദ്‌റത്ത് അഹ്മദ്(അ) മൗലവി മുഹമ്മദ് ബശീർ സാഹിബിന്നു തന്റെ നിലപാട് വിശദീകരിച്ചുകൊടുക്കുകയുണ്ടായി. താൻ മസീഹുവാദത്തിൽ സത്യവാനാണെന്ന വസ്തുത വഴിഞ്ഞൊഴുകുന്ന

ആത്മാർത്ഥതയോടും ഉള്ളുതുറന്ന ഭാഷയിലും അദ്ദേഹം വിവരിച്ചു. അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി.:

"മറ്റു അമ്പിയാക്കന്മാരുടെ നുബുവ്വത്ത്– റിസാലത്ത് വാദങ്ങൾ എപ്രകാരം സത്യമായിരുന്നുവോ അപ്രകാരംതന്നെ സത്യമാണ് എന്റെ മസീഹുമൗഊദ് വാദവും എന്നു ഞാൻ സർവ്വശക്തനായ അല്ലാഹുവിനെ സാക്ഷിനിറുത്തിക്കൊണ്ടു പ്രസ്താവിച്ചുകൊള്ളുന്നു. 'മസിഹിബ്നുമറിയം മരിച്ചുപോയി; വരേണ്ടുന്ന മസീഹ് നീ തന്നെയാണ്' എന്നിങ്ങനെ മാസങ്ങളോളം അടിക്കടിയായി എനിയ്ക്ക് ഇൽഹാം ലഭിച്ചുകൊണ്ടിരുന്നു. എനിയ്ക്ക് 'കശ്ഫ്' മുഖേനയും 'ഇൽഹാം' മുഖേനയും 'റുഅ്യ' മുഖേനയും ഇതു സംബന്ധിച്ചു തുടർച്ചയായി അറിവ് നൽകപ്പെട്ടുകൊണ്ടിരുന്നെങ്കിലും ഞാൻ അതൊന്നും 'യഖീൻ' ആക്കിയിരുന്നില്ല. എന്നാൽ, കുറേ മാസങ്ങൾക്കുശേഷം, ഈ സംഗതി 'ഹഖുൽ യഖീനി' ന്റെ 'മർത്തബ' യിലെത്തിക്കഴിഞ്ഞപ്പോൾ, എനിയ്ക്കുണ്ടായ ഇൽഹാമുകളും മറ്റും ഖുർആനുമായി ഒന്നു തട്ടിച്ചുനോക്കേണ്ടതാണെന്ന വിചാരം ഉണ്ടായി. അങ്ങനെ, ആ വിചാരത്തോടെ വിശുദ്ധഖുർആൻ ഞാനൊരിക്കൽ തുറന്നുനോക്കിയപ്പോൾ 'സൂറ മായിദ' യിലെ 'ഫലമ്മാ തവഫ്ത്തൈത്തനീ" (നീ എന്നെ മരിപ്പിച്ചാറെ) എന്ന പദങ്ങളാണ് ഉത്തര ക്ഷണത്തിൽ എന്റെ ദൃഷ്ടിയിൽ പതിഞ്ഞത്. ആ പദങ്ങളിൽ ഞാൻ ചിന്തിച്ചു തുടങ്ങിയപ്പോൾ അവ എനിയ്ക്കുണ്ടായ ഇൽഹാമുകളെയും കശ്ഫുകളെയും റുഅ്യകളെയും സത്യപ്പെടുത്തുന്നവയാണെന്ന് എനിയ്ക്ക് ബോധ്യപ്പെട്ടു. മസീഹ്ബ്നുമറിയം മരിച്ചു പോയെന്ന കാര്യത്തിൽ പിന്നെയൊരു സംശയവും ശേഷിച്ചില്ല. പിന്നീട് ഞാൻ ഖുർ ആൻ അവധാനതയോടും അഗാധമായ ആലോചനയോടും ആദിതൊട്ടന്തംവരെ ഒരിക്കൽകൂടി ഓതിനോക്കി. എന്നാൽ, മസീഹിന്റെ മരണത്തെക്കുറിച്ചുള്ള തെളിവുകളല്ലാതെ 'ഹയാത്തി' നെപ്പറ്റി യാതൊന്നും കണ്ടെത്തിയില്ല. പിന്നെ ഞാൻ സഹീഹ്ബുഖാരി തുറന്നുനോക്കി. ഒരു ദിവ്യത്ഭുതമെന്നേ പറയേണ്ടു, തുറന്ന ഉടനെ എന്റെ കണ്ണിൽപ്പെട്ടതു കിത്താബുത്തഫ്സീറിൽ "ഇന്നീ മുതവഫീക്ക, "ഫലമ്മാ തവഫ്ത്തൈത്തനി" എന്നീ രണ്ടു ആയത്തുകളത്രെ. ഒന്നിന്റെ അർത്ഥം 'മുമീത്തുക്ക' (നിന്നെ മരിപ്പിക്കും) എന്നു ഇബ്നു അബ്ബാസ് നൽകിയതും രണ്ടാമത്തേതിന്റെ അർഥം ഹദ്റത്ത് റസൂൽകരീം (സ) തന്നെ നേരിട്ടുപറഞ്ഞതും ഞാനവിടെ കണ്ടെത്തി. വിവിധസ്ഥലങ്ങളിലുള്ള ഈ രണ്ടായത്തുകൾ ഒരിടത്തു എടുത്തു ചേർത്തുകൊണ്ടു ഈ രണ്ടു ആയത്തുകളും ഈസാനബിയുടെ മരണത്തെ തെളിയിക്കുന്നുവെന്നതാണ് തന്റെ അഭിപ്രായമെന്നു ഇമാം ബുഖാരി(റ) വ്യക്തമാക്കിത്തന്നിരിക്കുകയാണ്. പിന്നെ സഹീഹു ബുഖാരി മുഴുവനും ആദിതൊട്ടവസാനം വരെ പ്രതിപദം വിചാരപൂർവ്വം ഞാൻ വായിച്ചുനോക്കി. അതിലും വ്യക്തമായിട്ടോ സൂചനയായിട്ടോ ഒരക്ഷരം പോലും ഈസാനബിയുടെ 'മൗത്തി'നെയല്ലാതെ 'ഹയാത്തി'നെ തെളിയിക്കുന്നതായി ഞാൻ കണ്ടെത്തിയില്ല. പിന്നീട് സഹീഹു മുസ്ലിം തുട

ങ്ങിയ മറ്റു ഹദീസു ഗ്രന്ഥങ്ങളും പാരായണം ചെയ്തു. അവയിലും മരണത്തെക്കുറിച്ചല്ലാതെ മസീഹ് ജീവിച്ചിരിക്കുന്നതായി പ്രസ്താവിക്കപ്പെട്ടുകണ്ടില്ല. 'നുസൂലി'ന്റെ ഹദീസുകളാണ് പിന്നെയുള്ളത്. അവയിലൊന്നും തന്നെ "ആകാശത്തിൽ നിന്നുള്ള ഇറക്ക"ത്തെപ്പറ്റി പറഞ്ഞിട്ടേയില്ലതാനും. നുസൂലും ഹയാത്തുമായി എന്തു ബന്ധമാണുള്ളത്? ജീവിച്ചിരിപ്പും ആകാശാരോഹണവും സ്ഥാപിക്കപ്പെട്ടിട്ടില്ലാതിരിക്കെ അവരോഹണത്തിന്റെ പ്രശ്നം എവിടെ?"

ഈ സംസാരം കഴിഞ്ഞശേഷം മൗലവി മുഹമ്മദ് ബശീർ സാഹിബ് വാദി എന്ന നിലയിൽ ആദ്യത്തെ പേപ്പർ എഴുതാനിരുന്നു. പ്രതിപക്ഷിയുടെ മുമ്പിൽവച്ചുതന്നെ അപ്പപ്പോൾ വാദവും പ്രതിവാദവും എഴുതണമെന്നതായിരുന്നു അംഗീകൃതമര്യാദയെങ്കിലും മുൻകൂട്ടി എഴുതിത്തയ്യാറാക്കിയ ഒരു കടലാസ്സ് പകർത്തു തുടങ്ങുകയാണ് മുഹമ്മദ് ബശീർ സാഹിബ് ചെയ്തത്! അദ്ദേഹം ഹദ്റത്ത് അഹ്മദിന്റെ അനുവാദം വാങ്ങി ദൂരത്തൊരിടത്തു പോയിരുന്നു എഴുതുകയായിരുന്നു. ശിഷ്യൻമാരിൽ ചിലർ ഇതിൽ പ്രതിഷേധം പ്രകടിപ്പിച്ചുവെങ്കിലും ആ മഹാത്മാവ് അതു തടയാൻ അനുവദിക്കാതെ പ്രതിയോഗിയുടെ ഇഷ്ടത്തിനു വിടുകയാണ് ചെയ്തത്. ഈസാനബിയുടെ 'ഹയാത്ത്' സംബന്ധിച്ചു കുറേ മാസങ്ങളായി മൗലവി സാഹിബ് പ്രയാസപ്പെട്ടു തയ്യാറാക്കിവന്ന ലേഖനമാണ് ഇപ്രകാരം അവിടെ ഉപയോഗപ്പെടുത്തിയത്. എന്നാൽ ഹദ്റത്ത് അഹ്മദ്(അ) മറുപടി എഴുതിത്തുടങ്ങിയതോടെ താൻ പടുത്തുയർത്തിയ ന്യായവാദങ്ങളുടെ കൂറ്റൻകെട്ടിടം അടിയിളകിത്തകർന്നു നിലംപൊത്തിയാതായിട്ടാണ് അദ്ദേഹം കണ്ടത്! അതോടെ മൗലവി ബശീർ സാഹിബ് അമ്പരുന്നു പോയി! അതുവരെ കടന്നുചെന്നിട്ടില്ലാത്ത പുതിയൊരു വിജ്ഞാനസാമ്രാജ്യത്തിലാണ് താൻ എത്തിപ്പെട്ടിരിക്കുന്നതെന്നു അദ്ദേഹത്തിനു ബോദ്ധ്യമായി! അവിടെ തന്റെ പാണ്ഡിത്യത്തിന്നോ അറിവുകൾക്കോ കഴിവുകൾക്കോ ഏതും സ്ഥാനമില്ലെന്നും അവയെല്ലാം നിഷ്പ്രഭങ്ങളാണെന്നും അദ്ദേഹം കണ്ടു. ആശയങ്ങൾ കിട്ടാതെയും വാക്കുകൾക്ക് വിഷമിച്ചും ചർവ്വിതചർവ്വണവും പിഷ്ടപേഷണവും നടത്തിക്കൊണ്ടിരുന്ന അദ്ദേഹം ഇതികർത്തവ്യതാമൂഢനായിത്തീർന്നതേയുള്ളൂ. ഒടുവിൽ, വീട്ടിൽ ചെന്നു മറുപടി തയ്യാറാക്കാൻ തന്നെ അനുവദിക്കണമെന്നു ഹദ്റത്ത് അഹ്മദിനോടു അദ്ദേഹം അപേക്ഷിക്കാൻ നിർബന്ധിതനായി. പരാജയത്തിന്റെ പടുകുഴിയിൽ പതിഞ്ഞുകിടുന്ന പ്രതിയോഗിയോടു സഹതാപം തോന്നിയ ആ മഹാത്മാവ് അതുകൂടിയും അനുവദിച്ചപ്പോൾ താൻ അജയ്യമായ ഒരു ജ്ഞാനദുർഗ്ഗമാണെന്നത്രെ അദ്ദേഹം തെളിയിച്ചത്! പുതുതായുള്ള യാതൊരു രേഖയും മുന്നോട്ടുവെക്കാനില്ലാതെയും, ഉന്നയിച്ച പ്രമാണങ്ങൾ തന്നെ പിൻവലിച്ചും മൗലവി മുഹമ്മദ് ബശീർ സാഹിബ് ഭോപാലവി ഗതിമുട്ടിയപ്പോൾ മൂന്നു പേപ്പറുകൾകൊണ്ടു വിവാദം അവസാനിപ്പിക്കേണ്ടി വന്നു. ആ സ്ഥിതിവിശേഷത്തിൽ വാദപ്രതിവാദം നീട്ടിക്കൊണ്ടുപോകുന്നതിൽ അർത്ഥവും ഔചിത്യവും ഇല്ലായിരുന്നു. സത്യാ

സത്യങ്ങൾ ഗ്രഹിക്കാനാണെങ്കിൽ അത്രയുംകൊണ്ടു സാദ്ധ്യമായിരുന്നു താനും. വിവാദം കഴിഞ്ഞു പിരിഞ്ഞുപോകുമ്പോൾ മൗലവി മുഹമ്മദ് ബശീർ സാഹിബ് ഭോപാലവി ഹ: അഹ്മദിനെ പ്രത്യേകം ചെന്നു കണ്ടു സലാം ചെയ്തു വിട ചോദിക്കുകയും തന്റെ ഹൃദയത്തിൽ അദ്ദേഹത്തെ പറ്റി അത്യഗാധമായ ഭക്ത്യാദരങ്ങളാണുള്ളതെന്നു അറിയിക്കുകയും ഇപ്രകാരം ബുദ്ധിമുട്ടാനിടയാക്കിയതിൽ മാപ്പു ചോദിക്കുന്നുവെന്നും പറയുകയും ചെയ്കയുണ്ടായി!

ഈ വാദപ്രതിവാദം 'അൽഹക്ക് ദില്ലി'(8) എന്ന പേരിൽ 1891 ഡിസമ്പറിൽ തന്നെ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുണ്ട്.

തങ്ങളുടെ സകല തന്ത്രങ്ങളും നിഷ്ഫലങ്ങളായിത്തീരുകയും എന്നാൽ ഹദ്റത്ത് അഹ്മദുൽഖാദിയാനി(അ) തന്റെ ദിവ്യവാദവുമായി മുന്നേറിക്കൊണ്ടിരിക്കുകയും സത്യഭക്തർ അധികമധികം അദ്ദേഹത്തിന്റെ ശിഷ്യൻമാരായിത്തീരുകയും ചെയ്തുതുടങ്ങിയപ്പോൾ ഉലമാക്കൾക്ക് പൊറുതിമുട്ടി. തങ്ങളുടെ പക്കൽ അവശേഷിച്ചിട്ടുള്ള ആ അവസാനത്തെ ആയുധംതന്നെ പ്രയോഗിക്കുവാൻ അവർ ഒത്തുചേർന്നു തീർച്ചയാക്കി. ഹദ്റത്ത് അഹ്മദിനെതിരായി കുഫ്റ്ഫത്വ പുറപ്പെടുവിക്കുവാനും ഹിന്ദുസ്താനത്തിലെ പേരുകേട്ട സകല ആലിംകളിൽനിന്നും ഫത്വയിൽ ഒപ്പു വാങ്ങുവാനും അതു വിപുലമായ തരത്തിൽ പ്രചരിപ്പിക്കുവാനും അവർ തീരുമാനിക്കുകയും ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ പ്രവൃത്തികളും ചെയ്യുന്നതിന് മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇന്ത്യയിലങ്ങോളമിങ്ങോളം പര്യടനം നടത്തി 200 ആലിംകളിൽ നിന്നു ഫത്വ ശേഖരിക്കുകയായിരുന്നു അദ്ദേഹത്തിന്റെ പ്ലേൻ.* അപ്രകാരം ഫത്വ പ്രസിദ്ധപ്പെടുത്തുന്നപക്ഷം ജനങ്ങൾ ഹദ്റത്ത് അഹ്മദിന്റെ വാക്കുകളിൽ ശ്രദ്ധിക്കുകയില്ലെന്നും, ഇസ്ലാമിക വൃത്തത്തിൽനിന്ന് പുറംതള്ളപ്പെട്ടയാളാണെന്നു മനസ്സിലാക്കി അദ്ദേഹത്തിന്റെ വാദങ്ങളും വാക്കുകളും തള്ളിക്കളയുന്നതാണെന്നും അതോടെ അദ്ദേഹത്തിന്റെ പുതിയ പ്രസ്ഥാനം നശിച്ചുപോകുമെന്നുമാണ് ഉലമാക്കൾ കരുതിയത്!

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ഇന്ത്യയുടെ ഒരറ്റം മുതൽ മറ്റേയറ്റം വരെ യാത്രചെയ്തു സകല ആലിംകളെയും കണ്ടുമുട്ടി. ഈ പര്യടനപരിപാടി കാരണം 1891 ജൂൺ മുതൽ 1892 മാർച്ചുവരെയുള്ള പത്തുമാസ കാലത്തിനിടയിൽ 'ഇശാഅത്തുസുന്ന' പത്രം പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചില്ല. അദ്ദേഹം ദില്ലി, ആഗ്ര, ഹൈദ്രബാദ്, ബങ്കാൾ, കാൺപൂർ, ബനാറസ്, അഅ്സംഗഡ്, ഗാസിപൂർ, ഭോപാൽ, ലൂധിയാന, അമൃത്സർ, സോജാൻപൂർ, ലാഹോർ, പട്ടിയാല, ഫിറോസ്പൂർ, പിശാവർ, സാവത്ത്, റാവൽ പിണ്ഡി, ഹസാറ, കപൂർത്തല, ദേവബന്ത്, സഹാറൻപൂർ, ലഖ്നോ, മുറാദാബാദ്, പാറ്റ്നാ തുടങ്ങി ഹിന്ദുസ്ഥാനത്തിലെ നാലതിരുകൾക്കുള്ളിലായി സകല പ്രധാനപട്ടണങ്ങളിലും ചെന്നു ആലിംകളെ

* തദ് കിറത്തുൽ മഹ്ദി പേജ് 310–316

സന്ദർശിക്കുകയും അവരിൽനിന്നെല്ലാം ഫത്വ സമ്പാദിക്കാൻ ശ്രമിക്കുകയും ചെയ്തു.

'ഫത്ഹെ ഇസ്ലാം', 'തൗസിയെമറാം' എന്നീ കൃതികളിൽ നിന്ന് ഏതാനും വാചകങ്ങൾ എടുത്തുകാണിച്ചാണ് ഈ ഫത്വ തയ്യാറാക്കിയിരുന്നത്. ഈ ഫത്വയിൽ ഉർദു അറബി നിഘണ്ഡുക്കളിലുള്ള സകല ശകാരപദങ്ങളും ഉലമാക്കൾ ഉപയോഗപ്പെടുത്തിയിരുന്നു. ചില പുതിയ ശകാരപദങ്ങൾ അവർ നിർമ്മിക്കുകയുണ്ടായിട്ടുമുണ്ട്. മാന്യമായ ഒരാൾക്ക് അറപ്പോടുകൂടിയല്ലാതെ വായിക്കുവാൻ വയ്യാത്തവിധം സംസ്കാരരഹിതവും നീചവും ആയ പദങ്ങളാണ് ഹദ്റത്ത് അഹ്മദുൽഖാദിയാനിയെ ശകാരിക്കാൻ ഈ ഫത്വ കർത്താക്കൾ ഉപയോഗപ്പെടുത്തിയിരുന്നത്!

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയും കൂട്ടുകാരും ഈ ഫത്വക്കാര്യത്തിൽ അങ്ങേയറ്റത്തെ കൗടില്യവും വഞ്ചനയും പ്രയോഗിക്കാൻ മടിച്ചിരുന്നില്ല. അദ്ദേഹം പേർ കാണിച്ച ചിലർ ഇത്തരം ഒരു ഫത്വയുടെ കാര്യംതന്നെ അറിയാത്തവരാണെന്നും ചിവർ യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കാതെ ഒപ്പിട്ടവരാണെന്നും തെളിഞ്ഞു. വേറെയും ചിലരാകട്ടെ, ആ ഫത്വയിൽനിന്നു പിന്നീടു തികച്ചും വിട്ടുമാറുകയുമുണ്ടായി. ഒപ്പിട്ട ആലിംകളിൽ ചിലർ തങ്ങളുടെ യഥാർത്ഥ നിലയറിയിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദിന്നു കത്തുകളെഴുതി. അവരിൽ ഒരാളത്രേ ഹാഫിസ് അസീംബക്ഷ് സാഹിബ് പട്യാലവി(ചരമം 1906). അപ്രകാരംതന്നെ അദ്ദേഹത്തിന്റെ ഗുരുനാഥനായ പട്ടിയാല മഹേന്ദ്രകോളേജിലെ അറബിക്ക് പ്രഫസർ മൗലാനാ മുഹമ്മദ് അബ്ദുൽലാഹ്ഖാൻ സാഹിബ് ഒരു നിഷേധം പ്രസിദ്ധപ്പെടുത്താൻ ധൈര്യപ്പെടുകയാണ് ചെയ്തത്. മൗലവി ഫൈസ് അഹ്മദ് സാഹിബ് ജഹ്ലമി ആദ്യം ഫത്വയിൽ ഒപ്പിട്ടിരുന്നെങ്കിലും താൻ ഫത്വ പിൻവലിക്കുന്നുവെന്നും മേലിൽ തന്റെ പേർ ഉൾപ്പെടുത്തരുതെന്നും കാണിച്ചു മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബിനു കത്തെഴുതി.

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)യെ പരാജയപ്പെടുത്തുവാനും അവഹേളിക്കുവാനും കച്ചകെട്ടി പ്രവർത്തിക്കുകയാണ് ചെയ്തിരുന്നത്. ഹദ്റത്ത് അഹ്മദിന് വലിയ ബഹുമതിയും പ്രസിദ്ധിയും ലഭിച്ചത് "ബറാഹീൻ അഹമ്മദിയ്യ'യെ പറ്റി 'ഇശാഅത്തുസുന്ന' യിൽ താനെഴുതിയ നീണ്ട നിരൂപണം വഴിയാണെന്ന ഒരു മിഥ്യാവിചാരം അദ്ദേഹത്തെ പിടികൂടിയിട്ടുണ്ടായിരുന്നു. അതിനാൽ, ഹദ്റത്ത് അഹ്മദുമായി തെറ്റിപ്പിരിഞ്ഞപ്പോൾ, താൻ മിർസാസാഹിബിനെ താഴ്ത്തികാണിക്കുമെന്ന വീരവാദവുമായിട്ടാണദ്ദേഹം പുറപ്പെട്ടത്. "ഞാനാണ് മിർസായെ പൊന്തിച്ചത്; ഞാൻ തന്നെ മിർസായെ താഴ്ത്തുകയും ചെയ്യും." എന്നു അദ്ദേഹം വീരവാദം മുഴക്കുകയുണ്ടായി. ഭൂമിയിൽ മനുഷ്യർക്കു ഉയർച്ചയും താഴ്ചയും നൽകുന്നത് അല്ലാഹുവാണെന്നും, അവൻ ഏതൊരാളെ ഉയർത്തണമെന്നും ഏതൊരാളുടെ പേർ പരത്തണമെന്നും ഇച്ഛിച്ചുവോ അയാളെ താഴ്ത്തിക്കളയാനോ ആയാളുടെ പേർ

മാച്ചുകളയാനോ ആർക്കുംതന്നെ സാദ്ധ്യമല്ലെന്നും പണ്ഡിതനായ ഈ മനുഷ്യനു മനസ്സിലാക്കാൻ കഴിഞ്ഞില്ല! ഹദ്റത്ത് അഹ്മദ് (അ), തന്നെ പുകഴ്ത്തുവാനും കാഫിറാക്കാനുമുള്ള ഇവരുടെ ശ്രമത്തെപറ്റി ഒരിടത്തു ഇപ്രകാരം പറയുന്നു:

"ഈ വിനീതൻ അല്ലാഹുവിനോടു എപ്രകാരമാണ് കൃതജ്ഞത കാട്ടേണ്ടത്! ഈ കാഫിറാക്കലിന്റെ കാലത്ത് 'ലസ്ത്ത മുഅ്മിനൻ' (നീ സത്യവിശ്വാസി അല്ല) എന്നു നാനാഭാഗത്തുനിന്നും ഇക്കാലത്തെ ഉലമാക്കളുടെ ശബ്ദം വന്നലച്ചുകൊണ്ടിരിക്കെ, 'പറയുക, നിശ്ചയമായും ഞാൻ ദൈവത്താൽ നിയുക്തനായിരിക്കുന്നു; ഞാൻ വിശ്വാസികളിൽ മുമ്പനുമാകുന്നു' എന്നിങ്ങനെ സർവ്വശക്തനായ ദൈവത്തിന്റെ ഭാഗത്ത് നിന്ന് ശബ്ദം വന്നുകൊണ്ടിരിക്കയാണ്.... ഈയുള്ളവനെ അങ്ങേയറ്റം എളിമയിലാക്കുവാനും അവഹേളിക്കുവാനും ഒരു ഭാഗത്ത് ഇവർ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ, മറുഭാഗത്ത് അല്ലാഹു എന്നോടു വാഗ്ദാനം ചെയ്തുകൊണ്ടിരിക്കുന്നു: 'നിന്നെ അവഹേളിക്കാൻ ഇച്ഛിക്കുന്നവനെ ഞാൻ അവഹേളിക്കും' എന്നു... ഈ മൗലവിമാരെല്ലാം ദൈവത്തോടു പോരിനു പുറപ്പെട്ടിരിക്കുകയാണ്. എന്നാൽ, കണ്ടുകൊൾവിൻ, ആരാണൊടുവിൽ വിജയശ്രീലാളിതനായിത്തീരുന്നതെന്ന്!" (നിശാനെ ആസ്മാനി).

150 പേജുള്ള ഈ "കുഫ്റ്ഫത്വ"യുടെ കോപ്പി ഹദ്റത്ത് അഹ്മദിനു കിട്ടിയപ്പോൾ ആ മഹാത്മാവ് പ്രസിദ്ധപ്പെടുത്തിയ ഒരു വിജ്ഞാപനത്തിൽ ഇപ്രകാരം പറഞ്ഞു:

"ഞാൻ ആ ഫത്വ ആദിതൊട്ടാവസാനംവരെ വായിച്ചുനോക്കി. ഏതെല്ലാം ആരോപണങ്ങളെ അടിസ്ഥാനമാക്കിയാണോ ഈ ഫത്വ ഇവർ പുറപ്പെടുവിച്ചിരിക്കുന്നത് ആ ആരോപണങ്ങളുടെ ആബദ്ധ്യത്തെയും അസത്യത്തെയുംപറ്റി ഈയുള്ളവൻ അടുത്തുതന്നെ 'ദാഫി ഉൽ വസാവിസ്' എന്ന പേരിൽ ഒരു പുസ്തകം രചിക്കുന്നതാണ്. ഈ കൂട്ടരുടെ ശാപശകാരങ്ങളെതൊട്ടു എനിയ്ക്ക് യാതൊരു മനസ്താപവും ഇല്ല: ഒട്ടും ഭയവുമില്ല! മറിച്ചു, നദീർഹുസൈൻ സാഹിബും ശേഖ്ബട്ടാവിയും അവരുടെ കൂട്ടാളികളും എന്നെ കാഫിറെന്നും ശപിക്കപ്പെട്ടവനെന്നും 'ദജ്ജാലെ'ന്നും വഴിപിഴച്ചവനെന്നും വഞ്ചകനെന്നും നരകാവകാശിയെന്നും കൊടിയ കാഫിറെന്നും മറ്റും അധിക്ഷേപിച്ചുകൊണ്ടു തങ്ങളുടെ ഹൃദയത്തിലുള്ള കോപതാപങ്ങളെ ഇപ്രകാരം പ്രകടിപ്പിച്ചതിൽ ഞാൻ സന്തോഷിക്കുകയാണ് ചെയ്യുന്നത്. സത്യസന്ധതയും വിശ്വസ്തതയും ഭയഭക്തിയും ഉണ്ടെങ്കിൽ ഇവരിത്തരത്തിൽ പ്രവർത്തിക്കുകയില്ലായിരുന്നുവല്ലോ. എന്റെ ന്യായപൂർത്തിയുടെയും സത്യതയുടെയും ഖഡ്ഗം കൊണ്ട് ഈ മാന്യൻമാർക്കെല്ലാം മുറിവേറ്റിരിക്കുകയാണ്. ആ ഭയങ്കര വേദന ശമിപ്പിക്കുവാൻ ഈ ശാപവർഷമല്ലാതെ മറ്റൊരു പരിഹാരമാർഗ്ഗവും അവർക്കുണ്ടായിരുന്നില്ല...യഹൂദികളുടെ ചരിത്രവും നാലു സുവിശേഷങ്ങളും വ്യക്തമാക്കിത്തരുന്നതുപോലെ, യൂദശാസ്ത്രിമാരും പുരോഹിതൻമാരും ഈസാമസീഹിനു നൽകിയിരുന്ന സമ്മാനം ഈ ശാപവർഷ

വും ഭ്രഷ്ടുംതന്നെയായിരുന്നു എന്നോർക്കുമ്പോഴും എനിയ്ക്ക് സന്തോഷമാണുണ്ടാകുന്നത്. ഞാൻ മസീഹിന്റെ പ്രതിബിംബമായിരിക്കെ, ഈ ശാപവാക്കുകളെല്ലാം കേട്ടിട്ടു അതീവസന്തുഷ്ടനായിരിക്കേണ്ടതാണല്ലോ... എന്നാൽ, ബട്ടാലവി സാഹിബിനു ഈ ഫത്വ തയ്യാറാക്കുന്ന കാര്യത്തിൽ യഹൂദികളുടെ വേദശാസ്ത്രിമാരേക്കാളും കടന്ന നിലയിൽ വഞ്ചന നടത്തേണ്ടിവന്നല്ലോ എന്നതിലാണ് എനിയ്ക്കുള്ള വ്യസനമത്രയും...”

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ഇപ്രകാരം ഹദ്റത്ത് അഹ്മദിനെ ലോകദൃഷ്ടിയിൽ അപമാനിക്കാൻ ഒരുമ്പെട്ടുവെങ്കിലും അദ്ദേഹത്തിന്റെ ഈ ശ്രമത്തിൽ ആ മഹാത്മാവ് തെല്ലും ആശ്ചര്യപ്പെടുകയുണ്ടായില്ല. എന്തെന്നാൽ, ബട്ടാലവി സാഹിബ് തന്നോട് എപ്രകാരമാണ് പെരുമാറുവാൻ പോകുന്നതെന്നു ആ ദിവ്യാത്മാവിനു മുൻകൂട്ടി ദൈവത്തിൽനിന്നു അറിവ് ലഭിച്ചിരുന്നു. 1888 ജനുവരി 5-ാം തിയ്യതി അദ്ദേഹം ഒരു ദിവ്യസ്വപ്നത്തിൽ മുഹമ്മദ് ഹുസൈൻ സാഹിബ്, തന്നെപ്പറ്റി “നീചൻ” എന്ന തലക്കെട്ടിൽ ഒരു ലിഖിതം പ്രസിദ്ധപ്പെടുത്തിയതായി കാണുകയുണ്ടായി. അതു വായിച്ചശേഷം ബട്ടാലവിയോടും, അദ്ദേഹം, തന്റെ നിർദ്ദേശത്തിനെതിരായി ആ ലിഖിതം പ്രസിദ്ധപ്പെടുത്തിയതെന്തിനു എന്നു സ്വപ്നത്തിൽ തന്നെ ചോദിക്കുകയുമുണ്ടായി. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി കുഫ്ർ ഫത്വ പ്രസിദ്ധപ്പെടുത്തുന്നതിൽ മുൻകൈ എടുത്തതോടെ ഈ ദർശനം അപ്പടി പുലർന്നു.

വാദ്ഗത്തം ചെയ്യപ്പെട്ട മഹ്ദി ഇമാമിനെ മുസ്ലിം ശാസ്ത്രിമാർ എതിർക്കുകയും നിഷേധിക്കുകയും കാഫിറാക്കുകയും ചെയ്യുമെന്നു മുൻകഴിഞ്ഞ പലമഹാത്മാക്കളും ദീർഘദർശനം ചെയ്തിട്ടുണ്ട്* വാഗ്ദത്തമസീഹിന്റെ കാലത്തെ ആലിംകളെപ്പറ്റി “അന്നത്തെ ഉലമാക്കൾ ആകാശത്തിങ്കീഴിൽ ഏറ്റവും നികൃഷ്ടൻമാരായിരിക്കും” എന്നു റസൂൽകരീ (സ) തിരുമേനിതന്നെയും പ്രവചിച്ചിട്ടുണ്ട്. ഇങ്ങനെ, തിരുനബിയുടെ ശാപത്തിനു കുറിയായിത്തീർന്ന ഈ ഉലമാക്കൾ ഒന്നുചേർന്ന് ഹദ്റത്ത് അഹ്മദിനെതിരായി ‘കുഫ്ർ ഫത്വ’ പുറപ്പെടുവിച്ചപ്പോൾ പ്രകാരാന്തരേണ അവർ ആ മഹാത്മാവിനെ സത്യപ്പെടുത്തുകയത്രെ ചെയ്തത്!

*ഇബ്നു അറബി (ഫുതൂഹാതുൽമക്കിയ); മുജദ്ദിദ് അൽഫിസാനി (മക്തൂബാത്ത്)

26- സ്വർഗ്ഗീയ വിധി

മുസ്‌ലിം മതപണ്ഡിതൻമാർ 'കുഫ്റ് ഫത്‌വ'യും സമുദായഭ്രഷ്ടും മുഖേന ജനങ്ങളെ തന്നിൽനിന്നകറ്റാൻ ശ്രമിക്കുകയും സ്വയം പരിശുദ്ധരായി ചമയുകയും ചെയ്തപ്പോൾ തന്റെ യഥാർത്ഥ നിലയും സത്യവിശ്വാസവും ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കുന്നതിനും ഉലമാക്കളുടെ തനിനിറം വെളിപ്പെടുത്തുന്നതിന്നുമായി ഹദ്റത്ത് അഹ്മദ്(അ) ഒരു സത്യവിശ്വാസപരീക്ഷണമാർഗ്ഗം നിർദ്ദേശിച്ചുകൊണ്ടു 'ആസ്മാനി ഫൈസല' (9)എന്ന പേരിൽ ഒരു ലഘുകൃതി വിരചിക്കുകയുണ്ടായി. ഒരു പൂർണ്ണവിശ്വാസിയെ തിരിച്ചറിയുന്നതിനു ഖുർആൻ മനസ്സിലാക്കിത്തരുന്ന ലക്ഷണങ്ങൾ അതിൽ വിവരിക്കുകയും ആ അടിസ്ഥാനത്തിൽ തന്റെ സത്യവിശ്വാസിത്വത്തെ പരീക്ഷച്ചറിയാൻ എതിരാളികളെ ആഹ്വാനം ചെയ്യുകയും ചെയ്തു. ഈ പുസ്തകത്തിൽ ഉന്നയിക്കപ്പെട്ട പരീക്ഷണ നിർദ്ദേശങ്ങൾക്ക് പ്രായോഗികരൂപം നൽകുന്നതിനെകുറിച്ചാലോചിക്കുന്നതിനും, തനിയ്ക്കെതിരായി രാജ്യത്തുടനീളം അലയടിച്ചുയർന്ന പ്രതിഷേധപ്രകടനങ്ങൾക്കിടയിൽ തന്റെ അനുചരൻമാർക്ക് വ്യക്തമായ മാർഗ്ഗോപദേശങ്ങൾ നൽകുന്നതിനും മറ്റുമായി ഹദ്റത്ത് അഹ്മദ് (അ)1891 ഡിസമ്പർ മാസം അന്ത്യവാരത്തിൽ തന്റെ അനുയായികളുടെ ഒരു സമ്മേളനം വിളിച്ചു കൂട്ടി. ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ ചേർന്ന ഈ ഒന്നാമത്തെ സമ്മേളനത്തിൽ ലാഹൗർ, കപൂർത്തല, സിയാൽക്കോട്ടു, ഭേര, ജമ്മു, വസീറാബാദ്, ഗുജ്റാത്ത്, ലുധിയാന, അമൃത്സർ, നൗശേര തുടങ്ങി നാട്ടിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി 75 പേരാണ് പങ്കെടുത്തിരുന്നത്.* ഹദ്റത്ത് അഹ്മദ് (അ) എഴുതിത്തയ്യാറാക്കിയ ഉപര്യുക്തമായ പുസ്തകത്തിന്റെ കയ്യെഴുത്തുപ്രതി ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി (റ)സമ്മേളനത്തിൽ വായിച്ചുകേൾപ്പിച്ചു.

---

*ഇതോടുകൂടി വാർഷിക 'ജലസ'യുടെ അടിസ്ഥാനം ഇടപ്പെട്ടുവെന്നു പറയാം.എല്ലാകൊല്ലവും ഇപ്രകാരം മൂന്നു ദിവസം സമ്മേളനം ചേരണമെന്നും അങ്ങനെ തന്റെ അനുയായികൾക്ക് ദൈവികകാര്യങ്ങൾ കേൾക്കുന്നതിനും കൂട്ടുപ്രാർത്ഥനകളിൽ പങ്കുകൊള്ളുന്നതിനുമുള്ള അവസരം ലഭിക്കുമാറാകണമെന്നും ഹദ്റത്ത് അഹ്മദ്(അ) നിർദ്ദേശിക്കുകയുണ്ടായി. ഇതു പ്രകാരം എല്ലാകൊല്ലവും വാർഷിക സമ്മേളനം അഹ്മദിയ്യാ കേന്ദ്രത്തിൽവച്ചു നടത്തപ്പെട്ടുവന്നിട്ടുണ്ട്.

ഒരു പൂർണ്ണവിശ്വാസിയെ തിരിച്ചറിയുന്നതിന് ഖുർആൻ നാലു പ്രധാന ലക്ഷണങ്ങളാണ് പറഞ്ഞുതരുന്നത്:

1. ഒരു പൂർണ്ണവിശ്വാസിയ്ക്കു തന്നെക്കുറിച്ചും തന്റെ സ്നേഹിതൻമാരെക്കുറിച്ചും പല സുവിശേഷങ്ങളും ദൈവത്തിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കും.

2. ഈ ലോകത്തിലുണ്ടാക്കുന്ന പല പ്രധാന സംഭവങ്ങളെപ്പറ്റിയും പ്രത്യേക വ്യക്തികളെകുറിച്ചുമുള്ള ചില ഭവിഷ്യദ്വാർത്തകൾ പലപ്പോഴായി അവർക്കു ദൈവം വെളിപ്പെടുത്തികൊടുക്കും.

3. അവരുടെ വളരെയധികം പ്രാർത്ഥനകൾ സ്വീകരിക്കപ്പെടും.

4. ദിവ്യവചനങ്ങളിലടങ്ങിയ തത്ത്വരഹസ്യങ്ങൾ അവർക്കു ധാരാളമായി തുറന്നുകൊടുക്കപ്പെടും.

ഈ നാലു മാർഗ്ഗങ്ങളിൽകൂടിയും തന്റെ സത്യവിശ്വാസിത്വത്തെ പരിശോധിക്കുന്നതിനും അനുഭവൈകവേദ്യങ്ങളായ തന്റെ ആത്മീയ വെളിപാടുകളുടെ ദിവ്യസ്വഭാവത്തെ പരീക്ഷിച്ചറിയുന്നതിനും ആ മഹാത്മാവ് തന്റെ പ്രതിയോഗികളെ ഒരിക്കൽകൂടി ആഹ്വാനം ചെയ്തു. പഞ്ചാബിന്റെ തലസ്ഥാനമായ ലാഹൗറിൽവച്ച് ഇതു സംബന്ധമായി പരസ്യമായ ഒരു സത്യവിശ്വാസപരീക്ഷണം തന്നെ നടത്താമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഉഭയ സമ്മതരായ നിഷ്പക്ഷവ്യക്തികളടങ്ങുന്ന ഒരു പരീക്ഷണസമിതി ഈ ഉദ്ദേശ്യാർത്ഥം രൂപീകരിക്കപ്പെടേണ്ടതാണെന്നും, ഇരു വിഭാഗക്കാരും മേൽപറഞ്ഞ അടിസ്ഥാനത്തിൽ താന്താങ്ങൾക്കുണ്ടായതായവകാശപ്പെടുന്ന വെളിപാടുകളും ദിവ്യദർശനങ്ങളും സംബന്ധിച്ച വിവരങ്ങൾ അതാതു കാലത്തു നന്നാലു പേർ ഒപ്പിട്ടു സാക്ഷ്യപ്പെടുത്തി രേഖാമൂലം ഈ സമിതിയ്ക്കു ഒരു കൊല്ലകാലത്തിനിടയിൽ സമർപ്പിക്കേണ്ടതാണെന്നും, സമിതി അവ അപ്പടി ഒരു റജിസ്ത്രറിൽ പകർത്തുകുയം കുറഞ്ഞപക്ഷം അഞ്ചു അംഗങ്ങൾ അതിൽ ഒപ്പിട്ടു സാക്ഷ്യപ്പെടുത്തുകയും വേണ്ടതാണെന്നും, പ്രവചനങ്ങളും ദീർഘദർശനങ്ങളും പൂർത്തിയായി കണ്ടാൽ അതാതവസരങ്ങളിൽതന്നെ അക്കാര്യവും യഥാവിധി റജിസ്ത്രറിൽ രേഖപ്പെടുത്തുകയും സാക്ഷ്യംമൂലം സ്ഥീരികരിക്കുകയും ചെയ്യണ്ടതാണെന്നും, വത്സരപൂർത്തിയോടുകൂടി നിശ്ചിതസമയം ഒരു പൊതു സമ്മേളനത്തിൽ ഈ വെളിപാടു പ്രവചന പരീക്ഷാഫലങ്ങൾ പരസ്യമയി വെളിപ്പെടുത്തുന്നതുവരെയും ഈ വസ്തുതകൾ പരമരഹസ്യമായി സൂക്ഷിക്കുന്നതാണെന്നു സമിതിയംഗങ്ങൾ പ്രതിജ്ഞചെയ്യേണ്ടതാണെന്നും മറ്റുമായിരുന്നു ഹദ്റത്ത് അഹ്മദ് (അ) ഉന്നയിച്ച മാർഗ്ഗനിർദ്ദേശങ്ങൾ.

പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതു സംബന്ധിച്ച തീരുമാനത്തിനു ആ ദിവ്യപുരുഷൻ നിർദ്ദേശിച്ച മാർഗ്ഗം ഇതാണ്: പലവിധങ്ങളായ ക്ലേശങ്ങളിലും ദു:ഖങ്ങളിലും രോഗങ്ങളിലും വലയുന്ന ആളുകളോടു തങ്ങളുടെ ദു:ഖവിവരങ്ങൾ അറീച്ചുതരാനാവശ്യപ്പെട്ടുകൊണ്ട് സമിതി ഒരു വിളംബരം പ്രസിദ്ധം ചെയ്യേണ്ടതാണ്. അത്തരക്കാരുടെ ഒരു പട്ടിക തയ്യാ

റാക്കിയശേഷം ഇരുഭാഗക്കാരിലും അവ നെറുക്കിട്ട് വീതിക്കുകയും തദനന്തരം ഓരോ വിഭാഗവും തങ്ങൾക്ക് കിട്ടിയ പങ്കിൽപ്പെട്ട ക്ലിഷ്ടിതരുടെയും രോഗികളുടേയും ദു:ഖനിവാരണാർത്ഥം ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യണം. ഫലാഫലങ്ങളെ കുറിച്ചുള്ള വ്യക്തമായ സ്ഥിതിവിവരങ്ങൾ ശേഖരിച്ചശേഷം കൊല്ലാവധി പൂർത്തിയായാൽ സമിതി അതു പരസ്യം ചെയ്യണം.

ഇപ്രകാരം തന്നെ ഖുർആനിക വചനങ്ങളുടെ ആന്തരാർത്ഥങ്ങളും തത്ത്വരഹസ്യങ്ങളും വെളിപ്പെടുത്തുന്നകാര്യത്തിൽ ദൈവിക സാഹായ്യം ആർക്കാണ് ലഭിക്കുന്നതെന്നു പരീക്ഷിച്ചറിയുന്നതിന്നുള്ള മാർഗ്ഗവും ഹദ്റത്ത് അഹ്മദ്(അ) ഈ കൃതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഒരു കൊല്ലം പൂർത്തിയാകുന്നതിനിടയിൽ കക്ഷികൾ ആരെങ്കിലും മരിക്കുകയോ അങ്ങിനെ പ്രതിയോഗിത അപൂർണ്ണമായി കലാശിക്കുകയോ ആണെങ്കിലും അയാൾ ഈ ദിവ്യപരീക്ഷണത്തിൽ പരാജയമടഞ്ഞതായി കരുതപ്പെടുന്നതായിരിക്കും. എന്തെന്നാൽ, അയാളുടെ അസത്യാവസ്ഥ വെളിപ്പെടുത്താനായി ദൈവംതന്നെ ആയുസ്സുവെട്ടിക്കുറച്ചു ശ്രമം അപൂർണ്ണമാക്കാൻ ഇച്ഛിച്ചതായിട്ടു മാത്രമേ അപ്പോൾ കരുതാൻ നിവൃത്തിയുണ്ടാകുയുള്ളു.

ശത്രുമൂപ്പൻമാരെ സംബോധനചെയ്തുകൊണ്ടു ആ മഹാത്മാവ് ഇങ്ങനെ പ്രസ്താവിച്ചു:

"നിങ്ങൾ പൂർണ്ണവിശ്വാസികളും ഞാൻ കാഫിറും മുൽഹിദും ദജ്ജാലും (ദൈവത്തിൽ ശരണം!) ആയിരിക്കുന്ന പക്ഷം നിശ്ചയമായും ഈ സംരംഭത്തിൽ അല്ലാഹു സ്വർഗ്ഗീയ സഹായങ്ങൾകൊണ്ടു നിങ്ങളെ അനുഗ്രഹിക്കയാണ് ചെയ്ക: എന്നെയവൻ ഒരുവിധത്തിലും സഹായിക്കുന്നതുമല്ല. ഇതുകൊണ്ട് മറ്റൊരു നേട്ടവും കൂടിയുണ്ട്: "ആദ്യം നിങ്ങളുടെ വിശ്വാസം തെളിയിക്കൂ, എന്നിട്ടു ഞങ്ങളോടു വിവാദത്തിനു വാ!' എന്നു നിങ്ങൾ രാപ്പകലായി അട്ടഹസിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലൊ, അതിനുള്ള അവസരവും നിങ്ങൾക്ക് കൈവന്നിരിക്കുകയാണ്. വരുവിൻ! ഞാനിതാ എന്റെ സത്യവിശ്വാസിത്വം തെളിയിക്കാൻ തയ്യാറായിരിക്കുന്നു. ഖുർആനും ഹദീസും നിർദ്ദേശിച്ചുതരുന്ന അതേ മാർഗ്ഗത്തിൽത്തന്നെ. എന്നാൽ ഇതേ ക്രമത്തിൽ നിങ്ങളും നിങ്ങളുടെ സത്യ വിശ്വാസാവസ്ഥ തെളിയിക്കേണ്ടിയിരിക്കുന്നു."

അചഞ്ചലമായ ആത്മവിശ്വാസവും അതിദൃഢമായ സത്യഭക്തിയും ഉള്ള ഒരാൾക്കല്ലാതെ ഇത്തരം ഒരു പരസ്യപരീക്ഷണത്തിനു സന്നദ്ധനാകാൻ സാധിക്കുമോ? ഏതൊരു ശത്രുവിനെയും അസ്തശക്തനാക്കുന്ന ശാസ്ത്രീയബോധവും യുക്തിപരതയും ഈ നിർദ്ദേശങ്ങളിലുടനീളം വെട്ടിത്തിളങ്ങുന്നതായി കാണാം. ആർക്കും ഒരു പിഴവ് ചൂണ്ടിക്കാട്ടാനാകാത്തവിധം പഴുതുകളില്ലാത്ത പരീക്ഷണമാർഗ്ഗമായിരുന്നു ഇതെങ്കിലും ശത്രുക്കളിലാരും തന്നെ ഈ പരീക്ഷണത്തിൽ ആ മഹാത്മാവിനെ നേരിടാനായി രംഗത്ത് വരാൻ ധൈര്യപ്പെടുകയുണ്ടായില്ല!

1892 ജനുവരി 20-ാം തിയ്യതി ഹദ്റത്ത് അഹ്മദ്(അ) ലാഹൗറി ലേയ്ക്ക് പുറപ്പെട്ടു. അവിടെ എത്തിയശേഷം ആയിരക്കണക്കിലാളുകൾ പങ്കെടുത്ത ഒരു മഹായോഗത്തിൽ 'ആസ്മാനി ഫൈസല'യിൽ നിർദ്ദേശിച്ച സംഗതികൾ അദ്ദേഹം വിശദീകരിക്കുകയും ഉലമാക്കളെ അതിലേയ്ക്കു ആഹ്വാനം ചെയ്കയും ചെയ്തു. എന്നാൽ, ഈ ധർമ്മസമരത്തിൽ ആ ദിവ്യസേനാനിയെ നേരിടുവാൻ ശത്രുനേതാക്കൾ അശക്തരായിരുന്നതേയുള്ളു.

ഹദ്റത്ത് അഹ്മദ്(അ) ലാഹൗറിലെത്തിയപ്പോൾ ശത്രുക്കളുടെ എതിർപ്രചാരവേലകളുടെ കേന്ദ്രം അവിടമായി. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ലാഹൗറിൽ എത്തി കുപ്രചാരണം തുടങ്ങിയെങ്കിലും അദ്ദേഹത്തിനവിടെവച്ചു വലിയ മാനഹാനിയാണുണ്ടായത്. ഒരു പള്ളിയിൽ അദ്ദേഹത്തിന്റെ ഇമാമത്ത് സംബന്ധിച്ചു തർക്കമുണ്ടായതിനെ തുടർന്നു മാറി നില്ക്കേണ്ടിവന്നു. അദ്ദേഹം വസീർഖാൻ പള്ളിയിൽവച്ചു ഒരു എതിർപ്രസംഗം നടത്തി സ്വയം തൃപ്തിയടഞ്ഞു.

ഹദ്റത്ത് അഹ്മദിനെ ശത്രുക്കൾ പലതരത്തിലും ഉപദ്രവിക്കാനും അലോസരപ്പെടുത്താനും ശ്രമിച്ചുകൊണ്ടിരുന്നു. ആ പുണ്യപൂമാനെ ഒരു നോക്കു കാണുവാനും അദ്ദേഹത്തിന്റെ തിരുവായ്മൊഴികൾ കേൾക്കാനുമായി ജനങ്ങൾ അദ്ദേഹം വന്നിറങ്ങുന്നേടത്ത് തടിച്ചുകൂടുക പതിവായിത്തീർന്നിരുന്നു. അദ്ദേഹത്തിന്റെ വാസസ്ഥാനം പുരുഷാരങ്ങളുടെ തീർത്ഥകേന്ദ്രമായി. ശിഷ്യജനങ്ങളും അനുഭാവികളും മാത്രമല്ല ബദ്ധവൈരികൾകൂടിയും അവിടെ യഥേഷ്ടം കയറിച്ചെല്ലുമായിരുന്നു. പ്രഭാഷണങ്ങളും സദുപദേശങ്ങളും സംവാദങ്ങളുംകൊണ്ടു സദാ സജീവവും പ്രഭാവിതവുമായിരുന്നു ആ പുണ്യപുരുഷൻ ഉൾക്കൊണ്ട സദസ്സ്. ആദ്ധ്യാത്മികജ്ഞാനം കുത്തിയൊലിക്കുന്ന ഒരു നിർത്ധരി!

ഒരിക്കൽ ലാഹൗറിൽവച്ചു ഹദ്റത്ത് അഹ്മദ്(അ) ഒരു സുഹൃദ്സദസ്സിൽ സംസാരിച്ചുകൊണ്ടിരിക്കവെ ഒരു ശത്രു അവിടെ കടന്നു വന്നു. അദ്ദേഹത്തെ അതിരൂക്ഷമായി അധിക്ഷേപിച്ചുതുടങ്ങി. ഒരു വലിയ ഉദ്യോഗത്തിലിരുന്ന ദേഹവും ബ്രഹ്മസമാജത്തിലെ ഒരുന്നതനേതാവുമായിരുന്ന ബാബുമസുംദാർ എന്ന മാന്യനും തദവസരത്തിൽ സഭയിലുണ്ടായിരുന്നു. മുസ്ലിം എന്നു സ്വയം വിശേഷിപ്പിച്ച ആ ആഗതദുർഭകൻ ഹദ്റത്ത് അഹ്മദിനെ നിലവിട്ടു ശകാരിച്ചുകൊണ്ടിരുന്നെങ്കിലും ആ മഹാത്മാവ് ഒരക്ഷരം മറുപടി പറയാതെ തന്റെ തലപ്പാവിന്റെ തുഞ്ചംകൊണ്ടു തിരുവായ്പൊത്തി അധോമുഖനായി അശ്രദ്ധഭാവത്തിൽ അതൊക്കെയും കേട്ടുകൊണ്ടിരുന്നതേയുള്ളു. കോപത്തിന്റെയോ അമർഷത്തിന്റെയോ ലാൻഛനപോലും ആ മുഖത്തു പ്രത്യക്ഷപ്പെട്ടില്ല. ശിഷ്യൻമാരാകട്ടെ, ഗുരുവോടുള്ള ഭയഭക്തിമൂലം അപ്പോൾ അയാളെ തടയാൻ ശ്രമിക്കാതെ ഭാവങ്ങൾ വീർപ്പടക്കി വീക്ഷിച്ചുകൊണ്ടിരുന്നതേയുള്ളു. ആ അവിവേകി ഇപ്രകാരം ഏറെ നേരം അധിക്ഷേപിച്ചുകൊണ്ടിരുന്നശേഷം തളർന്നു സ്വയം ഇളിഭ്യനായി തിരിച്ചുപോവുകയും ചെയ്തു. ഈ അനന്യസാധാരണമായ

ക്ഷമാലുത്വവും സഹനബുദ്ധിയും കണ്ടമ്പരന്ന ബാബുമസുംദാർ ഇപ്രകാരം പറഞ്ഞുപോയി; "മശീഹായുടെ ക്ഷമാശീലത്തെപറ്റി നാം ധാരാളം വായിക്കുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഈ തിതിക്ഷ നാം സ്വന്തം കണ്ണുകൾകൊണ്ടു തന്നെ കണ്ടുവല്ലൊ!"

ലാഹൗറിൽനിന്നു ഹദ്റത്ത് അഹ്മദ് സിയാൽക്കോട്ടേയ്ക്കാണ് യാത്രയായത്. മൗലാനാ അബ്ദുൽ കരീം സാഹിബിന്റെ ക്ഷണമനുസരിച്ചാണ് ഈ യാത്ര ചെയ്തത്. ഇവിടെവച്ചു മഹാകവി ഡോ.മുഹമ്മദ് ഇഖ്ബാലിന്റെ പിതാവ് ശേഖ് നൂർമുഹമ്മദ് സാഹിബ് ഹദ്റത്ത് അഹ്മദിന്റെ കയ്യിൽ ബൈഅത്ത് ചെയ്ത് ശിഷ്യപദം സ്വീകരിക്കുകയുണ്ടായി. അക്കാലത്ത് അദ്ദേഹത്തിന്റെ പുത്രൻമാരായ ശേഖ് അത്താമുഹമ്മദും, മുഹമ്മദ് ഇഖ്ബാലും* ഹദ്റത്ത് അഹ്മദിന്റെ ശിഷ്യൻമാരായിട്ടാണറിയപ്പെട്ടിരുന്നത്.

ഹദ്റത്ത് അഹ്മദ്(അ) സിയാൽകോട്ടിലെത്തിയപ്പോഴെയ്ക്കും മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയും സിയാൽകോട്ടു വന്നെത്തുകയും ആ മഹാത്മാവിനെതിരായി പള്ളികളിൽ പ്രസംഗങ്ങൾ ചെയ്തു ജനങ്ങളെ ഇളക്കിവിടാൻ ശ്രമിക്കുകയുമുണ്ടായി. എന്നാൽ, സിയാൽകോട്ടിലെ ജനങ്ങൾ ഹദ്റത്ത് അഹ്മദിനെ യുവദശയിലെ നല്ലവണ്ണം പരിചയപ്പെട്ടിരുന്നതിനാൽ ബട്ടാലവി പ്രഭൃതികളുടെ കുതന്ത്രങ്ങളും കുപ്രചാരവേലകളും അവിടെ വലിയ ഫലം ചെയ്തില്ല.

സിയാൽകോട്ടുനിന്ന് ഹദ്റത്ത് അഹ്മദ്(അ) കപൂർത്തലയിലേയ്ക്കും അവിടെനിന്ന് ജലന്ധറിലേയ്ക്കും പിന്നെ ലുധിയാനയിലേയ്ക്കും യാത്രചെയ്തു.

---

*മഹാകവി ഡോ.മുഹമ്മദ് ഇഖ്ബാൽ 1897ൽ ബൈഅത്ത് ചെയ്കയുണ്ടായെന്നും പറയപ്പെടുന്നു (നവായെ വക്ത് 15-11-53) ഏതായാലും, ഇക്കാലത്ത് ഇഖ്ബാൽ ഹദ്റത്ത് അഹ്മദിന്റെ നേരെ വലിയ ഭക്തിബഹുമാനങ്ങൾ പ്രകടിപ്പിച്ചിരുന്ന ആളായിരുന്നു എന്നതു തർക്കമറ്റതാണ്. ഏതാണ്ടിതേകാലത്താണ് സഅദുല്ല ലുധിയാനവി ഹദ്റത്ത് അഹ്മദിനെ ആക്ഷേപിച്ചു കവിതകളെഴുതിയപ്പോൾ ഒരു കോളേജു വിദ്യാർത്ഥിയായിരുന്ന ഇഖ്ബാൽ നീണ്ടൊരു കവിതവഴി അതിനു മറുപടി നൽകിയത്. അതിൽ ഹദ്റത്ത് അഹ്മദിനെപറ്റി "സത്യത്തിൽ സൂര്യൻ" (ആഫ്താബെ സിദ്ഖ്) എന്നു വിശേഷിപ്പിക്കുകയും ചെയ്തിരുന്നു. 1900ൽ Indian Antiquary എന്ന പത്രത്തിലെഴുതിയ ഒരു ഇംഗ്ലീഷു ലേഖനത്തിൽ "ആധുനിക കാലഘട്ടത്തിലെ ഏറ്റവും വലിയ മതചിന്തകൻ" എന്നു സ്മര്യപുരുഷനെപറ്റി ഇഖ്ബാൽ സ്തുതിച്ചെഴുതുകയുണ്ടായി. സിയാൽകോട്ടുവെച്ച് ഒരിക്കൽ ഹദ്റത്ത് അഹ്മദിനെയും പരിവാരത്തെയും ചൂണ്ടികാണിച്ചുകൊണ്ടു. "നോക്കൂ, ദീപത്തിനു ചുറ്റും പ്രാണികൾ വന്നുവീഴുന്നതു കണ്ടില്ലേ" എന്നു ഡോ. ഇഖ്ബാൽ തന്നോടു പറഞ്ഞതായി 'മുജദ്ദിദെ അഅ്സം' എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഡോ.ബിശാറത്ത് അഹ്മദ് സാഹിബ് പ്രസ്താവിക്കുന്നു. ഇക്ബാൽ തന്റെ പുത്രനായ ആഫ്താബ് ഇഖ്ബാലിനെ ഇന്ത്യയിലെ പ്രസിദ്ധ മതവിദ്യാകേന്ദ്രങ്ങളെയെല്ലാം അവഗണിച്ച് ഖാദിയാനിൽ അയച്ചു പഠിപ്പിച്ചതിനുള്ള കാരണവും ഈ ആദ്യകാല ഭക്തിവിശ്വാസങ്ങൾതന്നെയായിരുന്നു. ഒരിക്കൽ അദ്ദേഹം ഇപ്രകാരം പറഞ്ഞുവത്രെ "ദീൻ പഠിക്കാൻ വേണ്ടി ഞാൻ അവനെ ഖാദിയാനിൽ അയച്ചു, പക്ഷേ, അവൻ അവിടെ ഉറച്ചുനിന്നില്ല" (താരീഖെ അഹ്മദിയ്യത്ത് ഭാ.290) ഇഖ്ബാൽ 1935ന്നു ശേഷം അഹ്മദിയ്യത്തിന്റെ വലിയൊരെതിരാളിയായി മാറി.

"നിശാനെ ആസ്മാനി"

ലൂധിയാനയിൽവച്ചു "നിശാനെ ആസ്മാനി" (10) എന്നപേരിൽ ഒരു ചെറുകൃതി പ്രസിദ്ധപ്പെടുത്തി. ഇതിൽ, തന്റെ സത്യവാദത്തെ സംബന്ധിച്ചു മുൻകഴിഞ്ഞവരും സമകാലീനരും ആയ പല മഹാന്മാർക്കും ഉണ്ടായിട്ടുള്ള പല ആത്മീയദർശനങ്ങളെയും വെളിപാടുകളെയും സ്വർഗ്ഗീയ ബോധനങ്ങളെയുംകുറിച്ചു പ്രതിപാദിക്കുകയും, ആത്മാർത്ഥമായ സത്യാന്വേഷണതൽപരതയോടുകൂടി തന്റെ യഥാർത്ഥനിലയറിയാൻ ആഗ്രഹിക്കുന്നവർക്ക് ദിവ്യബോധനം ലഭിക്കുമാറാകുന്നതിന് അവർ 'ഇസ്തിഖാറ' എന്ന പ്രാർത്ഥനായജ്ഞം നടത്തേണ്ടതാണെന്നു നിർദ്ദേശിച്ചുകൊണ്ടു പ്രസ്തുത മാർഗ്ഗവിജയം വിവരിക്കുകയും ചെയ്തു. ആ ദിവ്യാത്മാവ് ഇപ്രകാരം പ്രസ്താവിക്കുന്നു:-

"ഒന്നാമതു, ആത്മാർത്ഥമായി മാനസാന്തരപ്പെട്ടു രാത്രി സമയത്ത് രണ്ടു റകഅത്ത് നമസ്കാരം അനുഷ്ഠിക്കുക. ആദ്യത്തെ റകഅത്തിൽ സൂറാ യാസീനും മറ്റെ റകഅത്തിൽ ഇരുപത്തൊന്നു പ്രാവശ്യം സൂറ ഇഖ്‌ലാസും അതിനുശേഷം മുന്നൂറു തവണ തിരുനബിയുടെ പേരിൽ സലാത്തും മുന്നൂറുവട്ടം 'ഇസ്തിഗ്ഫാ'റും ചൊല്ലി ഇപ്രകാരം പ്രാർത്ഥിക്കുക: 'അല്ലയോ സർവ്വശക്തനും ദയാകരനുമായ അല്ലാഹുവേ, ഞങ്ങൾ അറിയാത്ത എത്രയും ഗൂഢതരമായ സംഗതികൾ നീ അറിയുന്നു. നിന്റെ പക്കൽ സ്വീകാരം സിദ്ധിച്ചവനും നിരസിക്കപ്പെട്ടവനും ആരെന്നു നീ അറിയുന്നു. സത്യവാദിയും വ്യാജക്കാരനും നിന്റെ ദൃഷ്ടിയിൽ ഗോപ്യരായിരിക്കയില്ല. അതിനാൽ, ഞങ്ങൾ നിന്റെ സന്നിധിയിൽ ഇതാ ബോധിപ്പിച്ചുകൊള്ളുന്നു: വാഗ്ദത്തം ചെയ്യപ്പെട്ട മസീഹും മഹ്ദിയും ഇക്കാലത്തെ മുജദ്ദിദും താനാണെന്നു വാദിക്കുന്ന ആ മനുഷ്യനു നിന്റെ പക്കലുള്ള സ്ഥാനമെന്താണ്? ആയാൾ സത്യവാദിയോ വ്യാജക്കാരനോ? നിന്റെ പക്കൽ സ്വീകൃതനോ നിഷിദ്ധനോ? നിന്റെ കൃപാതിരേകത്താൽ ഈ വസ്തുത ഞങ്ങൾക്ക് സ്വപ്നം വഴിയോ ആത്മദർശനം മൂലമോ ദിവ്യബോധനം വഴിയായോ വെളിപ്പെടുത്തുമാറാകണമേ! ആയാൾ നിന്റെ പക്കൽ നിഷിദ്ധനാണെങ്കിൽ, ആയാളെ സ്വീകരിച്ചു ഞങ്ങൾ വഴികേടിലായിപ്പോകാതിരിക്കുന്നതിന് അഥവാ, അയാൾ നിന്നാൽ സ്വീകൃതനും നിയോഗിതനും തന്നെയെങ്കിൽ ആയാളെ നിഷേധിക്കുകയോ അപമാനിക്കുകയോ ചെയ്തു ഞങ്ങൾ നാശത്തിലകപ്പെടാതിരിക്കുന്നതിനുമായിട്ടു നീ യാഥാർത്ഥ്യം ഞങ്ങൾക്ക് വെളിപ്പെടുത്തിത്തരികയും എല്ലാ പരീക്ഷകളിലും വൈഷമ്യങ്ങളിലുംനിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമേ! എല്ലാ ശക്തിയും നിനക്കു മാത്രമല്ലോ!

"ഈ ഇസ്തിഖാറ നമസ്കാരം ചുരുങ്ങിയാൽ രണ്ടാഴ്ച തുടർച്ചയായി വികാരരഹിതമായ ഹൃദയത്തോടുകൂടി അനുഷ്ഠിച്ചു പോരേണ്ടതാകുന്നു. ആദ്യമേ വിദ്വേഷത്തോടുകൂടിയവനും ദുശ്ശങ്കകൾക്കും ദുർധാരണകൾക്കും അധീനനും ആയിരിക്കുന്ന ഒരുവൻ താൻ കഠിനമായി വെറു

ക്കുന്ന ഒരാളെപ്പറ്റി വല്ലതും അറിയാൻ ആഗ്രഹിക്കുന്ന പക്ഷം അവനു ശൈത്താൻ വെളിപ്പെടുകയും അവന്റെ ഹൃദയത്തിൽ കുടികൊള്ളുന്ന അന്ധകാരത്തിനൊത്തു തമോമയമായ ചിന്താരൂപം അവന്റെ മനസ്സിൽ ഉദിച്ചുവരുമാറാകയും ചെയ്യും. തൽഫലമായി, അവന്റെ സ്ഥിതി പൂർവ്വാധികം ദുഷ്ടമായിത്തീരുന്നു. അതിനാൽ, നിങ്ങൽ ദൈവത്തിങ്കൽനിന്ന് വല്ലതും അറിയാൻ ആഗ്രഹിക്കുന്ന പക്ഷം അവനു ശൈത്താൻ വെളിപ്പെടുകയും അവന്റെ ഹൃദയത്തിൽ കുടികൊള്ളുന്ന അന്ധകാരത്തിനൊത്തു തമോമയമായ ചിന്താരൂപം അവന്റെ മനസ്സിൽ ഉദിച്ചുവരുമാറാകയും ചെയ്യും. തൽഫലമായി, അവന്റെ സ്ഥിതി പൂർവ്വാധികം ദുഷ്ടമായിത്തീരുന്നു. അതിനാൽ, നിങ്ങൾ ദൈവത്തിങ്കൽനിന്ന് വല്ലതും അറിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളുടെ മനോതലത്തിൽനിന്നു സ്നേഹത്തിന്റെയോ വിദ്വേഷത്തിന്റെയോ വികാരങ്ങളെ ഇല്ലായ്മചെയ്യുക. അങ്ങനെ നിങ്ങൾ വിദ്വേഷത്തിന്റെയും പ്രേമത്തിന്റെയും വികാരങ്ങളിൽനിന്നു വേർപ്പെട്ടു ഒഴിഞ്ഞ ഹൃദയത്തോടുകൂടി ദൈവത്തോടു മാർഗ്ഗദർശനത്തിനായി പ്രാർത്ഥിക്കുക. എന്നാൽ, ആ സത്യസ്വരൂപൻ തന്റെ വാഗ്ദാനമനുസരിച്ചു തീർച്ചയായും തന്റെ അടുക്കൽനിന്ന് ഒരു തേജസ്സ് അയച്ചുതരും. അതു സ്വാർത്ഥവിചാരങ്ങളാകുന്ന 'ധൂമം' കലരാത്തതായിരിക്കും. അതിനാൽ, സത്യാന്വേഷികളെ! ഈ മൗലവിമാരുടെ വാക്കുകളാൽ നിങ്ങൾ തെറ്റിധാരണകൾക്ക് വംശവദരാകരുതേ! എഴുന്നേല്പിൻ! കുറഞ്ഞൊന്നു ശ്രമിക്കപ്പെട്ടു സർവ്വശക്തനും സപ്രഭാവനും മാർഗ്ഗദർശകനുമായ അല്ലാഹുവിൽനിന്ന് നിങ്ങൾ സഹായമർത്ഥിക്കുവിൻ."

ഈ നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ച അനേകം സത്യാന്വേഷകർക്ക് ദൈവികബോധനങ്ങൾ വഴി ഹദ്റത്ത് അഹ്മദിന്റെ സത്യം മനസ്സിലാക്കാൻ സാധിക്കുകയും അപ്രകാരം അവർ ആ മഹാത്മാവിന്റെ ശിഷ്യൻമാരായിത്തീരുകയുമുണ്ടായി.

27- ഒരു മരണവും കുറേ ശൂന്യകരും

1892 ഏപ്രിൽ 7-ാം തിയ്യതി മുഹമ്മദീബേഗമും ലാഹൗറിലെ പട്ടീ ദേശക്കാരനായ സുൽത്താൻ മുഹമ്മദും തമ്മിലുള്ള വിവാഹം നടന്നു.

ആ വിവാഹം നടക്കുമെന്നു പ്രവചനത്തിൽ സൂചനയുണ്ടായിരുന്നു. വിവാഹസമ്മതം വിളംബരം ചെയ്യപ്പെട്ടതോടെ മിർസാ അഹ്മദ്ബേഗിന്റെ മരണമണി മുഴങ്ങിക്കഴിഞ്ഞു! ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്ബേഗിന്റെ മരണമണി മുഴങ്ങിക്കഴിഞ്ഞു! ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്ഖാദിയാനിയുടെ പ്രവചനപ്രകാരം വിവാഹം നടന്നു മൂന്നു കൊല്ലത്തിനുള്ളിൽ അഹ്മദ്ബേഗ് മരിക്കണം. 1888 ജൂലായി 10-ാം തിയ്യതിയിലെ വിജ്ഞാപനത്തിലെ അടിക്കുറിപ്പിൽ പറഞ്ഞതുപ്രകാരം ആ മരണം അത്യാസന്നവുമായിരുന്നു.

ജനലക്ഷങ്ങൾ ആ സംഭവം ഉറ്റുനോക്കുകയായിരുന്നു. മസീഹുവാദത്തെ തുടർന്നു നാനാഭാഗങ്ങളിൽനിന്നും ഹദ്റത്ത് അഹ്മദിന്റെ നേരെ എതിർപ്പുകളുടെ തീക്കാറ്റടിച്ചുതുടങ്ങിയ കാലം! 'ഫത്ഹെ ഇസ്ലാം', 'തൗസീയമറാം', 'ഇസാലയെ ഔഹാം' തുടങ്ങിയ കൃതികൾ പ്രസിദ്ധം ചെയ്യപ്പെട്ടതോടെ ഇന്ത്യയിലങ്ങോളമിങ്ങോളമുള്ള ഉലമാക്കൾ അദ്ദേഹത്തിനെതിരിൽ അണിനിരന്നിരിക്കയായിരുന്നു. 1892 മാർച്ചിലാണ് മുഹമ്മദ് ഹുസൈൻ ബട്ടാലവി ഇന്ത്യാപര്യടനം പൂർത്തിയാക്കി ബട്ടാലയിൽ തിരിച്ചെത്തിയത്. ഉലമാക്കൾ 'കുഫ്റ് ഫത്വ' തയ്യാറാക്കികഴിഞ്ഞു. മുസ്ലിം ജനസാമാന്യത്തിന്റെ രോഷ പ്രകർഷം അതിന്റെ ഉച്ചകോടിയിലെത്തിയ നാളുകൾ!

എല്ലാ സുഖഭോഗങ്ങളിൽനിന്നും വിരക്തനായി, പ്രാർത്ഥനാധ്യാനാദികളിലും ഉല്ലേഖനപാരായണങ്ങളിലുംമാത്രം വ്യാപൃതനായി, പള്ളിയിലും പ്രാർത്ഥനാമുറിയിലും വിട്ടുപിരിയാത്ത ശിഷ്യർക്കൊപ്പം കഴിഞ്ഞുകൂടിയ ഹദ്റത്ത് മിർസാ ഗുലാംഅഹ്മദിൽനിന്നും ആ കാരണങ്ങളാൽതന്നെ, അദ്ദേഹത്തിന്റെ ആദ്യ ഭാര്യ ഹുർമത്ത് ബീബി അകന്നകന്നുപോയി! ദൽഹിയിലെ ഒരു സാദാത്ത് കുടുംബത്തിൽ നിന്നാണദ്ദേഹം പിന്നീടു വിവാഹം ചെയ്തത്. ആ അനുഗൃഹീത വിവാഹത്തിൽ ആ ഭക്തോത്തമൻ പരിപൂർണ്ണ സംതൃപ്തി കണ്ടെത്തി. നുസ്റത്ത്ജഹാൻ ബേഗം! ആ തരുണീമണിയുമായുള്ള വിവാഹബന്ധത്തിലേർപ്പെട്ട്തും ദിവ്യദർശനമ

നുസരിച്ചായിരുന്നു. യാതൊരു പൂർവ്വപരിചയവുമില്ലാത്ത ഒരു വിദൂരകുടുംബം! മറ്റൊരു വിവാഹം ആ യതിവര്യൻ ആഗ്രഹിച്ചില്ല. തന്റെ പ്രഥമ ശിഷ്യനായ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന്നെഴുതിയ കത്തിൽ അതദ്ദേഹം വ്യക്തമാക്കി. പ്രവചനത്തിന്റെ ആരംഭഘട്ടത്തിൽ, തന്റെ ഒരു സുഹൃത്തായിരുന്ന മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയ്ക്കും അതദ്ദേഹം വിവരിച്ചുകൊടുത്തിരുന്നു.

പക്ഷേ, മറ്റൊരു വിവാഹത്തിനു തയ്യാറാകാൻ അല്ലാഹു തന്നോടു കല്പിച്ചിരിക്കുന്നതായി ഹദ്റത്ത് അഹ്മദ് വിളംബരപ്പെടുത്തി കഴിഞ്ഞിരുന്നു. ആ വിവാഹം നടക്കേണ്ടതു തന്റെ കഠിനവൈരികളായി ചമഞ്ഞിട്ടുള്ള പിതൃസഹോദരകുടുംബത്തിൽ! നിരീശ്വരവാദിയായ അഹ്മദ് ബേഗിന്റെ മകൾ മുഹമ്മദീബേഗവുമായി!! അപകീർത്തി വ്യവസായത്തിന്റെ ഒരഗ്നികുണ്ഡം തനിയ്ക്കുമുമ്പാകെ തയ്യാറാക്കപ്പെടുകയാണെന്നറിഞ്ഞു ആ മഹാത്മാവ് തെല്ലിട ചുളുങ്ങിപ്പോകാതിരുന്നില്ല. എങ്കിലും ആ തീച്ചൂളയിലേക്ക് എടുത്തുചാടണമെന്നതായിരുന്നു ദൈവകല്പന! അതിന്റെ പരിണാമം എന്താകുമെന്നു അദ്ദേഹത്തിനു അറിഞ്ഞു കൂടായിരുന്നു. എന്നാൽ, ദൈവം ഒരു പരിതസ്ഥിതിയിലും തന്നെ കൈവെടിയുകയില്ലെന്നും, ദൈവത്തിന്റെ വചനം ഒരു വിധത്തിലും തെറ്റിപ്പോകയില്ലെന്നും ഉള്ള ഉറച്ച വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. ആ കഠിനപരീക്ഷയുടെ നെരിപ്പോടിൽ ഉരുകിത്തിളങ്ങി ഒരു തങ്കക്കട്ടിയായി അദ്ദേഹം പുറത്തുവരണമെന്നതായിരുന്നില്ലേ ദൈവനിശ്ചയം?

എങ്ങും പ്രവചനത്തെക്കുറിച്ചുള്ള ചൂടുപിടിച്ച ചർച്ചകളും വാദകോലാഹലങ്ങളും! പത്രങ്ങളിൽ അടിക്കടി പ്രസ്താവനകളും പരിഹാസലേഖനങ്ങളും പ്രത്യക്ഷപ്പെട്ടു തുടങ്ങി. തന്റെ പിതൃകുടുംബത്തിനുവേണ്ടി മാത്രമായി വെളിപ്പെടുത്തപ്പെട്ട പ്രസ്തുത പ്രവചനാടയാളം വിപുലമായി പ്രചരിച്ചു കാണാൻ ഹദ്റത്ത് അഹ്മദ് ആഗ്രഹിച്ചിരുന്നില്ല. കുടുംബനായകൻമാർ തന്നെയാണിതു ശത്രുക്കൾക്കിടയിൽ പ്രചരിപ്പിച്ചത്. അവർ അതിന് വമ്പിച്ച പ്രചാരം നല്കി കഴിഞ്ഞു. ഇസ്ലാമിനെയും അതിന്റെ വീരപോരാളിയായി രംഗത്തിറങ്ങിയ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയെയും ഇടിച്ചു താഴ്ത്താൻ, കരിതേച്ചു കാട്ടാൻ, തങ്ങൾക്ക് ഏറ്റവും നല്ല ഒരവസരം കൈവന്നിട്ടുള്ളതായി ആര്യസമാജികളും ക്രിസ്ത്യാനികളും കരുതി. കുൽസിതമായ ഒരു പ്രചാരവേലയ്ക്ക് അവർ അതിനെ കരുവാക്കി.

പിതൃകുടുംബത്തിലെ മുഴുവൻ അംഗങ്ങളും രൂക്ഷമായ പരിഹാസശകാരങ്ങളിൽ ഏർപ്പെട്ടിരിക്കയായിരുന്നു. മിർസാ ഇമാമുദ്ദീൻ പ്രഭൃതികൾ ഖാദിയാനിൽ പ്രഭാവശാലികളായി വാഴുകയാണ്. ഭൗതികമായ എല്ലാ അനുഗ്രഹങ്ങളും ദൈവം അവരിൽ കോരിച്ചൊരിഞ്ഞിരിക്കുന്നു. ഐശ്വര്യം വഴിഞ്ഞൊഴുകുന്ന നിറഞ്ഞ കുടുംബം! എന്നാൽ, അവർ ദൈവത്തെ വിസ്മരിച്ചു. മതത്തെ നിസ്സാരമാക്കി. ആത്മീയ ജീവിതത്തെ പുച്ഛിച്ചു. ദൈവികമായ അടയാളങ്ങളെ കളിയാക്കി. സർവ്വോപരി അവർ

ഒരു പ്രവാചകന്റെ ബദ്ധശത്രുക്കളായി മാറി. ആത്മീയ പരിവർത്തനത്തിനുള്ള ആഹ്വാനം അവർ ചെവികൊണ്ടില്ല. ഒരു ആത്മീയ പരിഷ്കർത്താവ് താനുമായുള്ള സാമീപ്യ സമ്പർക്കങ്ങളിലൂടെ കുടുംബത്തെ ധന്യമാക്കാനായി മാടിവിളിച്ചപ്പോൾ അവർ മുഖം തിരിച്ചുകളഞ്ഞു. ഉഗ്രവൈരികളുടെ മാർഗ്ഗമാണവർ തിരഞ്ഞെടുത്തത്. മുഹമ്മദീബേഗമിനെ മറ്റൊരാൾക്ക് വിവാഹം ചെയ്തുകൊടുക്കാനുള്ള നീക്കത്തോടെ അവരുടെ ധാർഷ്ഠ്യ ബുദ്ധി അതിന്റെ പരമകാഷ്ഠയിലെത്തി. അതൊരു അതിർ വരമ്പായിരുന്നു. ആ വരമ്പ് അവർ മീറിക്കളഞ്ഞു.

വിവാഹ പ്രഖ്യാപനത്തോടെ മിർസാ അഹ്മദ് ബേഗിന്റെ കുടുംബത്തിൽ ആപത്തുക്കളുടെ ഘോഷയാത്ര ആരംഭിച്ചു. ആ കുടുംബം കൊടും പരീക്ഷകളുടെ ഒരു അഗ്നികുണ്ഡമായി മാറി. ഓരോരുത്തരായി ശിക്ഷാവിധിക്കരിയായിത്തുടങ്ങി. നിക്കാഹ് കഴിഞ്ഞു മൂന്നുമാസത്തിനുള്ളിൽതന്നെ മിർസാ അഹ്മദ് ബേഗിന് സ്വന്തം പുത്രന്റെ ദാരുണ മരണം നോക്കിക്കാണേണ്ടി വന്നു. തുടർന്ന് രണ്ട് സഹോദരിമാർ മരണപ്പെട്ടു. പലരും പലതരത്തിലുള്ള വിപത്തുകളിൽ കുടുങ്ങിക്കഴിയുകയായിരുന്നു.

എന്നാൽ, എല്ലാവരുടേയും ദൃഷ്ടികൾ അഹ്മദ് ബേഗിന്റെയും നവവരനായ സുൽത്താൻ മുഹമ്മദിന്റെയും നേർക്കായിരുന്നു! ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) പ്രവചിച്ചതുകൊണ്ടുമാത്രം അവർക്ക് മരണം സംഭവിക്കുമോ? ഇല്ല! ഒരിക്കലുമില്ല!! എങ്കിലും, ഏതൊരു സർവ്വശക്തന്റെ കൈയ്യിലാണോ അവരിരുവരുടേയും ജീവനിരിക്കുന്നത്, ഏതൊരു സർവ്വശക്തനാണോ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ സത്യം ശക്തിമത്തായ അടയാളങ്ങളാൽ തെളിയിച്ചുകാട്ടുമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളത് ആ സർവ്വാധിനാഥന് അതു സംഭവിപ്പിക്കാൻ ഏതും പ്രയാസമില്ലായിരുന്നു!

1892 സപ്തെമ്പർ 30-നു അതായത് മുഹമ്മദീ ബേഗമിന്റെ നിക്കാഹ് കഴിഞ്ഞു 6 മാസം പൂർത്തിയാവുന്നതിന് മുമ്പ്-ആ പെൺകുട്ടിയുടെ പിതാവും, ആ വിവാഹത്തിന്റെ സർവ്വോത്തരവാദിയുമായ മിർസാ അഹ്മദ് ബേഗ് ഹൊശിയാർപൂർ ആസ്പത്രിയിൽവച്ചു വിഷപ്പനി (ടൈഫോയിഡ്) പിടിച്ചു മരിച്ചു!!

പ്രവചനം സത്യമായി പുലർന്നു! ശത്രുക്കളും മിത്രങ്ങളുമെല്ലാം അതേറ്റു പറഞ്ഞു. ആയിടയിൽ ഹദ്റത്ത് അഹ്മദിന്റെ ശത്രുനേതാവായി ചമഞ്ഞുകഴിഞ്ഞ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയും സമ്മതിച്ചു പറഞ്ഞു: "പ്രവചനം പുലർന്നു. പക്ഷേ, അത് ഇൽഹാം അനുസരിച്ചില്ല. ജ്യോത്സ്യം അനുസരിച്ചുള്ളതാണ്" "ഇശാഅത്തുസ്സുന്ന' 'താരീഖെ അഹ്മദിയ്യത്ത്' ഭാ-2 പേജ് 170)

അഹ്മദ് ബേഗിന്റെ മരണം ഹദ്റത്ത് അഹ്മദിന്റെ പിതൃസഹോദര കുടുംബത്തിൽ വീണ ഒരിടിത്തീ ആയിരുന്നു. അവർ ആഗ്രഹിച്ച ദൃഷ്ടാന്തം കണ്ടു. അവരിനി പരിഹസിക്കില്ല. കോപ്രായം കൊള്ളുകയില്ല. ഹദ്റത്ത് അഹ്മദ്(അ) പ്രവചിച്ചതിൻ പ്രകാരം അഹ്മദ് ബേഗിന്റെ

കഥ കഴിഞ്ഞു. പിതൃ സഹോദര കുടുംബത്തിന്റെ അഭിമാനസ്തംഭവും അവരുടെ പ്രതാപഗരിമയുടെ പ്രതീകവുമായിരുന്നു മിർസാ അഹ്മദ് ബേഗ്!

ഇനി സുൽത്താൻ മുഹമ്മദിന്റെ മുറ വരികയാണ് വൈവധ്യമാകുന്ന ശാപശിക്ഷ മുഹമ്മദീബേഗമിനെ തുറിച്ചു നോക്കുന്നു. ദൈവകോപത്തിന്റെ തീജ്ജ്വാല ഗൃഹഭിത്തികളെ കരിച്ചുതുടങ്ങി. ഹൃദയങ്ങളെല്ലാം നീറിപ്പുകയുകയായിരുന്നു. എങ്ങും അന്ധചകാരം, ഭയം, വിസ്മയ മൂകത!*

ശിക്ഷാവിധിയിൽനിന്നു രക്ഷപ്പെടാൻ ഇനിയൊരു മാർഗ്ഗവുമില്ലേ? അവർ ചിന്തിച്ചു തുടങ്ങുകയായി. പ്രവചനപ്രകാരം തന്നെ രക്ഷയ്ക്കുള്ള ഒരേ ഒരുപാധി പശ്ചാത്താപമായിരുന്നു. "പശ്ചാത്തപിക്കുക, പശ്ചാത്തപിക്കുക! ദൈവശിക്ഷ നീങ്ങിപ്പോകുന്നതിനു പശ്ചാത്തപിക്കുക." അവർ മടങ്ങുകയാണെങ്കിൽ ദൈവവും കാരുണ്യപൂർവ്വം മടങ്ങും എന്നു വിജ്ഞാപനത്തിൽതന്നെ പറഞ്ഞിട്ടുണ്ട്. (വിജ്ഞാപനം 20-2-1886)

ഇസ്ലാമിലെ ദൈവം പൊറുത്തുകൊടുക്കുന്നവനാണ്. പിന്നേയും പിന്നേയും പൊറുത്തുകൊടുക്കുന്നവൻ. നീതിയും കാരുണ്യവും അവൻ ഒപ്പം നടത്തുന്നു. ഖുർആൻ പറയുന്നു: "അല്ലയോ നബിയേ, പറയുക: തങ്ങളുടെ ആത്മാക്കളോടു ദ്രോഹം പ്രവർത്തിച്ചിട്ടുള്ള എന്റെ ദാസൻമാരെ, നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തെതൊട്ട് നിരാശരാകൊല്ലാ. അവൻ അങ്ങേയറ്റം പൊറുത്തുകൊടുക്കുന്നവനും പരമകാരുണികനും അത്രെ" (39:53)"അവർ പശ്ചാത്തപിക്കുന്നവരായിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കുന്നതല്ല" എന്നും ഖുർആൻ പ്രഖ്യാപിക്കുന്നു (8:33) ഹൃദയ പൂർവ്വം പശ്ചാത്തപിക്കുന്നവർക്ക് പൊറുത്തുകൊടുക്കുക ദൈവത്തിന്റെ സുന്നത്താണ്. അല്ലാഹുവിന്റെ സുന്നത്തിൽ മാറ്റമില്ല എന്നും ഖുർആൻ ഘോഷിക്കുന്നു.

അവർ ദയാനിധിയായ ദൈവത്തിലേക്കുതന്നെ തിരിഞ്ഞു. പകുതിയ്ക്കുവച്ചു അവർ മടങ്ങി. അപ്പോൾ പകുതിയ്ക്കു വച്ചു അല്ലാഹുവും മടങ്ങി! മുഹമ്മദീബേഗമും ഭർത്താവായ സുൽത്താന മുഹമ്മദും പ്രത്യേക നിലയിൽ ഭയപ്പെടുകയും പശ്ചാത്തപിക്കുകയും നിരന്തരമായ പ്രാർത്ഥനകളിൽ മുഴുകുകയും മഹത്തായ ഒരു പരിവർത്തനത്തിന് സന്നദ്ധരാകുകയും ചെയ്തു. വിപത്തുകൾ ഒഴിഞ്ഞുപോകുന്നതിനു അവർ ദാനധർമ്മങ്ങൾ നടത്തി. കുടുംബത്തിൽ പലരും ക്ഷമായാചനചെയ്തുകൊണ്ടും പ്രാർത്ഥനയ്ക്കപേക്ഷിച്ചും ഹദ്റത്ത് അഹ്മദി(അ)ന്ന് കത്തുകളയച്ചു!

*അഹ്മദ് ബേഗിന്റെ കുടുംബത്തിൽ അനുഭവപ്പെട്ട ഈ സ്ഥിതിവിശേഷത്തെപ്പറ്റി, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്കെതിരായി എഴുതപ്പെട്ട 'ഫീനിക്'സിന്റെ കുപ്രസിദ്ധമായ His Holinessഎന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു:

The fears of those over whom Mirza's prophecy hung like the sword of Democies were qulite natural (ഡമോക്ലസിന്റെ കഠാരംപോലെ മിർസായുടെ പ്രവചനം ആരുടെയെല്ലാം മീതെ തൂങ്ങിക്കിടന്നുവോ അവരുടെ ഭയപരവശതകൾ തികച്ചും സ്വാഭാവികമായിരുന്നു (His hollness p.122)

മിർസാ അഹ്മദ് ബേഗിന്റെ മരണത്തോടെ അദ്ദേഹത്തിന്റെ കുടുംബത്തിൽ ഭയവും പരിഭ്രാന്തിയും പശ്ചാത്താപവും നടമായിയിരുന്നുവെന്നതിലേക്ക് ഇതിൽപരം എന്തു തെളിവാണ് വേണ്ടത്?- ഗ്ര.

പശ്ചാത്താപവും ദാനധർമ്മങ്ങളും ആത്മസംസ്ക്കരണവും മുഖേന ശാപ ശിക്ഷകൾ ദൂരീകരിക്കപ്പെടുമെന്നതു ഖുർആൻ മുഖേനയും നബിമാരുടെ സുന്നത്തുകൾ മുഖേനയും തെളിഞ്ഞ കാര്യമാണല്ലോ. ദൈവം ഹൃദയ പൂർവ്വമായ അവരുടെ പ്രാർത്ഥനകൾ സ്വീകരിക്കുകയും അവരുടെനേരെ കനിയുകയും ചെയ്തു. തന്നിമിത്തം, സുൽത്താൻ മുഹമ്മദിന്റെ മരണവും മുഹമ്മദീബേഗമിന്റെ വൈധവ്യവുമാകുന്ന ശാപശിക്ഷകൾ നീങ്ങിപ്പോയി. സുൽത്താൻ മുഹമ്മദ് മരിച്ചാൽ വിധവയായിത്തീരുന്ന മുഹമ്മദീബേഗം തന്റെ ഭാര്യാപദത്തിൽ വന്നു അനുഗൃഹീതയാകുമെന്നത്രെ പ്രവചനം. സുൽത്താൻ മുഹമ്മദ് ധിക്കാരിയായി മരിച്ചില്ല. തന്നിമിത്തം വിധവയായ മുഹമ്മദീബേഗമിനെ നിക്കാഹ് ചെയ്യുമെന്ന പ്രവചനം പ്രത്യക്ഷത്തിൽ പൂർത്തിയാകേണ്ടതുണ്ടായിരുന്നില്ല.

മുഹമ്മദീബേഗമിന്റെ നിക്കാഹ് കഴിഞ്ഞു രണ്ടരക്കൊല്ലമായപ്പോൾ സുൽത്താൻ മുഹമ്മദ് മരിച്ചില്ലെന്ന് ശത്രുക്കൾ ആക്രോശിച്ചു! ദുഷ്പ്രചാരണം ശക്തിപ്പെട്ടപ്പോൾ ജയശാലിയായ ഒരു സേനാപതിയുടെ ഗാംഭീര്യത്തോടും ഭൂലോകം മുഴുവനും കയ്യിൽ ചുരുട്ടിപ്പിടിക്കുന്ന നിസ്സാരഭാവത്തോടും കൂടി ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിച്ചു.

"തീരുമാനം വളരെ എളുപ്പം! അഹ്മദ് ബേഗിന്റെ ജാമാതാവായ സുൽത്താൻ മുഹമ്മദിനോടു പറയുക, മാനസാന്തരപ്പെട്ടിട്ടുണ്ടെന്ന വസ്തുതയെ നിഷേധിച്ചുകൊണ്ടുള്ള ഒരു പരസ്യം പ്രസിദ്ധപ്പെടുത്താൻ! അതിന്നുശേഷം അല്ലാഹു നിശ്ചയിക്കുന്ന അവധിക്കുള്ളിൽ അയാളുടെ മരണം സംഭവിച്ചില്ലെങ്കിൽ ഞാൻ കള്ളവാദി! ഏതുവരെ അയാളെ നിർഭയനാക്കി നിർത്താൻ സാദ്ധ്യമല്ലയോ അതുവരെ ശിക്ഷാമരണം അയാളിൽനിന്നു അകന്നു നില്ക്കേണ്ടതു ആവശ്യമത്രെ. ആകയാൽ, അതു വേഗം കാണണമെന്നാഗ്രഹിക്കുന്നവർ ഒരുങ്ങിക്കൊൾവിൻ! അയാളെ നിർഭയനും നിഷേധിയും ആക്കിത്തീർക്കുവിൻ! ആയാളെക്കൊണ്ടു പരസ്യം പ്രസിദ്ധപ്പെടുത്തിച്ചു ദൈവത്തിന്റെ ശക്തിവിലാസം കണ്ടുകൊൾവിൻ"! (അഞ്ചാമെ ആഥം, ഭ.32.)

മിർസാ സുൽത്താൻ മുഹമ്മദ് ഇതിനു സന്നദ്ധനായില്ല. 12 കൊല്ലക്കാലം ഹദ്റത്ത് അഹ്മദ് പിന്നെയും ജീവിച്ചിരിക്കയും പലതവണ ഈ ആഹ്വാനം ആവർത്തിക്കുകയുമുണ്ടായെങ്കിലും മുഹമ്മദീബേഗമിന്റെ ഭർത്താവ് അപ്രകാരമൊരു നിഷേധപ്രസ്താവന പുറപ്പെടുവിക്കാൻ ധൈര്യപ്പെട്ടില്ല! ഇത്തരം ഒരു പ്രസ്താവന പുറപ്പെടുവിച്ചുകിട്ടാൻ ശത്രുക്കൾ കൊണ്ടുപിടിച്ചു ശ്രമിച്ചുകൊണ്ടിരുന്നു. പലതരം പ്രേരണകളും പ്രലോഭനങ്ങളും ഉണ്ടായെങ്കിലും ദൈവികശിക്ഷയുടെ ഉഗ്രരൂപം നോക്കിക്കണ്ട മീർസാ സുൽത്താൻ മുഹമ്മദിന്റെ നെഞ്ചിടിപ്പ് നിന്നില്ല!

ദൈവികപ്രവചനങ്ങളുടെ പുലർച്ച സംഭവങ്ങളുടെ യാദൃച്ഛികമായ ഒത്തുവരവല്ല; മറിച്ചു, ദൈവേച്ഛയനുസരിച്ചുള്ള ബോധപൂർവ്വമായ നീക്കങ്ങളാകുന്നു. സോപാധികപ്രവചനങ്ങളുടെ തത്വശാസ്ത്രം പഠിച്ചിട്ടുള്ളവർക്കതറിയാം. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ജാജ്ജ്വല്യമാന

മായ ഈ സോപാധിക പ്രവചനം തെളിയിച്ചു കാണിച്ചതും അതുതന്നെ യാണ്. നിഷേധ പ്രസ്താവന ശത്രു മുപ്പൻമാർ തയ്യാറാക്കിക്കൊടുക്കാ തിരുന്നില്ല. ന്യായപൂർത്തിയ്ക്കുവേണ്ടി മിർസാ സുൽത്താൻ മുഹമ്മദ് അതിലൊരു ഒപ്പു വെയ്ക്കുകയേ വേണ്ടിയിരുന്നുള്ളൂ! പന്ത്രണ്ടു കൊല്ല ക്കാലം നിരന്തരമായ ആഹ്വാനങ്ങൾ ഉണ്ടായിട്ടും എന്തുകൊണ്ട് അദ്ദേ ഹമതിനു തയ്യാറായില്ല? തയ്യാറായിരുന്നുവെങ്കിൽ, മിർസാ സുൽത്താൻ മുഹമ്മദ് ഒരു കൊല്ലത്തിനുള്ളിൽ ശാപഗ്രസ്തനായി മരിക്കുന്നതും മുഹ മ്മദീബേഗം ഹദ്റത്ത് മീർസാ ഗുലാം അഹ്മദുൽ ഖാദിയാനിയുടെ ധർമ്മ ദാരങ്ങളായി മാറുന്നതുമായ അത്ഭുതപ്രതിഭാസം ലോകത്തിനു കാണാ മായിരുന്നു. ലെലായെ മജ്നൂനിൽനിന്നും ശീരീനെ ഫർഹാദിൽ നിന്നും വേർപെടുത്തിക്കാണിക്കുന്ന ഒരു മഹാത്ഭുതം ലോകത്തിന്നു കാണാമാ യിരുന്നു. പക്ഷേ, പ്രഫസർ ഇല്യാസ് ബർനി വീരമുദ്ര നൽകുന്ന ആ പട്ടാളക്കാരന്റെ പേനത്തുമ്പ് ചലിച്ചില്ല!

മിർസാ സുൽത്താൻ മുഹമ്മദ് മറ്റൊരാളായി മാറിക്കഴിഞ്ഞിരുന്നു എന്നതാണ് പരമാർത്ഥം. ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ ജീവിത വിശുദ്ധിയാലും ആദ്ധ്യാത്മികചൈതന്യത്താലും പ്രഭാവിതരായിത്തീർന്ന അദ്ദേഹവും പത്നി മുഹമ്മദീബേഗവും എതിർനീക്കങ്ങളിലൊന്നും ഭാഗ ഭാക്കായില്ല. ഹദ്റത്ത് അഹ്മദിനെ പരമസാത്വികനും, പുണ്യവാളനും ഭക്തോത്തമനുമായിട്ടാണ് താൻ കരുതുന്നതെന്നു സുൽത്താൻ മുഹമ്മദ് ഏറ്റുപറഞ്ഞു* മാനസാന്തരം നിഷേധിച്ചു പ്രസ്താവന പുറപ്പെടുവിക്കാ നുള്ള ആഹ്വാനമുണ്ടായപ്പോൾ, പണ്ഡിറ്റ് ലേഖ്റാമിന്റെ മരണത്താലുള്ള വിരോധം നിമിത്തം ആര്യസമാജികളും റവ:അബ്ദുല്ലാ ആഥിമിന്റെ മര ണത്താലുള്ള വിദ്വേഷം കാരണം ക്രിസ്ത്യാനികളും തന്നെ സമീപിച്ചു മീർസാസാഹിബിനെതിരായി മാനനഷ്ടക്കേസ്സ് ഫയൽചെയ്യാനാവശ്യ പ്പെടുകയും ലക്ഷംലക്ഷം ഉറുപ്പിക വീതം തനിയ്ക്ക് തരാമെന്നു ഉറപ്പ് നൽകുകയും ചെയ്കയുണ്ടായെന്നും മിർസാ സുൽത്താൻ മുഹമ്മദ് പിന്നീ ടു വെളിപ്പെടുത്തുകയുണ്ടായി. എന്നാൽ, ഹദ്റത്ത് അഹ്മദുൽ ഖാദിയാ നിയിൽ തനിയ്ക്കുണ്ടായിത്തീർന്ന സുദൃഢമായ വിശ്വാസം കാരണം താൻ പ്രലോഭനങ്ങൾക്ക് വശംവദനാകാതിരിക്കുകയാണുണ്ടായതെന്നും മിർസാസാഹിബിൽ ഉറച്ച വിശ്വാസം തനിയ്ക്കുണ്ടെന്നും 'ബൈഅത്ത്'

* 1913 മാർച്ച് 20-ാം തിയ്യതി അമ്പാലയിൽ നിന്ന് മിർസാ സുൽത്താൻ മുഹമ്മദ് തന്റെ ഒരു സുഹൃത്തിന്നയച്ച കത്തിൽ ഇപ്രകാരം പറഞ്ഞിരുന്നു: "പ്രിയ സഹോദരാ, അസ്സ ലാമു അലൈക്കും! നിങ്ങൾ എഴുതിയ കത്ത് കിട്ടി. എന്നെ ഓർമ്മിച്ചതിന്നു നന്ദി. ഞാൻ ജനാബ് മിർസാ സാഹിബിനെ സാത്വികനും പുണ്യവാളനും ഇസ്ലാമിന്റെ ശുശ്രൂഷകനും വന്ദ്യാത്മാവും ഭക്തോത്തമനും ആണെന്നു മുമ്പും ഇപ്പോഴും കരുതുന്നവനാണ്. എനിക്ക് അദ്ദേഹത്തിന്റെ ശിഷ്യജനങ്ങളോടു യാതൊരു വിരോധവുമില്ല. മറിച്ചു, ചില കാരണങ്ങ ളാൽ അദ്ദേഹത്തിന്റെ ജീവകാലത്ത് അദ്ദേഹത്തെ കാണാനുള്ള ഭാഗ്യം സിദ്ധിക്കാതെ പോയതിൽ വ്യസനിക്കുന്നവനാണ്-വിനീതൻ, സുൽത്താൻ മുഹമ്മദ്, അമ്പാലക ണ്ടോൺമെന്റ്"(ഈ കത്തിന്റെ ഫോട്ടോസ്റ്റാറ്റ് അഹ്മദിയ്യാ പത്രങ്ങളിലും പ്രസിദ്ധീകര ണങ്ങളിലും നിരവധി തവണ പ്രത്യക്ഷപ്പെട്ടിട്ടുള്ളതാണ്.

ചെയ്യാത്തതു മറ്റു ചില കാരണങ്ങളാലാണെന്നും അദ്ദേഹം വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.*

മിർസാ സുൽത്താൻ മുഹമ്മദിന്റെ നില ഇതായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ പത്നി മുഹമ്മദീബേഗമിന്റെ സ്ഥിതി മറിച്ചായിരുന്നില്ല. ആ സ്ത്രീ നിരന്തരം പ്രാർത്ഥനകൾ നടത്തിക്കൊണ്ടിരിക്കുകയും ആപത്തിനിടയാക്കുന്ന ഒരനക്കവും വാക്കും ഭർത്താവിൽ നിന്നുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്തുപോന്നു. പേടിച്ചു പേടിച്ചു കഴിഞ്ഞ ആ ഭക്തവനിത സ്വഭർത്താവിനെയും ഭക്തിമാർഗ്ഗത്തിലേക്കു നയിച്ചു. ഏതു പരിതസ്ഥിതിയിലും ആ ദാമ്പത്യബന്ധം ആശ്വാസപൂർണ്ണമായിരുന്നില്ലെന്നതാണ് ചരിത്ര വസ്തുതത. എന്തെന്നാൽ, കുടുംബത്തിൽ അതോടുകൂടി വിപ

*മിർസാ സുൽത്താൻ മുഹമ്മദിന്റെ ഒരു സ്നേഹിതനും മൊറീഷ്യസിലെ അഹ്മദിയ്യാ ചരിത്ര വസ്തുതത. എന്തെന്നാൽ, കുടുംബത്തിൽ അതോടുകൂടി വിപമുബല്ലിഗുമായിരുന്ന മൗലാനാ ഹാഫിസ് ജമാൽ മുഹമ്മദ് സാഹിബ് 1921 ൽ മിർസാ സുൽത്താൻ മുഹമ്മദിനെ സന്ദർശിച്ചു സംഭാഷണം നടത്തിയപ്പോഴാണ് ഈ സംഗതി വെളിപ്പെടുത്തിയത്. 1921 ജൂൺ 9,13 തിയ്യതികളിലെ 'അൽഫസൽ' പത്രത്തിൽ പ്രസ്തുത സംഭാഷണം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിവിടെ ഉദ്ധരിക്കട്ടെ:

ചോ:ഹദ്റത്ത് മിർസാനാഹിബിന്റെ പ്രവചനത്തിൽ താങ്കൾക്ക് വല്ല ആക്ഷേപവും ഉണ്ടോ? പ്രസ്തുത വചനം വല്ല സംശയത്തിനും കാരണമായി ഭവിച്ചിട്ടുണ്ടോ?

ഉ: പ്രവചനം എന്നെ സംബന്ധിച്ചിടത്തോളം യാതൊരു സംശയത്തിനും കാരണമായിരുന്നില്ല.

ചോ: അദ്ദേഹത്തിന്റെ വാദത്തിൽ ആക്ഷേപമുള്ളതുകൊണ്ടാണോ താങ്കൾ ബൈഅത്ത് ചെയ്യാതെ ഒഴിഞ്ഞു നിൽക്കുന്നത്?

ഉ:എനിയ്ക്ക് അദ്ദേഹത്തിന്റേനേരെ യാതൊരു തരത്തിലുള്ള ആക്ഷേപവും ഇല്ല. (ഇതിനദ്ദേഹം ദൈവത്തെ സാക്ഷിയാക്കി സത്യം ചെയ്തു)

ചോ: യാതൊരു ആക്ഷേപവും ഇല്ലെങ്കിൽ പിന്നെ ബൈഅത്ത് ചെയ്യാതിരിക്കാൻ കാരണമെന്താണ്?

ഉ:അതിനുള്ള കാരണങ്ങൾ മറ്റു ചിലതാണ്. അതിപ്പോൾ വിവരിക്കുന്നത് ഉചിതമല്ല. ഖാദിയാനിൽ ഒരു ദിവസം പോകണമെന്നു എനിക്കു വലിയ ആഗ്രഹമുണ്ട്. ഹദ്റത്ത് മിയാൻ സാഹിബിനെ (മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് -റ) കാണാൻ ആശിക്കുകയാണ്. അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു എല്ലാ സ്ഥിതികളും വിവരിക്കേണമെന്നു ഉദ്ദേശമുണ്ട്. പിന്നീടു അതു പ്രസിദ്ധീകരിച്ചാലും എനിയ്ക്ക് വിരോധമില്ല. എന്നാൽ വെടികൊണ്ടശേഷം ഊന്നുവടികളില്ലാതെ നടക്കാൻ വയ്യാതിരിക്കുന്നു. അതു കൊണ്ടു പോകാൻ കഴിയുന്നില്ല. ഈ അവശനിലയിൽ ഞാൻ എങ്ങോട്ടുപോകാനാണ്! പിന്നെ ബൈഅത്തിന്റെ കാര്യം. ഞാൻ സത്യം ചെയ്തു പറയുന്നു: എനിയ്ക്കു മിർസാ സാഹിബിൽ ഉള്ളത്ര വിശ്വാസം ബൈഅത്ത് ചെയ്ത താങ്കൾക്കുപോലും ഇല്ലെന്നാണ് ഞാൻ കരുതുന്നത്. എന്റെ ഹൃദയത്തിന്റെ നില താങ്കൾക്ക് ഇതിൽ നിന്നു ഗ്രഹിക്കാം. ഈ പ്രവചന കാലത്ത് ആര്യസമാജികൾ പണ്ഡിറ്റ് ലേഖ്റാമിന്റെ മരണം കാരണമായും ക്രിസ്ത്യാനികൾ റവ:ആഥിമിന്റെ മരണം കാരണമായും ഉള്ള വിരോധത്താൽ മിർസാസാഹിബിനെതിരായി മാനനഷ്ടക്കേസ്സ് കൊടുക്കാനാവശ്യപ്പെട്ടുകൊണ്ട് എനിക്കു ലക്ഷം ലക്ഷം ഉറുപ്പിക തരാമെന്നു ഉറപ്പ് നൽകുകയുണ്ടായിട്ടുണ്ട്. അതു വാങ്ങാൻ ഞാൻ ഒരുങ്ങിയിരുന്നുവെങ്കിൽ ഇന്നെനിക്ക് ഒരു ലക്ഷപ്രഭുവായി കഴിയാമായിരുന്നു. എന്നാൽ, അതിൽ നിന്നു ഞാൻ ഒഴിഞ്ഞു മാറിയതു ഈ വിശ്വാസം കാരണമായി തന്നെയാണ്.

(പ്രഫസർ ഇല്യാസ് ബർനിയുടെ 'ഖാദിയാനി മദ്ഹബ്' എന്ന പുസ്തകത്തിനു മറുപടിയായി സയ്യിദ് ബിശാറത്ത് അഹ്മദ് സാഹിബ് എഴുതിയ 'തസ്ദീഖെ അഹ്മദിയ്യത്ത്' നോക്കുക, ഭാ,200– 201).

ത്തുകളുടെ വിളയാട്ടമാണുണ്ടായത്. പിതാവിന്റെ മരണംതന്നെ മുഹമ്മദീബേഗമിന്റെ ജീവിതത്തെ ഉലച്ചുകളഞ്ഞിരുന്നു. ഭർത്താവ് സുൽത്താൻ മുഹമ്മദ്, ലോകമഹായുദ്ധം ആരംഭിച്ചതോടെ 1914 ഡിസംബറിൽ യൂറോപ്പിലേക്കുപോയി. ഫ്രാൻസിൽവച്ചു വെടിയേറ്റു സാരമായ പരിക്കുപറ്റി. അതോടെ പക്ഷപാതം പിടിപ്പെട്ടു കാലുകൾ നഷ്ടപ്പെട്ട നിലയിൽ ഊന്നുവടികളോടെയാണ് പിന്നീട് കഴിയേണ്ടിവന്നത്. ഭർത്താവിനു വെടിയേറ്റ ദു:ഖപൂർണ്ണമായ വിവരം കിട്ടിയപ്പോൾ മുഹമ്മദീബേഗം പരിഭ്രാന്തയായി. അവർ പ്രാർത്ഥനകളിൽ മുഴുകി. ഒരു രാത്രി അവർ ഹദ്റത്ത് മിർസാ സാഹിബിനെ സ്വപ്നം കാണുകയുണ്ടായി. സ്വപ്നത്തിൽ അദ്ദേഹം ഒരു കോപ്പ പാൽ വച്ചുനീട്ടിക്കൊണ്ട് ഇപ്രകാരം പറഞ്ഞുവത്രെ: 'മുഹമ്മദീ ബേഗം, ഇതാ ഈ പാൽ കുടിക്കുക. നിന്റെ ശിരസാട രക്ഷയിലാണ്. വിചാരപ്പെടേണ്ട!' തന്റെ ഭർത്താവ് സുഖത്തിൽ തന്നെയാണെന്നു പ്രസ്തുത സ്വപ്നം വഴി തനിക്ക് ആശ്വാസം ലഭിച്ചു എന്ന് മുഹമ്മദീ ബേഗം പ്രസ്താവിക്കയുണ്ടായി. (തസ്ദീഖെ അഹ്മദിയ്യത്ത്, ഭാ, 202)

തന്റെ പിതൃകുടുംബത്തിൽ ഒരു ദൃഷ്ടാന്തം വെളിപ്പെടുത്തുകയായിരുന്നു പ്രവചനത്തിന്റെ ഉദ്ദേശ്യം. കുടുംബത്തിൽ മഹത്തായ പരിവർത്തനമുണ്ടായി. ധിക്കാരികൾ മരിച്ചൊടുങ്ങി. മിർസാ അഹ്മദ് ബേഗ് മരിച്ചു. മിർസാ ഇമാമുദ്ദീനും മിർസാ നിസാമുദ്ദീനും എളിമയോടെ മരണപ്പെട്ടു. മിർസാ നിസാമുദ്ദീൻ ധനസഹായാർത്ഥം ഹദ്റത്ത് അഹ്മദിനോടു കെഞ്ചിയപേക്ഷിക്കേണ്ടിവന്നു. അവരുടെ വീട്ടിൽ വിധവമാർ പെരുകി. നിറഞ്ഞ കുടുംബം ശൂന്യമായി ഭവിച്ചു. ആ കുടുംബത്തിൽ ആണായിട്ടു ഒരൊറ്റ കുഞ്ഞുമാത്രം ബാക്കിയായി. ആ കുട്ടിയും യുവാവായ ശേഷം ഹദ്റത്ത് മിർസാസാഹിബിന്റെ ഭക്തശിഷ്യനായിത്തീരുകയാണുണ്ടായത്? ബാക്കിയായവർ പ്രവചനപ്രകാരം പശ്ചാത്തപപിച്ചു പിൻമടങ്ങി! കുടുംബത്തലവനായ മഹ്മൂദ് ബേഗ്, അഹ്മദ് ബേഗിന്റെ ഭാര്യ ഉമറുന്നിസാഅ്, മകൻ മുഹമ്മദ് ബേഗ്, പുത്രിമാരായ സർദാർ ബേഗം, ഇനായത്ത് ബേഗം, മഹ്മൂദ് ബേഗം (മുഹമ്മദീ ബേഗമിന്റെ അനുജത്തിമാർ), അഹ്മദ് ബേഗിന്റെ മറ്റൊരു ജാമാതാവായ അഹ്സൻബേഗ്, മുഹമ്മദീ ബേഗമിന്റെ മകൻ ഇസ്ഹാഖ് ബേഗ്, അഹ്മദ് ബേഗിന്റെ മറ്റൊരു പൗത്രനായ മഹ്മൂദ് ബേഗ്, മിർസാ ഇമാമുദ്ദീന്റെ മകൾ, മിർസാ നിസാമുദ്ദീന്റെ മകൻ ഗുൽമുഹമ്മദ് ഇവരെല്ലാം ബൈഅത്ത് ചെയ്ത് അഹ്മദിയ്യാജമാഅത്തിൽ പ്രവേശിക്കുകയും ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ ഭക്ത ശിഷ്യരായി മാറുകയും ചെയ്തു. പിതൃകുടുംബത്തിൽ ഹദ്റത്ത് അഹ്മദിന്റെ വിരോധികളായി ആരും ശേഷിക്കാതായി!

മുഹമ്മദീബേഗമിന്റെ മകൻ മിർസാ മുഹമ്മദ് ഇസ്ഹാഖ് ബേഗ് 'അൽഫസൽ' പത്രത്തിൽ എഴുതിയ പ്രസ്താവനയിൽ തന്റെ മാതാമഹന്റെ കാര്യത്തിലും പിതാവിന്റെ കാര്യത്തിലും വാഗ്ദത്ത മസീഹ് പുറപ്പെടുവിച്ച പ്രവചനം അത്യൽഭുതകരമായി പുലർന്നിട്ടുണ്ടെന്നും പ്രവചനമനുസരിച്ച് കുടുംബത്തിൽ മഹത്തായ പരിവർത്തനങ്ങളുണ്ടായെന്നും

ശക്തിയുക്തം പ്രഖ്യാപിച്ചു. (അൽഫസൽ, 26-2- 32). ഇവരുടെയെല്ലാം പക്കൽ പ്രവചനം അത്ഭുതകരമായ തരത്തിൽ പൂർത്തിയായിരിക്കുന്നു. ഇവർക്കൊന്നും പ്രവചനത്തെക്കുറിച്ചോ പ്രവാചകനെകുറിച്ചോ യാതൊരാക്ഷേപവുമില്ല!

പക്ഷേ കുരുടൻമാരായ, ഭാഗ്യംകെട്ട ഒരു കൂട്ടം മുല്ലമാരും കുട്ടാളികളും പ്രവചനം പുലർന്നില്ലെന്നു പുലമ്പുകയാണ്! (ഒരാൾ മരിക്കും. കുറേ പട്ടികൾ ശേഷിക്കും) എന്നാണ് പ്രവചനം. അഹ്മദ്ബേഗ് മരിച്ചു. ശേഷിച്ച കുറേ പട്ടികൾ കിടന്നു കുരക്കുകയാണ്!

28-കൈസറെ വെല്ലുന്നു!

വർദ്ധമാനമായ അച്ചടി ആവശ്യങ്ങൾ പരിഗണിച്ചു ഖാദിയാനിൽ ഒരു പ്രസ്സ് സ്ഥാപിക്കേണ്ട കാര്യം 1892 ഡിസംബറിൽ ചേർന്ന രണ്ടാം സമ്മേളനത്തിന്റെ ആലോചനയ്ക്ക് വിഷയമായി. അഞ്ഞൂറുപേർ പങ്കെടുത്ത പ്രസ്തുത സമ്മേളനത്തിൽ വച്ചു തൊണ്ണൂറ്റിരണ്ടുപേർ പ്രസ്സ് ഫണ്ടിലേയ്ക്കു സംഭാവനകൾ നൽകി. രണ്ടു മാസങ്ങൾക്കകം തന്നെ അമൃതസറിലെ 'റിയാസെ ഹിന്ദ് പ്രസ്സി'ന്റെ ഉടമസ്ഥനായ ശേഖ് നൂർ അഹ്മദ് സാഹിബ് ഹദ്റത്ത് അഹ്മദിന്റെ നിർദ്ദേശപ്രകാരം തന്റെ പ്രസ്സ് ഖാദിയാനിൽ കൊണ്ടുവന്നു സ്ഥാപിച്ചു. സംഭവം ഖാദിയാന്റെ വികാസചരിത്രത്തിൽ ഒരു സുപ്രധാനമായ നാഴികക്കല്ലായിവേണം പരിഗണിക്കാൻ.

ഇസ്ലാംമതത്തെ ലോകത്തെങ്ങും പ്രചരിപ്പിക്കാനും വിജയിപ്പിക്കാനുമുള്ള അഭിവാഞ്ഛ ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ ഹൃദയത്തിൽ അലതല്ലിക്കൊണ്ടിരിക്കുകയായിരുന്നു. തന്റെ ആഗ്രഹങ്ങളെ സഫലീകരിക്കാനുള്ള പല പദ്ധതികളും അദ്ദേഹം ആസൂത്രണം ചെയ്തുകൊണ്ടിരുന്നു. ഇസ്ലാം മതതത്ത്വങ്ങളെ പ്രകാശിപ്പിക്കുന്ന ഒരു മഹൽഗ്രന്ഥം രചിച്ചു യൂറോപ്പിലും അമേരിക്കയിലും വിപുലമായി വിതരണം ചെയ്യാനും ഖാദിയാനിൽനിന്നു ഒരു പത്രം പുറപ്പെടീക്കാനും, മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹിയെ ഒരു മുബല്ലിഗായി നിശ്ചയിക്കാനും അദ്ദേഹം ഇന്ത്യയിലങ്ങോളമിങ്ങോളം പര്യടനം നടത്താനും മറ്റും രണ്ടാം സമ്മേളനത്തിൽ വച്ചു തീരുമാനിക്കുകയുണ്ടായി. എല്ലാ കൊല്ലവും സമ്മേളനം നടത്താനും തീർച്ചപ്പെടുത്തി. ഇസ്ലാംമതത്തെ പ്രചരിപ്പിക്കുക, യൂറോപ്പിലും അമേരിക്കയിലുമുള്ള നവമുസ്ലിംകളുടെ ക്ഷേമാഭിവൃദ്ധികളെ കുറിച്ചാലോചിക്കുക, സാത്വികതയും സദാചാരവും ലോകത്ത് ശക്തിപ്പെടുത്താൻ ശ്രമിക്കുക, തിൻമകളെയും അനാചാരങ്ങളെയും നിർമ്മൂലനം ചെയ്യാൻ യത്നിക്കുക തുടങ്ങിയവയായിരുന്നു സമ്മേളനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളായി പ്രഖ്യാപിക്കപ്പെട്ടിരുന്നത്.

1892 അവസാനത്തിൽ ഹദ്റത്ത് അഹ്മദ് (അ) എഴുതി പൂർത്തിയാക്കിയ 'ആയിനയെ കമാലാത്തെ ഇസ്ലാം' (ഇസ്ലാം മതമഹിമാദർപ്പണം) എന്ന പുസ്തകമാണ് ഖാദിയാനിലെ പ്രസ്സിൽ നിന്നു ആദ്യമായി അച്ചടിച്ചു പുറത്തിറക്കിയത്. ഇസ്ലാമിക വിശ്വാസങ്ങളുടെ താത്വികാടി

സ്ഥാനത്തെപറ്റി ഈ ഗ്രന്ഥത്തിൽ സാമാന്യം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മലക്കുകൾ, ദിവ്യവെളിപാടുകൾ, സ്വർഗ്ഗനരകങ്ങൾ തുടങ്ങിയവയെ കുറിച്ചുള്ള ഇസ്‌ലാമിക പാഠങ്ങളിലേക്ക് വേണ്ടത്ര വെളിച്ചം വീശുന്ന ഈ ഗ്രന്ഥത്തിൽ മനുഷ്യന്റെ ആത്മീയ ജീവിതത്തിലെ അത്ഭുതസിദ്ധികളെക്കുറിച്ചും പരിവർത്തന ഘട്ടങ്ങളെകുറിച്ചും ദൈവസാമീപ്യ സംപ്രാപ്തിക്കായുള്ള മാർഗ്ഗങ്ങളെകുറിച്ചും വിവരിച്ചിട്ടുണ്ട്. ഇസ്ലാംമത തത്വങ്ങളെപറ്റി ഹദ്റത്ത് അഹ്മദുൽഖാദിയാനി (അ) എഴുതിയിട്ടുള്ള വിശിഷ്ട ഗ്രന്ഥങ്ങളിൽ അദ്വിതീയമാണിതെന്നതു പ്രസ്താവ്യമത്രെ.

'ആയിനയെ കമാലാത്തെ ഇസ്‌ലാം' എന്ന തന്റെ ഗ്രന്ഥം ഒരു അത്ഭുത ദൃഷ്ടാന്തമാണെന്നു ഹദ്റത്ത് അഹ്മദ് (അ) അവകാശപ്പെട്ടിട്ടുണ്ട്. ഈ ഗ്രന്ഥം എഴുതിത്തീരുന്നതിനിടയിൽ രണ്ടു തവണ തനിയ്ക്ക് ജാഗ്രദ്ദർശനത്തിൽ ഹദ്റത്ത് റസൂൽകരീം (സ) തിരുമേനിയുടെ അഭിമുഖദർശനമുണ്ടായെന്നും മറ്റൊരിക്കൽ ഇതൊരനുഗൃഹീതഗ്രന്ഥമാണെന്ന് ഒരു മലക്ക് വിളിച്ചു പറയുന്നതായി കണ്ടുവെന്നും അലയടിച്ചുയരുന്ന ആധുനിക ഭൗതിക വിജ്ഞാനത്തിന്റെ അപകടസാദ്ധ്യതകളിൽനിന്നു മുസ്‌ലിം തലമുറകളെ രക്ഷിയ്ക്കാൻ ഈ ഗ്രന്ഥത്തിലടങ്ങിയ തത്വജ്ഞാനങ്ങൾ സഹായകമാണെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

ഈ ഗ്രന്ഥത്തിൽ 'അത്തബ്‌ലീഗ്' എന്ന പേരിൽ ഒരു അറബി ലിഖിതം ഹദ്റത്ത് അഹ്മദ് എഴുതിച്ചേർത്തിട്ടുണ്ട്. ഇന്ത്യയിലേയും അറേബ്യ, ഇറാൻ, മിസ്ർ, തുർക്കിസ്താൻ തുടങ്ങിയ രാജ്യങ്ങളിലെയും മതപണ്ഡിതൻമാരെയും സൂഫിവര്യൻമാരെയും സ്ഥാനികളെയും മറ്റും സംബോധന ചെയ്തുകൊണ്ടുള്ള ഈ സന്ദേശം ആദ്യത്തിൽ ഉർദുവിലെഴുതുവാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും തനിയ്ക്കുണ്ടായ ചില 'ഇൽഹാമു'കളെ അടിസ്ഥാനമാക്കി അറബിയിൽ രചിയ്ക്കാൻ തീർച്ചപ്പെടുത്തുകയാണുണ്ടായത്. ഈ അറബി കൃതിയുടെ സാഹിത്യപരമായ മേൻമ തദാസ്വാദകരുടെ മനം കവർന്നിരുന്നു. ട്രാബിസിലെ ഒരു പ്രസിദ്ധ മതപണ്ഡിതനായിരുന്ന അസ്സയ്യിദ് മുഹമ്മദ് സഈദ് സാഹിബ് ഈ അറബി നിബന്ധത്തിലടങ്ങിയ ചമൽക്കാരചാതുരിയിൽ ആകൃഷ്ടനായിത്തീരുകയും ഹദ്റത്ത് അഹ്മദിന്റെ ശിഷ്യത്വം വരിക്കുകയും ചെയ്തു. തന്റെ അറബി ലിഖിതങ്ങളെല്ലാം ഒരു പ്രകാരത്തിൽ ദൈവശ്വാസിതങ്ങളാണെന്നും എന്തെന്നാൽ അവയെല്ലാം ദൈവത്തിന്റെ പ്രത്യേകമായ സഹായാനുഗ്രഹങ്ങളാൽ എഴുതപ്പെട്ടവയാണെന്നും ആ മഹാത്മാവ് പറയുകയുണ്ടായിട്ടുണ്ട്. ചിലപ്പോൾ ചില പദങ്ങളും വാചകങ്ങൾതന്നെയും അവയുടെ അർത്ഥം തനിയ്ക്കറിഞ്ഞുകൂടാത്ത നിലയിൽതന്നെ തന്റെ തൂലികയിലൂടെ നിർഗ്ഗളിക്കാറുണ്ടെന്നും എഴുതിക്കഴിഞ്ഞ ശേഷം നിഘണ്ടുക്കൾ നോക്കി അവയുടെ അർത്ഥം ഗ്രഹിക്കാറാണ് പതിവെന്നും അത്ഭുതാവഹമായ ഔചിത്യത്തോടു കൂടിയാണോ പദങ്ങൾ പ്രയോഗിക്കപ്പെട്ടിട്ടുള്ളതെന്ന് പിന്നീട് തനിയ്ക്ക് ബോദ്ധ്യപ്പെട്ടിരുന്നുവെന്നും ഹദ്റത്ത് അഹ്മദ് (അ) പ്രസ്താവിച്ചിരിക്കുന്നു. ഈ കൃതികളുടെയും

വിക്ടോറിയ മഹാറാണി

നിബന്ധങ്ങളുടെയും അത്യാകർഷകമായ ശൈലീഭംഗിയും ആശയഗാംഭീര്യവും കണ്ടമ്പരന്ന പലരും അവ അദ്ദേഹം സ്വന്തത്തിൽ വിരചിച്ചതാണെന്നു വിശ്വസിക്കാൻ കൂട്ടാക്കിയിരുന്നില്ല. അഗാധപണ്ഡിതൻമാരായ അറബിവിദ്വാൻമാരുടെ ഒരു ഗുപ്തഗണം അദ്ദേഹത്തെ സഹായിച്ചുകൊണ്ടിരുന്നുവെന്നു ശത്രുക്കൾ പറഞ്ഞു പരത്തിയിരുന്നു. ഈ സന്ദേശത്തിന്റെ ഒടുവിൽ ചേർത്തിരുന്ന നബികീർത്തനമടങ്ങിയ അറബിക വിത വായിച്ചപ്പോൾ ഹദ്റത്ത് മൗലാനാ സയ്യിദ് സഈദ്ശാമി പൊട്ടിക്കരഞ്ഞുപോയി.

ബ്രിട്ടീഷ് സാമ്രാജ്യ നായികയായിരുന്ന വിക്ടോറിയാ ചക്രവർത്തിനിയെ ഇസ്ലാമിലേക്കു ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി മഹാറാണിയ്ക്കെഴുതിയ ഒരു അറബികത്തും 'ആയിനയെ കമാലാത്തെ ഇസ്ലാ'മിൽ ചേർത്തിട്ടുണ്ട്. ഇസ്ലാമിന്റെ സത്യത്തിലേയ്ക്കു അത്ഭുതടയാളം കാണാൻ ചക്രവർത്തിനി ആഗ്രഹിക്കുന്നപക്ഷം താനതു കാണിച്ചുതരാൻ തയ്യാറാണെന്നു അതിൽ പ്രസ്താവിച്ചിരിക്കുന്നു. വിക്ടോറിയ മഹാറാണിയെ സംബോധന ചെയ്തുകൊണ്ടു ആ യുഗപുരുഷൻ ഇപ്രകാരം എഴുതി:

"കൃപാനിധിയും മഹാമതിയും ഗുണവതിയുമായ മഹാറാണീ! മഹത്തായ പ്രതിഭാസമ്പന്നതയുടെയും അറിവിന്റെയും ഉൾക്കാഴ്ചയുടെയും ഉടമസ്ഥയായ ഭവതിയ്ക്ക് ഇസ്ലാംമതത്തെപ്പറ്റിയുള്ള അറിവില്ലെന്നും രാജ്യകാര്യങ്ങൾ ഏതു ദൃഷ്ടികളോടെ വീക്ഷിക്കുന്നുവോ അപ്രകാരം ഇസ്ലാമിനെകുറിച്ചു പഠിച്ചറിയാൻ ഭവതി ശ്രമിക്കാറില്ലെന്നുമുള്ളതിൽ ഞാൻ വിസ്മയപ്പെടുകയാണ്. രാത്രിയിലെ ഘോരാന്ധകാരത്തിൽ കാഴ്ച അസാദ്ധ്യം തന്നെ; എന്നാൽ ഇപ്പോൾ സൂര്യൻ പ്രകാശിച്ചുകൊണ്ടിരിക്കുകയാണ്. തെളിഞ്ഞ പകൽവെളിച്ചത്തിലും കാഴ്ചയില്ലാതാവാൻ ഭവതിയ്ക്കു എന്തുപറ്റി? അല്ലയോ പ്രതാപശാലിനി! (ദൈവം ഭവതിയെ സഹായിക്കട്ടെ) അറിഞ്ഞുകൊണ്ടാലും. ഇസ്ലാം എല്ലാ പ്രകാശങ്ങളുടെയും കേന്ദ്രമാകുന്നു; എല്ലാ പ്രവാഹങ്ങളുടെയും പ്രഭവസ്ഥാനമാകുന്നു. എല്ലാ ആത്മീയഫലസിദ്ധികളുടെയും വിളനിലമാകുന്നു... എന്റെ ദൈവം അവന്റെ ദാസരെ വിളിച്ചുകൂട്ടുന്നതിനായിട്ടു എന്നെ നിയോഗിച്ചയച്ചിരിക്കുകയാണ്. അവന്റെ മതത്തിലേയ്ക്ക് ജനങ്ങളെ ക്ഷണിക്കുന്നതിന്നുവേണ്ടി അവൻ എനിക്കു വ്യക്തമായ അത്ഭുതലക്ഷ്യങ്ങൾ നൽകിയിരിക്കുന്നു. അതിനാൽ എന്നെ കൈക്കൊള്ളുന്നവർക്കു ശുഭവാർത്തകളറിയിച്ചു കൊള്ളട്ടെ... അല്ലയോ സൽഗുണസമ്പന്നയായ മഹാറാണീ! ദൈവം ഭൗതികമായ അനുഗ്രഹോപഹാരങ്ങൾ ഭവതിയിൽ കോരിച്ചൊരിഞ്ഞിരിക്കുകയാണല്ലോ. ഇനി മറുലോകത്തെ സൗഭാഗ്യങ്ങൾക്കായിട്ടുകൂടി കാംക്ഷിച്ചുകൊണ്ടാലും! മാനസാന്തരപ്പെടുവിൻ! ഒരു പുത്രനെയും സ്വന്തമാക്കീട്ടില്ലാത്തവനും ഒരു കൂട്ടുകാരനെയും സ്വീകരിച്ചിട്ടില്ലാത്തവനുമായ ആ ഏകദൈവത്തിനുമാത്രം കീഴ്വണങ്ങുകയും അവനെ മാത്രം അധികമധികം സ്തുതിച്ചുകൊണ്ടിരിക്കുകയും ചെയ്വിൻ! ആ സത്യദൈ

വത്തിന്നു പകരം, ഒന്നിനെയും സൃഷ്ടിക്കാൻ കഴിവില്ലാത്ത കൃത്രിമ ദൈവങ്ങളെ ഭവതി സ്വീകരിക്കുന്നുവോ? ഇസ്ലാമിനെ സംബന്ധിച്ചു ഭവതിയ്ക്കു വല്ല സംശയങ്ങളുമുണ്ടെങ്കിൽ അതിന്റെ സത്യത്തിലേയ്ക്കുള്ള അത്ഭുതാടയാളങ്ങൾ കാണിക്കാൻ ഞാനിതാ സന്നദ്ധനാണ്! എന്റെ എല്ലാ അവസ്ഥകളിലും ദൈവം എന്നോടൊപ്പമാകുന്നു. ഞാൻ പ്രാർത്ഥിക്കുമ്പോൾ ദൈവം എന്റെ പ്രാർത്ഥനകൾ സ്വീകരിക്കുന്നു. ഞാൻ വിളിക്കുമ്പോൾ അവൻ എനിക്കുത്തരം നൽകുന്നു. ഞാൻ സഹായത്തിനർത്ഥിക്കുമ്പോൾ അവൻ എനിക്കു സഹായമെത്തിക്കുന്നു. ഞാൻ എവിടെയായാലും ദൈവമെന്നെ സഹായിക്കുമെന്നും എന്നെ അവൻ ഒരിക്കലും കൈവിട്ടുകളയുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു. എന്റെ ദിവ്യ ദൃഷ്ടാന്തങ്ങളും എന്റെ സത്യത്തിലേയ്ക്കുള്ള അടയാളങ്ങളും കാണുവാൻ, പുനരുത്ഥാനനാളിനെക്കുറിച്ചുള്ള ഭയത്തെ മുൻനിർത്തി ഭവതി ഒന്നല്പം ശ്രമപ്പെടുമോ? അല്ലയോ ചക്രവർത്തിനീ, പശ്ചാത്തപിക്കുക! പശ്ചാത്തപിക്കുക! എന്നെ ചൊവികൊൾക! എന്നെ ചെവികൊൾക! ദൈവം ഭവതിയെ അനുഗ്രഹിക്കും. ദൈവത്തിന്റെ കാരുണ്യകടാക്ഷത്തിന്നു പാത്രീഭൂതരായവരുടെ പ്രത്യേകഗണത്തിൽ ഭവതിയും ഉൾപ്പെടുമാറാകും.... ആ പരീക്ഷണത്തിൽ ഈയുള്ളവൻ കള്ളവാദിയാണെന്നു തെളിയുന്നപക്ഷം ഞാൻ വധിക്കപ്പെടുകയോ ക്രൂശിക്കപ്പെടുകയോ എന്റെ കൈകാലുകൾ ഛേദിക്കപ്പെടുകയോ ചെയ്യുന്നതു എനിക്കു സമ്മതമായിരിക്കുമെന്നും, അപ്പോൾ എന്നെ കൊത്തിത്തറിച്ചവരാരായിരുന്നാലും അവർ ചെയ്തു ശരിയായിരിക്കുമെന്നും ആ സകലേശ്വരനെ സാക്ഷിനിർത്തിക്കൊണ്ടു ഞാനിതാ പ്രഖ്യാപിച്ചു കൊള്ളുന്നു. എന്നാൽ, ഞാൻ സത്യവാദി തന്നെയെന്നു തെളിയുകയാണെങ്കിലോ, ഭവതി സ്രഷ്ടാവായ സത്യദൈവത്തിലേയ്ക്കു തിരിയുമാറാകണമെന്നല്ലാതെ യാതൊരു പാരിതോഷികവും ഞാൻ ആവശ്യപ്പെടുന്നതല്ല... ഓ, ഭൂമിയിലെ രാജ്ഞി! ഇസ്ലാംമതം സ്വീകരിച്ചാലും ഭവതി രക്ഷിക്കപ്പെടും....”

റസൂൽ കരീം (സ) തിരുമേനി ഇസ്ലാംമത സന്ദേശമെത്തിച്ചുകൊണ്ടു കൈസറിന്നും കിസ്രായ്ക്കും മറ്റു സമകാലീനരാജാക്കൻമാർക്കും അയച്ച ചരിത്രപ്രസിദ്ധമായ കത്തുകളല്ലാതെ ഇതിനോടു സമാനധർമ്മമായ മറ്റൊരു കത്തുണ്ടോ? ഫിർഔനെ സമീപിക്കാൻ ആജ്ഞാപിക്കപ്പെട്ടപ്പോൾ മൂസാനബി (അ) തന്റെ കഴിവുകേടുകൾ വെളിപ്പെടുത്തി. റോമാചക്രവർത്തിയെ സംബോധനചെയ്യാൻ യേശു ക്രിസ്തു തുനിഞ്ഞില്ല. ഹെരോദാ ആഗ്രഹിച്ചപ്പോഴും അത്ഭുത ദൃഷ്ടാന്തം കാണിക്കാൻ യേശു തയ്യാറായില്ല! നബി തിരുമേനി (സ) പ്രയോഗിച്ച അതേ വാക്കുകളിലാണ് വാഗ്ദത്തമസീഹ് കൈസറിനെ ഇസ്ലാമിലേയ്ക്ക് ക്ഷണിച്ചത്.

ഈ കത്ത് കിട്ടിയശേഷം വിക്ടോറിയാ മഹാറാണി ഹിന്ദുസ്ത്ത് അഹ്മദുൽ ഖാദിയാനിയ്ക്കു നന്ദി പ്രകടിപ്പിച്ചുകൊണ്ടു ഒരു മറുപടി അയച്ചു. ഹദ്റത്ത് അഹ്മദിന്റെ എല്ലാ കൃതികളും തനിയ്ക്കയച്ചുകിട്ടുമാറാകാൻ അതിൽ ചക്രവർത്തിനി ആഗ്രഹം പ്രകടിപ്പിക്കുകയുമുണ്ടായി.

ആയുരന്ത്യത്തിൽ വിക്ടോറിയാ രാജ്ഞിയുടെ ഹൃദയത്തിൽ ഇസ്ലാം മതത്തോടു പ്രത്യേകമായ സ്നേഹവും പ്രതിപത്തിയും സംജാതമായിരുന്നുവെന്നും, നബിനായകരെ രാജ്ഞി വളരെ പ്രകീർത്തിച്ചിരുന്നുവെന്നും, ഒരു മുസ്ലിം പണ്ഡിതനെവെച്ചു ഉർദുഭാഷ അഭ്യസിക്കാൻ ആരംഭിച്ചിരുന്നുവെന്നും ഹദ്റത്ത് അഹ്മദ് (അ) നുറുൽ ഖുർആൻ' എന്ന പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

29- ലേഖ്റാമിന്റെ മരണമണി

1885ൽ ഹദ്റത്ത് അഹ്മദുൽഖാദിയാനി(അ) താൻ ഇസ്ലാമിന്റെ സത്യത്തിലേയ്ക്കു ദൃഷ്ടാന്തങ്ങൾ കാണിക്കാമെന്ന വീരവാദമടങ്ങിയ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും വിമതസ്ഥരായ നേതാക്കളെ ദിവ്യ പരീക്ഷണത്തിന്നു ആഹ്വാനം ചെയ്കയും ചെയ്തതിനെ തുടർന്നു ആര്യ സമാജപ്രവർത്തകനായ പണ്ഡിറ്റ് ലേഖ്റാം പിശാവരിയുമായി കത്തെ ടപാടുകൾ നടത്തുകയും എന്നാൽ ലേഖ്റാം പിന്നീട് പരീക്ഷണത്തി ന്നൊരുങ്ങാതെ പിൻമാറുകയുമുണ്ടായല്ലോ.

ഹോശിയാർപൂരിലെ അഖണ്ഡപ്രാർത്ഥനായജ്ഞത്തിന്നുശേഷം 1886 ഫിബ്രവരി 20-നു ഹദ്റത്ത് അഹ്മദ് (അ) പുറപ്പെടുവിച്ച വിജ്ഞാ പനത്തിൽ ചില ഭവിഷ്യദ്വാർത്തകൾ തനിയ്ക്ക് ദൈവം വെളിപാടുകൾ വഴി അറിയിച്ചുതന്നിട്ടുണ്ടെന്നും അവയുടെ പുലർച്ച ഇസ്ലാമിന്റെ സത്യ ത്തിലേയ്ക്കുള്ള അനിഷേധ്യ ദൃഷ്ടാന്തങ്ങളായിരിക്കുമെന്നും പ്രസ്താ വിക്കുകയും, തന്റെ കഠിന ശത്രുക്കളായ മുൻഷി ഇന്ദ്രമൻ മുറാദാബാദി, പണ്ഡിറ്റ് ലേഖ്റാം പിശാവരി എന്നിവരെപറ്റിയും മറ്റു ചിലരെ കുറിച്ചും ഭീഷണങ്ങളായ ചില സംഗതികൾ അറിയിക്കപ്പെട്ടിട്ടുണ്ടെന്നു വെളിപ്പെ ടുത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. ആർക്കും അകാരണമായ മനോവേ ദനയുണ്ടാക്കാൻ തനിയ്ക്കാഗ്രഹമില്ലെന്നും സകലരുടേയും നേരെ തനിയ്ക്ക് സൽഭാവന മാത്രമേയുള്ളുവെന്നും തന്റെ ശത്രുക്കൾക്കുപോലും ദ്രോഹത്തിന്നു പകരമായി ഗുണം ചെയ്യാൻ താനെപ്പോഴും സന്നദ്ധനാ ണെന്നും അതിൽ പ്രസ്താവിച്ചിരുന്നു. എന്നാൽ, ഭാവി തന്റെ നിയന്ത്ര ണത്തിലുള്ളതല്ല. ദൈവം അറിയിച്ച സംഗതികൾ വെളിപ്പെടുത്താൻ മാത്രമേ തനിയ്ക്കാഗ്രഹമുള്ളു. തന്റെ സ്വന്തം ബന്ധുക്കളെയും സ്നേഹി തൻമാരെയുംകുറിച്ചുപോലും അനിഷ്ടകരങ്ങളായ പലതും ദൈവമറിയി ച്ചിട്ടുണ്ട്. അതുകൊണ്ട് തങ്ങളെക്കുറിച്ചുള്ള അഹിതമായ കാര്യങ്ങൾ പ്രസി ദ്ധപ്പെടുത്തുന്നതിൽ അനിഷ്ടമുള്ളവർ രണ്ടാഴ്ചക്കുള്ളിൽ തന്നെ അത റിയിക്കുകയാണെങ്കിൽ അത്തരക്കാരെക്കുറിച്ചുള്ള പ്രവചനങ്ങൾ താൻ വെളിപ്പെടുത്തുന്നതല്ലെന്നും ആ വിജ്ഞാപനത്തിൽ സ്പഷ്ടമാക്കുകയു ണ്ടായി. മുൻഷി ഇന്ദ്രമൻ മൗനമവലംബിക്കുകയും ഒടുവിൽ മൺമറയു കയും ചെയ്തു. എന്നാൽ, പണ്ഡിറ്റ് ലേഖ്റാം ആകട്ടെ തന്നെക്കുറിച്ചു

എന്തു പ്രവചനവും പ്രസിദ്ധം ചെയ്യുന്നതിനു തനിയ്ക്ക് യാതൊരു വിരോധവുമില്ലെന്നു വ്യക്തമാക്കിക്കൊണ്ടു ഹദ്റത്ത് അഹ്മദ് (അ)ന്നു ഒരു പോസ്റ്റ് കാർഡ് അയക്കാൻ ധൈര്യപ്പെടുകയാണുണ്ടായത്.

ഹോശിയാർപൂരിൽവെച്ചു പണ്ഡിറ്റ് മുരളീധനുമായുണ്ടായ വാദ പ്രതിവാദത്തിന്നുശേഷം സത്യാസത്യനിർണ്ണയത്തിന്നു മുബാഹല നടത്തുവാൻ ആര്യനേതാക്കളെ ഹദ്റത്ത് അഹ്മദ്(അ) ആഹ്വാനം ചെയ്യുകയുണ്ടായി. പണ്ഡിറ്റ് മുരളീധരൻ ഇതിൽ നിന്നൊഴിഞ്ഞു മാറിയെങ്കിലും 'സുർമ ചശ്മയെ ആര്യ' എന്ന ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണാനന്തരം ലേഖ്റാം ഒരു മുബാഹലക്കൊരുങ്ങുകയും അസാധാരണമായ ധൈര്യത്തോടുകൂടി തന്റെ ഭാഗത്തു നിന്നുള്ള പ്രാർത്ഥന ഉടൻ പ്രസിദ്ധപ്പെടുത്തുകയുമാണ് ചെയ്തത്. ദൈവിക സത്യങ്ങളെ സംബന്ധിച്ചേടത്തോളം തികഞ്ഞ അജ്ഞനും സ്വമതത്തിൽ പരമഭക്തനും ആയിരുന്ന ഈ ആര്യ നേതാവ് സത്യത്തിനെതിരിൽ യാതൊരു മനശ്ചാഞ്ചല്യവുമില്ലാതെ ഉറച്ചു നിൽക്കുകയായിരുന്നു. മുഹമ്മദ് നബി തിരുമേനിയ്ക്കെതിരിൽ അബൂജഹൽ കാണിച്ച മനോധൈര്യത്തോടു മാത്രമേ അതിനെ ഉപമിക്കാനൊക്കൂ. ബദർ യുദ്ധത്തിനു പുറപ്പെടുമ്പോൾ അബൂജഹൽ കഅബയിൽ ചെന്നു പ്രാർത്ഥിച്ചതുപോലെ ഹദ്റത്ത് അഹ്മദുമായുള്ള ഈ ആത്മീയ സമരത്തിൽ തന്നെ സഹായിക്കുന്നതിന്നും സത്യാസത്യം വെളിപ്പെടുമാറാകുന്നതിന്നുംവേണ്ടി ലേഖ്റാം പരമേശ്വരനോടു ആത്മാർത്ഥമായി പ്രാർത്ഥിക്കുകയുണ്ടായി. ഇതു സംബന്ധമായി അദ്ദേഹം പ്രസിദ്ധം ചെയ്ത നീണ്ട പ്രസ്താവനയുടെ ഒടുവിലായി ഇപ്രകാരമാണ് പ്രാർത്ഥിച്ചിരുന്നത്: "അല്ലയോ പരമേശ്വരാ! ഞങ്ങൾ രണ്ടു കക്ഷികൾക്കിടയിൽ നീ വിധികൽപിച്ചാലും... കള്ളവാദി സത്യവാദിയെപ്പോലെ ഒരിക്കലും നിന്റെ സന്നിധിയിൽ മാനിക്കപ്പെടുകയില്ല" (ഖബ്ത്തെ അഹ്മദിയ്യ, ഭാ.344, 347). ഹദ്റത്ത് അഹ്മദ്(അ) ലേഖ്റാമിന്റെ കാര്യത്തിൽ വ്യക്തമായ ഒരു ദൃഷ്ടാന്തമിറക്കാൻ ദൈവത്തോടു നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. നാലഞ്ചു കൊല്ലംവരെ അയാളെ കുറിച്ചുള്ള പ്രവചനങ്ങളൊന്നും പ്രസിദ്ധം ചെയ്തിരുന്നില്ല. എന്തെന്നാൽ, ലേഖ്റാമിനുള്ള ശിക്ഷയുടെ സ്വഭാവത്തെപറ്റി വേറെ വെളിപാടുകളൊന്നും ദൈവത്തിൽനിന്നു ലഭിച്ചിട്ടില്ലായിരുന്നു. ഈ കാലത്തിന്നിടയിൽ ലേഖ്റാം തന്റെ എതിർപ്പിന്നു പൂർവ്വാധികം ശക്തി കൂട്ടിക്കൊണ്ടിരുന്നതേയുള്ളൂ. തനിയ്ക്ക്മാത്രം വശമായ അശ്ലീലശൈലിയിൽ റസൂൽകരീം(സ) തിരുമേനിയെ അധിക്ഷേപിക്കുകയും ഇസ്ലാമിനെ രൂക്ഷമായി വിമർശിക്കുകയും ചെയ്യുന്നതു അയാൾ തുടർന്നു പോന്നു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ എതിർക്കുകയും ആ മഹാത്മാവിന്റെ പ്രവചനങ്ങളെയും പ്രവർത്തനങ്ങളെയും പരിഹസിക്കുകയും ചെയ്യുന്നതു അയാൾ തന്റെ നിത്യവിനോദമായി സ്വീകരിച്ചിരുന്നു.

1893 ഫിബ്രവരി 20-നു ലേഖ്റാമിനെ സംബന്ധിച്ചു തനിക്ക് സിദ്ധിച്ച അറബി ഭാഷയിലുള്ള ഒരു വെളിപാട് ഹദ്റത്ത് അഹ്മദ് പ്രസിദ്ധം ചെയ്കയുണ്ടായി. അതിപ്രകാരമായിരുന്നു.

عِجْلٌ جَسَدٌ لَهُ خُوَارٌ لَهُ نَصَبٌ وَّ عَذَابٌ

"ഇയാൾ നിർജ്ജീവമായ ഒരു പശുക്കുട്ടിയാകുന്നു; അതിന്റെ ശരീരത്തിൽനിന്നു വിരസമായ ഒരു ശബ്ദം പുറപ്പെടുന്നു. അയാൾക്ക് ഈ ധാർഷ്ട്യത്തിനും ദുർഭാഷണങ്ങൾക്കുമുള്ള ശിക്ഷയും കഠിന വേദനയും നാശവും വിധിയ്ക്കപ്പെട്ടിരിക്കുന്നു. അതു നിശ്ചയമായും അയാൾക്ക് ലഭിക്കുന്നതായിരിക്കും."

തുടർന്നുകൊണ്ടു ഹദ്റത്ത് അഹ്മദ്(അ) പ്രസ്തുത വിജ്ഞാപനത്തിൽ തന്നെ ഇപ്രകാരവും എഴുതി.

"ഇതിന്നുശേഷം ഇന്നു, 1893 ഫിബ്രവരി 20-നു തിങ്കളാഴ്ച ദിവസം. ഈ ശിക്ഷയുടെ ദിനം അറിയുന്നതിനായിട്ടു ഞാൻ വീണ്ടും ദൈവസവിധത്തിൽ കേണപേക്ഷിച്ചപ്പോൾ, ഇന്നു തുടങ്ങി- അതായത് 1893 ഫിബ്രവരി 20-ാം തിയ്യതി തുടങ്ങി- 6 കൊല്ലത്തിനുള്ളിൽ ഇയാൾ തന്റെ ദുർഭാഷണങ്ങൾക്കുള്ള ശിക്ഷയായി. എന്നുവെച്ചാൽ, ഈ മനുഷ്യൻ റസൂൽകരീം(സ) തിരുമേനിയ്ക്കെതിരിൽ കാണിച്ചിട്ടുള്ള എല്ലാ അനാദരവുകൾക്കുമുള്ള ശിക്ഷയായി, ഭയങ്കരമായ തരത്തിലുള്ള ദുരന്തത്തിൽ പെടുന്നതാണ് എന്നു ദൈവം എന്നെ അറിയിച്ചിരിക്കുന്നു. ഈ പ്രവചനം ഞാനിപ്പോൾ പ്രസിദ്ധംചെയ്തുകൊണ്ടു എല്ലാ മുസ്ലിംകളെയും ആര്യസമാജികളെയും ക്രിസ്ത്യാനികളെയും അറിയിച്ചുകൊള്ളട്ടെ, ഇന്നത്തെ തിയ്യതി മുതൽ 6 കൊല്ലക്കാലത്തിന്നിടയിൽ, സാധാരണാതീതവും അത്ഭുത സ്വഭാവത്തോടുകൂടിയതും ദിവ്യഭീഷണിയുൾക്കൊള്ളുന്നതുമായ ഒരു ഭയങ്കരശിക്ഷ അയാളുടെമേൽ പതിക്കാതിരിക്കുന്നപക്ഷം ഞാൻ ദൈവത്തിന്റെ പക്കൽനിന്നുള്ളവനല്ലെന്നും എന്റെ വാക്കുകൾ ദൈവത്തിൽനിന്നുള്ളതല്ലെന്നും കരുതിക്കൊൾവിൻ. ഈ പ്രവചനത്തിൽ ഞാൻ കള്ളവാദിയാണെന്നു തെളിയുന്നപക്ഷം ഏതു തരത്തിലുള്ള ശിക്ഷയ്ക്കും പാത്രീഭവിക്കുവാൻ ഞാൻ തയ്യാറാണ്. എന്റെ കഴുത്തിൽ കയറിട്ടു കഴുവിലേറ്റപ്പെടുന്നതുപോലും എനിയ്ക്ക് സമ്മതമായിരിക്കും. ഇപ്രകാരമുള്ള ഉറപ്പുകൾക്കു പുറമെ, ഒരാളുടെ പ്രവചനം കള്ളമായി പുലരുകയെന്നതു അയാളെ സംബന്ധിച്ചിടത്തോളം എല്ലാതരം അപമാനങ്ങളിലും വച്ചു വലിയ അപമാനവുമാണല്ലോ. ഇതിലധികം ഞാനെന്തെഴുതാനാണ്! ഈ മനുഷ്യൻ റസൂൽ തിരുമേനിയെ നിന്ദ്യമായ തരത്തിൽ അവഹേളിച്ചിരിക്കുന്നു. അതു ഓർക്കുമ്പോൾ ശരീരമാകെ കിടിലം കൊള്ളുകയാണ്. ഇയാളുടെ പുസ്തകങ്ങൾ അന്ധാളിപ്പിക്കുന്ന അധിക്ഷേപങ്ങളും അവഹേളനങ്ങളും ശകാരങ്ങളുംകൊണ്ടു നിറഞ്ഞിട്ടുള്ളവയത്രെ. ഈ പുസ്തകങ്ങൾ വായിച്ചു കേട്ടാൽ കരൾ നുറുങ്ങാത്ത മുസ്ലിം ആരുണ്ട്?.....ഈ പ്രവചനം യാദൃച്ഛികമായിട്ടുള്ളതല്ല. ഈയുള്ളവൻ ഈ ഉദ്ദേശംവെച്ചുകൊണ്ടുതന്നെ നിരന്തരപ്രാർത്ഥനകൾ നടത്തുകയുണ്ടായി. ഈ പ്രവചനം മുസ്ലിംകൾക്കും ഒരു അടയാളമായിരിക്കുമെന്നാണ്

എനിയ്ക്ക് ദൈവത്തിൽനിന്നും മറുപടി ലഭിച്ചിരിക്കുന്നത്. ഹാ, അവർ സത്യം മനസ്സിലാക്കുകയും അവരുടെ ഹൃദയങ്ങൾ മൃദുലങ്ങളായിഭവിക്കുകയും ചെയ്തെങ്കിൽ എത്ര നന്നായിരുന്നു....!"

ഈ ഭയങ്കരമായ ദൈവികശിക്ഷയിൽനിന്നു ലേഖ്റാമിനെ രക്ഷിക്കുവാൻ ഒത്തൊരുമിച്ചു പരമേശ്വരനോടു പ്രാർത്ഥിക്കേണ്ടത് ആര്യസമാജികളുടെ കർത്തവ്യമാണെന്നു ഇതേ വിജ്ഞാപനത്തിൽ തന്നെ ഹദ്റത്ത് അഹ്മദ്(അ) അടിക്കുറിപ്പിൽ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഈ വിജ്ഞാപനത്തിന്റെ ആരംഭത്തിൽതന്നെ ചേർത്തതും റസൂൽതിരുമേനി (സ)യെ സ്തുതിച്ചുകൊണ്ടുള്ളതുമായ ഒരു പാർസി കവിതയുടെ ഒടുവിലത്തെ വരികളിൽ പണ്ഡിറ്റ് ലേഖ്റാമിനെ ഉദ്ദേശിച്ചുതന്നെ ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറയുന്നു:

"അല്ലയോ അവിവേകിയും വഴിപിഴച്ചവനുമായ ശത്രോ! മുഹമ്മദിന്റെ മാരകമായ ഖഡ്ഗത്തെ നീ ഭയപ്പെടുക. ദൈവത്തിലേയ്ക്കുള്ള ഏതൊരു പാതയിൽനിന്നു ലോകർ തെറ്റിപ്പോയിരിക്കുന്നുവോ, ആ വഴി മുഹമ്മദിന്റെ ആത്മീയസന്താനങ്ങളിലും അവിടുന്നു കൊണ്ടുവന്നിട്ടുള്ള മതത്തിന്റെ സഹായികളിലും അന്വേഷിക്കൂ. അല്ലയോ മുഹമ്മദിന്റെ പ്രഭാവത്തെയും അവിടുത്തെ പ്രത്യക്ഷമായ തേജോവിലാസത്തെയും നിഷേധിക്കുന്ന മനുഷ്യാ, അത്ഭുതദൃഷ്ടാന്തങ്ങൾ ഇന്നു എവിടെയും കാണപ്പെടുന്നില്ലെങ്കിലും മുഹമ്മദിന്റെ ദാസൻമാർക്കിടയിൽ അതു പരീക്ഷിച്ചുകൊൾക!"

ഈ പ്രവചനം പ്രസിദ്ധം ചെയ്തപ്പോൾ അതു തീരെ അവ്യക്തവും ദുർഗ്രാഹ്യവുമാണെന്നു ചിലർ ആക്ഷേപം പുറപ്പെടുവിക്കുകയുണ്ടായി. ഇതു വെറും ഒരു ഊഹം മാത്രമാണെന്നു മീറ്റിൽ നിന്നു പുറപ്പെട്ടുകൊണ്ടിരുന്ന 'അനീസ് ഹിന്ദ്' എന്ന പത്രം അഭിപ്രായപ്പെട്ടു (25-3-93). മറ്റു ചില പത്രങ്ങളും ഇതേ ആക്ഷേപം തന്നെ ഉന്നയിക്കുകയുണ്ടായി. ഏപ്രിൽ 2-നു ഹദ്റത്ത് അഹ്മദ് (അ) പുറപ്പെടുവിച്ച ലഘുലേഖയിൽ 'അനീസ് ഹിന്ദി'ൽ ഉന്നയിക്കപ്പെട്ട ആക്ഷേപത്തിന്നുള്ള മറുപടി നൽകുകയും തന്റെ പ്രവചനം ഒരു ഊഹം മാത്രമാണെങ്കിൽ പണ്ഡിറ്റ് ലേഖ്റാമിനും അതേതരത്തിലുള്ള പ്രവചനം പ്രസിദ്ധപ്പെടുത്താവുന്നതാണെന്നു ചൂണ്ടിക്കാട്ടുകയും ചെയ്തു. ലേഖ്റാമിന്നു 30 വയസ്സാണെങ്കിൽ തനിയ്ക്കു 55 കഴിഞ്ഞു. പ്രവചനപ്രകാരമുള്ള രോഗങ്ങൾ തന്നെ വിട്ടുപിരിയാതെയുമുണ്ട്. ആ നിലയ്ക്കു 10 കൊല്ലത്തെ അവധിവച്ച് ലേഖ്റാമിനു തന്നെപ്പറ്റി പ്രവചനം ചെയ്യാവുന്നതാണെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇതേ ലഘുലേഖയിൽതന്നെ തനിക്കു ലഭിച്ച ഒരു ദിവ്യദർശനവും ഹദ്റത്ത് അഹ്മദ് (അ) വിവരിച്ചിട്ടുണ്ട്. അതിപ്രകാരമായിരുന്നു: "ഇന്നു ഏപ്രിൽ 2നു (1310 റമസാൻ 14-നു) പ്രഭാതവേളയിൽ ഒരു ചെറിയ മയക്കത്തിന്റെ അവസ്ഥയിൽ ഞാൻ ഇപ്രകാരം കണ്ടു. ഞാൻ ഒരു വിശാലമായ കെട്ടിടത്തിൽ ഇരിക്കുകയാണ്. ഏതാനും സ്നേഹിതൻമാരും എന്റെ അടുത്തിരിപ്പുണ്ട്; തൽസമയം അതിശക്തവാനും മുഖത്ത് നിന്ന് ചോര

യുറ്റുന്നുണ്ടെന്ന് തോന്നുമാറ് സംഹാരഭീകരനുമായ ഒരാൾ എന്റെ മുമ്പിൽ വന്നു നിന്നു. ഞാൻ അയാളെ നോക്കിയപ്പോൾ അസാധാരണമായ ഒരു സൃഷ്ടിയാണെന്നും അതൊരു മനുഷ്യനല്ല സംഹാരരുദ്രൻമാരായ ദേവ കിങ്കരൻമാരിൽപെട്ട ഒരുവനാണെന്നും എനിക്കു തോന്നി. അയാളുടെ രൂപം ഉൾക്കിടിലമുണ്ടാക്കുന്നതായിരുന്നു. ദൃഷ്ടിപതിപ്പിച്ചപ്പോൾതന്നെ. അയാൾ എന്നോടു ലേഖ്റാം എവിടെ? എന്നു ചോദിച്ചു; * മറ്റൊരാളുടെ പേർകൂടി പറയുകയും അയാളും എവിടെയെന്നു ചോദിക്കുകയുമുണ്ടായി. അപ്പോൾ ഇയാൾ ലേഖ്റാമിനെയും ആ മറ്റെയാളെയും ശിക്ഷിക്കാൻ നിയുക്തനായിട്ടുള്ള ആളാണെന്നു എനിക്ക് ബോദ്ധ്യമായി. എന്നാൽ, ആ മറ്റെയാളുടെ പേർ എനിക്കിപ്പോൾ ഓർമ്മയില്ല. ഏതായാലും, വിജ്ഞാപനത്തിൽ പേരെടുത്തു പറഞ്ഞ ചിലരിൽപെട്ടയാൾതന്നെയാണെന്നു ഞാൻ ഓർക്കുന്നു....” (ബറക്കാത്തുദ്ദുആ, ഭാ.33)

1893ൽ തന്നെ പ്രസിദ്ധംചെയ്ത ‘കറാമാത്തുസ്സാദിഖീൻ’ (12) എന്ന ഗ്രന്ഥത്തിൽ പണ്ഡിറ്റ് ലേഖ്റാം പറ്റെ നശിപ്പിക്കപ്പെടുന്നതാണെന്നും ആറുകൊല്ലത്തിനുള്ളിൽ അയാൾ നശിച്ചൊടുങ്ങുമെന്നും ഹദ്റത്ത് അഹ്മദ്(അ) പ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുത പുസ്തകത്തിൽ ചേർത്ത ഒരു അറബികവിതയിൽ മുസ്ലിംകളുടെ ഒരു പെരുന്നാൾ ദിവസത്തോടടുത്തായിട്ടാണ് ഈ പ്രവചനം പുലരുകയെന്നും ദൈവം തനിക്കറിവ് നൽകിയതായും വെളിപ്പെടുത്തിയിരുന്നു.

അദ്ദേഹം ഇപ്രകാരം എഴുതി. “ലേഖ്റാമിന്റെ മരണത്തെ സംബന്ധിച്ചു ദൈവം എനിക്കു സുവിശേഷമിറക്കിക്കൊണ്ടു പറയുകയുണ്ടായി: ‘നീ അടുത്തു തന്നെ ആ ഈദ് ദിവസത്തെ അറിയുമാറാകും. യാഥാർത്ഥ ഈദ് ദിനവും ആ ഈദിന്റെ അടുത്തായിരിക്കും.’ (കറാമാത്തുസ്സാദിഖീൻ) ലാഹോറിലെ ‘പഞ്ചാബ് സമാചാർ’ എന്ന പത്രം ഈ വരികൾ ഉദ്ധരിച്ചുകൊണ്ടാണ് പിന്നീട് ഹസ്രത്ത് അഹ്മദിന്റെ പേരിൽ കുറ്റമാരോപിച്ചു ലേഖനങ്ങൾ പ്രസിദ്ധം ചെയ്തതെന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

ലേഖ്റാമിനെ ദിവ്യവെളിപാടിൽ ഒരു പശുകിടാവിനോടു ഉപമിച്ചിട്ടുള്ളതിൽ അയാൾക്ക് നേരിടേണ്ടിയിരുന്ന അത്യാഹിതത്തിന്റെ സ്വഭാവം മുഴുവൻ മുൻകൂട്ടി സൂചിതമായിട്ടുണ്ട്. ഇസ്രായില്യരുടെ പശുക്കുട്ടിയെ മോശ ചുട്ടു ഭസ്മമാക്കുകയും ഒരു ശനിയാഴ്ച ദിവസം ചിതാഭസ്മം ജലത്തിലൊഴുക്കുകയുമാണല്ലോ ഉണ്ടായത്. അതിന്നുശേഷം ദൈവം ജനങ്ങളിൽ ശിക്ഷയിറക്കുകയും ചെയ്തു. ഇതേ പ്രകാരംതന്നെ ലേഖ്റാമും അറുക്കപ്പെടുകയും ദഹിപ്പിക്കപ്പെടുകയും ചെയ്യുമെന്നും ഈ സംഭവത്തിന്നുശേഷം നാട്ടിൽ ഭയങ്കരമായ പ്ലേഗ്ദീനം പരക്കുമെന്നുമെല്ലാം ഈ വെളിപാടുകളിൽ സൂചിപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്നു. 1893 ഫിബ്രവരി 20-നു പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനത്തിലെ പാർസി കവിതയിൽ ഊരിയവാളിനെകുറിച്ചു പറയപ്പെട്ടിട്ടുള്ളതും അതിലേയ്ക്കുതന്നെയാണ് സൂചന നൽകിയത്.

പണ്ഡിറ്റ് ലേഖ്റാം ഈ പ്രവചനങ്ങളെയോ ദിവ്യഭീഷണികളെയോ തെല്ലും ഭയപ്പെട്ടിരുന്നില്ല. എതിർപ്പുകളിലും ദുർഭാഷണങ്ങളിലും അയാൾ പൂർവ്വാധികം ശക്തി കൂട്ടിയതേയുള്ളു. 1893 ജൂലായ് 8-നു പ്രസിദ്ധം ചെയ്ത 'രാഹെ നജാത്ത്' എന്ന പുസ്തകത്തിലും 'തിരുനബിയെ' കടുത്ത ഭാഷയിൽ അയാൾ അധിക്ഷേപിക്കയുണ്ടായി. ഇതിനെല്ലാം പുറമെ തനിയ്ക്ക് ദൈവത്തിൽ നിന്നു വെളിപാട് ലഭിച്ചതാണെന്നു അവകാശപ്പെട്ടുകൊണ്ടു ഹ:അഹ്മദിനെകുറിച്ചു അയാൾ ഒരു പ്രവചനം പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ടായിരുന്നു. മൂന്നു കൊല്ലത്തിന്നുള്ളിൽ ഹദ്റത്ത് അഹ്മദ് വിഷൂചിക ദീനം പിടിപെട്ടു മരണമടയുമെന്നും അദ്ദേഹത്തിന്റെ സന്താനപരമ്പര ഒടുങ്ങിപ്പോകുന്നതാണെന്നുമുള്ളതായിരുന്നു ആ പ്രവചനം! (കുല്ലിയാത്തെ ആര്യമുസാഫിർ ഭ 501, തക്ദീബെ ബറാഹിനെ അഹ്മദിയ്യ, ഭാ.311)

ലേഖ്റാമിന്റെ മരണത്തെകുറിച്ചുള്ള ഹദ്റത്ത് അഹ്മദിന്റെ പ്രവചനം ആര്യവൃത്തങ്ങളിൽ വലിയ ഇളക്കമുണ്ടാക്കി. ലേഖ്റാമിന്റെ രക്ഷയിൽ ആര്യസമാജികൾ ബദ്ധശ്രദ്ധരായി. പണ്ഡിറ്റ് ലേഖ്റാം ആര്യസമാജികളുടെ അനിഷേധ്യനേതാവായിത്തീരുകയും ചെയ്തു. അയാളാകട്ടെ, തനിയ്ക്ക് യാതൊന്നും സംഭവിക്കാൻ പോകുന്നില്ലെന്ന ദൃഢവിശ്വാസത്തോടുകൂടി സത്യദ്വേഷത്തിൽ മുന്നോട്ടു പോയതേയുള്ളു. പക്ഷേ, ദൈവത്തിന്റെ മലക്കുകൾ ഊരിപ്പിടിച്ച വാളുമായി അയാളുടെ കണ്ഠം നാളം ഛേദിക്കാനുള്ള നിർണ്ണായകമായ ദിനവും കാത്തുനിൽക്കുകയായിരുന്നു.

*സത്യധർമ്മം എന്ന പത്രം 1897 മാർച്ച് 9നുത്തെ ലക്കത്തിൽ ആഗസ്റ്റ് 1897 മാർച്ച് 11നുത്തെ ലക്കത്തിലും ഇത് ഉദ്ധരിച്ചിട്ടുണ്ട്.

30- സർ സയ്യിദ് തല കുനിയ്ക്കുന്നു!

ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ സമകാലീനനും 'അലീഗർ പ്രസ്ഥാനത്തി'ന്റെ സ്ഥാപകനുമായ സർ സയ്യിദ് അഹ്മദ് ഖാൻ (കെ.സി. എസ്.ഐ) ഇന്ത്യയിലെ മുസ്ലിം നേതാക്കളിൽ അഗ്രിമസ്ഥാനീയനും അതുല്യപ്രഭാവനായ ഒരു ഭൗതികപണ്ഡിതനുമായിരുന്നു. മുഗൾഭരണത്തിന്റെ അടിത്തറയിളകുകയും 1857-ലെ "സ്വാതന്ത്ര്യസമരം" പരാജയപ്പെടുകയും ചെയ്തതോടെ ഇന്ത്യയിലെ മുസ്ലിംപ്രഭാവം അസ്തമിച്ചതിനുശേഷം മുസ്ലിം സമുദായത്തിന്റെ ഭൗതികപുരോഗതിയ്ക്കായി പ്രയത്നിച്ചു തുടങ്ങിയ സർസയ്യിദ് പാശ്ചാത്യ പരിഷ്കാരത്തിന്റെ ഒരു ആരാധകനും പാശ്ചാത്യതത്വശാസ്ത്രങ്ങളാൽ പ്രഭാവിതനുമായിരുന്നു. ഇംഗ്ലീഷുഭരണത്തിൽ ഒരു ക്ലാർക്കുദ്യോഗത്തിൽ ആരംഭിച്ച അദ്ദേഹത്തിന്റെ പ്രശസ്തമായ ഔദ്യോഗികജീവിതം ബ്രിട്ടീഷുസിംഹാസനത്തിൽ നിന്നും 'സ്റ്റാർ ഓഫ് ഇന്ത്യ' എന്ന ബഹുമതിപ്പട്ടം അദ്ദേഹത്തിന്നു നേടിക്കൊടുത്തു.

വിശ്വാസപരമായി സർ സയ്യിദ് ഒരു പ്രകൃതി വാദിയായിരുന്നു (Naturalist). പാശ്ചാത്യതത്ത്വശാസ്ത്രങ്ങളിലും വിജ്ഞാനങ്ങളിലും അത്യാകൃഷ്ടനായിത്തീർന്ന അദ്ദേഹം ഇസ്ലാമിനെ അവയ്ക്കൊപ്പിച്ചു വ്യാഖ്യാനിക്കുകയും മതകാര്യങ്ങളിൽ സ്വതന്ത്രചിന്തയും യുക്തിവാദവും സ്വീകരിക്കുകയും ആണ് ചെയ്തിരുന്നത്. ബൈബിളിനെയും ഖുർആനെയും തുല്യനിലയിൽകണ്ട അദ്ദേഹം ഖുർആനാണെന്നപോലെ ബൈബിളിലെ 'ഉല്പത്തി' പുസ്തകത്തിനും ഒരു വ്യാഖ്യാനമെഴുതി. പക്ഷേ തികഞ്ഞ ഒരു സമുദായാഭിമാനിയായിരുന്നു സർ സയ്യിദ്, സർ വില്യം മുയിറിന്റെ 'ലൈഫ് ഓഫ് മുഹമ്മദ്' എന്ന ഗ്രന്ഥത്തിലുന്നയിക്കപ്പെട്ട ആക്ഷേപങ്ങൾക്ക് മറുപടിയായി ഉർദുവിലദ്ദേഹമെഴുതിയ ലേഖനപരമ്പര പുസ്തകരൂപത്തിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ ഭൗതികവാദപ്രവണമായ അഭിപ്രായങ്ങളും വിശ്വാസങ്ങളും കാരണം മതഭക്തരായ മുസ്ലിം പണ്ഡിതൻമാരിൽനിന്നും അദ്ദേഹം അകന്നുപോയി. ഉലമാക്കൻമാർ അദ്ദേഹത്തിന്നെതിരായി മതഭ്രഷ്ട് വിധിക്കുകയും മദീനത്ത് നിന്നുപോലും ഫത്വകൾ സമ്പാദിച്ചു പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത കൂട്ടാളിയായിരുന്ന

നവാബ് മുഹ്സിനുൽ മുൽക്ക് പോലും അദ്ദേഹത്തെ 'കാഫിർ' എന്നു വിളിക്കാൻ മടിച്ചിരുന്നില്ല.

1885 നവംബറിൽ ഹദ്റത്ത് അഹ്മദ് സർ സയ്യിദിനെ പറ്റി ചില ഭയജനകമായ പ്രവചനങ്ങൾ ഹിന്ദുക്കളും മുസ്ലിംകളും അടങ്ങിയ ഒരു സദസ്സിൽ കേൾപ്പിക്കുകയുണ്ടായി. 1886 ഫിബ്രവരി 20 നു ഹോശിയാർപൂരിൽവച്ചു പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ തനിയ്ക്ക് അല്ലാഹുവിൽനിന്നു പല അറിയിപ്പുകളും ലഭിച്ച കൂട്ടത്തിൽ, തന്നെപറ്റിയും തന്റെ സ്നേഹിതൻമാരിൽ ചിലരെപറ്റിയും ചില ശത്രുക്കളെകുറിച്ചും ഭീഷണങ്ങളും സൂവാർത്താപരങ്ങളുമായ വെളിപാടുകൾ ലഭിക്കുകയുണ്ടായിട്ടുണ്ടെന്നു അദ്ദേഹം പ്രസ്താവിക്കുകയും അവരിൽ ചിലരുടെ പേരെടുത്തു പറയുകയും ചെയ്തു. അതിൽ "നമ്മുടെ 'നജ്മുൽ ഹിന്ദ്' ആയ ഫിലോസഫർ സഹോദരൻ" എന്നു വിശേഷിപ്പിച്ചുകൊണ്ടു സർ സയ്യിദിനെ സംബന്ധിച്ച ചില പ്രവചനങ്ങളെ കുറിച്ചും സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ സർ സയ്യിദ് അവ ശ്രദ്ധിക്കുകയോ ഹദ്റത്ത് അഹ്മദിന്റെ പ്രഖ്യാപനങ്ങളെയും പ്രവചനങ്ങളെയും ഗൗനിക്കുകയോ ചെയ്തിരുന്നില്ല. എന്നു മാത്രമല്ല, അദ്ദേഹം അവയുടെ നേരെ അഹങ്കാരപ്രമത്തമായ പുച്ഛഭാവം പ്രകടിപ്പിക്കുകപോലും ചെയ്തിരുന്നു. 1889ൽ ഹദ്റത്ത് അഹ്മദ് (അ)അലീഗർ സന്ദർശിച്ച അവസരത്തിൽ ശത്രുക്കളോടൊപ്പം ചേർന്നുകൊണ്ടു ഹദ്റത്ത് അഹ്മദിനെ പരിഹസിക്കാനും അപമാനിക്കാനും അദ്ദേഹം മുതിരുകയുണ്ടായിട്ടുണ്ട്.

ഹദ്റത്ത് അഹ്മദുൽഖാദിയാനി(അ) മസീഹുവാദം പുറപ്പെടുവിച്ചു തുടങ്ങിയ ഘട്ടത്തിൽ സർ സയ്യിദ് അദ്ദേഹത്തിന്റെ ഒരു സ്നേഹിതനായ മീർ ഹസൻ സിയാൽകോട്ടിയ്ക്ക് എഴുതിയ ഒരു കത്തിൽ, ഹദ്റത്ത് അഹ്മദിന്റെ ലിഖിതങ്ങൾ ആർക്കും യാതൊരു പ്രയോജനവും ചെയ്യുകയില്ലെന്നും അവയിൽ സത്യം തീരെയില്ലെന്നും എഴുതുകയുണ്ടായി. എന്നു മാത്രമല്ല വെളിപാടിനെ അടിസ്ഥാനമാക്കി പ്രവചനങ്ങൾ പറയുകതികച്ചും അസാദ്ധ്യമാണെന്നും അങ്ങനെയാരെങ്കിലും പറയുന്നുവെങ്കിൽ അതു മാനസികമായ മാർഗ്ഗഭ്രംശത്തിന്റെ ഫലം മാത്രമാണെന്നും അയാളുതിൽ ദൃഢമായി വിശ്വസിക്കുന്നുവെങ്കിൽ തികഞ്ഞഭ്രാന്തനാണെന്നും അതിലദ്ദേഹം എഴുതിയിട്ടുണ്ടായിരുന്നു. ഇസ്ലാമിന്റെ അടിസ്ഥാനതത്വങ്ങൾക്കെതിരായ ആദർശങ്ങൾ വച്ചുപുലർത്തിപ്പോരികയും തന്നെപ്പറ്റി ഏതാദൃശ്യമായ ദുരഭിപ്രായങ്ങൽ പ്രചരിപ്പിക്കുകയും ചെയ്ത സർ സയ്യിദിന്റെ നേരെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) യാതൊരു വിദ്വേഷവും കാണിച്ചില്ല. മറിച്ചു അദ്ദേഹത്തിന്റെ മതാഭിമാനത്തെയും സാമുദായികമായ ആവേശത്തെയും അഭിന്ദിക്കുകയാണ് ചെയ്തത്. എങ്കിലും, പ്രകൃതിവാദപരമായ സർ സയ്യിദിന്റെ വിശ്വാസാഭിപ്രായങ്ങൾ ഹദ്റത്ത് അഹ്മദിനെ അത്യധികം വേദനിപ്പിക്കതന്നെ ചെയ്തിരുന്നു.

'വഹ്യ്'(ദിവ്യവെളിപാടുകൾ), 'മുഅ്ജിസ' (ദിവ്യത്ഭുതങ്ങൾ), പ്രവചനങ്ങൾ മുതലായവയെ കുറിച്ചും പ്രാർത്ഥനയുടെ സ്വീകാര്യതയെപ

റ്റിയും സർ സയ്യിദ് പ്രചരിപ്പിച്ച വിശ്വാസങ്ങൾ ഇസ്ലാമിന്റെ അടിസ്ഥാനതത്വങ്ങൾക്കും ഖുർആന്റെ വ്യക്തപാഠങ്ങൾക്കും എതിരാണെന്നു ഹദ്റത്ത് അഹ്മദ്(അ) കണ്ടു. സർ സയ്യിദിനെപ്പോലുള്ള ഒരു പ്രഗത്ഭപണ്ഡിതന്റെ പ്രസ്തുത വിശ്വാസങ്ങൾ അനേകരെ വഴിപിഴപ്പിക്കാൻ പോരുന്നതാണെന്നു മനസ്സിലാക്കിയ ഹദ്റത്ത് അഹ്മദ്(അ) അദ്ദേഹത്തെ അത്തരം തെറ്റായ വിശ്വാസങ്ങളിൽ നിന്നു രക്ഷപ്പെടുത്തുവാൻ തുനിഞ്ഞു. സർ സയ്യിദിനെ സംബോധനം ചെയ്തു കൊണ്ടു അദ്ദേഹം ഒരു ദീർഘമായ കത്ത് 'ആയിനയെ കമാലാത്തെ ഇസ്ലാമിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.* സഹോദര നിർവ്വിശേഷമായ സ്നേഹത്തോടും അനുഭവസമ്പന്നമായ ആത്മാർത്ഥതയോടും കൂടി അദ്ദേഹം എഴുതിയ ആ സന്ദേശം പ്രകൃതിവാദത്തിന്റെ അഗാധഗർത്തത്തിൽ ആപതിച്ച സർ സയ്യിദിന്നു നീട്ടിക്കൊടുത്ത ഒരു ആത്മീയരക്ഷാപാശമായിരുന്നു!

ഖുർആനു വ്യാഖ്യാനമെഴുതാൻ പ്രചോദിതനായ സർ സയ്യിദ് ഖുർആനെ സമൂലമായും തള്ളിക്കളഞ്ഞിട്ടില്ലെന്നതിൽ താൻ സന്തുഷ്ടനാണെങ്കിലും അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ ഖുർആന്റെ ആധാരിക പാഠങ്ങൾക്ക് കടകവിരുദ്ധങ്ങളായിരിക്കുന്നതിൽ തികച്ചും അസ്വസ്ഥനാണെന്നു പറഞ്ഞുകൊണ്ടാണ് ഈ ലേഖനം ആരംഭിച്ചത്. സർ സയ്യിദിന്റെ ഓരോ വാക്കിലും യൂറോപ്പ്യൻതത്വചിന്തക്ക് നേരെയുള്ള അത്യാദരങ്ങളും ഭയഭക്തിയുമാണ് പ്രകടമാക്കുന്നതെന്നു ഹദ്റത്ത് അഹ്മദ്(അ)സോദാഹരണം ചൂണ്ടിക്കാട്ടി. അദ്ദേഹം ഇപ്രകാരം തുടർന്നു:

"താങ്കളെപ്പോലെ ഇസ്ലാമിനോടു സ്നേഹമുണ്ടെന്നു പറയുകയും ഖുർആന്നു ഒരു വ്യാഖ്യാനമെഴുതാൻ പ്രചോദിതനായിത്തീരുകയും ചെയ്ത ഒരാളിൽനിന്നു ഖുർആന്റെ പാഠങ്ങൾക്ക് പ്രത്യക്ഷവിരുദ്ധങ്ങളായ വാക്കുകൾ കേൾക്കേണ്ടി വന്നതിൽ അതീവ ദു:ഖിതനാണ്. അബദ്ധങ്ങളായ ആശയങ്ങൾ പ്രകാശിപ്പിക്കുകയും ദിവ്യവെളിപാടുകൾ ലഭിച്ചിട്ടുള്ളതായി അവകാശപ്പെടുന്നവരിൽ ഭ്രാന്ത് ആരോപിക്കുകയും ചെയ്യുന്നതിന്നുപകരം ഒരു സത്യാന്വേഷിയെന്ന നിലയിൽ, എന്റെ വാദങ്ങൾക്കാധാരമായ തെളിവുകളും യുക്തി ന്യായങ്ങളും എന്നിൽനിന്നു ആവശ്യപ്പെടുകയാണ് താങ്കൾ ചെയ്യേണ്ടിയിരുന്നത്...എന്റെ വാദങ്ങൾ സാധാരണ നിലയിലുള്ളതല്ല. അതിനെകുറിച്ചു സംസാരിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നവർ ദശലക്ഷക്കണക്കിലില്ലെങ്കിലും പതിനായിരക്കണക്കിലുണ്ട്. ഹേ,എന്റെ പ്രിയപ്പെട്ട സർ സയ്യിദ്! താങ്കളെ ദൈവത്തിലേക്ക് വിളിക്കുന്ന വ്യക്തിയെ നിരാകരിക്കുന്നതും നിസ്സാരനാക്കിത്തള്ളുന്നതും അയാളുടെ വാദങ്ങളെ പരീക്ഷിച്ചു നോക്കാതെ അവയ്ക്കെതിരായി ശബ്ദമുയർത്തുന്നതും ആത്മീയനാശത്തിലേക്കുള്ള വഴിയാകുന്നു.... ദിവ്യഗ്രന്ഥങ്ങളെപറ്റിയുള്ള താങ്കളുടെ വിശ്വാസങ്ങൾ ഞാൻ മനസ്സിലാക്കിയിട്ടുള്ളതു തന്നെയെങ്കിൽ.... ദൈവം അങ്ങിനെ വരുത്താതിരിക്കട്ടെ-അതാ

*ഈ സന്ദേശത്തിന്റെ ഇംഗ്ലീഷ് തർജ്ജമ Review of Religions, 17 വാല്യം 3-4ലക്കങ്ങളിൽ കാണാം.- ഗ്ര

യത്, അവ ദൈവത്തിന്റെ യഥാർത്ഥവചനങ്ങളല്ലെന്നും ദിവ്യവെളിപാടുകൾ എന്നതു പ്രവാചകൻമാർക്കുള്ള ആത്മനിഷ്ഠമായ ഒരു നൈസർഗ്ഗികസിദ്ധിയാണെന്നും വരുകിൽ, എന്നു വെച്ചാൽ, ജ്ഞാനവും സത്യവും നിറഞ്ഞ വചനങ്ങൾ പുറപ്പെടീക്കാൻ സാദ്ധ്യമായ പ്രത്യേക പ്രകൃതിയോടുകൂടിയവർ മാത്രമാണ് പ്രവാചകൻമാരെന്നാണ് താങ്കളുടെ പക്ഷമെങ്കിൽ, താങ്കളെ പിൻതുടരുന്നതുമൂലം നിത്യനാശത്തിലകപ്പെട്ടേയ്ക്കാവുന്നവരെ രക്ഷപ്പെടുത്തുന്നതിനായിട്ടു, താങ്കളെ പരസ്യമായി ഒരു ആത്മീയ സമരത്തിന്നു ആഹ്വാനം ചെയ്യേണ്ടതു എന്റെ ധർമ്മമായിരിക്കുന്നതാണ്.... സത്യഹൃദയത്തോടു കൂടി താങ്കൾ എന്റെ നേരെ തിരിയുകയാണെങ്കിൽ, താങ്കൾക്ക് സംതൃപിതിയേകുന്നതിന്നു എന്നെ സഹായിക്കാൻ ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നതാണ്. ദൈവം എന്റെ പ്രാർത്ഥന കേൾക്കുമെന്നും താങ്കളെയും താങ്കളെപോലെ മറ്റു പലരേയും സംശയങ്ങളുടേയും സന്ദേഹവാദത്തിന്റെയും ചുഴിയിലേയ്ക്കെടുത്തെറിഞ്ഞ, പിഴവിൽ നിന്നു സ്വയം രക്ഷപ്പെടുന്നതിന്നു താങ്കളെ അവൻ സഹായിക്കുമെന്നും എനിയ്ക്ക് ദൃഢമായ വിശ്വാസമുണ്ട്. താങ്കൾ താങ്കളുടെ സ്ഥാനമാനങ്ങളെകുറിച്ചുള്ള പരിചിന്തകളെല്ലാം മാറ്റിവച്ചു ഏതാനും ആഴ്ചകൾ എന്നോടൊപ്പം വസിക്കുകയാണെങ്കിൽ, മാനുഷികമായ ഗ്രാഹ്യശക്തിയ്ക്കതീതമെന്നു താങ്കളിന്നു കരുതുന്ന പല സംഗതികളും യുക്തിയുക്തങ്ങളും സാദ്ധ്യതയിലുൾപ്പെടുന്നതും തന്നെയെന്നു എളുപ്പത്തിൽ ഗ്രഹിച്ചു തുടങ്ങുന്നതാണ്. സയൻസിന്റെയും ഫിലോസഫിയുടെയും ഉന്നതശിഖരങ്ങളെ താങ്കൾ പ്രാപിച്ചിട്ടുണ്ടെന്നിരിക്കിലും, അതിന്റെതായ ചൈതന്യത്താൽ പ്രഭാപൂരിതനായിട്ടുണ്ടെന്നു വന്നാലും ആ പ്രഭാപൂരം സ്വർഗ്ഗീയമായ പ്രകാശത്തിന്നെതിരിൽ നിസ്സാരമാകുന്നു....

"മതവും ശാസ്ത്രവും തമ്മിൽ ഇന്നു നടക്കുന്ന സമരവും ശാസ്ത്രം മതത്തിന്നെതിരിൽ നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങളും നമ്മെ ഭഗ്നാശരാക്കിക്കൂടാ. ഈ സമരത്തിൽ, ഇസ്ലാം പരാജിതനും, അശക്തനുമായ ഒരു പ്രതിയോഗിയെപ്പോലെ സന്ധിചെയ്യാൻ ബദ്ധപ്പെടുകയില്ല. അതു വിജയശ്രീലാളിതമായിട്ടുതന്നെ പുറത്തേക്കുവരും. ഇസ്ലാമിന്റെ ഭൗതികമായ ഖഡ്ഗപ്രഭാവം ലോകം കണ്ടുകഴിഞ്ഞിട്ടുള്ളതുപോലെ അതിന്റെ ആദ്ധ്യാത്മികഖണ്ഡത്തിന്റെ ശക്തിവിലാസവും ലോകം കാൺമാറാകുന്ന സമയം ഇതു തന്നെയാണ്. ഈ പ്രവചനം നല്ലപോലെ ഓർമ്മവച്ചുകൊൾവിൻ! ഈ സമരത്തിൽ ഇസ്ലാം വിജയിക്കുകതന്നെ ചെയ്യും. അതിന്റെ ശത്രു എത്ര കടുത്ത ആക്രമണം നടത്തിയാലും തോറ്റു ചതഞ്ഞരഞ്ഞു പോകാതിരിക്കില്ല"....

"ഞാൻ ഈ കത്ത് ദീർഘിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. അസന്ദിഗ്ധമായ വാക്കുകളിൽ ഞാനിതാ അറിയിച്ചുകൊള്ളുന്നു. ഇക്കാലത്ത് ഉടലെടുത്തിട്ടുള്ള സംശയങ്ങളെയും തെറ്റായ സങ്കല്പങ്ങളെയും ദുരീകരിക്കുന്നതിനായിട്ടും വഴിപിഴപ്പിക്കപ്പെടുന്നതിൽ നിന്നു എന്റെ സമുദായ സഹോദരങ്ങളെ രക്ഷിക്കുന്നതിനായിട്ടും ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കു

ന്നവനത്രെ ഞാൻ. ഒരു സത്യാന്വേഷിയെന്ന നിലയിൽ താങ്കൾ എന്നെ സമീപിക്കുന്നപക്ഷം താങ്കൾക്ക് പരിപൂർണ്ണ സംതൃപ്തിയേകുന്നതിന്നുള്ള ശക്തി ദൈവം എനിക്ക് നൽകിയിരിക്കുന്നു. അതിനാൽ ഞാൻ ദൈവത്തെ സാക്ഷി നിറുത്തിക്കൊണ്ടു പറയട്ടെ: താങ്കളുടെ സംശയങ്ങളെ ദൂരീകരിച്ചു തരുന്നതിനായിട്ടു ഞാൻ താങ്കളെ ക്ഷണിച്ചുകൊള്ളുന്നു. താങ്കൾ ഈ ക്ഷണം ചെവിക്കൊള്ളാതിരിക്കുന്നപക്ഷം, ഞാൻ എന്റെ കടമ താങ്കളെ സംബന്ധിച്ചിടത്തോളം നിർവ്വഹിച്ചുകഴിഞ്ഞെന്നു സമാശ്വസിക്കും. എന്നാൽ താങ്കളുടെ അനുയായികളുടെയെല്ലാം കുറ്റങ്ങൾക്ക് താങ്കൾ തന്നെയായിരിക്കും ഉത്തരവാദിത്വം വഹിക്കേണ്ടിവരിക. എന്റെ പ്രിയപ്പട്ട സർ സയ്യിദ്, എന്റെ ഈ സന്ദേശത്തെ ലാഘവബുദ്ധിയോടെ കയ്യാളാെല്ലേ! വേണ്ടുവോളം, അർഹിക്കും വിധംതന്നെ ആലോചിച്ചശേഷം ഇതിന്നു മറുപടി നൽകിയാലും!

ഈ സന്ദേശം ഹദ്റത്ത് അഹ്മദ് (അ) തന്റെ സുപ്രസിദ്ധമായ 'ആയിനയെ കമാലാത്തെ ഇസ്ലാം' എന്ന കൃതിയിൽ പ്രസിദ്ധീകരിച്ചു വെങ്കിലും സർ സയ്യിദ് തികഞ്ഞ മൗനം അവലംബിച്ചതേയുള്ളു.

സർ സയ്യിദ് തന്റെ മേൽപറഞ്ഞ വീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന രണ്ടു പുസ്തകങ്ങൾ പുറത്തിറക്കിയിരുന്നു. "അദ്ദുആ വൽ ഇസ്തിജാബത്ത്," "തഹ്രീർ ഫീ ഉസൂലിത്തഫ്സീർ" എന്നിവയായിരുന്നു ആ രണ്ടു പുസ്തകങ്ങൾ. പ്രാർത്ഥന ഒരു ആരാധന മാത്രമാണെന്നും അതു ഒരു ആരാധനയെന്ന നിലയിൽ ദൈവം സ്വീകരിക്കുന്നതാണെങ്കിലും പ്രാർത്ഥനയ്ക്കു ഫലമുണ്ടെന്നോ പ്രാർത്ഥനയനുസരിച്ച് കാര്യം സാധിക്കുമെന്നോ കരുതുന്നതു ശരിയല്ലെന്നും ആണ് അതിലദ്ദേഹം സിദ്ധാന്തിച്ചത്. എല്ലാ കാര്യങ്ങളും വിധിനിർണ്ണിതങ്ങളാണ്. ദൈവം പ്രകൃതിനിയമങ്ങളിൽ ഇടപെടുന്നില്ല. ഒരു കാര്യം സംഭവിക്കുമെന്നു ദൈവം നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ അതിനായിട്ടു പ്രാർത്ഥിക്കേണ്ട ആവശ്യമില്ല. ഒരു കാര്യം സംഭവിക്കുകയില്ലെന്നാണ് നിർണ്ണിതമെങ്കിൽ പ്രാർത്ഥിച്ചതുകൊണ്ട് ഫലവുമില്ല. എന്നിരിക്കിലും കാര്യസാദ്ധ്യാർത്ഥം അത്യുൽക്കടമായ അഭിവാഞ്ജ പ്രകടിപ്പിക്കുകയും സഹായിക്കപ്പെടുന്നതിനു ആഗ്രഹിക്കുകയും ചെയ്ക മനുഷ്യപ്രകൃതിയിലുൾപ്പെടുന്നതായിരിക്കയാൽ അതിനായിട്ടു ദൈവത്തിന്റെ നേർക്കു മാത്രം തിരിയുമ്പോൾ ഒരാരാധനയെന്ന നിലയിൽ ദൈവം അതു സ്വീകരിക്കുന്നതായിരിക്കും. ഇതാണ് സർ സയ്യിദിന്റെ അഭിപ്രായം.

സർ സയ്യിദിന്റെ ഈ ആശയങ്ങൾ ഇസ്ലാമികമല്ലെന്നു മാത്രമല്ല, ഖുർആൻ ശക്തിയുക്തം ഖണ്ഡിക്കുന്നതും പ്രവാചകചര്യകൾക്ക് വിരുദ്ധമായിട്ടുള്ളതുമാണെന്നതു വ്യക്തമാണ്. ഹദ്റത്ത് അഹ്മദ് (അ) ആകട്ടെ, തന്റെ ഏറ്റവും വലിയ ആത്മീയായുധമായി പരിഗണിച്ചതുതന്നെ പ്രാർത്ഥനയെയായിരുന്നു. അതിനാൽ ഈ അബദ്ധതത്വങ്ങളെ ഖണ്ഡിക്കേണ്ടതു തന്റെ അനുപേക്ഷ്യധർമ്മമായി അദ്ദേഹം കരുതുകയും "ബറക്കാത്തുദ്ദുആ"(13) എന്നപേരിൽ പ്രാർത്ഥനയുടെ തത്വരഹസ്യങ്ങൾ വിശദീകരിച്ചുകൊണ്ടു ഒരു പുസ്തകം രചിക്കുകയും ചെയ്തു.

പ്രാർത്ഥനയുടെ തത്വരഹസ്യങ്ങളെ സംബന്ധിച്ചു അറിവും പ്രാർത്ഥനയുടെ അത്യുൽകൃഷ്ടമായ അനുഭവജ്ഞാനവും സർസയ്യിദിന്നില്ലെന്നു പറഞ്ഞശേഷം അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ സമൂലം ഖണ്ഡിച്ചുകൊണ്ടു ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറഞ്ഞു: "ഇത്തരം അബദ്ധവിശ്വാസങ്ങളെ ഉടക്കുവാനായിട്ടുതന്നെയാണ് ഞാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് എന്റെ ചില പ്രാർത്ഥനകൾ മുൻകൂട്ടി സയ്യിദ് സാഹിബിനെ അറിയിച്ചുകൊള്ളാമെന്നു ഞാൻ വാഗ്ദത്തം ചെയ്തുകൊള്ളുന്നു. മാത്രമല്ല, ഞാനവ പ്രസിദ്ധം ചെയ്യുകയും ചെയ്യാം. എന്നാൽ, എന്റെ വാദം സ്ഥാപിക്കപ്പെടുന്നപക്ഷം സയ്യിദ് സാഹിബ് തന്റെ ഈ തെറ്റായ ചിന്താഗതിയെ വിട്ടൊഴിയേണ്ടതാകുന്നു..."

"സയ്യിദ് സാഹിബിന്നു എന്റെ അടുക്കൽ വരാൻ കഴിയുകയില്ലെങ്കിൽ, സത്യം വെളിപ്പെട്ടാൽ സ്വീകരിക്കുമെന്നുള്ള വാഗ്ദത്തത്തോടുകൂടി തന്നെപറ്റി, ദൈവസവിധത്തിൽ ഞാൻ പ്രാർത്ഥന നടത്തിയശേഷം എനിയ്ക്ക് വെളിപ്പെടുന്ന സംഗതികൾ പ്രസിദ്ധപ്പെടുത്തിക്കൊള്ളാൻ എന്നെ അനുവദിക്കേണ്ടതാണ്. അതുവഴി പൊതുജനങ്ങൾക്ക് പ്രയോജനമുണ്ടാകുമല്ലോ. സയ്യിദ് സാഹിബിന്റെ അഭിപ്രായങ്ങളാണ് യഥാർത്ഥത്തിൽ ശരിയെങ്കിൽ എനിയ്ക്ക് ഇക്കാര്യത്തിൽ യാതൊരു വിജയവും ലഭിക്കുന്നതല്ല. അല്ലെങ്കിലോ ബുദ്ധിയുള്ളവർ സയ്യിദ്സാഹബിന്റെ ഈ തെറ്റായ വിശ്വാസങ്ങളിൽനിന്നു രക്ഷപ്രാപിച്ചു ദൈവമാർഗ്ഗത്തിലേയ്ക്കു തിരിയുമാറാകും" (ബറക്കാത്തുദ്ദുആ)

ഇത്രയും പ്രസ്താവിച്ചശേഷം ഒടുവിലായിച്ചേർത്ത ഒരു പാർസി കവിതയിൽ ഹദ്റത്ത് അഹ്മദ്(അ) സർ സയ്യിദിനെ സംബോധനം ചെയ്തുകൊണ്ട് ഇപ്രകാരം എഴുതി:

"പ്രാർത്ഥനയ്ക്കു വല്ല ഫലവുമുണ്ടെങ്കിൽ അതെവിടെ എന്നു ചോദിക്കുന്ന ഹേ മനുഷ്യാ, ഝടുതിയിൽ എന്റെ അടുത്തേക്കു വരിക! ഞാൻ ഉച്ചസൂര്യനെപോലെ പ്രാർത്ഥനയുടെ ഫലം കാണിച്ചു തരാം. ഭദ്രം! ദൈവത്തിന്റെ ശക്തിരഹസ്യങ്ങളെ നിഷേധിക്കൊല്ലാ. വാക്കുകൾ മതിയാക്കൂ. സ്വീകൃതമായിത്തീർന്ന എന്റെ പ്രാർത്ഥനയുടെ പുലർച്ച നോക്കിപ്പാർക്കൂ"

ഇവിടെ "സ്വീകരിക്കപ്പെട്ട പ്രാർത്ഥന"യെന്നു പറഞ്ഞതു ലേഖ്റാമിന്റെ മരണത്തെകുറിച്ചുള്ള പ്രവചനത്തെ ഉദ്ദേശിച്ചാണെന്നു ഹദ്റത്ത് അഹ്മദ്(അ) തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ആറു കൊല്ലത്തിനുള്ളിൽ പണ്ഡിറ്റ് ലേഖ്റാം മരണമടയുന്നതാണെന്നു തനിയ്ക്ക് ലഭിച്ച ഒരു വെളിപാടിന്റെ അടിസ്ഥാനത്തിൽ ആ മഹാത്മാവ് പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. ഇതിന്നുപുറമെ, പ്രസ്തുതകൃതിയുടെ ഒടുവിലത്തെ പേജിൽ അതെഴുതിത്തീർന്ന ദിവസം അദ്ദേഹം കണ്ട ഒരു ദിവ്യദർശനം വിവരിച്ചിട്ടുമുണ്ട്. അതു ലേഖ്റാമിന്റെ ദാരുണമായ അന്ത്യത്തെ കുറിച്ചുള്ള വ്യക്തമായ സൂചനകളടങ്ങിയതുമായിരുന്നു!

സർ സയ്യിദിന്റെ പ്രകൃതിവാദപരമായ സിദ്ധാന്തങ്ങളെ ഹദ്റത്ത് അഹ്മദ് (അ) ശക്തിയുക്തം വിമർശിക്കുകയും അദ്ദേഹത്തെ ആത്മീയ

പരീക്ഷണത്തിന്നു ക്ഷണിക്കുകയും ചെയ്തുവെങ്കിലും അദ്ദേഹം തികഞ്ഞ മൗനമവലംബിക്കുകയത്രെ ചെയ്തതു. ഹ:അഹ്മദിന്നെതിരായി അദ്ദേഹം പിന്നീടൊരക്ഷരവും പറയുകയുണ്ടായിട്ടില്ല. എന്നല്ല, ഭയഭക്തിയോടുകൂടി മാത്രമേ ആ മഹാത്മാവിനെകുറിച്ചു പിന്നീടു സ്മരിക്കുകയുമുണ്ടായുള്ളു. അക്കാരണത്താൽതന്നെ, ഹദ്റത്ത് അഹ്മദ് സർ സയ്യിദിനെ ഒരു മിത്രമായി കണക്കാക്കിപ്പോന്നു. ഹദ്റത്ത് അഹ്മദിനെ ആക്ഷേപിച്ചുകൊണ്ടു ഒരാൾ ഒരിക്കൽ സർ സയ്യിദിന്നു നീണ്ടൊരു കത്തെഴുതിയപ്പോൾ, "അദ്ദേഹത്തെ എതിർക്കുന്നവൻ ബുദ്ധികെട്ടവനാണ്" എന്നു സർ സയ്യിദ് പ്രസ്താവിച്ചതായും, ഹദ്റത്ത് അഹ്മദിന്റെ ഒരു പുസ്തകത്തിന്നു ഖണ്ഡനമെഴുതാൻ തുനിഞ്ഞ മറ്റൊരാളെ അദ്ദേഹം വിലക്കിയതായും മൗലാനാ ഹാലി പ്രസ്താവിച്ചിട്ടുണ്ട് (ഹയാത്തെ ജാവീദ്, ഖ.2 ഭാ.437)

തന്നെ എതിർക്കുവാനും നിഷേധിക്കുവാനും ബദ്ധപ്പെടുന്നതിന്നു പകരം, ഇസ്ലാമിന്നുവേണ്ടിയുള്ള തന്റെ രക്ഷാവേലയെ അലോസരപ്പെടുത്താതെ, തന്റെ അന്ത്യം നോക്കിപ്പാർക്കുകയെന്ന സമീപനമെങ്കിലും സ്വീകരിക്കുന്നതാവും സുരക്ഷിതമെന്നു ഹദ്റത്ത് അഹ്മദ്(അ) മതപണ്ഡിതൻമാരെ തർജ്ജനം ചെയ്തിരുന്നു. ആ മഹാത്മാവിന്നുണ്ടായ അതുല്യമായ ആത്മീയവിജയങ്ങൾ സർ സയ്യിദിനെ വിചാരമഗ്നനാക്കിയെന്നുവേണം കരുതാൻ. എന്തെന്നാൽ, സർ സയ്യിദ് ഒരു ബദ്ധശത്രുവായിത്തിരിഞ്ഞില്ല. ആ പുണ്യാത്മാവിന്നെതിരായി പിന്നീടൊരിക്കലും ഒരക്ഷരംപോലും പറഞ്ഞതുമില്ല.

എങ്കിലും, സർ സയ്യിദ് അഹ്മദ്ഖാൻ ദൈവികശിക്ഷക്കിരയാവുകതന്നെ ചെയ്തു. ഹദ്റത്ത് അഹ്മദ്(അ)പ്രവചിച്ചിരുന്നതിൻവണ്ണം തന്നെ സർ സയ്യിദിനു ആയുരന്ത്യത്തിൽ പല ദുരന്താനുഭവങ്ങളുമുണ്ടായി. വാർദ്ധക്യകാലത്ത് അദ്ദേഹത്തിന്നു സീമന്തപുത്രന്റെ ദാരുണ മരണം കാണേണ്ടിവന്നു. ഈ വിരഹവ്യഥയിൽനിന്നു മോചനം നേടുന്നതിനു മുമ്പായിത്തന്നെ മറ്റൊരു ഭയങ്കരദു:ഖവും അദ്ദേഹത്തെ പിടികൂടി. അലിഗർ കോളേജിന്റെ കെട്ടിടനിർമ്മാണാർത്ഥം അദ്ദേഹം വളരെ പാടുപെട്ടു പിരിച്ചെടുത്ത 1,05,490ക. ശാംബിഹാരിലാൽ എന്നൊരാൾ പിടുങ്ങിക്കളഞ്ഞുവെന്നതാണത്. അപമാനഭാരവും ദു:ഖവും നിമിത്തം മൂന്നു ദിവസംവരെ അദ്ദേഹം ആഹാരങ്ങളൊന്നും കഴിച്ചില്ലെന്നു മാത്രമല്ല പലതവണ പ്രജ്ഞയറ്റു വീഴുകയും ചെയ്തിരുന്നു. തദവസരത്തിൽ താൻ അലീഗറിൽതന്നെയുണ്ടായിരുന്നില്ലെങ്കിൽ പിതാവ് ശോകപാരവശ്യം നിമിത്തം മരണമടഞ്ഞേനെ എന്നു പുത്രൻ സയ്യിദ് മഹ്മൂദ് പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്.

സർ സയ്യിദിന്റെ ചരമം അടുത്തിട്ടുണ്ടെന്ന് ദൈവത്തിൽ നിന്നു അറിവു കിട്ടിയതിനെതുടർന്നു ഹദ്റത്ത് അഹ്മദ് (അ)1897 മാർച്ച് 12-ാം തിയ്യതി ഒരു വിജ്ഞാപനം മുഖേന അദ്ദേഹത്തെ സത്യം സ്വീകരിക്കുന്നതിനു ക്ഷണിക്കുകയുണ്ടായി. അതിലിപ്രകാരം പറഞ്ഞിരുന്നു. പ്രാർത്ഥന ഫലിക്കുകയില്ലെന്ന ധാരണ സയ്യിദ് സാഹിബിനുപറ്റിയ ഒരു പിഴവാണ്, കഷ്ടം! നാല്പത് ദിവസമെങ്കിലും അദ്ദേഹം എന്റെ അടുക്കൽ താമസി

ച്ചിരുന്നുവെങ്കിൽ നവവും വിശുദ്ധവുമായ വിവരങ്ങൾ അദ്ദേഹം നേടിയിരിക്കുമായിരുന്നു. ഇനി നാം തമ്മിൽ മറുലോകത്തിൽ വച്ചായിരിക്കും കണ്ടുമുട്ടുക. നേരിട്ടു കൂടിക്കാഴ്ച നടത്താൻ കൂടി അവസരം ലഭിച്ചില്ലെന്നതു കഷ്ടം തന്നെ! സയ്യിദ് സാഹിബ് ഈ വിജ്ഞാപനം ശ്രദ്ധാപൂർവ്വം പാരായണം ചെയ്യട്ടെ. എന്തെന്നാൽ ഇനി കൂടിക്കാഴ്ചയ്ക്ക് പകരമായി ഈ വിജ്ഞാപനം മാത്രമാണുള്ളത്." (വിജ്ഞാപനം 12-3-99; തദ്ക്കിറ, ഒന്നാം പതിപ്പ്, ഭാ 288).

എന്നാൽ, നമസ്കാരം നോമ്പ് തുടങ്ങിയ നിർബ്ബന്ധ കർമ്മങ്ങൾ പോലും ഉപേക്ഷിച്ചുകഴിഞ്ഞിരുന്ന സർ സയ്യിദിന്നു ആ സ്വർഗ്ഗീയ വിളിയ്ക്ക് ഉത്തരം നൽകാനുള്ള ഭാഗ്യം സിദ്ധിച്ചില്ല. അദ്ദേഹം കൃത്യം ഒരു കൊല്ലം കഴിഞ്ഞു 1898 മാർച്ച് 28-ാം തിയ്യതി ചരമമടഞ്ഞു.

31-അമൃത്സറിൽ മുബാഹല

'ഫത്ഹെ ഇസ്‌ലാം', 'തൗസീയെ മറാം' എന്നീ പുസ്തകങ്ങൾ യാഥാസ്ഥിതിക മുസ്‌ലിം കേന്ദ്രങ്ങളിൽ വമ്പിച്ച ഇളക്കം സൃഷ്ടിച്ചു. അമൃത്സറിലെ ഹദ്റത്ത് അബ്ദുല്ലാഹ് ഗസ്നവിയുടെ പുത്രനായ അബ്ദുൽ ജബ്ബാർ ഗസ്നവി ശത്രുപക്ഷത്തെ മുമ്പൻമാരിൽ ഒരാളായിത്തീർന്നു. അബ്ദുല്ലാഹ് ഗസ്നവിയുടെ ഒരു ശിഷ്യനായ അബ്ദുൽ ഹക്ക് ഗസ്നവിയും അക്കൂട്ടത്തിൽ ചേരുകയും ഹദ്റത്ത് അഹ്മദിനെ ഒരു മുബാഹലയ്ക്ക് വെല്ലുവിളിക്കയും ചെയ്തു. ഇതു സംബന്ധിച്ച വിജ്ഞാപനം അവർ വിപുലമായി പ്രചരിപ്പിക്കയുമുണ്ടായി. ഈസാനബിയുടെ മരണം സംബന്ധിച്ച വിശ്വാസത്തിൽ ഒരു തീരുമാനമുണ്ടാക്കാൻ ഒരു മുബാഹല നടത്തണമെന്നായിരുന്നു ആഹ്വാനം. തനിയ്ക്കുണ്ടായ ഒരു വെളിപാടു പ്രകാരം മീർസാ സാഹിബ് ഒരു കപടവാദിയാണെന്നും ഈസാമസീഹിന്റെ സാദൃശ്യം അവകാശപ്പെട്ടിരിക്കയാൽ അദ്ദേഹം നരകത്തിലെറിയപ്പെടുമെന്നും അയാൾ പ്രഖ്യാപിച്ചു.

മതപരമായ അഭിപ്രായവ്യത്യാസങ്ങളെ മുൻനിറുത്തിയോ വിശ്വാസപരമായ തർക്കങ്ങളുടെ കാര്യത്തിലോ മുസ്ലിംകൾ തമ്മിൽ മുബാഹല നടത്തുന്നത് വിഹിതമല്ലെന്നായിരുന്നു ഹദ്റത്ത് അഹ്മദിന്റെ നിലപാട്. കളവും കറ്റുകെട്ടും ആരോപിക്കപ്പെടുകയും കള്ളവാദം പുറപ്പെടുവിക്കുന്നതായി ആക്ഷേപിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിലാണ് വിധിനിർണ്ണായകമായ ദിവ്യവാദപ്രശ്നത്തിൽ ഇത്തരം ഒരു മുബാഹലം നടത്താൻ പാടുള്ളു എന്നായിരുന്നു അദ്ദേഹം വിശ്വസിച്ചിരുന്നത്. മുബാഹലയിൽ ശാപം ചൊരിയപ്പെടാൻ പ്രാർത്ഥിക്കുന്നത് കരുതിക്കൂട്ടി കള്ളം പറയുകയും കറ്റുകെട്ടിപ്പറയുകയും ചെയ്യുന്ന ആളിലാണെന്നും അല്ലാതെ ഏതെങ്കിലും തെറ്റായ ഒരു വിശ്വാസം കൈക്കൊള്ളുന്നതിനോ അബദ്ധപൂർണ്ണമായ ഒരു ആശയം വച്ചുപുലർത്തുന്നതിനോ മാത്രമായി മുബാഹല നടത്തിക്കൂടെന്നും ആ മഹാത്മാവ് ചൂണ്ടിക്കാട്ടി. എന്നാൽ, നദീർ ഹുസൈൻ സാഹിബ് ദഹ്‌ലവി, മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി, അഹ്മദുല്ലാഹ് സാഹിബ് അമൃത്സരി തുടങ്ങിയ ഉലമാമുഖ്യൻമാർ ഒപ്പ് വച്ച ഒരു ഫത്വ ഇതു സംബന്ധിച്ചു ഇറക്കുകയാണെങ്കിൽ താനതിന് തയ്യാറാകാമെന്നും അമൃത്സറിൽ ബന്ധുജനസമേതം ഹാജരാകാ

മെന്നും മൗലവി അബ്ദുൽഹക്കും അപ്രകാരം ബന്ധുമിത്രാദികളെ കൊണ്ടുവരേണ്ടതാണെന്നും കാണിച്ച് മൗലവി അബ്ദുൽ ജബ്ബാർ ഗസ്നവിയ്ക്ക് ഹദ്റത്ത് അഹ്മദ്(അ) ഒരെഴുത്തയച്ചു. അതു പിന്നീട് 1891 മാർച്ച് 15-ാനുത്തെ 'റിയാസ്ഹിന്ദ്' പത്രത്തിന്റെ ഉപപത്രികയായി പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. മുബാഹല അതിന്റേതായ എല്ലാ നിബന്ധനകളും പൂർത്തീകരിച്ച നിലയിൽ ആയിരിക്കണമെന്ന് നിർബന്ധംകൊണ്ടും ഇക്കാര്യത്തിൽ തനിക്ക് വ്യക്തമായ യാതൊരു നിർദ്ദേശവും ദൈവത്തിൽനിന്നു ലഭിച്ചിട്ടില്ലാത്തതിനാലുമാണ് അദ്ദേഹം ഇപ്രകാരം എഴുതിയത്.

മുബാഹലയെ സംബന്ധിച്ച മിർസാസാഹിബിന്റെ നിലപാട് ഇതാണെങ്കിൽ അലീഗറിൽ മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബിനെ മുഹാബലയ്ക്ക് ആഹ്വാനം ചെയ്തതെന്തിനെന്ന ഒരു ആക്ഷേപം എതിരാളികൾ ഉന്നയിക്കുകയുണ്ടായി. തന്റെ പ്രവചനങ്ങൾ ജ്യോത്സ്യമനുസരിച്ചുള്ളതാണെന്നും തന്റെ പക്കൽ അതു സംബന്ധിച്ച ഉപകരണങ്ങൾ കാണപ്പെട്ടിട്ടുണ്ടെന്നും തന്റെ ദിവ്യവെളിപാടുവാദം തികഞ്ഞ കറ്റുകെട്ടാണെന്നും ആണ് മൗലവി മുഹമ്മദ് ഇസ്മായീൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ളതെന്നും അതു വിശ്വാസപരമായ അഭിപ്രായതർക്കമല്ലെന്നും അപ്രകാരമുള്ള കള്ളവും കറ്റുകെട്ടും തന്നിൽ ആരോപിച്ചപ്പോൾ അതിൽ അന്തിമതീരുമാനമുണ്ടാക്കാൻ മുബാഹല അല്ലാതെ മറ്റൊരു മാർഗ്ഗമുണ്ടായിരുന്നില്ലെന്നും ഹദ്റത്ത് അഹ്മദ് (അ) മറുപടി നൽകി.

മുബാഹല വിഷയത്തിൽ തനിയ്ക്കെന്തെങ്കിലും ഉറപ്പില്ലായ്മയോ അറിവുകേടോ ഉള്ളതുകൊണ്ടല്ല ഉലമാനേതാക്കളുടെ ഒപ്പിട്ട ഫത്വയ്ക്ക് താൻ ആവശ്യപ്പെട്ടതെന്നും ഇവർ പിന്നീട് ഓരോരോ ഒഴികഴിവുകൾ പറഞ്ഞു മുബാഹലയിൽ നിന്ന് പിന്തിരിയാതിരിക്കുന്നതിനു വേണ്ടത്ര ഉറപ്പു വരുത്താനാണ് താനപ്രകാരം നിർദ്ദേശിച്ചതെന്നും മാലർകോട്ട്ലായിലെ നവാബ് മുഹമ്മദലീ ഖാൻ സാഹിബിന് അയച്ച ഒരു കത്തിൽ ഹദ്റത്ത് അഹ്മദ് (അ) വ്യക്തമാക്കുകയുണ്ടായി. ഈസാനബി(അ) മരിക്കാതെ ആകാശത്തിൽ ജീവിച്ചിരിക്കുന്നുണ്ടെന്നും തന്റെ ദിവ്യമായ വാദങ്ങളും വിശദീകരണങ്ങളും കേട്ട ശേഷവും താനൊരു കപടവാദിയാണെന്ന് തന്നെയാണ് അവരുടെ ഉറച്ച പ്രഖ്യാപനമെങ്കിൽ തീരുമാനത്തിനു മുബാഹലയല്ലാതെ മറ്റൊരു പോംവഴിയില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ഇതിനിടയിൽ ഹദ്റത്ത് അഹ്മദിന്റെ മസീഹുവാദം ഇന്ത്യയിലാകമാനം വമ്പിച്ച കോളിളക്കങ്ങൾ സൃഷ്ടിച്ചു കഴിഞ്ഞിരുന്നു. 'കാഫിർ', 'ദജ്ജാൽ', 'മുൽഹിദ്', 'സിൻദീഖ്', 'മക്കാർ', 'മൽഊൻ' തുടങ്ങിയ എല്ലാ ശകാരപ്പേരുകളും ആ മഹാത്മാവിൽ അവർ ചൊരിഞ്ഞു. മുഹമ്മദ് ഹുസൈൻ ബട്ടാലവി ഇന്ത്യയിലാകമാനം ഓടിനടന്നു കുഫ്റ് ഫത്വയ്ക്ക് രൂപം നൽകിക്കഴിഞ്ഞിരുന്നു. തന്റെ പിതൃസഹോദരകുടുംബത്തിലെ മുഹമ്മദീ ബേഗമിനെ സംബന്ധിച്ച പ്രവചനമനുസരിച്ച് അഹ്മദ് ബേഗ് മരണപ്പെട്ടതിനെ തുടർന്നു പിതൃസഹോദരകുടുംബത്തിലെ സംഭവവികാസങ്ങളെ ജനസഹസ്രങ്ങൾ ഉറ്റുനോക്കുകയും നാനാഭാഗങ്ങളിൽനിന്നും ആക്ഷേ

പത്തീക്കാറ്റുകൾ ആഞ്ഞു വീശിക്കൊണ്ടിരിക്കുകയും ചെയ്തുപോന്ന കാലം തന്നോടു പരസ്യമായി പ്രാർത്ഥനാസമരത്തിന് തയ്യാറാകുന്ന ആൾ ദൈവകോപത്തിനിരയായി നശിച്ചൊടുങ്ങുമെന്നതിൽ മഹ്ദി ഇമാമിന് എള്ളോളവും സംശയമില്ലായിരുന്നു. അതുകൊണ്ട്, ഒരു മുബാഹല നടത്തുന്ന കാര്യത്തിൽ അദ്ദേഹം യാതൊരു ബദ്ധപ്പാടും കാണിച്ചില്ല. ഉലമാനേതാക്കളെ മുബാഹലയ്ക്ക് ആഹ്വാനം ചെയ്യുന്നതിനും അല്ലാഹുവിൽനിന്നുള്ള അനുമതിയ്ക്കായി ആ ദിവ്യാത്മാവ് കാത്തുനിന്നു.

ഒടുവിൽ, അല്ലാഹുവിൽനിന്നും വ്യക്തമായ നിർദ്ദേശം ലഭിച്ചപ്പോൾ താൻ മുബാഹലയിലൂടെ അന്തിമമായ ഒരു തീരുമാനമെടുക്കാൻ ആഗ്രഹിക്കുന്നുവെന്നും അതിനുശേഷം തന്റെമുഴുവൻ ശ്രദ്ധയും ശ്രമവും ഇസ്ലാമിന്റെ ശത്രുക്കളുടെ നേരെതിരിയുന്നതാണെന്നും കാണിച്ചു ഹദ്റത്ത് അഹ്മദ്(അ)അറിയപ്പെട്ട ഉലമാനേതാക്കൾക്കെല്ലാം റജിസ്റ്റർ കത്തുകളയച്ചു. മുല്ലമാരായ 58 പേർക്കും പീർമാരും സൂഫിമാരുമായ 48 പേർക്കുമാണ് ഇപ്രകാരം കത്തുകളയച്ചത്. മുബാഹല സ്വീകരിക്കുന്നതിന് നാലുമാസത്തെ കാലാവധിയും പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ, ക്ഷണിക്കപ്പെട്ട ആരുംതന്നെ മുബാഹലയ്ക്കായി മുന്നോട്ടുവരാൻ ധൈര്യപ്പെട്ടില്ല. മൗലവി അബ്ദുൽഹക്ക് സാഹിബ് ഗസ്നവി മാത്രമേ ഈ ആത്മീയ സമരരംഗത്ത് ഉണ്ടായിരുന്നുള്ളു. ആ വെല്ലുവിളി ഹദ്റത്ത് അഹ്മദ്(അ) പരസ്യമായി സ്വീകരിക്കുകയും ചെയ്തു.

അമൃത്സറിൽ ഖാൻ ബഹാദൂർ ഹാജി മുഹമ്മദ് ഷായുടെ പള്ളിയ്ക്ക് സമീപമുള്ള ഈദ്ഗാഹിൽ വച്ചു ഹിജ്റ 1310 ദുൽഖഅദ് 10-ാം തിയ്യതി (1893മെയ് 27-ാം തിയ്യതി) ശനിയാഴ്ച പകൽ 2 മണിയ്ക്ക് മുബാഹല നടത്താൻ നിശ്ചയിക്കപ്പെട്ടു. ഈ വിവരം വിളംബരപ്പടുത്തിക്കൊണ്ട് ഹദ്റത്ത് അഹ്മദ്(അ) തന്നെ ഒരു ലഘുലേഖ അച്ചടിച്ചിറക്കി. നിശ്ചിത തിയ്യതിയ്ക്ക് മൂന്നു ദിവസം മുമ്പായിട്ടു തന്നെ ഇമാം മഹ്ദി(അ) സപരിവാരം ഖാദിയാനിൽ നിന്നും അമൃത്സറിൽ എത്തിച്ചേരുകയും ചെയ്തു. എന്നാൽ, മുബാഹല മറ്റൊരു തിയ്യതിയ്ക്ക് മാറ്റി വയ്ക്കണമെന്ന ആവശ്യമാണ് അപ്പോൾ മറുപക്ഷത്ത് നിന്നു മുന്നോട്ടു വച്ചത്. മുബാഹല നടത്തുന്നതിനു തയ്യാറെടുത്തു താനും കുടുംബക്കാരും കുഞ്ഞുകുട്ടികളും മിത്രങ്ങളുമടക്കം നാല്പതുപേരുള്ള ഒരു സംഘം അമൃത്സറിൽ എത്തിക്കഴിഞ്ഞിരിക്കയാണെന്നു അറിയിച്ചുകൊണ്ട് അദ്ദേഹം മൗലവി അബ്ദുൽഹക്കിനു ഒരു എഴുത്തയച്ചു. താൻ വിശദീകരണപ്രസംഗം ചെയ്യരുതെന്നാണെങ്കിൽ ആ നിബ്ധന സ്വീകരിച്ചു കൊള്ളാമെന്നും മൗലവി അബ്ദുൽഹക്ക് ഗസ്നവി നിർദ്ദേശിക്കുന്നപ്രകാരം പ്രാർത്ഥനാവാചകത്തിൽ മാറ്റം വരുത്തുന്നതും തനിയ്ക്ക് സമ്മതമാണെന്നും പക്ഷേ, മുബാഹല എന്തായാലും ഇപ്പോൾതന്നെ നടക്കണമെന്നും ആ പുണ്യാത്മാവ് അവരെ അറിയിച്ചു. ഗത്യന്തരമില്ലെന്നു വന്നപ്പോൾ അവർ അതിനു ഒരുങ്ങി.

മുബാഹലയ്ക്ക് അബ്ദുൽ ഹക്ക് ഗസ്നവിയാണ് ഇവിടെ മുൻകൈ എടുത്തിരുന്നത്. യഥാർത്ഥത്തിൽ ഹദ്റത്ത് അബ്ദുല്ലാഹ് ഗസ്നവിയുടെ

പുത്രനായ അബ്ദുൽ ജബ്ബാർ ഗസ്നവിയെയും ശിഷ്യനായ അബ്ദുൽ ഹക്ക് ഗസ്നവിയെയും എതിരണക്കാരായി കാണാൻ ഹദ്റത്ത് അഹ്മദ് ഇഷ്ടപ്പെട്ടിരുന്നില്ല. അവരുമായി ആത്മീയമായി ഏറ്റുമുട്ടുന്നതിൽ അദ്ദേഹം വിമുഖനുമായിരുന്നു. കാരണം, സൂഫിവര്യനും ഭക്തശിരോമണിയുമായിരുന്ന ഹദ്റത്ത് അബ്ദുല്ലാഹ് ഗസ്നവി(റഹ്)തന്റെ സത്യത്തെ അംഗീകരിക്കുകയും തന്നെക്കുറിച്ചുള്ള ഒരു ദൈവികദൃഷ്ടാന്തത്തിന്നു സാക്ഷ്യം വഹിക്കുകയും ചെയ്ത വിശുദ്ധാത്മാവായിരുന്നു. മഹ്ദീ ഇമാം അദ്ദേഹത്തെ ഖൈർദിയിൽവച്ചും അമൃത്സറിൽ വച്ചും നേരിട്ടുകണ്ടു സംസാരിച്ചിരുന്നതാണ്. അങ്ങനെയുള്ള ഒരു പുണ്യാത്മാവിന്റെ പിന്തുടർച്ചക്കാരിൽ ശാപമിറങ്ങുന്നത് അദ്ദേഹം എങ്ങിനെ പൊറുക്കും? "ഖാദിയാനിൽ ഒരു പ്രകാശം ഇറങ്ങി; എന്റെ മക്കൾ ആ പ്രകാശത്തിൽ നിന്ന് അകന്നുപോയി" എന്നു ഹദ്റത്ത് അബ്ദുല്ലാഹ് ഗസ്നവി(റഹ്) ഒരു ദർശനത്തെ അടിസ്ഥാനമാക്കി തുറന്നു പറഞ്ഞിരുന്നതാണ്. പുണ്യാത്മാവായ അബ്ദുല്ലാഹ് ഗസ്നവിയുടെ പുത്രനായ അബ്ദുൽ ജബ്ബാർ ഗസ്നവിയും ശിഷ്യനായ അബ്ദുൽഹക്ക് ഗസ്നവിയും ഇവിടെയിതാ തനിയ്ക്കെതിരിൽ കച്ചകെട്ടി പുറപ്പെട്ടിരിക്കുന്നു. അവർ പക്ഷെ, ഒടുവിൽ പിൻവാങ്ങുമെന്നും തന്റെ സത്യം അംഗീകരിക്കുന്നവരായി മാറുമെന്നും തന്നെ വാഗ്ദത്ത മസീഹ് (അ) അവസാനം വരെ വിശ്വസിച്ചു. ഇനി അവർ ശാപപ്രാർത്ഥന നടത്തിയാലും അവർ നശിക്കുമാറാകാൻ താൻ പ്രാർത്ഥിക്കുന്നതല്ല. അവർ തന്നിൽ കറ്റുകെട്ടു ആരോപിച്ചാലും അവരിൽ ശാപശിക്ഷ ഇറങ്ങുവാൻ താൻ ആഗ്രഹിക്കുന്നില്ല. അതായിരുന്നു മഹ്ദി ഇമാമിന്റെ നിലാപാട്.

പാതിരി അബ്ദുല്ലാഹ് ആഥിമുമായുള്ള വിവാദം നിശ്ചയിക്കപ്പെട്ടപ്പോൾ തങ്ങളുമായും വിവാദത്തിനു തയ്യാറാകണമെന്നു ആവശ്യപ്പെട്ടുകൊണ്ടു മൗലവിമാർ ഒച്ചപ്പാട് കൂട്ടി. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ലാഹോറിൽനിന്നും ഒരു വിജ്ഞാപനം ഇറക്കി. താൻ മിർസാ സാഹിബുമായി മുബാഹല നടത്താനായി അമൃത്സറിലേക്ക് വരികയാണെന്നും പ്രസംഗങ്ങളൊന്നുമുണ്ടായിരിക്കില്ലെന്നും മറ്റും അതിൽ പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ മുഹമ്മദ് ഹുസൈൻ ബട്ടാലവി മുഹാബലയ്ക്കായി തന്റെ മുമ്പിൽ ഒരിക്കലും പ്രത്യക്ഷപ്പെടുകയില്ലെന്നു ഹദ്റത്ത് അഹ്മദ് (അ) ഒരു വിജ്ഞാപനത്തിൽ തുറന്നെഴുതി. അടുത്ത ദിവസമാണ് അബ്ദുൽഹക്ക് ഗസ്നവിയുമായുള്ള മുബാഹല നടക്കേണ്ടിയിരുന്നത്.

1893 മെയ് 27-ാം തിയ്യതി ശനിയാഴ്ച ദിവസം അമൃത്സർ ഈദ്ഗാഹ് മൈതാനിയിൽ ഒരു വമ്പിച്ച ജനക്കൂട്ടം മുബാഹലയ്ക്ക് സാക്ഷ്യം വഹിക്കാൻ ഒരുമിച്ചു കൂടി. യൂറോപ്യൻ മിഷനറിമാരും അക്കൂട്ടത്തിലുണ്ടായിരുന്നു. അമൃത്സറിൽ പാതിരി അബ്ദുല്ലാഹ് ആഥിമുമായി വിവാദം നടത്തിവരുന്ന നാളുകളായിരുന്നു. ഹദ്റത്ത് അഹ്മദ്(അ) സപരിവാരം ഈദ്ഗാഹിലെത്തി ഒരു വൃക്ഷച്ചോട്ടിൽ സ്ഥലം പിടിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി അവിടെ വരികയും ഈദ്ഗാഹിലെ മിമ്പറിൽ കയറിനിന്നു പ്രസംഗം തുടങ്ങുകയും ചെയ്തു. ഇതു അയാ

ളുടെ മുൻപ്രഖ്യാപനത്തിനു വിപരീതമായ ഒരു നടപടിയായിരുന്നു. ബട്ടാലവി മുബാഹലയ്ക്ക് ഒരിക്കലും സന്നദ്ധനാകയില്ലെന്ന് ഹദ്റത്ത് അഹ്മദ്(അ) വിജ്ഞാപനത്തിൽ പറഞ്ഞിരുന്നതാണ്. ഇവിടെയിതാ, ബട്ടാലവി മുബാഹല ദിവസം മൈതാനിയിലെ മിമ്പറിൽ കയറിനിന്നു മഹ്ദീ മസീഹ് വാദിയ്ക്കെതിരിൽ പ്രസംഗിക്കുന്നു! ഹദ്റത്ത് അഹ്മദിനെതിരെ ശകാരങ്ങളുതിർക്കാനാണ് മുഴുവൻ സമയവും മൗലവി വിനിയോഗിച്ചത്. സ്വപക്ഷം ന്യായീകരിക്കാനോ കപടപക്ഷത്ത് ശാപശിക്ഷയിറങ്ങാനുള്ള പ്രാർത്ഥന നടത്താനോ അദ്ദേഹം തയ്യാറുണ്ടായിരുന്നില്ല. അദ്ദേഹം മുബാഹലയ്ക്ക് തയ്യാറായി വന്നതാണെന്നാണ് ജനം ധരിച്ചത്. എന്നാൽ, പ്രസംഗമവസാനിപ്പിച്ച് മുബാഹല പ്രാർത്ഥന നടത്തുന്നതിനുപകരം മൗലവി അബ്ദുൽഹക്ക് ഗസ്നവിയ്ക്ക് വഴിമാറിക്കൊടുത്തുകൊണ്ടു അവിടെ നിന്നും തലയൂരുകയാണ് മൗലവി സാഹിബ് ചെയ്തത്.

മൗലവി അബ്ദുൽ ഹക്ക് ഗസ്നവിയാകട്ടെ, തന്നെപ്പറ്റി ഒരക്ഷരം ഉരിയാടാതെയും താൻ കപടപക്ഷത്തിലാണെങ്കിൽ തന്റെമേൽ ശാപമിറങ്ങേണമേ എന്ന പ്രാർത്ഥന നിബന്ധപ്രകാരം നടത്താതെയും, അസത്യപക്ഷത്തെ ശാപശിക്ഷയിറക്കി നശിപ്പിക്കേണമേ, എന്ന പ്രാർത്ഥനപോലും ചെയ്യാതെ വാഗ്ദത്തമസീഹിന്റെമേൽ ശകാരവർഷം നടത്തുകയുമാണ് ചെയ്തത്. ഇതൊന്നും നിയന്ത്രിക്കാനോ തിരുത്തുവാനോ മദ്ധ്യസ്ഥൻമാരോ നിരീക്ഷകൻമാരോ ഉണ്ടായിരുന്നതുമില്ല. ഇതോട ഹദ്റത്ത് അഹ്മദിന്നെതിരിൽ ഇവരുടെ പക്ഷത്ത് ശാപശകാരങ്ങളല്ലാതെ സത്യസന്ധതയുടെയും ആത്മാർത്ഥതയുടെയും ദൈവവിശ്വാസത്തിന്റെയും കോപ്പുകൾ ഇല്ലെന്നു ജനസാമാന്യത്തിന് ബോദ്ധ്യപ്പെട്ടു.

ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ മുറ വന്നപ്പോൾ ആ മഹാത്മാവ് ഉച്ചത്തിലും എല്ലാവരെയും കിടിലം കൊള്ളിക്കുന്ന രീതിയിലും യാതൊരു ചാഞ്ചല്യവും കാട്ടാതെ തന്റെ സത്യവാദങ്ങളെ ഉള്ളുറപ്പോടെ പ്രഖ്യാപിക്കുകയും പ്രാർത്ഥന ഉരുവിടുകയുംചെയ്തു. താൻ ഒരു യഥാർത്ഥ മുസ്ലിം ആണെന്നും താൻ കാഫിറും മുർത്തദ്ദും മതത്തിൽനിന്നു അകന്നവനും അല്ലാഹുവിനെയും റസൂലിനെയും ധിക്കരിക്കുന്നവനുമാണെങ്കിൽ, ലോകത്തിന്റെ ആരംഭം മുതൽ ആരുടേയും മേൽ ഇറക്കീട്ടില്ലാത്തവിധം അതിഭീകരമാ ശാപശിക്ഷ തന്റേമേൽ ഇറക്കുകയും തന്നെയും തന്റെ പ്രസ്ഥാനത്തെയും വേരറുത്തു നശിപ്പിച്ചു കളകയും ചെയ്യേണമേ എന്നു ആ ദിവ്യാത്മാവ് പ്രാർത്ഥിക്കുകയും 'ആമീൻ' എന്നു പറഞ്ഞുകൊണ്ട് ആ പ്രാർത്ഥനയിൽ പങ്കുചേരുവാൻ ശ്രോതാക്കളോട് അഭ്യർത്ഥിക്കുകയുമുണ്ടായി. മറിച്ചാണെങ്കിൽ തന്റെമേൽ അനുഗ്രഹം ചൊരിയാനും അദ്ദേഹം പ്രാർത്ഥിച്ചു. പ്രാർത്ഥനാ വാചകം മൂന്നു തവണ ആവർത്തിക്കുകയും ചെയ്തു. അവിടെ ഭക്തിസാന്ദ്രമായ നിശ്ശബ്ദത തളംകെട്ടി നിന്നു. ഒടുവിൽ ആ വിസ്മയമൂകതയെ ഭഞ്ജിച്ചുകൊണ്ട് ഭക്തജനങ്ങളിൽനിന്ന് നെടുവീർപ്പുകളും തേങ്ങലുകളും അന്തരീക്ഷത്തിൽ ഉയർന്നു. അദൃഷ്ടപൂർവ്വകമായ ഈ പരസ്യപ്രാർത്ഥന സജ്ജനങ്ങളിൽ ധർമ്മവിചാരവും ദൈവചിന്തയും

പരത്തി. ദൈവത്തിൽ നിന്നുള്ള ഒരാൾക്കല്ലാതെ ഇപ്രകാരം സത്യം ചെയ്തു ശാപശിക്ഷയ്ക്കിരയ്ക്കാനുള്ള ധർമ്മശേഷി ഉണ്ടാവുകയില്ലെന്നും ഭക്തജനം ഏറ്റുപറഞ്ഞു.

മുബാഹലപ്രാർത്ഥന പൂർത്തിയാകുന്നതിനുമുമ്പുതന്നെ ഗസ്നവി പക്ഷത്തെ ഒരു ആദരപുരുഷനായ മൗലവി മുഹമ്മദ് യഅ്ഖൂബ് സാഹിബ് ഉച്ചത്തിൽ വിലപിച്ചു രണ്ടു കൈകളും ഉയർത്തിപ്പിടിച്ച നിലയിൽ ജനമദ്ധ്യത്തിലൂടെ കടന്നുവന്നു പരസ്യമായി ഇമാംമഹ്ദിയുടെ കാൽക്കൽ വീണ് പൊട്ടിക്കരയുകയും തന്റെ 'ബൈഅത്ത്' സ്വീകരിച്ച് ശിഷ്യഗണത്തിൽ ചേർക്കാൻ അപേക്ഷിക്കയുമുണ്ടായി! ഗസ്നവിപക്ഷത്തിന് ഏറ്റ ആദ്യത്തെ ആഘാതമായിരുന്നു അത്. ജനം പകച്ചു നിന്നു! (റിസാലാനൂർ അഹ്മദ്, ഭാ.32;ഹയാത്തെ തയ്യിബ, ഭാ.167)

ഗസ്നവിപക്ഷത്തെ നല്ലവരായ പല പ്രമുഖരും ഹദ്റത്ത് അഹ്മദിന്നെതിരായ നീക്കങ്ങൾ നടത്തരുതെന്നു അബ്ദുൽജബ്ബാൽ പ്രഭൃതികളെ താക്കീതു ചെയ്തിട്ടുണ്ടായിരുന്നു. അവരിൽപെട്ടവരാണ് മൗലവി മുഹമ്മദ് യഅ്ഖൂബും ഹാഫിസ് മുഹമ്മദ് യൂസുഫും. ഖാദിയാനിൽ ഒരു പ്രകാശം ഇറങ്ങിതായും തന്റെ മക്കൾ അതിൽനിന്നകന്നു പോയതായും ഹദ്റത്ത് 'അബ്ദുല്ലാഹ് ഗസ്നവി ഒരു ദിവ്യദർശനത്തിൽ കണ്ടിട്ടുണ്ടായിരുന്നുവെന്ന് ഇവർ രണ്ടുപേരും മുബാഹല പ്രാർത്ഥന കഴിഞ്ഞ ഉടനെ ഒരു വലിയ സദസ്സിൽ വച്ചു സത്യം ചെയ്തു പറഞ്ഞപ്പോൾ അതു ഗസ്നവി പക്ഷത്തിനു ഏറ്റ രണ്ടാമത്തെ കനത്ത പ്രഹരമായിരുന്നു!

ഈ സംഭവത്തിനുശേഷം ഏതാനും നാളുകൾക്കുള്ളിൽ എണ്ണായിരത്തോളം ആളുകൾ വാഗ്ദത്ത മസീഹിന്റെ കൈയിൽ ബൈഅത്ത് ചെയ്തു ശിഷ്യസംഘത്തിൽചേരുകയുണ്ടായി. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിക്ക് ഇതിനുശേഷമാണ് വമ്പിച്ച പ്രസിദ്ധിയും വിജയങ്ങളും ലഭിക്കുമാറായത്. അദ്ദേഹത്തിനു പിന്നേയം മക്കളുണ്ടായി. പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനുള്ള സഹായോപാധികൾ സ്വായത്തമായി. മൗലവി അബ്ദുൽഹക്ക് ഗസ്നവിയാകട്ടെ, മക്കളില്ലാതെ. സ്നേഹിതരില്ലാതെ നിരാശനായി. നിസ്സാഹായനായി ഈ ലോകത്തോടു യാത്രപറഞ്ഞു.

വാഗ്ദത്തമസീഹ് വാദത്തിനുശേഷം തന്റെ സത്യാവസ്ഥ ജനമദ്ധ്യേ തുറന്നുപറയാനും പരസ്യപ്പെടുത്താനും തന്റെ ആർജ്ജവവും ആത്മാർത്ഥതയും തെളിയിച്ചുകാട്ടാനുമുള്ള ഒരവസരം വിനിയോഗിക്കണമെന്നു മാത്രമേ ഈ മുബാഹല പ്രാർത്ഥനകൊണ്ട് ഹദ്റത്ത് അഹ്മദ്(അ) ഉദ്ദേശിച്ചിരുന്നുള്ളു. ആരുടെയെങ്കിലുംമേൽ ശാപം ഇറങ്ങണമെന്നോ ശത്രുപക്ഷം നശിച്ചുകാണണമെന്നോ അദ്ദേഹം ആഗ്രഹിച്ചില്ല. എന്നാൽ, താൻ ദൈവത്തിന്റെ ദൃഷ്ടിയിൽ ഒരു കപടവാദിയാണെങ്കിൽ തന്നെ മാതൃകാപരമായി നശിപ്പിച്ചു കളഞ്ഞുകൊണ്ട് കപടവാദത്തിന്റെ വേരറുത്തു കളയണമെന്നും ആ പുണ്യാത്മാവ് ആത്മാർത്ഥമായിതന്നെ പ്രാർത്ഥിച്ചു. ഇത്തരം ഏകപക്ഷിയമായ ആത്മശാപപ്രാർത്ഥന അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ പലേടത്തും ആവർത്തിച്ചാവർത്തിച്ചു കാണാവുന്നതാണ്.

മുബാഹല അതിന്റെ എല്ലാ നിബന്ധനകളോടും കൂടി നടത്തുവാനും ആത്മാർത്ഥമായ നിലയിൽ ആത്മശാപം ഇരക്കുവാനും ശത്രുനേതാക്കൾ ഒരുങ്ങിയില്ലെങ്കിലും തനിയ്ക്കെതിരായി അത്തരമൊരു മുബാഹല നടത്തുന്നതിന് ആർക്കും മുന്നോട്ടുവരാവുന്ന വിധം അദ്ദേഹം തന്റെ ഭാഗത്തുനിന്നുള്ള മുബാഹല പ്രാർത്ഥന തന്റെ ഗ്രന്ഥങ്ങളിൽ ചേർത്തു വച്ചിട്ടുണ്ട്. പ്രാർത്ഥനയ്ക്ക് ഒരു സ്ഥലത്ത് ഒരുമിച്ചു കൂടേണ്ടതില്ലാത്തവിധം കാലഘട്ടത്തിന്നു യോജിച്ച നിലയിൽ*'തഹ്രീരി മുബാഹല' (എഴുത്തുമുഖേനയുള്ള മുബാഹല) നടത്തുന്നതിന് അദ്ദേഹം സന്നദ്ധത വെളിപ്പെടുത്തി. ഉഭയകക്ഷികൾ ഒരിടത്തു ഒരുമിച്ചു കൂടി മുഖാമുഖം മുബാഹല നടത്തുന്നതിനും താൻ സന്നദ്ധനായിരുന്നെന്നും അദ്ദേഹം തെളിയിച്ചു കാട്ടി. അതിനാൽ അദ്ദേഹം ഒരു മുഖാമുഖ മുബാഹലയ്ക്ക് സന്നദ്ധനായിരുന്നില്ലെന്നും ഖുർആൻ നിർദ്ദേശിച്ചതു അതായിരുന്നുവെന്നും പറഞ്ഞൊഴിയാൻ എതിരാളികൾക്ക് സാധിക്കുന്നതല്ല. തന്റെ കുഞ്ഞുകുട്ടികളെയും ബന്ധുമിത്രാദികളേയും കൂട്ടി അദ്ദേഹം മുബാഹല മൈതാനിയിൽ സത്യ ധീരതയോടെ എത്തിച്ചേർന്നിരുന്നതിനാൽ ഖിയാമം നാൾവരെ പ്രസ്തുത ആക്ഷേപം ശത്രുക്കൾക്ക് പുറപ്പെടുവിക്കാൻ കഴിയാതായി.

* മുബാഹല നടത്തുന്നതിന് ഇരുവിഭാഗവും ഒരിടത്ത് സമ്മേളിച്ചിരിക്കണമെന്നതു അനുപേക്ഷ്യമായ ഒരു ഉപാധിയല്ല. നജ്റാനിലെ ക്രിസ്തീയപക്ഷത്ത് സ്ത്രീകളും കുട്ടികളും വന്നുചേർന്നിരുന്നില്ലല്ലോ. മുബാഹല പ്രാർത്ഥനയ്ക്ക് കരാറുണ്ടാക്കിയശേഷം ഇരുവിഭാഗത്തിനും താന്താങ്ങളുടെ സ്ഥലങ്ങളിലിരുന്നുകൊണ്ട് മുബാഹല പ്രാർത്ഥന നടത്താം. സ്വന്തക്കാരെ മനസ്സിൽ കൂട്ടു ചേർത്താൽ മതിയാകും. അതു സാക്ഷ്യപ്പെടുത്തുകയും പരസ്യമാക്കുകയും വേണമെന്നു മാത്രം! അബൂജഹിൽ 'കഅബ'യുടെ കില്ല് പിടിച്ചുകൊണ്ട് തനിയ്ക്കും മുഹമ്മദ് നബി (സ) തിരുമേനിയ്ക്കും ഇടയിൽ ഒരു തീരുമാനമുണ്ടാക്കാൻ ബദ്ർയുദ്ധത്തിനുമുമ്പ് ദൈവത്തോടു പ്രാർത്ഥിച്ചിരുന്നത് ഒരു മുബാഹല പ്രാർത്ഥനയായിരുന്നു. ഹദ്റത്ത് അഹ്മദിനെതിരിൽ പണ്ഡിറ്റ് ലേഖ്റാം പരമേശ്വരനെ വിളിച്ചു പ്രാർത്ഥിച്ചതും ഒരുമുബാഹല ആയിരുന്നു.

32- "ജംഗ മുഖട്ടസ്"

ക്രൈസ്തവപാതിരിമാർ തങ്ങളുടെ മതപ്രചാരവേലയും മതപരിവർത്തനസംരംഭങ്ങളും ഇന്ത്യയിലൊട്ടുക്കും പൂർവ്വാധികം ശക്തിപ്പെടുത്തിക്കൊണ്ടിരുന്നു. ഉലമാക്കൻമാരോ മുസ്ലിം പ്രധാനികളോ ക്രൈസ്തവമുന്നേറ്റത്തെ ചെറുക്കുവാനോ തളർത്താനോ ശ്രമിയ്ക്കുകയോ ഇസ്ലാമിന്റെ നേരെയുള്ള ആക്രമണങ്ങളെ ശ്രദ്ധിക്കുകയോ ചെയ്തിരുന്നില്ല. എന്നാൽ, ഹദ്റത്ത് അഹ്മദിന്റെ രംഗപ്രവേശത്തോടുകൂടി ഭക്തജനങ്ങൾക്കിടയിൽ മതാഭിമാനം തിളച്ചു പൊങ്ങുകയും സത്യമതസംരക്ഷണാർത്ഥം പ്രവർത്തിക്കാൻ അവർ ഉത്സുകരായിത്തീരുകയും ചെയ്തിരുന്നു.

അമൃത്സർ ജില്ലയിലെ ജൻഡിയാല എന്ന ഗ്രാമത്തിൽ ക്രിസ്തുമതപ്രവർത്തനം ഉഗ്രതരമായി. തദ്ദേശത്തെ മുസ്ലിംകൾ ഇസ്ലാം മതസംരക്ഷണാർത്ഥം തങ്ങാളാലാവുന്നതെല്ലാം ചെയ്തുകൊണ്ടിരുന്നു. പാതിരിമാർ തെരുവുയോഗങ്ങളിൽ ഇസ്ലാമിനെ അവഹേളിച്ചു തുടങ്ങിയപ്പോൾ മുസ്ലിംകൾ അതിനെ എതിർക്കുകയും ചോദ്യവർഷംകൊണ്ടു ക്രിസ്ത്യാനികളെ വീർപ്പുമുട്ടിക്കുകയും ചെയ്തു.

ക്രിസ്തീയമിഷ്യൻ അധികാരസ്ഥൻമാർ ഈ എതിർപ്പിനെ ഗൗനിക്കാൻ നിർബന്ധിതരായി. അമൃത്സർ ജില്ലയിലെ മെഡിക്കൽ മിഷ്യന്റെ ഇൻചാർജ് ആയിരുന്ന റവ:ഡോക്ടർ മാർട്ടിൻ ക്ലാർക്ക് എം.ഡി.സി.എം.(എഡിൻബറോ), എം.ആർ.ഏ.എസ്.സി.എം. എസ്. ജണ്ടിയാലയിലെ ഒരു മുസ്ലിം പ്രമുഖനായിരുന്ന മുഹമ്മദ് ബക്ഷ് പാന്ത എന്നയാൾക്ക് എഴുതിയ ഒരു കത്തിൽ ഇസ്ലാമിന്റെയും ക്രിസ്തുമതത്തിന്റെയും അംഗീകൃതപണ്ഡിതൻമാർ തമ്മിൽ ഒരു വാദപ്രതിവാദം നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നും അതുവഴി സത്യമതം ഏതാണെന്നു തീരുമാനമുണ്ടാക്കി നിത്യശണ്ഠയ്ക്ക് പരിഹാരം കാണണമെന്നും നിർദ്ദേശിക്കുകയുണ്ടായി. ഈ റജിസ്റ്റർ കത്ത് കിട്ടിയപ്പോൾ മുഹമ്മദ് ബക്ഷ് പാന്ത ആ വിവരം ഉടൻതന്നെ മുസ്ലിം പണ്ഡിതൻമാരെ അറിയിച്ചു. കത്തിന്റെ ഒരു പകർപ്പെടുത്തു ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്കും അദ്ദേഹം അയക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾക്കായി അഭ്യർത്ഥിയ്ക്കുകയുമുണ്ടായി. ഈ കത്തു വായിച്ചപ്പോൾതന്നെ ആ മഹാത്മാവിനു അത്യധികമായ സന്തോഷമാണുണ്ടായത്. എന്തെന്നാൽ, ക്രിസ്തുമതത്തിനെതി

രിൽ ഇസ്ലാമിന്റെ സത്യത്തെ തെളിയിച്ചു കാട്ടാനുള്ള ദൈവദത്തമായ ഒരു സുവർണ്ണാവസരമാണതെന്നദ്ദേഹം മനസ്സിലാക്കി കത്തുകിട്ടിയ അന്നു തന്നെ അദ്ദേഹം ക്രൈസ്തവമിഷനറിയ്ക്കും മുഹമ്മദ്ബക്ഷിനും ഓരോ എഴുത്തയക്കുകയും ചെയ്തു. വാദപ്രതിവാദം നടത്തുന്നതിനു താൻ തയ്യാറാണെന്നും അതു ജണ്ടിയാലയിലോ അമൃത്സറിലോ ബട്ടാലയിലോ വച്ചാണ് നടത്തുന്നതെങ്കിൽ താൻ സ്വന്തം ചെലവിൽതന്നെ അവിടെ വന്നെത്തിക്കൊള്ളുന്നതാണെന്നും ഖാദിയാനിൽവച്ചു നടത്താൻ സമ്മതിയ്ക്കുന്ന പക്ഷം യാത്രച്ചെലവടക്കം എല്ലാ ചെലവുകളും താൻ സ്വന്തത്തിൽ വഹിക്കുന്നതാണെന്നും പ്രസ്തുതകത്തുകളിൽ പ്രസ്താവിച്ചിരുന്നു. ഹദ്റത്ത് അഹ്മദിന്റെ എഴുത്തു കൈപറ്റിയശേഷം ക്രിസ്തീയനേതാവ് ജണ്ടിയാലയിലെ മുസ്ലിംകളിൽനിന്നുള്ള മറുപടി പ്രതീക്ഷിച്ചിരിക്കയായിരുന്നു. മുഹമ്മദ് ബക്ഷ് മൗലവിമാർക്കയച്ച കത്തുകൾക്ക് മറുപടി ലഭിച്ചുവെങ്കിലും താമസസൗകര്യങ്ങളെയും ആഹാരാദികളെയും വിവാദാനന്തരം തങ്ങൾക്ക് ലഭിക്കേണ്ടുന്ന പ്രതിഫലത്തെയും കുറിച്ചു അന്വേഷിച്ചുകൊണ്ടുള്ളതായിരുന്നു ആ മറുപടികൾ. ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) വാദപ്രതിവാദം ഉടൻതന്നെ നടത്തേണ്ടതിലേയ്ക്കായി നിബന്ധനകൾ ഉണ്ടാക്കേണ്ടതിനു സ്വശിഷ്യപ്രധാനികളായ ഹസ്രത്ത് മൗലാനാ അബ്ദുൽകരീംസാഹിബ് സിയാൽക്കോട്ടി, മുൻഷി ഗുലാം ഖാദിർ സാഹിബ് ഫസീഹ്,ഹദ്റത്ത് മുൻഷി സഫർ അഹ്മദ് സാഹിബ് കപൂർത്തലവി തുടങ്ങിയവരടങ്ങിയ ഒരു പ്രതിനിധി സംഘത്തെ റവ:മാർട്ടിൻ ക്ലാർക്കിന്റെ അടുക്കലേയ്ക്കയച്ചു. ജണ്ടിയാലയിലെ മുസ്ലിംകൾ ഇസ്ലാംമതപണ്ഡിതരല്ലാത്തതിനാൽ താനുമായി നേരിട്ടുതന്നെ വാദപ്രതിവാദത്തിനുള്ള നിശ്ചയങ്ങൾ ചെയ്യുന്നതാണുത്തമമെന്നഭിപ്രായപ്പെട്ടുകൊണ്ടും തന്റെ നിർദ്ദേശങ്ങൾ ഉന്നയിച്ചുകൊണ്ടുമുള്ള ഹദ്റത്ത് അഹ്മദിന്റെ ഒരു എഴുത്ത് അവർ റവ:മാർട്ടിൻ ക്ലാർക്കിനു നൽകി. തദനന്തരം, അവർ തമ്മിൽ കൂടിയാലോചനകൾ നടത്തുകയും തിയ്യതിയും മറ്റു നിബന്ധനകളും നിശ്ചയിച്ചുറപ്പിയ്ക്കുകയും ചെയ്തു. മുസ്ലിംകളുടെ ഭാഗത്ത് ഹദ്റത്ത് അഹ്മദുൽഖാദിയാനിയും ക്രിസ്ത്യാനികളുടെ ഭാഗത്ത് റവ:അബ്ദുല്ലാ ആഥിമും* വക്താക്കളായിരിക്കുമെന്നും വാദപ്രതിവാദം എഴുത്തുമുഖേനയായിരിക്കുമെന്നും മറ്റുമുള്ള നിബന്ധനകൾ അംഗീകരിക്കപ്പെട്ടശേഷം കരാറിൽ ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബും റവ:മാർട്ടിൻ ക്ലാർക്കും ഇരുപക്ഷക്കാർക്കും വേണ്ടി ഒപ്പുവെച്ചു.

അമൃത്സറിലേയും ബട്ടാലയിലേക്കും മൗലവിമാർക്ക് ഈ നിശ്ചയങ്ങളെക്കുറിച്ച് അറിവ് ലഭിച്ചപ്പോൾ അവർ ഉടനെ റവ:ആഥിമിനെയും റവ:മാർട്ടിൻ ക്ലാർക്കിനെയും സമീപിക്കുകയും ഹ:അഹ്മദും അനുയായി

*1828ൽ അമ്പാലയിൽ ജനിച്ച ഇദ്ദേഹം 1853ൽ ക്രിസ്തുമതം വിശ്വസിച്ച ശേഷം 'പാപി' എന്നർഥമുള്ള ആഥിം' എന്ന പേർ സ്വീകരിച്ചു. 'തഹസിൽദാർ' ആയി ജോലിയാരംഭിച്ചു 'എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണർ' ഉദ്യോഗം വരെ വഹിച്ചതിൽപിന്നെ ക്രിസ്തീയ മിഷ്യനറിയായി പ്രവർത്തിച്ചുതുടങ്ങി. യൂറോപ്യൻ പാതിരിമാർക്കിടയിൽപോലും ഇദ്ദേഹത്തിനു ബഹുമാന്യസ്ഥാനം ലഭിച്ചിരുന്നു.

കളും ഇസ്‌ലാമികവൃത്തത്തിൽനിന്നു പുറംതള്ളപ്പെട്ടവരായിരിക്കയാൽ അദ്ദേഹവുമായുള്ള വാദപ്രതിവാദവ്യവസ്ഥകൾ റദ്ദ് ചെയ്യാനാവശ്യപ്പെടുകയുമുണ്ടായി. തുടർന്നു ക്രൈസ്തവനേതാക്കൾ വീണ്ടും ആലോചന നടത്തി മൗലവിമാർ വാദപ്രതിവാദത്തിനു സന്നദ്ധരായിരിക്കയാണെന്നും മിർസാ സാഹിബ് കാഫിറാണെന്നു മറ്റു മുസ്‌ലിം ആലിംകൾ ഫത്‌വ പുറപ്പെടുവിച്ചിരിക്കയാൽ ഇസ്‌ലാമിന്റെ പ്രാതിനിധ്യം അവകാശപ്പെടാൻ അദ്ദേഹത്തിനർഹതയില്ലെന്നും തങ്ങൾ മൗലവിമാരുമായി വിവാദം നടത്തുന്നതിന്നാണ് ഉദ്ദേശിക്കുന്നതെന്നും അതിനാൽ വാദപ്രതിവാദത്തിനായി വരേണ്ടില്ലെന്നും കാണിച്ചു അവർ ഹദ്‌റത്ത് അഹ്മദിനു കത്തെഴുതുവാൻ പ്രേരിതരായി. ക്രിസ്തീയനേതാക്കളുടെ മറുപടി തീരെ ന്യായമല്ലെന്നും അവർ താനുമായി ഒരു കരാറുണ്ടാക്കിക്കഴിഞ്ഞിരിക്കയാൽ ഒന്നുകിൽ വാദപ്രതിവാദത്തിനു തയ്യാറാകുകയോ അല്ലെങ്കിൽ പരാജയം പരസ്യമായി ഏറ്റുപറയുകയോ വേണമെന്നും അപ്രകാരം പത്രങ്ങളിൽ പരസ്യപ്പെടുത്തിക്കഴിഞ്ഞശേഷം മൗലവിമാരുമായി വാദപ്രതിവാദം നടത്തിക്കൊള്ളാൻ അവർക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണെന്നും ഹദ്‌റത്ത് അഹ്മദ് (അ) മറുപടി അയച്ചു. മതഭ്രഷ്ടിന്റെ കാര്യത്തിൽ താൻ ഒരു പ്രകാശത്തിലും അസ്വസ്ഥനല്ലെന്നും ദൈവകൃപയാൽ താൻ യഥാർത്ഥ മുസൽമാനായിത്തന്നെയിരിക്കുന്നുവെന്നും ജ്ഞാനികളും ദൈവഭക്തരുമായ മുസ്‌ലിംകളുടെ ഒരുസംഘം തന്നോടോപ്പമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. പ്രൊട്ടസ്റ്റന്റ്കാരും കത്തോലിക്കരും പരസ്പരം മതഭ്രഷ്ടരും വധാർഹരുമാണെന്നു വിധിച്ചിരിക്കുന്നതിനാൽ ക്രിസ്ത്യാനികളുടെ പ്രാതിനിധ്യം ഏറ്റെടുക്കാൻ പാതിരി മാർട്ടിൻ ക്ലാർക്കിന്നു അവകാശമോ അർഹതയോ ഇല്ലാതെ വരുമെന്നും മതഭ്രഷ്ടിന്റെ കാര്യത്തിൽ ഇരുപക്ഷവും സമൻമാരാണെന്നും അദ്ദേഹം ഓർമ്മപ്പെടുത്തുകയുമുണ്ടായി. സത്യവും അസത്യവും ഏതെന്ന കാര്യത്തിലാണ് വിവാദമെന്നിരിക്കെ 'കുഫ്‌റ്' ഫത്‌വ'യ്ക്ക് ഇവിടെ എന്തുണ്ട് പ്രസക്തി എന്നുമദ്ദേഹം ചോദിക്കാതിരുന്നില്ല. ഒഴിഞ്ഞുമാറാൻ യാതൊരു നിവൃത്തിയുമില്ലെന്നു വന്നപ്പോൾ പാതിരിമാർ വിവാദം നടത്താൻ തന്നെ ഒരുങ്ങി.

പാണ്ഡിത്യവും പ്രതിഭാവിലാസവും പ്രകടിപ്പിക്കാനുള്ള ഒരും രംഗം സൃഷ്ടിക്കുകയെന്നതല്ല ഒരു വാദപ്രതിവാദംകൊണ്ടു താനുദ്ദേശിക്കുന്നതെന്നും ശുഷ്കമായ തർക്കവിതർക്കങ്ങളിൽ ഏർപ്പെടുന്നതിനേയ്ക്കാൾ സത്യത്തിന്റെ ഉജ്ജ്വലപ്രകാശം ചൊരിയുന്ന ദിവ്യദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുന്നതിനാണ് താനിഷ്ടപ്പെടുകയെന്നും ഫലംകൊണ്ടു വൃക്ഷത്തെ നിർണ്ണയിച്ചറിയണമെന്നുള്ള യേശുവിന്റെ അരുളപ്പാടിനൊത്തു ക്രിസ്തുമതത്തിന്റെ ദിവ്യശക്തി വെളിപ്പെടുമാറാകുന്നതിനു ക്രൈസ്തവനേതാക്കൾ തങ്ങളുടെ കർത്താവായ യേശുവിനോടു പ്രാർത്ഥിച്ചുകൊള്ളേണ്ടതാണെന്നും ഖുർആന്റെ യഥാർത്ഥ അനുയായി എന്നനിലയിൽ സത്യദൈവത്തിന്റെ ആത്മീയാനുഗ്രഹങ്ങളാൽ പരിലാളിതനായിരിക്കുന്ന താൻ ഇസ്‌ലാമിന്റെ ദിവ്യശക്തി പ്രദർശിപ്പിക്കുവാൻ തയ്യാറാണെന്നും

പ്രസ്താവിച്ചുകൊണ്ടു ഹദ്റത്ത് അഹ്മദ്(അ) ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി, വാദപ്രതിവാദത്തിന്റെ അന്ത്യഘട്ടത്തിൽ താനുമായി പ്രാർത്ഥനാ സമരത്തിലേർപ്പെടാൻ അദ്ദേഹം ക്രൈസ്തവനേതാക്കളെ ആഹ്വാനം ചെയ്തു. അവർ മൗനമവലംബിച്ചപ്പോൾ ആഹ്വാനം സ്വീകരിക്കുന്നതിനു റവ:മാർട്ടിൻ ക്ലാർക്കിന്റെ പേരെടെത്തു പറഞ്ഞുകൊണ്ടു പ്രത്യേക നിലയിൽ പിന്നെയും ക്ഷണിക്കുകയുണ്ടായി. എന്നാൽ, അദ്ദേഹവും ഒഴിഞ്ഞുമാറുകയത്രെ ചെയ്തത്!

1893 മെയ് 12-ാം തിയ്യതി റവ: ഹെന്റി മാർട്ടിൻ ക്ലാർക്ക് ലുധിയാനയിലെ അമേരിക്കൻ മിഷ്യൻ പ്രസ്സിൽനിന്നു ഒരു ലഘുലേഖ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. ഇതേ ലേഖനം 'നൂറഫ്ശാൻ' എന്ന ക്രൈസ്തവപത്രത്തിന്റെ ഉപപത്രികയായും പ്രസിദ്ധം ചെയ്തിരുന്നു. മിർസാ സാഹിബ് ഒരു മുസ്ലിം അല്ലെന്ന് അതിൽ പ്രസ്താവിയ്ക്കുകയും മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെയും മറ്റും ഫത്വകൾ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ജൻഡിയാലയിലെ മുസ്ലിംകൾ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ കൈവിടുകയാണെങ്കിൽ തങ്ങൾക്ക് വാദപ്രതിവാദത്തിൽനിന്നു തലയൂരാമെന്നതായിരുന്നു ആ ലഘുലേഖയുടെ ആകസ്സാരം. എന്നാൽ, ജണ്ടിയാലയിലെ മുസ്ലിംകൾ തങ്ങളുടെ യഥാർത്ഥനേതാവിനെ തള്ളിപ്പറഞ്ഞു സ്വയം വിഡ്ഢികളാകുവാൻ കൂട്ടാക്കിയില്ല. അവർ ഹദ്റത്ത് അഹ്മദിന്റെ പിന്നിൽ ഉറച്ചുനിന്നു.

വാദപ്രതിവാദം

1893 മെയ് 22-ാം തിയ്യതി തിങ്കളാഴ്ച കാലത്ത്, അമൃത്സറിലുള്ള ഡോ.ഹെൻറി മാർട്ടിന്റെ ക്ലാർക്കിന്റെ ബംഗ്ലാവിൽവച്ചു വാദപ്രതിവാദം ആരംഭിച്ചു. ഈ വാദപ്രതിവാദത്തെ 'വിശുദ്ധ സമരം" എന്നാണ് ക്രിസ്ത്യാനികൾ വിളിച്ചിരുന്നത്.* ഡോ.മാർട്ടിൻ ക്ലാർക്കും മുൻഷി ഗുലാംഖാദിർ സാഹിബ് ഫസീഹും പ്രസിഡണ്ടുമാരായി നിശ്ചയിക്കപ്പെട്ടു. ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്, മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് എന്നിവർ ഹദ്റത്ത് അഹ്മദിന്റെ സഹായകരായും റവ:ഇഹ്സാനുല്ല റവ:തോമാസ് ഹോവൽ, റവ:ഠാക്കർദാസ് എന്നിവർ റവ:അബ്ദുല്ലാ ആഥിമിന്റെ സഹായകരായും പ്രവർത്തിക്കാമെന്നും സമ്മതിക്കപ്പെട്ടിരുന്നു. വാദപ്രതിവാദസ്ഥലത്തേയ്ക്കുള്ള പ്രവേശനം ടിക്കറ്റുമൂലമാണ് നിയന്ത്രിച്ചിരുന്നത്. ഇരുകക്ഷികളിലുംപെട്ട ഇരുപതീതുപേരെ മാത്രമെ അകത്തുകടക്കാൻ അനുവദിച്ചിരുന്നുള്ളു. ക്രിസ്ത്യാനികൾക്കുള്ള ടിക്കറ്റ് മുസ്ലിംകളും മുസ്ലിംകൾക്കുള്ള ടിക്കറ്റ് ക്രിസ്ത്യാനികളും ആണ് പരിശോധന ചെയ്തിരുന്നത്. എല്ലാ ഏർപ്പാടുകളെയും പ്രസിഡണ്ടുമാർ മേൽനോട്ടം ചെയ്യാനും നിശ്ചയിക്കപ്പെട്ടിരുന്നു. അകത്തേയ്ക്കുള്ള പ്രവേശനം നിയന്ത്രിക്കപ്പെട്ടിരുന്നുവെങ്കിലും വിവാദം ശ്രദ്ധിക്കുവാനായി നൂറു

*റവ: റോബർട്ട് ക്ലാർക്ക് The Mission of the C.M.S. in the Punjab and sindh എന്ന തന്റെ പുസ്തകത്തിൽ (Lond-104)ഈ വിവാദത്തെ "The Great Coniroversy" എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

കണക്കിൽ ആളുകൾ പുറത്തു തടിച്ചുകൂടിയിരുന്നു. ഓരോ പത്രികയുംഎഴുതിക്കഴിഞ്ഞശേഷം സദസ്സിൽ വായിച്ചുകേൾപ്പിക്കേണ്ടതും ഓരോ കക്ഷിയുടെയും വക്താവും പ്രസിഡണ്ടുമാരും അതിൽ ഒപ്പുവെക്കേണ്ടതുമായിരുന്നു. "യേശുവിന്റെ ദൈവത്വം" ഖുർആനോ ഇഞ്ചീലോ ശ്രേഷ്ഠം?" "ക്രിസ്തുമതമോ ഇസ്ലാമോ സത്യം?" എന്നിവയായിരുന്നു വിവാദവിഷയങ്ങൾ.

യേശുവിന്റെ ദൈവത്വത്തെ കുറിച്ചായിരുന്നു ആദ്യദിവസത്തെ വിവാദം. ക്രൈസ്തവപക്ഷത്തെ ഖണ്ഡിച്ചുകൊണ്ടു ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം എഴുതി; "ഒരു സ്ത്രീയുടെ ഗർഭാശയത്തിൽ 9 മാസം കഴിഞ്ഞുകൂടുകയും ഋതുരക്തത്തിൽ വളരുകയും പിന്നീട് സാധാരണ മനുഷ്യരെപ്പോലെ ജന്മം കൊള്ളുകയും ചെയ്ത ദുർബ്ബലനും അശക്തനുമായ ഒരു മനുഷ്യനെയാണോ നിങ്ങൾ ദൈവമാക്കുന്നത്! അങ്ങനെയുള്ള ഒരു സത്ത ദൈവമാകുമോ?"

ഇതുകേട്ടപ്പോൾ പാതിരിമാർക്ക് വിളറിപിടിച്ചു. കർത്താവായ യേശു മശീഹായെ കുറിച്ചുള്ള ഇത്തരം പ്രസ്താവനകൾ കേൾക്കാൻ തങ്ങൾ ഒരുക്കമല്ലെന്നു പറഞ്ഞുകൊണ്ടു വിവാദം അവസാനിപ്പിക്കാൻ അവർ ബദ്ധപ്പെട്ടു. എന്നാൽ, ഹദ്റത്ത് അഹ്മദ് (അ) താൻ എഴുതിയ വാക്കുകൾ പിൻവലിയ്ക്കുവാൻ കൂട്ടാക്കിയില്ല. ക്രിസ്ത്യാനികളുടെ വെപ്രാളവും വേവലാതിയും ഡോ.മാർട്ടിൻ ക്ലാർക്കിനെ അസ്വസ്ഥനാക്കി. ക്ഷമ കൈക്കൊള്ളാനും വിവാദം തുടരുവാനും അദ്ദേഹം നിർദ്ദേശിച്ചു. മുസ്ലിംകൾ ക്ഷോഭിക്കുമെന്നാണ് താൻ കരുതിയതെന്നും എന്നാലിപ്പോൾ ക്രിസ്ത്യാനികളാണ് ക്ഷോഭിച്ചിളകിയിരിക്കുന്നതെന്നും അദ്ദേഹം പറയുകയുണ്ടായി.

തന്റെ ഊഴം വന്നപ്പോൾ റവ: ആഥിം ഈ ചോദ്യത്തിനു മറുപടി നൽകാൻ ശ്രമിക്കുകയുണ്ടായി. എന്നാലത് ക്രിസ്തീയമായ അംഗീകൃത വിശ്വാസങ്ങളിൽനിന്നു വ്യതചലിച്ചു സ്വന്തം അഭിപ്രായത്തിന്റെ മറവിൽ അഭയം തേടാനുള്ള ഒരു വിഫലശ്രമം മാത്രമായിരുന്നു. മശീഹാ 30 വർഷങ്ങളോളം സാധാരണ മനുഷ്യരെപോലെതന്നയായിരുന്നുവെന്നും, അദ്ദേഹത്തിൽ പരിശുദ്ധാത്മാവ് (റൂഹുൽ ഖുദ്സ്) ഇറങ്ങിയതോടെ 'മസ്ഹറുല്ലാഹ്' അഥവാ 'ദൈവാവതാരം' എന്നു വിളിക്കപ്പെട്ടു എന്നും റവ:ആഥിം പ്രസ്താവിച്ചു. ഇതുതന്നെയാണ് മുസ്ലിംകളും പറയുന്നതെന്നും മസീഹ് ഒരു മനുഷ്യനും നബിയും ആയിരുന്നുവെന്നും ഒരാളിൽ പരിശുദ്ധാത്മാവ് അഥവാ 'റൂഹുൽ ഖുദ്സ്, ഇറങ്ങിയാൽ അദ്ദേഹം 'നബി' എന്നോ 'മസ്ഹറുല്ലാഹ്' എന്നോ പറയപ്പെടുന്നു എന്നും ഹദ്റത്ത് അഹ്മദ് (അ) പ്രതിവചിച്ചു. ഈ പ്രസ്താവന കേട്ടപ്പോഴാണ് ആഥിമിന്റെ പ്രത്യാഖ്യാനത്തിലെ പാകപ്പിഴ പാതിരിമാർക്ക് വെളിപ്പെട്ടത്. ആഹാരപാനീയങ്ങളെ ആശ്രയിക്കേണ്ടിവരുന്ന ഒരു ദൃശ്യവസ്തു ഒരിക്കലും ദൈവമായിരിക്കുന്നതല്ലെന്നു സമ്മതിക്കാൻ റവ:ആഥിം നിർബന്ധിതനായി. ഒരു പ്രത്യേക ഘട്ടത്തിൽ പരിശുദ്ധാത്മാവ് നിവേശിച്ചശേഷമാണ് യേശു ദൈവാവതാ

പാതിരി അബ്ദുല്ലാ ആഥിം

ഹെന്റ്ട്രി മാർട്ടിൻ ക്ലാർക്ക്

തോമസ് ഹോവൽ

രമായിത്തീർന്നതെങ്കിൽ ദൈവപുത്രനായ യേശു പിതാവായ ദൈവത്തിന്റെ ഒരംശം തന്നെയാണെന്നും ത്രീത്വത്തിൽ ആരും ആർക്കും മുമ്പിലോ പിമ്പിലോ ഉള്ളവരല്ലെന്നും ഒരേപോലെ അനാദ്യന്തരാണെന്നും ഉള്ള ക്രൈസ്തവ വിശ്വാസാടിസ്ഥാനം പൊളിയുന്നുവല്ലൊ!

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ ലോകദൃഷ്ടിയിൽ അപമാനിതനാക്കാൻ ഈ വിവാദത്തിനിടയിൽ ക്രൈസ്തവപുരോഹിതൻമാർ ഒരു കുത്സിതശ്രമം നടത്തിയെങ്കിലും ദയനീയമായി പരാജയപ്പെടുകയാണുണ്ടായതെന്നു പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. ക്രിസ്തീയ വൈദികർ, ഒരു കുരുടനെയും ഒരു മുടന്തനെയും ഒരു ഊമയെയും തിരഞ്ഞുപിടിച്ചു വിവാദസ്ഥലത്തു കൊണ്ടുവന്നു നിർത്തുകയും, യേശുമശീഹാ ചെയ്തുകാണിച്ചതുപോലുള്ള അത്ഭുതകൃത്യങ്ങൾ കാണിക്കാൻ മശീഹാവാദിയ്ക്ക് കഴിയേണ്ടതാകയാൽ തങ്ങൾ കൊണ്ടുവന്നിട്ടുള്ള മുടന്തനെയും കുരുടനെയും ഊമയെയും സുഖപ്പെടുത്തിക്കാണിക്കണമെന്നും ആവശ്യപ്പെടുകയും അപ്രകാരം ചെയ്തുകാണിച്ചാൽ മാത്രമേ മശീഹാവാദം സ്വീകാര്യമായിരിക്കയുള്ളു എന്നും പറയുകയുമുണ്ടായി. ക്രൈസ്തവനേതാക്കൾ നാടകീയമായി ഉന്നയിച്ച ഈ ആവശ്യം എല്ലാവരെയും അമ്പരപ്പിക്കുകതന്നെ ചെയ്തു. തങ്ങളുടെ പ്രതിയോഗി പരാജയപ്പെട്ടു പിൻമാറുന്നതു കാണാൻ ക്രിസ്തീയനേതാക്കൾ കൊതിച്ചിരിക്കുകയായിരുന്നു. ഹദ്റത്ത് അഹ്മദിന്റെ ശിഷ്യരിൽ ചിലർപോലും ഇതിനെന്തുത്തരം നൽകപ്പെടുമെന്നറിയാതെ പരിഭ്രമം പൂണ്ടു. എന്നാൽ, ആ മുടന്തനെയും അന്ധനെയും ഊമയെയും നോക്കിക്കൊണ്ടു ക്രൈസ്തവ മിഷണറിമാരോടായി ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരമാണ് പറഞ്ഞത്:

"കുരുടരെ കാഴ്ചയുള്ളവരാക്കിത്തീർത്തുവെന്നും മുടന്തരെ നടക്കുമാറാക്കി എന്നും പറയുന്നതു നിങ്ങളുടെ വേദപുസ്തകങ്ങളാണ്. അതുമല്ല, നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ നിങ്ങളുടെ കരസ്പർശത്താൽ രോഗികളെ സുഖപ്പെടുത്താമെന്നും അവയിൽ പറയുന്നുണ്ട്. അതുകൊണ്ട് ഈ മനുഷ്യരെ ഒരുമിച്ചുകൂട്ടിക്കൊണ്ടു വന്ന നിങ്ങൾതന്നെ അവരെ സുഖപ്പെടുത്തി നിങ്ങൾക്ക് കടുകുമണിയോളമെങ്കിലും വിശ്വാസമുണ്ടെന്നു തെളിയിക്കുന്നതു അധികം നന്നായിരിക്കും.!"

ഈ മറുപടി കേട്ടപ്പോൾ ക്രിസ്തീയ മിഷനറിമാർ ഞെട്ടിത്തെറിച്ചു. ആ വികലാംഗരെ തേടിപ്പിടിച്ചുകൊണ്ടുവന്നതിന്നു ഹദ്റത്ത് അഹ്മദ്(അ) പുരോഹിതൻമാർക്കെല്ലാം ഒരു നന്ദികൂടി പ്രകടിപ്പിച്ചപ്പോൾ അവർക്ക് കണക്കിന് കൊണ്ടിരിക്കണം.! സ്വയം ഇളിഭ്യരായിത്തീർന്ന പാതിരിമാർ കുരുടനെയും മുടന്തനെയും ഊമയെയും അവിടെനിന്നും അകറ്റിക്കളയാൻ ധൃതികൂട്ടുന്നതായിട്ടാണ് പിന്നീട് കാണപ്പെട്ടത്. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പ്രത്യുല്പന്ന മതിത്വവും പ്രതിഭാശാലിത്വവും സർവ്വരാലും പ്രകീർത്തിക്കപ്പെടുകയും എങ്ങും ചർച്ചാവിഷയമാവുകയും ചെയ്തു. മുസൽമാൻമാർ ആ പ്രത്യുത്തരം കേട്ടു ഹർഷപുളകം കൊണ്ടിരുന്നു.

ചിന്തകൻമാരും പണ്ഡിതൻമാരുമായ പലരും ആ മഹാത്മാവിന്റെ ശിഷ്യ ഗണത്തിൽ അംഗങ്ങളായി.

ഈ വാദപ്രതിവാദം 15 ദിവസത്തേക്കു നീണ്ടുനിന്നു എന്നു പറഞ്ഞു വല്ലോ. ഇതിനിടയിൽ റവ:ആഥിമിനു സുഖക്കേടു ബാധിക്കുകയാൽ ഡോക്ടർ മാർട്ടിൻ ക്ലാർക്കാണ് അദ്ദേഹത്തിനു പകരമായി വിവാദം തുടർന്നു നടത്തിയിരുന്നത്.

1893 ജൂൺ 5-ാം തിയ്യതി തന്റെ ഒടുവിലത്തെ മറുപടി പത്രിക ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരമാണ് ഉപസംഹരിച്ചിരുന്നത്:

"ഈ വിവാദത്തിൽ ദൈവം ന്യായവിധി വെളിപ്പെടുത്തുന്നതിനു വേണ്ടി ഞാൻ അങ്ങേയറ്റത്തെ വിനയത്തോടും ഹൃദയസാകല്യത്തോടും കൂടി അവന്റെ സന്നിദ്ധിയിൽ പ്രാർത്ഥിക്കുകയുണ്ടായി. എന്തെന്നാൽ, നാമെല്ലാം അവന്റെ ബലഹീനരായ ദാസൻമാരാണല്ലോ. അവന്റെ തീരുമാനമില്ലാതെ നമുക്കൊന്നും ചെയ്യാനാവില്ല. തൻമൂലം, സുവിശേഷരൂപത്തിൽ എനിയ്ക്ക് ഒരടയാളം നൽകപ്പെട്ടു. അതായത്, ഈ രണ്ടു കക്ഷികളിൽ ആർ കരുതിക്കൂട്ടി അസത്യത്തെ പിൻതുടരുകയും ദുർബ്ബലനായ മനുഷ്യനെ ദൈവമാക്കി അഭിഷേകിക്കുകയും ചെയ്യുന്നുവോ അയാൾ ഈ വാദപ്രതിവാദത്തിന്റെ കാലയളവ് കണക്കാക്കി, ഒരു ദിവസത്തിനു ഒരു മാസം എന്ന തോതിൽ പതിനഞ്ചു മാസത്തിനിടയ്ക്ക്, സത്യത്തിലേയ്ക്ക് തിരിയാത്തപക്ഷം നാശഗർത്തത്തിൽ തള്ളപ്പെടുന്നതാണ്. അയാൾ കടുത്ത എളിമയിലാവുകയും ചെയ്യും. സത്യത്തെ പിൻതുടരുകയും സത്യ ദൈവത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന ആൾ അത്യന്തം ബഹുമാനിതനായിത്തീരും...ഇപ്പോൾ ഡിപ്ടി സാഹിബിനോടു (ആഥിമിനോടു) ഞാൻ ചോദിക്കുകയാണ്, 'ഈ അടയാളം പൂർത്തിയാകുന്ന പക്ഷം, നിങ്ങൾ ഇതിനെ നിങ്ങളുടെ ഇഷ്ടത്തിനൊത്തുള്ള പരിപൂർണ്ണവും ദിവ്യവുമായ ഒരു പ്രവചനമായി സ്വീകരിയ്ക്കുമോ ഇല്ലേ? നിങ്ങൾ 'അന്തറൂനയെ ബൈബിൾ' എന്ന കൃതിയിൽ 'ദജ്ജാൽ' എന്നു വിളിച്ചതാരെയോ ആ വിശുദ്ധനബിതിരുമേനി(സ) ഒരു സത്യപ്രവാകനാണെന്നതിലേയ്ക്ക് ഇതു ഒരു ശക്തിമത്തായ ദൃഷ്ടാന്തമായിരിക്കുമോ ഇല്ലേ?" (ജംഗെമുഖദ്ദസ്, ഭാ 174)

ഈ പ്രവചനം ഹദ്റത്ത് അഹ്മദ്(അ) കേൾപ്പിച്ച അവസരത്തിൽ 70 പേർ സദസ്സിൽ സന്നിഹിതരായിരുന്നു. ആ മഹാത്മാവിന്റെ പ്രമുഖ ശിഷ്യർക്ക് പുറമേ ഡോ.ഹെന്റി മാർട്ടിൻ ക്ലാർക്കും ഏതാണ്ട് 30 ൽപരം ക്രിസ്തീയ മുഖ്യൻമാരും അതു ശ്രവിച്ചുകൊണ്ടിരുന്നു

ഈ പ്രവചനം കേട്ടപ്പോൾതന്നെ റവ:ആഥിം വിറകൊള്ളുകയും ഭയപരവശതയാൽ അദ്ദേഹത്തിന്റെ മുഖം വിളറിപ്പോകയുമുണ്ടായി. അദ്ദേഹം പൗരസ്ത്യരീതിയിൽ തന്റെ രണ്ടു കൈകളും ചെവിക്ക് പിടിച്ചു നാവുനീട്ടുകയും തലയാട്ടുകയും ചെയ്തുകൊണ്ട് താൻ നബിതിരുമേനിയെ അപ്രകാരം ദജ്ജാലെന്നു പറഞ്ഞിരുന്നില്ലെന്നു പ്രഖ്യാപിച്ചു. അദ്ദേഹം വീണ്ടും വീണ്ടും ഇപ്രകാരം പറഞ്ഞുകൊണ്ടിരുന്നു: 'തൗബാ, തൗബാ!

ഞാൻ അനാദരം കാണിച്ചിട്ടില്ല; ഞാൻ നബിയെ ഒരിക്കലും ദജ്ജാൽ എന്നു പറഞ്ഞിട്ടില്ല."

എന്നാൽ, യഥാർതഥത്തിൽ റവ: അബ്ദുല്ലാഹ് ആഥിം 'അന്തറൂനയെ ബൈബിൾ' എന്ന തന്റെ കൃതിയിൽ അപ്രകാരം പ്രസ്താവപിച്ചിട്ടുണ്ടായിരുന്നു. (ഭാ. 144, 145, 196).

പാതിരി അബ്ദുല്ലാ ആഥിമുമായി താൻ നടത്തിയ ഈ വാദപ്രതിവാദത്തിന്റെ പൂർണ്ണവിവരങ്ങളടങ്ങിയ ഒരു ഗ്രന്ഥം 'ജംഗെ മുഖദ്ദസ്' (14) (വിശുദ്ധസമരം) എന്ന പേരിൽ ഹദ്റത്ത് അഹ്മദ്(അ) പ്രസിദ്ധപ്പെടുത്തി.

സിയാൽക്കോട്ടെ അമേരിക്കൻ മിഷ്യന്റെ ഇൻചാർജ്ജ് ആയിരുന്ന റവ.ജി.എൽ. ഠാക്കർദാസ് 'നൂറഫ്ശാൻ' എന്ന ക്രിസ്തീയ പത്രത്തിൽ ഈ ഗംഭീരവിവാദത്തെ അവലോകനം ചെയ്തുകൊണ്ടു ഒരു ലേഖനം എഴുതിയിട്ടുണ്ടായിരുന്നു. (1893 സപ്തെമ്പർ- 1894 ഏപ്രിൽ). ഈ ലേഖനം പിന്നീട് 'തൻഖീഹെ മുബാഹസ' എന്ന പേരിൽ പുസ്തകരൂപത്തിലും പ്രസിദ്ധം ചെയ്യപ്പെട്ടിട്ടുണ്ട്. വിവാദം തന്നെ സംബന്ധിച്ചിടത്തോളം തൃപ്തികരമായിരുന്നില്ലെന്നും മിർസാ സാഹിബ് ഉന്നയിച്ച പല പ്രധാന പോയിന്റുകൾക്കും റവറന്റ് ആഥിമിനു ഉത്തരം പറയാൻ കഴിഞ്ഞിട്ടില്ലെന്നും അദ്ദേഹത്തിന്റെ മറുപടികൾ അത്യന്തം സംക്ഷിപ്തങ്ങളായിപ്പോയെന്നും കൂടുതൽ വിശദീകരിക്കേണ്ടതായിരുന്നു എന്നു മറ്റും അതിൽ റവ:ഠാക്കർദാസ് പ്രസ്താവിച്ചിട്ടുണ്ട്.

ഏതായാലും, ഈ വിവാദം മുഖേന ക്രിസ്തുമതത്തിനു കനത്ത പ്രഹരമാണ് ഏറ്റതെന്നതിൽ യാതൊരു സംശയവുമില്ല. റവ: ആഥിമിന്റെ പശ്ചാത്താപവും അദ്ദേഹത്തിനു വന്നുഭവിച്ച എളിമയും തുടർന്നുണ്ടായ സംഭവവികാസങ്ങളും നബിതിരുമേനിയുടെ സത്യത്തിലേയ്ക്കെന്നപോലെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ സത്യത്തിലേയ്ക്കുള്ള ജാജ്ജ്വല്യമാനമായ ഒരു ദൃഷ്ടാന്തമായി ഇന്നും പരിലസിക്കുന്നു.

33- അറബി സാഹിത്യ കലാത്ഭുതം

ക്രിസ്ത്യാനികളുമായുള്ള സമരം ഒരു വസ്തുത സുതാര്യം വ്യക്തമാക്കി: ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ഇസ്ലാമിന്റെ ഒരു അജയ്യ സേനാനിയാണന്നെതു തന്നെ. ആ ദിവ്യപുരുഷന്റെ ശക്തിമത്തായ യുക്തി ന്യായങ്ങൾക്കു മുമ്പിൽ ക്രൈസ്തവ മനീഷകൊമ്പുകുത്തി. എന്നാൽ, കുശുമ്പൻമാരും കുബുദ്ധികളുമായ മുല്ലമാർ അപ്പോഴും പാതിരമാരെ പിന്താങ്ങുവാൻ മടിച്ചില്ല! തങ്ങളുടെ ദൗർബ്ബല്യങ്ങളും അജ്ഞതയും അനാവരണം ചെയ്യപ്പെട്ടതിൽ അവർക്ക് അനല്പമായ അമർഷമുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദിന്റെ മുമ്പിൽ ലജ്ജിതരും അപമാനിതരുമായിക്കഴിഞ്ഞ ആ പണ്ഡിതപ്പരിഷ ആ മഹാത്മാവിനെ കരിതേച്ചു കാണിക്കാനാണ് അതിൽപിന്നെ പ്രയത്നിച്ചുപോന്നത്. അദ്ദേഹം തികഞ്ഞ 'ജാഹിൽ' ആണെന്നും അദ്ദേഹത്തിനു അറബിഭാഷയിൽ വിവരമില്ലെന്നും "ആലിംകൾ' പറഞ്ഞുപരത്തി! ശത്രുമൂപ്പനായ മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവിയാകട്ടെ, തന്റെ അറബിഭാഷാപടുത്വത്തിൽ ഊറ്റം കൊള്ളുകയും ഹദ്റത്ത് അഹ്മദിനെ തരംതാഴ്ത്തികാണിക്കാൻ കിണഞ്ഞു ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു. തനിയ്ക്ക് അറബി ഭാഷയറിഞ്ഞുകൂടെന്നാണ് മൗലവി ബട്ടാലവിയുടെ വാദമെങ്കിൽ പരസ്യമായ ഒരു സാഹിത്യമത്സരത്തിൽ ഏർപ്പെട്ടുകൊണ്ടു തന്റെ അറബിഭാഷാപാണ്ഡിത്യത്തെ പരീക്ഷിച്ചുനോക്കാൻ തയ്യാറാകേണ്ടതാണെന്നു ഹദ്റത്ത് അഹ്മദ് (അ) അദ്ദേഹത്തെ ആഹ്വാനം ചെയ്തു. എന്നാൽ ബട്ടാലവി സാഹിബ് ഒഴിഞ്ഞുമാറുകയത്രെ ചെയ്തത്! (ഇശാഅത്തുസ്സുന്ന, പു.15.ല.8നോക്കുക.)

ഒരു ദൈവദൂതനെ പരാജയപ്പെടുത്താൻ മനുഷ്യർക്ക് സാദ്ധ്യമാണോ? അറബിസാഹിത്യകലാലോകത്ത് അത്ഭുതം സൃഷ്ടിച്ചു കൊണ്ടു വിശുദ്ധ ഖുർആന്റെ സത്യദൃഷ്ടാന്തം ഒരിക്കൽകൂടി വെളിപ്പെടുത്തിക്കാണിക്കാൻ ദൈവം ഇച്ഛിച്ചു. പിന്നെയുണ്ടായതു അതിവിശിഷ്ടങ്ങളായ അറബി കൃതികളുടെ ഒരു പ്രവാഹമായിരുന്നു. അറബിസാഹിത്യകലാകോവിദൻമാർ അമ്പരന്നുപോയി!

1893 മാർച്ച് 3-ാം തിയ്യതി പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിൽ, 40 ദിവസത്തിനുള്ളിൽ ഖുർആനിലെ ഏതാകിലും ഒരു അദ്ധ്യായത്തിനു അറബി ഭാഷയിൽ വ്യാഖ്യാനമെഴുതുന്നതിൽ തന്നോടു മത്സരിക്കുവാൻ

മുഹമ്മദ് ഹുസൈൻ ബട്ടാലവിയെ ഹദ്റത്ത് അഹ്മദ് (അ) ആഹ്വാനം ചെയ്യുകയും, അദ്ദേഹത്തിന്റെ കൃതി തന്റെതിനോടു കിടപിടിക്കുന്നതാണെന്നു ഒരു നിഷ്പക്ഷകൻ വിധിപറയുന്നപക്ഷം താൻ തന്റെ തെറ്റേറ്റു പറയുകയും തന്റെ എല്ലാ ഗ്രന്ഥങ്ങളും ചുട്ടുചാമ്പലാക്കുകയും ചെയ്യുന്നതാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു.

ഒരൊറ്റ ആഴ്ചക്കിടയിൽ 639 വരികളടങ്ങിയ നാലു 'ഖദീസുകൾ' ഹദ്റത്ത് അഹ്മദ് (അ) രചിയ്ക്കുകയും അതോടൊപ്പം തന്നെ ഖുർആനിലെ ഉൽഘാനടനാദ്ധ്യായമായ 'സുറാഫത്തിഹാ'യുടെ അതിശ്രേഷ്ഠമായ ഒരു വ്യാഖ്യാനം അറബിയിൽ എഴുതിത്തയ്യാറാക്കുകയും 'കറാമാത്തു സ്സാദിഖീൻ'(15) എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ചമൽക്കാരചരുതവും ശ്രേഷ്ഠാശയസംപുഷ്ടവുമായ ഈ സാഹിത്യകലാസൃഷ്ടിയ്ക്ക് തുല്യമായ ഒരു കൃതി രചിക്കുവാൻ മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവിയെയും ഇതര പണ്ഡിതാഗ്രേസരൻമാരെയും അദ്ദേഹം ആഹ്വാനം ചെയ്തു. ഒരു മാസത്തിനകം മുഹമ്മദ് ഹുസൈൻ സാഹിബ് ഇക്കാര്യത്തിൽ വിജയിക്കുന്നപക്ഷം താൻ 1000 രൂപ ഇനാം നൽകുന്നതാണെന്നും വിളംബരപ്പെടുത്തിയിരുന്നു. മാത്രമല്ല, തന്റെ പ്രകാശിതഗ്രന്ഥത്തിൽ മുഹമ്മദ് ഹുസൈൻ സാഹിബ് കണ്ടുപിടിക്കുന്ന ഓരോ തെറ്റിനും അയ്യഞ്ചുരൂപ വീതം സമ്മാനം നൽകുന്നതാണെന്നും പ്രഖ്യാപിക്കുകയുണ്ടായി.* എന്നാൽ, ബട്ടാലവി സാഹിബ് നിശ്ശബ്ദനായിരുന്നേതയുള്ളു. ജീവാവസാനം വരെ അത്തരമൊരു കൃതി രചിയ്ക്കാൻ അയാൾ ശക്തനായില്ല.

സയ്യിദ് അബ്ദുർറസ്സാഖ് ഖാദിരി ബഗ്ദാദി എന്നൊരാൾ 'ആയിനയെ കമാലത്തെ ഇസ്ലാം' എന്ന കൃതിയിലെ 'അത്തബ്ലീഗ്' എന്ന അറബി നിബന്ധം വായിച്ചശേഷം ഹൈദരബാദിൽനിന്നു പ്രസിദ്ധപ്പെടുത്തിയ ഒരു ലഘുലേഖയിൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ അധിക്ഷേപിക്കുകയും 'ദജ്ജാൽ' എന്നു വിളിക്കുകയുമുണ്ടായി. 'ആയിനയെ കമാലാത്തെഇസ്ലാമി'നു താൻ ഒരു മാസത്തിന്നകം തന്നെ റദ്ദ് എഴുതുന്നതും ഇറാക്കിലും ബഗ്ദാദിലും മറ്റും പ്രചരിപ്പിക്കുന്നതുമാണെന്ന ഒരു ഭീഷണി അതിലടങ്ങിയിരുന്നു. ഹദ്റത്ത് അഹ്മദ്(അ) 'തുഹ്ഫ ബഗ്ദാദ്'(16) എന്ന പേരിൽ ഒരു അറബികൃതി രചിക്കുകയും (1893 ജൂലായ്) സയ്യിദ് അബ്ദുറസ്സാക് ബഗ്ദാദിയുടെ ആക്ഷേപങ്ങൾക്ക് വളരെ സൗമ്യവും സ്നേഹനിർഭരവുമായ ഭാഷയിൽ മറുപടി നൽകുകയും അദ്ദേഹത്തെ ഖാദിയാനിലേയ്ക്കു ക്ഷണിക്കുകയും ചെയ്തു. ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പ്രസ്താവിച്ചു: "താങ്കൾ എന്നെ അധിക്ഷേപിക്കുകയോ നിഷേധിക്കുകയോ വാൾകൊണ്ടു വെട്ടിക്കൊല്ലുകയോ തീയ്യിലിട്ടു ചുടുകയോ എന്തും ചെയ്തുകൊൾവിൻ. താങ്കളുടെ ഹിതംപോലെ പ്രവർത്തിച്ചു

* മുഹമ്മദ് ഹുസൈൻ സാഹിബും മറ്റു ചിലരും ചില ശൈലീഭംഗങ്ങൾ ചൂണ്ടിക്കാണിക്കാൻ വ്യർഥാ ശ്രമം നടത്തുകയുണ്ടായി. എന്നാൽ ഖുർആനിൽനിന്നും ഹദിസുകളിൽനിന്നും ഉദാഹരണങ്ങൾ ഉന്നയിച്ചുകൊണ്ടു തന്റെ നിലയെ ആ മഹാത്മാവ് ന്യായീകരിച്ചപ്പോൾ ബട്ടാലവി പ്രഭൃതികൾ ഇളിഭ്യരായി.

കൊൾക. എന്നാൽ, താങ്കളുടെ ക്ഷേമത്തിന്നും രക്ഷയ്ക്കുമായി ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതാണെന്നു മാത്രമേ എനിക്കു പറയാനുള്ളു. അല്ലയോ ശ്രേഷ്ഠനബിയുടെ കുടുംബപരമ്പരയിലെ അംഗമേ, ഈ ലോകത്തും പരലോകത്തും ദൈവം താങ്കളിൽ കാരുണ്യം ചൊരിയട്ടെ"

മക്കത്ത് മാറ്റൊലി!

'കറാമാത്തുസ്സാദിഖീൻ', 'തുഹ്ഫ ബഗ്ദാദ്' എന്നീ അറബികൃതികളുടെ പ്രസാധനത്തോടെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ശബ്ദം ഇന്ത്യയ്ക്കു പുറത്തും അലയടിച്ചു തുടങ്ങി. മൗലാനാ സയ്യിദ് സഈദ് ശാമീ(റ), സയ്യിദ് അലിയുബ്നു ശരീഫ് മുസ്തഫാ (റ) തുടങ്ങിയവർക്കു പുറമെ വിശുദ്ധ മക്കാനിവാസിയായ മൗലാനാ ശൈഖ് മുഹമ്മദുബ്നു അഹ്മദ് മക്കിയും ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ ശിഷ്യൻമാരായിക്കഴിഞ്ഞിരുന്നു. ഇന്ത്യയിൽ സഞ്ചരിച്ചുകൊണ്ടിരിക്കവെയാണ് ശൈഖ് മുഹമ്മദുബ്നു അഹ്മദ് മക്കി(റ) 'ബൈഅത്ത്' ചെയ്തത്. മക്കയിലേയ്ക്കു തിരിച്ചുപോയ ശേഷം അദ്ദേഹം അലീതായി എന്നു പേരായ ഒരു അറബി നേതാവിനോടു വാഗ്ദത്തമസീഹ് പ്രത്യക്ഷനായതിനെകുറിച്ചു സംസാരിക്കുകയുമുണ്ടായി. മക്കത്തും മറ്റുമുണ്ടായ പ്രതികരണങ്ങൾ വിവരിച്ചുകൊണ്ടു അദ്ദേഹം ഹദ്റത്ത് അഹ്മദിനു കത്തെഴുതുകയും മക്കത്തേയ്ക്കുള്ള ആഗമനത്തെ തങ്ങൾ സോൽക്കണ്ഠം ഉറ്റുനോക്കുകയാണെന്നു അറിയിക്കുകയും ചെയ്തിരുന്നു. കൂടുതൽ ഗ്രന്ഥങ്ങൾ അയച്ചു കൊടുക്കാൻ അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ചു ഹദ്റത്ത് അഹ്മദ് (അ) 'ഹമാമത്തുൽ ബുശ്റാ' (17) എന്ന പേരിൽ ഒരു മഹൽകൃതി അറബിഭാഷയിൽ 1893 ഒടുക്കത്തിൽ രചിയ്ക്കുകയും 1894 ഫിബ്രവരിയിൽ പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. ഈ ഗ്രന്ഥം അറേബ്യയിൽ സൗജന്യവിതരണത്തിന്നായി അയച്ചു കൊടുക്കുകയും ചെയ്തു. പിന്നീട് പ്രസിദ്ധംചെയ്ത അറബികൃതികളും ഹിജാസ്, ശാം, ഇറാക്ക് തുടങ്ങിയ രാജ്യങ്ങളിലും മിസ്രിലും ആഫ്രിക്കയുടെ പല ഭാഗങ്ങളിലും അയച്ചുകൊടുക്കുകയുണ്ടായി.

"വിശുദ്ധ സമര"ത്തിൽ പരാജിതരായ ക്രിസ്ത്യാനികൾ വിഗതവീര്യം വീണ്ടെടുക്കുവാൻ ശ്രമിക്കുകയായിരുന്നു. പാതിരി ഇമാദുദ്ദീൻ "തൗസീനുൽ അഖ്വാൽ" എന്നൊരു കൃതി രചിയ്ക്കുകയും തിരുനബിയെയും ഇസ്ലാമിനെയും രൂക്ഷമായി വിമർശിക്കുകയും ചെയ്തു. ഹദ്റത്ത് അഹ്മദ്(അ) 'നൂറുൽഹക്ക്'(18) എന്ന പേരിൽ അതിന്നു മറുപടിയായി അതിവിശിഷ്ടമായ ഒരു അറബിഗ്രന്ഥം നിർമ്മിച്ചു. ഒന്നാം ഭാഗം 1894 ആരംഭത്തിലും രണ്ടാം ഭാഗം 1894 മെയ് മാസത്തിലും പ്രസിദ്ധപ്പെടുത്തി. ഒരു നിശ്ചിത കാലാവധിക്കുള്ളിൽ തത്തുല്യമായ കൃതികൾ രചിയ്ക്കുവാൻ അദ്ദേഹം പ്രതിയോഗികളെ വീണ്ടും ആഹ്വാനംചെയ്കയും 5000 ക. പാരിതോഷികം പ്രഖ്യാപിക്കുകയും ചെയ്തു.

1894 ജൂണിൽ 'ഇത്മാമുൽ ഹുജ്ജ'(19) എന്ന പേരിൽ മറ്റൊരു കൃതി അറബിയിൽ രചിച്ചു. അമൃത്സറിലെ മൗലവി റുസുൽബാബ എന്നയാൾക്ക് മറുപടിയായിട്ടാണ് ഈ പുസ്തകമെഴുതിയത്.

തുടർന്നു, ജൂലായിൽ 'സിർറുൽ ഖിലാഫ'(20) എന്ന പേരിൽ വേറൊരു അറബി കൃതി കൂടി പ്രസിദ്ധം ചെയ്യുകയും സമാനധർമ്മമായ അറബിഗ്രന്ഥം 11 ദിവസത്തിനുള്ളിൽ നിർമ്മിക്കുവാൻ മൗലവി ബട്ടാലവിയെ പിന്നെയും വെല്ലുവിളിക്കുകയും ഇനാം വാഗ്ദാനം ചെയ്കയുമുണ്ടായി. അദ്ദേഹം അതിനൊരുക്കമാണെന്നറിയിച്ച ഉടനെ അഡ്വാൻസ് അയച്ചു തരുന്നതാണെന്നും വിജ്ഞാപനദ്വാരാ പ്രഖ്യാപിച്ചിരുന്നു.

'സിർറുൽ ഖിലാഫ'ശിയാവാദങ്ങളെ ഖണ്ഡിച്ചുകൊണ്ടെഴുതിയ ഒരു നിരുപമകൃതിയത്രെ. കഴിഞ്ഞ 14 നൂറ്റാണ്ടുകൾക്കിടയിൽ ശിയാസുന്നി തർക്കത്തെ സംബന്ധിച്ചു അത്രയും വിശിഷ്ടവും വികാരോജ്ജ്വലവുമായ ഒരു കൃതി വിരചിക്കപ്പെട്ടിട്ടില്ലെന്നു പറയാം. ഒരു പ്രസിദ്ധ ശിയാ പണ്ഡിതനും പാർസി കവിയും ഗ്രന്ഥകാരനുമായ ഹദ്റത്ത് മൗലാനാ ഉബൈദുല്ലാ സാഹിബ് ബസ്മൽ (റ) പ്രസ്തുത ഗ്രന്ഥം പാരായണം ചെയ്ത പ്പോൾ ഒരൊറ്റ രാത്രികൊണ്ടുതന്നെ അദ്ദേഹത്തിൽ വിചാര പരിവർത്തനമുണ്ടായി. അന്നുരാത്രി അദ്ദേഹം ഹദ്റത്ത് ഇമാം ഹുസൈനെ സ്വപ്നം കാണുകയും ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ സത്യത്തെക്കുറിച്ചു ഉപദേശിക്കുന്നതായി ദർശിക്കുകയും ചെയ്തു. പിറ്റെന്നാൽ തന്നെ അദ്ദേഹം അഹ്മദിന്റെ കയ്യിൽ 'ബൈഅത്ത്' ചെയ്കയുമുണ്ടായി.

ഈ ഗ്രന്ഥത്തിൽ ഹദ്റത്ത് അഹ്മദ്(അ) ശിയാ-സുന്നി തർക്കത്തിൽ ദൈവീകമായ ഒരു വിധി വെളിപ്പെടുമാറാകുന്നതിനു താനുമായി ഒരു ആത്മീയ സമരത്തിൽ ഏർപ്പെടുവാൻ ശിയാ നേതാക്കളെ ക്ഷണിച്ചു. അദ്ദേഹം പ്രഖ്യാപിച്ചു: എന്റെ പ്രാർത്ഥനയുടെ ഫലം ഒരു കൊല്ലത്തിനുള്ളിൽ വെളിപ്പെട്ടിട്ടില്ലെങ്കിൽ ഞാൻ ഏതു ശിക്ഷയും സ്വീകരിക്കാൻ തയ്യാറാകുന്നതും ശിയാക്കൾ സത്യത്തിലാണെന്നു ഏറ്റു പറയുന്നതുമായിരിക്കും. കൂടാതെ 5000 ക. അവർക്ക് പിഴയായി നൽകുവാനും ഞാൻ തയ്യാറാകുന്നതാണ്"

"സുൽത്താനുൽഖലം"

ഹദ്റത്ത് അഹ്മദ് (അ) 20ൽ പരം അറബി കൃതികൾ രചിച്ചിട്ടുണ്ട്. അദ്ദേഹത്തിനു അറബി ഭാഷയിൽ ഈ പ്രാവീണ്യം നേടുവാൻ കഴിഞ്ഞതെങ്ങനെ? അദ്ദേഹം ഒരു ദിവസംപോലും ഒരു അംഗീകൃതകലാശാലയിലോ ഒരു അറബി വിദ്യാലയത്തിലോ ഒരു മദ്രസ്സയിലോ ചേർന്നു പഠിച്ചിട്ടില്ല. ബിരുദങ്ങളും 'സന്നദു'കളും കരസ്ഥമാക്കിയിട്ടുമില്ല. അറബ് രാജ്യങ്ങളിൽ അദ്ദേഹം സഞ്ചാരം ചെയ്തിട്ടില്ല. അംഗീകൃതമായ അറബി വിദ്യാകേന്ദ്രങ്ങളുമായി യാതൊരു വിധത്തിലും ബന്ധപ്പെടാനാകാത്തവിധം വിദൂരസ്ഥമായ ഒരു കുഗ്രാമത്തിലാണ് ആ മഹാൻ തികച്ചും ഒറ്റപ്പെട്ട നിലയിൽ ജീവിച്ചു പോന്നത്. അറബി പണ്ഡിതാഗ്രേസരൻമാരുമായി അദ്ദേഹത്തിന്നു ബന്ധം പുലർത്താനോ സമകാലീന സാഹിത്യ പ്രവർത്തങ്ങളെകുറിച്ചു അറിവു നേടാനോ സാധിച്ചിരുന്നില്ലെന്നതും അദ്ദേഹം അതിനു തുനിഞ്ഞിരുന്നില്ലെന്നതും പരമയാഥാർത്ഥ്യങ്ങളത്രെ. ചില ഉസ്താദുമാരിൽ നിന്നു അദ്ദേഹം ചെറുപ്പത്തിൽ അറബി പ്രാഥമികപാഠങ്ങൾ വശമാക്കിയി

രുന്നുവെന്നതു നേരാണ്. ആ തുച്ഛമായ അറിവിനെ വികസിപ്പിക്കുവാൻ സാദ്ധ്യമായ ഒരു ചുറ്റുപാടിലല്ല അദ്ദേഹം വളർന്നിരുന്നത്. അങ്ങിനെയുള്ള ഒരു വ്യക്തി പൊടുന്നനെ ലോകത്തെങ്ങുമുള്ള അറബി സാഹിത്യനായകൻമാരെ വെല്ലുവിളിയ്ക്കത്തക്ക പ്രാഗത്ഭ്യം കരസ്ഥമാക്കിയതെങ്ങനെ? അതെ, അതു തികച്ചും അയത്നസിദ്ധമായ ഒരു ദൈവീക ദാനമായിരുന്നു. എന്തെന്നാൽ, ഉലമാക്കളുടെ പരിഹാസ ശകാരങ്ങളും അവഹേളനങ്ങളും ശക്തിപ്പെട്ട കാലത്തു ഒരൊറ്റ രാത്രിയിൽത്തന്നെ 40000 അറബി പദങ്ങളുടെ ധാതുക്കൾ ദൈവം തനിക്ക് പഠിപ്പിച്ചു തന്നുവന്നു അദ്ദേഹം അവകാശപ്പെട്ടു. അല്ലാഹു അദ്ദേഹത്തിന്നു അറബിഭാഷയിൽ ദിവ്യത്ഭുതപരമായ കഴിവുകൾ നൽകികൊണ്ടു ശത്രുക്കളെയെല്ലാം വിസ്മയമൂകരാക്കി. അല്ലാഹു അദ്ദേഹത്തെ "സുൽത്താനുൽഖലം" (തൂലികാ ചക്രവർത്തി) എന്ന നാമാഭിധാനം നൽകി ബഹുമാനിച്ചു. അദ്ദേഹം അതന്വർത്ഥമാക്കി കാണിക്കുകയും ചെയ്തു. അദ്ദേഹം രചിച്ച അറബി കൃതികളിൽ ചിലതു, തത്തുല്യമായ ഒന്നു രചിയ്ക്കുന്നവർക്ക് 10000ക. വരെ ഇനാം നൽകുന്നതാണെന്നുള്ള വീരവാദത്തോടുകൂടിയതുമായിരുന്നു. ആ പോർവിളിയ്ക്കുത്തരം നൽകാൻ ആർക്കും കഴിഞ്ഞില്ല. അവയെ നിഷ്യപ്രഭമാക്കുന്നൊരു സർഗ്ഗാത്മ സാഹിത്യ രചനയ്ക്ക് ഇന്നോളം ആരും പ്രാപ്തരായതുമില്ല. അറബി വിദ്വാൻമാരെ അദ്ദേഹം ആഹ്വാനം ചെയ്തു. അറബ് ലോകത്തിലെ വമ്പൻമാരായ സാഹിത്യ നായകൻമാരെയും ദിവ്യൻമാരെയും വെല്ലുവിളിച്ചു. ഒറ്റയ്ക്കോ കൂട്ടായോ തനിയ്ക്കെതിരിൽ പരിശ്രമം നടത്താമെന്നു അദ്ദേഹം പ്രഖ്യാപിച്ചു. മിസ്രിലെ സുപ്രസിദ്ധമായ 'അൽമനാർ' പത്രത്തിന്റെ പ്രശസ്തനും പ്രഭാവശാലിയുമായ അധിപർ സയ്യിദ് റശീദ് രിസാ ആ മഹാത്മാവിനോടു മത്സരിക്കാൻ പുറപ്പെട്ടുവെങ്കിലും പരാജയപ്പെട്ടുപിൻമാറുക തന്നെ ചെയ്തു.

തന്റേതിനെ അതിശയിക്കുന്ന ഒരറബികൃതി അഥവാ തന്റെ ഗ്രന്ഥത്തിന്നുള്ള സത്യാഭിമുഖമായ ഒരു ഖണ്ഡനം രചിയ്ക്കുന്നതിൽ മുമ്പോട്ടു വരുന്നവർ നിഷ്പക്ഷമായ ഒരു വിധിയെ നേരിടാൻ തയ്യാറായിരിക്കണമെന്നതായിരുന്നു ആ മഹാത്മാവുന്നയിച്ച ഒരേയൊരു ഉപാധി. വിജയാപജയങ്ങളെപറ്റി വിധി പറയുന്ന ആൾ ആരായാലും അയാൾ ഒരു സത്യപ്രതിജ്ഞ ചെയ്യേണ്ടതിന്ന് പുറമെ പരസ്യമായ ഒരു പ്രാർത്ഥന നടത്തുകയും വേണ്ടതാണ്. അതായതു, താൻ ഏറ്റവും നിഷ്പക്ഷവും സത്യസന്ധവുമായ ഒരു വിധിയാണ് നൽകീട്ടുള്ളതെന്നും, അങ്ങിനെയല്ലെന്നു വരുകിൽ തന്റെ അസത്യം ലോകത്തിന്നു ബോദ്ധ്യപ്പെടുമാറാകുന്ന തരത്തിൽ ഒരു കൊല്ലത്തിന്നകം ദൈവികമായ ഒരു മാതൃകാശിക്ഷ തന്റെ മേൽ പതിക്കുന്നതു സമ്മതമാണെന്നും അയാൾ ഏറ്റു പറയണം. ആ സമയപരിധി പൂർത്തിയാകുന്നതോടെ സംഭവിക്കുന്നതെന്തോ അതായിരിക്കും ആ ആത്മീയ മത്സരത്തിന്റെ അന്തിമവിധി: 1897ൽ 'ഹുജ്ജത്തുല്ലാ'(21)എന്ന പുസ്തമെഴുതിയപ്പോൾ അവധിനാൾ 41 ദിവസമായികുറയ്ക്കുകയുണ്ടായെന്നതും പ്രസ്ത്യാവ്യമാണ്.

ഇന്ത്യയിലെ ആലിംകളെ സംബന്ധിച്ചേടത്തോളം അവർ മുമ്പേ തന്നെ ആയുധംവെച്ചു കീഴടങ്ങിക്കഴിഞ്ഞിരുന്നു. എന്തെന്നാൽ, മിർസാ സാഹിബിന്റെ അറബികൃതികൾ അദ്ദേഹം രചിച്ചവയല്ലെന്നും അദ്ദേഹത്തിന്നുവേണ്ടി ഗൂഢമായി പ്രവർത്തിച്ചുകൊണ്ടിരുന്ന അറബികളായ വിദ്വാൻമാർ എഴുതിയിട്ടുള്ളതാണെന്നും പറഞ്ഞുപരത്താൻ അവർ മടിച്ചില്ല. ആ കൃതികളുടെ സാഹിത്യപരമായ ഗുണോൽകൃഷ്ടത്വത്തെ കുറിച്ചു ഈ അപവാദത്തിൽ കൂടുതലായുള്ള ഒരു അംഗീകാരം ആവശ്യമില്ലല്ലോ! എന്നാൽ, തന്റെ ഗ്രന്ഥങ്ങൾക്ക് ഖണ്ഡനമെഴുതാനും തത്തുല്യമായി കലാസുഭഗമായ കൃതികൾ രചിയ്ക്കാനുമുള്ള ശ്രമത്തിൽ തന്റെ പ്രതിയോഗികൾ മിസ്രിലെയും ശാമിലെയും പ്രഗത്ഭരായ അറബി പണ്ഡിതൻമാരുടെ സഹായം നേടുന്നതിൽ തനിയ്ക്കു വിരോധമില്ലെന്നുകൂടി ആ മഹാത്മാവ് പ്രഖ്യാപിച്ചപ്പോൾ സത്യനിഷേധികളായ ഈ പണ്ഡിതമൂഢൻമാർക്കുണ്ടായ മാനഹാനി പരമദയനീയമായിരുന്നു!

വാഗ്ദത്തമസീഹിന്റെ ഈ അറബികൃതികളുടെ സാഹിത്യമൂല്യവും മേൻമയും ഏറ്റുപറയുവാൻ അസൂയാലുക്കളായ ഉലമാക്കൾ ഇന്നു ബദ്ധപ്പെട്ടില്ലെന്നു വരാം, എന്നാൽ ഒരു കാര്യം തീർച്ചയാകുന്നു: ആ ദിവ്യപുരുഷന്നെതിരിൽ തങ്ങളുടെ അറിവിലും പാണ്ഡിത്യത്തിലും അഹങ്കരിക്കുകയും പക്ഷേ, ആഹ്വാനങ്ങൾ സ്വീകരിക്കാൻ ധൈര്യപ്പെടാതെ ചീവീടുകളെപ്പോലെ ഇരുട്ടിലിരുന്നു നിരന്തരമായ അപശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുകയും ചെയ്ത ആ പണ്ഡിതന്മാർക്കുള്ള അനശ്വരാപമാന സ്മാരകങ്ങളത്രെ ആ മഹനീയ ഗ്രന്ഥങ്ങൾ!

ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ അസാധാരണവും അത്ഭുതാവഹവുമായ കഴിവുകളിലും അദ്ദേഹത്തിന്നു ലഭിച്ചു കൊണ്ടിരുന്ന ദൈവികസഹായങ്ങളിലും ആശ്ചര്യഭരിതരായിത്തീർന്ന ആയിരക്കണക്കിനാളുകൾ ആ മഹാത്മാവിൽ തങ്ങളുടെ ആത്മീയ പരിത്രാതാവിനെ കണ്ടെത്തിയെങ്കിൽ അത്ഭുതപ്പെടുവാനെന്തുള്ളു?

34- റവ: ആഥിമിന്റെ അന്ത്യം

റവ: അബ്ദുല്ലാഹ് ആഥിമുമായുള്ള വാദപ്രതിവാദത്തിന്നു ശേഷം 15 മാസങ്ങൾ കടന്നുപോയി. ആഥിം സത്യത്തിലേയ്ക്കു തിരിയാത്ത പക്ഷം ഈ കാലയളവിന്നുള്ളിൽ 'ഹാവിയ'യിൽ (നരകത്തിൽ) പതിക്കുമെന്നു അഥവാ മരണമടയുമെന്നു ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) പ്രവചിച്ചിട്ടുണ്ടായിരുന്നുവല്ലോ. 1894 സപ്തംബർ 4-ാം തിയ്യതി പ്രഭാത സൂര്യൻ ഉദിച്ചു പൊങ്ങിയതോടെ ക്രിസ്ത്യാനികൾ സന്തോഷംകൊണ്ടു തുള്ളിച്ചാടി. എങ്ങും കോലാഹലങ്ങളും ആർപ്പുവിളികളും! എന്തെന്നാൽ, അന്നേയ്ക്ക് പ്രവചനത്തിലെ അവധിനാളുകൾ അവസാനിച്ചു. എന്നിട്ടും ആഥിം ജീവിച്ചിരിക്കുന്നു!

ഹദ്റത്ത് അഹ്മദിനെ അവഹേളിക്കാൻ ഒരുങ്ങിപ്പുറപ്പെട്ടവരെല്ലാം ഒന്നിക്കുകയും ക്രിസ്ത്യാനികളോടൊപ്പം കുതൂഹലം കൊള്ളുകയും ലഘുലേഖകളും വിജ്ഞാപനങ്ങളും പരസ്യങ്ങളും അച്ചടിച്ചുപരത്തുകയും ചെയ്തു. ഹദ്റത്ത് അഹ്മദിന്റെ പ്രവചനം കളവായി പുലർന്നുവെന്നു അവർ ഘോഷിച്ചു. ആഥിമിനെ അവർ ഘോഷയാത്രയായി നഗരവീഥികളിലൂടെ കൊണ്ടുനടത്തി. ക്രൈസ്തവ പക്ഷത്തിന്റെ പ്രത്യക്ഷ വിജയമാണതെന്നു അവർ അവകാശപ്പെട്ടു.

റവ: അബ്ദുല്ലാ ആഥിം നിശ്ചിതാവധിക്കുള്ളിൽ മരിച്ചു എന്നുവന്നാൽതന്നെ ആ പ്രവചനം ദൈവീകമാണെന്നു തങ്ങൾ സമ്മതിക്കുകയില്ലെന്നും ജ്യോതിഷക്കാരും മറ്റും ചെയ്യാറുള്ളതുപോലുള്ള ഒരു പ്രവചനം യാദൃച്ഛികമായി ഒത്തുവെന്നേ കരുതുകയുള്ളുവെന്നും ആ പ്രവചനം പ്രസിദ്ധപ്പെടുത്തിയ നാൾതൊട്ടു ശത്രുക്കൾ പറഞ്ഞു തുടങ്ങിയിരുന്നു. ഹദ്റത്ത് അഹ്മദിന്റെ പ്രവനചങ്ങൾ ആശ്ചര്യകരമാം വിധം ഒത്തുവന്നതായി അനുഭവത്തിൽ കണ്ട ശത്രുനേതാക്കൾ ജനങ്ങളെ നിഷേധപരമായ ഒരു നിലപാടിന്നു ഒരുക്കിനിർത്തുകയായിരുന്നു. 65 വയസ്സ് തികഞ്ഞ ഒരു വൃദ്ധൻ മരിക്കുന്നതിൽ അസാധാരണമായോ അത്ഭുതകരമായോ ഒന്നുംതന്നെയില്ലെന്നു അവർ ജനങ്ങളെ നേരത്തതന്നെ ധരിപ്പിച്ചു തുടങ്ങിയിരുന്നു. മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി ഇപ്രകാരമാണ് പ്രസ്താവിച്ചത്: "ഈ പ്രവചനത്തിൽ സത്യവിരോധി പക്ഷത്തിന്റെ മരണത്തെ കുറിക്കുന്നതിനു 'മൗത്ത്' എന്ന ശരിയായ പദം

പ്രയുകമായിട്ടില്ല. അദ്ദേഹം 'ഹാവിയ'യിൽ അതായതു നരകത്തിൽ പതിക്കുമെന്നു മാത്രമേ പറയപ്പെട്ടിട്ടുള്ളു. അതാകട്ടെ എല്ലാ സത്യവിരോധികളുടെയും അന്തിമസ്ഥാനമാണ് താനും" (ഇശാഅത്തുസ്സുന്ന, പു. 15ല.10)

പ്രവചനം കളവായി പുലർന്നുവെന്നു ശത്രുക്കൾ ഒരു ഭാഗത്തു ഘോഷിച്ചുകൊണ്ടിരിക്കവെ അതു അത്ഭുതാവഹമായ തരത്തിൽ പൂർത്തിയായിരിക്കുന്നുവെന്നത്രെ ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിച്ചത്. എന്തെന്നാൽ, ആഥിമിന്നു ഹൃദയപരിവർത്തനമുണ്ടായിട്ടുണ്ടെന്നും അദ്ദേഹം സത്യത്തിലേയ്ക്ക് തിരിയുകയുണ്ടായെന്നും ഉള്ള പരമാർത്ഥം രഹസ്യജ്ഞനായ അല്ലാഹു തനിക്കു അറിയിച്ചു തന്നിട്ടുണ്ടെന്നു ആ മഹാത്മാവു വെളിപ്പെടുത്തി. പ്രവചനത്തിൽ പറഞ്ഞ മരണശിക്ഷ സോപാധികമാണെന്നുള്ള പരമാർത്ഥത്തിലേയ്ക്ക് അദ്ദേഹം സത്യാന്വേഷകരുടെ ശ്രദ്ധയെ ക്ഷണിച്ചു. ദൈവവചനം ഒരിക്കലും തെറ്റുകയില്ല. ദിവ്യവെളിപാടുകളെ വ്യാഖ്യാനിക്കുന്നതിൽ തനിയ്ക്ക് തെറ്റു പിണഞ്ഞിരിക്കാം. അതു സ്വാഭാവികവും തന്നെ. എന്നാൽ, പ്രവചനം അതിന്റെ ഉപാധികളോടുകൂടി പൂർത്തിയായിരിക്കുന്നു.

"ഈ വിവാദത്തിൽ ഇരു കക്ഷികളിൽനിന്നും ആർ കരുതിക്കൂട്ടി അസത്യത്തെ പിന്തുടരുകയും ദുർബ്ബലനായ മനുഷ്യനെ ദൈവമാക്കി അഭിഷേകിക്കുകയും ചെയ്യുന്നുവോ അയാൾ സത്യത്തിലേയ്ക്കുതിരിയാത്ത പക്ഷം ഈ വാദപ്രതിവാദം നടന്ന പതിനഞ്ചു ദിവസത്തെ ഓരോ ദിവസം ഓരോ മാസമായി കണക്കാക്കിയാലുള്ള 15മാസം കൊണ്ടു നാശഗർത്തത്തിൽ തള്ളപ്പെടുന്നതും വളരെ എളിമയിലാകുന്നതാണ്" എന്നാണ് ഹദ്റത്ത് അഹ്മദ് (അ) ചെയ്ത പ്രവചനത്തിൽ പറഞ്ഞത്. സത്യത്തിലേയ്ക്കു തിരിയാത്തപക്ഷം മാത്രമെ മരണം പ്രത്യക്ഷത്തിൽ സംഭവിക്കേണ്ടതുണ്ടായിരുന്നുള്ളു. കരുതിക്കൂട്ടി അസത്യത്തെ പിന്തുടരുകയും ദുർബ്ബലനായ മനുഷ്യനെ ദൈവമാക്കി അഭിഷേകിക്കുകയും ആ നിലയിൽനിന്നു അണുകിട വ്യതിചലിക്കാതിരിക്കുകയും ചെയ്യുമ്പോഴാണ് മരണശിക്ഷ അയാളെ ഗ്രസിച്ചു തുടങ്ങുക. എന്നാൽ, ആഥിമിനു മാനസാന്തരമുണ്ടാവുകയും അയാൾ തന്റെ ആദ്യനിലപാടിൽ നിന്നു അല്പമെങ്കിലും മാറുകയും ചെയ്തുവെങ്കിൽ, പ്രവചനപ്രകാരം അയാൾ മരണശിക്ഷയ്ക്ക് പാത്രീഭവിക്കേണ്ടതില്ലെന്നതു വ്യക്തമായിരുന്നു.

വിവാദത്തിൽ പങ്കെടുത്ത രണ്ടു വിഭാഗങ്ങളെയും പ്രവചനത്തിൽ സ്പർശിച്ചു പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ചു ആഥിമിന്റെ കൂട്ടുകാരും സഹായികളും ആയ ചിലർ മരിക്കുകയും മറ്റു ചിലർ മറ്റു വിധത്തിലുള്ള ശിക്ഷകൾക്കിരയാവുകയും ചെയ്തു. റവ: ഫോർമാൻ ലാഹോറിൽ വച്ചു മരിച്ചു. റവ: തോമസ് ഹോവൽ മരണത്തിൽ നിന്നു കഷ്ടിച്ചു രക്ഷപ്പെട്ടു. മറ്റു ചിലർ അപമാനിതരായി. ഹദ്റത്ത് അഹ്മദുമായുള്ള വിവാദത്തിൽ പാതിരി അബ്ദുല്ലാ ആഥിമിനെ സഹായിക്കാൻ ഒരുമിച്ചു കൂടുകയും അസത്യഘോഷണം നടത്തുകയും ചെയ്ത പാതിരിമാരെല്ലാം ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിലുള്ള ദൈവിക ശിക്ഷകൾക്കിരയാ

യിത്തീർന്നു. എന്തെന്നാൽ, വിവാദത്തിൽ പങ്കെടുത്ത ആളുകളിൽ അസത്യത്തെ പറ്റിപ്പിടിക്കുകയും ദുർബ്ബല മനുഷ്യനെ ദൈവമാക്കുകയും ചെയ്യുന്നതാരോ അയാൾ നരകത്തിൽ പതിക്കുമെന്നത്രെ പ്രവചനം.

ആഥിമിന്റെ മാനസാന്തരം

"വിശുദ്ധസമര"ത്തിലെ ക്രൈസ്തവനായകനായ റവ: അബ്ദുല്ലാ ആഥിമിനെ സംബന്ധിച്ചിടത്തോളം പ്രവചനം പൂർത്തിയായതു മറ്റൊരു രൂപത്തിലായിരുന്നു. പ്രസ്തുത പ്രവചനത്തിൽ രണ്ടു സംഗതികളാണ് പ്രസ്താവിക്കപ്പെട്ടിരുന്നത്. ക്രിസ്തുവിനെ ദൈവമെന്നു വിശ്വസിക്കുന്ന ആഥിം തന്റെ ദുശ്ശാഠ്യവും ദുർഭാഷണവും സത്യദ്വേഷവും കാരണം നാശഗർത്തത്തിൽ പതിക്കുമെന്നതത്രെ ഒരു സംഗതി. ആഥിം ഈ നിലപാടിൽനിന്നു പിൻമാറുന്നപക്ഷം ശിക്ഷയിൽ നിന്നു ഒഴിവാകുമെന്നതു രണ്ടാമത്തെ സംഗതിയും. അപ്പോൾ പ്രവചനം പൂർത്തിയാകുന്നതു രണ്ടിലൊരു രൂപത്തിലാവാനുള്ള സാദ്ധ്യതയുണ്ടായിരുന്നു. ഒന്നു, 15 മാസംകൊണ്ടു ആഥിം മരിക്കുക. രണ്ടു, അഥിം മാനസാന്തരപ്പെടുകയും അക്കാരത്താൽ 15 മാസക്കാലത്തിലധികം ജീവിച്ചിരിക്കുകയും ചെയ്ക. മുൻസ്ഥിതിയ്ക്ക് ഒരു മാറ്റം വരാതിരിക്കെ 15 മാസത്തിലധികം കാലം ആഥിം ജീവിച്ചിരിക്കുകയോ അഥവാ മുൻസ്ഥിതിയ്ക്ക് മാറ്റം വന്നതിനോടു കൂടി ആ ക്ലിപ്ത കാലത്തിന്നുള്ളിൽ മരിക്കുകയോ ചെയ്തുവെങ്കിൽ പ്രവചനം കളവായി പുലർന്നുവെന്നു വിചാരിക്കാം. എന്നാൽ, ആഥിമിന്റെ പൂർവ്വസ്ഥിതിയ്ക്ക് മാറ്റം വന്നതിനോടു കൂടി ആ ക്ലിപ്തകാലത്തിന്നുള്ളിൽ മരിക്കുകയോ ചെയ്തുവെങ്കിൽ പ്രവചനം കളവായി പുലർന്നുവെന്നു വിചാരിക്കാം. എന്നാൽ, ആഥിമിന്റെ പൂർവ്വസ്ഥിതിയ്ക്ക് മാറ്റം വരാതിരിക്കെ പ്രസ്തുത കാലാവധിക്കുള്ളിൽ അയാൾ മരിക്കുകയോ അഥവാ അയാൾക്ക് മനോമാറ്റം സംഭവിച്ചതിനോടുകൂടി അയാൾ അവധിക്കുള്ളിൽ മരിക്കാതിരിക്കുകയോ ചെയ്തകയാണെങ്കിൽ പ്രവചനം സത്യമായി പുലർന്നുവെന്നുതന്നെ സമ്മതിക്കേണ്ടിയിരിക്കുന്നു. ഈ രണ്ടു വഴികളിൽ ദൈവത്തിന്റെ മഹത്വം കൂടുതലായി വെളിപ്പെടുന്നത് രണ്ടാമത്തെ മാർഗ്ഗത്തിൽ പൂർത്തിയാകുമ്പോഴാണെന്നതു വ്യക്തമാണ്. എന്തെന്നാൽ, കൃസ്തീയ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് നാശഗർത്തത്തിൽ പതിക്കുന്നതിനേക്കാൾ അഥവാ മരണത്തെ അഭിമുഖീകരിക്കുന്നതിനേക്കാൾ റവ:അബ്ദുല്ലാ ആഥിമിനെപോലുള്ള ഒരു ക്രൈസ്തവ നേതാവിനെ സംബന്ധിച്ചേടത്തോളം പ്രയാസകരവും അസംഭവ്യവുമായിരുന്നത് അയാൾ തന്റെ പ്രഖ്യാപിത വിശ്വാസങ്ങളിൽനിന്നു അഥവാ തന്റെ മതപരമായ മുൻസ്ഥിതിയിൽ നിന്നു പിൻമാറുക എന്നതുതന്നേയാണ്. അതു അയാൾക്ക് കൂടുതൽ അപമാനത്തിന്നും എളിമയ്ക്കും കാരണമായിരിക്കുന്നതാണല്ലൊ. എന്നാൽ, താരതമ്യേന കൂടുതൽ വിഷമകരവും അചിന്ത്യവുമായ ആ നിലയിലേയ്ക്ക് ആഥിമിനെ വലിച്ചിഴച്ചുകൊണ്ടു വരുവാനാണ് ദൈവം നിശ്ചയിച്ചത്. എന്തെന്നാൽ, ആഥിം വളരെ എളിമയിലാ

യിത്തീരുമെന്നു പ്രവചനത്തിൽ പറയപ്പെട്ടിട്ടുള്ളതുതന്നെ വേഗത്തിൽ മരണപ്പെടുകയില്ലെന്നതിലേയ്ക്ക് ഒരു സൂചനയായിരുന്നു. അങ്ങനെ വരുമ്പോൾ മരണത്തിലൂടെയല്ലാത്ത മറ്റൊരു 'നരക' പ്രവേശം അയാൾക്കു സുനിശ്ചിതമായിരിക്കുമെന്നും പ്രവനചത്തിൽ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇസ്ലാമിന്റെ ഒരു ബദ്ധവൈരിയായ ആഥിമിനെ തന്റെ എല്ലാ എതിർവേലകളിൽനിന്നും വിരമിപ്പിച്ചു നിർവീര്യനാക്കിക്കൊണ്ട് അല്ലാഹു അവന്റെ ശക്തി പ്രതാപം വെളിപ്പെടുത്തുകയാണുണ്ടായത്. ആഥിം മാനസാന്തരപ്പെടുകയാൽ 15 മാസങ്ങൾക്കകം മരിച്ചില്ല. അത്രയുംകാലം മരിക്കാതെ ജീവിച്ചിരുന്നതുതന്നെ ഒരത്ഭുതമായിരുന്നു. എന്തെന്നാൽ, ഹദ്റത്ത് അഹ്മദിനേക്കാൾ ഏഴുവയസ്സ് കൂടുതലുള്ള റവ: ആഥിമിനെ മരണത്തിന്റെ പിടുത്തത്തിൽപ്പെടാതെ 15 മാസത്തെ കാലാവധിവരെ ജീവിച്ചിരുത്താൻ ഹദ്റത്ത് അഹ്മദിനു കഴിയുമായിരുന്നില്ല. എന്നിട്ടും, ആഥിം മാനസാന്തരപ്പെടുകയാൽ അത്രയും കാലം ജീവിച്ചിരിക്കുകയും ഇസ്ലാമിന്റെ സത്യപ്രഭാവത്തിന്നു സാക്ഷ്യം വഹിക്കുകയും ചെയ്തു.

വിവാദാന്ത്യത്തിൽ പ്രവചനം പ്രഖ്യാപിക്കപ്പെട്ട ഉടൻതന്നെ റവ:ആഥിമിൽ പരിവർത്തനം ദൃശ്യമായിത്തുടങ്ങിയിരുന്നു. അദ്ദേഹം തന്റെ ചെവിയിൽ വിരൽ തിരുകിക്കൊണ്ടു താൻ തിരുനബിയെ ദജ്ജാൽ എന്നു വിളിച്ചിട്ടില്ലെന്നു ഏറ്റുപറയുകയുണ്ടായി. അതു മാനസാന്തരത്തിന്റെ ആരംഭം കുറിച്ചു. അതോടുകൂടി ആഥിം അസാധാരണമായതരത്തിൽ മൗനമവലംബിച്ചുതുടങ്ങി. ഇസ്ലാമിനെ ആക്ഷേപിക്കുന്ന ഒരൊറ്റവാക്കും അയാളുടെ വായിൽ നിന്നു പുറപ്പെടുകയോ തൂലികയിൽ നിന്നു നിർഗ്ഗളിക്കുകയോ ചെയ്തില്ല. മാത്രമല്ല, ക്രൈസ്തവ വിശ്വാസത്തെ പ്രബോധിക്കുവാൻപോലും അയാൾ ധൈര്യപ്പെട്ടില്ല. ഇസ്ലാമിന്നെതിരായി നിരന്തരം പ്രചാരവേല നടത്തിക്കൊണ്ടിരിക്കുകയും, ഒട്ടധികം ഗ്രന്ഥങ്ങൾ രചിക്കുകയും, അനേകം പ്രസംഗങ്ങൾ ചെയ്കയും ചെയ്തിട്ടുള്ള ഒരു പാതിരിമുഖ്യൻ അപ്രകാരം മൗനമവലംബിച്ചതിൽ നിന്നും മനസ്സിലാകുന്നതു അയാളുടെ ഹൃദയത്തിൽ ഇസ്ലാമിന്റെ സത്യം ശക്തിമത്തായ സ്വാധീനത ചെലുത്തിയിരുന്നുവെന്നത്രെ. രഹസ്യത്തിൽ അയാൾ ഖുർആൻ പാരായണം ചെയ്യുകയും ഇസ്ലാമികരീതിയിൽ പ്രാർത്ഥിക്കുകയും ചെയ്കയുണ്ടായെന്നും ആഥിമുമായി വളരെ അടുത്തു ബന്ധപ്പെട്ടിരുന്നവരിൽ നിന്നു വെളിപ്പെടുമാറായിട്ടുണ്ട്.

റവ: ആഥിം "നരക"ത്തിൽ പതിക്കുമെന്ന പ്രവചനം മറ്റൊരു രൂപത്തിൽ പൂർത്തിയാകാതിരുന്നില്ല. എന്തെന്നാൽ ഇക്കാലമത്രയും കഠിനമായ മനോവ്യഥയിലും അസ്വസ്ഥതയിലുമാണ് ആഥിം കഴിച്ചുകൂട്ടിയിരുന്നത്. ഇസ്ലാമിനോടുള്ള അന്യായമായ ശത്രുതയെക്കുറിച്ചുള്ള കുറ്റബോധം അയാളിൽ തലയുയർത്തി. അയാൾ ഒരുതരം മാനസികരോഗത്തിൽ അകപ്പെടുകയും ബുദ്ധിസ്ഥിരതയില്ലാത്ത വിധം പെരുമാറുകയും ചെയ്തു. പല പൊയ്ക്കാഴ്ചകളും പേടിസ്വപ്നങ്ങളും അയാളുടെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. പാമ്പുകൾ തന്നെ ദംശിക്കാൻ വരുന്നതു

തായും ഭ്രാന്തൻനായ്ക്കൾ തന്റെമേൽ കുതിച്ചു ചാടുന്നതായും ഭീകരസത്വങ്ങൾ തന്റെ നേരെ വാളോങ്ങി അടുക്കുന്നതായും മറ്റുമുള്ള മതിഭ്രമപരമായ കാഴ്ചകൾഅയാൾ കണ്ടുകൊണ്ടിരുന്നു. മരണം തന്റെ മുമ്പിൽ എവിടേയും പതിയിരിക്കുന്നതായി അയാൾക്ക് അനുഭവപ്പെടുകയും താൻ മരിക്കാൻ പോകുന്നുവെന്നു പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു. അയാൾ മനസ്സമാധാനമോ സ്വസ്ഥതയോ ഇല്ലാതെ, ഭയവിഹ്വലനായും ഭ്രമിതചിത്തനായും കാണപ്പെട്ടിരുന്നു. പേടിമൂലം ഒരിടത്തും ഉറച്ചു നിൽക്കാൻ സാധിച്ചില്ല. അയാൾ ആത്മരക്ഷതേടിക്കൊണ്ടു അമൃതസരിൽനിന്നു ലുധിയാനയിലേയ്ക്കും, ഗുജറാത്തിലേക്കും ഹിറോസ് പൂരിലേയ്ക്കും തന്റെ ബന്ധുജനങ്ങളുടെയടുക്കൽ മാറി മാറി യാത്രചെയ്കയും പോലീസ് കേന്ദ്രങ്ങളിൽപോയി തന്റെ രക്ഷയ്ക്കുറപ്പ് വരുത്താനാവശ്യപ്പെടുകയും ചെയ്തു. റവ: ആഥിമിനു 'ഖുതുറൂബ്' എന്ന മാനസിക രോഗം* പിടിപെട്ടിരുന്നുവെന്നു ഹദ്റത്ത് അഹ്മദ്(അ) തന്റെ 'അൻവാറുൽ ഇസ്ലാം'(22) എന്ന പുസ്തകത്തിൽ ചൂണ്ടിക്കാട്ടി. ആഥിം 'എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണർ' ഉദ്യോഗംവരെ വഹിച്ചിരുന്ന ഒരാളെന്ന നിലയിൽ ഗവർമ്മെണ്ടിലും പോലീസ് മേധാനികൾക്കിടയിലും നല്ല സ്വാധീനമുള്ള ആളായിരുന്നതിന്നുപുറമെ അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളിൽ ചിലർ ഉന്നതസ്ഥാനീയരായ ഉദ്യോഗസ്ഥൻമാരായിരുന്നു. അദ്ദേഹത്തിന്റെ രക്ഷയ്ക്കായി പോലീസ് സേനമുഴുവനും സദാ സന്നദ്ധമായിരുന്നിട്ടും താൻ കൊല്ലപ്പെട്ടുപോകുമെന്ന ഭയം അയാളെ വിട്ടുമാറിയില്ല. ചെറിയൊരനക്കമോ ശബ്ദമോ ഉണ്ടാകുമ്പോൾതന്നെ ആഥിം പേടിച്ചുവിറച്ചിരുന്നു. അയാൾക്ക് ഉറക്കം ലഭിച്ചില്ല. പരിചാരകൻമാർ മദ്യവും മയക്കുമരുന്നുകളും കൊടുത്തകൊണ്ടിരുന്നു. പ്രവചനത്തിൽ പറഞ്ഞ 15 മാസക്കാലാവധി പൂർത്തിയാകുന്ന തലേന്നാൾ ആഥിമിന്റെ താമസസ്ഥലത്തിന്നു ചുറ്റും പോലീസുകാർ കാവൽനിന്നിരുന്നു. പരിഭ്രമവും അസ്വാസ്ഥ്യവും വർദ്ധിക്കുക കാരണം ബോധഹരൗഷധങ്ങൾ നൽകുകപോലുമുണ്ടായിട്ടുണ്ട്.

നിശ്ചിത കാലാവധി കഴിഞ്ഞ പിറ്റെന്നാൾ തന്നെയാണ് ആഥിമിനെ ക്രിസ്ത്യാനികൾ ജയഭേരിയടിച്ചു ഘോഷയാത്രയായി നഗരപ്രദക്ഷിണം ചെയ്തിച്ചത്. പ്രവചനത്തിന്റെ യാഥാർത്ഥ്യങ്ങൾ വിശദീകരിച്ചുകൊണ്ടു 1894 സപ്തെമ്പർ 5-ാം തിയ്യതിയും 9-ാം തിയ്യതിയും ഹദ്റത്ത് അഹ്മദ് (അ) ഓരോ വിജ്ഞാപനം പ്രസിദ്ധം ചെയ്തു. എന്നാൽ, ആഥിം മാനസാന്തരപ്പെട്ടുവെന്ന വസ്തുത സമ്മതിക്കാൻ ക്രിസ്ത്യാനികൾ തയ്യാറുണ്ടായിരുന്നില്ല. അവർ അതു നിഷേധിക്കുകതന്നെ ചെയ്തു. ആഥിമിന്റെ മനസ്സിനകത്തുള്ള അവസ്ഥകളെന്തെന്നറിയുവാൻ യാതൊരു മാർഗ്ഗവുമില്ലായിരുന്നു. എന്നാൽ, ഹൃദയാന്തർഭാഗത്തുള്ള സൂക്ഷ്മങ്ങളായ ചലനങ്ങൾ

*നിലയുറക്കാതെ അങ്ങുമിങ്ങും നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്ന ഒരു തരം ജലകീടത്തിന്നാണ് ഖുതുറൂബ് എന്നു പറയുന്നത്. ഈ കീടത്തെപ്പോലെ, ഒരു നിശ്ചിതസ്ഥാനത്തുറച്ചിരിക്കാതെ നിരന്തരം സ്ഥലം മാറിക്കൊണ്ടിരിക്കാനുള്ള വ്യഗ്രതയോടുകൂടിയ ഒരു തരം മാനസിക രോഗത്തിന്നും ഖുതുറൂബ് എന്നു പറയുന്നു. (ലുഗാത്തെ കിശ് വരി)

പോലും നോക്കിപ്പാർക്കുന്ന സർവ്വ സാക്ഷിയായ ദൈവത്തിൽനിന്നു ആ വസ്തുത മറച്ചുപിടിക്കുവാൻ ആർക്കു കഴിയും?

ആഹ്വാനങ്ങളും സമ്മാനങ്ങളും

ആഥിം ഇസ്ലാമിന്റെ നേരെ പുലർത്തി വന്നിരുന്ന ആദ്യനിലപാടിൽനിന്നു മാറിയിട്ടുണ്ടെന്ന തന്റെ പ്രസ്താവന പരമാർത്ഥമല്ലെങ്കിൽ ലോകത്തെ ബോദ്ധ്യപ്പെടുത്തത്തക്കവിധം ആ സംഗതി പരസ്യമായി നിഷേധിച്ചു പറയുവാൻ ഹദ്റത്ത് അഹ് മദുൽ ഖാദിയാനി (അ) അബ്ദുല്ലാ ആഥിമിനെ ആഹ്വാനം ചെയ്തു. ആഥിം അപ്രകാരം സത്യംചെയ്തു പറയുന്നപക്ഷം ഒരു സത്യവസ്തുതയെ നിഷേധിച്ച കുറ്റത്തിനുള്ള ദൈവീക ശിക്ഷയെന്ന നിലയിൽ ഒരു കൊല്ലത്തിനകം അയാൾ മരണമടയുമെന്നും അങ്ങിനെ മരണപ്പെടാത്ത പക്ഷം താൻ പരാജയം ഏറ്റുപറയുന്നതോടൊപ്പം 1000 രൂപ പിഴയായി നൽകുന്നതാണെന്നും ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിച്ചു (തബ്ലിഗെ രിസാല ഭ. 3പു.122– 128)

ആഥിം യാതൊരു മറുപടിയും പറയാൻ ധൈര്യപ്പെട്ടില്ല. തന്നിമിത്തം 1894 സപ്തംബർ 20–ാം തിയ്യതി പുറപ്പെടുവിച്ച മറ്റൊരു വിജ്ഞാപനത്തിൽ സമ്മാനത്തുക 2000ക യായി വർദ്ധിപ്പിക്കുകയും കഴിഞ്ഞ 15 മാസക്കാലത്തിന്നുള്ളിൽ താൻ ക്രൈസ്തവ വിശ്വാസങ്ങളിൽ നിന്നു ഒരു പ്രകാരത്തിലും വ്യതിചലിക്കുകയുണ്ടായിട്ടില്ലെന്നു ഒരു പൊതുയോഗത്തിൽവെച്ചു പരസ്യമായി സത്യം ചെയ്തുപറയാൻ പിന്നേയും ആഹ്വാനം ചെയ്യുകയും ചെയ്തു. ആഥിം കള്ളസത്യം ചെയ്യുകയാണെങ്കിൽ ഒരു കൊല്ലത്തിനുള്ളിൽ നിശ്ചമായും മരണപ്പെടുമെന്നും എന്നാൽ, ആ അവധിക്കുള്ളിൽ താൻ ഒരു പ്രകാരത്തിലും മരിക്കുന്നതല്ലെന്നും ഇതു ദൈവത്തിന്റെ ഒരു അത്ഭുത അടയാളമായിരിക്കുമെന്നും അതിൽ പറഞ്ഞിരുന്നു. ഈ വിജ്ഞാപനത്തിന്റെ 10000 പ്രതികൾ അച്ചടിച്ചു വിതരണം ചെയ്യുകയുണ്ടായി. എന്നാൽ, സത്യം ചെയ്യാൻ ആഥിം തയ്യാറായില്ല. ഡോ. മാർട്ടിൻ ക്ലാർക്ക്, പാതിരി ഇമാദുദ്ദീൻ മുതലാവയവർക്ക് ഹദ്റത്ത് അഹ്മദ് (അ) റജിസ്റ്റർ കത്തുകളയക്കുകയും നിഷേധം ഏറ്റുപറയാൻ ആഥിമിനെ പ്രേരിപ്പിക്കുന്നതിനു ആവശ്യപ്പെടുകയുംചെയ്തു. ആഥിം സത്യം ചെയ്യാൻ തയ്യാറല്ലെന്നു ഹദ്റത്ത് അഹ്മദിനു അയച്ച മറുപടിക്കത്തിൽ ഡോ.ക്ലാർക്ക് വ്യക്തമാക്കി.

1894 സപ്തംബർ 21നു ത്തെ 'നൂറഫ്ശാൻ' എന്ന ക്രൈസ്തവപത്രത്തിൽ ആഥിം എഴുതിയ ഒരു കത്തു പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അതിൽ അദ്ദേഹം ഇപ്രകാരം ഏറ്റുപറഞ്ഞിരുന്നു. "യേശുവിന്റെ ദൈവപുത്രത്വത്തിലും ദൈവത്വത്തിലുമുള്ള ക്രിസ്ത്യാനികളുടെ പൊതുവിശ്വാസത്തോടു ഞാൻ യോജിക്കുന്നില്ല. അദ്ദേഹത്തിന്റെ (ഹദ്റത്ത് മിർസാ സാഹിബിന്റെ) നേരെ കൊള്ളരുതായ്മ കാണിച്ച ക്രിസ്ത്യാനികളോടും എനിയ്ക്ക് യോജിപ്പില്ല." ഇതു ആഥിം സത്യത്തിന്റെ നേരെ തിരിയുകയുണ്ടായി എന്നതിലേയ്ക്കു പ്രത്യക്ഷമായ ഒരു തെളിവല്ലെങ്കിൽ മറ്റെന്താണ്?

"ദുർബ്ബലനായ മനുഷ്യനെ ദൈവമായി അഭിഷേകിക്കുന്ന ആൾ" നരകത്തിൽ പതിയ്ക്കുമെന്നാണ് പ്രവചനം. ഹദ്റത്ത് അഹ്മദുമായുള്ള 'വിശുദ്ധസമര'ത്തിലെ ഒരു വിവാദവിഷയം തന്നെ 'യേശുവിന്റെ ദൈവത്വം' ആയിരുന്നു. ക്രിസ്തുദൈവമാണെന്നും, ക്രിസ്തുവിൽ ദൈവികഗുണങ്ങൾ എല്ലാം സമ്മേളിച്ചിട്ടുണ്ടെന്നും സ്ഥാപിക്കുവാനാണ് ആഥിം ശ്രമിച്ചിരുന്നത്. ഇപ്പോൾ യേശുദൈവമാണെന്നു താൻ വിശ്വസിക്കുന്നില്ലെന്നു ഇത്രയും പരസ്യമായി ആഥിം പ്രസ്താവിച്ചിരിക്കെ അയാൾ മരണശിക്ഷയ്ക്കു ഇരയായില്ലെങ്കിൽ പ്രവചനം കളവായിത്തീർന്നുവെന്നു എങ്ങിനെ പറയാം?

എന്നാൽ, പ്രസ്തുത ലേഖനത്തിൽ ആഥിം തനിയ്ക്ക് ഇസ്ലാമിൽ വിശ്വാസമില്ലെന്നും പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഇതിനെ ആസ്പദമാക്കി പലരും പല പ്രശ്നങ്ങളും ഉന്നയിക്കുകയും, നാലു ഭാഗത്തുനിന്നും ഹദ്റത്ത് അഹ്മദിന്റെ നേരെ തുരതുരെ ആക്ഷേപങ്ങൾ ഉന്നയിച്ചു തുടങ്ങുകയും ചെയ്തു. തൻമൂലം, 1894 ഒക്ടോബർ 5നു ഹദ്റത്ത് അഹ്മദ് (അ) അവയ്ക്കെല്ലാം മറുപടിയായി ഒരു ലഘുലേഖ പുറത്തിറക്കി. കഴിഞ്ഞ 15 മാസ കാലത്തിനുള്ളിൽ ഇസ്ലാമിന്റെ നേരെയുള്ള തന്റെ മനോഭാവത്തിനു യാതൊരു മാറ്റവും ഉണ്ടായിട്ടില്ലെന്നു ഒരു പൊതുയോഗത്തിൽ വെച്ചു സത്യം ചെയ്തു പറയാൻ ആഥിമിനെ ഹദ്റത്ത് അഹ്മദ് (അ) വീണ്ടും ആഹ്വാനം ചെയ്തു. യാഥാർത്ഥ്യം വെളിപ്പെടുത്തുന്നതിനു മറ്റൊരു മാർഗ്ഗമില്ലാത്തതിനാൽ ഈ സത്യപ്രകാശനമാർഗ്ഗത്തെപറ്റി അദ്ദേഹം ഊന്നിപ്പറഞ്ഞുകൊണ്ടിരുന്നു. ആഥിം സത്യത്തിലേയ്ക്കു തിരിയുകയുണ്ടായെന്നും ഈ വസ്തുത വളച്ചുതിരിച്ചു പൊതു ജനങ്ങളെ കബളിപ്പിക്കാൻ ശ്രമിക്കുകയാണെന്നും ദൈവം തന്നെ അറിയ്ക്കുകയുണ്ടായെന്നു ഹദ്റത്ത് അഹ്മദ് (അ)വ്യക്തമാക്കി. ഇസ്ലാം ഒരു കള്ളപ്രസ്ഥാനവും ക്രിസ്തുമതം സത്യവുമാണെങ്കിൽ, ആഥിമിനു അതിൽ പരിപൂർണ്ണവും സുദൃഢവുമായ വിശ്വാസമുണ്ടായിരുന്നെങ്കിൽ, അപ്രകാരം സത്യംചെയ്തു പറയാൻ– അയാൾ മടിക്കേണ്ടതുണ്ടായിരുന്നില്ല. ക്രിസ്തുമതത്തിന്റെ സത്യത്തിലേയ്ക്ക് ലോകത്തെ മുഴുവനും സാക്ഷിയാക്കാൻ ആഥിം ഒരുങ്ങേണ്ടതായിരുന്നു. യേശുവിന്റെ ശിഷ്യൻമാർക്ക് രക്തസാക്ഷിത്വം വരിക്കേണ്ടിവന്നുവെങ്കിലും അവർ യേശുവിനു സാക്ഷികളായിരിക്കുന്നതിൽനിന്നു ഒഴിഞ്ഞുമാറാൻ കൂട്ടാക്കിയില്ല. എന്നിരിക്കെ, ആഥിം എന്തിനു ഭയപ്പെടണം? ഇസ്ലാം മതസ്ഥാപകൻ ഒരു കള്ളവാദിയാണെന്നും താൻ എപ്പോഴും അങ്ങിനെയാണ് വിശ്വസിച്ചുവന്നിട്ടുള്ളതെന്നും മുമ്പത്തെപ്പോലെ പ്രഖ്യാപിക്കുവാൻ അയാൾ എന്തുകൊണ്ടു ധൈര്യപ്പെട്ടില്ല? ഹദ്റത്ത് അഹ്മദ് വമ്പിച്ച തുകകൾ സമ്മാനം നൽകാമെന്നേറ്റിട്ടും ആ തുക സത്യം ചെയ്ത ഉടനെ റൊക്കമായി നൽകുന്നതാണെന്നുപോലും പ്രഖ്യാപിച്ചിട്ടും ആഥിം മുമ്പോട്ടു വരാഞ്ഞതെന്തുകൊണ്ട്?

ഒക്ടോബർ 5-നു പ്രസിദ്ധം ചെയ്ത ഈ വിജ്ഞാപനത്തിൽ ഹദ്റത്ത് അഹ്മദ് (അ) ക്രൈസ്തവമുഖ്യനെ ഒരിക്കൽ കൂടി ആഹ്വാനം ചെയ്യുകയും സമ്മാനത്തുക 3000ക.യായി വർദ്ധിപ്പിക്കുകയും ചെയ്തു.

1894 ഒക്ടോബർ 10-നു 'നൂറഫ്ശാൻ' പത്രത്തിൽ ഒരു മറുപടിയെഴുതാൻ ആഥിം നിർബന്ധിതനായി, ഒരു നീതിന്യായകോടതി ആവശ്യപ്പെട്ടാലല്ലാതെ താൻ സത്യം ചെയ്യുന്നതല്ലെന്നും ആണയിടുവാൻ തന്റെ മതം അനുവദിക്കുന്നില്ലെന്നും ആണ് അതിൽ പറഞ്ഞിരുന്നത്. തന്നെ കൊല്ലുന്നതിനുവേണ്ടി മിർസാ സാഹിബോ അദ്ദേഹത്തിന്റെ ശിഷ്യൻ മാരോ ഒരു ശ്രമം നടത്തിയേക്കാമെന്നതിനാൽ, 15 മാസ കാലത്തിനിടയിൽ കലശലായ മരണഭയം തന്നെ പിടികൂടിയിരുന്നു എന്നു അതിൽ റവ: ആഥിം സമ്മതിച്ചു പറയുകയുണ്ടായിട്ടുമുണ്ട്!

ഒക്ടോബർ 27-നു ഹദ്റത്ത് അഹ്മദ്(അ) പുറപ്പെടുവിച്ച മറ്റൊരു ലഘുലേഖയിൽ മാനസാന്തരം നിഷേധിക്കുവാൻ പിന്നെയും ആഹ്വാനം ചെയ്യുകയും സമ്മാനത്തുക 4000ക.യായി വർദ്ധിപ്പിക്കുകയും ചെയ്തു. താൻ ആഥിമിനെ കൊല്ലുവാൻ ഗൂഢാലോചന നടത്തിയെന്ന ആരോപണം ആ മഹാത്മാവ് ഇതിൽ പറ്റേ നിഷേധിച്ചു. സത്യം ചെയ്യുക ക്രൈസ്തവ പ്രമാണങ്ങൾക്ക് എതിരാണെന്ന പ്രസ്താവനയെ അദ്ദേഹം ബൈബിൾ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു ഖണ്ഡിക്കുകയും ക്രിസ്തുവിന്റെ ശിഷ്യൻമാരായ പത്രോസും പൗലോസും ക്രിസ്തു തന്നെയും ആണയിടുകയുണ്ടായിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്തു. റവ:ഡോ.മാർട്ടിൻ ക്ലാർക്കും പാതിരി ഇമാദുദ്ദീനും കൂടി രചിച്ച ബൈബിൾ വ്യാഖ്യാനത്തിൽതന്നെ സത്യത്തിനുവേണ്ടി ദൈവനാമത്തിൽ സത്യം ചെയ്യാമെന്നു പ്രസ്താവിച്ചിട്ടുള്ള സംഗതിയും അദ്ദേഹം എടുത്തു കാണിച്ചിരുന്നു.

എന്നാൽ, ആഥിം മൗനം പൂണ്ടിരുന്നതേയുള്ളു. താൻതന്നെയും പലതവണ സത്യം ചെയ്ത ആളായിരുന്നിട്ടും ഇപ്പോൾ ക്രിസ്ത്യാനിയ്ക്കു ആണയിട്ടുകൂടെന്ന ന്യായത്തിന്റെ മറവിൽപോയി ഒളിക്കുവാനാണ് അദ്ദേഹം ബന്ധനായത്. ആഥിം നിശ്ബ്ദനായെങ്കിലും അയാൾക്ക് മാനസാന്തരമുണ്ടായിട്ടില്ലെന്നു ശത്രുക്കൾ പറഞ്ഞുകൊണ്ടിരുന്നു. ശത്രുക്കളുടെ ആക്ഷേപങ്ങൾക്ക് വിശദമായി മറുപടി നൽകികൊണ്ടു ഹദ്റത്ത് അഹ്മദ്(അ) അൻവാറുൽ ഇസ്ലാം' എന്ന പേരിൽ ഒരു പുസ്തകം രചിച്ചു. തുടർന്നു 'സിയാഉൽഹക്ക്' (23) 'അഞ്ചാമെ ആഥിം'(24) എന്ന ഗ്രന്ഥങ്ങളും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഈ ഗ്രന്ഥങ്ങളിൽ, ദൈവികശിക്ഷാസമ്പ്രദായത്തെകുറിച്ചും ദിവ്യദൃഷ്ടാന്തങ്ങളുടെ സ്വഭാവത്തെകുറിച്ചും പ്രവചനങ്ങളുടെ യാഥാർത്ഥ്യത്തെകുറിച്ചുമുള്ള താത്വികപ്രതിപാദനങ്ങൾ അടങ്ങിയിരുന്നു. മുൻ പ്രവാചകൻമാരുടെ ചരിത്രങ്ങളിൽനിന്നും ദൈവീകഗ്രന്ഥങ്ങളിൽ നിന്നുമുള്ള അനിഷേധ്യങ്ങളായ സാക്ഷ്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു ആ മാഹാത്മാവ് തന്റെ നിലയെ ന്യായീകരിക്കുകയും സകല എതിരാളികളെയും നിശബ്ദരാക്കുകയും ചെയ്തു.

റവ.അബ്ദുല്ലാ ആഥിമിനെ സംബന്ധിച്ചേടത്തോളമുള്ള തന്റെ പ്രവചനത്തെ അദ്ദേഹം ഇപ്രകാരം സംക്ഷേപിച്ചു:

"ഹേ മാന്യൻമാരേ, ഇൽഹാമിൽ മരണത്തെകുറിച്ചു പറയപ്പെട്ടിട്ടേ ഇല്ല. എന്നാൽ, 'ഹാവിയ' എന്ന പദത്തിനു അബ്ദുല്ലാ ആഥിമിനെ സംബന്ധിച്ചേടത്തോളം ഞാൻ മനസ്സിലാക്കിയതനുസരിച്ചു എന്റെ വ്യാഖ്യാന വാചകങ്ങളിൽ 'മൗത്ത്' എന്ന പദമുണ്ടെന്നതു നേരാണ്. സത്യത്തിന്റെ നേരെ തിരിഞ്ഞില്ലെങ്കിൽ ഹാവിയയിൽ പതിക്കുമെന്ന ഒരുപാധികൂടി വെളിപാടുവാക്യത്തിലുണ്ട്. അദ്ദേഹം സത്യത്തിന്റെ നേരെ തിരിയുകയുണ്ടായെന്നു അല്ലാഹു എനിയ്ക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അദ്ദേഹം ഭയപ്പെടുകയും ഇസ്ലാംമതമഹിമ അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഥാനം പിടിക്കുകയും ചെയ്തു. അതിനാൽ, അല്ലാഹു അവന്റെ പഴയ ചട്ടമനുസരിച്ചു മരണശിക്ഷ അയാളുടെ നിർഭയതയുടെ നാളുകൾവരെ നീട്ടിവച്ചിരിക്കുന്നു" (അൻവാറുൽ ഇസ്ലാം. ഭാ. 31)

ആഥിം പഴയപടി നിർഭയനായി ഇസ്ലാമിനെയും തിരുനബിയെയും ആക്ഷേപിച്ചു തുടങ്ങുകയോ തനിയ്ക്ക് മാനസാന്തരമുണ്ടായിട്ടില്ലെന്നു സത്യംചെയ്തു പറയുകയോ ചെയ്യുന്നപക്ഷം യാതൊരു ഉപാധിക്കും വിധേയമല്ലാത്ത തരത്തിൽ ഒരു കൊല്ലത്തിനുള്ളിൽ മരണമടയുമെന്നതു ഖണ്ഡിതമാണെന്നു ഹദ്റത്ത് അഹ്മദ് (അ) ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചുകൊണ്ടിരുന്നു. എന്നാൽ, ഭീരുവായ ആഥിം മുമ്പോട്ടുവന്നില്ല. സത്യത്തിനെതിരിൽ നിർഭയനായിരിക്കുന്ന വൈരിയുടെ കാര്യത്തിൽ മാത്രമെ അല്ലാഹു നിർണ്ണായക ദൃഷ്ടാന്തം വെളിപ്പെടുത്തേണ്ടതുള്ളു. അല്ലാത്തപക്ഷം ഭീരുവിന്റെ ഭീരുത്വംതന്നെയാണ് അസത്യത്തിന്റെ അടയാളം!

'ഇൽഹാ'മിലെ ഉപാധിയനുസരിച്ചു സത്യത്തിലേയ്ക്ക് തിരിയുകയാൽ മരണത്തിൽനിന്നു രക്ഷനേടിയ ആഥിം ദൈവത്തോടുള്ള തന്റെ അഭയയാചനകളെയും അർത്ഥനകളെയുമെല്ലാം വിസ്മരിച്ചു കൊണ്ടു മനം മാറ്റത്തെ മറച്ചുപിടിക്കാൻ ശ്രമിക്കുകയാണുണ്ടായത്. സത്യം ഏറ്റുപറായൻ അയാൾ തയ്യാറായില്ല. സ്വന്തം ആത്മാവിനെയും ലോകത്തെയാകെയും വഞ്ചിയ്ക്കുവാൻ ശ്രമിച്ച ഈ ക്രൈസ്തവനേതാവിനെ ദൈവം ശിക്ഷിക്കാതെ വിട്ടുക്കളയുന്നതല്ലെന്നു ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിച്ചു. 1894 ഒക്ടോബർ 27-ാം തിയ്യതിയിലെ വിജ്ഞാപനത്തിൽ അദ്ദേഹം ഇപ്രകാരം പ്രവചിക്കുകയുണ്ടായി: "ഇനി ആഥിം സത്യം ചെയ്തില്ലെങ്കിലും, സത്യത്തെ മറച്ചുപിടിച്ചകൊണ്ടു ലോകത്തെ മുഴുവൻ വഞ്ചിക്കാൻ ശ്രമിച്ച ഇത്തരത്തിലുള്ള ഒരു കുറ്റവാളിയെ ദൈവം ശിക്ഷിക്കാതെ വിട്ടുകളയുന്നതല്ല. ആ നാളുകൾ വളരെ അടുത്താണ്, അകലത്തല്ല" .

റവ: അബ്ദുല്ലാ ആഥിം അതോടെ എന്നന്നേയ്ക്കുമായി നിശ്ശബ്ദനായ രംഗത്തുനിന്നു പിൻവലിഞ്ഞു. മരണത്തിന്റെ കരാളമായ പിടി ആഥിമിനെ കൂടുതൽ കൂടുതൽ ഞെരിച്ചുകൊണ്ടിരുന്നു. ഒടുവിൽ, 1896 ജൂലായി- 27-ാം തിയ്യതി ഫെറോസ് പൂരിൽവച്ചു ആഥിം ദയനീയമായ നിലയിൽ മരണമടഞ്ഞു!

35- സൂര്യചന്ദ്ര ഗ്രഹണങ്ങൾ

മഹ്ദിഇമാമിന്റെ- വാഗ്ദത്ത മസീഹിന്റെ ആവിർഭാവകാലത്ത് ആകാശത്തിൽ അത്ഭുതാടയാളങ്ങൾ വെളിപ്പെടുമെന്നു വിവിധ മതഗ്രന്ഥങ്ങളിൽ, വിശിഷ്യ ഹദീസു ഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ടിട്ടുണ്ട്. തിരുനബി(സ) ഇപ്രകാരം അരുൾ ചെയ്യുകയുണ്ടായി.

"നമ്മുടെ മഹ്ദിയ്ക്ക് രണ്ടു അടയാളങ്ങളുണ്ട്. ആകാശഭൂമികൾ സൃഷ്ടിക്കപ്പെട്ടതിനുശേഷം ഇത്തരം അടയാളം ഉണ്ടായിട്ടില്ല. അതായത്, റമസാനിൽ ആദ്യരാവിൽ ചന്ദ്രനും മദ്ധ്യനാളിൽ സൂര്യനും ഗ്രഹണമുണ്ടാകും."

ഹദ്റത്ത് ഇമാം മുഹമ്മദ് ബാഖിർ(റ) രിവായത്ത് ചെയ്ത ഈ ഹദീസ് നാലാം നൂറ്റാണ്ടിലെ ഹദ്റത്ത് അലിയ്യിബ്നു ഉമറുൽബഗ്ദാദി അദ്ദാർഖുത്നി 'സുനനുദാർഖുത്നി'യിൽ രേഖപ്പെടുത്തീട്ടുള്ളതാണ്. ഇതനുസരിച്ചു, 13 നൂറ്റാണ്ടുകളിലേറക്കാലമായി സുന്നീശിയാഭേദമില്ലാതെ എല്ലാം മുസ്ലിം വിഭാഗങ്ങളും ഈ അടയാളത്തെ കാത്തിരിക്കുകയായിരുന്നു.*

ഈ പ്രവചനം ഖുർആനിലും സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഖിയാമത്തിന്റെ അടയാളങ്ങളെപറ്റി 'സൂറാ അൽഖിയാമ'യിൽ 'വഖസഫൽഖമറു വജുമിഅശ് ശംസു വൽഖമറു' (ചന്ദ്രന് ഗ്രഹണം പറ്റും. അതിൽ സൂര്യനും ചന്ദ്രനും യോജിപ്പിക്കപ്പെടും)"എന്നു പറയപ്പെട്ടിരിക്കുന്നു. (75:6-7). അതായത്, ചന്ദ്രനും അതോടൊപ്പം സൂര്യനും ഗ്രഹണം സംഭവിക്കുമെന്നും ആദ്യരാവിൽ ചന്ദ്രഗ്രഹണവും മദ്ധ്യദിനത്തിൽ സൂര്യഗ്രഹണവും ഉണ്ടാവുമെന്നും.

മശീഹായുടെ രണ്ടാം വരവിനെപ്പറ്റി ബൈബിളിൽ ഇപ്രകാരം കാണാം:

"ആ ദിവസങ്ങളിൽ ഈ ദുരിതത്തിനുശേഷം സൂര്യൻ ഇരുണ്ടുപോകും. ചന്ദ്രൻ പ്രകാശിക്കയില്ല. നക്ഷത്രങ്ങൾ ആകാശത്തിൽനിന്നു വീഴും. അപ്പോൾ മനുഷ്യപുത്രൻ മഹാപ്രതാപത്തോടും മഹാ തേജസ്സോ

* ഈ ഹദീസ് അനേകം ഹദീസു ഗ്രന്ഥങ്ങളിൽ ചേർത്തു കാണാം. ഉദാ:1) ഫതാവാ ഹദീസ്-ഹാഫീസ് ഇബ്നുഹജർമക്കി, 2) അഹ്വാലുൽ അഖീറ-ഹാഫിസ് മുഹമ്മദ് ലഖൂക്കെ, 3) ആഖീരി ശത് - മൗലാനാ അബ്ദുൽഹക്ക് മുഹദ്ദിസ് ദഹ് ലവി, 6)ഖിയാമത്ത് നാമ (ഫാർസി)-ഹദ്റത്ത് ഷാറഫീഉദ്ദീൻ, 7)മക്ത്തുബാത്തെ ഇമാം റബ്ബാനി.

ടുംകൂടി മേഘങ്ങളിൽ വരുന്നതു അവർ കാണും. അവൻ തെരഞ്ഞെടുത്തവരെ ഭൂമിയുടെ അതിരിൽനിന്നു ആകാശത്തിന്റെ അതിർത്തിയോളം നാലുദിക്കിൽനിന്നും വിളിച്ചുകൂട്ടാൻ അപ്പോൾ അവർ മാലാഖമാരെ അയക്കും" (മാർക്കോസ്, 18:24, മത്തായി 24:29)

ഇപ്പറഞ്ഞതെല്ലാം അക്ഷരാർത്ഥത്തിൽ പുലരുകയെന്നതു സംഭവ്യമല്ല. സൂര്യൻ ഇരുണ്ടുപോകുകയെന്നുവച്ചാൽ ഭൂമിയിലെ എല്ലാ പ്രവർത്തനവും അവസാനിക്കുകയെന്ന് മാത്രമല്ല, ഈ സൗരമണ്ഡലത്തിന്റെ പ്രവർത്തനമാകെയും താറുമാറാകുകയെന്നുമാണ് അർത്ഥം. അപ്പോൾ പിന്നെ ഈ ഭൂമിയിൽ മനുഷ്യപുത്രൻ പ്രതാപത്തോടെ പ്രത്യക്ഷപ്പെടുന്നതെങ്ങനെ? എന്തിനു? മനുഷ്യജീവിതം തന്നെ ഇവിടെ അസ്തമിക്കുന്ന നിലയിൽ അത്തരമൊരു അടയാളം വെളിപ്പെടുകയില്ല.

സൂര്യചന്ദ്രന്മാർ പുകം നക്ഷത്രവുമായി സമ്മേളിക്കുമ്പോൾ 'സത്യയുഗം" ആരംഭിക്കുമെന്നു ഹിന്ദുക്കളുടെ ഭാഗവതപുരാണത്തിൽ പറയുന്നു (ഭാഗവതം, ശ്ലോകം 112, അദ്ധ്യായം.2)

കൽക്കി വെളിപ്പെടുന്നകാലത്ത് സൂര്യചന്ദ്രഗ്രഹണങ്ങളുണ്ടാകുമെന്ന് സൂർദാസും (സൂർസാഗർ) സിക്കുഗുരുക്കൻമാരും (ശ്രീഗുരുഗ്രന്ഥ്ജി) പ്രവചിച്ചിട്ടുണ്ട്.*

സൂര്യൻ ഇരുണ്ടുപോകുന്നതും ചന്ദ്രൻ പ്രകാശിക്കാതാകുന്നതും ഗ്രഹണസമയത്താണെന്നു എല്ലാവർക്കും അറിയാം. രണ്ടുഗ്രഹണങ്ങളും ഒരേ റംസാൻ മാസത്തിൽ പ്രവചിക്കപ്പെട്ടനാളുകളിൽ ഉണ്ടാകുമെന്നും അന്നാളുകളിൽ ഒരു ദിവ്യദൂതന്റെ വിളിയാളം കേൾക്കുമാറാകുമെന്നുമാണ് പ്രവചനസൂചന.

സൂര്യചന്ദ്രഗ്രഹണങ്ങൾ പ്രകൃതിനിയമമനുസരിച്ചാണ് സംഭവിക്കുന്നത്. ഭൂമിയുടെ നിഴൽ ചന്ദ്രനിൽ പതിയുമ്പോൾ ചന്ദ്രഗ്രഹണവും സൂര്യന്റെ വെളിച്ചം ഭൂമിയിൽ പതിയുന്നതിനു ചന്ദ്രൻ തടസ്സമാകുമ്പോൾ സൂര്യഗ്രഹണവും ഉണ്ടാകുന്നു. സൂര്യ ചന്ദ്രഗോളങ്ങളും ഭൂമിയും അവയുടെ ചലനങ്ങൾക്കിടയിൽ ഭ്രമണ പഥത്തിൽ ഒരേ ദിശയിൽ ഒത്തുവരുമ്പോഴാണ് ഇത് സംഭവിക്കുന്നത്. ചന്ദ്രഗ്രഹണം പൂർണ്ണചന്ദ്രൻ പ്രകാശിക്കുന്ന പൗർണ്ണമിനാളിൽ അതായത്, ചാന്ദ്രമാസത്തിലെ 13,14,15 തിയ്യതികളിലെ രാത്രികളിലും സൂര്യഗ്രഹണം ചന്ദ്രനെ തീരെ കാണാനാവാത്ത ചന്ദ്രമാസത്തിലെ കൃഷ്ണപക്ഷത്തിൽ 27,28,29 തിയ്യതികളിൽ പകലുമാണ് സംഭവിക്കുക. ഗ്രഹണങ്ങൾ ഈ തിയ്യതികളിലല്ലാതെ ഒരിക്കലും സംഭവിക്കുമാറില്ലെന്നു വരുമ്പോൾ ആദ്യരാത്രി എന്നുപറഞ്ഞാൽ ഗ്രഹണരാത്രികളിലെ ആദ്യരാത്രിയെന്നും മദ്ധ്യനാൾ എന്നുപറയുമ്പോൾ ഗ്രഹണദിനങ്ങളിലെ മദ്ധ്യനാൾ എന്നും ആണ് ഉദ്ദേശ്യമെന്നു മനസ്സിലാക്കാൻപ്രയാസമില്ല. അപ്പോൾ റമസാൻമാസത്തിലെ ആദ്യരാവ് എന്നുപറഞ്ഞത് 13-ാം

---

*എ) ദുഷ്ട് ദുഷ്ട് കോ ഐസാ കാട്ടേ ജൈസേ കീട് മറേ
ചന്ദർ സൂരി കോറാ ഹോഗ്റെ മൃത്യു ബഹുത്പഡേ -സൂർസാഗർ
ബി).ബലേ ചലൻ സഹ്ൽ തിൻ ബുക്ത്ഫൻ കാഹിൻ കോർ
നഹ് കലജ് ബജേ ഡംഗ് ചഡോ ദിൽ റോന്ത് ജിയോ -ശ്രീഗുരു ഗ്രന്ഥ്ജി

രാവ് ആണെന്നും മദ്ധ്യനാൾ എന്നു പറഞ്ഞത് 28-ാം നാൾ ആണെന്നും വ്യക്തമായി. റമസാൻമാസത്തിൽ 13-ാം രാവിൽ ചന്ദ്രഗ്രഹണവും അതേ മാസം 28-ാം പകൽ സൂര്യഗ്രഹണവും ഉണ്ടാവുമ്പോൾ മഹ്ദിവാദം പുറപ്പെടുവിക്കുന്ന ആൾ സത്യവാദി ആയിരിക്കുമെന്നാണ് നബി(സ) പ്രവചിച്ചിട്ടുള്ളതെന്നു സിദ്ധിക്കുന്നു.

ഹദ്റത്ത് അഹ്മുദുൽഖാദിയാനി (അ) മഹ്ദിവാദം പുറപ്പെടുവിച്ചപ്പോൾ അതിനെ നിഷേധിക്കുന്നതിനു എതിരാളികൾ ഒരു കാരണമായി പറഞ്ഞിരുന്നത് മഹ്ദിയുടെ അടയാളമായി തിരുനബി(സ) പ്രവചിച്ച സൂര്യചന്ദ്രഗ്രഹണങ്ങൾ സംഭവിച്ചിട്ടില്ലല്ലോ എന്നായിരുന്നു. മഹ്ദിവാദം പുറപ്പെടുവിച്ചതിൽപിന്നെ ഒരു അടയാളത്തെപറ്റി ആ മഹാത്മാവിനോടു ചിലർ ചോദിക്കുകയുണ്ടായി. താൻ ദൈവത്താൽ നിയുക്തനായ സത്യമഹ്ദി ആയിരിക്കയാൽ ഈ അടയാളം ആകാശത്തിൽ നിശ്ചയമായും അടുത്തുതന്നെ പ്രത്യക്ഷപ്പെടുമെന്ന മറുപടിയാണ് ആ മഹാത്മാവ് നൽകിയത്!

അങ്ങനെ വാദം പുറപ്പെടുവിച്ചു മൂന്നു കൊല്ലം കഴിഞ്ഞശേഷം ഹിജ്റി വർഷം 1311 റമസാൻ 13-ാം തിയ്യതി (1894മാർച്ച് 21) വ്യാഴാഴ്ച ചന്ദ്രഗ്രഹണം ഉണ്ടായി. അതേ റമസാനിൽതന്നെ 28-ാം നു പകൽ (1894 ഏപ്രിൽ 6നു) വെള്ളിയാഴ്ച സൂര്യഗ്രഹണവും സംഭവിച്ചു. ഇതു പ്രധാനപത്രങ്ങളിലെല്ലാം റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ഈ രണ്ടു ഗ്രഹണങ്ങളും തന്റെ സത്യത്തിലേയ്ക്ക് സാക്ഷിയായി ആകാശത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ഹദ്റത്ത് അഹ്മദ് (അ) അല്ലാഹുവിന്നു സാഷ്ടാംഗം ചെയ്കയും തനിയ്ക്ക് സ്വയമേവ വെളിപ്പെടുത്തികാണിക്കാനാവാത്ത ഈ അത്ഭുതാടയാളം ആകാശത്തിൽ പ്രത്യക്ഷപ്പെട്ടതിനെ തന്റെ സത്യത്തിലേയ്ക്കുള്ള ശക്തിമത്തായ ദൃഷ്ടാന്തമായി എടുത്തുകാണിക്കുകയും തന്റെ ഗ്രന്ഥങ്ങളിൽ അതിനെപറ്റി ശക്തിയുക്തം പ്രതിപാദിക്കുകയും ചെയ്തു. മഹ്ദി ഇമാമിനെ പറ്റി നബിതിരുമേനി(സ) പുറപ്പെടുവിച്ച പ്രവചനം ഇപ്രകാരം പ്രത്യക്ഷത്തിൽ പൂർത്തിയായി കണ്ടതിനെതുടർന്നു ആളുകൾ കൂട്ടം കൂട്ടമായി ദൂരദൂര സ്ഥലങ്ങളിൽനിന്ന് ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ സന്ദർശിക്കാനായി ഖാദിയാനിലേയ്ക്ക് പ്രവഹിക്കുകയും അവിടത്തെ കയ്യിൽ 'ബൈഅത്ത്' ചെയ്കയുമുണ്ടായി.

ഹദ്റത്ത് മിർസാ അയ്യൂബ് ബേഗ് സാഹിബ്(റ) ഇപ്രകാരം നിവേദനം ചെയ്യുന്നു:

"1894 ഏപ്രിൽ 6-ാം തിയ്യതി റമസാൻമാസം സൂര്യഗ്രഹണമുണ്ടായപ്പോൾ ആളുകൾ കറുത്ത കണ്ണാടിച്ചില്ല് ഉപയോഗിച്ചു ഗ്രഹണം നിരീക്ഷിച്ചുകൊണ്ടിരുന്നു.* വളരെ നേരിയ തോതിലാണ് ഗ്രഹണം ഉണ്ടായത്. ഗ്രഹണം പിടിച്ചപ്പോൾ ചിലർ വാഗ്ദത്ത മഹ്ദീ ഇമാമിനെ അതറിയിക്കയുണ്ടായി. അദ്ദേഹവും കറുത്ത കണ്ണാടിച്ചില്ലുപയോഗിച്ചു ഗ്രഹണം

*ഖാദിയാനിയിൽ ചന്ദ്രഗ്രഹണം രാത്രിയുടെ ആദ്യയാമത്തിലും സൂര്യഗ്രഹണം ഉച്ചയോടടുത്തും ആണ് ഉണ്ടായത്. കൽക്കത്തയിൽ സ്റ്റാൻഡാർഡ് സമയം വൈകുന്നേരം 7 മണിമുതൽ 9-30 മണിവരെ ചന്ദ്രഗ്രഹണവും രാവിലെ 9മണിമുതൽ 11മണിവരെ സൂര്യഗ്രഹണവും സംഭവിച്ചു.

നോക്കികണ്ടു. "ഞാൻ കണ്ടു; പക്ഷെ, എല്ലാവർക്കും അതു നല്ലവണ്ണം നോക്കിക്കാണാൻ കഴിയില്ല. തിരുനബിയുടെ നല്ലൊരു പ്രവചനം സംശയ ഗ്രസ്തമാകാനിടയുണ്ട്." എന്നിങ്ങനെ അദ്ദേഹം നിരാശപ്പെട്ടുപറയുകയും ചെയ്തു. എന്നാൽ, അല്പം കഴിഞ്ഞപ്പോൾ ഗ്രഹണം കൂടുതൽ വ്യാപ്ത മാകയും സൂര്യന്റെ വലിയഭാഗവും കറുത്തുപോകയുമുണ്ടായി. അപ്പോൾ വാഗ്ദത്ത മസീഹ് പറഞ്ഞു: കഴിഞ്ഞരാത്രിയിൽ ഞാൻ സ്വപ്നത്തിൽ ഉള്ളികൾ കാണുകയുണ്ടായി. വിഷാദകരമായ സംഭവമുണ്ടാകുമെന്നതാണ് അതിന്റെ അർത്ഥം. തുടക്കത്തിലുണ്ടായ മങ്ങിയ ഗ്രഹണനിലയിലൂടെ അതു പൂർത്തിയായി" (Tashkirah,Eng.p.417-418)

ഗ്രഹണ അടയാളം കണ്ടു സത്യത്തിലേയ്ക്ക് ആകൃഷ്ടനായി ട്രിപ്പോ ളിയിലെ ഒരു യുവപണ്ഡിതൻ ഖാദിയാനിൽ വന്നെത്തി "ബൈഅത്ത്' ചെയ്തു. അദ്ദേഹത്തിന്റെ പേർ മുഹമ്മദ് സയ്യിദ് നിശാർ ഹൊമൈദിശാമി എന്നായിരുന്നു. ഏഴുമാസത്തോളം അദ്ദേഹം വാഗ്ദത്ത മസീഹിനോടൊ പ്പം വസിക്കുകയുണ്ടായി. ഹദ്റത്ത് അഹ്മദിന്റെ വാദത്തെപറ്റി ലോകത്തി ന്റെ പല കോണുകളിലും വിവരമെത്തുകയും സത്യാന്വേഷികൾ ഖാദിയാൻ സന്ദർശിച്ചു തുടങ്ങുകയും ചെയ്തു. മക്കയിൽനിന്നുള്ള മുഹമ്മദ്ബിൻ അഹ്മദ് എന്ന മഹാനും ഖാദിയാനിൽ എത്തി. 1311 ഹിജ്റി വർഷത്തിൽ തന്നെയാണിത്. മക്കത്ത് വലിയ ചർച്ചാവിഷയമായിട്ടുണ്ടെന്നു അറിയി ക്കുകയും അവിടെ ഉന്നതസ്ഥാനീയനായ അലിതാമി എന്ന ആൾ പ്രകടി പ്പിച്ച ആവേശകുതൂഹലങ്ങളെപറ്റി പ്രത്യേകം എടുത്തുപറയുകയും ചെ യ്തു. അദ്ദേഹത്തിന് കത്തയ്ക്കാനും അഭ്യർത്ഥിച്ചു. ഇതനുസരിച്ച് അതി മനോഹരമായ അറബിശൈലിയിൽ ഒരു കത്തയക്കുകയുമുണ്ടായി. ഇതു പീന്നിടു 'ഹമാമത്തുൽ ബുശ്റാ' എന്നപേരിൽ പുസ്തകരൂപത്തിൽ പ്രസി ദ്ധപ്പെടുത്തുകയും ചെയ്തു. കുറെ കൊല്ലങ്ങൾക്കു ശേഷം ഇതേ പുസ്ത കം കൈറോവിൽനിന്നും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുണ്ട്.

ചന്ദ്രഗ്രഹണം റമസാൻമാസത്തിലെ ഒന്നാം നാളിലും സൂര്യഗ്രഹ ണം 15-ാം നാളിലും സംഭവിക്കണമെന്നും അതാണ് പ്രവചനത്തിൽ പറ ഞ്ഞ അത്ഭുത അടയാളമെന്നും പറഞ്ഞുകൊണ്ട് ചിലർ ഈ അടയാളത്തെ നിഷേധിക്കുന്നു. അവരുടെ അഭിപ്രായത്തിൽ പ്രകൃതി വിരുദ്ധമായ തര ത്തിലുള്ള സംഭവം മാത്രമേ ദിവ്യത്ഭുതങ്ങളിൽ പെടുന്നുള്ളു. എന്നാൽ, സൂര്യചന്ദ്രഗോളങ്ങളുടെയും ഭൂമിയുടെയും നക്ഷത്രജാലങ്ങളുടെയും ചല നങ്ങൾ പ്രത്യേക വ്യവസ്ഥയ്ക്കനുസരിച്ചുള്ളതാണെന്നും അതിന് എന്തെ ങ്കിലും വ്യതിരേകം സംഭവിക്കുന്ന പക്ഷം അതു പ്രപഞ്ചത്തിന്റെ ഘടനാ പ്രവർത്തനങ്ങളാകെ തകരാറിലാക്കുകയും ഭൂമിയിൽ മനുഷ്യവാസം അസ്തമിക്കുമാറാകയും ചെയ്യുമെന്ന പരമാർത്ഥം ഇവർ വിസ്മരിക്കുന്നു. ഇതിനു പുറമെ തിരുനബിയുടെ പ്രവചനത്തിൽ ചന്ദ്രന്നുപയോഗിച്ച പദം

'ഖമർ'എന്നുള്ളതാണ്.* ആദ്യത്തെ മൂന്നുരാത്രികളിലെ-ചിലരുടെ പക്കൽ ആദ്യത്തെ ഏഴുരാത്രികളിലെ-ചന്ദ്രനു 'ഹിലാൽ' എന്ന വാക്കാണ് അറബിയിൽ ഉപയോഗിക്കുക. അതിനു ശേഷമുള്ള നാളുകളിലെ ചന്ദ്രനു അറബിസാഹിത്യത്തിൽ 'ഖമർ' എന്ന പദം മാത്രമെ ഉപയോഗിക്കുകയുള്ളു. അറബി നിഘണ്ടുക്കൾ ഇതു വ്യക്തമാക്കിത്തരുന്നുണ്ട്. മറ്റൊരാളിൽ ഈ പ്രവചനപ്രകാരമുള്ള സത്യസാക്ഷ്യം പുലർന്നതായി തെളിയിച്ചു കാണിച്ചാൽ 1000രൂപ സമ്മാനം നൽകുന്നതാണെന്നും ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിക്കുകയുണ്ടായി.

ഹദ്റത്ത് അഹ്മദ്(അ) പിന്നീടു എഴുതിയ 'നൂറുൽഹക്ക്' എന്ന ഗ്രന്ഥത്തിൽ ഈ അടയാളത്തെപറ്റി പ്രതിപാദിക്കുകയുണ്ടായി. "ഈ റമസാൻമാസം കഴിഞ്ഞു നാം ആഘോഷിക്കുന്ന പെരുന്നാൾ നമുക്ക് ഇരട്ടപെരുന്നാൾ ആയിരിക്കും. കാരണം, അല്ലാഹു എന്റെ സത്യത്തിലേയ്ക്കുള്ള അടയാളം ഈ റമസാനിൽ വെളിപ്പെടുത്തിയിരിക്കുന്നു." 1906ൽ എഴുതിയ 'ഹക്കീക്കത്തുൽ വഹ്യ്'(25) എന്ന ഗ്രന്ഥത്തിൽ ഈ സൂര്യചന്ദ്രഗ്രഹണങ്ങളെപറ്റി തന്റെ സത്യത്തിലേയ്ക്കുള്ള രണ്ടാം നമ്പ്ർ അടയാളമായി വിവരിച്ചുകാണിച്ചിട്ടുണ്ട്.**

1894 മേയിൽ പ്രസിദ്ധീകരിച്ച 'നൂറുൽ ഹഖ്' എന്ന അറബിഗ്രന്ഥത്തിന്റെ (2-ാം ഭാഗം) ഇപ്രകാരം വിശദീകരിച്ചു.

"ചന്ദ്രഗ്രഹണം റമസാൻ ആദ്യരാത്രിയിൽ ഉണ്ടാവുമെന്ന പ്രസ്താവനയുടെ അർത്ഥം ഇതാണ്: ചന്ദ്രികാരാവുകളെന്നുപറയുന്ന മൂന്നു രാവുകളിൽ ആദ്യരാത്രിയിൽ ചന്ദ്രഗ്രഹണങ്ങളുണ്ടാകും. വെളുത്തവാവുകാലം അറിയാമല്ലോ. അതിവിടെ വിവരിക്കേണ്ട ആവശ്യമില്ല. ഇതോടൊപ്പം ഇക്കാര്യത്തിലേയ്ക്കും സൂചന നൽകുന്നു അതായത് ഗ്രഹണം ആദ്യത്തെ ചന്ദ്രികാരാത്രിയിൽ, രാത്രിയുടെ തുടക്കത്തിൽതന്നെ ഉണ്ടാകും. രാത്രികുറേ വൈകീട്ട് അല്ല. അറിവുള്ള ഏതൊരാൾക്കും ഇതെളുപ്പം മനസ്സിലാക്കാം. ഇപ്രകാരംതന്നെയാണ് ചന്ദ്രഗ്രഹണം ഉണ്ടായതും. ഈ രാജ്യത്തെ അനേകർ അതു നോക്കിക്കണ്ടിരിക്കുന്നു" (നൂറുൽ ഹക്ക്, ഭാ.13)വീണ്ടും:

*സൂര്യഗ്രഹണം കറുത്തവാവിലും ചന്ദ്രഗ്രഹണം വെളുത്തവാവിലും മാത്രമെ സംഭവിക്കുകയുള്ളുവെന്നും ഒന്നാമത്തെയോ രണ്ടാമത്തെയോ രാവിനുള്ള ചന്ദ്രന് 'ഹിലാൽ' എന്നാണു പറയപ്പെടകയെന്നും സൂര്യചന്ദ്രൻമാരുടെ ചലനഗതിയ്ക്ക് അല്ലാഹു നിശ്ചയിച്ചിരിക്കുന്ന ചട്ടത്തിന് ഭംഗമുണ്ടാകാവതല്ലെന്നും 'ശൈഖുൽ ഇസ്ലാം' ഇബ്നു തീമിയ്യ (റഹ്) തന്റെ 'അത്ത ആരിസു ബൈനൽ അഖലി വന്നഖ്ലി' എന്ന ഗ്രന്ഥത്തിലും അല്ലാമാ സിദ്ദിഖ് ഹസൻഖാൻ 'ഹുജ്ജുൽ കിറാമ' എന്ന ഗ്രന്ഥത്തിലും പ്രസ്താവിച്ചിട്ടുണ്ട്. (സത്യദൂതനിൽ ഹദ്റത്ത് അബൂഹാമിദ് ഇ.അബ്ദുൽ ഖാദിർ കുട്ടി(റഹ്) അവർകളുടെ ലേഖനം, പു.4ഭാ.334നോക്കുക.)

** ഉസ്മാനിയ്യ യൂനിവർസിറ്റിയിൽ ജ്യോതിശാസ്ത്ര വിഭാഗത്തിലെ തലവനായ പ്രഫ. സാലിഹ് മുഹമ്മദ് അലാവുദ്ദീൻ ഇപ്രകാരം പ്രസ്താവിക്കുന്നു:

'ഉസ്മാനിയ്യ യൂനിവർസിറ്റിയിൽ വിവിധകാലഘട്ടങ്ങളിലായി സംഭവിച്ച സൂര്യചന്ദ്ര ഗ്രഹണങ്ങളെപറ്റി ഒപ്പോൾസർ (Dr.T.R Von oppolzer) എന്ന പ്രസിദ്ധ ജ്യോതിശാസ്ത്രജ്ഞൻ എഴുതിയ ഗ്രഹണ നിയമങ്ങൾ (Canon of Eclipses) എന്ന ഗ്രന്ഥം ഉണ്ട്. ഇതു യൂനിവർസിറ്റിയിൽ എന്റെ സഹപ്രവർത്തകനായ ഡോ.മോഹൻ ബല്ലാളിന്റെ കൂടി ഞാൻ(Tables of Moon and Sun (By Meens Copy Right, 1963, by Les Imprimeries Compincises

"സൂര്യഗ്രഹണം അതിന്റെ പകുതിയിൽ ഉണ്ടാകുമെന്ന പ്രസ്താവനയുടെ താല്പര്യം ഇതാണ്: സൂര്യഗ്രഹണ ദിനങ്ങളെ പകുതിയാക്കുക സൂര്യഗ്രഹണ ദിനങ്ങളിലെ രണ്ടാംനാളിന്റെ പകുതിയിൽ അപ്പുറം കടക്കാതെ. എന്തുകൊണ്ടെന്നാൽ, അതാണല്ലോ പകുതിയുടെ അതിർത്തി. ചുരുക്കത്തിൽ, അല്ലാഹു വിധിച്ചതുപോലെ ഗ്രഹണരാത്രികളിലെ ആദ്യരാത്രിയിൽ ചന്ദ്രഗ്രഹണമുണ്ടായി. അപ്രകാരം തന്നെ സൂര്യഗ്രഹണ ദിനങ്ങളിൽ പകുതിയ്ക്കെത്തുന്ന നേരത്ത് സൂര്യഗ്രഹണമുണ്ടാകണമെന്നും നിശ്ചയിച്ചു, അങ്ങനെ അറിയിച്ചതു പ്രകാരംതന്നെ സംഭവിക്കയുണ്ടായി. അല്ലാഹു മനുഷ്യരുടെ പരിവർത്തനത്തിന്നായി നിയോഗിച്ചയക്കുന്ന അവന്റെ വരിഷ്ഠൻമാർക്കല്ലാതെ മറ്റാർക്കും പരോക്ഷകാര്യങ്ങൾ അറിയിക്കുന്നില്ല. ഈ ഹദീസ് പ്രവാചകമകുടമണിയായ തിരുനബിയുടെതു തന്നെയാണെന്നതിൽ യാതൊരു സംശയവും ഇല്ല"! (നൂറുൽഹക്ക് (2)ഭാ.16)

Bonmqure Leapold Belgium) എന്ന ഗ്രന്ഥത്തിന്റെ സഹായത്തിൽ പരിശോധിക്കുകയും മുൻകാലങ്ങളിൽ ഏതെല്ലാം വർഷങ്ങളിലെ റമസാൻ മാസങ്ങളിലാണ് സൂര്യചന്ദ്രഗ്രഹണങ്ങളുണ്ടായതെന്നു പഠിക്കുകയുമുണ്ടായി. കഴിഞ്ഞ വർഷങ്ങളിലും 1895ലും സൂര്യചന്ദ്രഗ്രഹണങ്ങൾ ഒരുമിച്ചു ഉണ്ടായിട്ടുണ്ടെങ്കിലും 1894 ൽ മാത്രമെ നബി(സ) തിരുമേനി പ്രവചിച്ചപ്രകാരം സൂര്യചന്ദ്ര ഗ്രഹണങ്ങൾ നിശ്ചയിക്കപ്പെട്ട തിയ്യതികളിൽ ദൃശ്യമായിട്ടുള്ളതായി വെളിപ്പെടുകയുണ്ടായുള്ളു. ഒരേ റമസാനിൽ സൂര്യചന്ദ്രഗ്രഹണങ്ങൾ 1807,1829, 1878, 1894, 1917,1937, 1959, 1982 വർഷങ്ങളിലും സംഭവിച്ചിട്ടുണ്ട്. അവ നബി(സ) തിരുമേനി പ്രവചിച്ച നിശ്ചിത തിയ്യതികളായിരുന്നില്ല. എന്നു മാത്രമല്ല, അവ പൊതുവെ എല്ലാവർക്കും ദൃശ്യമായിരുന്നുമില്ല. 1894ൽ ഒഴികെ മറ്റു വർഷങ്ങളിൽ സംഭവിച്ച സൂര്യചന്ദ്രഗ്രഹണങ്ങൾ ലോകത്തിന്റെ അധികഭാഗങ്ങളിലും കാണപ്പെട്ടിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ചന്ദ്രഗ്രഹണങ്ങൾ ഭൂമണ്ഡലത്തിന്റെ പകുതിയോളം ഭാഗങ്ങളിൽ മാത്രമെ ദൃശ്യമായിട്ടുള്ളു. സൂര്യഗ്രഹണങ്ങൾ മനുഷ്യവാസം കുറഞ്ഞഅല്പം ചില ഭാഗങ്ങളിലോ സമുദ്രതലങ്ങളിലോ മാത്രമാണ് ദൃശ്യമായിരുന്നത്. എന്നാൽ, 1894ലെ സൂര്യചന്ദ്രഗ്രഹണങ്ങൾ ഇന്ത്യയടക്കമുള്ള ഏഷ്യയുടെ ഭൂരിഭാഗങ്ങലിലം കാണപ്പെട്ടിരുന്നു. വാഗ്ദത്ത മസീഹും അതു നോക്കിക്കണ്ടു. 1895ൽ പശ്ചിമാർദ്ധഗോളത്തിലും ഇതേ ഗ്രഹണങ്ങൾ വ്യക്തമായും ദൃഷ്ടിഗോചരമായിട്ടുണ്ട്. വാഗ്ദത്ത മഹ്ദി വെളിപ്പെട്ട പ്രദേശത്ത് ഈ ഗ്രഹണങ്ങൾ വളരെ വ്യക്തമായ നിലയിൽ ദൃശ്യമായി ഭവിക്കേണ്ടതുണ്ടായിരുന്നു എന്നു ഹദ്റത്ത് അഹ്മദ് (അ) എഴുതിയിട്ടുണ്ട്.

കൽക്കത്ത സിറ്റിയിൽ ഇന്ത്യാഗവർമ്മെന്റിന്റെ അധീനത്തിലുള്ള (Positional Astronomy Centre p. 546, Block N. First Floor, New Aplepore-Calcutta, 700 53)എന്ന സ്ഥാപനത്തിലേയ്ക്ക് ഞാനെഴുതുകയും മുകളിൽ പരാമർശിച്ച 9 വ്യത്യസ്ത വർഷങ്ങളിലേയും 1895ലെയും റമസാൻ മാസങ്ങളിൽ ഏതെല്ലാം വർഷങ്ങളിലെ സൂര്യചന്ദ്രഗ്രഹണങ്ങളാണ് ഇന്ത്യയിലെ ഖാദിയാൻ പ്രദേശത്ത് ദൃശ്യമായതെന്നു ആരായുകയുമുണ്ടായി. അതിനു പ്രസ്തുത സ്ഥാപനത്തിൽനിന്ന് എനിയ്ക്ക് ലഭിച്ച മറുപടിയിൽ 1894ൽ സംഭവിച്ച സൂര്യചന്ദ്രഗ്രഹണങ്ങൾ മാത്രമെ ഇന്ത്യയിൽ ഖാദിയാൻ പ്രദേശത്ത് ദൃശ്യമായിട്ടുള്ളുവെന്നും അത് മീർസാ ഗുലാംഅഹ്മദ് (അ) പ്രസ്താവിച്ചതുപോലെ-റമസാൻ മാസത്തിലെ നിശ്ചിതനാളുകളിൽതന്നെ ആയിരുന്നുവെന്നും പ്രസ്താവിച്ചിട്ടുണ്ട്.(Letter D.O.No.T.00901,7-3-1984, written by P.k. Bhatnagar, Meterologist)

Canon of Ecllipsesൽ 1208ബി.സി.മുതൽ 2101എ.ഡിവരെയുള്ള ഗ്രഹണങ്ങളുടെ തിയ്യതികൾ ചേർത്തിട്ടുണ്ട്. ഇത് ഉസ്മാനിയ്യ യൂനിവേർസിറ്റിയിലെ ജ്യോതിശാസ്ത്രവിഭാഗം ലൈബ്രറിയിൽ ഉണ്ട്. കൂടാതെ, 1894ലെ നോട്ടിക്കൽ അൽമനാക്കിലും (Nautisal Almanc Lond.)ഇതു സ്ഥിരീകരിച്ചിട്ടുണ്ട്.

36- ശത്രു അന്ധത്യൻ

ഹിന്ദുമതത്തിൽനിന്നു ഇസ്ലാമിലേയ്ക്ക് പരിവർത്തനം ചെയ്ത സഅദുല്ലാ എന്നു പേരായ ഒരു അദ്ധ്യാപകൻ ലുധിയാനയിലെ ക്രിസ്ത്യൻ മിഷ്യൻ സ്ക്കൂളിൽ ജോലി ചെയ്തു കൊണ്ടിരുന്നു. ക്രിസ്ത്യാനികളായ തന്റെ യജമാനൻമാരെ പ്രീതിപ്പെടുത്താൻവേണ്ടി അയാൾ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ വളരെ നീചമായ നിലയിൽ അധിക്ഷേപിച്ചു പോന്നു. ഹദ്റത്ത് അഹ്മദ് (അ) ലുധിയാനയിൽ യാത്ര പോയിരുന്ന അവസരങ്ങളിലെല്ലാം ഈ മനുഷ്യൻ ആ മഹാത്മാവിനെ പരിഹസിക്കുവാനും കൂക്കിവിളിക്കുവാനും തെണ്ടിപ്പിള്ളേരെ സംഘടിപ്പിക്കുമായിരുന്നു. അശ്ലീലവും ആഭാസവുമായ ശൈലിയിൽ ഉറുദുവിലും പേർഷ്യനിലും അയാൾ കവിതകൾ രചിച്ചുകൊണ്ടിരുന്നു. അയാളുടെ തെറിസാഹിത്യങ്ങൾ ഹദ്റത്ത് അഹ്മദിനും ശിഷ്യഗണങ്ങൾക്കും വലുതായ മനോവേദനയുണ്ടാക്കിയിരുന്നു. എന്നാൽ ഹദ്റത്ത് അഹ്മദ്(അ) അവയ്ക്ക് മറുപടി നൽകാൻ തുനിയുകയോ ശകാരങ്ങളെ ഗണ്യമാക്കുകയോ ചെയ്തില്ല.

സഅദുല്ലയുടെ അസഹ്യമായ ദുർഭാഷണങ്ങളും അശ്ലീലശകാരങ്ങളും കേട്ടു പൊറുതിമുട്ടിയ മഹാകവി ഡോ.മുഹമ്മദ് ഇക്ബാൽ (അന്നു അദ്ദേഹം കോളേജ് വിദ്യാർത്ഥിയായ ഒരു യുവ അഹ്മദിയായിരുന്നു) അയാൾക്ക് കവിതയിൽതന്നെ ഒരു മറുപടി നൽകാൻ പ്രചോദിതനായി. 21 ഈരടികളിൽ അദ്ദേഹം രചിച്ച കവിതയുടെ മർമ്മഭാഗം ഇപ്രകാരമായിരുന്നു:-

"കഷ്ടം! സഅദീ, നിങ്ങളുടെ വായിൽനിന്നു വമിക്കുന്ന ദുർഗന്ധം ഞങ്ങൾ കണ്ടു. തോട്ടികൾക്കിടിയൽ നിങ്ങൾക്കു നിശ്ചയമായും അത്യാദരം ലഭിക്കും. നിങ്ങളുടെ 'ബൈത്തു'കൾ (പദ്യങ്ങൾ 'ബൈത്തുൽഖലാ" (കക്കൂസ്)യേക്കാൾ ഒട്ടും ഭേദമല്ല. നിങ്ങളുടെ ഈ പാട്ടുപാടൽ തൂപ്പുവേലക്കാർക്ക് ഇഷ്ടപ്പെട്ടതാണ്. സത്യമാകുന്ന സൂര്യന്റെ താപംകൊണ്ട് നിങ്ങൾ പൊറുതിമുട്ടേണ്ട. ശൈത്താനവർകൾ നിങ്ങൾക്ക് തണൽ വിരിച്ചു തരുന്നതാണ്....വസ്തുതകൾ ലോകത്ത് ശേഷിക്കുന്നു, കാലമോ നില്ക്കാതെ കടന്നു പോവുകയും ചെയ്യുന്നു. നിങ്ങളുടെ ദുഷിച്ച നാവു നിങ്ങളെ ഒടുവിൽ ദു:ഖിപ്പിക്കുകതന്നെ ചെയ്യും."

സഅദുല്ല പ്രസിദ്ധപ്പെടുത്തിയ 'ശിഹാബ് സാഖിബ്' എന്ന പുസ്തകത്തിൽ ചേർത്ത പാർസി കവിതയിൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെകുറിച്ചു, അദ്ദേഹം തന്റെ കൺമുമ്പിൽവച്ച് ഏറ്റവും നിന്ദിതനായി മരണമടയുന്നതാണെന്നും അദ്ദേഹത്തിന്റെ പ്രസ്ഥാനം ഉൻമൂലനാശം വരുത്തപ്പെടുന്നതാണെന്നും അദ്ദേഹത്തിന്റെ കുടുംബം നശിച്ചൊടുങ്ങിപ്പോകുന്നതാണന്നും സ്വസന്താനങ്ങളെപറ്റി അദ്ദേഹം മുന്നറിയിച്ച സുവാർത്തകൾ പുലരുകയില്ലെന്നും അദ്ദേഹം 'അബ്തർ' ആയിരിക്കുമെന്നും മറ്റും മറ്റും പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തെ വലതുകൈകൊണ്ടു പിടിച്ചു ജീവനാടി അറുത്തുകളയുമെന്നും പറഞ്ഞിരുന്നു (മുജദ്ദിദെ അ്സം- ഭാ.1122). 1894 സപ്തെമ്പർ 16-നു അയാൾ പ്രസിദ്ധപ്പെടുത്തിയ ഒരു ലഘുലേഖയിൽ, റവ:ആഥിമിനെകുറിച്ചുള്ള പ്രവചനത്തെ മുൻനിറുത്തിയും ഹദ്റത്ത് അഹ്മദിന്റെ മേൽ ചളിവാരിയെറിയാൻ ശ്രമിക്കുകയുണ്ടായി.

സഅദുല്ലാ ലുധിയാനവിയുടെ ശത്രുതയും ശകാരങ്ങളും പൊറുക്കാവതല്ലെന്ന നിലയിലെത്തുകയും അനേകരെ വഴിപിഴപ്പിക്കുന്നതിനു അതു കാരണമാകയും ചെയ്തപ്പോൾ ഈ മനുഷ്യനുവേണ്ടി ഒരു ദൃഷ്ടാന്തമിറക്കാൻ ഹദ്റത്ത് അഹ്മദ്(അ) ദൈവത്തോടു പ്രാർത്ഥിച്ചു. ആ പ്രാർത്ഥന ദൈവസവിധത്തിൽ സ്വീകൃതമാകയും ഏതൊരവസ്ഥ ഹദ്റത്ത് അഹ്മദിന്നുണ്ടായിത്തീരാൻ സഅദുല്ല നിരന്തരം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നുവോ അതേ അവസ്ഥയിൽ അയാൾ മൃതിയടണമെന്നു ദൈവം വിധിക്കുകയും ചെയ്തു. 1894 സപ്തെമ്പർ 29-നു ഹ:അഹ്മദിന്നു "ഇന്നശാനിയക്കഹുവൽ അബ്തർ" (നീ അനപത്യനായി മരിക്കുമെന്നുപറയുന്ന നിന്റെ ശത്രു തന്നെയാണ് അനപത്യൻ. അവന്റെ വംശാവലി ഛേദിയ്ക്കപ്പെടും) എന്നു ഒരു 'ഇൽഹാം' (ദിവ്യവെളിപാട്)ഉണ്ടായി.

ഈ പ്രവചനം പ്രസിദ്ധപ്പെടുത്തുന്ന സമയത്തു സഅദുല്ല ഒരു വൃദ്ധനോ ഷണ്ഡനോ ആയിരുന്നില്ല. അയാളുടെ ആരോഗ്യവതിയായ ഭാര്യ ജീവിച്ചിരിപ്പുണ്ടായിരുന്നു. സന്താനോല്പാദന സമർത്ഥയ്ക്കു തെളിവെന്നോണം ആ അവസരത്തിൽ, പതിനഞ്ചു വയസ്സ് പ്രായമുള്ള ഒരു പുത്രനും അയാൾക്കുണ്ടായിരുന്നു. എന്നാൽ, സഅദുല്ലായിലൂടെ ഒരു ദൃഷ്ടാന്തം വെളിപ്പെടുത്താൻ അല്ലാഹു നിശ്ചയിച്ചപ്പോൾ അയാളുടെ സന്താനോൽപാദനശേഷി അവൻ എടുത്തുകളയുകയാണുണ്ടായത്! ഹദ്റത്ത് അഹ്മദ്(അ) തന്റെ പ്രവചനം പ്രസിദ്ധപ്പെടുത്തിയ ശേഷം 12 കൊല്ലക്കാലം സഅദുല്ല ജീവിച്ചിരുന്നിട്ടും അയാൾക്ക് ഒരു സന്താനമുണ്ടാകുകയോ അപത്യലാളനാഭാഗ്യം സിദ്ധിക്കുകയോ ചെയിതില്ല. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പ്രവചനം നിഷ്ഫലമായിത്തീരുന്നതിനും തന്റെ ജീവിതകാലത്തുതന്നെ ആ മഹാത്മാവ് എളിമയിലായി മരിച്ചുകാണാനും ഈ പന്ത്രണ്ടു സംവത്സരക്കാലവും സഅദുല്ല ആശിച്ചും ദൈവത്തോടും പ്രാർത്ഥിച്ചും കൊണ്ടിരുന്നിട്ടുണ്ട്. എന്നാൽ, എത്രതന്നെ തല

തല്ലിയിട്ടും കാലിട്ടടിച്ചിട്ടും അയാൾക്ക് തന്റെ ആശകൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. തന്റെ ഹൃദയവ്യഥകളും വികാരവിചാരങ്ങളും വെളിപ്പെടുത്തിക്കൊണ്ടു ഒരു പാർസി കവിതയിൽ സഅദുല്ല വിലപിക്കുന്നതു ഇപ്രകാരമാണ്:-

"ഓ, ദയാകരനായ ദൈവമേ, നീ എനിയ്ക്കു സന്താനങ്ങളെ നൽകിയെങ്കിലും നീ തന്നെ അവരിൽ ചിലരെ മടക്കിയെടുത്തു. അവർക്ക് പകരമായി സൽസന്താനങ്ങളെ പ്രദാനം ചെയ്തുകൊണ്ടു നീ എന്റെ ഹൃദയത്തെ തരളിതമാക്കുകയും നിന്റെ കാരുണ്യപ്രകർഷത്താൽ എന്നെ ദു:ഖഭാരത്തിൽനിന്നും മോചിപ്പിക്കുകയും ചെയ്യണമേ! അല്ലയോ, അനുഗ്രഹദാതാവേ, നീ എന്റെ കളത്രപുത്രാദികളെ എന്റെ കണ്ണിനു കുളിർമ്മയാക്കിത്തീർക്കണമേ! എന്നിൽനിന്നു അകറ്റിക്കളയപ്പെട്ട എന്റെ കരളിന്റെ കണ്ടത്തെചൊല്ലി എന്റെ ഹൃദയമിതാ നുറുങ്ങി നുറുങ്ങിക്കൊണ്ടിരിക്കുകയാണ്!"

ഈ വരികളിൽനിന്നു പുത്രലാഭമാശിച്ചു സഅദുല്ലയുടെ ഹൃദയം എത്രമാത്രം നീറിപ്പുകയുകയായിരുന്നുവെന്നും കുട്ടികളില്ലാതിരിക്കുകയും ജനിച്ച കുട്ടികൾ മരിച്ചുപോകയും ചെയ്തിട്ടുള്ളതിൽ അയാളെത്രമാത്രം മനോവ്യഥ അനുഭവിച്ചുപോന്നിരുന്നുവെന്നും മനസ്സിലാക്കാം. 1906ൽ "ഹക്കീക്കത്തുൽ വഹ്യ്" എന്ന ഗ്രന്ഥം രചിച്ചപ്പോൾ, സഅദുൾല്ലയെ സംബന്ധിച്ച ഈ പ്രവചനം പൂർത്തിയായിട്ടുള്ളതിനെ തന്റെ സത്യത്തിലേയ്ക്കുള്ള 167-ാമത്തെ ദൃഷ്ടാന്തമായി എടുത്തു ചേർത്തും അടിക്കുറിപ്പിൽ ഇപ്രകാരവും പ്രസ്താവിക്കുകയുണ്ടായി:

"ഈ പ്രവചനം കളവാണെന്നു വരുത്താനായ്ക്കൊണ്ട് തന്റെ ഭാര്യയിൽ സഅദുല്ല ഒരു കുട്ടിയെ ജനിപ്പിച്ചു കാണിക്കേണ്ടിയിരിക്കുന്നു! അല്ലെങ്കിൽ, തന്റെ ആദ്യപുത്രനെ വേളി കഴിപ്പിച്ചു ഒരു സന്താനത്തെ ഉണ്ടാക്കി അവന്റെ പുരുഷത്വം തെളിയിക്കേണ്ടിയിരിക്കുന്നു. എന്നാൽ, ഓർമ്മവെച്ചുകൊൾവിൻ! ഈ രണ്ടു കാര്യവും അയാൾക്ക് സാധ്യമാകുന്നതല്ല. എന്തെന്നാൽ, ദൈവവചനത്തിൽ അയാളുടെ പേർ 'അബ്തർ' (സന്താനരഹിതൻ) എന്നാകുന്നു. ദൈവത്തിന്റെ വചനം കളവായിത്തീരുക സംഭവ്യമല്ല. നിശ്ചയമായും ലക്ഷണങ്ങൾ വെളിപ്പെടുത്തി കഴിഞ്ഞിട്ടുള്ളതുപ്രകാരം അയാൾ 'അബ്തർ' ആയിത്തന്നെ മരിക്കും" (ഹക്കീക്കത്തുൽ വഹ്യ്; ഭാ.364)

"ഹക്കീക്കത്തുൽ വഹ്യ്" എന്ന ഗ്രന്ഥത്തിൽ ഈ സംഗതി പ്രസ്താവിക്കപ്പെട്ട ഭാഗം അച്ചടിക്കാൻ കൊടുക്കുന്നതിനു മുമ്പു,ഖാജാ കമാലുദ്ദീൻ സാഹിബ്, ബി.എ.എൽ.ബി.ആ സംഗതിയറിഞ്ഞു ഹ: അഹ്മദിന്റെ അടുക്കൽ പരിഭ്രാന്തനായി ഓടിയെത്തുകയും പ്രസ്തുത വരികൾ പ്രസിദ്ധം ചെയ്യുന്നതു നിയമദൃഷ്ട്യാ വിഹിതമല്ലെന്നു ഉണർത്തുകയും ചെയ്തു. സഅദുല്ലയും അയാളുടെ പുത്രനും ജീവിച്ചിരിക്കെ അയാളെപ്പറ്റി 'അബ്തർ' എന്നു എഴുതുന്നതും അയാളുടെ നവയൗവനം തികഞ്ഞ പുത്രനു കുട്ടികളുണ്ടാകയില്ലെന്നു അച്ചടിച്ചു പരസ്യപ്പെടുത്തുന്നതും നിയ

മനടപടികളുടെ ഊരാക്കുടുക്കുകളിൽ സ്വയം ചെന്നു പെടുകയായിരിക്കുമെന്ന് ഖാജാ സാഹിബ് വിനയപുരസ്സരം അറിയിച്ചു. അങ്ങനെ വന്നാൽ, ശിക്ഷയിൽനിന്നു രക്ഷപ്പെടുന്നതിനു ഒരു മാർഗ്ഗവും ഉണ്ടാകയില്ലെന്നും ക്ലേശങ്ങളുടെ അവസാനിക്കാത്ത പരമ്പരതന്നെ അഭിമുഖീകരിക്കേണ്ടിവരുമെന്നും അദ്ദേഹം പ്രസ്താവിക്കുകയും പ്രസ്തുത പ്രവചനം അച്ചടിയിൽ വരുത്താതെ മാറ്റിവെയ്ക്കുന്നതാണുത്തമമെന്നു അഭിപ്രായപ്പെടുകയുമുണ്ടായി.

ഖാജാസാഹിബിന്റെ ഈ അഭിപ്രായപ്രകടനത്തിൽ അനിഷ്ടം പ്രദർശിപ്പിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ് (അ)ഇപ്രകാരം പറഞ്ഞു: "ഖാജാസാഹിബ്! താങ്കൾ ഒട്ടും പരിഭവിക്കേണ്ട, എനിയ്ക്കെതിരായി കേസ്സ് വരികയാണെങ്കിൽതന്നെ ഞാൻ താങ്കളെ എന്റെ വക്കീലായി നിശ്ചയിക്കുകയില്ല". പിന്നീട് ഇപ്രകാരവും പ്രസ്താവിക്കുകയുണ്ടായി. "എന്റെ പക്കൽ ദൈവവചനത്തെ മുന്തിക്കലാണ് സർവ്വ പ്രധാനം. അതു ഒളിച്ചുവെയ്ക്കുന്നതു ദൈവത്തോടുള്ള അനുസരണക്കേടും സ്വയം തരംതാഴലുമാണുതാനും. ഓർമ്മിച്ചുകൊൾക! അല്ലാഹുവിന്നല്ലാതെ എനിയ്ക്ക് ദോഷം വരുത്താൻ മറ്റൊരുത്തനും സാധിക്കുന്നതല്ല. ദൈവകല്നക്കെതിരിൽ അധികാരസ്ഥൻമാരുടെ അനിഷ്ടത്തെ ഞാൻ ഒട്ടുംതന്നെ വിലവെക്കുകയുമില്ല. എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടമായ ദൈവത്തിന്റെ അടുക്കൽ ഞാൻ പ്രാർത്ഥന നടത്തിക്കൊള്ളും. ക്ലേശങ്ങളും ദുരിതങ്ങളുമാണ് എന്റെ ജീവിതത്തിൽ വിധിക്കപ്പെട്ടിട്ടുള്ളതെങ്കിൽ, ഞാൻ ആ അപമാനപൂർണ്ണമായ ജീവിതത്തിലും സംതൃപ്തനായിരിക്കുകയേ ഉള്ളൂ. എന്നാൽ, ദൈവം സാക്ഷി, ആ ദുർഭഗനെ എന്റെ മേൽ അവൻ ഒരിക്കലും വിജയിപ്പിക്കുകയില്ല. അയാളുടെമേൽ ദൈവത്തിന്റെ ശിക്ഷയിറങ്ങും. ദൈവത്തോടു സദാ അഭയയാചന ചെയ്തുകൊണ്ടിരിക്കുന്ന ഈയുള്ളവൻ സുരക്ഷിതനായിരിക്കുകയും ചെയ്യും" (ഹക്കീക്കത്തുൽ വഹ്യ്) അൽഇസ്തിഫ്താ, ഭാ.36)*

സഅദുല്ലയുടെ കാര്യത്തിൽ ഒരു ശീഘ്രദൃഷ്ടാന്തം വെളിപ്പെടുന്നതിന്നായി ഹദ്റത്ത് അഹ്മദ്(അ) മൂന്നുദിവസംവരെ പ്രത്യേക പ്രാർത്ഥന നടത്തിക്കൊണ്ടിരുന്നു. ഈ പ്രാർത്ഥനകൾ നടത്തി ഏതാനും നാളുകളേ കഴിഞ്ഞിരുന്നുള്ളൂ, 1907 ജനുവരി ആദ്യത്തെ വാരത്തിൽ വാഗ്ദത്ത മസീഹിന്റെ ജീവകാലത്തുതന്നെ സഅദുല്ല പ്ലേഗും ന്യൂമോണിയയും ബാധിച്ചു മരണമടഞ്ഞു!

ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ പ്രവചനത്തിനു ശേഷം 12 സംവത്സരക്കാലം ജീവിച്ചിരുന്നിട്ടും സഅദുല്ലയ്ക്കു ഒരു സന്താനത്തെ ജനിപ്പിക്കാൻ കഴിയാതെ വരികയും അയാൾ ആശയറ്റ് മരിക്കുകയും ചെയ്തു. എന്നാൽ, പ്രവചനം പൂർത്തിയായെന്നു സമ്മതിക്കാൻ ശത്രുക്കൾ അപ്പോഴും തയ്യാറുണ്ടായിരുന്നില്ല. സഅദുല്ലയുടെ പുത്രൻ ജീവിച്ചി

* ഈ സംഭവം ഡോ.ബിശാറത്ത് അഹ്മദ് സാഹിബ് 'മുദദ്ദിദെ അഅ്സമി'ൽ ചേർത്തിട്ടുണ്ട് (മുജദ്ദിദെ അഅ്സം ഭാ.1124)

രിക്കുമ്പോൾ അയാൾ 'അബ്തർ' ആയിട്ടാണ് മരിച്ചതെന്നു പറയാവുന്നതല്ലെന്നു അവർ ആക്ഷേപിച്ചു! അതിനു മറുപടിയായി ഹദ്റത്ത് അഹ്മദ്(അ) ഇപ്രകാരമാണ് പറഞ്ഞത്:

"പ്രവചനം ചെയ്ത അവസരത്തിൽ, സഅദുല്ലയ്ക്ക് പതിനഞ്ചോ പതിനാലോ വയസ്സുള്ള ഒരു പുത്രനുണ്ടായിരുന്നു എന്ന സംഗതി എല്ലാവർക്കുമറിയാം. ആ കുട്ടി ഉണ്ടായിരുന്നിരിക്കെതന്നെയാണ് ദൈവം പ്രവചനത്തിൽ അബ്തർ എന്നു അയാൾക്ക് പേരു വെച്ചത്.... പ്രവചനത്തിൽ ഇപ്പോഴുള്ള കുട്ടിയെ അവഗണിച്ചുകൊണ്ടാണ് വംശവിച്ഛേദനത്തിന്റെ വാഗ്ദാനം നൽകിയിരിക്കുന്നത്. ആ കുട്ടി ഉള്ളതും ഇല്ലാത്തതും ഒരു പോലെയാണെന്ന സൂചന അതിൽ അടങ്ങിയിരിക്കുന്നു...ഈ പ്രവചനത്തിന്റെ താല്പര്യം ആ കുട്ടി നിലവിലില്ലാത്തതിനൊക്കുമെന്നും അവനോടുകൂടി വംശം അവസാനിച്ചുവെന്നുമത്രെ. ഇതുതന്നെയാണ് ദൈവത്തിൽനിന്നു എനിയ്ക്കു ലഭിച്ചിട്ടുള്ള ബോധനവും (ഹക്കീക്കത്തുൽ വഹിയ്, അനുബന്ധം, ഭാ.6,7)

പ്രവചനം കളവായി പുലർന്നുകാണാൻ വെമ്പൽ കൊണ്ട ശത്രുക്കൾ സഅദുല്ലയുടെ മഹ്മൂദ് എന്നു പേരായ മകനെകക്കൊണ്ടു വിവാഹം കഴിപ്പിക്കാൻ ഏർപ്പാടുകൾ ചെയ്തു. 'സഅദുല്ല തന്റെ മകന്റെ വിവാഹം നടത്തിച്ചു പുത്രോല്പാദനം ചെയ്യിക്കട്ടെ" എന്ന ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ വെല്ലുവിളി നേരിടാൻ ഹാജി അബ്ദുർറഹീം എന്നാളുടെ പുത്രിയുമായി വിവാഹബന്ധം ഉറപ്പിച്ചു. വിവാഹം നടക്കുന്നതിനു മുമ്പായിട്ടാണ് സഅദുല്ല മരണപ്പെട്ടത്. സഅദുല്ലയുടെ മരണശേഷം ശത്രുമൂപ്പൻമാർ ഒത്തുകൂടി വിവാഹം നടത്തിച്ചു. എന്നാൽ, യൗവനം മുറ്റിനിന്ന ആ ശത്രുസുതനു പുത്രോല്പാദനശേഷിയുണ്ടായിരുന്നില്ല! ആദ്യ ഭാര്യയിൽ മക്കളില്ലാത്തതിനാൽ, അയാളെക്കൊണ്ടു അവർ വീണ്ടുമൊരു വേളികഴിപ്പിച്ചുനോക്കി. എന്നാൽ, അത്ഭുതമെന്നു പറയട്ടെ, രണ്ടാം വിവാഹത്തിലും അയാൾക്ക് മക്കളുണ്ടായില്ല. സഅദുല്ലയുടെ മരണശേഷം 20 കൊല്ലം അയാൾ ജീവിച്ചിരുന്നിട്ടുണ്ടായിരുന്നു. 1926 ജൂലായി 12-നു ലുധിയാന ജില്ലയിൽ കുംകലാൻ എന്ന സ്ഥലത്തു 48-ാം വയസ്സിൽ നിരാശനായി, അനപത്യനായി അയാളും മൃതിയടഞ്ഞു. അതോടെ സഅദുല്ലാ ലുധിയാനവിയുടെ വംശനാശവും പൂർത്തിയായി.

37-"മസ്മൂൻ ബാലാ റഹാ!"

മതപരമായ ഭിന്നതകൾക്കും കലഹങ്ങൾക്കും ഒരു ശാശ്വത പരിഹാരം ഉണ്ടാക്കുവാനും മനുഷ്യൻ സത്യമതത്തിന്റെ തത്വോപദേശങ്ങളനുസരിച്ചു ജീവിക്കുമാറാകാനും അങ്ങനെ ലോകത്ത് ശാന്തിയും സമാധാനവും വിളയാടികാണാനും ഹദ്റത്ത് അഹ്മദ് (അ) നിരന്തരം ആഗ്രഹിക്കുകയും അതിനായുള്ള വഴികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഇസ്ലാമിന്റെ സത്യവും വിശുദ്ധഖുർആന്റെ ശ്രേഷ്ഠതയും ലോകം അറിയുകയും അംഗീകരിക്കുകയും ചെയ്തെങ്കിൽ മാത്രമേ അത്തരം ഒരു സ്ഥിതിവിശേഷം സംജാതമാകയുള്ളു എന്നു ആത്മാർത്ഥമായും ദൃഢമായും വിശ്വസിച്ചിരുന്ന ആ മഹാത്മാവ് മറ്റുമതങ്ങളുടെമേൽ ഇസ്ലാമിന്റെ മഹത്വം ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കാൻ കഴിയുമാറ് ഒരു സർവ്വമതസമ്മേളനം ഖാദിയാനിൽ വിളിച്ചുകൂട്ടുന്നതിനെകുറിച്ചു ആലോചിച്ചുതുടങ്ങി. അതനുസരിച്ചു അദ്ദേഹം 1895 ഡിസംബർ 29-നു ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയും നിർദ്ദിഷ്ഠമായ സർവ്വമതസമ്മേളനം വിജയിപ്പിക്കുന്നതിനു ആവശ്യമായ സഹായസഹകരണങ്ങൾ നൽകാൻ വിവിധ മതപണ്ഡിതൻമാരേയും സത്യാന്വേഷികളായ സദ്ധർമ്മികളെയും ആഹ്വാനം ചെയ്യുകയുമുണ്ടായി. ജൂതൻമാർ, ക്രിസ്ത്യാനികൾ, ആര്യസമാജികൾ, പാർസികൾ, ബ്രഹ്മസമാജികൾ, ജൈനൻമാർ, സനാതനധർമ്മികൾ, യുക്തി വാദികൾ, നാസ്തികൻമാർ തുടങ്ങിയ എല്ലാ വിഭാഗക്കാർക്കും പ്രസ്തുത സമ്മേളനത്തിൽ പ്രവേശനമുണ്ടായിരിക്കുന്നതാണെന്നും പ്രതിനിധികൾക്കുള്ള ആഹാരം, താമസസൗകര്യങ്ങൾ തുടങ്ങിയ എല്ലാ ഏർപ്പാടുകളുടെയും ചുമതല താൻതന്നെ വഹിക്കുന്നതാണെന്നും പ്രസംഗകൻമാർക്ക് ആവശ്യമാണെങ്കിൽ പോക്കുവരവിനുള്ള വണ്ടിച്ചെലവ് കൂടി വഹിക്കാൻ താൻ തയ്യാറാണെന്നും വിജ്ഞാപനത്തിൽ പറഞ്ഞിരുന്നു. സ്വന്തം മതതത്ത്വങ്ങളെ പ്രമാണയുക്തികളോടെ വിവരിക്കുകയല്ലാതെ മറ്റു മതങ്ങളെ ആക്ഷേപിക്കുകയോ പരമത ഗുരുക്കൻമാരേ അവഹേളിക്കുകയോ ചെയ്യാൻ അനുവദിക്കുന്നതല്ലെന്നും പ്രതിനിധികൾ സ്വസ്വമതതത്ത്വങ്ങൾ വിവരിച്ചുകൊണ്ടുള്ള ഉപന്യാസങ്ങൾ തയ്യാറാക്കി വായിക്കേണ്ടതാണെന്നും ഒടുവിൽ അവയെല്ലാം ഒന്നായി അച്ചടിക്കുന്നതാണെന്നും മറ്റുമായി പതിനഞ്ചോളം നിബന്ധനകളും അതിൽ ചേർത്തിരുന്നു.

എന്നാൽ, ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) എത്രയും ആത്മാർത്ഥമായ ആവേശത്തോടുകൂടി ഉന്നയിച്ച ഈ നിർദ്ദേശം വിമത സ്ഥരായ ശത്രുക്കളുടെ കുത്സിതമായ എതിർ പ്രചാരവേലകൾ നിമിത്തം പ്രയോഗികരൂപം പ്രാപിച്ചില്ല. എങ്കിലും, ആ ദിവ്യ പുരുഷന്റെ അഭീപ്സിതം സാക്ഷാൽകരിക്കപ്പെടുന്നതിനുള്ള സാഹചര്യങ്ങൾ അല്ലാഹു മറ്റൊരു വിധത്തിൽ ഒരുക്കുകതന്നെയായിരുന്നു. എന്തെന്നാൽ, ഏതാനും മാസങ്ങൾക്കുശേഷം സംസ്കൃതചിത്തരും പ്രബുദ്ധരുമായ ചില ഹിന്ദു മാന്യൻമാർ ലാഹൗറിൽ ഒരു വമ്പിച്ച മതകോൺഫ്റൻസ് വിളിച്ചുകൂട്ടാൻ തീർച്ചപ്പെടുത്തി. അതിന്റെ പ്രധാന സംഘാടകനും സൂത്രധാരനുമായിരുന്ന സ്വാമി ശകുൻചന്ദർ ഹദ്റത്ത് അഹ്മദിനെ നേരിട്ടു സമീപിക്കുകയും സഹായ സഹകരണങ്ങൾക്കായി അഭ്യർത്ഥിക്കുകയും ചെയ്തു. ഹദ്റത്ത് അഹ്മദ് പൂർണ്ണമായ സഹകരണം വാഗ്ദാനം ചെയ്യുകയും തന്റെ ഒരു ശിഷ്യനെ സമ്മേളനക്കാര്യങ്ങളിൽ സഹായിപ്പാൻ നിയോഗിക്കുകയും ചെയ്തു. ഒരു കൊല്ലം മുമ്പ് താൻ ഉന്നയിച്ച ഒരാശയത്തിനു ഈ വിധത്തിലെങ്കിലും പ്രയോഗികാംഗീകാരം ലഭിച്ചതിൽ ഹദ്റത്ത് അഹ്മദ് (അ) സന്തുഷ്ടനായിരുന്നു. ഇസ്ലാമിനെ മറ്റുമതങ്ങളുടെമേൽ വിജയിപ്പിച്ചുകാണിക്കാനുള്ള ഒരു വേദി ലഭിക്കുന്നതിനു മാത്രമേ ആ മഹാത്മാവ് ആഗ്രഹിച്ചിരുന്നുള്ളു. ആ ആഗ്രഹം സഫലീകരിക്കുന്നതിന്നു അല്ലാഹുതന്നെ മാർഗ്ഗമൊരുക്കിയിരിക്കയാണെന്നു അദ്ദേഹം കരുതി.

സമ്മേളന ഭാരവാഹികൾ വിവിധ മതസ്ഥരായ പണ്ഡിതാഗ്രേസരൻമാർക്ക് ക്ഷണപത്രങ്ങളയച്ചു. ഇസ്ലാം, ക്രിസ്തുമതം, തിയോസഫിക് സൊസൈറ്റി, ബ്രഹ്മസമാജം, ദേവസമാജം, സനാതനധർമ്മം, ഫ്റീ തിങ്കേർസ്, സൗഹാർദ്ദ ധർമ്മം എന്നീ പ്രസ്ഥാനങ്ങളെ പ്രതിനിധാനം ചെയ്യുന്ന പ്രമുഖ പണ്ഡിതൻമാരാണ് സമ്മേളനത്തിൽ പങ്കെടുക്കാൻ സന്നദ്ധരായത്. ഇസ്ലാമിന്റെ ഭാഗത്ത് ഹദ്റത്ത് അഹ്മദുൽഖാദിയാനിക്ക് പുറമേ, മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി, മൗലവി സനാഉല്ലാഹ് സാഹിബ് അമൃത്സരിമൗലാനാ അബൂയൂസുഫ് മുബാറക് അലി സാഹിബ് സിയാൽകോട്ടി മുഫ്തി മുഹമ്മദ് അബുദുല്ലാഹ് സാഹിബ് എന്നിവരാണ് പ്രസംഗിക്കാൻ നിശ്ചയിക്കപ്പെട്ടിരുന്നത്. സമ്മേളനകമ്മറ്റി സർ സയ്യിദ് അഹ്മദ്ഖാനെയും ക്ഷണിച്ചിരുന്നുവെങ്കിലും ഇതു തന്റെ പ്രവർത്തനപരിധിയിൽ പെടുന്നതല്ലെന്ന മറുപടി നൽകുകയാണത്രേ അദ്ദേഹം ചെയ്തത്.

സമ്മേളനക്കമ്മറ്റി മുൻകൂട്ടി തയ്യാറാക്കിയ പ്രശ്നാവലിക്കുള്ള പ്രത്യുത്തര രൂപത്തിലാണ് പ്രാസംഗികൻമാർ പ്രബന്ധങ്ങൾതയ്യാറാക്കേണ്ടിയിരുന്നത്. പ്രസ്തുത പ്രശ്നങ്ങൾ ഇവയായിരുന്നു: 1.മനുഷ്യന്റെ ശാരീരികം, ധാർമ്മികം, ആദ്ധ്യാത്മീകം എന്നീ അവസ്ഥകൾ 2. മരണാന്തരജീവിതത്തിൽ മനുഷ്യന്റെ അവസ്ഥ 3. ഐഹികജീവിതോദ്ദേശ്യവും തൽപ്രാപ്തിക്കുള്ള മാർഗ്ഗവും 4. ധർമ്മാനുസരണംമൂലം ഇഹപരജീവിതത്തിലുള്ള ഫലം. 5.ദൈവജ്ഞാനസിദ്ധിക്കുള്ള മാർഗ്ഗങ്ങൾ.

1896 ഡിസംബർ 26,27,28 തിയ്യതികളിൽ ലാഹൗർ ടൗൺ ഹാളിൽവച്ചു സമ്മേളനം ചേരാൻ നിശ്ചയിക്കപ്പെട്ടുവെങ്കിലും അതു പിന്നീടു കൂടുതൽ സൗകര്യമുള്ള ഇസ്ലാമിയാ കോളേജ് ഹാളിലേയ്ക്ക് മാറ്റേണ്ടിവന്നു. ഈ സർവ്വമതമഹാസമ്മേളനത്തിന്റെ മോഡറേറ്റർമാരായി താഴെപറയുന്നവരാണ് തെരഞ്ഞെടുക്കപ്പെട്ടിരുന്നത്.

1.റായ്ബഹദൂർ ശ്രീ പ്രതുൽ ചന്ദ്രചാറ്റർജി (ജഡ്ജ്, പഞ്ചാബ് ഹൈകോർട്ട്) 2.ഖാൻ ബഹദൂർ ശേഖ് ഖുദാബക്ഷ് (ജഡ്ജ്, സ്മോൾകോസ് കോർട്ട്, ലാഹൗർ,)3.റായ് ബഹാദൂർ പണ്ഡിറ്റ് രാധാകൃഷ്ണ കൗൾ (പ്ലീഡർ, ചീഫ്കോർട്ട്, ലാഹൗർ& എക്സ് ഗവർണ്ണർ ജമ്മു) 4.അൽഹാജ് ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി (കാശ്മീർ മഹാരാജാവിന്റെ കൊട്ടാര വൈദ്യൻ) 5. റായ് ബഹാദൂർ ഭവാനീ ദർശൻ എം. ഏ. (സെറ്റിൽമെന്റ് ആഫീസർ, തഹ്സീൽദാർ, ഗുരുദാസ്പൂർ) 6.സർദാർ ജവാഹർ സിങ്ങ് (സിക്രട്ടറി, ഖാൽസാ കോളേജ് കമ്മിറ്റി, ലാഹൗർ)

"മഹത്തായ ഒരു ശുഭവാർത്ത"

ധർമ്മമഹോത്സവത്തിൽ വായിക്കുവാനായി ഉപന്യാസം തയ്യാറാക്കുന്നതിൽ വ്യാപൃതനായിരിക്കെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്ക്, 'മസ്മൂൻ ബാലാ രഹാ" എന്നു ദിവ്യവെളിപാടുണ്ടായി. 'ഉപന്യാസം മുന്തിനിന്നു" എന്നാണ് അതിന്റെ അർത്ഥം. ഈ ദിവ്യവെളിപാടിനു പുറമെ, പ്രഭാഷണം സർവ്വോത്തമമായി കലാശിക്കുമെന്ന ശുഭവാർത്ത നൽകിക്കൊണ്ടുള്ള ഒരു ദിവ്യദർശനവും അദ്ദേഹത്തിനുണ്ടായി. ഈ ദിവ്യവെളിപാടുകളെയും ദർശനങ്ങളെയും അടിസ്ഥാനമാക്കി. തന്റെ ഉപന്യാസം സമ്മേളനത്തിലെ മറ്റെല്ലാ പ്രഭാഷണങ്ങളെയും വെല്ലുന്നതായിരിക്കുമെന്നു മുൻകൂട്ടി പ്രവചിച്ചു കൊണ്ടു 'മഹത്തായ ഒരു ശുഭവാർത്ത' എന്ന തലയ്ക്കെട്ടിൽ ഒരു വിജ്ഞാപനം സമ്മേളനത്തിനു അഞ്ചുദിവസം മുമ്പു അദ്ദേഹം പ്രസിദ്ധപ്പെടുത്തി. അതിപ്രകാരമായിരുന്നു.

"ലാഹൗർ ടൗൺഹാളിൽ 1896 ഡിസംബർ 26,27,28തിയ്യതികളിൽ ചേരുന്ന സർവ്വമതമഹാസമ്മേളനത്തിൽ വിശുദ്ധഖുർആന്റെ മഹാത്മ്യങ്ങളെയും അത്ഭുതശക്തികളെയും പ്രതിപാദിക്കുന്ന എന്റെ ഒരുപന്യാസം വായിക്കപ്പെടുന്നതാണ്. ദൈവത്തിന്റെ പ്രത്യേകസഹായത്തോടെ എഴുതപ്പെട്ടിരിക്കുന്നതും മനുഷ്യശക്തിതീതമായിരിക്കുന്നതുമായ ഈ ഉപന്യാസം ഒരു ദൈവീക ദൃഷ്ടാന്തമാകുന്നു. വിശുദ്ധ ഖുർആൻ ദൈവപ്രോക്തമായ ഒരു ദിവ്യഗ്രന്ഥമാണെന്നു സ്പഷ്ടമായി തെളിയിക്കുന്നതിനു പര്യാപ്തമായ തത്വരഹസ്യങ്ങളും പരമാർത്ഥ ജ്ഞാനങ്ങളും ക്രോഡീകരിച്ചുകൊണ്ടുള്ളതാണ്. അതിൽ പ്രതിപാദിപ്പെട്ടിരിക്കുന്ന അഞ്ചു ചോദ്യങ്ങളുടെയും സമാധാനം ശ്രദ്ധിച്ചു കേൾക്കുന്ന ആരുടെയും ഹൃദയത്തിൽ നവമായ ഭക്തി വിശ്വാസവും ആത്മാവിൽ സംസ്കാരാഭയും സംജാതമാകുന്നതായിരിക്കും. തന്നെയുമല്ല, അയാൾക്ക് ദൈവവചനത്തിന്റെ-വിശുദ്ധ ഖുർആന്റെ-ഒരു വ്യാഖ്യാന സംഗ്രഹം കരഗതമാകുന്നതു

മായിരിക്കും. എന്റെ ഈ പ്രസ്താവന നിരർത്ഥകമോ മിത്ഥ്യയോ അല്ല... എന്റെ ഉപന്യാസം മറ്റെല്ലാ ഉപന്യാസങ്ങളെയും പ്രഭാഷണങ്ങളെയും വെല്ലുന്നതായിരിക്കുമെന്നു സർവ്വജ്ഞനായ ദൈവം എനിക്ക് അറിവ് നൽകിയിരിക്കുന്നു. ഇതരമതസ്ഥർ തദവസരത്തിൽ സന്നിഹിതരായി പ്രസ്തുതോപന്യാസം അമൂലാഗ്രം ശ്രദ്ധിച്ചു കേൾക്കുന്നപക്ഷം അവർ ലജ്ജിതരാകുമാറുള്ള തരത്തിൽ സത്യത്തിന്റെയും യുക്തിപ്രദർശനത്തിന്റെയും ജ്ഞാനത്തിന്റെയും പ്രഭാവായ്പ് അതിൽ അന്തർഭവിച്ചിരിക്കുന്നതാണ്. തത്തുല്യമായ ശ്രേഷ്ഠത ക്രിസ്ത്യാനികൾക്കോ ആര്യസമാജികൾക്കോ സനാതനധർമ്മികൾക്കോ മറ്റേതെങ്കിലും മതക്കാർക്കോ തങ്ങളുടെ മതഗ്രന്ഥത്തിന്നുള്ളതായി തെളിയിക്കുവാൻ സാധിക്കുകയില്ല. എന്തെന്നാൽ, അന്നേ ദിവസം ദൈവം തന്റെ വിശുദ്ധ വേദഗ്രന്ഥമായ ഖുർആന്റെ മാഹാത്മ്യം വെളിപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്.

"ഇതിനെ സംബന്ധിച്ചു എനിക്ക് ഇപ്രകാരം ഒരു ആത്മദർശനം ഉണ്ടായിരിക്കുന്നു: എന്റെ ഭവനത്തിൻമേൽ പരോക്ഷത്തിൽ നിന്നു ഒരു കൈ വന്നു പതിക്കുകയുണ്ടായി. ആ കരസ്പർശത്തോടു കൂടി ആ മന്ദിരത്തിൽനിന്നു കണ്ണഞ്ചിപ്പിക്കുന്ന ഒരു പ്രകാശധോരണി ചുറ്റും വ്യാപിച്ചു. ആ പ്രകാശം എന്റെ കരങ്ങളിലും പതിച്ചു അപ്പോൾ എന്റെ അടുക്കൽ നിന്നിരുന്ന ഒരാൾ الله اكبر خربت خيبر 'അല്ലാഹു ഏറ്റവും വലിയവൻ' ഖൈബർ നശിച്ചുപോയി എന്നു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഈ ദർശനത്തിന്റെ താല്പര്യം ഇതാണ്: ഭവനം എന്നതുകൊണ്ടുള്ള വിവക്ഷ ദിവ്യമായ വെളിപാടു അവതരിക്കുകയും പ്രകാശമാവേശിക്കുകയും ചെയ്യുന്ന എന്റെ ഹൃദയമാകുന്നു പ്രകാശമെന്നാൽ ഖുർആനികജ്ഞാനമത്രെ. അസത്യജടിലവും ധർമ്മവിരുദ്ധവുമായ സിദ്ധാന്തങ്ങളുടെ കലർപ്പോടു കൂടിയതും മനുഷ്യനിൽ ദൈവത്വം ആരോപിക്കുകയും ദൈവത്തിന്റെ ഗുണവിശേഷങ്ങളെ പൂർണ്ണതയുടെ സ്ഥാനത്തുനിന്നു താഴ്ത്തി കാട്ടുകയും ചെയ്യുന്നതുമായ സകല ദുഷിച്ച മതവിഭാഗങ്ങളെയുമാണ് 'ഖൈബർ' ശബ്ദം കുറിക്കുന്നത്. ഇങ്ങനെ, എന്റെ ഉപന്യാസം ധാരാളമായി പ്രചരിപ്പിച്ചുകഴിയുന്നതോടുകൂടി കൃത്രിമ മതമാർഗ്ഗങ്ങളുടെ അസത്യം വെളിപ്പെടുകയും വിശുദ്ധഖുർആന്റെ സത്യം അനുദിനം പ്രചരിച്ചു ഭൂമുഖത്തെല്ലാടവും വ്യാപിക്കുമാറാകുകയും ചെയ്യുമെന്നു എനിക്കു അറിവായിരിക്കുന്നു. ഒടുവിൽ, ഈ ആത്മീയ ദർശനാവസ്ഥയിൽനിന്ന് ഞാൻ മറ്റൊരു അനുഭൂതിയിലേക്ക് ആനീതനാവുകയും, ദൈവബോധനംകൊണ്ട് ഞാൻ അനുഗൃഹീതനായ് ഭവിക്കുകയും ചെയ്തു. എനിയ്ക്കുണ്ടായ ആ ദൈവബോധനം ഇതാണ്: إِنَّ اللهَ مَعَكَ أَيْنَ مَا قُمْتَ 'നിശ്ചയമായും അല്ലാഹു നിന്നോടു കൂടിയാകുന്നു; നീ നിൽക്കുന്നേടത്തു അല്ലാഹു നിൽക്കുന്നു' ഇതു ദൈവീകസാഹായത്തെ കുറിക്കുന്ന ഒരു അലങ്കാരോക്തിയാണ്.

"ഈ വസ്തുതയെക്കുറിച്ചു ഇനിയും എഴുതി ഈ വിജ്ഞാപനം ദീർഘിപ്പിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. അതിനാൽ സകലമാനപേരും

തങ്ങളുടെ ബുദ്ധിയ്ക്കും ധർമ്മവിശ്വാസത്തിനും നിരൂഹ്യമായ തരത്തിലുള്ള വികാസവും പ്രകാശവും സിദ്ധിക്കുന്നതിന്നു പര്യാപ്തമായ മത ജ്ഞാനങ്ങൾ ശ്രവിയ്ക്കുന്നതിനായ്ക്കൊണ്ട് ലാഹൗറിൽ കൂടുന്ന പ്രസ്തുത മതസമ്മേളനത്തിൽ നിശ്ചിത തിയ്യതികളിൽ സന്നിഹിതരാകേണമെന്ന് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. സൻമാർഗ്ഗത്തെ അവലംബിക്കുന്നവരിലത്രെ സർവ്വ സമാധാനവും."

ഉപന്യാസം തയ്യാറാക്കിക്കഴിഞ്ഞശേഷം ഹ: അഹ്മദ് (അ) പതിവനുസരിച്ചു അതു തന്റെ ശിഷ്യവൃന്ദത്തിനു വായിച്ചുകേൾപ്പിച്ചു കൊടുത്തു. ഒരു ശിഷ്യന്ന് ആ ഉപന്യാസത്തെ സംബന്ധിച്ചു അത്ര വലിയ ശുഭപ്രതീക്ഷകൾ ഉണ്ടായിരുന്നില്ല. അതു അനാകർഷവും സാധാരണ മട്ടിലുള്ളതുമാണെന്നും ഒരു മഹാ വിദ്വൽസദസ്സിൽ അവതരിപ്പിക്കാൻ പറ്റിയ തരത്തിലായിട്ടില്ലെന്നും ഖാജാ കമാലുദ്ദീൻ സാഹിബ് (ബി.ഏ, എൽ.എൽ. ബി) സൂചിപ്പിച്ചു പറയുകയുമുണ്ടായി. എന്നാൽ, തന്റെ ഉപന്യാസം സമ്മേളനത്തിൽ സർവ്വോത്തമമായി ഐകൃകണ്ഠേന അംഗീകരിക്കപ്പെടുമെന്നു അല്ലാഹു തന്നെ അറിയിച്ചിരിക്കയാൽ അതുപ്രകാരംതന്നെ പുലരുമെന്നു ഹ:അഹ്മദ് (അ) ഉറപ്പിച്ചു പറയുകയും സ്വശിഷ്യന്റെ സംശയങ്ങളെ ദൂരീകരിക്കാൻ ശ്രമിക്കുകയും ചെയ്തു. സമ്മേളനത്തിൽ പങ്കെടുക്കുന്നതിനു സ്വശിഷ്യസംഘത്തെ ലാഹൗറിലേക്ക് അയക്കുമ്പോൾ പ്രവചനമടങ്ങിയ വിജ്ഞാപനം ലാഹൗറിൽ വിപുലമായി പ്രചരിപ്പിക്കുവാൻ അദ്ദേഹം പ്രത്യേകം നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. എന്നാൽ, ഉപന്യാസത്തിന്റെ കാര്യത്തിൽ മുമ്പേതന്നെ വലിയ മതിപ്പ് പ്രകടിപ്പിച്ചിട്ടില്ലാത്ത ഖാജാ സാഹിബ് ഇക്കാര്യത്തിൽ വലിയ ഉൽസാഹമൊന്നും കാണിച്ചില്ല. ഗുരുവിന്റെ നിർദ്ദേശം പാലിക്കേണമല്ലോ എന്നു കരുതി പ്രസ്തുത പോസ്റ്ററുകൾ ഒട്ടിക്കാൻ ഖാജാ സാഹിബും ചെന്നുവെങ്കിലും അവ കാണികളുടെ ദൃഷ്ടിയിൽ പ്രത്യക്ഷത്തിൽ പതിയാതിരിക്കുമാറ് അനാകർഷസ്ഥാനങ്ങളിൽ ഒട്ടിക്കുവാൻ പ്രത്യേകം സൂക്ഷിക്കുകയും ചെയ്തു! ഉപന്യാസത്തെ തുടർന്നുണ്ടായേക്കാവുന്ന അപമാനഭാരത്തെ വർദ്ധിപ്പിക്കാനേ അതുപകരിക്കൂ എന്ന മിഥ്യാവിചാരം അദ്ദേഹത്തെ പിടികൂടീട്ടുണ്ടായിരുന്നു. എന്നാൽ മറ്റു ശിഷ്യൻമാരാകട്ടെ, ജനശ്രദ്ധയാകർഷിക്കാൻ കഴിയുമാറ് അവ വിപുലമായി പ്രചരിപ്പിക്കുകതന്നെ ചെയ്തു.*

ഡിസംബർ 26-ാം തിയ്യതി രാവിലെ പത്തുമണിക്കാണ് ധർമ്മ മഹോത്സവ പരിപാടികൾ ആരംഭിച്ചത്. ആര്യസമാജത്തിന്റെ ഒരുന്നതനേതാവും സമ്മേളനക്കമ്മിറ്റി പ്രസിഡണ്ടുമായിരുന്ന ശ്രീ.ലാലാ ദുർഗ്ഗപ്രസാദ് ചെയ്ത സ്വാഗതഭാഷണത്തിൽ, ശിക്കാഗോ മതകോൺഫ്റൻസിനേക്കാൾ ഒട്ടും കുറവല്ലാത്ത പ്രാധാന്യം പ്രസ്തുത സമ്മേളനത്തിന്നുണ്ടെന്നു പ്രസ്താവിച്ചു. അഭ്യസ്തവിദ്യരായ വലിയൊരു ജനാവലി സഭാനടപടികളിൽ അതീ

*ഖാജാ കമാലുദ്ദീൻ സാഹിബ് ഹദ്റത്ത് അഹ്മദിന്റെ പ്രമുഖ ശിഷ്യരിൽ ഒരാളായിരുന്നുവെങ്കിലും ചില ബലഹീനതകൾ അദ്ദേഹത്തിൽ മുമ്പെതന്നെ പ്രകടമായിരുന്നു. ഇക്കാരണത്താൽതന്നെയാവണം, ഹദ്റത്ത് അഹ്മദിന്റെ ചരമത്തിനു ശേഷം രണ്ടാം ഖലീഫയുടെ കാലത്തു അദ്ദേഹം ഖിലാഫത്തുമായി അകന്നുപോകാനിടയായത്- ഗ്ര.

വ ശ്രദ്ധ പതിപ്പിക്കുകയും നാനാദിക്കുകളിൽനിന്നും എത്തിച്ചേർന്ന വ്യത്യസ്തമതാനുയായികൾ താന്താങ്ങളുടെ മതവിഭാഗത്തിനു വിജയം സിദ്ധിയ്ക്കുമെന്ന പ്രത്യാശയോടും പ്രതീക്ഷയോടുംകൂടി പ്രവർത്തിക്കുകയും ചെയ്തിരുന്നു. ഇന്ത്യയിലങ്ങോളമിങ്ങോളമുള്ള പത്രങ്ങളിൽ സമ്മേളനം സംബന്ധിച്ച വാർത്തകളും ലേഖനങ്ങളും പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തിരുന്നു. ഇതിനെല്ലാം പുറമെ തന്റെ ഉപന്യാസത്തെ സംബന്ധിച്ചു ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) മുൻകൂട്ടി പ്രചരിപ്പിച്ച പ്രവചനം അനേകരുടെ ഹൃദയങ്ങളിൽ വർദ്ധമാനമായ ജിജ്ഞാസയും കൗതുകവും ജനിപ്പിക്കുകയുമുണ്ടായി. ചുരുക്കത്തിൽ, ഒരു വമ്പിച്ച 'മതടൂർണ്ണമെന്റ്' നടക്കുന്ന ഒരു പ്രതീതിയാണ് അതു ജനഹൃദയങ്ങളിൽ ഉളവാക്കിയിരുന്നത്. ഹ:അഹ്മദിന്നു ദേഹാസ്വാസ്ഥ്യം നിമിത്തം സമ്മേളനനടപടികളിൽ നേരിട്ടു പങ്കുകൊള്ളാൻ സാധിച്ചിരുന്നില്ല. 50 പേർ മാത്രമാണ് അദ്ദേഹത്തിന്റെ ശിഷ്യൻമാരായി അന്നു സമ്മേളനത്തിൽ പങ്കെടുത്തിരുന്നത്. ശ്രോതാക്കളിൽ ബഹുഭൂരിഭാഗവും ശത്രുപക്ഷക്കാരായിരുന്നു. ഈ സാഹചര്യത്തിൽ പ്രവചിക്കപ്പെട്ടവിധം ഉപന്യാസത്തിനു അവിടെ സ്വാഗതവും സമ്മതിയും ലഭിക്കുമെന്നു ഊഹിക്കാൻകൂടി സാദ്ധ്യമായിരുന്നില്ല.

ആദ്യദിവസത്തെ ഒന്നാമത്തെ പ്രസംഗം സനാതനധർമ്മത്തെ കുറിച്ചായിരുന്നു. രണ്ടാമതായി മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവിയാണ് പ്രസംഗിച്ചത്. മൂന്നാമത്തെ പ്രസംഗം തിയോസഫിക്ക് സൊസൈറ്റിയുടെ പ്രതിനിധിയുടേതും, രണ്ടാം ദിവസത്തെ ഒന്നാമത്തെ പ്രസംഗം മൗലവി സനാഉല്ലാ സാഹിബിന്റെതുമായിരുന്നു. ഫ്രീ തിങ്കർ സിന്റെ പ്രതിനിധിയുടെ പ്രസംഗമാണ് പിന്നെ നടന്നത്. ഉച്ചയ്ക്കുശേഷം ആദ്യത്തെ പ്രബന്ധം ഹ:അഹ്മദുൽ ഖാദിയാനിയുടേതായിരുന്നു. ഹ:മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽകോട്ടിയാണ് ഹ: അഹ്മദിന്റെ ഉപന്യാസം സമ്മേളനത്തിൽ വായിച്ചുകേൾപ്പിച്ചത്. ഇതു സംബന്ധിച്ചു സമ്മേളനക്കമ്മിറ്റി പ്രസിദ്ധംചെയ്ത റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു:

'പണ്ഡിറ്റ് ഗോർദ്ധൻദാസിന്റെ പ്രസംഗത്തിനുശേഷം അരമണിക്കൂർ ഇടവേളയുണ്ടായിരുന്നു. ഈ ഇടവേളയ്ക്കുശേഷം ഇസ്ലാമിന്റെ ഒരു പേരുകേട്ട പ്രതിനിധിയുടെ ഉപന്യാസം വായിക്കപ്പെടാനുണ്ടായിരുന്നതിനാൽ ഭൂരിപക്ഷം ശ്രോതാക്കളും തങ്ങളുടെ ഇരിപ്പിടങ്ങൾ വിട്ടു ഇളകുകയുണ്ടായില്ല. ഒന്നരമണിക്കു മുമ്പായിട്ടു തന്നെ ഇസ്ലാമിയ കോളേജ്ഹാൾ നിറഞ്ഞുതുടങ്ങുകയും ഏതാനും മിനിട്ടുകൾക്കുള്ളിൽ ഹാൾ ജനനിബിഡമായിത്തീരുകയും ചെയ്തു. ഈ സമയത്തു ഏതാണ്ട് ഏഴായിരത്തിന്നും എട്ടായിരത്തിനും ഇടയിൽ ആളുകൾ സമ്മേളിച്ചിട്ടുണ്ടായിരുന്നു.*വിവിധ മതസ്ഥരും ആശയക്കാരും വിവിധ സംഘടനകളിൽപെട്ടവരും വിദ്വാൻമാരും അവരിലുണ്ടായിരുന്നു. കസേരകളും മറ്റും ഒരുക്കിയിരുന്നതിന്നുപുറമെ പരവതാനികൾ വിരിച്ചും ഇരിക്കാനുള്ള സജ്ജീകരണങ്ങൾചെയ്തി

*ശിക്കാഗോ മതസമ്മേളനത്തിൽ ആകെ 5000 പേരാണ് ശ്രോതാക്കളായുണ്ടായിരുന്നത്–ഗ്ര.

ട്ടുണ്ടായിരുന്നു. എങ്കിലും നൂറുകണക്കിൽ ആളുകൾക്കു നിന്നുകൊണ്ടു പ്രസംഗം ശ്രദ്ധിക്കുകയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല. ഇപ്രകാരം നിന്നുകൊണ്ടു പ്രസംഗം കേൾക്കേണ്ടി വന്നവരിൽ വലിയ വലിയ കുബേരൻമാരും പഞ്ചാബിലെ വലിയ പ്രമാണികളും വിദ്വാൻമാരും ബാരിസ്റ്റർമാരും വക്കീലന്മാരും പ്രഫസർമാരും ഡോക്ടർമാരും എന്നുവേണ്ട വിവിധ തുറകളിൽപെട്ട ഉന്നതസ്ഥാനീയരായ എല്ലാതരം ആളുകളും ഉണ്ടായിരുന്നു. അവരെല്ലാം ഇത്തരത്തിൽ ഒരുമിച്ചു കൂടുകയും ആവേശപൂർവ്വം നാലഞ്ചു മണിക്കൂറോളം ഇപ്രകാരം ഒറ്റക്കാലിന്മേൽ നിന്നുകൊണ്ടു കഴിച്ചുകൂട്ടുകയും ചെയ്തിട്ടുള്ളതിൽനിന്നു ഈ വിശുദ്ധമായ പ്രസ്ഥാനത്തിന്റെ നേരെ അവർക്കെത്രമാത്രം ആദരവും അനുഭാവവുമുണ്ടായിരുന്നുവെന്നു വ്യക്തമാകുന്നുണ്ട്. ഉപന്യാസകർത്താവിന്നു സമ്മേളനത്തിൽ സംബന്ധിക്കാൻ സാധിച്ചിരുന്നില്ലെങ്കിലും തന്റെ വരിഷ്ഠ ശിഷ്യനായ മൗലവി അബ്ദുൽകരീം സാഹിബ് സിയാൽകോട്ടിയെ ഉപന്യാസം വായിച്ചവതരിപ്പിക്കുന്നതിന്നായി അദ്ദേഹം നിയോഗിച്ചു. കമ്മിറ്റി 2 മണിക്കൂർ മാത്രമാണ് സമയം അനുവദിച്ചിരുന്നത്. എന്നാൽ, സമ്മേളനത്തിൽ പങ്കെടുത്തവർക്ക് പ്രസ്തുത ഉപന്യാസത്തിന്റെ നേരെ വർദ്ധിച്ച താല്പര്യം ജനിക്കുക കാരണം ഈ ഉപന്യാസം വായിച്ചു തീരുന്നതുവരെ സമ്മേളന നടപടികൾ നീട്ടുവാൻ മോഡറേറ്റർമാർ സസന്തോഷം സമ്മതിക്കുകയുണ്ടായി. അവരുടെ തീർപ്പു സമ്മേളന നടത്തിപ്പുകാരുടെയും സദസ്യരുടെയും അഭീഷ്ടത്തിന്നു തികച്ചും യോജിച്ചതായിരുന്നു. എന്തെന്നാൽ നിശ്ചിത സമയം കഴിഞ്ഞപ്പോൾ ഈ ഉപന്യാസം വായിച്ചുതീർക്കുന്നതിന്നുവേണ്ടി തന്റെ പ്രസംഗസമയം കൂടി വിട്ടുകൊടുത്തിരിക്കുന്നതായി അടുത്ത പ്രാസംഗികനായിരുന്ന മൗലവി അബൂയൂസുഫ് മുബാറക്കലി സാഹിബ് പ്രഖ്യാപിച്ചതിനെ തുടർന്നു ശ്രോതാക്കളും മോഡറേറ്റർമാരും വമ്പിച്ച ഹർഷഘോഷങ്ങളോടെയാണ് മൗലവി സാഹിബിന്നു കൃതജ്ഞത പ്രകടിപ്പിക്കുകയുണ്ടായത്. സമ്മേളന നടപടികൾ നാലര മണിയ്ക്കു അവസാനിക്കേണ്ടതായിരുന്നുവെങ്കിലും സദസ്യരുടെ ആഗ്രഹങ്ങളെ പരിഗണിച്ചു നടപടികൾ അഞ്ചര മണിവരെ നീട്ടേണ്ടി വന്നു. എന്തെന്നാൽ ഈ ഉപന്യാസം വായന നാലുമണിക്കൂർ നീണ്ടുനിന്നിരുന്നു. ആദ്യം മുതൽ അവസാനംവരെ ഒരേ തരത്തിലുള്ള താല്പര്യവും സ്വീകാര്യവുമാണ് ലഭിച്ചിരുന്നതും. (ധർമ്മ മഹോൽസവ റിപ്പോർട്ട് ഭ. 79–80)

റിപ്പോർട്ട് മറ്റൊരുഭാഗത്തു ഇപ്രകാരം തുടരുന്നു: "ഉപന്യാസം വായിച്ചുകൊണ്ടിരിക്കെ സന്ധ്യ മയങ്ങിത്തുടങ്ങിയെങ്കിലും പ്രഥമ പ്രശ്നത്തിന്റെ മറുപടി മാത്രമേ അപ്പോൾ പൂർത്തിയായിട്ടുണ്ടായിരുന്നുള്ളു. ഈ ഉപന്യാസത്തിന്റെ നേരെ സദസ്യർ പ്രദർശിപ്പിച്ചിരുന്ന ഏകോപിച്ച നിലയിലുള്ള ശ്രദ്ധാകൗതുകങ്ങൾ കാരണം എക്സിക്യൂട്ടീവ് കമ്മിറ്റി വീണ്ടും കൂടിയാലോചന നടത്തുകയും ബാക്കി പ്രശ്നങ്ങളുടെ മറുപടികളും കേൾപ്പിക്കുമാറാകുന്നതിനു വേണ്ടി സമ്മേളനം നാലാം ദിവസത്തേക്കു കൂടി നീട്ടുവാൻ ഏർപ്പാടു ചെയ്യുകയും ചെയ്തു. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ

പ്രഖ്യാപന പ്രകാരം മൂന്നുദിവസത്തേയ്ക്കാണ് സമ്മേളനം നിശ്ചയിക്കപ്പെട്ടിരുന്നതെങ്കിലും മൂന്നാം ദിവസത്തേയ്ക്കുള്ള പരിപാടികൾ മുമ്പേ തന്നെ തീരുമാനിയ്ക്കപ്പെട്ടിരുന്നതിനാൽ സമ്മേളനം ഒരു ദിവസത്തേയ്ക്കു കൂടി നീട്ടുവാൻ മോഡറേറ്റർമാർക്ക് പൂർണ്ണ സമ്മതമായിരുന്നു. ഇതിനുപുറമേ, സനാതനധർമ്മക്കാരും ആര്യസമാജക്കാരും തങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കണമെന്നു ആവശ്യപ്പെടുകയുമുണ്ടായി. അതിനാൽ നിർവ്വാഹകസമിതി സ്ഥലത്തുണ്ടായിരുന്ന ഹിമായത്തുൽ ഇസ്ലാം സംഘം സിക്രട്ടിരിയുമായും പ്രസിഡണ്ടുമായും ആലോചന നടത്തുകയും നാലാം ദിവസത്തേയ്ക്കും സമ്മേളനഹാൾ ഉപയോഗപ്പെടുത്തിക്കൊള്ളാനുള്ള അനുമതി വാങ്ങുകയും പിറ്റെ ദിവസവും സമ്മേളനം തുടരുന്നതാണെന്നു പ്രഖ്യാപിക്കുന്നതിന്നു അദ്ധ്യക്ഷനെ അധികാരപ്പെടുത്തുകയും ചെയ്തു (ഭാ.140)

ഹിന്ദുക്കളായ സമ്മേളനക്കമ്മിറ്റിയംഗങ്ങൾതന്നെ തങ്ങളുടെ റിപ്പോർട്ടിൽ ഹ:അഹ്മദുൽഖാദിയാനിയുടെ പ്രസംഗത്തെപറ്റി ഇപ്രകാരം സ്തുതിച്ചുപറയാൻ നിർബന്ധിതരായിത്തീർന്നു. ഇതിനുപുറമേ, സമ്മേളനാദ്ധ്യക്ഷനായിരുന്ന ഒരു ഹിന്ദു മാന്യന്റെ വായിൽ നിന്നു 'യഹ് മസ്മൂൻ തമാം മസ്മൂനോൻ സെ ബാലാ റഹാ" (ഈ ഉപന്യാസം മറ്റെല്ലാ ഉപന്യാസങ്ങളെയും കവച്ചുനിന്നു) എന്ന വാക്യം അവിചാരിതമായിത്തന്നെ പുറപ്പെടുകയും ചെയ്തു! സമ്മേളനത്തിൽ പ്രസംഗിച്ച സിക്ക് പ്രതിനിധി സർദാർ ജവാഹർസിംഗ് അദ്ദേഹത്തിന്റെ പ്രസംഗത്തിന്നിടയിൽ ഹ:അഹ്മദിന്റെ ഉപന്യാസത്തെ പരാമർശിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു: "ഇന്നലത്തെ പണ്ഡിതോചിതമായ ആ പ്രസംഗത്തിൽ സന്തോഷഭരിതരാവാത്ത ഒരാളുമില്ല. ആരും അതിനെ പ്രകീർത്തിക്കാതിരുന്നിട്ടുമില്ല"

ഉപന്യാസം വായിച്ചവസാനിച്ചപ്പോൾ വമ്പിച്ച ഹർഷാരവങ്ങളുണ്ടായി. പ്രസ്തുത ഉപന്യാസം മറ്റെല്ലാ ഉപന്യാസങ്ങളെയും അതിശയിച്ചു എന്നു ശത്രുക്കൾപോലും ഏറ്റുപറഞ്ഞു. ഇസ്ലാമിന്നു വന്ന മഹത്തായ വിജയമായി അമുസ്ലിംകൾപോലും അതിനെ പ്രകീർത്തിച്ചു. സമ്മേളനം സംബന്ധിച്ചു റിപ്പോർട്ടുകൾ പ്രസിദ്ധം ചെയ്ത ഇരുപതോളം പത്രങ്ങൾ ഈ വസ്തുത രേഖപ്പെടുത്തുകയുമുണ്ടായി.

ഒരു അർദ്ധൗദ്യോഗിക ക്രൈസ്തവപത്രമായ ലാഹൗറിലെ 'സിവിൽ ആന്റ് മിലിറ്ററി ഗസ്റ്റ്' ഇപ്രകാരമാണ് റിപ്പോർട്ട് ചെയ്തിരുന്നത്.:

".....ഇസ്ലാമിന്റെ ഭാഗത്തുനിന്നുള്ള അഭിഭാഷകനായകനായ മിർസാ ഗുലാം അഹ്മദുൽഖാദിയാനിയുടെ പ്രഭാഷണത്തിലേയ്ക്കു ശ്രോതാക്കളുടെ പ്രത്യേകമായ ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുകയുണ്ടായി. പ്രഭാഷണം ശ്രവിക്കുന്നതിനു അടുത്തും അകലത്തും ഉള്ള വിവിധ വിഭാഗക്കാരിൽപ്പെട്ട ഒരു വമ്പിച്ച ജനസമൂഹം സമ്മേളിച്ചിരുന്നു. മിർസാസാഹിബിന്നു സമ്മേളനത്തിൽ സന്നിഹിതനാകാൻ സാധിച്ചിരുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ പ്രാപ്തരായ പണ്ഡിതശിഷ്യരിൽ സിയാൽകോട്ടുക്കാരനായ മുൻഷി അബ്ദുൽ കരീം ഫസീഹ് അതു വായിച്ചു കേൾപ്പിച്ചു.

പ്രസ്തുത പ്രസംഗം 27-ാം തിയ്യതി മൂന്നര മണിക്കൂർ നേരം അതീവ താല്പര്യത്തോടും ശ്രദ്ധയോടുംകൂടി ശ്രവിക്കപ്പെട്ടുവെങ്കിലും ഒന്നാം ചോദ്യത്തിന്നുള്ള മറുപടി മാത്രമേ അപ്പോഴേയ്ക്കും അവസാനിച്ചിരുന്നുള്ളൂ. സമയം ലഭിക്കുകയാണെങ്കിൽ ബാക്കി പ്രശ്നങ്ങൾക്കുള്ള മറുപടികളും വായിച്ചു കേൾപ്പിക്കാമെന്നു പ്രസംഗകൻ പ്രസ്താവിച്ചതിനെ തുടർന്നു അദ്ധ്യക്ഷന്മാരും എക്സിക്യൂട്ടീവ് കമ്മിറ്റിയും 29-ാം തിയ്യതി വരെ സമ്മേളന നടപടികൾ നീട്ടുവാൻ തീരുമാനിച്ചു" (Civil& Military Gazette, Lahore29-12-1896)

"ചൗദവീൻ സദി" എന്ന പത്രം ഇങ്ങനെയാണ് പ്രസ്താവിച്ചത്: "ഈ പ്രഭാഷണങ്ങളിൽ ഏറ്റവും മികച്ചുനിന്നതും അതിവിശിഷ്ടമായിരുന്നതും സമ്മേളനത്തെ സജീവമാക്കിത്തീർത്തതും മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനിയുടെതു തന്നെയായിരുന്നു. ജീവിതത്തിലൊരിക്കലും ഇത്രയും ഹൃദയാവർജ്ജകമായ പ്രസംഗം ഞങ്ങൾ കേട്ടിട്ടില്ല. ഞങ്ങൾ മിർസാസാഹിബിന്റെ അനുയായികളല്ല. എങ്കിലും നീതിയെ ഞെക്കിക്കൊല്ലുവാൻ ഞങ്ങൾക്കാവില്ല. ആർജ്ജവവും ആത്മാർത്ഥതയും ഉള്ള ആർക്കുംതന്നെ ഇതേറ്റുപറയാതിരിക്കാൻ വയ്യ. മിർസാസാഹിബിന്റെ പ്രസംഗസമയത്തു കൂടിയതു പോലെ അത്രയധികം ശ്രോതാക്കൾ ഒരാളുടെയും പ്രസംഗസമയത്തു ഒരുമിച്ചു കൂടിയിരുന്നില്ല. ഹാൾ മുഴുവനും മുകളിലും താഴെയുമായി ദത്തശ്രദ്ധരായ ശ്രോതാക്കളാൽ നിബിഡമായിരുന്നു. തേനിൽ ഈച്ച പറ്റിയതുപോലെയായിരുന്നു ശ്രോതാക്കൾ പൊതിഞ്ഞുകൂടിയിരുന്നതെന്നു പറഞ്ഞാൽ മിർസാസാഹിബിന്റെയും ഇതര പ്രാസംഗികൻമാരുടെയും പ്രസംഗങ്ങളുടെ വ്യത്യാസം മനസ്സിലാക്കാം. ഈ സമ്മേളനം മുഖേന ഇസ്ലാമിന്റെ ശബ്ദം ഉയർന്നുകേൾക്കുമാറാകയും മറ്റെല്ലാ മതങ്ങളുടെയുംമേൽ ഇസ്ലാമിന്റെ ശ്രേഷ്ഠത മുദ്രിതമാകുകയും ചെയ്തു എന്നതിൽ നാം ദൈവത്തിന്നു കൃതജ്ഞത പ്രകടിപ്പിക്കുക...." (ചൗദവീൻ സദീ- റാവൽപിണ്ടി, 1-2-1897)

കൽക്കത്തയിൽ നിന്നു പുറപ്പെട്ടുകൊണ്ടിരുന്ന 'ഗൗഹറെ ആസഫി' എന്ന പത്രം എഴുതിയ സുദീർഘമായ ഒരു നിരൂപണത്തിൽ ഇപ്രകാരം പറഞ്ഞു:

"...സമ്മേളന നടപടികളിൽനിന്നു വ്യക്തമായിരിക്കുന്നത് ഈ സമരരംഗത്ത് ഇസ്ലാമിന്റെ യഥാർത്ഥ പോരാളിയുടെ ഭാഗം തികച്ചും പൂർത്തിയാക്കിയത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് റയീസെഖാദിയാൻ മാത്രമാണെന്നത്രേ....ഈ സമ്മേളനത്തിൽ ഹദ്റത്ത് മിർസാ സാഹിബിന്റെ പ്രബന്ധം അവതരിപ്പിക്കപ്പെട്ടിരുന്നില്ലെങ്കിൽ ഇസ്ലാമിന്നും മുസ്ലിംകൾക്കും വിമതസ്ഥർ മുഖേന വലുതായ എളിമയും അപമാനവും സഹിക്കേണ്ടിവരുമായിരുന്നു. എന്നാൽ ദൈവത്തിന്റെ ശക്തഹസ്തം വിശുദ്ധ ഇസ്ലാമിനെ വീഴ്ചയിൽ നിന്നു രക്ഷിച്ചു എന്നുമാത്രമല്ല, ഈ ഉപന്യാസം മുഖേന അതിനു വ്യക്തമായ വിജയം ലഭിക്കുകയും മിത്രങ്ങളും ശത്രുക്കളുമെല്ലാം ഒരുപോലെ നിഷ്ക്കന്മഷമായ വികാരങ്ങളാൽ പ്രചോദിത

രായിട്ടുതന്നെ, ഈ ഉപന്യാസം സർവ്വോൽകൃഷ്ടമായി എന്നു ഏറ്റു പറയുമാറാകുകയും ചെയ്തു. ഇതത്രെ പരമാർത്ഥം....” (24–1–1897)

ഈ മഹത്തായ ഉപന്യാസം ‘ഇസ്ലാമീ ഉസുൽ കീ ഫിലാസഫി’ (26) എന്നപേരിൽ 1897ൽ ആദ്യമായി ഉർദുഭാഷയിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. അതിൽപിന്നെ ഇംഗ്ലീഷിലും മറ്റു ഭാഷകളിലും തർജ്ജമകൾ പുറത്തുവരികയുമുണ്ടായി. ഇംഗ്ലീഷുവിവർത്തനം മർഹൂം മൗലാനാ മുഹമ്മദലി സാഹിബ് എം.ഏ.എൽ.എൽ.ബി. ആണ് തയ്യാറാക്കിയത്. മുഹമ്മദ് അലക്സാണ്ടർ റസ്സൽവെബ്ബ്: മൗലാനാ ശേർഅലി സാഹിബ് ബി.ഏ.ചൗദരി ഗുലാം മുഹമ്മദ് സാഹിബ് ബി.ഏ.എന്നിവർ അതു പരിശോധിക്കുകയും ചെയ്തു. 1910ൽ ആണ് ഇംഗ്ലീഷുതർജ്ജമ ഇംഗളണ്ടിലെ ‘ല്യൂസക് ആൻ കമ്പനി’ പ്രസിദ്ധം ചെയ്തത്. അതിൽ പിന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി രണ്ടു ഡസനിലധികം ഭാഷകളിൽ ഈ പുസ്തകം തർജ്ജമ ചെയ്യപ്പെടുകയും അനേകം പതിപ്പുകൾ പുറത്തിറങ്ങുകയും ചെയ്തു. ‘ഇസ്ലാംമതതത്ത്വജ്ഞാനം’ എന്ന പേരിൽ മലയാളത്തിലും ഇതിന്റെ പരിഭാഷ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്* ഒന്നാമത്തെ ഇംഗ്ലീഷു പതിപ്പ് പുറത്തിറക്കിയപ്പോൾ ചില ഇംഗ്ലീഷു പത്രങ്ങൾ പുറപ്പെടുവിച്ച അഭിപ്രായങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു:

തിയോസഫിക്കൽ ബുക്ക്നോട്ട്സ്– ‘ഇസ്ലാംമതത്തെ സംബന്ധിച്ചു ഞങ്ങൾ ഇതുവരെ കണ്ടിട്ടുള്ളതിൽവെച്ചു ഏറ്റവും ശ്രേഷ്ഠവും ഏറ്റവും ആകർഷകവുമായ ഒരു ചിത്രീകരണം.”

‘ബ്രിസ്റ്റൽ ടൈം ആന്റ് മിർറർ’–പാശ്ചാത്യ ലോകത്തോട് ഇത്തരത്തിൽ സംസാരിക്കുന്ന ആൾ ഒരു സാധാരണക്കാരനല്ലതന്നെ’

‘സ്കോട്ട്സ്മേൻ’–‘മത താരതമ്യശാസ്ത്രപിപഠിഷുക്കൾ ഈ ഗ്രന്ഥത്തെ നിശ്ചയമായും വളരെയേറെ സ്വാഗതം ചെയ്യും”

‘സ്പിരിച്ചൽ ജേർണൽ’ (ബോസ്റ്റൺ)–‘സ്വച്ഛസുന്ദരമായ സുവിശേഷം”

‘ഇൻഡ്യൻ റിവ്യു’– “മുസ്ലിം വിദ്യാർത്ഥികളുടെ കൈകളിൽ മാത്രമല്ല ഇസ്ലാംമതത്തെ കുറിച്ചെന്തെങ്കിലും അറിയണമെന്നാഗ്രഹിക്കുന്നവരുടെയെല്ലാം ഗ്രന്ഥശാലകളിലും അവശ്യം ഉണ്ടായിരിക്കേണ്ട ഒരു ഗ്രന്ഥം”

‘ഇംഗ്ലീഷ് മെയിൽ’ –‘യഥാർത്ഥ ഇസ്ലാമികാദർശങ്ങളുടെ രത്നച്ചുരുക്കം”

ഇംഗ്ലീഷു പരിഭാഷകൾ ഒട്ടധികം പതിപ്പുകൾ പ്രസിദ്ധം ചെയ്തുകഴിഞ്ഞിരിക്കുന്നു, മേൽചേർത്ത അഭിപ്രായങ്ങൾക്കു പുറമെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി നൂറുകണക്കായ പത്രങ്ങൾ പ്രസ്തുത പുസ്തകത്തെ പ്രശംസിച്ചെഴുതിയിട്ടുണ്ട്.

*‘സത്യദൂതൻ’ പത്രാധിപരായിരുന്ന എന്റെ വന്ദ്യമാതുലൻ ജ.എൻ.ഹാമിദ് സാഹിബ് ആണ് ഇതു മലയാളത്തിലേയ്ക്കു ഭാഷാന്തരം ചെയ്തിട്ടുള്ളത്. ‘ഇസ്ലാം മത സിദ്ധാന്തങ്ങൾ’ എന്ന പേരിലാണ് ഇതിന്റെ ഒന്നാം പതിപ്പ് പ്രസിദ്ധപ്പെടുത്തിയിരുന്നത്. –ഗ്ര

ഈ ഉപന്യാസത്തിൽ തനിയ്ക്കു ദൈവീകവെളിപാടുകൾ ലഭിക്കുന്നു എന്ന വസ്തുത ഹദ്റത്ത് അഹ്മദ്(അ) ഉച്ചൈസ്തരം ഘോഷിക്കുകയും ഇസ്ലാം മതാനുസരണം കൊണ്ടുള്ള ഒരനുഗ്രഹസിദ്ധിയായി അതിനെ വിവരിക്കുകയുമുണ്ടായി. അദ്ദേഹം ഇപ്രകാരം പറഞ്ഞു:

"അന്ധന്മാർക്കു കാഴ്ച നൽകുന്നതിനും അന്വേഷിക്കുന്നവരെ സ്വയം ഗുപ്തനായ ദൈവത്തിങ്കലേയ്ക്കു വഴി കാണിക്കുന്നതിനും സത്യം സ്വീകരിക്കുവാൻ മനസ്സുള്ളവർക്കു പരിശുദ്ധമായ ആ ഉറവിടത്തെക്കുറിച്ചു- അധികപേരും സംസാരിച്ചുകൊണ്ടിരിക്കുന്നതും എന്നാൽ അപൂർവ്വം പേർക്കു മാത്രം ലഭ്യമായിട്ടുള്ളതുമായ ആ മഹത്തായ ഉറവിടത്തെക്കുറിച്ചു-ശുഭവാർത്ത ധരിപ്പിക്കുന്നതിനുമായിട്ടു പരമകാരുണികനായ ദൈവം എന്നെ പ്രസ്തുത ഉൽകൃഷ്ട പദവിയാലും മുൻവിവരിച്ച തരത്തിലുള്ള മധുരഭാഷണത്താലും അനുഗ്രഹിച്ചിരിക്കുന്ന വസ്തുതയെ ഇവിടെ വെളിപ്പെടുത്താതിരിക്കുന്ന പക്ഷം ഞാൻ മനുഷ്യവർഗ്ഗത്തോടു ഒരു മഹാ അപരാധം പ്രവർത്തിച്ചവനായിരിക്കുന്നതാണ്. അതിനാൽ മനുഷ്യന്റെ മുക്തിക്കും നിത്യസുഖത്തിനും നിദാനമായ ദൈവോപലബ്ധി വിശുദ്ധ ഖുർആനനുസരിച്ചു ജീവിക്കുന്നതുമൂലമല്ലാതെ സംപ്രാപ്യമല്ലെന്നു ഞാനിതാ ഉച്ചൈസ്തരം പ്രസ്താവിച്ചുക്കൊള്ളുന്നു. മറ്റുള്ളവർ ഞാൻ കണ്ടിട്ടുള്ളതു കാണുകയും ഞാൻ കേട്ടിട്ടുള്ളതു കേൾക്കുകയും പഴങ്കഥകൾ വെടിഞ്ഞു യഥാർത്ഥ തത്വത്തിലേയ്ക്കു ഓടിച്ചെല്ലുകയും ചെയ്തുവെങ്കിൽ ഹാ, എത്രനന്നു! യാതൊന്നു മുഖേന ദൈവത്തെ കാണുവാൻ സാധിക്കുമോ ആ പരിപൂർണ്ണജ്ഞാനത്തിന്നുള്ള മാർഗ്ഗവും സകല സന്ദേഹമാലിന്യങ്ങളെയും കഴുകി കളയുന്ന ആ സ്വർഗ്ഗീയസലിലവും ദൈവത്തിന്റെ തിരുമുഖം പ്രതിബിംബിച്ചുകാണുമാറാകുന്ന നിഷ്കന്മഷമായ ദർപ്പണവും ദൈവത്തിങ്കൽനിന്നു ലഭിക്കുന്ന അമൃതഭാഷണമാകുന്നു. ഏതൊരുവന്റെ ആത്മാവിൽ പരമാർത്ഥ തത്വമറിയാനുള്ള ജിജ്ഞാസയുണ്ടോ അവൻ ഉണർന്നു അന്വേഷിച്ചുകൊള്ളട്ടെ! ഞാൻ സത്യമായും പറയുന്നു: ആത്മാവിൽ യഥാർത്ഥമായ ജിജ്ഞാസയും ഹൃദയത്തിൽ വാസ്തവമായ തൃഷ്ണയും ഉണ്ടെങ്കിൽ ജനങ്ങൾ പ്രസ്തുത മാർഗ്ഗമന്വേഷിക്കുകയും തേടിനടക്കുകയും ചെയ്യുന്നതായിരിക്കും. എന്നാൽ ഈ മാർഗ്ഗം തുറന്നുകിട്ടുന്നതെങ്ങനെ? ഇതിന്റെ തിരശ്ശീല നീക്കിക്കിട്ടുന്നതിനുള്ള ഉപായമെന്ത്? ഇസ്ലാം മാത്രമാണ് മുമുക്ഷുകൾക്ക് ഈ ആനന്ദപദവി വാഗ്ദാനം ചെയ്കയും അതിനെ കുറിച്ചു ശുഭവാർത്ത നല്കയും ചെയ്യുന്നതു എന്നു സത്യാന്വേഷികളെ ഞാൻ തെര്യപ്പെടുത്തിക്കൊള്ളുന്നു. ഇതരമതക്കാരാകട്ടെ ദൈവഭാഷണമാകുന്ന അനുഗ്രഹത്തിന്റെ കവാടം വളരെക്കാലമായി ബന്ധിക്കപ്പെട്ടു പോയിരിക്കുന്നതായി സമ്മതിക്കുകയാണ്. എന്നാൽ, അവർ പറയുന്നതുപോലെ ദൈവം ഈ മാർഗ്ഗത്തെ നിരോധിക്കുകയുണ്ടായിട്ടില്ല. അതിലേയ്ക്കു പ്രവേശം സിദ്ധിക്കാതെ ശൂന്യഹൃദയരായി ഭവിച്ചവരുടെ നിരാശാജന്യമായ സങ്കല്പം മാത്രമാണത്. നമ്മുടെ കണ്ണുകൾ കൂടാതെ കാണുവാനോ കാതുകൾ

കൂടാതെ കേൾക്കുവാനോ നാവുകൂടാതെ സംസാരിക്കാനോ സാധിക്കാത്തപ്രകാരംതന്നെ വിശുദ്ധ ഖുർആന്റെ സഹായം കൂടാതെ ആയഥാർത്ഥ പ്രണയിതാവിന്റെ തിരുമുഖം കാൺമാൻ കഴിയുന്നതുമല്ല" (ഇസ്ലാം മതതത്വജ്ഞാനം)

38- ഗുരുനാനക്ക് ഒരു മുസ്‌ലിം

ഹദ്‌റത്ത് അഹ്മദുൽ ഖാദിയാനി (അ) മുന്നോട്ടുവച്ച സ്ഫോടകങ്ങളായ സിദ്ധാന്തങ്ങളിൽ വളരെയേറെ വിവാദങ്ങൾക്ക് ഇടയാക്കിയിട്ടുള്ള അതിപ്രധാനമായ ഒരു പാഠമാണ് സിക്ക് പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ഹദ്‌റത്ത് ബാബാനാനക്ക് ഒരു മുസ്‌ലിം സിദ്ധൻ ആയിരുന്നു എന്നത്. ഹദ്‌റത്ത് അഹ്മദിന്റെ പൂർവ്വ പിതാക്കളും കുടുംബവും പഞ്ചാബിലെ സിക്കു ഭരണാധികാരികളിൽ നിന്ന് ഒട്ടേറെ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടി വന്നവരായിരുന്നെങ്കിലും, സിക്കുകാരുടെ ഭരണകാലം മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ദുരിതങ്ങളുടെ കാലഘട്ടമായിരുന്നുവെങ്കിലും ഹസ്രത്ത് അഹ്മദും സിക്കുകാരുമായുള്ള ബന്ധം ഹൃദ്യവും സ്നേഹമസൃണവുമായിത്തന്നെ തുടർന്നിരുന്നു. തനിയ്ക്കുണ്ടായ ഒരു ദിവ്യദർശനത്തിന്റെ അടിസ്ഥാനത്തിലാണ് ബാബാനാനക്ക് ഒരു മുസ്‌ലിം ആയിരുന്നു എന്ന് അദ്ദേഹം പ്രഖ്യാപിച്ചത്.

ആര്യസമാജ സ്ഥാപകനായ പണ്ഡിറ്റ് ദയാനന്ദ സരസ്വതി 'സത്യാർത്ഥപ്രകാശ'ത്തിൽ ഗുരുനാനക്കിനെ ആക്ഷേപിക്കുകയും ഇകഴ്ത്തിപ്പറയുകയും ചെയ്തിട്ടുണ്ട്. "നാനക്ക് അറിവില്ലാത്തവനായിരുന്നു. അദ്ദേഹം ഒരു ദേശത്തെ ഭാഷമാത്രമെ അറിഞ്ഞിരുന്നുള്ളു. വേദാദിശാസ്ത്രങ്ങളോ സംസ്കൃതമോ അദ്ദേഹം അറിഞ്ഞിരുന്നില്ല" എന്നും "അദ്ദേഹത്തിനു താൻ ഒരു പ്രസിദ്ധനായിത്തീരണമെന്നുള്ള ആഗ്രഹമുണ്ടായിരുന്നു" എന്നും സ്വാമിജി 'സത്യാർത്ഥ പ്രകാശ'ത്തിൽ പറയുന്നു* നാനാക്കിനെ അദ്ദേഹത്തിന്റെ ചരമത്തിനുശേഷം ശിഷ്യന്മാർ സിദ്ധനാക്കി ഉയർത്തുകയാണുണ്ടായതെന്നും യഥാർത്ഥത്തിൽ നാനാക്കിന്നു ഒരു മഹത്വവുമുണ്ടായിരുന്നില്ല എന്നും ആണ് സ്വാമിജിയുടെ അഭിപ്രായം. സത്യത്തിനെതിരായ ഒരു നിലപാടായിരിക്കയാൽ ഇതിന്നെതിരെ തൂലിക ചലിപ്പിക്കേണ്ടത് തന്റെ ധർമ്മമാണെന്ന് ഹദ്‌റത്ത് അഹ്മദ് (അ) തീരുമാനിച്ചു. ഇതു സംബന്ധിച്ച ഒരു പുസ്തകം തയ്യാറാക്കുന്നതിനെപ്പറ്റി ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു.

ലാഹൗറിന്നടുത്തുള്ള തൽവണ്ടി എന്ന സ്ഥലത്താണ് ഒരു ക്ഷത്രിയ കുടുംബത്തിൽ ബാബാനാനക്ക് എ.ഡി.1469ൽ ജനിച്ചത്. തെക്കൻ ഏഷ്യ

* സത്യാർത്ഥപ്രകാശം. മലയാളം പതിപ്പ്-വിവ. ടി നാരായണൻ നമ്പ്യാർ. ഭാ.598-600

യിൽ പലേടത്തും വിപുലമായ യാത്ര നടത്തിയ നാനക്ക് 1539ൽ ജലന്തർ ജില്ലയിലെ കർത്താർപൂരിൽ ചരമമടഞ്ഞു.

ഗുരുനാനാക്കിന്റെ പിന്തുടർച്ചയിൽ പത്താമത്തെ ഗുരു ഗുരു ഗോവിന്ദസിംഗ് ആണ് സിക്ക് പ്രസ്ഥാനത്തിന്റെ ഗതിതിരിച്ചത്. തത്വനിഷ്ഠമായ ശാന്തജീവിതം ഉപദേശിച്ച ഗുരുനാനക്കിന്റെ സിക്കു പ്രസ്ഥാനം ഒരു സമരസംഘമായി പിന്നീട് പ്രത്യക്ഷപ്പെട്ടു. പഞ്ചാബിലെ സിക്കു രാജാക്കന്മാർ ഭരണം നടത്തി. ഇന്ത്യയിൽ ബ്രിട്ടീഷ്കാർ ആധിപത്യം ഉറപ്പിച്ച ശേഷവും പഞ്ചാബിൽ സമാധാനം സ്ഥാപിക്കുന്നതിന് രണ്ടുതവണ സിക്കുകാരുമായി യുദ്ധം ചെയ്യേണ്ടി വന്നിരുന്നു. സിക്കുകാർ സൈനിക സ്വഭാവമുള്ളവരാണ്. തന്നിമിത്തം, പിന്നീട് ബ്രിട്ടീഷ് ഭരണകാലത്ത് സിക്കു ഭടന്മാർക്ക് സൈനിക രംഗത്ത് നിർണ്ണായക സ്ഥാനങ്ങൾ കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ജീവിതത്തിന്റെ അവസാനത്തിൽ ഗുരുനാനക്ക് ഇസ്‌ലാം മതം ആശ്ലേഷിച്ചിട്ടുണ്ടായിരുന്നു എന്നതിലേയ്ക്ക് സിക്കുമതത്തിന്റെ പുണ്യഗ്രന്ഥങ്ങളിൽ നിന്നുള്ള പ്രമാണങ്ങൾ ഹദ്റത്ത് അഹ്മദ് (അ)എടുത്തു നിരത്തി. നാനക്ക് ഒരു മുസ്‌ലിം പുണ്യവാളനായിരുന്നു എന്നും അദ്ദേഹത്തിന്റെ അനുയായികളെ ഗുരുവിന്റെ മൂലസിദ്ധാന്തങ്ങളിൽ നിന്ന് അകറ്റിയതു രാഷ്ട്രീയ സംഘടനകളായിരുന്നു എന്നും തെളിയിച്ചുകാട്ടുകയുമുണ്ടായി. 'സത്ബച്ചൻ' (27)എന്നപേരിൽ എഴുതിയ ഒരു പുസ്തകത്തിലാണ് അദ്ദേഹം ഈ സിദ്ധാന്തം അവതരിപ്പിച്ചത്. 1895നവമ്പർ അവസാനത്തിൽ അതു പ്രസിദ്ധപ്പെടുത്തി. ഒന്നാം ഭാഗത്ത് സ്വാമി ദയാനന്ദ സരസ്വതികളുടെ ആക്ഷേപങ്ങളെ ഖണ്ഡിക്കുകയും ഗുരുനാനക്കുമായി ബന്ധപ്പെട്ട ലിഖിതങ്ങളിൽ നിന്ന് ഐതിഹ്യങ്ങളും അതിവർണ്ണനകളുമെല്ലാം നീക്കി വസ്തുനിഷ്ഠമായ ചരിത്ര സത്യങ്ങൾ മാത്രം എടുത്തുകാണിക്കുകയും ചെയ്തു. നാനക്ക് മക്ക സന്ദർശിച്ചപ്പോൾ, അദ്ദേഹം കാലുനീട്ടിയ ഭാഗത്തേയ്ക്ക് 'കഅബത്തുല്ലാഹ്' അദ്ദേഹത്തോടുള്ള ബഹുമാനം കൊണ്ടു അങ്ങോട്ടുമിങ്ങോട്ടും തിരിഞ്ഞുകൊണ്ടിരുന്നുവെന്നും മക്കക്കാർ അദ്ദേഹത്തോട് പഞ്ചാബിയിലാണ് സംസാരിച്ചിരുന്നതെന്നും മറ്റുമുള്ള അതിശയോക്തികൾ അത്തരം ലിഖിതങ്ങളിൽ കാണാവുന്നതാണ്. നാനക്കിന്റെ ചരമത്തിന്നു 200 കൊല്ലംശേഷമാണ് ഗ്രന്ഥസാഹിബ് രചിക്കപ്പെട്ടത്. അതിൽ ഒട്ടേറെ പരസ്പരവൈരുദ്ധ്യങ്ങളും അതിശയോക്തികളും ഉണ്ട്. ഇതെല്ലാം പിന്നീടുള്ള എഴുത്തുകാരുടെ കൂട്ടിച്ചേർപ്പുകളാണെന്നു ഹദ്റത്ത് അഹ്മദ് (അ) ചൂണ്ടിക്കാട്ടി. ഗ്രന്ഥ് സാഹിബ് പലരും ചേർന്നു എഴുതി തയ്യാറാക്കിയതാണെന്നു 'എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പറയുന്നുണ്ട്.

'ചോലാ ബാബാനാനക്ക്'

ഹദ്റത്ത് ബാബാനാനക്ക് ഒരു മുസൽമാനായിരുന്നു എന്നതിലേയ്ക്ക് ഹദ്റത്ത് അഹ്മദ് (അ) അവതരിപ്പിച്ച ഏറ്റവും പ്രബലമായ

തെളിവ് ചോലാ സാഹിബ് ആണ്. സിക്കുകാർ പുണ്യവസ്തുവായി ആരാധിച്ചുപോരുന്ന ഒരു പരുത്തിക്കുപ്പായമാണ് ഈ ചോല. ഗുരുദാസ്പൂർ ജില്ലയിലെ ഒരു ചെറിയ ഗ്രാമമായ ഡേറാ ബാബാനാനക്കിൽ ഈ മേലങ്കി പ്രദർശിപ്പിക്കുന്ന നാളുകളിൽ സിക്കുകാർ കൂട്ടംകൂട്ടമായി അവിടെ എത്തിച്ചേരുന്നു. ഖാദിയാനിൽനിന്നും ഏതാനും നാഴികകൾ അകലെയാണ് ഈ ഗ്രാമം. ഈ ചോല സ്വർഗ്ഗത്തിൽ നിന്നു നാനക്കിന്നു ഇറക്കികൊടുത്തതാണെന്നാണ് സിക്കുകാർ വിശ്വസിക്കുന്നത്. നാനക്ക് മേലങ്കി ധരിക്കാറുണ്ടായിരുന്നു. നാനക്കിന്റെ പ്രഥമ പ്രതിപുരുഷനായിരുന്ന അങ്കാദിന്റെ അധീനത്തിൽ അതു വന്നപ്പോൾ അദ്ദേഹം 'ഗദ്ദി' യിൽ ഉപവിഷ്ടനായ ഘട്ടത്തിൽ പ്രത്യേകമായ അനുഗ്രഹത്തിന്നുവേണ്ടി അതു തലയിൽചൂടുക പതിവായിരുന്നുവത്രെ. അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാർ ഇപ്രകാരം ചോല തലയിൽ ചുറ്റുകയും അനുഗ്രഹം തേടുകയും ചെയ്തുപോന്നിരുന്നതായി 'ശാഖി ചോല' യിൽ എഴുതപ്പെട്ടിരിക്കുന്നു. ഇതു ഒര പാവനാചാരമായിത്തീരുകയും നാനാക്കിന്റെ ആദ്യത്തെ അഞ്ചു പിന്തുടർച്ചക്കാർ ഈ ആചാരം നിലനിർത്തുകയും ചെയ്തു. അർജ്ജുൻദാസിന്റെ കാലത്ത് അമൃത്സറിന്നടുത്തു സിക്കുകാർ ഒരു കുളം കുഴിക്കുകയുണ്ടായി. മറ്റുള്ളവരോടൊപ്പം ഒരു ഭക്തവിശ്വാസിയായ ടോട്ടോറാമും അക്കൂട്ടത്തിലുണ്ടായിരുന്നു. അയാളുടെ സേവനങ്ങളിൽ അതീവ സന്തുഷ്ടനായിത്തീർന്ന അർജ്ജുൻദാസ് താൻ എന്തു സമ്മാനമാണ് നൽകേണ്ടതെന്നു ടോട്ടോറാമിനോടു ചോദിച്ചുവത്രെ. ഈ അനുകൂല സാഹചര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് ഗുരു തന്റെ തലയിൽ ചുറ്റിയ ചോല തനിയ്ക്ക് നൽകണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഈ അപേക്ഷ നിരസിക്കുവാൻ അർജ്ജുൻദാസിന് കഴിഞ്ഞില്ല. അതു ഉടൻ അദ്ദേഹം ടോട്ടോറാമിന്നു അഴിച്ചു കൊടുക്കുകതന്നെ ചെയ്തു. പിന്നീട് അതു നാനാക്കിന്റെ ഒരു പിന്തുടർച്ചക്കാരനായ കാബൂലിമള്ളിന്റെ അധീനത്തിലായി. ഡേറാ ബാബാനാനക്കിന്റെ കിഴക്ക് ഭാഗത്ത് അജബ്സിംഗ് പണിത ഒരു കൂറ്റൻ കെട്ടിടത്തിൽ ഈ തിരുശേഷിപ്പ് ഇപ്പോഴും ഒരു അമൂല്യ നിധിയെന്നോണം സപ്രശ്രയം സംരക്ഷിക്കപ്പെട്ടുവരുന്നു. പ്രമുഖരായ സിക്കുകാർ എന്നുവെച്ചാൽ ഭരണാധിപന്മാരായ രാജാ സാഹിബ്സിംഗ്, രാജാ ഭൂപ്സിംഗ്, പട്ടിയാലാ മഹാരാജാവ് എന്നിവർ പലകാലങ്ങളിലായി നാനക്കിന്റെ ഈ സ്മാരക മന്ദിരത്തിലെത്തി തിരുശേഷിപ്പ് ദർശിക്കുകയും അതിൻമേൽ ആവരണങ്ങൾ അർപ്പിക്കുകയും ചെയ്തുപോന്നിട്ടുണ്ട്. ഇപ്പോൾ ഇതു അനേകം ആവരണങ്ങൾകൊണ്ടു മൂടപ്പെട്ടുകിടക്കുകയാണ്.

വാഗ്ദത്ത മസീഹ്(അ) ചോലാ സാഹിബ് നോക്കിക്കാണുന്നതിനും യഥാർത്ഥ വസ്തുതകൾ നിരീക്ഷിച്ചു റിപ്പോർട്ട് ചെയ്യുന്ന തിന്നുവേണ്ടി ഒരു പ്രതിനിധി സംഘത്തെ നിയോഗിച്ചു. ഹസ്രത്ത് മിർസാ യഅ്ഖൂബ് ബേഗ്, മുൻശി താജുദ്ദീൻ, ഖാജാ കമാലുദ്ദീൻ, മിയാൻ അബ്ദുർറഹ്മാൻ എന്നിവരായിരുന്നു അതിലെ അംഗങ്ങൾ. ഈ പ്രതിനിധി സംഘത്തെ

ചോലയുടെ സംരക്ഷകർ വളരെ ആദരപൂർവ്വം സ്വീകരിക്കയുണ്ടായി. ചോലയിൽ വിശുദ്ധ ഖുർആൻ വചനങ്ങൾ എഴുതപ്പെട്ടതായി തങ്ങൾ കണ്ടു എന്നു പ്രതിനിധികൾ അറിയിച്ചതനുസരിച്ചു നാനാക്കിന്റെ ഈ ഒരു വസ്ത്രം നേരിട്ടു ദർശിക്കുന്നതിന് ഹദ്റത്ത് അഹ്മദ്(അ)തീരുമാനിച്ചു. അങ്ങനെ 1895സപ്തബർ 30-ാം തീയ്യതി തിങ്കളാഴ്ച അദ്ദേഹം അവിടുത്തേയ്ക്ക് പുറപ്പെടുകയും ചെയ്തു. വാഗ്ദത്ത മസീഹിനെ 10പേർ അനുഗമിച്ചിരുന്നു. മൗലാനാ നൂറുദ്ദീൻ സാഹിബ്, മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി, മുൻശി ഗുലാം ഖാദിർ സാഹിബ് ഫസീഹ്, ശേഖ് അബ്ദുർറഹീം സാഹിബ്,* സയ്യിദ് മുഹമ്മദ് ഇസ്മായീൽ സാഹിബ്, മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി, ശേഖ് റഹ്മത്തുല്ലാഹ് സാഹിബ് ഗുജ്റാത്തി, മീർസാ, അയ്യൂബ് ബേഗ് സാഹിബ്, മീർ നാസിർ നവാബ് സാഹിബ്, ശേഖ് ഹാമിദ് അലി സാഹിബ് ഇവരായിരുന്നു വാഗ്ദത്ത മസീഹിനെ അനുഗമിച്ചവർ. തിരുവസ്ത്രങ്ങളിൽ എഴുതപ്പെട്ടതു എന്താണെന്നു അതിന്റെ സംരക്ഷകർക്ക് അറിഞ്ഞുകൂടായിരുന്നു. അതിന്റെ അസ്സൽ രൂപം കാണാൻ അതിനുമുമ്പ് ആരും താത്പര്യപ്പെട്ടിട്ടുണ്ടായിരുന്നില്ല. അതിനാൽ, സൂക്ഷിപ്പുകാരൻ അതു തുറന്നു കാണിക്കാൻ വിസമ്മതം പ്രകടിപ്പിക്കുകയുണ്ടായി. എന്നാൽ, 'മുജാവി'റിനെ സ്വാധീനിച്ചു അതു കാണിക്കുന്നതിനു സന്നദ്ധനാക്കി. അങ്ങനെ അതു പുറത്തെടുക്കപ്പെട്ടപ്പോൾ അതിൻമേൽ കാണപ്പെട്ട ഖുർആൻ ആയത്തുകൾ പകർത്തെടുത്തു. കുപ്പായത്തിന്റെ ഓരോ വശത്തുമുള്ള എഴുത്തുകൾ കുറിച്ചെടുക്കുന്നതിന് ഓരോഭാഗത്തും ആളുകളെ നിയോഗിച്ചിരുന്നു. ഇസ്ലാം മതം യഥാർത്ഥ സത്യമതമാണെന്നും മുഹമ്മദ് നബി(സ) ഏകദൈവത്തിന്റെ സത്യപ്രവാചകനാണന്നും അതിൽ എഴുതിവച്ചിരുന്നു. ഇതല്ലാതെ മറ്റൊന്നും അതിൽ ഉണ്ടായിരുന്നില്ല. അതിൽ സംസ്കൃത വാക്യങ്ങളും വേദസൂക്തങ്ങളും ഉണ്ടെന്നു ആര്യസമാജികളും സങ്കീർത്തന വാക്യങ്ങളാണുള്ളതെന്നു ക്രൈസ്ത്യാനികളും പ്രവചിച്ചിരുന്നുവെങ്കിലും മേലങ്കിയിൽ അപ്രകാരം യാതൊന്നും എഴുതപ്പെട്ടിരുന്നില്ലെന്നു വെളിപ്പെട്ടു. അപ്രകാരം വേറെ സൂക്തങ്ങളുണ്ടെന്നു തെളിയിക്കുന്നവർക്കു താൻ 300ക. സമ്മാനം നൽകുന്നതാണെന്നും ഹദ്റത്ത് അഹ്മദ് പ്രസ്താവിച്ചിരുന്നു.

കലിമ വാചകം, സൂറാഫാതിഹാ, ആയത്തുൽ കുർസിയ്യ്, സൂറാ ഇഖ്ലാസ് എന്നിവയും അല്ലാഹുവിന്റെ നാമങ്ങളും ആണ് ചോലയിൽ രേഖപ്പെടുത്തിയിരുന്നത്. ഇവ കസവ് കൊണ്ടുള്ള പണിത്തരങ്ങളായിരുന്നു.

ചോല നോക്കിക്കണ്ടു അതു തൃപ്തിപ്പെടുകയും അതു പകർത്തെടു

*ഭായി അബ്ദുർറഹീം സാഹിബ് എന്ന പേരിൽ അറിയപ്പെട്ട ഇദ്ദേഹം ഇസ്ലാമിൽ പരിവർത്തനം ചെയ്യപ്പെട്ട ഒരു സിക്ക് യുവാവായിരുന്നു വിഭജനത്തിനുശേഷം ഒരു ദർവേശ് ആയി ഖാദിയാനിൽ താമസിച്ചുപോന്ന ഇദ്ദേഹത്തെ ഈ ഗ്രന്ഥകർത്താവ് 1951ൽ നേരിട്ടു കണ്ടു സംസാരിച്ചിരുന്നു. 1954ൽ ഇദ്ദേഹം ഖാദിയാനിൽ ചരമം പ്രാപിച്ചു.

ക്കുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകൾ പൂർത്തിയാക്കുകയും ചെയ്ത ശേഷം ഹദ്റത്ത് അഹ്മദും(അ) പരിവാരവും ഖാദിയാനിൽ തിരിച്ചെത്തി.

അങ്കാദിന്റെയും ഭായിബാലയുടെയും 'ജനംസാഖി'കൾ (ജന്മശാഖികൾ) ആണ് ഏറ്റവും പുരാതനമായ സിക്ക് പുണ്യ ലിഖിതങ്ങൾ. ഇവ നാനാക്കിന്റെ കാലത്തുതന്നെ ക്രോഡീകരിക്കപ്പെട്ടിട്ടുള്ളതാണത്രെ. ചോലയുടെ സംരക്ഷകരുടെ പക്കൽതന്നെയുള്ളതാണ് ചോലസാഖി. ഈ പ്രാമാണിക ലിഖിതങ്ങളെല്ലാം ചോല ബാബനാനാക്കിന്റെതുതന്നെയാണെന്നും അതു അദ്ദേഹത്തിനു ദൈവം സ്വർഗ്ഗത്തിൽ നിന്ന് ഇറക്കിക്കൊടുത്തതാണെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. (ജനം സാഖി- ഭായിബാലാ, മുഫീദ് ആം പ്രസ്സ്, ലാഹൗർ, 1896)

പോത്ഥി സാഹിബ്

1908 ഏപ്രിലിൽ മറ്റു ചില തെളിവുകൾ കൂടി കൈവന്നു. ബാബാനാനാക്കിന്റെ പോത്ഥി (പുസ്തക്) സാഹിബ് ആണ് അത്. ഫിറോസ്പൂർ ജില്ലയിലെ ഗുരുഹർസഹായ് എന്നിടത്ത് സിക്കുകാർ വളരെ ആദരവോടെ സൂക്ഷിക്കുന്ന മറ്റൊരു തിരുശേഷിപ്പാണ് പോത്ഥിസാഹിബ്. സിക്കുകാരുടെ നാലാമത്തെ ഗുരുവായ രാംദാസിന്റെ കുടുംബക്കാരുടെ അധീനത്തിലാണിതുള്ളത്. ബാബാനാനക്ക് ഇതു എപ്പോഴും കണ്ഠത്തിൽ തൂക്കിയിട്ടിരുന്നു എന്നാണ് സിക്കുകാർ വിവരിക്കുന്നത്. അധികസമയവും ഇതു അദ്ദേഹം ഓതിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നുവത്രെ.

പോത്ഥിസാഹിബ് കാണുന്നതിന് വളരെ ദൂരദൂരസ്ഥലങ്ങളിൽനിന്ന് ഭക്തൻമാർ വന്നെത്തുകയും ആയിരക്കണക്കിനുറുപ്പിക അവിടെ കാണിക്ക ഇടുകയും ചെയ്തു വന്നിട്ടുണ്ട്. ഇതും ചോലപോലെതന്നെ നൂറുകണക്കിനു പട്ടുറുമാലുകൾ കൊണ്ടു പൊതിഞ്ഞു മൂടപ്പെട്ടുകിടന്നു. സന്ദർശകർ വന്നെത്തി ആവശ്യപ്പെട്ടാൽ അതു തുറന്നു കാണിക്കും. അപ്പോൾ നൂറുറുപ്പികനോട്ടുകൾ വന്നുവീഴുകയായി. വാഗ്ദത്ത മസീഹ് (അ)ഇതിനെകുറിച്ചറിഞ്ഞപ്പോൾ അതിന്റെ യാഥാർത്ഥ്യം റിപ്പോർട്ടു ചെയ്യുന്നതിന് ഒരു പ്രതിനിധിസംഘത്തെ അവിടെയ്ക്കും അയച്ചു. പ്രതിനിധിസംഘം അതു പരിശോധിച്ചുനോക്കിയപ്പോൾ 'ബിസ്മില്ലാഹി' തൊട്ട് 'വന്നാസ്' വരെയുള്ള വിശുദ്ധഖുർആന്റെ പൂർണ്ണരൂപംതന്നെയാണ് അതെന്ന് വെളിപ്പെട്ടു. ബാബാനാനക്ക് മുസൽമാൻ ആയിരുന്നു എന്നതിലേയ്ക്ക് മറ്റൊരു അധിഷേധ്യതെളിവായിരുന്നു ഇത്.

'വരൺഭായ് ഗുരുദാസ്' (ലാഹൗറിലെ മുസ്തഫാ പ്രസിൽ അടിച്ചതു, ഭാ.12) പറയുന്നത് നാനക്ക് ഒരു മുസ്ലിം സിദ്ധനെപ്പോലെ നീലവസ്ത്രങ്ങൾ ധരിച്ചു പായയും കൈയ്യിലേന്തി മക്കയിലേയ്ക്ക് പോകുകയുണ്ടായി എന്നാണ്. അദ്ദേഹം ബാങ്കു മുഴക്കുകയും നമസ്കാരമനുഷ്ഠിക്കുന്നതിന് അവിടെ പള്ളിയിൽ ഇരിക്കുകയും ചെയ്യാറുണ്ടായിരുന്നു.

ഹദ്റത്ത് ബാബാനാനക്ക് 'ചില്ല'(ആത്മീയ പരിശുദ്ധിക്കായുള്ള ധ്യാനയജ്ഞം) നടത്തിയതായും ഹദ്റത്ത് അഹ്മദ്(അ) ഗവേഷണം

നടത്തി തെളിയിച്ചു കാട്ടി. പലേടത്തുവെച്ചു അതദ്ദേഹം നിർവ്വഹിച്ചിരുന്നു. സിർസയിലെ 'ചില്ലബാബാനാനക്ക്' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ചെറിയ കെട്ടിടം ഇതിന്റെ ഒരു സ്മാരകമാണ്. ഒരുമുസ്‌ലിം പുണ്യപുരുഷനായിരുന്ന ഹദ്റത്ത് ശാഹ് അബ്ദുശ്ശക്കൂറിന്റെ ശീലാകുടീരത്തോടനുബന്ധിച്ചാണ് അദ്ദേഹം ഇതു തീർപ്പിച്ചത്. വാഗ്ദത്ത മസീഹ് ഡോ.മുഹമ്മദ് ഇസ്മായിൽ ഖാനെസിർസയിൽ ഗവേഷണാർത്ഥം അയക്കുകയുണ്ടായി. അദ്ദേഹം അവിടെ ചെന്നു വസ്തുതകൾ അന്വേഷിച്ചറിയുകയും സിർസയുമായി ബാബാനാനക്കിനുള്ള ബന്ധം സ്ഥിരീകരിക്കുന്ന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

മുൽത്താനിലും 40 ദിവസം ബാബാനാനക്ക് 'ചില്ല' നടത്തിയതായി വെളിപ്പെട്ടു. ഷാ ശംസ് തബ്രീസിയുടെ പ്രസിദ്ധമായ 'ഖാൻകാ'ഹിൽ (ധ്യാനമന്ദിരം) വച്ചാണത് നടത്തിയത്. ഇതു സംബന്ധിച്ചും പൂർണ്ണഗവേഷണം നടത്തുന്നതിന് നിയാസ്ബേഗിനെ വാഗ്ദത്ത മസീഹ് നിയോഗിച്ചു. മുൽത്താനിൽ പ്രസ്തുത സ്ഥലത്ത് വച്ചു നാനക്ക് ധ്യാനയജ്ഞം (ചില്ല) നടത്തിയതായി അസന്ദിഗ്ദമായി തെളിഞ്ഞിട്ടുള്ളതായി നിയാസ്ബേഗ് 1895 സപ്തംബർ 28-ാം തിയതി അയച്ച കത്തിൽ വ്യക്തമാക്കി. സിർസയിലും മുൽത്താനിലും സിക്കുകാർ പുണ്യയാത്ര നടത്തുകയും ഈ സ്മാരകങ്ങൾ സന്ദർശിക്കുകയും ചെയ്തുപോരുന്നു.

ഹദ്റത്ത് ബാബാനാനക്ക് മക്കത്ത് പോയി ഹജ്ജ് ചെയ്തിരുന്നതായി അദ്ദേഹത്തിന്റെ ചരിത്രത്തിൽ പറയുന്നു. മുസ്‌ലിം സൂഫികൾ, ചിശ്തി തരീഖത്ത്കാരായ സുന്നികൾ പ്രത്യേകിച്ചു ബാബനാനക്ക് രണ്ടു തവണ മക്ക സന്ദർശിച്ചതായി ഉറപ്പിച്ചു പറയുന്നുണ്ട്. ഹജ്ജ് അനുഷ്ഠിക്കുവാൻ ദൈവം നാനക്കിനോട് കല്പിച്ചതായി ഭായിബാലയുടെ ജനം സാഖിയിൽ പറയുന്നു (മുഫീദ് ആംപ്രസ്സ്, ലാഹൗർ, 1897,ഭാ.136. നവൽകിശോർ പ്രസ്സ്, ലാഹൗർ 1890)*

ഹദ്റത്ത് ബാബാനാനക്ക് ചരമം പ്രാപിച്ചപ്പോൾ അദ്ദേഹത്തിന്റെ മൃതദേഹം ഏറ്റുവാങ്ങി മറവുചെയ്യുന്നതിന് ഹിന്ദുക്കളും മുസ്‌ലിംകളും

*1877ൽ പഞ്ചാബ് ഗവൺമെന്റിനുവേണ്ടി ഗ്രന്ഥ്സാഹിബ് തർജ്ജമ ചെയ്ത ജർമ്മൻ മിഷനറി ഡോ.ട്രംപ് (Dr.Trumpp)നാനക്ക് മക്ക സന്ദർശിച്ചു എന്ന വസ്തുതയിൽ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. ഡോ.ട്രംപ് പഞ്ചാബി ഭാഷയിൽ അവഗാഹം നേടീട്ടില്ലാത്ത ആളായതുകൊണ്ടു മുഴുവൻ മൂലരേഖകളും കണിശമായി പരിശോധിച്ചുനോക്കാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നില്ല. 'ആദിഗ്രന്ഥ' വിവർത്തനത്തിന്റെ മുഖവുരയിൽ നാനക്ക് ഉറച്ച ഹിന്ദുവായിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ പിൻകോട്ട് (F.Pincott, M.R.A.S)അതിനെ ഖണ്ഡിക്കുകയും നാനക്ക് ഒരിക്കലും ഒരു ഹിന്ദു ആയിരുന്നിട്ടില്ലെന്ന് തെളിയിച്ചു കാട്ടുകയും ചെയ്തിട്ടുണ്ട്. നാനാക്കും കൂട്ടുകാരും നിന്നേടത്തെല്ലാം ഹിന്ദുക്കൾ ചാണകം മെഴുകി ശുദ്ധീകരിച്ചുപോന്നിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. നാനക്ക് ഹിന്ദു മതവിശ്വാസിയാണെന്നു അവർ കരുതിയിരുന്നെങ്കിൽ ഒരിക്കലും അപ്രകാരം ചെയ്യുമായിരുന്നില്ല. (Hughes- Dictionary of Islam, p.587)
തോമസ് പാട്രിക് ഹഗ്സ് 'ഡിക്ഷണറി ഓഫ് ഇസ്‌ലാം' എന്ന തന്റെ പുസ്തകത്തിൽ Sikkism എന്ന ഒരു അദ്ധ്യായം എഴുതിചേർത്തു. 'സിക്കിസം' ഇസ്‌ലാമിലെ ഒരു കക്ഷിയായിട്ടാണു അറിയപ്പെട്ടിരിക്കുന്നതെന്നു അതിൽ പ്രസ്താവിക്കുന്നു.

മത്സരിച്ചു മുന്നോട്ടു വരികയുണ്ടായി എന്നതു പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മുസ്ലിം ആണെന്നു പൂർണ്ണമായും ഉറപ്പില്ലാത്ത ഒരാളുടെ സംസ്കരണത്തിന് മുസ്ലിംകൾ പ്രത്യേകിച്ചും ഹനഫി മുസ്ലിംകൾ ഒരിക്കലും തയ്യാറാവുകയില്ലെന്ന വസ്തുത ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. ഹനഫികൾ അദ്ദേഹത്തിന്റെ ജനാസ നമസ്കരിച്ചു.

നാനക്ക് ഒരു മുസ്ലിം പുണ്യവാളനായിരുന്നു. അദ്ദേഹം തൗഹീദ്-ഏക ദൈവത്വം-ഉൽബോധിപ്പിച്ചു. നമസ്കാരവും ഹജ്ജും അനുഷ്ഠിച്ചു. നമസ്കരിക്കാത്തവൻ ശപിക്കപ്പെട്ടവനാണെന്നുഘോഷിച്ചു. ഇതെല്ലാം ജനംസാഖിയിൽ പ്രസ്താവിച്ചു കാണാം.

ഹദ്റത്ത് അഹ്മദ് (അ)സിക്ക് പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ഗുരു നാനക്കിനെപറ്റി ആര്യസമാജികളും ക്രിസ്ത്യാനികളും പുറപ്പെടുവിച്ചുകൊണ്ടിരുന്ന ആക്ഷേപങ്ങൾക്ക് മറുപടി നൽകയും അദ്ദേഹത്തിന്റെ ജീവിത പരിശുദ്ധിയെയും മഹത്വത്തെയും ഉയർത്തികാണിക്കുകയും ചെയ്തു. എങ്കിലും അദ്ദേഹത്തെ ഒരു മുസ്ലിം ആയി ചിത്രീകരിച്ചതിന് സിക്കുകാർ കഠിനമായ അമർഷം പ്രകടിപ്പിക്കുകയും ആ മഹാത്മാവിനെ അധിക്ഷേപിക്കുകയുമാണ് ചെയ്തത്. സർദാർ രാജേന്ദ്രസിംഗ് 'ഖബ്തെഖാദിയാനികാ ഇലാജ്' എന്ന തലക്കെട്ടിൽ ഒരു ലഘുലേഖ പുറപ്പെടുവിക്കുകയും ഹദ്റത്ത് അഹ്മദിനെ കഠിനമായി ആക്ഷേപിക്കുകയും ചെയ്തു. റസൂൽ കരീം(സ) തിരുമേനിയേയും അയാൾ അധിക്ഷേപിക്കുകയുണ്ടായി. 1897 ഏപ്രിൽ 18-ാം തീയതി അതിനുള്ള മറുപടി പ്രസിദ്ധപ്പെടുത്തി. ഈ പ്രശ്നത്തിൽ ദൈവീകവിധി വെളിപ്പെടുത്തുന്നതിന് മുബാഹല നടത്തുവാൻ സർദാർ രാജേന്ദ്രസിംഗിനെ ആഹ്വാനം ചെയ്തുകൊണ്ടുള്ളതായിരുന്നു ആ മറുപടി. അതു പ്രസിദ്ധപ്പെടുത്തിയതിനു ശേഷമാകട്ടെ ഇതു സംബന്ധിച്ച ഒച്ചപ്പാടുകൾ അവസാനിക്കുകയും ചെയ്തു.

1895 നവമ്പറിൽ പ്രസിദ്ധപ്പെടുത്തിയ 'സത്ബച്ചൻ' എന്ന പുസ്തകത്തിൽ ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറഞ്ഞു:

"ഈ ചോലസാഹിബ് വ്യക്തമായ ഒരു അത്ഭുത ദൃഷ്ടാന്തമാണ്. അല്ലാഹുവിലും റസൂലിലും ഈമാനില്ലാത്ത ആളുകളുടെ കയ്യിൽ ആയിരുന്നിട്ടും ബാങ്ക് കൊടുക്കുന്നതുപോലും വധാർഹമായ കുറ്റമാക്കിമാറ്റിയ പകയും വിദ്വേഷവും പുലർത്തുന്ന ഭരണകർത്താക്കളുമായി കാലം കഴിഞ്ഞുകടന്നിട്ടും അതു നഷ്ടപ്പെട്ടുപോയില്ല. മുസ്ലിം ഭരണം ദീർഘകാലം നിലനിൽക്കുകയും അതു നശിച്ചുപോകയും ചെയ്തു. എന്നാൽ ഇതു ഇന്നും നിലനിൽക്കുകതന്നെ ചെയ്തു. അല്ലാഹുവിന്റെ കൈ ഇതിനു പിന്നിൽ പ്രവർത്തിച്ചില്ല എങ്കിൽ ഈ മഹാവിപ്ലവങ്ങൾക്കിടയിൽ അതു എന്നേ നശിച്ചു പോകേണ്ടതായിരുന്നു! അതു എന്റെ കാലം വരെ നിലനിൽക്കണമെന്നതും അതുമുഖേന ഞാൻ ബാബനാനക്കിനെ എല്ലാ അന്യായമായ ആക്ഷേപങ്ങളിൽനിന്നും ശുദ്ധീകരിച്ചു അദ്ദേഹത്തിന്റെ മാനം ഉയർത്തിക്കാണിക്കണമെന്നതും അദ്ദേഹത്തിന്റെ യഥാർത്ഥമതം ലോകർക്ക് വെളിപ്പെടുത്തികൊടുക്കണമെന്നതും ദൈവനിശ്ചയമായിരുന്നു" (സത്ബച്ചൻ, ഭാ.34)

39- ലേഖ്‌റാം വധിയ്ക്കപ്പെടുന്നു

1897 മാർച്ച് 6-നു ശനിയാഴ്ച വൈകുന്നേരം ഏഴു മണിയ്ക്ക് ലാഹൗറിലെ ജനബഹുലമായ വിച്ചുവാലി തെരുവിലെ സ്വഭവനത്തിൽവെച്ചു ആര്യനേതാവായ പണ്ഡിറ്റ് ലേഖ്‌റാം പിശാവരി അജ്ഞാതമായ സാഹചര്യത്തിൽ വിധിയ്ക്കപ്പെട്ടു. ആറ് കൊല്ലത്തിനകം ലേഖ്‌റാം ദാരുണമായ തരത്തിൽ വധിയ്ക്കപ്പെടുമെന്നു തനിയ്ക്കുണ്ടായ ദിവ്യവെളിപാടുകളെ അടിസ്ഥാനമാക്കി ഹദ്‌റത്ത് അഹ്മദുൽ ഖാദിയാനി (അ) നാലു കൊല്ലം മുമ്പു ചെയ്ത പ്രവചനം അങ്ങനെ അസാധാരണവും അത്യത്ഭുതാവഹവുമായ തരത്തിൽ അക്ഷരംപ്രതി പൂർത്തിയായി.

ഇസ്‌ലാമിന്റെ സത്യത്തിലേയ്ക്കുള്ള ഒരടയാളമെന്ന നിലയിൽ തനിയ്ക്കെതിരെ എന്തു പ്രവചനവും പ്രസിദ്ധം ചെയ്തു കൊള്ളാവുന്നതാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഹദ്‌റത്ത് അഹ്മദുൽ ഖാദിയാനിയെ നിരന്തരം വെല്ലുവിളിച്ചുകൊണ്ടിരിക്കുകയും, മൂന്ന് കൊല്ലത്തിനുള്ളിൽ ഹദ്‌റത്ത് അഹ്മദ് മരണപ്പെടുന്നതാണെന്നും അദ്ദേഹത്തിന്റെ കുടുംബം മുഴുവനും മുടിഞ്ഞുപോകുന്നതാണെന്നും തനിയ്ക്കു ദിവ്യവെളിപാടുണ്ടായതായി ദൈവത്തിന്റെ പേരിൽ കറ്റുകെട്ടിപ്പറഞ്ഞു കൊണ്ടു പ്രവചനം പ്രചരിപ്പിക്കുകയും ചെയ്ത പണ്ഡിറ്റ് ലേഖ്‌റാം ആ പ്രവചനങ്ങളെല്ലാം കളവായി പുലർന്നതിലേയ്ക്ക് സ്വയം സാക്ഷ്യം വഹിച്ചുകൊണ്ടു ഹതാശനായി അപമാനിതനായി മൃതിയടഞ്ഞു. ഹദ്‌റത്ത് അഹ്മദുൽ ഖാദിയാനിയുടെ പ്രവചനത്തിനു കുറിയായി ശപ്തമരണം വരിച്ച ലേഖ്‌റാം സ്വന്തം ചുടുനിണംകൊണ്ടു ഇസ്‌ലാമിന്റെ സത്യത്തിന്നു മായാത്ത മുദ്രകുത്തിയശേഷമാണ് ഈ ലോകത്തോടു യാത്രപറഞ്ഞത്. വധിയ്ക്കപ്പെടുമ്പോൾ 35 വയസ്സ് മാത്രമേ ലേഖ്‌റാമിന്നു പ്രായമുണ്ടായിരുന്നുള്ളു.

ഘാതകൻ ആരായിരുന്നുവെന്നും അയാൾ ലേഖ്‌റാമിനെ കൊല്ലുവാൻ കാരണമെന്തെന്നും അയാൾ എങ്ങിനെ അപ്രത്യക്ഷനായെന്നും സംഭവത്തിനുശേഷം എങ്ങോട്ടു പോയെന്നുമുള്ള സംഗതികൾ ഇന്നും ഒരു പ്രഹേളികയാണ്! ഘാതകൻ അത്ഭുതകരമായി അപ്രത്യക്ഷനായ ഒരു മനുഷ്യൻ തന്നെയോ അതോ ദൈവശാസിതമായ വധകൃത്യം നിർവ്വഹിച്ചശേഷം അന്തർധാനംചെയ്ത ഒരു യമകിങ്കരനോ ആരെന്നറിയാത്തവിധം സംഭ്രമജനകമായ ഒരനിശ്ചിതസ്ഥിതി അവിടെ നടമാടി.

ലേഖ്റാം വധിക്കപ്പെട്ട അതേ സമയത്ത് അയാളുടെ വീട്ടുപടിക്കൽ നിൽക്കുന്നുണ്ടായിരുന്ന ഒരു സന്ദർശകൻ പറഞ്ഞതു വീട്ടിൽ നിന്നു ആരുംതന്നെ പുറത്തേയ്ക്കു പോകുന്നതു താൻ കാണുകയുണ്ടായിട്ടില്ലെന്നായിരുന്നു. ലേഖ്റാമിന്റെ ഭാര്യയുടെയും മറ്റും മൊഴിപ്രകാരം ഘാതകൻ ലേഖ്റാമിനെ കൊന്നശേഷം കോണിപ്പടി കയറി ഭവനത്തിന്റെ മേൽത്തട്ടിലേയ്ക്കു കുതിയ്ക്കുകയാണുണ്ടായത്. എന്നാൽ, പിന്നീടു അവന്റെ യാതൊരടയാളവും കാണപ്പെട്ടില്ല!

ഹദ്റത്ത് അഹ്മദ് (അ) പ്രവചിച്ചവിധംതന്നെ മുസ്ലിംകളുടെ ഒരു പെരുന്നാളിന്റെ (ഈദുൽഫിത്ർ) പിറ്റെ ദിവസമാണ് ലേഖ്റാം വധിയ്ക്കപ്പെട്ടത്. ലേഖ്റാം, താൻ എഴുതിത്തയ്യാറാക്കിയ ആര്യസമാജസ്ഥാപകനായ ദയാനന്ദ സരസ്വതിയുടെ ജീവചരിത്രക്കുറിപ്പുകൾ ശരിപ്പെടുത്തുകയും ദയാനന്ദന്റെ ജീവിതാന്ത്യത്തെ കുറിച്ചുള്ള വരികൾ എഴുതി പൂർത്തിയാക്കുകയും ചെയ്തശേഷം ആശ്വാസം കൊള്ളുന്നതിനു എണീറ്റ് ഒന്നു മൂരിനിവരുകയായിരുന്നപ്പോൾ പെട്ടെന്നു ഘാതകൻ വയറ്റിൽ കഠാരിയുരിക്കുത്തുകയാണത്രെ ഉണ്ടായത്. പണ്ഡിറ്റിന്റെ കുടൽമാല പുറത്തുചാടി. ലേഖ്റാം അലറികൊണ്ടു നിലംപതിച്ചു. നിലവിളികേട്ടമാത്രയിൽ ഭാര്യയും അമ്മയും മുകളിലേയ്ക്ക് ഓടിയെത്തിയെങ്കിലും അക്രമി അപ്രത്യക്ഷനായി കഴിഞ്ഞിരുന്നു. അയാൾ ലേഖ്റാമിന്റെ വൃദ്ധമാതാവിനെ അടിച്ചു വീഴ്ത്തിയ ശേഷമാണ് രക്ഷപ്പെട്ടതെന്നു ഒരു ആര്യനേതാവിന്റെ പ്രസ്താവനയിൽ കാണുന്നു. അടിയന്തിര വൈദ്യശുശ്രൂഷകൾക്കായി ലേഖ്റാമിനെ അല്പനേരത്തിന്നകം ലാഹൗറിലെ മെയോ ഹോസ്പിറ്റലിലേയ്ക്ക് നീക്കി. ഏതാണ്ട് ഒമ്പത് മണിയ്ക്കാണ് ഇംഗ്ലീഷുകാരനായ സർജൻ ഡോ:പീരി ആസ്പത്രിയിലെത്തി പരിശോധന നടത്തിയത്. അദ്ദേഹം ഓപ്പറേഷന്നുശേഷം വയറു തുന്നിക്കെട്ടി, തുന്ന് പൊട്ടിപ്പോകയാൽ വീണ്ടുമൊരു തവണ തുന്നിക്കെട്ടുകയുണ്ടായി. തദവസരത്തിൽ ലേഖ്റാമിന്റെ മരണ മൊഴിയെടുക്കാൻ ബന്ധപ്പെട്ട പോലീസിനെ ഡോക്ടർ വിലക്കുകയും ജീവൻ അപകടത്തിലാകുമെന്നറിയിക്കുകയും ചെയ്തു. രാവിലെവരെ അതേനിലയിൽത്തന്നെ സ്ഥിതിചെയ്തെങ്കിൽ, രക്ഷപ്പെട്ടേയ്ക്കാമെന്നും അല്ലാത്തപക്ഷം ആശയ്ക്കു വഴിയില്ലെന്നും ഡോക്ടർ അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ, പുലർച്ച നാലുമണിയ്ക്കു ലേഖ്റാം എന്നന്നേയ്ക്കുമായി ഈലോകത്തോടു യാത്രപറയുകയുണ്ടായത്. കുത്തേറ്റശേഷം ഏതാണ്ട് മൂന്ന് മണിക്കൂർനേരം ലേഖ്റാം ബോധവാനായിരുന്നു. ഡോക്ടർ എത്താൻ താമസമുണ്ടെന്നറിഞ്ഞപ്പോൾ 'ഹാ എന്റെ വിധി, ഒരു ഡോക്ടറും ഇല്ലല്ലോ!' എന്നദ്ദേഹം വിലപിക്കുകയുണ്ടായത്രെ! പണ്ഡിറ്റ് മരണമടയുന്ന നിമിഷംവരെ ആസ്പത്രിയിൽവച്ചുതന്നെ അഖണ്ഡവേദോച്ചാരണം നടത്തികൊണ്ടിരുന്നു. ആര്യസമാജത്തിന്റെ തൂലികാസമരം നിലച്ചു പോകരുത് എന്ന് മരണശയ്യയിൽവച്ചു ലേഖ്റാം ഒരു ഒസ്യത്ത് നൽകിയതായും പണ്ഡിറ്റ് ദേവപ്രകാശ് പ്രസ്താവിക്കുന്നു.

പണ്ഡിറ്റ് ലേഖ്റാമിന്റെ മൃതദേഹം 'പോസ്റ്റുമോർട്ടം' പരിശോധനയ്ക്ക് വിധേയമായി. തദനന്തരം ശരീരം ബന്ധുക്കൾക്കു നൽകുകയും ഹിന്ദുമുറപ്രകാരം ദഹിപ്പിക്കപ്പെടുകയും ചിതാഭസ്മം നദിയിൽ നിമജ്ജനം ചെയ്യപ്പെടുകയും ചെയ്തു. ഇസ്രായിലിയർ ആരാധിച്ചു തുടങ്ങിയ പശുക്കുട്ടിയെ മോശെ ഒരു പെരുന്നാളിനു തീയ്യിലിട്ടുചുടുകയും, ഭസ്മം ജലത്തിലൊഴുക്കുകയും ചെയ്തതുപോലെ ഹദ്റത്ത് അഹ്മദിന്റെ പ്രവചനം അക്ഷരംപ്രതി പൂർത്തീകരിക്കപ്പെടുമാറ് ലേഖ്റാമിന്റെ ശേഷക്രിയകൾ നടന്നു.

ശുദ്ധിചെയ്ത് ആര്യസമാജത്തിൽ അംഗമാകാനുള്ള ഉദ്ദേശ്യത്തോടെ ഏതാനും ദിവസം മുമ്പ് ലേഖ്റാമിനെ തെരഞ്ഞുവരികയും അദ്ദേഹത്തിന്റെ കൂടെ താമസിക്കുകയും ചെയ്ത ഒരുത്തനാണ് ഘാതകൻ എന്നു പ്രസിദ്ധ ആര്യനേതാവായ പണ്ഡിറ്റ് ദേവപ്രകാശ് 'ദാഫിഉൽഔഹാം' എന്ന തന്റെ പുസ്തകത്തിൽ പറയുന്നു. 1897 ഫിബ്രവരി 13-ാം തീയതിയോ 14-ാംതീയതിയോ ലാലാഹിംസ് രാജ്ജിയെ ഒരപരിചിതൻ സമീപിക്കുകയുണ്ടായത്രെ. പിറ്റെ ദിവസം അയാൾ ദയാനന്ദ് കോളേജ് ഹാളിലും പ്രത്യക്ഷപ്പെട്ടു. 'ലേഖ്റാം എവിടെ?" എന്നു അയാൾ അന്വേഷിച്ചിരുന്നു. ലേഖ്റാമിനെ കണ്ടതിൽ പിന്നെ അയാൾ ഒരു നിഴൽ എന്നോണം അദ്ദേഹത്തെ പിൻതുടർന്നുകൊണ്ടിരുന്നു. പണ്ഡിറ്റിന്റെ വീട്ടിൽനിന്നുതന്നെയാണ് അയാൾ ആഹാരം കഴിച്ചുകൊണ്ടിരുന്നത്. മാർച്ച് 1-ാം തീയതി ലേഖ്റാം മുൾത്താനിലേയ്ക്ക് പോയി. പരിപാടിപ്രകാരം 5-ാം തീയതി തിരിച്ചെത്താനൊത്തില്ല. 5-ാം തീയിതി ലേഖ്റാമിന്റെ ഈ ആരാധകൻ പണ്ഡിറ്റിന്റെ വീടും റയിൽവേസ്റ്റേഷനും ആര്യപ്രതിനിധി കാര്യാലയവും ഒട്ടധികം പ്രാവശ്യം സന്ദർശിക്കുകയും അവിടങ്ങളിൽ കറങ്ങിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നുവത്രെ. 6-ാംതീയതി പണ്ഡിറ്റ് മുൾത്താനിൽനിന്നു മടങ്ങിയെത്തി. ലേഖ്റാമിനെ സ്വീകരിക്കാൻ മേല്പറഞ്ഞയാളും സ്റ്റേഷനിലെത്തിയിരുന്നു.

എന്നാൽ, ഘാതകനെന്നു സംശയിക്കപ്പെടുന്ന ഈ മനുഷ്യനെ ലേഖ്റാമിന്റെ വധത്തിനുശേഷം കാണപ്പെടുകയേ ഉണ്ടായിരുന്നില്ലെന്നതു എത്രയും അത്ഭുതകരമായിരിക്കുന്നു. ലാഹൗർ നഗരം മുഴുവനും തെരച്ചിൽ നടത്തിയിട്ടും ലേഖ്റാമിന്റെ ഘാതകനെ പിടികിട്ടിയില്ല. കൊലപാതകത്തെ സംബന്ധിച്ചു യാതൊരു തുമ്പും കിട്ടാതെ പോലീസ് പരാജയപ്പെടുകയാണുണ്ടായത്. ലേഖ്റാമിനെ വധിയ്ക്കുവാനായിട്ടുമാത്രം അവതരിച്ചു അപ്രത്യക്ഷനായ ഒരു യമദൂതനെന്നോണം അയാൾ ഇന്നും അജ്ഞാതനാണ്!

ലേഖ്റാം വധിയ്ക്കപ്പെട്ട വാർത്ത മിന്നൽപിണർകണക്കെ നഗരത്തിലെങ്ങും പരന്നു. ജനഹൃദയങ്ങളിൽ ഭയം നിറഞ്ഞു. സംഭ്രാന്തിയും പരന്നു. രാജ്യത്തുടനീളം കോലാഹലങ്ങൾ. ആര്യസമാജികൾ ക്ഷോഭിച്ചിളകി. അവർ പൊതുയോഗങ്ങൾ ചേരുകയും പ്രതിഷേധ പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തു. ലേഖ്റാമിന്റെ വധത്തെക്കുറിച്ചു പരസ്യമായ

ഒരന്വേഷണം നടത്തണമെന്നും ഇതൊരു ഭയങ്കര ഗൂഢാലോചനയാണെന്നും അവർ മുറിവിളികൂട്ടി. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പ്രവചനം എങ്ങും സംസാരവിഷയമായിത്തീർന്നു. ചൂടുപിടിച്ച ചർച്ചകൾ നാനാഭാഗത്തും നടന്നുകൊണ്ടിരുന്നു. തന്റെ പ്രവചനം പൂർത്തിയാക്കുവാനായിട്ടു മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി പണ്ഡിറ്റ് ലേഖ്റാമിനെ കൊല്ലിച്ചതാണെന്നു പരസ്യമായി ആരോപണം ഉന്നയിക്കപ്പെട്ടു.

ലേഖ്റാം ഇതിനകംതന്നെ പേരെടുത്ത ഒരു ആര്യനേതാവായിക്കഴിഞ്ഞിരുന്നു. ഇപ്പോൾ അദ്ദേഹം ആര്യധർമ്മത്തിനുവേണ്ടി ജീവാർപ്പണം ചെയ്ത ഒരു രക്തസാക്ഷിയായി മാറുകയും ഒരു പുണ്യവാശനായി അവരോധിക്കപ്പെടുകയും ചെയ്തു. ലേഖ്റാമിന്നുവേണ്ടി സമർഹമായ ഒരു സ്മാരകം നിർമ്മിക്കുന്നതിനായി ഒരു ഫണ്ട് രൂപീകരിക്കപ്പെട്ടു. ഗുജ്റാൻവാലയിൽ രണ്ടുദിവസംവരെ പൊതുദു:ഖാചരണമുണ്ടായി. ലേഖ്റാമിന്റെ ഘാതകനെ പിടിച്ചുകൊടുക്കുന്നവർക്ക് 1000കയും അറസ്റ്റ് ചെയ്യുന്നതിനു സഹായകമായ വിവരം നൽകുന്നവർക്ക് 200 കയും ഇനാം നൽകുന്നതാണെന്നു പ്രഖ്യാപിക്കപ്പെട്ടു. നാട്ടിലുടനീളം ആര്യസമാജികൾ രഹസ്യാന്വേഷണത്തിന്നായി ആളുകളെ നിയോഗിച്ചയച്ചു.

ലേഖ്റാമിനെ ഹദ്റത്ത് അഹ്മദ്(അ) കൊല്ലിച്ചതാണെന്നധാരണയിൽ ഹിന്ദുക്കൾ ആ മഹാത്മാവിനെ നിഗ്രഹിക്കുവാനുള്ള ഗൂഢാലോചനകൾ നടത്തിക്കൊണ്ടിരുന്നു. ഭീഷണികളടങ്ങിയ ഊമക്കത്തുകൾ ഹദ്റത്ത് അഹ്മദിനു ലഭിച്ചുതുടങ്ങി. ആര്യസമാജപ്രവർത്തകന്മാരുടെ രഹസ്യലേഖനങ്ങളെയും ഗുപ്ത ചലനങ്ങളെയും കുറിച്ചു ഹദ്റത്ത് അഹ്മദിനു ഗുജ്റൻവാല, പിണ്ഡ് ദാദാഖാൻ തുടങ്ങിയ സ്ഥലങ്ങളിലുള്ള സുഹൃത്തുക്കളിൽനിന്നും മറ്റുമായി അമ്പതിൽപരം കത്തുകൾ കിട്ടുകയുണ്ടായി. പത്രറിപ്പോർട്ടുകളിൽനിന്നും ഹിന്ദുപത്രങ്ങളിൽ പ്രത്യക്ഷപ്പെട്ട ലേഖനങ്ങളിൽനിന്നും ആര്യസമാജികളുടെ നീക്കങ്ങൾ മനസ്സിലാക്കാമായിരുന്നു. അമൃത്സർ, ബട്ടാല, ഗുജ്റൻ വാല എന്നിവിടങ്ങളിൽനിന്നുള്ള സന്നദ്ധഭടൻമാർ ഉൾക്കൊള്ളുന്ന ഒരു ഗൂഢസംഘം ഹദ്റത്ത് അഹ്മദിനെ കൊല്ലുവാനുള്ള ഉദ്ദേശ്യത്തോടെ രൂപീകരിക്കപ്പെട്ടു. ഹദ്റത്ത് അഹ്മദിനെ വധിയ്ക്കുന്ന ആൾക്ക് പാരിതോഷികം നൽകാനായി 20000ക, പിരിച്ചുണ്ടാക്കാൻ അവർ തീർച്ചപ്പെടുത്തി. ഈ ഗൂഢാലോചനയിൽ ഗുജ്റൻവാലയിലെ ചില വക്കീലൻമാരും ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരും ആര്യസമാജനേതാക്കളും പങ്കാളികളായിരുന്നു.

1897മാർച്ച് 18-നു 'ആഫ്താബെ ഹിന്ദ്' എന്ന പത്രത്തിൽ എം.ആർ. വിശേശ്വദാസ് എന്നൊരാളുടെ ഒരു ലേഖനം പ്രത്യക്ഷപ്പെട്ടു. അതിന്റെ തലയ്ക്കെട്ടു 'മിർസാ ഖാദിയാനി സൂക്ഷിച്ചുകൊള്ളട്ടെ" എന്നായിരുന്നു. ഹദ്റത്ത് അഹ്മദിന്റെ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നു എന്നു അയാളതിൽ വ്യക്തമായി ഭീഷണിപ്പെടുത്തി. മിർസാ ഖാദിയാനിയെ സംബന്ധിച്ചേടത്തോളം ഹിന്ദുക്കളുടെ വികാരങ്ങൾ ക്ഷോഭിച്ചിരിക്കുന്നു. അതിനാൽ, ബക്രീദിനുള്ള ബലിമൃഗമായിപ്പോകാതിരിക്കുന്നതിനു മിർസാ ഖാദിയാനി

പണ്ഡിറ്റ് ലേഖ്റാം

ಶಿಲ್ಪಾಲಯಶಿಲ್ಪಿಗಳು ಶಿಲ್ಪಿಯಜ್ಞಕ್ಕೆ ಅಂಬುಧಾರೆಯ ಪ್ರೇರಣೆಗಾರರು

സൂക്ഷിച്ചുകൊള്ളട്ടെ,' എന്നിങ്ങനെയാണ് അയാളതിൽ പറഞ്ഞിരുന്നത്. മറ്റു പല മുസ്ലിം പ്രധാനികളെയും അതിൽ താക്കീതു ചെയ്തിട്ടുണ്ടായിരുന്നു. 'റഹ്ബറെ ഹിന്ദ്' എന്ന പത്രത്തിൽ ഇപ്രകാരം ഒരു റിപ്പോർട്ട് പ്രത്യക്ഷപ്പെട്ടു: "ഹിന്ദുക്കൾ ഖാദിയാനിലേയ്ക്കു കുതിയ്ക്കുമെന്നും അഹ്മദിനെ കൊല്ലുമെന്നും പറയപ്പെടുന്നു. അലിഗറിലെ വൃദ്ധന്റെ കഥയും കഴിക്കുമെന്നുള്ള ഊഹാപോഹങ്ങളും പ്രചരിച്ചിരിക്കുന്നു" (15-3-97), ലാഹൗറിലെ 'പഞ്ചാബ് സമാചാർ' എന്ന പത്രം ഇപ്രകാരം എഴുതി: "ഈ കൊലപാതകം കുറെ വ്യക്തികൾ കുറെ നാളുകളായി ആസൂത്രണം ചെയ്ത ഒരു ഗൂഢാലോചനയുടെ ഫലം തന്നെയാണ്. അമൃത്സറിന്റെയും ഗുർദാസ് പൂരിന്റെയും സമീപത്തും ദൽഹിയുടെയും ബോംബെയുടെയും ചുറ്റുവട്ടത്തിലും അതു ഏറെനാളായി രൂപംകൊള്ളുകയായിരുന്നു. എഴുത്തു മുഖേനയും പ്രസംഗങ്ങൾ വഴിയായും പണ്ഡിറ്റ്ജിയെ കൊല്ലുമെന്നു പരസ്യമായി ഭീഷണിപ്പെടുത്തി കൊണ്ടിരുന്ന വ്യക്തികൾക്ക് ഈ ഗൂഢാലോചനയുമായി ബന്ധമുണ്ടായിക്കൂടെ? ഈ കാലത്തിനിടയിൽ ഒരു പ്രത്യേക ദിവസം ദാരുണമായ വിധത്തിൽ പണ്ഡിറ്റ് മരണപ്പെടുമെന്നുകൂടിയും പറയപ്പെട്ടിട്ടുണ്ട്. ആര്യധർമ്മത്തിന്റെ ബദ്ധശത്രുവും ചില ഗ്രന്ഥങ്ങളുടെ കർത്താവുമായ ഒരു പ്രത്യേക വ്യക്തിയ്ക്ക് ഈ ഗൂഢാലോചനയുമായി യാതോരു ബന്ധവുമില്ലെന്നോ? (10-3-97). മീററിലെ 'അനീസ് ഹിന്ദ്' എന്ന പത്രം ഇപ്രകാരം എഴുതി: 'മിർസാ ഗുലാംഅഹ്മദ് ഖാദിയാനി ലേഖ്റാമിനെപറ്റി പ്രവചനം പ്രസിദ്ധപ്പെടുത്തിയ നാൾ തുടങ്ങി ഞങ്ങൾ ഇതു സംശയിച്ചുതുടങ്ങിയിരുന്നതാണ്. അയാൾക്കെന്താ പരോക്ഷജ്ഞാനമുണ്ടോ?" (10-3-97)

ശക്തിമത്തായ ഈ ഭീഷണികളും കൊലവിളികളും എതിർപ്രചാരവേലകളും ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ ഭയപ്പെടുത്താൻ തെല്ലും പ്രയോജനപ്പെട്ടില്ല. ഏതു സംഭവവികാസത്തെയും നേരിടുവാനുള്ള നെഞ്ഞുക്കോടുകൂടി പൂർവ്വാധികം ഊർജ്ജസ്വലനായി അദ്ദേഹം തന്റെ പ്രവചനം പൂർത്തിയായിട്ടുള്ളതിനെകുറിച്ചു ഘോഷിക്കുകയും ജനങ്ങളെ ഇസ്ലാമിന്റെ സത്യത്തിലേയ്ക്ക് ക്ഷണിയ്ക്കുകയുമത്രെ ചെയ്തത്. ലേഖ്റാമിന്റെ വധം സംബന്ധിച്ചു യാതൊന്നും പറഞ്ഞു പോകരുതെന്നു ലഘുലേഖകൾ പുറത്തിറയ്ക്കുകയോ ലേഖനങ്ങൾ എഴുതുകയോ ചെയ്യരുതെന്നും അഭ്യർത്ഥിച്ചുകൊണ്ടു പല സുഹൃത്തുക്കളും ആ മഹാത്മാവിനു കത്തുകളെഴുതുകയുണ്ടായി. എന്നാൽ, ഇസ്ലാമിന്റെ സത്യത്തിലേയ്ക്കുള്ള മഹത്തായ ഈ അടയാളത്തെപറ്റി ഘോഷിക്കുന്നതിൽ നിന്നു പിന്തിരിയുവാൻ അദ്ദേഹം കൂട്ടാക്കിയില്ല. തന്റെ രക്ഷാകർത്തൃത്വം ദൈവം ഏറ്റെടുത്തിരിക്കയാണെന്നും "അല്ലാഹു നിന്നെ ജനങ്ങളിൽനിന്നു രക്ഷിക്കും" എന്ന ആശ്വാസവചനം ദൈവം തനിയ്ക്കു നൽകീട്ടുണ്ടെന്നും പ്രസ്താവിച്ചുകൊണ്ടു കൊലവിളികളെയും ഗൂഢാലോചനകളെയും അദ്ദേഹം തൃണവൽഗണിക്കുകയത്രെ ചെയ്തത്. തന്റെ പ്രവചനവും പ്രാർത്ഥനയും അനുസരിച്ചുതന്നെയാണ് ലേഖ്റാം കൊല്ലപ്പെട്ടതെന്നു

ഗദ്യത്തിലും പദ്യത്തിലുമായി അദ്ദേഹം ആവർത്തിച്ചാവർത്തിച്ചു ഘോഷിച്ചു. ഒരു പദ്യത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു:

"ജിസ്കി ദു ആസെ ആഖിർ ലേഖു മറാഥാ കട്കർ
മാതം പഡാതഥാ ഘർഘർ വൊ മിർസാ യഹീഹെ"

(ആരുടെ പ്രാർത്ഥനാഫലമായി ഒടുവിൽ ലേഖ്റാം വെട്ടേറ്റു മരിക്കുകയും വീടുവീടാന്തരം ദു:ഖവിലാപങ്ങൾ മുഴങ്ങുകയും ചെയ്തുവോ ആ മിർസാ ഞാൻ തന്നെയാകുന്നു)

പ്രാർത്ഥനയ്ക്കു ഉത്തരം ലഭിക്കുകയില്ലെന്നും ദിവ്യവെളിപാടുകൾ മിത്ഥ്യയാണെന്നും പ്രവചനങ്ങൾ പൂർത്തിയാവുക നിയതി നിയമങ്ങൾക്കെതിരാണെന്നും മറ്റും സിദ്ധാന്തിച്ചുകൊണ്ടിരുന്ന പ്രകൃതിവാദിയായ സർ സയ്യിദ് അഹ്മദ്ഖാനെ സംബോധനചെയ്തുകൊണ്ടു ഹദ്റത്ത് അഹ്മദ് 1897 മാർച്ച് 12-ാം തിയ്യതി ഒരു ലഘുലേഖ പുറത്തിറക്കി. ലേഖ്റാമിനെക്കുറിച്ചുള്ള തന്റെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെട്ടിട്ടുള്ളതായി ദൈവം തന്നെ അറീച്ചിട്ടുണ്ടെന്നും അതിനാൽ താൻ ചെയ്തിട്ടുള്ള പ്രവചനത്തിന്റെ ഫലപൂർത്തി നോക്കിപ്പാർത്തുകൊള്ളേണ്ടതാണെന്നും തന്റെ 'ബറക്കാത്തുദ്ദുആ' എന്ന പുസ്തകത്തിൽ സർ സയ്യിദിനെ സംബോധന ചെയ്തുകൊണ്ടു ഹദ്റത്ത് അഹ്മദ് പ്രസ്താവിച്ചിട്ടുണ്ടായിരുന്നതു ഇവിടെ സ്മർത്തവ്യമാണ്. പ്രവചനം വ്യക്തമായ തരത്തിൽ പുലരുകയും പ്രാർത്ഥന ഫലിക്കുമെന്നു തെളിയുകയും ചെയ്തിരിക്കുന്നതിനാൽ സയ്യിദ് സാഹിബ് തന്റെ അബദ്ധവിശ്വാസങ്ങളിൽനിന്നു പിന്തിരിയേണ്ടതാണെന്നു ഈ ലഘുലേഖയിൽ അദ്ദേഹം നിർദ്ദേശിച്ചു. എന്നാൽ, സർ സയ്യിദ് തികഞ്ഞ നിശ്ശബ്ദത പാലിക്കുകയുണ്ടായത്.

ഹദ്റത്ത് അഹ്മദ് (അ) പ്രവചിച്ച അതേ വിധത്തിലും സമയത്തും പണ്ഡിറ്റ് ലേഖ്റാം വധിക്കപ്പെട്ടതിനെ അടിസ്ഥാനമാക്കി അദ്ദേഹത്തെ ഈ ഗൂഢാലോചനയുമായി ബന്ധപ്പെടുത്താൻ ആര്യസമാജികൾ ബദ്ധപ്പെട്ടു. ആര്യനേതാക്കളുടെ ഈ നിലപാടുകണ്ടപ്പോൾ ഹദ്റത്ത് അഹ്മദ് (അ) വിജ്ഞാപനങ്ങൾക്കു പുറകിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു അവരുടെ തെറ്റിദ്ധാരണ നീക്കുവാനും തന്റെ നിരപരാധിത്വത്തെ തെളിയിച്ചു കാട്ടാനും സന്നദ്ധനായി. മനുഷ്യരുടെ ഏതെങ്കിലും ഗൂഢാലോചനയ്ക്കു ലേഖ്റാമിന്റെ വധവുമായി യാതൊരു ബന്ധവുമില്ലെന്നു അദ്ദേഹം പ്രഖ്യാപിച്ചു. ഇസ്ലാമും ആര്യസമാജവും തമ്മിൽ ദൈവത്തിന്റെ തിരുസന്നിധിയിൽ വർഷങ്ങളോളമായി ഒരു കേസ് നടക്കുകയായിരുന്നുവെന്നും 1897 മാർച്ച് 6-നു മുസൽമാൻമാർക്കനുകൂലമായി വിധിപറഞ്ഞുകഴിഞ്ഞിരിക്കയാണെന്നും അതിൻമേൽ ഇനി ഒരു അപ്പീലോ പുനർവിചാരണയോ ഇല്ലെന്നും അതിനാൽ ആര്യസമാജികൾ ഇനി ആ വിധിയ്ക്കു വഴങ്ങുകയാണ് വേണ്ടതെന്നും അദ്ദേഹം പ്രസ്താവിച്ചു!

പണ്ഡിറ്റ് ലേഖ്റാമിന്റെ വധത്തിൽ തനിയ്ക്കു പങ്കുണ്ടെന്നു ആര്യസമാജി നേതാക്കളും പത്രങ്ങളും വളരെ ശക്തിമത്തായ തരത്തിൽ പ്രചാരവേല നടത്തിക്കൊണ്ടിരുന്നപ്പോൾ 'ലേഖ്റാമിന്റെ മരണത്തെക്കുറിച്ചുള്ള

ആര്യസമാജികളുടെ ചിന്താഗതികൾ' എന്ന ശീർഷകത്തിൽ 1897 മാർച്ച് 15-ാം തീയ്യതി ഹ: അഹ്മദ് (അ)ഒരു ലഘുലേഖ പുറത്തിറക്കി. അതിൽ ഇപ്രകാരം പറഞ്ഞു:

"ഇപ്പോഴും സംശയാലുക്കളുടെ സംശയം തീരുന്നില്ലെങ്കൽ ഹിന്ദു പത്രങ്ങൾ അഭിപ്രായപ്പെട്ടതുപോലെ ലേഖ്റാമിന്റെ വധം ഒരു ഗൂഢാലോചനയുടെ ഫലമാണെന്നും ആ ഗൂഢാലോചനയിൽ എനിയ്ക്കും പങ്കുണ്ടെന്നും അവർ കരുതുന്നുവെങ്കിൽ അവരുടെ മുമ്പിൽ ഇതു സംബന്ധിച്ച സകല പ്രശ്നങ്ങൾക്കും പരിഹാരമായിരിക്കുന്ന ഒരു നിർദ്ദേശം ഞാൻ സമർപ്പിക്കാം. അങ്ങനെ സംശയിക്കുന്ന ആൾ എന്റെ മുമ്പാകെ വന്നു ഇപ്രകാരം സത്യം ചെയ്തു പറയാൻ തയ്യാറാകട്ടെ: 'ഈ മനുഷ്യൻ (ഹദ്റത്ത് അഹ്മദ്) ലേഖ്റാമിനെ വധിക്കാനുള്ള ഗൂഢാലോചനയിൽ പങ്കുള്ളവനാണെന്നും ഇയ്യാളുടെ പ്രേരണപ്രകാരമാണ് കൊലപാതകം നടന്നതെന്നും ഞാൻ നല്ലവണ്ണം അറിയുന്നവനാണ്. ഇതു ശരിയല്ലെങ്കിൽ അല്ലയോ സർവ്വശക്തനായ ദൈവമേ, ഒരു കൊല്ലത്തിനകം അതിഭയാനകമായ ഒരു ശിക്ഷക്ക് നീ എന്നെ ഇരയാക്കിയാലും! ആ ശിക്ഷ മനുഷ്യന്റെ കൈകൊണ്ടുള്ളതായിരിക്കരുത്. മനുഷ്യന്റെ ആലോചനകൾക്കും ആസൂത്രണങ്ങൾക്കും അതിൽ യാതൊരു പങ്കും ഉണ്ടായിരിക്കരുത്. ഇപ്രകാരം സത്യം ചെയ്തുപറയുന്ന ആൾ ഒരു കൊല്ലത്തിനകം എന്റെ ശാപപ്രാർത്ഥനയ്ക്കിരയാകാതെ രക്ഷപ്പെടുകയാണെങ്കിൽ ഞാൻ കുറ്റവാളിയായിരിക്കുന്നതാണെന്നു മാത്രമല്ല, ഒരു കൊലപ്പുള്ളിക്കു കിട്ടേണ്ടുന്ന എല്ലാ ശിക്ഷകൾക്കും അർഹനായിരിക്കുന്നതുമാകുന്നു. ഇങ്ങനെയുള്ള ഒരു പരീക്ഷണത്തിൽ ഏർപ്പെട്ടുകൊണ്ടു മുഴുവൻ ലോകത്തെയും സംശയത്തിൽനിന്നു വിമുക്തമാക്കാൻ തയ്യാറാകുന്ന കരളുറപ്പുള്ള ഏതെങ്കിലും ആര്യവീരനുണ്ടെങ്കിൽ മുന്നോട്ടുവരട്ടെ!"

1897 ഏപ്രിൽ 3-ാം തീയതിയിലെ 'പഞ്ചാബ് സമാചാർ' എന്ന പത്രത്തിൽ ഗംഗാബിഷൻ എന്നു പേരായ ഒരു ആര്യസമാജപ്രവർത്തകന്റെ ലേഖനം പ്രത്യക്ഷമായി. ഹദ്റത്ത് അഹ്മദിന്റെ ആഹ്വാനത്തിനുള്ള ഒരു മറുപടിയായിരുന്നു അത്. ഒരു ഗൂഢാലോചന നടന്നിട്ടുണ്ടെന്നും അതിൽ മിർസാസാഹിബിനു പങ്കുണ്ടെന്നും തനിയ്ക്ക് പൂർണ്ണ ബോധ്യമുണ്ടെന്നു സത്യം ചെയ്തു പറയാൻ താൻ സന്നദ്ധനാണെന്നു അയാളതിൽ പ്രസ്താവിച്ചിരുന്നു. പക്ഷേ മൂന്നു ഉപാധികൾ അയാൾ ഉന്നയിക്കുകയുണ്ടായി:

(1) ഈ സത്യപ്രഖ്യാപനത്തിനുശേഷം ഒരു കൊല്ലം കഴിഞ്ഞിട്ടും താൻ മരണപ്പെടാതിരിക്കുന്ന പക്ഷം ഒരു കൊലപ്പുള്ളിയെന്ന നിലയിൽ മിർസാ സാഹിബിനെ തൂക്കിക്കൊല്ലണം.

2) ഒരു കൊല്ലത്തിനുശേഷവും താൻ ജീവിച്ചിരിക്കുന്ന പക്ഷം ഒരു പിഴയെന്ന നിലയ്ക്ക് തനിയ്ക്ക് ലഭിക്കത്തക്കവണ്ണം മിർസാസാഹിബ് പത്തായിരം ഉറുപ്പിക ഗവർമ്മെണ്ടു ട്രഷറിയിലോ താൻ നിർദ്ദേശിക്കുന്ന വിശ്വസ്തമായ ഒരു ബേങ്കിലോ കെട്ടിവെക്കണം.

3. സത്യപ്രഖ്യാപനം ചെയ്യുന്നതിനു താൻ ഖാദിയാനിൽ വന്നാൽ തന്നെ കൊന്നുകളയുന്നതല്ലെന്നു ഉറപ്പ് നൽകണം.

ഈ ലേഖനം പ്രത്യക്ഷപ്പെട്ട ഉടൻതന്നെ, ഏപ്രിൽ 5-ാം തീയതി ഹദ്റത്ത് അഹ്മദ് (അ) ഒരു വിജ്ഞാപനം പ്രസിദ്ധം ചെയ്യുകയും ഗംഗാബിഷന്റെ മൂന്നു ഉപാധികളും താൻ പൂർണ്ണഹൃദയത്തോടെ സ്വീകരിച്ചിരിക്കുന്നുവെന്നു പ്രഖ്യാപിക്കുകയും ചെയ്തു. ഒരൊറ്റ സംഗതി മാത്രമേ ഹദ്റത്ത് അഹ്മദ് (അ) ഊന്നി പറഞ്ഞുള്ളു. അതായത് ഈ മഹത്തായ പരീക്ഷണം അപൂർണ്ണനിലയിൽ വിട്ടേയ്ക്കാതെ ഒരു വിജയപര്യവസായിയാക്കണമെന്നതുമാത്രം! ഗംഗാബിഷൻ പിൻമാറിക്കളയുകയോ പ്രശ്നം വിഷമസങ്കീർണ്ണമാക്കുകയോ ചെയ്യരുതെന്ന കാര്യത്തിൽ അദ്ദേഹത്തിനു വലിയ ഉൽകണ്ഠയുണ്ടായിരുന്നു. ലേഖ്റാമിനെ കുറിച്ചുള്ള തന്റെ പ്രവചനത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യം ഇസ്ലാമിന്റെ സത്യത്തെ പ്രകാശിപ്പിക്കുക എന്നതു മാത്രമാണ്. അതിനാൽ, സത്യപ്രഖ്യാപനത്തിനു ശേഷം ഒരു കൊല്ലത്തിനുള്ളിൽ ഗംഗാബിഷൻ മരിക്കുന്നപക്ഷം, അതു ഒരു അന്തിമ വിധിയായി സ്വീകരിക്കപ്പെടുകയും ഇസ്ലാമിന്റെ സത്യത്തിലേയ്ക്കും ശ്രേഷ്ഠതയിലേയ്ക്കുമുള്ള ഒരനിഷേധ്യദൃഷ്ടാന്തമായി അംഗീകരിക്കപ്പെടുകയും വേണം. എന്നാൽ, പണ്ഡിറ്റ് ലേഖ്റാമിനു വന്നുപെട്ട ദുര്യോഗത്തിനു സാക്ഷ്യം വഹിച്ച ഒരാളുംതന്നെ അങ്ങനെയുള്ള ഒരു ഉത്തരവാദിത്തമേൽക്കാൻ ധൈര്യപ്പെട്ടില്ലെങ്കിൽ അത്ഭുതപ്പെടുവാനെന്തുള്ളു? ഹ:അഹ്മദിന്റെ ആദ്യത്തെ ആഹ്വാനത്തിൽ ആ സംഗതി ഇല്ലെന്നു പറഞ്ഞുകൊണ്ടു ഗംഗാബിഷൻ മാറിക്കളയുവാൻ ശ്രമിക്കുകയാണ ചെയ്തത് (ഭാരതസുധാർ' 11-4-97, 'ഹംദർദെഹിന്ദ്' - 12-4-97 എന്നീ പത്രങ്ങൾ നോക്കുക) . ഏപ്രിൽ 12-ാം തീയതി വീണ്ടും പുറപ്പെടുവിച്ച ഒരു ലഘുലേഖയിൽ ഹദ്റത്ത് അഹ്മദ് അതിനു മറുപടി നൽകി. ഒരു പിഴയെന്നോണം 10000 രൂപ ബാങ്കിൽ താൻ കെട്ടിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു തന്റെ ആദ്യത്തെ ആഹ്വാനത്തിൽ ഇല്ലാത്ത പുതിയ ഒരുപാധി ഉന്നയിക്കാൻ ഗംഗാബിഷനു അവകാശമുണ്ടെങ്കിൽ, തികച്ചും ന്യായവും നിരുപദ്രവുമായ മറ്റൊരു ഉപാധി ഉന്നയിക്കാനുള്ള അവകാശം തനിയ്ക്കുമുണ്ടെന്നു സമ്മതിച്ചു തരുന്നത് നീതി മാത്രമാണെന്ന് അദ്ദേഹം അതിൽ ചൂണ്ടിക്കാട്ടി. ഈ പ്രശ്നത്തിന്റെ മതപരമായ വശത്തെ അവഗണിക്കുകയാണെങ്കിൽ ആ സംരംഭം ആകപ്പാടെ നിരർത്ഥകവും നിഷ്പ്രയോജനവും ആണെന്ന് ആ മഹാത്മാവ് തുറന്നു പ്രസ്താവിച്ചു.

ഏപ്രിൽ 12-ാം തീയതിയിലെ 'ഹംദർദെ ഹിന്ദ്' എന്ന പത്രത്തിൽ ഗംഗാബിഷൻ മറ്റൊരു ഉപാധികൂടി ഉന്നയിക്കുകയുണ്ടായി. മിർസാ സാഹിബിന്റെ അസത്യം വെളിപ്പെടുകയും ഒരുകൊലപ്പുള്ളി എന്ന നിലയിൽ അദ്ദേഹം തൂക്കിക്കൊല്ലപ്പെടുകയും ചെയ്താൽ അദ്ദേഹത്തിന്റെ മൃതദേഹം തനിയ്ക്ക് ഏല്പിച്ചുതരേണ്ടതാണെന്നും ആ മൃതദേഹത്തോടു തങ്ങൾക്കിഷ്ടംപോലെ പ്രവർത്തിക്കാൻ-കത്തിക്കുകയോ നദിയിലൊ

ഴുക്കുകയോ എന്തും ചെയ്യാൻ- സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നും ഉള്ള തായിരുന്നു അത്!

ഏപ്രിൽ 16-ാം തീയതിയിലെ വിജ്ഞാപനത്തിൽ ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം മറുപടി നൽകി; ഈ 'നിബന്ധനയും ഞാൻ സ്വീകരിച്ചി രിക്കുന്നു. ഒരു കള്ളവാദിയുടെ മൃതദേഹം എല്ലാവിധ അലഹേളന ങ്ങൾക്കും അവനിന്ദനത്തിനും അർഹമാണെന്നാണ് ഞാൻ വിശ്വസിക്കു ന്നത്. യഥാർത്ഥത്തിൽ എത്രയും ഉചിതവും ആവശ്യവുമായ ഈ ഉപാ ധിയെകുറിച്ചു ലാലാ ഗംഗാബിഷനു തക്കസമയത്ത് ഓർമ്മവന്നതു വളരെ നന്നായി. എന്നാൽ, ഈ നിബന്ധന ഞങ്ങളുടെ ഭാഗത്തേയ്ക്കും, ഉറപ്പ് വരുത്തേണ്ടതിനാവശ്യപ്പെടാൻ എനിയ്ക്കവകാശമുണ്ടല്ലോ. ഒരു കൊല്ല ത്തിനകം ഗംഗാബിഷൻ മരിച്ചാൽ അദ്ദേഹത്തിന്റെ ശവശരീരം ഞങ്ങൾക്ക് ലഭിക്കേണ്ടതാണ്. അത് ഒരു വിജയ ചിഹ്നമെന്നനിലയിൽ ഞങ്ങളുടെ അധീനത്തിലുണ്ടായിരിക്കും. മൃതദേഹത്തെ ഞങ്ങൾ നശിപ്പിച്ചുകളയു ന്നതല്ല. മറിച്ചു, ഇസ്ലാമിന്റെ മഹത്തായ ഒരു വിജയത്തിന്റെ സ്മാരകമെ ന്നനിലയിൽ യുക്തമായ എല്ലാ ഉപചാരങ്ങളോടുംകൂടി പൊതു സ്ഥലത്തോ അഥവാ ലാഹൗറിലെ കാഴ്ചബംഗ്ലാവിലോ ഒരു പ്രദർശന വസ്തുവായി സൂക്ഷിക്കുന്നതായിരിക്കും. ആകയാൽ, മൃതദേഹം വിട്ടു തരുന്ന കാര്യത്തിൽ ഇപ്പോൾതന്നെ എന്തെങ്കിലും വ്യവസ്ഥ ഉണ്ടാ ക്കേണ്ടതാണ്. പണ്ഡിറ്റ് ലേഖ്റാമിനു സ്മാരകം നിർമ്മിക്കുവാനായി പിരിച്ചുണ്ടാക്കിയ അമ്പതിനായിരമോ അറുപതിനായിരമോ ഉറുപ്പിക യിൽനിന്നു പത്തായിരം ഉറുപ്പിക നീക്കി ഒരു ജാമ്യത്തുകയായി ഗവൺമെന്റു ബാങ്കിൽ നിക്ഷേപിക്കുകയും അതു സംബന്ധിച്ച രേഖ കൾ ട്രഷറിയിൽ സൂക്ഷിക്കുകയും വേണം. കൊല്ലത്തിനകം ഗംഗാബി ഷൻ മരണപ്പെടുകയും ആയാളുടെ ശവശരീരം ഞങ്ങൾക്ക് ഏല്പിച്ചു തരാതിരിക്കുകയും ചെയ്യുന്നപക്ഷം ഒരു പിഴയെന്നനിലയിൽ ആ പത്താ യിരം ഉറുപ്പിക ഞങ്ങൾക്ക് നല്കേണ്ടതാണെന്നു അതിൽ വ്യക്തമായി എഴുതിയിരിക്കേണ്ടതുമാണ്. അതിന്റെ ഒരു കോപ്പി ട്രഷറി ഉദ്യോഗസ്ഥന്റെ ഒപ്പോടുകൂടി എനിയ്ക്കും നൽകേണ്ടതാണ്"

ഹദ്റത്ത് അഹ്മദിന്റെ ഈ പ്രസ്താവനയ്ക്ക് ലാലാ ഗംഗാബിഷൻ ഇപ്രകാരമാണ് മറുപടി നൽകിയത്: "ഞാൻ ആര്യസമാജത്തിൽ ഒരംഗ മല്ല; ആകയാൽ, എനിയ്ക്കുവേണ്ടി അവർ പത്തായിരം ക.ഒരുക്കിത്ത രാൻ മാത്രം അനുഭാവം കാണിക്കുമെന്നു പ്രതീക്ഷിച്ചുകൂടാ"

ഹദ്റത്ത് അഹ്മദ് ഇപ്രകാരം പ്രസ്താവിച്ചു: 'ഗംഗാബിഷന്നു പത്താ യിരം ഉറുപ്പിക ഒരുമിച്ചുകൂട്ടാൻ യാതൊരു പ്രയാസവുമുണ്ടാകയില്ല. ലേഖ്റാമിനെ കൊല്ലിച്ചതു യഥാർത്ഥത്തിൽ ഈയുള്ളവൻ തന്നെയാ ണെന്നാണ് ആര്യനേതാക്കളുടെ അഭിപ്രായമെങ്കിൽ, ഇൽഹാമും ദൈവ ഭാഷണവുമെല്ലാം ഭോഷ്ക് മാത്രമാണെന്നാണ് അവർ ഹൃദയപൂർവ്വം വിശ്വസിക്കുന്നതെങ്കിൽ, ഈ ലേഖകന്റെ ഒരു ഗൂഢാലോചനയുടെ ഫല മായിട്ടാണ് കൊലപാതകം നടന്നതെന്നു അവർക്കു ഉറപ്പുണ്ടെങ്കിൽ അവർ

സന്തോഷപൂർവ്വം ഗംഗാബിഷനെ സഹായിക്കാൻ ഒരുങ്ങുകതന്നെ ചെയ്യും. പത്തായിരം എന്തു അമ്പതിനായിരംതന്നെ പിരിച്ചുണ്ടാക്കാൻ അവർക്കുകഴിയും. മാത്രമല്ല, എന്റെ പക്കൽ നിന്നു ലഭിക്കുന്ന പത്തായിരം ഉറുപ്പിക ആര്യസമാജത്തിന്റെ നല്ലകാര്യങ്ങൾക്കായിട്ടു വിനിയോഗിക്കാനും അവർക്ക് സാധിക്കുന്നതാണല്ലോ. ആകയാൽ, ജാമ്യത്തുകയായ പത്തായിരം ഉറുപ്പിക ബാങ്കിൽ നിക്ഷേപിക്കാൻ വൈമനസ്യം കാണിക്കേണ്ടതില്ല....

"ഇനി ഈയുള്ളവൻ ലേഖ്റാമിനെ കൊല്ലിച്ചതാണെന്ന കാര്യത്തിൽ തങ്ങളുടെ ബഹുമാനപാത്രമായ ലാലാഗംഗാബിഷൻ പറയുന്നതു അസത്യമാണെന്നാണ് ആര്യസമാജത്തിന്റെ നേതാക്കൾ കരുതുന്നതെങ്കിൽ, അങ്ങിനെയുള്ള ഒരാളുമായി സമരം ചെയ്യുവാൻ ഞാനെന്തിനു മിനക്കെടണം?"

ഒടുവിലായി അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: "ലാലാസാഹിബിനു എന്റെ ഈ ഉപാധി സ്വീകാര്യമല്ലെന്നാണെങ്കിൽ, മേലിൽ അദ്ദേഹത്തിനു മറുപടി നൽകപ്പെടുന്നതല്ല. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ഇതു ഒടുവിലത്തെ വിജ്ഞാപനമായിരിക്കും."

ഈ വിജ്ഞാപനത്തിനുശേഷം ഗംഗാബിഷൻ നിശ്ശബ്ദനായിരുന്നതേയുള്ളു. അങ്ങനെ, ആര്യസമാജപത്രങ്ങൾ 'ആര്യബഹദൂർ' എന്ന ബഹുമതി നൽകികൊണ്ടു വീരപുരുഷനായി എഴുന്നുള്ളിച്ച ലാലാഗംഗാബിഷൻ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ സത്യധീരതയ്ക്ക് മുമ്പിൽ പരാജയപ്പെട്ടു അപമാനിതനായി രംഗത്തുനിന്നു പിൻമാറി. ലേഖ്റാമിന്റെ മരണത്തിലടങ്ങിയ ദിവ്യാത്ഭുതം ഒരിക്കൽകൂടി ആവർത്തിച്ചുകാണാനുള്ള അവസരം അതോടെ ലോകത്തിനു നഷ്ടപ്പെടുകയും ചെയ്തു!

1897 ഏപ്രിൽ 8 -ാം തീയതി ഒരു യുറോപ്യൻ ഓഫീസറുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസുകാർ പെട്ടെന്നു ഹദ്റത്ത് അഹ്മദിന്റെ വീടു വളഞ്ഞു.

ലേഖ്റാമിന്റെ വധം സംബന്ധിച്ചു വീടു പരിശോധിക്കാൻ തനിയ്ക്കു കല്പന ലഭിച്ചിട്ടുണ്ടെന്നു പോലീസ് ആഫീസർ (ഡി.എസ്.പി.)മി.ലിമാർചന്ത് ഹദ്റത്ത് അഹ്മദിനെ അറിയിച്ചു. പുഞ്ചിരിതൂകികൊണ്ടു സസന്തോഷം അദ്ദേഹം അവരെ അകത്തേയ്ക്കു ക്ഷണിക്കുകയും ഓരോമുറിയും കാണിച്ചുകൊടുക്കുകയം ചെയ്തു. കെട്ടുകെട്ടായുള്ള കടലാസുകളും കത്തുകളും ഓരോന്നോരോന്നായി അഴിച്ചു പരിശോധിച്ചുതുടങ്ങി. അത്ഭുതമെന്നു പറയട്ടെ, ആദ്യമായി തന്നെ അവരുടെ ദൃഷ്ടിയിൽപെട്ടതു ഹദ്റത്ത് അഹ്മദിനു ലേഖ്റാം അയച്ച ഒരു എഴുത്തായിരുന്നു. ഇസ്ലാമിന്റെ സത്യത്തേലേയ്ക്കുള്ള ദിവ്യദൃഷ്ടാന്തം കാണാൻ താൻ ആഗ്രഹിക്കുന്നുവെന്നും തന്നെകുറിച്ചു എന്തു പ്രവചനവും പ്രസിദ്ധപ്പെടുത്തികൊള്ളുന്നതിനു വിരോധമില്ലെന്നും വ്യക്തമായ ഭാഷയിൽ ഉറപ്പ് നൽകിക്കൊണ്ടുള്ള ലേഖ്റാമിന്റെ ഒരു കരാർപത്രികയായിരുന്നു അത്. അതാകട്ടെ, കുറെ കൊല്ലങ്ങൾക്കുമുമ്പ് ലേഖ്റാം ഖാദിയാൻ സന്ദർശി

ച്ചിരുന്ന അവസരത്തിൽ (1885) അയച്ചതുമായിരുന്നു. ഹദ്റത്ത് അഹ്മദ് തന്റെ പ്രസ്സും അതിഥി മന്ദിരവും ശിഷ്യൻമാരുടെ താമസസ്ഥലങ്ങളുമെല്ലാം പോലീസിനു കാണിച്ചുകൊടുത്തു. പോലീസ് വിപുലമായ പരിശോധന നടത്തുകയും ഹദ്റത്ത് അഹ്മദ് ഈ വധവുമായി ഒരു പ്രകാരത്തിലും ബന്ധപ്പെട്ടിട്ടില്ലെന്നു പൂർണ്ണബോധ്യത്തോടുകൂടി തിരിച്ചുപോകയുമാണുണ്ടായത്!

പോലീസുകാർ മറ്റു മുസ്ലിം പ്രധാനികളുടെ ഭവനങ്ങളും പരിശോധിക്കുകയുണ്ടായി. കൊലയാളിയുമായുള്ള ബന്ധം സൂചിപ്പിക്കുന്ന നിസ്സാരമായ ഒരു തെളിവെങ്കിലും കണ്ടുപിടിക്കാനായി പോലീസ് അങ്ങേയറ്റം ശ്രമിച്ചുവെങ്കിലും യാതൊരു തുമ്പും കിട്ടാതെ അന്വേഷണം അവസാനിപ്പിക്കേണ്ടിവരികയാണുണ്ടായത്!

ഗുർദാസ്പൂർ ഡിസ്ട്രിക്ട് മജിസ്ട്രേട്ടുകോടതിയിൽ കൊടുത്ത ഒരു സ്റ്റേറ്റ്മെന്റിൽ (27-1-99) ലേഖ്റാമിന്റെ വധം സബ്ന്ധിച്ചു തനിക്കെതിരായുന്നയിക്കപ്പെട്ട ആരോപണങ്ങളെ ഖണ്ഡിച്ചുകൊണ്ടു ഹദ്റത്ത് അഹ്മദ് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:

"ലേഖ്റാം പെശ്വാറിൽനിന്നു വന്നതെന്തിനെന്നും അദ്ദേഹം ഇവിടെ എത്തിയശേഷം ഇസ്ലാമിനെയും ദൈവീക ദൃഷ്ടാന്തങ്ങളെയും കുറിച്ചു എത്ര അവഹേളനപരമായാണ് സംസാരിച്ചതെന്നും, തന്നെപറ്റി ഒരു പ്രവചനം പ്രസിദ്ധപ്പെടുത്തുന്നതിനു അദ്ദേഹം എത്രകണ്ടു നിർബന്ധം പിടിച്ചിരുന്നുവെന്നും ഞാൻ ബോധിപ്പിച്ചുകഴിഞ്ഞു. അയാൾ തന്റെ 'തക്ദീബ്' എന്ന പുസ്തകത്തിന്റെ 332-ാം ഭാഗത്തു തന്നെകുറിച്ചുള്ള എന്തു പ്രവചനവും പ്രസിദ്ധപ്പെടുത്തിക്കൊള്ളാവുന്നതാണെന്നും വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതും ഞാൻ ചൂണ്ടിക്കാണിച്ചു. ഇതിനു പുറമേ ഞാൻ മൂന്നു കൊല്ലക്കാലത്തിനുള്ളിൽ നടപ്പുദീനം പിടിച്ചു മരിച്ചു പോകുന്നതാണെന്ന ഒരു പ്രവചനം അദ്ദേഹം എന്നെപറ്റിയും പ്രസിദ്ധപ്പെടുത്തി. ആ പ്രവചനത്തിന്റെ പൊള്ളത്തരവും എന്റെ പ്രവചനത്തിന്റെ സത്യാവസ്ഥയും ദൈവം തെളിയിച്ചു കാണിച്ചിരിക്കുന്നു. പണ്ഡിറ്റ് ലേഖ്റാം ഇസ്ലാമിന്റെ ഒരു പ്രഖ്യാപിത ശത്രുവായിരുന്നുവെങ്കിലും, മതപരമായി ഞാനുമായി വാഗ്രൂപേണയും ലിഖിതരൂപത്തിലും വിവാദങ്ങൾ നടത്തിയിരുന്നുവെങ്കിലും തന്റെജീവൻ അപഹരിക്കാൻ ഞാൻ ഗൂഢാലോചന ചെയ്തതായി ഒരിക്കലും എന്നെ പറ്റി സംശയിച്ചിരുന്നില്ല. അദ്ദേഹം ഇവിടെ (ഖാദിയാനിൽ) കുറച്ചുനാൾ താമസിച്ചിരുന്നപ്പോൾ ഞാൻ നയിച്ച ശാന്തവും പരിശുദ്ധവുമായ ജീവിതത്തെകുറിച്ചു നേരിട്ടറിഞ്ഞിരുന്നു. മാരകമായി മുറിവേറ്റശേഷം മൂന്നു മണിക്കൂറോളം സ്വബോധത്തോടുകൂടിയുണ്ടായിരുന്ന ലേഖ്റാം ശുശ്രൂഷകരോടു സംസാരിച്ചുകൊണ്ടിരുന്നിട്ടുണ്ട്. രക്ഷപ്പെടുമെന്ന യാതൊരാശയും അയാൾക്കുണ്ടായിരുന്നുല്ല. തന്നെ കൊല്ലുവാനുള്ള ശ്രമത്തിൽ നിസ്സാരമായ ഒരു പങ്കെങ്കിലും എനിയ്ക്കുണ്ടെന്നു ലേഖ്റാം സംശയിച്ചിരുന്നുവെങ്കിൽ അതു സംബന്ധമായി എന്തെങ്കിലും പ്രസ്താവന ചെയ്യുകയോ സ്നേഹിതരോടു അപ്രകാരം പറയു

കയോ ചെയ്തിരിക്കുമായിരുന്നു. എന്നാൽ, അപ്രകാരം ഒന്നുംതന്നെ പറയുകയുണ്ടായില്ല. പണ്ഡിറ്റ് ഇക്കാര്യത്തിൽ എന്നെതെല്ലും സംശയിച്ചിരുന്നില്ലെന്നാണിതു വ്യക്തമാക്കിത്തരുന്നതു. യാഥാർത്ഥ്യത്തിങ്ങൾ ഇപ്രകാരമാക്കരിക്കെ അതിന്നെതിരായുള്ള ഊഹാപോഹങ്ങൾക്കു എന്തു വിലയാണുള്ളത്?

"ലേഖ്റാമിന്റെ വധത്തിൽ എനിയ്ക്കു പങ്കുണ്ടെന്നു പൊതുജനങ്ങൾ കരുതുന്നുവെന്ന ആരോപണവും വാസ്തവമല്ല. കൊലയാളിയെ സംബന്ധിച്ചും വധത്തിനുള്ള കാരണങ്ങളെപറ്റിയും പരസ്പരവിരുദ്ധങ്ങളായ പല അഭിപ്രായങ്ങളും പ്രകടിപ്പിക്കപ്പെട്ടിരുന്നു. ചില പത്രങ്ങൾ അഭിപ്രായപ്പെട്ടിട്ടുള്ളത്, പണ്ഡിറ്റിനു അവിഹിതബന്ധമുണ്ടായിരുന്ന ഒരു സ്ത്രീയുടെ ബന്ധുക്കളാണ് കൊലപാതകത്തിന്റെ പിന്നിൽ പ്രവർത്തിച്ചതെന്നത്രെ (ഉദാ:"പൈസ്സ അഖ്ബാർ', 'നിസാമുൽ ഹിന്ദ്'-ലാഹൗർ; 'ചൗദ് വീൻ സദീ'- റാവൽപിണ്ഡി) മുറിവേറ്റശേഷം മൂന്നു മണിക്കൂറോളം പണ്ഡിറ്റിനു ബോധമുണ്ടായിരിന്നിട്ടും യാതൊന്നും പറഞ്ഞില്ലെന്നകാര്യം ഇതിലേയ്ക്കു തെളിവായുന്നയിക്കപ്പെട്ടിരുന്നു. ഒരുപക്ഷെ, രഹസ്യം പുറത്തായിപ്പോകുമെന്നു അയാൾ പേടിച്ചിരിക്കാം. പണ്ഡിറ്റിന്റെ അങ്ങേയറ്റം ക്ഷുദ്രമായ ലേഖനങ്ങളെ അടിസ്ഥാനമാക്കി അയാൾക്കെതിരായി കേസ്സുകൊടുക്കാൻ ശ്രമിച്ചിരുന്ന ചില ബോംബെ മുസ്ലിംകളാണ് കൊലയ്ക്കു കാരണക്കാരെന്നും ചിലർ സംശയിച്ചിരുന്നു. ലാഹൗറിലെ 'അഞ്ചുമൻ ഹിമായത്തുൽ ഇസ്ലാം' 'അഞ്ചുമൻ നുസ്രത്തുൽ അമാനി' എന്നീ സംഘങ്ങളും ഇക്കാര്യത്തിൽ സംശയിക്കപ്പെട്ടിട്ടുണ്ട്. 'ഹിമായത്തുൽ ഇസ്ലാം' സംഘത്തിന്റെ ഓഫീസും രണ്ടും സംഘടനകളുടെയും സിക്രട്ടരിമാരായ ഹാജി ശംസുദ്ദീൻ, മൗലവി താജുദ്ദീൻ എന്നിവരുടെ വീടുകളും പോലീസ് സർച്ച് ചെയ്തീട്ടുണ്ടായിരുന്നു. സർ സയ്യിദ് അഹ്മദ്ഖാനെപറ്റിയും സംശയങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു. ലേഖ് റാമിനെതിരായി മുസ്ലിംകളാണ് ഗൂഢാലോചന ചെയ്തെന്നു പറയുന്നതു അങ്ങേയറ്റം അസംബന്ധമാണെന്നും ലേഖ്റാം ക്രിസ്ത്യാനികളുടെയും സനാതന ധർമ്മക്കാരായ ഹിന്ദുക്കളുടെയും കഠിന ശത്രുവായിരുന്നുവെന്നും എല്ലാ മതഗുരുക്കൻമാരെയും അയാൾ ഒരുപോലെ അധിക്ഷേപിച്ചിരുന്നതിനാൽ എല്ലാ വിഭാഗക്കാർക്കും വിരോധമുണ്ടായിരുന്നുവെന്നും ആകയാൽ ഹിന്ദുവെയും ക്രിസ്ത്യാനിയെയും മുസ്ലിമിനെയും ഒരുപോലെ സംശയിക്കാവുന്നതാണെന്നും ലേഖ്റാമിന്റെ വധം നടന്ന ഉടനെതന്നെ 'അഖ്ബാറെ ആം' എന്ന പ്രസിദ്ധ പത്രം അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ട്. ഇങ്ങനെ, ഊഹാപോഹങ്ങൾ പലതും പ്രചരിച്ചിരിക്കെ എന്നെപ്പറ്റിയുള്ള ഊഹത്തിനു മാത്രം ഊന്നു നൽകുന്നതിനു യാതൊരു ന്യായീകരണവുമില്ല. ഒന്നുകിൽ, എല്ലാം ഒരുപോലെ തള്ളുകയോ അല്ലെങ്കിൽ പരിഗണിക്കുകയോ വേണം."

ലേഖ്റാമിനെ സംബന്ധിച്ച പ്രവചനവും അതിനുമുമ്പ് താൻ ചെയ്തിട്ടുള്ള മറ്റനേകം പ്രവചനങ്ങളും വിവരിച്ചുകൊണ്ടു ഹ:അഹ്മദ് 'സിറാജെ

മുനീർ' (28)'ഇസ്തിഫ്താ' (29)എന്നീ രണ്ടു പുസ്തകങ്ങൾ രചിച്ചു. (1897 ഏപ്രിൽ മെയ്), ഈ രണ്ടു പുസ്തകങ്ങളും ജനങ്ങൾക്കിടയിൽ സൗജന്യമായി ധാരാളം വിതരണം ചെയ്തു. അതിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി.

"എന്റെ പ്രേരണ അനുസരിച്ചാണ് ലേഖ്റാം വധിക്കപ്പെട്ടതെന്ന തെറ്റായ ഒരു ധാരണ ആര്യസമാജികൾ വെച്ചുപുലർത്തുന്നുണ്ട്. പ്രവചനങ്ങളുടെ പ്രകൃത്യതീതമായ ഉൽപത്തിയെ സംബന്ധിച്ചേടത്തോളം അവർ തികഞ്ഞ അജ്ഞരായിരിക്കുകയാൽ ഞാനവരെ കുറ്റപ്പെടുത്തുന്നില്ല. അവരുടെ വിശ്വാസപ്രകാരം ആത്മീയ സിദ്ധികളും ദിവ്യവെളിപാടുകളുമെല്ലാം പൗരാണികകാലത്തേയ്ക്കു മാത്രമുള്ളതത്രെ. അതെല്ലാം അവസാനിച്ചു പോയിരിക്കുന്നു. മറ്റൊരുപ്രകാരത്തിൽ പറഞ്ഞാൽ, ദിവ്യ വെളിപാടു എക്കാലത്തേയ്ക്കുമുള്ളതല്ല. അതു ഭൂതകാലസംഭവങ്ങൾ മാത്രമാണ്, ആകയാൽ പ്രവാചകൻമാരുടെ അത്ഭുതദൃഷ്ടാന്തങ്ങളെ ആധുനികകാലവുമായി സംയോജിപ്പിക്കാൻ അവർക്കു കഴിയുന്നില്ല. എന്നാലും, ഈ ലഘുപുസ്തകം വായിക്കുന്ന പക്ഷം ലേഖ്റാമിന്റെ വധുവായി പ്രത്യക്ഷമോ പരോക്ഷമോ ആയുള്ള യാതൊരു ബന്ധവും ഈയുള്ളവന്നില്ലെന്നകാര്യം വ്യക്തമാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. മാത്രമല്ല, പ്രവാചകൻമാർക്കുണ്ടാകുന്ന ദിവ്യവെളിപാടുകൾ ഇക്കാലത്തുമുണ്ടാകുമെന്നതിനെ നിഷേധിക്കുന്നവർക്കും ഭവിഷ്യൽകാര്യങ്ങളെക്കുറിച്ചും പ്രവചനം ചെയ്യാനുള്ള കഴിവ് പ്രകൃതിനിയമങ്ങളുമായി സമരസപ്പെടുന്നില്ലെന്നു കരുതുന്നവർക്കും ഈ കൃതി പ്രയോജനപ്പെടുന്നതാണ്. 'ദൈവം ഉണ്ടോ?' 'ദൈവം ഉണ്ടെങ്കിൽ അവൻ തന്റെ വരിഷ്ഠൻമാർക്കു ഭവിഷ്യൽകാര്യങ്ങൾ വെളിപ്പെടുത്തികൊടുക്കാറുണ്ടോ?' എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കു ഉത്തരം കണ്ടുപിടിക്കാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർക്കു ഏതായാലും ഈ ലഘുകൃതി കൗതുകാവഹവും പഠനാർഹവുമായിരിക്കുകതന്നെ ചെയ്യും. ഞാൻ ഈവക പ്രശ്നങ്ങൾ വളരെ വിശദമായി പ്രതിപാദിച്ചിട്ടുള്ളതിന്നു പുറമെ ലേഖ്റാമിനെ സംബന്ധിച്ച പ്രവചനം യഥാർത്ഥത്തിൽ ദൈവം വെളിപ്പെടുത്തിയിട്ടുള്ളതാണെന്നും മനുഷ്യന്റെ കഴിവുകൾക്കും ആസൂത്രങ്ങൾക്കും തികച്ചും അതീതമായിരിക്കുന്നതാണെന്നും തെളിയിക്കുകയും ചെയ്തിരിക്കുന്നു" (ഇസ്തിഫ്താ).

1899 ആഗസ്തിൽ ഹദ്റത്ത് അഹ്മദ് (അ) എഴുതി പൂർത്തിയാക്കിയ 'തിരിയാഖുൽ ഖുലൂബ്' (30)എന്ന ഗ്രന്ഥത്തിൽ ലേഖ്റാമിനെകുറിച്ചുള്ള പ്രവചനം പൂർത്തിയായിട്ടുള്ളതിലേയ്ക്ക് 279 പേരുടെ രേഖാമൂലമുള്ള സാക്ഷ്യങ്ങൾ എടുത്തുചേർക്കുകയുണ്ടായി. ലേഖ്റാമിന്റെ വധത്തിൽ ഹദ്റത്ത് അഹ്മദ് യാതൊരു പങ്കുമില്ലെന്നു തങ്ങൾക്ക് പരിപൂർണ്ണ ബോധ്യമാണെന്നും അവർ തങ്ങളുടെ സ്റ്റേറ്റ്മെന്റിൽ പ്രസ്താവിച്ചിരിക്കുന്നു. ഇപ്രകാരം 4000ൽ പരം ആളുകളിൽനിന്നു താൻ സ്റ്റേറ്റുമെന്റും ഒപ്പും വാങ്ങി സൂക്ഷിച്ചിരിക്കുകയാണെന്നും 279 പേരുടെ സാക്ഷ്യം മാത്രം മാതൃകയ്ക്കായി ചേർത്തിട്ടുള്ളതാണെന്നും അതിൽ വ്യക്തമാക്കിയിട്ടു

ണ്ട്. സാക്ഷ്യം നൽകീട്ടുള്ളവരിൽ ചിലർ ഹിന്ദുക്കളും സിക്കുകാരുമായ ഉദ്യോഗസ്ഥൻമാരും ബാക്കിയുള്ളവരിൽ അധികവും ശിഷ്യഗണത്തിൽപെടാത്ത മുസ്ലിം പ്രമാണിമാരുമാണെന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

ലേഖ്റാമിനെ സംബന്ധിച്ച പ്രവചനം അത്ഭുതകരമായി പൂർത്തിയായതിനെപറ്റി ഒരു ആര്യസമാജ നേതാവായ ബാബു ഖാൻ സീറാം എം.ഏ.എൽ.എൽ.ബി. ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "പഞ്ചാബിന്റെ തലസ്ഥാനമായ ലാഹൗറിൽവച്ചു ഈ കൊലപാതകം നടന്നുവെങ്കിലും കൊലയാളിയെ കണ്ടുപിടിക്കുന്ന കാര്യത്തിൽ പോലീസ് ദയനീയമായി പരാജയപ്പെടുപകയാണുണ്ടായത്. സംഭവം വന്നു കൂടിയതു നോക്കുക: ഗുലാം അഹ്മദിന്റെ പ്രവചനം പൂർത്തിയാകുകയും ലേഖ്റാം രക്തസാക്ഷിയാവുകയും ചെയ്തു. പരമേശ്വരനുമാത്രമേ അറിയൂ, ഇതു അവൻതന്നെ ഇറക്കിയ ശിക്ഷയായിരുന്നുവോ അതോ മനുഷ്യകൃതമായിരുന്നുവോ എന്നു!" ('മുസാഫിർ' , ആഗ്ര: ശഹീദ് നമ്പർ, 6-3-1913).

'രൺധീർ' എന്ന പത്രത്തിന്റെ എഡിറ്ററായിരുന്ന ദേഹവും ഒരു സനാതനധർമ്മിയുമായ മറ്റൊരു ഹിന്ദു നേതാവ് പണ്ഡിറ്റ് മദനഗോപാൽ ഇപ്രകാരം പറയുന്നു:- 'ലേഖ്റാം വധിയ്ക്കപ്പെടുന്നതിനെകുറിച്ചും വധം സംബന്ധിച്ച കുറ്റാരോപണത്തിൽനിന്നു താൻ മോചിതനാകുന്നതു സംബന്ധിച്ചുമുള്ള (ഹദ്റത്ത് അഹ്മദിന്റെ) പ്രവചനങ്ങൾ അങ്ങനെ പൂർത്തിയായിരിക്കുന്നു." (അഹിംസാ കാ അവതാർ'- റാണാ ആർട് പ്രസ്സ്, അമൃത്സർ, 1939 നവമ്പർ).

40- തുർക്കിയിൽ വിപ്ലവം

പണ്ഡിറ്റ് ലേഖ്റാമിന്റെ വധത്തെ സംബന്ധിച്ച പ്രവചനം അത്ഭു തകരമായി പൂർത്തിയായതിനെതുടർന്നു ഹദ്റത്ത് അഹ്മദുൽ ഖാദി യാനിയ്ക്കെതിരിൽ ഹിന്ദുക്കളുടെ രോഷാഗ്നി ആളിപ്പടർന്നു കൊണ്ടിരി ക്കെ, ആ മഹാത്മാവിന്നെതിരിൽ മുസ്ലിം സമുദായവും ഒന്നാകെ ഇള കിപ്പുറപ്പുടന്നതിന്നിടയാക്കിയ മറ്റൊരു സംഭവം 1897 മെയ് മാസത്തിലു ണ്ടായി. സമകാലീന രാഷ്ട്രീയ ചരിത്രത്തിൽ വാഗ്ദത്ത മസീഹിന്റെ വ്യക്തിമുദ്ര പതിയുമാറാക്കിയ ഒരു സംഭവമായിരുന്നു അത്.

തുർക്കി ഗവർമ്മെണ്ടിന്റെ വൈസ്കോൺസൾ ആയി ഹുസൈൻ കാമി എന്നു പേരായ ഒരാൾ അന്നു കറാച്ചിയിൽ താമസിച്ചിരുന്നു. വാഗ്ദത്ത മസീഹിനെ ഒന്നു കാണുവാൻ അദ്ദേഹം ആഗ്രഹം പ്രദർശി പ്പിച്ചു. തുർക്കി സുൽത്താന്റെ ഒരു തന്ത്രപ്രതി നിധി എന്നനിലയിൽ തികച്ചും ലൗകികനായ അദ്ദേഹം വാഗ്ദത്ത മസീഹിനെ കാണാനാഗ്ര ഹിച്ചതു 'പാൻ ഇസ്ലാമിക്' ആശയത്താൽ പ്രചോദിതനായിട്ടാവണം.

'ഖലീഫത്തുൽ മുസ്ലിമീൻ' ആയ തുർക്കിസുൽത്താനോടു അത്യ ധികമായ കൂറും ഭക്തിയും പുലർത്തിവന്നിരുന്ന ഇന്ത്യൻ മുസ്ലിംകൾ സുൽത്താന്റെ പ്രതിനിധിയെ അന്നു വലിയ ബഹുമാനാദരങ്ങളോടെ യാണ് വീക്ഷിച്ചുപോന്നിരുന്നത്. ലാഹൗറിലെ മുസ്ലിംകൾ അദ്ദേഹത്തിനു വമ്പിച്ചൊരു സ്വീകരണം ഏർപ്പാടു ചെയ്തു. ലാഹൗറിലെത്തിയ അദ്ദേ ഹത്തെ ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ പല ശിഷ്യന്മാരും ചെന്നു കാണുകയും വാഗ്ദത്ത മസീഹിനെപറ്റി സംസാരിക്കുകയുമുണ്ടായി.

ഒരു അഭിമുഖദർശനത്തിന്നവസരമുണ്ടാക്കണമെന്നപേക്ഷിച്ചു കൊണ്ടു ഹുസൈൻ കാമി പലതവണ കത്തയച്ചിരുന്നതിനെ തുടർന്നു ഹദ്റത്ത് അഹ്മദ് (അ) ഒടുവിൽ അനുമതി നൽകുകതന്നെ ചെയ്തു. ഹുസൈൻ കാമി അയച്ചിരുന്ന എഴുത്തുകളിൽ അതുല്യങ്ങളും അത്യുദാ രങ്ങളുമായ ആദരപദങ്ങളായിരുന്നു ഹദ്റത്ത് അഹ്മദിനെ സംബോധനം ചെയ്യാനുപയോഗിച്ചിരുന്നതെന്നതു ഇവിടെ പ്രസ്ത്യാവ്യമത്രെ.

1897മെയ് 11-ാം തിയ്യതി രാത്രി ഇശാനമസ്ക്കാരത്തോടടുത്തായി ഹുസൈൻ കാമി ഖാദിയാനിലെത്തി. തുർക്കിസ്ഥാനപതിയുടെ ആവശ്യ പ്രകാരം തന്നെ പതിവിനു വിപരീതമായി ഹദ്റത്ത് അഹ്മദ് (അ) സ്വശ

ഷ്യരുടെ സാന്നിദ്ധ്യത്തിൽ അഭിമുഖ ദർശനമനുവദിച്ചു. സംഭാഷണമദ്ധ്യേ, തുർക്കി സുൽത്താന്നുവേണ്ടി ഒരു പ്രത്യേക പ്രാർത്ഥന നടത്താൻ അദ്ദേഹം വാഗ്ദത്ത മസീഹിനോടപേക്ഷിക്കുകയും സുൽത്താന്റെ ഭാവിഗുണത്തെയും ക്ഷേമത്തെയും പറ്റി ദിവ്യമാർഗ്ഗത്തിൽ അറിയുമാറാകുന്ന കാര്യങ്ങൾ വെളിപ്പെടുത്തണമെന്നു വിനീതമായി അഭ്യർത്ഥിക്കുകയുമുണ്ടായി. എന്നാൽ, രഹസ്യജ്ഞനായ അല്ലാഹു തന്റെ വരിഷ്ഠദാസന്നു തുർക്കിഭരണകൂടത്തിന്റെ യഥാർത്ഥസ്ഥികളും തുർക്കിസ്ഥാനപതിയുടെ കപടഹൃദന്തവും ആത്മദർശനദ്വാരാ മുൻകൂട്ടി വെളിപ്പെടുത്തിക്കൊടുത്തിരുന്നതിനാൽ, ആ മഹാത്മാവ് തനിയ്ക്കറിവു കിട്ടിയ കാര്യങ്ങൾ നിസ്സങ്കോചം തുറന്നു പറയുകയാണു ചെയ്തത്.

ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറഞ്ഞു: "സുൽത്താന്റെ സാമ്രാജ്യനില നന്നായിരിക്കുന്നില്ല. കശ്ഫ് മാർഗ്ഗത്തിൽ ഞാൻ സുൽത്താന്റെ ഉദ്യോഗസ്ഥന്മാരുടെ നിലയും നന്നായിട്ടല്ല കാണുന്നത്. ഈ നിലയ്ക്ക് അന്ത്യം ഗുണകരമായിരിക്കാൻ തരമില്ല.

"തുർക്കി ഗവർമ്മെണ്ട് ദൈവദൃഷ്ടിയിൽ പല നിലയിലും കുറ്റവാളിയാണ്. യഥാർത്ഥമായ ഭയഭക്തിയും ഹൃദയവിശുദ്ധിയും മനുഷ്യസ്നേഹവുമാണ് അല്ലാഹു ആഗ്രഹിക്കുന്നത്. എന്നാൽ, തുർക്കി സാമ്രാജ്യത്തിന്റെ ഇന്നത്തെ നിലയാകട്ടെ തകർച്ചയിലേയ്ക്കും നാശത്തിലേയ്ക്കുമുള്ളതാകുന്നു. തന്നിമിത്തം സൽഫലങ്ങൾ പുറപ്പെടുമാറാകുന്നതിന്നുമാനസാന്തരപ്പെടുകയും പശ്ചാത്തപിക്കുകയും വേണ്ടിയിരിക്കുന്നു."

വാഗ്ദത്ത മസീഹിന്റെ തിരുവായിൽനിന്നു പുറപ്പെട്ട ഈ വാക്കുകൾ തുർക്കി സ്ഥാനപതിയ്ക്ക് അത്യന്തം അരോചകമായി. അദ്ദേഹം ഖാദിയാനിൽനിന്നു തിരിച്ചുപോയ ഉടനെ ഹദ്റത്ത് അഹ്മദിനോടു പ്രതികാരം ചെയ്യാനുറച്ചുകൊണ്ടു ആ മഹാത്മാവിനെ പറ്റിയുള്ള അപവാദങ്ങളും അധിക്ഷേപങ്ങളുമടങ്ങിയ ഒരു കത്ത് 'നാസിമുൽ ഹിന്ദ്' എന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്താൻ ധൃഷ്ടനാവുകയാണ് ചെയ്തത്. "ഖലീഫത്തുൽ മുസ്ലിമീൻ" ആയ തുർക്കി സുൽത്താനെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) അധിക്ഷേപിച്ചു എന്നാരോപിച്ചുകൊണ്ടുള്ള പ്രസ്തുത ലേഖനത്തെ അവലംബമാക്കി വിമർശനങ്ങളും ആക്ഷേപങ്ങളും അധിക്ഷേപങ്ങളും പത്രപംക്തികളിൽ സ്ഥലം പിടിച്ചു. ചുരുക്കിപ്പറഞ്ഞാൽ, പഞ്ചാബിലും ഇന്ത്യയിലൊട്ടുക്കുമുള്ള പത്രങ്ങളിൽ ഹദ്റത്ത് അഹ്മദിന്നെതിരായി പ്രചണ്ഡമായ ഒരു രാഷ്ട്രീയവിദ്വേഷപ്രചാരവേല അഴിച്ചുവിടപ്പെട്ടു. മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി ഈ അവസരത്തിൽ നിന്നു മുതലെടുക്കാൻ തീവ്രയത്നം ചെയ്തു കൊണ്ടിരുന്നു. "ഖലിഫത്തുൽ മുസ്ലിമീൻ" തിരുമനസ്സിനോടുള്ള ബഹുമാനാദരങ്ങളുടെ പേരിൽ മുസ്ലിംകളുടെ വികാരങ്ങൾക്ക് തീ കൊടുക്കാനായി അദ്ദേഹം പരക്കം പാഞ്ഞു!*

*spencerlawan p. 52,53

ഖലീഫത്തുൽ മുസ്‌ലിമീൻ
തുർക്കി സുൽത്താൻ അബ്ദുൾ ഹമീദ്ഖാൻ
'സുൽത്താന്റെ സാമ്രാജ്യനില അപകടത്തിലാണെന്ന് ഞാൻ കാണുന്നു.'

ഹുസൈൻ കാമിയുടെ കത്തിനെതുടർന്നുള്ള അപവാദപ്രചാരണത്തിന്റെ ശക്തിമത്തായ ഒഴുക്കിൽ രാജ്യത്തിലെ മുസ്ലിം നേതാക്കളും പണ്ഡിതന്മാരും 'ദിവ്യ'ന്മാരുമായ ഒട്ടനേകംപേർ പെട്ടുപോയിരുന്നു. അവരിൽ ചിലർ യഥാർത്ഥവസ്ഗുതകൾ അറിയാത്തവരും ഹദ്റത്ത് അഹ്മദിന്റെ ആത്മീയൗന്നത്യത്തെപറ്റി വിവരമില്ലാത്തവരും സാത്വികരും ആയിരുന്നു. റാവൽപിണ്ടിയിൽ നിന്നു പുറപ്പെട്ടുകൊണ്ടിരുന്ന "ചൗദ്വവീൻ സദീ" എന്ന സുപ്രസിദ്ധ പത്രത്തിൽ ഹദ്റത്ത് അഹ്മദിനെപറ്റിയുള്ള രൂക്ഷവിമർശനമടങ്ങിയ ഒരു ലേഖനം പ്രത്യക്ഷപ്പെട്ടു. 1897 ജൂൺ 15-ാം തിയ്യതിയിലെ ലക്കത്തിൽ പ്രസിദ്ധമായ പ്രസ്തുതലേഖനത്തിൽ റാവൽപിണ്ടിയിലെ ഭക്തനും മഹാനുമായ ഒരു "വന്ധ്യ പുരുഷ"നെ ഉദ്ധരിച്ചുകൊണ്ടു ഇപ്രകാരം എഴുതിയിരുന്നതു ഹദ്റത്ത് അഹ്മദിന്റെ ശ്രദ്ധയിൽ പെടുവാനിടയായി:

"ഈ വിജ്ഞാപനം (ഹുസൈൻ കാമിയുടെ പത്രലേഖനം) വായിച്ചപ്പോൾ ഒരു വന്ധ്യപുരുഷന്റെ വായിൽനിന്നു അറിയാതെ ഈ പദ്യശകലം പുറപ്പെട്ടുപോയി:

چوں خدا خواہد کہ پردے کس درد میلش اندر طعنہ پاکاں برد

ചൂ(ൻ) ഖുദാ ഖാഹദ് കെ പർദയെകസ് ദർദ്
മേലശ് അൻദർ തഅ്നയെ പാകാ(ൻ)ബുർദ്"

ഈ പാർസി കവിതയുടെ അർത്ഥം ഇതാണ്: "ഒരാളുടെ ദുഷ്ടാന്തരംഗം വെളിപ്പെടുത്താൻ അല്ലാഹു ഇച്ഛിച്ചാൽ പരിശുദ്ധമാരെ അധിക്ഷേപിക്കാനുള്ള ദുർവ്വാസന അയാളിൽ അങ്കുരിക്കുന്നു."

ഹ:അഹ്മദുൽ ഖാദിയാനിയുടെ ദൂഷിതഹൃദന്തം (മആദല്ലാഹ്!) വെളിപ്പെടുത്താൻ അല്ലാഹു ഇച്ഛിച്ചതുകൊണ്ടാണ് "ഖലീഫത്തുൽ മുസ്ലിമീൻ' സുൽത്താൻ അബ്ദുൽ ഹമീദ് ഖാൻ രണ്ടാമനെ പറ്റി അദ്ദേഹം ദുരഭിപ്രായം പ്രകടിപ്പിക്കാൻ പ്രചോദിതനായിത്തീർന്നതു എന്നത്രെ 'ചൗദ്വവീൻ സദീ'യിൽ "വന്ധ്യപുരുഷൻ" എന്നു വിശേഷിപ്പിക്കപ്പെട്ട മാന്യദേഹം ആ പാർസി കവിത ചൊല്ലി കേൾപ്പിച്ചതുകൊണ്ടു ഉദ്ദേശിച്ചത്.

"ചൗദ്ദ് വീൻ സദീ"യിലെ അജ്ഞാത "വന്ധ്യപുരുഷൻ" ആരാണെന്നറിയാൻ ഹദ്റത്ത് അഹ്മദ് (അ) ആഗ്രഹിച്ചു. അദ്ദേഹം ഒരുഗ്രനിശ്ചയം ചെയ്തുകൊണ്ടു ദൈവസവിധത്തിൽ ഇപ്രകാരം പ്രാർത്ഥന നടത്തി:

"ഓ അല്ലാഹുവേ, ഞാനൊരു കള്ളവാദിയാണെന്നും നിന്റെ ഭാഗത്തുനിന്നുള്ളവനല്ലെന്നും നീ അറിയുന്നു എങ്കിൽ, എന്നെ കുറിച്ചു പറയപ്പെടുന്നതിൻപ്രകാരം ഞാൻ ശപിക്കപ്പെട്ടവനും കപടവാദിയും ആണെന്നും നിനയ്ക്ക് ഞാനുമായും എനിയ്ക്കു നീയുമായും യാതൊരു ബന്ധവുമില്ലെന്നും വരുകിൽ, നിന്റെ സവിധത്തിലിതാ ഞാൻ കേണപേക്ഷിക്കുകയാണ്, നീ എന്നെ നശിപ്പിച്ചു കളയൂ! എന്നാൽ, ഞാൻ നിന്റെ ഭാഗത്തുനിന്നുള്ളവനും നിന്നാൽ അയക്കപ്പെട്ടവനും വാഗ്ദത്ത മസീഹും

തന്നെയെങ്കിൽ ഈ പത്രത്തിൽ 'വന്ദ്യപുരുഷൻ' എന്നു വിശേഷിപ്പിക്കപ്പെട്ടതാരെയാ ആ മനുഷ്യന്റെ മേലുള്ളമറയെ നീ തന്നെ വലിച്ചുകീറിയാലും! എന്നാൽ, അദ്ദേഹം നിശ്ചിത കാലയളവിന്നുള്ളിൽ (1897 ജൂലായ് 1 മുതൽ 1898 ജൂലായ് 1 വരെ) ഖാദിയാനിൽ വന്നു ഒരു പൊതുയോഗത്തിൽവച്ചു പരസ്യമായി മാപ്പ് പറയുകയാണെങ്കിൽ നീ അദ്ദേഹത്തിനു മാപ്പ് കൊടുത്തു കൊൾക! നീ റഹീമും കരീമും ആയിട്ടുള്ളവനല്ലൊ!"

1897 ജൂൺ 25-ാം തിയ്യതി ഹദ്റത്ത് അഹ്മദ് (അ) ഹുസൈൻ കാമീ സംഭവം സംബന്ധിച്ച എല്ലാ സംഗതികളും വ്യക്തിമാക്കിക്കൊണ്ടു ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി: അദ്ദേഹം അതിൽ ഇപ്രകാരമാണ് എഴുതുകയുണ്ടായത്:

"തുർക്കികൾ ഭയഭക്തിയും ഹൃദയശുദ്ധിയും കൈവരിക്കണമെന്നല്ലാതെ എന്റെ വിജ്ഞാപനത്തിന്നു മറ്റെന്തൊരുദ്ദേശമാണുണ്ടായിരുന്നത്? സ്വർഗ്ഗീയമായ വിധിനിർണ്ണയങ്ങളെയും ദൈവീകമായ ശിക്ഷകളെയും തടുക്കുവാനായി ഭയഭക്തിയും പശ്ചാത്തപവും സൽകർമ്മാനുഷ്ഠാനവുമല്ലാതെ കൂടുതൽ ശക്തിമത്തായിട്ടുള്ള ഒന്നുംതന്നെയില്ല...ഞാൻ തുർക്കി ഭരണകൂടത്തിന്റെ ഉള്ളവസ്ഥകളെ കുറിച്ചു പ്രസ്താച്ചിട്ടുള്ളതെല്ലാം ശരിയായിരിക്കുകയും തുർക്കി ഭരണത്തിന്റെ ചങ്ങലക്കൊളുത്തുകളിൽ പെട്ടെന്നു പൊട്ടിപ്പോകുന്നതും രാജ്യദ്രോഹദുർബുദ്ധി വെളിപ്പെടുത്തുന്നതുമായ ദുർബ്ബലനൂൽ ബന്ധങ്ങളുണ്ടായിരിക്കുകയും ചെയ്കയെന്നതു അത്രയേറെ അസംഭവ്യമായിരുന്നുവോ)"('തബ് ലീഗെ രിസാല' ജി.6ഭാ,134-136)

"ചൗദ്വീൻ സദീ" എന്ന പത്രത്തിലെ 'വന്ദ്യപുരുഷൻ' ആരായിരുന്നു എന്നതു ഹദ്റത്ത് അഹ്മദിന്നു തികച്ചും അജ്ഞാതമായിരുന്നു എന്നു പറഞ്ഞുവല്ലൊ. ആ ഗുപ്തനാമാവായ "വന്ദ്യപുരുഷ"ന്റെ മറ നീക്കിയാഥാർത്ഥ്യം വെളിപ്പെടുത്താൻ അദ്ദേഹം അവധിവെച്ചു ദൈവത്തോടു പ്രാർത്ഥിച്ചു. താൻ സത്യമസീഹാണെങ്കിൽ, തന്നെ പറ്റി അപവാദം പറഞ്ഞ ആ അജ്ഞാതപുരുഷനെ പുറത്തു കൊണ്ടുവരികയും മാപ്പു ചോദിക്കുമാറാക്കുകയും വേണമെന്നായിരുന്നു ആ ദിവ്യാത്മാവ് ദൈവസവിധത്തിൽ ചെയ്ത പരിദേവനം!

തന്റെ വരിഷ്ഠന്മാർക്കുവേണ്ടി അല്ലാഹു എന്തെന്തു അത്ഭുതങ്ങൾ പ്രവർത്തിക്കുന്നില്ല? ഹദ്റത്ത് അഹ്മദ് (അ) ഖാദിയാനിലെ ഒരു മൂലയിലിരുന്നുകൊണ്ടു മേൽപ്രകാരം പ്രാർത്ഥന നടത്തിയപ്പോൾ റാവൽപിണ്ടിയിലൊരു ഹൃദയം അസ്വസ്ഥമാകുയും കിടിലം കൊള്ളുകയും നൊന്തു പിടക്കുകയും ചെയ്തു തുടങ്ങി! ഹ:അഹ്മദിന്റെ ഉഗ്രനിശ്ചയമടങ്ങിയ വിജ്ഞാപനം പാരായണം ചെയ്തതോടെ ആ "വന്ദ്യപുരുഷൻ" തളർന്നു കഴിഞ്ഞിരുന്നു! ഹസ്രത്ത് അഹ്മദിന്റെ ഉദാരമായ ആത്മീയപദവി അല്ലാഹു ആ മഹാനുദിവ്യമാർഗ്ഗത്തിൽ വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ടാവണം. അങ്ങേയറ്റത്തെ താഴ്മയോടും വിനീതഭാവത്തിലും തന്റെ, കുറ്റ മേറ്റു പറഞ്ഞുകൊണ്ടും മാപ്പപേക്ഷിച്ചുകൊണ്ടും റാവൽപിണ്ടി ജില്ലയിൽ ഗവാറിലെ 'റയീസുൽ അഅ്സമും മഹാപണ്ഡിതനുമായ രാജാജഹാൻദാ

ദ്ഖാൻ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്ക് സുദീർഘമായ ഒരെഴുത്തയ്ക്കാൻ തയ്യാറായി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ!1897 ഒക്ടോബർ 29-ാം തിയ്യതി എഴുതിയ പ്രസ്തുത കത്ത് അദ്ദേഹംതന്നെ 'ചൗദ്ദ് വീൻ സദീ'യ്ക്ക് പ്രസിദ്ധീകരണാർത്ഥം അയച്ചുകൊടുക്കുകയും ചെയ്തു. ആ കത്ത് പരിസമാപ്തീകരിച്ചതിങ്ങനെയായിരുന്നു:

"ഈ അവസരത്തിൽ കുറ്റവാളിയായ ഒരു മഹാപാപിയുടെ നിലയിൽ അങ്ങയുടെ മുമ്പിൽ ഞാനിതാ വന്നുനിന്നുകൊണ്ടു മാപ്പിരക്കുകയാണ്! നേരിട്ടു ഹാജരാകാനും യാതൊരു വിരോധവും ഇല്ല. എങ്കിലും ചില നിർബന്ധപരിതസ്ഥിതികളിൽ എനിയ്ക്കതിന്നു നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. പൊറുത്തു തന്നാലും! 1898 ജൂലായിക്കു മുമ്പായി ഞാൻ അവിടുത്തെ സവിധത്തിൽ ഹാജരായിക്കൊള്ളുന്നതാണ്.

"സർവ്വാധിനാഥനിൽനിന്നും സംതൃപ്തിപ്പെട്ടുകൊണ്ടറിയിക്കുമാറാകുന്നതിന്നു പ്രാർത്ഥിക്കുമെന്നു വിശ്വസിക്കുന്നു. 'മറവി പറ്റി; കരുതിക്കൂട്ടിയുള്ളതൊന്നും നാം കണ്ടതുമില്ല' (വി.ഖു) എന്നല്ലോ പ്രമാണം. നിയമത്തിന്റെ തത്വവും ഇതുതന്നെ. അറിഞ്ഞുകൊണ്ടും മന:പൂർവ്വവും ചെയ്യാത്ത കുറ്റങ്ങൾ പൊറുക്കപ്പെടുന്നതും മാപ്പാക്കപ്പെടുന്നതുമാണല്ലൊ. 'പൊറുത്തു കൊടുക്കുവിൻ; സംസ്ക്കരിക്കുവിൻ. അല്ലാഹു പരോപകാരികളെ സ്നേഹിക്കുന്നു,' (വി.ഖു)- അങ്ങയുടെ വിനീതനായ കുറ്റവാളി.... (ഒപ്പ്.). റാവൽപിണ്ടി. 29-10-97 (ചൗദ് വിൻ സദീ' 8-11-97)*

1897 നവബർ 20-ാം തിയ്യതി ഒരു വിജ്ഞാപനം വഴി ഹദ്റത്ത് അഹ്മദ്(അ) ഇപ്രകാരം പ്രഖ്യാപിച്ചു:

"അല്ലാഹു ഈ വന്ദ്യപുരുഷന്റെ തെറ്റ് പൊറുത്തുകൊടുക്കുകയും അദ്ദേഹത്തിൽ തൃപ്തനായിരിക്കുകയും ചെയ്യുമാറാകട്ടെ. ഞാൻ അദ്ദേഹത്തിൽ തൃപ്തിപ്പെട്ടിരിക്കുന്നു; പൊറുത്തു കൊടുക്കുകയും ചെയ്തിരിക്കുന്നു. നമ്മുടെ ജമാഅത്തിലെ ഓരോ അംഗവും അദ്ദേഹത്തിന്റെ ഗുണത്തിലേയ്ക്കായിട്ടു പ്രാർത്ഥന ചെയ്യേണ്ടതാണ്".

"നിന്നെ അപമാനിക്കാനൊരുങ്ങുന്നവനെ ഞാൻ അപമാനിക്കും" എന്നാണ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്ക് ലഭിച്ച ഒരു ദിവ്യ വെളിപാട്. തുർക്കി സ്ഥാനപതി ഹുസൈൻ കാമി വാഗ്ദത്തമസീഹിനെ അപകീർത്തിപ്പെടുത്താനും അവഹേളിക്കാനും വ്യർത്ഥാശ്രമാം നടത്തി. എന്നാൽ, അല്ലാഹു അയാളുടെ മുഖത്ത് ചെളിവാരിത്തേക്കുകയും അയാളെ നിത്യാപകീർത്തിയിലും നിരാശയിലും ആഴ്ത്തിക്കളയുകയാണ് ചെയ്തത്!

തുർക്കിയുടെ അധീനത്തിൽപെട്ട ക്രീറ്റ് ദ്വീപിനെ ഗ്രീക്കുകാർ 1897ൽ ആക്രമിച്ചു കീഴടക്കുകയും അവിടത്തെ മുസ്ലിംകളെ കൂട്ടക്കൊല ചെയ്യുകയും ചെയ്തതിനെ തുടർന്നു മുസ്ലിം ലോകത്താകമാനം വമ്പിച്ച ഇളക്കവും പ്രതിഷേധവുമുണ്ടായി. ഇന്ത്യൻ മുസ്ലിംകൾ തങ്ങളുടെ ആ മർദ്ദിതഭ്രാതാക്കളുടെ ദുരിതനിവാരണാർത്ഥം പണപ്പിരിവ് നടത്തുകയും

* ഈ കത്ത് പ്രസിദ്ധീകൃതമായ 'ചൗദ് വീൻ സദി'യുടെ 1897 നവമ്പർ 8-ാം തീയതിയിലെ ലക്കം അഹ്മദിയ്യാ കേന്ദ്രമായ റബ്വയിലെ 'ഖിലാഫത്ത് ലൈബ്രറി'യിൽ സൂക്ഷിപ്പുണ്ട് -ഗ്ര.

കോൺസ്റ്റേന്റിനോപ്പിളിലേയ്ക്കയക്കാനായി ഒരു വലിയ തുക തുർക്കി കോൺസലിനെ ഏല്പിക്കുകയും ചെയ്തു. 'വക്കീൽ' 'പൈസ്സ അഖ്ബാർ'എന്നീ പത്രങ്ങളുടെ അധിപന്മാരാണ് ഈ പണപ്പിരിവ് കാര്യത്തിൽ മുന്നിട്ടിറങ്ങിയിരുന്നത്. എന്നാൽ, "ഖലീഫത്തുൽ മുസ്ലിമീ"ന്റെ പ്രതിനിധിയായ ഈ ഉദ്യോഗസ്ഥൻ ആ തുക മുഴുവനും വിഴുങ്ങുകയും ഒരു ചില്ലിക്കാശ് പോലും മുസ്ലിം അഭായാർത്ഥികൾക്കുവേണ്ടി അയച്ചുകൊടുക്കാതിരിക്കുകയുമാണ് ചെയ്തത്. ഈ സംഗതി തുർക്കി ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുകയും ഹുസൈൻ കാമിക്കെതിരായി തുർക്കി പ്രധാനമാന്ത്രി നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു. അയാളുടെ സ്വത്തുകൾ തുർക്കി ഗവർമ്മെണ്ടു കണ്ടുകെട്ടുകയും ലേലം ചെയ്യുകയുമുണ്ടായി!

ഈ വാർത്ത ഇന്ത്യയിൽ മുഴുവനുള്ള പ്രമുഖപത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടതോടെ ഹുസൈൻ കാമി അങ്ങേയറ്റം അവഹേളിതനായിരുന്നു. 'നെയ്യറെ ആസഫി' എന്ന പത്രത്തിലാണ് ഇതു സംബന്ധിച്ച വാർത്ത ആദ്യമായി പുറത്തുവന്നത്. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്കെതിരായി ഈ മനുഷ്യനെ ആകാശത്തോളം പൊക്കിക്കാട്ടിയ പത്രങ്ങൾക്ക് ഈ വാർത്ത ഇടിവെട്ടേറ്റ അനുഭവമാണുണ്ടാക്കിയതെന്നു പറയാം. "ആന്തരീയ വിശുദ്ധിയാലും സത്യസന്ധതയാലും പ്രകാശമൂർത്തിയായി പ്രശോഭിക്കുന്ന തുർക്കി സുൽത്താൻ ഖലീഫത്തുല്ലായുടെ പ്രതിനിധി" എന്നേടത്തോളം ഹുസൈൻകാമിയെ പ്രശംസിച്ചുയർത്തിക്കാട്ടിയ 'നാസിമുൽഹിന്ദ്' എന്ന പത്രത്തിലും അയാളുടെ കൊടുംവഞ്ചനയെക്കുറിച്ചുള്ള റിപ്പോർട്ടു പ്രസിദ്ധമായി. "ഖലീഫയുടെ പ്രതിനിധിയും ദിവ്യ പ്രകാശത്തിന്റെ പ്രതിബിംബവും ആയ് ഹുസൈൻ കാമിയുടെ കൈയ്ക്ക് തൗബാ ചെയ്യാനും "മേലിൽ വാഗ്ദത്തമസീഹുവാദം ഉപേക്ഷിക്കുമെന്നു ഉറപ്പുകൊടുക്കാനുംവേണ്ടി" ഹദ്റത്ത് അഹ്മദ് (അ) അദ്ദേഹത്തെ ഖാദിയാനിലേയ്ക്ക് ക്ഷണിച്ചതാണെന്നുപോലും ഈ പത്രം എഴുതിത്തള്ളിയിരുന്നു. അങ്ങനെ, വാഗ്ദത്തമസീഹിനെ അപമാനിക്കാൻ പുറപ്പെട്ട തുർക്കി കോൺസൾ ഹുസൈൻ കാമി സ്വയം അപമാനിതനായിത്തീരുകയും ഒരു രാജ്യദ്രോഹിയും അഴിമതിക്കാരുമായി മുദ്രയടിക്കപ്പെടുകയും ചെയ്തു!

തുർക്കിസുൽത്താന്റെ സ്ഥിതിയും ഹദ്റത്ത് അഹ്മദ്(അ) അറിയച്ചതിൽനിന്ന് ഒട്ടും ഭിന്നമായിരുന്നില്ല. അനന്തര സംഭവഗതികൾ ആ പ്രവചനങ്ങളെ അക്ഷരംപ്രതി സത്യപ്പെടുത്തി.

സുൽത്താൻ അബ്ദുൽഹമീദ്ഖാന്നു എന്തുസംഭവിച്ചു എന്നതു ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. സുൽത്താന്നു ചുറ്റുമുള്ളവരിൽ അദ്ദേഹത്തിന്നു വിശ്വാസമുണ്ടായിരുന്നില്ല. കൊട്ടാരത്തെയും സുൽത്താന്റെ ജീവനെത്തന്നെയും അപഹരിക്കാൻ തയ്യാറായ രാജ്യദ്രോഹികളും വഞ്ചകന്മാരും അദ്ദേഹത്തെ വലയം ചെയ്തിരുന്നു. ഭരണത്തിൽ കുഴപ്പങ്ങൾ മൂർച്ഛിക്കുകയും സാമ്പത്തികനില താറുമാറാകയും ചെയ്തു.

1896ൽ ക്രീറ്റിൽ ഗ്രീക്കുകാർ വിപ്ലവം നടത്തി. അടുത്ത കൊല്ലം ഗ്രീസ് ഉസ്മാനിയാ സാമ്രാജ്യത്തോടു യുദ്ധത്തിനു പുറപ്പെട്ടു. തുർക്കികൾ ഏതൻസിനെ ലക്ഷ്യമാക്കി കുതിച്ചുകൊണ്ടിരിക്കെ റഷ്യയും ബ്രിട്ടനും ഫ്രാൻസും ഇറ്റലിയും ഇടപെട്ടു യുദ്ധം നിർത്തി. ഇടപെട്ട രാഷ്ട്രങ്ങളുടെ നിയന്ത്രണത്തിൽ ക്രീറ്റിന്നു സ്വയംഭരണം സിദ്ധിച്ചു. 1905ൽ തുർക്കിക്കെതിരായി സംയുക്തശക്തികളുടെ സാർവ്വദേശീയനാവികപ്രകടനമുണ്ടായി. തുർക്കി സാമ്രാജ്യത്തിൽ വിപ്ലവത്തിന്റെ ലക്ഷണങ്ങൾ പ്രകടമായിത്തുടങ്ങി. ബാൾക്കാനിൽ യുദ്ധം പൊട്ടുകയും ഓരോ പ്രദേശവും സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്തു. ഗ്രീക്കുകാരുമായുള്ള യുദ്ധത്തിൽ തുർക്കിക്ക് വമ്പിച്ച നാശം പറ്റി. മന്ത്രിമാരുടെ രാജ്യദ്രോഹവും വഞ്ചനയും നിമിത്തം മുന്നേറുമാറായ മാസിഡോണിയൻ സേന ഒടുവിൽ 1909 ഏപ്രിൽ 27-ാം തിയ്യതി സുൽത്താൻ അബ്ദുൽഹമീദ്ഖാനെ സ്ഥാനഭ്രഷ്ടനാക്കി!

സുൽത്താൻ അബ്ദുൽഹമീദ്ഖാൻ ദൈവഭക്തിയുള്ള ഒരാളായിരുന്നു. വ്യക്തിപരമായി അദ്ദേഹത്തിന്റെ മഹത്വത്തെ കുറിച്ചു ഹദ്റത്ത് അഹ്മദ് (അ) സ്തുതിച്ചു പറയാറുണ്ടായിരുന്നു. തുർക്കി സുൽത്താൻ ഹറമൈന്റെ സംരക്ഷകരായിരുന്നില്ല എന്നും ഹറമൈൻ കാരണം തുർക്കി സുൽത്താന്മാർ സംരക്ഷിക്കപ്പെടുകയായിരുന്നു വെന്നാണ് ഹദ്റത്ത് അഹ്മദുൽഖാദിയാനി (അ) വിശ്വസിച്ചിരുന്നത്. അതിനാൽ മുസ്ലിംലോകത്തിനുള്ള ഒരനുഗ്രഹമെന്നനിലയിലാണ് തുർക്കിസുൽത്താൻമാർ വീക്ഷിക്കപ്പെടേണ്ടതെന്നും അദ്ദേഹം കരുതിയിരുന്നു. ഈ നിലയ്ക്ക് സുൽത്താന്നുവേണ്ടിയും തുർക്കിക്കുവേണ്ടിയും ഹദ്റത്ത് അഹ്മദ് (അ) പ്രാർത്ഥിക്കാതിരുന്നില്ല. ഈ പ്രാർത്ഥനയുടെ ഫലമായിട്ടുതന്നെയാവണം ഹദ്റത്ത് അഹ്മദിന്റെ ജീവകാലംവരെ സുൽത്താൻ അബ്ദുൽഹമീദ്ഖാന്നു സുരക്ഷിതനായിരിക്കാൻ കഴിഞ്ഞു.

1904 ജനുവരി 4-ാം തിയ്യതി തുർക്കിസാമ്രാജ്യത്തെ പറ്റി ഹദ്റത്ത് അഹ്മദിനു ഇപ്രകാരം ഒരു വെളിപാടുണ്ടായി: 'റോമക്കാർ (തുർക്കികൾ) അടുത്തൊരു പ്രദേശത്തുവെച്ചു അപജിതരായിത്തീരും അവരുടെ പരാജയത്തിന്നുശേഷം അടുത്തുതന്നെ ജയശാലികളായിത്തീരുകയും ചെയ്യും" (തദ്കിറ, ഭാ.469) ഈ പ്രവചനമനുസരിച്ചു ഗ്രീക്കുകാർക്കെതിരിൽ തുർക്കികൾ പരാജയപ്പെട്ടുവെങ്കിലും പിന്നീട് വിജയംനേടി!

1914ൽ ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു, തുർക്കി അന്നു ജർമ്മനിയുടെ പക്ഷം ചേർന്നുകൊണ്ടു യുദ്ധത്തിൽ ഭാഗഭാക്കായി. 1918ൽ ജർമ്മനി ആയുധംവെച്ചു കീഴടങ്ങിയപ്പോൾ തുർക്കിയുടെ നില അത്യന്തം ആപൽക്കരമായിത്തീർന്നു. സഖ്യകോയ്മകൾ തുർക്കി സാമ്രാജ്യം പങ്കിട്ടെടുത്തു. സുൽത്താൻ അബ്ദുൽ ഹമീദ്ഖാന്നു ശേഷം സുൽത്താൻ മുഹമ്മദ് അഞ്ചാമനും അദ്ദേഹം മരിച്ചപ്പോൾ സുൽത്താൻ അബ്ദുൽവഹീദും ആണ് തുർക്കി ഖലീഫമാരായത്. സുൽത്താൻ അബ്ദുൽവഹീദ്ഖാന്റെ കാലത്ത് മുസ്തഫാ കമാൽ പാഷ തുർക്കിസൈന്യത്തെ

പുന:സംഘടിപ്പിച്ചുകൊണ്ടു അനാത്തോലിയയിൽ ഗ്രീക്കുകാർക്കെതിരായി പൊരുതി ഏഷ്യാ മൈനറിനെ സ്വതന്ത്രമാക്കുകയും 1922 ഒക്ടോബർ 22-ാം തിയ്യതി കോൺസ്റ്റാന്റിനോപ്പിൾ തിരികെ പിടിക്കുകയും ചെയ്തു. ഇങ്ങനെ തുർക്കി കൾക്ക് വമ്പിച്ചൊരു പരാജയത്തിനുശേഷം മഹത്തായ വിജയവും കരസ്ഥമായി. ഈ വിപ്ലവത്തിന്നുശേഷമാണ് മുസ്തഫാ കമാൽ പാഷ ആധുനിക തുർക്കി റിപ്പബ്ളിക്ക് സ്ഥാപിച്ചത്. ഇതോടുകൂടി തുർക്കി ഖിലാഫത്ത് എന്നെന്നേയ്ക്കുമായി അവസാനിച്ചു. ഒടുവിലത്തെ "ഖലീ ഫത്തുൽ മുസ്ലിമീൻ" നാടുവിട്ടോടുകയും ഇംഗ്ലീഷുകാരുടെ തണലിൽ മാൾട്ടയിൽ രക്ഷപ്രാപിക്കുകയും ചെയ്തു!

41- വധോദ്യമക്കേസ്സ്

1897 ജൂലായ് മാസത്തിൽ ഒരു ദിവസം രാവിലെ തന്റെ വീട്ടിനോട നുബന്ധിച്ചുള്ള പള്ളിയിൽ ശിഷ്യരെയെല്ലാം ഹദ്റത്ത് അഹ്മദ്(അ) വിളി ച്ചുകൂട്ടുകയും തന്റെ നോട്ടുബുക്ക് നിവർത്തി തലേന്നു രാത്രി താൻ കണ്ട ഒരു ദിവ്യസ്വപ്നം അവർക്ക് വിവരിച്ചുകൊടുക്കുകയും ചെയ്തു. പടിഞ്ഞാ റുഭാഗത്തുനിന്നു ഒരു മിന്നിൽപിണർ തന്റെ ഭവനത്തിന്റെ ഭാഗത്തേയ്ക്കു വരുന്നതായി താൻ കാണുകയുണ്ടായെന്നും എന്നാൽ, അതു വീട്ടിനടു ത്തെത്തിയപ്പോൾ ഒരു നക്ഷത്രമായിപ്പരിണമിച്ചുവെന്നും ഉടൻതന്നെ ഇപ്ര കാരം ഒരശരീരി ഉണ്ടായെന്നും അദ്ദേഹം പറഞ്ഞു: "അധികൃതന്മാരിൽ നിന്നുള്ള ഒരു ഭീഷണി മാത്രമാണിത്. ഫലം വിടുതൽ ആയിരിക്കും"

ഹദ്റത്ത് അഹ്മദിന്റെ ശിഷ്യനായ ഹദ്റത്ത് മൗലാനാ ഖാസിബുർ ഹാനുദ്ദീൻ സാഹിബ് ജഹ്ലമിയുടെ ഭാഗിനേയനായ അബ്ദുൽ ഹമീദ് എന്നൊരു യുവാവ് ആയടുത്തു ഒരു ദിവസം ഖാദിയാനിൽ വന്നെത്തി. താന്തോന്നിയും നിർമ്മമതനുമായ ഈ ചെറുപ്പക്കാരൻ 'ബൈഅത്ത്' ചെയ്യാൻ ശ്രമം നടത്തിയെങ്കിലും ഫലിച്ചില്ല. ആ യുവാവിന്റെ യഥാർത്ഥ നില മനസ്സിലാക്കിയ ഹദ്റത്ത് അഹ്മദ് (അ) അവൻ ഖാദിയാനിൽ താമ സിക്കുന്നതുതന്നെ ഇഷ്ടപ്പെട്ടില്ല. തൻമൂലം ഖാദിയാൻ വിടേണ്ടിവന്ന ആ യുവാവ് നേരെ അമൃത്സറിലേയ്ക്കാണ് യാത്ര പുറപ്പെട്ടത്. അവിടെ യുള്ള അമേരിക്കൻ മിഷ്യന്റെ തലവനായ പാതിരി ഡോ.എച്ച്.ഏ.ഗ്രേയെ സമീപിക്കുകയും ക്രിസ്തുമതത്തിൽ ചേരാൻ സന്നദ്ധത പ്രകടിപ്പിക്കുക യും ചെയ്തു. എന്തോ കാര്യലാഭത്തിന്നു വന്നതാണെന്നു മനസ്സിലാക്കിയ ഫാദർ ഗ്രേ അവനെ അവിടെ അല്പനേരവും പൊറുപ്പിക്കാതെ അടി ച്ചോടിക്കുകയുണ്ടായത്. ഭഗ്നാശനായ പ്രസ്തുത യുവാവ് 'ചർച്ച് മിഷ്യ നറി സൊസൈറ്റി'യുടെ തലവനായ റവ:ഡോ.ഹെന്റി മാർട്ടിൻ ക്ലാർക്കിനെ (എം.ഡി.സി.യം, എഡിൻബറൊ: എം.ആർ ഏ.എസ്) സമീപിച്ചു. ഖാദി യാനിൽനിന്നാണ് വരുന്നതെന്നറിഞ്ഞപ്പോൾ ക്രിസ്തീയനേതാവ് ആ യുവാവിനെ വശത്താക്കാനും ഹദ്റത്ത് അഹ്മദിന്നെതിരായി അവനെ ഉപയോഗപ്പെടുത്താനും ആലോചിച്ചുറച്ചു. അതിന്റെ ഫലമാണ് മാർട്ടിൻ ക്ലാർക്ക് വധോദ്യമക്കേസ്.

അമൃത്സറിൽവച്ചു റവ: അബ്ദുല്ലാ ആഥിമുമായി നടന്ന സുപ്രസിദ്ധമായ വിവാദത്തെത്തുടർന്നു ക്രിസ്തുമതത്തിന്നുണ്ടായ വമ്പിച്ച പരാജയവും ഹദ്റത്ത് അഹ്മദിന്നു നാൾക്കുനാൾ കൈവന്നുകൊണ്ടിരുന്ന മേൽക്കുമേലുള്ള വിജയങ്ങളും കാരണം വിദ്വേഷവും പകയും പുലർത്തിപ്പോന്നിരുന്ന ഒരു പറ്റം പാതിരിമാരുടെ നേതാവായ ഡോ.ക്ലാർക്ക്* ആ പുണ്യാത്മാവിനെ ഒരു കള്ളക്കേസ്സിൽ കുടുക്കാനുള്ള കുത്സിതമായ ഗൂഢാലോചനയുമായി സ്വയം ബന്ധപ്പെടുത്താൻ മാത്രം താണിറങ്ങി എന്നു പറഞ്ഞാൽ മതി. ക്രിസ്തീയ ഗവർമ്മെണ്ടിന്റെ കോടതി തങ്ങൾക്കനുകൂലമായിട്ടേ വിധി പറയൂ എന്നു വിശ്വസിച്ചിട്ടാവാം അവർ ഹ: അഹ്മദിനെ ഇപ്രകാരം പ്രതികൂട്ടിലേയ്ക്ക് വലിച്ചിഴക്കാൻ ഒരുങ്ങിപ്പുറപ്പെട്ടത്!

അങ്ങനെ, 1897 ആഗസ്റ്റ് 1-ാം തിയ്യതി അമൃത്സർ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് മി.ഏ.ഇ.മാർട്ടിനോ (A.E.Martineau)വിന്റെ കോടതിയിൽ ഹദ്റത്ത് അഹ്മദിന്നെതിരായി ഇന്ത്യൻ പീനൽകോഡ് 107-ാം വകുപ്പ് പ്രകാരമുള്ള കുറ്റം ആരോപിച്ചുകൊണ്ടു റവ:മാർട്ടിൻ ക്ലാർക്ക് ഒരു കേസ്സ് ഫയൽ ചെയ്തു. തന്നെ വധിക്കാനായി അബ്ദുൽഹമീദ് എന്നുപേരായ ഒരു യുവാവിനെ ഹദ്റത്ത് അഹ്മദ്(അ)അയച്ചു എന്നായിരുന്നു അന്യായഹരജിയിൽ ആരോപിക്കപ്പെട്ട കുറ്റം.

അമൃത്സർ ഡിസ്ട്രിക്റ്റ് മജിസ്ത്രേട്ട് മി.മാർട്ടിനോ അബ്ദുൽഹമീദിന്റെ മൊഴി രേഖപ്പെടുത്തിയശേഷം ഉടൻ തന്നെ ഹദ്റത്ത് അഹ്മദിനെ അറസ്റ്റ് ചെയ്യുവാൻ കൽപിച്ചുകൊണ്ടു 114-ാം വകുപ്പു പ്രകാരം ഒരുവാറണ്ട് പുറപ്പെടുവിച്ചു.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ അറസ്റ്റ് ചെയ്യാൻ അമൃത്സർ കലക്ടർ വാറണ്ട് പുറപ്പെടുവിച്ച വിവരം കാട്ടുതീപോലെ പരന്നു. ശത്രുക്കൾ ആഹ്ളാദഭരിതരായി. ഒന്നുരണ്ടു ദിവസത്തിനകം മിർസാഗുലാം അഹ്മദിനെ കയ്യാമം വച്ചു പോലീസ് അകമ്പടിയോടെ അമൃത്സർ റയിൽ വേസ്റ്റേഷനിൽ കൊണ്ടുവരും! ആ കാഴ്ച കണ്ടു ഹൃദയത്തിൽ കുളിരണിയാൻ 'ശാസ്ത്രിമാരും' 'പരിശന്മാരും' മാത്രമല്ല, സാമാന്യജനങ്ങളും റയിൽവേസ്റ്റേഷനിൽ തിക്കിത്തിരക്കി! ദിവസവും അവർ സ്റ്റേഷനിൽ വരികയും നിരാശപ്പെട്ടു മടങ്ങുകയും ചെയ്തിരുന്നു!

എന്നാൽ അവരാശിച്ചതു സംഭവിക്കുകയില്ലായിരുന്നു. എന്തെന്നാൽ, തന്റെ സത്യമസീഹിനെ എളിമയിലാക്കാനല്ല, ബഹുമാനിക്കാനാണ് അല്ലാഹു ഇച്ഛിച്ചിരുന്നത്. അതിനാൽ അമൃത്സർ ഡിസ്ട്രിക്റ്റ് മജിസ്ത്രേട്ട് പുറപ്പെടുവിച്ച വാറണ്ട് ഹദ്റത്ത് അഹ്മദിന്റെ അടുക്കൽ എത്തിയില്ല. അതു എങ്ങോ പോയി മറഞ്ഞു!

ഒരാഴ്ച കഴിഞ്ഞപ്പോഴാണ്-ആഗസ്ത് 7-ാം തിയ്യതി തനിക്കു വലിയയൊരമളി പിണഞ്ഞതായി അമൃത്സർ ഡിസ്ട്രിക്ട് മജിസ്ത്രേട്ടിന്നു ബോദ്ധ്യപ്പെട്ടത്! തന്റെ അധികാരപരിധിയിൽ കവിഞ്ഞ ഒരു കാര്യമാണ

*അമൃത്സർ വിവാദത്തിന്നു മുൻകൈ എടുത്തതും റവ:ആഥിമിന്റെ അസാന്നിദ്ധ്യത്തിൽ ക്രൈസ്തവപക്ഷത്തിന്റെ മുഖ്യപ്രതിനിധിയായി ഹദ്റത്ത് അഹ്മദിന്നെതിരിൽ വന്നതും റവ:ഡോ.മാർട്ടിൻ ക്ലാർക്ക് ആയിരുന്നു.

താൻ ചെയ്തതെന്നു അദ്ദേഹം കണ്ടു. എന്തെന്നാൽ, ഹദ്റത്ത് അഹ്മദ് (അ)താമസിച്ചു വന്നിരുന്ന ഖാദിയാൻ അമൃത്സർ ജില്ലയ്ക്കു പുറത്ത് ഗുർദാസ്പൂർ ജില്ലയിൽപെട്ട ഒരു ഗ്രാമമായതിനാൽ കേസ് ഗുർദാസ്പൂരിലേയ്ക്കു മാറ്റേണ്ടിയിരുന്നു.

അറസ്റ്റ് വാറണ്ട് ബലത്തിൽ വരുത്തരുതെന്നു കാണിച്ചു ഡിസ്ത്രിക്ട് മജിസ്ട്രേട്ട് മി.മാർട്ടിനോ ഗുർദാസ്പൂർ ഡി.സി.യ്ക്ക് കമ്പിയടിച്ചു. എന്നാൽ അത്തരം ഒരു വാറണ്ട് ഗുർദാസ്പൂർ കച്ചേരിയിൽ കിട്ടിയിരുന്നില്ലെന്നതിനാൽ അധികൃതന്മാർ അമ്പരക്കുകയാണുണ്ടായത്. കമ്പിസന്ദേശം യഥാവിധി റിക്കാർഡാക്കി. 1897 ആഗസ്ത് 8-ാം തിയ്യതി കേസ്സ് ഗുർദാസ്പൂർ ജില്ലാ മജിസ്ട്രേട്ട് കോടതിയിലേയ്ക്ക് മാറ്റപ്പെടുകയും ചെയ്തു.*

അന്നത്തെ ഗുർദാസ്പൂർ ഡിസ്ത്രിക്ട് മജിസ്ത്രേട്ട് കേപ്റ്റൻ എം. ഡബ്ല്യു: ഡഗ്ലസ്** ആയിരുന്നു. ഡോ.ക്ലാർക്ക് ഡഗ്ളസിനെ സമീപിക്കുകയും തന്നെ വധിക്കുവാൻ അബ്ദുൽ ഹമീദ് എന്നൊരു യുവാവിനെ പ്രേരിപ്പിച്ചയച്ച കുറ്റത്തിന്നു ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പേരിൽ കേസ്സെടുക്കണമെന്നു ആവശ്യപ്പെടുകയുമുണ്ടായി. ഡഗ്ളസ് ഇതിന്നു നൽകിയ മറുപടി ഇതായിരുന്നു: 'ഇതു നിശ്ചയമായും വളരെ ഗുരുതരമായ കേസ്സാണ്. അതിനാൽ, ഇതു സംബന്ധിച്ചു പോലീസ് അന്വേഷണം നടത്തേണ്ടതുണ്ട്. പ്രതിയെ പിന്നീട് സെഷൻസിലേയ്ക്ക് കമ്മിറ്റ് ചെയ്യുകയും വേണം."

ഡോ.ക്ലാർക്ക് ഇപ്രകാരം പറഞ്ഞു: "എനിക്ക് സുഖമില്ല. ലീവെടുക്കുകയും വേണം. സാക്ഷികളിൽ സ്വാധീനം ചെലുത്തപ്പെട്ടേയ്ക്കുമെന്നു ഭയവും ഉണ്ട്. അതുകൊണ്ട് കേസ്സ് ഉടൻതന്നെ വിചാരണ ചെയ്യണമെന്നാണ് എന്റെ ആഗ്രഹം."

"യാതൊരന്വേഷണവും നടത്താതെ നിങ്ങളുടെ പക്കലുള്ള തെളിവുകളെ മാത്രം അടിസ്ഥാനമാക്കി ഗുലാംഅഹ്മദിന്റെ പേരിൽ കുറ്റം ചുമത്താൻ എനിയ്ക്ക് പാടുള്ളതല്ല. എങ്കിലും, നിങ്ങളുടെ തെളിവുകൾ പ്രകാരം ന്യായമാണെന്നു കാണുന്നപക്ഷം നല്ല നടപ്പിനുള്ള ജാമ്യം ആവശ്യപ്പെടുന്നതിന്നു വിരോധമില്ല." അതായിരുന്നു ഗുർദാസ് പൂർ ഡിസ്ത്രിക്ട് മജിസ്ട്രേട്ടിന്റെ ഉറച്ച നില.

അങ്ങനെ ഐ.പി.സി 107-ാം വകുപ്പ് പ്രകാരമുള്ള ഒരു കേസ്സു നിലവിൽ വന്നു. 1897 ആഗസ്ത് 10-ാം തിയ്യതി ബട്ടാലയിൽ ഡി.മജിസ്ത്രേട്ടു മുമ്പാകെ ഹാജരാകുന്നതിന്നു ആഗസ്ത് 9-ാം തിയ്യതി ഹദ്റത്ത് അഹ്മ

*മിശിഹാമാരുടെ ശ്രദ്ധേയമായ സാദൃശ്യം: 'ഹെറോദാവിന്റെ അധികാരത്തിൽ ഉൾപ്പെട്ടവൻ എന്നറിഞ്ഞിട്ടു ആ നാളുകളിൽ യരുശലേമിൽ വന്നുപാർക്കുന്ന ഹൈരോദാവിന്റെ അടുക്കൽ അവനെ അയച്ചു...എന്നാൽ ഹെരോദാ തന്റെ പടയാളികളുമായി അവനെ പരിഹസിച്ചു, നിസ്സാരനാക്കി, ശുഭ്രവസ്ത്രം ഉടുപ്പിച്ചു, പീലാത്തോസിന്റെ അടുക്കൽ തിരികെ അയച്ചു.' (ലൂക്കോസ് 23.7-11)

** പിന്നീട് ലെഫ്.കേണൽ, സി.എസ്.ഐ,സി.ഐ.ഇ.സ്ഥാനങ്ങൾ നേടിയ ഇദ്ദേഹം അന്തമാനിൽ ചീഫ് കമ്മീഷണർ ഉദ്യോഗം വഹിച്ചശേഷമാണ് അടുത്തൂൺപറ്റി പിരിയുകയുണ്ടായത്. 1957 ഫിബ്രവരി 25-ാം തിയ്യതി, 93-ാം വയസ്സിൽ ഇദ്ദേഹം ലണ്ടനിൽ വച്ചു നിര്യാതനായി.

ദിന്നു സമൻസ് കിട്ടി. അറസ്റ്റ് വാറണ്ടു പുറപ്പെടുവിക്കാൻ ഡോ.ക്ലാർക്കിന്റെ വക്കീൽ നടത്തിയ ശ്രമങ്ങളൊന്നും ഫലിച്ചില്ല!

ആഗസ്റ്റ് 10-ാം തിയ്യതി കേസ്സ് വിചാരണ ആരംഭിച്ചു. ഡോ.ക്ലാർക്ക്, അബ്ദുൽഹമീദ് എന്നിവരുടെയും അബ്ദുർറഹീം, പ്രേംദാസ്, മൗലവി നൂറുദ്ദീൻ സാഹിബ്, ശേഖ് റഹമത്തുല്ലാഹ്, മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി, പ്രഭുദയാൽ എന്നീ സാക്ഷികളുടെയും വിസ്താരങ്ങളും ഹദ്റത്ത് അഹ്മദിന്റെ വിചാരണയും നടന്നു. ആഗസ്റ്റ് 13-ാം തിയ്യതിവരെയുള്ള വിചാരണകൾക്കിടയിൽ അബ്ദുൽഹമീദ് ഓരോ പ്രാവശ്യവും പുതിയ പുതിയ സംഗതികൾ വെളിപ്പെടുത്തിക്കൊണ്ടിരുന്നതു കോടതി പ്രത്യേകം ശ്രദ്ധിക്കാതിരുന്നില്ല. അവന്നു കൂടുതൽ കാര്യങ്ങൾ വെളിവാക്കാൻ കഴിയും എന്നായിരുന്നു ഡോ.ക്ലാർക്കിന്റെ പക്ഷം. ഇത്രയും നാൾ അബ്ദുൽഹമീദ്, സി.എം.എസ്. സർവീസിലെ പാതിരിമാരുടെ പൂർണ്ണ നിയന്ത്രണത്തിലായിരുന്നു കഴിഞ്ഞുകൂടിയത്. അബ്ദുർ റഹീം, വാരിസുദ്ദീൻ, പ്രേംദാസ് എന്നിവർ അവരിൽ പ്രധാനികളും. താൻ അന്യായഭാഗം സാക്ഷിയായി തെളിവുകൾ നൽകിയിരിക്കയാൽ ജീവൻ അപകടത്തിലാകുമെന്നു ഭയപ്പെടുന്നതുകൊണ്ടു ഡോ.ക്ലാർക്കിന്റെ കൂടെതന്നെ പാർക്കാൻ അനുവദിക്കണമെന്നു അബ്ദുൽഹമീദ് കോടതിയോടപേക്ഷിക്കുകയും ചെയ്തിരുന്നു.

ഈ കേസ്സിൽ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ഡോ. മാർട്ടിൻ ക്ലാർക്കിന്റെ പക്ഷത്തു കള്ളസാക്ഷി പറയാൻ പ്രത്യക്ഷപ്പെട്ടു. ആഗസ്ത് 13-ാം തീയതിയാണ് അദ്ദേഹത്തിന്റെ സാക്ഷി വിസ്താരം നടന്നത്.

ഗുരുദാസ്പൂർ ഡിസ്ട്രിക്ട് മജിസ്ത്രേട്ട് ആഫീസിൽ 'റീഡർ' ആയി ജോലി ചെയ്തിരുന്ന രാജാ ഗുലാംഹൈദർഖാൻ (റാവൽ പിണ്ഡി) ഇപ്രകാരം പ്രസ്താവിക്കുന്നു:

"ഡോ.ഹെന്റി മാർട്ടിൻ ക്ലാർക്കിന്റെ കേസ്സ് കാലത്ത് ഞാൻ ഗുർദാസ്പൂർ ഡിപ്യൂട്ടി കമ്മീഷണരുടെ (കലക്ടർ ആന്റ് ഡി.മജിസ്ത്രേട്ട്) ആഫീസിൽ 'റീഡർ' ആയിരുന്നു. നാലഞ്ചു ദിവസത്തെ അവധിയിൽ ഞാൻ റാവൽപിണ്ടിയിലേയ്ക്കു പോയിരിക്കയായിരുന്നു. അവധികഴിഞ്ഞു മടക്കത്തിൽ അമൃത്സർ റയിൽവെസ്റ്റേഷനിൽവച്ചു ടിക്കെറ്റെടുത്തു രണ്ടാം ക്ലാസ്സ് മുറിയിൽ കയറി. വണ്ടി പുറപ്പെടുന്നതും കാത്തിരിക്കുകയായിരുന്നു ഞാൻ. അപ്പോൾ രണ്ടു യൂറോപ്യന്മാർ വന്നുകയറി. ഒരാൾ ഡോ. ഹെന്റി മാർട്ടിൻ ക്ലാർക്ക് തന്നെയായിരുന്നു. മറ്റെയാൾ ഒരു വക്കീലും. അല്പസമയത്തിന്നകം മൗലവി മുഹമ്മദ് ഹുസൈൻ സാഹിബും വന്നു. അദ്ദേഹം അതേ സീറ്റിൽ ഇരിപ്പുറപ്പിച്ചു. സിയാൽക്കോട്ടു ജില്ലയിൽ ഉദ്യോഗമായിരുന്നപ്പോൾ ഡോ.ക്ലാർക്കുമായി ഞാൻ പരിചയം നേടിയിരുന്നു. മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിനെയും എനിയ്ക്ക് നല്ലവണ്ണമറിയാമായിരുന്നു. സംസാരം തുടങ്ങിയപ്പോൾ എനിയ്ക്ക് മനസ്സിലായി, മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവിയും ഡോ. സാഹിബിന്റെ സഹയാത്രികനാണെന്ന്. മാത്രമല്ല, അദ്ദേഹത്തിന്റെ ടിക്കറ്റും ഡോ.ക്ലാർക്ക് ആണ് വാങ്ങി

യിരുന്നതെന്നും! 'താങ്കൾ സിയാൽക്കോട്ടു ശിരസ്തദാരായിരുന്നല്ലോ; ഇപ്പോഴെവിടെയാണ് ജോലി?' എന്നു എന്നോടു ഡോക്ടർ ചോദിച്ചു. ഗുർദാസ്പൂർ ഡപ്യൂട്ടി കമ്മീഷണരുടെ റീഡർ ആണെന്നു ഞാൻ മറുപടി നൽകി. ഡോക്ടർ സാഹിബ് പറയുകയായി: 'ഓഹോ!അപ്പോൾ സാത്താന്റെ തല ചതക്കുന്ന കാര്യത്തിൽ സഹായം നൽകാൻ താങ്കൾക്കാവുമല്ലോ!' മൂവരെയും എനിയ്ക്കറിയാമായിരുന്നതിനാൽ സൂചന വേഗം മനസ്സിലായി. 'ശൈത്താന്റെ തല ചതയ്ക്കേണ്ടതു എല്ലാ നല്ലവരുടെയുംകടമതന്നെ. പക്ഷേ, താങ്കളുദ്ദേശിക്കുന്നതു എന്തെന്നു എനിയ്ക്കു മനസ്സിലായില്ല' എന്നു ഞാനുത്തരം പറഞ്ഞു. അപ്പോൾ ഡോക്ടർ ക്ലാർക്ക് മിർസാ സാഹിബിന്റെ പേരെടുത്തുകൊണ്ടു ഇപ്രകാരം തുടർന്നു; 'അയാൾ പെരിയസാത്താനാണ്. ആ സാത്താന്റെ തല ചതയ്ക്കാനാണ് നാമും ഈ മൗലവി സാഹിബും ശ്രമിക്കുന്നത്. ഞങ്ങളെ സഹായിക്കുമെന്നു താങ്കൾ വാക്ക് തരണം.' ആ സംസാരം നീട്ടിക്കൊണ്ടുപോകാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. അതിനാൽ ഞാൻ ഇത്രമാത്രം പറഞ്ഞു: 'നിങ്ങളും മീർസാ സാഹിബും തമ്മിൽ സമരമാണെന്നു ഞാൻ അറിയും. കേസ്സു കോടതിയിലുമാണ്. അതിനാൽ ഇതു സംബന്ധിച്ചു കൂടുതൽ സംസാരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. ശൈത്താൻ ആരാണോ അവന്റെ തല സ്വയം ചതയ്ക്കപ്പെടുകതന്നെ ചെയ്യും.' ഇതിനുശേഷം എന്തെങ്കിലും സംസാരമുണ്ടായോ എന്നു ഞാനോർക്കുന്നില്ല. ഞാൻ പിന്നീട് ബട്ടാലയിൽ ഡ്യൂട്ടിയ്ക്ക് ഹാജരായി. ഡപ്യൂട്ടി കമ്മീഷണർ അവിടെയാണ് ക്യാമ്പ് ചെയ്തിരുന്നത്'*

മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെയും മറ്റും വിചാരണയ്ക്കുശേഷം ആഗസ്ത് 13-ാം തീയ്യതി കോടതി പിരിഞ്ഞു. ഗുർദാസ്പൂരിലേയ്ക്കു മടങ്ങുവാനായി ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മി.ഡഗ്ലസ് ബട്ടാല റയിൽവേസ്റ്റേഷനിൽ എത്തിച്ചേർന്നു. അദ്ദേഹത്തോടൊപ്പം റീഡർ രാജാം ഗുലാംഹൈദർഖാനും ഉണ്ടായിരുന്നു. ക്യാപ്റ്റൻ ഡഗ്ളസ് ചിന്താകുലനായി സ്റ്റേഷനിൽ ഉലാത്തിക്കൊണ്ടിരുന്നതിനിടിയിൽ ഗുലാം ഹൈദർഖാനോടു ഇപ്രകാരം പറഞ്ഞു: "ഞാൻ ഈ കേസ്സിൽതന്നെ നിലീനനായിരിക്കുകയാണ്. ഏതുഭാഗത്തു നോക്കുമ്പോഴും മിർസാ സാഹിബിന്റെ രൂപം പ്രത്യക്ഷപ്പെടുന്നു. 'നീതി കൈവിടാതെ' എന്നദ്ദേഹം എന്നോടു പറയുന്നതായി ഞാൻ കാണുന്നു'**

*രാജാ ഗുലാം ഹൈദർഖാൻ അഹ്മദി വിശ്വാസക്കാരനായിരുന്നില്ല. അദ്ദേഹം മരണകാരണമായ രോഗത്തിൽ ശയ്യാവലംബിതനായിരുന്നപ്പോൾ 'മുജദ്ദിദെ അഅ്സം' (ഹദ്റത്ത് അഹ്മദിന്റെ ജീവചരിത്രം) എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഡോ.ബിശാറത്ത് അഹ്മദ് സാഹിബിന്നു എഴുതി അയച്ച ഒരു ദീർഘമായ പ്രസ്താവനയിലടങ്ങിയതാണ് ഈ ഭാഗം.

**ഈ സാക്ഷ്യം പറഞ്ഞതും ഒരു അനഹ്മദിയായിരുന്ന ഗുലാം ഹൈദർഖാൻ തന്നെ. ഇവിടെയും മിശിഹമാക്കുള്ള സാദൃശ്യം തെളിഞ്ഞു കാണുന്നു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ വ്യക്തിവൈശിഷ്ട്യത്താൽ പ്രഭാവിതനായിരുന്ന ക്യാപ്റ്റൻ ഡഗ്ളസിന്നുണ്ടായ ഈ ആത്മീയാനുഭവം പീലാത്തോസിന്റെ ഭാര്യയ്ക്കുണ്ടായ സ്വപ്നവുമായി താരതമ്യപ്പെടുത്തുക; 'അവൻ ന്യായാസനത്തിൽ ഇരിക്കുമ്പോൾ അവന്റെ ഭാര്യ ആളയച്ചു: നീ ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്. അവൻ നിമിത്തം ഞാൻ ഇന്നു സ്വപ്നത്തിൽ വളരെ കഷ്ടം സഹിച്ചു എന്നു പറയിച്ചു" (മത്തായി 27:19)

അബ്ദുൽഹമീദിനെ ക്രൈസ്തവ നിയന്ത്രണത്തിരിക്കുമെന്നു റീഡർ ഗുലാം ഹൈദർ അഭിപ്രായപ്പെട്ടു. ക്യാപ്റ്റൻ ഡഗ്ളസ്സിൽ നിന്നു നീക്കി പോലീസ് കസ്റ്റഡിയിലാക്കുന്നതു നന്നായി ഉടൻ തന്നെ റയിൽവേ ആപ്പീസിലേയ്ക്കു പോകുകയും പോലീസ് സൂപ്രണ്ടിനുള്ള ചില നിർദ്ദേശങ്ങൾ എഴുതിത്തയ്യാറാക്കുകയും ചെയ്തു. (മുജദ്ദിദെ അഅ്സം', ഒന്നാം ഭാഗം 541– 544)

ഈ കേസ്സിന്റെ ഗതിയെപ്പറ്റി ലെഫ്. കേണൽ ഡഗ്ളസ് പിന്നീട് ഇപ്രകാരം ഒരു വിവരണം നൽകുകയുണ്ടായി*

"കാര്യങ്ങളുടെ കിടപ്പ് നോക്കിയപ്പോൾ ഡോ.ക്ലാർക്കിന്റെ കഥതികച്ചും അവിശ്വസനീയമാണെന്നു എനിയ്ക്കു സ്വന്തത്തിൽ ബോദ്ധ്യമായിക്കഴിഞ്ഞിരുന്നു. അമൃത്സറിൽവച്ചു (അബ്ദുൽ ഹമീദ്) പറഞ്ഞ സംഗതികളും ഞാനെടുത്ത കയ്പീത്തിൽ (അവൻ) പറഞ്ഞ കാര്യങ്ങളും തമ്മിൽ വലിയ അന്തരമുണ്ടായിരുന്നു. തെളിവെടുക്കുമ്പോൾ അവന്റെ പെരുമാറ്റത്തിൽ എനിയ്ക്കു തൃപ്തി തോന്നിയിരുന്നുമില്ല. ബട്ടാലയിലെ മിഷ്യൻ കീഴ്ജോലിക്കാരുടെ അധീനത്തിൽ അവൻ എത്രകണ്ടു നിൽക്കുന്നുവോ അത്രകണ്ടു അവൻ നൽകിയ സാക്ഷ്യങ്ങൾക്ക് ആധികൃവും വൈശദ്യവും കൂടികൂടി വരുന്നതായും ഞാൻ ശ്രദ്ധിച്ചു. ആഗസ്ത് 12–ാം നു ഞാൻ വിസ്തരിച്ചപ്പോൾ അവൻ നൽകിയ മൊഴിയിൽ, ഡോ. ക്ലാർക്കിനോടു അവൻ ആദ്യം കുറ്റസമ്മതം ചെയ്തപ്പോഴും അമൃത്സർ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു മൊഴി നൽകിയപ്പോഴും വെളിപ്പെടുത്തീട്ടില്ലാത്ത പലതും അടങ്ങിയിട്ടുണ്ടായിരുന്നു. ആഗസ്ത് 13–ാം തിയ്യതി പിന്നെയും വിചാരണ ചെയ്തപ്പോൾ അവൻ കൂടുതൽ വിവരങ്ങൾ നൽകി. ഒന്നുകിൽ അവനെ ആരോ പഠിപ്പിച്ചു വിടുന്നുണ്ടായിരുന്നു. അല്ലെങ്കിൽ, അതുവരെയും വെളിവാക്കീട്ടില്ലാത്ത പലതും അവന്നു അറിയാമായിരുന്നു. ഇതാണ് എനിയ്ക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. അതിനാൽ അബ്ദുൽഹമീദിനെ ഉടൻതന്നെ പോലീസ് കസ്റ്റഡിയിലാക്കി സ്വതന്ത്രമായി ചോദ്യം ചെയ്യാൻ ഞാൻ പോലീസു സൂപ്രണ്ടിനു കല്പന നൽകി.

'മി. ലെമാർചന്ത് അവനെ കൂട്ടിക്കൊണ്ടുവരുവാനായി ഇൻസ്പക്ടർ ഓഫ് പോലീസിനെ അനാർക്കയിലയിലേക്കു(ബട്ടാല ബാരിങ്ങ് ഹൈസ്ക്കൂൾ) അയച്ചു. ഇൻസ്പെക്ടർ അവനോടു പലതും ചോദിച്ചുനോക്കിയെങ്കിലും ഫലമുണ്ടായില്ല. കോടതിയിൽ കൊടുത്ത സ്റ്റേറ്റ്മെന്റിൽ അവൻ ഉറച്ചുനിന്നിരുന്നു. അവനെ ചോദ്യം ചെയ്തിട്ടു ഫലമില്ലെന്നും മടക്കി അയയ്ക്കുന്നതാണ് നല്ലതെന്നും ഇൻസ്പെക്ടർ അഭിപ്രായപ്പെട്ടു. താൻതന്നെ നേരിട്ടു ചോദ്യം ചെയ്യുന്നതാണ് നല്ലതെന്നു മി.ലെമാർചന്ത് തീർച്ചപ്പെടുത്തി. കോടതി മൊഴിക്കൊപ്പിച്ചുള്ള സ്റ്റേറ്റ്മെന്റ് ഏറെക്കുറെ രണ്ടുപായകളിലോളം എഴുതിക്കഴിഞ്ഞപ്പോഴോയ്ക്കും ആ യുവാവ് പൊട്ടിക്കരയാൻ തുടങ്ങുകയും ലെമാർചന്തിന്റെ കാല്ക്കൽ വീഴുകയും

*ലണ്ടനിൽ ചെയ്ത ഒരു പ്രസംഗത്തിൽ മി.ഡഗ്ളസ് നൽകിയ ഈ വിവരണം ലണ്ടനിലെ Muslim Times എന്ന പത്രത്തിൽ 16–4–1936ൽ പ്രസിദ്ധം ചെയ്യപ്പെട്ടതാണ്.

ചെയ്തു. മിഷ്യനിലെ ചിലരുടെ പ്രേരണയനുസരിച്ചു ഇതുവരെയും താൻ പച്ചക്കള്ളം പറയുകയായിരുന്നുവെന്നു അവൻ പറഞ്ഞു. ദിവസങ്ങളോളം അവൻ ക്രിസ്തീയമിഷനറിമാരുടെ അധീനത്തിലായിരുന്നു. അവർ അവനെ നിഷ്കൃഷ്ടമായി കാത്തുപോന്നു. അവൻ വളരെ അസ്വസ്ഥനാവുകയും ആത്മഹത്യ ചെയ്യാൻകൂടി ആലോചിക്കുകയും ചെയ്തിരുന്നു. മിഷ്യൻ കീഴ്ജോലിക്കാരുടെ പ്രേരണയ്ക്കു വശം വദനായിട്ടാണ് താൻ അതുവരെ മൊഴി നല്കിവന്നതെന്നു അവൻ ഡി. എസ്.പി.യോടു തുറന്നു പറഞ്ഞു.

അബ്ദുൽ ഹമീദിന്റെ മൊഴികളിലടങ്ങിയ പരസ്പരവൈരുദ്ധ്യങ്ങളെയും പ്രത്യക്ഷമായ അബദ്ധങ്ങളെയും മറ്റും ചൂണ്ടിക്കാണിച്ചശേഷം കേണൽ ഡഗ്ളസ് ഇപ്രകാരം തുടർന്നു: 'അബ്ദുൽഹമീദിന്റെ ആദ്യത്തെ മൊഴിയാണ് ശരിയെന്നുവന്നാലും പിന്നീടത്തെതാണ് ശരിയെന്നുവന്നാലും മിർസാ ഗുലാംഅഹ്മദിനെതിരായി ഈ കേസ്സിൽ എന്തെങ്കിലും നടപടിയെടുക്കാൻ മതിയായ യാതൊരു കാരണവുമില്ലെന്നതു പ്രത്യക്ഷമായിരുന്നു. വിഭിന്നങ്ങളായ രണ്ടുതരം മൊഴികൾ ആണ് ആ യുവാവ് നൽകിയിരുന്നത്.

"രണ്ടാമത്തെ പ്രസ്താവനയാണ് ശരിയെന്നു ഞാൻ മനസ്സിലാക്കി, എന്റെ പക്കലുള്ള ന്യായങ്ങൾ ഇവയായിരുന്നു:

"ഇത്തരം ഗുരുതരമായ ഒരു ചുമതലയേറ്റെടുക്കാൻ തീരെ കൊള്ളാത്തവനത്രെ അബ്ദുൽഹമീദ്. പൊക്കവും വണ്ണവും കൂടുമെങ്കിലും ദുർബ്ബലമനസ്കനും താന്തോന്നിയുമായ ഒരു യുവാവ്. അവൻ ഒരു മതഭ്രാന്തനേ അല്ലായിരുന്നു. ക്രിസ്തുമതത്തിന്നും മുഹമ്മദ് മതത്തിന്നും ഇടയിലായി അവൻ ചാഞ്ചാടിക്കൊണ്ടിരുന്നു. തനിയ്ക്കു ആഹാരവസ്ത്രാദികൾ ഉറപ്പിക്കാൻ കഴിയുന്നതെവിടെയെന്നുമാത്രമായിരുന്നു അവന്റെ നോട്ടമെന്നു പൂർവ്വചരിത്രം മനസ്സിലാക്കിത്തരുന്നു. ക്രിസ്തുമതത്തോടുള്ള അവന്റെ പ്രതിപത്തിയെ സംബന്ധിച്ചേടത്തോളം, അവനൊരു തട്ടിപ്പുകാരനാണെന്നു മനസ്സിലാക്കി താൻ ഉടനെ ആട്ടിയോടിക്കയാണുണ്ടായതെന്നു അമേരിക്കൻ മിഷനിലെ ഡോ.ഗ്രേ പ്രസ്താവിക്കുകയുണ്ടായി.

"ആകെ കൂടി പതിനാലു ദിവസം മാത്രമെ ഗുലാംഅഹ്മദ് അവനെ കണ്ടിരുന്നുള്ളു എന്നു സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അത്രയും കുറഞ്ഞ കാലയളവിൽ ഇത്രയും ഗുരുതരമായ ഒരു കാര്യത്തിന്നു ചുമതലപ്പെടുത്താൻ മാത്രം അവനിൽ വിശ്വാസമർപ്പിക്കാനോ അവന്റെ മേൽ അത്രയും വലിയ സ്വാധീനം ചെലുത്താനോ ഒരിക്കലും സാദ്ധ്യമായിരുന്നില്ല."

"ഈ യുവാവ് അമൃത്സറിൽ ആദ്യമായി ഡോ.ഗ്രെയുടെ അടുക്കയേല്ക്കാണ് പോയിരുന്നതെന്നും അദ്ദേഹം താമസസൗകര്യങ്ങൾ നൽകാമെന്നേറ്റിരുന്നെങ്കിൽ അവിടെ താമസമുറപ്പിക്കുമായിരുന്നുവെന്നും സമ്മതിക്കപ്പെട്ടിട്ടുണ്ട്. ഡോ.ക്ലാർക്കിന്റെ അടുക്കലേയ്ക്കുതന്നെയാണ് ആദ്യം യഥാർത്ഥത്തിൽ അവൻ അയക്കപ്പെട്ടിരുന്നതെങ്കിൽ അമേരിക്കൻ മിഷ്യനിലെ ഡോ.ഗ്രേയുടെ അടുക്കൽ പോകാൻ കാരണമെന്തെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ട്.

ക്യാപ്റ്റൻ എം ഡബ്ല്യു ഡഗ്ലസ്

"കേസ്സിൽ എന്തോ പന്തികേടുണ്ടെന്ന തീരുമാനത്തിലെത്താൻ എന്നെ പ്രേരിപ്പിച്ച പോയിന്റ് അതായിരുന്നു. യുവാവ് സ്പുടതയോടും ശീഘ്ര്ഗതിയിലും തെളിവുകൾ നൽകിയിരുന്നു. ഞാൻ അവനോടു ചോദിച്ചു: 'നിങ്ങൾ അമൃത്സറിൽ ചെന്നപ്പോൾ ആദ്യമായി എവിടെയ്ക്കാണ് പോയത്? 'അമേരിക്കൻ മിഷ്യനിൽ' എന്നായിരുന്നു ഉടനുണ്ടായ ഉത്തരം. കേസ്സ് അവസാനിച്ചു എന്നു ഞാൻ അപ്പോൾ തന്നെ കണ്ടു.

"വക്കീൽ ഉടനെ ക്രോസ്സ് ചെയ്തു: ഡോ. ക്ലാർക്കിനെ കൊല്ലാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ അമേരിക്കൻ മിഷനിൽ എന്തിനു പോയി.

'ഒരു സ്കോളർഷിപ്പ് കിട്ടുമെന്നാശിച്ചാണ് അവനവിടെ പോയിരുന്നതത്രെ. പക്ഷെ, അതു കിട്ടിയില്ല. അവിടം വിടുകയും ചെയ്തു.

'ഡോ. ക്ലാർക്കിനെ കൊല്ലാൻവേണ്ടി സി.എം.എസ്. മിഷനിൽ പോകാനുള്ള ഉദ്ദേശ്യമേ അവന്നുണ്ടായിരുന്നില്ലെന്നു ഞാൻ തീരുമാനിക്കാൻ കാരണമതായിരുന്നു. അങ്ങനെ ഒരുദ്ദേശ്യമുണ്ടായിരുന്നെങ്കിൽ, അവൻ അമേരിക്കൻ മിഷ്യനിലേയ്ക്കു പോകുമായിരുന്നില്ല തന്നെ.

"ഇതൊരു കള്ളക്കേസാണെന്നു എനിയ്ക്കു ബോദ്ധ്യം വരുത്തിയ കാരണങ്ങൾ ഇതെല്ലാമായിരുന്നു. താൻ ഡോ. ക്ലാർക്കിനെ കൊല്ലാനാണ് വന്നതെന്നുള്ള അതിപ്രധാനമായ വസ്തുത ബീയാസിൽ വച്ചു അബ്ദുൽഹമീദ് ഏറ്റുപറഞ്ഞതു സത്യമായിരുന്നെങ്കിൽ അതു സംബന്ധിച്ച മറ്റു വിശദവിവരങ്ങൾ അവൻ ഗോപ്യമാക്കി വെയ്ക്കേണ്ടതില്ലായിരുന്നു. എന്നാൽ, വിശദീകരണങ്ങളെല്ലാം മിഷ്യൻ അംഗങ്ങളായ പ്രേംദാസിന്നും അബ്ദുർറഹീമിന്നും ആണ് അറിവുണ്ടായിരുന്നത് എന്നതു ശ്രദ്ധേയമായിരുന്നു!

"ഈ പരിതസ്ഥിതിയിൽ ഗുലാം അഹ്മദിനെ ഉടൻതന്നെ വിട്ടയക്കുകയും കേസ്സ് തള്ളുകയുമല്ലാതെ നിശ്ചമായും എനിക്ക് മറ്റൊരു മാർഗ്ഗവും അവലംബിക്കാനുണ്ടായിരുന്നില്ല"(Life of Ahmed Dard)

അങ്ങനെ, 1897 ആഗസ്റ്റ് 23-ാം തിയ്യതി ക്യാപ്റ്റൻ എം.ഡബ്ളിയു. ഡഗ്ലസ് ഹദ്റത്ത് അഹ്മദിനെ നിരുപാധികം വിട്ടയച്ചുകൊണ്ടു ചരിത്ര പ്രധാനമായ ആ വിധി പ്രസ്താവിച്ചു.

ക്യാപ്റ്റൻ ഡഗ്ലസ് ഹദ്റത്ത് അഹ്മദിനെ കണ്ടമാത്രയിൽതന്നെ, ഈ കേസ്സുമായി ഒരു പ്രകാരത്തിലും ബന്ധപ്പെട്ടിട്ടില്ലാത്ത ആളാണദ്ദേഹമെന്നു മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. കോടതിയിൽ ഹാജരായ ആ മഹാത്മാവിനെ ന്യായാധിപൻ ബഹുമാനദൃഷ്ടികളോടെ വീക്ഷിക്കുകയും തന്റെ സമീപത്തിരിക്കുന്നതിന്നു കസേരയിട്ടുകൊടുക്കുകയും ചെയ്തു. മാത്രമല്ല, വളരെ സൗമ്യമായും ആദരവോടുംകൂടി അദ്ദേഹത്തോടു സംസാരിക്കുകയുമുണ്ടായി. 'ഡോ.ക്ലാർക്ക് താങ്കളുടെ മേൽ കുറ്റം ചുമത്തുന്നുണ്ടെങ്കിലും ഞാൻ കുറ്റം ചുമത്തുന്നില്ല" എന്നു ന്യായാധിപൻ ഡോ.

ക്ലാർക്കിന്റെ സാന്നിദ്ധ്യത്തിൽതന്നെ തന്നോടു പറഞ്ഞിരുന്നതായി ഹദ്റത്ത് അഹ്മദ് (അ) പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്.*

വിധി പ്രസ്താവിച്ച ഉടനെ ക്യാപ്റ്റൻ ഡഗ്ളസ് മന്ദഹാസം പൊഴിച്ചുകൊണ്ടു ഹദ്റത്ത് അഹ്മദിനെ അദ്ദേഹത്തിനു ലഭിച്ച വിജയത്തിൽ ഹാർദ്ദമായി അനുമോദിച്ചു. തനിയ്ക്കെതിരായി കള്ളക്കേസ് കൊണ്ടുവന്നവരുടെ പേരിൽ വേണമെങ്കിൽ പ്രൊസിക്യൂഷൻ നടപടികൾ എടുക്കാവുന്നതാണെന്നു ഹദ്റത്ത് അഹ്മദിനോടു ന്യായാധിപൻ പറയുകയുമുണ്ടായി.

മശീഹാ വാദിയെ കുറ്റം വിധിക്കുന്ന തമാശ കാണാനുള്ള കൗതുകാവേശങ്ങളോടെ കോടതിയിൽ വന്നുനിരന്ന ശത്രുത്തലവന്മാരെല്ലാം മൂകരും നമ്രമുഖരുമായി പിരിഞ്ഞുപോയി! ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) നിർദ്ദോഷവാനായി, വിജയശ്രീലാളിതനായി പുറത്തുവരികയും ചെയ്തു. ഒരു ആംഗ്ളിക്കൻ മിഷനറിയ്ക്കു ഇംഗ്ലീഷ് ന്യായാസനത്തിൽനിന്നു ലഭിച്ച ഈ തിരിച്ചടി ശത്രുക്കൾ ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ലാത്തതായിരുന്നു. മിർസാ സാഹിബ് കുരുക്കിലകപ്പെട്ടു കഴിഞ്ഞെന്നും അദ്ദേഹം കനത്ത ശിക്ഷയ്ക്കു പാത്രമായിത്തീരുകതന്നെ ചെയ്യുമെന്നും ആയിരുന്നു അവരെല്ലാം കരുതിയിരുന്നത്!

ഹദ്റത്ത് അഹ്മദിന്റെ കേസ്സ് വിധിപറഞ്ഞ അന്നുതന്നെ കേപ്ടൻ ഡഗ്ളസിന്റെ അതേ കോടതിയിൽ 'സാൽവേഷൻ ആർമി'യിൽപെട്ട ഒരു ക്രിസ്ത്യാനി കളവു കുറ്റത്തിന്നു വിചാരണ ചെയ്യപ്പെടുകയും മൂന്നു മാസത്തെ കഠിനതടവിന്നു ശിക്ഷിക്കപ്പെടുകയുമുണ്ടായി**

ഈ കേസ്സ് സംബന്ധിച്ചു ഹദ്റത്ത് അഹ്മദിന്നുണ്ടായ വെളിപാടുകളിൽ തനിയ്ക്കെതിരായി പ്രത്യക്ഷപ്പെടാനിരുന്ന ചില പ്രധാന വ്യക്തികളെകുറിച്ചും അവർക്കുണ്ടാകാനുള്ള മാനഹാനിയെക്കുറിച്ചും ദീർഘദർശനം ചെയ്യപ്പെട്ടിരുന്നു. ഒരു വെളിപാടു ഇപ്രകാരമായിരുന്നു:– 'ഒരു ദുരഭിമാനി ആയ വ്യക്തിയുടെ മാനഹാനിയും താഴ്ച്ചയും ജനനിന്ദയും' ഇതു മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയെ കുറിച്ചുള്ളതാണെന്നു പിന്നീട് തെളിഞ്ഞു.

ഹദ്റത്ത് അഹ്മദിനെ കയ്യാമംവെച്ച നിലയിൽ പോലീസ് പാറാവോടെ പ്രതിക്കൂട്ടിൽ കാൺമാറാകുമെന്ന പ്രതീക്ഷയോടുകൂടിയാണ് ബട്ടാലവി പ്രഭൃതികൾ കള്ളസാക്ഷി പറയാനായി കോടതിയിലേയ്ക്ക് എഴു

*ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ഒരു സഹാബിയും അന്താരാഷ്ട്രകോടതി ചീഫ് ജഡ്ജിയുമായിരുന്ന സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ 1960 ജനവരി 24-ാം തിയ്യതി ഇപ്രകാരം പ്രസ്താവിച്ചു.

"ഞാൻ രണ്ടു തവണ കേണൽ ഡഗ്ളസിനെ ലണ്ടനിൽ വച്ചു സന്ദർശിക്കുകയുണ്ടായി. ഒരവസരത്തിൽ മൗലാനാ അബ്ദുർറഹീം സാഹിബ് 'ദർദ്' (മർഹും) എന്റെ ഒന്നിച്ചുണ്ടായിരുന്നു. കേണൽ ഡഗ്ളസ് ഇപ്രകാരം പറഞ്ഞു: 'വധോദ്യമക്കേസ് സംബന്ധിച്ചു വാഗ്ദത്തമസീഹ് (അ)എന്റെ കോടതിയിൽ ഹാജരായപ്പോൾ, അദ്ദേഹത്തെ ദർശിച്ച മാത്രയിൽതന്നെ ഈ മനുഷ്യന്റെ പേരിൽ ആരോപിക്കപ്പെട്ട കുറ്റം തികച്ചും കള്ളം ആണെന്നൊരു ധാരണയാണ് എനിയ്ക്കുണ്ടായിരുന്നത്' (ഹയാത്തെ തയ്യിബ)

**അവനോടുകൂടെ അവർ രണ്ടു കള്ളന്മാരെ...ക്രൂശിച്ചു! (മാർക്കോ 15:27)

ന്നള്ളിയതെങ്കിലും ആ മഹാത്മാവ് സമാദൃതനായി കസേരയിൽ ഉപവിഷ്ടനായിരിക്കുന്ന കാഴ്ചയാണവർ കണ്ടത്. തനിയ്ക്ക് കസേരയില്ലെന്നു കണ്ട മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ന്യായാധിപനെ നോക്കി അല്പം ഒരല്പത്വത്തോടെ 'ഹുസൂർ കുർസീ' (അങ്ങുന്നേ, കസേര!) എന്നാണ് ആദ്യമായിത്തന്നെ പറയാൻ ബദ്ധപ്പെട്ടത്! മൗലവി സാഹിബ് സർക്കാർ രേഖകളനുസരിച്ചു കസേര നൽകപ്പെടാൻ അർഹൻ തന്നെയോ എന്നു ക്യാപ്റ്റൻ ഡഗ്ളസ് കീഴദ്യോഗസ്ഥനോടു അന്വേഷിച്ചു. 'അഹ്ലെഹദീസ്' കക്ഷിയുടെ അംഗീകൃത നേതാവെന്ന നിലയിൽ തനിയ്ക്കു ഗവർമ്മെണ്ടു തലങ്ങളിൽ കസേര ലഭിക്കാറുണ്ടെന്നു മൗലവി സാഹിബ് അനുസ്മരിപ്പിച്ചു. എന്നുവച്ചു, കോടതിയിൽ അങ്ങനെ അനുവദിക്കണമെന്നില്ലെന്നു മജിസ്ത്രേട്ട് വ്യക്തമാക്കി. തനിയ്ക്കും തന്റെ പിതാവിനും ലഫ്. ഗവർണ്ണർതന്നെയും കസേര നൽകാറുണ്ടെന്നു ബട്ടാലവി സാഹിബ് പിന്നെയും ഉണർത്തിച്ചതു മി. ഡഗ്ളസിനെ ക്രുദ്ധനാക്കാനെ ഉപകരിച്ചുള്ളൂ. അദ്ദേഹം അതിനു മറുപടി നൽകിയത് ഇപ്രകാരമായിരുന്നു. "ബക് ബക് മത് കർ; പീച്ചെ ഹട്ട്, ഔർ സീധാ ഖഡാ ഹോജാ!" (നൊടിയാതിരിക്ക്, വഴിയോട്ടുമാറി നേരെ നിവർന്ന് നില്ക്ക്)* കസേര ലഭിക്കാൻ നടത്തിയ ശ്രമം ഇങ്ങനെ ദയനീയമായി പരാജയപ്പെട്ട മൗലവി സാഹിബ് സാമാന്യം ഇളിഭ്യനായിത്തീർന്നു. സാക്ഷിവിസ്താരം കഴിഞ്ഞു പുറത്തിറങ്ങിയ ഈ മഹാപുരോഹിതൻ കോടതിമുറിയിൽ തനിയ്ക്കനുഭവപ്പെട്ട മാനഹാനിയ്ക്കു മറയിടാനെന്നോണം തൊട്ടടുത്തമുറിയിൽ വെറുതെകിടന്ന ഒരു കസേരയിൽ ഇരിപ്പുറപ്പിച്ചു. എന്നാൽ, കോടതിക്കകത്തു കസേരയിലിരുത്തി ബഹുമാനിച്ചിട്ടില്ലാത്ത ഈ മനുഷ്യനെ ഡിസ്ട്രിക്ട് മജിസ്ത്രേട്ടിന്റെ ഓഡർലി ഉടൻ എഴുന്നേല്പിച്ചു കളഞ്ഞു. പിന്നീടദ്ദേഹം പോലീസ് മുറിയുടെ ഭാഗത്തു വരികയും വരാന്തയിലിട്ടിരുന്ന കസേരയിൽ ഇരുത്തമുറപ്പിക്കുകയും ചെയ്തു. എന്നാൽ അതു കണ്ട പോലീസ് ഓഫീസർ ഒരു കോൺസ്റ്റബ്ളിനെ അയച്ചു അവിടെനിന്നും എഴുന്നേൽപ്പിക്കുകയുണ്ടായി. ഇതെല്ലാം നോക്കിക്കൊണ്ടിരുന്ന അനേകം പ്രേക്ഷകർ ആ മനുഷ്യന്നു സംഭവിച്ച പതനത്തിന്നു ദൃക്സാക്ഷികളായിരുന്നു! ഇതിന്നുശേഷം മൗലവി സാഹിബ് കോടതിയ്ക്കുവെളിയിൽ വന്നപ്പോൾ, ഒരാൾ അദ്ദേഹത്തിന്നിരിക്കാനായി തന്റെ തോർത്തുമുണ്ട് വിരിച്ചു കൊടുത്തു. തന്റെ വിരിപ്പിൽ ഇരിപ്പുറപ്പിച്ച മൗലവി സാഹിബ് ക്രിസ്ത്യാനികളുടെ കള്ളക്കേസ്സിൽ സാക്ഷിപറയാൻ വന്നയാളാണെന്നു പിന്നീടു മനസ്സിലായപ്പോൾ അയാൾ തിരിച്ചുവന്നു ചന്തിക്കടയിൽ നിന്നു തോർത്ത് വലിച്ചെടുത്തുകളഞ്ഞു.

മുഹമ്മദ് ഹുസൈൻ ബട്ടാലവി വ്യക്തിവിദ്വേഷത്താലും അസൂയയാലും ആണ് ഹദ്റത്ത് അഹ്മദിന്നെതിരായി മൊഴി നൽകിയതെന്നു

*തനിയ്ക്കും ന്യായാധിപന്നുമിടയിൽ പങ്കയുടെ ഒരു ചെറിയ മറവുണ്ടായിരുന്നതിനാൽ മൗലവി സാഹിബ് അല്പം കുനിഞ്ഞു സംസാരിക്കേണ്ടിവന്നിരുന്നതുകൊണ്ടാണ് നിവർന്നുനില്ക്കാൻ ഡി.മജിസ്ത്രേട്ട് കൽപിച്ചത്.

ബോദ്ധ്യപ്പെട്ടിരുന്നതിനാൽ അദ്ദേഹത്തിന്റെ സാക്ഷ്യത്തെ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് പരിഗണിക്കുകയോ വിധിന്യായത്തിൽ അദ്ദേഹത്തിന്റെ പേർപോലും പരാമർശിക്കുകയോ ചെയ്തിരുന്നില്ലെന്നതു പ്രസ്താവ്യ മത്രെ*

ചരിത്രപ്രധാനമായ ഈ കേസ്സ് വിചാരണയുടെ ഒരു ദൃക്സാക്ഷിയും ഹദ്റത്ത് അഹ്മദിന്റെ ഒരു സഹാബിയും ആയിരുന്ന ഹദ്റത്ത് മൗലാനാ ശേർ അലി സാഹിബ് (ബി.ഏ) (റ) ലണ്ടനിൽ ചേർന്ന ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചുകൊണ്ടു കേണൽ ഡഗ്ലസിന്റെ സാന്നിദ്ധ്യത്തിൽ ഇപ്രകാരം പറയുകയുണ്ടായി:

"അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർക്കെതിരായി ഒരു ക്രിമിനൽ കേസ്സ് നടത്തുന്ന കാര്യത്തെപറ്റി 1897 ജൂലായി 31-ാം തിയ്യതിവരെ താൻ ആലോചിച്ചിട്ടേ ഉണ്ടായിരുന്നില്ലെന്നു റവ:മാർട്ടിൻ ക്ലാർക്ക് ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മുമ്പാകെ മൊഴി നൽകി. എന്നാൽ, തനിയ്ക്കെതിരായി ഡോ. ക്ലാർക്ക് ഈ ക്രിമിനൽ കേസ്സ് നടത്താനാലോചിക്കുന്നതിന്നു മുമ്പായിട്ടു തന്നെ, ഈ കേസ്സിനെ കുറിച്ചു മാത്രമല്ല, അതിന്റെ ഫലപരിണതിയെ കുറിച്ചുപോലും ദൈവം ഹദ്റത്ത് അഹ്മദിന്ന അറിവു നൽകിയിട്ടുണ്ടായിരുന്നു. ഈ വെളിപാടുകൾ ഖാദിയാനിലുണ്ടായിരുന്ന സ്വശിഷ്യന്മാർക്ക് അതാതവസരങ്ങളിൽ കേൾപ്പിച്ചുപോന്നിരുന്നതിന്നു പുറമേ പത്രങ്ങൾ മുഖേനയും ലഘുപത്രികകളും പരസ്യങ്ങളും വഴിയായും ജനമദ്ധ്യേ പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. (ദൂരസ്ഥരായ ശിഷ്യർക്ക് കത്തുകൾ മുഖേനയും തനിയ്ക്കുണ്ടായ വെളിപാടുകൾ അറിയിച്ചുകൊടുക്കുക അദ്ദേഹത്തിന്റെ പതിവായിരുന്നു-ഗ്ര) അങ്ങനെ തനിക്കെതിരായി നിയമനടപടികൾ വരാൻ പോകുന്നുണ്ടെന്നും എന്നാൽ താൻ ഒടുവിൽ വിട്ടയക്കപ്പെടുമെന്നും ഹദ്റത്ത് അഹ്മദ് പ്രവചിച്ചു.

'കേണൽ ഡഗ്ലസ് വിചാരണചെയ്ത ഈ കേസ്സ് സാധാരണ നിലയിലുള്ളതായിരുന്നില്ല. പ്രത്യക്ഷത്തിൽ കേസ്സു കൊണ്ടുവന്നതു ഒരു വ്യക്തിയായിരുന്നെങ്കിലും അദ്ദേഹം പ്രാതിനിധ്യം വഹിച്ച സമുദായത്തിന്റെ മുഴുവൻ പിന്തുണയും അദ്ദേഹത്തിന്നുണ്ടായിരുന്നു. ഈ കേസ്സ് പഞ്ചാബ് ഗവർമ്മെണ്ട് ശ്രദ്ധാപൂർവ്വം വീക്ഷിച്ചുവന്നിരുന്നുവെന്നു. കേണൽ ഡഗ്ലസ് ഇന്നലെ മി. ദർദിനോടു (മൗലാനാ അബ്ദുർ റഹീം ദർദ് എം.ഏ.)പറയുകയുണ്ടായി അന്നത്തെ സംസ്ഥാന ഗവർണ്ണർ 'ചർച്ച്' മിഷ്യനറി സൊസൈറ്റിയിലെ ഒരംഗമായിരുന്നു. കേസ്സ് ഒടുക്കം വരെനട

*"എന്തുകൊണ്ടെന്നാൽ മഹാപുരോഹിതന്മാർ അവനെ അസൂയകൊണ്ടു ഏല്പിച്ചു എന്നു അവൻ അറിഞ്ഞു' (മാർക്കോസ് 15:10):

ത്തണമെന്നു അദ്ദേഹം പബ്ലിക് പ്രോസിക്യൂട്ടറോടു നിർദ്ദേശിച്ചിരുന്നതായും പറയപ്പെട്ടിരിക്കുന്നു.* ഹിന്ദുക്കളിൽ ഒരു വിഭാഗവും മുസ്ലിം ഉലമാക്കളും ക്രിസ്ത്യാനികളുമായി കൈകോർത്തു പിടിച്ചിരുന്നു എന്നതും എല്ലാവരും അറിയുന്ന പരമാർത്ഥമായിരുന്നു. ലാഹൗറിലെ ഒരു പ്രധാന വക്കീൽ ആയിരുന്ന പണ്ഡിറ്റ് റാം ഭജ്ദത്ത് ഒരു നിയമോപദേഷ്ടാവെന്ന നിലയിൽ ആദ്യം തൊട്ടവസാനംവരെ കേസ്സിൽ അന്യായഭാഗത്തെ സഹായിച്ചുകൊണ്ടിരുന്നു. അന്യായഭാഗം സാക്ഷിയായി പ്രത്യക്ഷപ്പെട്ട മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി മുസ്ലിം ഉലമാക്കളെ പ്രതിനിധാനംചെയ്തു. അങ്ങനെ ഈ മൂന്നു വിഭാഗക്കാരും ഒന്നായി ചേർന്നുകൊണ്ടാണ് കേസ്സ് നടത്തിയതെന്ന വസ്തുത ഡോ.ക്ലാർക്കിന്നു തന്നെയും കോടതിയിൽ സമ്മതിക്കേണ്ടി വന്നിരുന്നു. പണ്ഡിറ്റ് റാം ഭജ്ദത്തിനു വല്ല ഫീസും ത്തെ സംബന്ധിച്ചേടത്തോളം അതു സാധാരണ കൃത്യനിർവ്വഹണത്തിന്റെ ഒരു പ്രശ്നം മാത്രമായിരുന്നു. ലോകചരിത്രത്തിലെ പരമപൂജ്യരായ പുണ്യ

*ഹദ്റത്ത് അഹ്മദിനെ വിട്ടയച്ചശേഷവും ആ മഹാത്മാവിന്നെതിരായി ഗൂഢമായ ചില പ്രവർത്തനങ്ങൾ തുടന്നുപോന്നു. അബ്ദുൽ ഹമീദിന്നെതിരായ പ്രതികാരനിയമനടപടികളായിരുന്നു അവയിലൊന്ന്. ആദ്യത്തെ സ്റ്റെയിറ്റ് മെന്റിന്നു വിപരീതമായി മൊഴി കൊടുക്കുന്നതു ആപല്ക്കരമായിരിക്കുമെന്നു ക്രിസ്തീയ വൈദികർ അബ്ദുൽ ഹമീദീനെ രഹസ്യമാർഗ്ഗത്തിൽ ഭീഷണിപ്പെടുത്തിയിരുന്നുവെന്നു പോലീസ് ആഫീസറുടെ സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ആ യുവാവ് രണ്ടാമത്തെ പ്രസ്താവനയിലുറച്ചുനിൽക്കുകതന്നെ ചെയ്തു. കേസ്സ് വിധിയായി, നാലു മാസം കഴിഞ്ഞപ്പോൾ, 1898 ഫിബ്രവരി 8-ാം തിയ്യതി അബ്ദുൽ ഹമീദിന്റെ പേരിൽ ഐ.പി.സി.195, 211 വകുപ്പുകൾപ്രകാരം പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കാനനുവദിക്കണമെന്നു മാറിവന്ന ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മി.ജെ.എം.ഡോവിയോട് ഗവർമ്മെണ്ട് വക്കീൽ മി.സിങ്കേളേർ അപേക്ഷിക്കുകയുണ്ടായി. എന്നാൽ 193-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ മാത്രമാണ് അനുവദിക്കപ്പെട്ടത്. ഹദ്റത്ത് അഹ്മദ് എല്ലാവർക്കും മാപ്പ് കൊടുത്തിരുന്നുവെങ്കിലും, ശത്രുക്കൾ തമ്മിൽ തെറ്റിപ്പിരിഞ്ഞശേഷവും നിയമത്തിന്റെ പ്രതികാരനടപടികൾ മുമ്പോട്ടു നീങ്ങി. 1898 സപ്തെമ്പർ 11-ാം തിയ്യതി ഗുരുദാസ്പൂർ ഡി.മജിസ്ട്രേട്ട് മി.ജെ.ആർ.ഡ്റമ്മണ്ട് 9മാസത്തെ കഠിന തടവിനു അബ്ദുൽ ഹമീദിനെ ശിക്ഷിച്ചു. വാഗ്ദത്ത മശീഹായെ ശിക്ഷിക്കാനാവാഞ്ഞിട്ട് അവർ അങ്ങനെ ആ യുവാവിനെ ശിക്ഷിപ്പിച്ചു സംതൃപ്തിയടഞ്ഞു! ആ യുവാവിന്നെതിരായി പ്രകടിതമായ നിയമത്തിന്റെ ദുർവാശി ഡി.മജിസ്ത്രേട്ടിനെപ്പോലും അത്ഭുതപ്പെടുത്താതിരുന്നില്ല. അദ്ദേഹം വിധിന്യായത്തിൽ ഇപ്രകാരം പറഞ്ഞു:

"Repeated efforts seem to have been made to effect the prisoner's apprehension by mean of warrants.... It is by no means clear what the springs have been that produced this chapter in the obscure history that has centred seriously for the past few years round the new religioud movement of which Abdul Hameed presented (falsely as one of my predeccessors has held) to be a selected emissary"

റവ: മാർട്ടിൻ ക്ലാർക്കിനെ വധിക്കുവാനായി ഹദ്റത്ത് അഹ്മദ് (അ) തന്നെ നിയോഗിച്ചയച്ചിരുന്നു എന്നു അബ്ദുൽ ഹമീദിനെക്കൊണ്ടു സമ്മതിപ്പിക്കുവാൻ ഈ കേസ്സ് വിചാരണക്കിടയിലും അന്യായഭാഗത്തു നിന്നു ഒരു വ്യഥാശ്രമം നടക്കുകയുണ്ടായി. ആ യുവാവ് സത്യത്തിലുറച്ചു നിൽക്കുകതന്നെ ചെയ്തു. ഈ തുടർശ്രമത്തിന്റെ ഫലം 'ബലജത്ത് ആയാത്തീ" (എന്റെ ദൃഷ്ടാന്തങ്ങൾ പ്രകാശിതമാകും) എന്ന വെളിപാടനുസരിച്ചായിരുന്നുവെന്നു ഹദ്റത്ത് അഹ്മദ് (അ) പ്രസ്താവിച്ചിട്ടുണ്ട് (തിരിയാഖുൽഖുലൂബ്)

പുരുഷൻമാരിൽ ഒരാളെയാണ് –ഭൂലോകത്തിന്റെ ഒരറ്റം മുതൽ മറ്റെ അറ്റം വരെയുള്ള മനുഷ്യജാതിയാകെ വിനയപൂർവ്വം ആദരിക്കുകയും വഴങ്ങുകയും ചെയ്യേണ്ടുന്ന ഒരു മഹാത്മാവിനെയാണ്–താൻ കൊടുത്തിട്ടുണ്ടോ എന്ന ചോദ്യത്തിന്നു 'ഒരു പൊതു ശത്രുവിന്നെതിരായി ഞങ്ങളെല്ലാം സംയുക്ത നടപടിയെടുത്തുവരികയാണ് എന്നായിരുന്നു അദ്ദേഹം മറുപടി നൽകിയത്.* ചുരുക്കത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ വിശുദ്ധ സ്ഥാപകർക്കെതിരായി കൊണ്ടുവന്ന ഈ കേസ്സിന്നു ക്രിസ്ത്യൻ ചർച്ചിന്റെ മാത്രമല്ല, ഒരു വലിയ വിഭാഗം ഹിന്ദുക്കളുടെയും മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ നേതൃത്വത്തിലുള്ള ഉലമാസംഘത്തിന്റെയും പിന്തുണയുണ്ടായിരുന്നു.

"താൻ നീതിനടത്തുന്ന ഈ കേസ്സിലെ പ്രതിയുടെ യഥാർത്ഥമായ മഹത്വം അന്നു കേണൽ ഡഗ്ലസിന്നു അറിഞ്ഞുകൂടായിരുന്നു. അദ്ദേഹ വിചാരണചെയ്യുന്നതെന്നു അദ്ദേഹം അറിഞ്ഞിരുന്നതേയില്ല. ഇവിടെ കൂടിയിട്ടുള്ള പലർക്കും മി.ഡഗ്ളസിന്നുതന്നെയും ഇപ്പറഞ്ഞതു അത്ഭുതകരമായിത്തോന്നിയേക്കാം. എങ്കിലും, രാത്രിയ്ക്കു പുറകിൽ പകലെന്നോണം അതു സംഭവിക്കുമെന്നു തീർച്ചയാണ്. തന്റെ ദൗത്യത്തിന്റെ തുടക്കത്തിൽതന്നെ അദ്ദേഹം അതു പ്രവചിച്ചിട്ടുണ്ടായിരുന്നു. കഴിഞ്ഞകാലത്തെ ചരിത്രം മുമ്പിൽവച്ചു നോക്കുമ്പോൾ, ഭാവിയെ സംബന്ധിച്ച ഈ പ്രവചനങ്ങളും അപ്രകാരംതന്നെ പുലരുമെന്നു ഞങ്ങൾക്കു പരിപൂർണ്ണവിശ്വാസമുണ്ട്. ആ കേസ്സ് വിചാരണ കഴിഞ്ഞശേഷം ഇതുവരെയുള്ള ഈ ഹ്രസ്വകാലത്തിന്നിടയിൽതന്നെ അഹ്മദിയ്യാ പ്രസ്ഥാനം അത്ഭുതാവഹമായ പുരോഗതി കൈവരിച്ചുകഴിഞ്ഞിരിക്കുന്നു. അതും കഠിനമായ എതിർപ്പുകളെ അതിജീവിച്ചുകൊണ്ട്! 1897ലെ ശരൽക്കാലത്ത് താൻ വിചാരണചെയ്ത ഈ മനുഷ്യന്റെ പ്രസ്ഥാനം ആർജ്ജിച്ച മഹത്തായ പുരോഗതിയുടെ ഒരുവശം കാണാനാകുവോളം കേണൽ ഡഗ്ളസിന്നു ജീവിച്ചിരിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്കു അതിയായ സന്തോഷമുണ്ട്. അഹ്മദിയ്യാ ജമാഅത്ത് ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രചരിച്ചുകൊണ്ടിരിക്കയാണ്. അദ്ദേഹത്തിന്റെ അനുയായികൾ ഇന്നു ക്രൈസ്തവലോകത്തിന്റെ ഹൃദയസ്ഥാനമായ ഈ നഗരത്തിൽ വന്നു പ്രവർത്തിക്കുമാറായി. ഇത്തരത്തിൽ അവർ പ്രവർത്തിക്കാത്ത ഒരു പ്രദേശവും ഭൂഗോളത്തിലില്ല. 'രാഷ്ട്രത്തലവന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്നു അനുഗ്രഹം തേടുവോളം ദൈവം നിന്നിൽ അനുഗ്രഹങ്ങൾ ചൊരിയുന്നതാ

*പണ്ഡിറ്റ് ലേഖ്റാമിന്റെ വധത്തെ അടിസ്ഥാനമാക്കി ആര്യസമാജക്കാർ ഹദ്റത്ത് അഹ്മദിനോടു വിദ്വേഷം പുലർത്തിപ്പോന്നിരുന്നുവല്ലോ. ഈ കേസ്സുമായി ബന്ധപ്പെട്ടതിനെപറ്റി ചോദിച്ചപ്പോൾ പണ്ഡിറ്റ് റാമ ഭജ്ദത്ത് പറഞ്ഞതു ഇങ്ങനെയായിരുന്നു: "ഞാൻ ഫീസൊന്നും വാങ്ങീട്ടില്ല. പണ്ഡിറ്റ് ലേഖ്റാമിന്റെ വധം സംബന്ധിച്ച എന്തെങ്കിലും രഹസ്യം വെളിപ്പെടുമോ എന്നു നോക്കാനാണ് ഞാൻ ഈ കേസുമായി ബന്ധപ്പെട്ടത്!" (താരീഖെ അഹ്മദിയ്യത്ത്)

ണ്, എന്നത്രെ അദ്ദേഹത്തിന്നു ആദ്യ കാലത്ത് ഉണ്ടായ ഒരു ദിവ്യവെളിപാട്. ഇതിപ്പോൾ അവിശ്വസനീയമായിത്തോന്നിയേക്കാം. എങ്കിലും അതു സംഭവിക്കാതിരിക്കയില്ല.

ഹദ്റത്ത് അഹ്മദിന്റെ നേരെ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബ് സ്വീകരിച്ച ശത്രുതാനയം എത്തരത്തിലുള്ളതാണെന്നു നാം കണ്ടുകഴിഞ്ഞു. എന്നാൽ, ആ ദിവ്യാത്മാവ് ബട്ടാലവി സാഹിബിനോടു കാണിച്ച മനോഭാവം നേരെമറിച്ചായിരുന്നു. തനിയ്ക്കെതിരായുള്ള ഒരു കള്ളക്കേസ്സിൽ സാക്ഷിപറഞ്ഞുകൊണ്ടിരുന്ന ഈ കെയ്യഫ്ഫാസിന്റെനേരെ ആ മഹാത്മാവ് കാണിച്ച മഹാമനസ്കതയ്ക്കുള്ള മറ്റൊരുദാഹരണം ഖാത്തമുന്നബിയ്യീൻ തിരുമേനിയുടെ വിശുദ്ധചരിത്രത്തിലല്ലാതെ മറ്റെങ്ങു കണ്ടെത്താനാണ്!

കേസ്സുകൾ നടത്തുന്നവർ പ്രതിയോഗികളുടെമേൽ ചെളിവാരിയെറിയാൻ നീതിസന്നിധികളെ ഉപയോഗപ്പെടുത്തുക ഇന്നു സർവ്വസാധാരണമാണ്. വ്യക്തികളെ ഇടിച്ചുതാഴ്ത്തുന്ന ഇത്തരം ക്രോസ്സ് വിസ്താരങ്ങൾ കേസ്സുകളുടെ വിജയപരാജയങ്ങൾക്കു അനുപേക്ഷണീയങ്ങളാണെന്നു വക്കീലൻമാർ പക്ഷെ തർക്കിച്ചേക്കാം. എന്നാൽ, നമ്മുടെ ചരിത്രനായകൻ അതു സമ്മതിയ്ക്കുമായിരുന്നില്ല. അന്യായഭാഗം സാക്ഷിയായിരുന്ന ബട്ടാലവിയുടെ ക്രോസ് വിസ്താരത്തിൽ പ്രതിഭാഗം വക്കീലായിരുന്ന ഫസ്ലുദ്ദീൻ സാഹിബ്, മൗലവി ബട്ടാലവിയെ ഇകഴ്ത്തുവാനായി അദ്ദേഹത്തിന്റെ മാതാവിന്റെ ചാരിത്ര്യത്തെ ബാധിക്കുന്ന ചില ചോദ്യങ്ങൾ ഉന്നയിക്കാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് അഹ്മദുൽഖാദിയാനി(അ) എഴുന്നേറ്റു നിന്നുകൊണ്ടു കയ്യുയർത്തി വിലക്കുകയും അത്തരം ചോദ്യങ്ങൾ ഉന്നയിക്കാൻ താൻ അനുവദിക്കുന്നില്ലെന്നു അറിയിക്കുകയും ചെയ്തു. സാക്ഷികളുടെ തെളിവ് ബലഹീനമാണെന്നു കാണിക്കാനാണ് താനതു ചോദിക്കുന്നതെന്നു വക്കീൽ ന്യായീകരണം ചെയ്തപ്പോൾ തനിയ്ക്കുവേണ്ടി അങ്ങനെ ചെയ്യേണ്ട ആവശ്യമില്ലെന്നും താനതനുവദിക്കുന്നില്ലെന്നും അദ്ദേഹം വീണ്ടും വ്യക്തമാക്കി.

റവ:ഡോ. ഹെന്റി മാർട്ടിൻ ക്ലാർക്ക് എം.ഡി.സി.എം.(എഡിൻബറൊ), എം.ആർ.എ.എസ്. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ ബന്ധപ്പെടുത്തിക്കൊണ്ടു ഇപ്രകാരം ഒരു കള്ളക്കേസ്സ് കൊണ്ടുവരികയും ആ പുണ്യപുമാനെ കരിതേച്ചുകാണിക്കാൻ പാടുപെടുകയുമാണല്ലോ ചെയ്തത്! കൊള്ളരുതാത്തയാളും ആപൽക്കാരിയും കുഴപ്പക്കാരനുമാണ് ആ മഹാത്മാവെന്നു വരുത്താൻ അദ്ദേഹം എല്ലാ ശ്രമങ്ങളും നടത്തി. പ്രതി ക്രിസ്തുമതത്തിന്റെ ബദ്ധവൈരിയാണെന്നു തന്റെ സ്റ്റേറ്റുമെന്റുകളിൽ എഴുതിപ്പിടിപ്പിച്ചു കൊണ്ടു ന്യായാധിപന്റെ മതവികാരങ്ങളെ ചൂടുപിടിപ്പിക്കാൻപോലും അദ്ദേഹം ശ്രമിക്കാതിരുന്നില്ല. ശത്രുവിനെ സ്നേഹിക്കുക എന്ന ക്രിസ്തുവിന്റെ ഉപദേശത്തിന്നെതിരായിട്ടാണ് ഹദ്റത്ത് അഹ്മദിനോടു ഡോ.ക്ലാർക്ക് പെരുമാറിയത്. എന്നാൽ, ഹദ്റത്ത് അഹ്മദ് തന്റെ പ്രതിയോഗിയുടെ നേരെ മഹാമനസ്കതയാണ് കാണിച്ചത്! ഡോ.ക്ലാർക്ക് ഈ

കൃത്യമെല്ലാം ചെയ്തിട്ടും അദ്ദേഹത്തിന്നു ആ മഹാത്മാവ് പൊറുത്തു കൊടുത്തു. തന്റെ പേരിൽ കള്ളക്കേസ്സ് കൊണ്ടു വന്നവരെയും കള്ള സാക്ഷി പറഞ്ഞവരെയുമെല്ലാം പ്രോസിക്യൂട്ട് ചെയ്യാവുന്നതാണെന്നു ഡിസ്ട്രിക്ട് മജിസ്ട്രേട്ട് പറഞ്ഞിട്ടും ആ ദിവ്യപുരുഷൻ പ്രതികാര ത്തിന്നൊരുമ്പെട്ടില്ല. താൻ ഡോ.ക്ലാർക്കിന്റെ പേരിൽ യാതൊരു കുറ്റവും ചുമത്തുന്നില്ല എന്നത്രേ അദ്ദേഹം മറുപടി നൽകിയത്.* തുടർന്നിപ്രകാ രവും പറഞ്ഞു: "ക്രിസ്ത്യാനികളുമായുള്ള എന്റെ കേസ്സ് ആകാശ ത്തിൽവച്ചു നടന്നുകൊണ്ടിരിക്കുകയാണ്. എനിയ്ക്കു ദൈവത്തിന്റെ കോടതി തന്നെ മതി! ഈ ലോകത്തുവെച്ചു ഞാനാർക്കെതിരായും കേസ്സ് കൊടുക്കുന്നില്ല!!"

ഈ ശക്തിമത്തായ സ്വർഗ്ഗീയദൃഷ്ടാന്തത്തെപ്പറ്റി ലോകത്തെ അറി യിക്കുവാനും ഭാവിതലമുറകളിൽ സത്യവിശ്വാസത്തെ പുതുക്കിയുറപ്പി ക്കാനും വേണ്ടി ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)'കിത്താബുൽബ രിയ്യ' (31)(വിടുതിഗ്രന്ഥം) എന്നപേരിൽ 1898 ജനുവരി 24-ാം തിയ്യതി ഒരു ഗ്രന്ഥം പുറത്തിറക്കി. ഈ ഗ്രന്ഥത്തിൽ ശത്രുക്കളുടെ എല്ലാ കള്ള പ്രചാരവേലകളുടേയും ഉള്ളുകള്ളി തുറന്നു കാണിക്കുകയും കേസ്സ് നട പടികളുടെ പൂർണ്ണ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. കൂടാ തെ, യേശുവുമായി തനിയ്ക്കുള്ളതും ഈ വിചാരണവേളയിൽ വെളി പ്പെട്ടതുമായ ഏഴു സാദൃശ്യങ്ങൾ എടുത്തുകാണിക്കുകയും തന്നെ വിചാ രണചെയ്ത ന്യായാധിപന്റെ ഉയർന്ന നീതിധർമ്മിഷ്ഠതകളെ അങ്ങേ യറ്റം സ്തുതിച്ചെഴുതുകയുമുണ്ടായി. പീലാത്തോസിനേയ്ക്കാൾ മികച്ച നീതിനിഷ്ഠയാണ് ഡഗ്ളസ് പുലർത്തിയതെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി.

ക്യാപ്റ്റൻ എം.ഡബ്ല്യു. ഡഗ്ളസിനെപറ്റി ഹദ്റത്ത് അഹ്മദ് (അ) തന്റെ മറ്റൊരു പിൽക്കാലഗ്രന്ഥത്തിൽ ഒരിടത്തിങ്ങനെ പറഞ്ഞിരിക്കുന്നു: "ലോകം നിലനിൽക്കുന്ന കാലംവരെ, ലക്ഷക്കണക്കിലും കോടിക്കണ ക്കിലും അംഗങ്ങൾ ചേർന്ന് ഈ ജമാഅത്ത് വളർന്നുവലുതാകുന്നതി ന്നൊത്തു ഈ നന്മനിറഞ്ഞ ന്യായാധിപനെക്കുറിച്ചുള്ള അനുസ്മരണ കളും സ്തുതികീർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നതാണ്. ഈ കാര്യ

*1946 സപ്തെമ്പർ 27-ാംതിയ്യതി കേണൽ ഡഗ്ളസ് എഴുതിക്കൊടുത്ത ഒരു പ്രസ്താവന യിൽ ഇപ്രകാരം പറഞ്ഞു:-

"The Case against MIrza Ghulam Ahamed depended on the evidence of the youth alleged to have sent to Amritsar from kadian. His statement broke down under cross examination. Asked where he first went on reaching Amritsar he replied to the American mission the principal of which Mr. Grey refused to accept him. He then went to the C. M. S mission which admitted him. He subsequently withdrew his statement to the effect that he intented to attack the Rev. Clark, which he said had been invented by the subordinates of the mission. After his discharge the Mirza rose from his seat and generously admitted that he did not consider Mr. Martin Clark to be in any way responsible for the false charges, which had been made against him.

27 Sept. 1946 (Signed) M.W. Douglas.

നിർവ്വഹണത്തിന്നായി ദൈവം അദ്ദേഹത്തെയാണ് തെരഞ്ഞെടുത്തതെന്നതു അദ്ദേഹത്തിന്റെ മഹാഭാഗ്യമെന്നേ പറയേണ്ടു.!" (കിശ്തീ നൂഹ്).

കേണൽ ഡഗ്ളസ് ജീവിച്ചിരുന്നകാലമത്രയും ഹദ്റത്ത് അഹ്മദു ൽഖാദിയാനിയുടെ സത്യത്തിന്നു സാക്ഷ്യം വഹിച്ചു. സന്ദർഭം കിട്ടുമ്പോഴെല്ലാം അദ്ദേഹം ഹദ്റത്ത് അഹ്മദിന്റെ മഹത്വത്തെക്കുറിച്ചു ഏറ്റുപറയുമായിരുന്നു. സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബിനോടു ഒരിക്കൽ ഇപ്രകാരമാണ് അദ്ദേഹം പറയുകയുണ്ടായത്; "മുഹമ്മദ് നബി (സ)ഒരു സത്യപ്രവാചകനാണെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. മിർസാ ഗുലാംഅഹ്മദും ഒരു സത്യവാനായ നബിയാണെന്നത്രെ എന്റെ ഉറച്ചവിശ്വാസം" (ഹയാത്തെതയ്യിബ).

42- ആദായനികുതിക്കേസ്

റവ: മാർട്ടിൻ ക്ലാർക്ക് വധോദ്യമക്കേസ്സിൽ തങ്ങൾക്കു അപമാനകരമായ പരാജയം പറ്റിയതിനെതുടർന്നു ശത്രുക്കൾ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ ഉപദ്രവിക്കുവാനുള്ള മറ്റുവഴികൾ ആരാഞ്ഞുതുടങ്ങി. ഏതെങ്കിലും തരത്തിൽ ആ മഹാത്മാവിനെ അപകീർത്തിപ്പെടുത്തുകയും സർക്കാരിന്റെ ദൃഷ്ടിയിൽ കുറ്റവാളിയാക്കിത്തീർക്കുകയും ആയിരുന്നു ശത്രുക്കളുടെ ഉദ്ദേശ്യം. ആ ഉദ്ദേശ്യത്തോടെ അവർ കൊണ്ടുപിടിച്ച ശ്രമങ്ങൾ നടത്തിത്തുടങ്ങി. അസൂയാലുക്കളായ വൈരിഗണത്തിന്റെ കണ്ണ് പതിഞ്ഞത് ഹദ്റത്ത് അഹ്മദിന്നു നാനാതുറകളിലൂടെയും ലഭിച്ചുകൊണ്ടിരുന്ന സാമ്പത്തിക സാഹായ്യങ്ങളുടെ നേർക്കാണ്. ധനാഗമനമാർഗ്ഗങ്ങളെ തടയാനുള്ള തങ്ങളുടെ ശ്രമങ്ങളെല്ലാം നിഷ്ഫലമായിത്തീർന്നിരിക്കുകയാണെന്നു അവർ കണ്ടു.

സത്യവാദികൾക്കു അല്ലാഹു വാഗ്ദത്തംചെയ്ത നാനാവിധമായ സഹായാനുഗ്രഹങ്ങളിലൊന്നായി തനിക്കു കിട്ടിവന്ന ധനസഹായ പ്രവാഹത്തെ ചൂണ്ടിക്കാട്ടാൻ ഹദ്റത്ത് അഹ്മദ് (അ)മടിച്ചിരുന്നില്ല. തന്റെ പ്രസ്ഥാനത്തെ വിജയപൂർവ്വം നടത്തിക്കൊണ്ടുപോകുന്നതിന്നാവശ്യമായ ആരോഗ്യവും, ആയുസ്സും, ധനവും നൽകി അനുഗ്രഹിച്ചതിൽ അദ്ദേഹം ദൈവത്തെ സ്തുതിക്കുകയും അവയെ ഒരത്ഭുതലക്ഷ്യമായി വിവരിക്കുകയും ചെയ്തിരുന്നു. ശത്രുക്കൾക്കു അതു അസഹ്യമായിത്തോന്നിയെങ്കിൽ അത്ഭുതപ്പെടുവാനില്ലല്ലോ.

തനിക്കു കിട്ടിക്കൊണ്ടിരുന്ന സാമ്പത്തികസഹായങ്ങളെപറ്റി ഹദ്റത്ത് അഹ്മദ് (അ) തന്റെ ഒരു ഗ്രന്ഥത്തിൽ ഇപ്രകാരമാണ് പറയുന്നത്:

"എനിക്കു പണത്തിന്റെ ആവശ്യം നേരിടുമ്പോഴെല്ലാം കുറച്ചു ഉറുപ്പിക ലഭിക്കാൻ പോകുന്നുണ്ടെന്ന വിവരം 'ഇൽഹാം' (വെളിപാടു)മുഖേനയോ, 'കശ്ഫ്' (ജാഗ്രദ്ദർശനം) മുഖേനയോ അല്ലാഹു എനിക്കു അറിയിച്ചു തരുന്നു. മറ്റു ചിലപ്പോഴാകട്ടെ, ഇന്ന തിയ്യതിയ്ക്കു ഇന്ന ആൾ മുഖേന സംഖ്യ അയച്ചുതരുന്നുണ്ട് എന്നുപോലും എനിക്കു അല്ലാഹു വിവരം നൽകി. ഇതിലേയ്ക്കു ഖാദിയാനിലെ ചില ഹിന്ദുക്കളും, നൂറുക്കണക്കായ മുസ്ലിംകളും സാക്ഷികളാണ്...ഏതാനും ആഴ്ചകൾ എന്നോടൊപ്പം താമസിക്കുന്ന ഏതൊരാൾക്കും ഇതു സത്യമാണെന്നു ബോധ്യപ്പെടുന്നതാണ്."

തന്റെ ആദ്യകാല നിസ്സഹായതയെയും പിൽക്കാല സുസ്ഥിതിയെയും വിവരിച്ചുകൊണ്ട് അദ്ദേഹം മാറ്റൊരിടത്തു ഇപ്രകാരം എഴുതി:

"ഞങ്ങളുടെ ജീവിതയാപനവും സംതൃപ്തിയും എല്ലാം എന്റെ പിതാവിന്റെ തുച്ഛമായ വരുമാനത്തെ ആശ്രയിച്ചുള്ളതായിരുന്നു. പുറമെയുള്ളവർക്കാർക്കും എന്നെ അറിഞ്ഞുകൂടായിരുന്നു. ഖാദിയാനെപ്പോലുള്ള ഒരു വിജനസ്ഥലത്തു വിസ്മൃതിയിൽ കഴിഞ്ഞുകൂടിയ ഒരു ഏകാന്തപ്രിയനായിരുന്നു ഞാൻ. പിന്നെ ദൈവം അവന്റെ വാഗ്ദത്ത പ്രകാരം ഒരു ലോകത്തെ എന്നിലേയ്ക്കു ആകൃഷ്ടമാക്കിത്തരികയും, വിജയങ്ങൾക്കു മേൽ വിജയങ്ങൾ നൽകികൊണ്ടു എന്നെ സാമ്പത്തികമായി സഹായിക്കാൻ ഓടിയെത്തുകയും ചെയ്തു. ഇതിനായി ഞാൻ ദൈവത്തോടു നന്ദിപറയേണ്ടതു ഏതു വാക്കുകളിലാണെന്നു എനിയ്ക്കറിഞ്ഞുകൂടാ" (നുസൂലുൽ മസീഹ് 1902,ഭാ, 211)

ഈ സാമ്പത്തിക സഹായ മാർഗ്ഗങ്ങളെ തടയാൻ സാദ്ധ്യമല്ലാതെ വന്നപ്പോൾ അസൂയാലുക്കളായ ശത്രുക്കൾ ഹദ്റത്ത് അഹ്മദിനെപ്പറ്റി റവന്യൂ ഡിപ്പാർട്ട്മെന്റിലേക്കു വാറോലകളയക്കുകയും, ആദായനികുതിക്കു വിധേയമായ വമ്പിച്ച വരുമാനമുണ്ടായിരിക്കെ അദ്ദേഹം നികുതി അടക്കുന്നില്ലെന്നു കുറ്റപ്പെടുത്തുകയും ചെയ്തു. കപടഭക്തിക്കാരായ ശാസ്ത്രികളും, പരീശൻമാരും യേശുമിശിഹാവിനെപ്പറ്റി, കൈസർക്കു കരംകൊടുക്കുന്നതിനെ വിരോധിച്ചു എന്നു കുറ്റാരോപണം ചെയ്തിരുന്നപോലെ വാഗ്ദത്ത മസീഹിനെ അദ്ദേഹത്തിന്റെ വിരോധികളും കുറ്റപ്പെടുത്തി!

റവന്യു ഡിപ്പാർട്ടുമെന്റിൽ, ബന്ധപ്പെട്ട ഒരു ഉദ്യോഗസ്ഥൻ തങ്ങൾക്കനുകൂലമായുണ്ടെന്ന വസ്തുത ശത്രുക്കൾക്കു പ്രചോദനവും പ്രോൽസാഹനവും നൽകി. പ്രതീക്ഷിച്ചതിൻപ്രകാരം ആ ഹിന്ദു ഓഫീസർ പക്ഷപാതപരമായി പെരുമാറുകയും, ഹദ്റത്ത് അഹ്മദിന്റെ വാർഷികവരുമാനം 7200ക.യായി നിജപ്പെടുത്തികൊണ്ടു 167ക. 8ണ.ആദായനികുതി ചുമത്തുകയും ചെയ്തു.

ഈ അസ്സെസ്മെന്റിനെതിരായി 1898 ജൂൺ 20-ാം തിയ്യതി ഹദ്റത്ത് അഹ്മദിനുവേണ്ടി അദ്ദേഹത്തിന്റെ വക്കീൽ ശേഖ് അലി അഹ്മദ് ബട്ടാല തഹസിൽദാർക്കു അപ്പീൽ ബോധിപ്പിച്ചു.

ആഗസ്ത് മാസത്തിൽ ഒരു ദിവസം ഹദ്റത്ത് അഹ്മദ്(അ)സ്വശിഷ്യൻമാരോടൊപ്പം പള്ളിയിൽ (മസ്ജിദ് മുബാറക്ക്) ഇരുന്നു കണക്കുകൾ പരിശോധിക്കുകയും ശരിപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ അദ്ദേഹത്തിന് ഒരു 'കശ്ഫ്' (ജാഗ്രദർശനം)ഉണ്ടായി. ഒരു കസേരയിൽ ആസനസ്ഥാനായ ഹിന്ദു റവന്യൂ ഓഫീസർ അപ്രത്യക്ഷനാവുകയും, തൽസ്ഥാനത്തു ഒരു മുസ്ലിം ഉദ്യോഗസ്ഥൻ ഉപവിഷ്ഠനാവുകയും ചെയ്തതായിട്ടാണ് അദ്ദേഹം ആത്മദർശനത്തിൽ കണ്ടത്. ഈ ദർശനത്തെപറ്റിയും കേസിൽ കൈവരാനിരിക്കുന്ന വിജയത്തെക്കുറിച്ചും അപ്പോൾ അവിടെ സന്നിഹിതരായിരുന്ന ശിഷ്യൻമാരെ അറിയിക്കുകയും

തഹസിൽദാർ മാറ്റം പോകുന്നതും ഒരു മുസ്‌ലിം ഓഫീസർ പകരം വരുന്നതുമാണെന്നു പ്രവചിക്കയും ചെയ്തു. തദവസരം അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന ശിഷ്യൻമാർ, ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് (റ), ഖാജാജമാലുദ്ദീൻ സാഹിബ് (ഇൻസപെക്ടർ ഓഫ് സ്ക്കൂൾസ്, ജമ്മു കാശ്മീർ) ഹദ്റത്ത് മൗലനാ അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) മൗലവി മുഹമ്മദലി സാഹിബ്, എം.ഏ.എൽ.എൽ.ബി, ഹദ്റത്ത് മൗലാനാ ശേർ അലി സാഹിബ്, ബി.എ.തുടങ്ങിയവരായിരുന്നു.

ഏതാനും ദിവസങ്ങൾക്കകംതന്നെ ശത്രുപക്ഷക്കാരനായ ആ ഹിന്ദു തഹസിൽദാർ മാറ്റംപോവുകയും മിയാൻ താജുദ്ദിൻ (പിന്നീടു ജസ്റ്റിസ് ശാഹ്ദീൻ എന്ന പേരിൽ പ്രഖ്യാപിതനായിത്തീർന്ന മിയാൻ ശാഹ്ദ്ദീൻ ബാർ അറ്റ്ലായുടെ സഹോദരനാണിദ്ദേഹം) തഹസിൽദാർ ആയി മാറിവരികയും ചെയ്തു. അദ്ദേഹം ആഗ്സ്ത് 15-നു ഖാദിയാൻ സന്ദർശിക്കുകയും ഹദ്റത്ത് അഹ്മദിന്റെ സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ ശിഷ്യൻമാരായ 6 പേരടക്കം 13 പേരുടെ തെളിവെടുക്കുകയുമുണ്ടായി.

ഹദ്റത്ത് അഹ്മദ് (അ) സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ തന്റെ സ്വകാര്യ വരുമാനം തന്റെ സ്വന്തം ചെലവിനു തികയുന്നുണ്ടെന്നും മറ്റൊരാളുടെയും ഒരു ചില്ലിക്കാശുപോലും തനിയ്ക്കാവശ്യമില്ലെന്നും വ്യക്തമാക്കിക്കൊണ്ടു ഇപ്രകാരം പ്രസ്താവിച്ചു: "നംഗൽ, ഭൈനി, ഖാരെ എന്നീ മൂന്നു ഗ്രാമങ്ങളിലെ താലൂക്ക് ദാരി അവകാശം എനിയ്ക്കുണ്ട്. അതുവകയിൽ വർഷം പ്രതി 82ക 10ണ. വരവുമുണ്ട്. 300ക.ഭൂസ്വത്തിൽനിന്നുള്ള പുറപ്പാടു കിട്ടുന്നു. തോട്ടം വകയിൽ 200ക.മുതൽ 500ക,വരെ കൊല്ലത്തിൽ വരുമാനമുണ്ട്. എനിയ്ക്ക് വേറെ വരവൊന്നും ഇല്ല...നടപ്പു വർഷത്തിൽ എന്റെ അനുയായികളിൽനിന്നു ആകെ കൂടിയുള്ള വരുമാനം 5200ക.യാണ്. കൊല്ലത്തിൽ ശരാശരി 4000ക. കണക്കാക്കാം... അനുയായികളിൽനിന്നുള്ള വരുമാനം വിവിധ വകുപ്പുകളിലായി ചെലവുചെയ്യുന്നു. അതിൽ പ്രധാനം അതിഥികാര്യാലയത്തിന്റെ (ലങ്കർ ഖാനയുടെ)താണ്. ലങ്കറിന്നു ചെലവാകുന്ന ധാന്യമാവിന്റെ അളവും മറ്റും അതു സപ്ലൈ ചെയ്യുന്ന റീഫ്, പരോവാൾ, ബട്ടാല എന്നിവിടങ്ങളിലെ ധാന്യക്കച്ചവടക്കാരോട് അന്വേഷിച്ചു തിട്ടപ്പെടുത്താവുന്നതാണ്.... 1763ക. അതിഥി മന്ദിരം നിർമ്മിക്കുവാനായി നടപ്പുവർഷം ചെലവായിട്ടുണ്ട്. ഈ കണക്കുകളിൽ സ്കൂളിനു വേണ്ടിയുള്ള വരവുചെലവുകൾ ഉൾപെടുകയില്ല. അതിന്റെ ശരിയായ കണക്കു മൗലവി നൂറുദ്ദീൻ സാഹിബിന്റെ പക്കലാണ്. 21 ലഘുലേഖകൾക്കായി ഇക്കൊല്ലം ഇതുവരെ 200കയോളം പോസ്റ്റെയിജ് വന്നിട്ടുണ്ട്. കത്തെടപാടുകൾക്കായി 240ക.യോളം ചെലവായിരിക്കുന്നു. 1000ക. പ്രിന്റിങ്ങ് പ്രസ്സിനും ചെലവ് വന്നിട്ടുണ്ട്. പുസ്തക വില്പനയിൽ 488ക. 10ണയാണ് വരവ്....എന്റെ സ്വകാര്യചെലവുകളെല്ലാം വേറെതന്നെ സൂക്ഷിച്ചിരിക്കുന്നു.... മതകാര്യത്തിൽ എന്റെ പങ്കും ഞാൻ നൽകുന്നുണ്ട്. യഥാർത്ഥത്തിൽ എന്റെ ചെലവ് കഴിച്ചു മിച്ചമാകുന്നതു മുഴുവനും ഞാൻ

ദീൻ കാര്യത്തിനാണ് ചെലവഴിക്കുന്നതു ഞാനെവിടെയും നിക്ഷേപിക്കുന്നില്ല.

തഹസിൽദാർ മിയാൻ താജുദ്ദീൻ ഹദ്റത്ത് അഹ്മദിന്റെ സ്വന്തം വരവിനങ്ങൾ തിട്ടപ്പെടുത്തുകയും, സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയും ചെയ്തശേഷം ഡിപ്യൂട്ടി കമ്മീഷണർ (കലക്ടർ)ക്ക് റിപ്പോർട്ട് സമർപ്പിച്ചു. താലൂക്ക്ദാരി, ദൂസ്വത്ത്, തോട്ടം എന്നീ മൂന്നിനങ്ങളിലുള്ള വരുമാനമൊഴിച്ചു നികുതികെട്ടാവുന്ന വേറെസ്വകാര്യവരുമാനമൊന്നും ഹദ്റത്ത് അഹ്മദുൽഖാദിയാനിയ്ക്കില്ലെന്നു തഹസിൽദാർ സർട്ടിഫൈ ചെയ്തു: "സാക്ഷികളിൽ 6 പേർ പ്രസിദ്ധൻമാരായ വ്യക്തികളാണെങ്കിലും മിർസാ സാഹിബിന്റെ ശിഷ്യൻമാരും സദാ അദ്ദേഹത്തോടൊപ്പം വസിക്കുന്നവരുമാകുന്നു. തെളിവുനൽകിയ മറ്റു 7 പേർ വിവിധ വകുപ്പിൽപ്പെട്ട കച്ചവടക്കാരത്രെ, അവർക്ക് മിർസാ സാഹിബുമായി മറ്റുവിധത്തിൽ ബന്ധങ്ങളൊന്നുമില്ല...മിർസാസാഹിബിന്റെ സ്വകാര്യവരുമാനത്തെപറ്റി ഞാൻ ചിലരോടു രഹസ്യനിലയിലും അന്വേഷണം നടത്തിയിരുന്നു... 'മുരീദ'ൻമാരിൽനിന്നു ലഭിച്ചുപോന്ന സംഖ്യമുഴുവനും ധർമ്മവിഷയത്തിലാണ് ചെലവഴിക്കപ്പെടുന്നത്. ആകയാൽ, മിർസാ ഗുലാം അഹ്മദ് സാഹിബിന്റെമേൽ ഇപ്പോൾ ചുമത്തീട്ടുള്ള ആദായനികുതി നിലനിൽക്കുന്നതല്ല."

ചെലവുകൾ പ്രധാനമായും അഞ്ചുവകുപ്പുകളിലായി ഇനം തിരിച്ചിട്ടുണ്ടെന്നും 1)അതിഥി കാര്യാലയം 2)പ്രസ്സ്, 3)സ്ക്കൂൾ 4)വാർഷികസമ്മേളനവും യോഗങ്ങളും, 5)കത്തെടപാടുകൾ, എന്നിവയാണതെന്നും തഹസിദാർ റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു. ഈ റിപ്പോർട്ടിന്റെ പൂർണ്ണരൂപം ഹദ്റത്ത് അഹ്മദ് (അ) 'സറൂറത്തുൽ ഇമാം' (32)എന്ന പുസ്തകത്തിൽ ചേർത്തിട്ടുണ്ട്.

മേൽ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി, ഗുർദാസ്പൂർ ഡിപ്യൂട്ടി കമ്മീഷണർ മി.എഫ്.ടി.ഡിക്സൻ താഴെ ചേർക്കുന്ന ഫൈനൽ ഓർഡർ പാസ്സാക്കി:-

Mirza Gulam Ahamed claims that all his income is applied not to his personal but to the expenses of the sect he has founded. He admits that he has other property also but he stated to the Tahsildar that even the proceeds of agriculture and is exempt under 5 (b) go tohis religious expenses. I see no reason to doubt the bonafides of this man, whose sect is well-known, and I exempt his income from subsciption which he states as 5200 under sec 5 (c) as being solely employed in religious purpose."

(തന്റെ വരുമാനം സ്വകാര്യചെലവുകൾക്കായിട്ടല്ല, താൻ സ്ഥാപിച്ച കക്ഷിയുടെ ചെലവിലേയ്ക്കായിട്ടാണ് ഉപയോഗിക്കപ്പെടുന്നതെന്നു മിർസാ ഗുലാംഅഹ്മദ് അവകാശപ്പെടുന്നു. തനിക്ക് വേറെയും സ്വത്തുക്കളുണ്ടെന്നു അദ്ദേഹം സമ്മതിക്കുന്നുണ്ടെങ്കിലും ഭൂമിയിൽനിന്നും കൃഷിയിൽനിന്നുമുള്ള പുറപ്പാട് വകയായുള്ളതും 5(ബി)പ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ പ്രസ്തുത വരുമാനവും മതപരമായ കാര്യങ്ങൾക്കാണ്

വിനിയോഗിക്കുന്നതെന്നെത്രെ അദ്ദേഹം തഹസിൽദാരോടു പ്രസ്താവിച്ചിരിക്കുന്നത്. പ്രശസ്തമായ ഒരു മതകക്ഷിയുടെ സ്ഥാപകനായ ഇദ്ദേഹത്തിന്റെ വിശ്വാസ്യതയെ സംശയിക്കാൻ ഞാൻ യാതൊരു കാരണവും കാണുന്നില്ല. അതിനാൽ, 5(സി)പ്രകാരം മതപരമായ കാര്യങ്ങൾക്കായി മുഖ്യമായും വിനിയോഗിക്കപ്പെടുന്നതും 5200ക.യോളമുണ്ടെന്നു അദ്ദേഹം പറയുന്നതുമായ വരിസംഖ്യ വരുമാനത്തെ* ഞാൻ നികുതി ബാദ്ധ്യതയിൽനിന്നു ഒഴിവാക്കിക്കൊള്ളുന്നു").

അങ്ങനെ, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ തേജോവധം ചെയ്യാനുള്ള ശത്രുക്കളുടെ ആ ശ്രമവും പരാജയപ്പെട്ടു. യഥാർത്ഥത്തിൽ, ഈ കണക്കു പരിശോധനകൾ ആ പുണ്യാത്മാവിന്റെ സത്യസന്ധതയെയും ത്യാഗബുദ്ധിയെയും ഭക്തിവിനയങ്ങളെയും ഉയർത്തിക്കാട്ടുവാൻ മാത്രമെ പ്രയോജനപ്പെട്ടുള്ളു. നാലുകൊല്ലത്തിനു ശേഷം ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം എഴുതി:

"മാസത്തിൽ ഒരു പത്തുറുപ്പികപോലും എനിയ്ക്കുകൊടുക്കാൻ കഴിയാത്ത പരിതസ്ഥിതിയിലായിരുന്നു ഞാൻ. എന്നാൽ, മൺതരിയോളം താണവനെ ഔന്നത്യത്തിലേയ്ക്കുയർത്തുന്നവനും ഔദ്ധത്യമുള്ളവനെ മണ്ണോടുചേർത്തുകളയുന്നവനുമായ ആ രാജാധിരാജൻ എന്റെ രക്ഷയ്ക്കായെത്തി. ഈ കാലത്തിനിടയിൽ ഏതാണ്ട് മൂന്നുലക്ഷമോ അതിലധികമോ ഉറുപ്പിക എനിയ്ക്ക് കിട്ടിയിട്ടുണ്ടെന്നു എനിയ്ക്കുറപ്പിച്ചു പറയാൻ കഴിയും" (നുസൂലുൽ മസീഹ് – ഭാ,212).

ഗുർഗാവോൻ ഇനാം കേസ്സ്

1897ജനവരി 28-ാം തിയ്യതി ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിൽ ക്രിസ്തീയ വൈദികരുടെ മുമ്പിൽ മറ്റൊരു ആഹ്വാനം ചെയ്തിട്ടുണ്ടായിരുന്നു; യേശുവിന്റെ പ്രവചനങ്ങളെയും അത്ഭുതലക്ഷ്യങ്ങളേയും അപേക്ഷിച്ചു തന്റെ പ്രവചനങ്ങളും അത്ഭുതാടയാളങ്ങളും ആധിക്യത്തിലും ഗാംഭീര്യത്തിലും മുന്തി നിൽക്കുന്നുവെന്നും അപ്രകാരമല്ലെന്നു തെളിയിച്ചു കാണിക്കുന്ന ഏതൊരു ക്രിസ്തീയ വൈദീകന്നും ആയിരം ഉറുപ്പിക ഇനാം റൊക്കമായി നൽകാൻ തയ്യാറാണെന്നും അതിൽ പറഞ്ഞിരുന്നു.

ഈ വിജ്ഞാപനത്തിന്റെ 4000 പ്രതികൾ അച്ചടിക്കുകയും ഇന്ത്യയിലെ ശ്രുതിപ്പെട്ട എല്ലാ പാതിരിമാർക്കും റജിസ്ത്രാക്കി അയച്ചു കൊടുക്കുകയും ചെയ്തിരുന്നുവെങ്കിലും ഒരൊറ്റ ക്രിസ്ത്യാനിയും ഈ വെല്ലുവിളി സ്വീകരിക്കാൻ ധൈര്യപ്പെടുകയുണ്ടായില്ല. കള്ള പ്രവാചകനും കള്ള മസീഹും അത്തരം വലിയ വലിയ ദൃഷ്ടാന്തങ്ങളെല്ലാം കാണിക്കുമെന്നു സുവിശേഷം മനസ്സിലാക്കിത്തരുന്നുണ്ടെന്നും ലക്നോവിലെ 'ക്രിസ്ത്യൻ അഡ്വക്കെറ്റ്' (Chiristian Advocate)-എന്ന പത്രം ഒരു മറുപടിയെഴുതി (അഖ്ബാറെ ആം, 23-2-97). ഹദ്റത്ത് അഹ്മദ് (അ) ഫിബ്രവരി 28-ാം

*അല്ലാഹുവിനു അപാരമായ സ്തുതി! ഈ സംഖ്യ ഇന്നു കോടിക്കണക്കിലായി വർദ്ധിച്ചിരിക്കുന്നു.

തിയ്യതി പുറപ്പെടുവിച്ച മറ്റൊരു വിജ്ഞാപനത്തിൽ, സുവിശേഷപ്രസ്താവന ക്രിസ്ത്യാനികളുടെ രക്ഷയ്ക്കുപകരിക്കില്ലെന്നു പറഞ്ഞുകൊണ്ടു ഇപ്രകാരം തുടർന്നു: "ഏതൊരു അത്ഭുതാടയാളങ്ങളിൽ ആശ്രയമൂന്നിക്കൊണ്ടാണോ യേശുവിനെ അവർ ദൈവമാക്കിയിരിക്കുന്നത്, അതേ തരത്തിലുള്ള, അല്ല, യേശുവിന്റെ ഭാഷയിൽ പറഞ്ഞാൽ അതിലും വലിയ അത്ഭുതകൃത്യങ്ങൾ കാണിച്ചാലും മറ്റൊരാൾ ഒരു സത്യവെളിപാടുവാദി പോലും ആവുകയില്ലെന്നാണെങ്കിൽ അതൊരു വലിയ അന്യായംതന്നെ" ഈ വിജ്ഞാപനം മദ്രാസിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന, 'മുഖ്ബിറെ ദക്കൻ' എന്ന പത്രം 1897 മാർച്ച് 11-നു ത്തെ ലക്കത്തിൽ എടുത്തു ചേർത്തിട്ടുണ്ടായിരുന്നു.

ചുരുക്കത്തിൽ, ക്രിസ്ത്യാനികളാരും മുമ്പോട്ടുവരാൻ ധൈര്യപ്പെട്ടില്ല! എന്നാൽ, അസ്ഗർ ഹുസൈൻ എന്നുപേരായ ഒരു മുസ്ലിം പിണ്ഡിതൻ ഗുർഗാവൻ കോടതിയിൽ ലാലാ ജ്യോതി പ്രസാദിന്റെ മുമ്പാകെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയക്കെതിരായി ഒരു കേസ്സ് ഫയൽചെയ്യുകയുണ്ടായി. താൻ മിർസാ സാഹിബിന്റെ ആഹ്വാനം സ്വീകരിച്ചിട്ടുണ്ടെന്നും, താനും ഈസാ മസീഹിന്റെ ഒരനുയായിയാണെന്നും അയാൾ അവകാശപ്പെടുകയും, ആയിരം ഉറുപ്പിക ഇനാം സംഖ്യ നൽകാൻ കല്പിക്കണമെന്നു കോടതിയോടപേക്ഷിക്കുകയുമാണ് ചെയ്തിരുന്നത്. കോടതി സമൺ ഖാദിയാനിൽ കിട്ടിയപ്പോൾ ഹദ്റത്ത് അഹ്മദ് (അ) നേരിട്ടു ഹാജരാകുന്നതിനു പകരം സ്വശിഷ്യൻമാരായ മിർസാ അഫ്സൽ ബേഗ് സാഹിബ്, മൗലവി മുഹമ്മദലി സാഹിബ്, എം.എ.എൽ.എൽ.ബി, ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് എന്നിവരെ ഗുർഗാവണിലേയ്ക്കയച്ചു.

കോടതി ചേർന്നപ്പോൾ, മജിസ്ട്രേട്ട് അന്യായഹരജി വിചാരണക്കെടുക്കാതെ തള്ളിക്കളയുകയാണുണ്ടായത്! ഹദ്റത്ത് മിർസാ സാഹിബിനെ ഒന്നു കാണണമെന്നു ആഗ്രഹിച്ചുകൊണ്ടു മാത്രമാണ് താൻ സമൻസയച്ചതെന്നും, മിർസാ സാഹിബ് സമാഗതനായിട്ടില്ലാത്തതിനാൽ താൻ നടപടികൾ നീട്ടിക്കൊണ്ടുപോകാതെ തള്ളുകയാണെന്നും ന്യായാധിപൻ ഹദ്റത്ത് അഹ്മദിന്റെ ശിഷ്യൻമാരോടു പറഞ്ഞു.'* (ദിക്റെ ഹബിബ്- ഡോ.മുഫ്ത്തി സാദിഖ്).

മുൾത്താൻ കോടതിയിൽ

താൻ ഒരു ഇംഗ്ലീഷ് ന്യായാധിപന്റെ മുമ്പാകെ തെളിവു നൽകികൊണ്ടിരിക്കുന്നതായും എന്നാൽ, നിയമപ്രകാരം തന്നെക്കൊണ്ടു കോടതി സത്യം ചെയ്യിപ്പിക്കുകയുണ്ടായില്ലെന്നും 1897 ഒക്ടോബർ ആദ്യത്തിൽ ഹദ്റത്ത് അഹ്മദിനു ഒരു ദർശനമുണ്ടായി. പിന്നീടുണ്ടായ മറ്റൊരു സ്വപ്നത്തിൽ ഒരു ശിപായി കോടതി സമൻസുമായി വന്നിരിക്കുന്നതായും കണ്ടു.

*യേശു മശീഹായെപറ്റി സുവിശേഷത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "ഹെരോദാ അവനെ കുറിച്ചു കേട്ടിരുന്നതുകൊണ്ടു അവനെ കാൺമാൻ വളരെ കാലമായി ഇച്ഛിച്ചതു കൂടാതെ അവനാൽ വല്ല അടയാളവും ഉണ്ടാകുന്നതു കാണാം എന്നു ആശിച്ചുമിരുന്നു" (ലൂക്കോസ്, 23:8)

ഈ ദർശനങ്ങൾ പള്ളിയിലുള്ള ശിഷ്യൻമാർക്കു വിവരിച്ചുകൊടുത്തപ്പോൾ പുതിയൊരു കേസ്സിന്റെ യാതൊരു സൂചനയും ഉണ്ടായിരുന്നില്ല. എന്നാൽ, കുറച്ചു ദിവസത്തിനുശേഷം ഒരു ശിപായി കോടതി സമൻസുമായി വന്നെത്തി; ഭാവൽപൂർ നവ്വാബിന്റെ പ്രൈവറ്റ് സിക്രട്ടരിയായിരുന്ന മൗലവി റഹിം ബക്ശ് ലാഹോറിലെ 'നാസിമുൽ ഹിന്ദ്' എന്ന പത്രത്തിനെതിരായി കൊടുത്തിരുന്ന ഒരു അപകീർത്തിക്കേസിൽ പത്രാധിപർ സയ്യിദ് നാസിം ഹുസൈൻ സാഹിബ്, ഹദ്റത്ത് അഹ്മദിനെ അന്യായ ഭാഗം സാക്ഷിയാക്കിയിരുന്നതിനാൽ കോടതിയിൽ ഹാജരാകാനായിരുന്നു സമൻസ്.

തുർക്കി സ്ഥാനാപതി ഹുസൈൻകാമിയുടെ ഖാദിയാൻ സന്ദർശനത്തെ തുടർന്നു ഹദ്റത്ത് അഹ്മദിനെതിരായി ശക്തിമത്തായ ദുഷ്പ്രചാരണത്തിലേർപ്പെട്ടുകൊണ്ട് തന്റെ പത്രം വഴി ബഹുജനങ്ങളെ ഇളക്കിവിടാൻ ശ്രമിച്ച ആളായിരുന്നു. 'നാസിമുൽഹിന്ദി'ന്റെ പത്രാധിപർ, എന്നാൽ, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ശ്രേഷ്ഠഗുണങ്ങളിലും സത്യസന്ധതയിലും വിശ്വാസമർപ്പിച്ച പത്രാധിപർ അദ്ദേഹത്തിന്റെ സാക്ഷ്യം തന്റെ രക്ഷയ്ക്കാവശ്യമാണെന്നു കരുതി. കമ്മീഷൻവച്ചുകിട്ടുന്നതിനു ആവശ്യപ്പെടാമായിരുന്നെങ്കിലും എല്ലാ അസൗകര്യങ്ങളെയും തൃണവത്ക്കരിച്ചു അദ്ദേഹം മുൽത്താനിലേയ്ക്കു യാത്രപുറപ്പെടുകയും യൂറോപ്യൻ ന്യായാധിപതിയുടെ മുമ്പാകെ സാക്ഷ്യം നൽകുകയുമാണ് ചെയ്തത്. സ്വപ്നത്തിൽ മുന്നറിയിക്കപ്പെട്ടതിൻ പ്രകാരം കോടതി നിയമമനുസരിച്ചുള്ള സത്യം ചെയ്യിക്കൽകൂടാതെ തന്നെ ഹദ്റത്ത് അഹ്മദിന്റെ മൊഴികൾ രേഖപ്പെടുത്തുകയുമുണ്ടായി. എന്തെന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥനു സത്യം ചെയ്യിക്കാൻ മറന്നുപോയിരുന്നു! (നുസുലുൽ മസീഹ്,ഭാ. 221)

43- നല്ലനടപ്പ് ജാമ്യക്കേസ്സ്

"ഞാനാണ് മീർസായെ പൊന്തിച്ചത്. ഞാൻ തന്നെ അയാളെ താഴ്ത്തും" എന്ന ഉഗ്രനിശ്ചയത്തോടെ അഹങ്കാരപ്രമത്തനായ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ ഇടിച്ചു താഴ്ത്താനുള്ള ബദ്ധശ്രമങ്ങൾ തുടരുകയായിരുന്നു. എന്നാൽ, തനിയ്ക്കെതിരായുള്ള ഏതു നീക്കത്തെയും സർവ്വാധിനാഥനായ അല്ലാഹു ഫലശൂന്യമാക്കുകയും ശത്രുക്കളെ നിത്യനിരാശയിലാഴ്ത്തുകയും ചെയ്യുമെന്ന വീരവാദം ഹദ്റത്ത് അഹ്മദ് (അ) ആവർത്തിച്ചു മുഴക്കിക്കൊണ്ടിരിക്കയാണ് ചെയ്തത്.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ഒരു ശിഷ്യനായിരുന്ന മൗലാനാ അബ്ദുൽ ഖാദിർ സാഹിബ് ലുധിയാനവി, 1898 ഒക്ടോബറിൽ തന്റെ ഒരു സഹപാഠിയെന്ന നിലയിൽ മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവിയ്ക്ക് എഴുതിയ ഒരു തുറന്ന കത്തിൽ, ഹദ്റത്ത് അഹ്മദുമായി നിരുപാധികമായ ഒരു 'മുബാഹല' യിൽ ഏർപ്പെട്ടുകൊണ്ടു തർക്കങ്ങൾക്കെല്ലാം ഒരന്തിമതീരുമാനമുണ്ടാക്കാനായി അഭ്യർത്ഥിക്കുകയുണ്ടായി. അറബി സാഹിത്യരചന, പ്രാർത്ഥന, ഖുർആൻ വ്യാഖ്യാനം, പ്രവചനം എന്നിങ്ങനെയുള്ള മത്സരരംഗങ്ങളിൽ ആ മഹാത്മാവിനെ നേരിട്ടുകൊണ്ടു സത്യാസത്യനിർണ്ണയം വരുത്തുന്ന കാര്യത്തിൽ ഉലമാക്കളെല്ലാം പരാജയമടഞ്ഞിരിക്കെ അവശേഷിച്ച ഒരേ ഒരു മാർഗ്ഗം 'മുബാഹല' മാത്രമാണെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. മുബാഹലക്കു തയ്യാറാകുമെങ്കിൽ 200ക. പാരിതോഷികം നല്കുന്നതാണെന്നും അദ്ദേഹം അറിയിച്ചു. ലാഹൗർ, പട്ടിയാല, സിംല, അലഹബാദ്, ബട്ടാല, അമൃത്സർ, സിയാൽക്കോട്ട്, ഭേര തുടങ്ങിയ സ്ഥലങ്ങളിലെ അഹ്മദികൾ ഈ സംരംഭത്തെ സർവ്വാത്മനാ പിന്താങ്ങുകയും മൗലവി സാഹിബിനു പാരിതോഷികമായി തങ്ങളുടെ വകയായും സംഭാവനകൾ പ്രഖ്യാപിക്കുകയും ചെയ്തു. ഒടുവിൽ, ആ തുക 8000ക. യോളമായി വർദ്ധിച്ചുവെങ്കിലും ബട്ടാലവി സാഹിബ് മൗനമവലംഭിച്ചതേയുള്ളു.

മൗലവിമുഹമ്മദ് ഹുസൈൻബട്ടാലവി പോലീസ് അധികാരികളും സ്വാധീനമുള്ള വ്യക്തികളുമായി ഉപജാപത്തിലേർപ്പെട്ടുകൊണ്ടു പുതിയ ചില നീക്കങ്ങൾ ആരംഭിച്ചിരിക്കയായിരുന്നു. ഉയർന്ന ഗവൺമെന്റു ആഫീ

സർമാരുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന അദ്ദേഹം ഹദ്റത്ത് അഹ്മദിന്റെമേൽ രാജ്യദ്രോഹം ആരോപിച്ചുകൊണ്ടു ഗവൺമെന്റിലേക്ക് ചില രഹസ്യനിവേദനങ്ങൾ അയച്ചു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെപറ്റി, അദ്ദേഹം മഹ്ദി വാദം പുറപ്പെടുവിച്ച ആളാണെന്നും, ഗവൺമെന്റു അദ്ദേഹത്തിന്റെ കാര്യത്തിൽ സദാ ജാഗരൂകമായിരിക്കേണ്ടതുണ്ടെന്നും, സുഡാനിലെ മഹ്ദിയേക്കാളും മഹാ അപകടക്കാരനായിത്തീർന്നേക്കുമെന്നും, ഗവൺമ്മെന്റിനെ അട്ടിമറിക്കാൻ തക്ക കരുത്തും ശക്തിയും ആർജ്ജിച്ചുകൊണ്ടിരിക്കയാണെന്നും, കൂറ് പ്രകടിപ്പിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങളിൽ വിശ്വാസമർപ്പിച്ചുപോകരുതെന്നും മറ്റും അതുകളിൽ അദ്ദേഹം പ്രസ്താവിച്ചിരുന്നു. കാര്യങ്ങൾ നിയന്ത്രണത്തിൽ നിന്നു വഴുതിപ്പോകുന്നതിനു മുമ്പായിട്ടുതന്നെ മീർസാ സാഹിബിനെ അറസ്റ്റു ചെയ്തുകൊള്ളേണ്ടതാണെന്നും ഈ കൂറുള്ള പൗരൻ തന്റെ ബ്രിട്ടീഷ് മേലാളൻമാരെ തര്യപ്പെടുത്താതിരുന്നില്ല. എല്ലാറ്റിനും പുറമെ, മിർസാ സാഹിബ് അഫ്ഘാനിസ്ഥാനിലെ അമീർ അബ്ദുർറഹ്മാൻഖാനുമായി രഹസ്യവേഴ്ചയിലാണെന്നും തന്റെ പഠാണികളായ മുരിദൻമാരുടെ സഹായത്തോടെ ഗുപ്തമാർഗ്ഗേണ അഫ്ഘാൻ രാജാവുമായി കത്തെടപാടുകൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ടെന്നും സർക്കാരിന്റെ ഉന്നത കേന്ദ്രങ്ങളെ അദ്ദേഹം അറിയിച്ചു!

സുഡാനിലെ മഹ്ദിയെ സംബന്ധിച്ചേടത്തോളം ബ്രിട്ടീഷ് സാമ്രാജത്തിന്റെ അനുഭവങ്ങൾ അത്രവേഗം വിസ്മരിക്കാവുന്നതായിരുന്നില്ല.* അതിനാൽ, ബ്രിട്ടീഷ് ഭരണാധികാരികൾ ഈ താക്കീതിനെ അവഗണിച്ചുകളഞ്ഞില്ല. "ബ്രിട്ടീഷ് സമ്രാജ്യപ്രഭാവം എട്ടുകൊല്ലംവരെ അനന്തരം ക്ഷീണവും പതനവും ആരംഭിക്കുന്നതാണ്' എന്നു ഹദ്റത്ത് (അ)പ്രവചിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും** കൂട്ടത്തിൽ ബട്ടാലവി സാഹിബ് ബ്രിട്ടീഷ് ഉദ്യോഗസ്ഥൻമാരെ അനുസ്മരിപ്പിച്ചിരുന്നു. ഒരു യോദ്ധ്യമഹ്ദിയുടെ ആവിർഭാവത്തെപറ്റിയുള്ള വിശ്വാസങ്ങൾ വിവരിക്കുകയും മഹ്ദി അപ്രകാരം വാളെടുത്തു യുദ്ധം ചെയ്യുന്ന ആളാണെന്ന മുസ്ലിം വിശ്വാസത്തെ പെരുപ്പിച്ചു കാണിക്കുകയും ചെയ്തു. അഹ്ലെ ഹദീസ് കക്ഷിയുടെ പ്രസിദ്ധനേതാവായിരുന്ന നവാബ് സിദ്ദീഖ് ഹസൻഖാൻ എഴുതിയ പുസ്തകത്തിൽ മഹ്ദി ഇമാം അവതരിച്ചാലുള്ള ദിഗ്വിജയങ്ങളെ

* 1885ൽ, മഹ്ദിയുടെ സൈന്യം ഒരു പ്രസിദ്ധ ഇംഗ്ലീഷ് സൈന്യമേധാവിയായിരുന്ന ചാറൽസ് ഗോർഡനെ വധിച്ചു. ഖാർട്ടും പിടിച്ചടക്കി. മഹ്ദിയുടെ ആക്രമണങ്ങളെ ഭയന്നു ഇംഗ്ലീഷുകാരെ വിധിക്കുവിട്ടുകൊണ്ട് ഫ്രഞ്ചുകാർ ഈജിപ്ത് വിട്ടു. സുഡാൻ മഹ്ദിയുടെ പൂർണ്ണാധികാരത്തിലായി.

**ഈ പ്രവചനം 1888ൽ ഉണ്ടായ ഒരു ഇൽഹാമിനെ അടിസ്ഥാനമാക്കി ചെയ്തതാണെങ്കിൽ ഹദ്റത്ത് അഹ്മദ് (അ)തന്റെ മുരീദന്മാരെ അറിയിച്ചിരുന്നതല്ലാതെ തന്റെ ഒരു ഗ്രന്ഥത്തിലും രേഖപ്പെടുത്തിയിരുന്നില്ല. ഈ പ്രവചനം സർക്കാറിന്റെയും ബഹുജനങ്ങളുടെയും ശ്രദ്ധയിൽപെടുത്തി കോലാഹലം കൂട്ടിയതു ബട്ടാലവി സാഹിബ് തന്നെയായിരുന്നു. 1947ൽ അവസാനിക്കുന്ന 50 കൊല്ലക്കാലത്തെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അധ:പതനഘട്ടത്തിന്റെ തുടക്കം 1897ലാണ് ആരംഭിച്ചതെന്നു വിശ്രുത ഇംഗ്ലീഷ് ചരിത്രകാരനായ ആർണോൾഡ് ടോയംബി പ്രസ്താവിച്ചിരിക്കുന്നു (Civilization on Trial p.17,18)

കുറിച്ചെല്ലാം വിവിരിച്ചിട്ടുള്ളതിനു പുറമെ, ദൽഹിയിലെ ഭരണാധികാരികൾ മഹ്ദി ഇമാമിന്റെ മുമ്പിൽ കൈകാലുകൾ ചങ്ങലക്കിട്ട നിലയിൽ ഹാജരാക്കപ്പെടുന്നതായിരിക്കുമെന്നും കൂടി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഈ വസ്തുതകളെല്ലാം കൂടി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഈ വസ്തുതകളുടെയെല്ലാം വെളിച്ചത്തിൽ മഹ്ദിവാദിയെ ബ്രിട്ടീഷ് ഭരണാധികാരികൾ സംശയദൃഷ്ടികളോടെതന്നെയാണ് വീക്ഷിച്ചുപോന്നിരുന്നതെന്നതു പ്രസ്താവനീയമത്രെ.

വാഗ്ദത്ത മഹ്ദിയുടെ ആവിർഭാവത്തെ സംബന്ധിച്ച പ്രവചനങ്ങളെല്ലാം അസ്വീകാര്യങ്ങളാണെന്നും താൻ അവയിൽ വിശ്വസിക്കുന്നേയില്ലെന്നും പ്രസ്താവിച്ചുകൊണ്ടു മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി 1898 ഒക്ടോബർ 14-ാം തിയ്യതി ലാഹൗർ വിക്ടോറിയാ പ്രസ്സിൽനിന്നു ഇംഗ്ലീഷിൽ ഒരു ലഘുലേഖ അച്ചടിച്ചു രഹസ്യനിലയിൽ ഗവൺമെന്റു ഉദ്യോഗസ്ഥൻമാർക്ക് അയച്ചുകൊടുക്കുകയുണ്ടായി. ഗവൺമെന്റിന്റെ ദൃഷ്ടിയിൽ നല്ലപിള്ള ചമഞ്ഞു ആനുകൂല്യങ്ങൾ നേടിയെടുക്കാനുള്ള ജൂഗുപ്സാവഹമായ ഒരു ശ്രമമായിരുന്നു അത്. പ്രസ്തുത ലഘുലേഖയിൽ ഗവൺമെന്റിനെതിരായുള്ള എല്ലാ നിയമവിരുദ്ധപ്രവർത്തനങ്ങളും പ്രക്ഷോഭങ്ങളും ഇസ്ലാമിക പാഠങ്ങൾക്കും 'ജിഹാദി'ന്റെ പൊരുളിന്നും നിരക്കാത്തതാണെന്നു വ്യക്തമാക്കുകയും ബ്രിട്ടീഷ് ഗവൺമെന്റിനോടു തനിയ്ക്കും തന്റെ അഹ്ലെ ഹദീസ് കക്ഷിക്കും ഉള്ള കലവറയില്ലാത്ത കൂറും ഭക്തിയും പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. താൻ ബ്രിട്ടീഷ് ഗവൺമെന്റിന്നനുകൂലമായി ചെയ്തുപോന്നിട്ടുള്ള സേവനങ്ങളെ വിവരിച്ചുകൊണ്ടു അദ്ദേഹം 'ഇശാഅത്തുസ്സുന്ന'യിലെഴുതിയ ലേഖനങ്ങൾ അതിൽ ഉദ്ധരിക്കുകയുമുണ്ടായി. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കൂറുള്ള പ്രജ എന്ന നിലയിൽ ബട്ടാലവി സാഹിബ് തന്റെ കൂലി വസൂലാക്കാതിരുന്നുമില്ല. എന്തെന്നാൽ, ഇതിന്റെ പ്രതിഫലമെന്നോണം ലായൽപൂർ ജില്ലയിൽ അദ്ദേഹത്തിനു ഏതാനും ഏക്കർ ഭൂമി ജാഗീറായി ചാർത്തിക്കിട്ടി.*

* 1887 മാർച്ചിൽ പഞ്ചാബിലെ ലഫ് ഗവ:സി.യു.അച്ചീസൺ ഗവർണ്ണർ സ്ഥാനത്തു നിന്നു പിരിയുകയായിരുന്നപ്പോൾ മൗലവി ബട്ടാലവി സാഹിബിനു ഒരു സവിശേഷപ്രമാണ പത്രം നൽകുകയുണ്ടായി: "അബുസയിദ് മുഹമ്മദ് ഹുസൈൻ ബട്ടാലവി അഹ്ലെ ഹദീസ് കക്ഷിയുടെ പ്രധാന പണ്ഡിതനും ഇസ്ലാമിലെ ഈ വിഭാഗത്തിന്റെ പ്രാപ്തനായ പ്രതിനിധിയും ആകുന്നു...അദ്ദേഹം ചക്രവർത്തിനി മഹാറാണിയുടെ കൂറുള്ള പ്രജകളിൽപെട്ട ഒരാളത്രെ' (ഇശാഅത്തുസ്സുന്ന' വാ9,ഭാ.292)

ഭൂമി ജാഗീറായിക്കിട്ടിയതും പ്രമാണപത്രം ലഭിച്ചതുമെല്ലാം ബട്ടാലവി സാഹിബിനു സിദ്ധിച്ച ബഹുമാനങ്ങളാണെന്നും അക്കാലത്ത് ഹ:അഹ്മദിന്റെ വിരോധികൾ ഘോഷിക്കുന്നെങ്കിലും, അവയെല്ലാം അഭിശാപങ്ങളായിക്കലാശിക്കുമെന്നും ഭൂമിയിൽ അദ്ദേഹത്തിനോ സന്താനങ്ങൾക്കോ ഫലമെടുക്കാനാവില്ലെന്നും ഹദ്റത്ത് അഹ്മദ് (അ)പ്രഖ്യാപിച്ചിരുന്നു. എന്നാൽ, കാലാന്തരത്തിൽ അപ്രകാരംതന്നെ സംഭവിച്ചു. അദ്ദേഹം അഹ്ലെ ഹദീസു പ്രസ്ഥാനത്തെ ഇംഗ്ലീഷ്കാർക്ക് വിറ്റുകളകയാണ് ചെയ്തതെന്ന ആരോപണങ്ങൾ പിൽക്കാലത്തുണ്ടായി. അദ്ദേഹത്തിനോ സന്താനങ്ങൾക്കോ ഭൂമി ഉപകരിച്ചുമില്ല.

പോലീസ് മേധാവി പള്ളിയിൽ

1898 ഒക്ടോബർ അവസാനത്തിൽ ഒരു ദിവസം സന്ധ്യയ്ക്ക് ഹദ്റത്ത് അഹ്മദിന്റെ ശിഷ്യൻമാരെല്ലാം മസിജിദ് മുബാറക്കിൽ കൂടിയിരിക്കുമ്പോൾ പെട്ടെന്നു യൂറോപ്യൻ പോലീസ് സൂപ്രണ്ടിന്റെയും ഇൻസ്പെക്ടർ റാണാ ജലാലുദ്ദീൻ ഖാന്റെയും നേതൃത്വത്തിൽ ഒരു സംഘം പോലീസ് പള്ളിയിൽ പ്രവേശിച്ചു. മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി അസ്വസ്ഥനായ നിലയിൽ ഈ വിവരം ഹദ്റത്ത് അഹ്മദിനെ അറിയിച്ചപ്പോൾ യാതൊരു ഭാവഭേദവും കൂടാതെ അദ്ദേഹം പള്ളിയിൽ പ്രത്യക്ഷപ്പെട്ടു. അഫ്ഘാൻ രാജാവുമായി രഹസ്യത്തിൽ കത്തെടപാടുകൾ നടത്തുന്നുണ്ടെന്ന വിവരം കിട്ടിയിരിക്കയാൽ പരിശോധന നടത്തുന്നതിനുവേണ്ടിയാണ് തങ്ങൾ വന്നതെന്നു പോലീസ് മേധാവി അറിയിച്ചു. ബ്രിട്ടീഷ് സർക്കാരിന്റെ നീതിനിഷ്ഠയെയും മതസ്വാതന്ത്ര്യ നയത്തെയും താൻ ആത്മാർത്ഥമായി സ്തുതിക്കുന്നവനാണെന്നും ഇസ്ലാം മതം പരത്തുവാൻ വാളിന്റെ ആവശ്യമില്ലെന്നാണ് താൻ പൂർണ്ണ ഹൃദയത്തോടുകൂടി വിശ്വസിക്കുന്നതെന്നും ഹദ്റത്ത് അഹ്മദ് (അ) വ്യക്തമാക്കുകയും നമസ്ക്കാരം കഴിഞ്ഞശേഷം പരിശോധന നടത്തിക്കൊള്ളാവുന്നതാണെന്നു പ്രസ്താവിക്കുകയും ചെയ്തു.

ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബിന്റെ നേതൃത്വത്തിൽ നമസ്ക്കാരം ആരംഭിച്ചു. അദ്ദേഹത്തിന്റെ സ്വരവും ഖുർആൻ പാരായണവും ആരെയും പിടിച്ചു നിർത്തുന്നതരത്തിൽ ആകർഷണീയമായിരുന്നു. പോലീസ് മേധാവിയും കൂട്ടാളികളും ആ രാഗമാധുരിയിൽ ലീനരായ നിലയിൽ നമസ്ക്കാരം കഴിയുന്നതുവരെ അവിടെ കാത്തുനിന്നു. ആ ഭക്തവൃന്ദത്തിന്റെ സഗദ്ഗദപ്രാർത്ഥനകൾ അവർ കേട്ടു. പ്രാർത്ഥനയിൽനിന്നു വിമുക്തരായപ്പോൾ യൂറോപ്യൻ പോലീസ് ആഫീസർ ഹദ്റത്ത് അഹ്മദിനോടു ക്ഷമായാചനം ചെയ്കുകൊണ്ടു ഇപ്രകാരം പറഞ്ഞു:

"മീർസാ സാഹിബ്! അങ്ങ് ഒരു സാത്വികനും ദൈവഭക്തനുമാണെന്നു എനിയ്ക്കു ബോധ്യം വന്നിരിക്കുന്നു. അങ്ങു പറഞ്ഞതെല്ലാം സത്യമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഏതോ ശത്രു അങ്ങയെപറ്റി ദുഷ്പ്രചാരം ചെയ്തതായിരിക്കാം. അങ്ങയുടെ പുരയിടവും പള്ളിയും പരിശോധിക്കേണ്ട ആവശ്യമുണ്ടെന്നു ഞാനിപ്പോൾ കരുതുന്നില്ല." ഇത്രയും പറഞ്ഞശേഷം അദ്ദേഹം പോലീസുകാരെയുംകൂട്ടി തിരിച്ചു പോയി!

ഈ സംഭവത്തിന്നിടയാക്കിയ യഥാർത്ഥ വസ്തുതയെന്തെന്നറിയാൻ ഹദ്റത്ത് അഹ്മദ് (അ) ആഗ്രഹിച്ചു. മൗലവി ബട്ടാലവി സാഹിബ് അച്ചടിച്ചു ഗവൺമെന്റിലേയ്ക്കു സമർപ്പിച്ച ഇംഗ്ലീഷുലഘുലേഖയുടെ പ്രതി കയ്യിൽകിട്ടിയപ്പോഴാണ് തനിയ്ക്കെതിരായി നടന്ന ഗൂഢാലോചനയുടെ ഉള്ളു കള്ളികളെല്ലാം അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിഞ്ഞത്.

1898 ഡിസംബർ 27-ാം തീയ്യതി 'കശ്ഫുൽഗിത്താ' (33) എന്ന പേരിൽ ഒരു പുസ്തകം ഹദ്റത്ത് അഹ്മദ് (അ) പ്രസിദ്ധപ്പെടുത്തി. താൻ

ഭരണകൂടത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്നവനോ ഒരു വിപ്ലവകാരിയോ ആണെന്ന ആരോപണത്തെ അദ്ദേഹം ശക്തിയുക്തം നിഷേധിക്കുകയും തന്റെ കുടുംബപരമായ കാര്യങ്ങൾ വിവരിക്കുകയും താൻ സർക്കാറിന്റെ ഒരു ക്ഷേമകാംക്ഷി മാത്രമാണെന്നു ഊന്നിപ്പറയുകയും ചെയ്തു.

ശകാരസാഹിത്യം

ഹദ്റത്ത് അഹ്മദുമായി മുബാഹല നടത്തുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള മൗലാനാ അബ്ദുൽഖാദിർ സാഹിബിന്റെ തുറന്ന കത്ത് ബട്ടാലവി സാഹിബിനെ അരിശംകൊള്ളിക്കുകയാണുണ്ടായത്. അറപ്പുളവാക്കുന്ന നീചശകാരങ്ങളടങ്ങിയ ലഘുലേഖകളാണ് ബട്ടാലവി പ്രഭൃതികളുടെ ഭാഗത്തുനിന്നു പിന്നെ പുറപ്പെട്ടുതുടങ്ങിയത്. മുഹമ്മദ് ഹുസൈൻ സാഹിബിന്റെ ശിഷ്യൻമാരായ മൗലവി മുഹമ്മദ് ബക്ഷ്, മൗലവി അബുൽഹസൽ തിബ്ബത്തി എന്നിവർ പുറത്തിറക്കിയ ലഘുലേഖകൾ അങ്ങേയറ്റം പ്രകോപനപരവും പ്രതിഷേധാർഹവും ആയിരുന്നു. ഈ ക്ഷുദ്രകൃതികൾ പുറപ്പെടുവിച്ചവരുടെ പേരിൽ നടപടികളെടുക്കാൻ തക്ക കാരണങ്ങളുണ്ടായിട്ടും നിയമസമാധാന പാലകർ മൗനമവലംബിക്കുകയാണ് ചെയ്തിരുന്നത്.

മേൽ ക്ഷുദ്രകൃതികൾക്കു അതേഭാഷയിൽ മറുപടി നൽകുവാൻ മാന്യൻമാർക്കു സാധിക്കുമായിരുന്നില്ല. ഹദ്റത്ത് അഹ്മദ്(അ) ഈ ലോകത്തിൽനിന്നു മുഖം തിരിച്ചുകൊണ്ടു സർവ്വാധിനാഥനായ ജഗന്നിയന്താവിന്റെ ദിവ്യസവിധത്തിൽ തന്റെ എല്ലാ ആവലാതികളും അറിയിച്ചു. അദ്ദേഹം ഇപ്രകാരമാണ് പ്രാർത്ഥിച്ചത്. 'ഓ, ദൈവമേ, മുഹമ്മദ് ഹുസൈൻ ബട്ടാലവിയും അദ്ദേഹത്തിന്റെ കൂട്ടാളികളും പറയുന്നതിൻപ്രകാരം ഞാൻ യഥാർത്ഥത്തിൽ നിന്റെ പക്കൽ ഒരു കള്ളവാദിയും കപടനുമാണെങ്കിൽ നീ എന്നെ എളിമയിലാക്കിയാലും! അപ്രകാരമല്ലെങ്കിൽ, ഓ എൻ നാഥാ, എന്നെ അവഹേളിക്കാൻ ഇവർ തുനിഞ്ഞിറങ്ങിയതിൻപ്രകാരം നീ ഇവരെയും അപമാനത്തിലാക്കിയാലും, അടുത്ത പതിമൂന്നുമാസത്തിനകം- 1898 ഡിസംബർ 15 മുതൽ 1900 ജനുവരി 15 വരെയുള്ള കാലത്തിനകം- നീ ഇതു സംഭവിപ്പിച്ചു കാണിച്ചാലും!"

തന്റെ വരിഷ്ഠദാസന്റെ ഗദ്ഗദങ്ങൾ ദൈവം കേട്ടു. പ്രാർത്ഥനകൾ സ്വീകരിക്കപ്പെട്ടുവെന്നും മുഹമ്മദ് ഹുസൈൻ ബട്ടാലവി എളിമയിലായിത്തീരുമെന്നും ദൈവവചനമുണ്ടായി. മുഹമ്മദ് ഹുസൈൻ ബട്ടാലവി ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ എപ്രകാരമെല്ലാം അവഹേളിക്കാൻ ശ്രമിച്ചുവോ ആ വിധത്തിൽ തന്നെ തിരിച്ചടികിട്ടുമെന്നും അയാൾ തന്റെ കൈ കടിക്കുമാറാകുമെന്നും ദ്രോഹിയെ ദ്രോഹപ്രവർത്തനത്തിൽനിന്നു തടഞ്ഞുനിർത്തുമെന്നും മറ്റുമായിരുന്നു ദൈവവചനം. ഈ ദിവ്യവെളിപാടുകൾ 1898 നവമ്പർ 21-ാനുത്തെ വിജ്ഞാപനത്തിൽ ഹദ്റത്ത് അഹ്മദ് (അ) പ്രസിദ്ധപ്പെടുത്തുകയും പതിമൂന്നു മാസങ്ങൾക്കകം മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി വലിയ അപമാനത്തിലകപ്പെടുകയും അവഹേളിതനായിത്തീരുകയും ചെയ്യുന്നതാണെന്നു പ്രവചിക്കുകയും ചെയ്തു.

തുടർന്നു, നവമ്പർ 30-ാം തിയ്യതി പുറത്തിറക്കിയ ഒരു വിജ്ഞാപനത്തിൽ തന്റെ ശിഷ്യജനത്തോടായി പൂർണ്ണമായ ഭക്തിമാർഗ്ഗം അവലംബിക്കാൻ ഉപദേശിച്ചുകൊണ്ടു ഇപ്രകാരം പ്രസ്താവിച്ചു: "നിങ്ങൾ ഭക്തിമാർഗ്ഗം വിട്ടിട്ടു, വാവിഷ്ഠാനത്തിനു പകരം വാവിഷിഠാനവും ശകാരത്തിനുപകരം ശകാരവും ചെയ്യാല്ലാ. ഇപ്പോൾ കേൾക്കേണ്ടിവരുന്നതുപോലെ വളരെയൊക്കെ പരിഹാസശകാരങ്ങൾ ഇനിയും നിങ്ങൾക്ക് കേൾക്കേണ്ടിവരും. എന്നാൽ, മൗനമവനലംബിക്കുകയാണ് വേണ്ടത്. ഭക്തിമാർഗ്ഗം കൈക്കൊൾകയും സദ്വിചാരങ്ങളാൽ ദൈവദൃഷ്ടിയിൽ സഹായാർഹരായിത്തീരുകയും ചെയ്യണം. സംസ്ക്കാരവും ഭക്തിയും സഹനബുദ്ധിയും ഒരിക്കലും കൈവെടിയരുത്"

ഹദ്റത്ത് അഹ്മദിനെ സംബന്ധിച്ചിടത്തോളം പ്രശ്നം അത്യുന്നത ന്യായാസനത്തിന്റെ വിധിയ്ക്കായി സമർപ്പിച്ചു കഴിഞ്ഞിരിക്കയായിരുന്നു. അതിനാൽ, ഇനി അതു സംബന്ധിച്ചു പക്ഷപാതപരമായി സംസാരിക്കുന്നതു കോടതിയലക്ഷ്യമാകുമായിരുന്നു! കേവലം നിരപരാധിയായ ഒരു പ്രതിതന്നെയും കോടതിയിൽ എപ്രകാരം അച്ചടക്കവും വിനയവും കാണിക്കാൻ ബാദ്ധ്യസ്ഥനാണോ അപ്രകാരം തന്റെ അനുയായികൾ പരമോന്നതന്യായാധിപന്റെ മുമ്പിൽ നിഷ്കളങ്കരും കുറ്റമറ്റവരും ആയിരിക്കേണ്ടതാണെന്നു ആ മഹാത്മാവ് സ്വശിഷ്യൻമാരെ തർജ്ജനം ചെയ്തുകൊണ്ടിരുന്നു.

തന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടതായുള്ള സുവാർത്ത ലഭിച്ചതിനെതുടർന്നു ഒരു ദൃഷ്ടാന്തം വെളിപ്പെടുന്നതും പ്രതീക്ഷിച്ചിരിക്കയായിരുന്നു ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ). അതു വെളിപ്പെടുന്നതിനായി അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ശിഷ്യന്മാരെ ഏതദ്വിഷയത്തിൽ ഉദ്യോഗിപ്പിക്കുകയും ചെയ്തിരുന്നു. ഒടുവിൽ, മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി അത്യന്തം അവഹേളിതനായിത്തീരുന്നതിന്നിടയാക്കിയ ചില സംഭങ്ങളുണ്ടാവുകയും ചെയ്തു. ഹദ്റത്ത് അഹ്മദിനെതിരായി ബട്ടാലവി സാഹിബ്, വലിയ ആലിംകളിൽനിന്നും കുഫ്റ്ഫത്വ കരസ്ഥമാക്കിയിരിക്കുന്നതുപോലെ അദ്ദേഹത്തിന്നെതിരായും അതേ ഉലമാക്കൾതന്നെ കുഫ്റ്ഫത്വ പുറപ്പെടുവിക്കുമാറായി എന്നതത്രെ അതിലെന്ന്. താൻ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ മേലിൽ കാഫിറെന്നും ദജ്ജാൽ എന്നും കദാബ് എന്നും കാദിയാനി എന്നും വിളിക്കുന്നതല്ലെന്നു സമ്മതിച്ചുകൊണ്ടു ഗുർദാസ്പൂർ ഡിസ്ട്രിക്ട് മജിസ്ട്രേട്ടു മുമ്പാകെ ഒരു കരാറിൽ അദ്ദേഹം ഒപ്പിട്ടുകൊടുക്കേണ്ടിവന്നു എന്നതാണ് മറ്റൊരു സംഭവം!

മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബ് മഹ്ദി ഇമാമിന്റെ ആവിർഭാവത്തെ നിഷേധിച്ചുകൊണ്ടെഴുതിയ ഇംഗ്ലീഷു ലഘുലേഖയുമായി ഹദ്റത്ത് അഹ്മദിനെ സമീപിച്ച ഒരു പ്രധാനശിഷ്യനായ ഡോ.മുഹമ്മദ് ഇസ്മായീൽഖാൻ സാഹിബ്, അതു സംബന്ധിച്ചു ഉലമാക്കന്മാരിൽനിന്നു ഫത്വകൾ വാങ്ങുന്നതിനു ഒരു ചോദ്യം എഴുതിക്കൊടുക്കാൻ അപേ

ക്ഷിച്ചതനുസരിച്ചു, താഴെ പറയുന്ന ചോദ്യം ആ മഹാത്മാവ് എഴുതിക്കൊടുക്കുകയുണ്ടായി:

"ഹദീസുകളിൽ പറയപ്പെട്ടതിൻപ്രകാരം ബാഹ്യവും ആന്തരീയവുമായ നിലയിൽ ദൈവത്തിന്റെ ഖലീഫയായിരിക്കുന്ന ആളും ഫാത്തിമ വംശീയനും അന്ത്യനാളിൽ പ്രത്യക്ഷനാകേണ്ട വാഗ്ദത്തപുരുഷനുമായ ഇമാംമഹ്ദിയുടെ അവതാരത്തെ പറ്റെ നിഷേധിക്കുകയും അഹ്ലുസുന്നത്തിൽപ്പെട്ട സകലരുടേയും ഏകോപിച്ച വിശ്വാസത്തെ അപ്പടി നിരർത്ഥകമായി കരുതുകയും അപ്രകാരം വിശ്വസിക്കുന്നതു വഴികേടും നിർമ്മതത്വവും ആണെന്നു ധരിക്കുകയും ചെയ്യുന്ന ഒരാളെപറ്റി ദീനിന്റെ ഉലമാക്കളും മുഫ്ത്തിമാരും എന്തുപറയുന്നു? അത്തരം ഒരാളെ അഹ്ലുസുന്നത്തിൽപെട്ടയാളും നേർവഴിയിലുള്ളവനും ആയി കരുതാമോ? അതല്ല, കദ്ദാബും ഇജ്മാഇനെ ഉപേക്ഷിച്ചവനും കറ്റുകെട്ടുകാരനും ദജ്ജാലുമായി കരുതേണമോ? ചോദ്യകർത്താവ് മീർസാ ഗുലാം അഹ്മദ് (29–12–98, 1316 ശഅ്ബാനുൽമുബാറക്ക് 15)

ചോദ്യകർത്താവിന്റെ പേർ നീക്കിക്കളഞ്ഞുകൊണ്ടു, ഡോക്ടർ മുഹമ്മദ് ഇസ്മായീൽഖാൻ സാഹിബ് ഉലമാക്കന്മാരെ സമീപിച്ചു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്കെതിരായുള്ള കുഫ്റ് ഫത്വയിൽ ഒപ്പുവെച്ചിരുന്ന മഹാരഥന്മാരെയെല്ലാം അദ്ദേഹം പിടികൂടുകയും ഫത്വയ്ക്കായി ആവശ്യപ്പെടുകയുമുണ്ടായി. മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബ്രിട്ടീഷ്സർക്കാറിനെ പ്രീണിപ്പിച്ചു ജാഗീർ കരസ്ഥമാക്കാൻവേണ്ടി ഗൂഢമായി ഇംഗ്ലീഷിൽ ഒരു ലഘുലേഖ അച്ചടിച്ചിറക്കിയതായോ അതിൽ മഹ്ദി ഇമാമിന്റെ പ്രത്യക്ഷത്തെ നിഷേധിച്ചു പറഞ്ഞതായോ ഈ ഉലമാക്കൾക്കൊന്നും വിവരമുണ്ടായിരുന്നില്ല. ചോദ്യം ഹദ്റത്ത് അഹ്മദുൽഖാദിയാനിയെ ബാധിക്കുന്നതായിരിക്കുമെന്നു വിശ്വസിച്ചുവശായ പണ്ഡിതൻമാർ ഓരോരുത്തരായി കുഫ്റിന്റെ തകർപ്പൻ ഫത്വകൾ വലിച്ചു നീട്ടി എഴുതികൊടുത്തു. മുഹമ്മദ് ഹുസൈൻ സാഹിബിനെപ്പറ്റി അവർ സംശയിക്കാൻ കാരണമുണ്ടായിരുന്നില്ല. മഹ്ദിയുടെ കാര്യത്തിൽ മറിച്ചൊരു വിശ്വാസം അദ്ദേഹം പുലർത്തുന്നുണ്ടെന്നു വരാൻ നിവൃത്തിയില്ലാത്ത വിധം അദ്ദേഹമതു വ്യക്തമാക്കിയിരുന്നുതാണ്* അതുകൊണ്ട് ആളാരെന്നു നോക്കാതെതന്നെ ചോദ്യത്തൽ പറഞ്ഞപ്രകാരം മഹ്ദി ഇമാമിന്റെ ആവിർഭാവത്തെ നിഷേധിക്കുന്ന ആൾ വഴിപിഴച്ചവനും ദജ്ജാലും ഇസ്ലാമിക വൃത്തത്തിൽനിന്നു പുറംതള്ളപ്പെട്ടവനും കാഫിറും മറ്റുമാണെന്നു ഉലമാക്കന്മാരെല്ലാം ഹൃദയം തുറന്ന നിലയിൽ ഫത്വകൾ നൽകി. മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിന്റെ ഗുരുവര്യന്മാരും സ്നേഹിതന്മാരും സഹപ്രവർത്തകരും തന്നെയാണിവരെല്ലാം എന്നതത്രെ ഇതിലടങ്ങിയ രസാവഹമായ സംഗതി! മൗലവി അബ്ദുൽഹക്ക്

* ഇശാഅത്തുസ്സുന്ന'യിൽ ബട്ടാലവി സമാഹരിച്ച ഫത്വയിൽ മറ്റുമൂപ്പൻമാരെപ്പോലെ താനും യോധ്യമഹ്ദിയുടെ ആവിർഭാവത്തെ പ്രതീക്ഷിക്കുന്നു വെന്നും ആ വിശ്വാസം ശരിയാണെന്നും വ്യക്തമാക്കീട്ടുണ്ട് (ഭാ. 139)

ഗസ്നവി, മൗലവി അബ്ദുൽജബ്ബാർ ഗസ്നവി, മൗലവി ഗുലാം മുഹമ്മദ് (ഇമാം, ശാഹിമസ്ജിദ്. ലാഹൗർ) മുഫ്ത്തിമുഹമ്മദ് അബ്ദുല്ലാഹ് (പ്രഫസർ, ഓറിയന്റൽ കോളേജ്, ലാഹൗർ; പ്രസിഡണ്ട്, അഞ്ചുമൻ ഹിമായത്തുൽ ഇസ്ലാം ലാഹൗർ)മൗലവി അബ്ദുൽ അസീസ് സാഹിബ് ലുധിയാനവി, മൗലവി അഹ്മദുല്ലാഹ് സാഹിബ് അമൃത്സരി, മൗലവി റശീദ് അഹ്മദ് സാഹിബ് ഗംഗോഹി, മൗലവി മുഹമ്മദ് യഅ്കൂബ് സാഹിബ് ദഹ്ലവി തുടങ്ങി അനേകം ഉലമാക്കന്മാർ ഫത്ത്വ നൽകിയവരിൽ ഉൾപ്പെട്ടിരുന്നു. ആ ഫത്വകളിൽ 'കാഫിർ' 'മുബ്ത്തദി','സാൽ' 'മുസിൽ' 'മുഫ്ത്തരീ', 'കദ്ദാബ്', 'ദജ്ജാൽ'. തുടങ്ങിയ പദങ്ങൾ നിർല്ലോഭം ഉപയോഗിച്ചിട്ടുമുണ്ടായിരുന്നു. മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിന്റെ ഗുരനാഥനും 'വന്ദ്യ വയോധികനും" ആയിരുന്ന 'ശേഖുൽകുൽ' നദീർഹുസൈൻ സാഹിബ് ദഹ്ലവി ഫത്വ നൽകിയതു ഇപ്രകാരമായിരുന്നു:

"ചോദ്യത്തിൽ പറഞ്ഞ വ്യക്തി മഹാകള്ളനും വഴിപിഴച്ചവനും പിഴപ്പിക്കുന്നവനും അഹ്ലുസുന്നത്തു വൽ ജമാഅത്തിൽനിന്നു പുറത്തായവനും ആകുന്നു."

ഈ ഫത്വകളെല്ലാം കയ്യിൽ വന്നപ്പോൾ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)1899ജനുവരി 3-ാം തീയ്യതി ഒരു വിജ്ഞാപനംവഴി അവയെല്ലാം പ്രസിദ്ധപ്പെടുത്തി. വിജ്ഞാപനം പ്രസിദ്ധമായതോടെ നമ്മുടെ ബട്ടാലവി സാഹിബ് ഞെട്ടിത്തെറിച്ചു. മീർസാ സാഹിബിന്റെമേൽ കുഫ്റ് ഫത്വ പുറപ്പെടുവിച്ച മഹാപണ്ഡിതന്മാരെല്ലാം തന്റെമേലും കുഫ്റ് ചൊരിഞ്ഞിരിക്കുന്നു! ഓർക്കാപ്പുറത്താണ് ഈ പ്രഹരം ഏൽക്കേണ്ടിവന്നത്!

തങ്ങൾ ഫത്വ പുറപ്പെടുവിച്ചതു മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയെ കുറിച്ചാണെന്നറിഞ്ഞപ്പോൾ അത്യുന്നത പണ്ഡിതന്മാർ അന്ധാളിപ്പും ആശ്ചര്യവും പ്രകടിപ്പിച്ചുതുടങ്ങി! തങ്ങൾ മിർസാ സാഹിബിനെ കുറിച്ചാണ് ഫത്വ നൽകിയതെന്നു അവരിൽ ചിലർ പ്രസ്താവനകളിറക്കി! സംഗതികൾ ശരിയ്ക്കും അറിയാതെയാണ് തങ്ങൾ അഭിപ്രായം പറഞ്ഞതെന്നു മറ്റു ചിലർ. ആൾക്കല്ല ചോദ്യത്തിന്നാണ് മറുപടി നൽകിയതെന്നു ഉത്തരവാദിത്തബോധമുള്ള വേറെചിലർ വ്യക്തമാക്കി. ഏതു വിധത്തിലായാലും ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ പ്രവചനം പൂർത്തിയാവുകയും ബട്ടാലവി സാഹിബ് എളിമയിലാവുകയും ചെയ്തു!

ഹദ്റത്ത് അഹ്മദ്(അ) ഇപ്രകാരം എഴുതി: "മൗലവി മുഹമ്മദ് ഹുസൈൻസാഹിബ് എന്റെമേൽ കള്ളത്തരങ്ങളും തെറ്റായ വിശ്വാസങ്ങളും ആരോപിച്ചുകൊണ്ടു എന്നെപ്പറ്റി ഉലമാക്കളിൽനിന്നു ഫത്വകൾ കരസ്ഥമാക്കീട്ടുണ്ടായിരുന്നു. എന്നാൽ, അദ്ദേഹം ഇംഗ്ലീഷുകാരെ പ്രീണിപ്പെടുത്തി ഭൂമി കരസ്ഥമാക്കാൻവേണ്ടി അഹ്ലുസുന്നത്തിവൽജമാഅത്തിന്റെ 'അഖീദ'കളിൽ മാറ്റം വരുത്തിക്കൊണ്ടു ആ ഫത്വകൾക്കെല്ലാം സ്വയം കുറിയായിത്തീരുകയാണ് ചെയ്തിരിക്കുന്നത്. ഇതു അദ്ദേഹത്തിന്നു വേണ്ടുവോളം ചിന്തിക്കാനുള്ള പാഠം നൽകുന്ന ഒന്നല്ലേ? എന്നെ എളിമയിലാ

ക്കാനാണ് നാളിതുവരെ അദ്ദേഹം ആഗ്രഹിച്ചുകൊണ്ടിരുന്നത്. എന്നാൽ, ആയതോ താൻതന്നെ!!"

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ സംബന്ധിച്ചേടത്തോളം കുഫ്റ് ഫത്വ ഒരു പ്രശ്നമേ ആയിരുന്നില്ല. എന്തെന്നാൽ വാഗ്ദത്ത മഹ്ദി ഇമാമിന്റെ മേൽ ഫുഖഹാക്കൾ കുഫ്റ് ഫത്വ പുറപ്പെടുവിക്കുമെന്നു പൂർവ്വിക മഹാത്മാക്കൾ പ്രവചനംചെയ്തിട്ടുള്ളതിനാൽ അതു പുലരേണ്ടതു ആവശ്യമായിരുന്നു. അതാണെങ്കിൽ ശത്രുഭാഗത്തു നിന്നുള്ള ഫത്വകളുമായിരുന്നു. എന്നാൽ, മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബിന്റെ നില അതായിരുന്നില്ല. അദ്ദേഹച്ചിന്റെമേൽ കുഫ്റ് ചൊരിഞ്ഞതു സ്വന്തം അണിയിൽതന്നെയുള്ള ഉലമാ പ്രവരന്മാരും ഗുരുക്കന്മാരുമായിരുന്നു. ഈ ഫത്വകളോടെ ബട്ടാലവി സാഹിബ് ഗവർമ്മെണ്ടിൽ ഒരു മുഖവും ബഹുജനങ്ങളിൽ വേറൊരു മുഖവും കാട്ടുന്ന കപടസന്യാസിയാണെന്നു എല്ലാവർക്കും തെളിഞ്ഞു!

മാനക്ഷതം സംഭവിച്ച ഈ പുരോഹിതമുഖ്യൻ കൂടുതൽ രോഷാകുലനായി. "ഞാനാണ് മിർസായെ പൊന്തിച്ചതു, ഞാൻതന്നെ അയാളെ താഴ്ത്തും" എന്ന അഹങ്കാരമന്ത്രം പിന്നെയും അദ്ദേഹം ഉരുവിട്ടുകൊണ്ടിരുന്നു! ഹദ്റത്ത് അഹ്മദ് (അ) തന്നെക്കുറിച്ച് പ്രസിദ്ധപ്പെടുത്തിയ പ്രവചനത്തെ അന്യഥാ വ്യാഖ്യാനിച്ചും മാറ്റിമറിച്ചും കരുതിക്കൂട്ടി കുഴപ്പങ്ങളുണ്ടാക്കാൻ അദ്ദേഹം ഒരുങ്ങിപ്പുറപ്പെട്ടു. പതിനൊന്നു മാസങ്ങൾക്കകം ബട്ടാലവി എളിമയിലാക്കപ്പെടുമെന്നായിരുന്നു പ്രവചനമെങ്കിലും, 13 മാസങ്ങൾക്കകം കൊല്ലപ്പെടുമെന്നാണ് പ്രവചിച്ചതെന്ന് പറഞ്ഞുപരത്തുകയും 'ലേഖ്റാമിനെ കൊല്ലിച്ചതുപോലെ" തന്നെയും കൊല്ലുവാൻ പ്ലാനിട്ടിട്ടുണ്ടെന്നു അധികൃത സ്ഥാനങ്ങളിൽ അദ്ദേഹം ആവലാതിപ്പെടുകയും ചെയ്തു. സ്വരക്ഷയ്ക്കായി താൻ ഒരുക്കിവച്ച ഒരു കഠാരം പലർക്കും കാണിച്ചുകൊണ്ടു അദ്ദേഹം ബഹുജനങ്ങളെ ഇളക്കി വിടുകയുമുണ്ടായി.

ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ ഒരു കഠിന വിരോധിയായി പ്രത്യക്ഷപ്പെട്ട ബട്ടാല പോലീസ് ഡപ്യൂട്ടി ഇൻസ്പെക്ടർ മുഹമ്മദ് ബക്ഷ് 1898 സപ്തെമ്പർ 1-ാം തിയ്യതി ഗുർദാസ്പൂർ ഡപ്യൂട്ടി കമ്മീഷണർ മി. ജെ.എം.ഡോവിയ്ക്ക് സമർപ്പിച്ച റിപ്പോർട്ടിൽ സമാധാനഭംഗമുണ്ടാകുമെന്നു ഭയമുള്ളതിനാൽ, ക്രിമിനൽ നടപടി നിയമം 107-ാം വകുപ്പ് പ്രകാരം (ഹദ്റത്ത്) അഹ്മദുൽ ഖാദിയാനിയ്ക്കും മുഹമ്മദ് ഹുസൈൻ ബട്ടാലവിയ്ക്കും എതിരായി പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കാൻ അനുമതിക്കപേക്ഷിച്ചു. കേണൽ ഡഗ്ലസിന്റെ താക്കീതിനെ അവഗണിച്ചുകൊണ്ടു ഹദ്റത്ത് അഹ്മദ് (അ) പ്രതിയോഗികളെപറ്റി പ്രവചനങ്ങൾ പ്രസിദ്ധപ്പെടുത്തിവരികയാണെന്നും തന്നിമിത്തം സമാധാനം അപകടത്തിലാവുകയാണെന്നും അയാൾ റിപ്പോർട്ടിൽ ആരോപിച്ചിരുന്നു. ബട്ടാല പോലീസിൻസ് പെക്ടരുടെ ഈ റിപ്പോർട്ടിനെ പിന്താങ്ങിക്കൊണ്ടു 1898 ഡിസമ്പർ 3-ാം തിയ്യതി ഗുർദാസ്പൂർ പോലീസ് ഇൻസ്പെക്ടർ ഗുർദാസ്പൂർ ഡി.സി.യ്ക്കു ഒരു കുറിപ്പും അയയ്ക്കുകയുണ്ടായി.

ബട്ടാലവിയ്ക്കു തോക്ക് വേണം!

ഇതേ സമയത്തുതന്നെ 1898 ഡിസംബർ 5-ാം തിയ്യതി മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ഗുർദാസ്പൂർ ഡി.സി.യ്ക്ക് സമർപ്പിച്ച ഒരു ഹർജിയിൽ തനിയ്ക്കു ഒരു തോക്ക് കൈവശം വെക്കാനുള്ള ലൈസൻസ് അനുവദിക്കണമെന്നു അപേക്ഷിക്കുകയുണ്ടായി. താൻ 13 മാസങ്ങൾക്കകം മരണപ്പെടുമെന്നു മിർസാസാഹിബ് പ്രവചിച്ചിരിക്കയാൽ തന്റെ ജീവൻ അപകടത്തിലായിരിക്കുകയാണെന്നും മിർസാ സാഹിബ് അദ്ദേഹത്തിന്റെ പ്രവചനം പൂർത്തിയാക്കാൻവേണ്ടി ശിഷ്യന്മാരെക്കൊണ്ടു തന്നെ കൊല്ലിക്കാനുള്ള ഗൂഢാലോചനകൾ നടത്തിക്കൊണ്ടിരിക്കുന്നുവെന്നും അതിൽ പ്രസ്താവിച്ചിരുന്നു.

ഈ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഗുർദാസ്പൂർ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മി.ഡിക്സൻ 1898ഡിസമ്പർ 15-ാം തിയ്യതിക്ക് കേസ്സ് വിചാരണയ്ക്കു വച്ചു. പിന്നീട് അതു ജനുവരി 5-നുക്ക് നീട്ടിവച്ചു. മാർട്ടിൻ ക്ലാർക്ക് വധക്കേസിൽ പരാജിതരും അപമാനിതരും ആയിത്തീർന്ന ഹിന്ദുക്കളും ക്രിസ്ത്യാനികളുമായ ശത്രുമൂപ്പന്മാർ വീണ്ടും ഉത്തേജിതരായി. ഈ കേസ്സും മുൻകേസ്സുകളെപ്പോലെ വലിയ ഒച്ചപ്പാടുണ്ടാക്കി.

തനിയ്ക്കെതിരായി വീണ്ടും കേസ്സ് രൂപപ്പെടുകയാണെന്നറിഞ്ഞിട്ടും ഹദ്റത്ത് അഹ്മദ് (അ) യാതൊരു ഭാവഭേദവും പ്രദർശിപ്പിക്കുകയുണ്ടായില്ല. മറിച്ചു, തനിയ്ക്ക് യാതൊരുനവും വരുത്തുവാൻ ശത്രുക്കൾക്കാവില്ലെന്ന ദൃഢവിശ്വാസത്തിൽ അദ്ദേഹം തന്റെ ഒരു ഇഷ്ടശിഷ്യനായ മദ്രാസിലെ ഹദ്റത്ത് സേട്ടു അബ്ദുർറഹ്മാൻ അല്ലാറക്ഖാസാഹിബിന്നു ഒരു കത്തയച്ചതി പ്രകാരമായിരുന്നു: "ഇതു മുഹമ്മദ് ഹുസൈൻ മുഖേന എനിയ്ക്കു അനുഭവപ്പെടുന്ന ഒടുക്കത്തെ പരീക്ഷയാണ്. ദൈവത്തിന്റെ അനുഗ്രഹത്തിൽ ഞാൻ സംതൃപ്തനാകുന്നു. അവൻ എന്നെ നശിപ്പിക്കുകയില്ലെന്നു എനിയ്ക്കു പരിപൂർണ്ണവിശ്വാസമുണ്ട്. ശത്രുക്കൾ തങ്ങളുടെ പരമാവധി പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ദൈവത്തിന്റെ വേല മനുഷ്യന്റെ ചിന്തയ്ക്കും ബുദ്ധിയ്ക്കും അതീതമായിരിക്കുകതന്നെ ചെയ്യും."

ജനുവരി 4-ാം തിയ്യതി ഹദ്റത്ത് അഹ്മദ് (അ)ഗുർദാസ്പൂർ കോടതിയിൽ ഹാജരായി. ലുധിയാന, കപൂർത്തല, അമൃത്സർ ലാഹൗർ, സിംല, ജമ്മു തുടങ്ങിയ സ്ഥലങ്ങളിൽ നിന്നെല്ലാംകൂടി ഏതാണ്ടു നൂറോളം ശിഷ്യന്മാരും വന്നെത്തി. എന്നാൽ, മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ വക്കീൽ ആയിരുന്ന മി. ഓർടോൾ (Mr.Ortol) വിചാരണ നീട്ടിവെക്കാൻ ആവശ്യപ്പെടുകയാൽ മാറിവന്ന ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മി. ജെ. യം.ഡോവി കേസ്സ് 11-ാം തിയ്യതിക്കു നിർത്തിവെക്കുകയാണുണ്ടായത്. ഹദ്റത്ത് അഹ്മദും ശിഷ്യന്മാരും ഖാദിയാനിലേക്കു മടങ്ങി.

ജനുവരി 11-ാം തിയ്യതി ഹദ്റത്ത് അഹ്മദിനെയും മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയെയും പോലീസ് ഇൻസ്പെക്ടർമാരായ മുഹമ്മദ് ബക്ഷ്, സയ്യിദ് ശബീർഹുസൈൻ എന്നിവരെയും വിചാരണചെ

യ്തു. ഹദ്റത്ത് അഹ്മദിന്റെ വക്കീലന്മാരായി മി.ഡബ്ല്യു ബ്രൗൺ () ശേഖ് ഫസ്ലുദ്ദീൻ, ഖാജാകമാലുദ്ദീൻ, ശേഖ് അലി അഹ്മദ് എന്നിവ രാണ് ഹാജരായിരുന്നത്. മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ ഭാഗത്തു രണ്ടു വക്കീലന്മാർ ഉണ്ടായിരുന്നു.

ബട്ടാലവിയുടെ മൊഴി

പണ്ഡിറ്റ് ലേഖ്റാമിന്റെ വധത്തെതുടർന്നു തനിയ്ക്കു ജീവഭയം ഉണ്ടെന്നും അതുകൊണ്ടു താൻ ഒരു കഠാരം സൂക്ഷിച്ചുവരികയാണെന്നും മീർസാസാഹിബിന്റെ നവമ്പർ 21-ാം നുത്തെ പരസ്യം തന്നെ കൂടുതൽ ഭയവിഹ്വലനാക്കിയിരിക്കയാണണെന്നും മുഹമ്മദ് ഹുസൈൻ ബട്ടാലവി കോടതിയിൽ മൊഴികൊടുത്തു. പോലീസ് ഇൻസ്പെടക്ടർമാരായ മുഹ മ്മദ് ബക്ഷ്, സയ്യിദ് ശബീർ ഹുസൈൻ എന്നിവർ നൽകിയ മൊഴികളിൽ മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ ഭയത്തിനു ന്യായമായ അടിസ്ഥാന മുണ്ടെന്നും ലേഖ്റാമിനെ കൊല്ലിച്ചതു മീർസാസാഹിബാണെന്ന പ്രബ ലമായ സംശയം നിലവിലുണ്ടെന്നും മുഹമ്മദ് ഹുസൈൻ ബട്ടാലവിയെ കുറിച്ചു അപ്രകാരമുള്ള സംശയങ്ങളൊന്നും ഇല്ലെന്നും പ്രസ്താവിക്കു കയുണ്ടായി. ലേഖ്റാം വധിയ്ക്കപ്പെട്ടപ്പോൾ ഹദ്റത്ത് അഹ്മദിന്റെ എതി രാളികളുടെ ഭവനങ്ങളും പരിശോധിക്കപ്പെടുകയുണ്ടായെന്നും അവർ സമ്മ തിച്ചിരുന്നു.

പോലീസ് ഉദ്യോഗസ്ഥന്മാരുടെ ശത്രുതാപരമായ മനോഭാവം കേസ്സ് വിചാരണകൾക്കിടയിൽ കൂടുതൽ കൂടുതലായി വെളിപ്പെട്ടുകൊണ്ടിരു ന്നു. തന്നിമിത്തം, മുഹമ്മദ് ഹുസൈൻ ബട്ടാലവി കുറേക്കാലമായി തുടർന്നുവന്ന ശത്രുതാനയം കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിനു വേണ്ടി അദ്ദേഹമെഴുതിയ പ്രകോപനപരവും ആഭാസകരവും ഭീഷണിക ളുൾക്കൊള്ളുന്നതുമായ ലേഖനങ്ങളും പ്രസ്താവനകളുമടങ്ങിയ 'ഇശാ അത്തുസുന്ന'യുടെ ഒട്ടധികം പ്രതികൾ ഹദ്റത്ത് അഹ്മദ് (അ) കോട തിയിൽ ഹാജരാക്കുകയുണ്ടായി. തന്നെ കൊല്ലുന്നതിനും തനിയ്ക്കെ തിരായ ദ്രോഹപ്രവർത്തനങ്ങൾ അഴിച്ചു വിടുന്നതിന്നുവേണ്ടി മൗലവി ബട്ടാലവി സാഹിബ് നടത്തിയ നീണ്ട കാലത്തെ ശ്രമങ്ങളുടെ വാചാല മായ സാക്ഷ്യങ്ങളായിരുന്നു അവ. ഒന്നുരണ്ടു ഉദാഹരണങ്ങൾമാത്രം ചുവടെ ചേർക്കുന്നു:

"ഞങ്ങൾ ഒരു മുസ്ലിം ഭരണത്തിങ്കീഴിലായിരുന്നെങ്കിൽ നിനയ്ക്കു തക്കതായ മറുപടി നൽകുമായിരുന്നു. ഞങ്ങൾ നിന്റെ തലതെറിപ്പിക്കു കയും നിന്റെ ഉടൽ ഒരു മൃൽപിണ്ഡമാക്കി മാറ്റുകയും ചെയ്തേനേ" (ഇശാ അത്തുസ്സുന്നാ വാ 18, ല3, ഭാ95)

ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ അന്ത്യത്തെപറ്റി ഇപ്രകാരം ഒരു പ്രവചനവും ചെയ്തിരുന്നു: "ദൈവം ഏറ്റവും കഠിനമായ ശിക്ഷനി നയ്ക്കു നൽകുകയും നാശത്തിലേയ്ക്ക് നിന്നെ എറിയുകയും ചെയ്യും" (ഇശാഅത്തുസ്സുന്ന, വാ.15 ല1,ഭാ,15;യല 18ല 7, ഭാ 95)

ലേഖ്റാം വധപ്രശ്നം കോടതിയിൽ

പണ്ഡിറ്റ് ലേഖ്റാമിന്റെ വധത്തെ സംബന്ധിച്ചു പോലീസുദ്യോഗസ്ഥന്മാർ നടത്തിയ പരാമർശവും മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി തന്റെ മുൻപ്രസ്താവനകൾക്കെതിരായി നൽകിയ മൊഴികളും കോടതിയെ തെറ്റിദ്ധരിപ്പിക്കാതിരിക്കാൻ വേണ്ടി, ലേഖ്റാമിന്റെ വധം സംബന്ധിച്ചു ബട്ടാലവി മുമ്പുപ്രകടിപ്പിച്ചിരുന്ന അഭിപ്രായങ്ങൾ കോടതിയിൽ ഹാജരാക്കിയിരുന്നു. അവ ഫയലിൽ സ്വീകരിക്കപ്പെടുകയുമുണ്ടായി.

'ഇശാഅത്തുസ്സുന്ന' 18-ാം വാല്യം 1-ാം ലക്കം 14-ാം ഭാഗത്തു ബട്ടാലവി ഇപ്രകാരം പ്രസ്താവിച്ചിരുന്നു. "അദ്ദേഹം (ലേഖ്റാം) കൊല്ലപ്പെടുകയും കൊലയ്ക്കുള്ള കാരണം നിർണ്ണയിച്ചു പറയുന്നതിൽ പൊതുജനങ്ങൾ ഭിന്നാഭിപ്രായക്കാരാകയും ചെയ്തപ്പോൾ ...മിർസാ ഗുലാം അഹ്മദിന്റെ മേൽപറഞ്ഞ പ്രവചനമാണ് മരണത്തിന്നു കാരണമെന്നു പറയാൻ ഹിന്ദുക്കൾക്കു ഒരു ന്യായം കിട്ടി. അങ്ങനെ തങ്ങളുടെ പ്രതിനിധിയെ മീർസാതന്നെ തന്റെ പ്രവചനം പൂർത്തിയാക്കാൻവേണ്ടി കൊല്ലിച്ചതാണെന്നു അവർ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. വധഗൂഢാലോചനയിൽ മറ്റു ചില മുസ്ലിംകൾക്കും പങ്കുണ്ടെന്നു ചില ഹിന്ദുക്കൾ ആരോപണമുന്നയിക്കുകയും പണ്ഡിറ്റിനെതിരായി നിയമനടപടികളെടുക്കുന്നകാര്യത്തിൽ പരാജയമടഞ്ഞ മുസ്ലിംകൾ മുല്ലമാരിൽനിന്നു പണ്ഡിറ്റിനെ കൊല്ലാനുള്ള ഫത്വ സമ്പാദിക്കുകയുണ്ടായി എന്നു എഴുതി വിടുകയും ചെയ്തു" (ഇശാഅന്നുസ്സുന്ന, വാ. 18, ല. 1 ഭാ. 14).

മറ്റൊരിടത്തു ഇപ്രകാരം പറഞ്ഞു: "എല്ലാ അതിരുകളെയും അതിലംഘിച്ചുകഴിഞ്ഞിരിക്കുന്നു. ഹിന്ദുക്കളുടെ തീവ്രവികാരങ്ങളെ ശാന്തമാക്കാൻ വേണ്ടി ഞങ്ങൾ പറയട്ടെ-എല്ലാ കുഴപ്പങ്ങളും അവസാനിപ്പിക്കാനുള്ള ശരിയായ പരിഹാരമാർഗ്ഗം ഇതുതന്നെയാണ് -ഘാതകൻ മുസ്ലിം ആയിരുന്നുവെന്നു ഉറപ്പിച്ചു പറയാതിരിക്കുകയും ഒരു ഹിന്ദുവും ഘാതകനായിരിക്കാൻ പാടുണ്ടെന്ന നിലയിൽ അവർ ചിന്തിക്കുകയും ചെയ്യണം. മുസ്ലിംകളെപോലെതന്നെ ഹിന്ദുക്കളും പണ്ഡിറ്റിന്റെ ശകാരങ്ങളാൽ വ്രണിതരായിത്തീർന്നിട്ടുണ്ടെന്നതുകൊണ്ടാണ് ഞങ്ങളിതുപറയുന്നത്. മുസ്ലിം പുണ്യാത്മാക്കളെ അധിക്ഷേപിച്ച അതേ സ്വരത്തിൽതന്നെയാണ് ഹിന്ദു ആചാര്യന്മാരെയും അയാൾ അധിക്ഷേപിച്ചിരുന്നതു എന്നതിനാൽ ഒരു യഥാസ്ഥിതികഹിന്ദുവിനെയോ ഒരു യഥാസ്ഥിതിക മുസ്ലിമിനെയോ സംശയിക്കാവുന്നതാണ് എന്നത്രെ ഒരു പണ്ഡിറ്റതന്നെയായ 'അഖ്ബാറെ ആം' പത്രാധിപരുടെ അഭിപ്രായം. അതിനാൽ അത്തരം സംശയങ്ങളുമായി ഒരു മുസ്ലിമിനെ പ്രത്യേക നിലയിൽ ബന്ധപ്പെടുത്തിപ്പറയുന്നതിൽ യാതൊരു ന്യായവുമില്ല. ഈ വധത്തിന്നുള്ള കാരണം വ്യക്തിപരമാണെന്ന സംഗതിയും പത്രങ്ങളിൽ വന്നിട്ടുള്ളതാണ്. ഒരു നിഷ്പക്ഷപത്രമായ Civil & Military Gazatte അഭിപ്രായപ്പെട്ടതു വധം തികച്ചും വ്യക്തിപരമായ കാരണങ്ങാളാലാവാനേ സാദ്ധ്യതയുള്ളു എന്നത്രെ."

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ഇപ്രകാരവും എഴുതി: "ലേഖ്റാമിന്റെ ഘാതകൻ മിർസാ ആണെന്നു ഞാൻ കരുതുന്നില്ല. വധ ഗൂഢാലോചനയിൽ അദ്ദേഹത്തിനു പങ്കുണ്ടെന്നു ഞാൻ വിശ്വസിക്കു ന്നുമില്ല." (വാ. 18, ല. 9, ഭാ. 265)

ചുരുക്കത്തിൽ, സ്വന്തം പ്രസ്താവനകൾക്കും മുൻപ്രഖ്യാപനങ്ങൾ ക്കും എതിരായിട്ടാണ് ഈ കേസ്സിൽ പണ്ഡിറ്റ് ലേഖ്റാമിന്റെ വധപ്രശ്നം മുഹമ്മദ് ഹുസൈൻ ബട്ടാലവി വീണ്ടും വലിച്ചിഴച്ചു കൊണ്ടുവന്നതെന്നു കോടതിയെ ബോദ്ധ്യപ്പെടുത്തുന്ന എല്ലാ തെളിവുകളും ഹദ്റത്ത് അഹ്മദ് (അ) ഹാജരാക്കിയിരുന്നു.

ഹദ്റത്ത് അഹ്മദ് (അ) പ്രതിസാക്ഷികളായി 58 പേരുടെ ഒരു പട്ടിക സമർപ്പിച്ചിരുന്നു. പിന്നീടു അതു 37 ആക്കി ചുരുക്കി. എന്നാൽ ഗുരുദാസ് പൂർ ജില്ലക്കാരായ സാക്ഷികളെമാത്രം വിചാരണ ചെയ്യാനേ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അനുവാദം നൽകിയുള്ളു.

കേസ്സ് 1899 ജനുവരി 27-ാം തിയ്യതി ധാരിവാളിലേക്കാണ് നിർത്തി വച്ചിരുന്നത്. സേട്ടു അബ്ദുർറഹ്മാൻ അല്ലാറക്ഖാ സാഹിബിനോടൊപ്പം ഹദ്റത്ത് അഹ്മദ്(അ)ധാരിവാളിലേയ്ക്കു പുറപ്പെട്ടു. ഡലം, ലാഹൗർ, ജലന്തർ, കപൂർത്തല തുടങ്ങിയ ദൂരദിക്കുകളിൽ നിന്നു ശിഷ്യൻമാർ ധാരിവാളിലേയ്ക്കു യാത്ര തിരിച്ചു. 27-ാം തിയ്യതി പുലർച്ചയ്ക്കു ഹദ്റത്ത് അഹ്മദും പരിവാരവും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ക്യാമ്പിലേക്കു പുറ പ്പെട്ടു. ദിവ്യ അടയാളങ്ങളും അത്ഭുതങ്ങളും മുഖേന ആത്മീയസൗരഭ്യം പരത്തിക്കൊണ്ടിരുന്ന ഈ അസാധാരണവ്യക്തിയെ ഒരു നോക്കുകാ ണാനായി ജനങ്ങൾ കൂട്ടംകൂട്ടമായി വന്നെത്തിയിരുന്നു. അവർ ആയിര ക്കണക്കിൽ പെരുകി. ധാരിവാളിൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ക്യാമ്പിന്ന ടുത്തുതന്നെയാണ് ഹദ്റത്ത് അഹ്മദും താമസിച്ചിരുന്നത്. വെള്ളിയാഴ്ച നടന്ന ജുമുഅ നമസ്കാരത്തിൽ മൂവായിരത്തോളം ആളുകൾ പങ്കുകൊ ണ്ടു. ധാരിവാൾ മില്ലിലെ തൊഴിലാളികൾ കൂട്ടത്തോടെ പുറത്തുവന്നു ഈ ദൃശ്യം നോക്കിനിന്നു. ഇംഗ്ലീഷുകാരായ സ്റ്റാഫംഗങ്ങളും നമസ്കാ രരംഗം കൗതുകപൂർവ്വം വീക്ഷിച്ചുകൊണ്ടിരുന്നു.

ഡിഫൻസ് ഡോക്യുമെന്റ്

ഹദ്റത്ത് അഹ്മദ് (അ) തയ്യാറാക്കിയ രണ്ടു 'ഡിഫൻസ്' ഡോക്യു മെന്റു'കൾ കോടതിയിൽ സമർപ്പിക്കപ്പെട്ടു. ആ രണ്ടു രേഖകളിലും തന്റെ നിരപരാധിത്വം ഉള്ളുതട്ടുന്ന ഭാഷയിൽ ലക്ഷ്യസഹിതം അദ്ദേഹം തെളി യിച്ചിരുന്നു. ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിത്തയ്യാറാക്കിയ ഈ ഡോക്യു മെന്റിന്റെ അച്ചടിച്ച പ്രതിയാണ് കോടതിയ്ക്കു നൽകിയിരുന്നത്.

ദൈവനാമത്തിലും നബികീർത്തനത്തിലും ആരംഭിച്ച പ്രസ്തുത രേഖ ഇപ്രകാരമാണ് തുടങ്ങുന്നത്: "എന്റെ നിരപരാധിത്വം തെളിയി ക്കാൻവേണ്ടി ഞാൻ താഴെചേർക്കുന്ന വഴികൾ സമർപ്പിക്കുകയും, താഴെ പറയുന്ന എല്ലാ പരിതസ്ഥിതികളുടെയും വെളിച്ചത്തിൽ ആലോചിക്കു ന്നപക്ഷം എന്റെ പേരിൽ ഇപ്പോൾ ചുമത്തീട്ടുള്ള ചാർജ്ജ് നിലനിൽക്കു

ന്നതല്ലെന്നു കോടതിയക്കു ബോധ്യമാകുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു"

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയും പക്ഷവും തന്നെ നീണ്ട കാലം നീചമായ ഭാഷയിൽ ശകാരിക്കുകയും അധിക്ഷേപിക്കുകയും ചെയ്തുപോന്നിട്ടുണ്ടെന്ന വസ്തുത ഹദ്റത്ത് അഹ്മദ്(അ) സോദാഹരണം വ്യക്തമാക്കി. മുഹമ്മദ് ഹുസൈൻ ബട്ടാലവിയെ കുറിച്ചുള്ള പ്രവചനം കുറ്റകരമായ ഉദ്ദേശ്യങ്ങളോടുകൂടിയതോ സമാധാനഭഞ്ജനത്തിനു ഇടവരുത്തുന്നതോ അല്ലെന്നു അദ്ദേഹം കാര്യകാരണസഹിതം തെളിയിച്ചു. ഒരു 'മുബാഹല'യുടെ അടിസ്ഥാനത്തിലുള്ളതാണ് ആ പ്രവചനം. തുടർച്ചയായി അഞ്ചു തവണ തന്നെ മുബാഹലയ്ക്ക് വെല്ലുവിളിച്ചുകൊണ്ടു വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചതിന്നു മറുപടിയായിട്ടാണ് പ്രാർത്ഥനയും അതിന്നു ദൈവത്തിൽനിന്നു ലഭിച്ച മറുപടിയും അടങ്ങിയ പ്രവചന വിജ്ഞാപനം താൻ പ്രസിദ്ധപ്പെടുത്തിയത്. ഇരുകൂട്ടരും പൂർണ്ണ സമ്മത പ്രകാരം ചെയ്യുന്ന മുബാഹലാപ്രാർത്ഥന സമാധാനത്തെ അപകടപ്പെടുത്താൻ കാരണമാകേണ്ടതില്ല. മുഹമ്മദ് ഹുസൈൻ ബട്ടാലവിയുമായുള്ള മുബാഹലപ്രവചനത്തിൽ മാനഹാനിയെ കുറിച്ചല്ലാതെ ജീവഹാനിക്കിടയാക്കുന്ന ഒന്നുംതന്നെയില്ല. പ്രവചനത്തിൽ താൻ നൽകിയതല്ലാത്ത മറ്റു ദുർവ്യാഖ്യാനങ്ങൾ നൽകാവുന്നതോ തനിയ്ക്കവ ബാധകമാകുന്നതോ അല്ല. പ്രസ്തുത പ്രവചനം മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയ്ക്ക് രണ്ടുതരത്തിലുള്ള മാനഹാനി സംഭവിച്ചതോടെ പുലർന്നു കഴിഞ്ഞിരിക്കുകയുമാണ്.*

ഹദ്റത്ത് അഹ്മദ്(അ) ഇപ്രകാരം തുടർന്നു: "പ്രവചനങ്ങൾ പൂർത്തീകരിച്ചു കാണിക്കുന്നതിന്നു ശിഷ്യന്മാരെക്കൊണ്ടു മുൻകൂട്ടി ഏർപ്പാടുകൾ ചെയ്യിക്കുക എന്റെ സ്വഭാവമാണെന്നു അവർ ആരോപിക്കുന്നു. മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ എന്റെ പ്രവചനങ്ങൾ കള്ളവും ഞാൻ കള്ളവാദിയും എന്റെ അനുയായികൾ വകതിരിവില്ലാത്തവരും എന്റെ ഇഷ്ടത്തിനൊത്തു എന്തും ചെയ്യാൻ തയ്യാറാകുന്ന ആപൽക്കാരികളും ആണെന്നത്രെ അവരുടെ ആരോപണം. ഞാൻ ഈ ആരോപണങ്ങളെല്ലാം നിഷേധിക്കുന്നതോടൊപ്പം അവയെല്ലാം അങ്ങേയറ്റം അപകീർത്തികരങ്ങളാണെന്നു ചൂണ്ടിക്കാട്ടുകയും ചെയ്തുകൊള്ളട്ടെ! ഞാൻ ബഹുമാന്യമായ ഒരുകുടുംബത്തിലെ അംഗമാകുന്നു. എന്റെ പൂർവ്വികന്മാർ കൂറ് കെട്ടവരോ വഞ്ചകന്മാരോ അല്ല. ഉന്നത ഭരണാധികാരികൾ അവരെ ആദ

*ബട്ടാലവി സ്വയം കാഫിറായിത്തീർന്ന കഥ മുമ്പു വിവരിച്ചിട്ടുണ്ടല്ലൊ. ഇൽഹാമിലെ അറബി വ്യാകരണത്തെറ്റ് ചൂണ്ടിക്കാണിച്ചപ്പോഴാണ് രണ്ടാമത്തെ മാനഹാനിയുണ്ടായത്. 'അതഅ്ജബുലി അംരീ' എന്നു പറയാൻ പാടില്ലെന്നും 'അതഅ്ജബു മിൻ അംരീ' എന്നാണ് പറയേണ്ടതെന്നും അദ്ദേഹം ഘോഷിച്ചിരുന്നു. എന്നാൽ, പുരാണ അറബി കവിതകളിൽനിന്നു അഞ്ചു ഉദാഹരണങ്ങളും മിശ്ക്കാത്ത് എന്ന ഹദീസു ഗ്രന്ഥത്തിൽനിന്നു ഒരു നബി വചനവും എടുത്തുകാണിച്ചുകൊണ്ടു ഇൽഹാമിലെ പ്രയോഗം ശരിതന്നെയാണെന്നു ഹദ്റത്ത് അഹ്മദ്(അ)'റാസെഹഖീക്ക' (33)ത്തിൽ തെളിയിച്ചപ്പോൾ അറബിഭാഷാനിപുണനും ഹദീസിന്റെ അഗാധപണ്ഡിതനുമെന്നു നടിച്ച ബട്ടാലവിയുടെ 'ജഹാലത്ത്' പുറത്തായി!

രിച്ചിരുന്നു. അവരുടെ രക്തമാണ് എന്റെ സിരകളിലും ഓടുന്നത്. ഞാൻ ഒരു കുറ്റം ചെയ്തതായോ ആരോടെങ്കിലും ഒരന്യായം പ്രവർത്തിച്ചതായോ ഒരിക്കലുമൊരിക്കലും തെളിയിക്കപ്പെട്ടിട്ടില്ല. കഴിഞ്ഞ 60 സംവത്സരം ഞാൻ എത്തരത്തിലുള്ള ധന്യജീവതമാണ് നയിച്ചുവന്നതെന്നതിലേയ്ക്കു ഖാദിയാനിലെ ജനങ്ങൾ സാക്ഷികളാണ്. കോടതി ആവശ്യപ്പെടുന്നത്ര പേരെ ഇക്കാര്യത്തിൽ സാക്ഷികളായി കൊണ്ടുവരാൻ ഞാൻ തയ്യാറാണ്. ഉന്നതസ്ഥാനീയരും ഉൽകൃഷ്ടകുലജാതരുമായ ഒട്ടധികം ആളുകൾ എന്റെ അനുയായികളായുണ്ട്. ഉയർന്ന ഉദ്യോഗസ്ഥാനങ്ങളെ അലങ്കരിക്കുന്ന എത്രയോ പേർ എന്റെ ജീവിത പരിശുദ്ധിയേയും ധർമ്മോൽബോധനങ്ങളെയും പറ്റി സാക്ഷ്യം വഹിക്കുവാൻ തയ്യാറുണ്ട്"

ദൃഷ്ടാന്തങ്ങൾ കാണിക്കാം!

കോടതിയ്ക്കു തന്റെ ദൗത്യം എത്തിച്ചുകൊണ്ടും, പൊതുസമാധാനത്തിന്തു ഭംഗകരമല്ലാത്ത വിധത്തിലുള്ള ദിവ്യദൃഷ്ടാന്തങ്ങൾ ആവശ്യമാണെങ്കിൽ കാണിക്കാൻ താൻ തയ്യാറാണെന്നു ന്യായാസനത്തെ അറിയിച്ചുകൊണ്ടും ഹദ്റത്ത് അഹ്മദ് (അ) പ്രസ്തുത രേഖയിൽ ഇപ്രകാരം തുടരുന്നു:-

"പൊതു സമാധാനത്തെ ഒരു പ്രകാരത്തിലും ബാധിക്കാത്ത തരത്തിലുള്ള ശാന്തിയുടേയും അനുഗ്രഹത്തിന്റെയും പ്രവചനങ്ങൾ മന്ദമായി ചൊരിയുന്ന മഴകണക്കെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിക്കൊണ്ടിരിക്കുന്നു. എന്നാൽ, ആ പഴയ ദൈവീകചട്ടമനുസരിച്ചു ഞാനും പൂർവ്വീക പ്രവാചകന്മാരെപ്പോലെ ജനങ്ങളാൽ അപഹസിക്കപ്പെടുകയും ദ്രോഹിക്കപ്പെടുകയും വേണ്ടതാണല്ലോ. ഏതൊരു മഹാപുരുഷന്റെ പവിത്രമായ പാദസ്പർശനത്താൽ ശേയീറിലെ കുന്നുകൾ അനുഗൃഹീതങ്ങളായി ചമഞ്ഞുവോ, സ്വജനങ്ങളുടെ അനീതിയും അന്ധതയും കാരണം പീലാത്തോസിന്റെയും ഹെരോദാസിന്റെയും കോടതികളിൽ ഒരു കള്ളനെപ്പോലെ വിചാരണ ചെയ്യപ്പെട്ടിരുന്നതാരോ ആ സമാധാനത്തിന്റെ രാജകുമാരനായ ഇസ്രായിൽ പ്രവാചകനോടുള്ള ആത്മീയസാദൃശ്യം കാരണം ഞാനും നിയമക്കോടതികളിൽ ഹാജരാക്കപ്പെടുന്നു എന്നുള്ളതു എനിയ്ക്കെത്രയും അഭിമാനകരമായിട്ടുള്ളതാരകുന്നു. പൂർവ്വികപ്രവചനങ്ങളിൽ പറയപ്പെട്ടിട്ടുള്ളതെല്ലാം ഇപ്രകാരം പൂർത്തിയായിരിക്കുന്നു."

"പ്രജകളോടു നീതിപ്രവർത്തിക്കുന്ന കാര്യത്തിൽ മറ്റെല്ലാ ഭരണകൂടങ്ങളെയും അതിശയിക്കുന്ന ഒരു ഗവർമ്മെണ്ടിങ്കീഴിൽ എന്നെ എഴുന്നേല്പിച്ചുകൊണ്ടു സർവ്വശക്തനായ അല്ലാഹു എന്നോടു കരുണ ചെയ്തിരിക്കുകയാണ്. ഈ ഗവർമ്മെണ്ടു സ്വർഗ്ഗീയ അടയാളങ്ങൾക്കു സാക്ഷ്യം വഹിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഹാ, എത്ര നന്നായിരുന്നു! എന്റെ പ്രഖ്യാപനങ്ങളെ സത്യപ്പെടുത്തുന്ന എന്തെങ്കിലും സ്വർഗ്ഗീയ അടയാളം കാണിക്കുവാനോ സമാധാനത്തിന്റെയും അനുഗ്രഹത്തിന്റെയും പ്രവചനങ്ങൾ പുറപ്പെടീക്കാനോ അവർ എന്നോടാവശ്യപ്പെടുമെങ്കിൽ ഹാ, എത്ര

നന്നായിരുന്നു! എന്റെ മേൽ ചുമത്തീട്ടുള്ള ഈ കുറ്റാരോപണങ്ങളെല്ലാം തികഞ്ഞ കറ്റുകെട്ടുകളാണെന്നും വ്യക്തിവിദ്വേഷത്തിൽ നിന്നുടലെടുത്തിട്ടുള്ളതാണെന്നും അപ്പോൾ അവർക്കെത്രയും വ്യക്തമായിത്തീരുകയും ചെയ്യുമായിരുന്നു! ഏതൊരുവന്റെ ശക്തിമഹാത്മ്യങ്ങളാൽ ഇവയൊക്കെയും സംഭവിക്കുന്നുവോ ആ സത്യദൈവം മുകളിലുണ്ടെന്നു അറിഞ്ഞുകൊൾവിൻ!"

ഗുർദാസ്പൂർ ഡിസ്ട്രിക്ട് മജിസ്ട്രേട്ടായിരുന്ന ക്യാപ്റ്റൻ ഡഗ്ലസ് റവ.മാർട്ടിൻ ക്ലാർക്ക് വധോദ്യമക്കേസ്സിൽ തനിയ്ക്കു ഒരു താക്കീത് നൽകീട്ടുണ്ടായിരുന്നു എന്നന പോലീസ് ഇൻസ്പെക്ടർമാരുടെ പ്രസ്താവനയെ ഹദ്റത്ത് അഹ്മദ്(അ)നിഷേധിച്ചു. അത്തരം യാതൊരു താക്കീതും തനിയ്ക്കു എഴുത്തിലോ വാക്കാലോ നൽകുകയുണ്ടായിട്ടില്ല. ഗുർദാസ്പൂർ ഡി.സിയുടെ റീഡർ ആയിരുന്ന തഹസിൽദാർ ഗുലാം ഹൈദർഖാനെ ഇക്കാര്യത്തിൽ ചോദ്യം ചെയ്യാവുന്നതാണെന്നു അദ്ദേഹം പ്രസ്താവിച്ചു. വിവാദപരമായ എഴുത്തുകൾ മേലിൽ മയമുള്ള ഭാഷയിലായിരിക്കണമെന്നു ക്യാപ്റ്റൻ ഡഗ്ലസ് നിർദ്ദേശിക്കുക മാത്രമാണുണ്ടായത്. എന്നാൽ, തന്റെ എഴുത്തുകൾ ഒരിക്കലും രൂക്ഷമായിരുന്നില്ല. തർക്കവിതർക്കങ്ങളിൽ ചിലപ്പോൾ പ്രതിയോഗികളെ കുറിച്ചു കഠിനപദങ്ങൾ പ്രയോഗിക്കപ്പെടുന്നതു സ്വാഭാവികമാണെങ്കിലും എതിരാളികളുടെ എഴുത്തുകളുമായി തുലനം ചെയ്യുന്നപക്ഷം തന്റെ എഴുത്തുകളിൽ നീതിയുടെ സീമകൾ ഒരിക്കലും ലംഘിക്കപ്പെട്ടിട്ടില്ലെന്നു കാണുവാൻ കഴിയും. രൂക്ഷങ്ങളായ പദങ്ങളാണെങ്കിൽ തന്റെ ഭാഗത്തുനിന്നാണ് ആദ്യം പ്രയോഗിക്കപ്പെട്ടതെന്നും ആർക്കും തെളിയിക്കാനാവുകയില്ല.

തനിയ്ക്കെതിരായി മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയും കൂട്ടുകാരും എഴുതിയ സംസ്കാരശൂന്യങ്ങളായ പദപ്രയോഗങ്ങളും അശ്ലീലശകാരങ്ങളും ശാപവർഷവും ഹദ്റത്ത് അഹ്മദ് (അ) ഉദാഹരണാർത്ഥം എടുത്തുകാട്ടി. തന്റെ പാർട്ടിയിൽപെട്ടയാളെന്നെന്നു മൗലവി ബട്ടാലവി തന്നെ സമ്മതിച്ച മുല്ലാ മുഹമ്മദ് ബക്ഷ് എന്നയാൾ 'ജഅഫർസെറ്റല്ലി' എന്ന പത്രത്തിലെഴുതിയ ചില വരികൾ ഉദ്ധരിക്കാൻ കൊള്ളാത്തതായിരുന്നു.

ഹദ്റത്ത് അഹ്മദിനെകുറിച്ചു അയാൾ ആറുപ്രവചനങ്ങൾ ചെയ്തിട്ടുള്ളതു ഇപ്രകാരമായിരുന്നു: (1)ഖാദിയാനി ഒരു ഗൗരവപ്പെട്ട കേസ്സിൽ കുടങ്ങി നാടുകടത്തപ്പെടുകയോ ജയിലിലാക്കപ്പെടുകയോ ചെയ്യും (2)ജയിലിൽവച്ചു അയാൾക്ക് ഭ്രാന്ത് പിടിപെടും (3)അയാൾ മൂലക്കുരു കൊണ്ടു കഷ്ടപ്പെടും (4)അയാൾക്കു കുഷ്ഠരോഗം പിടിപെട്ടു മുഖം വികൃതമായിത്തീരും (5)അയാളുടെ ഭാര്യ അയാളുടെ ശിഷ്യന്മാരുമായി അവിഹിത ബന്ധത്തിലേർപ്പെടുകയും അയാളിൽനിന്നു വിവാഹമോചനം നേടുകയും ചെയ്യും. (6)മീർസാ കുരുടനും ചെവിടനും പൊട്ടനുമായിത്തീരുകയും നരകത്തിൽ വീഴുകയും ചെയ്യും" (ജഅഫർ സെറ്റല്ലി, 11-6-1897)

മുഹമ്മദ് ബക്ഷിന്റെ പേരിലുള്ള പല എഴുത്തുകളും മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ മസ്തിഷ്കത്തിൽ നിന്നും രൂപമെടുത്തതാണെന്നു തന്റെ സ്റ്റേറ്റ്മെന്റിൽ ഹദ്റത്ത് അഹ്മദ് (അ) ചൂണ്ടിക്കാണിച്ചിരുന്നു. ബട്ടാലവിയ്ക്ക് ഇവയൊന്നും നിഷേധിക്കാൻ കഴിഞ്ഞിരുന്നില്ലെന്നു മാത്രമല്ല, അവയിൽ പലതും തന്റെ എഴുത്തുകളാണെന്നു സമ്മതിക്കേണ്ടിയും വന്നിരുന്നു. ഇവയെല്ലാം 'ഇശാഅത്തുസുന്ന'യിൽ പുന:പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു എന്നതും പ്രസ്താവ്യമത്രെ.

തന്റെ ശത്രുക്കളുടെ സാംസ്ക്കാരികാധ:പതനത്തിന്റെ ആഴം കാണിച്ചുകൊണ്ടു ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം തുടർന്നു:

"ഇത്തരം വാക്കുകൾ ഒരു കൊല്ലക്കാലംവരെ ഞാനും എന്റെ അനുയായികളും ക്ഷമാപൂർവ്വം കേട്ടുപോന്നു. എന്റെ അനുയായികൾക്കു ഞാൻ കൊടുത്ത നിർദ്ദേശമാകട്ടെ അവർ വിനയവും സഹനവും പ്രദർശിപ്പിക്കണമെന്നും വികാരത്തിന്നടിമപ്പെട്ടുപോകരുതെന്നും ആയിരുന്നു. മുഹമ്മദ് ഹുസൈന്റെയും പാർട്ടിയുടെയും എഴുത്തുരീതി നികൃഷ്ടതയുടെ അടിത്തട്ടിലെത്തിയപ്പോൾ 1898മെയ് മാസം 29-ാം തിയ്യതി ഞാൻ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ പ്രതികാരത്തിന്നൊരുങ്ങരുതെന്നും പരിശുദ്ധിയുടെയും വിനയത്തിന്റെയും സൗമ്യഭാവത്തിന്റെയും സത്മാതൃക കാണിക്കണമെന്നും ബ്രിട്ടീഷു ഗവർമ്മെണ്ടിനോടു കൂറുള്ളവരും നിയമപാലകരും മനുഷ്യവംശത്തോടു സഹതാപമുള്ളവരും ആയിരിക്കണമെന്നും എന്റെ അനുയായികളോടും ഞാൻ ആജ്ഞാപിക്കുകയുണ്ടായി. ഒരു വാക്കുപോലും മറുപടി പറയാതെ ഇത്തരം നീചമായ ആക്ഷേപങ്ങൾ കേട്ടുസഹിക്കുവാൻ എത്രമാത്രം ക്ഷമ ആവശ്യമാണെന്നു ഊഹിക്കാമല്ലോ. ഞാൻ എപ്പോഴെങ്കിലും ഇത്തരം പദങ്ങൾ പ്രയോഗിച്ചിട്ടുള്ളതായി തെളിയിക്കുവാൻ എന്റെ എല്ലാ എതിരാളികളെയും ആഹ്വാനം ചെയ്തുകൊള്ളട്ടെ."

സഹിക്കാൻപറ്റാത്ത ഈ ശകാരസാഹിത്യങ്ങളെ നിയന്ത്രിക്കാനാവശ്യപ്പെട്ടുകൊണ്ടു താൻ രണ്ടുതവണ ഇന്ത്യാഗ്വെർന്മെന്റിനു മെമ്മോറിയൽ സമർപ്പിച്ചുവെങ്കിലും ഫലമുണ്ടായില്ലെന്നും ബട്ടാലവി പ്രഭൃതികളെ ഇതെല്ലാം കൂടുതൽ ധൈര്യശാലികളാക്കുകയാണുണ്ടായതെന്നും ഹദ്റത്ത് അഹ്മദ്(അ)കോടതിയെ ഉണർത്തിച്ചു.

ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഹദ്റത്ത് അഹ്മദിന്റെ നേരെ അനുഭാവശൂന്യനായിരുന്നുവെന്നു മുകളിൽ പറഞ്ഞുവല്ലോ. പോലീസ് അധികാരസ്ഥന്മാരുടെ ഏഷണി അയാളിൽ ഫലം ചെയ്തിരുന്നു വെന്നു കരുതുവാൻ ന്യായമുണ്ട്. പോലീസ് ഉദ്യോഗസ്ഥന്മാരാകട്ടെ, തങ്ങളുടെ പിടിയിൽ ഇരയകപ്പെട്ടുകഴിഞ്ഞുവെന്ന ധാരണയിലാണ് വർത്തിച്ചിരുന്നതും.

1899 ജനുവരി 27-ാം തിയ്യതി ധാരിവാൾ കോടതിയിൽ വീണ്ടും ചെന്നപ്പോൾ മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിന്റെ വക്കീലായിരുന്ന മി. ഹെർബർട്ട് (Mr. Herbert)ഒരേ അവസരത്തിൽ രണ്ടുപ്രതികളെ വിചാരണചെയ്യാൻ പാടില്ലെന്നനിയമതടസ്സം ഉന്നയിക്കുകയുണ്ടായി. തൻമൂലം മജിസ്ട്രേട്ട് ഫിബ്രുവരി 14-ാം തിയ്യതിക്കു പത്താൻകോട്ടേയ്ക്കു

കേസ്സ് നീട്ടിവെക്കുകയും അന്നു ഹദ്റത്ത് അഹ്മദിന്റെ പേരിലുള്ള കേസ്സ് നടപടികൾ മാത്രം തുടരാൻ നിശ്ചയിക്കുകയും ചെയ്തു.

ഫിബ്രവരി 3-ാം തിയ്യതി ഹദ്റത്ത് അഹ്മദിന്നു കോടയിൽനിന്നു നോട്ടീസ്സ് കിട്ടി. ഫിബ്രവരി 14-ാം തിയ്യതി കോടതിയിൽ ഹാജരാകണമെന്നും ഒരു കൊല്ലത്തേയ്ക്കു നല്ലനടപ്പുജാമ്യത്തിന്നു ശിക്ഷിക്കാതിരിക്കാൻ കാരണം കാണിക്കണമെന്നും ആയിരുന്നു നോട്ടീസ്. മുഹമ്മദ് ബക്ഷ്, മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി എന്നിവർക്കും കോടതി നോട്ടീസുകളുണ്ടായിരുന്നു.

പത്താൻകോട്ടു ഫിബ്രവരി 14-ാം തിയ്യതി കോടതി ചേർന്നപ്പോൾ ഹദ്റത്ത് അഹ്മദിന്റെ പേരിൽ രാജ്യദ്രോഹം, കോടതിയലക്ഷ്യം തുടങ്ങിയ കുറ്റങ്ങൾ ബട്ടാലവി പ്രഭൃതികൾ ആരോപിച്ചു. ലേഖ്റാമിന്റെ കൊലയ്ക്കു കാരണം ഹ.അഹ്മദ് തന്നെയാണെന്നും ബോധിപ്പിച്ചിരുന്നു. അഫ്ഗാനിസ്ഥാൻ, അറേബ്യ, ഖുറാസാൻ എന്നിവിടങ്ങളിൽനിന്നു വിദേശീയചാരന്മാർ ഖാദിയാനിൽ ഹദ്റത്ത് അഹ്മദിന്റെകൂടെ പാർത്തുവന്നിരുന്നുവെന്നും മുഹമ്മദ് ബക്ഷ് കോടതിയിൽ പ്രസ്താവിച്ചു. ഹദ്റത്ത് അഹ്മദ്(അ) മഹാ അപകടക്കാരനാണെന്നും അയാൾ അഭിപ്രായപ്പെട്ടിരുന്നു. കേസ്സ് ഫിബ്രവരി 24-ാം തിയതിക്കാണ് നിർത്തിവെച്ചത്.

ദിവ്യസ്വപ്നം

ധാരിവാളിൽനിന്നു മടങ്ങിയശേഷം ഹദ്റത്ത് അഹ്മദ്(അ) ഒരു ദിവ്യസ്വപ്നം ദർശിച്ചു. കേസ്സിൽ താൻ വിട്ടയക്കപ്പെടുന്നതാണെന്നുള്ളതായിരുന്നു ആ ദർശനത്തിലടങ്ങിയ സുവിശേഷം. 1899 ഫിബ്രവരി 5-ാം തിയ്യതി ഹദ്റത്ത് അഹ്മദ്(അ) തന്റെ ശിഷ്യനായ ഡോ.റശീദുദ്ദീൻ സാഹിബിന്നയച്ച കത്തിൽ ഇപ്രകാരം എഴുതുകയുണ്ടായി.

"ക്രിമിനൽ കേസ്സ് 1899 ഫിബ്രവരി 14-ാം തിയ്യതിക്കു നീട്ടിവച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ സംഗതിയിതാകുന്നു. ന്യായാധിപന്റെ ഉദ്ദേശ്യം നന്നല്ലെന്നാണ് ഇതേവരെയുള്ള കാര്യങ്ങളിൽ നിന്നു മനസ്സിലായത്. ഞാൻ സർവ്വശക്തനായ അല്ലാഹുവിനോടു പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരു മരക്കഷ്ണത്തെ അഥവാ ഒരു കല്ലിനെ ഒരു എരുമയാക്കി മാറ്റിയതായും ഒരു വലിയ ദൃഷ്ടാന്തം വെളിപ്പെട്ടെന്ന നിലയിൽ ഞാൻ സുജൂദ് ചെയ്യുന്നതായും 'റബ്ബിയൽ അഅ്ലാ' എന്നു ഉച്ചത്തിൽ വിളിച്ചു പറയുന്നതായും കഴിഞ്ഞ വെള്ളിയാഴ്ച രാത്രി താൻ ഒരു സ്വപ്നത്തിൽ കാണുകയുണ്ടായി. അതിന്റെ അർത്ഥം ഇങ്ങനെയാവാം. മരം അഥവാ കല്ല് ആ കർക്കശക്കാരനും വക്രബുദ്ധിയുമായ ന്യായാധിപൻ തന്നെയായിരിക്കാം. പിന്നെ, എന്റെ പ്രാർത്ഥനാഫലമായി അതു ഒരു എരുമയായി മാറിയത് നമുക്ക് ഒടുവിൽ പാൽ പ്രതീക്ഷിക്കാവുന്ന വിധം അതു ഉപകാരമുള്ള ഒരു വസ്തുവായി പരിണമിക്കുമെന്നതിന്റെ സൂചനയാവാം. ഈ വ്യാഖ്യാനം ശരിയാണെങ്കിൽ, കേസ്സ് മറിഞ്ഞുതിരിഞ്ഞു ശരിയായ രൂപത്തിൽ വരുമെന്നും നമുക്കു ഗുണകരമായി കലാശിക്കുമെന്നും ആണ്

പൂർണ്ണമായ വിശ്വാസം. സുജൂദ് ചെയ്തതായി കണ്ടാൽ ശത്രുവിന്റെമേൽ വിജയം വരിക്കുമെന്നാണ് അർത്ഥമെന്നും എഴുതപ്പെട്ടിട്ടുണ്ട്. ഇൽഹാമുകളും ഏതാണ്ടിതിനോടു യോജിക്കുന്നു."

മേൽദർശനങ്ങളും ഇൽഹാമുകളുമെല്ലാം ചേർത്തുകൊണ്ടു ഹദ്റത്ത് അഹ്മദ് (അ)'ഹഖീഖത്തുൽ മഹ്ദി' (34)എന്നപേരിൽ ഒരു പുസ്തകം രചിച്ചു. 1899 ഫിബ്രവരി 21-ാം തിയ്യതിയാണ് അതു പുറത്തിറക്കിയത്. അതിൽ ഇങ്ങനെ എഴുതിയിരുന്നു: "അല്ലാഹു എപ്രകാരം സ്വപ്നത്തിൽ ഒരു കല്ലിനെ ഒരു എരുമയാക്കിത്തീർക്കുകയും അതിന്നു നീളമുള്ള തിളങ്ങുന്ന കണ്ണുകൾ നൽകുകയും ചെയ്തുവോ അപ്രകാരംതന്നെ അവൻ, അന്തിമഘട്ടത്തിൽ എന്നെ സംബന്ധിച്ചേടത്തോളം ന്യായാധിപന്നു ഉൾക്കാഴ്ചയും ദൂരദൃഷ്ടിയും അനുഗ്രഹിച്ചരുളുന്നതും അദ്ദേഹം സത്യവസ്തുതയിൽ എത്തിച്ചേരുന്നതുമായിരിക്കും. ഇതു ദൈവത്തിന്റെ പ്രവൃത്തിയാണ്. ലോകദൃഷ്ടിയിൽ അത്ഭുതാവഹവും ആയിരിക്കും" (ഹഖീഖത്തുൽ മഹ്ദി ഭാ. 10)

ഹദ്റത്ത് അഹ്മദ് (അ) വിട്ടയക്കപ്പെടുന്നു!

1899 ഫിബ്രവരി 24-ാം തിയ്യതി കോടതി വീണ്ടും ചേർന്നപ്പോൾ മുൻനിശ്ചയമനുസരിച്ചു പ്രതിസാക്ഷികൾ വിചാരണ ചെയ്യപ്പെടുകയുണ്ടായില്ല. എന്തെന്നാൽ, സംഭവവികാസങ്ങൾ പെട്ടെന്ന് മാറിത്തിരിയുകയും ഹദ്റത്ത് അഹ്മദിനെ നല്ലനടപ്പ് ജാമ്യത്തിന് ശിക്ഷിക്കാൻ തക്കയാതൊരു കാരണവുമില്ലെന്നു മജിസ്ട്രേട്ടിന്നു ബോദ്ധ്യം വരികയാൽ കേസ്സ് നടപടികൾ അതോടെ അവസാനിപ്പിക്കുകയുമാണുണ്ടായത്. ഹദ്റത്ത് അഹ്മദുൽഖാദിയാനി (അ)വിട്ടയക്കപ്പെട്ടു. ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മി. ജെ.എം.ഡോവി പുറപ്പെടുവിച്ച വിധിന്യായത്തിൽ പറഞ്ഞിരുന്നതു ഇപ്രകാരമാണ്:-

"I have drafted 2 engagements in six clauses which Mirza Ghulam Ahmed of qadian and Moulavi Abu Said Mohammed Husain of Batala have freely subscribed. It seems desirable that in view of these agreements the present proceedings should be dropped. I therefore discharge Mirza Ghulam Ahmad of qadian and direct that no further proceedings be taken aganist Moulvi Abu Said Mohd. Hussain of Batala: J.M.Dowle. District Magistrate, Gurdaspur. 24.2.99"

(മിർസാ ഗുലാംഅഹ്മദ് ഖാദിയാനിയും മൗലവി അബൂസഈദ് മുഹമ്മദ് ഹുസൈൻ ബട്ടാലവിയും സ്വമേധയാ സമ്മതിച്ചപ്രകാരം ആറു ഖണ്ഡികകളിലായി രണ്ട് കരാർ നിശ്ചയങ്ങൾ ഞാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ നിശ്ചയമനുസരിച്ചു ഇപ്പോഴത്തെ കോടതി നടപടികൾ അവസാനിപ്പിക്കുന്നതു ഉചിതമായിരിക്കുമെന്നു കരുതുന്നു. അതിനാൽ മിർസാ ഗുലാംഅഹ്മദ് ഖാദിയാനിയെ ഞാൻ വിട്ടയ്ക്കുന്നു. മൗലവിഅബൂസ് ഈദ് മുഹമ്മദ് ഹുസൈൻബട്ടാലവിക്കെതിരായും കൂടുതൽ നടപടിക

ളൊന്നും എടുക്കേണ്ടതില്ല- ജെ.എം.ഡോവി, ഡിസ്ട്രിക്ട് മജിസ്ട്രേട്ട്, ഗുർദാസ്പൂർ 24.2.99)

കേസ്സ് തള്ളിക്കൊണ്ടു ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഹദ്റത്ത് അഹ്മദിനോടു ഇപ്രകാരവും പറഞ്ഞു: "മുഹമ്മദ് ഹുസൈനും കൂട്ടുകാരും താങ്കളെപറ്റി പ്രസിദ്ധപ്പെടുത്തിയ ദുർവാക്കുകളുടെ കാര്യത്തിൽ ആവശ്യമാണെങ്കിൽ മാനനഷ്ടക്കേസ്സ് കൊടുക്കുന്നതിന്നു താങ്കൾക്കിപ്പോഴും അവകാശമുണ്ട്."

എന്നാൽ, ഈ ഭൂമിയിലെ നിയമക്കോടതികളിൽ താൻ ആർക്കെതിരായും കേസ്സുകൊടുക്കാൻ തയ്യാറില്ലെന്നും തനിയ്ക്കു സർവ്വേശ്വരന്റെ നീതിപീഠം മതിയെന്നും പ്രഖ്യാപിച്ച ആ ദിവ്യാത്മാവുണ്ടോ അതിനൊരുങ്ങുന്നു?

പഠാൻകോട്ടു കോടതിയിൽ ഹദ്റത്ത് അഹ്മദിന്റെ കേസ്സ് വിസ്താരം നോക്കി രസിക്കുന്നതിന്നു ഒരു സന്ദർശകനെന്ന നിലയിൽ പ്രത്യക്ഷനായിരുന്ന മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി തികച്ചും അപ്രതീക്ഷിതമായി ഡിസ്ട്രിക്ട് മജിസ്ട്രേട്ട് തയ്യാറാക്കിയ ഒരു കരാർപത്രികയിൽ ഒപ്പുവെക്കാൻ നിർബന്ധിതനായിത്തീർന്നു. പ്രസ്തുത കരാറിന്റെ അസ്സൽ പകർപ്പ് താഴെചേർക്കുന്നു:

Declaraton*

"I. Moulvi Abu Said Mohd. Hussain of Batala, considering myself in the presence of God, solemnly promise that in future-

1. "I will abstain from publishing any prophecy which implies or might reasonably be considered to imply that any person will suffer disgrace or be an object of the Devine displeasure.

2. "I will abstain from publishing any appeal to God requesting that He will, by disgracing any person or by granting a sign that any person is an object of the devine displeasure, show who is right and who wrong in any matter of religious controversy.

3. "I will abstain from publishing as an inspired message any statement which implies or might reasonably be held to imply that any person will be disgraced or is an object of the Devine displeasure.

4. "I will abstain from employing in any controversy with Mirza Ghulam Ahmad or any friend of follower of his any abusive epithet or injurious expression and from publishing any writing or picture which might cause him pain. I promise not to use with reference to him or any friend or follower of his such expressions as Dajjal, Kafir, Liar, Kadiani spelt with a means cheat -J . M. Dowiej. I will publish nothing with reference so his private life and family relations which might reasonably cause him pain.

5. "I will abstain from challenging Mirza Ghulam Ahmed or any friend or follower ofhis resort to any appeal to God (Mubahala) for the purpose of showing who is right and whrong in any controversy. I will not challenge him or any freind or follower of histo make any prophecy with reference to any person.

*ഗുർദാസ്പൂരിലെ റിക്കോഡ് ആഫീസിൽ പരിശോധിച്ചു ഒറിജിനൽ ഫയലിൽനിന്നു മൗലാനാ ഏ.ആർ.ദർദ് എം.ഏ.പകർത്തെടുത്തതാണ് ഈ പ്രഖ്യാപനം.

6. "I will to the utmost of my power induce any person over whom I have influence to act on their part in the manner in which I have promised to act in clauses 1, 2, 3, 4, 5,".

കരാർ പ്രഖ്യാപനം

(മൗലവി അബുസയിദ് മുഹമ്മദ് ഹുസൈൻ ബട്ടാലവി എന്ന ഞാൻ താഴെ പറയുംപ്രകാരം മേലാൽ പ്രവർത്തിച്ചുകൊള്ളാമെന്നു ദൈവത്തെ സാക്ഷിയാക്കിക്കൊണ്ടു വാഗ്ദാനം ചെയ്യുന്നു:

(1)ഏതെങ്കിലുമൊരാൾ എളിമയിലായിഭവിക്കുകയോ ദൈവികമായ അനിഷ്ടത്തിന്നു പാത്രീഭൂതനായിത്തീരുകയോ ചെയ്യുമെന്നു സൂചിപ്പിക്കുന്നതോ അങ്ങനെ സൂചിപ്പിക്കുന്നതെന്നു ന്യായമായും കരുതാവുന്നതോ ആയ യാതൊരു പ്രവചനവും ഞാൻ പ്രസിദ്ധം ചെയ്യുന്നതല്ല.

(2)ഏതെങ്കിലും ഒരാളെ എളിമയിലാക്കിക്കൊണ്ടോ, ദൈവീകമായ അപ്രിയത്തിന്നു ഒരാൾ ഇരയായിത്തീരുകയെന്ന അടയാളം കാണിച്ചിട്ടോ മതപരമായ ഒരു തർക്കപ്രശ്നത്തിൽ തെറ്റ് ആരുടേതു ശരി ആരുടേതു എന്നു ദൈവം തെളിയിച്ചു കാട്ടുന്നതിനു ദൈവത്തോടു ഒരപേക്ഷ പ്രസിദ്ധം ചെയ്യുന്നതിൽനിന്നു ഞാൻ ഒഴിഞ്ഞുനിൽക്കുന്നതാണ്.

(3)ഏതെങ്കിലുമൊരാൾ എളിമയിലായിത്തീരുമെന്നോ ദൈവികമായ അപ്രിയത്തിന്നിരയാകുമെന്നോ സൂചിപ്പിക്കുന്നതോ സൂചിപ്പിക്കുന്നതെന്നു ന്യായമായും കരുതാവുന്നതോ ആയ എന്തെങ്കിലും ഒരു പ്രസ്താവന ഒരു ദിവ്യബോധിത സന്ദേശമെന്ന നിലയിൽ പ്രസിദ്ധം ചെയ്യുന്നതിൽനിന്നു ഞാൻ ഒഴിഞ്ഞുനിൽക്കുന്നതാണ്.

(4)മിർസാ ഗുലാംഅഹ്മദുമായോ അദ്ദേഹത്തിന്റെ ഏതെങ്കിലും സ്നേഹിതനോ അനുചരനോ ആയോ നടക്കുന്ന ഏതൊരു വിവാദത്തിലും അശ്ലീലപദങ്ങളോ വ്രണപ്പെടുത്തുന്ന വാക്കുകളോ പ്രയോഗിക്കുന്നതിൽനിന്നും അദ്ദേഹത്തിന്നു വേദനയുണ്ടാക്കുന്ന എന്തെങ്കിലും എഴുത്തോ ചിത്രമോ പ്രസിദ്ധം ചെയ്യുന്നതിൽനിന്നും ഞാൻ ഒഴിഞ്ഞുനിൽക്കുന്നതാണ്. അദ്ദേഹത്തെ കുറിച്ചോ അദ്ദേഹത്തിന്റെ ഏതെങ്കിലും സ്നേഹിതനെയോ അനുചരനെയോ കുറിച്ചോ ദജ്ജാൽ, കാഫിർ, കള്ളൻ, കാദിയാനി (കുറിപ്പ്: ڈ എന്ന അക്ഷരം ചേർത്തുച്ചരിച്ചാൽ കാദിയാനി എന്നപദത്തിനു അർത്ഥം ചതിയൻ എന്നാകും -ജെ.യംഡോവി) എന്നീ പദങ്ങൾ ഉപയോഗിക്കുന്നതല്ല. അദ്ദേഹത്തിന്റെ സ്വകാര്യജീവിതത്തെയോ കുടുംബബന്ധങ്ങളെയോ പറ്റി അദ്ദേഹത്തിന്നു ന്യായമായും വേദന തോന്നാവുന്ന ഒന്നും ഞാൻ പ്രസിദ്ധം ചെയ്യുന്നതല്ല.

(5)മിർസാ ഗുലാം അഹ്മദിനെയോ അദ്ദേഹത്തിന്റെ ഏതെങ്കിലും സ്നേഹിതനെയോ അനുചരനെയോ ഒരു തർക്കപ്രശ്നത്തിൽ തെറ്റോ ശരിയോ ആരുടെ ഭാഗത്താണെന്നു കാണിക്കുവാനെന്നോണം ദൈവത്തോടു ഒരു അപേക്ഷ നടത്താനൊരുങ്ങുന്നതിന്നു (മുബാഹല) വെല്ലുവിളിക്കുന്നതിൽനിന്നു ഞാൻ ഒഴിഞ്ഞുനിൽക്കുന്നതാണ്. ആരെക്കുറിച്ചെ

ങ്കിലും ഒരു പ്രവചനം ചെയ്യുന്നതിന്നു അദ്ദേഹത്തെയോ അദ്ദേഹത്തിന്റെ ഏതെങ്കിലും സ്നേഹിതനെയോ അനുയായിയെയോ ഞാൻ ആഹ്വാനം ചെയ്യുന്നതല്ല.

(6)1,2,3,4,5 എന്നീ ഖണ്ഡികകളനുസരിച്ചു പ്രവർത്തിക്കാൻ ഞാൻ വാഗ്ദാനം ചെയ്തിട്ടുള്ളതുപോലെ എനിയ്ക്ക് സ്വാധീനമുള്ളവരെയും അപ്രകാരം പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുന്നതിന്നും ഞാൻ പരമാവധി പരിശ്രമിക്കുന്നതാണ്)

മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി ഇതിൽ ഒപ്പുവച്ചു. ഡിസ്ട്രിക്ട് മജിസ്ട്രേട്ടും ഒരു സാക്ഷിയെന്ന നിലയിൽ ഹർജിയെഴുത്തുകാരൻ ശേഖ് നൂർ മുഹമ്മദും അതിൽ ഒപ്പുവച്ചിരുന്നു.

ഇതേ കരാർ നിശ്ചയങ്ങളെഴുതിയ മറ്റൊരു കടലാസ്സിൽ ഹദ്റത്ത് അഹ്മദും ഒപ്പുവച്ചു. بخاری (ഖാദിയാനി)എന്നതിന്നു പകരം بٹالوی (ബത്താലവി)എന്നും മുഹമ്മദ് ഹുസൈൻ എന്നതിനു പകരം അഹ്മദ് എന്നും, മറിച്ചും അതിൽ ചേർത്തിട്ടുണ്ടായിരുന്നതൊഴിച്ചാൽ വേറെ യാതൊരു വ്യത്യാസവും വരുത്തിയിട്ടുണ്ടായിരുന്നില്ല. ഹദ്റത്ത് അഹ്മദ് (അ) ഒപ്പിട്ട കടലാസ്സിൽ സാക്ഷിയായി ഖാജാ കമാലുദ്ദീൻ സാഹിബാണ് ഒപ്പു വച്ചിരുന്നത്.

ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മി.ഡോവി ന്യായാസനത്തിലിരുന്നുകൊണ്ടു പോലീസ് ഇൻസ്പെക്ടർമാരായ സയ്യിദ് ശബ്ബീർ ഹുസൈൻ, മുൻഷി മുഹമ്മദ് ബക്ഷ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ മുഹമ്മദ് ഹുസൈൻ ബട്ടാലവിയെക്കൊണ്ടു മേലിൽ താനൊരിക്കലും മീർസാസാഹിബിനെ 'കാഫി'റെന്നോ 'ദജ്ജാ'ലെന്നോ 'കള്ള'നെന്നോ 'ഖാദിയാനി'യെന്നോ പറയുകയില്ലെന്നുള്ള ഒരു കരാറിൽ ഒപ്പുവപ്പിക്കുകയായിരുന്നപ്പോൾ മി. ബ്രൗൺ, ഫസലുദ്ദീൻ സാഹിബ് എന്നീ ഹൈക്കോർട്ട് വക്കീലന്മാർ അതേ കോടതി മുറിയിലിരുന്നുകൊണ്ടു മൂന്നുദിവസം മുമ്പു പ്രസിദ്ധീകൃതമായ ഹദ്റത്ത് അഹ്മദിന്റെ 'ഹഖീഖത്തുൽ മഹ്ദി' എന്ന കൃതി വായിച്ചു അത്ഭുതപരതന്ത്രരയാത്തീരുകയായിരുന്നു! താൻ നിരപരാധിയായി വിട്ടയക്കപ്പെടുമെന്നും "അക്രമി തന്റെ ദ്രോഹപ്രവർത്തനങ്ങളിൽ നിന്നു തടയപ്പെടും" എന്നും "ദ്രോഹി തന്റെ കൈ മുറിക്കും" എന്നും മറ്റുമുള്ള പ്രവചനങ്ങളും ദർശനങ്ങളും ഹദ്റത്ത് അഹ്മദ് (അ) ആ ഗ്രന്ഥത്തിൽ മുൻകൂട്ടി പ്രസിദ്ധം ചെയ്തിട്ടുണ്ടായിരുന്നതു പരിപൂർണ്ണമായും പൂർത്തിയായി എന്നു അവർ അവിടെവച്ചു ഏറ്റു പറഞ്ഞു. മി.ബ്രൗൺ ഹദ്റത്ത് അഹ്മദിനെ സമീപിക്കുകയും പ്രവചനം പൂർത്തിയായതിൽ തന്റെ പ്രത്യേക അഭിനന്ദനമറിയിക്കുകയും ചെയ്കയുണ്ടായെന്നു ഡോ.മുഹ്തി മുഹമ്മദ് സാദിഖ് (റ)നിവേദനം ചെയ്തിരിക്കുന്നു (ദിക്റെ ഹബീബ്, ഭാ. 51)

കരാറനുസരിച്ചുള്ള നിശ്ചയങ്ങൾ നിഷ്കൃഷ്ടമായി പാലിക്കുവാൻ ശിഷ്യന്മാരെ ഉൽബോധിപ്പിച്ചുകൊണ്ടു ഹസ്രത്ത് അഹ്മദ് (അ)26-2-99ൽ ഒരു ലഘുലേഖ അച്ചടിച്ചു വിതരണം ചെയ്കയും 3-3-99ൽ 'അൽഹക്കം'

പത്രത്തിന്റെ സപ്ലിമെന്റായി അതു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. മുസ്ലിംകൾ തമ്മിൽ മാത്രമല്ല, മുസ്ലിംകളും ക്രിസ്ത്യാനികളും തമ്മിലും ഈ കരാർ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ടെന്നും ഹദ്റത്ത് അഹ്മദ്(അ) അതിൽ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഇത്തരം ഒരു കരാറുണ്ടാക്കാൻ കഴിഞ്ഞതിൽ ആരെക്കാളും ആഹ്ളാദംകൊണ്ടിരുന്നതു ഹദ്റത്ത് അഹ്മദ്(അ) തന്നെയായിരുന്നു. കരാർ ഒപ്പിട്ടുകഴിഞ്ഞപ്പോൾ പ്രവചനം പൂർത്തിയാവുകയും തനിയ്ക്കു വമ്പിച്ച വിജയം ലഭിക്കുകയും ചെയ്തതായിട്ടാണ് ആ മഹാത്മാവ് മനസ്സിലാക്കിയിരുന്നത്.

കേസ്സു തള്ളപ്പെടുകയും മുഹമ്മദ് ഹുസൈൻ ബട്ടാലവി കരാർപ്രകാരമുള്ള ബാധ്യതകളുടെ കുരുക്കിലകപ്പടുകയും ചെയ്തതോടെ ഹദ്റത്ത് അഹ്മദുൽഖാദിയാനിയെ തേജോവധം ചെയ്യുവാനുള്ള ആ ഭയങ്കരഗൂഢാലോചന അടിയോടെ തകർന്നുപോയി. ആ മഹാത്മാവിനെ ഒരനഭിലഷണീയവ്യക്തിയായി മുദ്രകുത്തുകയും നല്ലനടപ്പുജാമ്യത്തിന്നു ശിക്ഷിച്ചുകൊണ്ടു ഒരു മോശക്കാരനാക്കിക്കാണിക്കുകയുമായിരുന്നു ശത്രുക്കളുടെ പ്ലാൻ. പോലീസ് അധികാരികളും ഇതിന്നു കൂട്ടുനിന്നു. എന്നാൽ ഹസ്രത്ത് അഹ്മദിനെ നല്ലനടപ്പ്ജാമ്യത്തിന് ശിക്ഷിപ്പിക്കുവാൻ അവർക്കു കഴിഞ്ഞില്ല! ആ മഹാത്മാവിന്നു ദോഷകരമായ ഒരൊറ്റ പദംപോലും ന്യായാധിപന്റെ തൂലികാഗ്രത്തിൽനിന്നു പുറപ്പെടുമാറാക്കാനും അവർക്ക് സാധിച്ചില്ല. ഹദ്റത്ത് അഹ്മദ് (അ) ജയവീരനായി പുറത്തുവന്നു. ആ പരിശുദ്ധാത്മാവിന്റെ കീർത്തിധാവള്യത്തിനു കളങ്കം ചാർത്താനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടുവെന്നുമാത്രമല്ല, ഈ കേസ്സുവഴി അദ്ദേഹത്തിന്റെ പേരും പെരിമയും കൂടുതൽ പരക്കുകയുമുണ്ടായി.

ബട്ടാല പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ മുഹമ്മദ് ബക്ഷിന്റെ കുടിലതന്ത്രമാണ് ഈ സമാധാനഭഞ്ജനക്കേസ്സിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്നത്. മുഹമ്മദ്ബക്ഷിനെ സ്വപക്ഷത്ത് കിട്ടിയപ്പോൾ മുഹമ്മദ് ഹുസൈൻ ബട്ടാലവി അതൊരു സുവർണ്ണാവസരമായിക്കരുതി. അവരിരുവരും ഗൂഢാലോചന ചെയ്തുണ്ടാക്കിയ ഈ കേസ്സിൽ തന്റെ നിഷ്പക്ഷത തെളിയിക്കാൻ മാത്രമാണ് മുഹമ്മദ് ഹുസൈൻ ബട്ടാലവിയേയും പൊലീസ് ഇൻസ്പെക്ടർ മുഹമ്മദ് ബക്ഷ് പ്രതിയാക്കിയത്. കേസ്സ് ചാർജ്ജ് ചെയ്ത ശേഷം അയാൾ ഒരു ഘട്ടത്തിൽ ഇപ്രകാരം പറയുകയുണ്ടായി: "ഇക്കാലമത്രയും മിർസാ രക്ഷപ്പെടുകയാണ് ചെയ്തത്. ഇനിയിപ്പോൾ എന്റെ കയ്യിൽനിന്നു രക്ഷപ്പെടുകയില്ല" ഈ വാക്കുകൾ ആരോ ഹദ്റത്ത് അഹ്മദിന്റെ ശ്രവണപുടങ്ങളിലെത്തിച്ചു. അപ്പോൾ ആ നിവേദകനെ നോക്കിക്കൊണ്ടു ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം ഉദീരണം ചെയ്തു:

"വോ ക്യാ സമജ്താ ഹെ? ഉസ്കാ അപ്നാ ഹാത് കാട്ടാ ജായേഗാ"
(അയാളെന്തു കരുതി? അയാളുടെ കൈതന്നെ ഛേദിക്കപ്പെടും)

പ്രവചിച്ച പ്രകാരം കേസ്സിൽ ഹദ്റത്ത് അഹ്മദ് (അ) രക്ഷപ്പെട്ടു. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയും കൂട്ടുകാരും അവഹേളിതരാവുകയും ചെയ്തു. കുറച്ചുനാൾക്കകം പോലീസിൻസ്പെക്ടർ മുഹമ്മദ്

ബക്ഷിന്റെ കൈക്ക് ഒരുതരം പഴുപ്പ് ബാധിച്ചു. വിഷബാധ വർദ്ധിച്ചു കൈ നിരുപയോഗയോഗ്യവും നിശ്ചലവുമായി. ദിനരാത്രങ്ങളിലെ ദീന രോദനങ്ങൾക്കുശേഷം അതേ രോഗത്തിൽതന്നെ അയാൾ ഇഹലോകം വിട്ടുപിരിയുകയും ചെയ്തു. (സിൽസില അഹ്മദിയ്യാ, ഭാ.87)

ഒരു സത്യദൃഷ്ടാന്തംകൂടി വെളിപ്പെട്ടു! അവിടംകൊണ്ടുമവസാനിച്ചില്ല. മുഹമ്മദ് ബക്ഷിന്റെ ഏകപുത്രൻ ഹ.അഹ്മദുൽ ഖാദിയാനിയുടെ ഭക്തശിഷ്യനായി മാറി. മുഹമ്മദ് ബക്ഷിന്റെ ഭാര്യയും മകനെ പിന്തുടർന്നു ബൈഅത്ത് ചെയ്തു. ഹദ്റത്ത് അഹ്മദിനെ സമാധാനഭഞ്ജകൻ എന്നു മുദ്രകുത്താൻ പാടുപെട്ട മുഹമ്മദ് ബക്ഷിന്റെ കളത്രപുത്രന്മാർ ആ മഹാത്മാവിനെ സമാധാനത്തിന്റെ പ്രഭുവായി സ്വീകരിക്കുകയും അയാളെ കൈയ്യൊഴിക്കുകയും ചെയ്യുമാറായതു ഒരു അത്ഭുത ദൃഷ്ടാന്തമല്ലെങ്കിൽ മറ്റെന്താണ്?

44- ഭിത്തിക്കേസ്സ്

ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ പിതൃസഹോദര പുത്രന്മാരായ മിർസാ ഇമാമുദ്ദീനും മിർസാ നിസാമുദ്ദീനും സ്വത്തുസംബന്ധവും മതവിശ്വാസപരവുമായ കാരണങ്ങളാൽ ആ മഹാത്മാവിനോടു കഠിനമായ ശത്രുത പുലർത്തിപ്പോന്നിരുന്നുവല്ലോ. ഹദ്റത്ത് അഹ്മദിന്റെ അടുക്കൽ നൂറുകണക്കിൽ സന്ദർശകന്മാർ നാനാഭാഗങ്ങളിൽനിന്നും വന്നുകൊണ്ടിരിക്കുകയും ആ മഹാത്മാവിന്റെ പ്രസ്ഥാനം നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നതിൽ അസൂയാലുക്കളായിത്തീർന്നിരുന്ന അവർ സന്ദർശകന്മാരെ തടയാനുദ്ദേശിച്ചു അതിഥി മന്ദിരത്തിൽനിന്നും മസ്ജിദ് മുബാറക്കിലേയ്ക്കുള്ള പൊതുവഴി അടച്ചുകളയുമാറ് ഒരു ഭിത്തി കെട്ടിപ്പടുക്കുകയുണ്ടായി.* ഇതുകാരണം ഹദ്റത്ത് അഹ്മദിന്റെ ശിഷ്യന്മാർക്കും സന്ദർശകർക്കും മറ്റതിഥികൾക്കും വലിയ അസൗകര്യങ്ങളും ക്ലേശങ്ങളും അനുഭവപ്പെട്ടുതുടങ്ങി. പള്ളിയിൽ ചെന്നു നമസ്കരിക്കുകയോ തങ്ങളുടെ ഗുരുവര്യനെ കാണുകയോ ചെയ്യണമെങ്കിൽ അവർക്ക് വളരെ വിഷമപ്പെട്ടു ഹിന്ദു മഹല്ല ചുറ്റിവളയണമെന്നായി. സാധാരണ ഉപയോഗിച്ചുവന്നിരുന്ന ഈ തുറന്നവഴി ബന്ധിക്കപ്പെട്ടതോടെ ഹദ്റത്ത് അഹ്മദും കുടുംബവും തന്റെ ബദ്ധവൈരികളാൽ ഉപരോധിക്കപ്പെട്ട ഒരവസ്ഥയിലായിത്തീർന്നു. പ്രത്യേകിച്ചും രാത്രിനേരത്ത് വൃദ്ധരും അവശരുമായ ഭക്തന്മാരുടെ പള്ളിയിലേക്കു പോകുകതീരെ അസാദ്ധ്യമായിരുന്നു. പള്ളിയിലേയ്ക്കു വെള്ളം കൊണ്ടുവരേണ്ടിയിരുന്ന വഴികളും അടഞ്ഞുപോയിരുന്നു. ഇമാമുദ്ദീൻ പ്രഭൃതികൾ തങ്ങളുടെ തെന്നു അവകാശപ്പെട്ടിരുന്ന സ്ഥലത്താണ് ഈ ഭിത്തി നിർമ്മിച്ചതെന്നതിനാൽ ബലംപ്രയോഗിച്ചു തടയുകയോ മറ്റുവിധത്തിൽ തടസ്സപ്പെടുത്തുകയോ ചെയ്യാൻ സാദ്ധ്യമായിരുന്നില്ല. എന്തെങ്കിലും നിസ്സാരകാരണങ്ങളിൻമേൽ ലഹളയുണ്ടാക്കാൻ ഇമാമുദ്ദീൻ എപ്പോഴും ശ്രമിച്ചുപോന്നിരുന്നതിനാൽ സമാധാനപ്രിയനായ നമ്മുടെ ചരിത്രപുരുഷൻ കഠിനമായ ഒരു സഹനസമരത്തിന്നു സ്വയം സന്നദ്ധനാവുകയത്രെ ചെയ്തത്.

സ്വാഭാവികമായും ഹദ്റത്ത് അഹ്മദ്(അ) ആദ്യമായി ചെയ്തതു ദൈവസവിധത്തിൽ കുമ്പിടുകയായിരുന്നു. ഒരു പരിഹാരമാർഗ്ഗം വെട്ടി

*1900 ജനുവരി 5-ാം തിയ്യതിയാണ് ഭിത്തിനിർമ്മാണം ആരംഭിച്ചത്.

ത്തുറക്കപ്പെടുന്നതിന്നായി ആ മഹാത്മാവ് തന്റെ നാഥനോടു ഹൃദയം നൊന്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അന്നുരാത്രി തന്നെ (5-1-1900) അദ്ദേഹത്തിന്നു ആശ്വാസം നൽകുന്ന വെളിപാടുകളുണ്ടായി. നിശാനമസ്കാരത്തിന്നു വന്നുചേർന്നിരുന്ന സ്വശിഷ്യന്മാരെ തനിയ്ക്കു ലഭിച്ച വെളിപാടുകൾ അദ്ദേഹം കേൾപ്പിക്കുകയും അതു ഭിത്തി സംബന്ധിച്ചുള്ളതാണെന്നു അറിയിക്കുകയും ചെയ്തു. 'അൽഹക്കം' പത്രത്തിൽ അതു പ്രസിദ്ധീകരിക്കപ്പെടുകയുമുണ്ടായി- (24-1-1900)

അനുരഞ്ജനപരമായ ഒരു നിർദ്ദേശവുമായി ചൗദ്ദരി ഹാക്കിം അലി സാഹിബിന്റെ നേതൃത്വത്തിൽ തന്റെ ഏതാനും ശിഷ്യപ്രതിനിധികളെ ഹദ്റത്ത് അഹ്മദ് (അ)പിതൃസഹോദരപുത്രന്മാരുടെ അടുക്കലേക്ക് അയച്ചുനോക്കി. ഭിത്തി കെട്ടിമുട്ടിക്കുന്നതു തനിയ്ക്കും സ്നേഹിതന്മാർക്കും അങ്ങേയറ്റം ക്ലേശകരമായിരിക്കയാൽ അപ്രകാരം ചെയ്യരുതെന്നു വിനീതമായി അഭ്യർത്ഥിക്കുകയും മിർസാ ഇമാമുദ്ദീനു സ്വത്തുക്കൾ പിടിച്ചടക്കണമെന്നുണ്ടെങ്കിൽ തനിയ്ക്കു തീർത്തും അവകാശപ്പെട്ട തന്റെ മറ്റേതെങ്കിലു സ്ഥലം എടുത്തുകൊള്ളാൻ ദയവുണ്ടാകണമെന്നും ആരാധനയ്ക്കു മുടക്കം വരുത്തുകയും തന്നേയും ശിഷ്യജനങ്ങളെയും ക്രൂരമാംവിധം അകറ്റി നിർത്തുകയും ചെയ്യുന്ന പ്രവൃത്തികളിൽനിന്നു വിരമിക്കണമെന്നും അപേക്ഷിക്കുകയുമുണ്ടായി. ആശങ്കിച്ചവിധംതന്നെ ആ ശ്രമം വിഫലമായതേയുള്ളു. രോഷാകുലനായ ഇമാമുദ്ദീൻ ആ അഭ്യർത്ഥന ശ്രവണമാത്രയിൽതന്നെ നിരാകരിക്കുകയാണ് ചെയ്തത്. "അങ്ങേരെന്തേ വരാഞ്ഞു?" എന്നു പുച്ഛത്തോടെ ചോദിക്കുകയും, "വഹ്യ് ഇറങ്ങാൻ തുടങ്ങിയതു മുതൽ അയാൾക്കെന്തായിപ്പോയെന്നറിയില്ല" എന്നു പിറുപിറുക്കുകയുമുണ്ടായി!

അധികാരസ്ഥാനങ്ങളിൽ സങ്കടമുണർത്തിക്കാനുള്ള ശിഷ്യഗണത്തിന്റെ സ്നേഹമസൃണമായ അപേക്ഷകളെ മാനിച്ചു ആ വഴിക്കൊരു ശ്രമവും ഹദ്റത്ത് അഹ്മദ് (അ) നടത്തിനോക്കാതിരുന്നില്ല. ആയിടയിൽ ഖാദിയാനരികെയൊരിടത്തു ക്യാമ്പു ചെയ്തിരുന്ന ഡെപ്യൂട്ടി കമ്മീഷ്ണരുടെ (കലക്ടരുടെ)അടുക്കൽ നിവേദനം നടത്തുന്നതിന്നു ഒരു സംഘത്തെ പ്രേഷണം ചെയ്യാൻ തീർച്ചയാക്കി. അൽഹാജ് ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് ഭേരവിയുടെ നേതൃത്വത്തിൽ 50 പേരടങ്ങിയ ഒരു സംഘം ഡിപ്യൂട്ടി കമ്മീഷണരെ സമീപിച്ചു. ആ മേലുദ്യോഗസ്ഥൻ തികച്ചും പക്ഷപാതപരമായ നയമാണംഗീകരിച്ചിട്ടുള്ളതെന്നു വ്യക്തമായതോടെ പ്രതിനിധിസംഘാംഗങ്ങൾ നിരാശപ്പെട്ടു മടങ്ങി.

അവശേഷിച്ച മറ്റൊരു മാർഗ്ഗം വ്യവഹാരമായിരുന്നു. വ്യവഹാരം ഹദ്റത്ത് അഹ്മദ് (അ) ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. തന്നെ വ്യക്തിപരമായിമാത്രം ബാധിക്കുന്ന ഒരു കാര്യമാണെങ്കിൽ ഇത്തരം ഘട്ടങ്ങളിൽ എന്തു നഷ്ടവും സഹിക്കാൻ ആ മഹാത്മാവ് ഒരുങ്ങുമായിരുന്നു. സ്വത്തുക്കളിൽ തന്നെപ്പോലുള്ള ഒരവകാശി മാത്രമായ ഇമാമുദ്ദീന്റെ ധിക്കാരപരമായ നടപടികൾ സഹനീയതയുടെ സകല സീമകളെയും അതിലംഘി

ച്ചപ്പോൾ മറ്റൊരു പരിഹാരമാർഗ്ഗവും കാണാതെ 'ഹിജ്റത്ത്' ചെയ്യേണ്ട കാര്യമാണ് അദ്ദേഹം ആലോചിച്ചു തുടങ്ങിയത്. അദ്ദേഹം സ്വശിഷ്യന്മാരുടെ അഭിമതമാരാഞ്ഞു. പ്രസ്തുത പരിത:സ്ഥിതിയിൽ ജീവിക്കുകതുലോം ദുഷ്കരമാണെന്നും 'ഹിജ്റത്ത്' നബിമാരുടെ സുന്നത്തിൽ പെട്ടതാണെന്നും ആ ദിവ്യാത്മാവ് പറഞ്ഞു. ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് ഭേരയിലേയ്ക്കും ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽകോട്ടേയ്ക്കും ശേഖ് റഹ്മത്തുല്ലാഹ് സാഹിബ് ലാഹൗറിലേയ്ക്കും മറ്റു ചിലർ സ്വസ്വദേശങ്ങളിലേയ്ക്കും തങ്ങളുടെ ഗുരുവര്യനെ സപ്രശ്രയം ക്ഷണിച്ചു. തക്കസമയത്ത് സ്ഥലം തീരുമാനിക്കാമെന്നു പറഞ്ഞുകൊണ്ടു ഹദ്റത്ത് അഹ്മദ്(അ) അവരെയെല്ലാം സാന്ത്വനപ്പെടുത്തി.

ഖാദിയാനിൽതന്നെ താമസിക്കുന്നപക്ഷം അവകാശസംരക്ഷണാർത്ഥം കേസ്സ് കൊടുക്കുകയല്ലാതെ ഗത്യന്തരമില്ലെന്ന് വരികയും ശിഷ്യന്മാരും നിമയപണ്ഡിതൻമാരും ഏതദാഭിഷയത്തിൽ സ്നേഹപൂർണ്ണമായ നിർബ്ബന്ധാഭ്യർത്ഥനകൾ പുറപ്പെടുവിക്കുകയും ചെയ്തപ്പോൾ വ്യവഹാരം നടത്തേണ്ടതിനെപറ്റി ആലോചിച്ചു തുടങ്ങി. തനിയ്ക്കു ലഭിച്ച വെളിപാടുകളിൽ അതിന്റെ സൂചനകളുള്ളതായും അദ്ദേഹം കണ്ടു. ഈ പ്രശ്നം തന്നെ മാത്രം ബാധിക്കുന്ന ഒന്നല്ലന്നും, തന്റെയും തന്റെ ദിവ്യപ്രസ്ഥാനത്തിന്റെയും നേരെയുള്ള സജീവമായ ഒരു വെല്ലുവിളിയാണെന്നും അദ്ദേഹം മനസ്സിലാക്കി. അങ്ങേയറ്റത്തെ ക്ഷമയും സഹനവും ദീക്ഷിക്കാനും ദൈവത്തോടു നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കാനും അദ്ദേഹം ശിഷ്യഗണത്തോടുപദേശിച്ചു.

കഠിന കഷ്ടാനുഭവങ്ങളുടെ 7മാസങ്ങൾ കടന്നുപോയിട്ടും പരിഹാരത്തിന്റെ സൂചനകൾപോലും കണ്ടെത്തിയില്ല. ശത്രുക്കളുടെ ശകാരങ്ങളും നാനാവിധ ദ്രോഹങ്ങളും ദിനംപ്രതി വർദ്ധിച്ചു വന്നതേയുള്ളു. അതിഥികൾക്ക് മലമൂത്രവിസർജ്ജനം നടത്താൻ പോലും ഇടമില്ലെന്നേടത്തോളം കാര്യങ്ങൾ നീങ്ങി. അതിനാൽ, കേസ് ഫയലാക്കാൻതന്നെ ഹദ്റത്ത് അഹ്മദ്(അ) തീർച്ചപ്പെടുത്തുകയും ഗുർദാസ്പൂർ ഡിസ്ട്രിക്ട് ജഡ്ജ് മുൻഷി ഖുദാബക്ഷിന്റെ കോടതിയിൽ ഭിത്തി നിർമ്മാണത്തിനെതിരായി ഒരു 'പർമനന്റ് ഇൻജംഗ്ഷൻ' അനുവദിച്ചുക്കിട്ടേണ്ടതിനായി ഹരജി ബോധിപ്പിക്കുകയും ചെയ്തു. 1900 ആഗ്സത് 22-ാം തീയ്യതിയാണ് അതു സംബന്ധിച്ച കടലാസ്സുകളിൽ ഹദ്റത്ത് അഹ്മദ് (അ) ഒപ്പു വച്ചത്. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ചരിത്രത്തിൽ, ആ മഹാത്മാവ് ആർക്കെങ്കിലും എതിരിൽ ഒരന്യായക്കാരനെന്ന നിലയിൽ പ്രത്യക്ഷപ്പെട്ട ആദ്യത്തെയും അവസാനത്തെയും കേസ്സായിരുന്നു ഇത്.

എന്നാൽ, പ്രഥമഘട്ടത്തിൽതന്നെ നിരാശാജനകമായിരുന്നു അവിടെയും അനുഭവം. ഹദ്റത്ത് അഹ്മദ്(അ) ചൂണ്ടിക്കാണിച്ചതിൻപ്രകാരം ജഡ്ജിയുടെ നിലപാട് തികച്ചുംഅനുഭാവശൂന്യമായിരുന്നു. അതിനുംപുറമെ, ഭിത്തി നിർമ്മിച്ച ഭൂമി മിർസാ ഇമാമുദ്ദീനു തികച്ചും അവകാശപ്പെട്ട

താണെന്നു തെളിയിക്കുന്ന ചില പ്രബലരേഖകൾ അദ്ദേഹത്തിന്റെ വശ മുണ്ടെന്നു കോടതി മുഖേന അറിയുവാനുമിടവന്നു. പ്രസ്തുത സ്വത്തു വളരെക്കാലമായി മിർസാ ഇമാമുദ്ദീന്റെ കൈവശമായിരുന്നു. യഥാർത്ഥ ത്തിൽ ഹ:അഹ്മദിന്റെ മറ്റൊരു പിതൃവ്യപുത്രനായിരുന്ന ഗുലാം ജീലാനി എന്നാൾക്ക് കൂടി അവകാശമുണ്ടായിരുന്നതാണെങ്കിലും ആ അവകാശം എങ്ങനെയോ നഷ്ടപ്പെടുകയും, അതിന്റെ കൈവശാവകാശിയെന്നനി ലയിൽ മിർസാ ഇമാമുദ്ദിന്റെ പേരിൽ ഗുലാം ജീലാനി ഗുർദാസ്പൂർ കോടതിയിൽ കൊടുത്തിരുന്ന കേസ്സ് ഇമാമുദ്ദീനനുകൂലമായി തള്ളപ്പെ ടുകയും ചെയ്തിരുന്നു. ഇങ്ങനെ മിർസാ ഇമാമുദ്ദീന്റെ അവകാശവാദം കോടിതമുഖേന സ്ഥിരപ്പെട്ടു കഴിഞ്ഞിട്ടുള്ളതാണെന്നു വ്യക്തമായപ്പോൾ കേസ്സ് തുടരുന്നതുകൊണ്ടു പ്രയോജനമില്ലെന്നും അതുതള്ളപ്പെടുകയാ ണുണ്ടാവുകയെന്നുമുള്ള അഭിപ്രായം പ്രബലപ്പെട്ടു. ഹദ്റത്ത് അഹ്മദിന്റെ വക്കീൽമാർ തികച്ചും നിരാശരായിത്തീർന്നു. മിർസാ ഇമാമുദ്ദീനുമായി എങ്ങനെയെങ്കിലും സ്വീകാര്യമായ ഒരൊത്തുതീർപ്പുണ്ടാക്കി കേസ്സു പിൻവലിക്കുന്നതാവും നല്ലതെന്നു ഖാജാകമാലുദ്ദീൻ സാഹിബ് അഭി പ്രായപ്പെട്ടു. ഹദ്റത്ത് അഹ്മദ് (അ)'സുൽഹി' ന്നുള്ള ഏതുപാധിയും സ്വീകരിക്കാൻ സന്നദ്ധനായിരുന്നു. എന്നാൽ, ന്യായ്യമായ എന്തെങ്കിലും തീരുമാനത്തിനു വഴങ്ങുന്ന കൂട്ടത്തിലായിരുന്നില്ല മിർസാ ഇമാമുദ്ദീൻ. ഹദ്റത്ത് അഹ്മദിനെതിരായി തീരാപ്പകവെച്ചുപോറ്റിയിരുന്ന ഗർവ്വിഷ്ഠ നായ ആ മനുഷ്യന്റെ മുഷ്ക് കൂടിവന്നതേയുള്ളു. തന്റെ അവകാശത്തിലും അധികാരത്തിലും പെട്ടൊരിടത്തു താനെന്തു ചെയ്താലും മറ്റൊരാൾക്ക തിൽ കാര്യമില്ല എന്നതായിരുന്നു അയാളുടെ ഉറച്ച നില! ഹദ്റത്ത് അഹ്മദിന്റെ സന്ദർശകൻമാരെയും അതിഥികളെയും അയാളും സിൽബ ന്ധികളും കൂടുതൽ ഉപദ്രവിക്കാനും ശകാരിക്കാനും ധൃഷ്ടരായിരുന്നു. എതിർഭാഗത്തെ ശ്രമങ്ങലെല്ലാം പരാജയത്തിലാണെന്നറിഞ്ഞപ്പോൾ ഇമാ മുദ്ദീന്റെ അഹങ്കാരത്തിനു അതിരുണ്ടായില്ല. തനിയ്ക്കവകാശമുള്ള ഭൂമി യിൽ ഇനിയും ഭിത്തികൾ പണിതു ഹദ്റത്ത് അഹ്മദിന്റെ ഭവനത്തിലേ യ്ക്കുള്ള ഗതാഗതം തീർത്തും മുടക്കിക്കളയുമെന്നൊരു ഉഗ്രൻ ഭീഷണി അയാളിപ്പോൾ മുഴക്കുകയായി!

എന്നാൽ, ദൈവത്തിന്റെ ആശ്വാസവചനത്തിൽ ഹദ്റത്ത് അഹ്മ ദിന്നു ഇളകാത്ത വിശ്വാസമുണ്ടായിരുന്നു. ഒളിഞ്ഞുകിടന്ന ചില കാര്യ ങ്ങൾ പുറത്തുവരുമെന്നും തക്കസമയത്തു ദൈവസഹായം വന്നെത്തു മെന്നും പ്രതീക്ഷിച്ചുകൊണ്ട് വെളിപാടുകളിൽ പറഞ്ഞവിധം അത്ഭുതക രമായ എന്തെങ്കിലും സംഭവവികാസത്തിനായി ദൈവത്തോടു പ്രാർത്ഥി ച്ചുകൊണ്ടിരിക്കുകയേ ഹ:അഹ്മദിനും അനുയായികൾക്കും കരണീയ മായിരുന്നുള്ളു.

1901ജൂലായ് 15-ാം തിയ്യതി ഗുർദാസ്പൂർ കോടതിയിൽ ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ വിചാരണയായിരുന്നു. ഹദ്റത്ത് അഹ്മദ് (അ) ഗുർദാസ്പൂരിലേയ്ക്ക് പുറപ്പെട്ടു. പ്രധാന ശിഷ്യൻമാരും അനുഗമി

ച്ചു. ഗുർദാസ്പൂരിലേയ്ക്ക് യാത്രയായിട്ടുണ്ടെന്നറിഞ്ഞു അമൃത്സർ, കപൂർത്തല തുടങ്ങിയ സ്ഥലങ്ങളിൽനിന്നും ശിഷ്യൻമാർ അവിടെ ഒരുമിച്ചുകൂടി. ഏതാണ്ടു നാല്പതോളം പേർ അവിടെ വന്നെത്തിയിരുന്നു. കച്ചേരിയിലെത്തിയ ഈ മഹാപുരുഷനെ കാണാൻ ജനങ്ങൾ തടിച്ചുകൂടി. ഗുർദാസ്പൂരിലേയ്ക്കുള്ള യാത്ര ഇതാദ്യത്തെ തവണയല്ലെങ്കിലും ആത്മീയപ്രഭാവത്താൽ സർവ്വത്ര കീർത്തിധാവല്യം പരത്തിക്കൊണ്ടിരുന്ന ആ മഹാപുരുഷന്റെ സമാഗമം അന്നാട്ടുകാരിൽ പുത്തൻ അനുഭവങ്ങളുണ്ടാക്കാതിരുന്നില്ല. കോടതി സമയം ആരംഭിക്കുന്നതുവരെ ചുറ്റും കൂടിയവരോടു സാത്വികജീവിതത്തിന്റെ മഹത്വത്തെക്കുറിച്ചു ഹദ്റത്ത് അഹ്മദ്(അ) ഉപദേശിച്ചുകൊണ്ടിരുന്നു. കേസ്സിൽ ഹദ്റത്ത് അഹ്മദിന്റെ വക്കീൽമാരായി ഹാജരായിരുന്നതു ഖാജാകമാലുദ്ദീൻ സാഹിബ് ബി.ഏ.എൽ.എൽ.ബി.മൗലവി മുഹമ്മദലി സാഹിബ് എം.ഏ.എൽ.എൽ.ബി എന്നീ പ്ലീഡർമാരായിരുന്നു. വിചാരണക്കിടയിൽ കുടിക്കട റജിസ്ട്രർ പരിശോധിക്കേണ്ടതുണ്ടെന്ന് ഖാജാ സാഹിബിനു പെട്ടെന്നു തോന്നി. ആ ഇൻഡക്സ് പരിശോധിച്ചതിനെ തുടർന്നു ഭിത്തി പണിത ഭൂമി യഥാർത്ഥത്തിൽ, ഹദ്റത്ത് അഹ്മദിന്റെ പിതാവായ മീർസാ ഗുലാം മൂർതസാ സാഹിബിന്നുകൂടി അവകാശപ്പെട്ടതാണെന്നു തെളിയിക്കുന്ന ചില രേഖകൾ അദ്ദേഹത്തിനു കരഗതമാവുകയും ചെയ്തു. മറഞ്ഞ ചില കാര്യങ്ങൾ വെളിച്ചത്തുകൊണ്ടുവരപ്പെടുമെന്നും കേസ്സിന്റെ അന്തിമപരിണാമം വിജയകരമായിരുക്കുമെന്നും മുൻകൂട്ടി പറയപ്പെട്ടതുപോലെതന്നെ സംഭവങ്ങൾ മാറിത്തിരിഞ്ഞുവന്നു. ഹദ്റത്ത് അഹ്മദിന്റെ അന്യായഹരജിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ടു ഖാജാസാഹിബ് പുതിയ തെളിവുകൾ ജഡ്ജിയുടെ ശ്രദ്ധയിൽപ്പെടുത്തി.

കോടതിയിൽ ഹദ്റത്ത് അഹ്മദ്(അ) നൽകിയ മൊഴിയിൽ ഭിത്തി പടുത്തുയർത്തിയതു കാരണം തനിയ്ക്കും ശിഷ്യഗണങ്ങൾക്കും ഉണ്ടായിട്ടുള്ള ക്ലേശങ്ങൾ വിവരിച്ചു. അദ്ദേഹം ഇപ്രകാരം പറഞ്ഞു: "അദ്ധ്യാപകരും അദ്ധ്യേതാക്കളുമായി ഏതാണ്ടു 150 പേർ സ്ക്കൂളിലും ബോർഡിംഗ്ഹൗസിലും താമസിച്ചുവരുന്നുണ്ട്. പത്തുപതിനഞ്ചുപേർ പ്രിന്റിംങ്ങ് പ്രസ്സിൽ ജോലിയെടുത്തുവരുന്നു. ദിനേന എഴുപതു എൺപതുപേർ സന്ദർശകൻമാരും അതിഥികളുമായി എന്റെ അടുക്കൽ വന്നെത്താറുണ്ട്. ഈ ആണ്ടിൽ നാലു സമ്മേളനങ്ങൾ നടക്കുകയുണ്ടായി. 300, 400, 500 എന്നീ തോതിൽ പുറത്തു നിന്നുള്ളവർ അതിൽ പങ്കെടുക്കാനെത്തിച്ചേർന്നിരുന്നു. ഭിത്തി പണിത സ്ഥലം കഴിഞ്ഞ 36 കൊല്ലമായി പൊതുവഴിയായി ഉപയോഗപ്പെടുത്തി വന്നിട്ടുള്ളതാണ്. ഭിത്തികാരണം എനിയ്ക്കു വലുതായ കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. വളരെ പണം ചെലവിട്ടു പുതിയൊരു കിണർ കുഴിക്കേണ്ടിവന്നിരിക്കുന്നു, പ്രസ്സിന്റെ പണികളും തകരാറായിരിക്കുകയാണ്. സന്ദർശകൻമാർക്കും സ്നേഹിതൻമാർക്കും അത്യധികമായ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നിരിക്കുന്നു. മഴക്കാലത്തു കൂടുതൽ വിഷമകരമാണ് സ്ഥിതി. കൊല്ലത്തിൽ

ഏതാണ്ടു 30,000ത്തോളമാളുകൾ എന്നെ സന്ദർശിക്കാൻ വരുന്നു. അവരെല്ലാം ചുമർ കെട്ടിപ്പൊക്കിയ ഭാഗത്തൂടെയാണ് എന്റെ ഭവനത്തിലേയ്ക്കു പ്രവേശിച്ചു വരുന്നത്. അതിഥികളെല്ലാം എന്നോടൊന്നിച്ചു ഭക്ഷണം കഴിക്കുകയും എന്റെകൂടെ പ്രാർത്ഥനകളനുഷ്ഠിക്കുകയും ചെയ്തുവന്നു. ഞാനവർക്ക് ആവശ്യമായ നിർദ്ദേശോപദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇതിനായിട്ടുതന്നെയാണ് ഞാൻ ദൈവത്താൽ അയ്ക്കപ്പെട്ടിരിക്കുന്നത്. എന്നാൽ, ഇന്നു അവർക്കു എന്നെ സമീപിക്കുക പ്രയാസമായിരിക്കുകയാണ്. ഫജ്ർ ഇശാനമസ്ക്കാരങ്ങളിൽ പങ്കുകൊള്ളാൻ അവരിൽപെട്ട വൃദ്ധർക്കും മറ്റവശർക്കും തീരെ സാദ്ധ്യമല്ല. അവർ എന്റെ അടുക്കൽ വരുന്നതു ദീൻ പഠിക്കാൻ വേണ്ടിയാണെങ്കിലും എന്റെ കൃത്യനിർവ്വഹണത്തിൽ വിഘ്നം വന്നിരിക്കുന്നു. എനിയ്ക്കുള്ള ക്ലേശങ്ങൾ വിവരിക്കാൻപോലും ഞാൻ അശക്തനത്രെ. എന്റെ അതിഥികൾ ഒരുഭാഗത്തും ഞാൻ ഒരു ഭാഗത്തും. അവർ എന്നേയും അന്വേഷിച്ചു വരുന്നതെന്തിനോ അതവർക്ക് എന്നിൽനിന്ന് കിട്ടുന്നില്ല. ഞാൻ നിയുക്തനായിരിക്കുന്നതെന്തിനോ അക്കാര്യം നിർവ്വഹിക്കാൻ എനിയ്ക്കു സാധിക്കാതെയും വന്നിരിക്കുന്നു.

ഹദ്റത്ത് അഹ്മദിന്റെ സീമന്തപുത്രനായ മീർസാ സുൽത്താൻ അഹ്മദ് സാഹിബ്* ഈ കേസ്സിൽ പിതൃവ്യകുടുംബത്തോടാണ് ഒട്ടിനിന്നിരുന്നത്. അദ്ദേഹം വിവാഹം ചെയ്തിരുന്നതു ഈ പിതൃവ്യകുടുംബത്തിലായിരുന്നു. ആദ്യഭാര്യ മരിച്ചപ്പോൾ മിർസാ ഇമാമുദ്ദിന്റെ മകളെ കെട്ടി. സുൽത്താൻ അഹ്മദ് സാഹിബിന്റെ അമ്മാവി ഒരു ദുർമൂർത്തിയെപ്പോലെയാണ് അന്നു ഹദ്റത്ത് അഹ്മദിനോടു പെരുമാറിയിരുന്നത്. സുൽത്താൻ അഹ്മദ് സാഹിബിന്റെ വീട്ടിലെ കിണറ്റിൽനിന്നു വെള്ളമെടുക്കാൻ പോലും അനുവദിക്കപ്പെട്ടിരുന്നില്ല. ഇതു സംബന്ധിച്ചു ഹദ്റത്ത് അഹ്മദ് (അ) കോടതിയിൽ ഇപ്രകാരം മൊഴി നൽകുകയുണ്ടായി; "സുൽത്താൻ അഹ്മദ് എനിയ്ക്കെതിരാണ്. ഇതിനൊരു കാരണം, മിർസാ ഗുലാംഖാദിർ അവനെ ഒരു പോറ്റുമകനായി സ്വീകരിക്കുകയും അതുവഴി തന്റെ സ്വത്തുക്കളിൽ പകുതിഭാഗത്തിന്റെ അവകാശിയാക്കിത്തീർക്കുകയും ചെയ്തിട്ടുണ്ടെന്നതത്രെ. തന്റെ ശ്വശ്രുവിനോടു ചേർന്നുനിൽക്കുന്നതിൽ അവന്നു സാമ്പത്തികമായി നേട്ടമുണ്ട്."

സാധാരണപോലെ ഈ കേസ്സിലും ഹദ്റത്ത് അഹ്മദിന്റെ പ്രവചനങ്ങളെപറ്റി ദുസ്സൂചനകളടങ്ങിയ പ്രശ്നശരങ്ങൾ പ്രതിഭാഗത്തുനിന്നു ഉതിർക്കപ്പെട്ടുകൊണ്ടിരുന്നു.** ചിലപ്പോൾ കോടതിയുടെ താക്കീതുക

*ഇദ്ദേഹം കലക്ടർസ്ഥാനംവരെ വഹിച്ചിരുന്ന ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു.

**തന്റെ പിതൃദൗഹിത്രിയായ മുഹമ്മദീബേഗമിനെ സംബന്ധിച്ച പ്രവചനങ്ങളെകുറിച്ചു ചോദിച്ചപ്പോൾ പ്രസ്തുത പ്രവചനം അവളുടെ ഭർത്താവായ സുൽത്താൻ മുഹമ്മദിന്റെ മരണത്തിനുശേഷം മാത്രം പൂർത്തിയാവേണ്ടതാണെന്നും,അദ്ദേഹം ദൈവത്തിലേയ്ക്ക് തിരിയുന്ന പക്ഷം ശാപഗ്രസ്തനായി മരിക്കേണ്ടതില്ലെന്നും എന്നാൽ, സുൽത്താൻ മുഹമ്മദ് ശാപഗ്രസ്തനായി മരിച്ചാൽ അവളെ സംബന്ധിച്ച പ്രവചനം പുലരുമെന്നതു ഖണ്ഡിതമാണെന്നും ഹദ്റത്ത് അഹ്മദ് കോടതിയിൽ പറയുകയുണ്ടായി.

ളെകൂടി അവഗണിച്ചാണ് അത്തരം ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നത്. എന്നാൽ, തന്റെ ദൗത്യവാദത്തിനു കോടതിയെയും കോടതി നടപടികൾ ശ്രദ്ധിക്കാനെത്തിയ നൂറുക്കണക്കിലാളുകളെയും സാക്ഷികളാക്കാനും ഒരവസരം ലഭിച്ചതിൽ ഹദ്റത്ത് അഹ്മദ്(അ)അളവറ്റ സന്തോഷം പ്രകടിപ്പിക്കുകയത്രെ ചെയ്തത്! വിചാരണരംഗം വീക്ഷിക്കാനെത്തിയവരുടെ കൂട്ടത്തിൽ മൂന്നു ഇ.എ.സി.ക്കാർ (എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണർമാർ) അടക്കം ധാരാളം ഉയർന്ന ഉദ്യോഗസ്ഥൻമാരുണ്ടായിരുന്നു. കോടതിയിൽ ഹദ്റത്ത് അഹ്മദിന്റെ മൊഴികളിൽ പ്രകടമായിരുന്ന ആധികാരികതയും അധ്യക്ഷതയും സകലരെയും വിസ്മയപ്പെടുത്തി. അദ്ദേഹത്തിന്റെ വാക്കിലും പെരുമാറ്റത്തിലുമെല്ലാം ഒരു പരമന്യായാധിപന്റെ ഗാംഭീര്യവും ഗൗരവവും നിഴലിച്ചിരുന്നു.

1901 ആഗസ്ത് 12-ാം തിയ്യതിക്ക് കേസ്സ് വിധി പറയാൻ നിർത്തിവെച്ചു. തങ്ങൾക്കനുകൂലമായി കേസ്സ് തള്ളപ്പെടുകതന്നെ ചെയ്യുമെന്നു ഇമാമുദ്ദീൻ പ്രഭൃതികൾ ദൃഢമായി വിശ്വസിക്കുകയും അപ്രകാരം പറഞ്ഞുപരത്തി ആഹ്ലാദം കൊള്ളുകയും ചെയ്തിരുന്നു. എന്നാൽ, വിധി പ്രസ്താവിയ്ക്കപ്പെട്ടതോടെ സകലരും വിസ്മയപരതന്ത്രരാവുകയാണുണ്ടായത്. എന്തെന്നാൽ, കേസ്സിൽ അഹ്മദ് (അ)ആണ് ജയിച്ചത്! ഭിത്തി പൊളിച്ചു നീക്കാൻ വിധിയായി എന്നുമാത്രമല്ല, ഹദ്റത്ത് അഹ്മദിനു നഷ്ടപരിഹാരവും കോടതിചെലവും നൽകാനും വിധിന്യായത്തിൽ* നിർദ്ദേശിക്കപ്പെട്ടിരുന്നു!

ഡിസ്ട്രിക്ട് ജഡ്ജിന്റെ വിധിന്യായത്തിൽ ഇപ്രകാരമാണ് പറഞ്ഞിട്ടുണ്ടായിരുന്നത്:

"കക്ഷികൾ ഖാദിയാനിലെ മുഗൾ കുടുംബക്കാരാണ്: അന്യായക്കാരൻ പ്രതികളുടെ പിതൃവ്യപുത്രനും, പ്രതിയായ ഇമാമുദ്ദീന്റെ സഹോദരി അന്യായക്കാരന്റെ ജ്യേഷ്ഠനായ മിർസാ ഗുലാംഖാദറിന്റെ ഭാര്യയുമാണ്. അന്യായക്കാരന്റെ മകൻ മിർസാ സുൽത്താൻ അഹ്മദ് മിർസാ ഇമാമുദ്ദീന്റെ ജാമാതാവത്രെ. കക്ഷികൾ അടുത്ത ചാർച്ചക്കാരാകയാൽ അവരുടെ ഭവനങ്ങളെല്ലാം തൊട്ടുതൊട്ടാണ് സ്ഥിതിചെയ്യുന്നത്. എങ്കിലും അവർക്കിടയിൽ വിദ്വേഷവും പകയും ശത്രുതയും ഉണ്ടായിരുന്നു എന്നതു സമ്മതിക്കപ്പെട്ടിട്ടുള്ളതത്രെ. മതപരമായ വിദ്വേഷത്തിനും വിശ്വാസപരമായ എതിർപ്പുകൾക്കും പുറമെ ലൗകികമായ കാര്യങ്ങളിലുള്ള ശത്രുതയും ഇവർ തമ്മിലുണ്ടായിരുന്നു.

"അന്യായക്കാരനു താഴെ പറയുന്ന പ്രത്യേകം നഷ്ടങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ടെന്നു അന്വേഷണത്തിൽ കോടതിയ്ക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. പ്രിന്റിംഗ് പ്രസ്സിലും സ്ക്കൂളിലും ബോർഡിംഗ് ഹൗസിലും പ്രവർത്തിക്കുന്നവർക്കു അന്യായക്കാരനെ സമീപിക്കുവാൻ സാദ്ധ്യമല്ലാതായിരിക്കുന്നു...ഭിത്തികാരണം അന്യായക്കാരൻ യഥാർത്ഥത്തിലുള്ള

*ഗുർദാസ്പൂരിലെ റിക്കാഡ് ഓഫീസിൽ ഈ കേസ്സ് സംബന്ധിച്ച മൂലരേഖകൾ മൗലാനാ ഏ.ആർ.ദർദ് എം.എ.പരിശോധിച്ചിട്ടുണ്ട്. Case No.800, Date of institution 29-8-1900,Qadian Bundle No. 172.

വളരെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ടെന്നതിൽ സംശയമേയില്ല. നഷ്ടപരിഹാരം വസൂലാക്കേണമെന്നു അന്യായക്കാരനു നിർബന്ധമില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വഴിയെ സംബന്ധിച്ചേടത്തോളം തനിക്കനുകൂലമായ ഒരു വിധിയുണ്ടാകണമെന്നേ അദ്ദേഹം യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നുള്ളു. നഷ്ടപരിഹാരമെന്നോണം 100ക. നൽകുന്നതു ന്യായമാണെന്നെനിയ്ക്കു തോന്നുന്നു.

"ചുമർകെട്ടിയ നിലം ഒരു ഒഴിഞ്ഞ ഭൂമിയാണ്. ഈ നിലത്തിന്റെ കാര്യത്തിൽ ഗുലാം ജിലാനി എന്നയാൾ 1867ൽ പ്രതി ഇമാമുദ്ദീന്റെ പേരിൽ കേസ്സ് കൊടുത്തിട്ടുണ്ടായിരുന്നു. ഇപ്പോൾ അവിടെയുള്ള ഒഴിഞ്ഞ ഭൂമിയും അതേ നിലത്തിന്റെ ഭാഗം തന്നെയാണ്. ആ കേസ്സിൽ അന്യായക്കാരന്റെ പിതാവായ മിർസാ ഗുലാംമുർതസായെയും പ്രതിയായി കക്ഷി ചേർത്തിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വക്കീലായി റഹ്മത്തുല്ലയാണ് കോടതിയിൽ ഹാജരായിരുന്നത്. ഈ കേസ്സിൽ ഗുലാംമുർത്തസായെ കക്ഷിചേർത്തതിൽ ഇമാമുദ്ദീനു യാതൊരാക്ഷേപവുമുണ്ടായിരുന്നില്ല. ഇമാമുദ്ദീനും ഗുലാം മുർത്താസായ്ക്കും കൂട്ടായി അവകാശപ്പെട്ട ഭൂമിയാണെന്നതിലേയ്ക്കുള്ള തെളിവുകൾ അദ്ദേഹത്തിന്റെ (ഗുലാം മുർത്തസായുടെ)ഭാഗത്തുനിന്നു ഹാജരാക്കപ്പെട്ടിരുന്നു. ഒടുവിൽ, 1868 ജനുവരി 20-തീയ്യതി ഗുലാം ജീലാനിയുടെ കേസ്സ് മേജർ ബിർച്ച് (Major Birch)-തള്ളിക്കളയുകയും പ്രതികൾക്കനുകൂലമായി വിധിക്കുകയുമാണുണ്ടായത്...ഭിത്തിക്കടിയിലെ ഭൂമി പ്രതിക്ക് (മിർസാ ഇമാമുദ്ദീന്) മാത്രം അവകാശപ്പെട്ടിട്ടുള്ളതാണെന്നു ഈ കോടതിക്കു ബോധ്യമായിട്ടില്ല. മറിച്ചു, പ്രസ്തുത സ്ഥലവും അതിനോടുതൊട്ടുള്ള ഒഴിഞ്ഞ നിലവും പ്രതികൾക്കും അന്യായക്കാരന്റെ പിതാവിനും കൂട്ടായി കൈവശാവകാശമുള്ള ഭൂമിയാണെന്നു ഗുലാം ജീലാനിയുടെ കേസ്സ്കൊണ്ടു വ്യക്തമായിരിക്കുന്നു. ചുമർകെട്ടി മുട്ടിച്ച സ്ഥലം ഇരുകൂട്ടരും ഉപയോഗിച്ചുവന്നിട്ടുള്ള വഴിയാണെന്നതു തീർച്ചയാണ്. ഇരുകക്ഷികളെയും കാണാൻ വരുന്നവർ ഇതേ വഴിയിലൂടെയാണ് കടന്നുപോകാറുണ്ടായിരുന്നതും. അന്യായക്കാരന്റെ സാക്ഷികളിൽ അധികവും അദ്ദേഹത്തിന്റെ അനുയായികളും അനുഭാവികളുമാണ്. അവർക്കുപുറമേ വിശ്വസനീയരായ വേറെയും സാക്ഷികളുണ്ട്. എന്നാൽ, പ്രതിഭാഗം സാക്ഷികൾ അത്രതന്നെ വിശ്വസനീയരല്ല.* ഏതായാലും കക്ഷികളും അവരുടെ സന്ദർശകൻമാരും ഇപ്പോൾ ചുമർ കെട്ടിപ്പൊക്കിയ വഴിയിലൂടെയാണ് പോക്കുവരവുണ്ടായിരുന്നതെന്നതിൽ സംശയമേയില്ല. അതുകൊണ്ട്, പ്രസ്തുത സ്ഥലം അന്യായക്കാരൻ ഉപയോഗിച്ചുവന്നിട്ടുള്ളതുതന്നെയാണെന്നു ഞാൻ തീരുമാനിക്കുന്നു. കഴിഞ്ഞ 15 കൊല്ലമായി അതു പൊതുജനങ്ങൾ ഉപയോഗിച്ചുവന്നിട്ടുള്ളതുമത്രെ. തർക്കത്തിലുള്ള ഭൂമി പ്രതികളുടേതു മാത്രമല്ലെന്നും ഇരുകക്ഷികൾക്കും കൂട്ടായി അവകാശപ്പെട്ടതാണെന്നും എനിയ്ക്കു ബോധ്യപ്പെട്ടിട്ടുണ്ട്. ഈ

*കിഷൻസിംഗ് എന്നുപേരായ ഒരു ആര്യസമാജക്കാരനും ക്രിമിനൽ കുറ്റത്തിന്നു ശിക്ഷിക്കപ്പെട്ട വേറെ രണ്ടുപേരും പ്രതിഭാഗം സാക്ഷികളായിരുന്നു.

ഭൂമിയിലൂടെ പോക്കുവരവിനുള്ള അവകാശം അന്യായക്കാരന്നുണ്ട്. തന്നിമിത്തം സ്ഥിരം 'ഇംജംഗ്ഷൻ' പാസ്സാക്കികിട്ടാൻ അദ്ദേഹത്തിനു അവകാശപ്പെടാവുന്നതാണ്. വഴി ഒരു വശത്തും തടസ്ഥപ്പെടുത്താതിരിക്കാനും ഭിത്തി പൊളിച്ചു നീക്കാനുംവേണ്ടി ഒന്നും രണ്ടും പ്രതികൾക്ക് 'പർമനന്റ് ഇൻജംഗ്ഷൻ' അനുവദിക്കുവാൻ ഇതുമുഖേന ഞാൻ കല്പിച്ചിരിക്കുന്നു. പ്രതികൾ ചുമർ പൊളിക്കാത്ത പക്ഷം അതു പൊളിച്ചു നീക്കപ്പെടേണ്ടത്ആണ്. അന്യായക്കാരന് 100ക. നഷ്ടപരിഹാരവും പ്രതികൾ നൽകേണ്ടതാകുന്നു..."

കേസ്സിന്റെ വിജയവാർത്ത അന്നേദിവസം തന്നെ വൈകുന്നേരം ഖാദിയാനിലെത്തി. ഹദ്റത്ത് അഹ്മദിന്റെ ശിഷ്യൻമാർ ആഹ്ളാദപുളകിതരായിത്തീർന്നു. ഹദ്റത്ത് അഹ്മദും സ്നേഹിതൻമാരും തങ്ങളുടെ മോചനത്തിൽ കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടു ദൈവസവിധത്തിൽ 'സുജൂദ്' ചെയ്തു. ആ മഹാത്മാവിന്റെ സന്തോഷം അതിരറ്റതായിരുന്നു. ഒരു കൊല്ലം എട്ടുമാസത്തെ 'റമസാ'ന്നുശേഷം പിറന്ന പെരുന്നാളാണ് തനിയ്ക്ക് അന്നേദിവസമെന്നു അദ്ദേഹം പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

പിതൃവ്യപുത്രൻമാരുടെ ദ്രോഹബുദ്ധിയുടെ പ്രതിരൂപമായ ആ കൽചുമർ കുറച്ചു ദിവസങ്ങൾക്കകം പൊളിച്ചു നീക്കപ്പെട്ടു! ആ ഭിത്തി പടുത്തുപൊക്കിയ അതേ കൈകൾതന്നെ അതു പൊളിച്ചു നീക്കുന്നതു നോക്കിക്കാണാൻ ഹദ്റത്ത് അഹ്മദിന്റെ കുടുംബാംഗങ്ങൾക്കും ശിഷ്യർക്കും ഭാഗ്യമുണ്ടായി. ഇമാമുദ്ദീൻ പ്രഭൃതികൾ സ്വയം അപമാനിതരായിഭവിച്ചു!

വിധി നടത്തിക്കിട്ടുന്നതിനും കോടതിച്ചെലവടക്കം നഷ്ടപരിഹാരം 144ക. 5ണ. 7പ. വസൂലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചപ്പോൾ പ്രതികൾ അതിൽനിന്നു ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. ഒടുവിൽ, 1904 ആഗസ്ത് 31-ാം തിയ്യതി അവരുടെ സ്വത്തു ജപ്തിചെയ്യുന്നതിനുള്ള വാറണ്ട് പുറപ്പെടുവിക്കപ്പെട്ടു. മിർസാ ഇമാമുദ്ദീൻ ആയിടയിൽ മരണപ്പെട്ടുപോയിരുന്നതിനാൽ മിർസാ നിസാമുദ്ദീൻ ഇതിനകം മാനസികവും ശാരീരികവുമായ നിരന്തരപീഡനങ്ങളാൽ തകർന്നുകഴിഞ്ഞിരുന്നു. മേൽസംഖ്യ അടയ്ക്കാൻ അദ്ദേഹത്തിനു യാതൊരു നിവൃത്തിമാർഗ്ഗവുമുണ്ടായിരുന്നില്ല. കടലും കഷ്ടപ്പാടിലും മാനഹാനിയിലും പെട്ടുവലഞ്ഞ ആ മനുഷ്യന്നു, ആയവസരത്തിലും, മഹാമനസ്കതയുടെ ജീവൽപ്രതീകമായ ഈ അകറ്റപ്പെട്ട പിതൃവ്യപുത്രനിലല്ലാതെ മറ്റൊരാളിലും ആശ്രയം കണ്ടെത്തിയില്ല! തന്റെ നിസ്സഹായതയും ദുരിതവും വിവരിച്ചുകൊണ്ടു ഹദ്റത്ത് അഹ്മദുൽഖാദിയാനിയ്ക്ക് മിർസാ നിസാമുദ്ദീൻ ഒരു എഴുത്തയ്ക്കുകയും സംഖ്യ മാപ്പാക്കണമെന്നു അപേക്ഷിക്കുകയും ചെയ്തു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ!

യഥാർത്ഥത്തിൽ കോടതി നടപടികളനുസരിച്ചുണ്ടായ അനന്തരനീക്കങ്ങൾ ഹദ്റത്ത് അഹ്മദ് (അ)അറിഞ്ഞിരുന്നതേയില്ല. അദ്ദേഹത്തിന്റെ

അറിവോ അനുമതിയോ കൂടാതെ മുക്ത്യാർകാരൻ യഥാവിധി നടപടികൾ തുടർന്നതിൻഫലമായി വാറണ്ടുമായി പോലീസധികാരികൾ മിർസാ നിസാമുദ്ദീനെത്തേടി ഖാദിയാനിലെത്തിയപ്പോൾ ഹദ്റത്ത് അഹ്മദ് (അ) ഗുർദാസ്പൂരിലായിരുന്നു. തങ്ങളെ അപമാനത്തിൽനിന്നു രക്ഷിക്കണമെന്ന അപേക്ഷക്കത്തുമായി നിസാമുദ്ദീന് അയച്ച ദൂതൻ ഗുർദാസ്പൂരിലെത്തുന്നതിനുമുമ്പായിട്ടുതന്നെ പിതൃവ്യകുടുംബത്തിന്റെയും നിസാമുദ്ദീന്റെയും ദുരിതാവസ്ഥയെയും പരാധീനതയെയും കുറിച്ചു ഹദ്റത്ത് അഹ്മദിന്നു അല്ലാഹു വെളിപാടു മുഖേന അറിവുനൽകിക്കഴിഞ്ഞിരുന്നു. വസ്തുതകളറിഞ്ഞപ്പോൾ ആ മഹാത്മാവ് അനിഷ്ടം പ്രകടിപ്പിക്കുകയുണ്ടായെന്നും അസ്വസ്ഥനായിത്തീർന്നുവെന്നും, താൻ സംഖ്യ മാപ്പാക്കീട്ടുണ്ടെന്നു ഉടൻതന്നെ മിർസാ നിസാമുദ്ദീന്റെ അടുക്കൽ ആളയച്ചു അറിയിക്കാത്തപക്ഷം തനിയ്ക്കുറക്കം വരുന്നതല്ലെന്നു പറഞ്ഞുവെന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. കാൽനൂറ്റാണ്ടുകാലം നിരന്തരമായി ഉപദ്രവിക്കുകയും കഷ്ടപ്പെടുത്തുകയും, അപമാനിക്കാനും അവഹേളിക്കാനും ശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്ത ആ പിതൃവ്യകുടുംബത്തലവൻ ഒടുവിൽ സഹായാർത്ഥനയുമായി തന്നെ സമീപിച്ചപ്പോൾ ഔദാര്യമൂർത്തിയും ദയാനിധിയുമായ നമ്മുടെ സ്മര്യപുരുഷൻ സകലതും വിസ്മരിച്ചു പ്രസ്തുത സംഖ്യ മാപ്പാക്കിയെന്നു മാത്രമല്ല, തന്റെ അസാന്നിദ്ധ്യത്തിലും അറിവിൽപെടാതെയും നിയമനടപടികൾ തുടരുമാറായതിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ടു മിർസാ നിസാമുദ്ദീനു ഒരു എഴുത്തയ്ക്കുകയുമാണുണ്ടായത്! അദ്ദേഹം കോടതിയെ ഇപ്രകാരം അറിയിച്ചു:

I have remitted Mirza Nizamuddin the costs of the case for the payment of which i have started proceedings through my Mukhthiar Hakim Fazle Din in execution of the decree of the Court in the Wall case. I have no claim about it: the papers should be filed'- Mirza Ghulam Ahmad D/26-10-1904.

(ഭിത്തിക്കേസ്സിലെ വിധിയനുസരിച്ചു കോടതിച്ചെലവ് വസൂലാക്കാൻവേണ്ടി എന്റെ മുക്ത്യാർകാരനായ ഹക്കീം ഫസ്ലുദ്ദീൻ മുഖേന ഞാനാരംഭിച്ച നടപടികൾ പ്രകാരമുള്ള സംഖ്യ മിർസാ നിസാമുദ്ദീന്നു ഞാൻ മാപ്പാക്കിയിരിക്കുന്നു. എനിയ്ക്ക് അതു സംബന്ധിച്ചു ഇനിയാതൊരു അവകാശവാദവുമില്ല. രേഖകൾ ഫലയലിൽ പെടുത്തേണ്ടതാണ് -മിർസാ ഗുലാം അഹ്മദ് 22-10-1904).

ഇതോടുകൂടി പിതൃസഹോദരപുത്രൻമാരുടെ ദ്രോഹപ്രവർത്തനങ്ങളിൽനിന്നു ഹദ്റത്ത് അഹ്മദിന്നു എന്നെന്നേയ്ക്കുമായി പൊറുതി കിട്ടി. അദ്ദേഹത്തിനെതിരായി പിതൃസഹോദരകുടുംബക്കാർ ഉയർത്തിയ വിദ്വേഷത്തിന്റെ സകല പ്രതിരോധഭിത്തികളും ആ കൽ ചുമരിനോടൊപ്പം തകർന്നുപോയി! ആ കുടുംബത്തിന്റെ ദാരുണപരാജയത്തിലും നാശത്തിലുമാണ് കേസ്സു ചെന്നവസാനിച്ചത്. ഹദ്റത്ത് അഹ്മദുൽഖാദിയാനി (അ) ആകട്ടെ ജയശാലിയായി വിരാജിക്കുമാറാകയും ചെയ്തു!

1886 ഫിബ്രവരി 20-തിയ്യതിയിലെ വിജ്ഞാപനത്തിൽ പ്രവചിച്ചതിൻവണ്ണംതന്നെ പിതൃവ്യകുടുംബത്തിൽ അഹങ്കരിച്ചവരെല്ലാം നശിച്ചൊടുങ്ങുകയും പശ്ചാത്തപിച്ചു വിശ്വസിച്ചവരെല്ലാം നാശത്തെ അതിജീവിക്കുകയും ചെയ്തു. മിർസാ നിസാമുദ്ദീന്റെ പുത്രൻ മിർസാ ഗുൽമുഹമ്മദ് വാഗ്ദത്ത മസീഹിന്റെ ഒരു ഭക്താനുയായി ആയി മാറുകയും ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ വാഗ്ദത്തപുത്രന്റെ പാദാരവിന്ദങ്ങളിൽ വീണു മാപ്പിരക്കുകയും ചെയ്തു! നിസാമുദ്ദീന്റെ സഹോദരി ഹദ്റത്ത് അഹ്മദിന്റെ പ്രതിപുരുഷനും പുത്രനുമായ മഹാത്മാവിന്റെ കൈയ്യിൽ ബൈഅത്തു ചെയ്തു! സ്വശ്രശ്രുവിന്നും ശ്വശുരന്നുംവേണ്ടി ഈ കേസ്സിൽ സ്വന്തം പിതാവിന്നെതിര് നിന്ന മിർസാ സുൽത്താൻ അഹ്മദ് സാഹിബ് പിതാവിന്റെ സത്യം മനസ്സിലാക്കുകയും, തനിയ്ക്കെത്രയോ ഇളയ സ്വന്തം അനുജന്റെ ആത്മീയശിഷ്യത്വം സ്വീകരിക്കുന്നതിൽ അഭിമാനം കണ്ടെത്തുകയും ചെയ്തു! ദൈവത്തിന്റെ ക്രോധബാധയേറ്റ ആ കുടംബത്തെ പ്രതിനിധാനം ചെയ്യുന്നവരായി ഇന്നാരെങ്കിലും ശേഷിച്ചിട്ടുണ്ടെങ്കിൽ, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്കുവേണ്ടി ജീവിതസർവ്വസ്വം ബലിയാക്കാൻ ബദ്ധപ്പെടുന്നവർ മാത്രം!!!

45- പ്ലേഗ്-കരിമരണം

മശീഹായുടെ രണ്ടാംവരവിൽ മഹാവ്യാധികളുണ്ടാകുമെന്നു ബൈബിളിൽ പ്രവചനങ്ങളുണ്ട് (സെഖര്യാവ് 14:12). 'ദാബ്ബത്തുൽ അർസ്' (ഭൂമിയിലെ കീടങ്ങൾ) അഥവാ പ്ലേഗിന്റെ കൃമികൾ ഭൂമിയിൽനിന്നു പുറപ്പെടും എന്നു ഖുർആനിലും ഹദീസുകളിലും പ്രവചിക്കപ്പെട്ടിരിക്കുന്നു.

1898 ഫിബ്രവരി 6-ാം തിയ്യതി ഹദ്റത്ത് അഹ്മദ് (അ) പ്രസിദ്ധപ്പെടുത്തിയ ഒരു വിജ്ഞാപനത്തിൽ താൻ കണ്ട ഒരു സ്വപ്നം ഇപ്രകാരം വിവരിക്കുകയുണ്ടായി:

"ദൈവത്തിന്റെ മലക്കുകൾ പഞ്ചാബിന്റെ വിവിധഭാഗങ്ങളിൽ കറുത്ത നിറത്തിലുള്ള* ചെടികൾ നട്ടുപിടിപ്പിക്കുകയാണ്, ആ മരം വളരെ വിരൂപവും കൃഷ്ണവർണ്ണമുള്ളതും ഭയമുളവാക്കുന്നതും കഴുത്തു കുറിയതുമത്രെ. ഇതെന്തു മരമാണെന്നു ഞാൻ അതു നടുന്നവരിൽ ചിലരോടുചോദിച്ചു. അടുത്തുതന്നെ രാജ്യത്ത് പരക്കാൻ പോകുന്ന നടപ്പുദീനത്തിന്റെ (പ്ളേഗ്) മരമാണെന്നു അവർ മറുപടിപറഞ്ഞു. വരുന്ന ശിശിരത്തുവിൽ അതു വളരെ പരക്കുമെന്നോ പിന്നെ വരുന്ന ശിശിരത്തിൽ പരക്കുമെന്നോ പറഞ്ഞതെന്നു എനിയ്ക്കു നല്ല നിശ്ചയമില്ല. എന്നാൽ, വളരെ ഭയാനകമായ ഒരു കാഴ്ചതന്നെയാണ് ഞാൻ കണ്ട്."

1880ൽ പ്രസിദ്ധം ചെയ്ത 'ബറാഹിൻ അഹ്മദിയ്യ' എന്ന ഗ്രന്ഥത്തിൽ ചേർത്ത വെളിപാടുകളിലും പ്ളേഗിനെപറ്റിയുള്ള പ്രവചനങ്ങളുണ്ടായിരുന്നു.

1896ൽ ബോംബെയിൽ പ്ളേഗ് പൊട്ടിപുറപ്പെട്ടു. മറ്റു സ്ഥലങ്ങളിലും ഗവൺമെന്റു സാദ്ധ്യമായ എല്ലാ മുൻകരുതലുകളും പ്രതിരോധനടപടികളും എടുത്തുവരികയായിരുന്നു. പല അന്ധവിശ്വാസങ്ങളും തെറ്റിദ്ധാരണകളും പുലർത്തിപ്പോന്നിരുന്ന ബഹുജനങ്ങൾ ഗവൺമെന്റിന്റെ ഈദൃശയത്നങ്ങളിൽ വേണ്ടത്ര സഹായസഹകരണങ്ങൽ നൽകിപ്പോന്നിരുന്നില്ല. കുത്തിവെപ്പ് മുഖേന സർക്കാർ ജനങ്ങളിൽ വിഷം പരത്തുകയാണെന്നു പറഞ്ഞുകൊണ്ടാണ് അവർ അകന്നു നിന്നത്. മതപണ്ഡിതൻമാർ മതപരമായ കാരണങ്ങൾ പറഞ്ഞു ജനങ്ങളെ നിരുൽസാഹപ്പെ

*കൂട്ടമായ പ്ളേഗ് മരണങ്ങളെ കരിമരണം എന്ന പേരിലാണ് ചരിത്രകാരൻമാർ സ്മരിച്ചിട്ടുള്ളത്.

ടുത്തി. എന്നാൽ, ഗവൺമെന്റിന്റെ ഈ സംരംഭങ്ങളെ ഹദ്റത്ത് അഹ്മദ്(അ) സർവ്വാത്മനാ സഹായിച്ചുകൊണ്ടിരുന്നു. അതേ അവസരത്തിൽതന്നെ പാപോന്മുഖമായ ജീവിതത്തിൽനിന്നു വിരമിക്കുവാൻ അദ്ദേഹം ജനങ്ങളെ താക്കീതു ചെയ്തു. ജനങ്ങളുടെ ജീവിതത്തിൽ സമൂലമായ ഒരു മാറ്റമാണ് ഇത്തരം ദിവ്യശിക്ഷകൾകൊണ്ടു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നും എല്ലാ മുൻകരുതൽ നടപടികളും എടുക്കുന്നതോടൊപ്പംതന്നെ പാപപ്പൊറുതിയ്ക്കായി പ്രാർത്ഥിക്കുകയും പാവന ജീവിതം നയിച്ചുതുടങ്ങുകയും വേണ്ടതാണെന്നും അദ്ദേഹം ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു.

ഈ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന കാലത്ത് പഞ്ചാബിൽ പ്ളേഗിന്റെ യാതൊരു ലക്ഷണവും ഉണ്ടായിരുന്നില്ല. അതിനാൽ നിഷേധികളായ ശത്രുക്കൾ പരിഹസിച്ചുതുടങ്ങി. പത്രങ്ങളിൽ കടുത്ത വിമർശനങ്ങളും പരിഹാസങ്ങളും പ്രത്യക്ഷപ്പെട്ടു. ലാഹൗറിലെ ഏറ്റവും പ്രചാരമുള്ള 'പൈസ അഖ്ബാർ' എന്ന പത്രം ഇപ്രകാരം എഴുതി: "മിർസാ ഇങ്ങനെ തന്നെയാണ് ജനങ്ങളെ പേടിപ്പിക്കുന്നതു; നോക്കിക്കൊൾവിൻ, ഇയാൾതന്നെ പ്ളേഗിന്നിരയാകും."

എന്നാൽ അടുത്ത ശിശിരത്തിൽതന്നെ ജന്തറിലും ഹോശിയാർപുരിലും പ്ളേഗ് പ്രത്യക്ഷപ്പെട്ടു. ഗവൺമെന്റ് മുൻകരുതൽ നടപടികൾ എടുത്തുവെങ്കിലും നിയന്ത്രിക്കാനാവാത്തവിധം പെട്ടെന്നു അതു പരന്നുതുടങ്ങി.

1898 മെയ് 2-ാം തിയ്യതി ഹദ്റത്ത് അഹ്മദ് തന്റെ ശിഷ്യൻമാരുടെ ഒരു യോഗം ഖാദിയാനിൽ വിളിച്ചുകൂട്ടി. ആസന്നമായ പ്ളേഗ്ദീനത്തിനെതിരായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ആവശ്യമായ നിർദ്ദേശോപദേശങ്ങൾ അദ്ദേഹം നൽകി. ഗവൺമ്മെന്റിന്റെ എല്ലാ നടപടികൾക്കും പൂർണ്ണമായ സഹായസഹകരണങ്ങൾ നൽകാൻ അദ്ദേഹം ആഹ്വാനം ചെയ്തു. പ്രത്യേക പ്രാർത്ഥനകളും നടത്തുകയുണ്ടായി. ഈ യോഗനടപടികളുടെ റിപ്പോർട്ടു 'സിവിൽ ആന്റ് മിലിറ്ററി ഗസറ്റി'ൽ പ്രസിദ്ധമായിട്ടുണ്ടായിരുന്നു. പഞ്ചാബിലെ അന്നത്തെ ലഫ്.ഗവർണ്ണർ എച്ച്. ജെ.മെയ്നാർഡ് അഹ്മദിയ്യാ സംഘത്തിന്റെ ഏതാദ്യശ്യപ്രവർത്തനങ്ങളെ അഭിനന്ദിക്കുകയുണ്ടായി. 'പൈസ അഖ്ബാർ' ഉന്നയിച്ച ആക്ഷേപങ്ങൾക്കു മറുപടി പറഞ്ഞുകൊണ്ടും, പ്രാർത്ഥനയും സൽക്കർമ്മജീവിതവും മുഖേന ആപത്തുകൾ നീങ്ങുന്നതിന്റെ താത്വികവശം വിവരിച്ചുകൊണ്ടും ഹദ്റത്ത് അഹ്മദ് (അ)'അയ്യാമുസ്സുൽഹ്' (35)എന്ന പേരിൽ ഒരു പുസ്തകമെഴുതി. അതിലദ്ദേഹം ഇപ്രകാരം പറഞ്ഞു: "എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. അല്ലയോ ജനങ്ങളെ, സ്വയം ശുദ്ധരാകുവിൻ; അശുദ്ധിയിൽ നിന്നാണ് പ്ളേഗുണ്ടാകുന്നത്. നിങ്ങൾ ശാരീരികമായും ധാർമ്മികമായും സാമൂഹികമായും ആത്മീയമായും സംശുദ്ധിനേടുവിൻ. അങ്ങനെ ദൈവവും മനുഷ്യനും തമ്മിൽ ശരിയായൊരു രഞ്ജിപ്പുണ്ടായിത്തീരട്ടെ!"

എന്നാൽ, ശത്രുക്കളുടെ പരിഹാസങ്ങൾക്ക് യാതൊരുതിരുമുണ്ടായിരുന്നില്ല. ഹദ്റത്ത് അഹ്മദിനെപറ്റി അവരും പ്രവചനങ്ങൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. അദ്ദേഹം പ്ലേഗ്ദീനം പിടിപെട്ടുമരിക്കുമെന്നും അതോടെ അദ്ദേഹത്തിന്റെ പ്രസ്ഥാനം നശിച്ചൊടുങ്ങുമെന്നും ഉള്ളതായിരുന്നു അവരുടെ പ്രവചനങ്ങൾ!

സത്യഭക്തർക്ക് ശുഭവാർത്ത

തന്റെ സത്യഭക്തരായ അനുയായികളെ സംബന്ധിച്ചേടത്തോളം തനിയ്ക്കുണ്ടായ ശുഭവാർത്തകളും ഹദ്റത്ത് അഹ്മദ് (അ) പ്രസിദ്ധീകരിച്ചിരുന്നു. "നിന്റെ ഭവനത്തിലുള്ളവരെയെല്ലാം ഞാൻ രക്ഷിക്കുന്നതാണ്" എന്നു വെളിപാടു ഹദ്റത്ത് അഹ്മദിനു പല തവണ ലഭിക്കുകയുണ്ടായിട്ടുണ്ട്. ഈ വെളിപാടുകളെ അടിസ്ഥാനമാക്കി ഖാദിയാനിൽ വലിയ തോതിൽ പ്ലേഗ് പിടിപെടുന്നതല്ലെന്നും തന്റെ ഭവനത്തിലുള്ളവരും തന്റെ അനുസരണത്തിലും ഭയഭക്തിയിലും കഴിയുന്നവരും ഈ മഹാമാരിയിൽനിന്നു തികച്ചും സുരക്ഷിതമായിരിക്കുമെന്നും ദൈവം അറിയിച്ചിട്ടുണ്ടെന്നും ഇതു തന്റെ സത്യത്തിലേയ്ക്കുള്ള ഉജ്ജ്വലമായ ഒരടാളമായിരിക്കുമെന്നും അദ്ദേഹം ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചുകൊണ്ടിരുന്നു.

മൂന്നു കൊല്ലംവരെ ഇപ്രകാരം പ്ലേഗിനെ കുറിച്ചുള്ള താക്കീതുകൾ നൽകിക്കൊണ്ടിരുന്ന ശേഷം 1901 മുതൽ ആ മഹാമാരി ഇന്ത്യയുടെ നാനാ ഭാഗങ്ങളിലും പ്രത്യേകിച്ചു പഞ്ചാബിൽ അതിഭയങ്കരമായ തോതിൽ പടർന്നുപിടിക്കുകയുണ്ടായി. 1901 ൽ ഹദ്റത്ത് അഹ്മദ് (അ) വീണ്ടും ഇപ്രകാരം എഴുതി: "അല്ലയോ അറിവില്ലാത്ത ജനമേ, ഇതു പരിഹസിക്കുകയും തമാശയാക്കുകയും ചെയ്യാനുള്ള സമയമല്ല. ആകാശത്തുനിന്നു വരുന്നതും ദൈവത്തിന്റെ കല്പനയനുസരിച്ചു ദൂരപ്പെടുന്നതുമായ ഒരു ശാപമാരിയത്രെ ഇത്. നമ്മുടെ സർക്കാർ ഇതിനെ തടയുവാൻവേണ്ടി വളരെയെല്ലാം പണിപ്പെടുകയും ആവശ്യമായ എല്ലാ ആലോചനകളും നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഭൗതികമായുള്ള പ്രയത്നങ്ങൾ മാത്രം മതിയാകുന്നതല്ല. പരിശുദ്ധനായ ഒരു പരമസത്തയുണ്ട്. അവന്റെ പേർ ദൈവം എന്നാകുന്നു. അവന്റെ ഇച്ഛയനുസരിച്ചുതന്നെയാണ് ഈ രാജ്യത്ത് ഈ മഹാരോഗം പടർന്നുപിടിച്ചിരിക്കുന്നത്. ഇതെത്രെ കാലം തുടർന്നുണ്ടാകുമെന്നു പറയുവാനും സാദ്ധ്യമല്ല. ഇതു വിട്ടുപോകുന്നതിനിടയ്ക്കു എന്തെല്ലാം പരിവർത്തനങ്ങളാകും വരുത്തിവെക്കുന്നത്! ആർക്കുംതന്നെ യാതൊരാളുടെയും ജീവിതത്തെ തൊട്ടു ഉത്തരവാദിത്തമില്ല. അതിനാൽ സ്വന്തം ആത്മാക്കളോടും കളത്ര പുത്രാദികളോടും നിങ്ങൾ കരുണയുള്ളവരായിരിപ്പിൻ. നിങ്ങളുടെ ഭവനങ്ങളിൽ ദൈവസ്മരണയും പാപപ്പൊറുതിക്കായുള്ള തേട്ടങ്ങളും കൊണ്ടു നിറയട്ടെ, നിങ്ങളുടെ ഹൃദയങ്ങൾ നിർമ്മലങ്ങളായി ഭവിക്കട്ടെ!"

പ്ളേഗിന്നുള്ള ഈ ആത്മീയ ചികിൽസ നിർദ്ദേശിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾ അദ്ദേഹം ഉർദു, ഫാർസി, അറബി ഭാഷകളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.

ഇതിനുപുറമെ, പ്ളേഗ് പിടിപെട്ടവരിൽ സൗജന്യവിതരണം ചെയ്യുന്നതിനുവേണ്ടി ഹദ്റത്ത് അഹ്മദ്(അ) പ്രത്യേക മരുന്നുകളും തയ്യാറാക്കി. 'തിരിയാഖെ ഇലാഹി' (ദിവ്യാമൃതം) എന്നാണതിന്നു പേർ വച്ചിരുന്നത്. കൂടാതെ പ്ളേഗ് രോഗം കാരണമായുണ്ടാകുന്ന ഒടിക്കുരുക്കളിൽ പുരട്ടുന്നതിനായി 'മർഹമെ ഈസാ'* എന്ന പേരിൽ ഒരു ലേപനൗഷധവും അദ്ദേഹം തയ്യാർ ചെയ്തു. 2500ക യോളം ചെലവഴിച്ചാണ് ഈ മരുന്നുകൾ അദ്ദേഹം തയ്യാറാക്കിയത്. മരുന്നുകൾ തയ്യാറാക്കുന്നതിൽ വൈദ്യകോവിദനായ ഹസ്രത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ)അദ്ദേഹത്തെ സഹായിച്ചു. പ്ളേഗിൽനിന്നു രക്ഷപ്പെടാനാവശ്യമായ വിലയേറിയ വൈദ്യോപദേശങ്ങളും മുൻകരുതൽ നിർദ്ദേശങ്ങളുമടങ്ങിയ ലഘുലേഖകൾ ആയിരക്കണക്കിൽ അച്ചടിച്ചു വിതരണം ചെയ്യപ്പെടുകയുണ്ടായി.

1902 ഒക്ടോബർ 5-ാം തിയ്യതി പ്രസിദ്ധം ചെയ്ത 'കിശ്തീനൂഹ്' (36) എന്ന പുസ്തകത്തിൽ 'പ്ളേഗിന്നുള്ള കുത്തിവെപ്പ്' എന്ന തലക്കെട്ടിൽ ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം എഴുതി:

"പ്രജകളിൽ കനിഞ്ഞു പ്ളേഗിൽനിന്നു രക്ഷപ്പെടാനുള്ള കുത്തിവെപ്പ് നടത്തുന്നതിന്നായി ഇംഗ്ലീഷ് സർക്കാർ വീണ്ടും തീരുമാനിച്ചിരിക്കുന്നതു തികച്ചും അഭിനന്ദനീയം തന്നെയാണ്. ദൈവത്തിന്റെ ദാസന്മാരുടെ ക്ഷേമത്തെ ലാക്കാക്കി എത്രയോ ലക്ഷം ഉറുപ്പികയുടെ ഈ ചെലവ് വഹിക്കുവാൻ സർക്കാർ തീർച്ചയാക്കിയതിനെ അഭിനന്ദിക്കേണ്ടതു വിവരമുള്ളവരുടെ ധർമ്മം മാത്രമാണ്. കുത്തിവെപ്പിന്റെ കാര്യത്തിൽ ദുർഭാവനകൾ ചെയ്യുന്നവർ അങ്ങേയറ്റം അവിവേകികളും ആത്മശത്രുക്കളുമത്രെ!"

കുത്തിവെപ്പ് വേണ്ടാ!

എന്നാൽ, തന്റെ ഭക്തരായ അനുയായികൾക്ക് കുത്തിവെപ്പ് നടത്തേണ്ട ആവശ്യമില്ലെന്നും അവർ ഒരത്ഭുത ദൃഷ്ടാന്തമെന്നോണം പ്ളേഗിൽനിന്നു സുരക്ഷിതരായിത്തന്നെയിരിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. അദ്ദേഹം ഇപ്രകാരം തുടർന്നു:

"എന്നാൽ, അങ്ങേയറ്റം വിനയത്തോടുകൂടി ഞാൻ ഈ പ്രജാക്ഷേമതല്പരരായ സർക്കാർ സമക്ഷം ബോധിപ്പിച്ചുകൊള്ളട്ടെ. എന്നെ സംബന്ധിച്ചേടത്തോളം ദിവ്യമായ ഒരു തടസ്സം ഇല്ലായിരുന്നുവെങ്കിൽ പ്രജകളിൽ ആരെക്കാളും മുമ്പിൽ കുത്തിവെപ്പ് നടത്തുന്നതു ഞാനായിരുന്നേനെ!

*കുരിശുസംഭവത്തിന്നുശേഷം യേശുവിന്റെ ശരീരത്തിലുണ്ടായ വ്രണങ്ങളിൽ പുരട്ടുന്നതിനു ശിഷ്യന്മാർ തയ്യാറാക്കിയിരുന്ന ഈ ലേപനം ഇപ്പോഴിൽതന്നെ പുരാതന വൈദ്യഗ്രന്ഥങ്ങളിൽ അറിയപ്പെടുന്നുണ്ട്. Ointment of Jesus എന്നും Ointment of the Apostles എന്നുമുള്ള പേരുകളിലും അറിയപ്പെട്ടിരുന്ന ഈ ലേപനം വ്രണങ്ങൾക്ക് അതിവിശേഷമത്രെ.

ആ ദിവ്യമായ തടസ്സം ഇതാകുന്നു: ഈ കാലത്തു മനുഷ്യർക്കായി സ്വർഗ്ഗീയമായ ഒരനുഗ്രഹാടയാളം വെളിപ്പെടുത്താൻ ദൈവം ഇച്ഛിച്ചിരിക്കുന്നു. ദൈവം എന്നെ സംബോധന ചെയ്തുകൊണ്ടിപ്രകാരം പറഞ്ഞു: "നീയും നിന്റെ ഭവനത്തിന്റെ നാലുകെട്ടിനുള്ളിലുള്ളവരും പൂർണ്ണമായ അനുസരണവും കീഴ്വണക്കവും കാണിക്കുന്നവരും സത്യഭക്തിയാൽ നിന്നിൽ ലീനരായിത്തീർന്നവരും പ്ളേഗിൽനിന്നു സുരക്ഷിതരായിരിക്കും. ഈ അന്ത്യനാളുകളിൽ സമുദായങ്ങളെ ഇപ്രകാരം വേർതിരിച്ചു കാണിക്കുകയെന്നതത്രെ ആ അത്ഭുതാടയാളം. എന്നാൽ, പൂർണ്ണമായും നിനയ്ക്കു കീഴ്വണക്കം കാണിക്കാത്തവർക്കായിട്ട് നീ വ്യാകുലപ്പെടരുത്, ഇതു ദൈവകല്പനയത്രെ. ഇക്കാരണത്താൽ എനിയ്ക്കും എന്റെ ഭവനത്തിന്റെ നാലുകെട്ടിന്നകത്തിരിക്കുന്നവർക്കും കുത്തിവെപ്പിന്റെ യാതൊരാവശ്യവുമില്ല."

അദ്ദേഹം തുടർന്നു: "അവൻ എന്നെ സംബോധനചെയ്തു കൊണ്ടിപ്രകാരവും പറഞ്ഞു: പൊതുവെ ഭയങ്കരമായ നാശനഷ്ടങ്ങളുണ്ടാക്കുന്ന പ്ളേഗ് ഖാദിയാനിൽ വരുന്നതല്ല. ഈ ജമാഅത്തിലുള്ള സകലരും അവരെത്ര പേരായാലും ശത്രുക്കളെയപേക്ഷിച്ചു പ്ളേഗിൽനിന്നു സുരക്ഷിതരായിരിക്കും...ഒടുവിൽ ലോകം സാശ്ചര്യം ഏറ്റുപറയുമാറാകും, ദൈവത്തിന്റെ സഹായം ഈ സമൂഹത്തോടൊപ്പമുണ്ടായിരുന്നു എന്നും ദൈവം അതുല്യവും അത്ഭുതാവഹവുമായ തരത്തിൽ ഇക്കൂട്ടരെ തന്റെ കാരുണ്യപ്രകർഷത്താൽ രക്ഷിക്കുകയുണ്ടായി എന്നും. ഈ സംഗതികളെ ചൊല്ലി ചിലർ എന്നെ ഭ്രാന്തനെന്നു വിളിക്കും. വേറെ ചിലർ അമ്പരപ്പെട്ടു ചോദിക്കും, എന്ത്? ഭൗതികമായ ഉപാധികളൊന്നും കൂടാതെ ഇത്തരത്തിൽ കാരുണ്യവർഷം ചെയ്യുന്ന ഒരു ദൈവമുണ്ടോ എന്ന്. ഇതിനുള്ള ഉത്തരമിതാണ്: അതെ! അങ്ങിനെയുള്ള സർവ്വശക്തനായ ഒരു ദൈവം ഉണ്ട്!" (കശ്തീനൂഹ്, ഭാ.4–6)

കുത്തിവെപ്പ് നടത്തുന്നതു പാപമല്ലെങ്കിലും, ദൈവകല്പനയ്ക്കെതിരായി, ദൈവത്തിന്റെ വാഗ്ദത്തത്തെ മാനിക്കാതെ കുത്തിവെപ്പിനെ ശരണം പ്രാപിക്കുന്നതു തന്നെസംബന്ധിച്ചേടത്തോളം പാപമായിരിക്കുമെന്നും ദൈവത്തിന്റെ വചനത്തിൽ അവിശ്വസിച്ചവനായിരിക്കാൻ തനിയ്ക്കു പാടുള്ളതല്ലെന്നും ഹദ്റത്ത് അഹ്മദ് (അ)പ്രസ്തുത പുസ്തകത്തിൽ പ്രഖ്യാപിച്ചു. വരുവാനുള്ള ആ ദുരന്തദിനങ്ങൾ വന്നുകഴിഞ്ഞെന്നോണം താൻ കൺമുമ്പിൽ കാണുകയാണെന്നും പ്രസ്താവിച്ചുകൊണ്ടു അദ്ദേഹം തുടർന്നു: "കുത്തിവെപ്പ് നടത്തിയവരെയപേക്ഷിച്ചു ഈ കൂട്ടർ രോഗവിമുക്തരും ആരോഗ്യവാന്മാരുമായിരിക്കുന്നുവെന്നു കാണുമ്പോൾ നമ്മുടെ ഗവർമ്മെണ്ട് ഈ പ്രവചനത്തെ വിലമതിച്ചുകൊള്ളുമെന്നതിൽ എനിയ്ക്കു യാതൊരു സംശയവുമില്ല. ഞാൻ സത്യമായും സത്യമായും പറയുന്നു: ഇരുപതു ഇരുപത്തിരണ്ടു കൊല്ലക്കാലമായി പ്രചരിച്ചുപോന്നിട്ടുള്ള ഈ പ്രവചനം പുലരാതിരിക്കുന്നുവെങ്കിൽ ഞാൻ ദൈവത്തിൽ നിന്നുള്ളവനല്ല. എന്റെ ഭവനത്തിന്റെ നാലുകെട്ടിനകത്തുള്ള ഉറച്ച വിശ്വാ

Macdonnell, which recorded and collated the experience of the famine officials, and in the light of their testimony revised the Code of Famine Procedure for the future guidance of the provincial administration...

Heavy Toll Of Life

When Lord Curzon landed in Bombay, plague had already spread far and wide through the land, and had claimed a heavy toll from the populace. It has continued to do so throughout his Viceroyalty, and at the moment of his embarkation it cannot be said that its severity has appreciably abated. A million people died last year from plague in India, and during the present year the mortality has been again terribly heavy.

മറാത്തയിൽ നാട്ടുകളിൽ പുതുതായിട്ടു ഒരു തരുവ്
ജനങ്ങൾക്കായി കിടക്കുന്നു
(ടൈംസ് ഓഫ് ഇന്ത്യയുടെ അനുവാദത്തോടുകൂടി പ്രസിദ്ധീകരിക്കുന്നു)

സികൾ ഈ രോഗത്താലുള്ള മരണത്തിൽനിന്നു സുരക്ഷിതരായിരിക്കുമെന്നും എന്റെ പ്രസ്ഥാനത്തിലുള്ളവർ താരതമ്യേന പ്ലേഗിന്റെ ആക്രമണത്തിൽനിന്നു അതീതരായിരിക്കുമെന്നും അവരിൽ കാണപ്പെടാവുന്ന സുരക്ഷിതത്വം മറ്റൊരു വിഭാഗത്തിലും ദൃശ്യമാകത്തവിധം നിസ്തുല്യമായിരിക്കുമെന്നുമുള്ളതു ഞാൻ ദൈവത്തിങ്കൽനിന്നുള്ളവനാണെന്നതിലേയ്ക്കു ഒരു ദിവ്യ സാക്ഷ്യമായിരിക്കുന്നതാണ്. (കിശ്തീനൂഹ്, ഭാ.10)

1902 ഏപ്രിൽ 23-ാം തിയ്യതി പ്രസിദ്ധപ്പെടുത്തിയ 'ദാഫിഉൽബലാ' (37) എന്ന പുസ്തകത്തിൽ തന്റെ പ്രധാന എതിരാളികളെ, അവരുടെ പേരെടുത്തുപറഞ്ഞുകൊണ്ടു, തങ്ങളുടെ പ്രദേശം പ്ലേഗിൽ നിന്നു സുരക്ഷിതമായിരിക്കുമെന്നു ദൈവനാമത്തിൽ സത്യം ചെയ്തുകൊണ്ടുള്ള വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാൻ ഹദ്റത്ത് അഹ്മദ് (അ)ആഹ്വാനം ചെയ്യുകയുണ്ടായി. അങ്ങിനെയാരെങ്കിലും തന്നെപ്പോലെ വീരവാദം പുറപ്പെടുവിക്കുകയാണെങ്കിൽ ആ സ്ഥലം പ്രത്യേകനിലയിൽ നശിച്ചൊടുങ്ങിപ്പോകുന്നതാണെന്നും ഇതു തന്റെ സത്യത്തിലേയ്ക്കുള്ള ഒരു പ്രത്യേക അടയാളമായിരിക്കുന്നതാണെന്നും അദ്ദേഹം പ്രസ്താവിച്ചു. എന്നാൽ, ആരും തന്നെ ഈ വെല്ലുവിളി സ്വീകരിക്കാൻ ധൈര്യപ്പെട്ടില്ല. ശത്രുമൂപ്പന്മാരെല്ലാം നിശ്ശബ്ദരായിരുന്നു!

ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിച്ചു. "ഞാൻ വാഗ്ദത്ത മസീഹാകുന്നുവെന്നും നബിമാർ ആരെക്കുറിച്ചു മുന്നറിയിപ്പു നൽകിയോ ആ ആൾ ഞാൻ തന്നെയാകുന്നുവെന്നും ഞാനിതാ ദൈവത്തെ സത്യം ചെയ്തുകൊണ്ടു പ്രഖ്യാപിച്ചുകൊള്ളുന്നു. എന്റെ ആവിർഭാവകാലത്തെപറ്റി അക്കാലത്തു ആകാശത്തിൽ സൂര്യചന്ദ്രഗ്രഹണങ്ങളുണ്ടാകുമെന്നും ഭൂമിയിൽ പ്ലേഗ് നടമാടുമെന്നും തൗറാത്തിലും ഇഞ്ചീലിലും വിശുദ്ധ ഖുർആനിലും പ്രവനചമടങ്ങിയിരിക്കുന്നു" (ദാഫിഉൽ ബലാ)

മരണം നൃത്തംവെക്കുന്നു!

ഒടുവിൽ പ്രവചിക്കപ്പെട്ട ആ ദുരന്തനാളുകൾ വന്നെത്തി. ഇന്ത്യയിലൊട്ടുക്കും പഞ്ചാബിൽ പ്രത്യേകിച്ചും മരണം കോരിച്ചൊരിഞ്ഞുകൊണ്ടു പ്ലേഗ് രാക്ഷസൻ നഗ്നനൃത്തമാടിത്തുടങ്ങി. ഓരോ കൊല്ലവും മരണക്കണക്ക് കൂടിക്കൂടി വന്നു. അതു പതിനായിരക്കണക്കിൽനിന്നു ദശലക്ഷക്കണക്കിലായി ഉയർന്നു. ജനങ്ങൾ ഈച്ചകളെപ്പോലെ ചത്തുവീണു. നാടുകളും നഗരങ്ങളും കരിമരണങ്ങലുടെ ഭീകരരംഗങ്ങളായി മാറി. കുടുംബങ്ങളും ഗ്രാമങ്ങളും ജനപദങ്ങളും കൂട്ടത്തോടെ നാശത്തിന്നിരയായി.

ലോകചരിത്രത്തിലെ ഏറ്റവും ഭയാനകങ്ങളായ കൂട്ടമരണങ്ങളിലൊന്നാണ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പ്രവചനത്തെ തുടർന്നു ഇന്ത്യയിൽ നടമാടിയ പ്ലേഗ് മരണങ്ങൾ. 1896 മുതൽ 1906 ഏപ്രിൽ വരെ ഇന്ത്യാഗവർമ്മെണ്ടിന്റെ കണക്കുപ്രകാരം 38,68,124 പേർ പ്ലേഗ് കൊണ്ടു മരണമടഞ്ഞു. അധികൃതസ്ഥാനങ്ങളിൽനിന്നു ലഭിച്ച കണക്ക് ഇപ്രകാരമാണ്.

1896–2219
1897–47974
1898–89265
1899–102369
1900–73576
1901–236436
1902–452655
1903–684445
1904–938010
1905–940821*
1906 – (ഏപ്രിൽ വരെ) 300355

(ഈ കണക്ക് Encyclopedia Brittannicaഎന്ന ബൃഹദ് വിജ്ഞാന കോശത്തിൽ 'പ്ളേഗ്' എന്ന പദത്തിന്നു ചുവടെ കാണാം)

*മോസ്കോവിൽനിന്നു പ്രസിദ്ധപ്പെടുത്തിയ ലെവ് പോട്കോവിന്റെ A World we Do Not Seeഎന്ന പുസ്തകത്തിൽ ഇപ്രകാരം കാണുന്നു: A series of plague epidemics started in 1896 in British India Where tens and hundreda of thousands of indians died every year, the figure in some years exceeding a million (e.g.1904- 05 when the number of plague victims was 1,328,249) (foreign Languagea publishing House, Moscow 1957)

എന്നാൽ ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽപെടാത്ത ഗ്രാമാന്തരങ്ങളിൽ മരിച്ചുവീണവർ ഇക്കണക്കിൽ ഉൾപ്പെടുന്നുമില്ല!

ധിക്കാരികളെ തേടിപ്പിടിക്കുന്നു

പ്ളേഗ് ആക്രമണത്തിന്നിരയായി പഞ്ചാബിൽ മനുഷ്യർ ലക്ഷക്കണക്കിൽ ഇങ്ങനെ മരിച്ചുവീണപ്പോൾ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ബദ്ധശത്രുക്കൾ ഓരോരുത്തരായി അപ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു! മൗലവിറുസൽബാബ അമൃത്സരി, നൂർ മുഹമ്മദ് ഹാഫിസാബാദി, മൗലവി സൈനുൽ ആബിദീൻ, ഹാഫിസ് സുൽത്താൻ സിയാൽക്കോട്ടി, ഹക്കീം മുഹമ്മദ് ശഫീഅ് സിയാൽക്കോട്ടി, മീർസാ സർദാർ ബേഗ്, മൗലവി ചിറാഗുദ്ദീൻ ജമ്മൂനി, മൗലവി മുഹമ്മദ് അബുൽഹസൻ അബ്ദുൽകരീം, ഹക്കീർ മിർസാ ദുൽമിയാൻ, സഅദുല്ലാഹ് ലുധിയനവി തുടങ്ങിയ കഠിനശത്രുക്കൾ ഇപ്രകാരം പ്ളേഗിന്നിരയായി മരിച്ച പ്രധാനികളിൽ ചിലരത്രെ. തങ്ങൾക്കു പ്ളേഗ് ഉണ്ടാകുന്നതല്ലെന്നു പരസ്യമായി പ്രസ്താവിച്ചുകൊണ്ടു അവർ ഈ ദിവ്യദൃഷ്ടാന്തത്തെ കളവാക്കുകയും ദൈവദൂതനെ വെല്ലുവിളിക്കുകയുമാണുണ്ടായത്! ദൈവത്തോടു ധാർഷ്ട്യം കാണിച്ച ഈ നിഷേധികളെല്ലാം കുടുംബസമേതം പ്ളേഗിന്നിരയായി ദയനീയമാം വിധം മരിച്ചൊടുങ്ങി.* ഹദ്റത്ത് അഹ്മദ് (അ) പ്ളേഗ് പിടിച്ചു മരിച്ചുപോകുമെന്നു അദ്ദേഹത്തിന്റെ പ്രസ്ഥാനവും അതോടെ നാമാവശേഷമാകുമെന്നും ഇവരിൽ ചിലർ പ്രവചനം ചെയ്തി

*തിരുനബിയുടെ കാലത്തു ഏഴാം നൂറ്റാണ്ടിൽ യൂറോപ്പിലെങ്ങും ഭയങ്കരമായ പ്ളേഗ് ബാധകളുണ്ടായി. അനേകലക്ഷം ആളുകൾ മരിച്ചു" (വിശ്വചരിത്രാവലോകം, ഭാ.199)

ട്ടുമുണ്ടായിരുന്നു. മറ്റു ചിലരാകട്ടെ 'മുബാഹല' പ്രാർത്ഥനകളുടെ ഫല മായിട്ടാണ് പ്ളേഗിന്നിരയായി ഭവിച്ചത്.

ഖാദിയാനിലെ ആര്യസമാജക്കാർ ഹദ്റത്ത് അഹ്മദിന്നെതിരായുള്ള തങ്ങലുടെ പ്രവർത്തനങ്ങൾക്കു ശക്തിക്കൂട്ടിയിരുന്നു. 'ശുഭചിന്തക്ക്' എന്ന പേരിൽ അവർ ഖാദിയാനിൽ നിന്നു ഒരു പത്രം പ്രസിദ്ധപ്പെടുത്തി. സോംരാജ് പത്രാധിപരും അക്ഷർചന്ത്, ഭഗത്റാം എന്നിവർ അതിന്റെ മറ്റു നടത്തിപ്പുകാരുമായിരുന്നു. 'ശുഭചിന്തകി' ന്റെ പത്രാധിപന്മാർ ഹദ്റത്ത് അഹ്മദിനെ കടുത്തനിലയിൽ വിമർശിക്കുകയും ദിവ്യദൃഷ്ടാന്തങ്ങളെ പരിഹസിച്ചു തള്ളുകയും ചെയ്തിരുന്നു. 'ഖാദിയാൻ കെ ആര്യ ഔർഹം' (38)എന്ന ശീർഷകത്തിൽ ഹദ്റത്ത് അഹ്മദ് (അ) അവർക്കെതിരായി ഒരു പുസ്തകമെഴുതി. പ്ളേഗ് ഒരു അടയാളമേ അല്ലെന്നും, പ്ളേഗിൽനിന്നു സുരക്ഷിതനായിരിക്കുമെന്നു മിർസാസാഹിബിനെപ്പോലെ താനും പ്രവ ചിക്കുകയാണെന്നും അക്ഷർചന്ത് പരസ്യമായി പ്രസ്താവിച്ചു. ഏതാനും ദിവസങ്ങൾക്കകംതന്നെ അക്ഷർചന്ത് സോംരാജ് പ്രഭൃതികൾ പ്ളേഗ് പിടിപെട്ടു മരിച്ചു. അതോടുകൂടി 'ശുഭചിന്തകി' ന്റെ കഥയും അവസാ നിച്ചു!

'ദാറുൽമസീഹ്' രക്ഷാദുർഗ്ഗം

തന്റെ വിശുദ്ധഭവനം പ്ളേഗിൽനിന്നു തികച്ചും സുരക്ഷിതമായിരി ക്കുമെന്നു ദൈവവചനം ലഭിച്ചതിനാൽ, ഒരു സുരക്ഷിത സ്ഥാനമെന്ന നിലയിൽ അവിടെവന്നു താമസിച്ചുകൊള്ളുവാൻ ഹദ്റത്ത് അഹ്മദ് (അ) സ്വശിഷ്യരോടഭ്യർത്ഥിച്ചു. ഹസ്രത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽകോട്ടി (റ) പത്നി സമേതം മുമ്പേതന്നെ അവിടെയാണ് പാർത്തു വന്നിരുന്നത്. ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ), മൗലാനാ മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി, മൗലവി മുഹമ്മദ ലിസാഹിബ് എം.ഏ.എൽ.എൽ.ബി.തുടങ്ങിയ പ്രധാനികളും മറ്റു പലരും അങ്ങനെ സകുടുംബം ഹദ്റത്ത് അഹ്മദിന്റെ ഭവനത്തിൽ പാർപ്പുറപ്പി ച്ചു. ആ പരിശുദ്ധ ഗേഹത്തിൽ ഒരൊറ്റ കുട്ടിയ്ക്കും പ്ളേഗ് ബാധയുണ്ടാ യില്ലെന്നു മാത്രമല്ല അവിടെ ഒരെലിപോലും ചത്തുവീഴുകയുമുണ്ടായി ല്ല. 'ദാറുൽമസീഹ്' പ്ളേഗിൽനിന്നുള്ള ഒരു രക്ഷാദുർഗ്ഗമായിവിരാജിച്ചു!

പ്ളേഗ് അതിന്റെ മരണയ്ക്കൊയ്ത്തു നടത്തിക്കൊണ്ടിരുന്ന കാല ത്തു ഖാദിയാനിലും പ്ളേഗ് ഉണ്ടായിരുന്നപ്പോൾ, ഒരിക്കൽ മൗലവി മുഹ മ്മദലി സാഹിബ് എം.ഏ.യ്ക്ക് കഠിനമായ പനി ബാധിച്ചു. തനിയ്ക്കു പ്ളേഗ് ബാധിച്ചിരിക്കയാണെന്ന പ്രബലമായ സംശയം അദ്ദേഹത്തിന്നു ണ്ടായതിനെ തുടർന്നു മരിച്ചുപോകുമെന്നുറപ്പിച്ചു കൊണ്ട് ഹദ്റത്ത് ഡോ. മുഹ്ത്തി സാഹിബിനെ വിളിച്ചു അദ്ദേഹം ഒസ്യത്ത് പറയുകപോലുമു ണ്ടായി. മൗലവി സാഹിബ് ഹദ്റത്ത് അഹ്മദിന്റെ ഭവനത്തിൽ ഒരു മുറി യിലാണ് താമസിച്ചിരുന്നത്. "നിശ്ചയമായും ഞാൻ നിന്റെ ഭവനത്തിലു ള്ളവരെയെല്ലാം പ്ളേഗിൽ നിന്നു രക്ഷിക്കുന്നതാണ്" എന്ന ദിവ്യവെളി

പാട് ഏതൊരിടത്തെക്കുറിച്ചുണ്ടായോ ആ വിശുദ്ധഭവനത്തിൽതന്നെ! രോഗഗ്രസ്ഥനായ മൗലവിസാഹിബിനെ ഹദ്റത്ത് അഹ്മദ് (അ) സന്ദർശിച്ചു. രോഗിയുടെ പരവശതകളും പരിഭ്രമങ്ങളും കണ്ടപ്പോൾ ഹദ്റത്ത് അഹ്മദ് (അ)ഇപ്രകാരം പറഞ്ഞു: "താങ്കൾക്ക് പ്ളേഗ് ഉണ്ടായെങ്കിൽ പിന്നെ ഞാൻ കപടവാദിതന്നെ. എന്റെ വെളിപാടുവാദം കള്ളവും!" ഇത്രയും പറഞ്ഞുകൊണ്ടദ്ദേഹം മൗലവി മുഹമ്മദലി സാഹിബിന്റെ കൈനാഡിപിടിച്ചു. കഠിനമായ പനിബാധിച്ചുകിടക്കുകയായിരുന്ന മൗലവി സാഹിബിന്റെ ശരീരത്തിലെ താപനില അതോടെ പെട്ടെന്നു താണു. 'തർമോമീറ്റർ' വെച്ചു നോക്കിയപ്പോഴാകട്ടെ, പനിയുടെ യാതൊരു ലക്ഷണവും കണ്ടതുമില്ല. അവിടെ കൂടിയവരെല്ലാം ഈ അത്ഭുതലക്ഷ്യം കണ്ട മ്പരക്കുകയും ചെയ്തു!

പ്ളേഗിനെ തുടർന്നു തന്റെ പ്രസ്ഥാനത്തിന്നു അഭൂതപൂർവ്വമായ അഭിവൃദ്ധിയുണ്ടാകുമെന്നും ഹദ്റത്ത് അഹ്മദ് (അ)പ്രവചിച്ചിട്ടുണ്ടായിരുന്നു. അപ്പോൾതന്നെ അന്നാളുകളിൽ ചിലപ്പോൾ ഒരേദിവസംതന്നെ അഞ്ഞൂറും അറുനൂറും പേരുടെ കൂട്ടു ബൈഅത്തുകൾ ഉണ്ടായിട്ടുമുണ്ട്. പ്ളേഗ് ശക്തിമത്തായി നടമാടിയിരുന്നപ്പോൾ വാഗ്ദത്തമസീഹ് (അ) നമസ്കാരവേളകളിൽ ഏങ്ങിയേങ്ങിക്കരഞ്ഞു കൊണ്ടു പ്രാർത്ഥിക്കുന്നതു തങ്ങൾ കാണാറുണ്ടെന്നു ചിലർ നിവേദനം ചെയ്തിരിക്കുന്നു. അതേ അവസരത്തിൽതന്നെ കക്കൂസുകളും ഓവുകളും വൃത്തിയാക്കുന്ന കാര്യത്തിൽപോലും അദ്ദേഹം ശ്രദ്ധിക്കുകയും താൻതന്നെ ഫിനൈൽ നിറച്ച പാത്രങ്ങളുമായി ചെന്നു ശുചീകരണവേലകളിൽ ഏർപ്പെടുകയും ചെയ്യാറുണ്ടായിരുന്നുവെന്നും നിവേദനമുണ്ട്.

46- മസീഹ് കുരിശുടയ്ക്കുന്നു

വാഗ്ദത്തമസീഹ് കുരിശിനെ ഉടയ്ക്കുമെന്നു മുഹമ്മദുനബി (സ) തിരുമേനി പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. വാഗ്ദത്തമസീഹ് വെളിപ്പെടുന്നകാലം കുരിശുമതത്തിന്നു പ്രാബല്യമുണ്ടായിരിക്കുമെന്നും യേശു കുരിശിൽ മരിച്ചുവെന്ന വിശ്വാസത്തിന്റെ ആബദ്ധ്യത്തെ അദ്ദേഹം തെളിയിച്ചുകാട്ടുകയും ആ തത്വത്തെ ഉടയ്ക്കുകയും ചെയ്യുമെന്നാണതിന്റെ അർത്ഥമെന്നും ബദ്റുദ്ദീൻ ഐനി എന്ന മഹാൻ തന്റെ ബുഖാരിവ്യഖ്യാനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

യേശു കുരിശിൽവച്ചു മരിച്ചുവെന്ന വിശ്വാസം മനുഷ്യസമുദായത്തിൽ ഒരു വലിയ വിഭാഗത്തെ വഴിതെറ്റിച്ചു എന്നതൊരു പരമാർത്ഥമത്രെ. യേശുവെ ദൈവമാക്കാനെന്നപോലെതന്നെ കപടവാദിയാക്കാനും ഇതേ വിശ്വാസം അടിസ്ഥാനമാക്കപ്പെട്ടു പോന്നിട്ടുണ്ട്. മനുഷ്യവംശത്തിന്റെ പാപപ്പൊറുതിയ്ക്കായിട്ടു ദൈവപുത്രനായ യേശു കുരിശിൽ മരിക്കുകയാണുണ്ടായതെന്നു ക്രൈസ്തീയലോകം വിശ്വസിക്കുമ്പോൾ അദ്ദേഹം കുരിശിൽ മരിച്ചു പോകയാൽ ന്യായപ്രമാണപ്രകാരം ശപിക്കപ്പെട്ടവനായിത്തീർന്നുവെന്നു യഹൂദികൾ ഘോഷിച്ചുപോന്നു. ഈസാനബി(അ)ക്രൂശിക്കപ്പെടാതെ വാനലോകത്തേയ്ക്കു കരേറ്റപ്പെട്ടുവെന്നും അദ്ദേഹം മരിക്കാതെ ആകാശത്തിൽ ഇന്നും ജീവിച്ചിരിക്കുന്നുവെന്നുമത്രെ മുസ്ലിം ജനസാമാന്യം വിശ്വസിക്കുന്നത്. ഈ എല്ലാ വിശ്വാസങ്ങളും ഒരുപോലെ അബദ്ധവും പരിശുദ്ധനായ ദൈവത്തിന്റെ മഹിമയ്ക്കു ചേരാത്തതും യേശുവിന്റെ വിശുദ്ധവും യഥാർത്ഥവുമായ സ്ഥാനത്തിന്നു യോജിക്കാത്തതുമാകയാൽ അധാർമ്മികമായ ഈ വിശ്വാസങ്ങളിൽ സമൂലപരിവർത്തനം വരുത്തേണ്ടതു ഒരു ലോകോദ്ധാരകനെന്ന നിലയിൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ കാലോചിതമായ കർത്തവ്യവും ജീവിതദൗത്യത്തിന്റെ കേന്ദ്രവസ്തുതയും ആയിരുന്നു.

ഈസാനബി(അ) മരിച്ചുപോയെന്നും അദ്ദേഹത്തിന്റെ പ്രതിബിംബമാണ് താനെന്നും ദിവ്യബോധനം സിദ്ധിച്ചതുമുതൽക്കേ ഈസാനബിയെ സംബന്ധിച്ച വിശുദ്ധഖുർആൻ വാക്യങ്ങളിൽ സവിശേഷ ശ്രദ്ധ ചെലുത്തിക്കൊണ്ടിരുന്ന ഹദ്റത്ത് അഹ്മദ്(അ), ശ്രീനഗറിൽ ഒരു 'നബീ സാഹിബിന്റെ കബർ' സ്ഥിതിചെയ്യുന്നുണ്ടെന്നു തന്റെ ചില കശ്മീരി



യേശുവിന്റെ ശിലാകുടീരം

ഖാൻയാർ തെരുവ്, ശ്രീനഗർ, കാശ്മീർ

ശിഷ്യരിൽ നിന്നറിയാനിടയായപ്പോൾ അത്യന്തകുതുകിയായിത്തീർന്നെങ്കിൽ അത്ഭുതപ്പെടുവാനില്ല. കശ്മീർ മഹാരാജാവിന്റെ കൊട്ടാരവൈദ്യനെന്ന നിലയിൽ 14 സംവത്സരം അവിടെ താമസിച്ചിരുന്ന ഹസ്രത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ) തദവസരത്തിൽ വ്യക്തമാക്കിയതു കശ്മീരിൽ അങ്ങനെയൊരു കബർ തന്റെ അറിവിൽ പെട്ടിട്ടില്ലെന്നും എന്നാൽ 'യുസ് ആസഫ്' എന്നുപേരുള്ള ഒരു വിദേശി രാജകുമാരന്റെ കബർ ശ്രീനഗറിലുള്ളതായി താനറിയുമെന്നുമായിരുന്നു. എന്നാൽ, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ഗവേഷണനിഷ്ണാതമായ ദൃഷ്ടികൾ നീങ്ങിയതു മറ്റൊരുവഴിക്കായിരുന്നു. 'യുസ് ആസഫ്' യേശുവല്ലാതെ മറ്റാരുമല്ലെന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേർന്നത്.

പ്രസ്തുത ഖബറിനെപറ്റി ഹദ്റത്ത് അഹ്മദ് (അ) കൂടുതൽ ആരായുവാൻ തുടങ്ങി. 1900 കൊല്ലം മുമ്പ് വിദേശീയനായ ഒരു പ്രവാചകൻ കശ്മീരിൽ വന്നെത്തിയിരുന്നുവെന്നും തിരുനബിയ്ക്ക് ഏതാണ്ട് അറുനൂറ് വർഷം മുമ്പാണ് അദ്ദേഹം ജീവിച്ചിരുന്നതെന്നും അദ്ദേഹം ഒരു രാജകുമാരനായും അറിയപ്പെട്ടിരുന്നുവെന്നും മറ്റുമുള്ള വിവരങ്ങളും ഐതിഹ്യങ്ങളും അദ്ദേഹത്തിന്നു ലഭിച്ചു. 'ഈസ്സാ സാഹിബിന്റെ ഖബർ' എന്നും 'നബി സാഹിബിന്റെ ഖബർ' എന്നും അതിനെകുറിച്ചു പറഞ്ഞുവന്നിരിക്കുന്നതായും അദ്ദേഹത്തിന്നറിയാൻ കഴിഞ്ഞു. ശ്രീനഗറിലെ ഖാൻയാർ തെരുവിലാണ് പ്രസ്തുത ഖബർ സ്ഥിതിചെയ്യുന്നത്. ആ പ്രദേശം മുസ്ലിംകൾ മാത്രം അധിവസിക്കുന്ന ഒര സ്ഥലമത്രെ. ഹിന്ദുക്കൾ അവിടെങ്ങും ഇല്ലെന്നുമാത്രമല്ല ഖബർ വളരെക്കാലമായി മുസ്ലിംകളുടെ നിയന്ത്രണത്തിലുമായിരുന്നു. അടുത്തെങ്ങും ഒരു ഹിന്ദുക്ഷേത്രമോ പുണ്യസ്ഥലമോ ഇല്ലതാനും പ്രസ്തുത ഖബർ ഈസാനബിയുടേതു തന്നെയെന്നു താൻ നടത്തിയ ഗവേഷണങ്ങളിൽനിന്നു ഹദ്റത്ത് അഹ്മദിന്നു പൂർണ്ണ ബോദ്ധ്യം വന്നു. അദ്ദേഹം 'സത്ബചൻ' എന്ന തന്റെ പുസ്തകത്തിൽ ഇതു സംബന്ധിച്ചു ഒരു വിജ്ഞാപനം എഴുതിചേർത്തു. 1898 നവംബർ 30-ാം തിയ്യതി 'റാസെ ഹക്കീക്കത്ത് (39)എന്നപേരിൽ കുറെകൂടി വിശദീകരണങ്ങളോടുകൂടി ഒരു ലഘുഗ്രന്ഥം പുറത്തിറക്കുകയും ചെയ്തു.

യേശു കുരിശിൽനിന്നു രക്ഷപ്പെട്ടശേഷം ഇന്ത്യയിൽ വരികയും കശ്മീരിൽവച്ചു മരണമടയുകയും ചെയ്തുവെന്നു തെളിയിച്ചുകാട്ടുന്ന ഒരു ഗവേഷണ ഗ്രന്ഥം രചിക്കേണ്ടതിന്റെ ആവശ്യകത അത്യധികം അനുഭവപ്പെടുകയാൽ അതുസംബന്ധിച്ച ചരിത്രരേഖകളും ബൈബിൾ തെളിവുകളും മറ്റും സമാഹരിച്ചുകൊണ്ടു 'മസീഹ് ഹിന്ദുസ്ഥാൻ മെ' (40)(യേശു മസീഹ് ഇന്ത്യയിൽ) എന്ന ശീർഷകത്തിലും അദ്ദേഹം ഒരു ഗ്രന്ഥം എഴുതി. 1899 ഏപ്രിൽ 25-ാം തിയ്യതിയാണ് അതദ്ദേഹം എഴുതി അവസാനിപ്പിച്ചത്. ഏതാനും അദ്ധ്യായങ്ങൾകൂടി എഴുതിച്ചേർക്കാൻ ഉദ്ദേശിച്ചിട്ടുണ്ടായിരുന്നതിനാൽ അതപ്പോൾതന്നെ പ്രസിദ്ധം ചെയ്കയുണ്ടായില്ല.

പിന്നീടു അദ്ദേഹത്തിന്റെ ചരമത്തിന്നുശേഷം 1908 നവമ്പർ 20-ാം തിയ്യതി അതു പ്രസിദ്ധീകരിക്കപ്പെട്ടു.*

1. യേശു കുരിശുമരണത്തിൽനിന്നു രക്ഷപ്പെട്ടതിലേയ്ക്കുള്ള സുവി ശേഷത്തെളിവുകൾ 2.ഖുർആനും ഹദീസുകളും നല്കുന്ന തെളിവുകൾ. 3. കുരിശിൽനിന്നു ഇറക്കിയെടുത്ത യേശുവിന്റെ ശരീരത്തിൽ പുരട്ടുന്ന തിന്നു 'മർഹമെ ഈസാ' എന്നപേരിൽ തയ്യാറാക്കപ്പെട്ടിരുന്ന ഒരു ലേപ നൗഷധത്തെപറ്റി പുരാതന വൈദ്യഗ്രന്ഥങ്ങളിൽനിന്നു ലഭിക്കുന്ന തെളി വുകൾ. 4. യേശുവിന്റെ യാത്രയെ പരാമർശിക്കുന്ന ഇസ്ലാമികഗ്രന്ഥ ങ്ങൾ, ബുദ്ധമതഗ്രന്ഥങ്ങൾ മറ്റു ചരിത്രഗ്രന്ഥങ്ങൾ ഇവയിൽനിന്നുള്ള തെളിവുകൾ. ഇങ്ങനെ നാലു അദ്ധ്യായങ്ങളിലായിട്ടാണ് പുസ്തകം രചി ച്ചിട്ടുള്ളത്. പത്തു അദ്ധ്യായങ്ങളിൽ ഗ്രന്ഥം മുഴുമിക്കുവാനാണ് താനുദ്ദേ ശിച്ചതെന്നു അദ്ദേഹം മുഖവുരയിൽ പറയുന്നു. തലമുറതലമുറയായി കൈവന്നിട്ടുള്ള ഐതിഹ്യങ്ങൾ, യുക്തിപരമായ ന്യായങ്ങൾ, സാഹച ര്യത്തെളിവുകൾ തനിയ്ക്കുണ്ടായ ദിവ്യവെളിപാടുകൾ ഇവയെല്ലാം ഓരോ അദ്ധ്യായങ്ങളിലായി അതിലുൾപ്പെടുത്താനും അദ്ദേഹം ഉദ്ദേശിച്ചിരുന്നു. ഇസ്ലാമിനെയും ക്രിസ്തുമതത്തെയും കുറിച്ചുള്ള ഒരു താരതമ്യപഠനവും തന്റെ നിയോഗോദ്ദേശ്യം സംബന്ധിച്ച ഒരു വിവരണവും ഒടുവിലത്തെ അദ്ധ്യായങ്ങളായി ചേർക്കാനും ഉദ്ദേശമുണ്ടായിരുന്നു. എന്നാൽ, നാലു അദ്ധ്യായങ്ങൾ എഴുതിക്കഴിഞ്ഞശേഷം ഉദ്ദേശിച്ചപോലെ ഗ്രന്ഥം മുഴുമി ക്കുവാൻ അദ്ദേഹത്തിനു അവസരം സിദ്ധിച്ചില്ല. ഈ വിഷയങ്ങൾ അദ്ദേഹം തന്റെ മറ്റുപല ഗ്രന്ഥങ്ങളിലായി വിവിധപ്രകാരേണ വിശദമാക്കി യിരുന്നു എന്നതു പ്രസ്ത്യാവ്യമത്രെ.

തന്റെ ഗ്രന്ഥം ഒരു മുൻവിധിയോടെ വലിച്ചെറിയാൻ ബദ്ധപ്പെടുന്ന തിനുപകരം അവധാനതയോടെ പാരായണം ചെയ്യണമെന്നും ഉപരിപ്ല വവും ധൃതിപിടിച്ചതുമായ ഒരു ഗവേഷണമല്ല താൻ നടത്തീട്ടുള്ളതെന്നും അഗാധവും ശ്രമബദ്ധവുമായ പര്യേഷണ പരിശോധനകൾക്കുശേഷം കൈവന്ന സുസിദ്ധമായ രേഖകളാണ് തന്റെ ഗ്രന്ഥനിർമ്മിതിക്കടിസ്ഥാ നമെന്നും മുഖവുരയിൽ അദ്ദേഹം ഉള്ളുതട്ടുംവിധം പ്രസ്താവിച്ചു.

യേശു കുരിശുമരണത്തിൽനിന്നു രക്ഷപ്പട്ടശേഷം ഇസ്രായിൽ ഗൃഹ ത്തിലെ കാണാതെപോയ ഗ്രോതങ്ങളെയും തേടി ഇന്ത്യയിൽ യാത്ര ചെയ്കയുണ്ടായി എന്നുള്ളതാണ് 'മസീഹ് ഹിന്ദുസ്താൻ മെ'എന്ന ഗ്രന്ഥ ത്തിലെ പ്രതിപാദ്യത്തിന്റെ രത്നച്ചുരുക്കം. യരുശലേമിൽനിന്നു യാത്ര യാരംഭിച്ചശേഷം യേശു നിസിബസിലൂടെ ഈറാനിലെത്തുകയും പിന്നീട് അഫ്ഗാനിസ്താനിലേയ്ക്കു യാത്ര ചെയ്കയുമുണ്ടായി. നബുക്കദ്നസ റിന്റെ തടവിൽനിന്നു മോചനം പ്രാപിച്ചശേഷം അഫ്ഗാനിസ്ഥാനിലും മറ്റും വാസമുറപ്പിച്ചിട്ടുണ്ടായിരുന്ന യഹൂദഗോത്രങ്ങളുമായി യേശു സമ്പ

*ഈ പുസ്തകം Jesus In Indiaഎന്ന പേരിൽ ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'സൺറൈസ്' പത്രത്തിന്റെ അധിപരായിരുന്ന ഖാസി അബ്ദുൽ ഹമീദ് സാഹിബ് തയ്യാ റാക്കിയ ഈ ഇംഗ്ലീഷു വിവർത്തനം 1944 ലാണ് ആദ്യമായി പുസ്തകരൂപത്തിൽ പ്രസി ദ്ധപ്പെടുത്തിയത്. ഈ ഗ്രന്ഥകർത്താവ് ഇതിന്റെ വലയാളവിവർത്തനം തയ്യാറാക്കീട്ടുണ്ട്.

ർക്കം സ്ഥാപിച്ചു. അഫ്ഗാനിസ്ഥാനിൽനിന്നും കശ്മീരിലേയ്ക്കാണ് അദ്ദേഹം യാത്ര തിരിച്ചത്. അവിടെയും ഏതാനും ഇസ്രായീലിഗ്രോതങ്ങൾ വസിച്ചുവന്നിട്ടുണ്ടായിരുന്നു. അവിടെ യേശു തന്റെ ജീവിതസായാഹ്നം കഴിച്ചുകൂട്ടുകയും കശ്മീരിൽവെച്ചുതന്നെ 120-ാം വയസ്സിൽ ചരമം പ്രാപിക്കുകയും ചെയ്തു. ശ്രീനഗറിലെ ഖാൻയാർ തെരുവിൽ സ്ഥിതി ചെയ്യുന്ന ഖബർ യേശുവിന്റെതല്ലാതെ മറ്റാരുടെതുമല്ല.

പുരാതന ബുദ്ധമതരേഖകൾ ഉദ്ധരിച്ചുകൊണ്ടു ഹദ്റത്ത് അഹ്മദ് (അ) നടത്തിയ നിഗമനങ്ങൾ അനേകം പാശ്ചാത്യ ഗ്രന്ഥകാരന്മാരെ കുഴക്കിയ ചരിത്രപരമായ ഒരു പ്രഹേളികയ്ക്ക് ശാശ്വതപരിഹാരമുണ്ടാക്കിയിരിക്കുന്നു. ക്രിസ്തുമത-ബുദ്ധമത തത്ത്വങ്ങൾ തമ്മിലുള്ള അത്ഭുതാവഹമായ സാദൃശ്യത്തിന്റെ രഹസ്യം മനസ്സിലാക്കാനാകാതെ ഈ പാശ്ചാത്യചിന്തകന്മാർ അമ്പരന്നിരിക്കയായിരുന്നു. ബുദ്ധമതതത്ത്വങ്ങൾ ഏതോ വിധത്തിൽ പലസ്തീനിൽ എത്തുമാറാകയും യേശു അവ തന്റെ പ്രബോധനവിഷയമാക്കുകയുമാണുണ്ടായതെന്നുവരെ അവരിൽ ചിലർ അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ ഈ നിഗമനങ്ങളെ ന്യായീകരിക്കുന്ന ചരിത്രത്തെളിവുകളില്ലെന്നതത്രെ പരമാർത്ഥം. ഈ പ്രശ്നത്തിലേയ്ക്കു വെളിച്ചം വീശിക്കൊണ്ടു ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പ്രസ്താവിച്ചു:

"ബുദ്ധനും യേശുവും തമ്മിൽ ഇത്രയധികം സാദൃശ്യങ്ങൾ എന്തുകൊണ്ടാണുണ്ടായത്? തുലോം ചിന്താർഹമായ ഒരു പ്രശ്നം തന്നെയാണിത്. ഇന്ത്യയിലേക്കുള്ള തന്റെ യാത്രാവേളയിൽ യേശു ബുദ്ധമതത്തെ കുറിച്ചു പഠിച്ചശേഷം തന്റെ നാട്ടിൽ മടങ്ങിച്ചെന്നിട്ടുതദനുരൂപമായി 'സുവിശേഷങ്ങൾ' നിർമ്മിച്ചുവെന്നത്രെ ഇതുസംബന്ധിച്ചു ആര്യസമാജികൾ പറയുന്നത്...ഇതു പക്ഷെ ആര്യ സമാജക്കാരുടെ ഒരു അബദ്ധധാരണ മാത്രമാണ്. കുരിശുസംഭവത്തിന്നുമുമ്പായി യേശു ഇന്ത്യയിൽ വന്നു എന്നത് തികച്ചും അവാസ്തവമാണ്. ആയവസരത്തിൽ അത്തരമൊരു സുദീർഘപ്രയാണത്തിന്റെ യാതൊരാവശ്യവും അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. എന്നാൽ ശാം (പലസ്തീൻ) ദേശത്തെ യഹൂദൻമാർ അദ്ദേഹത്തെ നിരാകരിക്കുകയും അവരുടെ വിശ്വാസമനുസരിച്ചു അദ്ദേഹത്തെ ക്രൂശിച്ചുകൊല്ലാൻ ശ്രമിക്കുകയും ചെയ്തപ്പോൾ അത്തരം ഒരു യാത്ര അദ്ദേഹത്തിന്നു അനുപേക്ഷണീയമായിത്തീർന്നിരുന്നു. ദൈവത്തിന്റെ സൂക്ഷ്മതന്ത്രങ്ങളാൽ അദ്ദേഹം ക്രൂശുമരണത്തിൽനിന്നു രക്ഷപ്രാപിച്ചു. ജൂതന്മാരുടെ സഹതാപം തികച്ചും നഷ്ടപ്പെടുകയും അവർക്കു പ്രബോധനം ചെയ്യുന്നതിലുള്ള ക്ലേശങ്ങൾ നിമിത്തവും വർദ്ധിച്ച ദൗഷ്ട്യത്താൽ യഹൂദന്മാർ സത്യം സ്വീകരിക്കാൻ തീരെ നിവൃത്തിയില്ലാതിരിക്കുമാറ് കഠിന ഹൃദയരായിത്തീർന്നിരുന്നതിനാലും ജൂതജനത്തിൽപെട്ട പത്തു ഗോത്രങ്ങൾ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ കുടിയേറിപ്പാർക്കുന്നുണ്ടെന്ന് ദൈവം യേശുവിന്ന് അറിവ് നല്കിയിരുന്നതുസരിച്ചും അദ്ദേഹം ആ പ്രദേശങ്ങളിലേയ്ക്ക് പ്രയാണം ചെയ്തു. യഹൂദന്മാരിൽ ചില കക്ഷി

കൾ ബുദ്ധമതമാശ്ലേഷിച്ചിരുന്നിരിക്കയാൽ ബുദ്ധമതാനുയായികളുടെ നേരെ തന്റെ ശ്രദ്ധതിരിക്കുകയല്ലാതെ സത്യവാനായ ഈ പ്രവാചകനു ഗത്യന്തരമുണ്ടായിരുന്നതുമില്ല. 'ബുദ്ധൻ' എന്ന പേരിലുള്ള ഒരു മിശി ഹാവിന്റെ പ്രത്യക്ഷത്തെ ബുദ്ധമതസന്യാസികൾ കാത്തുകൊണ്ടിരിക്ക യുമായിരുന്നു. തന്നിമിത്തം യേശുവിന്റെ സ്ഥാനപ്പേരും അതുപ്പോലെ തന്നെ അദ്ദേഹത്തിന്റെ ഉപദേശങ്ങളും ഗൗരവർണ്ണനായ 'മത്തിയാ'(മൈ ത്രെയാ-മസീഹാ അഥവാ മസീഹ്)യെ കുറിച്ചുള്ള ഗൗതമബുദ്ധന്റെ പ്രവ ചനവും ഇപ്രകാരമുള്ള മറ്റു തെളിവുകളും കാരണമായി ബുദ്ധമതപുരോ ഹിതന്മാർ യേശുവെ ബുദ്ധനായിക്കരുതി വിശ്വസിച്ചുപോന്നു. അദ്ദേഹ ത്തിന്റെ ചില സ്ഥാനപ്പേരുകളും ധർമ്മോപദേശങ്ങളും യേശുവിന്റെ ജീവി തത്തെക്കുറിച്ചുള്ള ചില വസ്തുതകളും അറിഞ്ഞോ അറിയാതെയോ അക്കാലത്ത് ബുദ്ധനിൽ ആരോപിക്കപ്പെട്ടിരുന്നുമിരിക്കാം. ചരിത്രം രേഖ പ്പെടുത്തുന്ന വിഷയത്തിൽ ഹിന്ദുക്കൾ ഒരിക്കലും തങ്ങളുടെ നൈപുണ്യം തെളിയിച്ചിട്ടില്ല. ബുദ്ധന്റെ ജീവിതത്തിലെ സംഭവങ്ങൾ യേശുവിന്റെ കാലം വരെയും രേഖപ്പെടുത്തപ്പെട്ടിരുന്നില്ല....തന്നിമിത്തം തങ്ങൾ ആഗ്രഹിച്ച തെന്തും ബുദ്ധനിൽ ആരോപിക്കാൻ ബുദ്ധമത പുരോഹിതന്മാർക്ക് നല്ല സന്ദർഭം ലഭിച്ചു. അതുകൊണ്ടു ബുദ്ധമതാനുയായികൾ സുവിശേഷങ്ങ ളിലെ എല്ലാ സംഭവങ്ങളെയും തങ്ങളുടെ ഗ്രന്ഥങ്ങളിൽ വീണ്ടും പ്രസാ ധിച്ചതായിരുന്നിരിക്കണമെന്നു കരുതുന്നതിൽ തെറ്റില്ല.... അത്തരം എല്ലാ സാദൃശ്യസാരൂപ്യങ്ങളും യേശു ഇന്ത്യ സന്ദർശിച്ചിരുന്നുവെന്ന പരമാർത്ഥ ത്തിൽനിന്നാണ് ഉടലെടുത്തിരിക്കുന്നത്. ഒരു നീണ്ട കാലം അദ്ദേഹം ബുദ്ധമതാനുയായികൾക്കിടയിൽ ജീവിച്ചുവെന്നതു അവർക്കു വലിയ ഭാഗ്യത്തിന്നു കാരണമായി" (Jesus in India. ഭാ.84-87)

നിക്കോളസ് നോട്ടോവിച്ചു എന്നു പേരായ റഷ്യൻ സഞ്ചാരികുറെ ക്കാലം തിബത്തിലെ ലാമമാർക്കിടയിൽ കഴിച്ചുകൂട്ടിയിരുന്നു. അദ്ദേഹം ഹിമിസിലെ സന്യാസിമഠത്തിൽ താമസിക്കുകയായിരുന്നപ്പോൾ (1887)യേ ശുവിനെ സംബന്ധിച്ചു തിബത്തൻ ഭാഷയിലുള്ള ലാമമാരുടെ ചില അമൂ ല്യരേഖകൾ കണ്ടെത്തുകയും* അവയുടെ തർജ്ജമകൾ തയ്യാറാക്കുകയു മുണ്ടായി. കുരിശു സംഭവാനന്തരം യേശു ആ പ്രദേശങ്ങളിൽ സഞ്ചരിച്ചിരു ന്നതായുള്ള വിവരണങ്ങൾ അദ്ദേഹം കാണുകയുണ്ടായെങ്കിലും ഒരു ബുദ്ധ ക്രിസ്ത്യാനിയായിരുന്ന അദ്ദേഹം അതിൽ വിശ്വാസം കൊള്ളാതെ യേശു കുരിശുസംഭവത്തിനു മുമ്പായി അപ്രദേശങ്ങളിൽ സഞ്ചരിച്ചിരു ന്നിരിക്കണമെന്ന നിഗമനത്തിലെത്തുകയും യേശുവിന്റെ "അജ്ഞാതജീ വിതത്തെപറ്റി ഒരു ഗ്രന്ഥമെഴുതുകയും ചെയ്തു. സുവിശേഷങ്ങളിൽ വിവ രിക്കപ്പെട്ടിട്ടില്ലാത്ത അജ്ഞാതയൗവനകാലം യേശു തിബത്ത്, കശ്മീർ തുടങ്ങിയ പ്രദേശങ്ങളിൽ കഴിച്ചുകൂട്ടിയിരുന്നിരിക്കണമെന്നും അതിൽ

*മറ്റൊരു റഷ്യൻ സഞ്ചാരിയായ പ്രഫസർ നിക്കോളസ് റോറിച് ()1923ൽ ഹിമിസ് സന്ദർശി ക്കുകയും 1500 കൊല്ലം പഴക്കമുള്ള ബുദ്ധമതക്കാരുടെ ഈ കയ്യെഴുത്തു രേഖകൾ പരി ശോധിച്ചു നോട്ടോവിച്ചിന്റെ പ്രസ്താവനകളെ സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. (Daily Express, Lond, D/29-5-1926)

പിന്നെ പലസ്തീനിൽ തിരിച്ചുപോയി സുവിശേഷം പ്രസംഗിച്ചിരുന്നിരിക്കാമെന്നുമാണദ്ദേഹം അഭിപ്രായപ്പെട്ടത്. കുരിശു സംഭവത്തെപറ്റിയുള്ള വിവരങ്ങൾ പ്രസ്തുത കയ്യെഴുത്തു രേഖകളിൽ കാണപ്പെടുമാറായതു കുരിശുസംഭവം കഴിഞ്ഞ ഉടനെ പലസതീനിൽനിന്നും കശ്മീരിലെത്തിയ യഹൂദവണിക്കുകൾ മുഖേന ആ വിവരം അറിയുവാനിടയായതിലനായിരിക്കണമെന്നും നോട്ടോവിച്ചു അഭിപ്രായപ്പെട്ടിരിക്കുന്നു. ആദ്യം ഫ്രഞ്ച് ഭാഷയിൽ രചിയ്ക്കപ്പെട്ട ഈ ഗ്രന്ഥത്തെപ്പറ്റി പ്രഫസർ മാക്സ്മുള്ളർ The alleged sojourn of Christ in India-എന്ന ശീർഷകത്തിൽ Nineteenth Century -എന്ന പത്രഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.(The Nineteenth Century. Lond. Oct. 1894)

ബുദ്ധന്റെ തത്വങ്ങളാൽ യേശു പ്രഭാവിതനായിരുന്നിരിക്കാമെന്ന വാദഗതിയെ മാക്സ്മുള്ളറും അനുകൂലിച്ചിട്ടുണ്ടെങ്കിലും "ക്രിസ്തുവിന്റെ കാലത്തു ബുദ്ധമതം പലസ്തീനിൽ അറിയപ്പെടുവാനിടയായ ചരിത്രപരമായ മാർഗ്ഗം കണ്ടുപിടിക്കുകയാണ് വിഷമകരമായിരിക്കുന്നത്" എന്നദ്ദേഹം വെട്ടിത്തുറന്നു പറഞ്ഞിട്ടുമുണ്ട്. ഈ ചിന്താഗതിയെപറ്റി ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറയുന്നു:

"യേശുവിന്റെ കാലത്തു ബുദ്ധമതതത്വങ്ങൾ പലസ്തീനിൽ എത്തിയെന്ന് ഏതെങ്കിലും പ്രകാരത്തിൽ തെളിയിക്കാൻ ആഗ്രഹിക്കുന്ന യൂറോപ്യൻ ഗവേഷകന്മാരുടെ ചിന്താരീതിയെ ഏതായാലും ഞാൻ അംഗീകരിക്കുന്നില്ല. പൗരാണിക ബുദ്ധമതഗ്രന്ഥങ്ങളിൽ യേശുവിന്റെ പേരും പരാമർശവും കാണപ്പെട്ടപ്പോൾ ഈ ഗവേഷകന്മാർ പലസ്തീനിൽ ബുദ്ധമതതത്വങ്ങളുടെ അടയാളം തെരയാൻ പുറപ്പെടുകയെന്ന തലതിരിഞ്ഞ മാർഗ്ഗം സ്വീകരിച്ചതു എത്രയും നിർഭാഗ്യകരമായിപ്പോയി. നേപാളത്തിലെയും തിബത്തിലെയും കശ്മീരിലെയും മലമ്പ്രദേശങ്ങളിൽ യേശുവിന്റെ അനുഗൃഹീത പാദമുദ്രകൾ കണ്ടുപിടിക്കാൻ അവർ എന്തുകൊണ്ടു പണിപ്പെടുന്നില്ല? എന്നാൽ, ഇരുളിന്റെ ഒരായിരം തിരശ്ശീലകൾക്കുള്ളിൽ മറഞ്ഞുകിടക്കുന്ന ആ സത്യത്തെ ഈ ഗവേഷകന്മാർക്ക് കണ്ടെത്താൻ കഴിയുകയില്ലെന്നു എനിക്കറിയാം" (ഭാ.94-95)

യേശു കിഴക്കൻ ദിക്കിലേയ്ക്കു പ്രയാണം ചെയ്തപ്പോൾ അദ്ദേഹത്തിന് വലിയ ബഹുമാനം കിട്ടിയിരുന്നുവെന്നും ജനങ്ങൾ കൂട്ടം കൂട്ടമായി അദ്ദേഹത്തിൽ വിശ്വസിക്കുകയുണ്ടായെന്നും ബുദ്ധമതം സ്വീകരിച്ചിരിക്കുന്ന ഇസ്രായീൽക്കാരെല്ലാം 'മൈത്രേയാ' (മത്തിയ്യാ, മസീഹാ, മസീഹ്) വെളിപ്പെടുമെന്നുള്ള ബുദ്ധന്റെ പ്രവചനം യേശുവിന്റെ പ്രാദുർഭാവത്തോടെ സാക്ഷാൽക്കരിക്കപ്പെട്ടതായി ബോദ്ധ്യപ്പെടുകയാൽ യേശുവിന്റെ ശിഷ്യന്മാരായിത്തീർന്നുവെന്നും, അങ്ങനെ സ്വന്തം രാജ്യത്തിന്നപ്പുറം താൻ ബഹുമാനിക്കപ്പെടുമെന്ന യേശുവിന്റെ പ്രവചനം അതുവഴി പുലരുകയുണ്ടായെന്നും ഹദ്റത്ത് അഹ്മദ് (അ) യുക്തിപൂർവ്വം തെളിയിച്ചിട്ടുണ്ട്. പാലി ഭാഷയിൽ യേശുവിന്റെ പേർ കൊത്തിയ നാണയം പഞ്ചാബിൽനിന്നു കണ്ടെടുത്തിട്ടുണ്ടെന്നും അതിന്നു യേശുവിന്റെ കാല

ത്തോളം പഴക്കമുണ്ടെന്നും യേശുവിൽ വിശ്വസിച്ച ഒരു രാജാവ് നടപ്പാക്കിയതായിരിക്കാവുന്ന ഈ നാണയത്തിന്നു പുറമെ യേശുവിന്റെതെന്നു തോന്നുന്ന ഒരു ഇസ്രായില്യന്റെ രൂപം കൊത്തിയ മറ്റൊരു നാണയവും കണ്ടെടുക്കപ്പെട്ടിട്ടുണ്ടെന്നും 'ഞാൻ എവിടെയായിരുന്നാലും ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു' എന്നു ഈസാനബി (അ) പറഞ്ഞതായി ഖുർആൻ പ്രസ്താവിച്ചതിലടങ്ങിയ സത്യത്തെയാണിതെല്ലാം തെളിയിക്കുന്നതെന്നും ഹദ്റത്ത് അഹ്മദ് (അ) പ്രസ്തുത ഗ്രന്ഥത്തിൽ സിദ്ധാന്തിച്ചിരിക്കുന്നു (ഭാ.61,62)

വാഗ്ദത്ത മസീഹ് കുരിശിനെ ഉടയ്ക്കുമെന്ന പ്രവചനത്തെ പരാമർശിച്ചു ഹദ്റത്ത് അഹ്മദ് (അ)ഇപ്രകാരം പറയുന്നു: 'വാഗ്ദത്ത മസീഹ് വെളിപ്പെടുന്ന കാലംവരെ കുരിശുമതം തളരുകയോ അതിന്റെ പുരോഗതിയെ തടയാനാവുകയോ ചെയ്കയില്ലെന്നു തിരുനബി (സ) പ്രവചിച്ചിട്ടുണ്ട്. വാഗ്ദത്ത മസീഹിന്റെ കൈയ്ക്കാണ് കുരിശുടയ്ക്കൽ സാധിക്കേണ്ടത്. വാഗ്ദത്ത മസീഹിന്റെ കാലത്തു കുരിശുസംഭവത്തിന്റെ യഥാർത്ഥ്യം തുറന്നു കിടക്കുമാറാകുന്ന പരിസ്ഥിതികൾ ദൈവം സംജാതമാക്കുമെന്നാണ് പ്രവചനത്തിന്റെ സൂചന. പിന്നെ അന്ത്യം വന്നെത്തും. കുരിശുമതത്തിന്റെ കാലയളവ് അതോടെ പൂർത്തിയാകും. എന്നാലതു അക്രമപരമായ യുദ്ധത്തിലൂടെയല്ല, ന്യായവാദത്തിന്റെയും കണ്ടുപിടിത്തത്തിന്റെയും രൂപത്തിൽ ലോകത്ത് വെളിപ്പെടുന്ന സ്വർഗ്ഗീയ സഹായോപാധികളിലൂടെ. ബുഖാരിയും മറ്റും രേഖപ്പെടുത്തിയ ഹദീസിന്റെ താല്പര്യം ഇതുതന്നെയാണ്. അതിനാൽ വാഗ്ദത്തമസീഹ് വെളിപ്പെടുന്ന കാലംവരെ, ഈന്യായവാദങ്ങളും നിർണ്ണായകങ്ങളായ തെളിവുകളും ദൈവം വെളിപ്പെടുത്താതിരിക്കേണ്ടതുണ്ടായിരുന്നു. അങ്ങനെ, അക്കാലം വന്നെത്തിരിയിക്കുകയാണ! വാഗ്ദത്തമസീഹിന്റെ കാലംമുതൽക്കങ്ങോട്ട് ജ്ഞാനദൃഷ്ടികൾ തുറക്കപ്പെടുകയും ഈ പ്രശ്നത്തെക്കുറിച്ചു ചിന്തകന്മാരെല്ലാം ചിന്തിച്ചു തുടങ്ങുകയും ചെയ്യും. എന്തെന്നാൽ, ദൈവത്തിന്റെ മസീഹ് വെളിപ്പെട്ടിരിക്കുന്നു. ഇപ്പോൾ ബുദ്ധിയ്ക്ക് കൂർമ്മം കൂട്ടേണ്ടിയിരിക്കുന്നു. ഹൃദയങ്ങൾ ശ്രദ്ധാബദ്ധങ്ങളാകേണ്ടിയിരിക്കുന്നു. പേനകൾ ഊർജ്ജസ്വലങ്ങളായിത്തീരട്ടെ! സകലരും അരമുറുക്കി പ്രവർത്തിക്കുമാറാകണം. എന്തെന്നാൽ, സ്വർഗ്ഗത്തിൽ പ്രകാശിച്ചിരിക്കുന്നതു ഭൂമിയെയും പ്രകാശോജ്ജ്വലമാക്കാതിരിക്കില്ല. ഈ പ്രകാശത്തിൽ പങ്കുനേടുന്നവനത്രെ അനുഗൃഹീതനും അതിഭാഗ്യവാനും" (ഭാ.72,73)

ശ്രീനഗറിലെ ശിലാകുടീരത്തെകുറിച്ചു കൂടുതൽ അന്വേഷണങ്ങൾ നടത്തുന്നതിനുവേണ്ടി ഹദ്റത്ത് അഹ്മദ് (അ) തന്റെ ഒരു പ്രമുഖ ശിഷ്യനായ ഹദ്റത്ത് ഖലീഫാ നൂറുദ്ദീൻ സാഹിബ് ജമ്മൂനിയെ (1847- 1942) കശ്മീരിലേയ്ക്കയക്കുകയുണ്ടായി. അദ്ദേഹം നാലു മാസക്കാലം കശ്മീരിൽ താമസിച്ചശേഷം ഖബറിന്റെ ഒരു ചിത്രത്തോടുകൂടി 1899 സപ്തംബർ 17-ാം തിയ്യതി ഖാദിയാനിൽ തിരിച്ചെത്തി. പ്രസ്തുത ശിലാകുടീരത്തെപറ്റി പ്രചാരത്തിലുള്ള ഐതിഹ്യങ്ങളെ കുറിച്ചും ഖബറിന്റെ പേരുകളെ

കുറിച്ചും തദ്ദേശീയരായ 556 പേർ സാക്ഷ്യപ്പെടുത്തിയ ഒരു രേഖയും അദ്ദേഹം കൊണ്ടുവരികയുണ്ടായി.

നസിബൈൻ, കോഹെ- നുഅ്മാൻ, കാബൂൾ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു ചരിത്രഗവേഷണം നടത്തുന്നതിനു ഒരു വിദഗ്ദ്ധസംഘത്തെ പ്രേഷണം ചെയ്യാനും ഹദ്റത്ത് അഹ്മദ് (അ) ആഗ്രഹിച്ചു. 'റൗസത്തുസ്സഫാ' എന്ന അതിപുരാതന ചരിത്രഗ്രന്ഥത്തിൽ നസീബൈനിലെ രാജാവ് ഈസാനബിയെ തന്റെ അടുക്കലേയ്ക്കു ക്ഷണിക്കുകയുണ്ടായെന്നു പ്രസ്താവിച്ചു കണ്ടതാണ് യേശു അവിടെ സഞ്ചരിച്ചതായുള്ള ചരിത്രതെളിവുകളും പുരാതനരേഖകളും ശേഖരിക്കുന്നതിന്നു ഈ പഠനസംഘത്തെ പ്രേഷണം ചെയ്യാൻ അദ്ദേഹം ആലോചിച്ചത്. മീർസാ ഖുദാബക്ഷ് സാഹിബ് മിയാൻ ഖൈറുദ്ദീൻ സാഹിബ്, മൗലവി ഹക്കീം ഖുത്ബുദ്ദീൻ സാഹിബ്, എന്നിവരായിരുന്നു സംഘാംഗങ്ങൾ. 1899 നവമ്പർ 12-ാം തിയ്യതി അവർക്കു യാത്രയയപ്പ് നൽകുകപോലുമുണ്ടായെങ്കിലും ചില അപ്രതീക്ഷിത കാരണങ്ങളാൽ നീട്ടിവെക്കാനിടയായ പ്രസ്തുത യാത്ര പിന്നീടു നടത്താൻ സാധിക്കാതെ വരികയാണുണ്ടായത്.

കുരിശു സംഭവത്തിന്നുശേഷം യേശു നടത്തിയ യാത്രകളെ സംബന്ധിച്ച വിവരങ്ങളെല്ലാം ലോകത്തെങ്ങും മൂടിവെക്കപ്പെടുകയാണുണ്ടായതെന്ന വസ്തുത മറന്നുകൂടാ. ലോകത്തിലെ മൂന്നു പ്രധാന മതങ്ങൾക്കും ഇതാവശ്യമായിത്തീർന്നിരുന്നു. യേശുവെ ഒരു കള്ളവാദിയും ശപ്തനുമാക്കിക്കാണിക്കാൻ യേശു കുരിശിന്മേൽ മരിച്ചുവെന്നു വരുത്തേണ്ടതു ജൂതന്മാരുടെ ആവശ്യം. മനുഷ്യവംശത്തിന്റെ പാപപൊറുതിക്കായി യേശു കുരിശിൽ മരിച്ചുവെന്ന വിശ്വാസം സ്വീകരിച്ചുകഴിഞ്ഞ ക്രിസ്ത്യാനികൾ തെളിവുകളെല്ലാം നശിപ്പിക്കാൻ ബദ്ധപ്പെട്ടിരുന്നു. 'അഹ്ല്കിത്ത' ബിനാൽ വഴിപിഴപ്പിക്കപ്പെടുമാറായ മുസ്ലിംകളാകട്ടെ, ഈസാനബി(അ) ക്രൂശാരോഹണത്തിനിരയാകാതെ ആകാശത്തേയ്ക്കുയർന്നുപോയെന്ന വിശ്വാസം കൈക്കൊണ്ടിരുന്നതിനാൽ, ഇക്കാര്യത്തിൽ ശ്രദ്ധിച്ചതേയില്ല. കാലക്രമത്തിൽ യേശു കുരിശിൽനിന്നു രക്ഷപ്പെട്ടിട്ടുണ്ടെന്ന വസ്തുത തുടച്ചുനീക്കപ്പെടേണ്ട ഒരബദ്ധധാരണമാത്രമായി കരുതപ്പെടുകയും ചെയ്തു. യേശുവിന്റെ അനുയായികളായിത്തീർന്നിരുന്ന മദ്ധ്യേഷ്യയിലെയും ഉത്തരേന്ത്യയിലെയും ഇസ്രായീൽക്കാർ പിന്നീടു കൂട്ടത്തോടെ മുസ്ലിംകളായിത്തീരുകയും ഇസ്ലാംമതസമുദായത്തിൽ പൂർണ്ണമായും ലയിക്കുകയും ചെയ്തതിനാൽ, അവരുടെ ക്രൈസ്തവസംസ്കാരങ്ങളുടെയും ആചാരമര്യാദകളുടേയും മതപാരമ്പര്യങ്ങളുടേയും സകല അടയാളങ്ങളും അപ്രത്യക്ഷമാവുകയുമുണ്ടായി.

ശ്രീനഗറിലെ ഖബർ യേശുവിന്റെതുതന്നെയെന്നു ഇന്നിപ്പോൾ തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. അതു തുറന്നുനോക്കാനൊരുങ്ങുന്ന പക്ഷം പുരാതന യഹൂദ പാരമ്പര്യമനുസരിച്ചു ശിലാകുടീരത്തിൽ നിന്നു സ്മരകഫലകങ്ങളോ ലേഖനങ്ങളോ ലഭിക്കാതിരിക്കില്ലെന്നു ഹദ്റത്ത് അഹ്മദ്

(അ)തന്റെ 'അൽഹുദാ' (41)എന്ന ലഘുകൃതിയിൽ ഉച്ചൈസ്തരം ഘോഷിച്ചിട്ടുണ്ട്.

യേശുവിന്റെ ഖബറിനെ കുറിച്ചുള്ള കണ്ടുപിടുത്തം മുഖേന വാഗ്ദത്തമസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) കുരിശിനെ ഉടച്ചുകഴിഞ്ഞിരിക്കുന്നു! ലോകക്രൈസ്തവ നേതൃത്വം ഈ മാർമ്മിക പ്രശ്നത്തിൽ നിശ്ശബ്ദരും നിരുദ്ധകണ്ഠരും ആയിരിക്കുന്നുവെന്ന വസ്തുതതന്നെ ഇതിലേയ്ക്കു തെളിവാകുന്നു. പല പ്രസിദ്ധ ക്രൈസ്തവനേതാക്കളും ഈ ഖബർ ഒളിഞ്ഞും തെളിഞ്ഞും സന്ദർശിക്കുകയുണ്ടായിട്ടുണ്ട്. റവ: എച്ച്. ഏ. വാൾട്ടർ എം. ഏ. 1913 ൽ അവിടം സന്ദർശിക്കുകയും യുസ് ആസ്ഫ് എന്ന പേരിലറിയപ്പെടുന്ന ഒരു പ്രവാചകന്റെ കബറാണതെന്നു ശതാബ്ദങ്ങളായി അന്നാട്ടുകാർ പരമ്പരയാ കേട്ടുവന്നിട്ടുള്ളതായ വസ്തുതയെ സാക്ഷീകരിക്കുകയും ചെയ്തിട്ടുണ്ട്.* ഇന്ത്യാ വൈസ്രായിയായിരുന്ന ഫാലിഫാക്സ് (ഇർവിൻ) പ്രഭുവാണ് മറ്റൊരു പ്രാമാണിക സന്ദർശകൻ**

ലോക വിശ്രുത ക്രൈസ്തവ മിഷണറിയായിരുന്ന ഡോ. സ്യൂമർ (Dr.Zuemer) 'അസ്സിർറുൽ അജീബ് ഫീ ഫഖ്രിസ്സലീബ്' എന്ന അറബി ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:

"അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ സംഘടിത തബ്ലീഗ് പ്രവർത്തനം മുഖേന മുസ്ലിം ലോകത്തെങ്ങും ഈ പുതിയ സിദ്ധാന്തത്തെ പ്രചരിപ്പിക്കുന്നു" (ഭാ,27), "നമ്മുടെ ഈ വിശ്വാസം (കുരിശുമരണം) അസത്യമാണെങ്കിൽ ക്രിസ്തുമതം മുഴുവനും അസത്യമാണ്" (ഭാ.40).

*The Ahmadiyya Movement -H.A.Walter, M.A.p.93.

**ഇൻവിൻപ്രഭു ഇന്ത്യാ വൈസ്രായിയായിരുന്നപ്പോൾ കാശ്മീർ നാട്ടുരാജ്യത്തിലെ ഒരു മന്ത്രിയായിരുന്ന G.E.C.wakefield C.I.E.O.B.E ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ""I took him (Lord Irwin) to see Christ's tomb in Srinagar. The Ahmady Sect of Mohammadans believe that Christ was taken down from the cross, revived and....Lord Irwin was interested but just looked and said never a word (Recollections 50years in the Service of india. Published by The Civil£ Military Gazette, Lahore p.197)

47- 'ഖുത്ത്ബ ഇൽഹാമിയ്യ'

1900 ഏപ്രിൽ 13-നുത്തെ 'ഈദുൽ അസ്ഹാ' സുദിനത്തിൽ പങ്കെടുക്കാൻ മുന്നൂറോളം അനുചരന്മാർ നാട്ടിന്റെ നാനാ ഭാഗങ്ങളിൽ നിന്നുമായി ഖാദിയാനിൽ ഒരുമിച്ചുകൂടി. സിയാൽക്കോട്ടു, ബട്ടാല, അമൃത്സർ, ലാഹൗർ, വസീറാബാദ്, ജമ്മു, പിശാവർ, ഗുജറാത്ത്, ഝലം, റാവൽപിണ്ഡി, കപൂർത്തല, ലുധിയാന, പട്ടിയാല, ബോംബെ, സനൗർ, ലക്നോ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ളവരായിരുന്നു അവർ.

ഖാദിയാനിൽ സമ്മേളിച്ച തന്റെ ശിഷ്യന്മാരുടെയെല്ലാം പേരുവിവരങ്ങൾ ഒരു പട്ടികയിലാക്കി തനിയ്ക്കു സമർപ്പിക്കണമെന്നു 'അറഫാത്ത്' ദിനത്തിൽ ഹദ്റത്ത് അഹ്മദ് (അ) സ്വശിഷ്യമുഖ്യനായ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിനോടു ആവശ്യപ്പെടുകയും താനവർക്കു വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുന്ന താണെന്നറിയിക്കുകയും ചെയ്തു. അന്നത്തെ ഖുത്ബ അറബിഭാഷയിൽ നിർവ്വഹിക്കണമെന്ന് തനിക്കു ദൈവകല്പനയുണ്ടായിരിക്കുന്നതായി ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടിയോടു പറയുകയുമുണ്ടായി.

ഈദ് നമസ്കാരം മൗലാനാ അബ്ദുൽകരീം സാഹബിന്റെ നേതൃത്വത്തിൽ നടന്നു. തദനന്തരം ഹദ്റത്ത് അഹ്മദ്(അ)ഖുത്ബ നിർവ്വഹിക്കുന്നതിന്നായി എഴുന്നേറ്റു നിന്നു. ഉർദുവിലാണ് ഖുത്ബ ആരംഭിച്ചത്. ഇസ്ലാം മതതത്വങ്ങൾ മറ്റെല്ലാ മതതത്വങ്ങളെയ്ക്കാൾ ഉൽകൃഷ്ടമാണെന്നു അദ്ദേഹം ഊന്നിപ്പറഞ്ഞു. ഇസ്ലാം മാത്രമാണ് ജീവനുള്ള മതം. മറ്റെല്ലാം മൃതപ്രായങ്ങളാകുന്നു. തന്റെ നിയോഗോദ്ദേശം വിവരിച്ചുകൊണ്ടിപ്രകാരം തുടർന്നു: 'ഏകദൈവവിശ്വാസം ജനഹൃദയങ്ങളിൽ രൂഢമൂലമാക്കുകയും ഭൂതദയ, സ്നേഹം, സമഭാവന ഇത്യാദി നന്മകളെ ജനങ്ങളിൽ വളർത്തുകയും ചെയ്കയാണ് എന്റെ ദൗത്യത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ.

പിന്നീട്, ഹദ്റത്ത് അഹ്മദ്(അ) അറബി ഭാഷയിൽ പ്രസംഗം ആരംഭിച്ചു. മൗലാനാ നൂറുദ്ദീൻ (റ), മൗലാനാ അബ്ദുൽകരീം സിയാൽകോട്ടി(റ) എന്നീ ശിഷ്യപവരന്മാരോടു തന്റെ പ്രഭാഷണം ആ മൂലാഗ്രം രേഖപ്പെടുത്തിക്കൊള്ളാൻ ആജ്ഞാപിച്ചിരുന്നു മറ്റു പലരും എഴുതിയെടുക്കാൻ തയ്യാറായി. സകലരും പ്രഭാഷണത്തിൽ ദത്തശ്രദ്ധരായിരുന്നു. കൂടിയിരുന്നവരിൽ അനേകർക്കും ആ പരഭാഷാപ്രസംഗം ദുർഗ്രാഹ്യമായിരുന്നുവെങ്കിലും അവർ വാഗ്ദത്ത മസീഹിന്റെ മുഖാരവിന്ദത്തിൽ തദവസരത്തിൽ

ഖുത്ബ ഇൽഹാമിയ്യ വെളിപ്പെട്ട സ്ഥലം
മസ്ജിദ് അഖ്സയിലെ ഈ മുറിയിൽവെച്ചാണ്
ഹദ്റത്ത് അഹ്മദ് ഖുത്ബ നടത്തിയത്

പ്രകടിതമായ ഭാവമാറ്റങ്ങളിൽ ദൃഷ്ടികളുറപ്പിച്ചു. അസാധാരണമായ ഒരു ദിവ്യതേജോപ്രസരം ആ മുഖത്ത് കളിയാടുകയായിരുന്നു. രക്താഭമായ ഗണ്ഡസ്ഥലങ്ങളും നിമീലിതങ്ങളായ നേത്രങ്ങളും അർദ്ധപ്രവണമായ ശിരോഭാരവും വിശാലഫാലദേശവും ഏതോ അലൗകികാനുഭൂതിയിലാണാ ദിവ്യപുരുഷനെന്ന വസ്തിതയെ പ്രഖ്യാപനം ചെയ്തിരുന്നു. നിസ്തന്ദ്രമായി പ്രവഹിച്ചുകൊണ്ടിരുന്ന ആ പ്രഭാഷണത്തിന്റെ ശൈലീഭംഗിയും ശബ്ദഗാംഭീര്യവും നിസ്തുല്യമനോഹരമായിരുന്നു. ഒരു മണിക്കൂർ നേരം നീണ്ടുനിന്ന ആ അറബി ഖുത്ബ ആദ്യന്തം ഒരു വെളിപാടു പ്രസംഗം തന്നെയായിരുന്നുവെന്നു പറഞ്ഞാൽ മതിയല്ലോ!

വല്ല പദവും ദുർധാര്യമായിരിക്കുന്നുവെങ്കിൽ അപ്പോൾതന്നെ ചോദിച്ചു സംശയനിവൃത്തി വരുത്തിക്കൊള്ളേണ്ടതാണെന്നും തനിയ്ക്കു തന്നെയും പിന്നീടു അതു വ്യക്തമാക്കാൻ കഴിയാതെ വന്നേയ്ക്കുമെന്നും ഹദ്റത്ത് അഹ്മദ് (അ)പ്രസംഗമദ്ധ്യേ എഴുത്തുകാരോടു നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. അറബി ഭാഷയിലുള്ള പ്രഭാഷണത്തിന്റെ ഒരു ഗംഗാപ്രവാഹമാണ് പിന്നെയുണ്ടായത്. ബഹുഭാഷാശാസ്ത്രപാരംഗതരായ ആ രണ്ടു നിയുക്തലേഖകർക്കും ചിലപ്പോൾ പദങ്ങളെക്കുറിച്ചു സംശയനിവൃത്തി വരുത്തേണ്ടിവരാതിരുന്നുമില്ല.

ഹദ്റത്ത് അഹ്മദ്(അ) ഇതിന്നുമുമ്പു ഒരിക്കലും തന്നെ അറബിഭാഷയിൽ പ്രസംഗിച്ചിട്ടുണ്ടായിരുന്നില്ല. അറബി ഗ്രന്ഥങ്ങൾ രചിക്കുകയും അറബി 'ഖസീദ'കൾ നിർമ്മിക്കുകയും ഇക്കാര്യത്തിൽ തന്നോടു മത്സരിക്കാൻ ലോകവിശ്രുതന്മാരായ പണ്ഡിതകേസരികളെ ആഹ്വാനം ചെയ്കയും ചെയ്തിട്ടുണ്ടായിരുന്നുവെങ്കിലും അറബി ഭാഷയിൽ പ്രസംഗം ചെയ്യാനുള്ള സന്ദർഭം ഒരിക്കലും ലഭിച്ചിരുന്നില്ല. എന്നാൽ, അല്ലാഹുവിൽ നിന്നു കല്പന കിട്ടിയപ്പോൾ ആ അത്ഭുതകൃത്യത്തിന്നു അദ്ദേഹം ഉടൻ തയ്യാറാകുകയും അക്ലിഷ്ടമനോഹരമായി ഖുത്ബാപ്രസംഗം നിർവ്വഹിക്കുകയും ചെയ്തു. ആ പ്രഭാഷണത്തിന്റെ കലാപരവും വൈജ്ഞാനികവുമായ മേന്മ അറബി സാഹിത്യ കലാകുശന്മാരായ ശത്രുക്കൾ പോലും അംഗീകരിച്ചു കഴിഞ്ഞിട്ടുമുണ്ട്.

പ്രസ്തുത ഖുത്ബാവേളയിൽ തനിയ്ക്കുണ്ടായ ആത്മീയാവസ്ഥയെപറ്റി ഹദ്റത്ത് അഹ്മദ് (അ) 'ഹക്കീക്കത്തുൽ വഹ്യ്' എന്ന തന്റെ പിൽക്കാലഗ്രന്ഥത്തിൽ ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്:

"അങ്ങനെ, ഞാൻ പെരുന്നാൾ നമസ്കാരാനന്തരം ഈദ്ഖുത്ബ അറബിയിൽ ഓതുന്നതിന്നായി എഴുന്നേറ്റു നിന്നു. അദൃശ്യനിലയിൽ എനിയ്ക്കതിനുള്ള പ്രത്യേക കഴിവ് നൽകപ്പെട്ടതായി അല്ലാഹുവിന്നറിയാം. ആ ചമൽക്കാരപൂർണ്ണമായ പ്രസംഗം അറബിഭാഷയിൽ എന്റെ വായിലൂടെ പുറപ്പെട്ടുകൊണ്ടിരുന്നതു എന്റെ കഴിവിന്നു തികച്ചും അതീതമായിരുന്നു. കുറെ അദ്ധ്യായങ്ങളോടുകൂടിയ അത്രയും സുദീർഘമായ ഒരു പ്രഭാഷണം അത്രയും സുന്ദരമായ ചമൽക്കാരങ്ങളോടും ശൈലീവിലാസങ്ങളോടുകൂടി, മുൻകൂട്ടി കടലാസ്സിലെഴുതിക്കുറിച്ചിട്ടല്ലാതെ

ലോകത്ത് ആർക്കെങ്കിലും ദിവ്യവെളിപാടിന്റെ അഭാവത്തിൽ, കേൾപ്പിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. 'ഖുത്ബ ഇൽഹാമിയ്യ' എന്നു പേർ നൽകപ്പെട്ട ഈ അറബി പ്രസംഗം നിർവ്വഹിക്കുന്നവസരത്തിൽ ഏതാണ്ടു ഇരുന്നൂറിൽപരം ശ്രോതാക്കളുണ്ടായിരുന്നിരിക്കണം. 'സുബ്ഹാനല്ലാഹ്' ആ അവസരത്തിൽ അദൃശ്യഭാഗത്തുനിന്നു ഒരു ദിവ്യപ്രവാഹം പൊട്ടിയൊഴുകുകയായിരുന്നു! ഞാൻ സംസാരിക്കുകയായിരുന്നുവോ, അതോ എന്റെ നാവിലൂടെ ഏതോ ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു സംസാരിക്കുകയായിരുന്നുവോ എന്നെനിയ്ക്കറിഞ്ഞുകൂടാ! എന്തെന്നാൽ, ആ പ്രഭാഷണത്തിൽ എനിയ്ക്കൊരു കയ്യും ഇല്ലെന്നു എനിയ്ക്കു നിശ്ചയമുണ്ടായിരുന്നു. വാചകങ്ങൾ അങ്ങനെ എന്റെ നാവിലൂടെ അനർഗ്ഗളമായി പ്രവഹിച്ചുകൊണ്ടിരുന്നു. ആ ഓരോ വാചകവും എന്നെ സംബന്ധിച്ചേടത്തോളം ഓരോ അത്ഭുതമായിരുന്നു. ഇതു ദൈവം വെളിപ്പെടുത്തിയ ഒരു വൈജ്ഞാനികദൃഷ്ടാന്തമത്രെ. ഇതിനോടു കിടപിടിക്കുന്ന മറ്റൊരു സംഭവം ആർക്കുമാർക്കും എടുത്തുകാണിക്കാൻ സാധിക്കുന്നതല്ല" (ഹഖീഖത്തുൽ വഹ്യ്, 1906,ഭാ.362, 363)

ചില ഘട്ടങ്ങളിൽ, ചില പദങ്ങളും വാചകങ്ങൾതന്നെയും തന്റെ കൺമുമ്പിൽ പ്രത്യക്ഷപ്പെടുകയും താനവ വായിച്ചുകൊണ്ടിരിക്കുകയുമാണുണ്ടായതെന്നും ഇങ്ങനെ വെളിപ്പെടുത്തപ്പെട്ട ചില പദങ്ങളുടെ അർത്ഥംപോലും താൻ പിന്നീടു നിഘണ്ഡുക്കൾ നോക്കി മനസ്സിലാക്കുകയാണ് ചെയ്തിരുന്നുതെന്നും ഹദ്റത്ത് അഹ്മദ് (അ) പ്രസ്താവിച്ചതായി ചില നിവേദനങ്ങളിൽ കാണുന്നുണ്ട്.

ഖുത്ബ അവസാനിച്ച ഉടനെ ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) പ്രസംഗത്തിന്റെ ഉർദു തർജ്ജമ കേൾപ്പിക്കുന്നതിന്നായി എഴുന്നേറ്റുനിന്നു. അപ്പോഴേയ്ക്കും ഹദ്റത്ത് അഹ്മദ് (അ) ദൈവത്തിന്നുള്ള കൃതജ്ഞതാസൂചകമായി 'സുജൂദ്' (സാഷ്ടാംഗ പ്രണാമം) ചെയ്യാൻ തുടങ്ങിക്കഴിഞ്ഞിരുന്നു! ഉടൻതന്നെ അവിടെ സന്നിഹിതരമായ ശിഷ്യജനങ്ങളെല്ലാം അദ്ദേഹത്തെ പിന്തുടരുകയും കൃതജ്ഞതാസാഷ്ടാംഗത്തിൽ പങ്കുകൊള്ളുകയും ചെയ്തു. 'സുജൂദി'ൽ നിന്നു എഴുന്നേറ്റ ഉടനെ ആ ദിവ്യാത്മാവ് ഇപ്രകാരം പറഞ്ഞു: "ഇപ്പോൾ ഞാൻ രക്താക്ഷരങ്ങളിൽ 'മുബാറക്ക്' (അഭിനന്ദനങ്ങൾ) എന്നു എഴുതപ്പെട്ടുകണ്ടു. ഇതു പ്രാർത്ഥന സ്വീകരിക്കപ്പെട്ടതിന്റെ ഒരടയാളമാകുന്നു".

ഈദുൽ അസ്ഹായിലെ ബലികർമ്മത്തിന്റെ താത്വികവശവും അതിന്റെ ഉദ്ദേശലക്ഷ്യങ്ങളും 'ഖുത്ബ ഇൽഹാമിയ്യ'യിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. പെരുന്നാളിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന കൂത്താട്ടങ്ങളെയും ദുരാചാരങ്ങളെയും അദ്ദേഹം നിശിതമായി വിമർശിച്ചു. അവ ഇസ്ലാംമതപാഠങ്ങളുമായി പൊരുത്തപ്പെടാത്തവയാണെന്നു വ്യക്തമാക്കുകയുമുണ്ടായി.

തുടർന്നു തന്റെ ദൗത്യത്തെപറ്റി ഇപ്രകാരം പറയുന്നു: 'അതിനാൽ ഈ കാളരാത്രിയുടെയും ഇരുൾക്കാറ്റിന്റെയും കാലത്തിലിതാ അല്ലാഹുവിന്റെ കാരുണ്യാതിരേകം ഒരു സ്വർഗ്ഗീയമായ പ്രകാശത്തെ അയച്ചിരിക്കു

ന്നു. ഹേ,ജനങ്ങളെ അറിഞ്ഞുകൊൾവിൻ, ഞാനത്രെ ആ പ്രകാശം! ആ ദൈവനിയുക്തനായ സമുദ്ധാരകൻ ഞാനാകുന്നു. ദൈവത്തിന്റെ പിന്തുണ ലഭിച്ച വൃതദാസൻ; ദൈവത്താൽ നിയുക്തനായ മഹ്ദി ഇമാമും വാഗ്ദത്തമസീഹും. മറ്റാർക്കും അറിഞ്ഞു കൂടാത്ത ഉന്നതസ്ഥാനം ദൈവം എനിയ്ക്കു നൽകിയിരിക്കുന്നു. എന്നെ കുറിച്ചുള്ള രഹസ്യം മറഞ്ഞുകിടക്കുകയത്രെ. സാധാരണക്കാർ പോകട്ടെ, ദൈവവുമായി അനല്പസാമീപ്യം സിദ്ധിച്ചവരിൽ നിന്നു പോലും ആ രഹസ്യം എത്രയോ വിദൂരം....

"നിശ്ചയമായും, അടയാളങ്ങൾ വെളിപ്പെടുകയും വ്യക്തമായ ദൃഷ്ടാന്തങ്ങൽ നൽകപ്പെടുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. തർക്കങ്ങളെല്ലാം അപ്രത്യക്ഷമായിരിക്കുന്നതു നിങ്ങൾ അറിയുന്നില്ലേ? സൂര്യചന്ദ്രഗ്രഹണങ്ങൾ ഒന്നിച്ചൊരു റമസാൻ മാസത്തിൽ സംഭവിച്ചതു നിങ്ങൾക്കറിവില്ലേ? എന്റെ പ്രവചനപ്രകാരം ചിലർ മരണമടഞ്ഞു. എന്നാൽ, നിങ്ങളോ ചിന്തിക്കുന്നില്ല. എനിയ്ക്കുവേണ്ടി എത്രയോ അടയാളങ്ങൾ പ്രത്യക്ഷമായി. നിങ്ങളോ, ശ്രദ്ധിക്കുവാൻ കൂട്ടാക്കുന്നില്ല. ഭൂമിയും ആകാശവും ജലവും നിലവും എല്ലാം എനിയ്ക്കുവേണ്ടി സാക്ഷികളായി. നിങ്ങളോ ഭയപ്പെടുമാറില്ല! എന്റെ വാദങ്ങളുടെ സത്യം സംസ്ഥാപിക്കാനായി യുക്തിയും വെളിപാടും ദൃഷ്ടാന്തങ്ങളും ലക്ഷ്യങ്ങളും പരസ്പരം പിന്താങ്ങി. മറ്റനേകം അടയാളങ്ങളും സ്വപ്നങ്ങളും ദിവ്യദർശനങ്ങളും എനിയ്ക്കനുകൂലമായി പുലർന്നു: ചിന്തിയ്ക്കുന്നവർക്ക് നിശ്ചമായും ഇതൊക്കെ തന്നെയും മഹത്തായ അടയാളങ്ങളത്രെ...."

ഒരത്ഭുതലക്ഷ്യമായ ഈ 'ഖുത്ബ ഇൽഹാമിയ്യ' ഹൃദിസ്ഥമാക്കണമെന്നു ഹദ്റത്ത് അഹ്മദ് (അ) സ്വശിഷ്യമാരോടു ഉപദേശിച്ചു. അതനുസരിച്ചു പ്രസിദ്ധ സഹാബികളെല്ലാം മന:പാഠമാക്കിത്തുടങ്ങി. അറബി ഭാഷയിൽ അസാമാന്യപണ്ഡിതനായിരുന്ന മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽകോട്ടിയും അക്കൂട്ടത്തിലൊരാളായിരുന്നു. അദ്ദേഹം അതു പലപ്പോഴും പള്ളിയിൽവച്ചു മന:പാഠം ചൊല്ലികേൾപ്പിക്കാറുണ്ടായിരുന്നു. അക്കാലത്തു ഖാദിയാനിലെ കുട്ടികളുടെയെല്ലാം ചുണ്ടത്ത് 'ഖുത്ബ ഇൽഹാമിയ'യിലെ വാചകങ്ങൾ തന്നെയായിരുന്നുവെന്നും കുട്ടികൾപോലും അതു ഹൃദിസ്ഥമാക്കിപ്പോന്നിരുന്നുവെന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. 1902ലാണ് 'ഖുത്ബ ഇൽഹാമിയ' (42)പുസ്തകരൂപത്തിൽ പുറത്തുവന്നത്. അപ്പോൾ, ഹദ്റത്ത് അഹ്മദ് (അ) അതിൽ ഏതാനും ഭാഗങ്ങൾകൂടി എഴുതിചേർക്കുകയുണ്ടായിട്ടുണ്ട്. പിന്നീടു ഈ ഗ്രന്ഥത്തിന്റെ പാർസി, ഉർദു പരിഭാഷകളും പുറത്തുവന്നു.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) മുഖേന വെളിപ്പെടുമാറായ വൈജ്ഞാനികദിവ്യാത്ഭുതങ്ങളിൽ അദ്വിതീയമായ ഒന്നാണ് 'ഖുത്ബ ഇൽഹാമിയ' വിശുദ്ധ ഖുർആന്റെ അഭൗമമായ മേന്മയെ പ്രകാശിതമാക്കുന്ന ഒരു ദൃഷ്ടാന്തമെന്നനിലയിൽ 'ഖുത്ബ ഇൽഹാമിയയുടെ' കീർത്തി ലോകവസാനം വരെ നിലനിൽക്കുമെന്നതു ഖണ്ഡിതമത്രെ!

48- ഒരു ബിഷപ്പ് പിൻമാറുന്നു!

ഭക്തക്രിസ്ത്യാനിയായ കഴ്സൺപ്രഭു 1899ൽ ഇന്ത്യാ വൈസ്റോയിയായി നിയമിക്കപ്പെട്ടതോടെ ക്രിസ്തീയമിഷണറി സമുദായത്തിലുണ്ടായ വലിയ മാറ്റങ്ങളിലൊന്നു ദൽഹിയിലെ ഊർജ്ജസ്വലനും മഹാപണ്ഡിതനുമായ ക്രൈസ്തവപുരോഹിതൻ ഡോ.ജോർജ്ജ് ആൽഫ്റഡ് ലിഫ്റോയി ലാഹൗറിലെ ലോഡ് ബിഷപ്പായി അവരോധിക്കപ്പെട്ടതായിരുന്നു! ക്രിസ്തുമതത്തിലും അന്യമതങ്ങളിലും അഗാധപാണ്ഡിത്യവും ഉർദു, ഫാർസി, അബ്രാനി, അറബി ഭാഷകളിൽ വ്യുൽപത്തിയും നേടിയിരുന്ന ഈ പുരോഹിതമുഖ്യൻ ക്രൈസ്തവമണ്ഡലത്തിന്റെ അത്യാദരപാത്രമായിത്തീർന്നതിൽ ആശ്ചര്യപ്പെടാനില്ല. ഇന്ത്യാഭൂപ്രദേശം യേശുമശീഹാ ക്രിസ്ത്യാനികൾക്കു ഏല്പിച്ചുകൊടുത്ത ഒരു സൂക്ഷിപ്പുമുതൽ ആയിരിക്കുകയാൽ അവിടെ അതിവിപുലമായ സുവിശേഷവേല ആരംഭിക്കേണ്ടതാണ് എന്നു ഇംഗ്ലീഷുകാരായ തന്റെ സുഹൃത്തുക്കളെ ഉണർത്തിക്കൊണ്ടാണ് അദ്ദേഹം ഇന്ത്യയിലേയ്ക്കുപോന്നത്. മതരംഗത്തു തികച്ചും ആക്രമണപരമായ നയം സ്വീകരിക്കാൻ അദ്ദേഹം മടിച്ചിരുന്നില്ല. ക്രിസ്തുമതത്തിലുള്ള അന്ധഭക്തിയും പരമത തത്വജ്ഞതിയിലുള്ള അഹന്തയും കാരണം ഇതരമതപണ്ഡിതൻമാരെ വെല്ലു വിളിക്കാനും അദ്ദേഹം ഔത്സുക്യം കാണിച്ചുപോന്നിരുന്നു.

1900 മാർച്ച് മാസത്തിൽ ലാഹൗറിലെ 'ഫോർമാൻ ക്രിസ്ത്യൻകോളേജി'ലെ വിദ്യാർത്ഥികളെ അഭിമുഖീകരിച്ചുകൊണ്ടു റൈറ്റ് റവ.ആൾഫ്രഡ് ലിഫ്റോയി ചെയ്ത പ്രസംഗം പത്രങ്ങളിൽ വലിയ ഒച്ചപ്പാടുണ്ടാക്കി. ബിഷപ്പിന്റെ പ്രകോപനപരമായ പരാമർശങ്ങൾ ജലന്തറിലെ 'സദ്ധർമ്മ പ്രചാരക്' എന്ന പത്രത്തിന്റെ കടുത്ത വിമർശനത്തിനു പാത്രമായി. 1900 മെയ് 18-ാം തിയ്യതി ലാഹൗറിലെ ഒരു പൊതുയോഗത്തിൽ 'പാപരഹിതനായ പ്രവാചകൻ' എന്ന വിഷയത്തെ അധികരിച്ചു ബിഷപ്പ് മറ്റൊരു പ്രസംഗം ചെയ്യുകയുണ്ടായി. യേശുമാത്രമാണ് പാപരഹിതനായ പ്രവാചകനെന്നും, മുഹമ്മദ്(സ)തിരുമേനിപോലും പാപിയായിരുന്നുവെന്നും ആണ് ബിഷപ്പ് ചെയ്ത പ്രസംഗത്തിന്റെ സംഗ്രഹം. പ്രസംഗത്തിന്റെ അന്ത്യത്തിൽ ചോദ്യങ്ങൾ ഉന്നയിച്ചുകൊള്ളുവാൻ അദ്ദേഹം മുസ്ലിംകളെ ആഹ്വാനം ചെയ്തിരുന്നു. പ്രസ്തുത യോഗത്തിൽ ഒരു ശ്രോതാവായി പങ്കെടുത്തിരുന്ന വാഗ്ദത്ത മസീഹിന്റെ ഒരു ഭക്തശിഷ്യൻ ഹദ്റത്ത് മുഫ്ത്തി

മുഹമ്മദ് സാദിഖ്(റ)ആ വെല്ലുവിളി സ്വീകരിച്ചുകൊണ്ടു ഇസ്ലാമിന്റെ പ്രതിനിധിയായി ബിഷപ്പിന്റെ ന്യായങ്ങളെ അവിടെവച്ചുതന്നെ ഖണ്ഡിക്കുകയുണ്ടായി. "എന്നെ നല്ലവൻ എന്നു ചൊല്ലുന്നതു എന്ത്?* ദൈവം ഒഴികെ നല്ലവൻ ഒരുത്തനുമില്ല"(മത്തായി,19,17)എന്നു യേശുതന്നെ തന്നെ പറ്റി പറഞ്ഞിട്ടുണ്ടായിരുന്നതിനാൽ യേശു ഒരു "നല്ലവൻ" പോലുമല്ലെന്നു പറയേണ്ടിവരില്ലേ എന്ന സംശയവും അദ്ദേഹം പ്രകടമാക്കി. എല്ലാ പ്രവാചകൻമാരും പരിശുദ്ധരും പാപരഹിതരും ആയിരുന്നുവെന്നും തിരു നബി(സ)വിശുദ്ധ പ്രവാചകൻമാരുടെ മകുടമണിയാണെന്നും ഡോ.മുഫ്ത്തിസാദിഖ്(റ)ശക്തിയുക്തം തെളിയിച്ചു. ബിഷപ്പ് തീരെ പ്രതീക്ഷിച്ചിട്ടില്ലാത്ത ഒരു തിരിച്ചടിയാണിവിടെ കിട്ടിയത്. ബിഷപ്പിന്റെ പ്രസംഗംകേട്ടു അമ്പരന്നിരുന്ന മുസ്ലിം ശ്രോതാക്കൾ അതോടെ ഹർഷപുളകിതരായിത്തീർന്നു. മേയ് 25-ാം തിയ്യതി "ജീവിച്ചിരിക്കുന്ന നബി" എന്ന വിഷയത്തെപ്പറ്റി താൻ മറ്റൊരു പ്രഭാഷണം നടത്തുന്നതാണെന്നു പറഞ്ഞുകൊണ്ടു ബിഷപ്പ് അവർകൾ അന്നേദിവസത്തെ മാനഹാനിയെ തൽക്കാലം മറച്ചുപിടിയ്ക്കുകയാണുണ്ടായത്.

ബിഷപ്പിനെ നേരിടുന്നതിനായി ലാഹൂറിലെ മുസ്ലിംകൾ ആലോചനകൾ നടത്തിത്തുടങ്ങി. അമൃത്സറിൽനിന്നു മൗലവി സനാഉല്ലാഹ് സാഹിബിനെ വിളിച്ചുവരുത്തുവാൻ അവർ തീരുമാനിച്ചു. എന്നാൽ, ഈസാ നബി (അ)ജീവിച്ചിരിക്കുന്നുണ്ടെന്നു വിശ്വസിച്ചിരുന്ന മൗലവി സനാഉല്ലാഹ് സാഹിബ് ബിഷപ്പിന്റെ പ്രസംഗം കേൾക്കാൻ ആരും പോകരുതെന്നു വിലക്കുവാനാണ് ശ്രമിച്ചിരുന്നതെന്നതു പ്രസ്ത്യാവമത്രെ.

ഹദ്റത്ത് അഹ്മദിന്റെ ആഹ്വാനം

മെയ് 24-ാം തിയ്യതി ഹദ്റത്ത് മുഫ്ത്തിസാഹിബ് വാഗ്ദത്ത മസീഹിന്റെ തിരുസവിധത്തിൽ ഹാജരാവുകയും ലാഹൗർ സംഭവങ്ങളെല്ലാം കേൾപ്പിക്കുകയും ചെയ്തു. ശരീരസുഖമില്ലാതെ കിടക്കുകയായിരുന്ന ഹദ്റത്ത് അഹ്മദ് (അ) റസൂൽതിരുമേനിയുടെ നേരെയുള്ള ഈ ആക്രണത്തെ നേരിടാനായി തൂലികയുമേന്തി രംഗത്തിറങ്ങി. രണ്ടു ലഘുലേഖകൾ അദ്ദേഹം തയ്യാറാക്കി അതിലൊന്നു പിറ്റെന്നാൾ ബിഷപ്പ് ചെയ്യാനിരുന്ന പ്രസംഗത്തിന്നുള്ള മറുപടിയായിരുന്നു. 'സിൻദ നബി'(43)(ജീവിച്ചി

*എന്റെ പക്കലുള്ള 'ബാസൽ മിഷ്യൻ'കാരുടെ 1880ലെ 'പുതിയ നിയമ'ത്തെയാണ് ഇവിടെ ആധാരമാക്കുന്നത്. 'ബ്രിട്ടീഷ് ആന്റ് ഫോറിൻ ബൈബിൾ സൊസൈറ്റിക്കാരുടെ 1888ലെ ഇംഗ്ലീഷ് ബൈബിളിലും (Oxford)ഈ വാചകം ഇപ്രകാരം തന്നെ (Why callest thou me good there is none good but one that is God.)എന്നാൽ 'ബ്രിട്ടീഷ് ആന്റ് ഫോറിൻ ബൈബിൾ സൊസൈറ്റി' ക്കാരുടെതന്നെ 1904 ലെ മലയാളം ബൈബിളിലും പിൽക്കാല ബൈബിളുകളിലും "എന്നോടു നന്മയെക്കുറിച്ചു ചോദിക്കുന്നതു എന്തു?" എന്നാണ് കാണുന്നത്. ഇംഗ്ലീഷു ബൈബിളുകളിലും ഈ മാറ്റം കാൺമാനുണ്ട്. ശ്രീ.ജോസഫ് പുലിക്കുന്നേലിന്റെ ഏറ്റവും പുതിയ തർജ്ജമയിലും ഇങ്ങനെതന്നെ. "ദൈവീകഗ്രന്ഥ'ത്തിൽ ക്രിസ്ത്യാനികൾ കൈകടത്തിയതിനു ഇതൊരു ഉദാഹരണം മാത്രമാണ്. ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ന്റെ വിമർശനങ്ങളെ തുടർന്നു ക്രിസ്തുമതാധികാരികൾ ഇപ്രകാരം ബൈബിളിൽ ധാരാളം മാറ്റങ്ങൾ വരുത്തിട്ടുണ്ട്.



ബിഷപ്പ് ജോർജ്ജ് ആൾഫ്രഡ് ലിഫ്റോയ്

രിക്കുന്ന നബി) എന്നാണിതിനു ശീർഷകം നൽകിയിരുന്നത്. ഈസാന ബി(അ) ജീവിച്ചിരിക്കുന്നില്ലെന്നും അദ്ദേഹം കൾമീരിൽവച്ചു മരിച്ചുപോയെന്നും ശ്രീനഗറിൽ അദ്ദേഹത്തിന്റെ ഖബർ സ്ഥിതിചെയ്യുന്നുവെന്നും ചരിത്രപരമായി അതിൽ തെളിയിച്ചുകാട്ടുകയുണ്ടായി. പ്രസ്തുത ലഘുലേഖ ഉപസംഹരിച്ചിരുന്നതു ഇപ്രകാരമത്രെ:

"മുഴുലോകത്തിനും ഞാനിതാ ഉറപ്പുനൽകിക്കൊള്ളട്ടെ: ജീവിച്ചിരിക്കുന്ന റസൂൽ ഒരേ ഒരാൾമാത്രം! അതു മുഹമ്മദ് മുസ്തഫാ (സ)തിരുമേനി! ഇതു തെളിയിക്കാനായിട്ടാണ് ദൈവം എന്നെ മസീഹായി നിയോഗിച്ചയച്ചിരിക്കുന്നത്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അവർ ശാന്തമായും സാവകാശത്തിലും എന്നിൽനിന്നു ജീവിതൗന്നത്യത്തിന്റെ തെളിവുകൾ ആവശ്യപ്പെട്ടുകൊള്ളട്ടെ! ഞാൻ വന്നിട്ടില്ലായിരുന്നുവെങ്കിൽ ഒഴികഴിവുകൾ പറയാനുണ്ടാകുമായിരുന്നു. എന്നാലിനിയാർക്കും ഒരൊഴികഴിവും പറയാനില്ല. എന്തെന്നാൽ, ജീവനുള്ള ഗ്രന്ഥം ഖുർആനും ജീവനുള്ള മതം ഇസ്ലാമും ജീവനുള്ള പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയും മാത്രമാണെന്നു തെളിയിച്ചുകാട്ടുവാനായി ദൈവം എന്നെ അയച്ചിരിക്കുന്നു. ഞാനിതാ, ആകാശഭൂമികളെ സാക്ഷികളാക്കിക്കൊണ്ടു പ്രഖ്യാപിച്ചുകൊള്ളട്ടെ, ഇതത്രെ സത്യം. 'ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി' എന്ന കലിമയിൽ പറയപ്പെട്ട ആ ഏകദൈവം തന്നെയാണ് യഥാർത്ഥ ദൈവം. മരിച്ചവർ വീണ്ടും ജീവിപ്പിക്കപ്പെടുകയും അത്ഭുതദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുകയും ദിവ്യാനുഗ്രഹങ്ങൾ കോരിച്ചൊരിയപ്പെടുകയും അദൃശ്യകാര്യങ്ങളുടെ ഉറവു പൊട്ടിയൊഴുകയും ചെയ്തുകൊണ്ടിരിക്കുന്നതു ഏതൊരു റസൂലിന്റെ പാതയിലാണോ ആ റസൂൽ മാത്രമാണ് ജീവിച്ചിരിക്കുന്ന റസൂൽ. അന്ധകാരത്തിൽനിന്നും സ്വയം വിടുതി നേടുന്നവരത്രെ ഭാഗ്യവാൻമാർ!"

വിജ്ഞാപനപ്രകാരം മെയ് 25-നു ലാഹൗറിലെ 'റംഗ് മഹലി'ൽവച്ചു ബിഷപ്പ് ലിഫ്റോയി നിർദ്ദിഷ്ടവിഷയത്തെപറ്റി പ്രസംഗം ചെയ്തു. ചോദ്യങ്ങൾക്കുള്ള അവസരം നൽകിയപ്പോൾ ഡോക്ടർ മുഫ്തിസാഹിബ്, അച്ചടിച്ചുതയ്യാറാക്കിയ ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ ലഘുലേഖയോഗത്തിൽ വായിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. ഒരുദിവസം മുമ്പു എഴുതി തയ്യാറാക്കിയതായിരുന്നെങ്കിലും ബിഷപ്പ് അവർകൾ ഉന്നയിച്ച എല്ലാ പോയിന്റുകൾക്കും അതിൽ യുക്തിയുക്തമായ മറുപടികൾ ഉണ്ടായിരുന്നു എന്നതു ഏവരേയും വിസ്മയപ്പെടുത്തി. ബിഷപ്പിന്റെ വാദഗതികൾക്കു ഉത്തരക്ഷണത്തിൽ ഇപ്രകാരം മറുപടി അച്ചടിച്ചു പ്രസിദ്ധീകരിക്കപ്പെടുമാറായതു എല്ലാവർക്കും ഒരത്ഭുതലക്ഷ്യമായി അനുഭവപ്പെട്ടു. ബിഷപ്പ് അവർകൾ തന്റെ പ്രസംഗത്തിൽ ഏതൊരു ക്രമത്തിലാണോ തന്റെ ന്യായങ്ങൾ പറഞ്ഞിരുന്നത് അതേക്രമത്തിൽ സമീചീനമായി അവയ്ക്കുള്ള മറുപടിയും നൽകപ്പെട്ടിരുന്നു എന്നതത്രെ അതിന്റെ മറ്റൊരു സവിശേഷത! മൂവ്വായിരത്തിൽപരമാളുകൾ അന്നു ശ്രോതാക്കളായി 'റംങ്മഹ'ലിൽ സമ്മേളിച്ചിട്ടുണ്ടായിരുന്നു.

ബിഷപ്പ് അന്വരക്കുന്നു!

ലഘുലേഖയിൽ ഉന്നയിക്കപ്പെട്ട വാദമുഖങ്ങൾ തികച്ചും പുതിയവ യാണെന്നും താനവ പുതുതായി കേൾക്കുകയാണെന്നും ബിഷപ്പ് ലിഫ്റോയി തുറന്നുപറയുകയുണ്ടായി എന്ന വസ്തുത ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ വിജയത്തെയാണ് പ്രഖ്യാപിച്ചത്. കൂടുത ല്ലൊന്നും സംസാരിക്കാൻ അദ്ദേഹം കൂട്ടാക്കിയതുമില്ല.

പാപത്തെക്കുറിച്ചുള്ള ധാരണ വിവിധമതങ്ങളിൽ വിവിധങ്ങളായി രിക്കുകയാൽ, പാപരഹിതനായ പ്രവാചകൻ ആരെന്നതിനെകുറിച്ചു വിവാദം നടത്തുന്നതു നിഷ്പ്രയോജനമാണെന്നു ഹദ്റത്ത് അഹ്മദ് (അ) തന്റെ ഒന്നാമത്തെ ലഘുലേഖയിൽ വ്യക്തമാക്കിയിരുന്നു. ഒരു പുരുഷൻ സ്ത്രീയെ നോക്കുന്നതുപോലും ഒരു മതത്തിൽ പാപമാണ്. എന്നാൽ, മക്കളെയുണ്ടാക്കാൻ മാറിമാറി പത്തോളം പരപുരുഷൻമാരെ പ്രാപിക്കുക (നിയോഗം) മറ്റൊരു മതത്തിൽ പുണ്യമത്രെ. ഒരു മൂട്ടയെ കൊല്ലുന്നതുപോലും ഒരു മതത്തിൽ പാപമാണെങ്കിൽ പശുവിനെ അറു ക്കുന്നത് വേറൊരു മതക്കാർക്ക് പാപമല്ല. മദ്യം ഒരു മതക്കാർക്കു പരി വർജ്ജ്യമാണെങ്കിൽ വേറൊരു വിഭാഗത്തിന്റെ മതപരമായ കർമ്മത്തിൽ അനുപേക്ഷ്യമായ ഒരു ഘടകമാകുന്നു. ക്രിസ്തുമതത്തിന്റെ വീക്ഷണ ത്തിൽ യേശുവിൽ ദൈവത്വം ആരോപിക്കുന്നതു പാപമല്ല. എന്നാൽ, ഇസ്ലാമിലാകട്ടെ, അതിനെയ്ക്കാൾ കടുത്ത മറ്റൊരു പാപമില്ല. സർവ്വോ പരി പാപരഹിതത്വം നിഷേധാത്മകമായ ഒരു നന്മ മാത്രമാകുന്നു. പാപ മുക്തനായിരിക്കുക ഒരു മഹത്വമേ അല്ല. നന്മകളും പുണ്യങ്ങളും നിമി ത്തമാണ് ഒരാൾ മഹത്വീകരിക്കപ്പെടുന്നത്. തൻമൂലം, മാതൃകാപ്രവാച കൻ ആർ എന്നതായിരിക്കട്ടെ വിവാദവിഷയം!

ലാഹൗറിലെ ബിഷപ്പിന്നു സത്യതൽപരതയും ആത്മാർത്ഥയും ഉണ്ടെങ്കിൽ ജ്ഞാനത്തിലും വ്യക്തിമാതൃകയിലും ആത്മീയ പ്രഭാവ ത്തിലും യേശുവോ മുഹമ്മദ്നബിയോ ആരാണ് വലിയ ആൾ എന്നകാ ര്യത്തിൽ ഒരു വാദപ്രതിവാദം നടത്താൻ അദ്ദേഹം മുമ്പോട്ടുവരേണ്ടതാ യിരുന്നു ഹദ്റത്ത് അഹ്മദ് (അ) പ്രസ്തുത ലഘുലേഖയിൽ ആഹ്വാനം ചെയ്യുകയുണ്ടായി.

ഇത്തരം ഒരു വാദപ്രതിവാദത്തിനാവശ്യമായ ഒരുക്കങ്ങൾ ചെയ്യാ നായി ഹദ്റത്ത് അഹ്മദ് (അ) മുസ്ലിംപ്രമാണിമാരുടെ ഒരു കമ്മിറ്റി രൂപീകരിക്കുകയും അതിന്റെ കാര്യദർശിയായി മൗലവി മുഹമ്മദലി സാഹിബ് എം.ഏ.എൽ.എൽ.ബി.യെ നിശ്ചയിക്കുകയും ചെയ്തു. വിവാദം നടത്തുന്നതിനു സബഹുമാനം ക്ഷണിച്ചുകൊണ്ടു കമ്മിറ്റി 1900ജൂൺ 8-നു ബിഷപ്പ് ലിഫ്റോയിക്കു ഒരു തുറന്ന കത്തയച്ചു. അതിൽ ഉന്നതസ്ഥാനീ യരായ ഒട്ടേറെ മുസ്ലിം പ്രമാണിമാർ ഒപ്പിട്ടിട്ടുണ്ടായിരുന്നു. വാദപ്രതി വാദത്തിനുള്ള അഞ്ചോളം വിഷയങ്ങളും ആറു നിബന്ധനകളും ഉന്നയി ച്ചിട്ടുമുണ്ടായിരുന്നു. മുസ്ലിംകളുടെ ഭാഗത്തു ഹദ്റത്ത് അഹ്മദുൽ ഖാദി

യാനിയും ക്രിസ്തീയ പക്ഷത്ത് ലോഡ് ബിഷപ്പ് ഡോ.ലിഫ്റോയിയും പ്രതിനിധികളായികൊണ്ടു ഒരു വിവാദം നടത്തുന്നതു വിജ്ഞാനപ്രദവും സത്യാന്വേഷകർക്കു അനുഗ്രഹകരവും ആയിരിക്കുമെന്നും അതിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. കത്തിന്റെ ഇംഗ്ലീഷ് പ്രതികൾ അച്ചടിച്ചു വിതരണം ചെയ്കയും പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുകയുമുണ്ടായി.

അലഹബാദിലെ 'പയണീർ' പത്രം ഇതു സംബന്ധിച്ച് ഇപ്രകാരം എഴുതി:

The letter has a great many signatures of which the first few names will be sufficient to indicate the wide- spread interest and expectations with which the Mohammadan Community are looking forward to the encounter.

(ഈ കത്തിൽ ഒട്ടധികം മുസ്ലിംപ്രധാനികളുടെ ഒപ്പുണ്ട്. മുസ്ലിം സമുദായം അങ്ങുന്നിങ്ങോളം എത്രമാത്രം ഔത്സുക്യത്തോടും പ്രതീക്ഷകളോടും കൂടിയാണ് പ്രസ്തുത വിവാദത്തെ ഉറ്റുനോക്കുന്നതെന്നു വ്യക്തമാക്കാൻ അവരിൽ ആദ്യത്തെ ചിലരുടെ പേരുകൾ തന്നെ മതിയാകുന്നതാണ്!)

ബിഷപ്പിന്റെ മറുപടി

ഈകത്തിനു റൈറ്റ് റവ:ഡോക്ടർ ലിഫ്റോയി 1900 ജൂൺ 12-നു സിംലയിൽനിന്നു ഇപ്രകാരം മറുപടി അയച്ചു:

I have received a printed letter signed by yourself and a number of other gentlemen asking me to appoint a time and place for a public discussion with Mirza Ghulam Ahmad of Qadian on certain tenets of Christianity and Islam. I am sorry that I cannot accept the proposal which you make, and this chiefly for the following reasons:

(ഇസ്ലാമിന്റെയും ക്രിസ്തുമതത്തിന്റെയും ചില സിദ്ധാന്തങ്ങളെപറ്റി മീർസാ ഗുലാം അഹ്മദ് ഖാദിയാനിയുമായി ഒരു പരസ്യവിവാദം നടത്തുന്നതിനു സമയവും സ്ഥലവും നിർദ്ദേശിക്കാൻ ആവശ്യപ്പെട്ടുകൊണ്ടു താങ്കളും ഒട്ടധികം മാന്യൻമാരും ഒപ്പിട്ടയച്ച അച്ചടിച്ച കത്ത് എനിയ്ക്ക് കിട്ടി. പ്രധാനമായും താഴെപറയുന്ന കാരണങ്ങളാൽ, പ്രസ്തുത നിർദ്ദേശം എനിയ്ക്കു സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ഞാൻ വ്യസനിക്കുന്നു.

ബിഷപ്പ് ഉന്നയിച്ച അഞ്ചു കാരണങ്ങൾ ഇതായിരുന്നു: 1, ക്രിസ്ത്യാനികൾ അത്യധികം ആദരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന മശീഹായുടെ തിരുനാമം മീർസാ സാഹിബ് സ്വയം സ്വീകരിച്ചിരിക്കയാൽ കർത്താവായ യേശുനാഥന്റെ നേരെ ഗുരുതരമായ അവഹേളനം കാണിക്കുന്ന അദ്ദേഹത്തെ സ്നേഹനിലയിൽ നേരിടാൻ വയ്യ!

2, മിർസാ സാഹിബ് ക്രിസ്തുമതത്തെ രൂക്ഷമായി വിമർശിക്കുകയും ദൈവവചനമായ സുവിശേഷങ്ങളിൽ വിവരിക്കപ്പെട്ട സംഭവങ്ങളെ

അടിസ്ഥാനമാക്കി കർത്താവായ യേശുദേവനെ ആക്ഷേപിക്കുകയും ചെയ്തിരിക്കയാൽ താൻ ലക്ഷ്യമാക്കുന്ന നിലവാരം അദ്ദേഹം പുലർത്തുന്നില്ലെന്നാണ് മനസ്സിലാക്കേണ്ടിയിരിക്കുന്നത്.

3, ഭൂരിപക്ഷം മുസ്ലിംകളും മീർസാസാഹിബിന്റെ വാദങ്ങളെ പരിഹാസപൂർവ്വം തള്ളിക്കളഞ്ഞിരിക്കയാൽ അദ്ദേഹം മുസ്ലിം സമുദായത്തെ പ്രതിനിധാനം ചെയ്യുന്നില്ല. താൻ ക്രിസ്തുമതത്തിന്റെ യഥാർത്ഥ പ്രതിനിധിയായിരിക്കെ, സമസ്ഥാനീയനായി അദ്ദേഹത്തെ ഒരു പൊതുവേദിയിൽവച്ചു നേരിടുന്നതു തനിയ്ക്കിഷ്ടമല്ല.

4, തന്റെ രൂപതയിലെ ബിഷപ്പ് എന്ന നിലയിൽ തന്റെ പ്രാഥമികചുമതല ഇത്തരം വാദപ്രതിവാദങ്ങളിലേർപ്പെട്ടു സമയം കളയലല്ല.

5, ഇത്തരം വിവാദങ്ങൾ കൊണ്ടുദ്ദേശിക്കപ്പെടുന്ന ഫലത്തെ സംബന്ധിച്ചേടത്തോളം ഇരുകൂട്ടരുടെയും വീക്ഷണങ്ങൾ വ്യത്യസ്തങ്ങളാണ്. കേവലം ബുദ്ധിപരമായ വാദപ്രതിവാദങ്ങളിലൂടെ സത്യമതം നിർണ്ണയിച്ചറിയാമെന്ന അഭിപ്രായം അടിസ്ഥാനപരമായിത്തന്നെ അബദ്ധവും ദൈവവചനത്തിനു നിരക്കാത്തതുമാണ്.

വീണ്ടും കക്ഷണം

ജൂലായ് 10-തിയ്യതി പ്രസ്തുത കമ്മിറ്റി വീണ്ടും ബിഷപ്പിന്നു ഒരു കത്തയ്ക്കുകയും അദ്ദേഹമുന്നയിച്ച എല്ലാ സംശയങ്ങൾക്കും വാദങ്ങൾക്കും സവിസ്തരവും സുവിശദവുമായ ഖണ്ഡനവും മറുപടിയും എഴുതി അറിയിക്കുകയുമുണ്ടായി. മുസ്ലിംകൾ മാത്രമല്ല, കൃസ്ത്യാനികളും കൂടി ഈ വിവാദം നടന്നുകാണാനാഗ്രഹിക്കുന്നുണ്ടെന്നും പ്രധാനപ്പെട്ട ആംഗ്ലോ ഇന്ത്യൻ പത്രങ്ങൾപോലും ഇതിൽ താൽപര്യം പ്രദർശിപ്പിച്ചു കഴിഞ്ഞിട്ടുണ്ടെന്നും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഉന്നതസ്ഥാനീയരും വിദ്യാസമ്പന്നരുമായ മുസ്ലിംകളാണ് ഈ സംരംഭത്തിനു നേതൃത്വം കൊടുക്കുന്നതെന്നും വിവാദം ഉന്നതനിലവാരം പുലർത്തുന്നതായിരിക്കുന്നമെന്നതിലേയ്ക്കു എല്ലാ ഉറപ്പുകളും ലഭിക്കുന്നതായിരിക്കുമെന്നും, അജ്ഞതയുടെ അന്ധകൂപത്തിൽ ആപതിച്ചവർക്ക് വെളിച്ചം കാട്ടുകയും അവരെ കൈകൊടുത്തു കരേറ്റുകയുമാണ് 'രക്ഷിക്ക'പ്പെട്ടവരെ ശുശ്രൂഷിക്കുന്നതിലും ഒരു ക്രിസ്ത്യാനിയ്ക്കു ധർമ്മ്യമായിരിക്കേണ്ടതെന്നും, ശത്രുവിനെ സ്നേഹിക്കണമെന്ന ബൈബിളിന്റെ പാഠത്തിന്നു വിപരീതമായ നില ബിഷപ്പ് അവർകൾ സ്വീകരിക്കുമെന്നു തങ്ങൾ പ്രതീക്ഷിക്കുന്നില്ലെന്നും, ഹദ്റത്ത് മിർസാ സാഹിബ് യേശുവിനെ സാത്വികനായ ഒരു മഹാപ്രവാചകനായിട്ടാണ് വിശ്വസിക്കുന്നതെന്നും, യോഹന്നാൻ പ്രവാചകൻ ഏലിയാവായതു പോലെ ക്രിസ്തുവിന്റെ പ്രതിബിംബമാണ് താനെന്നാണദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുള്ളതെന്നും മറ്റും അതിൽ വ്യക്തമാക്കുകയും തീരുമാനം പുനരാലോചന ചെയ്യാൻ അപേക്ഷിക്കുകയുമുണ്ടായി. ബിഷപ്പിന്റെ കത്തിനു ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയിൽനിന്നുണ്ടായ പ്രതികരണം അതിൽ തർജ്ജമചെയ്തു ഉദ്ധരിച്ചിട്ടുമുണ്ടായിരുന്നു.

എന്നാൽ, 1900 ജൂലായ് 12-ാം തിയ്യതി ഹാർവിംഗ്ടണിൽ (ഷിംല) നിന്നു ബിഷപ്പ് ലിഫ്റോയി ഇപ്രകാരമാണ് മറുപടി അയച്ചത്:

"...I have nothing to alter in, nor add to the reasons assigned in my former letter for declining the controversy with Mirza Ghulam Ahmad to which you invited me...'

(താങ്കൾ ക്ഷണിച്ചതിൻപ്രകാരം മിർസാ ഗുലാം അഹ്മദുമായി ഒരു വിവാദം നടത്തുന്നതിനു വിസമ്മതിക്കാൻ എന്റെ മുൻകത്തിൽ ഞാനു ന്നയിച്ച കാരണങ്ങളിൽ എനിയ്ക്കു യാതൊന്നുംതന്നെ തിരുത്താനോ കൂട്ടിച്ചേർക്കാനോ ഇല്ല).

പത്രങ്ങൾ ബിഷപ്പിനെതിരിൽ

ലോഡ് ബിഷപ്പിന്റെ ഈ പരസ്യമായ പിൻമാറ്റം പത്രങ്ങളിൽ വലിയ ചർച്ചകൾക്കിടയാക്കി. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ഗംഭീരവി ജയത്തിലാണ് ഈ സംരംഭം കലാശിച്ചതെന്നു പത്രാഭിപ്രായങ്ങൾ വിളിച്ചു പറയുന്നു.

അലഹബാദിലെ 'പയണീർ' ഇപ്രകാരം അഭിപ്രായപ്പെട്ടു.

"പ്രസ്തുത സംരംഭത്തിൽ പങ്കെടുക്കാൻ ഡോക്ടർ ലിഫ്റോയി തീരുമാനിക്കുന്നപക്ഷം ഈ അഭിയോഗത്തിനു വമ്പിച്ച പ്രാധാന്യം ലഭി ക്കുമെന്നതിൽ സംശയമില്ല"

'ഇന്ത്യൻ ഡെയിലി ടെലിഗ്രാഫ് (Indian Daily Telegraph)-ഒരു മുഖ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു:

"മീർസാ ഗുലാംഅഹ്മദ് ഖാദിയാനിയുടെ അനുയായികളായ ഇസ്ലാ മികവിഭാഗം ലാഹൗർ ബിഷപ്പിന്റെ മുമ്പിൽവച്ച ഏറ്റവും ശ്രദ്ധേയമായ ഒരു ആഹ്വാനം ഞങ്ങൾ അന്യത്ര പ്രസിദ്ധീകരിച്ചിട്ടുണ്ട്. അങ്ങേയറ്റം വിനയാന്വിതവും ആത്മാർത്ഥവുമായ ആവേശത്തോടുകൂടിയാണ് ഈ ആഹ്വാനം പുറപ്പെടുവിച്ചിട്ടുള്ളതെന്നതുകൊണ്ടാണ് അതു ശ്രദ്ധേയമാ ണെന്നു ഞങ്ങൾ പറയുന്നത്. മീർസാ ഗുലാം അഹ്മദ് ഖാദിയാനിലെ പ്രമാണിയാണ്. ആഹ്വാനപത്രികയിലെ വാക്കുകളിൽ പറഞ്ഞാൽ, അദ്ദേഹം വാഗ്ദത്തമശീഹാവാണെന്നു വാദിക്കുന്നു എന്നു മാത്രമല്ല, ശക്തിമത്തും നിർണ്ണായകവുമായ പ്രമാണയുക്തികളാൽ അതിനെ ദൃഢീ കരിക്കുകയും വിശുദ്ധഖുർആനിലും ബൈബിളിലും ദീർഘദർശനം ചെയ്യ പ്പെട്ട വാഗ്ദത്ത പ്രവാചകനാണ് താനെന്നു തെളിയിച്ചുകാട്ടുകയും ചെയ്തിരിക്കുന്ന ആളു'മത്രെ. ഈ ശ്രദ്ധേയനായ വ്യക്തിയുടെ അനു യായികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി മുപ്പതിനായിരത്തോളം വരുമെന്നും അദ്ദേഹം ലാഹൗറിലെ ബിഷപ്പുമായി ക്രൈസ്തുമതത്തിന്റെയും ഇസ്ലാമിന്റെയും സത്യങ്ങളെ കുറിച്ചു അത്യുദാരവും വിജ്ഞേയവുമായ ഒരു വിവാദം നടത്തണമെന്നും അദ്ദേഹത്തിന്റെ സ്നേഹിതൻമാരും ശിഷ്യജനങ്ങളും ആശിച്ചുകൊണ്ടിരിക്കയാണെന്നും ലാഹൗറിൽ ബിഷപ്പ് തിരുമേനി ചെയ്ത പ്രസംഗങ്ങളിൽനിന്നു അദ്ദേഹം ഈ രാജ്യത്ത് മതവി ജ്ഞാനത്തിൽ അതുല്യപ്രഭാവനാണെന്നു മുഹമ്മദീയർക്ക് ബോധ്യപ്പെട്ടി

ട്ടുണ്ടെന്നും ആണ് മനസ്സിലാകുന്നത്. അദ്ദേഹത്തിന്റെ അഗാധമായ അറിവും പ്രായോഗികപരിജ്ഞാനവും അറബി പേർസ്യൻ ഉർദു ഭാഷകളിലുള്ള പ്രാവീണ്യവും മാത്രമല്ല നിർമ്മലശീലങ്ങളും സൗമ്യഭാവങ്ങളും അദ്ദേഹം ഇസ്ലാമിന്റെ ഒരു വീരപോരാളിക്കെതിരിൽ തൂലികാസമരം നടത്തുന്നതിനു തികച്ചും യോഗ്യനാണെന്നു തെളിയിക്കുന്നതായും അതിൽ പറയുന്നു. ഏറ്റവും സൗഹാർദ്ദപരമാണ് ആഹ്വാനപത്രികയിലെ വാചകങ്ങൾ....

"ഈ ആഹ്വാനം സ്വീകരിക്കുന്നതു എത്രയും നന്നായിരിക്കുമെന്നാണ് ഞങ്ങളുടെ അഭിപ്രായം, വാദപ്രതിവാദത്തിന്നു സന്നദ്ധതകാട്ടാതെ സ്വയം മേൻമ ഭാവിക്കുന്നതു തെറ്റാവും. ആഹ്വാനകർത്താക്കൾക്ക്, അവരുടെ വീക്ഷണത്തിൽ കാര്യം എതിർവാദം കൂടാതെ തങ്ങൾക്കനുകൂലമായി തീരുമാനിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു വിജയം അവകാശപ്പെടാമെന്നു വരികയും ചെയ്യും. മീർസാ ഗുലാംഅഹ്മദ് ഖാദിയാനി 'വിശുദ്ധ ഖുർആനിലും ബൈബിളിലും ദീർഘദർശനം ചെയ്യപ്പെട്ട വാഗ്ദത്ത പ്രവാചകനല്ല' എന്ന വസ്തുത അദ്ദേഹവുമായി ഒരു വിവാദത്തിലേർപ്പെടുന്നതിനു വിസമ്മതിയ്ക്കാൻ പണ്ഡിതനായ ബിഷപ്പിനു ഒരു കാരണമായിരിക്കാനേ പാടുള്ളതല്ല. നിർദ്ദിഷ്ടമായ വാദപ്രതിവാദത്തിൽ ഈ പ്രശ്നം വരില്ലെങ്കിലും ആഹ്വാനം സ്വീകരിക്കപ്പെടുന്നപക്ഷം ബിഷപ്പ് തിരുമേനിയ്ക്കു തന്റെ എതിരാളിയെ അദ്ദേഹത്തിന്റെ തെറ്റുകൾ ബോധ്യപ്പെടുത്താൻ ഒരുപക്ഷെ കഴിഞ്ഞേക്കും. ബിഷപ്പിനെതിരിൽ മുസ്ലിംകൾ തങ്ങളുടെ മസീഹിനെ രംഗത്തുകൊണ്ടുവരാൻ ആഗ്രഹിക്കുന്നു എന്നു വസ്തുത അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്നു അവർക്ക് നൽകാവുന്ന ഏറ്റവും കനത്ത ഒരംഗീകാരമാണെന്നു വേണം കരുതാൻ. അദ്ദേഹത്തെ ഇന്ത്യയിലെ ക്രിസ്തീയ പ്രാമാണികരിൽ അഗ്രിമസ്ഥനീയനായി കണക്കാക്കാൻ തയ്യാറാണെന്നത്രെ അവരതുവഴി പ്രഖ്യാപിക്കാനാഗ്രഹിക്കുന്നത്. ഇത്തരം വിപുലമായ ഒരു വിവാദം തന്റെ സമയം പാഴാക്കലാണെന്നു ബിഷപ്പ് തിരുമേനിയ്ക്കു പറയാൻ കഴിയുന്നതെങ്ങനെയെന്നു ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. എതിരാളികളെ ഖണ്ഡിക്കുവാനും നിശ്ശബ്ദരാക്കുവാനും ബോധ്യപ്പെടുത്തുവാനും കൈവന്നിട്ടുള്ള ഈ സുവർണ്ണാവസരത്തെ ഒരുവിധത്തിലും അദ്ദേഹം പാഴാക്കിക്കളയരുത്. പ്രത്യേകിച്ചും, ഇസ്ലാമോ ക്രിസ്തുമതമോ ഏതാണ് ജീവനുള്ള മതം? ഖുർആന്റെ അദ്ധ്യാപനങ്ങളൊ ബൈബിളിന്റെ പാഠങ്ങളോ ഏതാണ് ഏറെ ഉൽകൃഷ്ടവും പ്രകൃത്യനുസൃതവും? എന്നതാണ് അദ്ദേഹം സ്ഥാപിച്ചുകാട്ടേണ്ടിയിരിക്കുന്നതെന്നുള്ളപ്പോൾ ഈ വെല്ലുവിളി സ്വീകരിക്കപ്പെട്ടുകാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. എന്തെന്നാൽ, എത്രയും ശ്രദ്ധേയവും അത്യന്തം താൽപര്യജനകവും ആയിരിക്കും അതെന്നത്രെ ഞങ്ങളുടെ പക്ഷം" (19-6-1900)

ബിഷപ്പിന്റെ പിൻമാറ്റത്തെപറ്റി 'ഇന്ത്യൻ സ്പെക്റ്റേറ്റർ' (Indian Spectator)എന്ന പ്രസിദ്ധമായ ക്രിസ്തീയപത്രം ഇപ്രകാരം എഴുതി:

"ലാഹൗർ ബിഷപ്പ് അന്തസ്സിലേറെ ധൃതികാണിച്ചാണ് അദ്ദേഹം തന്നെ പ്രകോപിപ്പിച്ചു ക്ഷണിച്ചുവരുത്തിയ ഒരു ആഹ്വാനത്തിൽനിന്നു പിന്തിരിഞ്ഞുകളഞ്ഞതെന്നാണ് തോന്നുന്നത്. കുറച്ചു നാളുകൾക്കു മുമ്പു മുഹമ്മദീയരായ തന്റെ ശ്രോതാക്കൾക്ക് ക്രിസ്തുവാണ് സത്യമശീഹാവെന്നു തെളിയിച്ചുകാട്ടുവാൻ അദ്ദേഹം ശ്രമപ്പെട്ടിട്ടുണ്ടായിരുന്നു. മീർസാ ഗുലാംഅഹ്മദ് ആ വെല്ലുവിളി സ്വീകരിച്ചു. അദ്ദേഹത്തെപറ്റി ഞങ്ങൾ കുറച്ചുമുമ്പു ഈ പംക്തിയിൽ പ്രതിപാദിച്ചിരുന്നുവല്ലൊ. മീർസാ അഹ്മദ് ഒരു തനി കപടവാദി തന്നെയായിരിക്കട്ടെ, (മആദല്ലാഹ്! ഗ്ര), അല്ലെങ്കിൽ അദ്ദേഹം താൻ വാദിക്കുന്നതിൻപ്രകാരം ആത്മാർത്ഥമായി വിശ്വസിക്കുന്നയാളായിരിക്കട്ടെ. രണ്ടിലേതായാലും അദ്ദേഹവുമായി വിവാദം നടത്തുന്നതിനു ബിഷപ്പ് തിരുമേനി എന്തിന്നുവിസമ്മതിക്കണമെന്നു ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. 'തന്നെ സ്വയം മിശിഹാ എന്നു വിളിച്ചുകൊണ്ടു ക്രിസ്തുവിനോടു ഗുരുതരമായ നിന്ദയും അവഹേളനവും കാണിച്ചിരിക്കുന്നു' എന്നു മിർസാ സാഹിബിനെപറ്റി ബിഷപ്പ് പറയുന്നു! രണ്ടായിരംകൊല്ലംമുമ്പു ഇതേ കാരണം മുൻനിർത്തിയാണ് ജൂതൻമാർ ക്രിസ്തുവിനെ ക്രൂശിച്ചത്. ക്രിസ്തു സ്വയം മിശിഹാ എന്നു വിശേഷിപ്പിക്കാൻ ധൃഷ്ടനായതിൽ അവർക്കു ഗണ്യമായ അപമാനം തോന്നി. മിർസാ ഗുലാംഅഹ്മദിന്റെ വാദങ്ങളെ പഞ്ചാബിലെ മുഹമ്മദീയർ 'ബഹുഭൂരിപക്ഷവും നിന്ദയോടും പരിഹാസത്തോടും കൂടിയാണ് വീക്ഷിച്ചുവരുന്നതെന്നതു ആ വാദങ്ങളുടെ പൊള്ളത്തരത്തിലേയ്ക്ക് ഖണ്ഡിതമായ തെളിവാണ് എന്നു ബിഷപ്പ് തിരുമേനി ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ് ഏറെ ദുർഗ്രഹമായിരിക്കുന്നത്. 'പെസഹാനാളിൽ' ക്രിസ്തുവിനെയോ ബറബ്ബാസിനെയോ ആരെ തങ്ങൾക്ക് വിട്ടുതരേണം എന്നു യഹൂദ പുരുഷാരത്തോടു പിലാത്തോസ് ചോദിച്ചപ്പോൾ അവർ ഏകകണ്ഠമായിവോട്ടുചെയ്തതു കുറ്റബോധം തീണ്ടാത്ത ആ കള്ളന്നനുകൂലമായിട്ടായിരുന്നില്ലേ? ക്രിസ്തു താൻ മശീഹാവാണെന്നു വാദിച്ചതിന്റെ അടിസ്ഥാനം പൊളിഞ്ഞുപോയെന്നാണോ അതു തെളിയിച്ചത്? ഞങ്ങൾ മിർസാ അഹ്മദിന്റെ അനുയായികളല്ല; കൃസ്തുവിന്റെ വാദങ്ങൾക്ക് മേലെ അദ്ദേഹത്തിന്റെ വാദങ്ങളെ പൊക്കിക്കാട്ടാൻ ഞങ്ങൾക്കൊട്ടു ഉദ്ദേശ്യവുമില്ല. മതപരമായ വിവാദവേദികളിൽ വലിച്ചുകൊണ്ടുവരുന്ന ഇത്തരം വിലകുറഞ്ഞ ന്യായങ്ങളിൽ ഞങ്ങൾ പ്രതിഷേധിക്കുകതന്നെ ചെയ്യുന്നു. മുസ്ലിംകളാകെ മീർസായെ ആഹ്ളാദത്തിമർപ്പോടെ അനുമോദിക്കാൻ പുറപ്പെട്ടുവെന്നുവന്നാൽ ലാഹൗറിലെ റൈറ്റ് റവറണ്ട് അവർകൾ തന്റെ മിഷ്യനെകുറിച്ചുള്ള അഭിപ്രായം മാറ്റിക്കളയുമോ? ഇന്നു അദ്ദേഹത്തിന്റെ നാട്ടിലാകെ മതവിശ്വാസങ്ങൾ തകർച്ചയിലെത്തിക്കഴിഞ്ഞിരിക്കുകയാണ്. സത്യത്തിനു ചുറ്റും അവയെല്ലാം പുനർരൂപീകരിക്കപ്പെട്ടുകാണാൻ ആഗ്രഹിക്കുന്നവർ വിശുദ്ധങ്ങളല്ലാത്ത ഇത്തരം വാദഗതികൾ ഉന്നയിക്കാൻ പാടില്ലാത്തതാണ്"

49- അറബി ഭാഷ: ഭാഷാജനനി

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) വൈജ്ഞാനിക മണ്ഡലത്തിലേക്ക് വലിച്ചെറിഞ്ഞ വിവാദപൂർണ്ണമായ സ്ഫോടക സിദ്ധാന്തങ്ങളിൽ അദ്വിതീയമായ ഒന്നാണ് അറബിഭാഷ ഭാഷാജനനിയാണെന്നും സകല ഭാഷകളും അറബി ഭാഷയിൽനിന്ന് വ്യതിരൂപം പ്രാപിച്ചുണ്ടായതാണെന്നുമുള്ള അദ്ദേഹത്തിന്റെ പാഠം. ലോക രാഷ്ട്രഭാഷാമണ്ഡലങ്ങളിലാകെ ദൂരവ്യാപകവും അത്യഗാധവുമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ഈ വാദമുഖം 1895ൽ അദ്ദേഹം അറബിയിൽ രചിച്ച 'മിന നുർറഹ്മാൻ (44)(കരുണവാരിധിയുടെ അനുഗ്രഹദാനങ്ങൾ) എന്ന ശീർഷകത്തിലുള്ള പുസ്തകത്തിലാണ് ഉന്നയിച്ചിരുന്നത്. ഈ പ്രശ്നം ഭാഷാശാസ്ത്രപടുക്കളുടെ വ്യാപകവും ഗഹനവും സജീവവുമായ ഗവേഷണ പരിചിന്തനങ്ങൾക്ക് ഇനിയും വിഷയമായിക്കഴിഞ്ഞിട്ടില്ലെങ്കിലും മനുഷ്യൈക്യത്തിന്റെയും ഏകലോകസംവിധാനത്തിന്റെയുംമ അടിത്തറ പാകാനുള്ള ഈ മഹത്തായ കണ്ടുപിടുത്തത്തിന്റെ പ്രാധാന്യം ലോകം മെല്ലെ മെല്ലെ മനസ്സിലാക്കിത്തുടങ്ങുന്നതോടെ അതു ലോക ഭാഷാശാസ്ത്രരംഗത്ത് ഒരു മഹാവിപ്ലവം തന്നെ വരുത്തിവെക്കുമെന്നതിൽ സംശയമില്ല. കേവലമായ അറബിഭാഷാപ്രണയമോ മതപക്ഷപാതിത്വമോ അല്ല, അതിതീവ്രമായ ശാസ്ത്രീയബോധവും അത്യഗാധമായ ചിന്തയും അനല്പമായ ദിവ്യജ്ഞാനവും ആണ് ഈ ഗവേഷണത്തിന്നു പിന്നിൽ പ്രവർത്തിച്ചതെന്നു കാണാം. ഈ ഗവേഷണത്തിന്റെ സൂക്ഷ്മ വശങ്ങളിലേക്ക് കിഴിഞ്ഞിറങ്ങുമ്പോൾ ആ മഹാമനീഷയ്ക്കു മുമ്പിൽ ആദരാന്വിതനായി, വിസ്മയസ്തിമിതനായി, നിശ്ചേതനനായി നിലകൊള്ളുവാനേ ഏതൊരു മഹാബുദ്ധിരാക്ഷസനും സാധ്യമാകൂ.

1895 ജൂണിൽ 'നൂറുൽ ഖുർആൻ' (45) എന്ന പേരിൽ ഒരു ത്രൈമാസിക ഹദ്റത്ത് അഹ്മദ്(അ) പുറപ്പെടുവിച്ചു. ആദ്യ ലക്കത്തിൽ (ജൂൺ 15) അവസാന ഭാഗത്ത് ചേർത്ത ഒരു വിജ്ഞാപനത്തിലാണ് 'മിന നുർറഹ്മാൻ' എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നതു സംബന്ധിച്ചുള്ള ആദ്യത്തെ പരാമർശമടങ്ങിയിരുന്നത്.

1896-ൽ ലാഹൗറിൽ നടന്ന ധർമ്മമഹോൽസവത്തിൽ അദ്ദേഹം അവതരിപ്പിച്ച ഉപന്യാസത്തിൽ ഇപ്രകാരം പറയുകയുണ്ടായി:

"അറബി വാക്കുകൾ ദൈവത്തിന്റെ തിരുവായിൽനിന്നു പുറപ്പെട്ടിട്ടുള്ള ഗീരുക്കളാണെന്നും ദൈവവാണീയെന്നു പറയപ്പെടാവുന്ന ഏക ഭാഷ അതുമാത്രമാണെന്നും സർവ്വജ്ഞാനങ്ങളുടെയും ജനനിയും ദൈവ വചനത്തിന്റെ വെളിപാടിന്നുള്ള ആദ്യത്തെ വാഹകവും അതു തന്നെയാണെന്നും ഞാൻ 'മിനനുർറഹ്മാൻ' എന്ന ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്. അറബിഭാഷ ദൈവത്തിന്റെ വെളിപാടിന്നുള്ള ആദ്യത്തെ വാഹകമാണെന്നു പറഞ്ഞതു അതു അല്ലാഹുവിനാൽ സംസാരിക്കപ്പെട്ടതും അവനോടു കൂടിയുള്ളതുമായ ഭാഷണവും ഇതരഭാഷകളുടെ മൂലവും ആയിരിക്കുന്നതുകൊണ്ടാണ്. അല്ലാഹുവിന്റെ അന്തിമവേദഗ്രന്ഥമായ വിശുദ്ധ ഖുർ-ആൻ അറബിഭാഷയിൽ വെളിപ്പെട്ടതുകൊണ്ടാണ് ആ ഭാഷ ദൈവത്തിന്റെ വെളിപാടിന്നുള്ള അവസാനത്തെ വാഹകമെന്ന് പറഞ്ഞിരിക്കുന്നത്" (ഇസ്ലാമീ ഉസൂൽ കീ ഫിലോസഫി)*

ഈ പുസ്തകത്തിൽ അദ്ദേഹം ഇപ്രകാരം അവകാശപ്പെട്ടു: "ഭാഷകളുടെ രഹസ്യവും അവയുടെ യഥാർത്ഥസ്ഥാനവും എനിക്ക് പഠിപ്പിക്കപ്പെട്ടിരിക്കുന്നു. വാക്കുകളും അവയുടെ രഹസ്യവും ശബ്ദാർത്ഥസംബന്ധമായ അറിവുകളും എനിയ്ക്ക് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു" (മിനനുർ റഹ്മാൻ, ഭാ.38-39)

അല്ലാഹുവിന്റെ പ്രത്യേക വെളിപാടു അനുസരിച്ചാണ് താൻ ഈ ഗ്രന്ഥം എഴുതിയിട്ടുള്ളതെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. (റൂഹാനീഖസായിൻ, ജി,9.ഭാ.240)

ഗ്രന്ഥനിർമ്മിതിയുടെ യഥാർത്ഥ ഉദ്ദേശ്യം വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം ഇപ്രകാരം എഴുതി: "ലോകത്തിലെ വിവിധ ഭാഷകൾ പരിശോധിച്ചാൽ അവയ്ക്കെല്ലാം ചില പൊതുധർമ്മങ്ങൾ ഉണ്ടെന്നു കാണാവുന്നതാണ്. കൂടുതൽ ആഴത്തിൽ പരിശോധിക്കുമ്പോൾ പൊതുധർമ്മങ്ങളുള്ള ഈ ഭാഷകളുടെയെല്ലാം ജനനി അറബി ഭാഷയാണെന്ന വസ്തുതയും സ്ഥാപിക്കപ്പെടുന്നു. ഇതിനുശേഷം അറബിഭാഷയുടെ അസാധാരണമായ പ്രത്യേകതകളെ മനസ്സിലാക്കിക്കൊണ്ട് സംപൂർണ്ണവും സമഗ്രവുമായ ഗവേഷണം നടത്തുമ്പോൾ ഈ ഭാഷഭാഷാ ജനനിയാണെന്നും മാത്രമല്ല സർവ്വശക്തനായ ദൈവത്തിന്റെ പ്രത്യേകമായ ഉദ്ദേശ്യവും വെളിപാടും മുഖേന ആരംഭത്തിൽ തന്നെ മനുഷ്യന് പഠിപ്പിച്ചു കൊടുത്ത ദിവ്യഭാഷയാണെന്നും മനുഷ്യൻ കണ്ടുപിടിച്ച ഭാഷയല്ലെന്നും ഉള്ള നിഗമനത്തിൽ നാം സംശയമെന്യെ എത്തിച്ചേരുന്നു. എല്ലാ ഭാഷകളിലും വെച്ചു വെളിപാടു ഭാഷയായിരിക്കുന്നത് അറബി ഭാഷയാണെന്ന വസ്തുത, കുറ്റമറ്റതും തികവുറ്റതുമായ ദിവ്യബോധനങ്ങളുടെ വാഹകമായിരിക്കുവാൻ പര്യാപ്തമായിട്ടുള്ളതു അറബിഭാഷ മാത്രമാണെന്ന തീരുമാനത്തിൽ അവശ്യമായും എത്തിചേരാൻ സഹായിക്കും. ദിവ്യബോധിതമായ ഭാഷയിലൂടെയാണ് സകല ജനതകൾക്കുമുള്ള മാർഗ്ഗദർശനം അയക്കപ്പെട്ട ദിവ്യഗ്രന്ഥം വെളിപ്പെടുത്തപ്പെടേണ്ടിയിരുന്നത്.

*ഇസ്ലാം മത തത്വജ്ഞാനം, പരിഭാഷ, എൻ.ഹാമീദ്. ഭാ.120

അതു ഭാഷകളുടെ മാതാവ് ആയിരിക്കുന്ന മൂലഭാഷ തന്നെയായിരിക്കണം. എല്ലാ ഓരോ ഭാഷയുമായും ആ ഭാഷ സംസാരിക്കുന്നവരുമായും അതിന് സ്വാഭാവികമായ ബന്ധം ഉണ്ടായിരിക്കേണ്ടതാണെന്നും ദിവ്യബോധന ഭാഷയായിരിക്കകൊണ്ടു സർവ്വശക്തനായ ദൈവത്തിന്റെ ദിവ്യകരങ്ങളിൽനിന്നുള്ളവയിൽ കാണപ്പെടുന്ന എല്ലാ അനുഗൃഹീതഗുണഭാവങ്ങളും അതിന്നുണ്ടായിരിക്കണമെന്നും സിദ്ധിക്കുന്നു. അതിനാൽ മറ്റു ഭാഷകളും മനുഷ്യരുടെ ബോധപൂർവ്വകമായ പരിശ്രമംകൊണ്ടു നിർമ്മിച്ചതല്ലെന്നതിനാലും ഒരേ ദിവ്യഭാഷയിൽനിന്നു ദൈവികവിധിപ്രകാരം ഉരുത്തിരിഞ്ഞ വ്യതിരൂപങ്ങൾ മാത്രമായിരിക്കയാലും അതിന്റെതന്നെ സന്താനങ്ങളായിരിക്കയാലും പ്രത്യേക സമുദായങ്ങളുടെ നന്മയെ മുൻനിർത്തി ആ ഭാഷകളിലും ദിവ്യബോധനങ്ങൾ ഇറക്കുന്നതു അനഭിലഷണീയമായിരിക്കുന്നില്ല. എന്നിരിക്കിലും ഭാഷകളുടെ ജനനിയും അല്ലാഹുവിന്റെ വക്ത്രത്തിൽനിന്നു നിർഗ്ഗളിച്ച യഥാർത്ഥവും സ്വച്ഛവുമായ ദിവ്യബോധനഭാഷയും അറബി ആയിരിക്കയാൽ അതീവശക്തവും ഏറ്റവും മേലായിരിക്കുന്നതുമായ ദിവ്യഗ്രന്ഥം അറബിയിൽതന്നെയാണ് അവതരിപ്പിക്കപ്പെടേണ്ടതെന്നത് പരമപ്രധാനമായിരുന്നു. ഈ വാദമുഖം ഖുർആൻ ഉന്നയിച്ചിരിക്കയാലും ഈ അവകാശവാദം ഖുർആൻ മാത്രമാണ് മുന്നോട്ടു വെക്കുന്നതു എന്നതിനാലും അറബിഭാഷയിലെ മറ്റൊരു ഗ്രന്ഥവും ഈ അവകാശവാദം ഉന്നയിച്ചിട്ടില്ലെന്നതിനാലും ഖുർആൻ ദൈവത്തിൽനിന്നുള്ളതു തന്നെയെന്നും അതു മറ്റെല്ലാ ഗ്രന്ഥങ്ങളുടെയും രക്ഷാകർത്താവു കൂടിയാണെന്നും അങ്ങനെയല്ലാത്തപക്ഷം മറ്റു ഗ്രന്ഥങ്ങളും ദുർബ്ബലപ്പെടുമാറാകുന്നതാണെന്നും സമ്മതിക്കാതെ തരമില്ല. ഇതു സ്ഥാപിക്കാനായിട്ടാണ് ഞാൻ ഈ ഗ്രന്ഥം എഴുതിയിട്ടുള്ളത്" (Favours of the Beneficent p.4.5)

മൂന്നു പ്രശ്നങ്ങളെ കുറിച്ചാണ് ഗ്രന്ഥത്തിൽ മുഖ്യമായും അദ്ദേഹം പ്രതിപാദിക്കുന്നത്.

1- എല്ലാ ഭാഷകളുടെയും പൊതുവായ ഉറവിടം ഒന്നാണ്.

2- അറബി ഭാഷയാണ് ഭാഷകളുടെ ജനനി.

3- അറബിഭാഷ ഒരു വെളിപാടുഭാഷയാകയാൽ അതിന്നു അസാധാരണമായ ഗുണഭാവങ്ങളും സവിശേഷതകളുമുണ്ട്.

ഭാഷയുടെ പൊതുവായ ഉൽപത്തി തെളിയിക്കുന്നതിന്ന് ഒന്നിലധികം ഭാഷകളിൽ പൊതുവായി ഉപയോഗിക്കപ്പെടുന്ന ഒരൊറ്റപദം എടുത്തുകാട്ടിയാൽ മതിയാകുമെങ്കിലും ആയിരക്കണക്കായ അത്തരം പദങ്ങൾ താൻ സമാഹരിച്ചിട്ടുള്ളതായി അദ്ദേഹം വ്യക്തമാക്കി. ആയിരക്കണക്കായ സംസ്കൃതപദങ്ങൾ താൻ ഇതു സംബന്ധിച്ചു പരിശോധിച്ചിട്ടുണ്ട്. വിവിധ ഭാഷാപദങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന്ന് ഭാഷാശാസ്ത്ര പണ്ഡിതന്മാരുടെ ഒരു സമൂഹംതന്നെ അദ്ദേഹത്തെ സഹായിക്കാൻ ഉണ്ടായിരുന്നു. അറബി, പാർസി, ഇംഗ്ലീഷ്, ലത്തീൻ, ഗ്രീക്ക്, അബ്രാനി, ചൈനീസ് തുടങ്ങിയ ഭാഷകളിൽ വ്യുൽപത്തി നേടിയ ഭാഷാശാസ്ത്രപണ്ഡിതൻമാരാ

യിരുന്നു അവർ. അവരിൽ പ്രധാനികളുടെ പേരുകൾ എടുത്തു പറഞ്ഞു കൊണ്ട് അവരെ മുക്തകണ്ഠം സ്തുതിക്കുകയും അവർക്കായി പ്രത്യേക പ്രാർത്ഥന നടത്തുകയുമുണ്ടായി. അവർ താഴെ പറയുന്നവരാണ്:

1.ഹക്കീം മൗലാനാ നൂറുദ്ദീൻ സാഹിബ് ഭേരവി. 2.മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി. 3.മുൻശീ ഗുലാം ഖാദിർ സാഹിബ് ഫസീഹ്, സിയാൽകോട്ടി 4.ഖാജാ കമാലുദ്ദീൻ സാഹിബ്, ലാഹൗർ, 5.മീർസാ ഖുദാ ബക്ശ് സാഹിബ് 6 മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് ഭേരവി. 7.മുൻശി ഗുലാം മുഹമ്മദ് സാഹിബ് സിയാൽകോട്ടി 8. മിയാൻ മുഹമ്മദ് ഖാൻ സാഹിബ് കപൂർത്തലവി.

ഹദ്റത്ത് അഹ്മദ്(അ) ഇവരെപറ്റി ഇപ്രകാരമാണ് പറഞ്ഞത്: "ഇക്കാര്യത്തിൽ ഏറെ അദ്ധ്വാനിച്ചതു ഇവരിൽ ആരാണെന്നതു അല്ലാഹു മാത്രമെ അറിയുകയുള്ളു. ഇവരിൽ ആരുടെയും ശ്രമത്തെ അല്ലാഹു വിഫലമാക്കിക്കളയില്ല. എങ്കിലും, എന്റെ അറിവും നിരീക്ഷണവും അനുസരിച്ച് ഭ്രാതാ ഹക്കീം മൗലവി നൂറുദ്ദീൻ സാഹിബ് ഈ ശ്രമത്തിൽ സഹായിച്ചു എന്നുമാത്രമല്ല, സ്വന്തം ചെലവിൽ ഇതു സംബന്ധിച്ച വിലപ്പെട്ട ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ വിലകൊടുത്തു വാങ്ങി ഒരു ഗ്രന്ഥശേഖരംതന്നെ സജ്ജമാക്കിയിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന്നു തക്കതായ പ്രതിഫലം നൽകട്ടെ! നന്മ ചെയ്യുന്നവർക്കുള്ള പ്രതിഫലം അല്ലാഹു നഷ്ടപ്പെടുത്തിക്കളയില്ല" (മിനനൂർ റഹ്മാൻ, ഭാ.143,144)

ഈ പട്ടിക പക്ഷെ, പൂർണ്ണനിലയിൽ ഉപയോഗപ്പെടുത്താൻ ഇടയായില്ല. ഹദ്റത്ത് അഹ്മദിനു പുസ്തകത്തിന്റെ അച്ചടി മാറ്റി വെക്കേണ്ടിവന്നു. പുസ്തകം ചരമശേഷമാണ് പ്രസിദ്ധീകരിക്കയുണ്ടായത്.*

അറബി ഭാഷയുടെ ശ്രേഷ്ഠതകളായി അദ്ദേഹം പ്രധാനമായും അഞ്ചുകാര്യങ്ങൾ നിരത്തിവെച്ചു:

1. അറബി ഭാഷയ്ക്ക് മൂല ധാതുപദങ്ങളുടെ സംപൂർണ്ണമായ ഒരു ക്രമീകരണമുണ്ട്. ആശയസംവേദനത്തിൽ മനുഷ്യനു നേരിടുന്ന എല്ലാ ആവശ്യങ്ങളിലും ആ ധാതുപദങ്ങൾ പൂർണ്ണമായും ഉപകരിക്കുന്നു. മറ്റു ഭാഷകൾ അത്രത്തോളം പര്യാപ്തമായിരിക്കുന്നില്ല.

2. അറബിഭാഷയിൽ ദിവ്യമായ സത്തയ്ക്കുള്ള നാമപദങ്ങളും പ്രപഞ്ചത്തിന്റെ മുഖ്യഘടകങ്ങളുടെ പേരുകളും ആ ഘടകങ്ങൾ എന്തിനെന്നും എങ്ങനെയെന്നും പ്രതിഫലിപ്പിക്കുന്ന അഗാധമായ തത്വജ്ഞാനങ്ങളും അറിവുകളും ഉൾക്കൊള്ളുന്നവയാകുന്നു. മറ്റു ഭാഷകൾ ഇക്കാര്യത്തിൽ അറബി ഭാഷയോടു ഒരു വിധത്തിലും കിടപിടിക്കുന്നില്ല.

3. അറബിപദങ്ങളുടെ മൂലധാതുക്കളും ചേർപ്പുകളും പരിപൂർണ്ണമായും ക്രമീകൃതമാണ്. ഒരേ ധാതുപദത്തിൽ നിന്നുള്ള എല്ലാ ക്രിയാപ

* 'മിനനൂർ റഹ്മാൻ ഹദ്റത്ത് അഹ്മദി(അ)ന്റെ ചരമശേഷം 1915ലാണ് ആദ്യമായി പുസ്തകരൂപത്തിൽ പ്രസിദ്ധം ചെയ്തത്. ഇതിന്റെ ഇംഗ്ലീഷു വിവർത്തനം 1963 ജൂലായിൽ റബ്വയിൽനിന്ന് Favours of the Beneficent എന്ന തലയ്ക്കെട്ടിൽ 'അഹ്മദിയ്യാ മുസ്ലിം ഫോറിൻ മിഷ്യൻസി'ന്റെ പ്രസിദ്ധീകരണവിഭാഗം പുറത്തിറക്കി. ഖാസി അബ്ദുൽ ഹമീദ് സാഹിബാണ് ഈ ഇംഗ്ലീഷ് വിവർത്തനം തയ്യാറാക്കിയത്.

ദങ്ങളെയും ഒരൊറ്റ താത്വികശൃംഖലയിൽ ബന്ധിപ്പിച്ചുകൊണ്ട് ഈ ഘടനയുടെ പ്രവർത്തനമണ്ഡലം അവ തമ്മിലുള്ള ബന്ധത്തെ ചൂണ്ടികാണിച്ചു തരുന്നു. മറ്റു ഭാഷകളിൽ ശ്രേഷ്ഠതയുടെ ഈ പരിസീമയോളം ഇതു കാണപ്പെടുന്നില്ല.*

4. അറബിയിൽ ആശയപ്രകാശനത്തിനു ഏറ്റവും ചുരങ്ങിയ പദങ്ങളും വ്യാപകമായ അർത്ഥങ്ങളുമുണ്ട്. എന്നുവെച്ചാൽ, മറ്റു ഭാഷകളിൽ ഒരർത്ഥം ദ്യോതിപ്പിക്കുന്നതിനും ഒട്ടേറെ പദങ്ങളും വാചകങ്ങളും ചേർത്തൊപ്പിക്കേണ്ടി വരുന്നേടത്ത് അറബിഭാഷയിൽ 'അലിഫ്' (ا) 'ലാമ്' (ل) എന്നീ അക്ഷരങ്ങളും 'തൻവീനും'(അ.ഇ.ഉ.അൻ.ഇൻ.ഉൻ എന്നീ പദാന്ത്യ സ്വരങ്ങൾ)മുഖേന ആവശ്യമായ അർത്ഥോക്തികൾ കൈവരുത്താം.

5. മനസ്സിന്റെയും മനുഷ്യന്റെ ആശയങ്ങളുടെയും ആഴമേറിയതും അതിസൂക്ഷ്മവുമായ വശങ്ങളെ പ്രതിഫലിപ്പിക്കാനുള്ള കുറ്റമറ്റ മാധ്യമങ്ങളായിരിക്കുന്ന മൂലധാതുക്കളും ശബ്ദങ്ങളും അറബി ഭാഷയ്ക്കുണ്ട്.

മേൽ അഞ്ചു ശ്രേഷ്ഠതകൾ അറബിഭാഷയ്ക്ക് മാത്രമുള്ളതല്ലെന്നും സംസ്കൃതത്തിനോ മറ്റേതെങ്കിലും ഭാഷയ്ക്കോ ഉണ്ടെന്നും തെളിയിച്ചു കാട്ടുന്നവർക്ക് 5000ക. പാരിതോഷികം അഥവാ തന്റെ പക്കൽനിന്നുള്ള ഒരു പിഴയായി നൽകുവാൻ താൻ തയ്യാറാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു. തുക ചില ഉറപ്പുകളിൽമേൽ മുൻകൂട്ടി നിക്ഷേപിക്കാനും സന്നദ്ധനാണ്. ഇതു സംബന്ധിച്ചു ഒരു പ്രത്യേക വിജ്ഞാപനവും അദ്ദേഹം പുറപ്പെടുവിച്ചു.

അറബിഭാഷയുടെ പ്രത്യേകതകളിൽ അദ്ദേഹം ചൂണ്ടികാണിച്ച മറ്റൊരുകാര്യം ചെറിയ പദങ്ങളിൽ വിപുലാർത്ഥങ്ങൾ ഉൾക്കൊള്ളുന്നു**

*അറബിഭാഷയിൽ 27ലക്ഷം മൂലപദങ്ങൾ ഉണ്ടെന്നു ഹദ്റത്ത് അഹ്മദ്(അ) ചൂണ്ടിക്കാട്ടി. സംസ്കൃതത്തിൽ 400 ധാതുപദങ്ങളാണുള്ളത്. 2000 ക്രിയാധാതുക്കളുണ്ടെന്നും വാദമുണ്ടെങ്കിലും അതിൽ 800ഒഴിച്ചു ബാക്കിയെല്ലാം ഒരു രൂപത്തിന്റെ തന്നെ മാറ്റങ്ങളാണെന്നും തെളിയിക്കപ്പെട്ടു. ഈ മൂലപദങ്ങൾക്ക് 25മുൻചേർപ്പുകളും 200പിൻചേർപ്പുകളും ഉപയോഗിച്ചാണ് സംയുക്ത പദങ്ങൾ രൂപപ്പെടുത്തിയത്. ബി.സി.300ൽ തന്നെ സംസ്കൃതഭാഷയ്ക്ക് 4000ത്തോളം വ്യാകരണ നിയമങ്ങൾ ഉണ്ടാക്കപ്പെട്ടിരുന്നു. എന്നാൽ, ഈ 800 ധാതുപദങ്ങളുടെയും അറബി മൂലം കണിശമായും കണ്ടുപിടിക്കാമെന്നാണ് ഹദ്റത്ത് അഹ്മദിന്റെ വാദം. ഒരൊറ്റ രാത്രിയിൽ 40000 അറബി ധാതുപദങ്ങൾ തനിയ്ക്ക് പഠിപ്പിക്കപ്പെടുകയുണ്ടായെന്നു ഹദ്റത്ത് അഹ്മദ്(അ) മറ്റൊരിടത്ത് പറഞ്ഞിട്ടുണ്ട്. അറബ് അക്ഷരമാലയിലെ 28അക്ഷരങ്ങളിൽ ത്രയക്ഷരങ്ങൾ കൊണ്ടു എത്രയെങ്കിലും സാർത്ഥക പദങ്ങൾ ഉണ്ടാക്കാം. മൂലധാതുക്കൾ ഒരു നിയമക്രമനുസരിച്ചാണ് രൂപപ്പെടുന്നത്. ക്രമരഹിതമായ ഒരൊറ്റ പദവും അറബിയിൽ ഇല്ല. മറ്റു ഭാഷകൾക്കൊന്നും ഈ സവിശേഷത ഇല്ലെന്നതാണ് ഗ്രന്ഥകർത്താവിന്റെ വാദം.

**ഒരിക്കൽ ഒരു സംഭാഷണ മദ്ധ്യേ ഈവാദം ഖണ്ഡിക്കാൻ ശ്രമിച്ച ഒരു ഇംഗ്ലീഷു പക്ഷപാതിയോടു 'എന്റെ വെള്ളം' എന്ന് ഇംഗ്ലീഷിൽ പറയുന്നതെങ്ങനെ എന്ന് ഹദ്റത്ത് അഹ്മദ് (അ) ചോദിച്ചു. 'മൈ വാട്ടർ' എന്ന് അയാൾ പറഞ്ഞ ഉടനെ 'മായി' എന്നു ഉച്ചരിക്കുമ്പോൾതന്നെ അറബിയിൽ ആ അർത്ഥം കിട്ടിക്കഴിഞ്ഞു എന്നു അവിടുന്നു ചൂണ്ടിക്കാട്ടി. പ്രതിയോഗി അങ്ങേയറ്റം ഇളിഭ്യനാകയും ചെയ്തു. (ദിക്ക്റെ ഹബീബ്, ഡോ. മുഫ്തി സാദിഖ്)

എന്നതാണ്. രണ്ടും മൂന്നും വാക്കുകളിൽ അർത്ഥം പറയേണ്ട ഏകാക്ഷര പദങ്ങൾ അറബിയിൽ ധാരാളമുണ്ട്. ഉദാഹരണം

فِ (ഫി)-കൂറുള്ളവനായിരിക്കു.

قِ (ഖി)- (കണ്ഠ്യം) നോക്കിപ്പാർക്കു.

لِ (ലി) കൂടുതൽ അടുത്തോട്ടു വരൂ

عِ (ഇ)- (കണ്ഠ്യം) ഓർമ്മിക്കൂ

اِ (ഇ) വാഗ്ദത്തം ചെയ്യു

خِ (ഖി) മന്ദമായോ വേഗത്തിലോ അല്ലാതെ മദ്ധ്യനിലയിൽ നടക്കൂ.

هِ (ഹി) ദുർബ്ബലമാകൂ

دِ (ദി) രക്തമൊഴുക്കൂ

رِ (രി) കൂടുതൽ പ്രകാശിക്കൂ. ആളിപ്പടരൂ, തീ ഉള്ളസ്ഥലത്ത് നിന്നു നീങ്ങൂ, വ്യത്തിഹീനമാകൂ

شِ (ശി) നിന്റെ വസ്ത്രങ്ങൾ മോഡിയിലാക്കൂ

نِ (നി)- മന്ദമാകൂ, അലസമാകൂ.

വിവിധഭാഷകൾക്കുള്ള പ്രത്യേക ഗുണങ്ങളെല്ലാം അറബിഭാഷയിൽ സമ്മേളിച്ചതായി കാണാം. ഇതിൽനിന്ന് അവയെല്ലാം അറബിയുടെ ശാഖാ ഭാഷകളാണെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ ഏകസ്വരാക്ഷരപദങ്ങൾ ചൈനീസ്ഭാഷയുടെ ഒരു പ്രത്യേകതയായി കാണപ്പെടുന്നു. ചൈനീസ് ഭാഷയിൽ അക്ഷരങ്ങളില്ല. 20000 സ്വതന്ത്ര അക്ഷര പദങ്ങൾ (syllabic Characters)ആണുള്ളത്.*

*ഭാഷോൽപത്തി(Orgin of languages)സംബന്ധിച്ച 'ശബ്ദാനുകരണ സിദ്ധാന്തം' അഥവാ 'ഓണോമെറ്റൊപ്പൂയിക്ക് തിയറി' (Onomatopoec Theory)-ഇത്തരം ഏകാക്ഷരപദങ്ങളെ അടിസ്ഥാനമാക്കിയാണ് ആവിഷ്കരിച്ചത്. ഇതിന്റെ ഉപജ്ഞാതാവായ ഹെർഡർക്ക് (Johann Gottfried von Herder 1744- 1803)-ബർലിൻ അക്കാദമി സമ്മാനം നൽകിയെങ്കിലും ഈ സിദ്ധാന്തം ദയനീയമായി കയ്യൊഴിക്കേണ്ടിവന്നുവെന്നു മാകസ്മുള്ളർ ചൂണ്ടിക്കാട്ടി. പ്രകൃതിശബ്ദങ്ങൾ മൃഗങ്ങളും പക്ഷികളും പുറപ്പെടുവിക്കുന്ന ശബ്ദങ്ങലും ഇടിമുഴക്കങ്ങളും കാറ്റ്, കടലിന്റെ അലർച്ച മുതലായ ശബ്ദങ്ങളും അനുകരിച്ചാണ് ഭാഷ വളർത്തിയെടുത്തതെന്നതാണ അ ഈ 'സൗണ്ട് തിയറി' അഥവാ 'ഡിംഗ് ഡോംഗ്' തിയറി. ഭാഷ മനുഷ്യന് പഠിപ്പിക്കപ്പെട്ടതാണെന്ന മതകീയസിദ്ധാന്തമാണ് ഇപ്പോൾ പ്രബലപ്പെട്ടിട്ടുള്ളത്- ഗ്ര.

നാലോ അഞ്ചോ ആയിരം കൊല്ലങ്ങൾക്കിടയിൽ ഇത്രയും വലിയ ഭാഷാ വൈവിധ്യം സംഭവിച്ചതെങ്ങനെയെന്ന സംശയം അടിസ്ഥാനരഹിതമാണ്. ആറായിരം കൊല്ലം ആണ് ഭൂമിയുടെ വയസ്സ് എന്ന അബദ്ധ ധാരണയിൽനിന്നാണ് ഈ സംശയമുദിക്കുന്നതെന്ന് ഹദ്റത്ത് അഹ്മദ് (അ) ചൂണ്ടിക്കാട്ടി. സ്ഥലകാലങ്ങളിലുള്ള അകൽച്ച മാത്രമല്ല ഭാഷാന്തരങ്ങൾക്കുള്ള കാരണം. ഭൂമദ്ധ്യരേഖയോടു അടുത്തും അകലത്തും സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളളിൽ വസിക്കുന്നവരിൽ ചില പ്രത്യേക പ്രവണതകൾ സഹജമായി വളരുമാറാകുന്നു. വിവിധങ്ങളായ വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും സ്വാധീനങ്ങളും അറിയപ്പെടാത്ത മറ്റു ചില വസ്തുതകളും കാരണം ഈ ഭൂവാസികളിൽ ചില പ്രത്യേക ശബ്ദനിയന്ത്രണോപാധികളും ഉച്ചാരണക്രമവും ശരീരത്തിൽ ഉടലെടുക്കുമാറാകുന്നുവെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി. അതാണ് ക്രമേണ പ്രത്യേകമായ സംസാരരീതിയിൽ വളർന്നു വേർതിരിഞ്ഞത്. ചില പ്രദേശങ്ങളിൽ ചില അക്ഷരങ്ങൾ അതേപടി മൊഴിയാൻ സാധ്യമേയല്ല. ഈ മാറ്റങ്ങളെല്ലാം പ്രകൃതിനിയമങ്ങൾക്ക് വിധേയമാണ്.

ധാതുപദങ്ങളുടെ ക്രമീകരണമാണ് അറബി ഭാഷയുടെ മറ്റൊരു മുഖ്യ ഔൽകൃഷ്ട്യമായി ഹദ്റത്ത് അഹ്മദ് (അ) ചൂണ്ടിക്കാണിച്ചത്. ഖുർആനിൽ അറബിധാതുക്കളുടെ 10 ക്രമചക്രങ്ങൾ അദ്ദേഹം എടുത്തുകാട്ടി:

1. അല്ലാഹുവിന്റെ സത്തയെയും ദൈവാസ്തിക്യത്തിലേക്കുള്ള തെളിവുകളെയും ദൈവികഗുണങ്ങളെയും ദൈവികനാമങ്ങളെയും അല്ലാഹുവിന്റെ പ്രവൃത്തികളെയും പ്രവർത്തനരീതികളെയും ചട്ടങ്ങളെയും സംബന്ധിക്കുന്നതും അവ പരസ്പരമുള്ള സവിശേഷതകൾക്ക് വിധേയമായിത്തന്നെ അല്ലാഹുവിന്റെ സത്തയുമായി പ്രത്യേകനിലയിൽ ബന്ധപ്പെട്ടിരിക്കുന്നതും അതോടൊപ്പം അല്ലാഹുവിനുള്ള ഏറ്റവും ഉയർന്ന സ്തുതികീർത്തനങ്ങളെ സംബന്ധിക്കുന്നതും അല്ലാഹുവിന്റെ മഹിമയെയും സൗന്ദര്യത്തെയും മഹത്വത്തെയും ഔന്നത്യത്തെയും പറ്റി പ്രതിപാദിക്കുന്നതുമായ ധാതുപദങ്ങളുടെ ക്രമം.

2. അല്ലാഹുവിന്റെ ഏകത്വത്തെയും അതു സംബന്ധിച്ച ന്യായയുക്തികളെയും സംബന്ധിച്ച ധാതുപദങ്ങളുടെ ക്രമം.

3. മനുഷ്യൻ പ്രകടിപ്പിക്കുന്ന ആത്മീയവും ഭൗതികവുമായ ഗുണഭാവങ്ങളും കർമ്മങ്ങളും ചലനങ്ങളും സ്വഭാവങ്ങളും അതോടൊപ്പം പരസ്പരമുള്ള പ്രത്യേകഭാവങ്ങളും അല്ലാഹുവിന്റെ ഇച്ഛയ്ക്കൊത്തിട്ടോ എതിരായിട്ടോ വെളിപ്പെടുന്ന സംഗതികളുമായി ബന്ധപ്പെടുന്ന ധാതുപദങ്ങളുടെ ക്രമം.

4. ഉപദേശങ്ങൾ സദാചാരപാഠങ്ങൾ വിശ്വാസ സംഹിതകൾ, അല്ലാഹുവിന്റെ അവകാശങ്ങൾ മനുഷ്യരുടെ അവകാശങ്ങൾ, ദിവ്യജ്ഞാനം, കല്പനകൾ, വിധി വിലക്കുകൾ, സത്യതത്വങ്ങളുടെയും ദിവ്യജ്ഞാനങ്ങളുടെയും രൂപത്തിലുള്ള ദൈവികമാർഗ്ഗദർശനം എന്നിവയെ സംബന്ധിച്ച ധാതുപദങ്ങളുടെ ക്രമം.

5. യഥാർത്ഥമായ മോക്ഷത്തെയും അതു പ്രാപിക്കാനുള്ള വഴികളെയും രക്ഷ നേടിയവരെയും അല്ലാഹുവുമായി അടുപ്പം പ്രാപിച്ചവരെയും തിരിച്ചറിയാനുള്ള ദൃഷ്ടാന്തങ്ങളെയും ഉയർത്തിക്കാട്ടുന്ന ധാതുപദങ്ങളുടെ ക്രമം.

6. എന്താണ് ഇസ്‌ലാം? എന്താണ് 'കുഫ്‌റ്' (അവിശ്വാസം)? എന്താണ് 'ശിർക്ക്' (ബഹുദൈവപൂജ) എന്നിവ വിവരിക്കുന്നതും സത്യത്തിലേയ്ക്കുള്ള ന്യായയുക്തികൾ വിശദീകരിക്കുന്നതും അതിനെതിരായ ആക്ഷേപങ്ങൾക്ക് ഖണ്ഡനമായിരിക്കുന്ന കാര്യങ്ങൾ തുറന്നു കാട്ടുന്നതുമായ ധാതുപദങ്ങളുടെ ക്രമം.

7. എതിരാളികളുടെ എല്ലാ തെറ്റായ വിശ്വാസങ്ങളെയും ഖണ്ഡിക്കുന്ന ധാതുപദങ്ങളുടെ ക്രമം.

8. മുന്നറിയിപ്പുകൾ, വിപത്തുകൾ, അനുകൂലമോ പ്രതികൂലമോ ആയ വാഗ്ദത്തങ്ങൾ, പരലോകത്തെ സംബന്ധിച്ച വിവരങ്ങൾ, ദിവ്യത്ഭുതങ്ങൾ, ഉപമാകഥകൾ, സത്യവിശ്വാസത്തെ ശക്തിപ്പെടുത്തുന്ന പ്രവചനങ്ങൾ അതുമായി ബന്ധപ്പെട്ട അനുകൂലവിഷയങ്ങൾ താക്കീതോ ഭീഷണിയോ വാഗ്ദാനമോ ആയിട്ടുള്ള വിവരണങ്ങൾ ഇവ സംബന്ധിച്ച ധാതുപദങ്ങളുടെ ക്രമം.

9. നബി(സ) തിരുമേനിയുടെ പരിശുദ്ധജീവിതത്തിലെ ഉദാത്തമാതൃകയിൽ ഉൾക്കൊള്ളുന്ന വിശുദ്ധഗുണങ്ങളെ സംബന്ധിക്കുന്നതും തിരുനബിയുടെ പ്രവാചകത്വത്തെ പിന്താങ്ങുന്ന ശക്തിമത്തായ ന്യായയുക്തികൾ വിവരിക്കുന്നതുമായ ധാതുപദങ്ങളുടെ ക്രമം.

10. വിശുദ്ധഖുർആന്റെ സൗന്ദര്യങ്ങളെയും ആത്മീയ പ്രഭാവത്തെയും ഉയർത്തിക്കാട്ടുന്നതും അതിന്റെ സ്വതസിദ്ധമായ ഗുണങ്ങളെ വിവരിക്കുന്നതുമായ ധാതുപദങ്ങളുടെ ക്രമം.

പരിപൂർണ്ണത തികഞ്ഞ ഈ പത്തു ക്രമങ്ങൾ വിശുദ്ധഖുർആനിൽ ഒരു ചക്രവ്യൂഹമെന്നോണം കാണപ്പെടുന്നതായി ഹദ്‌റത്ത് അഹ്മദ് (അ) എടുത്തു കാട്ടി.

ഒരു ദൈവികഗ്രന്ഥത്തിന്റെ ഭാഷയ്ക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഈ ധാതുധർമ്മങ്ങൾ ഖുർആൻ അവതരിപ്പിക്കാൻ വാഹകമായി വർത്തിച്ച അറബി ഭാഷയിൽ മാത്രമേ പൂർണ്ണമായ നിലയിൽ കാണപ്പെടുന്നുള്ളു എന്നതാണ് ഹദ്‌റത്ത് അഹ്മദിന്റെ ഉപപാദനം. ഈ പത്തു ക്രമചക്രങ്ങൾ അറബിഭാഷയിലും അറബിഭാഷയിലുള്ള ഖുർആനിലും മാത്രമാണുള്ളത്.

ഈ അടിസ്ഥാനത്തിൽ ദൈവനാമമായ 'റബ്ബ്' ﷻ എന്ന അറബിപദത്തിന്റെ സമഗ്രവും സംപൂർണ്ണവുമായ അർത്ഥവും അതിലടങ്ങിയ തത്വജ്ഞാനവും വിവരിച്ചുകൊണ്ടു ഖുറആനിൽ അല്ലാഹുവിനെ കുറിച്ചുപയോഗിച്ച 'റബ്ബ്' എന്ന അടിസ്ഥാനപദം അല്ലാഹുവിന്റെ സർവ്വസൽഭാവങ്ങളും പ്രതിഫലിപ്പിക്കുന്നതും സർവ്വോത്തമസത്തയ്ക്ക് അനുയു

ക്തവുമായ സംജ്ഞയാണെന്നു അദ്ദേഹം തെളിയിച്ചു കാട്ടി. അല്ലാഹുവിനു ഖുർആനിൽ ഉപയോഗിച്ച 'റബ്ബ്' എന്ന പദം ഖുർആന്റെ ആരംഭത്തിൽ തന്നെയുള്ളതാണ് അതിനു നിഘണ്ടുകൾ പ്രകാരം 'മാലിക്' (ഉടമസ്ഥൻ) 'സയ്യിദ്' (മുഖ്യൻ) 'മുദബ്ബിർ' (ആസൂത്രകൻ), 'മുറബ്ബി' (മേൽനോട്ടക്കാരൻ) 'മുൻഇം' (അനുഗ്രഹദാതാവ്) 'ഖയ്യിം' (പിന്തുണ നൽകുന്നവൻ), 'മുതമ്മിം' (പൂർത്തിയാക്കുന്നവൻ) എന്നിങ്ങനെ ഏഴു അർത്ഥങ്ങളുണ്ട്. ഈ ഏഴ് അർത്ഥങ്ങളും അതിന്റെ പൂർണ്ണരൂപത്തിൽ അല്ലാഹുവിലാണ് പൂർത്തിയാകുന്നത്. ചുരുക്കത്തിൽ, 'റബ്ബ്' എന്ന പദത്തിൽ അല്ലാഹുവിന് 'റബ്ബ്' എന്നു പറയാനുള്ള കാരണവും ദൈവഗുണങ്ങളും സംബന്ധിച്ച എല്ലാ തത്വജ്ഞാനങ്ങളും സ്വയം വിശദീകരിക്കുന്ന ആശയങ്ങൾ കൂടികൊള്ളുന്നു.

ഇവിടെ ഒരു ഇംഗ്ലീഷു ക്രിസ്തീയവിദ്വാൻ ഇസ്ലാമിനെ വിമർശിച്ച കൂട്ടത്തിൽ ദൈവത്തെപറ്റി ബൈബിൾ പിതാവ് (അബുൻ) എന്ന ഏറ്റവും ആകർഷകവും സുന്ദരവും യുക്തവുമായ പദമാണ് ഉപയോഗിച്ചിട്ടുള്ളതെന്നും ഇത്ര ആകർഷകമായ സങ്കല്പം ഖുർആനിലില്ലെന്നും പറഞ്ഞതിനു 'മിനനുർറഹ്മാ'നിൽ തകർപ്പൻ മറുപടി നൽകുകയുണ്ടായി.

ദൈവത്തെപറ്റി പിതാവ് എന്നു പറയുന്നത് ബഹുമാനമില്ലായ്മയും അപകീർത്തികരവുമാണെന്നും യേശു ദൈവത്തെ 'അബ്ബാ, പിതാവേ' എന്ന് വിളിച്ചതായി പറയുന്നതു കറ്റുകെട്ടാണെന്നും അദ്ദേഹം പ്രസ്താവിച്ചു. 'അബുൻ' (പിതാവ്)എന്നതിന് നിഘണ്ടുക്കളിലുള്ള അർത്ഥം സ്ത്രീയുടെ ഗർഭപാത്രത്തിൽ ബീജം എത്തിക്കുന്നവൻ എന്നു മാത്രമാണ്. അതോടെ പിതാവിന്റെ കർത്തവ്യം കഴിഞ്ഞു. പിതാവായി കഴിയുകയും ചെയ്തു. ഒരു ആടോ പന്നിയോ പശുവോ ഗർഭോൽപാദനം നടത്തുന്നതുപോലെ പിതാവിന്നു മറ്റു ഭാഷകളിലുള്ള പദങ്ങൾ അറബി ഭാഷയിലെ 'അബുൻ' എന്നതിന്റെ വ്യതിരൂപങ്ങൾ മാത്രമാണ് (മലയാളത്തിൽ: അപ്പൻ).

'അബുൻ' എന്ന അറബിപദം ദൈവത്തിന് ഉപയോഗിക്കാൻ നിഘണ്ടുക്കൾ അതിനു നൽകുന്ന അർത്ഥങ്ങൾ ഒരു വിധത്തിലും അനുവദിക്കുന്നില്ലെന്നും അദ്ദേഹം വിവരിച്ചു കാട്ടി. 'അബുൻ' എന്നതിന് അബാഅ് اباء അവസാനിക്കാത്ത ജലസംഭാരം (അപ്പ) എന്നാണ് ഒരർത്ഥം. ബീജം ഉൽസർജ്ജിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നതുകൊണ്ടും ആ വെള്ളത്തിൽനിന്ന് കുട്ടിയെ ദൈവം ഉൽപാദിപ്പിക്കുന്നതു കൊണ്ടും പിതാവിന് 'അബുൻ' എന്നു പേരുണ്ടായി. രണ്ടാമത്തെ അർത്ഥം 'അബാ' ابا 'നിർത്തുക', 'അവസാനിപ്പിക്കുക' എന്നാകുന്നു. പുരുഷൻ ബീജം നിക്ഷേപിക്കുന്നതോടെ അയാളുടെ ജോലി അവസാനിക്കുന്നു. മൂന്നാമത്തെ അർത്ഥം 'അബാർ' ابار അഥവാ 'ഓടം' എന്നാണ്. നെയ്ത്തിനുപയോഗിക്കുന്ന ഓടത്തിന്റെ രൂപത്തിലുള്ള പുരുഷന്റെ ജനനേന്ദ്രിയത്തെ അനുസ്മരിപ്പിച്ചാണ് പിതാവിനു ഈ നാമം ഉണ്ടായത്. നാലാമത്തെ അർത്ഥം

'അബാ' ابا 'വിശപ്പ് ശമിക്കുക' എന്നാണ്. സംഭോഗത്തോടെ കാമം ശമിക്കുന്നതിനാൽ ഈ പേരുണ്ടായി. 'അബുൻ' എന്നതിന് അറബിഭാഷയിൽ ഈ നാലു അർത്ഥങ്ങളാണ് നിഘണ്ടുകളിൽ നൽകപ്പെട്ടിരിക്കുന്നതെന്നിരിക്കെ ഈ പദം സർവ്വശക്തനായ ദൈവത്തിനു ഒരിക്കലും ചേരുകയില്ലെന്നും ദൈവത്തെ പിതാവ് എന്ന് വിളിക്കുന്നതു ഉചിതമോ അനുവദനീയമോ അല്ലെന്നും മറിച്ചു അങ്ങേയറ്റം അപമാനകരമാണെന്നും ഗ്രന്ഥകർത്താവ് തെളിയിച്ചുകാട്ടി.

ഗ്രന്ഥത്തിന്റെ അടിക്കുറിപ്പിൽ ഒരിടത്ത്, ഭാഷാശാസ്ത്രജ്ഞനും സംസ്കൃത പണ്ഡിതനുമായ മാക്സ്മുള്ളരുടെ വീക്ഷണങ്ങളെ ഖണ്ഡിക്കുകയുണ്ടായി. മുള്ളർ തന്റെ ഒരു പ്രഭാഷണത്തിൽ (Luctures Vol. 1)ഒരിടത്ത് അറബികൾ തങ്ങളെ 'അറബി' (വാചാലൻ) എന്നും അനറബികളെ 'അജമി' (സംസാരശേഷിയില്ലാത്തവൻ, മൂകൻ) എന്നും വിളിച്ചുവന്നിട്ടുള്ളതിനെ പരാമർശിച്ചു ചില സമുദായങ്ങൾ ഇതര സമുദായങ്ങളെ മന:പൂർവ്വം ഇകഴ്ത്തി കാണുന്നുവെന്നും അനറബികളെ പറ്റിയുള്ള 'അജം' എന്ന പ്രയോഗം വിഹിതമല്ലാത്തതിനാൽ നിഘണ്ടുക്കളിൽനിന്നു നീക്കിക്കളയണമെന്നും അഭിപ്രായപ്പെടുകയുണ്ടായി. അറേബ്യയിൽ ഇസ്ലാം വെളിപ്പെടുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഈ പേരുകൾ പ്രചരിച്ചുകഴിഞ്ഞിരുന്നതാണെന്നു അദ്ദേഹം അനുസ്മരിപ്പിച്ചു. 'അറബി' എന്നതിന്റെ അർത്ഥം 'വാഗ്വൈഭവമുള്ളവൻ' എന്നാണ്. അതിന്റെ വിപരീത പദമാണ് 'അജം'* എന്നത്. അതിന്റെ അർത്ഥം സംസാരശേഷികുറഞ്ഞവൻ എന്നത്രെ. അറബിഭാഷ മൂലഭാഷയാകയാൽ ആശയ പ്രകാശത്തിനു ഏറ്റവും സുഗമവും ധാതുപദങ്ങളുടെ യുക്തിയുക്തമായ ക്രമവൽക്കരണത്താൽ സുന്ദരവും ആയിരിക്കയാൽ ആ ഭാഷ സംസാരിക്കുന്നവർക്ക് അറബി എന്ന പേർ ഏറ്റവും യോജിച്ചതു തന്നെയെന്നും അതിൽ അസൂയപ്പെട്ടിട്ടു കാര്യമില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അറബിഭാഷയുടെ ഔൽകൃഷ്ട്യത്തെ സംബന്ധിച്ചു തന്റെ ന്യായവാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് മാക്സ്മുള്ളർക്ക് 5000ക.സമ്മാനം നേടാവുന്നതാണെന്നു നിർദ്ദേശിക്കയുമുണ്ടായി. അറബിയ എന്ന പേർതന്നെയാണ് അറേബ്യയ്ക്ക് പ്രാക്തനകാലം മുതൽക്കേ പറഞ്ഞുവന്നിട്ടുള്ളതു എന്നു മാത്രമല്ല ബൈബിളിലും സുവിശേഷത്തിൽ പ്രത്യേകിച്ചും ആ പേരിലാണ് അവിടം അനുസ്മരിക്കപ്പെട്ടിട്ടുള്ളതും. മുള്ളർ പക്ഷപാതിത്വംകൊണ്ടു സുവിശേഷംപോലും മറന്നുകളഞ്ഞു! അറബികളുടെ വാഗ്വൈഭവത്തെ പ്രദ്യോതിപ്പിക്കുന്ന തരത്തിൽ അറബിയ എന്ന പേർ ബൈബിൾതന്നെ അംഗീകരിച്ചിട്ടുള്ളതാണെന്നും ഹദ്റത്ത് അഹ്മദ് ചൂണ്ടിക്കാട്ടി.**

പെന്തക്കോസ്തിന്റെ ആദ്യദിനത്തിലാണ് ഭാഷാശാസ്ത്രം ആരംഭിച്ചതെന്നു മാക്സ്മുള്ളർ സിദ്ധാന്തിച്ചിട്ടുള്ളതിനെയും ഹദ്റത്ത് അഹ്മദ്

*സംസാരശേഷിയില്ലാത്ത ആടിനു 'അജം' എന്ന് സംസ്കൃതത്തിലും മലയാളത്തിലും പേരുള്ളത് ഇവിടെ ശ്രദ്ധേയമാണ്.

** എശയ്യാ 21:13. അപ്പോ.പ്രവ.2:11

(അ) ഖണ്ഡിച്ചു. യരുശലേം എന്ന കോസ്മോപോളിറ്റൻ നഗരത്തിൽ കൂറേ ഭാഷക്കാർ ഒന്നിച്ചുകൂടി പരസ്പരം സംസാരിച്ചതാണ് ഭാഷാശാസ്ത്രഗവേഷണമായി ഇവിടെ ചൂണ്ടിക്കാണിച്ചത്. എന്നാൽ, ഖുർആനിൽ 'ആകാശഭൂമികളുടെ സൃഷ്ടിപ്പിലും നിങ്ങളുടെ ഭാഷകളിലുള്ള വ്യത്യാസത്തിലും ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്' എന്നു പറഞ്ഞുകൊണ്ടു (30:23) ഭാഷാ ശാസ്ത്ര ഗവേഷണം സംബന്ധിച്ചു ഖുർആൻ വ്യക്തമായ ആഹ്വാനം നൽകിയിരിക്കയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി.

ഭാഷയുടെ ഉൽപത്തിയെ സംബന്ധിച്ച പഠനം ഒരു ശാസ്ത്രമാണ്. ലോകത്തിലെ വിവിധഭാഗങ്ങളിൽ വിവിധങ്ങളായ അനേകം ഭാഷകൾ സംസാരിക്കപ്പെട്ടു വരുന്നു. ആദ്യഭാഷ അഥവാ, മൂലഭാഷ ഏതാണെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. പേർഷ്യക്കാർ അതു പേർഷ്യൻഭാഷയാണെന്നും ഇസ്രായേല്യർ അതു അബ്രാനി ആണെന്നും ഇന്ത്യക്കാർ അതു സംസ്കൃതമാണെന്നും അവകാശവാദങ്ങൾ ഉന്നയിച്ചിട്ടുണ്ട്.* ഇതു സംബന്ധിച്ച ഗവേഷണങ്ങൾക്ക് ഒന്നര നൂറ്റാണ്ടിന്റെ പഴക്കമേ ഉള്ളു. എങ്കിൽതന്നെയും മൂലഭാഷയ്ക്കുള്ള അടിസ്ഥാന ധർമ്മങ്ങൾ എന്തായിരിക്കണമെന്ന കാര്യത്തിൽ ഭാഷാ ശാസ്ത്രജ്ഞൻമാർ ഒരു താത്വികധാരണയിൽ ഇനിയും എത്തിക്കഴിഞ്ഞിട്ടില്ല. ഭാഷകളുടെ മാതാവിനെ കണ്ടെത്താനുള്ള ശ്രമം പലരും നടത്തീട്ടുണ്ടെങ്കിലും അതെപ്പറ്റി ശാസ്ത്രീയഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ ഭാഷാജനനി അഥവാ മൂലഭാഷ അറബി ഭാഷയാണെന്ന തന്റെ സിദ്ധാന്തം ഉന്നയിച്ചുകൊണ്ട് ഖണ്ഡിതമായ ഒരഭിപ്രായം ലോകത്തിനു മുമ്പിൽ വച്ചത് ഇമാം മഹ്ദി ഹദ്റത്ത് മീർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) മാത്രമാണ്!

* അറബി ഭാഷയാണ് മൂലഭാഷ: അഥവാ ഭാഷാജനനി എന്ന സിദ്ധാന്തം ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ന്റെ ചരമത്തിന്നുശേഷം അഹ്മദിയ്യാ പണ്ഡിതൻമാർ ലോകത്ത് പ്രചരിപ്പിച്ചു പോരുന്നു. പലരും ഇതു സംബന്ധിച്ച ഗവേഷണങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. മർഹും ഖാജാ കമാലുദ്ദീൻ സാഹിബ് Arabic- Mother of Languages എന്ന പേരിൽ ഒരു പുസ്തകം എഴുതുകയുണ്ടായി. എന്നാൽ, ഈ രംഗത്തെ ഏറ്റവും ശ്രദ്ധേയമായ യ്തനം നടത്തിയതും ഒരുവൻഗവേഷണത്തിലേക്ക് നീങ്ങിയതും വാഗ്ദത്ത മസീഹിന്റെ ഒരു പ്രസിദ്ധ സഹാബി ആയിരുന്ന ഹദ്റത്ത് മുൻഷി സഫർ അഹ്മദ് സാഹിബ് കപൂർത്തലവി (റ) അവർകളുടെ പുത്രനായ അഡ്വ.മുഹമ്മദ് അഹ്മദ് മസ്ഹർ അവർകളത്രെ. അദ്ദേഹം രചിച്ച Arabic- The Source of All Languages എന്ന ബൃഹദ് ഗ്രന്ഥം (Reviw of Religions publication, Rabwah)-ഭാഷാശാസ്ത്രജ്ഞൻമാരുടെ മുമ്പിൽ ഒരു വെല്ലുവിളിയാണെന്നു പറയാതെ തരമില്ല. ചൈനീസ്, സംസ്കൃതം, ഹിന്ദി, പർസ്യൻ, ലാറ്റിൻ, ഗ്രീക്ക്, ജർമൻ, സ്പാനിഷ്, ഫ്രഞ്ച്, ഇംഗ്ലീഷ്, ഇറ്റാലൃൻ, റഷ്യൻ തുടങ്ങിയ അനേകം ഭാഷകളുടെ മൂലം അറബി ആണെന്നു സ്ഥാപിക്കാനുള്ള ശ്രമം ചെറുതൊന്നുമല്ല.

ഭാഷകളെ മുഖ്യമായും 1.ആര്യൻ ഗ്രൂപ്പ് (ലാറ്റിൻ ഗ്രീക്ക്, സംസ്കൃതം പേർസ്യൻ. 2.സെമിറ്റിക് ഗ്രൂപ്പ് (ഹിബ്രു, സിറിയൻ, അറബിക്) 3. തുറാനിയൻ ഗ്രൂപ്പ് (തുർക്കി,റഷ്യൻ) എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്.

ആര്യൻ- സെമിറ്റിക് ഭാഷകളുടെ പൊതുവായ ഉറവിടം കണ്ടെത്തപ്പെട്ടിട്ടില്ലാത്തതുകൊണ്ടാണ് അവ ഇപ്രകാരം കൃത്രിമ ഗ്രൂപ്പുകളായി വേർതിരിക്കപ്പെട്ടത്. ഏറ്റവും പൗരാണികമായ വ്യാകരണ നിയമങ്ങളുള്ള ഭാഷയാണ് സംസ്കൃതം എന്നതിനാലാണ് സംസ്കൃതം

ഭാഷാ ശാസ്ത്രജ്ഞൻമാരുടെ പഠനത്തിന് വിഷയമായത്. ബി.സി.നാലാം നൂറ്റാണ്ടിൽതന്നെ യാസ്കൻ, പാണിനി എന്നിവരുടെ വ്യാകരണ ശാസ്ത്രം രൂപപ്പെട്ടിരുന്നു. 4000ത്തോളം നിയമങ്ങൾ സംസ്കൃത വ്യാകരണത്തിനുണ്ട്. സംസ്കൃത ഭാഷയെകുറിച്ചുള്ള പഠനമാണ് ഭാഷാ താരതമ്യ ശാസ്ത്രത്തിന്റെ (Comparative linguistics)-അടിസ്ഥാനമെന്നു പറയാം. യൂറോപ്യൻ ഭാഷകൾ ഇന്തോ ആര്യൻ- സംസ്കൃതത്തിൽ നിന്നുൽഭവിച്ചതാണെന്ന അഭിപ്രായം കുറച്ചുകാലം പ്രചരിച്ചിരുന്നെങ്കിലും സംസ്കൃതം, ലത്തീൻ, ഗ്രീക്ക് എന്നീ ഭാഷകൾ ചരിത്രാതീത കാലത്തെ മറ്റേതോ ഒരു ഭാഷയുടെ രൂപമാറ്റങ്ങളാണെന്ന അഭിപ്രായം പിന്നീട് സ്ഥിരപ്പെട്ടു.

യൂറോപ്പ്യൻസംസ്കൃതഭാഷാ ശാസ്ത്രത്തിന് സർ വില്യം ജോൺസ് (1746-1794)ആണ് അടിസ്ഥാനമിട്ടത് എന്നു മാക്സ് മുള്ളർ പറയുന്നു. 1783ൽ കൽക്കത്ത സുപ്രീംകോടതിയിൽ ജഡ്ജിയായിരുന്ന വില്യംജോൺസ് അറബിപേർസ്യൻ ഭാഷകളടക്കം 10 വിദേശ ഭാഷകളിൽ 24-ാം വയസ്സിൽ തന്നെ വ്യുൽപത്തി നേടിയിരുന്ന ഒരസാധാരണ പ്രതിഭാശാലിയായിരുന്നു.

സംസ്കൃതം ലത്തീൻ ഗ്രീക്ക് ഭാഷകൾ ഏതോ ഒരു പൊതുഭാഷയിൽ നിന്നുണ്ടായിട്ടുള്ളതാണെന്ന അഭിപ്രായം സർ വില്യം ആണ് ആദ്യമായി ഉന്നയിച്ചത്. ആര്യൻ ഭാഷകളും സെമിറ്റിക്ക് ഭാഷകളും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണി കണ്ടെത്തേണ്ടതുണ്ടെന്നും അദ്ദേഹം പറയുകയുണ്ടായി. ജർമൻ ഭാഷാ ശാസ്ത്രജ്ഞനായ ബോപ്പ് (Bopp)-ബ്ലൂംഫീൽഡ് (Bloom Field)എന്നിവരും ഇതനുകൂലിച്ചു. സംസ്കൃതവും ഗ്രീക്കും ലത്തീനും സോദരിമാരാണെന്നും മാക്സ് മുള്ളറും അഭിപ്രായപ്പെട്ടിട്ടുണ്ട്. ആര്യൻ- സെമിറ്റിക് ഭാഷകൾക്ക് ഒരു പൊതുവായ ഉൽപത്തി അസാധ്യമായ ഒന്നുമല്ലെന്നും വ്യാകരണഘടനകൾ വ്യത്യസ്തങ്ങളാണെങ്കിലും ഒരേ ഉറവിടത്തിൽ നിന്നുള്ള രണ്ടു നീരൊഴുക്കുകളാകാമെന്നും അദ്ദേഹം സിദ്ധാന്തിച്ചു. (Science of language Vol.p.369)വൈദികഭാഷയും സംസ്കൃതവും ഒന്നല്ലെന്നും ഏതുവലിയ സംസ്കൃത പണ്ഡിതനും വ്യാഖ്യാനസഹായി ഇല്ലാതെ വേദ ഭാഷ മനസ്സിലാക്കാനാവില്ലെന്നും പണ്ഡിറ്റ് ബ്രഹ്മാനന്ദസരസ്വതി അഭിപ്രായപ്പെടുന്നു. സംസ്കൃതം എന്ന പദം തന്നെ സംസ്കൃതഭാഷയ്ക്കുമുമ്പ് മറ്റൊരു ഭാഷയുണ്ടായിരുന്നു എന്നു സൂചിപ്പിക്കുന്നു. അപ്പോൾ ആര്യൻ- സെമിറ്റിക് ഭാഷകളെ പരസ്പരം കോർത്തിണക്കുന്ന കണ്ണി കണ്ടെത്തുകയാണ് പ്രധാനപ്രശ്നം.

അറബിഭാഷയിലുള്ള ധാതുപദങ്ങൾ ലോകത്തിലെ സകല ഭാഷകളോടും സാമ്യമുള്ളതായി കാണാം. 'ഓടുക' എന്ന ക്രിയാ പദത്തിന്നു അറബി ഭാഷയിൽ 150ഓളം വാക്കുകളുണ്ട്. ലോകത്തിലെ മറ്റു ഭാഷകളിൽ ഓടുക എന്ന വാക്കിന് ഈ 150 ൽ ഏതെങ്കിലും ഒരു വാക്കിനോടു സാമ്യമുള്ളതായി വെളിപ്പെടുന്നതാണ്. (ഓട്ടം- Heat)

ആര്യൻഭാഷകളുടെ മൂലം സംസ്കൃതമാണെന്നു ഒരിക്കലും സ്ഥാപിക്കപ്പെട്ടിട്ടില്ല. അറബി ഭാഷയെപ്പറ്റി ഈ ഭാഷാ ശാസ്ത്രജ്ഞൻമാർ ഒരിക്കലും ആഴത്തിൽ ചിന്തിക്കുകയുണ്ടായില്ലെന്നതാണ് യാഥാർത്ഥ്യം. പ്രത്യക്ഷമായ കാര്യങ്ങൾപോലും ഈ വഴിക്കുള്ള ഗവേഷണത്തിലേക്ക് അവരെ പ്രേരിപ്പിച്ചുമില്ല. ഇതിലേക്ക് ഒരു വസ്തുത മാത്രം ഇവിടെ ചൂണ്ടിക്കാണിക്കാം എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ പറയുന്ന ഈ വാചകം ശ്രദ്ധിക്കുക:

The old form heo (for she) continued up to 15th Century. The Origin of this form has not been satisfactorily established.

(ഇംഗ്ലീഷിൽ She (അവൾ) എന്നതിന് Heo(ഹിയോ) എന്ന വാക്ക് പതിനഞ്ചാം നൂറ്റാണ്ടു വരെ ഉപയോഗിച്ചുവന്നിരുന്നു. ഈ പദരൂപത്തിന്റെ ഉറവിടം എന്തെന്ന് ഇനിയും സംശയമെന്യേ സ്ഥാപിക്കപ്പെട്ടിട്ടില്ല).

എന്നാൽ ഒരു സാധാരണ അറബിവിദ്യാർത്ഥിക്ക്പോലും അറിയാം, 'ഹിയോ' എന്നതു അറബിയിലെ 'ഹിയ' ആണെന്നു അറബി -ഇംഗ്ലീഷ് നിഘണ്ടു പരിശോധിച്ചാൽ ഇതു കാണാം: Arabic English Dictionary - Staingas)

50- ഒരു പീറിന്റെ പതനം

റാവൽപിണ്ടിയ്ക്ക് ഏതാനും നാഴിക അകലെ ഗോൾഡ എന്ന സ്ഥലത്ത് മെഹർ അലിഷാ എന്നു പേരായ ഒരു പീർ വസിച്ചിരുന്നു. അതിർത്തി സംസ്ഥാനത്ത് പരക്കെ ആദരിക്കപ്പെട്ടുപോന്ന ഈ പീർ പേരും പ്രതാപവും ആർജ്ജിച്ചിരുന്ന ഒരാളത്രെ. അഗാധപണ്ഡിതനും തർക്കശാസ്ത്രപാരംഗതനും ആയിട്ടാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ആദ്യകാലങ്ങളിൽ ഹദ്റത്ത് അഹ്മദുൽഖാദിയാനിയെ അദ്ദേഹം ആദരപൂർവ്വം അനുസ്മരിച്ചിരുന്നതായി നിവേദനങ്ങളുണ്ട്. പിന്നീട്, അദ്ദേഹം ശത്രുവലയത്തിലേക്കു നീങ്ങി. 1896ൽ ഹദ്റത്ത് അഹ്മദ്(അ) 'മുബാഹല'ക്കായി പേരെടുത്ത് ആഹ്വാനം ചെയ്തവരുടെ കൂട്ടത്തിൽ സയ്യിദ് മെഹർ അലിശായും ഉൾപ്പെട്ടിരുന്നു. ഈസാനബി(അ) മരിച്ചിട്ടില്ലെന്ന വിശ്വാസം സ്ഥാപിക്കാനെന്നോണം 'ശംസുൽ ഹിദായ' എന്ന പേരിൽ പീർ സാഹിബ് ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഈ പുസ്തകത്തിൽ ഒട്ടേറെ ഉദ്ധാരണങ്ങൾ ചേർത്തിട്ടുള്ള കൂട്ടത്തിൽ അതുവരെയും, അറിയപ്പെട്ടിട്ടില്ലാത്ത ചില ഗ്രന്ഥങ്ങളിൽനിന്നുള്ള ഉദ്ധാരണങ്ങളും ചേർത്തിരുന്നു. പുസ്തകത്തിന്റെ ഒരു പ്രതി ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദീൻ (റ)അവർകൾക്കും ലഭിച്ചു. തന്റെ അറിവിൽ അതുവരെ പെട്ടിട്ടില്ലാത്ത പുസ്തകങ്ങളിൽനിന്നുള്ള പുതിയ ഉദ്ധാരണങ്ങൾ ചേർത്തുകണ്ടപ്പോൾ സ്വാഭാവികമായും അദ്ദേഹത്തിന്റെ ജിജ്ഞാസ വർദ്ധിച്ചു. ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ)വലിയ ഗ്രന്ഥശാലയുടെ ഉടമസ്ഥനായിരുന്നു. അപൂർവ്വമായ അനേകം ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരത്തിലുണ്ട്. ഈസാനബിയുടെ മരണത്തെ സംബന്ധിച്ച പ്രശ്നത്തിൽ അദ്ദേഹത്തിന്റെ ഗവേഷണത്തിലൊതുങ്ങിയിട്ടില്ലാത്ത ഒരു പ്രാമാണിക ഗ്രന്ഥവുമില്ലെന്നു പറയാം. ഈ നിലയ്ക്കു പീർ സാഹിബിന്റെ പുസ്തകത്തിൽ പുതിയൊരു ഗ്രന്ഥത്തിൽനിന്നുള്ള ഉദ്ധാരണം ചേർത്തുകണ്ടപ്പോൾ അതിന്റെ യാഥാർത്ഥ്യത്തിലേക്കു ചുഴിഞ്ഞിറങ്ങാൻ അദ്ദേഹം പ്രചോദിതനായി. പതിനൊന്നു ചോദ്യങ്ങളടങ്ങിയ ഒരു കത്ത് അദ്ദേഹം പീർ സാഹിബിനയച്ചു. കൂട്ടത്തിൽ പീർസാഹിബ് അവലംബമാക്കിയ ഗ്രന്ഥത്തിന്റെ വിവരവും അന്വേഷിക്കുകയുണ്ടായി. ആ ഗ്രന്ഥം പീർസാഹിബ് നേരിട്ടുവായിച്ചുനോക്കിയതാണോ എന്നും അതിന്റെ പ്രതി

എവിടെനിന്നാണ് കിട്ടുക എന്നും അദ്ദേഹം ആരാഞ്ഞു. ഇതിനു പീർസാഹിബ് നൽകിയ മറുപടി ഗ്രന്ഥം താനെഴുതിയതല്ലെന്നും തന്റെ ഒരു മുരീദായ മൗലവി മുഹമ്മദ് ഗാസി സാഹിബ് രചിച്ചതാണെന്നുമായിരുന്നു! ഗ്രന്ഥകർത്താവിന്റെ പേരായി പുസ്തകത്തിൽ കാണിച്ചിരുന്നതാകട്ടെ, 'സുബ്ദത്തുൽ മുഹഖ്ഖിഖീൻ വ റയീസുൽ ആരിഫീൻ ഹദ്റത്ത് മൗലാനാ സെയ്യിദ് ഖാജാ മെഹർ അലിശാസാഹിബ് അദാമല്ലാഹു ഫുയൂസഹും" എന്നായിരുന്നു! ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബിന്റെ കത്ത് കിട്ടിയപ്പോൾ പീർ സാഹിബ് സത്യം വെട്ടിത്തുറന്നെഴുതിയെന്നേയുള്ളു. അതു പിന്നീടു വലിയ വാദകോലാഹലങ്ങൾക്കിടയാക്കുമെന്നു അദ്ദേഹം കരുതിയിരുന്നതേയില്ല. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ അടിസ്ഥാനപരമായ ഒരു വാദത്തെ ഖണ്ഡിച്ചുകൊണ്ടെന്നോണം പീർ മെഹർ അലിശാ സാഹിബ് ഒരു ഗ്രന്ഥമെഴുതിയതു സംബന്ധിച്ചു അദ്ദേഹത്തിന്റെ ശിഷ്യർക്കിടയിലും പ്രതിയോഗികൾക്കിടയിലും വലിയ ചർച്ചകൾ നടന്നു കൊണ്ടിരിക്കെ, പുസ്തകം താനെഴുതിയതല്ലെന്നു ഗ്രന്ഥകാരൻതന്നെ പ്രസ്താവിച്ചിട്ടുള്ളതു ഒച്ചപ്പാടുണ്ടാക്കുന്ന ഒരു കാര്യമാണല്ലോ! തന്റെ ഈ പ്രസ്താവന സ്ഥിരീകരിക്കാനോ നിഷേധിക്കാനോ ആകാതെ പീർസാഹിബിനു പിന്നീട് പല വ്യാഖ്യാനകസർത്തുകളും നടത്തേണ്ടതായി വന്നിട്ടുണ്ട്. മുരീദൻമാരിൽ പലർക്കും പല രൂപത്തിൽ മറുപടികളയക്കാൻ അദ്ദേഹം നിർബന്ധിതനായി. പലർക്കുമായി എഴുതിയ പരസ്പരവിരുദ്ധങ്ങളായ വിവരങ്ങളടങ്ങിയ ഈ എഴുത്തുകൾ പ്രസിദ്ധീകരിക്കപ്പെടുകകൂടി ചെയ്തപ്പോൾ പീർസാഹിബിന്റെ നില അത്യന്തം വഷളായിത്തീർന്നു.

'ശംസുൽ ഹിദായ'യുടെ ഒരു പ്രതി ഹദ്റത്ത് അഹ്മദിനും ലഭിച്ചു. എത്രയോ തവണ മറുപടി നൽകിക്കഴിഞ്ഞതും ചിരാവർത്തിതവുമായ വാദമുഖങ്ങൾക്കു പിന്നെയും പിന്നെയും മറുപടി നൽകാൻ ഹദ്റത്ത് അഹ്മദ്(അ) ഇഷ്ടപ്പെട്ടില്ല. തന്നെ സംബന്ധിച്ചേടത്തോളം ഈസാ നബിയുടെ മരണം ഇതിനകം സന്ദേഹലേശമെന്യേ തെളിയിക്കപ്പെട്ടു കഴിഞ്ഞു. ദിവ്യമായ മറ്റു മാർഗ്ഗങ്ങളിൽ സത്യവാദം തെളിയിച്ചുകാട്ടുന്നതിലാണ് തന്റെ താല്പര്യം. മൂന്നു കാര്യങ്ങളുടെ അടിസ്ഥാനത്തിൽ താനുമായി ഒരു ദിവ്യസമരത്തിലേർപ്പെടാൻ അദ്ദേഹം പീർ മെഹർഅലിശായെ ക്ഷണിച്ചു. ഒന്ന്- 'വയജ്അൽലക്കും ഫുർഖാനാ' (നിങ്ങൾക്കായി വിവേചകം ഏർപ്പെടുത്തും) എന്ന ഖുർആനിക വാക്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണായകമായ ദിവ്യഅടയാളങ്ങൾ വെളിപ്പെടുത്തുക. രണ്ട്- 'ലായമസ്സുഹൂ ഇല്ലൽ മുതഹ്ഹറൂൻ' (പരിശുദ്ധൻമാരല്ലാതെ അതിനേ സ്പർശിക്കയില്ല) എന്നെ സൂക്തപ്രകാരം ഖുർആനികവചനങ്ങളിലടങ്ങിയ സൂക്ഷ്മജ്ഞാനം വെളിപ്പെടുത്തുക. മൂന്ന് -'ഉദ്ഊനി അസ്തജിബ് ലക്കും' (എന്നെ വിളിക്കുവിൻ ഞാൻ നിങ്ങൾക്കു ഉത്തരം നൽകും) എന്ന വാക്യമനുസരിച്ചു പ്രാർത്ഥനയുടെ സ്വീകാര്യത തെളിയിച്ചുകാട്ടുക. സത്യവിശ്വാസികളുടെയും ദൈവത്തിന്റെ വരിഷ്ഠൻമാരുടെയും ലക്ഷ

ണങ്ങളായി ഖുർആൻ വിവരിച്ചുതന്നിട്ടുള്ള ഈ മൂന്നു കാര്യങ്ങളുടെ അടിസ്ഥാനത്തിൽ താനുമായി ദിവ്യമായ ഒരു പോരാട്ടത്തിലേർപ്പെടാൻ സന്നദ്ധനാകുന്നതിനു ഹദ്റത്ത് അഹ്മദ് (അ) പീർ സാഹിബിനെ ആഹ്വാനം ചെയ്തു.

ഹദ്റത്ത് അഹ്മദ്(അ) വിജ്ഞാപനത്തിൽ തന്റെ നിർദ്ദേശം ഇപ്രകാരം വിശദീകരിച്ചു. ലാഹൗറിൽ ഒരു സമ്മേളനം വിളിച്ചുകൂട്ടണം. നാൽപതു ഖുർആൻ ആയത്തുകൾ അഥവാ നാൽപതിൽ കുറയാത്ത ആയത്തുകളുള്ള ഒരു 'സൂറത്ത്' തിരഞ്ഞെടുക്കുകയും പ്രസ്തുത സൂക്തങ്ങളിലടങ്ങിയ സൂക്ഷ്മജ്ഞാനങ്ങളും രഹസ്യങ്ങളും വെളിപ്പെടുത്താൻ സാധിക്കുന്നതിനും ആരുടെ ഭാഗത്താണ് സത്യവും ദൈവീക സഹായവുമെന്ന് ഖണ്ഡിതമായി തെളിയിച്ചുകാട്ടി പ്രതിയോഗിയുടെ പരാജയം സംഭവിക്കുമാറാകുന്നതിനും സമ്മേളനത്തിൽവച്ചു പരസ്യമായി പ്രാർത്ഥന നടത്തിയശേഷം അറബിഭാഷയിൽ വ്യാഖ്യാനമെഴുതാനിരിക്കണം. ഇരുപക്ഷവും ഇക്കാര്യത്തിൽ മറ്റാരുടേയും സഹായം സ്വീകരിക്കരുത്. മറ്റൊരാളുടെ പുസ്തകം നോക്കുവാനും പാടുള്ളതല്ല. കോപ്പിയടിക്കുകയോ കട്ടെഴുതുകയോ ചെയ്തതാണെന്നു പരാതിപ്പെടാൻ അവസരം നൽകാത്ത വിധം ഏഴു മണിക്കൂറിനുള്ളിൽ വ്യാഖ്യാനമെഴുതി മുഴുമിപ്പിക്കണം. വ്യാഖ്യാനം എഴുതി പൂർത്തിയാക്കിയാൽ തങ്ങളുടെ ശിഷ്യവൃന്ദത്തിൽപെടാത്ത പ്രമുഖരായ മൂന്നു പണ്ഡിതൻമാർ (ഇവർ പീർസാഹിബ് നിർദ്ദേശിക്കുന്ന ആരായാലും കൊള്ളാം) ഓരോന്നിലും ഒപ്പുവെച്ചു സാക്ഷ്യപ്പെടുത്തുകയും അവ പിന്നീട് വായിച്ചു കേൾപ്പിക്കുകയും വേണം. ആരുടെ വ്യാഖ്യാനമാണ് 'റൂഹുൽ ഖുദ്സി'ന്റെ സഹായത്താൽ എഴുതപ്പെട്ടതെന്നും സർവ്വഥാ മികച്ചു നിൽക്കുന്നതെന്നും അവർ ഒരു സത്യപ്രതിജ്ഞയോടുകൂടി പ്രഖ്യാപിക്കണം. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി, മൗലവി അബ്ദുൽജബ്ബാർ ഗസ്നവി, പ്രഫസർ അബ്ദുല്ലാ ലാഹൗരി എന്നിവരെ ഇക്കാര്യത്തിൽ മദ്ധ്യസ്ഥന്മാരാക്കുന്നതു തനിക്കു സമ്മതമാണ്. ഈ ദിവ്യമായ മൽസരത്തിൽ പീർസാഹിബിന്റെ തഫ്സീർ ആണ് മികച്ചുനിൽക്കുന്നതെന്നു തെളിയുകയാണെങ്കിൽ, അദ്ദേഹത്തിന്റെ ഭാഗത്താണ് സത്യമെന്നു താൻ സമ്മതിച്ചു പറയുന്നതോടൊപ്പം തന്റെ വാദങ്ങളടങ്ങിയ സകല ഗ്രന്ഥങ്ങളും ചുട്ടെരിക്കുകയും താൻ പരാജിതനും ശപിക്കപ്പെട്ടവനുമാണെന്നു പരസ്യമായി ഏറ്റുപറയുകയും ചെയ്യുന്നതാണ്. മറിച്ചു, പീർസാഹിബിന്റെ പരാജയമാണ് സംഭവിക്കുന്നതെങ്കിൽ അദ്ദേഹം മാനസാന്തരപ്പെട്ടു തന്റെ ശിഷ്യത്വം സ്വീകരിക്കണം. പത്തു ദിവസത്തിനകം ഇതു സംബന്ധിച്ച അനുകൂല നില വെളിപ്പെടുത്തുകയോ നിലപാട് വ്യക്തമാക്കുകയോ വേണം.

ഈ വിജ്ഞാപനം പുറപ്പെട്ടപ്പോൾ പീർ സാഹിബ് സ്വാഭാവികമായും വലിയ പരുങ്ങലിലായി. ഇത്തരം സമരത്തിനു തയ്യാറാകത്തക്ക വൈജ്ഞാനികസിദ്ധി അദ്ദേഹത്തിനുണ്ടായിരുന്നില്ലെന്നതാണ് വാസ്തവം. ദൈവീക സാഹായത്തിൽ അത്രവലിയ വിശ്വാസവും ഉണ്ടായിരുന്നില്ല. പരസ്യമായ

പീർ മെഹർ അലിഷാ

ഈ ആഹ്വാനം നേരിടാതിരിക്കുന്നതാകട്ടെ, അത്യന്തം അപമാനകരവും തന്റെ പേരിനും പ്രശസ്തിക്കും ചേരാത്തതുമാണെന്ന വിചാരം അദ്ദേഹത്തെ പിടികൂടി. തന്നിമിത്തം അദ്ദേഹം ഒരു സൂത്രപ്രയോഗത്തിലൂടെ ഈ ദിവ്യസമരത്തിൽനിന്നു തടിയൂരാനാണ് ശ്രമിച്ചത്.

ഖുർആൻ വ്യാഖ്യാനമത്സരത്തിന് താൻ തയ്യാറാണെന്ന് വരുത്തിക്കൂട്ടുകയും അതേ അവസരംതന്നെ മത്സരം നടക്കാതിരിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും ആയിരുന്നു പീർസാഹിബിന്റെ സൂത്രം. ആഹ്വാനം തനിയ്ക്കു സ്വീകാര്യമാണെന്ന് അദ്ദേഹം എഴുതി. എന്നാൽ, ഖുർആൻ വ്യാഖ്യാനമത്സരം നടത്തുന്നതിനു മുമ്പ് ഖുർആന്റെയും ഹദീസിന്റേയും അടിസ്ഥാനത്തിൽ വിശ്വാസകാര്യങ്ങളെപറ്റി ആദ്യം ഒരു വിവാദം നടത്തണം! മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയും വേറെ രണ്ടു മൗലവിമാരും ഇതിൽ മദ്ധ്യസ്ഥൻമാരാകണം. (ഹദ്റത്ത്) മീർസാ സാഹിബിന്റെ വിശ്വാസങ്ങൾ സത്യവും പ്രമാണാസ്പദവുമില്ലെന്ന് ഈ മദ്ധ്യസ്ഥൻമാർ വിധിക്കുന്നപക്ഷം അദ്ദേഹം തന്റെ ശിഷ്യത്വം സ്വീകരിക്കാൻ തയ്യാറാകണം. ഇതിനുശേഷം അറബിഭാഷയിലുള്ള ഖുർആൻ വ്യാഖ്യാനമത്സരത്തിൽ ഏർപ്പെടാം! ഇതായിരുന്നു പീർ സാഹിബിന്റെ ഉപാധികൾ! (തബ്ലീഗ് റിസാല, വിജ്ഞാപനം– 25–8–1900

പീർസാഹിബ് ഉന്നയിച്ച ഈ ഉപാധികൾ അദ്ദേഹം ഖുർആൻ വ്യാഖ്യാന മത്സരരംഗത്ത് പ്രത്യക്ഷപ്പെടാൻ തയ്യാറില്ലെന്നാണ് വ്യക്തമാക്കിയതെന്ന് എടുത്തുപറയേണ്ടതായിട്ടില്ല. ഖുർആൻ വ്യാഖ്യാന മത്സരത്തിനുമുമ്പ് വിശ്വാസകാര്യങ്ങളിൽ ഒരു വിവാദം നടത്തണമെന്നും അതിൽ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയും മറ്റും മദ്ധ്യസ്ഥൻമാരായിരിക്കണമെന്നുമുള്ള ഉപാധികൾ ഹദ്റത്ത് അഹ്മദ് (അ) ഒരിക്കലും അംഗീകരിക്കില്ലെന്ന് പീർസാഹിബിനറിയാം. ഈ മൗലവിമാർ വിശ്വാസകാര്യങ്ങലെ മുൻനിർത്തി മുമ്പേതന്നെ ഹദ്റത്ത് അഹ്മദിനെ കാഫിറെന്ന് വിധിച്ചുകഴിഞ്ഞിട്ടുള്ളവരാണ്. ഉലമാക്കൻമാരുമായി മേലിൽ താൻ നേരിട്ടു വിവാദം നടത്തുകയില്ലെന്ന് 'അഞ്ചാമെ ആഥിം' എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് അഹ്മദ്(അ) അസന്ദിഗ്ധമായ ഭാഷയിൽ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുമുണ്ടായിരുന്നു. അതിനാൽ, ഒരു വിവാദത്തിനു അദ്ദേഹം ഒരുങ്ങുകയില്ലെന്ന കാര്യത്തിൽ പീർസാഹിബിനു ഒട്ടും സംശയമുണ്ടായിരുന്നില്ല. വിവാദം നടത്താനൊരുങ്ങിയാൽ തന്നെ പ്രതിജ്ഞ ലംഘിച്ചതായി ശത്രുക്കൾക്ക് കുറ്റപ്പെടുത്തുകയും ചെയ്യാം! മാത്രമല്ല, വിശ്വാസ പ്രശ്നങ്ങളിലുള്ള വിവാദത്തിൽ ഹദ്റത്ത് അഹ്മദ് (അ) പരാജയപ്പെടുകയും ചെയ്തുകഴിഞ്ഞാൽ, തഫ്സീർ മൽസരത്തിൽ ഏർപ്പെടേണ്ട ആവശ്യം തന്നെ അവശേഷിക്കുന്നുമില്ലല്ലോ! ഏതെങ്കിലും മുരീദ് തന്റെ പീറുമായി മത്സരത്തിനൊരുങ്ങാറുണ്ടോ? ചുരുക്കത്തിൽ, യുക്തിക്കും നീതിയ്ക്കും നിരക്കാത്ത ഉപാധികളാണ് പീർസാഹിബ് ഉന്നയിച്ചിരുന്നത്. തന്റെ ശിഷ്യൻമാരുടെ കണ്ണിൽ മണ്ണിടുകയും അവരെ ഇളക്കിവിടുകയുമായിരുന്നു പീർ ഗോൾഡവിയുടെ ഉദ്ദേശ്യം.

പീർസാഹിബ് പിൻമാറുകയാണെന്നു കണ്ടപ്പോൾ ഖുർആൻ വ്യഖ്യാനമത്സരത്തിനു അദ്ദേഹം മുന്നോട്ടുവരുന്ന പക്ഷം ആയിരം ഉറുപ്പിക ഇനാം നൽകുന്നതാണെന്നു 'അഞ്ചുമൻ ഫുർഖാനിയ്യ' എന്ന സംഘടന മുഖേന ഹദ്റത്ത് അഹ്മദിന്റെ ലാഹൗരിലുള്ള ശിഷ്യൻമാർ വിളംബരപ്പെടുത്തി. എന്നാൽ, താൻ മീർസാ സാഹിബുമായി ഒരു വിവാദം നടത്താനാണ് തയ്യാറായിട്ടുള്ളതെന്നും അതിനായി ലാഹൗറിൽ എത്തിച്ചേരുന്നതാണെന്നും പീർസാഹിബ് മറുപടി നൽകുകയാണു ചെയ്തത്.

1900 ആഗസ്ത് 24-ാം തിയതി പീർസാഹിബും പരിവാരവും ലാഹൗറിൽ എത്തിചേർന്നു. അതോടെ ഹദ്റത്ത് അഹ്മദിനെതിരായി ശത്രുക്കൾ ഇളകിപുറപ്പെട്ടു വിവാദത്തിൽനിന്നു ഒഴിഞ്ഞുമാറുകയാണെന്നു അവർ മുറവിളികൂട്ടി. കൊലവിളികളും ഉയർന്നു. പീർസാഹിബിനു വിവാദമാണു വേണ്ടതെങ്കിൽ താനതിന്നു തയ്യാറാണെന്നു വ്യക്തമാക്കിക്കൊണ്ടു ഹദ്റത്ത് അഹ്മദിന്റെ ഒരു പ്രമുഖശിഷ്യനും മഹാപണ്ഡിതനുമായ ഹദ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി പരസ്യപ്പെടുത്തി. ഖുർആൻ തഫ്സീർ മൽസരത്തിൽനിന്നു ഒഴിഞ്ഞുമാറാനായിട്ടില്ല. വിവാദം നടത്താൻ നിർബന്ധിക്കുന്നതെന്നു വ്യക്തമാക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. പക്ഷേ, പീർസാഹിബ് ഹദ്റത്ത് അഹ്മദ് (അ) തന്നെ വിവാദത്തിനു മുന്നോട്ടു വരണമെന്നു വാശിപിടിക്കുകയാണുണ്ടായത്.

ഈ ഘട്ടത്തിൽ, താൻ ഒരു ചർച്ചാസമ്മേളനത്തിനു തയ്യാറാണെന്നു പ്രഖ്യാപിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ) ഒരു വിജ്ഞാപനം പുറത്തിറക്കി. ചർച്ചാസമ്മേളനത്തിൽ താൻ മൂന്നു മണിക്കൂർ പ്രസംഗിക്കും; മൂന്നു മണിക്കൂർ പീർസാഹിബും പ്രസംഗിക്കട്ടെ. രണ്ടു പേരുടെയും വിശ്വാസപരമായ ന്യായവാദങ്ങളെയും തെളിവുകളേയും കുറിച്ചു ശ്രോതാക്കൾ സ്വയം തീരുമാനമെടുത്തുകൊള്ളണം. ഈ വിശ്വാസപ്രശ്നങ്ങളിൽ ശരിയും തെറ്റും ആരുടേതാണെന്നു ഒരു മാദ്ധ്യസ്ഥവിധി ഉണ്ടാകാൻ പാടില്ല (തബ്ലീഗെ റിസാല, ജി.10 പേ.131- 141)

ഈ വിജ്ഞാപനം പുറത്തുവന്നതോടെ താനൊരു ചർച്ചാ സമ്മേളനത്തെ അഭിമുഖീകരിക്കേണ്ടിവരുമെന്നു മനസ്സിലാക്കിയ പീർ സാഹിബ് ലാഹൗർ വിടുവാൻ ധൃതികൂട്ടിത്തുടങ്ങി. വെള്ളിയാഴ്ച ജുമുഅക്കുശേഷവും പീർസാഹിബ് ലാഹൗറിൽ തന്നെയുണ്ടാകുമെന്നായിരുന്നു മുൻപരിപാടി. ജുമുആ ദിവസം ലാഹൗറിൽ ചേരുന്ന പൊതുയോഗത്തിൽ പ്രസംഗിക്കണമെന്നു അഭ്യസ്ഥവിദ്യരായ ഒട്ടേറെ മാന്യൻമാർ പീർസാഹിബിനോട് താണുകേണു അപേക്ഷിച്ചുനോക്കിയെങ്കിലും ജുമുഅക്ക് മുമ്പായിട്ടുതന്നെ അദ്ദേഹം സപരിവാരം ലാഹൗറിൽ നിന്ന് സ്ഥലം വിടുകയാണു ചെയ്തത്. തന്നെ നേരിടാൻ ധൈര്യപ്പെടാത്തതുകൊണ്ടാണ് ഒരു വാദപ്രതിവാദത്തിന് മീർസാ സാഹിബ് സന്നദ്ധനാകാത്തതെന്ന പീർസാഹിബിന്റെ പ്രചാരവേല തകർന്നതോടെ സ്വന്തം അനുയായികളുടെ കണ്ണിലും അദ്ദേഹം തരംതാണുപോയി എന്നതാണ് ഇതിന്റെ പര്യവസാനം!

51- ഇജാസുൽമസീഹ്

പീർ മെഹർഅലിശാ ഗോൾഡവി നിർദ്ദിഷ്ടമായ ഖുർആൻ വ്യാഖ്യാന മത്സരത്തിനു ഒരു പ്രകാരത്തിലും തയ്യാറില്ലെന്നു വന്നപ്പോൾ അദ്ദേഹത്തിൽ ന്യായപൂർത്തി വരുത്തുന്നതിനു ഹദ്റത്ത് അഹ്മദ് (അ) മറ്റൊരു നിർദ്ദേശം ഉന്നയിച്ചു. അറബിഭാഷയിൽ 'സുറാഫത്തിഹാ'യുടെ തഫ്സീർ രചിക്കുവാനുള്ള മറ്റൊരു മൽസരാഹ്വാനമായിരുന്നു അത്.

സുറാ ഫാത്തിഹായുടെ തഫ്സീർ മുഖേന തന്റെ വാദങ്ങളുടെ സത്യത സ്ഥാപിക്കുന്നതാണെന്നും, ആകാശത്തിൽനിന്നു മസീഹ് ഇറങ്ങിവരുന്നതു സംബന്ധിച്ചും യോദ്ധ്യ മഹ്ദിയുടെ ആവിർഭാവത്തെപറ്റിയുമുള്ള വിശ്വാസങ്ങളുടെ സത്യത അപ്രകാരംതന്നെ പീർസാഹിബും തെളിയിച്ചുകാണിക്കേണ്ടതാണെന്നും 1900 ഡിസബർ 15-നു മുതൽ 70 ദിവസത്തിനകം ഈ ഫാത്തിഹാ തഫ്സീർകൃതി തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും ആയിരുന്നു ആഹ്വാനം. രണ്ടു പേരുടെയും ബന്ധവൃത്തങ്ങളിൽപെടാത്ത മൂന്നു അറബിഭാഷാ പണ്ഡിതൻമാർ ഈ തഫ്സീർകൃതികൾ പരിശോധിക്കുകയും സാഹിത്യപരമായി ഉന്നതനിലവാരം പുലർത്തുന്നതും ഖുർആനിലെ നിഗൂഢജ്ഞാനങ്ങളും തത്വരഹസ്യങ്ങളും വെളിപ്പെടുത്തുന്നതുമായ വ്യാഖ്യാനകൃതി ആരുടെതാണെന്നു വിധിക്കുകയും വേണം. പീർസാഹിബിന്റെ കൃതിയാണ് മികച്ചതും ദൈവികസഹായം പ്രകടമാക്കുന്നതുമെന്നു തങ്ങൾക്കു ബോദ്ധ്യപ്പെട്ടതായി മാദ്ധ്യസ്ഥ്യവിധികർത്താക്കൾ സത്യപ്രതിജ്ഞ ചെയ്ത് പ്രഖ്യാപിക്കുന്ന പക്ഷം തന്റെ പരാജയത്തിന്റെ അംഗീകാരമെന്നോണം അപ്പോൾതന്നെ 500 രൂപ പീർസാഹിബിനു ഇനാം നൽകുന്നതാണ്. ഈ തഫ്സീർ മൽസരത്തിനായി പീർസാഹിബ് ലാഹൗറിൽ വന്നു ബുദ്ധിമുട്ടണമെന്നില്ല. ഗോൾഡയിൽ ഇരുന്നുകൊണ്ടുതന്നെ തഫ്സീർ കൃതി രചിച്ചുകൊള്ളാവുന്നതാണ്. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി, മൗലവി അബ്ദുൽ ജബ്ബാർ ഗസ്നവി, മൗലവി മുഹമ്മദ് ഹസൻ ഭീനി തുടങ്ങിയ പ്രശസ്തരായ ഉലമാക്കളുടെ നേരിട്ടുള്ള സഹായം ഇക്കാര്യത്തിൽ സ്വീകരിച്ചുകൊള്ളുന്നതിനു തനിയ്ക്കു വിരോധമില്ല. അറബി സാഹിത്യകുശലൻമാരായ നാലഞ്ചുപേരെ പ്രതിഫലം നൽകി കൂട്ടിനു വിളിക്കുന്നതും കൊള്ളാം. "എഴുപതു ദിവസത്തിനകം സൂറാ ഫാത്തിഹാ വ്യഖ്യാനം നാലു അദ്ധ്യായങ്ങളിലായി അറബിഭാഷയിൽ എഴുതി പൂർത്തിയാക്കാൻ

കഴിയാതെ വരുന്നതു ആരായാലും അതു ഏതു കാരണങ്ങളാലായാലും അയാൾ കപടനാണെന്നു വിധിക്കപ്പെടുന്നതാണ്. അയാളുടെ കള്ളത്തരത്തിനു മറ്റൊരു തെളിവ് ആവശ്യമായിരിക്കുന്നതല്ല" (വിജ്ഞാപനം, 1900 ഡിസമ്പർ 15).

ഈ വിജ്ഞാപനപ്രകാരം 1901 ഫിബ്രവരി 20-ാം തിയ്യതി തന്നെ ഹദ്റത്ത് അഹ്മദ് (അ) സൂറാ ഫാത്തിഹായുടെ വ്യാഖ്യാനം അറബിഭാഷയിൽ എഴുതി പ്രസിദ്ധപ്പെടുത്തി. 'ഇഅ്ജാസുൽ മസീഹ്' (46)(മസീഹിന്റെ ദിവ്യ ദൃഷ്ടാന്തം) എന്നാണ് 200 പേജുകൾ വരുന്ന ഈ ഗ്രന്ഥത്തിനു പേർ വെക്കപ്പെട്ടിരുന്നത്. ഈ വ്യാഖ്യാനകൃതി സാഹിത്യപരമായ ഒരു മഹാത്ഭുതം തന്നെയാണെന്നു നിഷ്പക്ഷരായ അനേകം പണ്ഡിതൻമാർ അഭിപ്രായപ്പെടുകയുണ്ടായി. ശത്രുക്കൾക്ക് പോലും അതിന്റെ സാഹിത്യപരമായ മേന്മയേയും ആശയഗഹനതയെയും അംഗീകരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

ഏതു പരിതസ്ഥിയിലാണ് നിശ്ചിത കാലയളവിനുള്ളിൽ വാഗ്ദത്ത മസീഹ്(അ) ഈ യജ്ഞം പൂർത്തിയാക്കിയതെന്നറിയുമ്പോഴാണ് അതിന്റെ മഹത്വത്തിന് മാറ്റുകൂട്ടുന്നത്. എഴുപതു ദിവസത്തിനകം ഇത്തരം ഒരു വ്യാഖ്യാന കൃതി അറബിഭാഷയിൽ എഴുതി പൂർത്തിയാക്കുക സുസാദ്ധ്യമായ ഒരു കാര്യമായിരുന്നില്ല. എന്നാൽ 30 ദിവസംവരെ വാഗ്ദത്തമസീഹ് (അ) ഇക്കാര്യത്തിൽ യാതൊരു ശ്രദ്ധയും ചെലുത്തുകയുണ്ടായിട്ടില്ലെന്നും ഒരു വരിപോലും എഴുതുകയുണ്ടായില്ലെന്നും ആണ് ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി പ്രസ്താവിച്ചിട്ടുള്ളത്. നാൽപതുദിവസം മാത്രം ബാക്കിയുള്ളപ്പോഴാണ് അവിടുന്ന് തഫ്സീർകൃതി രചിക്കാനുള്ള ശ്രമം തന്നെ ആരംഭിച്ചത്. എന്നാൽ, അപ്പോഴേയ്ക്കും കഠിനമായ രോഗം അദ്ദേഹത്തെ പിടികൂടി. സാധാരണ ഉണ്ടാകാറുള്ള ഉഗ്രമായ തലവേദനയും ക്ഷീണവും! ഒരു പത്തുകൊല്ലക്കാലത്തിനിടയിൽ അത്രയും കഠിനമായ നിലയിൽ ഈ രോഗം അദ്ദേഹത്തെ പിടികൂടിയിരുന്നില്ലെന്ന് ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് (റ) പറയുന്നു. രോഗമൂർച്ഛ കാരണം മരണം ഉറപ്പാക്കിയ ഘട്ടങ്ങളുമുണ്ടായിട്ടുണ്ട്. മൂന്നും നാലു പുതപ്പിട്ടു ശരീരം മൂടിപ്പുതക്കേണ്ടിവന്നിരുന്നു. കൈകാലുകൾ തണുത്തുവിറങ്ങലിക്കുകയും ചെയ്ക പതിവായിരുന്നു.

ഹദ്റത്ത് അഹ്മദ് (അ) സാങ്കേതികമായി പറഞ്ഞാൽ ഒരു അറബി ഭാഷാപണ്ഡിതനായിരുന്നില്ലെന്ന് മൗലാനാ അബ്ദുൽകരീം സാഹിബ് (റ)ചൂണ്ടിക്കാട്ടുന്നു. എന്തെന്നാൽ, അദ്ദേഹം ഒരു മദ്റസയിൽ ചേർന്നു പഠിക്കുകയോ അറബിഭാഷാവിദ്വാനെന്ന പ്രമാണ പത്രം നേടുകയോ ചെയ്തിരുന്നില്ല. ആ നിലക്ക്, അറബിഭാഷാലോകത്തിലെ പണ്ഡിതാഗ്രേസരൻമാരെയെല്ലാം വെല്ലുവിളിച്ചുകൊണ്ട് മികച്ചൊരു സാഹിത്യകൃതി രചിക്കുകയെന്നത് അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ഒരൽഭുതകൃത്യം തന്നെയായിരുന്നു. അറബിഭാഷയിൽ വിവരമില്ലാത്ത ഒരു ഉർദു മുൻഷി എന്നത്രെ ഹദ്റത്ത് അഹ്മദിനെപറ്റി മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാ

ലവി പുച്ഛിച്ചു പറയാറുണ്ടായിരുന്നത്. എന്നാൽ ഇന്ത്യയിലൊട്ടുക്കുമുള്ള അറബി ഭാഷാ വിദ്വാൻമാർ ഇവിടെയിതാ ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ മുമ്പിൽ അടിയറവ് പറഞ്ഞിരിക്കുന്നു! അത്യുന്നതമായ അറബി സാഹിത്യനിലവാരം പുലർത്തുന്ന അത്ഭുതകരമായ ഫാത്തിഹാ തഫ്സീർ ഗ്രന്ഥം നിശ്ചിതാവധിക്കുള്ളിൽ അദ്ദേഹം എഴുതി പ്രസിദ്ധം ചെയ്തു. എതിരാളികൾക്കാർക്കുംതന്നെ അതിനോടു കിടനിൽക്കുന്ന ഒന്നു രചിക്കാനൊത്തില്ല.

അറബിഭാഷയിലുള്ള അറിവും പാണ്ഡിത്യവും വാഗ്ദത്ത മസീഹിനെ സംബന്ധിച്ചേടത്തോളം ഒരു ദിവ്യദാനമായിരുന്നു. വാക്കുകളും ശൈലികളും ദിവ്യപ്രചോദനമനുസരിച്ച് അദ്ദേഹം പ്രയോഗിച്ചുകൊണ്ടിരുന്നു. പല വാക്കുകളുടെയും അർത്ഥംപോലും പിന്നീട് നിഘണ്ടുക്കൾ നോക്കിയാണ് അദ്ദേഹം തന്നെയും ഗ്രഹിച്ചിരുന്നത്! അറബിഭാഷാപടുക്കളും മഹാജ്ഞാനികളുമായിരുന്ന ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി, ഹദ്റത്ത് മൗലാനാ സെയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി തുടങ്ങിയ ശിഷ്യൻമാർ ഈ ഭാഷാപടുത്വം കണ്ടു അമ്പരക്കുകയും ഈ സിദ്ധി നിശ്ചയമായും ദൈവദത്തംതന്നെയെന്ന് ഏറ്റുപറയുകയും ചെയ്തിരുന്നു. ഒരിക്കൽ ഹദ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി പ്രൂഫ് നോക്കികൊണ്ടിരിക്കെ ഒരു പദത്തിന്റെ പ്രയോഗത്തെക്കുറിച്ചു സംശയം പ്രകടിപ്പിക്കുകയുണ്ടായി. ഗുരുവിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ താൻ എഴുതിയത് എഴുതി എന്നും ശബ്ദകോശംനോക്കി ശരിപ്പെടുത്തിക്കൊള്ളണമെന്നും മറുപടി നൽകപ്പെട്ടു. മൗലാനാ സാഹിബ് അവർകൾ ശബ്ദകോശങ്ങൾ പലതും പരിശോധിച്ചപ്പോൾ വാഗ്ദത്തമസീഹ്(അ) പ്രയോഗിച്ച പദം തികച്ചും ശരിതന്നെയെന്നും അതാണ് അവിടെ ഏറ്റവും യോജിച്ച പദമെന്നും ബോദ്ധ്യപ്പെടുകയുണ്ടായി.

'ആയിനയെകമാലാത്തെ ഇസ്ലാം' എന്ന ഗ്രന്ഥത്തോടനുബന്ധിച്ചെഴുതിയ 'അത്തബ്ലീഗ്' ആണ് ഹദ്റത്ത് അഹ്മദ് (അ) രചിച്ച ആദ്യത്തെ അറബി കൃതി. ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ) ആഗ്രഹം പ്രകടിപ്പിച്ചതിനെ തുടർന്നാണ് അറബ് ദേശക്കാർക്കുള്ള തന്റെ സന്ദേശം അറബിഭാഷയിൽ തയ്യാറാക്കാൻ ഇമാം മഹ്ദി(അ) പ്രചോദിതനായിത്തീർന്നതുതന്നെ. ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് (റ) ഇപ്രകാരം ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ താൻ ഉർദുവിൽ ആദ്യം ലേഖനം എഴുതി തയ്യാറാക്കാമെന്നും പിന്നീട് ഇരുവരും ചേർന്നു അതു അറബിയിലാക്കാമെന്നുമാണ് വിനയ ബുദ്ധിയായ അവിടുന്ന് പ്രസ്താവിച്ചതത്രെ. എന്നാൽ, സന്ദേശം അറബിഭാഷയിൽതന്നെ രചിക്കാൻ അന്നു രാത്രി വാഗ്ദത്തമസീഹിനു ദിവ്യാജ്ഞ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വന്തത്തിൽതന്നെ 'അത്തബ്ലിഗ്' അദ്ദേഹം രചിക്കുകയാണുണ്ടായത്. അതാകട്ടെ, അതിമഹത്തായ അറബി ശൈലിയിലും! അതിന്റെ രചനാഭംഗിയും ശൈലീവിശേഷങ്ങളും അറ

ബ്ദേശത്തെ സമുന്നത സാഹിത്യകാരൻമാരെപ്പോലും ആകർഷിക്കാതിരുന്നില്ല. ഹസ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ്(റ) പിന്നീട് അതിന്റെ ഫാർസി തർജ്ജമ തയ്യാറാക്കി.

'ഇഅ്ജാസുൽ മസീഹ്' യഥാർത്ഥത്തിൽ വാഗ്ദത്ത മസീഹിന്റെ ഒരു ദിവ്യദൃഷ്ടാന്തമായിരുന്നു. പ്രസ്തുത കൃതിയുടെ പുറംചട്ടയിൽ അറബിഭാഷയിൽ ഇപ്രകാരം ഒരു പ്രവചനം രേഖപ്പെടുത്തിയിരുന്നു:

'ഫഇന്നഹുകിതാബുൻ ലൈസ ലഹു ജവാബുൻ ഫമൻ ഖാമലിൽ ജവാബി വതനമ്മറ ഫസൗഫ യറാ അന്നഹു തനദ്ദമ വതദമ്മറ'

(മറുപടി എഴുതുവാൻ ആർക്കും സാധിക്കാത്ത ഒരു ഗ്രന്ഥമത്രെ ഇത്. മറുപടിക്കായി തുനിയുന്നതാരായാലും നിശ്ചമായും അയാൾ ലജ്ജിതനും അപമാനിതനുമായി നശിക്കും.)

വാഗ്ദത്തമസീഹ് (അ) ഇപ്രകാരം പ്രസ്താവിക്കുന്നു: "ഞാൻ അല്ലാഹുവിന്റെ സന്നിധിയിൽ പ്രാർത്ഥന നടത്തി. ഈ ഗ്രന്ഥത്തെ ഉലമാക്കൾക്കുള്ള ഒർതുഭുതദൃഷ്ടാന്തമാക്കി മാറ്റണമെന്നും ഒരു സാഹിത്യകാരനു ഇതിനു തുല്യമായ ഒരു കൃതി രചിക്കാൻ സാദ്ധ്യമാകരുതെന്നും ഇതിനായി ഇച്ഛിക്കുന്നതിനുപോലും അവസരം ലഭിക്കാതാകണമെന്നും ഞാൻ പ്രാർത്ഥിച്ചു. അന്നു രാത്രിതന്നെ എന്റെ പ്രാർത്ഥന ദൈവസന്നിദ്ധിയിൽ സ്വീകൃതമായിത്തീർന്നു. ഞാൻ സുവിശേഷപരമായ ഒരു സ്വപ്നം ദർശിച്ചു. അതോടൊപ്പം ഇൽഹാം ഉണ്ടായി: 'മനഅഹു മാനിഉൻ മിനസ്സമായി' (ആകാശത്തുനിന്ന് തടയുന്നവൻ അതിനെ തടഞ്ഞു). അപ്പോൾ എനിയ്ക്ക് ഉറപ്പായി, ശത്രുക്കൾ ആരുംതന്നെ ഇതിനോട് കിടിപിടിക്കുന്ന ഒരു കൃതി രചിക്കാൻ ശക്തരാവുകയില്ലെന്ന്" (ഇഅ്ജാസുൽ മസീഹ്, ഭാ.26,27)

'ഇഅ്ജാസുൽ മസീഹ്' പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ പീർമെഹർ അലീശാ അതിൽനിന്ന് ഏതാനും വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു അത് 'മഖാമാത്തെ ഹരീരി' എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽനിന്നു കവർന്നെടുത്തതാണെന്ന ആരോപണമുന്നയിക്കുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ വെല്ലുവിളി സ്വീകരിച്ചു അറബി ഭാഷയിൽ 'ഫാത്തിഹാ തഫ്സീർ' രചിക്കാൻ സാധിക്കാതെവന്നപ്പോൾ 'ഇഅ്ജാസുൽ മസീ'ഹിൽ കുറ്റവും കുറവും കണ്ടെത്താനുള്ള ശ്രമത്തിലാണ് പീർ സാഹിബും മുരീദൻമാരും ഏർപ്പെട്ടത്. പീർസാഹിബിന്റെ ശിഷ്യനും ഡ്രഡംജില്ലക്കാരനുമായ മൗലവി മുഹമ്മദ് ഹസൻ ഭീനി ഇഅജാസുൽ മസീഹിന് മറുപടി എഴുതാനാരംഭിച്ചു. എന്നാൽ, ഇഅ്ജാസുൽ മസീഹിന്റെ പുറംചട്ടയിൽ കാണിച്ച പ്രവചനമനുസരിച്ചു, ഏതാനും പേജുകൾ എഴുതിതുടങ്ങിയപ്പോഴേക്കും അയാൾക്ക് ഈ ലോകത്തോട് എന്നന്നേക്കുമായി യാത്ര പറയേണ്ടി വരികയാണുണ്ടായത്!

ഇഅ്ജാസുൽമസീഹിന്നു മറുപടി എഴുതാനായി പ്രസ്തുത ഗ്രന്ഥത്തിന്റേയും ഹദ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹിയുടെ 'ശംസെബാസിഗ' എന്ന ഗ്രന്ഥത്തിന്റെയും തന്റെ പക്ക

ലുള്ള പ്രതികളുടെ മാർജിനുകളിൽ മൗലവി മുഹമ്മദ് ഹസൻ ഭീനി നോട്ടുകൾ കുറിച്ചിട്ടിരുന്നു. ഹദ്റത്ത് അഹ്മദ് (അ) തന്റെ വാദങ്ങൾ ഉന്നയിച്ചിട്ടുള്ള സ്ഥലങ്ങളിൽ 'ലഅനത്തുല്ലാഹി അലൽകാദിബീൻ' (കള്ളംപറയുന്നവരിൽ ദൈവശാപമുണ്ടാകട്ടെ)എന്നും അയാൾ എഴുതി വെക്കുകയുണ്ടായി. ഇപ്രകാരം ശാപവർഷം ചെയ്തു ഒരാഴ്ച പൂർത്തിയാകുന്നതിനുമുമ്പുതന്നെ അയാൾ സ്വയം ശാപമരണത്തിനിരയായി!

മൗലവി മുഹമ്മദ് ഹസൻ ഭീനി 'ഇഅജാസുൽ മസീഹി'ന്നു മറുപടിയെഴുതാനെന്നോണം ഇപ്രകാരം പുസ്തകങ്ങളുടെ മാർജിനുകളിൽ എഴുതി കുറിച്ചിട്ട നോട്ടുകളെപറ്റി അറിയാമായിരുന്ന പീർമെഹർ അലിശാ തന്റെ ഒരു ശിഷ്യൻ മുഖേന ആ രണ്ടു പുസ്തകങ്ങളും മൗലവി ഹസന്റെ ബന്ധുക്കളിൽനിന്നു വിലയ്ക്കു വാങ്ങി. മാർജിനുകളിലെ കുറിപ്പുകൾ അപ്പടി പകർത്തുകൊണ്ടു 'സൈഫെചിശ്തിയായി' എന്ന തലക്കെട്ടിൽ തന്റെ പേരിൽ പ്രസിദ്ധപ്പെടുത്തി. മൗലവി മുഹമ്മദ് ഹസന്റെ നോട്ടുകൾ അപ്പടി പകർത്തിക്കൊണ്ടാണ് തന്റെ ഗ്രന്ഥം അദ്ദേഹം രചിച്ചതെങ്കിലും ആ വസ്തുത വെളിപ്പെടുത്തുകയോ അയാളുടെ പേർപോലും എടുത്തു പറയുകയോ ചെയ്തിരുന്നില്ല. പീർസാഹിബ് സ്വന്തം പേരിലിറക്കിയ ഈ പുസ്തകത്തിന്റെ ഒരു പ്രതി വാഗ്ദത്ത മസീഹിനും അയച്ചുകൊടുത്തു. ഇതു സംബന്ധിച്ചു ഹദ്റത്ത് അഹ്മദ് (അ)ഇപ്രകാരം എഴുതി:

"ഈ പുസ്തകം (സൈഫെ ചിശ്തിയായി) എനിക്കു 1902ജൂലായ് 1-നു തപാലിൽ അയച്ചുകിട്ടി. 'ഇഅ്ജാസുൽ മസീ'ഹിനും 'ശംസെ ബാസിഗ'ക്കും താൻ മറുപടി എഴുതിയിരിക്കുകയാണെന്നു എന്നെ അറിയിക്കാനെന്നോണമാണ് പീർ മെഹർഅലിശാ ഗോൾഡവി പുസ്തകം എന്റെ പേർക്കയച്ചത്. ഈ പുസ്തകം ഞാൻ കൈപ്പറ്റുന്നതിനുമുമ്പുതന്നെ, അദ്ദേഹം ഇഅ്ജാസുൽ മസീഹിന്നു മറുപടി എഴുതുന്നു എന്ന വിവരം എനിക്കു ലഭിച്ചിട്ടുണ്ടായിരുന്നു. എന്നാൽ കഷ്ടമെന്നേ പറയേണ്ടൂ, എന്റെ ധാരണ ശരിയായി പുലർന്നില്ല. 'സൈഫെ ചിശ്ചിതിയായി' കയ്യിൽ കിട്ടിയപ്പോൾ അദ്ദേഹത്തിന്റെ അറബിതഫ്സീർ എങ്ങനെയിരിക്കുന്നുവെന്നു കാണാമല്ലോ എന്നും അദ്ദേഹത്തിന്റെയും എന്റെയും തഫ്സീറുകളുടെ യഥാർത്ഥനിലയും നിലവാരവും വെളിപ്പെടുമാറാകുമല്ലോ എന്നും കരുതി കൗതകപൂർവ്വം ഞാൻ പുസ്തകം തുറന്നുനോക്കിയപ്പോൾ അതു ഉർദുഭാഷയിൽ രചിച്ചതായിട്ടാണ് കണ്ടത്. അതിലാകട്ടെ, ഫാതിഹാ വ്യാഖ്യാനത്തിന്റെ കണികപോലും ഉണ്ടായിരുന്നുമില്ല. അപ്പോൾ, പീർസാസാഹിബിന്റെ നിലയോർത്ത് എനിയ്ക്കു കരച്ചിൽവന്നു" (നുസൂലുൽമസീഹ്.)

'സൈഫെ ചിശ്തിയായി'ൽ പീർസാഹിബ് ഉന്നയിച്ച ആരോപണങ്ങൾക്ക് ഹദ്റത്ത് അഹ്മദ് (അ) 'നുസൂലുൽമസീഹ്' (47) എന്ന കൃതിയിൽ സുവിശദമായ മറുപടി നൽകി. ഇരുനൂറു പുറങ്ങളുള്ള ഒരു അറബി ഗ്രന്ഥം ഉന്നത സാഹിത്യനിലവാരത്തിൽ ചമൽകാരപൂർവ്വം രചിക്കാൻ സാധിച്ച ഒരാൾക്ക് മറ്റൊരാളുടെ പുസ്കതത്തിൽനിന്നു ഏതാനും വാച

കങ്ങൾ കവർന്നെടുക്കേണ്ട ആവശ്യമില്ലെന്നു വാഗ്ദത്ത മസീഹ് വ്യക്ത മാക്കി.

വാഗ്ദത്തമസീഹ്(അ) മഖാമാത്തെ ഹരീരി'യിൽ നിന്ന് ഏതാനും വാചകങ്ങൾ കവർന്നെടുത്തു തന്റെ ഗ്രന്ഥത്തിൽ ചേർത്തതായി പീർമെ ഹർഅലിശാ ആരോപണമുന്നയിച്ചപ്പോൾ അദ്ദേഹത്തിനു ദൈവികമായ കടുത്തൊരു തിരിച്ചടിയാണ് ഏൽക്കേണ്ടിവന്നിരുന്നത്. എന്തെന്നാൽ, പീർസാഹിബ് എഴുതിയ 'സൈഫെ ചിശ്തിയായി' എന്ന ഗ്രന്ഥം അപ്പടി മറ്റൊരാളുടെ കൃതിയുടെ തനി പകർപ്പാണെന്നും അതു തന്റെ പേരിൽ പ്രസിദ്ധപ്പെടുത്തിക്കൊണ്ട് അദ്ദേഹം കടുത്ത വഞ്ചനയും കള്ളത്തരവും പ്രയോഗിച്ചിരിക്കയാണെന്നുമുള്ള ഭയങ്കരമായ ഒരപവാദത്തിനു അദ്ദേഹം വിധേയനായി. വാഗ്ദത്ത മസീഹിനെ അപമാനിക്കാൻ തുനിഞ്ഞ പീർസാ ഹിബിനു വന്നുപെട്ട ഈ അപമാനഭാരം ഒരൽഭുത ദൃഷ്ടാന്തത്തിൽ കുറ ഞ്ഞതായിരുന്നില്ല. ദീർഘകാലം നിലനിന്ന ഒരു അപകീർത്തിക്കേസ്സിന്റെ ആരംഭമായിരുന്നു ഇത്!

52- ശേഖ് റശീദ്രിസായെ കാണാനില്ല!

'ഇഅ്ജാസുൽ മസീ'ഹിന്റെ പ്രതികൾ ഹദ്റത്ത് അഹ്മദ്(അ) ഇന്ത്യയിലെ പ്രസിദ്ധരായ ആലിംകൾക്കും അറബിഭാഷാ പണ്ഡിതന്മാർക്കും അയച്ചുകൊടുത്തതിനോടൊപ്പം അറബ് ലോകത്തെ അറിയപ്പെട്ട സാഹിത്യനായകൻമാർക്കും അയച്ചുകൊടുക്കുകയും തത്തുല്യമായ ഒരു ഗ്രന്ഥം രചിക്കുന്നതിനു അവരെ ആഹ്വാനം ചെയ്യുകയുമുണ്ടായി.

ആധുനിക ഇസ്ലാം മതചിന്താപ്രസ്ഥാനങ്ങളുടെ നായകൻമാരിൽ അദ്വിതീയനായറിയപ്പെട്ട ഈജിപ്തിലെ ശേഖുൽഇസ്ലാം മുഫ്തി മുഹമ്മദ് അബ്ദയുടെ സുപ്രസിദ്ധ ശിഷ്യനായിരുന്ന ശേഖ് റശീദ് രിസാ (1868–1935) 'ഇഅ്ജാസുൽ മസീ'ഹിന്റെ പ്രതി അയച്ചുകിട്ടിയ പ്രമുഖ പണ്ഡിതന്മാരിൽ ഒരാളായിരുന്നു. എണ്ണപ്പെട്ട അറബി എഴുത്തുകാരിൽ അഗ്രിമസ്ഥാനീയനായിരുന്ന സയ്യിദ് റശീദ്രിസാ മിസ്രിലെ സുപ്രസിദ്ധമായ 'അൽമനാർ' പത്രത്തിന്റെ അധിപരും പ്രഖ്യാതമായ 'തഫ്സീറുൽമനാ'റിന്റെ കർത്താവുമായിരുന്നു.*

കൈറോവിലെ 'അൽമുനാസിർ', 'ഹിലാൽ' എന്നീ പത്രങ്ങൾ 'ഇഅ്ജാസുൽ മസീ'ഹിന്റെ സാഹിത്യമേൻമയെയും ആശയഗാംഭീര്യത്തെയും ചമൽക്കാരചാതുരിയെയും ഉയർത്തിക്കാട്ടികൊണ്ടെഴുതിയ നിരൂപണങ്ങളിൽ അതൊരുൽഭുതകൃതിയാണെന്നു ഏറ്റുപറയുകയുണ്ടായി. ഒരു മുസ്ലിം പത്രമായ 'മുനാസി'നും ക്രൈസ്തവ പത്രമായ 'ഹിലാ'ലും ഇഅ്ജാസുൽ മസീഹിന്റെ സാഹിത്യമൂല്യത്തെ ഇപ്രകാരം വിലയിരുത്തിയപ്പോൾ 'അൽമനാർ' ആക്ഷേപവിമർശനം നടത്തുകയാണുണ്ടായത്.

'ജിഹാ'ദിനെപ്പറ്റി തന്റെ കൃതിയിൽ ഹദ്റത്ത് അഹ്മദ് (അ) പ്രകടിപ്പിച്ച അഭിപ്രായങ്ങളെ അടിസ്ഥാനമാക്കിയാണ് ശേഖ് റശീദ്രിസാ ആക്ഷേപങ്ങളുന്നയിച്ചതെന്നു പ്രസ്താവ്യമാണ്. 'ഇഅ്ജാസുൽമസീ'ഹിനെക്കുറി

* "അല്ലാമാ ഇബ്നുതൈമിയ്യയ്ക്കുശേഷം ഇന്നോവരെ ലോകമുസ്ലിംകളിൽ ആരുതന്നെ പരേതനെപ്പോലെ സേവനം അനുഷ്ടിച്ചിട്ടില്ല." എന്നും "അല്ലാമാ സയ്യിദ് റശീദ്രിസാ അറിവിന്റെ ഒരു സമുദ്രമായിരുന്നു. ഹദീസ് വ്യാഖ്യാനത്തിന്റെയും ഫിഖ്ഹിന്റെയും ഇമാം ആയിരുന്നു. ഇസ്ലാമികജ്ഞാനങ്ങളെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ നിർണ്ണായകവിധികളായി കരുതപ്പെട്ടിരുന്നു. മുസ്ലിം ലോകത്തിന്റെ ആദരപാത്രമായിരുന്ന അദ്ദേഹത്തെ സുൽത്താൻ ഇബ്നു സഊദ് ഇമാമെന്നും വന്ദ്യഗുരുവെന്നുമാണ് സംബോധനചെയ്തിരുന്നത്"–എന്നും സയ്യിദ് റശിദ് രിസായുടെ ചരമത്തിൽ ഇന്ത്യൻ ഉലമാക്കൾ അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ട്. (ഈമാൻ, 30–9– 35)

ക്കുറിച്ചുള്ള ആക്ഷേപ ലേഖനമടങ്ങിയ 'അൽമനാ'റിന്റെ പ്രതി പഞ്ചാബിൽ ലഭിച്ചപ്പോൾ പ്രസ്തുത വിമർശനം റാവൽപിണ്ഡിയിലെ സുപ്രസിദ്ധ പത്രമായിരുന്ന 'ചൗദവീൻന് സദ്ദീ' ഉദ്ധരിക്കുകയുണ്ടായി. ശേഖ്റ ശീദ് രിസാ 'ഇഅ്ജാസുൽ മസീ'ഹിനെ വിമർശിച്ചെഴുതീട്ടുണ്ടെന്നറിഞ്ഞപ്പോൾ, അറബ്ദേശത്തെ ഒരു മഹാപണ്ഡിതൻ ഹദ്റത്ത് അഹ്മദിന്റെ അറബിഭാഷാപടുത്വത്തെം ചോദ്യം ചെയ്തിരിക്കുന്നു എന്ന മട്ടിൽ ഇന്ത്യയിലെ ഉലമാക്കൾ ആവേശംകൊള്ളുകയും ആ നിലക്ക് പത്രങ്ങളിൽ ലേഖനങ്ങൾ എഴുതിത്തുടങ്ങുകയും ചെയ്തു. യഥാർത്ഥത്തിൽ, ഹദ്റത്ത് അഹ്മദിന്റെ അറബിഭാഷാനൈപുണ്യത്തെയല്ല, ജീഹാദിനെക്കുറിച്ചുള്ള വീക്ഷണത്തെയാണ് ശേഖ് വിമർശിച്ചിരുന്നത്. 'അൽമനാർ' എന്ന ശീർഷകത്തിൽ പ്രസിദ്ധം ചെയ്ത ഒരു വിജ്ഞാപനത്തിൽ വാഗ്ദത്ത മഹ്ദി ഇമാം (അ) ഈ വസ്തുത വ്യക്തമാക്കുകയുണ്ടായി. ഹദ്റത്ത് മീർസാ സാഹിബിന്റെ എഴുത്തിൽ അൽഭുതം വഴിയുന്നുണ്ടെന്നു സമ്മതിച്ചുകൊണ്ടുതന്നെ, ചില പ്രയോഗങ്ങൾ അറബിശൈലിക്കു നിരക്കാത്തതാണെന്നു ശേഖ് രിസാ സൂചിപ്പിക്കുകയുണ്ടായിട്ടുമുണ്ട്. പക്ഷേ, അതു അദ്ദേഹത്തിന്റെ ഒരു അഭിപ്രായമെന്നേ കരുതുമായിരുന്നുള്ളൂ. എന്നാൽ, അദ്ദേഹം പ്രസ്തുത നിരൂപണത്തിൽ ഇപ്രകാരം എഴുതിയിട്ടുണ്ടായിരുന്നു: "ഈ കൃതിയേക്കാൾ മെച്ചമേറിയ ഒരു ഗ്രന്ഥം ഏഴുദിവസംകൊണ്ട് രചിക്കാൻ പലർക്കും സാധിച്ചേക്കും."

അല്ലാമാ റശീദ് രിസാ ഇപ്രകാരം പ്രസ്താവിച്ചുവെങ്കിലും വാഗ്ദത്തമഹ്ദിയുടെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് ഒരു സമാനഗ്രന്ഥം രചിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല!

'ഇഅ്ജാസുൽ മസീഹ്' ഒരൽഭുതകൃതിയായിരുന്നു. സാഹിത്യപരമായ മേൻമയ്ക്ക് പുറമേ ആശയഗാംഭീര്യത്തിലും അതൊരു അന്യാദൃശ കൃതിയാണെന്നത് തർക്കമറ്റതാണ്. മുമ്പ് ആരുംതന്നെ പറഞ്ഞിട്ടില്ലാത്ത വ്യാഖ്യാനങ്ങളാണ് സൂറാഫാതിഹായ്ക്ക് പ്രസ്തുത വ്യാഖ്യാനകൃതിയിൽ നൽകപ്പെട്ടിരുന്നത്. തന്റെ വാദങ്ങളുടെ സത്യവസ്ഥ സൂറാഫാതിഹായുടെ അറബിവ്യാഖ്യാനങ്ങളിലൂടെ താൻ തെളിയിച്ചു കാട്ടുന്നതാണെന്നും തന്റെ എതിരാളി അതിനുള്ള ഖണ്ഡനം അടങ്ങിയ അറബികൃതി രചിക്കണമെന്നുമായിരുന്നു ഹദ്റത്ത് അഹ്മദ് (അ) ആഹ്വാനം ചെയ്തിരുന്നത്. 'ഇഅ്ജാസുൽ മസീ'ഹിലെ ഫാതിഹാ വ്യാഖ്യാനത്തിന്റെ മാതൃക ഇവിടെ ചൂണ്ടികാണിച്ചുകൊള്ളട്ടെ:

"അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ' എന്ന വാചകത്തിനുള്ള വ്യാഖ്യാനത്തിൽ അല്ലാഹുവിന്റെ സ്തോത്രങ്ങളെകുറിച്ച് പ്രതിപാദിച്ച ശേഷം മഹാത്മാക്കളുടെ ആവിർഭാവകാലത്തെ വിവരിക്കുന്നു. ലോകത്ത് അന്ധകാരം വർദ്ധിക്കുകയും മനുഷ്യൻ അധർമ്മത്തിൽ ആണ്ടുപോകുകയും ചെയ്യുമ്പോൾ അല്ലാഹുനിയോഗിക്കുന്നതനുസരിച്ച് ആവിർഭവിക്കുന്ന സത്യപ്രവാചകൻമാർ അല്ലാഹുവിന്റെ സ്തോത്രത്തെ പ്രത്യേക നിലയിൽ കീർത്തനം ചെയ്യുന്നവരാകുന്നു. അവരുടെ ആവിർഭാവം നവ

യുഗത്തിന്റെ പിറവിയെകുറിക്കുന്നു. നബി (സ)തിരുമേനിയുടെ ആവിർഭാവത്തോടെ ദൈവസ്തോത്രത്തിന്റെ ഒരു നവയുഗം പിറവിയെടുത്തു. അവസാനത്തിൽ വീണ്ടും അത്തരം ഒരു നവയുഗം പിറവിയെയുക്കും. "വല ഹുൽ ഹംദു ഫിൽ ഊലാ വൽ ആഖിറ" (ആദ്യത്തിലും അവസാനത്തിലും ഈ സ്തുതി അവന്നാകുന്നു) എന്ന് ഖുർആനിൽ മറ്റൊരിടത്തു പറയപ്പെട്ടതിന്റെ സൂചനയും ഇതത്രെ. ഈ ദൈവവചനത്തിൽ രണ്ടു പ്രത്യേക സ്തുതിപാഠകരെ (അഹ്മദ്മാരെ) കുറിച്ച് അല്ലാഹു സൂചിപ്പിക്കുകയും അവരെ അവന്റെ മഹാഅനുഗ്രഹങ്ങളായി അവതരിപ്പിക്കുകയും ചെയ്യുന്നു. അവരിൽ ഒന്നാമത്തെയാൾ നബിതിരുമേനിയും മറ്റെയാൾ മഹ്ദീമസീഹ് ആയി ആവിർഭവിച്ചിട്ടുള്ള അഹ്മദും തന്നെ. 'അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ' എന്ന വചനത്തിലെ 'ഹംദി'ൽ ഹാദിയേയും മഹ്ദിയേയും മുഹമ്മദിനേയും അഹ്മദിനേയും കുറിച്ചുള്ള രഹസ്യങ്ങൾ ഉപഗുപ്തമായിരിക്കുന്നു. ചിന്തകൻമാർ ചിന്തിച്ചുനോക്കട്ടെ:

"സുറഫാതിഹായിൽ പ്രസ്താവിക്കപ്പെട്ട റബ്ബ്, റഹ്മാൻ, റഹീം, മാലിക്ക് എന്നീ ദൈവഗുണങ്ങളുടെ മഹത്തായ പ്രതിഫലനങ്ങൾ അല്ലാഹുവിന്റെ പ്രതിനിധികളായി വരുന്ന മഹാത്മാക്കളുടെ കാലത്താണ് സംഭവിക്കുകയെന്നും നബിതിരുമേനിയുടെ കാലത്ത് അല്ലാഹുവിന്റെ ഈ ഗുണവിശേഷങ്ങൾ പ്രകടമായ നിലയിൽ പ്രത്യക്ഷപ്പെട്ടിരുന്നതുപോലെ തിരുനബിയുടെ പ്രതിപുരുഷനായ മഹ്ദീമസീഹിന്റെ കാലത്തും പ്രത്യക്ഷപ്പെടുന്നതാണ്. 'മാലികിയൗമിദ്ദീൻ' എന്ന ദിവ്യഗുണം പരലോകത്തു പുനരുത്ഥാനനാളിൽ പരിപൂർണ്ണമായ നിലയിൽ പ്രത്യക്ഷപ്പെടുമെന്ന കാര്യം അദ്ദേഹം തറപ്പിച്ചു പറയുന്നു. എന്നാൽ അതിന്റെ ഒരു മാതൃക നബിതിരുമേനിയുടെ ആവിർഭാവത്തോടെ ലോകത്ത് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. മറ്റൊരു മാതൃക മഹ്ദീ മസീഹിന്റെ കാലത്തും വെളിപ്പെടുന്നതാണ്. സത്യം എത്രയും പ്രകടമായി പ്രത്യക്ഷപ്പെടുകയും സത്യത്തിന്റെ വൈരികൾ പരാജിതരാവുകയും ദൈവവിശ്വാസത്തിലും മതബോധത്തിലും കേവലം മാതൃപ്രായരായി കഴിഞ്ഞുകൂടിയിരുന്ന ജനസഞ്ചയങ്ങൾ പുനർജീവിക്കുകയും ജനങ്ങൾ കൂട്ടംകൂട്ടമായി സത്യമാർഗ്ഗത്തിലേക്ക് പ്രവേശിക്കുമാറാകുകയും ചെയ്ത കാലമായിരുന്നു നബിതിരുമേനിയുടേത്. ആ കാലത്തെ 'യൗമുദ്ദീൻ' എന്ന കാലത്തോട് ഉപമിക്കാം. അവസാനഘട്ടത്തിലും ഇത്തരം ഒരു കാലം വരുമെന്നു ഖുർആനിൽനിന്നും ഹദീസുകളിൽനിന്നും മനസ്സിലാക്കുന്നുണ്ട്. അതു മഹ്ദി മസീഹിന്റെ കാലംതന്നെയാണ്. ആ മഹ്ദീമസീഹ് ഞാനല്ലാതെ മറ്റാരുമല്ല.

ഇങ്ങനെ, സൂറാഫാതിഹായിലെ ഓരോ വചനത്തെയും ഓരോ പദത്തെയും അൽഭുതകരമായ തരത്തിൽ വ്യാഖ്യാനിച്ച് തന്റെ സത്യവാദത്തെ അദ്ദേഹം തെളിയിച്ചുകാട്ടി. പ്രസ്തുത കൃതിക്ക് ഖണ്ഡനമെന്നോണം സുറാഫാതിഹായ്ക്കു അറബി ഭാഷയിൽ മറ്റൊരു തഫ്സീർ നിശ്ചിതാവധിക്കുള്ളിൽ രചിക്കുവാൻ ശേഖ് റശീദ് റിസായ്ക്ക് സാധിച്ചില്ല. ഖുർആൻ വ്യാഖ്യാനത്തിന്റെ ഒരു പുതിയ സരണിയാണ് ഇഅ്ജാ

സുൽമസീഹ് മുഖേന വെട്ടിത്തുറക്കപ്പെട്ടത്. സുറാഫാതിഹായിൽ അടങ്ങിയ ആത്മീയജ്ഞാനത്തിന്റെ ഭണ്ഡാഗാരങ്ങളും വറ്റാത്ത നീരുറവുകളും ഈ അത്ഭുതകൃതിമുഖേന വെളിപ്പെട്ടപ്പോൾ പണ്ഡിതലോകം പകച്ചു നിൽക്കുകയാണുണ്ടായത്.

ഖുർആന്റെയും സുറാഫാതിഹായുടെയും ആന്തരീയജ്ഞാനങ്ങൾ വെളിപ്പെടുത്തുന്ന ഈ വിശിഷ്ടവ്യാഖ്യാനകൃതിയെകുറിച്ച് ശേഖ് റശീദ് രിസാ പ്രകടിപ്പിച്ച അഭിപ്രായം പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ, റശീദ് രീസായുടെ വൈജ്ഞാനികസിദ്ധികളേയും സാഹിത്യപരമായ കഴിവുകളെയും തനിക്കെതിരിൽ ഒന്നു പരീക്ഷിച്ചുനോക്കുന്നതിനു ആഹ്വാനം ചെയ്തുകൊണ്ടു ഹദ്റത്ത് അഹ്മദ് 'അൽഹുദാ' വതബ് സിറത്തു ലിമൻയ്യറാ(48) എന്ന പേരിൽ മറ്റൊരു അറബികൃതി 1902 ജൂൺ 12-നു പ്രകാശനം ചെയ്തു. അതിൽ ഇപ്രകാരം പറഞ്ഞു:

"ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിച്ചു. അവൻ എന്റെ പ്രാർത്ഥന സ്വീകരിച്ചു. അവന്റെ ഭാഗത്ത് നിന്നുതന്നെയാണ് ഈ ഗ്രന്ഥം എഴുതാനുള്ള കഴിവ് എനിക്ക് പ്രദാനം ചെയ്യപ്പെട്ടത്. ഞാൻ ഇതിന്റെ അദ്ധ്യായങ്ങൾ എഴുതി പൂർത്തിയാക്കി അച്ചടിച്ചശേഷം ശേഖ് റശീദ് രിസായ്ക്ക് അയച്ചു കൊടുക്കും. അദ്ദേഹം നല്ല മറുപടി നൽകുകയും ഇതിനു ഉത്തമരീതിയിൽ ഖണ്ഡനമെഴുതുകയും ചെയ്തുവെങ്കിൽ ഞാൻ എന്റെ ഗ്രന്ഥങ്ങൾ മുഴുവൻ ചുട്ടെരിക്കുകയും അദ്ദേഹത്തിന്റെ കാലുകൾ ചുംബിക്കുകയും അദ്ദേഹത്തെ പിൻപറ്റുകയും ചെയ്യുന്നതാണ്! ഇതാ, ഞാൻ സർവ്വാധിപനായ അല്ലാഹുവിനെ മുൻനിർത്തി സത്യം ചെയ്തുപറയുന്നു' ഈ സത്യംകൊണ്ടു ഞാൻ എന്റെ പ്രതിജ്ഞയെ ബലപ്പെടുത്തുകയും ചെയ്യുന്നു" (അൽഹുദാ, ഭാ. 20)

എന്നാൽ, അതേഗ്രന്ഥത്തിൽതന്നെ ശേഖ് റശീദ് രിസായെ കുറിച്ചുള്ള ഒരു പ്രവചനം അടങ്ങിയ ദിവ്യവെളിപ്പാടു വാക്യവും ചേർത്തിട്ടുണ്ടായിരുന്നു: "എന്ത് അയാൾക്ക് ചമൽക്കാരപൂർവ്വമായ സാഹിത്യകലാസൃഷ്ടിടിൽ വൈഭവമുണ്ടോ? അയാൾ അടുത്തുതന്നെ പരാജയമടയും. പിന്നെ അയാളെ നിങ്ങൾ കാണുകയില്ല. ഇതു രഹസ്യത്തെയും, ഗൂഢാൽ ഗൂഢതരമായതിനെയും അറിയുന്ന അല്ലാഹുവിൽ നിന്നുള്ള സന്ദേശമാകുന്നു" (അൽഹുദാ, ഭാ. 9)

'അൽഹുദാ'യുടെ ഒരു പ്രതി അല്ലാമാ റശീദ് രീസായ്ക്ക് അയച്ചുകൊടുത്തു. ഇഅ്ജാസുൽ മസീഹിനെ സംബന്ധിച്ചേടത്തോളം ഏഴു ദിവസത്തികനകം അത്തരം ഒരു തഫ്സീർ ഏതു പണ്ഡിതന്നും രചിക്കുവാൻ സാദ്ധ്യമാണെന്നു പറഞ്ഞ ശേഖ് റശീദ് രിസായെ നേരിട്ട് മൽസരരംഗത്തേക്ക് ആഹ്വാനം ചെയ്തുകൊണ്ടുള്ള കൃതിയായിരുന്നു അൽഹുദാ!* ഇഅ്ജാസുൽ മസീഹിന് തുല്യമായ ഒരു കൃതി ഏഴു ദിവസത്തിനകം ഏതു പണ്ഡിതന്നും രചിക്കാനാവുമെന്നു പറഞ്ഞ ഈജി

*ഈസാ നബിയുടെ മരണം. കശ്മീർ പ്രവാസം

പ്തിലെ സുപ്രസിദ്ധസാഹിത്യകാരന് ഹദ്റത്ത് അഹ്മദിന്റെ ചരമം വരെ ഏഴു കൊല്ലക്കാലത്തിനിടയിലും സമാനകൃതിരചിക്കാൻ കഴിഞ്ഞില്ല! വാഗ്ദത്ത മസീഹിന്റെ കാലശേഷം 27 കൊല്ലം ജീവിച്ചിട്ടും അദ്ദേഹത്തിന് 'അൽഹുദാ'യ്ക്ക് മറുപടി എഴുതാനും സാദ്ധ്യമായില്ല! "അയാൾ അടുത്തുതന്നെ പരാജയപ്പെടും പിന്നെ അയാളെ കാണുകയില്ല" എന്ന പ്രവചനപ്രകാരം ശേഖ് റശീദ് രിസാ പരാജയപ്പെടുകയും ഈ സാഹിത്യമൽസരരംഗത്ത് ഒരിക്കലും പ്രത്യക്ഷപ്പെടാനാകാതെ വരികയുമാണുണ്ടായ്ത്!

53- അമേരിക്കയിൽ ഒരത്ഭുതാടയാളം

യേശുവിന്റെ രണ്ടാംവരവിന് മുമ്പായി വഴിയൊരുക്കാവൻവന്ന ഏലിയാ പ്രവാചനകനാണ് താനെന്നു വാദിച്ച ഷിക്കാഗോവിലെ ഡോ:ജോൺ അലക്സാണ്ടർ ഡോവി തന്റെ ജീവിതകാലത്ത് തന്നെ ഏറ്റവും ദാരുണമായ അന്ത്യത്തെ അഭിമുഖീകരിക്കുമെന്നും അദ്ദേഹത്തിന്റെ സിയോൺ നഗരത്തിൽ ആപത്തുകൾ ഇറങ്ങുമെന്നും ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) 1902 ൽ പ്രവചിക്കുകയും ആ പ്രവചനം അത്യുത്ഭുതകരമായി പുലരുകയുമുണ്ടായി.

1847ൽ സ്ക്കോട്ട്ലാണ്ടിലാണ് ഡോ.ജോൺ അലക്സാണ്ടർ ഡോവി ജനിച്ചത്.* ആസ്ത്രേലിയിലായിരുന്നപ്പോൾ അദ്ദേഹം 'വിശ്വാസ ചികിത്സ' യിൽ (Faith of Healing) തല്പരനായി. 1888ൽ അമേരിക്കയിൽ താമസമാക്കിയശേഷം ഷിക്കാഗോവിന്നടുത്തു സിയോൺ കേന്ദ്രമാക്കി 1896ൽ 'ക്രിസ്ത്യൻ കത്തോലിക്ക് ചർച്ച്' സ്ഥാപിക്കുകയും അവിടെ പുതിയൊരു ക്രൈസ്തവ സമൂഹത്തിന്ന് രൂപം നൽകുകയുമുണ്ടായി. കോടീശ്വരൻമാരായ അനുയായികൾ ഡോവിയുടെ ഇഷ്ടത്തിനൊത്ത് സിയോണിൽ മുതലിറക്കുകയും അവിടെ ആവാസമുറപ്പിക്കുകയും ചെയ്തു. ചുരുങ്ങിയ കാലത്തിനിടയിൽ ഡോവിക്ക് പതിനായിരക്കണക്കിൽ അനുയായികളുണ്ടായി. അമേരിക്കയിലെ മറ്റേതൊരു നഗരത്തോടും കിടിപിടിക്കുമാറ് സിയോൺ നഗരം അഭിവൃദ്ധിപ്പെട്ടു. പ്രാർത്ഥനകൊണ്ടും തന്റെ കര സ്പർശത്താലും രോഗം മാറ്റുന്നതാണെന്നും ആരും മരുന്നു ഉപയോഗിക്കേണ്ട ആവശ്യമില്ലെന്നും ഡോവി പ്രഖ്യാപിച്ചു. യഥാർത്ഥത്തിൽ അയാൾ പരിചയസമ്പന്നനായ ഒരു ഹിപ്നോട്ടിസ്റ്റ് ആയിരുന്നു. 'ലീവ്സ് ഓഫ് ഹീലിങ്ങ്' എന്ന പേരിൽ അദ്ദേഹം പുറപ്പെടുവിച്ചുകൊണ്ടിരുന്ന പത്രത്തിന്ന് വമ്പിച്ച പ്രചാരം സിദ്ധിച്ചിരുന്നു. അമേരിക്കയിൽ അങ്ങോളമിങ്ങോളവും ആസ്ത്രേലിയായിലും യൂറോപ്പിലും അദ്ദേഹത്തിന്ന് അനുയായികളുണ്ടായിരുന്നു.

"കഴിഞ്ഞ പന്ത്രണ്ടു കൊല്ലക്കാലത്തിന്നിടയിൽ ജോൺ അലക്സാണ്ടർ ഡോവിയെപ്പോലെ അമേരിക്കൻ പത്രങ്ങളിൽ അത്രയേറെ പ്രസിദ്ധി നേടിയ മറ്റോരാളുണ്ടായിട്ടില്ല" എന്നാണ് ഡോവിയുടെ ഒരുജീവചരിത്ര

*The Columbia viking Desk Encyclopedia- Dowie

ഗ്രന്ഥത്തിന്റെ മുഖവുരയിൽ ഷിക്കാഗോവിലെ പ്രഫസർ ഫ്രാൻക്ലീൻ ഡോൺസ് പ്രസ്താവിച്ചത്.

ഡോ.ഡോവി ഇസ്ലാമിന്റെ ഒരു കടുത്ത എതിരാളിയായിരുന്നു. ഇസ്ലാമിനെ നശിപ്പിക്കാൻ അയാൾ അരയും തലയും മുറുക്കി പ്രവർത്തിച്ചുപോന്നു. 'ലീവ്സ് ഓഫ് ഹീലിങ്ങി'ൽ അദ്ദേഹം ഇപ്രകാരം എഴുതി: "ഞാൻ അമേരിക്കയിലെയും യൂറോപ്പിലെയും ക്രിസ്തീയ സമൂഹങ്ങളെ ഉണർത്തിച്ചുകൊള്ളട്ടെ: ഇസ്ലാം മരിച്ചുകഴിഞ്ഞിട്ടില്ല. അത് ഇന്നും ചൈതന്യവത്താണ്. ഇസ്ലാമിന്റെ വേരറുക്കേണ്ടതു ആവശ്യമത്രെ. നിശ്ചയമായും മുഹമ്മദീയമതം നാശത്തെ നേരിടാനിരിക്കുന്നു. എന്നാൽ, ഇതു അടിയുറപ്പില്ലാത്ത ലത്തീൻ ചർച്ച് മുഖേന സാധിക്കുകയില്ല. മിശിഹായെ പേരിനുമാത്രം കൈകൊള്ളുന്നവരുടെ തളർന്നു തകർന്ന പള്ളി സഭകൾ മുഖേനയും അല്ല ഇതു സാധിതപ്രായമാകുക" (Leaves of Healing, 25-8-1900)

യേശുവിന്റെ പുനരാഗമനത്തിനു മുമ്പായി ഇസ്ലാമിനെ നശിപ്പിക്കാൻ ദൈവം തന്നെ നിയോഗിച്ചിരിക്കയാണെന്നു ഡോ.ഡോവി പ്രഖ്യാപിച്ചു: "എന്റെ പ്രാർത്ഥന മൂലം സകല മുസ്ലിംകളും നാശമടയുന്നതും ഇസ്ലാമിന്റെ വേരറുക്കപ്പെടുന്നതും കഅബ വിജനമായിത്തീരുന്നതുമാണ്" എന്നും അയാൾ എഴുതുകയുണ്ടായി. വമ്പിച്ച ജനപിന്തുണക്കിടയിൽ ഒരു ഘട്ടത്തിൽ അയാൾ പറഞ്ഞു: "ഞാൻ ഒരു സത്യപ്രവാചകനല്ലെങ്കിൽ ദൈവത്തിന്റെ പ്രവാചകനായി ഭൂമിയിൽ മറ്റാരാണുള്ളത്?"

ദിവ്യസമരത്തിന് ആഹ്വാനം

ഡോ.ഡോവിയെ കുറിച്ചും അയാളുടെ വാദങ്ങളെക്കുറിച്ചും അറിവു ലഭിച്ചപ്പോൾ ഹദ്റത്ത് അഹ്മദ്(അ)1902 ആഗസ്ത് 8-നു അദ്ദേഹത്തിനു ഒരു തുറന്ന കത്തെഴുതി. യേശു മരിച്ചുപോയിരിക്കുന്നു എന്നും യേശുവിന്റെ ഖബർ ശ്രീനഗറിൽ സ്ഥിതിചെയ്യുന്നുവെന്നും അറിയിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ) ആ കത്തിൽ ഡോവിയെ ഒരു ദിവ്യസമരത്തിന്നു ആഹ്വാനം ചെയ്കയുമുണ്ടായി. ഇസ്ലാമിനെ സംരക്ഷിക്കുവാനും അതിനെ വിജയിപ്പിക്കാനും താൻ ദൈവത്താൽ നിയുക്തനായിരിക്കുകയാണെന്നും ഡോവി ഇസ്ലാമിനെ നശിപ്പിക്കാൻ നിയോഗിക്കപ്പെട്ടിരിക്കയാണെങ്കിൽ ആ അവകാശവാദത്തിന്റെ സത്യ യുക്തി തെളിയിച്ചു കാണിക്കാൻ രംഗത്ത് വരേണ്ടതാണെന്നും അദ്ദേഹം അതിൽ പ്രസ്താവിച്ചു. കപടവാദി ആരാണോ അയാളെ സത്യവാദിയുടെ ജീവിതകാലത്ത് തന്നെ ശിക്ഷിച്ചു നശിപ്പിക്കുന്നതിനുവേണ്ടി ഇരുവരും ദൈവത്തോടും പ്രാർത്ഥിക്കണം. പ്രപഞ്ചനാഥനായ ദൈവം തന്റെ തോട്ടത്തിന്റെ സംരക്ഷണം ഒരാളെ ഏല്പിച്ചു കഴിഞ്ഞിരിക്കെ അതേ അവകാശവാദവുമായി മറ്റൊരാൾ മുന്നോട്ടു വന്നാൽ തന്റെ യഥാർത്ഥപ്രതിനിധിയുടെ അവകാശസത്യം തെളിയിച്ചുകാട്ടാൻ അവൻ ഓടിയെത്തുമെന്നു പ്രതീക്ഷിക്കാവുന്നതാണ്. ഇക്കാര്യത്തിൽ സത്യവാദിയെയും കപടവാദിയെയും വേർതി

രിക്കുന്നതിന്ന് ദൈവം ഒരു സത്യദൃഷ്ടാന്തം വെളിപ്പെടുത്തുകയും ചെയ്യും. ഇത്തരം ഒരു പ്രാർത്ഥനാസമരത്തിന്ന് മുമ്പോട്ടു വരാൻ ഡോ. ഡോവിയെ ഹദ്റത്ത് അഹ്മദ് (അ) തന്റെ തുറന്ന കത്തിൽ വെല്ല് വിളിച്ചു. (Review of Religions, Sept.1902)

ഈ ആഹ്വാനത്തിന്നു മറുപടി നൽകാതെ ഡോവി നിശ്ശബ്ദത പാലിക്കുകയാണ് ചെയ്തത്. എന്നാൽ, അദ്ദേഹത്തിന്നു ഇതു അങ്ങനെ അഗണ്യകോടിയിൽ തള്ളിക്കളയാൻ സാധിക്കുമായിരുന്നില്ല. എന്തെന്നാൽ, ഹദ്റത്ത് അഹ്മദിന്റെ ആഹ്വാനം അമേരിക്കൻ പത്രങ്ങൾ പ്രസിദ്ധപ്പെടുത്തുകയും അതിലടങ്ങിയ നിർദ്ദേശത്തിന്റെ ന്യായയുക്തിയെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

സാൻഫ്രാൻസിസ്ക്കോയിലെ 'അർഗുനാട്ട്' (Argunaut) എന്ന പത്രം ഇപ്രകാരം പ്രസ്താവിച്ചു: 'ഡോ. ഡോവിക്ക് മീർസാ എഴുതിയ കത്തിന്റെ ചുരുക്കം ഇതാണ്: 'നിങ്ങൾ ഒരു മതവിഭാഗത്തിന്റെ തലവനാണല്ലോ. എനിയ്ക്കും ധാരാളം അനുയായികളുണ്ട്. നാം ഇരുവരിൽ ദൈവത്തിന്റെ ആൾ ആരാണ് എന്ന കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കുന്നതിന് നമുക്ക് ദൈവത്തോടുതന്നെ പ്രാർത്ഥിക്കാം. ആരുടെ പ്രാർത്ഥനയാണോ സ്വീകരിക്കപ്പെടുന്നത് അയാൾ ദൈവത്തിന്റെ ആളാണെന്നു തീർച്ചപ്പെടുത്താം. നാം ഇരുവരിൽ ആരാണോ കപടവാദി അയാളെ ആദ്യം നശിപ്പിക്കണമെന്നതായിരിക്കണം ആ പ്രാർത്ഥന.' ഇതു എത്രയും യുക്തിയുക്തവും നീതിപൂർവ്വവുമായ ഒരു സത്യനിർണ്ണയമാർഗ്ഗം തന്നെയാണെന്നതിൽ സംശയമില്ല' (Argunaut, San Francisco, 1-12-1902)

വീണ്ടും വെല്ല്വിളി

1902 ആഗസ്തിൽ പുറപ്പെടുവിച്ച ഈ ആഹ്വാനത്തിന്ന് ഡോ. ഡോവിയിൽനിന്ന് പ്രതികരണങ്ങളൊന്നുമില്ലെന്നു കണ്ടപ്പോൾ ഹദ്റത്ത് അഹ്മദ് 1903ൽ തന്റെ വെല്ല്വിളി ആവർത്തിച്ചു. അതിൽ അദ്ദേഹം ഇപ്രകാരം എഴുതി: "എനിക്ക് ഏതാണ്ടു 70 വയസ്സായി. ഡോ.ഡോവിക്കാണെങ്കിൽ അദ്ദേഹം പറയുന്നതു പ്രകാരം 55 ആണ് പ്രായം. എന്നെ അപേക്ഷിച്ചു ഡോവി ഇപ്പോഴും ഒരു ചെറുപ്പക്കാരനാണ്. എന്നാൽ, ഇതു വയസ്സുകൊണ്ടു തീരുമാനമുണ്ടാക്കേണ്ട പ്രശ്നമല്ല. അതിനാൽ, വയസ്സിലുള്ള അന്തരത്തെ ഞാൻ ഗണ്യമാക്കുന്നില്ല. സകല കാര്യങ്ങളും ദൈവത്തിന്റെ കൈകളിലാണ് സ്ഥിതിചെയ്യുന്നത്. അവനാകട്ടെ, ആകാശഭൂമികളുടെ അധിനായകനും വിധികർത്താക്കളുടെ വിധികർത്താവും ആണല്ലോ. സത്യവാദിക്കനുകൂലമായി അവൻ വിധി കൽപിക്കുകതന്നെ ചെയ്യും!"

ഹദ്റത്ത് അഹ്മദിന്റെ ഈ രണ്ടാമത്തെ ആഹ്വാനത്തിനു അമേരിക്കൻ പത്രങ്ങളിൽ വിപുലമായ പ്രസിദ്ധീകരണം ലഭിക്കയുണ്ടായി. പ്രവചനം പ്രസിദ്ധപ്പെടുത്തിയ 32ഓളം പത്രങ്ങളുടെ പേരുകൾ ഹദ്റത്ത് അഹ്മദ് (അ) 'ഹഖീഖത്തുൽ വഹ്യ്' എന്ന തന്റെ ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്. (ഹഖീഖത്തുൽ വഹ്യ്, ഭാ.72).

പ്രധാനപ്പെട്ട ചില പത്രങ്ങളുടെ പേരുകളും പ്രസിദ്ധപ്പെടുത്തിയ തീയ്യതികളും താഴെ കൊടുക്കുന്നു.

1. Chicago Interpreter	28-6-1903
2. Telegraph	5-7-1903
3. Literary Digest, New york	20-6-1903
4. New York Mail & Express	25-6-1903
5. Record, Boston	27-6-1903
6. Advertiser, Boston	25-6-1903
7. pilot	27-6-1903
8. path Finder	27-6-1903
9. Inter Ocean, Chicago	27-6-1903
10. Spy	28-6-1903
11. Democratic Chronicle, Rochester	25-6-1903
12. Burlington Free Press	27-6-1903
13. Baltimor American	25-6-1903
14. Balfour Times	25-6-1903
15. New York Mail, New York	25-6-1903
16. Desert English News	27-6-1903
17. Heliana Record	1-7-1903
18. Gromshine Gazette	17-7-1903
19. Houston Chronicle	3-7-1903
20. Nouneetan Chronicle	3-7-1903
21. Zuenna News	29-6-1903
22. Richmond News	1-7-1903
23. Glasgo Herald	17-10-1903
24. New Commercial Advertiser, New York	26-10-1903
25. Morning Telegraph	28-10-1903

തന്റെ രണ്ടാമത്തെ ആഹ്വാനത്തിന്നും ഡോവി മറുപടി നൽകാതിരുന്നപ്പോൾ ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പ്രഖ്യാപിച്ചു: "തന്നെ കാത്തിരിക്കുന്ന മരണത്തിൽനിന്ന് ഓടിപ്പോകാൻ അദ്ദേഹം എത്രതന്നെ ശ്രമിച്ചാലും ഇത്തരമൊരു പോരാട്ടത്തിൽനിന്നുള്ള അദ്ദേഹത്തിന്റെ ആ ഒളിച്ചോട്ടവും മരണത്തിലേക്കല്ലാതെ മറ്റെവിടേയ്ക്കും ആയിരിക്കില്ല. ആപത്തുകൾ അദ്ദേഹത്തിന്റെ സിയോൺ നഗരത്തെയും പിടികൂടും. എന്തെന്നാൽ, ആ ആഹ്വാനം സ്വീകരിച്ചാലും ഇല്ലെങ്കിലും ഇതിന്റെ അനന്തര ഫലങ്ങൾ അദ്ദേഹംതന്നെ അനുഭവിച്ചേതീരൂ" (New Commercial Advertiser, Newyork, 26-10-1903)

ഡോ. ഡോവിയുടെ പ്രതികരണം

ഡോ. ഡോവിയ്ക്ക് വളരെക്കാലം നിശ്ശബ്ദനായിരിക്കാൻ കഴിഞ്ഞില്ല. ചില പത്രങ്ങളടക്കം പല കേന്ദ്രങ്ങളിൽനിന്നും മറുപടി നൽകാൻ

അദ്ദേഹത്തോടു ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ഒടുവിൽ ഡോവി തന്റെ പത്രത്തിൽ ഇപ്രകാരം എഴുതി:

"യേശു കൾമീരിലാണ് മറയടക്കപ്പെട്ടിരിക്കുന്നതെന്ന് കാണിച്ച് എനിക്ക് കൂടെകൂടെ എഴുതിക്കൊണ്ടിരിക്കുന്ന വങ്കനായ ഒരു മുഹമ്മദീമ സീഹ് ഇന്ത്യയിലുണ്ട്! ഞാനദ്ദേഹത്തിന് എന്തുകൊണ്ട് മറുപടി നൽകുന്നില്ല എന്നു ആളുകൾ ചോദിക്കുന്നു. ഇത്തരം കൊതുകുകൾക്കും ഈച്ചകൾക്കും ഞാൻ മറുപടി നൽകുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഞാൻ അവയുടെമേൽ കാലൂന്നിയാൽ അവയൊക്കെ ഞെരിഞ്ഞരഞ്ഞു പോകും. അവയ്ക്കെല്ലാം പറന്നു കളയാനും ജീവിച്ചുകൊള്ളാനും ഞാൻ അവസരം നൽകുക മാത്രമാണ്" (Leaves of Healing, December, 1903)

ഡോ.ഡോവിയുടെ മറുപടി കണ്ടപ്പോൾ ഡോവിയും താനും തമ്മിലുള്ള ദിവ്യസമരത്തിൽ അന്തിമവിധി തേടിക്കൊണ്ടു ഹദ്റത്ത് അഹ്മദ് (അ)അല്ലാഹുവിനോട് പ്രാർത്ഥിച്ചു. പ്രശസ്തിയുടെ കൊടുമുടിയിൽ വിരാജിച്ചിരുന്ന ഡോ.ഡോവി അഹങ്കാരം കൊള്ളുകയായിരുന്നു! ആയിടയിലാണ് ഹദ്റത്ത് അഹ്മദിന്റെ രണ്ടാമത്തെ ആഹ്വാനത്തെ നേരിടേണ്ടിവന്നത്. അരോഗദൃഢഗാത്രനായിരുന്ന ഡോവി ഒരു രാജകുമാരനെപ്പോലെ സുഖസന്തുഷ്ടമായ ജീവിതമാണ് നയിച്ചുപോന്നിരുന്നത്. എന്നാൽ ഹദ്റത്ത് അഹ്മദിന്റെ പ്രവചനം പ്രസിദ്ധം ചെയ്യപ്പെട്ടതോടെ ഡോവിയുടെ പതനം അനിർവാര്യമായി കഴിഞ്ഞിരുന്നു.

പ്രതാപത്തിന്റെ പരമോച്ചിയിൽ

1905 സപ്തമ്പർ അവസാനത്തെ ഞായറാഴ്ച സിയോണിൽ ഒരു വലിയ ആഘോഷനാളായിരുന്നു. ഒരു വമ്പിച്ച സമ്മേളനത്തിലേക്കുള്ള ഒരുക്കങ്ങൾ ചെയ്യപ്പെട്ടിരുന്നു. ഡോവി ദൗത്യവസ്ത്രമെന്നു സ്വയം വിശേഷിപ്പിച്ച സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞു സർവ്വപ്രതാപങ്ങളോടുംകൂടി പ്രസന്നവദനനായി തനിയ്ക്കായി പ്രത്യേകം സജ്ജമാക്കിയ ആസനത്തിൽ ഉപവിഷ്ടനായി. സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ സകലരുടെയും ദൃഷ്ടികൾ പ്രഭാവപൂർണ്ണമായ ആ വ്യക്തിത്വത്തിൽ കേന്ദ്രീകരിച്ചിരക്കയായിരുന്നു. പ്രതാപോച്ചിയുടെ അനർഘ മുഹൂർത്തം! ഡോ. അലക്സാണ്ടർ ഡോവി എന്താണ് പറയാൻ പോകുന്നതെന്നു കേൾക്കാൻ കൗതുകപൂർവ്വം പതിനായിരങ്ങൾ ചെവികൂർപ്പിച്ചു നിശ്ശബ്ദരായി നിർനിമേഷരായി നിൽക്കുകയായിരുന്നു. അടുത്ത നിമിഷത്തിൽ എന്താണ് സംഭവിച്ചത്? അവിശ്വസനീയമായ ആ രംഗം ന്യൂകോംബ് എന്നു പേരായ ജീവചരിത്രകാരൻ ഇപ്രകാരമാണ് വിവരിച്ചത്:

"ഡോ.ഡോവി അന്നേദിവസം പ്രതാപത്തിന്റെ കൊടുമുടിയിലായിരുന്നു. ഉപദേശപ്രസംഗത്തിന്നുശേഷം, തിരുവത്താഴം (Lord Supper) ആണ് നടന്നത്. സ്ഥാന വസ്ത്രവിഭൂഷിതനായി ഇഷ്ടതോഴൻമാരാൽ സമാനുഗതനായി സപരിവാരം അദ്ദേഹം അവിടെ പ്രത്യക്ഷപ്പെട്ടു. സമൂഹഗാനം ആലപിക്കപ്പെടുകയായിരുന്നു. തുടർന്നു ബൈബിൾ പാരായണം: പിന്നീട്

ഡോ. അലക്സാണ്ടർ ഡോവി

മിശിഹായുടെ മാംസവും രക്തവും (അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ) സവിശേഷവസ്ത്രം ധരിച്ച പരിചാരകൻമാർ മുഖേന എല്ലാവർക്കും വിതരണം ചെയ്യപ്പെട്ടു. സമാപനച്ചടങ്ങു അങ്ങനെ അവസാനിക്കുമാറായി. സമാപനപ്രസംഗം എന്ന നിലയിൽ ഡോ.ഡോവി ഇനി സംസാരിക്കണം. അതോടെ ചടങ്ങുകൾ അവസാനിക്കുന്നു. സകലരുടെയും ദൃഷ്ടികൾ ഡോവിയുടെ മുഖത്തേയ്ക്ക്! അദ്ദേഹത്തിന്റെ മുഖത്ത് നിന്നുതിരുന്ന വാക്കുകൾ കേൾക്കാൻ ആളുകൾ ചെവികൂർപ്പിച്ചു നിന്നു.

"പെട്ടെന്നു ഡോവി തന്റെ വലത്തെ കൈ ഏതോ വിഷ ജീവികുത്തിയാലെന്നപോലെ കുടഞ്ഞു. പിന്നെ വിറപൂണ്ടു നിയന്ത്രണരഹിതമായ കൈകൾ മേശയുടെ പാർശ്വത്തിൽ ശക്തിയായി ഇടിച്ചുകൊണ്ടിരുന്നു. ഈ അസാധാരണമായ ചലനങ്ങൾ കണ്ടു സദസ്യർ അമ്പരന്നു. ഡോവിയുടെ ശരീരമാകെ വിവർണ്ണമായി. അയാൾ കുഴഞ്ഞു വീഴുകയായിരുന്നു. രണ്ടു ശിഷ്യൻമാർ താങ്ങിപ്പിടിച്ചു ഹാളിൽനിന്നു അദ്ദേഹത്തെ പുറത്തേയ്ക്ക് കൊണ്ടുപോയി!"

ഡോ.ഡോവി പക്ഷാഘാതമേറ്റു വീണു കിടക്കുകയായിരുന്നു. അയാളുടെ കൈകാലുകളും നാക്കും നിശ്ചലങ്ങളായി. ഏതൊരു കാലുകൊണ്ടു വാഗ്ദത്തമസീഹിനെ കൃമികീടത്തെയെന്നപോലെ ചവിട്ടിയരക്കുമെന്ന് ഡോവി വീരവാദം മുഴക്കിയോ അതേ കാലുകൾ സ്വാധീനരഹിതങ്ങളായി നിശ്ചലങ്ങളായിക്കിടക്കുകയായിരുന്നു.

സിയോൺ നഗരത്തിൽ കലാപം ആരംഭിച്ചു. ആസ്ത്രേലിയൻ മിഷ്യന്റെ ചാർജ്ജ് വഹിച്ചിരുന്ന വാവിലായെ തന്റെ പ്രതിനിധിയായി നിശ്ചയിച്ചുകൊണ്ടു ഡോവി ഒരു പ്രഖ്യാപനം തയ്യാറാക്കി. എന്നാൽ, വിളംബരം വെളിച്ചം കാണാതെ പോകയാണുണ്ടായത്.

"ലീവ്സ് ഓഫ് ഹീലി'ങ്ങിന്റെ പത്രാധിപർ ഡോവിയുടെ പ്രതിയോഗിയായി മാറി. പ്രസിദ്ധീകരണാർത്ഥം ഡോവി കൊടുത്തയച്ച പ്രസ്താവന ദൂതന്റെ മുമ്പിൽ വച്ചുതന്നെ പത്രാധിപർ പിച്ചിച്ചീന്തി ചവറ്റുകൊട്ടയിലിട്ടു. സിയോൺ ബാങ്കിൽനിന്നു വൻതുകകൾ തുരുതുരേ പിൻവലിക്കപ്പെട്ടു. ഒടുവിൽ വാവിലായും ഡോ.ഡോവിയെ ചോദ്യം ചെയ്തു. വാവിലായെ സ്ഥാനത്ത് നിന്നു നീക്കിക്കൊണ്ടു പ്രഖ്യാപനം പുറപ്പെടുവിക്കപ്പെട്ടു. ക്രുദ്ധനായ വാവിലാ ഡോവിയുടെ സകലരഹസ്യങ്ങളും വെളിപ്പെടുത്തി. ദുർവ്യയം, ധൂർത്ത് സുഖഭോഗതൽപരത, കാമാസ്ക്തി, നിഷ്ഠൂരത, കാപട്യം, കള്ളത്തരം തുടങ്ങിയ കുറ്റങ്ങൾ ഡോവിയുടെ മേൽ ആരോപിക്കപ്പെട്ടു. വാവിലായുടെ നേതൃത്വത്തിലുള്ള കേബിനറ്റ് ഡോവിയെ സ്ഥാനഭ്രഷ്ടനാക്കി. ഡോവി പിന്നീട് രോഗിയായ നിലയിൽ ഷിക്കാഗോവിൽ ചെന്നു വാവിലക്കെതിരായി കേസ്സ് കൊടുത്തു. കോടതി ഡോവിക്കനുകൂലമായി വിധിക്കുന്നതിന്നുപകരം റിസീവറെ നിശ്ചയിക്കുകയും സീയോൺ ചർച്ചിന്നുവേണ്ടി പുതിയൊരു നേതാവിനെ തെരഞ്ഞെടുക്കാൻ ഉത്തരവിടുകയുമാണ് ചെയ്തത്.

ഡോവിയുടെ ഒരു ശിഷ്യനായിരുന്ന ലിൻഡ്സ്ലെ ഡോവിയുടെ ജീവിതത്തിലെ അവസാനനാളുകളെ കുറിച്ച് വിവരിച്ചിട്ടുള്ളത് ഇപ്രകാരമാണ്:

"രണ്ടു നീഗ്രോ ജോലിക്കാർ ഡോവിയെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു അവരാണ് അദ്ദേഹത്തിന്റെ ശരീരം ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് നീക്കം ചെയ്തുകൊണ്ടിരുന്നത്. മരവിച്ച ശരീരം ചിലപ്പോൾ അവരുടെ കൈകളിൽ നിന്ന് താഴത്ത് വീണുപോകുമായിരുന്നു. നിർജ്ജീവമായ ശിലാഭാരം നിലത്തു വീണാലെന്നപോലെ അതു ആരെയും വികാരംകൊള്ളിച്ചില്ല! മദ്യപാനത്തിനും വ്യഭിചാരത്തിനും എതിരായി ഡോവി പരസ്യമായി പ്രസംഗിച്ചുകൊണ്ടിരുന്നെങ്കിലും അയാളുടെ വീട്ടിൽ നിന്ന് മദ്യത്തിന്റെ കുപ്പികളും കന്യകകളായ പെൺകുട്ടികളുമായി അവിഹിതബന്ധം പുലർത്തിയെന്നതിന്റെ തെളിവുകളും കണ്ടെടുക്കപ്പെട്ടു. ഭാര്യയും കുട്ടികളും അയാളിൽ നിന്നകന്നു നിന്നിരുന്നു.

ഡോവിയുടെ സ്വന്തം പിതാവുതന്നെയും അയാൾ 'വ്യഭിചാരപുത്രൻ' ആണെന്നു പരസ്യപ്പെടുത്തി. ഡോ.ജോൺ അലക്സാണ്ടർ ഡോവി ഇതിനകം മാനസികരോഗിയും ഒരു ഇരപ്പാളിയും ആയി മാറിക്കഴിഞ്ഞു.

1907 മാർച്ച് 9-ാം തിയ്യതി ഡോ.ഡോവി നിസ്സഹായവും ദയനീയവുമായ സാഹചര്യത്തിൽ മരണമടഞ്ഞു. അയാളുടെ ശേഷക്രിയകളിൽ പങ്കു ചേരാൻ ഉറ്റവരോ ഉടയവരോ ആയി ആരും ഉണ്ടായിരുന്നില്ല!

ഡോവിയുടെ ചരമവാർത്ത അറിഞ്ഞപ്പോൾ വിജയശ്രീലാളിതനായ വാഗ്ദത്തമസീഹ് ഹദ്റത്ത് മീർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) ഇപ്രകാരം അരുളി: "അയാൾ എന്റെ ജീവിതകാലത്തുതന്നെ ദാരുണമായ അന്ത്യം കാണുമെന്ന എന്റെ പ്രവചനം പൂർത്തിയായിരിക്കുന്നു. ഞാൻ വാഗ്ദത്ത മസീഹാണ്. ഡോവി, ഒരു കള്ളവാദിയായിരുന്നു"*

അമേരിക്കൻ പത്രങ്ങളിൽ

ഡോവി മരിച്ചപ്പോൾ ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ പ്രവചനം പുലർന്നതായി അമേരിക്കയിലെ അനേകം പത്രങ്ങൾ ഏറ്റുപറഞ്ഞു:

'ഡൺവില്ലെ ഗസ്റ്റ്' ഇപ്രകാരമാണ് എഴുതിയത്:

Ahamad and his adherents may be pardoned for taking some credit for the accuracy with the prophecy was fulfilled a few months ago.

(പ്രവചനം ഏതാനും മാസംമുമ്പ് കണിശമായി പുലർന്നതിൽ ആഹ്ലാദം കൊള്ളുന്നുവെങ്കിൽ അഹ്മദിനെയും അദ്ദേഹത്തിന്റെ അനുയായികളെയും കുറ്റപ്പെടുത്തികൂടാ!)

*"ഫത്ഹെ അസീം' (മഹാവിജയം) എന്ന തലയ്ക്കെട്ടിൽ 1907 ഏപ്രിൽ 17-തിയ്യതി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം 'ഹഖീഖത്തുൽ വഹ്യ് (തതിമ്മ) എന്ന ഗ്രന്ഥത്തിൽ ഈ വിജ്ഞാപനം ചേർത്തു കാണാം- ഭാ. 80)ന്യൂയോർക്കിലെ 'ട്രൂത്ത് സീക്കർ' ഇപ്രകാരം പ്രസ്താവിച്ചു:

The Qadian man predicted that of Dowie accepted the challenge he shall leave the world before my eyes with great sorrow and torments. If Dowie declined, the Mirza said, the end would only be deferred: death awaited him just the same, and calamity will soon overtake Zion. This was the Grand Prophecy: Zion should fall and Dowie die before Ahmad. It appeared to be a risky step for the Promised Massiah to defy the restored Elijah to an endurance test, for the challenger was by 15 years the older man of the two and probabilities in a land of plagues and fanatics were aganist him as a survivor, but he won out (The Truth Seeker, New york, 15-6-1907)

(ഡോ.ഡോവി ആഹ്വാനം സ്വീകരിക്കയാണെങ്കിൽ 'എന്റെ കൺമുമ്പിൽവച്ചു അയാൾ കഠിനമായ ദു:ഖത്തോടും കഷ്ടപ്പാടുകളോടും കൂടി ഈ ലോകം വിട്ടുപിരിയും' എന്നു ഖാദിയാനിലെ ആൾ പ്രവചിച്ചു. ആഹ്വാനം ഡോവി സ്വീകരിച്ചില്ലെങ്കിലും, 'അന്ത്യം മാറ്റിവക്കപ്പെടുകയേ ഉള്ളു. മരണം അയാളെ കാത്തുനിൽക്കുന്നുണ്ടാവും. സിയോൺ നഗരത്തെയും താമസംവിനാ ആപത്തുകൾ പിടികൂടും' എന്നിങ്ങിനെ മീർസാ പറഞ്ഞു. സിയോൺ നശിക്കുകയും ഡോവി അഹ്മദിന്റെ കൺമുമ്പിൽ മരിക്കുകയും ചെയ്യും എന്നതായിരുന്നു ആ മഹത്തായ പ്രവചനം. ജീവിത ദൈർഘ്യം സംബന്ധിച്ച ഈ പരീക്ഷണത്തിൽ 'ഏലിയാ'യെ പോരിനു വിളിക്കുക വാഗ്ദത്ത മസീഹിനെ സംബന്ധിച്ചേടത്തോളം അപകടം പിടിച്ച ഒരേർപ്പാടായിട്ടാണ് തോന്നിയിരുന്നത്. എന്തെന്നാൽ മീർസായ്ക്ക് മറ്റെയാളെക്കാൾ പതിനഞ്ചു വയസ്സ് കൂടുതലായിരുന്നു. ഇതിനുപുറമെ പ്ലേഗിന്റെയും മത ഭ്രാന്തൻമാരുടെയും നാട്ടിൽ മീർസായ്ക്ക് കൂടുതൽ കാലം ജീവിച്ചിരിക്കുവാൻ സാദ്ധ്യതയുണ്ടായിരുന്നുമില്ല. എങ്കിലും അദ്ദേഹം തന്നെയാണ് വിജയശ്രീലാളിതനായിത്തീർന്നത്")

ബോസ്റ്റണിലെ 'ഹെറാൾഡ്' ഇപ്രകാരം രേഖപ്പെടുത്തി:

Dowie died with his friends fallen away form him and his fortune dwindled. He suffered from paralysis and insanity,. He died a miserable death, with Zion city torn and frayed by intermal dissensions, Mirza Comes forward frankly and states that he has won his challenge (The Herald, Boston, 23-6-1907)

(ഡോ: ഡോവി തന്റെ ഇഷ്ടജനങ്ങളാൽ ഉപേക്ഷിക്കപ്പെട്ടവനായും തന്റെ ഭാഗ്യങ്ങൾ നഷ്ടപ്പെട്ടവനായും മരണപ്പെട്ടു. പക്ഷവാതവും ഭ്രാന്തും അയാളെ പിടികൂടി. അയാൾക്ക് ദുരന്തപൂർണ്ണമായ മരണത്തെയാണ് അഭിമുഖീകരിക്കേണ്ടിവന്നത്. സിയോൺ നഗരത്തിൽ കുഴപ്പം നടമാടുകയും അന്ത്ചരിദ്രം കാരണം അതു തകർന്നു നശിക്കുകയും ചെയ്തു. മീർസാ സധീരം മുമ്പോട്ടു വന്നു ഈ സമരത്തിൽ താൻ വിജയശ്രീലാളിതനായിരിക്കയാണെന്നു പ്രഖ്യാപിക്കുന്നു).

വാഗ്ദത്തമസീഹ് ഹദ്റത്ത് മീർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) അങ്ങനെ ഈ ദിവ്യസമരത്തിൽ വിജയശ്രീലാളിതനായി. 'വിജയം അല്ലാഹുവിന്റെ സത്യപ്രവാചകന്നു വിധിച്ചിട്ടുള്ളതാകുന്നു."

54- വളരുന്ന ഖാദിയാൻ

കേൾപ്പോരും കേളിയുമില്ലാത്ത ഒരു ഗ്രാമത്തിൽ അടിമഭാരതത്തിലെ ഏറ്റവും അവികസിതമായ ഒരു ജില്ലയിലെ ഒരു മൂലയിലാണ് ആ ദിവ്യ ശബ്ദം ഉയർന്നത്. ഖാദിയാൻ എന്ന കൊച്ചുഗ്രാമത്തിൽ ജനിച്ച ആ യുഗാചാര്യന്റെ നാദഭേരി ദിഗന്തങ്ങളിൽ മാറ്റൊലിക്കൊണ്ടു. "ഒരു പുതിയ ആകാശവും പുതിയ ഭൂമിയും" സൃഷ്ടിക്കാനുള്ള യുഗദീർഘമായ ആഗോളയജ്ഞത്തിന്റെ തുടക്കം കുറിച്ച ആ പ്രദേശത്തിന്റെ പ്രഖ്യാതി ലോകം മുഴുവനും പറന്നുയരുകയായിരുന്നു.

കഷ്ടിച്ചു ഒരായിരം ആളുകൾ മാത്രം പാർത്തുവന്നിരുന്ന ആ ഗ്രാമം കുറുക്കന്മാരുടെയും കുറുനരികളുടെയും വിഹാരരംഗമായിരുന്നു. അറ്റം പെടാത്ത വയലേലകളും കുറ്റിക്കാടുകളും വിജനമൂകമായ ആ പ്രദേശത്തെ തികച്ചും അനാകർഷകമാക്കി. രാത്രി നേരം ആളുകൾ പുറത്തിറങ്ങാൻ ഭയപ്പെട്ടു. മഴ പെയ്താൽ ആ ഗ്രാമം മുഴുവനും വെള്ളത്താൽ ചുറ്റപ്പെടും. ഒരന്തരീപം കണക്കെ ആ പ്രദേശം ഒറ്റപ്പെടും. ചുറ്റും തോണിതുഴഞ്ഞു നീങ്ങാമായിരുന്നു. വടക്കുഭാഗത്തെ ചെന്നായ്ക്കുളത്തിന്നടുത്തു ആളുകൾ അടുക്കുകയില്ലായിരുന്നു.

പരിഷ്കാരം എത്തിനോക്കിയിട്ടില്ലാത്ത ആ ഗ്രാമത്തിൽ, നാഗരികത തൊട്ടുതെറിപ്പിച്ചിട്ടില്ലാത്ത സിക്കുകർഷകരും അവരുടെ എരുതിൻകൂട്ടവും സൈരവിഹാരം ചെയ്തു. ഇഷ്ടികകൾ കൊണ്ടുള്ള ഏതാനും വീടുകൾ ഒഴിച്ചാൽ ബാക്കിയെല്ലാം കട്ടവീടുകളും, കുടിലുകളും. അഞ്ചോ ആറോ അണക്ക് വീടുകൾ മാസവാടകയ്ക്ക് കിട്ടും. പത്തോ പന്ത്രണ്ടോ ഉറുപ്പികയ്ക്ക് വീടു വയ്ക്കാനുള്ള നിലവും കിട്ടുമായിരുന്നു. ഖാദിയാനിലാകെ ഒരു പ്രൈമറി സ്കൂൾമാത്രം അതുതന്നെ ഗ്രാമതപാലാപ്പീസും, കച്ചവടം ഹിന്ദുക്കൾ കൈയ്യടക്കിയിരുന്നു. ഹദ്റത്ത് അഹ്മദ്(അ)ന്റെ കുടുംബക്കാരാണ് ആ ഗ്രാമത്തിന്റെയും ചുറ്റുവട്ടത്തിന്റെയും നാടുവാഴികൾ.... എന്നാൽ, എല്ലാപ്രതാപവും നമ്മുടെ ചരിത്രപുരുഷന്റെ പിതൃവ്യകുടുംബത്തിലെ നായകന്മാർക്കായിരുന്നു. മീർസാ ഇമാമുദ്ദീനും മീർസാ നിസാമുദ്ദീനും അവിടത്തെ മുടിചൂടാമന്നന്മാർ! അവരുടെ ആജ്ഞാനുവർത്തികളായി എന്തും ചെയ്യാൻ മടിക്കാത്ത ഒരു സേവകപരിഷയും അവർക്കുണ്ടായിരുന്നു.

ആധുനിക പരിഷ്കാരത്തിന്റെ അനുഗ്രഹസിദ്ധികളൊന്നും ഇനിയും ഖാദിയാൻ ഗ്രാമത്തിലേക്ക് കടന്നെത്തിയില്ല. അവിടെ കമ്പിയാപ്പിസില്ല, കമ്പിയില്ലാക്കമ്പിയില്ല, വിദ്യുച്ഛക്തിയില്ല, പോലീസ് സ്റ്റേഷനില്ല. റെയിൽ പാളം അവിടത്തുകാർ കണ്ടിട്ടില്ല. മൂരിവണ്ടികളും കുതിരയെ പൂട്ടിയ യക്കകളും മാത്രമേ കാണാനാകൂ. പിന്നീട് സ്പ്രിംഗ് ഘടിപ്പിച്ച യക്കകൾ പ്രചാരത്തിലായെങ്കിലും ആദ്യ കാലത്ത് നാടൻശകടങ്ങളാണ് നീങ്ങിക്കൊണ്ടിരുന്നത്. 12നാഴികയകലെ ബട്ടാലയാണ് താലൂക്ക് കേന്ദ്രം. ബട്ടാലയിൽ നിന്നു തപ്പാലുരുപ്പടികൾ ആഴ്ചയിൽ രണ്ടുതവണ ഉച്ചതിരിഞ്ഞു യക്കയിൽ ഖാദിയാനിലെത്തും. വൈകുന്നേരം മെയിലുമായി യക്ക തിരിക്കുകയും ചെയ്യും. യക്കയിൽ ഖാദിയാനിൽനിന്നു ബട്ടാലയിലെത്താൻ ഒരാൾക്ക് മൂന്ന് അണയാണ് യാത്രക്കൂലി. 1890ൽ താൻ ഒറ്റയ്ക്ക് ബട്ടാലയിൽനിന്നു ഖാദിയാനിലേയ്ക്ക് യാത്ര ചെയ്തപ്പോൾ 12 അണയാണ്* യാത്രക്കൂലി കൊടുത്തതെന്നു ഡോ.മുഫ്തി മുഹമ്മദ് സാദിഖ്(റ) പറയുന്നു. (ദിക്ക്റെ ഹബീബ്) കുതിരയ്ക്ക് വിശ്രമിക്കാൻ യക്ക വഴിക്കൽ തങ്ങിയെന്നുവരും. ചിലപ്പോൾ യക്കാവാലയുടെ അഭ്യർത്ഥന മാനിച്ചു യാത്രക്കാർ പകുതിക്കുവെച്ച് ഇറങ്ങി നടക്കേണ്ടിയും വന്നേക്കാം. ബട്ടാലയിൽ നിന്നുള്ള പൊതുനിരത്തുതന്നെ അതീവദുർഗ്ഗമം. മഴ ചാറിയാൽ ചളിപിളി. ഖാദിയാനിലേക്കുള്ള മാർഗ്ഗമാകട്ടെ കുണ്ടുംകുഴിയും നിറഞ്ഞതും. യക്ക ചാഞ്ഞും ചരിഞ്ഞും ചളിയിൽ പൂണ്ടും കുഴിയിൽ പതിഞ്ഞും നീങ്ങണം. ശൂചീകരണസംവിധാനങ്ങളൊന്നുമില്ല. ഡിസ്ട്രിക്റ്റ് ബോർഡ് അധികൃതർ ഇങ്ങോട്ടു തിരിഞ്ഞുനോക്കുകയേ ഇല്ലായിരുന്നു. ദൂരസ്ഥലങ്ങളിലേക്ക് ഹദ്റത്ത് അഹ്മദ്(അ) കുതിരപ്പുറത്താണ് യാത്ര ചെയ്തിരുന്നത്. ചിലപ്പോൾ പരിചാരകൻ കൂടെയുണ്ടാകും. ഖാദിയാൻ പരിസരത്തിന്റെ അതിർത്തി വിട്ടാലേ അദ്ദേഹം കുതിരപ്പുറത്തേറൂ. അതുവരെ ഇരുവരും ഒന്നിച്ചു നടന്നുനീങ്ങും. ചിലപ്പോൾ കുതിരപ്പുറത്ത് പരിചാരകനാകും സഞ്ചരിക്കുക. വിമ്മിഷ്ടം കാണിക്കുന്ന പരിചാരകനോടു പറയും, "എനിയ്ക്കു നടക്കാൻ മടിയില്ലല്ലോ, കുതിരപ്പുറത്ത് സവാരിചെയ്യാനാണോ നാണം?" നിർബ്ബന്ധിതാവസ്ഥയിൽ പരിചാരകൻ നതശീർഷനായി സവാരി തുടരും.

വാഗ്ദത്തമസീഹ് ഈ കുഗ്രാമത്തിലൂടെയാണ് നടന്നു നീങ്ങിയത്. ലോകത്തെ കീഴുമേൽ മറിക്കുന്ന ആ കൊടുങ്കാറ്റ് ഒരു മന്ദസമീരണനെപ്പോലെ ആ ഗ്രാമത്തെ തഴുകി. നീങ്ങി. ആയതിപുംഗവൻ നടന്നുപോകുന്നതു ലോകം അറിഞ്ഞില്ല. നതാക്ഷനായി, ധ്യാനലീനനായി ഗമിച്ച ആ യുവയമിയാകട്ടെ, ചുറ്റുവട്ടം ശ്രദ്ധിച്ചതുമില്ല. ആ പാദപാംസുക്കളെ പുണ്യതീർത്ഥമായി കണ്ണോടുവെച്ചുമ്മവെയ്ക്കുവാൻ, ആ കാലിനിടയിലെ മൺതരികളെ ജീവിതസർവ്വസ്വമായി സൂക്ഷിച്ചുവെക്കാൻ തയ്യാറാകുന്ന ചക്രവർത്തിമാരും മഹാരാജാക്കന്മാരും രാഷ്ട്രനായകന്മാരും വരാനിരിക്കുന്നു എന്നു, ആ ദിവ്യപുരുഷന്റെ പാദസ്പർശമേറ്റു പുളകമണിഞ്ഞു പിടഞ്ഞെഴുന്നുനിന്ന ആ പുൽക്കൊടികൾ അറിഞ്ഞു കാണുമോ?

*16 അണ ഇന്നത്തെ ഒരുറുപ്പിക.

അജ്ഞാതമായ ഒരു കോണിൽ ആരോരുമറിയാതെ, ആരെയും അറിയിക്കാതെ പള്ളിമൂലയിലും വീട്ടുമുറിയിലും ഒറ്റപ്പെട്ടു ഗുപ്തജീവിതം നയിച്ചുപോന്ന ഇമാം മഹ്ദി (അ) ഇസ്‌ലാമിന്റെ നേരെയുള്ള ആക്രമണങ്ങളെ നേരിടാൻ കച്ചകെട്ടിയിറങ്ങിയതോടെയാണ് പത്രലോകത്തിലൂടെ പുറമേ അറിയപ്പെട്ടു തുടങ്ങിയത്. അതും ചിന്തകവൃത്തത്തിൽ മാത്രം. പിന്നീട്, ബറാഹീൻ അഹ്മദിയ്യ* പ്രസിദ്ധീകരിക്കപ്പെട്ടതോടെ അദ്ദേഹത്തിന്റെ പേർ പരക്കെ അറിയപ്പെടുമാറായി. ദൃഷ്ടാന്തങ്ങൾ കാണിക്കാമെന്ന വീരവാദവുമായി മതനേതാക്കളെ ആഹ്വാനം ചെയ്തപ്പോൾ സർവ്വത്ര ശ്രദ്ധേയനായി. വാഗ്ദത്ത മസീഹാണെന്ന വാദം പുറപ്പെടുവിച്ചപ്പോൾ ലോകത്തിന്റെ ശ്രദ്ധാ കേന്ദ്രമായി. ഇമാം മഹ്ദിയുടെ ഖ്യാതിയോടൊപ്പം ആ മഹാത്മാവ് പിറവിയെടുത്ത പുണ്യദേശത്തിന്റെ പ്രഖ്യാതിയും വളർന്നുയർന്നു.

ഹദ്റത്ത് അഹ്മദ് (അ) ഗുപ്തജീവിതം നയിച്ചുപോന്ന ആദ്യകാലങ്ങളിൽ അദ്ദേഹത്തിനുണ്ടായ വെളിപാടുകളിൽ രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്നും അനുഗ്രഹം തേടുമാറാകും, എന്നു പറയപ്പെട്ടിരുന്നു. പിൽക്കാലത്ത് തനിയ്ക്കുണ്ടാകാനിരിക്കുന്ന വിജയങ്ങളെയും പ്രസിദ്ധിയെയും കുറിച്ചു പ്രവചനം ചെയ്തുകൊണ്ടു ഈ ദിവ്യവെളിപാടുകൾ അദ്ദേഹം 'ബറാഹീൻ അഹ്മദിയ്യ'യിൽ പ്രസിദ്ധം ചെയ്കയുമുണ്ടായി.

"ഞാൻ നിനക്ക് അനുഗ്രഹങ്ങളുടെമേൽ അനുഗ്രഹങ്ങൾ നൽകും. ഏതുവരെയെന്നാൽ രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുമാറാകും. (തദ്കിറ, ഇംഗ്ലീഷ്, ഭാ.7)

വീണ്ടും ആ മഹാത്മാവിനു ഇപ്രകാരവും വെളിപാടുകളുണ്ടായി:

"നിന്റെ അടുക്കൽ ദൂരെ ദൂരെ സ്ഥലങ്ങളിൽ നിന്നു ആളുകൾ വന്നെത്തും. നിന്റെ സഹായാർത്ഥം ദൂരദിക്കുകളിൽനിന്നും സാധനസാമഗ്രികൾ വന്നെത്തും"

"വഴികൾ കുണ്ടും കുഴിയും ആയിപ്പോകുമാറാകും" .

"ഞാൻ നിന്റെ സന്ദേശത്തെ ദിഗന്തങ്ങളിൽ എത്തിക്കും."

"സന്ദർശകരുടെ പെരുപ്പം കണ്ടു നീ വിഷണ്ണനാവരുത്" .

തന്റെ ആദ്യകാലത്തെ നിസ്സഹായാവസ്ഥയെ അനുസ്മരിച്ചുകൊണ്ടു വാഗ്ദത്തമസീഹ് (അ) ഒരു കവിതയിൽ ഇപ്രകാരം പറയുന്നു:

"ഞാനൊരു നിസ്സാരനും അറിയപ്പെടാത്തവനും അസമർത്ഥനും ആയിരുന്നു. ഖാദിയാൻ എവിടെയാണെന്നുപോലും ആർക്കും അറിഞ്ഞുകൂടായിരുന്നു. എന്നാൽ, ഇപ്പോൾ ചർച്ച എവിടത്തോളം എത്തി എന്നു നിങ്ങൾ കാണുവിൻ" (ദുർറെ സമീൻ).

'ബറാഹീൻ' പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞശേഷം ആ മഹാത്മാവിനെ കാണാനും ശിഷ്യത്വം സ്വീകരിക്കാനുമായി ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും പുറംദേശങ്ങളിൽനിന്നും ആത്മീയകുതുകികളും ഇസ്‌ലാം മതപണ്ഡിതന്മാരും ഖാദിയാനിലേയ്ക്ക് പ്രവഹിച്ചു തുടങ്ങി. ദിവസേന

*'ടൈംസ് ഓഫ് ഇന്ത്യ' ശതകപ്പതിപ്പിൽ ആ നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളിൽ ഒന്നായി 'ബറാഹീൻ അഹ്മദിയ്യ'യുടെ പ്രസിദ്ധീകരണത്തെകുറിച്ച് പറഞ്ഞിട്ടുണ്ട്.

അമ്പതും നൂറും സന്ദർശകർ വന്നുകൊണ്ടിരുന്നു. ആ പ്രവാഹം കൂടി കൂടി വന്നു. മസീഹ് വാദത്തിനുശേഷം അദ്ദേഹത്തിന്റെ മുഖ്യശത്രുവായി മാറിയ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി, ബട്ടാല റയിൽവേസ്റ്റേഷനിൽ ചെന്നെത്തി അവിടെ വണ്ടിയിറങ്ങി ഖാദിയാനിലേക്കു പുറപ്പെടാൻ തിരക്കുന്ന യാത്രക്കാരെ കണ്ടു അവരെ തിരിച്ചയക്കാൻ പാടുപെടുമായിരുന്നു. ഖാദിയാനിൽ വാഗ്ദത്തമസീഹിന്റെ വീട്ടുമുറ്റത്ത് യക്കയിലും മറ്റുമായി വന്നിറങ്ങുന്ന സന്ദർശകരെ കൂക്കിവിളിക്കുന്നതിന് തെരുവുപിള്ളേരെ അവർ സംഘടിപ്പിക്കാതിരുന്നില്ല.

1891ൽ, ഒന്നാമത്തെ അഹ്മദിയ്യാ വാർഷികസമ്മേളനം ഖാദിയാനിൽ ചേർന്നപ്പോഴാണ് ആദ്യത്തെ കൂട്ടായ്മ അവിടെ നടന്നത്. പലഭാഗങ്ങളിൽനിന്നുമായി 75 പേർ ആദ്യത്തെ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. എല്ലാ കൊല്ലവും സമ്മേളനം നടത്തുന്നതിനു വാഗ്ദത്ത മസീഹ് നിർദ്ദേശിച്ചതനുസരിച്ചു പിറ്റത്തെ കൊല്ലം അഞ്ഞൂറോളം പേർ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. അതിഥികൾക്ക് താമസിക്കാനുള്ള സൗകര്യക്കുറവ് ഒരു പ്രശ്നമായപ്പോൾ ഇതിനായി ഒരു പ്രത്യേക കെട്ടിടം നിർമ്മിക്കാൻ ആലോചിക്കുകയും സംഭാവനകൾക്ക് അഭ്യർത്ഥിക്കുകയും ചെയ്തു. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) 700ക. യും ഹദ്റത്ത് ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് (റ)400കയും സംഭാവന നല്കി. അതുവരെ വാഗ്ദത്ത മസീഹിന്റെ ഭവനത്തിൽതന്നെയാണ് എല്ലാവരും ഒരുമിച്ചു കൂടിയിരുന്നത്.

ഇത്തരം സമ്മേളനം കൊല്ലംതോറും നടത്തുന്നതിനെ മൗലവി പരിഷ ആക്ഷേപിക്കാതിരുന്നില്ല. അതൊരനാചാരമായി വിവരിച്ചുകൊണ്ടു ലാഹൗറിലെ ഒരു പള്ളിഇമാം വിജ്ഞാപനമിറക്കി. രണ്ടാം കൊല്ലം പങ്കെടുത്തവരിൽ 327 പേർ പുറത്തുനിന്നുള്ളവരായിരുന്നു. ഇട്ടാവം, പിശാവർ, കപൂർത്തല, രജപുത്താന, ബറേലി, അലീഗർ, ശഹാബാദ്, സഹാറൻപൂർ, മുസഫർഗഡ്, റാവൽപിണ്ടി, കർണാൽ, അമ്പാല, ഗുജ്റാൻവാല, ജലന്തർ, ഫിറോസ്പൂർ, ത്ധംഗ് എന്നിവിടങ്ങളിൽ നിന്നുള്ളവർക്ക് പുറമേ മക്കയിൽനിന്നുള്ള പ്രതിനിധികളും പങ്കെടുത്തവരിൽ ഉൾപ്പെടും. ഇമാം മഹ്ദിയുടെ വിളിക്കുത്തരം നൽകി കൊണ്ട് വന്നെത്തിയ ഇവരിൽ പലരുംതന്നെ നാഴികകളോളം നടന്നാണ് ഖാദിയാനിൽ എത്തിപ്പെട്ടത്. അവരിൽ പലർക്കും വെറും നിലത്ത് തന്നെ കിടന്നുറങ്ങേണ്ടിയും വന്നിരുന്നു.

"സന്ദർശകരുടെ പെരുപ്പംകണ്ടു പരിഭ്രമിക്കരുത്" എന്ന വെളിപാടും വാഗ്ദത്തമസീഹിന്നുണ്ടായി. മസ്ജിദ് മുബാറക്ക് വിപുലീകരിക്കേണ്ടതായി വന്നു. ആദ്യകാലത്ത് നാലോ അഞ്ചോ ആളുകൾ മാത്രമേ നമസ്കരിക്കാനുണ്ടാകൂ. ആളുകൾ കൂടി കൂടി വന്നു. മസ്ജിദ് മുബാറക്കിൽ ഒരു വരിയിൽ കഷ്ടിച്ചു ആറു പേർക്കുമാത്രമേ നിൽക്കാമായിരുന്നുള്ളു. ആകെ കൂടി മുപ്പതോ മുപ്പത്തഞ്ചോപേർ മാത്രം ഉള്ളിൽ ഒതുങ്ങും. പള്ളി വിപുലീകരണം അനിവാര്യമായി തീർന്നപ്പോൾ 1897ൽ അതു സംബന്ധിച്ചു

ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. ശിഷ്യന്മാർ ഇതിനായി തുകകൾ നൽകിയെങ്കിലും കേസ്സുകളും മറ്റു തടസ്സങ്ങളും കാരണമായി പണി മാറ്റിവെക്കേണ്ടിവന്നു. 1907ലാണ് പിന്നീടു വിപുലീകരണം നടന്നത്. ഖലീഫ രണ്ടാമന്റെ കാലത്ത് വീണ്ടും കൂട്ടിയെടുത്തു ഇന്നുള്ള നിലയിലാക്കി.

വിക്ടോറിയയുടെ വജ്ര ജൂബിലി

വിക്ടോറിയ റാണിയുടെ വജ്രജൂബിലിയ്ക്ക് അഹ്മദികൾ നാനാഭാഗത്തുനിന്നും ഒരു വലിയ ആഘോഷസമ്മേളനത്തിനായി ഒത്തുകൂടി. ഇന്ത്യൻ മുസ്ലിംകളുടെ ജനറൽ കമ്മിറ്റി വൈസ് പ്രസിഡന്റ് മുഹമ്മദ് ഹയാത്ത്ഖാൻ സാഹിബ് (സി.എസ്.ഐ) ഇതു സംബന്ധിച്ചു പുറപ്പെടുവിച്ച അഭ്യർത്ഥനപ്രകാരം 1897 ജൂൺ 20,21, 22കളിൽ രാജ്യമൊട്ടുക്കും വജ്രജൂബിലി ആഘോഷിക്കാൻ ആഹ്വാനം നൽകിയിരുന്നു. ഖാദിയാനിൽ നടത്തുന്ന ആഘോഷപരിപാടികളിൽ പങ്കെടുക്കാൻ ശിഷ്യരോടു ആവശ്യപ്പെട്ടുകൊണ്ടു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. ഇതനുസരിച്ചു 225 ഓളം പേർ വിവിധ സ്ഥലങ്ങളിൽനിന്നും വന്നെത്തിയിരുന്നു. ജൂബിലി സമ്മേളനത്തിൽ ഇംഗ്ലീഷ്, അറബി, പേർഷ്യൻ, ഉറുദു ഭാഷകളിൽ പ്രഭാഷണങ്ങൾ നടത്തപ്പെട്ടു. തെരുവുകളും വീടുകളും പള്ളികളും ദീപങ്ങളാലും മറ്റും അലങ്കരിക്കയുണ്ടായി. വൈസ്രോയി എൽജിൻ പ്രഭുവിനു ഒരു അഭിനന്ദസന്ദേശം അയക്കുകയും ചെയ്തു.

വജ്രജൂബിലി അനുസ്മരിച്ചുകൊണ്ടു വിക്ടോറിയ രാജ്ഞിക്ക് സമർപ്പിക്കാൻ 'തുഹ്ഫയെ കൈസരിയ്യ' (കൈസർക്കു ഒരുപഹാരം) എന്ന പേരിൽ വാഗ്ദത്ത മസീഹ് ഒരു പുസ്തകം രചിക്കുകയുണ്ടായി. അതിന്റെ ഒരു പ്രത്യേകപതിപ്പ് മനോഹരമായി അച്ചടിച്ചു ഒരു പേടകത്തിലാക്കി വിക്ടോറിയക്ക് സമർപ്പിക്കുന്നതിന് വൈസ്രോയിക്ക് അയച്ചുകൊടുത്തു. ഇതിന്റെ ഒരു പ്രതി വൈസ്രോയിക്കും മറ്റൊരു പ്രതി പഞ്ചാബിലെ ഗവർണ്ണർക്കും നൽകുകയുണ്ടായി.

ഹദ്റത്ത് അഹ്മദിനെ സംബന്ധിച്ചിടത്തോളം വജ്രജൂബിലി ആഘോഷം കേവലം ഒരു ആഘോഷച്ചടങ്ങായിരുന്നില്ല. താൻ ഗൗരവപൂർണ്ണമായ ഒരു ചുമതല നിർവ്വഹിക്കുകയായിരുന്നു. എന്തെങ്കിലും ആനുകൂല്യം സർക്കാരിൽനിന്ന് നേടിയെടുക്കുകയോ ഗവൺമെന്റിന് മുഖസ്തുതി അർപ്പിക്കുകയോ ഒന്നുമായിരുന്നില്ല ഹദ്റത്ത് അഹ്മദിന്റെ ലക്ഷ്യം. ഹൃദയത്തിന്റെ അഗാധതലത്തിൽനിന്നും ഉയർന്നു വന്ന നന്ദിഭാവത്തിന്റെ പ്രകടനം അഥവാ, മതപരമായ ഒരു ചുമതലാനിർവ്വഹണം മാത്രമായിരുന്നു അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജൂബിലി ആഘോഷം. സിക്കുഭരണത്തെ അപേക്ഷിച്ചു, പരിപൂർണ്ണമായ മതസ്വാതന്ത്ര്യവും നീതിയും ഉറപ്പുവരുത്തിയ ഒരു ഭരണകൂടത്തെ അഭിനന്ദിക്കുകയും ആ ഭരണത്തിന്റെ വിജയത്തിനും നിലനിൽപിനും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതു തന്റെ ഇസ്ലാമികമായ കർത്തവ്യം മാത്രമാണെന്നു ആ മഹാത്മാവ് ദൃഢമായി വിശ്വസിച്ചിരുന്നു. തന്റെ മതധർമ്മങ്ങൾ നിർവ്വ

ഹിക്കുന്ന കാര്യത്തിൽ യാതൊരു ശക്തിയെയും അദ്ദേഹം കൂസുകയില്ലായിരുന്നു. താൻ ഹൃദയപൂർവ്വം വിശ്വസിക്കുന്ന കാര്യങ്ങൾ തുറന്നു പറയാനും അല്പംപോലും ആ മഹാത്മാവ് മടിച്ചില്ല. അതേ അവസരത്തിൽ ഇസ്ലാമിന്റെ മഹിമയും മുഹമ്മദ് നബി (സ) തിരുമേനിയുടെ മഹത്വവും ഉൽഘോഷിക്കുന്നതിൽ സിംഹാസനങ്ങളെയും അധികാരശക്തികളെയും ശൂന്യമാക്കുകയും ചെയ്തില്ല. അദ്ദേഹം ഇപ്രകാരം തുറന്നു പ്രാർത്ഥിച്ചു.

"അല്ലയോ സർവ്വശക്തനായ അല്ലാഹുവേ, നീ എല്ലാറ്റിനും കഴിവുള്ളവനല്ലോ. എല്ലാ സൃഷ്ടിപൂജകളെയും കയ്യൊഴിച്ചു ഇസ്ലാമിന്റെ-തൗഹീദിന്റെ-വെളിച്ചം കാണാൻ നമ്മുടെ കൃപാനിധിയായ ചക്രവർത്തിനിയുടെ ഹൃദയം നീ തുറന്നു കൊടുക്കണമേ!"

'തുഹ്ഫയെകൈസരിയ്യ'യിൽ രാജ്ഞിയെ സംബോധന ചെയ്തുകൊണ്ടു ഇപ്രകാരം എഴുതി:

"ഞാൻ പലതവണ ദിവ്യദർശനത്തിൽ യേശുവിനെ കാണുകയുണ്ടായി. ഞാൻ അദ്ദേഹത്തോടു സംസാരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ യഥാർത്ഥമായ വാദങ്ങളെയും പാഠങ്ങളെയും കുറിച്ചു ഞാൻ ചോദിച്ചറിയുകയുമുണ്ടായി. ഇതു വളരെ ഗൗരവപ്പെട്ട ഒരു വസ്തുതയാണ്; ലാഘവത്തോടെ കാണേണ്ടതല്ല. വീണ്ടെടുപ്പുതത്വത്തെയും ത്രീത്വത്തെയും ദൈവപുത്രത്വത്തെയും എല്ലാം യേശു അപലപിക്കുകയും അത്തരം സിദ്ധാന്തങ്ങളെല്ലാം കേവലം കറ്റുകെട്ടുകളാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എന്റെ ഈ ദർശനങ്ങളുടെ സാക്ഷ്യം അടിസ്ഥാനരഹിതമായിട്ടുള്ളതല്ല. മറിച്ചു, ആത്മാർത്ഥതയുള്ള ഒരു സത്യാന്വേഷി എന്റെ അടുക്കൽ വന്നു എന്നോടൊപ്പം കേവലം കുറച്ചുനാൾ താമസിക്കുകയും യേശുവിനെ ദിവ്യദർശനത്തിൽ കാണാൻ ആഗ്രഹിക്കയും ചെയ്യുന്നപക്ഷം എന്റെ ശ്രദ്ധയുടെയും പ്രാർത്ഥനയുടെയും അനുഗ്രഹത്താൽ യേശുവിനെ കാണാനും അദ്ദേഹത്തോടു ഇക്കാര്യങ്ങളുടെ സാക്ഷ്യം ചോദിച്ചറിയാനും കഴിയുമെന്നു എനിയ്ക്കുറപ്പുണ്ട്".

ഇസ്ലാമിന്റെ സത്യദൃഷ്ടാന്തം കാണാൻ ചക്രവർത്തിനി ആഗ്രഹിക്കുന്ന പക്ഷം താനതു വെളിപ്പെടുത്താമെന്നും ഇക്കാര്യത്തിൽ താൻ പരാജയപ്പെടുന്നപക്ഷം ഒരു തികഞ്ഞ കപടവാദി എന്ന നിലയിൽ ബ്രീട്ടീഷ് സിംഹാസനത്തിന്റെ മുന്നിൽവച്ച് തന്നെ പരസ്യമായി കഴുവിലേറ്റുകയോ കൊത്തിനുറുക്കി കൊല്ലുകയോ ചെയ്യുന്നത് തനിയ്ക്കു സമ്മതമായിരിക്കുമെന്നും വിക്ടോറിയക്കു എഴുതിയ കത്തിൽ മുമ്പൊരിക്കൽ ബോധിപ്പിച്ചിരുന്നത് ഈ പുസ്തകത്തിൽ ആവർത്തിച്ചെഴുതുകയുണ്ടായി.

വിക്ടോറിയാറാണി ഈ കത്തുകളും ഉപഹാരങ്ങളും അഗണ്യക്കോടിയിൽ തള്ളിക്കളഞ്ഞില്ല. അവർ അതു വളരെ ആദരപൂർവ്വം സ്വീകരിക്കുകയും നന്ദി പ്രകാശിപ്പിച്ചുകൊണ്ടു വാഗ്ദത്തമസീഹിന്നു കത്തയക്കുകയും ആണ് ചെയ്തത്. മാത്രമല്ല, ഹദ്റത്ത് അഹ്മദിന്റെ കൃതികളിൽ അവർ പ്രത്യേക താല്പര്യം കാണിക്കുകയും അവ നേരിട്ടു വായിച്ചു മന

സ്സിലാക്കുന്നതിന് ഉർദുഭാഷ പഠിക്കാനാഗ്രഹിക്കുകയും ഒരു മുൻഷിയെ വച്ചു ഉർദു പഠിച്ചു തുടങ്ങുകയും ചെയ്തതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.*

1900 ഫെബ്രുവരിയിൽ നടന്ന ഈദുൽഫിത്റിന് നാനാഭാഗങ്ങളിൽനിന്നും അഹ്മദികൾ ഒരിക്കൽകൂടി ഖാദിയാനിൽ ഒരുമിച്ചു കൂടി. ആയിരത്തോളം പേർ ഈദ് നമസ്കാരത്തിൽ പങ്കെടുത്തിരുന്നു. ഈദ്ഗാഹിൽവച്ചാണ് പെരുന്നാൾ നമസ്കാരം തുടങ്ങിയത്. ആയിടയിൽ ബ്രീട്ടീഷ് ഗവൺമെന്റ് ബോവർ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. യുദ്ധത്തിൽ ബ്രിട്ടീഷ്സർക്കാരിന് വിജയം ലഭിക്കാൻ അന്നു പ്രത്യേക പ്രാർത്ഥനകൾ നടത്തപ്പെട്ടു. ബോവർ യുദ്ധത്തിൽ പരിക്കേറ്റവരെയും അനാഥകളും വിധവകളുമായിത്തീർന്നവരെയും സഹായിക്കുന്നതിനു ഏർപ്പെടുത്തിയ ഫണ്ടിലേക്ക് അന്നു പിരിവ് എടുക്കുകയും 500 രൂപയോളം സമാഹരിച്ച് ലണ്ടനിലെ ലോർഡ് മേയർക്ക് അയച്ചുകൊടുക്കുന്നതിന് പഞ്ചാബ് ലഫ്. ഗവർണറെ ഏല്പിക്കയുമുണ്ടായി. ഇതിന് പ്രത്യേകം നന്ദിപറഞ്ഞു കൊണ്ട് ലഫ് ഗവർണർ ഹദ്റത്ത് അഹ്മദിനു ഒരു കത്തയച്ചു.

മിനാരത്തുൽ മസീഹ്

ദിമിഷ്ക്കിന് (Damascus)-കിഴക്കുള്ള വെള്ളമിനാരത്തിനു സമീപം വാഗ്ദത്ത മസീഹ് വെളിപ്പെടുമെന്ന തിരുനബിയുടെ ഒരു പ്രവചനമുണ്ട് (മുസ്ലിം). മസീഹിന്റെ രണ്ടാംവരവ് എവിടെയെന്നും ഇതുവഴി ലോകത്തിനു മുന്നറിയിപ്പ് നൽകപ്പെട്ടിരിക്കുന്നു. മീനാരം എന്നതിന്റെ ശബ്ദാർത്ഥം പ്രകാശ കേന്ദ്രം എന്നാണ്. വെള്ളനിറം വിശുദ്ധിയും നിഷ്കളങ്കതയും ദ്യോതിപ്പിക്കുന്നു. പ്രഭാവഗരിമയെയും ആധികാരികതയെയും വിജയത്തെയും പ്രഖ്യാപിക്കുന്നതാണ് മിനാരത്തിന്റെ എഴുന്നു നിൽപ്പ്! അതു ദൂരദിക്കുകളിൽ സത്യത്തിന്റെ ശോഭ പരത്തുകയും ചെയ്യുന്നു!

എന്നാൽ, ഈ പ്രവചനം അക്ഷരാർത്ഥത്തിൽതന്നെ പ്രതീകവൽക്കരിക്കാൻ ഹദ്റത്ത് അഹ്മദ് (അ)ആഗ്രഹിച്ചു. ക്രിസ്തുമതം പാശ്ചാത്യദേശത്ത് കൊടികെട്ടിപറക്കുന്ന കാലത്ത് കുരിശുടയ്ക്കുന്ന മസീഹ് കിഴക്ക് പ്രത്യക്ഷനായിരിക്കുന്നതായി ലോകത്തെ അറിയിക്കുകയായിരുന്നു അദ്ദേഹം. ദിമിഷ്ക്കിന് നേരെ കിഴക്ക് ഒരേ അക്ഷ രേഖയിലുള്ള ഖാദിയാനിൽതന്നെ വെള്ളമിനാരം നിർമ്മിക്കുവാൻ വാഗ്ദത്തമസീഹ് തീരുമാനിച്ചു. 1900 മെയ് 28-നു ഇതു സംബന്ധിച്ച ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. അതിൽ നിർദ്ദേശിച്ചു: 1)അവിടെ വച്ച് അഞ്ചുനേരം ബാങ്ക് മുഴക്കപ്പെടണം. 2)അതിനുമുകളിൽ നാലുഭാഗത്തും പ്രകാശം ചൊരിയുന്ന ദീപങ്ങൾ ഘടിപ്പിക്കണം. 3)അതിന്മേൽ ഒരു വലിയ ഘടികാരം ഉറപ്പിച്ചു ദൂരെനിന്നു സമയം നോക്കിക്കാണാൻ സൗകര്യപ്പെടുത്തണം.

* മുൻഷി അബ്ദുൽകരീം എന്ന പണ്ഡിതനാണ് വിക്ടോറിയയ്ക്ക് ഉർദു പഠിപ്പിച്ചുകൊണ്ടിരുന്നതെന്നു ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മിനാരത്തുൽ മസീഹ് ഫോട്ടോ

മസ്ജിദ് അഖ്സയോടു അനുബന്ധിച്ചാണ് ഈ മീനാരം പണിയിക്കാൻ തീരുമാനിച്ചത്. മസ്ജീദ് അഖ്സ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ പിതാവ് പണിയിച്ച പള്ളിയാണ്. അദ്ദേഹം തന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ, ഒരു പുണ്യകൃത്യം ചെയ്യണമെന്ന ആഗ്രഹത്തോടും നിശ്ചയത്തോടുംകൂടിയാണിതു നിർമ്മിച്ചത്. ആ സ്ഥലം 700 രൂപയ്ക്ക് അദ്ദേഹം ലേലത്തിൽ എടുത്തിരുന്നതാണ്. അന്നത്തെ നിലയ്ക്ക് ഏറ്റവും ഉയർന്ന വിലയായിരുന്നു അത്.

1903 മാർച്ച് 13-നു ഒരു വെള്ളിയാഴ്ച ജുമാനമസ്കാരത്തിനുശേഷം മിനാരത്തിന് തറക്കല്ലിടാൻ നിശ്ചയിക്കപ്പെട്ടു. വാഗ്ദത്ത മസീഹ്(അ) പള്ളിയിൽ ഇരിക്കുകയായിരുന്നു ഒരു ശീലയെടുത്ത് തന്റെ തുടമേൽവച്ചു ഏറെനേരം പ്രാർത്ഥന നടത്തിയശേഷം അതു നിർദ്ദിഷ്ട സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നതിനുവേണ്ടി ഹദ്റത്ത് ഹക്കീം ഫസൽ ഇലാഹി* സാഹിബിനെ ഏല്പിക്കുകയാണുണ്ടായത്. അഷ്ടഭുജങ്ങളുള്ള മിനാരത്തിന്റെ അടിത്തറയിൽ പടിഞ്ഞാറുവശത്ത് ഫസ്ലുദ്ദീൻ** എന്നു പേരായ ഒരു അഹ്മദി കൽപണിക്കാരനാണ് അതു നിശ്ചിത സ്ഥാനത്ത് സ്ഥാപിച്ചത്. അതോടെ മിനാരത്തിന്റെ നിർമ്മാണപ്പണി ആരംഭിച്ചു.

മീനാരത്തിനുവേണ്ടി സംഭാവന നൽകാൻ അഭ്യർത്ഥിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ് (അ) പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ഇപ്രകാരം പറഞ്ഞു:

"അവർ അല്ലാഹുവിനു കടം നൽകുകയാണ്. അവർ പലിശയോടുകൂടി അതു തിരിച്ചു വാങ്ങും. ഈ പ്രവൃത്തിക്ക് ദൈവത്തിന്റെ പക്കൽ എത്ര വലിയ സ്ഥാനമാണുള്ളതെന്നു അവരുടെ ഹൃദയം മനസ്സിലാക്കിയെങ്കിൽ ഹാ, എത്ര നന്നായിരുന്നു! മിനാരം പണിയിക്കാൻ കല്പന നൽകിയ അല്ലാഹു ശവതുല്യമായിത്തീർന്ന ഇസ്ലാമിന് പുതുജീവൻ നൽകുന്നു എന്നും ഇതു വ്യക്തമായ വിജയത്തിന്റെ രംഗമായിരിക്കുമെന്നും സൂചിപ്പിക്കുകയാണ്. ഇതു വളരെ ധൃതിപ്പെട്ടു ചെയ്തുതീർക്കേണ്ടിയിരിക്കുന്നു. നിങ്ങൾ ഹൃദയം തുറന്നിടുവിൻ. ദൈവത്തെ പ്രീതിപ്പെടുത്തുവിൻ. ഈ ഉറുപ്പികയെല്ലാം. അനേകം അനുഗ്രഹങ്ങൾ വാരിക്കൂട്ടി വീണ്ടും നിങ്ങളുടെ അടുക്കലേക്കു തിരിച്ചുവരും. ഇതിൽപരം ഞാൻ ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ഞാനിത് ഇവിടെ അവസാനിപ്പിക്കുന്നു" (തബ്ലീഗ് രിസാല, ജി.9ഭാ.33)

മറ്റൊരു വിജ്ഞാപനത്തിൽ ഇപ്രകാരം പറഞ്ഞു: "ഖാദിയാനിൽ മീനാരം നിർമ്മിക്കണമെന്നതു അല്ലാഹുവിന്റെ ഇച്ഛയത്രെ. എന്തെന്നാൽ, വാഗ്ദത്തമസീഹ് വെളിപ്പെട്ട സ്ഥാനം അതാകുന്നു" .

എന്നാൽ, മിനാരത്തിന്റെ നിർമ്മാണം അനായാസേന നിർവ്വഹിക്കാവുന്നതായിരുന്നില്ല. ആ നീക്കത്തെ തടസ്സപ്പെടുത്താൻ ഖാദിയാനിലെ സിക്കുകാരും ആര്യസമാജികളും മുസ്ലിംകളും ഒരുങ്ങിപുറപ്പെട്ടിരുന്നു. പിതൃസഹോദരകുടുംബത്തിലെ നായകന്മാർ അവർക്ക് നേതൃത്വം നൽകി

*&**ഫസൽ ഇലാഹി എന്നും ഫസ്ലുദ്ദീൻ എന്നുമുള്ള പേരുകൾ ശ്രദ്ധേയം. ഈ പ്രവർത്തിയ്ക്ക് ദൈവത്തിന്റെ അനുഗ്രഹം (ഫസൽ) ഉണ്ടെന്നതായിരുന്നു സൂചന.

അധികൃതരെ തെറ്റിധരിപ്പിക്കാനും ജനങ്ങളെ ഇളക്കിവിടാനും അവർ ശ്രമിച്ചു. അവർ സർക്കാരിലേക്കു പല പരാതികളും നൽകി കൊണ്ടിരുന്നു. തറ കീറിക്കൊണ്ടിരുന്നതിനിടയിൽ ഒരു പോലീസു ഉദ്യോഗസ്ഥൻ വന്നു പരിശോധന നടത്തി. അയാൾ പ്രതികൂലമായ ഒരു റിപ്പോർട്ട് അയക്കുകയുമുണ്ടായി. മിനാരം പള്ളിയുടെ അവശ്യഘടകമല്ലെന്നും പള്ളിയുമായി ബന്ധമില്ലാത്ത ഒരു സ്വകാര്യസ്ഥാപനമായിട്ടാണ് മിനാരം നിർമ്മിക്കുന്നതെന്നും പള്ളി വഖ്ഫ് സ്വത്താകയാൽ ഏകപക്ഷീയമായി മിനാരം നിർമ്മിച്ചുകൂടെന്നും ഉയർന്ന മിനാരത്തിൽ കയറിനിന്നാൽ സമീപവാസികളുടെ സ്വകാര്യജീവിതം അപകടത്തിലാകുമെന്നും മിനാരം തകർന്നുവീണാൽ പരിസരവാസികളുടെ ജീവൻ അപഹരിക്കപ്പെടുമെന്നും മറ്റും മറ്റും കാണിച്ചു പല പരാതികളും പലരിൽനിന്നും അധികൃതസ്ഥാനങ്ങളിൽ ലഭിച്ചുകൊണ്ടിരുന്നു. ഒടുവിൽ, കാര്യങ്ങൾ നേരിട്ടന്വേഷിക്കുന്നതിന് മോട്ടൂറാം എന്നു പേരായ ബട്ടാലയിലെ തഹസിൽദാർ ഖാദിയാനിലെത്തി. അന്നു ഖാദിയാനിലുണ്ടായിരുന്ന 30 ഓളം അഹ്മദികൾ (പുരുഷൻമാർ) ഒപ്പിട്ട ഒരു നിവേദനം തഹസിൽദാർക്ക് നൽകപ്പെട്ടു. ഇതിന്നുപുറമെ ഹദ്റത്ത് അഹ്മദ് (അ)തന്നെ 15 പോയിന്റുകൾ ഉന്നയിച്ചുകൊണ്ട് വിശദമായ ഒരുഹർജിയും നൽകി. എന്നാൽ, മിനാരം നിർമ്മിക്കുന്നതിനെ തടയുന്ന ഒരു റിപ്പോർട്ടാണ് 1903 മെയ് 12-നു തഹസിൽദാർ മോട്ടുറാം ജില്ലാധികാരികൾക്ക് നൽകിയത്. എങ്കിലും, പിറ്റെന്നാൾതന്നെ, 1903 മെയ് 13-നു ആ റിപ്പോർട്ടു തള്ളിക്കളഞ്ഞുകൊണ്ടു ഗുർദാസ്പൂർ ഡെപ്യൂട്ടികമ്മീഷണർ (കലക്ടർ) കല്പന പുറപ്പെടുവിച്ചു എന്നത് എല്ലാവരെയും അത്ഭുതപ്പെടുത്തി. ആർക്കെങ്കിലും പരാതികൾ ഉണ്ടെങ്കിൽ അവർ സിവിൽ കോടതിയെ സമീപിച്ചുകൊള്ളണമെന്നും മിനാരത്തിന്റെ നിർമ്മാണത്തിൽ ഉദ്യോഗസ്ഥൻമാർ ഇടപെടരുതെന്നും ഡി.സി.ഉത്തരവിടുകയാണ് ചെയ്തത്!

വാഗ്ദത്തമസീഹിന്റെ ഭവനത്തോടുതൊട്ടു ഭക്തന്മാർ പള്ളിയിലേക്കു പോകുന്ന വഴി മുട്ടിച്ചു അവിടെ പിതൃസഹോദര പുത്രന്മാർ പണിതുയർത്തിയ ഭിത്തി പൊളിച്ചുനീക്കേണ്ടിവന്ന സാഹചര്യത്തിലാണ് മിനാരംപണി തുടർന്നുകൊള്ളാൻ മേലധികാരത്തിൽനിന്നു കല്പനയായതെന്ന വസ്തുത ശ്രദ്ധേയമായിരുന്നു.

ഡപ്യൂട്ടി കമ്മീഷണറുടെ വിധിയെതുടർന്നു മിനാരത്തിന്റെ നിർമ്മാണപ്പണി പുനരാരംഭിച്ചുവെങ്കിലും സാമ്പത്തിക വിഷമം നിമിത്തം ജോലി നിർത്തിവെയ്ക്കേണ്ടിവന്നു. ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബ് (റ) ആയിരുന്നു ഇതിന്റെ നിർമ്മാണജോലിയുടെ മേൽനോട്ടം വഹിച്ചിരുന്നത്. പിന്നീട് 1916 ൽ ഖലീഫത്തുൽമസീഹ് രണ്ടാമൻ ഹദ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) അവർകളുടെ കാലത്താണ് അത് പൂർത്തിയാക്കിയത്.

മീനാരത്തിന്നുവേണ്ടി 10,000 രൂപയുടെ മതിപ്പു ചെലവാണ് തുടക്കത്തിൽ കണക്കാക്കിയിരുന്നത്. 100 രൂപ പ്രകാരം 101 പേരുടെ ഒരു ലിസ്റ്റ്

തയ്യാറാക്കിയിരുന്നു. സംഭാവന നല്കിയവരുടെയെല്ലാം പേരുകൾ മിനാരത്തിന്മേൽ എഴുതിവെയ്ക്കണമെന്ന് വാഗ്ദത്ത മസീഹ് (അ) നിർദ്ദേശിച്ചിരുന്നു. ഉമ്മുൽ മുഅ്മിനീൽ നുസ്രത്ത് ജഹാൻബീഗം മിനാരം നിർമ്മാണഫണ്ടിലേയ്ക്കു 1000 രൂപയാണ് സംഭാവന നല്കിയത്. ദിൽഹിയിലുള്ള തന്റെ ഒരു സ്വത്ത് വിറ്റു അവർ ഈ വാഗ്ദത്തം പൂർത്തിയാക്കി.

അങ്ങനെ, വാഗ്ദത്തമസീഹ് വെളിപ്പെട്ട പുണ്യദേശത്തിന്റെ അടയാളമെന്നോണം മസീഹിന്റെ വെള്ളമിനാരം ഒരു ആശ്ചര്യചിഹ്നം കണക്കെ ഖാദിയാനിൽ വിരാജിക്കുകയാണ്!

പ്രസ്സ്

വർദ്ധമാനമായ അച്ചടിവേലകൾ നിർവ്വഹിക്കുന്നതിന്നു ഒരു പ്രസ്സ് ഏർപ്പെടുത്താൻ വാഗ്ദത്തമസീഹ് (അ) ആഗ്രഹിച്ചു. അച്ചടി ആവശ്യാർത്ഥം അടിക്കടി അമൃത്സറിലേക്കും മറ്റും പോകേണ്ടി വരുന്നതിനാൽ ധാരാളം സമയനഷ്ടവും ധനനഷ്ടവും അനുഭവിക്കേണ്ടിവരുന്നത് ഒഴിവാക്കുകയായിരുന്നു ഉദ്ദേശ്യം. ഇതുസംബന്ധിച്ചു ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയും ഫണ്ട് ആരംഭിക്കുകയും ചെയ്തു. വാഗ്ദത്തമസീഹിന്റെ ആഗ്രഹം നിറവേറ്റുന്നതിന് ഹദ്റത്ത് ശേഖ് നൂർ മുഹമ്മദ് സാഹിബ് (റ)അമൃത്സറിൽ നടത്തിപ്പോന്നിരുന്ന തന്റെ 'റിയാസ് ഹിന്ദ്' പ്രസ്സ് ഖാദിയാനിൽ കൊണ്ടുവന്നു സ്ഥാപിച്ചു. ഈ പ്രസ്സിൽനിന്നാണ് 'ആയിനയെ കമാലാത്ത്' അച്ചടിച്ചു പുറത്തിറക്കിയത്. 1895 ൽ ഹസ്റത്ത് ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് (റ) മറ്റൊരു പ്രസ്സ് കൂടി ഖാദിയാനിൽ ആരംഭിച്ചു. അതിന് 'സിയാഉൽ ഇസ്ലാം പ്രസ്സ്' എന്നു നാമകരണം ചെയ്യപ്പെട്ടു.

പത്രങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. പത്രമാധ്യമങ്ങളാണ് ആശയപ്രചാരണത്തിനുള്ള ഏറ്റവും വലിയ ഉപാധിയെന്ന് വാഗ്ദത്തമസീഹ്(അ) മനസ്സിലാക്കിയിരുന്നു. ഒരു മാസിക പുറപ്പെടുവിക്കുവാൻ അവിടുന്നു മുമ്പേ ആഗ്രഹിച്ചുപോന്നതാണ്. അമൃത്സറിൽനിന്ന് 'അൽഹക്കം' എന്ന പേരിൽ ശേഖ് യഅ്ഖൂബ് അലി സാഹിബ് 'തുറാബ്'(റ)- തുറാബ് എന്ന തൂലികാനാമം പിന്നീട് ഇർഫാനി എന്നാക്കി മാറ്റപ്പെട്ടു- റിയാസ് ഹിന്ദ് പ്രസ്സിൽനിന്നു ഒരു പത്രം അച്ചടിച്ചു വന്നിരുന്നു. 'അൽഹക്കം' പത്രം അദ്ദേഹം ഖാദിയാനിലേക്കുമാറ്റി. 'അൻവാർ അഹ്മദിയ്യ' പ്രസ്സിൽ നിന്നാണ് അതു പിന്നീട് അച്ചടിച്ചു തുടങ്ങിയത്. അന്നു കൈകൊണ്ടു പ്രവർത്തിച്ചുപോന്ന പ്രസ്സായിരുന്നു അത്.

ആധുനികവിജ്ഞാനം സിദ്ധിച്ചിട്ടുള്ളവരിലും ഇംഗ്ലീഷ്ഭാഷാ പ്രണയികളിലും മാത്രമല്ല, ഇംഗ്ലണ്ടിലും യൂറോപ്പിലുമുള്ള മതകുതുകികളിലും തന്റെ സന്ദേശവും ഇസ്ലാമിന്റെ സത്യവും പ്രചരിപ്പിക്കുന്നതിനു ഒരു ഇംഗ്ലീഷുമാസിക പുറപ്പെടുവിക്കുവാൻ വാഗ്ദത്തമസിഹിന് വലിയ ആഗ്രഹമുണ്ടായിരുന്നു. 1901 ജനുവരി 15നു ഇതുസംബന്ധിച്ച ഒരു വിജ്ഞാപനം അദ്ദേഹം പ്രസിദ്ധപ്പെടുത്തുകയും അടുത്ത ജനുവരി

മുതൽക്ക് 'റിവ്യൂ ഓഫ് റിലിജ്യൺസ് എന്നപേരിൽ ഒരു ഇംഗ്ലീഷ് മാസിക പുറപ്പെടുവിക്കുന്നതിന് മൗലവി മുഹമ്മദലി സാഹിബ് എം.എ. ഖാജാക മാലൂദ്ദീൻ സാഹിബ് ബി.എ.എൽ.എൽ.ബി. എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇവർ രണ്ടുപേരും ശേഖ് റഹ്മത്തുല്ലാഹ് സാഹിബ്, ഡോ.റഹ് മത്ത്ലി സാഹിബ്, മൗലാനാ അബ്ദുൽകരീം സാഹിബ് എന്നിവരും ഉൾപ്പെട്ട ഒരു ഡയറക്ടർ ബോർഡ് രൂപീകരിക്കപ്പെട്ടു. ഇതിന്റെ ചേർമാൻ ഹസ്രത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) ആയിരുന്നു. വാഗ്ദത്ത മസീഹ്(അ) തന്നെ പറഞ്ഞെഴുതിച്ചതായിരുന്നു മിക്ക ലേഖനങ്ങളും. പാശ്ചാത്യരാജ്യങ്ങളിൽ തന്റെ ലിഖിതങ്ങളുടെ തർജ്ജിമകൾ പ്രചരിപ്പിക്കുകയായിരുന്നു മാസികയുടെ പ്രധാന ഉദ്ദേശ്യം. ലേഖനമെഴുതുന്നതിനാവശ്യമായ കുറിപ്പുകളും വാഗ്ദത്തമസീഹ് നൽകികൊണ്ടിരുന്നിട്ടുണ്ട്. വാഗ്ദത്തമസീഹിന്റെതന്നെ ലേഖനങ്ങളുടെ ഇംഗ്ലീഷ് വിവർത്തനങ്ങൾ കാരണം 'റിവ്യൂ' വിന് വലിയ സ്വീകാരവും പ്രസിദ്ധിയും ലഭിച്ചുകൊണ്ടിരുന്നു. പണ്ഡിതകേന്ദ്രങ്ങളിൽ അതു വലിയ മതിപ്പുളവാക്കി (സിൽസില അഹ്മദിയ്യ-ഹദ്റത്ത് മീർസാ ബശീർ അഹ്മദ് -റ) ,'റിവ്യൂ' വിന്റെ അച്ചടി ലാഹൗറിലെ അൽബിയോ പ്രസ്സിൽ നിന്നായിരുന്നെങ്കിലും പ്രസിദ്ധീകരണം ഖാദിയാനിൽ നിന്നുതന്നെയായിരുന്നു. 1902 ജനുവരിയിൽതന്നെ ഒന്നാംലക്കം പുറത്തിറക്കി. ഇതിന്റെ ഒരു ഉറുദുപതിപ്പും തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിപ്പോന്നു.

പൂർവ്വാഫ്രിക്കയിൽ ഒരു വലിയ റയിൽവേ ഉദ്യോഗസ്ഥനായി റിട്ടയർ ചെയ്ത ബാബു മുഹമ്മദ് അഫ്സൽ സാഹിബ് 'അൽഖാദിയാൻ' എന്ന പേരിൽ പത്രം ആരംഭിച്ചു. അടുത്തമാസംതന്നെ അതിന്റെ പേർ 'അൽബദർ' എന്നാക്കി മാറ്റി. വാഗ്ദത്ത മസീഹിന്റെ ഡയറി അതിൽ മുറയ്ക്ക് പ്രസിദ്ധീകരിച്ചു വന്നിരുന്നു. 1905 ൽ അഫ്സൽ സാഹിബ് ചരമം പ്രാപിച്ചപ്പോൾ പത്രം ഹദ്റത്ത് മിഅ്റാജുദ്ദീൻ ഉമർ (റ) വിലയ്ക്കെടുത്തു. മൗലാനാ അബ്ദുൽകരീം സാഹിബിന്റെ ഉപദേശപ്രകാരം പത്രത്തിന്റെ പേർ 'ബദർ' എന്നു വീണ്ടും തിരുത്തി. എഡിറ്റർ ആയി ഹദ്റത്ത് മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബിനെ നിയമിക്കുകയുണ്ടായി. അദ്ദേഹത്തിനു അന്നു 50 രൂപയാണ് ശമ്പളം നിശ്ചയിച്ചിരുന്നത് (ദിക്റെ ഹബീബ്) 'ബദർ' വാരിക ഇപ്പോഴും ഖാദിയാനിൽ നിന്ന് പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്.

1905 ൽ യുവാക്കൾ ചേർന്നു ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ നേതൃത്വത്തിൽ (അദ്ദേഹത്തിന് അന്നു 16 വയസ്സ് മാത്രം പ്രായമായിരുന്നു. ഒരു സാഹിത്യസമാജം രൂപീകരിക്കുകയുണ്ടായി. സംഘടനയ്ക്ക് 'തശ്ഹീദുൽ അസ്ഹാൻ' എന്നു ഹദ്റത്ത് അഹ്മദ് (അ) തന്നെയാണ് പേർ നല്കിയത്. അതേ പേരിൽ ഒരു മാസികയും പുറപ്പെട്ടുതുടങ്ങി.

ഖാദിയാൻ എന്ന കുഗ്രാമത്തിൽനിന്ന് ഇപ്രകാരം ഇംഗ്ലീഷു ഉർദു മാസികകളും വാരികകളും മറ്റു പ്രസിദ്ധീകരണങ്ങളും പുറപ്പെടുവിച്ചുതു

ടങ്ങിയത് ഒരു കൊച്ചുഗ്രാമത്തിന്റെ ഖ്യാതി വളർത്തി. പിന്നീട് ധാരാളം പത്രമാസികകളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഖാദിയാനിൽനിന്നു പുറത്തു വന്നുകൊണ്ടിരുന്നു. 1913ൽ, ഹദ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് (റ) 'അൽഫസ് ൽ' എന്ന പേരിൽ പാക്ഷികം ആരംഭിച്ചു. അതു പിന്നീടു ആഴ്ചയിൽ മൂന്നു ലക്കമായും അതിൽപിന്നെ ദിനപത്രമായും പ്രസിദ്ധീകരിച്ചു പോന്നു. (ഇത് റബ് വയിൽ നിന്ന് ഇപ്പോഴും പ്രസിദ്ധീകരിച്ചു വരുന്നുണ്ട്) ഖാദിയാൻ പഞ്ചാബിലെ സാംസ്കാരിക വൈജ്ഞാനിക കേന്ദ്രങ്ങളിലൊന്നായി ഉയർന്നു. പഞ്ചാബിൽ ഏറ്റവും അധികം പത്രമാസികകൾ പ്രസിദ്ധപ്പെടുത്തുന്ന മൂന്നാമത്തെ നഗരമായി ഖാദിയാൻ പിൽക്കാലത്ത് അറിയപ്പെട്ടു വെന്ന് പറഞ്ഞാൽ കഴിഞ്ഞല്ലോ! (റിവ്യൂ ഓഫ് റിളിജ്യൺസ്, ഇംഗ്ലീഷ്- മാർച്ച് 1945)

ഹദ്റത്ത് അഹ്മദ് (അ) ആരംഭിച്ച ഒരു മിഡിൽസ്കൂൾ മാത്രമേ ഖാദിയാനിൽ ഉണ്ടായിരുന്നുള്ളു. 1900 ൽ അത് 'തഅലീമുൽ ഇസ്ലാം ഹൈസ്കൂൾ' ആയി ഉയർത്തപ്പെട്ടു. 1905 ൽ ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് (റ) ചരമം പ്രാപിച്ചപ്പോൾ ജമാഅത്തിനു അത് ഒരു വലിയ ആഘാതമേല്പിച്ചു. അത്രയും വലിയ ഒരു മഹാപണ്ഡിതന്റെ വിയോഗം സൃഷ്ടിച്ച വിടവ് നികത്താമായിരുന്നില്ല. പണ്ഡിതന്മാരുടെ പുതിയൊരു തലമുറയെ വാർത്തെടുക്കേണ്ടതിന്റെ ആവശ്യകതയെ അതു ഉയർത്തിക്കാട്ടി. 1905ലെ വാർഷിക ജലസയിൽ വാഗ്ദത്തമസീഹ് (അ)ചെയ്ത പ്രസംഗത്തിൽ ഇക്കാര്യം ഉൽബോധിപ്പിച്ചതിനോടൊപ്പം തന്റെ ചരമത്തെകുറിച്ചുള്ള സൂചനകളും നൽകുകയുണ്ടായി. ഈ സാഹചര്യത്തിൽ ഹൈസ്ക്കൂളിൽ ഒരു പ്രത്യേക മതപഠന വിഭാഗം ഏർപ്പെടുത്തണമെന്ന അഭിപ്രായം പൊന്തിവന്നു. ഹൈസ്ക്കൂൾ നിർത്തലാക്കിവെറും ദീനി മദ്രസ്സ സ്ഥാപിക്കാനുള്ള നിർദ്ദേശത്തോട് വാഗ്ദത്തമസീഹ് (അ) യോജിച്ചില്ല. ഭൗതീകവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും വളരണം. ഇംഗ്ലീഷ്, സംസ്കൃതം, ഫാർസി മുതലായ വിവിധ ഭാഷകളും സയൻസ് വിഷയങ്ങളും അതോടൊപ്പം വിവിധ മതസിദ്ധാന്തങ്ങളും (മതതാരതമ്യശാസ്ത്രം) പഠിപ്പിക്കപ്പെടണം. ഹൈസ്ക്കൂളിനോടനുബന്ധിച്ച് മതപഠനവിഭാഗം ഏർപ്പെടുത്താൻതന്നെ തീരുമാനിക്കപ്പെട്ടു. 1906ൽ അതാരംഭിക്കുകയും ചെയ്തു. ഒരു ബോർഡിംഗ് ഹൗസും സ്ഥാപിച്ചു. വാഗ്ദത്തമസീഹ് (അ)ന്റെ ചരമശേഷം തഅ്ലീമുൽ ഇസ്ലാം ഹൈസ്ക്കൂളിൽനിന്ന് മദ്രസ്സ വേർപെടുത്തി. 'മദ്രസ്സ അഹ്മദിയ്യ' എന്ന പേരിൽ തുടർന്നു. തഅ്ലീമുൽ ഇസ്ലാം ഹൈസ്ക്കൂൾ ബോർഡിംഗ് കെട്ടിടത്തിന് ഏതാണ്ട് ഒന്നേകാൽ ലക്ഷം ഉറുപ്പികയോളം ചെലവായിരുന്നു. ഒന്നാം ഖലീഫയുടെ നേതൃത്വത്തിലും നിർദ്ദേശ പ്രകാരവുമാണ് ഇതു നിർമ്മിച്ചുപൂർത്തിയാക്കിയത്. മദ്രസ്സ അഹ്മദിയ്യയിൽ ഖാസി അമീർ ഹുസൈൻ സാഹിബ്, മൗലവി ഫസ്ലുദ്ദീൻ സാഹിബ്, മൗലാനാ സർവർ ശാ സാഹിബ് തുടങ്ങിയ മഹാപണ്ഡിതന്മാരായിരുന്നു ആദ്യകാലത്തെ ഉസ്താദന്മാർ. 'മദ്രസ്സ അഹ്മദിയ്യ' പിന്നീട് 'ജാമിഅ അഹ്മദിയ്യ' ആയി

ഉയർത്തപ്പെട്ടു. പ്രാഥമികക്ലാസ്സുകൾ മദ്രസ്സഅഹ്മദിയ്യയിലും ഉപരി വിദ്യാഭ്യാസം 'ജാമിഅ'യിലും ലോക പ്രസിദ്ധമായ ഈ 'ജാമിഅഅഹ്മദിയ്യ' യിൽ നിന്ന് പുറത്തുവരുന്ന സമുന്നത പണ്ഡിതന്മാരായ മുസ്ലിം മിഷണറിമാരാണ് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും ഇസ്ലാമിന്റെ പ്രബോധനത്തിന്നായി നിയോഗിക്കപ്പെട്ടത്. 'ഇന്റർനേഷണൽ ഇസ്ലാമിക് മിഷണറി കോളേജ്' ആയും അതറിയപ്പെട്ടു. 'അഹ്മദിയ്യ ഫോറിൻ മിഷൻ കേന്ദ്രവുമായി സഹകരിച്ചാണ് ഇതിന്റെ പ്രവർത്തനം. ഇന്ത്യാ വിഭജനത്തെ തുടർന്ന് അഹ്മദിയ്യാ ലോക തലസ്ഥാനം ഖാദിയാനിൽനിന്ന് പാക്കിസ്ഥാനിലെ റബ്വയിലേയ്ക്ക് മാറ്റപ്പട്ടശേഷം ഈ കോളേജ് ഇപ്പോൾ റബ്വയിലാണ് പ്രവർത്തിച്ചുവരുന്നത്. തഅലീമുൽ ഇസ്ലാം ഹൈസ്ക്കൂൾ ഖാദിയാനിൽ തന്നെ തഅ്ലീമുൽ ഇസ്ലാം കോളേജ് ആയി വികസിച്ചു കോളേജിനുള്ള കൂറ്റൻ കെട്ടിടങ്ങൾ സ്ഥാപിക്കപ്പെട്ടു* തഅ്ലിമുൽ ഇസ്ലാം ഹൈസ്ക്കൂൾ പ്രദേശത്ത് ഹദ്റത്ത് ഖലീഫ ഹക്കീം നൂറുദ്ദീൻ (റ) മസ്ജിദ് നൂർ പണിയിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തന്നെ 'നൂർ ആസ്പത്രി'യും അവിടെ നിർമ്മിക്കുകയുണ്ടായി തഅലീമുൽ ഇസ്ലാം കോളേജ് പഞ്ചാബിൽ ഉയർന്ന നിലവാരം പുലർത്തിയ ഒരു കോളേജായി വളർന്നു. 1945ൽ 'ഫസ്ലെ ഉമർ സയന്റിഫിക്ക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്' ഈ കോളേജിനോടനുബന്ധിച്ച് ആരംഭിക്കുകയുണ്ടായി. സായൻസിക ഗവേഷണങ്ങളിൽ ഈ സ്ഥാപനം പ്രത്യേക ശ്രദ്ധ ചെലുത്തി. ഈ സ്ഥാപനവുമായി ബന്ധപ്പെട്ടു പോന്ന പ്രഥസർ അബ്ദുസ്സലാമാണ് ഊർജ്ജതന്ത്രത്തിൽ നോബൽ സമ്മാനം നേടിയ ആദ്യത്തെ മുസ്ലിം ശാസ്ത്രജ്ഞനെന്ന വസ്തുത പ്രകൃതത്തിൽ പ്രസ്താവ്യമാണ്. ഈ ഉയർന്നവിദ്യാഭ്യാസസ്ഥാപനങ്ങൾ ഖാദിയാനിൽ നിലവിൽ വന്നതിനോടൊപ്പം ധാരാളം അനുബന്ധ വിദ്യാഭ്യാസ സ്ഥാപനങ്ങളും അവിടെ വളർന്നുവന്നു. പഞ്ചാബ് സംസ്ഥാനത്തൽ ഏറ്റവും കൂടിയ സാക്ഷരതയുടെ കേന്ദ്രം ഖാദിയാൻ ആയി അംഗീകരിക്കപ്പെട്ടു. ഉയർന്ന ബിരുദം നേടിയ ധാരാളം അഹ്മദി മഹിളമാർ പുതിയ തലമുറയ്ക്ക് വൈജ്ഞാനികനേതൃത്വം നൽകാൻ രംഗത്തിറങ്ങി.

ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ)ഒരു വലിയ പുസ്തകപ്രേമിയായിരുന്നു. അദ്ദേഹത്തിന്റെ ലൈബ്രറിയിൽ അനേകം അപൂർവ്വ ഗ്രന്ഥങ്ങൾ സൂക്ഷിക്കപ്പെട്ടിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ കാലത്ത് 'ഖിലാഫത്ത് ലൈബ്രറി'യ്ക്ക് അടിസ്ഥാനമിടപ്പെട്ടു. ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ്(റ) അവർകളുടെ 'സാദിഖ് ലൈബ്രറി' പഞ്ചാബ് മുഴുവൻ പുകൾപെറ്റ ഗ്രന്ഥാലയമായിരുന്നു. മതതാരതമ്യശാസ്ത്ര സംബന്ധമായ ഗ്രന്ഥങ്ങളുടെ ശേഖരങ്ങൾ ഖാദിയാനിൽ നിറഞ്ഞു.

---

*വിഭജനത്തിനുശേഷം ഇന്ത്യാഗവൺമെന്റിന്റെ അധീനത്തിൽ കസ്റ്റോഡിയന്റെ കീഴിലായ ഈ കെട്ടിടത്തിലാണ് ഇപ്പോൾ ഖൽസാ കോളേജ് നടത്തിവരുന്നത്.

ഖാദിയാനിൽനിന്നുയർന്ന പുതുനാദം മതനേതാക്കളും പണ്ഡിത ലോകവും ശ്രദ്ധിച്ചു തുടങ്ങി. സഞ്ചാരികൾ ഖാദിയാനിലേക്ക് ആകൃഷ്ട രായി. ലോകപ്രസിദ്ധരായ ക്രൈസ്തവ നേതാക്കൾ ഖാദിയാൻ സന്ദർശി ച്ചു. വൈ.എം.സി.എ.യുടെ അഖിലേന്ത്യാ സിക്രട്ടറിയും വിശ്രുത ക്രൈ സ്തവ നേതാവുമായിരുന്ന എച്ച്. ഏ.വാൾട്ടർ എം.എ.ലോകപ്രസിദ്ധ ക്രൈസ്തവമിഷണറി പ്രഫസർ മാർഗോളിയത്ത്, അമേരിക്കയിലെ പ്രശ്സ്ത പണ്ഡിതനായ പാതിരി സ്യൂമർ തുടങ്ങിയവർ ഖാദിയാൻ സന്ദർശിച്ചവരിൽപെടും. ഖാദിയാൻ ആധുനിക യുഗത്തിലെ ഇസ്ലാ മിന്റെ അജയ്യമായ കോട്ടയായി അവർക്കനുഭവപ്പെട്ടു. "അസാദ്ധ്യത്തെ സാധ്യമാക്കി ചെയ്യാൻ ഒരുക്കപ്പെട്ട ഒരു വൻആയുധപ്പുരയാണ് ഖാദി യാൻ" എന്ന് പാതിരി സ്യൂമർ അഭിപ്രായപ്പെട്ടു. "ഇന്ത്യയിലെ പല വൻന ഗരങ്ങളും ഞാൻ കാണുകയും പല കൗതുകകേന്ദ്രങ്ങളും സന്ദർശിക്കു കയും ചെയ്തിട്ടുണ്ടെങ്കിലും വീണ്ടും വീണ്ടും കാണാനാഗ്രഹിക്കുന്ന കേന്ദ്രങ്ങളിൽ ഒന്നാണ് ഖാദിയാൻ" എന്നത്രെ ഒരു ജർമ്മൻ സഞ്ചാരി യായ ഫ്രഡറിക് വാഗ്നർ പ്രസ്താവിച്ചത് (താസുറാത്തെ ഖാദിയാൻ). ഖാദിയാനിൽ അനുഭവപ്പെട്ട അനന്യലഭ്യമായ ആത്മീയപരിമളം ആയി രുന്നു ഈ അഭിപ്രായത്തിനു നിദാനം.

വാഗ്ദത്ത മഹ്ദിഇമാം 'കദ്അ' എന്ന സ്ഥലത്താണ് വെളിപ്പെടുക എന്നു തിരുനബി(സ) അരുളിയിട്ടുള്ളതായി 'ജഹാഹിറുൽ അസ്റാ'റിൽ പറഞ്ഞിട്ടുണ്ട്. ഇമാം മഹ്ദി വെളിപ്പെട്ടാൽ ഹിമത്തിലൂടെ ഇഴഞ്ഞുനീ ങ്ങിയിട്ടെങ്കിലും അദ്ദേഹത്തെ പ്രാപിച്ചു 'ബൈഅത്ത്' ചെയ്യണമെന്ന് തിരുനബി (സ) കൽപിച്ചിട്ടുമുണ്ട്. ഈ കല്പനയെ മാനിച്ചു 'കദ്അ'യിൽ അഥവാ, ഖാദിയാനിൽ വാഗ്ദത്ത മഹ്ദി മസീഹ് (അ) വെളിപ്പെട്ടപ്പോൾ ഭക്തരായ മഹാപണ്ഡിതൻമാർ അവിടെ വന്നടുത്തു. ആത്മീയവിഹംഗ ങ്ങൾ നാലുപാടുനിന്നും ഖാദിയാനിൽ പറന്നെത്തി. അവരിൽ പലരും അവിടെനിന്ന് പിന്നീടു തിരിച്ചു പോകാൻ കൂട്ടാക്കിയില്ല. അവർ സർവ്വ സ്വവും മഹ്ദീഇമാമിന്റെ കാൽക്കൽ സമർപ്പിച്ചു ആ ദിവ്യസവിധത്തിൽ കഴിഞ്ഞുകൂടി. ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) ജമ്മു-കാശ്മീർ മഹാരാജാവിന്റെ കൊട്ടാരവൈദ്യനെന്ന സ്ഥാനം രാജി വച്ചു ഗുരുസേവനത്തിൽ ഏർപ്പെടാൻ ആഗ്രഹിച്ചുവെങ്കിലും വാഗ്ദത്തമ സീഹ്(അ) അതിനു അനുവദിച്ചില്ല. ഒടുവിൽ 1893ൽ അദ്ദേഹം അസൂ യാർഹമായ സകല പദവികളും വലിച്ചെറിഞ്ഞു ഖാദിയാൻ എന്ന കുഗ്രാ മത്തിൽ വന്നു പാർത്തു. ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽകോട്ടി(റ) 1892ൽ ഖാദിയാനിൽ വാസമുറപ്പിച്ചു കഴിഞ്ഞിരുന്നു. 1892ൽ തന്നെ മൗലാനാ മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി ഖാദി യാനിൽ താമസമാക്കി. അദ്ദേഹം സിദ്ദീഖ് ഹസൻഖാന്റെ ശിഷ്യനായിരു ന്നു. മഹ്ദീ ഇമാമിനെ തിരിച്ചറിഞ്ഞപ്പോൾ അദ്ദേഹം തന്റെ ഗുരുവിനെ കൈവിട്ടു. 1890ൽ മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് ഖാദിയാനിൽ വന്നു പാർത്തു. കാബൂളിൽനിന്ന് ഹദ്റത്ത് സാഹിബ് സാദാഅബ്ദുൽ

ലത്തീഫ് സാഹിബ് (റ) 1902ലാണ് ഖാദിയാനിലെത്തിയത്. അദ്ദേഹം പിന്നെ വാഗ്ദത്ത മഹ്ദിയെ പിരിയാൻ ഇഷ്ടപ്പെട്ടില്ല. കാബൂളിൽ രാജകുടുംബവുമായി അടുത്തു ബന്ധപ്പെട്ടിരുന്ന അദ്ദേഹമായിരുന്നു അമീർ ഹബീബുല്ലാഖാന്നു കീരീടധാരണം നടത്തിയിരുന്നത്. മഹ്ദീഇമാമിനെ പ്രാപിച്ചപ്പോൾ രാജകീയാനുഗ്രഹങ്ങളെല്ലാം അദ്ദേഹത്തിനു തൃണസമാനമായി തോന്നി. ഒട്ടേറെ പീർമാരും നവാബ്മാരും സയ്യിദ്മാരും ഖാദിയാൻ ആവാസകേന്ദ്രമാക്കി. പീർ സിറാജുൽഹക്ക് സാഹിബ് നുഅ്മാനി, പീർ മൻസൂർ മുഹമ്മദ് സാഹിബ്, മീർ നാസിർ നവ്വാബ് സാഹിബ്, നവ്വാബ് മുഹമ്മദലി ഖാൻ, മൗലവി ശേർഅലി സാഹിബ്, മീർസാ യഅ്ക്കൂബ് ബേഗ് സാഹിബ്, ചൗദ്വരി റുസ്തം അലി സാഹിബ്, ഖലീഫാ റശീദുദ്ദീൻ സാഹിബ്, ഡോ.റഹ്മത്ത് അലി. സാഹിബ് (റസിയല്ലാഹു അൻഹും)തുടങ്ങിയ പേരും പെരുമയുമുള്ള മഹാരഥൻമാർ വാഗ്ദത്ത മസീഹിന്റെ സേവനത്തിനായി ജീവിതം ഉഴിഞ്ഞുവച്ച നിലയിൽ ഖാദിയാനിൽ താമസിച്ചു പോന്നു. മൗലവി മുഹമ്മദലി സാഹിബ് എം.എ. എൽ.എൽ.ബി.ഖാജാ കമാലുദ്ദീൻസാഹിബ് ബി.എ.എൽ.എൽ.ബി. എന്നിവർ ആദ്യകാലത്ത് തന്നെ വാഗ്ദത്തമസീഹിനു സേവനമർപ്പിക്കാൻ ഖാദിയാനിൽ പാർത്തുവന്നിരുന്നു. ഈ മഹാപണ്ഡിതന്മാരും പീർമാരും സയ്യിദാമാരുമെല്ലാം മിന്നിത്തിളങ്ങുന്ന പ്രകാശഗോളങ്ങൾ ആയിരുന്നെങ്കിലും വാഗ്ദത്ത മഹ്ദീമസീഹ് ആകുന്ന ഉജ്ജ്വലസൂര്യനു ചുറ്റും കറങ്ങികൊണ്ട് അവർ അവിടെ കഴിഞ്ഞു പോന്നു.

ഖാദിയാൻ ഒരു വലിയ നഗരമായി വികസിച്ചു വളരുമെന്നു മഹ്ദി ഇമാം (അ) പ്രവചിച്ചിട്ടുണ്ട്. അതു ബിയാസ് നദിക്കരവരെ വ്യാപിക്കുമെന്നും അദ്ദേഹം ഒരിക്കൽ അരുളുകയുണ്ടായി. ബട്ടാലയിൽ നിന്നു ഖാദിയാൻവരെയുള്ള റോഡിന്റെ ദുരവസ്ഥയെകുറിച്ചു സംസാരിച്ചുകൊണ്ടിരിക്കെ വാഗ്ദത്ത മസീഹ് ഒരിക്കൽ ശിഷ്യരോടായിപറഞ്ഞു: "അൽപം ക്ഷമിക്കുവിൻ. ഖാദിയാൻ റയിലുമായി ബന്ധിപ്പിക്കപ്പെടുന്ന നാളുകൾ വരുന്നു." (റജിസ്ട്ര രിവായാത്തെ സഹാബാ, വാല്യം 10,ഭാ.212). മറ്റൊരിക്കൽ പറഞ്ഞു, "റയിൽവേ ലൈൻ ഖാദിയാൻ വരെ വികസിപ്പിക്കപ്പെടും" (തദ്കിറ, ഇംഗ്ലീഷ്, ഭാ. 423, 424).

ഹദ്റത്ത് അഹ്മദുൽഖാദിയാനിയുടെ ചരമംവരെ ഖാദിയാനിൽ റയിൽപാത വരുന്നതു സംബന്ധിച്ചു യാതൊരു സൂചനയും ഉണ്ടായില്ല. അഹ്മദികളുടെ യാതൊരു ശ്രമവും കൂടാതെതന്നെ അതു വരികയും ചെയ്തു. ഖാദിയാന്നും ബട്ടാലക്കുമിടയിൽ ഒരു ബ്രാഞ്ച് ലൈൻ ഇടാനുള്ള തീരുമാനം 1928ൽ റയിൽവേ ബോർഡ് യാദൃച്ഛികമായി എടുക്കുകയാണുണ്ടായത്. ഉടൻ പണി ആരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്തു. അങ്ങനെ അഹ്മദികൾ തീരെ പ്രതീക്ഷിച്ചിട്ടില്ലാത്ത തരത്തിൽ ഖാദിയാൻ പഞ്ചാബ് റയിൽവേയുമായി ബന്ധപ്പെടുത്തപ്പെട്ടു. ഖാദിയാനിലേക്കു മാത്രമായി റയിൽപാത നിർമ്മിച്ചതുപോലെ അതോടെ ആ ലൈനിലെ നിർമ്മാണജോലി നിലക്കുകയും ചെയ്തു. 1924ൽ ഖാദിയാ

നിൽ കമ്പിയാപ്പീസ് ഏർപ്പെടുത്തി. 1934ൽ ഫോൺ ബന്ധവും സ്ഥാപിത മായി (സിൽസില അഹ്മദിയ്യ).

ഖാദിയാന്റെ വികസനത്തെപറ്റി ഹദ്റത്ത് അഹ്മദ് (അ)ചെയ്ത പ്രവ ചനം ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടു കിടക്കുന്നു. ലക്ഷക്കണക്കിൽ ജനങ്ങൾ നിവസിക്കുമാറ് അതു ബീയാസ് നദിവരെ വികസിക്കുമെന്ന പ്രവചന ത്തിന്റെ ബാക്കി ഭാഗം ഇനി പൂർത്തിയാകാനിരിക്കുന്നതേയുള്ളു.ഇതി നിടയിൽ 1947ലെ ഇന്ത്യാവിഭജനത്തെതുടർന്നു ഖാദിയാനിൽനിന്നു അഹ്മദികൾക്ക് അഭയാർത്ഥികളായി ഒഴിച്ചു പോകേണ്ടിവരികയും ഖാദി യാൻ വീണ്ടും പൂർവ്വ സ്ഥിതിയിൽ വിജനമുകതയിലേക്ക് മടങ്ങുകയുമു ണ്ടായി. പിന്നെയും, അതു മെല്ലെ മെല്ലെ വികസിച്ചുയരുകയാണ്. വിക സനം തടസ്സപ്പെട്ടാലും അതു വീണ്ടും പ്രതാപത്തിലേക്കുയരുമെന്നു തെളി യിക്കപ്പെടുന്നതിനുതന്നെ!

ഹദ്റത്ത് അഹ്മദുൽഖാദിയാനി(അ) ആഗ്രഹിച്ചതുകൊണ്ടു മാത്രം ഖാദിയാൻ വൻനഗരമായി മാറുമോ? ഒരു പ്രവാചകന്റെ ജന്മസ്ഥലമായ തുകൊണ്ട് വികസിച്ചു വളരണമെന്നുണ്ടോ? യേശു ജനിച്ച നസ്റേത്ത് ഇന്നും ഒരു കുഗ്രാമമായിത്തന്നെയിരിക്കുന്നു. ഖാദിയാൻ മക്കാ മദീന യ്ക്കൊപ്പം ലോകത്തിന്റെ കേന്ദ്രമായി മാറാൻ അല്ലാഹു ഇച്ഛിച്ചിരിക്കുന്നു എന്നതത്രെ സത്യം! എന്തെന്നാൽ അതു ഒരു പ്രവാചകന്റെ പ്രവചിത നഗരമാകുന്നു!!

وَ آخِرُ دَعْوٰنَا اَنِ الْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ

HADRATH AHMAD(A)

This book is the life story and teachings of Hadrath Mirza Ghulam Ahmad of Quadian the promised Messiah & Mahdi, the holy founder of the worldwide Ahmadiyya Movement in Islam and the Man of the Age. It is the first part of the life history in two volumes covering thousand pages in total including a character sketch as contemplated.

This volume contains 54 chapters, and 27 illustrations of historical importance.

The book is written by Janab. N. Abdurrahim, Former Editor, the Sathyadoothan, Malayalam Monthly organ of the Ahmadiyya movement in Kerala which he has been serving for a quarter of a century in that capacity. The life story was serialised in it. The writer of this book is the author of several works including translations of some classics in Ahmadiyya literature. He is also a journalist who retired from the Mathrubhumi Daily, as its District Bureau Chief in Cannanore in1987.

-Publishers.

ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻ, കേരള
കണ്ണൂർ